# ഉപനിഷദ് ദീപ്തി

('ഭാവപ്രകാശം' എന്ന വ്യാഖ്യാനം സഹിതം)



## മൂന്നാം വാല്യം

### 12 ഉപനിഷത്തുകൾ

എഡിറ്റർ

കെ.ഭാസ്കരൻ നായർ എം. എ. ബി. എഡ്

ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

ഓം

# ഉപനിഷദ്ദീപ്തി

(ഭാവപ്രകാശം എന്ന വ്യാഖ്യാന സഹിതം)

## മൂന്നാംവാല്യം

### 12 ഉപനിഷത്തുകൾ


എഡിററർ

കെ. ഭാസ്കരൻനായർ എം. എ. ബി. എഡ്.

# UPANISHAD DEEPTI

## IIIrd VOLUME

*Edited & Published*

*by*

K. BHASKARAN NAIR. M. A. BEd.

Ist IMPRESSION
COPIES 2000
MAY 1986

*Printed at*
PARAGON PRINTERS, CHALAI.

PRICERs. 50/-

Rights Reserved

## മൂന്നാം വാല്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപനിഷത്തുകൾ


| | | പേജ് |
|---|---|---|
| 1 | ഛാന്ദോഗ്യോപനിഷത്ത് | 1 |
| 2 | നാരദപരിവ്രാജകോപനിഷത്ത് | 201 |
| 3 | യോഗ ചൂഡാമണി ഉപനിഷത്ത് | 281 |
| 4. | യോഗകുണ്ഡലിഉപനിഷത്ത് | 300 |
| 5 | സീതോപനിഷത്ത് | 324 |
| 6. | ദേവീ ഉപനിഷത്ത് | 333 |
| 7. | പ്രാണാഗ്നിഹോത്രോപനിഷത്ത് | 340 |
| 8. | ബഹ്വൃചോപനിഷത്ത് | 347 |
| 9. | ജാബാലദർശനോപനിഷത്ത് | 351 |
| 10. | സാവിത്രീഉപനിഷത്ത് | 384 |
| 11. | ഭാവനോപനിഷത്ത് | 389 |
| 12. | സൗഭാഗ്യലക്ഷ്മീഉപനിഷത്ത് | 395 |

# മുഖവുര

ഉപനിഷദ്ദീപ്തിയുടെ മൂന്നാംവാല്യമാണ് ഇപ്പോൾ പ്രസിദ്ധീകൃതമായിരിക്കുന്നത്. ദീർഘമായ ഇടവേളക്കു ശേഷമാണ് ഈ മൂന്നാം വാല്യം പുറത്തിറക്കാൻ സാധിച്ചത് എന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല. ആദ്യം, 108 ഉപനിഷത്തുകൾ 4 വാല്യങ്ങളായി പ്രസിദ്ധീകരിക്കുവാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ ബൃഹത്തും മഹത്തുമായ ഉപനിഷത്തുകൾ ധാരാളമുള്ളതുകൊണ്ട് 5 വാല്യങ്ങളായി പ്രസിദ്ധീകരിക്കാമെന്നു തീരുമാനിച്ചു. മാത്രമല്ല സംസ്കൃത ലിപിയുടെയും മലയാള ലിപിയുടെയും അന്തരം പ്രത്യേകം ശ്രദ്ധേയമാണ്. ഒന്നാം വാല്യത്തിൽ 33-ം രണ്ടാം വാല്യത്തിൽ 32-ം മൂന്നാം വാല്യത്തിൽ 12-ം ഉപനിഷത്തുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നാം വാല്യത്തിൽ ഉപനിഷത്തുകളുടെ എണ്ണം കുറയുവാൻ കാരണം അതിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപനിഷത്തുകളുടെ വൈപുല്യമാണ്. ഉദാഹരണമായി ആദ്യം ചേർത്തിരിക്കുന്ന ഛാന്ദോഗ്യോപനിഷത്തിനു മാത്രം 200 പേജു വേണ്ടി വന്നു. മൂന്നാം വാല്യത്തോടുകൂടി ദശോപനിഷത്തിലെ 9 ഉപനിഷത്തുകൾ വന്നിട്ടുണ്ട്. 10-ാമത്തെ ഉപനിഷത്തായ ബൃഹദാരണ്യകം 4-ാം വാല്യത്തിൽ ഉൾപ്പെടുത്തുന്നതാണ്.

ഈ വാല്യത്തിൽ, ഛാന്ദോഗ്യം, നാരദപരിവ്രാജകം, യോഗചൂഡാമണി, യോഗകുണ്ഡലിനി, സീത, ദേവീ, പ്രാണാഗ്നിഹോത്രം, ബഹ്വൃചം, ജാബാലദർശനം, സാവിത്രി, ഭാവന, സൗഭാഗ്യലക്ഷ്മി എന്നീ 12 ഉപനിഷത്തുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഛാന്ദോഗ്യോപനിഷത്തിന്റെ ഗഹനതയും, വൈപുല്യവും പരിഗണിച്ച് അതിന്റെ ഉള്ളടക്കമെന്താണെന്നുള്ളതിനെപ്പററി ഒരു വിവരണം കൊടുത്തിട്ടുണ്ട്. മൂന്നാം വാല്യത്തിൽ ചില പ്രധാനപ്പെട്ട ഉപനിഷത്തുകൾ കൂടി ഉൾപ്പെടുത്തണമെന്നായിരുന്നു ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ മന്ത്രങ്ങളുടെ ആവർത്തന ബാഹുല്യം നിമിത്തം അതു സാധ്യമല്ലാതെ വന്നു. അവയെ 4-ാം വാല്യത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതാണ്. താങ്ങാനാവാത്ത കടലാസ്സിന്റെ

വിലക്കൂടുതൽ കൊണ്ടും അമിതമായ അച്ചടിക്കൂലി കൊണ്ടുമാണ് ഈ മൂന്നാം വാല്യത്തിന്റെ പ്രസിദ്ധീകരണത്തിന് ഇത്ര കാലതാമസം വേണ്ടി വന്നത്. 50 രൂപയ്ക്കു ആവശ്യം പോലെ കിട്ടിയിരുന്ന കടലാസ്സിന്റെ വില കുതിച്ചു കയറുകയും ഏതാണ്ട് റീമിന് 200/ വരെ എത്തുകയും ചെയ്തു. ഇത് എന്നെ നിരുത്സാഹപ്പെടുത്തി എങ്കിലും നിരാശനാകാതെ മുന്നോട്ട് പോകുകയും 200 രൂപ വില കൊടുത്ത് ആവശ്യമുള്ള കടലാസ്സ് വാങ്ങുകയും ചെയ്തു. ഇനിയുള്ള 2 വാല്യങ്ങൾക്ക് വേണ്ട കടലാസ്സ് കൈവശമുള്ളതു കൊണ്ട്. 4-ം 5-ം വാല്യങ്ങളുടെ പ്രസിദ്ധീകരണത്തിന് കാലതാമസം വേണ്ടി വരികയില്ല. മാററർ കൊടുക്കുക, പ്രൂഫ് തിരുത്തുക മുതലായ ക്ലേശകരമായ പ്രവൃത്തികൾ തുടരെ ചെയ്യേണ്ടിവന്നതുകൊണ്ട് ആരോഗ്യവും അല്പം തകരാറിലായി എന്നു പറയാം. എങ്കിലും അതിനൊന്നിനും അടിമപ്പെടാതെ മുമ്പോട്ടു പോകുവാൻ തന്നെയാണ് എന്റെ ആഗ്രഹം. അതിന് സർവ്വശക്തൻ വേണ്ട ആയുസ്സും ആരോഗ്യവും തരട്ടെ. എന്നു പ്രാർത്ഥിക്കുന്നു.

ഈ മൂന്നാം വാല്യത്തിന്റെ പ്രസിദ്ധീകരണ സംബന്ധമായ കാര്യങ്ങളിലും പ്രൂഫ് തിരുത്തുക മുതലായ ജോലികളിലും എന്നെ സഹായിച്ചിട്ടുള്ളത് പണ്ഡിതവരേണ്യനായ ശ്രീ. ഇരനാട്ടു കുഞ്ഞൻ പിള്ളയാണ്. കഴിയുന്നതും സംസ്കൃത ശബ്ദങ്ങൾക്കു പകരം മലയാള പദങ്ങൾ തന്നെ ഉപയോഗിക്കണമെന്നും ഗദ്യമാണെങ്കിൽ ദുരൂഹങ്ങളായ സന്ധികൾ പദച്ഛേദം ചെയ്യണമെന്നും മററുമുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും ഏററവും ഫലപ്രദമാണെന്ന് എനിക്കു ബോദ്ധ്യമായിട്ടുണ്ട്. മലയാളത്തിൽ സാമാന്യ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഒരു വ്യക്തിക്ക് അതിഗഹനങ്ങളായ ഉപനിഷത് തത്വങ്ങൾ മനസ്സിലാക്കാൻ പ്രയാസം തോന്നരുത്. എന്നാണ് സംസ്കൃത പണ്ഡിതൻ കൂടിയായ കുഞ്ഞൻപിള്ള സാറിന്റെ അഭിപ്രായം. ആ അഭിപ്രായത്തെ ഞാൻ സർവ്വാത്മനാ ആദരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. പദച്ഛേദം ചെയ്തപ്പോൾ പല ഭാഗങ്ങളും വ്യാഖ്യാനത്തിന്റെ സഹായം കൂടാതെ തന്നെ എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു.

ഈ മൂന്നാംവാല്യത്തിന് മഹത്തായ ഒരു അവതാരിക എഴുതിത്തന്ന് ഇതിന്റെ മഹത്വം വർദ്ധിപ്പിച്ചത് ബ്രഹ്മശ്രീ പൂഞ്ഞാർ

മിത്രൻ നമ്പൂതിരിപ്പാടവർകളാണ്. വേദജ്ഞനും, ദൈവജ്ഞ ചൂഡാമണിയുമായ ആ മഹനീയ വ്യക്തിയോട് എനിക്കുള്ള അകൈതവമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ആയാസകരമായ ഇതിന്റെ അച്ചടിപ്പണികൾ ഭംഗിയായി നിർവ്വഹിച്ചുതന്ന ചാല, പാരഗൺ പ്രസ്സ് ഉടമസ്ഥൻ ശ്രീ. സുകുമാരൻ നായരോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

അച്ചടിത്തെററുകൾ ഒഴിവാക്കാൻ പരമാവധി ശ്രമിച്ചിട്ടും ആ പിശാചിന്റെ പിടിയിൽ നിന്നു രക്ഷപ്രാപിക്കുവാൻ സാധിച്ചിട്ടില്ലെന്ന സത്യം തുറന്നു പറഞ്ഞുകൊള്ളട്ടെ. അതുപരിഹരിക്കാനായി ചുരുങ്ങിയ ഒരു ശുദ്ധിപത്രവും ഇതിന്റെ ഒടുവിൽ ചേർത്തിട്ടുണ്ട്. സഹൃദയരും, ജിജ്ഞാസുക്കളുമായ വായനക്കാർ ക്ഷമയോടെ മന്ത്രങ്ങളിലോ വ്യാഖ്യാനങ്ങളിലോ തെററുകൾ ഉണ്ടെങ്കിൽ ശുദ്ധിപത്രം നോക്കി തിരുത്തിവായിക്കണമെന്ന് അപേക്ഷിക്കുന്നു.

3-ാം വാല്യത്തിന്റെ പ്രസിദ്ധീകരണത്തിനു അക്ഷന്തവ്യമായ കാലതാമസം നേരിട്ടത് അപരിഹാര്യമായ കാരണങ്ങളാലാണെന്നു ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇനിയുള്ള രണ്ടു വാല്യങ്ങളുടെ പ്രസിദ്ധീകരണത്തിന് കാലവിളംബം വരികയില്ലെന്നു ഉറപ്പു പറഞ്ഞുകൊണ്ട് ഈ മൂന്നാംവാല്യം മഹാജന സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ശ്രീവരാഹം
5—5—'86

കെ. ഭാസ്കരൻനായർ

# അവതാരിക

ശ്രീ

മൂകാംബികാ പരാദേവൈ്യ നമഃ

ശങ്കരാചാര്യർ പറഞ്ഞിരിക്കുന്നതു നോക്കുക. (വേദാത്മികേ, നിരുക്ത, ജ്യോതിർ, വ്യാകരണ, കല്പശിക്ഷാദിഭിഃ ഛന്ദോഭിഃ സന്തത ക്ലിപ്തഷഡംഗേന്ദ്രിയേ പ്രസീദമമ). വേദം ആത്മാവും നിരുക്തവും, ജ്യോതിഷവും, വ്യാകരണവും കല്പവും, ശിക്ഷയും. ഛന്ദസ്സും, അതിന്റെ ഷഡാധാരങ്ങളാകുന്ന ഷഡംഗങ്ങളും ആണ്. അപ്രകാരമുള്ള ആറു ശാസ്ത്രങ്ങളെക്കൊണ്ടു മാത്രമേ, വേദവും, ഉപനിഷത്തും വ്യാഖ്യാനിക്കുവാൻ കഴിയുകയുള്ളു. എന്നാൽ വ്യാഖ്യാനത്തിന് ജ്യോതിഷത്തിന്റെ ആവശ്യമെന്താണെന്ന ചോദ്യം വന്നേക്കാം. ഉദാഹരണമായിപ്പറയാം. 'ഭദ്ര' എന്ന പദത്തിന്റെ വാക്യ സംഖ്യ 24 ആണ്. ഭദ്രാത്ഥദേ, എന്നു പ്രയോഗമുണ്ട്. ഭദ്രമായിരിക്കുന്ന അർത്ഥത്തെ പ്രദാനം ചെയ്യുന്നതു് എന്നു വ്യാഖ്യാനം. എന്താണ് ഈ ഭദ്രമായിരിക്കുന്ന അർത്ഥം? 24 എന്ന വാക്യ സംഖ്യ കൊണ്ട് 24 തത്ത്വങ്ങളെ പറയുന്നു. പ്രാണാപാനോ വ്യാനോദാന സമാന നാഗ കൂർമ്മ കൃകര ദേവദത്ത ധനഞ്ജയാദി ദശപ്രാണന്മാരും, പൃഥിവ്യപ്തേജോ വായുരാകാശ ശബ്ദസ്പർശ രൂപ രസഗന്ധാദി പഞ്ചഭൂതങ്ങളും അവയുടെ പഞ്ചതന്മാത്രകളും, മനോബുദ്ധ്യഹങ്കാര ചിത്തങ്ങളാകുന്ന ചതുസ്തത്ത്വങ്ങളും കൂടി ചതുർവിംശതി തത്ത്വങ്ങളായി. ആ 24 തത്ത്വങ്ങളില്ലാതെ സൃഷ്ടിയില്ല. സൃഷ്ടി തത്ത്വങ്ങളാകുന്ന 24 എന്ന വാക്യസംഖ്യ ഗണിത വിഭാഗത്തിൽ നിന്നും എടുത്തിട്ടുള്ളതാകയാലും ഇതുപോലെ ആയിരക്കണക്കിനു സ്വരസംഖ്യകളെക്കൊണ്ടും അക്ഷര സംഖ്യകളെക്കൊണ്ടും മററും പദങ്ങളേയും സൂക്തങ്ങളേയും അവയുടെ ഘടനകളേയും അതിന്റെ അർത്ഥവ്യാപ്തിയേയും പരിഗണിച്ച് വ്യാഖ്യാനിക്കേണ്ടി വരുന്നു, ചില സൂക്തങ്ങൾക്ക്. വേദവും, ഉപനിഷത്തുകളും ആറുശാസ്ത്രങ്ങളും ഉപയോഗിക്കേണ്ടിവരും. അതുകൊണ്ടാണ് വേദവ്യാകരണം പാണിനിയുടെ വ്യാകരണത്തിന്റെ അതിരു വിട്ടു നിൽക്കുന്നതു്. ഉദാഹരണത്തിന് 'രോദസീ' എന്ന പദത്തിനു വ്യാകരണപ്രകാരം രോദനം

ചെയ്യുന്ന എന്നാണർത്ഥം, പക്ഷെ വേദത്തിൽ 'ദ്യാവാപൃഥിവീ' എന്നാണ് അർത്ഥം പറയുന്നത്. കേശീസൂക്തത്തിൽ ഭദ്രകാളിയുടെ ഉൽപ്പത്തിയുടെ ഭാഗത്ത് "കേശ്യാ ഗ്നിം കേശീവിഷം, കേശീബിഭർത്തി രോദസീ" എന്നു ഋഗ്വേദം പറയുന്നു. ആ രോദസി എന്ന പദത്തിനു്, ദ്യാവാപൃഥിവീ എന്നു പറയുന്ന ഭൂമിയും ആകാശവുമടക്കം എന്ന അർത്ഥം വരുന്ന—അർത്ഥമാണ് പറയുന്നത്.

ഭദ്രകാളിയുടെ ഉല്പത്തിയിൽ തന്നെ ഭൂമിയും ആകാശവും നിറഞ്ഞു നിൽക്കുന്ന ബ്രഹ്മാണ്ഡസ്വരൂപിണിയായി സൃഷ്ടിസ്ഥിതിസംഹാര ലയഃ പര്യന്തമുള്ള ലീലാവിലാസ സ്വരൂപിണിയായി ഉത്ഭവിച്ചുഎന്നും മറ്റും പ്രയോഗിച്ചിരിക്കുന്നു. അതുകൊണ്ടാണ് ശാസ്ത്രങ്ങളുടെ സഹായം കൂടാതെ വേദങ്ങളും ഉപനിഷത്തുകളും അർഹിക്കുന്ന വിധം വ്യാഖ്യാനിക്കാനാവുകയില്ലെന്നു് എടുത്തു പറഞ്ഞത്. വിദ്, ധാതുവിൽ നിന്നു ഉത്ഭവിച്ചപദം അറിവിൻെറ ഉറവിടമായി അളക്കാൻ വയ്യാത്തിടത്തോളം അതു് സാമാന്യ ജനങ്ങളിൽ നിന്നും അകന്നു നിൽക്കുന്നു. അപ്രകാരമിരിക്കുന്ന വേദോപനിഷത്തുകളെ ഏകദേശമായിട്ടെങ്കിലും ഒന്നു വ്യാഖ്യാനിച്ച് ലോകത്തിനു വെളിപ്പെടുത്താൻ വേണ്ടിയുള്ള ശ്രമം സത്യത്തിൽ ഒരു മഹായജ്ഞമായിട്ടാണ് പറയേണ്ടിയിരിക്കുന്നത്, ഉപനിഷദ്ദീപ്തിയുടെ ദിവ്യമായ പ്രഭാവവും പ്രകാശവും ഉത്തരോത്തരം പ്രശസ്തവും പ്രസക്തവും ആയിത്തീരട്ടെ" എന്നാണ് ......ിക്ക പറയാനുള്ളതു് ഉപനിഷത്ത് എന്നാലെന്താണ്? ഉപ:=സമീപേ. നിഷണ്ണ: = ഇരിക്കുന്നതു് അഥവാ സ്ഥിതി ചെയ്യുന്നതു്. എന്നെല്ലാം അർത്ഥം. നമ്മിൽതന്നെ കുടികൊള്ളുന്ന പരമാത്മവസ്തു എന്നർത്ഥം. അതിനെ സംബന്ധിച്ചു പറയുന്ന 'വിഷയങ്ങളാണ് ഉപനിഷത്തു്. ജീവപരൈക്യമാണ് മോക്ഷം. അതാണ് അനുസന്ധാനം എന്നു പറയുന്നതു്. ഏവം നിരന്തരമനുസന്ദധതോ മോക്ഷ സാധനാനന്ദലയ യോഗ സിദ്ധിർഭവതി" എന്നു പറഞ്ഞിരിക്കുന്നു. ആ യോഗസിദ്ധി എന്തെന്നാൽ, യോജിക്കേണ്ടിടത്തു് യോജിക്കേണ്ടുന്ന സമയത്തു്യോഗ്യമാം വണ്ണം യോജിക്കുന്ന അവസ്ഥയാണ് യോഗസിദ്ധി എന്നു പറയുന്നതു്. ആ പരമതത്വത്തെ വിധിയാംവണ്ണം പ്രകീർത്തിക്കുന്ന വിജ്ഞാനഭണ്ഡാഗാരത്തിൻെറ വിശേഷോപാധികളാണ് ഉപനിഷത്തുകൾ

ഈ കലിയുഗ കാലത്തു് "നിസ്സാരപ്പൃഥിവീനിരൗഷധീ രസാ, നീ ചാ മഹത്വം ഗതഃ." "എന്നുള്ള അവസ്ഥയാണുള്ളതു് ഭൂമിയുടെ സാരാംശം നഷ്ടപ്പെടുകയും ഔഷധങ്ങളുടെ രസാംശം ഇല്ലാതാവു കയും ചെയ്യുന്നു എന്നു പ്രമാണം പറയുന്നു. ആ സമയത്തു് വൈദിക വിജ്ഞാനത്തിൻെറ വിശാലവും വിസ്തൃതവുമായ അടിത്തട്ടിൽ നിന്നും ജ്ഞാനവിഭവങ്ങളെ ശേഖരിച്ചെടുത്തു് ലോകത്തിനും ലോകർക്കും വിഭവസമൃദ്ധമായ ഒരു സദ്യ വിളമ്പുകയെന്ന വിശാല മായ പ്രക്രിയയാണു് ഈ പ്രസ്ഥാനം എന്നു് ശ്ലാഘനീയമായ വിധ ത്തിൽ പറയാതിരിക്കുവാൻ നിവൃത്തിയില്ല. മഹാത്മാവായ ശ്രീ നാട്ടുകുഞ്ഞൻപിള്ളയുടെയും അഗാധപണ്ഡിതനും അളവററ വിജ് ഞാനിയുമായ ശ്രീമാൻ ഭാസ്കരൻ നായരുടെയുമൊക്കെയുള്ള വിശിഷ്ടമായ ഈ പ്രവർത്തനം ശ്രീകൃഷ്ണനും അർജ്ജുനനും കൂടി യാലത്തെ വിജയ സാദ്ധ്യതയായിട്ടാണു് പറയാൻ തോന്നുന്നതു്. അല്ലെങ്കിൽ ഇത്രയും വേഗം ഇത്രയും കാര്യമെങ്കിലും ഇക്കാലത്തു്നട ക്കാൻ തന്നെ സാദ്ധ്യതയില്ല. ഗുരുകുല വിദ്യാഭ്യാസവും സംസ്കൃത പഠനവും വേദപാരമ്പര്യവും നിശ്ശേഷം നഷ്ടപ്പെട്ടിരിക്കുന്ന ഈ ആധുനിക യുഗത്തിൽ-പരിഷ്കാരത്തിൻെറയും ഉല്പതിഷ്ണുത്വ ത്തിൻെറയും ഇടയിൽ പെട്ടു് പരിച്ഛേദം നഷ്ടപ്പെട്ടുകൊണ്ടിരി ക്കുന്ന ഭാരതീയമായ വൈദിക വിജ്ഞാനം അല്പമെങ്കിലും വീണ്ടെ ടുക്കാൻ ഇപ്രകാരമുള്ള പ്രസ്ഥാനത്തിൻെറ പ്രവർത്തനം കൊണ്ടു് സാധിച്ചാൽ അതുതന്നെ ഒരു വലിയ ചാരിതാർത്ഥ്യമായിരിക്കും. ഭാരതാംബയെ സംബന്ധിച്ചിടത്തോളം എന്നു തന്നെ പറയാൻ തോന്നുന്നുണ്ടു്. വേദത്തിലും ഉപനിഷത്തിലും പറയുന്ന സത്യമായ കാര്യങ്ങൾ പലതും മറച്ചു പിടിച്ചു കൊണ്ടു് തന്നെ വ്യാഖ്യാനിച്ചു വച്ചിട്ടുള്ള ചില സ്വാർത്ഥതാൽപര്യങ്ങളും നമുക്കു കാണാൻ കഴിയും.

പുരാതന വ്യാഖ്യാനങ്ങളിൽ നിന്നുതന്നെ അന്നത്തെ ആവശ്യ ങ്ങൾക്കു് അന്നത്തെ സാമൂഹിക സാംസ്കാരിക വ്യവസ്ഥിതി യിൽ അവരവരുടെ സ്വാർത്ഥതാല്പര്യങ്ങളും, അല്പാല്പം ഉൾക്കൊള്ളിച്ചു കൊണ്ടു് വേദോപനിഷത്തുകളുടെ വിശാലതയും സ്വാർത്ഥതയും മറച്ചുകൊണ്ടു് അന്നത്തെ പണ്ഡിതന്മാർ പലതും വെളിയിൽ വിടാതെയും വിട്ടതു തന്നെ ചിലതു അർത്ഥവ്യാപ്തിക്കും ആശയപ്പു

നികാംക്കം മാററം വരുത്തിക്കൊണ്ടു് പ്രചരിപ്പിച്ചിട്ടുള്ളതായും നമുക്ക കാണാൻ കഴിയും. ഉദാഹരണാൎത്ഥം ചിലതു പറയാം—ബ്രഹ്മ സൂത്രത്തിൻെറ ആദിവ്യാഖ്യാനത്തിൽ ഒരിടത്തു പറയുന്നു:-

ബ്രഹ്മബീജമിദം സർവ്വം നാനായോനി സമുദ്ഭവം
അന്യജാതിവിജാതീനാം വർണ്ണാനാംകിം പ്രയോജനം-

ഈ ബ്രഹ്മത്തിൻെറ ബീജങ്ങളാണു് സർവ്വചരാചരങ്ങളും. പക്ഷെ നാനായോനികളിൽ വന്നു് ജനിച്ചു എന്നേ ഉള്ളു. എന്നിട്ടും, അന്യജാതി, വിജാതി, സ്വജാതി എന്നീ രീതിയിലുള്ള വർണ്ണങ്ങളായിട്ടു വേർതിരിച്ചു് നാം എന്തിനാണു് ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നതു്? അതുകൊണ്ടു് എന്താണു പ്രയോജനം, ഏകമായിരിക്കുന്ന, അവാച്യമായിരിക്കുന്ന, അഗോചരമായിരിക്കുന്ന, അവ്യക്തമായിരിക്കുന്ന, അജ്ഞേയമായിരിക്കുന്ന അപ്രമേയമായിരിക്കുന്ന, അനാലേഖ്യമായിരിക്കുന്ന, അദൃശ്യമായിരിക്കുന്ന—സാക്ഷാൽ പരബ്രഹ്മ സ്വരൂപത്തിൻെറ ബീജങ്ങളായിരിക്കുന്ന ചരാചരങ്ങളെല്ലാം മേൽപ്പറഞ്ഞ ഏകത്വത്തിൽ നിന്നും ഉദ്ഭവിച്ചു്, ആ ഏകത്വത്തിൽ തന്നെ ലയിക്കുന്ന സ്ഥിതിക്കു് അതിനിടയിലുള്ള ക്ഷണികമായ, ഈ നാനാത്വത്തിൽ നാം ചിന്താക്കുഴപ്പം സൃഷ്ടിക്കരുതു് എന്ന അൎത്ഥത്തിലാണു് മേൽപ്പറഞ്ഞ പ്രമാണം.

108 ഉപനിഷത്തുകളെക്കൊണ്ടും 4 വേദങ്ങളെക്കൊണ്ടും 6 ശാസ്ത്രങ്ങളെക്കൊണ്ടും 18 പുരാണങ്ങളെക്കൊണ്ടും 64 കലകളുടെ സാരാംശങ്ങളെക്കൊണ്ടും പ്രതിപാദിച്ചിരിക്കുന്ന തത്ത്വങ്ങൾ മേൽപറഞ്ഞ ബ്രഹ്മതത്ത്വത്തിൻെറ മഹദ്വ്യാപ്തിയും അതിൻെറ സർവവ്യാപിത്വവും ശാശ്വതത്വവും എല്ലാം തന്നെയാണു് വിവിധങ്ങളായ ഉദാഹരണങ്ങളാൽ വിവിധ രീതിയിൽ പ്രതിപാദിച്ചിരിക്കുന്നതു് എന്നല്ലാതെ വസ്തുതത്ത്വത്തിൽ വിഷയം ഒന്നു തന്നെയാണെന്നറിയണം. വേദകാലം മുതൽക്ക തന്നെ നോക്കുമ്പോൾ വൈദികങ്ങളും അല്ലാത്തതുമായ പല ദാർശനിക സിദ്ധാന്തങ്ങളും ഭാരതത്തിൽ ഉണ്ടായിരുന്നതായി മൈത്രേയീ ഉപനിഷത്തിലും, ശ്വേതാശ്വതരോപനിഷത്തിലും മററു പല ബുദ്ധജൈനഗ്രന്ഥങ്ങളിലും നമുക്ക കാണാൻ, കഴിയും. അവയിൽ കാലവാദം, സ്വഭാവവാദം, നിയതിവാദം, യദൃച്ഛാവാദം, ക്രിയാവാദം, അക്രിയാവാദം തുടങ്ങി വൈദികങ്ങള

ല്ലാത്ത മതങ്ങൾ സാമാന്യ ജനങ്ങളുടെ ഇടയിൽ പ്രചരിച്ചിരുന്നതായും കാണാവുന്നതാണ്. നാസ്തിക വാദത്തിനും സാമാന്യജനങ്ങളുടെ ഇടയിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞിരുന്നു എങ്കിലും പിന്നീടുണ്ടായ ഇടക്കാലങ്ങളിലെ വൈദിക സിദ്ധാന്ത വാദങ്ങളുടെ പ്രവണത ആസ്തിക്യവാദത്തിനും ബോധത്തിനും സാമാന്യജനങ്ങളുടെ ഇടയിൽ പ്രചുരപ്രചാരം ഉണ്ടാക്കി തുടങ്ങി. പിന്നീട് ശങ്കരാചാര്യരും അതുപോലെ പലരും അവതരിച്ച് അദ്വൈത സിദ്ധാന്തം പ്രചരിപ്പിച്ചതിനുശേഷം അധികം മാന്ദ്യം സംഭവിച്ചിട്ടില്ലെന്നു വേണം പറയാൻ. മധ്വാചാര്യരുടെ ദ്വൈതസിദ്ധാന്തത്തിന്റെയും പരമമായ ലക്ഷ്യം ശങ്കരാചാര്യരുടെ അദ്വൈത സിദ്ധാന്തത്തിൽ തന്നെ ലയിക്കുകയാണ് ചെയ്യുന്നത്. ഈശ്വര സാക്ഷാത്കാരത്തെ ലക്ഷീകരിക്കാത്ത ഒരു സിദ്ധാന്തവും ഇല്ല. ഉണ്ടെങ്കിൽത്തന്നെ അഥവാ ആരെങ്കിലും ഉണ്ടാക്കിയാൽ തന്നെ അതിനു ശാശ്വതത്വവുമില്ല. നിലനില്പില്ലാത്ത ആ വക എല്ലാ സിദ്ധാന്തങ്ങളും നൈമിഷികങ്ങളായി തേഞ്ഞുമാഞ്ഞു പോയിട്ടുള്ള ചരിത്രം മാത്രമേയുള്ളൂ. ആസ്തിക്യബോധം കൊണ്ടുള്ള വിജ്ഞാനങ്ങൾക്കു മാത്രമേ നിലനിൽപ്പുള്ളൂ.

പ്രപഞ്ചത്തിന്റെ അത്ഭുത പ്രതിഭാസത്തിന്റെ സത്താസ്വരൂപത്തെക്കുറിച്ച് പ്രകീർത്തിക്കുന്ന വൈദീക വിജ്ഞാനങ്ങൾ ഏതു പേരിൽ പ്രസിദ്ധീകരിച്ചാലും അതിന്റെ സുഗന്ധവും സുഖവും ഒന്നു വേറെ തന്നെയാണ്. അതിനു നാശമില്ല; അറിവിന് ഒരിക്കലും നാശമില്ലാത്തതുപോലെ വിശേഷേണ ജ്ഞേയമായിരിക്കുന്ന വസ്തുവിന്റെ വിജ്ഞാനവശങ്ങൾക്കും നാശമില്ല എന്നു ചുരുക്കം. ഉപനിഷത്തുകളിലേയും വേദങ്ങളിലേയും അക്ഷരങ്ങൾ തന്നെ സാക്ഷാൽ പരബ്രഹ്മസ്വരൂപങ്ങളാണ്. അകാരം മുതൽ ക്ഷകാരം വരെയുള്ള അക്ഷരങ്ങളിൽ രമിക്കുന്ന "അക്ഷയ തത്ത്വസ്വരൂപഃ ഇത്യക്ഷരഃ" എന്നാണ് അക്ഷരത്തിന്റെ വ്യാഖ്യാനം. ക്ഷരം = നാശം അക്ഷരം = നാശമില്ലാത്തത്. ആദ്യന്തരഹിതമായതും അതാണ്. അത്രവൈശിഷ്ട്യമുള്ളതാണ് അക്ഷരങ്ങൾ. എന്നാൽ പിന്നെ ഒരു ചോദ്യമുള്ളത് വേദാദികളൊക്കെ (എല്ലാ വൈദിക വിജ്ഞാന ഗ്രന്ഥങ്ങളും) ആക്കും മനസ്സിലാക്കാൻ നിവൃത്തിയില്ലാത്ത വണ്ണം സംസ്കൃതത്തിൽ നിഗൂഢാർത്ഥങ്ങളോടുകൂടി എഴുതി സൂക്ഷിച്ചിരിക്കുന്നത് എന്തിനാണെന്നാണ്. കൂടുതൽ പണവും സ്വർണ്ണവുമുണ്ടെ

ങ്കിൽ നാം ഉറപ്പുള്ളതായ ഇരുമ്പു പെട്ടിയിലല്ലേ സൂക്ഷിച്ചു വയ്ക്കാറു്? അവയെ തുറന്നിട്ടിട്ടു പോകാറുണ്ടോ? ആവശ്യാനുസരണം അല്പാല്പമായി എടുത്തു് ആവശ്യക്കാർ ഉപയോഗിക്കുന്നപോലെ, സൂക്ഷ്മ പ്രകാരനായ വ്യാഖ്യാതാവിനെക്കൊണ്ടു് വ്യാഖ്യാനിപ്പിച്ചു് ആവശ്യക്കാർ മനസ്സിലാക്കിക്കൊള്ളുമെന്നുള്ളതാണിതിന്റെ ശരിയായ തത്വം. മറ്റൊരുദാഹരണം പറയാം. ഇരുമ്പുപലകകൊണ്ടുള്ള ഒരു മേശയ്ക്കു് മരം കൊണ്ടുള്ള കാലുകൾ ശരിയാവുകയില്ലല്ലോ. ഇരുമ്പു മേശയ്ക്കു് ഇരുമ്പുകാലു തന്നെ വേണം. അല്ലെങ്കിൽ കാലക്രമേണ അതു് ഉപയോഗ ശൂന്യമായിപ്പോവും. അതുപോലെയാണു് വളരെ അധികം അർത്ഥവ്യാപ്തിയും വിജ്ഞാന വിശാലതയും ഉള്ള വൈദികജ്ഞാനങ്ങളെ വെറും സാമാന്യമായ നാട്ടുഭാഷകളിൽ എഴുതിയാൽ അതർഹിക്കുന്ന അർത്ഥം അതിൽ അടങ്ങുകയില്ല. അതിനായി ശ്രമിച്ചിട്ടു് ഫലവുമില്ല. സംസ്കൃത ഭാഷയ്ക്കല്ലാതെ ഇത്ര വലിയ ആശയത്തെ ഉൾക്കൊള്ളാനുള്ള കെല്പു് മറ്റൊരു ഭാഷയ്ക്കും ഇല്ല. ദേവനാഗരി ലിപിയിൽ സംസ്കൃത ഭാഷയിൽ ഉൾക്കൊള്ളിച്ചെഴുതാൻ പറ്റുന്നിടത്തോളം വിഷയം മറ്റൊരു ഭാഷയിലും സാദ്ധ്യമല്ലെന്നുള്ളതു് ആ ഭാഷ ശരിയായി കൈകാര്യം ചെയ്യുന്ന അനുഭവസ്ഥർക്കു മാത്രമേ അറിയാൻ കഴിയുകയുള്ളു. പിന്നെ നാം ആവശ്യാനുസരണം യഥാ സമയം ഏതു ഭാഷയിൽ വേണമെങ്കിലും തർജ്ജമ ചെയ്തു്, വാച്യാർത്ഥവും ലക്ഷ്യാർത്ഥവും മനസ്സിലാക്കിക്കൊള്ളുക എന്നുള്ളതേ നിവൃത്തിയുള്ളു.

ഉപനിഷത്തുകളുടേയും വേദാദിവിഷയങ്ങളുടെയും കാര്യത്തിൽ ദൈവികവിഷയങ്ങൾ ദേവഭാഷയായ സംസ്കൃതത്തിന്റേതു തന്നെയാണു്. "നമ്യതേ സർവ്വദേവാനാം വേദ ഇത്യഭിധീയതേ. എന്നാണു പ്രമാണം. സകല ദേവന്മാരും നമസ്കരിക്കുന്ന ഒന്നാണത്രേ വേദം. അങ്ങനെയുള്ള സംസ്കൃതത്തിൽ നിന്നും ഉപനിഷത്തുകളെ വളരെ ലളിതമായ ഭാഷയിൽ ഇപ്രകാരം വ്യാഖ്യാനിച്ചു പ്രസിദ്ധീകരിക്കുന്ന പ്രവൃത്തി ഒരു മഹായജ്ഞം തന്നെയാണു്. "യജ്ഞേനയജ്ഞമയ ജന്തദേവാ സ്താനിധർമ്മാണിപ്രഥമാന്യാസൻ തേഹനാകം മഹിമാനസ്സചന്ത യത്രപൂർവേസാദ്ധ്യാസന്തിദേവാഃ എന്ന പുരുഷസൂക്തം അവസാനിക്കുന്ന ഋക്കാണെനിക്കിവിടെ ഉദാഹരിക്കാൻ തോന്നുന്നതു്. ആ മഹായജ്ഞത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ഈ മഹായജ്ഞം ഉത്തരോത്തരം പ്രശസ്തവും പ്രസക്തവുമായിത്തീരട്ടെ എന്നു് ഞാൻ ആശംസിക്കുന്നു.

പൂഞ്ഞാർ

മിത്രൻ നമ്പൂതിരിപ്പാടു്

25—3—1986.

# ഛാന്ദോഗ്യോപനിഷത്തു്

## ആമുഖം

സാമവേദത്തിലെ തലവകാരബ്രാഹ്മണത്തിൽ പെട്ടതും പ്രാധാന്യമർഹിക്കുന്നതുമായ ഉപനിഷത്താണു് ഛാന്ദോഗ്യം. ആത്മജ്ഞാനത്തെയും കർമ്മത്തെയും ഉപാസനകളെയും പററി ഇതിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്.

അദ്വൈതവേദാന്ത പ്രക്രിയാനുസരണം ജീവൻ അവിദ്യയുടെ ശക്തിത്രയത്താൽ സമാവൃതമായിരിക്കുകയാണല്ലോ. അവയെ മലം, വിക്ഷേപം, ആവരണം എന്നു പറയുന്നു. [illegible] വൈചിത്ര്യം നിഷ്കാമകർമ്മ [illegible] നശിക്കുന്നു. വിക്ഷേപം, അതായതു് ചിത്ത [illegible] ഉപാസനകൊണ്ടും ആവരണം, അതായതു് സ്വരൂ [illegible] ളുകിൽ അജ്ഞാനം, ജ്ഞാനംകൊണ്ടും നശിക്കുന്നു. [illegible] മാനസികമായ ത്രിവിധ ദോഷങ്ങൾക്കു് പ്രത്യേകം ഔഷധങ്ങളും വിധിച്ചിട്ടുണ്ടു്.

ഈ ത്രിവിധൗഷധങ്ങൾകൊണ്ടു് മൂന്നു വിധത്തിലുള്ള ഗതികൾ സംഭവിക്കുന്നു. സകാമകർമ്മികൾ ധൂമമാർഗ്ഗത്തിൽക്കൂടി സ്വർഗ്ഗാദിലോകങ്ങളെ പ്രാപിച്ചു് പുണ്യക്ഷയം സംഭവിക്കുമ്പോൾ വീണ്ടും ജനിക്കുന്നു. നിഷ്കാമകർമ്മികളും ഉപാസകന്മാരും അർച്ചിരാദിമാർഗ്ഗങ്ങളിൽക്കൂടി തങ്ങളുടെ ഉപാസ്യദേവന്മാരുടെ ലോകത്തെ പ്രാപിച്ചു്, തങ്ങളുടെ അധികാരമനുസരിച്ചു് സാലോക്യസാമീപ്യസാരൂപ്യസായുജ്യങ്ങളെ പ്രാപിക്കുന്നു. ഇതാണു് സാമ്പ്രദായികമതം. ഈ മാർഗ്ഗങ്ങളെപ്പററി ഈ ഉപനിഷത്തിലെ അഞ്ചാം അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. ഇതിൽനിന്നും ഭിന്നമായ തത്വജ്ഞാനം സിദ്ധിച്ചവർക്കു് പ്രാണോത്ക്രമണം (ലോകാന്തരഗമനം) സംഭവിക്കുന്നില്ല. അവരുടെ ശരീരം അതാതിൻെറ കാരണങ്ങളിൽ വിലയം പ്രാപിക്കുന്നു.

അദ്വൈതസിദ്ധാന്തമനുസരിച്ചു് മോക്ഷസാധനം ജ്ഞാനം തന്നെയാണു്. ഈ വിഷയത്തിൽ 'ഋതേ ജ്ഞാനാന്ന മുക്തിഃ

ജ്ഞാനാദേവ കൈവല്യം അത്ര യേ/ന്യഥാ തോ വിദുരന്യരാ ജാനസ്തേ-ക്ഷയ്യലോകാ ഭവന്തി' സർവ ഏതേ പുണ്യലോകാ ഭവന്തി ബ്രഹ്മസംസ്ഥോ/മൃതത്വമേതി' തുടങ്ങിയ ശ്രുതിവാക്യങ്ങൾ പ്രമാണങ്ങളാണ്.

നിഷ്കാമകർമ്മവും ഉപാസനയും മലവിക്ഷേപാദികളെ ദൂരീകരിച്ച് മുക്തിയെ പ്രദാനം ചെയ്യുന്നു. ജ്ഞാനംകൊണ്ടു തന്നെയാണ് ആത്മസാക്ഷാത്കാരം ലഭിക്കുന്നത്. അതിനു ശേഷം ആ ജ്ഞാനിയുടെ ദൃഷ്ടിയിൽ സംസാരവും സംസാര-ബന്ധനവും നശിക്കുന്നു. സർവത്ര ഏകവും അഖണ്ഡവുമായ ചിദാനന്ദഘനസത്ത മാത്രം അവശേഷിക്കുന്നു. ഇങ്ങനെ അയാളുടെ ദൃഷ്ടിയിൽ പ്രപഞ്ചം അവശേഷിക്കുന്നില്ല. പിന്നെ പഞ്ച-കോശാത്മകമായ ശരീരമോ അതിന്റെ സ്ഥിതിയോ നാശമോ എവിടെ? അയാളെ സംബന്ധിച്ചിടത്തോളം ജീവന്മുക്തി-യോ വിദേഹമുക്തിയോ പ്രസ്ക്തമല്ല. അയാൾ നിത്യമു-ക്തനാണ്. ഈ സത്യം അറിയാതെയാണ് അന്യർ അയാ-ളിൽ ജീവന്മുക്തിയും വിദേഹമുക്തിയും ആരോപിക്കുന്നത്. അയാൾ മുക്തനാകുന്നില്ല,-സ്വതേ മുക്തസ്വരൂപൻ തന്നെയാണ്. 'വിമുക്തശ്ച വിമുച്യതേ' എന്നാണല്ലോ ശ്രുതി-വാക്യം.

ഇങ്ങനെ യഥാർത്ഥമായ മോക്ഷസാധനം ജ്ഞാനമാ-ണെന്നുള്ള കാര്യം സുനിശ്ചിതമാണെങ്കിലും ജ്ഞാനലബ്ധി-ക്കുള്ള അധികാരം പ്രദാനം ചെയ്യുന്നവ എന്ന കാരണത്താൽ കർമ്മോപാസനകളും സ്വീകാര്യമാണ്. തത്വജ്ഞാനത്തി-ന് ഉപയുക്തമായതുകൊണ്ടു് ആദ്യം വിഭിന്നങ്ങളായ് ഉപാസ-നകളെപ്പററിയാണ് ഈ ഉപനിഷത്തിലും പ്രതിപാദിച്ചിട്ടുള്ള-തു്. ആകെ എട്ട് അദ്ധ്യായങ്ങളുള്ള ഈ ഉപനിഷത്തിൽ ആദ്യത്തെ അഞ്ചു് അദ്ധ്യായത്തിൽ പ്രാധാന്യേന ഉപാസന-കളെപ്പററിയും, ഒടുവിലത്തെ മൂന്നിൽ ജ്ഞാനത്തെപ്പററിയും പ്രതിപാദിച്ചിരിക്കുന്നു.

ഉപാസന, ജ്ഞാനം എന്നീ രണ്ടു വിഷയങ്ങളെപ്പററിയും ഈ ഉപനിഷത്തിൽ വിവേചനം ചെയ്തിട്ടുണ്ട്. അവ എളുപ്പം ഗ്രഹിക്കുവാൻ വേണ്ടി അവിടെയവിടെയായി പല ആഖ്യാ-യികകളും ചേർത്തിരിക്കുന്നു. അവ പല തരത്തിൽ അമൂല്യങ്ങളാണ്.

ഒന്നാം അധ്യായത്തിൽ ഇഭ്യഗ്രാമനിവാസിയായ ഉഷസ്തിയുടെ കഥ ഘടിപ്പിച്ചിരിക്കുന്നു. ഉഷസ്തി യജ്ഞയാഗാദികർമ്മകാണ്ഡങ്ങളിൽ അതിസമർത്ഥനായിരുന്നു. ഒരിക്കൽ അദ്ദേഹത്തിൻെറ നിവാസസ്ഥാനമായ കുരുദേശത്തു് ആലിപ്പഴം, ചരൽക്കല്ലു് എന്നിവയുടെ വൃഷ്ടിയാൽ മഹാക്ഷാമം ബാധിച്ചു. അതിനാൽ ഉഷസ്തിക്കു് അനേകദിവസം നിരാഹാരനായിക്കഴിയേണ്ടിവന്നു. വിശന്നുപൊരിഞ്ഞു് അദ്ദേഹം ഒരു ആനക്കാരനെ സമീപിച്ചു് കുറച്ചു് അന്നം ആവശ്യപ്പെട്ടു. [illegible]ക്കാരന്റെ കൈവശം അല്പം ഉഴുന്നു മാത്രമേ ഉണ്ടായിരുന്നുള്ളു. [illegible] ഉച്ഛിഷ്ടമായിരുന്നതുകൊണ്ടു് അതു കൊടുക്കുവാൻ ആന[illegible] മടിച്ചു. എന്നാൽ ഉഷസ്തിയാകട്ടെ ആ ഉച്ഛിഷ്ടത്തെ [illegible] ഭക്ഷിച്ചു് പ്രാണനെ രക്ഷിച്ചു. എന്നാൽ ആന[illegible] കൂടി കൊടുക്കുവാൻ തുടങ്ങിയപ്പോൾ [illegible] ഉഷസ്തി അതിനെ നിര[illegible] ചോദിച്ചു. "ഉച്ഛിഷ്ടമായ [illegible] സംഭവിച്ചി[illegible] ആ ജീവിഷ്യമിമാ[illegible] "അതുശരിയാണ്. ഉച്ഛിഷ്ടമായ [illegible]ല്ലെങ്കിൽ എനിക്കു ജീവിച്ചിരിക്കുവാൻ [illegible]യിരുന്നില്ല. ജലം എനിക്കു് എവിടെയും ലഭി[illegible]" ഇങ്ങനെ ആപദ്ധർമ്മത്തെ കാണിച്ചിരിക്കുന്നു.

ഒന്നാം അദ്ധ്യായത്തിൽ ശിലക-ചൈകിതായന-പ്രവാഹണ-സംവാദത്തിലും അഞ്ചാം അദ്ധ്യായത്തിൽ ഉദ്ദാലകനോ[illegible]ന്നിച്ചു് പ്രാചീനശാലാദിമഹർഷിമാർ രാജാവായ അശ്വപ[illegible] സമീപിച്ചു് വൈശ്വാനരാത്മാവിനെപ്പററി ജിജ്ഞാസ പ്രകടിപ്പിക്കുന്ന സന്ദർഭത്തിലും സനാതനശിഷ്ടാചാരമനു[illegible]രിച്ചു് ഉപദേശിക്കുവാനുള്ള അധികാരം ബ്രാഹ്മണർക്കാ[illegible]ണെങ്കിലും ഉത്കൃഷ്ടമായ ഏതു വിദ്യയും മററു ജാതിയിൽ [illegible]പ്പെട്ടവന്റെ കൈവശം ഉണ്ടെങ്കിൽ അതും സ്വീകാര്യമാണെ[illegible]ന്നും സ്പഷ്ടമാക്കിയിട്ടുണ്ടു്. മംഗളകരമായ ഏതു വിദ്യയും അഭ്യസിക്കുന്നതിനു് മനുഷ്യനു് ത്യാഗം, തപസ്സു്, സേവ, സത്യം, വിനയം എന്നിവ അത്യന്താപേക്ഷിതമാണെന്നു് അനേകം ആഖ്യായികകളിൽക്കൂടി സ്ഥാപിച്ചിട്ടുണ്ടു്.

ജാനശ്രുതി എന്ന രാജാവു് സംവർഗ്ഗവിദ്യാപ്രാപ്തിക്കായി വണ്ടിക്കാരനായ രൈക്വന്റെ തിരസ്കാരം സഹിച്ചു. അയാൾക്കു്

ധനവും പകതി രാജ്യവും കൊടുത്തതിനു പുറമേ തന്റെ പുത്രിയെപ്പോലും കൊടുത്തു് അദ്ദേഹം ആ വിദ്യ അഭ്യസിച്ചു. ഇന്ദ്രൻ ആത്മവിദ്യാപ്രാപ്തിക്കായി നൂറെറാന്നു വർഷം ബ്രഹ്മചര്യവ്രതം അനുഷ്ഠിച്ചു. സത്യകാമജാബാലൻ തന്റെ ഗുരുവായ ഹരിദ്രുമതഗൗതമനോടു് തനിക്കു് ഉപനയനകർമ്മം ചെയ്യണമെന്നു് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അയാളുടെ ഗോത്രമേതാണെന്നു ചോദിച്ചു. തനിക്കു് അതു് അറിഞ്ഞുകൂടെന്നു പറഞ്ഞു. ആ സ്പഷ്ടോക്തികൾകൊണ്ടു് അയാൾ ബ്രാഹ്മണനാണെന്നു ബോദ്ധ്യം വരികയും, ഗൗതമൻ അയാൾക്കു് ദീക്ഷ കൊടുക്കുകയും ചെയ്തു.

അനന്തരം സത്യകാമൻ ഗുരുദേവപ്രഭാവത്താൽ ബ്രഹ്മവിദ്യ വശമാക്കി. സത്യകാമൻ ആചാര്യനായ ഹരിദ്രുമതനെ വിദ്യാധ്യയനത്തിനായിട്ടാണു് സമീപിച്ചിരുന്നതു്. ആചാര്യൻ അയാളെ ഉപനയനം ചെയ്യിച്ചു് നാനൂറു് പശുക്കളെ ഏൽപ്പിച്ചിട്ടു് ഇങ്ങനെ ആജ്ഞാപിച്ചു. ഇവയെ കാട്ടിൽ കൊണ്ടുപോയി മേയ്ക്കണം. അപ്പോൾ സത്യകാമൻ പറഞ്ഞു. ഞാൻ ഇവയുടെ സംഖ്യ ഒരായിരമായ ശേഷമേ മടങ്ങിവരികയുള്ളു. ബാലനായ സത്യകാമൻ ഗുരുവിന്റെ ആജ്ഞയെ ശിരസാ വഹിച്ചു് പശുക്കളെയുംകൊണ്ടു് കാട്ടിലേക്കു പോയി. കേവലം ഗോപാലനംകൊണ്ടു് അയാൾക്കു് ഗുരുകൃപയാൽ ബ്രഹ്മജ്ഞാനം ലഭിച്ചു. ഒടുവിൽ പശുക്കളെയുംകൊണ്ടു ഗുരുവിന്റെ അടുക്കൽ മടങ്ങിച്ചെന്ന സത്യകാമനിൽ കണ്ട തേജസ്സു് ഗുരുവിനെ അദ്ഭുതപ്പെടുത്തി. അദ്ദേഹം ഇപ്രകാരം ചോദിച്ചു.

"ബ്രഹ്മവിദിവ വൈ സോമ്യ ഭാസി കോനു ത്വാനുശശാസ"- ഹേ സോമ്യ, നീ ബ്രഹ്മജ്ഞാനിയെപ്പോലെ കാണപ്പെടുന്നല്ലോ. നിനക്കു് ആരാണു് ഉപദേശം തന്നതു്?

അതുപോലെ സത്യകാമശിഷ്യനായ ഉപകോസലനും വിധിപ്രകാരം അഗ്നിഹോത്രം ചെയ്തുകൊണ്ടു തന്നെ ഗുരുകൃപയാൽ ബ്രഹ്മവിദ്യ സമ്പാദിച്ചു. ഏതൊരു പുരുഷനു് ഏതൊരു സമയത്തു് എന്താണോ കർത്തവ്യമായിട്ടുള്ളതു് അവൻ അതു് ആ സമയത്തു തന്നെ യഥാവിധി ചെയ്തിരിക്കണമെന്നുള്ളതാണു് മുകളിൽ കാണിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങളുടെയെല്ലാം സാരം. കർത്തവ്യം സമുചിതമായിട്ടനുഷ്ഠിക്കുന്നതു് ശ്രേയസ്കരമാണു്.

ഏഴാം അദ്ധ്യായത്തിൽ സനത്കുമാരനാരദസംവാദമാണ്. ദേവർഷിയായ നാരദൻ ആത്മജിജ്ഞാസുവായി സനത്-കുമാരനെ ശരണം പ്രാപിക്കുന്നു. സനത് കുമാരൻ നാരദനോടു ചോദിക്കുന്നു:– "നാരദ, അങ്ങയ്ക്ക് എന്തെല്ലാം വിദ്യകൾ അറി-യാമെന്ന് എന്നോടു പറയുക. അതിനുശേഷം ഞാൻ ഉപദേശം തരാം". നാരദൻ പറയുന്നു:– "എനിക്ക് ഋഗ്വേദം, യജുർവേദം, സാമവേദം, ആഥർവണം എന്നീ നാലു വേദങ്ങളും, ഇതിഹാ-സപുരാണങ്ങൾ, വ്യാകരണം, പിത്ര്യം (ശ്രാദ്ധകല്പം), രാശി (ഗണിതം), ദൈവം (ഉത്പാതജ്ഞാനം), നിധി ശാസ്ത്രം, വാകോവാക്യം (തർക്കശാസ്ത്രം), ഏകായനം (നീതിശാസ്ത്രം), ദേവവിദ്യ, ബ്രഹ്മവിദ്യ നിരുക്തം, ശിക്ഷ, ഭൂതവിദ്യ, [illegible] നക്ഷത്രവിദ്യ (ജ്യോതിഷം), സർപ്പവിദ്യ (ഗാരു-[illegible] ക്തി. നൃത്യവാദ്യ ശില്പവിദ്യ [illegible] ഛാന്ദോ 7.7.1) ഈ വിദ്യകളെ [illegible] ലഭിച്ചില്ല. എങ്ങനെ [illegible] വൈഭവം, സ്ത്രീ, [illegible] ഉണ്ടെങ്കിലും ഭയങ്കരമായ [illegible] ഉണ്ടായിരുന്നാൽ അയാൾക്ക് ശാന്തി ലഭിക്കു-[illegible] സാംസാരികമായ ഏറ്റവുംവലിയ [illegible] കവന്നാലും, ആത്മജ്ഞാനം കൂടാതെ ശാന്തി [illegible] സാദ്ധ്യമല്ല. ഭഗവത്സാക്ഷാത്കാരം കൂടാതെ ദുഃഖ [illegible] ലഭിക്കുക എന്നുള്ളത് തോലെന്നപോലെ ആകാശ [illegible] ചുരുട്ടി എടുക്കുക എന്നുള്ളതിനു തുല്യമാണ്.

'യദാ ചർമ്മവദ് ആകാശം വേഷ്ടയിഷ്യന്തി മാനവാഃ തദാ ദേവ മവിജ്ഞായ ദുഃഖസ്യാന്തോ ഭവിഷ്യതി. അതു കൊണ്ടുതന്നെയാണ് നാരദൻ പറയുന്നത്:–

'സോऽഹം ഭഗവോ മന്ത്രവിദേവാസ്മി നാത്മവിത് ശ്രുതം
ഹ്യേവ മേ ഭഗവദ് ദൃശേഭ്യസ്തരതി ശോകം
ആത്മവിദിതി സോऽഹം, ഭഗവഃ ശോചാമി തം മാ
ഭഗവാൻ ശോകസ്യ പാരം താരയത്വിതി. (ഛാ 7.1.3)

ഭഗവൻ, ഞാൻ ശാസ്ത്രജ്ഞൻ മാത്രമാണ്. ആത്മജ്ഞനല്ല. ആത്മജ്ഞാനി ശോകത്തെ തരണം ചെയ്യുന്നു എന്ന് ഞാൻ അങ്ങയെപ്പോലുള്ളവരിൽനിന്നും കേട്ടിട്ടുണ്ട്. ഞാൻ ദുഃഖിതനാണ്. അതുകൊണ്ട് ഭഗവാൻ എന്നെ ശോകത്തിൽ

നിന്നും കരകയററണം'' ഇതിൽനിന്നും കേവലം ശാസ്ത്രജ്ഞാനം കൊണ്ടു സംസാരമാകുന്ന ശോകസാഗരത്തെ തരണം ചെയ്യാൻ സാദ്ധ്യമല്ലെന്ന് സിദ്ധമായല്ലോ. അതിന് അനുഭവം അത്യന്താപേക്ഷിതമാണ്. അശേഷവിദ്യാപാരംഗതനായ ദേവർഷി നാരദനു പോലും അദ്ദേഹത്തിനു ലഭിച്ച വിദ്യകൊണ്ട് ശാന്തി ലഭിച്ചില്ലെങ്കിൽ പിന്നെ നമ്മെപ്പോലുള്ള സാധാരണ ജീവികളുടെ കാര്യം പറയാനുണ്ടോ?

ഇങ്ങനെ ഈ ഉപനിഷത്തിൽ അമൂല്യങ്ങളായ അനേകം വിഷയങ്ങൾ അടങ്ങിയിട്ടുണ്ട്. പ്രാചീനകാലം മുതല്ക്കു തന്നെ ഈ ഉപനിഷത്തിന് അതിമഹത്തായ സ്ഥാനം സിദ്ധിച്ചിട്ടുണ്ട്. വേദാന്തസൂത്രങ്ങളിൽ ഏതെല്ലാം ശ്രുതികളാണോ പരാമർശിക്കപ്പെട്ടിട്ടുള്ളത് അവയിൽ ഏററവും കൂടുതൽ എണ്ണം ഈ ഉപനിഷത്തിൽ ഉള്ളതാണ്. അദ്വൈതസമ്പ്രദായത്തിൽ ബ്രഹ്മാത്മൈക്യബോധത്തിന് പ്രധാന സാധനമെന്നു കരുതപ്പെടുന്ന ''സത്തേവ സോമ്യേദ മഗ്ര ആസീത്, ഏകമേവാദ്വിതീയം'' മുതലായ മഹാവാക്യങ്ങളും ഇതിൻെറ ആറാം അദ്ധ്യായത്തിൽ ഉള്ളതാണ്. (ഛാ.6.2.2) അവിടെ ആരുണി ഭിന്നങ്ങളായ ദൃഷ്ടാന്തങ്ങൾകൊണ്ട് ഒൻപതു പ്രാവശ്യം ഈ വാക്യത്താൽ പുത്രനായ ശ്വേതകേതുവിന് ആത്മതത്ത്വോപദേശം ചെയ്തിരിക്കുന്നു.

ഔപനിഷദദർശനം തന്നെയാണ് സമ്യഗ്ദർശനം. അതുകൊണ്ടു മാത്രമേ സംസാരത്തെ തരണംചെയ്ത് ആത്യന്തികമായ ആനന്ദം ലഭിക്കുകയുള്ളു. ഈ തത്ത്വം ഗ്രഹിക്കുക എന്നുള്ളതാണ് മാനവജീവിതത്തിൻെറ പരമലക്ഷ്യം. അതു ലഭിച്ചില്ലെങ്കിൽ ജീവിതവും നിഷ്പ്രയോജനമാണ്. ഈ മഹാതത്ത്വത്തെ കാണിച്ചുതരുന്ന ഉപനിഷത്തുകൾ മനുഷ്യവർഗ്ഗത്തിൻെറ ശാശ്വതപുണ്യസമ്പത്താണ്.

ഇങ്ങനെ വിശേഷാത്തരമഹിമയുള്ള ഉപനിഷത്തുകളിൽ സർവോന്നത പ്രഭാവത്തോടെ പരിലസിക്കുന്ന ഛാന്ദോഗ്യോപനിഷത്തിലേക്കാണ് ഇനി നാം പ്രവേശിക്കുന്നത്.

തിരുവനന്തപുരം
6-7-1979

ശ്രീവരാഹം ഭാസ്കരൻ നായർ
(സമ്പാദകൻ)

ഓം

# ഛാന്ദോഗ്യോപനിഷത്ത്

## ശാന്തിപാഠം

ഓം. ആപ്യായന്തു മമാംഗാനി വാക്പ്രാണശ്ചക്ഷുഃ ശ്രോത്രമഥോ ബലമിന്ദ്രിയാണി ച സർവാണി സർവം ബ്രഹ്മോപനിഷദം മാഹം ബ്രഹ്മ നിരാകുർയ്യാം മാ മാ ബ്രഹ്മനിരാകരോദനിരാകരണമസ്ത്വനിരാകരണം മേഽസ്തു തദാത്മനി നിരതേ യ ഉപനിഷത്സു ധർമ്മാസ്തേ മയി സന്തു തേ മയി സന്തു. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

എന്റെ കരചരണാദികളായ അംഗങ്ങൾ എല്ലാ വിധത്തിലും സമ്പുഷ്ടമായിരിക്കട്ടെ. വാക്ക്, പ്രാണൻ, നേത്രം, ശ്രോത്രം എന്നിവയും പുഷ്ടമായിരിക്കട്ടെ. സർവ്വേന്ദ്രിയങ്ങളും ബലമാർജ്ജിക്കട്ടെ. ഉപനിഷത്തുകളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ബ്രഹ്മം തന്നെയാണ് സർവ്വവും. ഞാൻ ബ്രഹ്മത്തെ നിരാകരിക്കാതിരിക്കട്ടെ. ബ്രഹ്മം എന്നെ നിരാകരിക്കാതിരിക്കട്ടെ. ഇപ്രകാരം എനിക്ക് അനിരാകരണം സംഭവിക്കട്ടെ. ബ്രഹ്മരൂപമായ ആത്മാവിൽ നിരന്തരം രമിച്ചുകൊണ്ടിരിക്കുന്ന എന്നിൽ ഉപനിഷത്തുകളിൽ പറയപ്പെട്ടിരിക്കുന്ന ശമദമാദികൾ സ്ഥിരമായിരിക്കട്ടെ. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

## ഒന്നാം അദ്ധ്യായം

### ഒന്നാം ഖണ്ഡം.

(ഉദ്ഗീഥ ദൃഷ്ട്യാ ഓംകാരോപാസന)

1. ഓമിത്യേതദക്ഷരമുദ്ഗീഥമുപാസീത, ഓമിതി ഹ്യുദ്ഗായതി തസ്യോപവ്യാഖ്യാനം.

ഓം എന്ന അക്ഷരം ഉദ്ഗീഥമാണ്. അതിനെ ഉപാസിക്കണം. 'ഓം' എന്ന് ഉച്ചരിച്ചുകൊണ്ട്- യജ്ഞത്തിൽ ഉദ്ഗാതാക്കൾ ഉദ്ഗാനം (ഉച്ചസ്വരത്തിൽ സാമഗാനം) പാടുന്നു. ആ ഉദ്ഗീഥോപാസനയെപ്പററിയാണ് ഇവിടെ വ്യാഖ്യാനിക്കാൻ പോകുന്നത്.

2. ഏഷാം ഭൂതാനാം പൃഥിവീ രസഃ, പൃഥിവ്യാ ആപോ രസഃ, അപാം ഓഷധയോ രസ, ഓഷധീനാം പുരുഷോ രസഃ, പുരുഷസ്യ വാഗ് രസോ, വാച ഋഗ് രസ, ഋചഃ സാമ രസഃ, സാമ്ന ഉദ്ഗീഥോ രസഃ.

ഈ ഭൂതങ്ങളുടെ (ചരാചരങ്ങളുടെ) രസം (ആധാരം) ജലം, ജലത്തിന്റെ രസം (പരിണാമരൂപം ഓഷധികൾ (സസ്യവർഗ്ഗം) ഓഷധികളുടെ രസം (ഓഷധികളുടെ പരിണാമം) പുരുഷൻ. പുരുഷന്റെ രസം

(ഏററവും പ്രധാനപ്പെട്ട വ്യാപാരം) വാക്ക്, വാക്കിൻെറ രസം (ഏററവും പ്രധാനപ്പെട്ട രൂപം) ഋക്ക്, ഋക്കിൻെറ രസം (ഏററവും പ്രധാനപ്പെട്ട രൂപം) സാമം, സാമത്തിൻെറ രസം (ഏററവും പ്രധാനപ്പെട്ട രൂപം) ഉദ്ഗീഥം. (സാമഗാനം ഓം എന്നതിൻെറ നാമവും.)

പ്രകൃതത്തിൽ ഓംകാരത്തിൻെറ സർവ്വോത്കർഷം വ്യഞ്ജിപ്പിക്കുന്നു. താഴെപ്പറയുന്ന ഗീതാപദ്യം അനുസ്മരിക്കുക.

തസ്മാദ്ഓമിത്യുദാഹൃത്യ യജ്ഞദാനതപഃ ക്രിയാഃ
പ്രവർത്തന്തേ വിധാനോക്താഃ സതതം ബ്രഹ്മവാദിനാം.
(ഗീത 17.24)

3. സ ഏഷ രസാനാം രസതമഃ പരമഃ പരാർദ്ധ്യോഽഷ്ടമോ യദുദ്ഗീഥഃ.

ഈ ഉദ്ഗീഥം (ഓംകാരം) രസങ്ങളിൽ രസതമവും (മുകളിൽ പറഞ്ഞ പ്രകാരം ഏററവും പ്രധാനപ്പെട്ടതും) പരമവും, പരാർദ്ധ്യവും (മുകളിൽ പറഞ്ഞപ്രകാരം എട്ടാമത്തേതുമാകുന്നു. (ഇവിടെ പരമാത്മാവിനെത്തന്നെ സൂചിപ്പിക്കുന്നു.)

4. കതമാ കതമർക് കതമത് കതമത്സാമ കതമഃ കതമ ഉദ്ഗീഥ ഇതി വിമൃഷ്ടം ഭവതി.

കതമാ കതമ്ഋക്ക്-ഏതെതെല്ലാമാണ് ഋക്ക; കതമത് കതമത് സാമ-ഏതെല്ലാമാണ് സാമം; കതമഃ കതമഃ ഉദ്ഗീഥഃ-ഏതെല്ലാമാണ് ഉദ്ഗീഥം എന്നു പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ ഏതെല്ലാമാണ് ഋക്ക് എന്നും ഏതെല്ലാമാണ് സാമമെന്നും ഏതെല്ലാമാണ് ഉദ്ഗീഥം എന്നും പരാമർശിക്കപ്പെട്ടിട്ടുണ്ട്.

5. വാഗേവർക് പ്രാണഃ സാമോമിത്യേതദക്ഷരമുദ്ഗീഥഃ. തദ്വാ ഏതൻമിഥുനം യദ് വാക് ച പ്രാണശ്ചർക് ച സാമ ച.

വാക് ഏവ ഋക് പ്രാണഃ സാമ ഓം ഇതി ഏതദ് അക്ഷരം ഉദ്ഗീഥഃ, തദ് വാ ഏതദ് മിഥുനം യദ് വാക്ച പ്രാണശ്ച ഋക് ച സാമ ച.

വാക്ക തന്നെയാണ് ഋക്ക ; പ്രാണൻ സാമവും. ഓം എന്ന അക്ഷരം ഉദ്ഗീഥവുമാണ്. ഈ ഋക്കും സാമവും അഥവാ വാക്കുംപ്രാണനും മിഥുനമാണ്. (ജോടിയാണ്). ഋക്കും സാമവും എന്നു പറയുന്നത് വാക്കും പ്രാണനും തന്നെ. അതിൻെറ പരമഭാവമാണ് ഉദ്ഗീഥം.

6. തദേതന്മിഥുനമോമിത്യേതസ്മിന്നക്ഷരേ സംസൃജ്യതേ യദാ വൈ മിഥുനൗ സമാഗച്ഛത ആപയതോ വൈ താവന്യോന്യസ്യ കാമം.

(തദ് ഏതദ്മിഥുനം ഓം ഇതി ഏതസ്മിൻ അക്ഷരേ സംസൃജ്യതേ യദാ വൈ മിഥുനൗ സമാഗച്ഛതഃ തദാ തൗ അന്യോന്യസ്യകാമം ആപയതഃ വൈ.)

ഈ മിഥുനം (ഋക്കും സാമവും-വാക്കും പ്രാണനും) ഓം എന്ന അക്ഷരത്തിൽ സംസൃഷ്ടമായിരിക്കുന്നു (ചേർന്നിരിക്കുന്നു). മിഥുനം (സ്ത്രീപുരുഷയുഗ്മം) പരസ്പരം യോജിക്കുമ്പോഴാണ് അവർ കാമം പ്രാപിക്കുന്നവല്ലോ. (ഇവിടെ വാക്കിന്റെയും പ്രാണന്റെയും പരസ്പരബന്ധം സൂചിപ്പിച്ചിരിക്കുന്നു.)

7. ആപയിതാ ഹ വൈ കാമാനാം ഭവതി, യ ഏതദ് ഏവം
   വിദ്വാൻ അക്ഷരമുദ്ഗീഥം ഉപാസ്തേ.

ഇപ്രകാരം അറിഞ്ഞ് ഉദ്ഗീഥരൂപത്തിലുള്ള അക്ഷരത്തെ ഉപാസിക്കുന്നവൻ അഖിലാഷങ്ങളെ പ്രാപിക്കുന്നു.

8. തദ്വാ ഏതദ് അനുജ്ഞാക്ഷരം യദ്ധി കിം ചാനുജാനാ-
   ത്യോമിത്യേവ തദാഹ ഏഷാ ഏവ സമൃദ്ധിർ
   യദനുജ്ഞാ. സമർധയിതാ ഹ വൈ കാമാനാം ഭവതി,
   യ ഏതദേവം വിദ്വാനക്ഷരമുദ്ഗീഥം ഉപാസ്തേ.

(യദ്ധി-യദ് ഹി, അനുജാനാതി, ഓം ഇതി ഏവ തദ് ആഹ)

ഈ ഓംകാരം തന്നെയാണ് അനുജ്ഞാക്ഷരം. (അനുമതിസൂചകം. ഏതെങ്കിലും ഒന്നിന് അനുവദിക്കുമ്പോൾ 'ഓം' എന്നാണല്ലോ പറയുന്നത്.) അനുജ്ഞ തന്നെയാണ് സമൃദ്ധിയും. ഇങ്ങനെ അറിഞ്ഞ് ഉദ്ഗീഥത്തെ ഉപാസിക്കുന്നവൻ കാമങ്ങളെ പ്രാപിക്കുന്നു.

9. തേനേയം ത്രയീ വിദ്യാ വർത്തതേ ഓമിത്യാശ്രാവയതി,
   ഓമിതി ശംസത്യോമിത്യുദ്ഗായത്യേതസ്യൈവാ-
   ക്ഷരസ്യാപചിത്യൈ മഹിമ്നാ രസേന.

(തേന-ഇയം ത്രയീവിദ്യാ വർത്തതേ, ഓം ഇതി ആശ്രാവയതി, ഓം ഇതി ശംസതി, ഓം ഇതി ഉദ്ഗായതി, ഏതസ്യ ഏവ അക്ഷരസ്യ അപചിത്യൈ മഹിമ്നാ രസേന.)

അതിനാൽ-അക്ഷരത്തിനാൽ (ഓംകാരത്താൽ) ഈ ത്രയീവിദ്യ (ഋക്, യജുസ്, സാമവേദങ്ങൾ) വർത്തിക്കുന്നു. (നിലനില്ക്കുന്നു). ഈ അക്ഷരത്തിന്റെ അപചിതിക്കായിട്ടും (പൂജയ്ക്കായിട്ടും) മഹിമാവുകൊണ്ടും രസംകൊണ്ടും ആണ് ഓം എന്ന് ആശ്രാവണം ചെയ്യുന്നതും (കേൾപ്പിക്കുന്നതും) ശംസിക്കുന്നതും (പറയുന്നതും) ഉദ്ഗാനം ചെയ്യുന്നതും.

(ആശ്രാവണം ചെയ്യിക്കുന്നതും മറ്റും വൈദിക കർമ്മത്തിലെന്നും പറയുന്നു.)

ഉദ്ഗീഥം അറിയുന്നവന്റെയും അറിയാത്തവന്റെയും കർമ്മവ്യത്യാസങ്ങൾ.

10. തേനോഭൗ കുരുതോ യശ്ച ഏതദ് ഏവം വേദ യശ്ച
    ന വേദ. നാനാ തു വിദ്യാ ചാവിദ്യാ ച. യദേവ വിദ്യയാ
    കരോതി ശ്രദ്ധയാ ഉപനിഷദാ തദേവ വീര്യവത്തരം
    ഭവതീതി ഖലു. ഏതസ്യ ഏവ അക്ഷരസ്യ ഉപ-
    വ്യാഖ്യാനം ഭവതി.

(ഈ അക്ഷരത്തെപ്പററി) ഇപ്രകാരം അറിയുന്നവനും അറിയാത്തവനും-രണ്ടു പേരും, അതു മുഖേനയാണ് കർമ്മം ചെയ്യുന്നത്. എന്നാൽ

വിദ്യയും അവിദ്യയും ഭിന്നമാണു് (നാനാ). വിദ്യ ശ്രദ്ധ യോഗം ഉപനിഷത്തു് എന്നിവയോടു കൂടി ചെയ്യുന്ന കർമ്മം മാത്രമേ പ്രബലതരമായിരിക്കുകയുള്ളൂ. ഇതു് അക്ഷരത്തിന്റെ (ഓം കാരത്തിന്റെ) വ്യാഖ്യാനമായി ഭവിക്കുന്നു.

### രണ്ടാം ഖണ്ഡം

### പ്രാണോപാസനയുടെ മാഹാത്മ്യം.

1. ദേവാസുരാ ഹ വൈ യത്ര സംയേതിര ഉഭയേ
പ്രാജാപത്യാസ്തദ്ധ ദേവാ ഉദ്ഗീഥം ആജഹ്രുഃ,
അനേന ഏനാൻ അഭിഭവിഷ്യാമ ഇതി.

(പ്രാജാപത്യാഃ ദേവാസുരാഃ ഉഭയേ യത്ര സംയേതിരേ ഹ വൈ തത് ദേവാഃ അനേന ഏനാൻ അഭിഭവിഷ്യാമഃ ഇതി ഉദ്ഗീഥം ആജഹ്രുഃ)

പ്രജാപതിയുടെ പുത്രന്മാരായ ദേവന്മാരും അസുരന്മാരും, രണ്ടു കൂട്ടരും, എന്തിനു വേണ്ടിയോ യുദ്ധം ചെയ്തു. (സംയേതിരേ). അതിൽ ദേവന്മാർ ഇതുമുഖേന ഇവരെ (അസുരന്മാരെ) പരാജയപ്പെടുത്താം എന്നു വിചാരിച്ചിട്ടു് ഉദ്ഗീഥത്തെ ഉപാസിച്ചു (ആജഹ്രുഃ). (ജ്യോതിഷ്ടോമത്തെ അനുഷ്ഠിച്ചു എന്നു വ്യാഖ്യാനിക്കുന്നു.)

2. തേ ഹ നാസിക്യം പ്രാണം ഉദ്ഗീഥം ഉപാസാംചക്രിരേ.
തം ഹാസുരാഃ പാപ്മനാ വിവിധുഃ തസ്മാത്
തേനോഭയം
ജിഘ്രതി സുരഭി ച ദുർഗന്ധി ച, പാപ്മനാ ഹ്യേഷ വിദ്ധഃ.

അവർ (ദേവന്മാർ) നാസികയിലെ പ്രാണനെ ഉദ്ഗീഥമായി ഉപാസിച്ചു. അതിനെ (ആ പ്രാണനെ) അസുരന്മാർ പാപത്താൽ ഭേദിച്ചു (വേധിച്ചു). അതുകൊണ്ടാണു് അതു് (നാസിക) സുഗന്ധം ദുർഗ്ഗന്ധം എന്ന രണ്ടിനെയും ഘ്രാണിക്കുന്നതു്. എന്തെന്നാൽ അതു് പാപത്താൻ ഭേദിക്കപ്പെട്ടുപോയല്ലോ.

3. അഥ ഹ വാചം ഉദ്ഗീഥം ഉപാസാംചക്രിരേ.
താം ഹാസുരാഃ പാപ്മനാ വിവിധുഃ. തസ്മാത് തയോഭയം
വദതി, സത്യം ചാനൃതം ച. പാപ്മനാ ഹ്യേഷാ വിദ്ധാ.

പിന്നീടു് അവർ വാക്കിനെ ഉദ്ഗീഥമായി ഉപാസിച്ചു. ആ വാക്കിനെ അസുരന്മാർ പാപത്താൽ ഭേദിച്ചു. അതുകൊണ്ടു് അതുമുഖേന സത്യവും അസത്യവും (ലോകർ) പറയുന്നു. എന്തെന്നാൽ അതു് (വാക്കു്) പാപത്താൽ വിദ്ധമായിപ്പോയല്ലോ.

4. അഥ ഹ ചക്ഷുഃ ഉദ്ഗീഥം ഉപാസാംചക്രിരേ. തദ്ധാ
അസുരാഃ പാപ്മനാ വിവിധുഃ. തസ്മാത് തേനോഭയം
പശ്യതി ദർശനീയം ചാദർശനീയം ച.
പാപ്മനാ ഹ്യേതദ് വിദ്ധം.

പിന്നീടു് അവർ ചക്ഷുസ്സിനെ(കണ്ണിനെ) ഉദ്ഗീഥമായി ഉപാസിച്ചു.

അസുരന്മാർ അതിനെയും പാപത്താൽ ഭേദിച്ചു. അതിനാൽ ലോകർ അതുമുഖേന നല്ലതും ചീത്തയും (ദർശനീയവും അദർശനീയവും) കാണുന്നു. എന്തെന്നാൽ അതു് പാപത്താൽ ഭേദിക്കപ്പെട്ടുപോയല്ലോ.

5. അഥ ഹ ശ്രോത്രം ഉദ്ഗീഥം ഉപാസാംചക്രിരേ. തദ്ധാസുരാ.
പാപ്മനാ വിവിധുഃ. തസ്മാത് തേനോഭയം ശൃണോതി,
ശ്രവണീയം ചാശ്രവണീയം ച.പാപ്മനാ ഹ്യേതദ്വിദ്ധം.

പിന്നീട് അവർ (ദേവന്മാർ) ശ്രോത്രത്തെ ഉദ്ഗീഥമായി ഉപാസിച്ചു. അസുരന്മാർ അതിനെയും പാപത്താൽ ഭേദിച്ചു. അതുകൊണ്ടു് ലോകർ അതുമുഖേന നല്ലതും ചീത്തയും (ശ്രവണീയവും അശ്രവണീയവും) കേൾക്കുന്നു. എന്തെന്നാൽ ശ്രോത്രം (ചെവി) പാപത്താൽ വിദ്ധമായിട്ടുണ്ടല്ലോ.

[illegible] [illegible] ഹ മന ഉദ്ഗീഥം ഉപാസാംചക്രിരേ. തദ്ധാസുരാഃ
[illegible] വിവിധുഃ. തസ്മാത്തേനോഭയം സങ്കല്പയതേ,
[illegible] സംകല്പനീയം ച. പാപ്മനാ
[illegible]

[illegible] ഉപാസിച്ചു. അസുരന്മാർ [illegible] ലോകർ സങ്കല്പനീയവും [illegible]) കാര്യങ്ങളെ സങ്കല്പിക്കുന്നു [illegible] അതു് പാപത്താൽ ഭേദിക്കപ്പെട്ടുപോയല്ലോ.

[illegible] അസുരന്മാർക്കു് ഉണ്ടായ പരാജയം

[illegible] ഹ [illegible] ഏവായം മുഖ്യഃ പ്രാണഃ തം ഉദ്ഗീഥം ഉപാസാംചക്രിരേ. തം ഹാസുരാ ഋത്വാ വിദധ്വംസുർ,യഥാഽശ്മാനം [illegible] ഋത്വാ വിധ്വംസേത്.

ദേവന്മാർ പിന്നീട് മുഖ്യപ്രാണനെ ഉദ്ഗീഥമായിഉപാസിച്ചു. അസുരന്മാർ അതിനെ (ആ മുഖ്യപ്രാണനെ) പ്രാപിച്ചിട്ടു് (അടുത്തു ചെന്നു്) പാറയിൽ ചെന്നു തട്ടിയ മൺകട്ട പോലെ തകർന്നു. [അസുരന്മാർ അതിനെ [illegible] ഭേദിക്കാൻ ശ്രമിച്ചപ്പോൾ അവർ തകർന്നുപോയി. പാറയിൽ [illegible]തട്ടിയ മൺകട്ടപോലെ. (മുഖ്യപ്രാണൻ—മുഖത്തിലെ പ്രാണൻ, പ്രധാനപ്രാണൻ)

## പ്രാണോപാസകൻെറ മഹത്ത്വം

[illegible] ഏവം യഥാശ്മാനം ആഖണമൃത്വാ വിധ്വംസത ഏവം [illegible]ഹൈവ സ വിധ്വംസതേ യ ഏവം വിദി പാപം കാമയതേ യശ്ചൈനം അഭിദാസതി സ ഏഷോഽശ്മാഖണഃ.

പാറയിൽ ചെന്നുതട്ടിയ മൺകട്ട തകർന്നുപോകുന്നതുപോലെ ഈ പ്രാണോപാസകനെ ആക്രമിക്കാനോ ദ്രോഹിക്കാനോ ആഗ്രഹിക്കുന്നവൻ തകർന്നുപോകുന്നു (നശിക്കുന്നു.)

9. നൈവേതേന സുരഭി ന ദുർഗന്ധി വിജാനാതി അപഹത-
പാപ്മാ ഹ്യേഷ. തേന് യദ് അശ്നാതി യദ് പിബതി
തേനേതരാൻ പ്രാണാന് അവതി. ഏതമു ഏവാന്തതോ
അവിത്വോത്ക്രാമതി, വ്യാദദാതി ഏവാന്തത ഇതി.

ഇതു് (ഈ മുഖ്യപ്രാണൻ) സുഗന്ധവും ദുർഗ്ഗന്ധവും അറിയുന്നില്ല. (ഘ്രാണേന്ദ്രിയംകൊണ്ടാണു് ഇതു് അറിയുന്നതു്). ഇതു് പാപരഹിതനാണു്. ഇതു് കുടിക്കുന്നതും തിന്നുന്നതുംകൊണ്ടു് മററു പ്രാണങ്ങളെ സംരക്ഷിക്കുന്നു. അവസാനം (മരണകാലത്തു്) ഘ്രാണാദികളായ ഇന്ദ്രിയങ്ങൾ ഇവയൊന്നും കിട്ടാതെ വാ തുറന്നു് നിഷ്ക്രമിക്കുന്നു.

പ്രാണനു് ആംഗിരസ്സ് എന്ന പേരു വരാനുള്ള കാരണം.

10. തം ഹാ അംഗിരാ ഉദ്ഗീഥം ഉപാസാംചക്രേ. ഏതമു ഏവ
ആംഗിരസം മന്യന്തേ/ങ്ഗാനാം യദ്രസഃ.

അംഗിരസ്സ് ഇവനെ (ഈ മുഖ്യപ്രാണനെ) ഉദ്ഗീഥമായി ഉപാസിച്ചു. അതിനാൽ ഈ പ്രാണനു് ആംഗിരസ്സ് എന്നു് പേരു് ഉണ്ടായി. ഈ പ്രാണൻ അംഗങ്ങളുടെ രസമാണു്.

പ്രാണനു് ബൃഹസ്പതി എന്ന പേരു് ഉണ്ടാകാനുള്ള കാരണം.

11. തേന തം ഹ ബൃഹസ്പതിരുദ്ഗീഥം ഉപാസാംചക്രേ.
ഏതമു ഏവ ബൃഹസ്പതിം മന്യന്തേ. വാഗ്ധി ബൃഹതീ,
തസ്യാ ഏഷ പതിഃ.

അതിനാൽ ഈ (ഇവനെ) മുഖ്യപ്രാണനെ ബൃഹസ്പതി ഉദ്ഗീഥമായി ഉപാസിച്ചു. അതുകൊണ്ടു് ഇവനെ (മുഖ്യപ്രാണനെ) ബൃഹസ്പതി എന്നു പറയുന്നു. വാക്കു് ബൃഹത്താണു്. അതിന്റെ പതി ബൃഹസ്പതി.

പ്രാണനു് ആയാസ്യൻ എന്ന പേരുകിട്ടാനുള്ള കാരണം.

12. തേന തം ഹായാസ്യ ഉദ്ഗീഥം ഉപാസാം ചക്രേ.
ഏതമു ഏവാ/യാസ്യം മന്യന്തേ, ആസ്യാദ്യദ് അയതേ.

അതിനാൽ അതിനെ ആയാസ്യൻ ഉദ്ഗീഥമായി ഉപാസിച്ചു. അതുകൊണ്ടു് (മുഖ്യപ്രാണൻ) ആയാസ്യനെന്നും അറിയപ്പെടുന്നു. ആസ്യത്തിൽ നിന്നും യാതൊന്നാണോ പുറപ്പെടുന്നതു് അതു് ആയാസ്യൻ.

13. തേന തം ഹ ബകോ ദാല്ഭ്യോ വിദാംചകാര. സ ഹ
നൈമിഷീയാനാം ഉദ്ഗാതാ ബഭൂവ. സ ഹ സ്മൈഭ്യഃ
കാമാൻ ആഗായതി.

അങ്ങനെ അവനെ (പ്രാണനെ) ദാല്ഭ്യപുത്രനായ ബകൻ അറിഞ്ഞു ഉദ്ഗീഥമായി (ഉപാസിച്ചു). അവൻ നൈമിഷാരണ്യത്തിലെ ഋഷിമാരുടെ (നൈമിഷീയന്മാരുടെ) ഉദ്ഗാതാവായി ഭവിച്ചു. അവൻ അവരുടെ കാമനകളെ പൂർത്തീകരിക്കുവാൻ ഗാനംചെയ്തു.

പ്രാണനായി ഓംകാരത്തെ ഉപാസിക്കുന്നതിന്റെ ഫലം.

14. ആഗാതാ ഹ വൈ കാമാനാം ഭവതി യ ഏതദ് ഏവം വിദ്വാൻ അക്ഷരമുദ്ഗീഥം ഉപാസ്ത ഇത്യധ്യാത്മം.

ഇപ്രകാരം മനസ്സിലാക്കി പ്രാണനെ ഉദ്ഗീഥാക്ഷരമായി ഉപാസിക്കുന്നവൻ നിശ്ചയമായും കാമനാസമ്പൂർത്തിയെ ചെയ്യുന്നവനായി ഭവിക്കുന്നു. (ആഗാതാ ഹ വൈ കാമാനാം). ഇതു് ആധ്യാത്മികോപാസനയാണു്.

## തൃതീയഖണ്ഡം.

ആദിത്യനായി ഉദ്ഗീഥത്തെ ഉപാസിക്കൽ.

1. അഥാധിദൈവതം യ ഏവാഽസൌ തപതി തം ഉദ്ഗീഥം ഉപാസീത. ഉദ്യന്വാ ഏഷ പ്രജാഭ്യ ഉദ്ഗായതി. ഉദ്യം-സ്തമോ ഭയം അപഹന്തി. അപഹന്താ ഹ വൈ ഭയസ്യ തമസോ ഭവതി യ ഏവം വേദ.

ഇ[illegible] തപിച്ചുകൊണ്ടിരിക്കുന്ന ആദിത്യരൂപിയായ ദേവനെ (അധി[illegible]) [illegible] ഉപാസിക്കണം. സൂര്യൻ ഉദിച്ചു് എല്ലാ [illegible] ഉദ്ഗാനം (പ്രഭാവർഷം) ചെയ്യുന്നു. [illegible] [illegible]കരിക്കുന്നു. ഇപ്രകാരം [illegible] കാരണമായ) അജ്ഞാ-[illegible] [illegible] മുക്തനാകുന്നു.)

[illegible] [illegible] പാകപ്പെടുത്താൻ സാദ്ധ്യമല്ല. അതിനെ [illegible] പ്രാണ[illegible]വും സാദ്ധ്യമല്ല. ഇങ്ങനെ ഇതു് ഉദ്-[illegible] [illegible] എന്ന വ്യാഖ്യാനിക്കുന്നു.)

സൂര്യനും പ്രാണനും സമാനം. അതിനാൽ പ്രാണനായി ഉദ്ഗീഥത്തെ ഉപാസിക്കൽ.

2. സമാന ഉ ഏവായം ചാസൌ ച. ഉഷ്ണോഽയം ഉഷ്ണോഽസൌ. സ്വര ഇതീമം ആചക്ഷതേ. സ്വര ഇതി പ്രത്യാസ്വര ഇത്യമും. തസ്മാദ് വാ ഏതം ഇമം അമും ചോദ്ഗീഥം ഉപാസീത.

ഉണ്ടാമതുഷ്യാ ഈ പ്രാണനും സൂര്യനും തുല്യമാണു്. ഈ പ്രാണൻ ഉഷ്ണമാണു്. സൂര്യനും ഉഷ്ണമാണു്. പ്രാണനെ സ്വരമെന്നു പറയുന്നു. (അമും) സൂര്യനെ സ്വരൻ എന്നും പ്രത്യാസ്വരൻ എന്നും പറയുന്നു. (സൂര്യൻ സന്ധ്യാസമയത്തു് ഗമിക്കുന്നതുകൊണ്ടു് 'സ്വരൻ' എന്നും, പ്രഭാതത്തിൽ പിന്നെയും വരുന്നതുകൊണ്ടു് പ്രത്യാസ്വരൻ എന്നും പറയുന്നു.) അതുകൊണ്ടു പ്രാണനായും സൂര്യനായും ഓംകാരത്തെ ഉപാസിക്കണം.

വ്യാനനായി ഉദ്ഗീഥത്തെ ഉപാസിക്കൽ.

3. അഥ ഖലു വ്യാനമേവ ഉദ്ഗീഥം ഉപാസീത. യദ്വൈ പ്രാണിതി സ പ്രാണോ, യദ്അപാനിതി സോഽപാനഃ. അഥ യഃ പ്രാണാപാനയോഃ സന്ധിഃ സ വ്യാനോ, യോ വ്യാനഃ സ വാക്. തസ്മാദ് അപ്രാണൻ അനപാനൻ വാചം അഭിവ്യാഹരതി.

വ്യാനൻ എന്ന വായുവിന്റെ രൂപത്തിലും ഓംകാരത്തെ ഉപാസിക്കണം. മനുഷ്യൻ ഉച്ഛ്വസിക്കുന്നത് പ്രാണനും, ശ്വസിക്കുന്നത് (പുറത്തേക്കു വിടുന്നത്), അപാനനുമാകുന്നു. പ്രാണാപാനമധ്യസ്ഥിതമായ വൃത്തിയാണ് വ്യാനൻ. 'വ്യാനൻ' തന്നെയാണ് വാക്ക്. അതുകൊണ്ട് (മനുഷ്യൻ) ശ്വാസോച്ഛ്വാസ രഹിതനായി (വ്യാനാവസ്ഥയിൽ തന്നെയാണ്) വാക്ക് ഉച്ചരിക്കുന്നത്.

വ്യാനപ്രയുക്തമായതുകൊണ്ട് വാക്ക്, ഋക്ക്, സാമം, ഉദ്ഗീഥം ഇവ ഒന്നു തന്നെ.

4. യാ വാക് സ ഋക്. തസ്മാദ് അപ്രാണൻ അനപാനൻ ഋചം അഭിവ്യാഹരതി. യ ഋക് തത്സാമ. തസ്മാദ് അപ്രാണൻ അനപാനൻ സാമ ഗായതി. യത്സാമ സ ഉദ്ഗീഥഃ. തസ്മാദ് അപ്രാണൻ അനപാനൻ ഉദ്ഗായതി.

വാക്ക തന്നെയാണ് ഋക്ക്. അതുകൊണ്ട് പ്രാണാപാനക്രിയ ചെയ്യാതെയാണ് ഋക്ക് ഉച്ചരിക്കുന്നത്. ഋക്ക തന്നെയാണ് സാമം. അതുകൊണ്ട് പ്രാണാപാനക്രിയ കൂടാതെ സാമഗാനം ചെയ്യുന്നു. സാമം തന്നെയാണ് ഉദ്ഗീഥം. അതുകൊണ്ട് പ്രാണാപാനക്രിയ ചെയ്യാതെ ഉദ്ഗാനം ചെയ്യുന്നു. (ഋക്കും സാമവും ഉദ്ഗീഥവും വ്യാനനിൽനിന്ന് ഉണ്ടാകുന്ന വാക്ക തന്നെ ആകയാൽ അതിനെ ഉപാസിക്കണമെന്നു സാരം).

5. അതോ യാന്യന്യാനി വീര്യവന്തി കർമ്മാണി
യഥാഗ്നേർ മന്ഥനം, ആജേഃ സരണം, ദൃഢസ്യ ധനുഷ
ആയമനം, അപ്രാണൻ അനപാനംസ്താനി കരോതി.
ഏതസ്യ ഹേതോഃ വ്യാനമേവ ഉദ്ഗീഥം ഉപാസീത.

ഇതിനും പുറമെ, അഗ്നിമന്ഥനം, വിശേഷലക്ഷ്യംവരെയുള്ള ഓട്ടം, (ആജേഃ സരണം), ദൃഢമായി വില്ല് വലിച്ചുകെട്ടുക മുതലായി ശക്തി ആവശ്യമായിരിക്കുന്ന പ്രവൃത്തികൾ ശ്വാസോച്ഛ്വാസങ്ങളെ നിരോധിച്ചുകൊണ്ട (വ്യാനൻ മുഖേന) ചെയ്യുന്നു. ഇക്കാരണത്താൽ വ്യാനനെ ഓംകാരം (ഉദ്ഗീഥം) ആയി ഉപാസിക്കണം.

ഉദ്ഗീഥത്തിലേ അക്ഷരങ്ങളെ ഉപാസിക്കൽ.

6. അഥ ഖലു ഉദ്ഗീഥാക്ഷരാണി ഉപാസീത ഉദ്ഗീഥ
ഇതി. പ്രാണ ഏവ ഉത്, പ്രാണേന ഹി ഉത്തിഷ്ഠതി.
വാഗ് ഗീർ, വാചോ ഹ ഗിര ഇത്യാചക്ഷതേ. അന്നം
ഥം. അന്നേ ഹീദം സർവം സ്ഥിതം.

അതിനുംപുറമേ ഉദ്ഗീഥാക്ഷരങ്ങളെ (ഉദ്-ഗീ-ഥം എന്ന അക്ഷരങ്ങളെ) ഉപാസിക്കണം. ഈ ശബ്ദത്തിലേ 'ഉത്' എന്നത് പ്രാണൻ തന്നെ. എന്തെന്നാൽ പ്രാണന്റെ ശക്തികൊണ്ടാണ് (എല്ലാ പ്രാണികളും) എഴുന്നേല്ക്കുന്നത് (ഉത്ഥാനം ചെയ്യുന്നത്). ഇതിലേ

'ഗീ' എന്ന അക്ഷരത്തിന് വാക്ക് എന്നർത്ഥം. വാക്കിന് ഗീര് എന്നു പറയുമല്ലോ. 'ഥ' അന്നവുമാകുന്നു. എന്തെന്നാൽ സർവ്വവും അന്നത്തെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നത്.

(ഉദ്ഗീഥത്തിലെ അക്ഷരങ്ങളെ ഉപാസിക്കാൻ കാരണം പറഞ്ഞിരിക്കുന്നു. ഉത് = പ്രാണൻ; ഗീ = വാക്ക്; ഥം = അന്നം. ഇതു് മൂന്നും ചേർന്ന ''ഉദ്-ഗീ-ഥം'' ഉപാസനാവിഷയമാണല്ലോ.)

ഉദ്ഗീഥാക്ഷരങ്ങളെ ഉപാസിക്കാൻ വേറെയും കാരണമുണ്ടെന്നു്.

7. ദ്യൗരേവ ഉത്, അന്തരിക്ഷം ഗീഃ, പൃഥിവീ ഥം.
ആദിത്യ ഏവ ഉത്, വായുഃ ഗീർ, അഗ്നിഃ ഥം.
സാമവേദ ഏവ ഉത്, യജുർവേദഃ ഗീർ,
ഋഗ്വേദഃ ഥം. ദുഗ്ധേ അസ്മൈ വാഗ്ദോഹം,
യോ വാചോ ദോഹഃ അന്നവാൻ അന്നാദോ
ഭവതി, യ ഏതാനി ഏവം വിദ്വാൻ ഉദ്ഗീഥാക്ഷരാണി
ഉപാസ്തേ—ഉദ്-ഗീ-ഥ ഇതി.

ഉദ്ഗീഥത്തിലെ 'ഉത്' എന്നതിന് ദ്യോവ് എന്നർത്ഥം. ഗീ എന്നാൽ അന്തരീക്ഷം, ഥം എന്നാൽ പൃഥ്വി (ഭൂമി) എന്നർത്ഥം. (വേറൊരു വിധത്തിൽ) ഉത് എന്നാൽ ആദിത്യനും, ഗീ എന്നാൽ വായുവും ഥം എന്നാൽ അഗ്നിയുമാണ്. (വേറൊരു വിധത്തിൽ) ഉത് സാമവേദവും, ഗീഃ യജുർവേദവും, ഥം ഋഗ്വേദവുമാണ്. ഇപ്രകാരം ഈ അക്ഷരങ്ങളെ മനസ്സിലാക്കി ഉദ്ഗീഥാക്ഷരങ്ങളെ ഉദ്-ഗീ-ഥമായി ഉപാസിക്കുന്നവൻ ഋഗ്വേദാദികളുടെ ദോഹംകൊണ്ട് അന്നവാനായും അന്നാദനായും (അന്നഭോക്താവായും) ഭവിക്കുന്നു. അയാൾക്ക് സർവ്വവും സിദ്ധിക്കുന്നു എന്നർത്ഥം.

സകാമോപാസനക്രമം.

8. അഥ ഖല്വാശീഃസമൃദ്ധിരുപസരണാനി ഇതി ഉപാസീത,
യേന സാമ്നാ സ്തോഷ്യൻ സ്യാത്
തത് സാമോപധാവേത്.

ഇനി ആ ഉത്തമഫലം (ആശീഃ സമൃദ്ധി) എങ്ങനെ ലഭിക്കും എന്നു് ചിന്തിക്കണം. (ദേവനെ)സന്തോഷിപ്പിക്കുന്ന (സ്തോഷ്യൻ) സാമംകൊണ്ട് ഉപാസന ചെയ്യണം (ധ്യാനിക്കണം).

9. യസ്യാമൃചി താമൃചം, യദാർഷേയം തമൃഷിം,
യാം ദേവതാം അഭിഷ്ടോഷ്യൻ സ്യാത് താം ദേവതാം
ഉപധാവേത്.

പ്രസക്തമായ (സാമമുള്ള) ഋക്കിനെയും, ഏതു് ഋഷിയുടെതാണോ ആ ഋഷിയെയും, പ്രസാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന ദേവതയെയും ഉപധാനം ചെയ്യണം (ഉപാസിക്കണം).

10. യേന ച്ഛന്ദസാ സ്തോഷ്യൻ സ്യാത് തച്ഛന്ദ ഉപധാവേത്,
യേന സ്തോമേന സ്തോഷ്യമാണ സ്യാത് തം സ്തോമം
ഉപധാവേത്.

**ഏതു ഛന്ദസ്സുകൊണ്ടാണോ അവൻ പ്രസാദിക്കുന്നതു് (സ്തോഷ്യൻ) ആ ഛന്ദസ്സിനെ ഉപധാവനം ചെയ്യണം. ഏതു സ്തോമത്താൽ പ്രസാദിക്കുമോ ആ സ്തോമത്തെയും ചിന്തിക്കണം.**

11. യാം ദിശം അഭിഷ്ടോഷ്യൻ സ്യാത് താം ദിശം
ഉപധാവേത്.

**ഏതു ദിക്കിനെയാണോ സ്തുതിക്കാൻ ഉദ്ദേശിക്കുന്നതു് ആ ദിക്കിനെപ്പററി ചിന്തിക്കണം.**

12. ആത്മാനം അന്തത ഉപസൃത്യ സ്തുവീത കാമം
ധ്യായൻ അപ്രമത്തഃ അഭ്യാശഃ ഹ യദസ്മൈ
സ കാമഃ സമൃധ്യേത യത്കാമഃ സ്തുവീത ഇതി,
യത്കാമഃ സ്തുവീത ഇതി.

**ഒടുവിൽ തന്നെത്തന്നെ-തൻെറ നാമഗോത്രാദികളെ (ആത്മാനം) ധ്യാനി-ച്ചു് സ്വാഭിലാഷത്തെ ചിന്തിച്ചുകൊണ്ടു് അപ്രമത്തനായി തെററു വരാതെ സ്തുതിക്കണം. ഏതൊരു ഫലേച്ഛയോടുകൂടിയാണോ അവൻ സ്തുതിക്കുന്നതു് അത്തോ ഫലം സമൃദ്ധമായി സിദ്ധിക്കും.**

## നാലാം ഖണ്ഡം.

ഉദ്ഗീഥാസംജ്ഞകമായ ഓംകാരോപാസനയെപ്പററി.

1. ഓം ഇതി ഏതദ് അക്ഷരം ഉദ്ഗീഥം ഉപാസീത,
ഓം ഇതി ഹി ഉദ്ഗായതി, തസ്യ ഉപവ്യാഖ്യാനം.

**'ഓം എന്ന അക്ഷരം ഉദ്ഗീഥമാണ്'' (എന്നു സങ്കല്പിച്ചു്) അതിനെ ഉപാസിക്കണം. (യജ്ഞത്തിൽ ഉദ്ഗാതാവു്) ഓം എന്നു് ഉച്ചരിച്ചിട്ടാണു് ഉദ്ഗാനം ചെയ്യുന്നതു്. ആ ഉദ്ഗീഥോപാസനയെപ്പററി വ്യാഖ്യാനിക്കാം.**

2. ദേവാ വൈ മൃത്യോഃ ബിഭ്യതഃ ത്രയീം വിദ്യാം
പ്രാവിശം സ്തേ ഛന്ദോഭിഃ അച്ഛാദയൻ ദയ് ഏഭിഃ
അച്ഛാദയൻ തത്ഛന്ദസാം ഛന്ദ സ്ത്വം.

**(ഒരിക്കൽ) മൃത്യുവിനെ ഭയന്നു് ദേവന്മാർ ത്രയീവിദ്യയിൽ (ഋക്, യജുസ്സ്, സാമവേദങ്ങളിൽ) പ്രവേശിച്ചു, അവർ ഛന്ദസ്സുകളാൽ സ്വയം ഛാദനം ചെയ്തു. അതുകൊണ്ടു് (ഇപ്രകാരം ദേവന്മാരാൽ സ്വയം ആച്ഛാദനം ചെയ്തതുകൊണ്ടാണു്) ഛന്ദസ്സുകൾക്കു ഛന്ദസ്ത്വം സിദ്ധിച്ചതു് (അതായതു് ദേവന്മാരെ ആച്ഛാദനം ചെയ്തതുകൊണ്ടാണു് രക്ഷിച്ചതുകൊണ്ടാണു് വേദമന്ത്രങ്ങൾക്കു് ഛന്ദസ്സ് എന്ന പേരു് ഉണ്ടായതു്.)**

3. താന്ന തത്ര മൃത്യുഃ യഥാ മത്സ്യം ഉദകേ പര്യപശ്യേദ് ഏവം പര്യപശ്യദ് ഋചി സാമ്നി യജുഷി. തേ നു വിദിത്വാ ഊർധ്വാ ഋചഃ സാമ്നോ യജുഷഃ സ്വരമേവ പ്രാവിശൻ.

(മുക്കുവൻ) വെള്ളത്തിലുള്ള മത്സ്യത്തെ കണ്ടുപിടിക്കുന്നതുപോലെ ഋക്ക്, യജുസ്സ്, സാമം എന്നീ വേദങ്ങളിൽ (ആ വൈദീക കർമ്മങ്ങളിൽ) ഏർപ്പെട്ടിരുന്ന ദേവന്മാരെ മൃത്യു കണ്ടുപിടിച്ചു. ഇതറിഞ്ഞ ആ ദേവന്മാർ ത്രയീവിദ്യാസംബന്ധിയായ കർമ്മങ്ങളിൽ നിന്നും വിരമിച്ച് (നിവൃത്തരായി) സ്വരത്തിൽ (ഓംകാരം എന്ന അക്ഷരത്തിൽ) തന്നെ പ്രവേശിച്ചു.

ഓംകാരത്തിന്റെ പ്രയോഗവും മഹത്ത്വവും.

4. യദാ വാ ഋചം ആപ്നോതി ഓം ഇതി ഏവ അതിസ്വരതി. ഏവം സാമ ഏവം യജുഃ. ഏഷ ഉ സ്വരോ. യദ് ഏതദ് അക്ഷരം ഏതദ് അമൃതം അഭയം. തത് പ്രവിശ്യ ദേവാ അമൃതാ അഭയാ അഭവൻ.

ഋക്കിനെ പ്രാപിക്കുമ്പോൾ (ഉപാസകൻ) ഓം എന്ന് ബഹുമാനത്തോടു കൂടി ഉച്ചരിക്കുന്നു. അതുപോലെ അവൻ സാമത്തെയും യജുസ്സിനെയും പ്രാപിക്കുന്നു. ഈ അക്ഷരം (അന്യസ്വരങ്ങളെപ്പോലെ) സ്വരം തന്നെയാണ്. ഇത് അമൃതവും അഭയവുമാണ്. ഇതിൽ പ്രവേശിച്ച് ദേവന്മാർ അമരന്മാരും ഭയരഹിതന്മാരും ആയി ഭവിച്ചു.

5. സ യ ഏതദ് ഏവം വിദ്വാൻ അക്ഷരം പ്രണൗതി ഏതദ് ഏവ അക്ഷരം സ്വരം അമൃതം അഭയം പ്രവിശതി. തത് പ്രവിശ്യ യദ് അമൃതാ ദേവാഃ തദ് അമൃതോ ഭവതി.

ഇതിനെ (ഈ ഓംകാരാക്ഷരത്തെ) ഇപ്രകാരം മനസ്സിലാക്കി സ്തുതിക്കുന്നവൻ അമൃതവും അഭയവുമായ ഈ സ്വരാക്ഷരത്തെ പ്രാപിക്കുന്നു (അമരത്വം പ്രാപിക്കുന്നു). അവൻ അതിനെ പ്രാപിച്ച് ദേവന്മാരെപ്പോലെ അമരനായി (നാശരഹിതനായി) ഭവിക്കുന്നു.

## അഞ്ചാം ഖണ്ഡം

ഓംകാരവും ഉദ്ഗീഥവും ആദിത്യനും ഭിന്നങ്ങളല്ല.

1. അഥ ഖലു യ ഉദ്ഗീഥഃ സ പ്രണവഃ. യഃ പ്രണവഃ സ ഉദ്ഗീഥ. ഇതി അസൗ വാ ആദിത്യ ഉദ്ഗീഥ. ഏഷ പ്രണവ. ഓം ഇതി ഹി ഏഷ സ്വരൻ ഏതി.

പിന്നെ, ഉദ്ഗീഥം തന്നെയാണ് പ്രണവം. പ്രണവം തന്നെ ഉദ്ഗീഥം. ഈ ആദിത്യൻ ഉദ്ഗീഥമാകുന്നു. ഇവൻ പ്രണവം തന്നെ (ആദിത്യൻ ഓം എന്ന് ഉച്ചരിച്ചുകൊണ്ട്) സഞ്ചരിക്കുന്നു.

ആദിത്യനെയും രശ്മികളെയും ഭിന്നങ്ങളായി ഉപാസിക്കണം.

2. ഏതം ഉ ഏവ അഹം അഭ്യഗാസിഷം, തസ്മാദ് മമ ത്വം

ഏകഃ അസി. ഇതിഹ കൗഷീതകിഃ പുത്രം ഉവാച. രശ്മീൻ ത്വം പര്യാവർത്തയാദ്. ബഹവോ വൈ തേ ഭവിഷ്യന്തി ഇതി അധിദൈവതം.

''ഇവനെത്തന്നെ(സൂര്യനെ)ഞാൻ അഭിമുഖമായി നിന്നുകൊണ്ട് ഗാനം ചെയ്തു (പ്രാധാന്യേന ഉപാസിച്ചു). അതിനാൽ നീ എനിക്ക് ഏക പുത്രനായി ജനിച്ചു.'' ഇപ്രകാരം കൗഷീതകിമഹർഷി പുത്രനോട് പറഞ്ഞു നീ രശ്മികളെ (ആദിത്യന്റെ) പര്യാവർത്തനം ചെയ്യണം (ഭിന്നങ്ങളായി ഉപാസിക്കണം). (അങ്ങനെ ചെയ്താൽ)നിനക്ക് അനേകം പുത്രന്മാർ ഉണ്ടാകും. ഇത് അധിദൈവതോപാസനയാണ്.

മുഖ്യപ്രാണനായി ഉദ്ഗീഥത്തെ ഉപാസിക്കുന്നതും അധ്യാത്മോപാസനയാണ്.

3 അഥ അധ്യാത്മം യ ഏവായം മുഖ്യഃ പ്രാണഃ തം ഉദ്ഗീഥം ഉപാസീത. ഓം ഇതി ഹി ഏഷ സ്വരന്നേതി.

ഇനി അധ്യാത്മദൃഷ്ടിയോടുകൂടിയുള്ള ഉദ്ഗീഥോപാസനയെപ്പററി പറയുന്നു. ഈ മുഖ്യപ്രാണൻ(മുഖത്തിലുള്ള പ്രാണൻ)ആയി ഉദ്ഗീഥത്തെ ഉപാസിക്കണം. ഈ പ്രാണൻ ഓം എന്ന് ഉച്ചരിച്ചുകൊണ്ടാണല്ലോ സഞ്ചരിക്കുന്നത്. '(പോകുന്നത്)' എന്നതിനു അനുജ്ഞാത്ഥവും കല്പിക്കുന്ന എല്ലാകാര്യങ്ങളിലും 'ഓം'. എന്ന അനുജ്ഞാത്ഥകശബ്ദം ഉച്ചരിച്ചുകൊണ്ട് മുഖ്യപ്രാണൻ വ്യാപരിക്കുന്നതിനാൽ, അതിനെ (മുഖ്യപ്രാണനെ) ഓംകാരമായി ഉപാസിക്കണമെന്ന് താത്പര്യം.)

പ്രാണഭേദദൃഷ്ട്യാ മുഖ്യപ്രാണനെ ഭിന്നമായി ഉപാസിക്കേണ്ട വിധവും ഫലവും.

4 ഏതമു ഏവ അഹം അഭ്യഗാസിഷം. തസ്മാദ് മമ ത്വം ഏകഃ അസി. ഇതി ഹ കൗഷീതകിഃ പുത്രം ഉവാച. പ്രാണാൻ ത്വം ഭൂമാനം അഭിഗായതാദ് ബഹവോ വൈ മേ ഭവിഷ്യന്തി ഇതി.

''ഞാൻ പ്രാമുഖ്യമനുസരിച്ച് ഇതിനെത്തന്നെ (മുഖ്യപ്രാണനെത്തന്നെ) അഭിഗാനം ചെയ്തു. അതുകൊണ്ട് നീ എനിക്ക് ഏകപുത്രനായി.'' എന്ന് കൗഷീതകി (കുഷീതകന്റെ പുത്രൻ) പുത്രനോടു പറഞ്ഞു. എനിക്ക് അനേകം പുത്രന്മാർ ഉണ്ടാകും എന്ന സങ്കല്പത്തിൽ ദേഹഗുണവിശിഷ്ടങ്ങളായ പ്രാണങ്ങളെ (ബഹുത്വത്തോടുകൂടിയ ഉദ്ഗീഥത്തെ) പ്രാണങ്ങളായി അഭിഗാനം ചെയ്യണം (ഉപാസിക്കണം).

പ്രണവവും ഉദ്ഗീഥവും ഒന്നു തന്നെ എന്ന്.

5 അഥ ഖലു യ ഉദ്ഗീഥഃ സ പ്രണവഃ. യഃ പ്രണവഃ സ ഉദ്ഗീഥ. ഇതി ഹോതൃഷദനാദ് ഹൈവാപി ദുരുദ്ഗീതമനുസമാഹരതി ഇതി, അനുസമാഹരതി ഇതി.

ഇനിയും (പറയാം.) ഉദ്ഗീഥം പ്രണവം തന്നെയാണ്. പ്രണവം ഉദ്ഗീഥം തന്നെ. ''(എന്നു. ധ്യാനിക്കുന്ന ഉദ്ഗാതാവ്) ഹോതൃഷദനാത് (ഹോതാവിന്റെ സ്ഥാനത്തുനിന്നു്) ഹോതൃകർമ്മത്തിൽദുരുദ്ഗീതത്തെപ്പോലും (തെററായി ഉദ്ഗീഥം ചെയ്യുന്നതിനെപ്പോലും) അനുസമാഹരതി (ദോഷരഹിതമാക്കിത്തീർക്കുന്നു.)

(ഉദ്ഗീഥം പ്രണവം തന്നെ എന്നു് ധ്യാനിച്ചുകൊണ്ടു് കർമ്മം ചെയ്യുന്ന ഉദ്ഗാതാവു് ഉദ്ഗീഥത്തിൽ വരുത്തിയേക്കാവുന്ന തെററു പോലും ദോഷരഹിതമായിത്തീരുന്നു എന്നു താത്പര്യം.

(ഹോതൃഷദനാദ് = ഹോതൃ—സദനാത്.)

## ആറാം ഖണ്ഡം.

1. ഇയമേവ ഋക്. അഗ്നിഃ സാമ. തദേതദ് ഏതസ്യാം ഋചി അധ്യൂഢം സാമ. തസ്മാദ് ഋചി അധ്യൂഢം സാമ ഗീയതേ. ഇയമേവ സാ. അഗ്നിഃ അമഃ. തത് സാമ.

ഇതു് ഈ (പൃഥ്വിതന്നെയാണു് ഋക്ക്. അഗ്നി സാമം തന്നെ. (അഗ്നിസംജ്ഞകമായ) ഈ സാമം ഋക്കിൽ അധിഷ്ഠിതമാണ്. അതുകൊണ്ടു് ഋക്കിൽ അധിഷ്ഠിതമായ സാമം തന്നെയാണു് ഗാനംചെയ്യുന്നതു്. ഇതു് (ഈ പൃത്ഥ്വിതന്നെയാണ്.) സാ. (സാമ എന്ന നാമത്തിന്റെ ആദ്യക്ഷരം) സാ എന്നതു ഭൂമി തന്നെ എന്നു സാരം.) സാമശബ്ദത്തിന്റെ അന്ത്യഭാഗമായ 'അമ' എന്നതു അഗ്നി, രണ്ടും ചേർന്നു് സാമമാകുന്നു.

2. അന്തരിക്ഷമേവ ഋക്. വായുഃ സാമ. തദേതദ് ഏതസ്യാം ഋചി അധ്യൂഢം സാമ. തസ്മാദ് ഋചി അധ്യൂഢം സാമ ഗീയതേ. അന്തരിക്ഷമേവ 'സാ'. വായുഃ. 'അമഃ'. തത്സാമ.

അന്തരീക്ഷം തന്നെയാണു് ഋക്ക്, വായു സാമവുമാണ്. അതിനാൽ ഈ സാമം ഋക്കിൽ അധിഷ്ഠിതമായിരിക്കുന്നു (സ്ഥിതിചെയ്യുന്നു). അതുകൊണ്ടു് ഋക്കിൽ അധിഷ്ഠിതമായ സാമത്തെ ഗാനം ചെയ്യുന്നു. അന്തരീക്ഷം തന്നെയാണു് (സാമശബ്ദത്തിലെ ആദ്യക്ഷരമായ) സാ. അന്ത്യഭാഗമായ അമ വായുവും. ഇപ്രകാരം രണ്ടും ചേർന്നു് സാമമാകുന്നു,

3. ദ്യൗരേവ ഋക് ആദിത്യഃ സാമ. തദേതദ് ഏതസ്യാം ഋചി അധ്യൂഢം സാമ. തസ്മാദ്. ഋചി അധ്യൂഢം സാമ ഗീയതേ. ദ്യൗരേവ സാ ആദിത്യഃ അമഃ. തത് സാമ.

ദ്യോവു തന്നെയാണു് ഋക്ക്.' ആദിത്യൻ സാമമാണു്' ഈ സാമം ഈ ഋക്കിൽ അധിഷ്ഠിതമായിരിക്കുന്നു, അതുകൊണ്ടാണ്, സാമത്തെ ഋക്കിൽ അധ്യൂഢമായി ഗാനം ചെയ്യുന്നതു്, ദ്യോവു് സാ എന്ന അക്ഷരമാകുന്നു. ആദിത്യൻ 'അമ' എന്ന ശബ്ദമാകുന്നു. രണ്ടും ചേർന്നു സാമമാകുന്നു.

4 നക്ഷത്രാണ്യേവ ഋക് ചന്ദ്രമാഃ സാമ. തദേതദ് ഏതസ്യാം ഋചി അധ്യൂഢം സാമ. തസ്മാദ് ഋച്യധ്യൂഢം സാമ ഗീയതേ നക്ഷത്രാണ്യേവ സാ. ചന്ദ്രമാ അമഃ തത് സാമ

നക്ഷത്രങ്ങൾ തന്നെയാണ് ഋക്ക്. ചന്ദ്രൻ സാമമാകുന്നു. അതിനാൽ ഈ സാമം (നക്ഷത്രങ്ങളാകുന്ന) ഋക്കിൽ അധിഷ്ഠിതമാണ്, അതുകൊണ്ട് ഋക്കിൽ അധിഷ്ഠിതമായ സാമത്തെ ഗാനം ചെയ്യുന്നു. നക്ഷത്രങ്ങൾ തന്നെയാണ് സാ. ചന്ദ്രൻ അമ എന്നതും. ഇപ്രകാരം (രണ്ടും ചേർന്നു) സാമമാകുന്നു

5. അഥ യദ് ഏതദ് ആദിത്യസ്യ ശുക്ലം ഭാഃ സാ ഏവ ഋക്. അഥ യന്നീലം പരഃ കൃഷ്ണം തദമഃ. തദേതദ് ഏതസ്യാം ഋചി അധ്യൂഢം സാമ. തസ്മാദ് ഋച്യധ്യൂഢം സാമ ഗീയതേ.

അതുപോലെ ആദിത്യന്റെ ശുക്ലഭാസ്സ് (പ്രകാശം) തന്നെയാണ് ഋക്ക്. അതിലേ കടുത്ത നീലവർണ്ണം സാമമാണ്. അതിനാൽ (ശുക്ല വർണ്ണരൂപത്തിലുള്ള) ഋക്കിൽ (നീലവർണ്ണരൂപത്തിലുള്ള (സാമം) അധിഷ്ഠിതമാണ് അതുകൊണ്ട് ഋക്കിൽ അധിഷ്ഠിതമായ സാമത്തെയാണ്. ഗാനം ചെയ്യുന്നത്

6. അഥ യദ് ഏവ ഏതദ് ആദിത്യസ്യ ശുക്ലം ഭാഃ സൈവ സാ. അഥ യന്നീലം പരഃ കൃഷ്ണം തദ് അമഃ തത്സാമ. അഥ യ ഏഷ അന്തരാദിത്യേ ഹിരണ്മയഃ പുരുഷോ ദൃശ്യതേ ഹിരണ്യശ്മശ്രുഃ ഹിരണ്യകേശ ആപ്രണഖാത് സർവ ഏവ സുവർണഃ.

ഈ ആദിത്യന്റെ ശുക്ല ഭാസ്സുതന്നെയാണ് 'സാ' എന്ന അക്ഷരം. കടുത്ത നീലവർണ്ണം തന്നെയാണ് 'അമ' എന്നതു്. (ഇപ്രകാരം രണ്ടും ചേർന്ന്) സാമം ആകുന്നു. ആദിത്യമണ്ഡലത്തിൽ കാണപ്പെടുന്ന ഹിരണ്മയപുരുഷൻ (സുവർണ്ണപുരുഷൻ) ഹിരണ്യശ്മശ്രുവും ഹിരണ്യകേശനും, നഖപര്യന്തം സുവർണ്ണമയനുമാണ്. (ആദിത്യപുരുഷന്റെ മീശയും കേശവും നഖപര്യന്തം സർവാംഗവും സ്വർണ്ണമയം തന്നെ എന്നു സാരം)

7 തസ്യ യഥാ കപ്യാസം പുണ്ഡരീകമേവം അക്ഷിണീ തസ്യ ഉദ് ഇതി നാമ. സ ഏഷ സർവേഭ്യഃ പാപ്മഭ്യഃ ഉദിത. ഉദേതിഹ വൈ സർവേഭ്യഃ പാപ്മഭ്യോ യ ഏവം വേദ.

ആ പുരുഷന്റെ രണ്ട് അക്ഷികളും (കണ്ണുകളും) കപ്യാസ സദൃശ പുണ്ഡരീകം പോലെ ശോഭിക്കുന്നു. അവനു് (ആ ആദിത്യപുരുഷനു്) ഉത് എന്നാണ് പേരു്. എന്തെന്നാൽ ആ പുരുഷൻ പാപങ്ങളിൽ നിന്നും ഉയർന്നു നില്ക്കുന്നു. ഇപ്രകാരം മനസ്സിലാക്കുന്ന പുരുഷനും സർവ്വ പാപങ്ങളിൽ നിന്നും ഉയർന്നുനില്ക്കുന്നു.

[കപ്യാസം പുണ്ഡരീകം — കപിയുടെ — പ്രത്യേകതരം കുരങ്ങിന്റെ പൃഷ്ഠം പോലെ — ചുവന്നതാകുന്നു. പുണ്ഡരീകം.—താമര.]

8. തസ്യ ഋക് ച സാമ ച ഗേഷ്ണൗ തസ്മാദ്, ഉദ്ഗീഥഃ. തസ്മാത് ത്വ് ഏവ ഉദ്ഗാതൈതസ്യ ഹി ഗാതാ. സ ഏഷ. യേ ച അമുഷ്മാത് പരാഞ്ചോ ലോകാൻതേഷാം ച ഈഷ്ടേ ദേവകാമാനാം ചേതി അധിദൈവതം.

ഋക്കും സാമവും ആ ദേവന്റെ രണ്ടു പക്ഷങ്ങൾ (പർവ്വങ്ങൾ) ആണ്. അതുകൊണ്ടാണ് ഉദ്ഗീഥമായതു്. അതുകൊണ്ടു് ഇവനെപ്പററി ഗാനം ചെയ്യുന്നവൻ ഉദ്ഗാതാവാകുന്നു. ആ ദേവൻ ഈ ആദിത്യലോകത്തിനും ഉപരിയായിട്ടുള്ള ലോകങ്ങളെയും ദേവന്മാരുടെ കാമനകളെയും ഭരിക്കുന്നു. ഇതു് അധിദൈവതമായ ഉദ്ഗീഥോപാസനയാണ്.

ഗേഷ്ണൗ — പർവ്വങ്ങൾ, മുട്ടുകൾ, പക്ഷങ്ങൾ — ഉദ്ഗാതൈതസ്യ—ഉദ്ഗാതാ ഏതസ്യ.

## ഏഴാം ഖണ്ഡം.

### അധ്യാത്മമായ ഉദ്ഗീഥോപാസന

1 അഥ അധ്യാത്മം. വാഗേവ ഋക്. പ്രാണഃ സാമ. തദ് ഏതദ് ഏതസ്യാം ഋചി അധ്യൂഢം സാമ. തസ്മാദ് ഋചി അധ്യൂഢം സാമ ഗീയതേ. വാഗേവ സാ പ്രാണഃ അമഃ. തത്. സാമ.

ഇനി അധ്യാത്മോപാസനയെപ്പററിപ്പറയുന്നു. വാക്കു തന്നെയാണ് ഋക്ക്. പ്രാണൻതന്നെയാണ് സാമം. ഇപ്രകാരം (വാഗ്രൂപമായ) ഈ ഋക്കിൽ (പ്രാണരൂപമായ) സാമം അധിഷ്ഠിതമായിരിക്കുന്നു. അതുകൊണ്ടു് ഋക്കിൽ അധിഷ്ഠിതമായ സാമത്തെയാണ് ഗാനം ചെയ്യുന്നതു്. വാക്കു തന്നെയാണ്. സാ. പ്രാണൻ തന്നെയാണ് അമഃ. ഇപ്രകാരം (രണ്ടും ചേർന്നു്) സാമം ആകുന്നു.

2. ചക്ഷുഃ ഏവ ഋക്. ആത്മാ സാമ തദ്. ഏതദ് ഏതസ്യാം ഋചി അധ്യൂഢം സാമ തസ്മാദ് ഋചി അധ്യൂഢം സാമ ഗീയതേ. ചക്ഷുരേവ 'സാ', ആത്മാ അമഃ തത്സാമ.

ചക്ഷുസ്സ് തന്നെ ഋക്ക്. ആത്മാവ് സാമം. ഇപ്രകാരം (നേത്രരൂപത്തിലുള്ള) ഋക്കിൽ (ഈ ആത്മാരൂപത്തിലുള്ള) സാമം അധിഷ്ഠിതമായിരിക്കുന്നു. അതുകൊണ്ടു് ഋക്കിൽ അധിഷ്ഠിതമായ സാമത്തെയാണ് ഗാനം ചെയ്യുന്നതു്. ചക്ഷുസ്സ് തന്നെയാണ് 'സാ'. ആത്മാവാണ് അമഃ ഇങ്ങനെ (രണ്ടും ചേർന്നു്) സാമം ആകുന്നു.

3. ശ്രോത്രം ഏവ ഋക്. മനഃ സാമ. തദ് ഏതദ് ഏതസ്യാം ഋചി അധ്യൂഢം സാമ. തസ്മാദ് ഋചി അധ്യൂഢം സാമ ഗീയതേ. ശ്രോത്രമേവ 'സാ' മനഃ അമഃ തത്സാമ.

ശ്രോത്രം തന്നെയാണ് ഋക്ക്. മനസ്സാണ് സാമം. ഇപ്രകാരം (ശ്രോത്രരൂപത്തിലുള്ള) ഋക്കിൽ (മനോരൂപത്തിലുള്ള) സാമം അധിഷ്ഠിതമായിരി-

ക്കുന്നു. അതുകൊണ്ട് ഋക്കിൽ അധിഷ്ഠിതമായ സാമത്തെ ഗാനം ചെയ്യുന്നു. ശ്രോത്രം തന്നെയാകുന്നു 'സാ', മനസ്സു തന്നെയാണ് അമഃ. ഇപ്രകാരം (രണ്ടു ചേർന്ന്) സാമമാകുന്നു.

4. അഥ യദ് ഏതദ് അക്ഷ്ണഃ ശുക്ലം ഭാഃ സ ഏവ ഋക്. അഥ യന്നീലം പരഃ കൃഷ്ണം തത് സാമ. തദ് ഏതദ് ഏതസ്യാം ഋചി അധ്യൂഢം സാമ. തസ്മാദ് ഋചി അധ്യൂഢം സാമ ഗീയതേ. അഥ യദ് ഏവ ഏതദ് അക്ഷ്ണഃ ശുക്ലം ഭാഃ സൈവ സാ. അഥ യന്നീലം പരഃ കൃഷ്ണം തദ് അമഃ. തത്സാമ.

അതുപോലെ അക്ഷിയിലെ (കണ്ണിലെ) ഈ ശുക്ളഭാസ്സ് (പ്രകാശം) തന്നെയാണ് ഋക്ക്. കടുത്ത നീലവർണ്ണം സാമമാണ്. ഇപ്രകാരം (ശുക്ല പ്രകാശരൂപമായ) ഋക്കിൽ നീലവർണ്ണമായ സാമം അധിഷ്ഠിതമാണ്. അതുകൊണ്ട് ഋക്കിൽ അധിഷ്ഠിതമായി സാമഗാനം ചെയ്യുന്നു. കണ്ണിലെ ഈ ശുക്ളപ്രകാശം തന്നെയാണ്. 'സാ'. കടുംനീലവർണ്ണമാണ് അമ. ഇപ്രകാരം (രണ്ടും ചേർന്ന്) സാമമാകുന്നു

അദിത്യനിലും നേത്രത്തിലും ഉള്ള പുരുഷന്മാർ ഒന്നു തന്നെ.

5 അഥ യ ഏഷഃ അന്തരക്ഷിണി പുരുഷോ ദൃശ്യതേ സ ഏവ ഋക്. തത് സാമ തദ്. ഉക്ഥം. തദ് യജുസ്, തദ് ബ്രഹ്മ തസ്യ ഏതസ്യ തദേവ രൂപം. യദ് അമുഷ്യ രൂപം യാവ മുഷ്യ ഗേഷ്ണൗ, തൗ ഗേഷ്ണൗ യന്നാമ തന്നാമ.

അക്ഷിയിലെ ഈ പുരുഷൻ തന്നെയാണ് ഋക്ക്. അതു തന്നെ സാമം. അതു തന്നെ ഉക്ഥം. [സ്തോത്രം] അതു തന്നെ യജുസ്സ്. അതുതന്നെ ബ്രഹ്മം, (വേദങ്ങൾ). ആ അക്ഷിപുരുഷന്റെ രൂപം തന്നെയാണ് (അമുഷ്യ) ആദിത്യപുരുഷന്റെയും രൂപം അക്ഷിപുരുഷന്റെ പർവ്വങ്ങൾ (ഗേഷ്ണൗ) തന്നെ ഇവന്റെയും (ആദിപുരുഷന്റെയും) പർവ്വങ്ങൾ. അവന്റെ നാമം തന്നെയാണ് ഇവന്റെയും നാമം.

6. സ ഏഷ യേ ച ഏതസ്മാദ് അർവാഞ്ചോ ലോകാഃ തേഷാം ചേഷ്ടേ മനുഷ്യകാമാനാം ചേതി. തദ്യേ ഇമേ വീണായാം ഗായന്തി ഏതം തേ ഗായന്തി തസ്മാത് തേ ധന സനയഃ

അങ്ങനെയുള്ള ഈ ചാക്ഷുഷ പുരുഷൻ ഇതിനു കീഴിലുള്ള ലോകങ്ങൾക്കും മനുഷ്യകാമനകൾക്കും ഈശനാകുന്നു. അതുകൊണ്ട് വീണയിൽ ഗാനം ചെയ്യുന്ന ഗായകന്മാർ ഇവനെത്തന്നെ ഗാനം ചെയ്യുന്നു. അതിനാൽ അവർ ധനവാന്മാരായിത്തീരുന്നു. (ധനസനയഃ)

7 അഥ യ ഏതദേവം വിദ്വാൻ സാമ ഗായതി ഉഭൗ സ ഗായതി സ അമുനാ ഏവ സ ഏഷ യേ ച അമുഷ്മാത് പരാഞ്ചോ ലോകാൻ താൻ ച ആപ്നോതി ദേവകാമാംശ്ച.

ഇനി ഇവൻ (ഇപ്രകാരം അറിഞ്ഞിട്ടു്) ചാക്ഷുഷ പുരുഷനും ആദിത്യ പുരുഷനും ഒന്നാണെന്നു മനസ്സിലാക്കുന്നവൻ ചാക്ഷുഷനേയും ആദിത്യനേയും രണ്ടു പേരെയും സ്തോത്രം ചെയ്യുന്നു. അവർ ഇതുമുഖേന ആദിത്യലോകത്തിനും ഉപരിയായിട്ടുള്ള ലോകങ്ങളെയും ദേവഭോഗങ്ങളെയും അനുഭവിക്കുന്നു.

8. അഥ അനേനൈവ യേ ചൈതസ്മാത് അർവാഞ്ചോ ലോകാംസ്താൻ ച ആപ്നോതി മനുഷ്യകാമാംശ്ച, തസ്മാദ് ഉ ഹ ഏവംവിദ് ഉദ്ഗാതാ ബ്രൂയാത്. കം തേ കാമം ആഗായാനി ഇതി. ഏഷ ഹ്യേവ കാമാഗാനസ്യേഷ്ടേ. യ ഏവം വിദ്വാൻ സാമ ഗായതി, സാമ ഗായതി.

ഇവൻ ഇതു മുഖേന ഇതിലും താഴെയുള്ള ലോകങ്ങളെയും മനുഷ്യകാമനകളെയും പ്രാപിക്കുന്നു. ഇപ്രകാരം അറിയുന്ന ഉദ്ഗാതാവു് (യജമാനനോടു്) ഇപ്രകാരം പറയണം ''ഞാൻ നിനക്കുവേണ്ടി ഏതെല്ലാം കാമനകളെയാണു് ആഗാനം ചെയ്യേണ്ടതു്.'' എന്തെന്നാൽ ഈ ഉദ്ഗാതാവു് കാമനകളെ ആഗാനം ചെയ്യാൻ സമർത്ഥനാണു്. അവൻ ഇപ്രകാരം മനസ്സിലാക്കി സാമഗാനം ആലപിക്കുന്നു. സാമഗാനം ആലപിക്കുന്നു.

## എട്ടാം ഖണ്ഡം

ഉദ്ഗീഥോപാസനയുടെ മാഹാത്മ്യം വെളിപ്പെടുത്തുന്ന ശിലകാദികളുടെ സംവാദം.

1. ത്രയോ ഹ ഉദ്ഗീഥേ കുശലാ ബഭൂവുഃ ശിലകഃ ശാലാവത്യഃ ചൈകിതായനഃ ദാല്ഭ്യഃ പ്രവാഹണഃ ജൈവലിഃ ഇതി. തേ ഹ ഊചുഃ ഉദ്ഗീഥേ വൈ കുശലാഃ സ്മഃ. ഹന്ത ഉദ്ഗീഥേ കഥാം വദാമ ഇതി.

ശലാവാൻെറ പുത്രനായ ശിലകനും, ചികിതായനപുത്രനായ ദാല്ഭ്യനും ജീവലപുത്രനായ പ്രവാഹണനും— ഇവർ മൂന്നു പേരും ഉദ്ഗീഥവിദ്യാകുശലന്മാരായിരുന്നു.) അവർ പരസ്പരം ഇപ്രകാരം പറഞ്ഞു. നാങ്ങൾ ഉദ്ഗീഥകുശലന്മാരാണല്ലോ. ശരി, നമുക്കു് ഉദ്ഗീഥവിഷയത്തെപ്പററി സംസാരിക്കാം.

2. തഥേതി ഹ സമുപവിവിശുഃ സ ഹ പ്രവാഹണോ ജൈവലിഃ ഉവാച, ഭഗവന്തൗ അഗ്രേ വദതാം. ബ്രാഹ്മണയോർ വദതോഃ വാചം ശ്രോഷ്യാമി ഇതി.

അപ്രകാരം ആകട്ടെ എന്നു പറഞ്ഞു് അവർ ഉപവിഷ്ടരായി. (പിന്നീടു്) ജീവലപുത്രനായ പ്രവാഹണൻ ഇങ്ങനെ പറഞ്ഞു.

ആദ്യം പൂജ്യപാദരായ നിങ്ങൾ രണ്ടു പേരും പറയണം. ബ്രാഹ്മണരായ നിങ്ങൾ പറയുന്നതു് ഞാൻ കേട്ടുകൊണ്ടിരിക്കും.

3. സ ഹ ശിലകഃ ശാലാവത്യഃ ചൈകിതായനം ദാല്ഭ്യം ഉവാച. ഹന്ത ത്വാ പൃച്ഛാനി ഇതി, പൃച്ഛേതി ഹ ഉവാച,

അപ്പോൾ ശലാവാന്റെ പുത്രനായശിലകൻ ചികിതായനപുത്രനായ ദാല്ഭ്യനോടു പറഞ്ഞു ആകട്ടെ ഞാൻ നിങ്ങളോടു് ചോദിക്കട്ടെ! (അദ്ദേഹം പറഞ്ഞു'' ചോദിച്ചുകൊള്ളുക എന്നു്.

[പൃച്ഛാനീതി,- പൃച്ഛാനിഇതി. പൃച്ഛേതി-പൃച്ഛഇതി.]

4. കാ സാമ്നോ ഗതിഃ ഇതി. സ്വര ഇതി- ഹോവാച. സ്വരസ്യ കാ ഗതിഃ ഇതി. പ്രാണ ഇതി ഹോവാച. പ്രാണസ്യ കാഗതിഃ ഇതി അന്നം ഇതി ഹോവാച. അന്നസ്യ കാഗതിഃ ഇതി ആപ ഇതി, ഹോവാച.

ശിലകൻ — സാമത്തിന്റെ ഗതി (ആശ്രയം) എന്താണ് ?
ദാല്ഭ്യൻ — സ്വരം,
ശി — സ്വരത്തിന്റെ ഗതി എന്താണ് ?
ദാ — പ്രാണൻ.
ശി — പ്രാണന്റെ ഗതി എന്താണ് ?
ദാ — അന്നം.
ശി — അന്നത്തിന്റെ ഗതി എന്താണ് ?
ദാ — അപ്പുകൾ (ജലം)
(അർത്ഥം സംഭാഷണരൂപത്തിൽ കൊടുത്തിരിക്കുന്നു.)

5. അപാം കാ ഗതിഃ ഇതി. അസൗ ലോക ഇതി ഹോവാച അമുഷ്യ ലോകസ്യ കാ ഗതിഃ ഇതി. ന സ്വർഗ്ഗം ലോകമതിനയേത് ഇതി ഹോവാച. സ്വർഗ്ഗം വയം ലോകം സാമ അഭിസംസ്ഥാപയാമഃ. സ്വർഗസംസ്താവം ഹി സാമേതി.

ശിലകൻ — ജലത്തിന്റെ ഗതി എന്താണ് ?
ദാല്ഭ്യൻ — ആ ലോകമാണ്. (സ്വർഗ്ഗം) (അവിടെ നിന്നാണല്ലോ മഴ എന്ന ഭാവം)

ശില — ആ സ്വർഗ്ഗലോകത്തിന്റെഗതിഎന്താണ് ? സ്വർഗ്ഗത്തിനപ്പുറം ഈ ഉദ്ഗീഥത്തെ ആക്കും നയിക്കാനാവില്ല എന്നു് ഉത്തരംപറഞ്ഞു. നമുക്ക് സാമത്തെ സ്വർഗ്ഗലോകത്തു തന്നെ സ്ഥാപിക്കാം (അഭിസംസ്ഥാപയാമഃ). (എന്തെന്നാൽ) സാമം സ്വർഗ്ഗ സംസ്താവമാണല്ലോ, (സ്വർഗ്ഗം എന്നു സ്തുതിക്കപ്പെടുന്നതു്). ''സ്വർഗ്ഗോ വൈ ലോകഃ സാമവേദ'' എന്നു് ശ്രുതി. സാമവേദം (സ്വർഗ്ഗലോകമാകുന്നു.)

6. തം ഹ ശിലകഃ ശാലാവത്യഃ ചൈകിതായനം ദാൽഭ്യം ഉവാച. അപ്രതിഷ്ഠിതം വൈ കില തേ ദാൽഭ്യ സാമ, യഃ തു ഏതർഹി ബ്രൂയാത് മൂർധാ തേ വിപതിഷ്യതി ഇതി, മൂർധാ തേ വിപതേദ് ഇതി.

ആ ചികിതായനപുത്രനായ ദാൽഭ്യനോടു ശലാവാൻെറ പുത്രനായ ശിലകൻ പറഞ്ഞു. ഹേ ദാൽഭ്യ, നിൻെറ സാമം നിശ്ചയമായും പ്രതിഷ്ഠിതമല്ല. ഈ സമയത്ത് സാമവേദജ്ഞനായ ഒരുവൻ "നിൻെറ മൂർദ്ധാവ് ഭൂമിയിൽ പതിക്കട്ടെ" എന്നു പറഞ്ഞാൽ നിശ്ചയമായും നിൻെറ മൂർദ്ധാവ് താഴെ വീഴും.

7. ഹന്ത അഹം ഏതദ് ഭഗവതോ വേദാനി ഇതി, വിദ്ധി ഇതി ഹോവാച. അമുഷ്യ ലോകസ്യ കാ ഗതിഃ ഇതി അയം ലോക ഇതി ഹോവാച. അസ്യ ലോകസ്യ കാ ഗതിഃ ഇതി. ന പ്രതിഷ്ഠാം ലോകം അതിനയേദ് ഇതി ഹോവാച. പ്രതിഷ്ഠാം വയം ലോകം സാമാഭിസംസ്ഥാപയാമഃ പ്രതിഷ്ഠാ സംസ്താവം ഹി സാമ ഇതി.

ഞാൻ ഈ കാര്യം അങ്ങയിൽനിന്നും അറിയാൻ ആഗ്രഹിക്കുന്നു എന്ന് ദാൽഭ്യൻ പറഞ്ഞു. (ഇതു കേട്ടു്) അറിഞ്ഞു കൊള്ളുക എന്ന് ശിലകൻ പറഞ്ഞു. സ്വർഗ്ഗ ലോകത്തിൻെറ ഗതി എന്തെന്ന് ചോദിച്ചപ്പോം, ഈ ലോകമാണ് സ്വർഗ്ഗ ലോകത്തിൻെറ ഗതി എന്നു പറഞ്ഞു. വീണ്ടും, ഈ ലോകത്തിൻെറ ഗതി എന്താണെന്നു ചോദിച്ചപ്പോം പ്രതിഷ്ഠാ ഭൂതമായ ഈ ലോകത്തെ അതിക്രമിച്ച് സാമത്തെ മറെറങ്ങും കൊണ്ടു പോകരുതെന്നു പറഞ്ഞു. നമുക്കു പ്രതിഷ്ഠാ ഭൂതമായ ഈ ലോകത്തു തന്നെ സാമത്തെ പ്രതിഷ്ഠിക്കാം. എന്തെന്നാൽ സാമം പ്രതിഷ്ഠാ രൂപത്തിലാണല്ലോ സ്തുതിക്കപ്പെടുന്നത്.

8. തം ഹ പ്രവാഹണോ ജൈവലിഃ ഉവാച. അന്തവദ് വൈ കില തേ ശാലാവത്യ സാമ യസ്തു ഏതർഹി ബ്രൂയാത് മൂർധാ തേ വിപതിഷ്യതി ഇതി. മൂർധാ തേ വിപതേദ് ഇതി. ഹന്ത അഹം ഏതദ് ഭഗവതോ വേദാനി ഇതി. വിദ്ധി ഇതി ഹോവാച.

അപ്പോം അവനോട് (ശാലാവത്യനോട്) ജീവലപുത്രനായ പ്രവാഹണൻ പറഞ്ഞു:—ഹേ ശാലാവത്യ, നിശ്ചയമായും അങ്ങയുടെ സാമം അന്തമുള്ളതാണല്ലോ. ഈ സമയത്ത് ആരെങ്കിലും നിൻെറ മൂർദ്ധാവു് താഴെ വീഴട്ടെ എന്നു പറയുകയാണെങ്കിൽ നിൻെറ ശിരസ്സ് താഴെ വീഴും. ഇതു കേട്ട് ശാലാവത്യൻ പറഞ്ഞു:— "ഞാൻ ഇക്കാര്യം അങ്ങയിൽ നിന്നും അറിയാൻ ആഗ്രഹിക്കുന്നു." പ്രവാഹണൻ പറഞ്ഞു. "അറിഞ്ഞുകൊള്ളുക.

# ഒൻപതാം ഖണ്ഡം

ആകാശം തന്നെയാണ് സർവ്വർക്കും ആശ്രയം എന്ന് ശിലകൻ

1. അസ്യ ലോകസ്യ കാ ഗതിഃ ഇതി? ആകാശ ഇതി ഹോവാച. സർവാണി ഹ വാ ഇമാനി ഭൂതാനി ആകാശാദ് ഏവ സമുത്പദ്യന്തേ. ആകാശം പ്രതി അസ്തം യാന്തി. ആകാശഃ ഹി ഏവ ഏഭ്യോ ജ്യായാൻ. ആകാശഃ പരായണം.

ശിലകൻ — ഈ ലോകത്തിൻെറ ഗതി എന്താണ്?

പ്രവാഹണൻ — ആകാശമാണ് ഈ ലോകത്തിൻെറ ഗതി. എന്തെന്നാൽ ഈ സമസ്ത ഭൂതങ്ങളും ആകാശത്തിൽ നിന്നുമാണ് ഉത്പന്നമാകുന്നത്. ആകാശത്തിൽ തന്നെയാണ് ലയിക്കുന്നതും. ആകാശം തന്നെയാണ് ഇവയിലെല്ലാററിലും വച്ച് വലുത്. അതുകൊണ്ട് ഇവയ്ക്കെല്ലാം ആശ്രയമായിരിക്കുന്നതും ആകാശം തന്നെയാണ്.

ആകാശസംജ്ഞകമായ ഉദ്ഗീഥത്തിൻെറ ഔൽകൃഷ്ട്യവും,
അതിൻെറ ഉപാസന കൊണ്ടുള്ള ഫലവും പറയുന്നു

2. സ ഏഷ പരോവരീയാൻ ഉദ്ഗീഥഃ സ ഏഷഃ അനന്തഃ പരോവരീയോ ഹ അസ്യ ഭവതി പരോവരീയസോ ഹ ലോകാൻ ജയതി യ ഏതദ് ഏവം വിദ്വാൻ പരോവരീയാൻ സമുദ്ഗീഥം ഉപാസ്തേ.

ഈ ഉദ്ഗീഥം (ഓംകാരം) പരമോത്കൃഷ്ടവും അനന്തവുമാണ്. ഇതിനെ ഇപ്രകാരം അറിഞ്ഞ് പരമാത്മഭൂതമായ ഈ ഉദ്ഗീഥത്തെ ഉപാസിക്കുന്നവൻെറ ജീവിതം പരമോത്കൃഷ്ടമായിത്തീരുന്നു. അവൻ ഉത്തരോത്തരം ഉത്കൃഷ്ടങ്ങളായ ലോകങ്ങളെ സ്വാധീനിക്കുന്നു (ജയിക്കുന്നു).

3. തം ഹ ഏതം അതിധന്വാ ശൗനക ഉദരശാണ്ഡില്യായ ഉക്ത്വാ ഉവാച. യാവത് ത ഏനം പ്രജായാം ഉദ്ഗീഥം വേദിഷ്യന്തേ പരോവരീയോ ഹൈഭ്യസ്താവദ് അസ്മിൻ ലോകേ ജീവനം ഭവിഷ്യതി.

ശുനക പുത്രനായ അതിധന്വാവ് ഈ ഉദ്ഗീഥത്തെ ഉദരശാണ്ഡില്യനുവേണ്ടി പറഞ്ഞുകൊടുത്തിട്ട് ഇപ്രകാരം പറഞ്ഞു:— നിൻെറ വംശജൻമാർ ഈ ഉദ്ഗീഥത്തെപ്പററി അറിയുന്നിടത്തോളം കാലം ഈ ലോകത്ത് അവരുടെ ജീവിതം ഉത്തരോത്തരം ഉത്കൃഷ്ടമായിക്കൊണ്ടു തന്നെയിരിക്കും.

4. തഥാ അമുഷ്മിൻ ലോകേ ലോക ഇതി സ യ ഏതദ്

ഏവം വിദ്വാൻ ഉപാസ്തേ പരോവരീയ ഏവ ഹാസ്യ അസ്മിൻ ലോകേ ജീവനം ഭവതി. തഥാ അമുഷ്മിൻ ലോകേ ലോക ഇതി. ലോകേ ലോക ഇതി.

അതുപോലെ പരലോകത്തും അവന് സർവോത്കൃഷ്ടമായ ലോകത്തെ പ്രാപിക്കാൻ സാധിക്കും. ഇതിനെ ഇപ്രകാരം മനസ്സി ലാക്കി ഉപാസിക്കുന്ന പുരുഷന്റെ ജീവിതം നിശ്ചയമായും സർവോത്കൃഷ്ടമായിത്തീരുന്നു. ഈ ലോകത്തു മാത്രമല്ല പരലോകത്തും അവന് സർവോത്കൃഷ്ടമായ സ്ഥാനം പ്രാപിക്കാൻ സാധിക്കുന്നു.

## പത്താം ഖണ്ഡം

ഉഷസ്തിയുടെ കഥ.

1. മടചീഹതേഷു കുരുഷു ആടിക്യാ സഹ ജായയാ ഉഷസ്തിഃ ഹ ചാക്രായണ ഇഭ്യഗ്രാമേ പ്രദ്രാണക ഉവാസ.

ആലിപ്പഴം, പാഷാണം എന്നിവയുടെ വീഴ്ച കൊണ്ടു് കുരുദേശത്തെ കൃഷി നശിച്ചുപോകയാൽ ഇഭ്യഗ്രാമനിവാസിയായ ഉഷസ്തി ആടികിയായ (സ്തനാദികളായ സ്ത്രീ ചിഹ്നങ്ങളൊന്നും പ്രകടമാകാത്ത) പത്നീസമേതം അന്നം ലഭിക്കായ്കയാൽ ദുരവസ്ഥയെ പ്രാപിച്ച് (മറ്റൊരാളിന്റെ ഗൃഹത്തിൽ) വസിച്ചിരുന്നു.

മടചീ = ആലിപ്പഴം. ചാക്രായണൻ = ചക്രന്റെ പുത്രൻ — ഉഷസ്തി.

2. സ ഹ ഇഭ്യം കുല്മാഷാൻ ഖാദന്തം ബിഭിക്ഷേ തം ഹോവാച. ന ഏതോऽന്യേ വിദ്യന്തേ യച്ച യേ മ ഇമ ഉപനിഹിതാ ഇതി.

അദ്ദേഹം മോശപ്പെട്ട ഉഴുന്നു തിന്നുകൊണ്ടിരുന്ന ഒരു ആനക്കാരനോടു ഭിക്ഷ യാചിച്ചു. ഈ (എച്ചിലായ) ഉഴുന്നല്ലാതെ എന്റെ കൈവശം മറ്റൊന്നുമില്ല, ഉള്ളതെല്ലാം ഞാൻ എന്റെ ഭോജന പാത്രത്തിൽ വച്ചിട്ടുണ്ട്. (അതുകൊണ്ടു ഞാൻ എങ്ങനെയാണ് അങ്ങേയ്ക്കു ഭിക്ഷ തരേണ്ടത്).

ഇഭ്യൻ = ഇഭപാലകൻ, ആനക്കാരൻ.

3. ഏതേഷാം മേ ദേഹീതി ഹോവാച. താൻ അസ്മൈ പ്രദദൗ. ഹന്ത അനുപാനമിതി. ഉച്ഛിഷ്ടം വൈ മേ പീതം സ്യാദിതി ഹോവാച.

ഉഷസ്തി പറഞ്ഞു:— നീ അതിൽനിന്ന് അൽപം എനിക്കു തന്നേക്കു. അതു കേട്ട് ആനക്കാരൻ ആ ഉഴുന്ന് ഉഷസ്തിക്കു കൊടുത്തിട്ടിങ്ങനെ പറഞ്ഞു. ഈ അമ്ബുപാനവും കൂടി സ്വീകരിക്കുക. അപ്പോഠം ഉഷസ്തി പറഞ്ഞു. ഇത് സ്വീകരിച്ചാൽ ഞാൻ നിശ്ചയമായും ഉച്ഛിഷ്ട ജലം കുടിച്ചവനായിപ്പോകും.

4. ന സ്വിദ് ഏതേ അപി ഉച്ഛിഷ്ടാഃ ഇതി, ന വാ അജീവിഷ്യം ഇമാൻ അഖാദന്നിതി ഹോവാച, കാമോ മേ ഉദപാനമിതി.

ഇവയും (ഉഴുന്ന്) ഉച്ഛിഷ്ടമല്ലേ എന്ന് ആനക്കാരൻ ചോദിച്ചപ്പോഠം ഉഷസ്തി പറഞ്ഞു. ഇവയെ ഭക്ഷിക്കാതിരുന്നാൽ എനിക്കു ജീവിക്കാൻ സാധ്യമല്ല. ജലപാനം എനിക്ക് യഥേഷ്ടം കിട്ടുമല്ലോ.

5. സ ഹ ഖാദിത്വാ അതിശേഷാൻ ജായായാ ആജഹാര, സാ അഗ്ര ഏവ സുഭിക്ഷാ ബഭൂവ. താൻ പ്രതിഗൃഹ്യ നിദധൗ.

അവൻ (ആ ഉഴുന്നു) തിന്നതിനുശേഷം അവശേഷിച്ചതിനെ സ്വപത്നിക്കായിട്ടു കൊണ്ടുവന്നു. എന്നാൽ അവളാകട്ടെ അതിനു മുമ്പുതന്നെ ധാരാളം ഭിക്ഷ യാചിച്ചു കൊണ്ടുവന്നിരുന്നു. അതുകൊണ്ട് അവഠം അതിനെ എടുത്തു സൂക്ഷിച്ചു വച്ചു.

6. സ ഹ പ്രാതഃ സംജിഹാന ഉവാച. യത് ബത അന്നസ്യ ലഭേമഹി ലഭേമഹി ധനമാത്രാം. രാജാസൗ യക്ഷ്യതേ സ മാ സർവൈരാർത്വിജ്യൈർ വൃണീത ഇതി.

അദ്ദേഹം (ഉഷസ്തി) പ്രഭാതമായപ്പോഠം എഴുന്നേററ് ഭാര്യയോട് ഇപ്രകാരം പറഞ്ഞു: നമുക്കൽപ്പം അന്നം കിട്ടിയിരുന്നെങ്കിൽ കുറച്ചു ധനം സമ്പാദിക്കാമായിരുന്നു. എന്തെന്നാൽ ആ രാജാവ് യജ്ഞം സമാരംഭിക്കുവാൻ പോകയാണ്. അദ്ദേഹം എല്ലാ ഋത്വിക്കുകഠംക്കും വേണ്ടി എന്നെ സ്വീകരിക്കും.

7. തം ജായാ ഉവാച, ഹന്ത പത ഇമേ ഏവ കുല്മാഷാ ഇതി. താൻ ഖാദിത്വാ അമും യജ്ഞം വിതതം ഏയായ.

ഇതു കേട്ട് പത്നി ഉഷസ്തിയോടു പറഞ്ഞു: സ്വാമിൻ അങ്ങ് ഇന്നലെ കൊണ്ടുവന്ന ഉഴുന്ന് ഇരുപ്പുണ്ട്. അതു ഭക്ഷിച്ചാലും. ഉഷസ്തിയാകട്ടെ ആ ഉഴുന്നു ഭക്ഷിച്ചിട്ട് ഋത്വിക്കുകളാൽ, വിസ്താരപൂർവ്വം ചെയ്യപ്പെടാൻ പോകുന്ന യജ്ഞ കർമ്മത്തിൽ പങ്കെടുക്കുവാൻ പോയി.

രാജാവിന്റെ യജ്ഞ ഭൂമിയിൽവച്ച്
ഉഷസ്തിയും ഋത്വിക്കുകളും തമ്മിൽ നടന്ന സംവാദം.

8. തത്ര ഉദ്ഗാതൄൻ ആസ്താവേ സ്തോഷ്യമാണാൻ ഉപ ഉപവിവേശ. സ ഹ പ്രസ്തോതാരം ഉവാച.

ഉഷസ്തിയാകട്ടെ അവിടെ ചെന്നതിനു ശേഷം സ്തുതിക്കേണ്ട സ്ഥാനത്തു സ്തുതിച്ചുകൊണ്ട് ഉദ്ഗാതാക്കളുടെ അടുക്കൽ ചെന്നിട്ടു പ്രസ്തോതാവിനോട് ഇങ്ങനെ പറഞ്ഞു:—

ആസ്താവേ = സ്തുതിക്കാനുള്ള സ്ഥാനത്ത്.

9. പ്രസ്തോതഃ യാ ദേവതാ പ്രസ്താവം അന്വാ-യത്താ താം ചേദ് അവിദ്വാൻ പ്രസ്തോഷ്യസി മൂർധാ തേ വിപതിഷ്യതി ഇതി.

ഹേ പ്രസ്തോതാവേ പ്രസ്താവഭക്തിയിൽ അനുഗതനായ ദേവതയെ അറിയാതെ നീ പ്രസ്തവനം ചെയ്യുകയാണെങ്കിൽ നിന്റെ മൂർദ്ധാവ് നിലംപതിക്കും.

10. ഏവം ഏവ ഉദ്ഗാതാരം ഉവാച. ഉദ്ഗാതഃ യാ ദേവതാ ഉദ്ഗീഥം അന്വായത്താ താം ചേദ് അവിദ്വാൻ ഉദ്ഗാസ്യസി മൂർധാ തേ വിപതിഷ്യതി ഇതി.

അതേ പ്രകാരം തന്നെ അദ്ദേഹം ഉദ്ഗാതാവിനോടും പറഞ്ഞു. ഹേ ഉദ്ഗാതാവേ, "ഉദ്ഗീഥാനുഗതനായ ദേവതയെ അറിയാതെ നീ ഉദ്ഗാനം ചെയ്യുകയാണെങ്കിൽ നിന്റെ മൂർധാവ് നിലംപതിക്കും."

11. ഏവം ഏവ പ്രതിഹർതാരം ഉവാച, പ്രതിഹർതഃ യാ ദേവതാ പ്രതിഹാരമന്വായത്താ താം ചേദ് അവിദ്വാൻ പ്രതിഹരിഷ്യസി മൂർധാ തേ വിപതിഷ്യതീതി. തേ ഹ സമാരതാസ് തൂഷ്ണീം ആസാംചക്രിരേ.

ഇതേ പ്രകാരം പ്രതിഹർത്താവിനോടും പറഞ്ഞു:— ഹേ പ്രതിഹർത്താവേ, പ്രതിഹാരത്തിൽ അനുഗതനായ ദേവനെ അറിയാതെ നീ പ്രതിഹരണം ചെയ്യുകയാണെങ്കിൽ നിന്റെ ശിരസ്സ് താഴെ വീഴും. ഇതു കേട്ട് (പ്രസ്തോതാദികൾ അവരവരുടെ കർമ്മങ്ങളിൽനിന്നും നിവൃത്തരായി) മൗനമവലംബിച്ച് ഇരുന്നു.

## പതിനൊന്നാം ഖണ്ഡം

രാജാവും ഉഷസ്തിയും തമ്മിലുള്ള സംവാദം.

1. അഥ ഹൈനം യജമാന ഉവാച. ഭഗവന്തം വാ അഹം വിവിദിഷാണി ഇതി. ഉഷസ്തിഃ അസ്മി ചാക്രായണ ഇതി ഹോവാച.

അനന്തരം ഉഷസ്തിയോടു യജമാനൻ (രാജാവ്) പറഞ്ഞു:—ഞാൻ പൂജ്യനായ അങ്ങയെപ്പററി അറിയാനാഗ്രഹിക്കുന്നു. അപ്പോൾ ഉഷസ്തി പറഞ്ഞു; "ഞാൻ ചക്രപുത്രനായ ഉഷസ്തിയാണ്".

2. സ ഹ ഉവാച. ഭഗവന്തം വാ അഹം ഏഭിഃ സർവൈഃ ഋത്വിജ്യൈഃ പര്യൈഷിഷം. ഭഗവതോ വാ അഹം അവിത്ത്യാ അന്യാൻ അവൃഷി.

യജമാനൻ പറഞ്ഞു:— ഈ സർവവിധത്തിലുമുള്ള ഋത്വിക് കർമ്മങ്ങൾക്കും ഞാൻ അങ്ങയെ അന്വേഷിച്ചു. (പര്യൈഷിഷം) അങ്ങയെ കണ്ടുകിട്ടാത്തതുകൊണ്ട് (അവിത്ത്യാ) ഞാൻ മററുള്ള ഋത്വിക്കുകളെ സ്വീകരിച്ചു. (അന്യാൻ അവൃഷി).

3. ഭഗവാൻ ത്വ ഏവ മേ സർവൈഃ ആർത്വിജ്യൈഃ ഇതി. തഥേതി. അഥ തർഹി ഏത ഏവ സമതിസൃഷ്ടാഃ സ്തുവതാം യാവത് ത്വ ഏഭ്യഃ ധനം ദദ്യാഃ താവത് മമ ദദ്യാ ഇതി. തഥേതി ഹ യജമാനഃ ഉവാച.

ഇനി എൻെറ എല്ലാ ഋത്വിക്കർമ്മങ്ങൾക്കും അങ്ങു തന്നെ ഇരിക്കണം. അപ്പോൾ അങ്ങനെ തന്നെയാകട്ടെ എന്ന് ഉഷസ്തി പറഞ്ഞു. എന്നിട്ട് അദ്ദേഹം വീണ്ടും പറഞ്ഞു. ഇനി എന്നാൽ പ്രസന്നതയോടുകൂടി ആജ്ഞാപിതന്മാരായ ഇവർതന്നെ സ്തുതിക്കട്ടെ. അങ്ങ് ഇവർക്കു കൊടുക്കുന്നത്ര ധനം എനിക്കും തരിക; അപ്പോൾ യജമാനൻ അങ്ങനെ തന്നെയാകട്ടെ എന്നു പറഞ്ഞു.

പ്രസ്തോതാക്കൾ ഉഷസ്തിയോടു.
ചോദിക്കുന്ന ചോദ്യം

4. അഥ ഹ ഏനം പ്രസ്തോതാ ഉപസസാദ, പ്രസ്തോതഃ യാ ദേവതാ പ്രസ്താവം അന്വായത്താ താം ചേദ് അവിദ്വാൻ പ്രസ്തോഷ്യസി മൂർധാ തേ വിപതിഷ്യതി ഇതി. മാ ഭഗവാൻ അവോചത്, കതമാ സാ ദേവതാ ഇതി.

അതിനു ശേഷം പ്രസ്തോതാവ് (ശിഷ്യ ഭാവേന) ആ ഉഷസ്തിയുടെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: ഭഗവൻ, അങ്ങ് എന്നോടു പറഞ്ഞല്ലോ, പ്രസ്താവാനുഗതനായ ദേവതയെ അറിയാതെ നീ പ്രസ്തവനം ചെയ്യുകയാണെങ്കിൽ നിൻെറ ശിരസ്സ് നിലം പതിക്കുമെന്ന്, ആരാണ് ആ ദേവത?

പ്രസ്താവാനുഗതനായ ദേവത പ്രാണനാണെന്ന്
ഉഷസ്തി പറയുന്നു.

5. പ്രാണ ഇതി ഹോവാച. സർവാണി ഹ വാ ഇമാനി ഭൂതാനി പ്രാണം ഏവാഭിസംവിശന്തി. പ്രാണം അഭ്യുജ്ജിഹതേ. സ ഏഷാ ദേവതാ പ്രസ്താവം അന്വായത്താ താം ചേദ് അവിദ്വാൻ പ്രസ്തോഷ്യോ മൂർധാ തേ വ്യപതിഷ്യത് തഥോക്തസ്യ മയാ ഇതി.

ഉഷസ്തി പറഞ്ഞു:—ആ ദേവത പ്രാണനാണ്. എന്തെന്നാൽ ഈ സർവഭൂതങ്ങളും പ്രാണനിലാണ് പ്രവേശിക്കുന്നത്. ഈ പ്രാണനിൽ നിന്നുമാണ് ഉൽപ്പന്നമാകുന്നതും. ആ പ്രാണൻ തന്നെയാണ് പ്രസ്താവാനുഗതനായ ദേവത. ആ ദേവതയെപ്പററി അറിയാതെ നീ പ്രസ്തവനം ചെയ്തിരുന്നു എങ്കിൽ എന്നാൽ ഇപ്രകാരം പറയപ്പെട്ടാൽ നിൻെറ ശിരസ്സ് നിലംപതിക്കുമായിരുന്നു!

ഉദ്ഗാതാവിൻെറ ചോദ്യം.

6. അഥ ഹൈനം ഉദ്ഗാതാ ഉപസസാദ ഉദ്ഗാതൃഃ യാ ദേവതാ ഉദ്ഗീഥ മന്വായത്താ താം ചേദ് അവിദ്വാൻ ഉദ്ഗാസ്യസി മൂർധാ തേ വിപതിഷ്യതി ഇതി മാ ഭഗവാൻ അവോചത്, കതമാ സാ ദേവതാ ഇതി.

അതിനുശേഷം ഉദ്ഗാതാവ് ഉഷസ്തിയെ സമീപിച്ച് ഇപ്രകാരം പറഞ്ഞു: ഭഗവൻ, അങ്ങ് എന്നോടു പറഞ്ഞല്ലോ, ഉദ്ഗീഥാനുഗതനായ ദേവതയെ അറിയാതെ നീ ഉദ്ഗാനംചെയ്യുകയാണെങ്കിൽ നിൻെറ ശിരസ്സ് താഴെ വീണുപോകും എന്നു്. ആ ദേവത ആരാണ്?

ഉഷസ്തിയുടെ ഉത്തരം
ഉദ്ഗീഥാനുഗതനായ ദേവത ആദിത്യൻ.

7. ആദിത്യ ഇതി ഹോവാച. സർവാണി ഹവാ ഇമാനി ഭൂതാനി ആദിത്യം ഉച്ചൈഃ സന്തം ഗായന്തി സൈഷാ ദേവതാ ഉദ്ഗീഥം അന്വായത്താ താം ചേദ് അവിദ്വാൻ ഉദ്ഗാസ്യോ മൂർധാ തേ വ്യപതിഷ്യത് തഥാ ഉക്തസ്യ മയാ ഇതി.

ഉഷസ്തി പറഞ്ഞു: — ആ ദേവത ആദിത്യനാണ്. എന്തെന്നാൽ ഇക്കാണുന്ന സർവഭൂതങ്ങളും ഉയർന്നുകൊണ്ടിരിക്കുന്ന (ഉച്ചസ്ഥനായ) ആദിത്യനെപ്പററിയാണ് ഗാനം ചെയ്യുന്നത്. ഈ ആദിത്യൻ

തന്നെയാണ് ഉദ്ഗീഥാനുഗതനായ ദേവത. എന്നാൽ ഇപ്രകാരം പറയപ്പെട്ട ശേഷം നീ ആ ദേവതയെപ്പററി മനസ്സിലാക്കാതെ ഉദ്ഗാനം ചെയ്തിരുന്നു എങ്കിൽ നിൻെറ മൂർദ്ധാവ് നിലംപതിക്കുമായിരുന്നു.

●

പ്രതിഹർത്താവിൻെറ ചോദ്യം.

8. അഥ ഹൈനം പ്രതിഹർത്താ ഉപസസാദ പ്രതിഹർതഃ യാ ദേവതാ പ്രതിഹാരം അന്വായത്താ താംചേദ് അവിദ്വാൻ പ്രതിഹരിഷ്യസി മൂർധാ തേ വിപതിഷ്യതി ഇതി. മാ ഭഗവാൻ അവോചത് കതമാ സാ ദേവതാ ഇതി.

അനന്തരം പ്രതിഹർത്താവ് ഉഷസ്തിയെ സമീപിച്ച് ഇപ്രകാരം പറഞ്ഞു:— ഭഗവൻ അങ്ങ് എന്നോടും പറഞ്ഞുവല്ലോ, പ്രതിഹാരാനുഗതനായ ദേവതയെപ്പററി മനസ്സിലാക്കാതെ പ്രതിഹരണം ചെയ്യുകയാണെങ്കിൽ നിൻെറ മസ്തകം താഴെ വീഴുമെന്ന്. ആ ദേവത ആരാണെന്ന് അങ്ങ് എനിക്കു പറഞ്ഞുതരണം.

●

അന്നമാണ് പ്രതിഹാരാനുഗതനായ ദേവത
എന്ന് ഉഷസ്തിയുടെ ഉത്തരം.

9. അന്നം ഇതി ഹോവാച സർവാണി ഹ വാ ഇമാനി ഭൂതാനി അന്നമേവ പ്രതിഹരമാണാനി ജീവന്തി സൈഷാ ദേവതാ പ്രതിഹാരമന്വായത്താ താം ചേദ് അവിദ്വാൻ പ്രതിഹരിഷ്യോ മൂർധാ തേ വ്യപതിഷ്യത് തഥോക്തസ്യ മയാ ഇതി. തഥോക്തസ്യ മയാ ഇതി:

ഉഷസ്തി പറഞ്ഞു:—ആ ദേവത അന്നമാണ്. എന്തെന്നാൽ ഈ സമസ്ത പ്രാണികളും തങ്ങൾക്കുവേണ്ടി അന്നത്തെത്തന്നെയാണ് പ്രതിഹരിച്ച് (ആഹരിച്ച്) ജീവിക്കുന്നത്. ഈ അന്നദേവതയാണ് പ്രതിഹാരത്തിൽ അനുഗതനായിരിക്കുന്നത്. ഇപ്രകാരം എന്നാൽ പറയപ്പെട്ടശേഷം അതിനെ അറിയാതെ നീ പ്രതിഹരിച്ചിരുന്നു എങ്കിൽ നിൻെറ മൂർദ്ധാവ് നിലംപതിക്കുമായിരുന്നു.

●

## പന്ത്രണ്ടാം ഖണ്ഡം

ശൗവസാമസംബന്ധിയായ ഉപാഖ്യാനം

1. അഥാതഃ ശൗവ ഉദ്ഗീഥഃ തദ് ഹ ബകോ ദാൽഭ്യോ ഗ്ലാവോ വാ മൈത്രേയഃ സ്വാധ്യായം ഉദ്വവ്രാജ.

ഇനി (അന്നലാഭാർത്ഥം അപേക്ഷിതമായ) ശൗവോദ്ഗീഥം—ശ്വാക്കളെ കണ്ട ഉദ്ഗീഥം—ആരംഭിക്കുന്നു. പണ്ട് ദൽഭപുത്രനായ ബകൻ അഥവാ മിത്രാപുത്രനായ ഗ്ളാവൻ സ്വാധ്യായാർത്ഥം (വേദാദ്ധ്യയനത്തിനുവേണ്ടി) ഗ്രാമത്തിനു വെളിയിൽ ചെന്നു.

2. തസ്മൈ ശ്വാ ശ്വേതഃ പ്രാദുർബഭൂവ. തം അന്യേ ശ്വാന ഉപസമേത്യ ഊചുഃ. അന്നം നഃ ഭഗവാൻ ആഗായതു. അശനായാമ വാ ഇതി.

അവൻെറ മുമ്പിൽ ഒരു വെളുത്ത നായ് ആവിർഭവിച്ചു. മററു നായ്ക്കൾ അതിനെ സമീപിച്ച് ഇങ്ങനെ പറഞ്ഞു:—ഭഗവാൻ അങ്ങ് ഞങ്ങൾക്കുവേണ്ടി അന്നം ആഗാനം ചെയ്താലും. ഞങ്ങൾക്കു നല്ല വിശപ്പുണ്ട്. [ആഗായതു — ഗാനം ചെയ്തുകൊണ്ടുവന്നാലും.] (വെളുത്ത നായുടെ രൂപത്തിൽ ഏതോ ദേവത പ്രത്യക്ഷപ്പെട്ടു എന്നായിരിക്കാം ഭാവം).

3. താൻ ഹോവാച. ഇഹ ഏവ മാ പ്രാതഃ ഉപസമീയാത ഇതി. തത് ഹ ബകഃ ദാൽഭ്യഃ ഗ്ലാവഃ വാ മൈത്രേയഃ പ്രതിപാലയാഞ്ചകാര.

അവരോടു് വെളുത്ത നായ് ഇപ്രകാരം പറഞ്ഞു:—നിങ്ങൾ എല്ലാവരും പ്രഭാതമാകുമ്പോൾ ഇവിടെത്തന്നെ എന്റെ അടുത്തു വരിക. അപ്പോൾ ദാൽഭ്യബകൻ അഥവാ മൈത്രേയ ഗ്ളാവൻ അവരെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

4. തേ ഹ യഥൈവ ഇദം ബഹിഷ്പവമാനേന സ്തോഷ്യമാണാഃ സംരബ്ധാഃ സർപ്പന്തി ഇതി ഏവം ആസസൃപുഃ തേ ഹ സമുപവിശ്യ ഹിംചക്രുഃ.

കർമ്മത്തിൽ ബഹിഷ്പവമാന സ്തോത്രത്താൽ സ്തവനം ചെയ്യുന്ന ഉദ്ഗാതാക്കൾ പരസ്പരം ചേർന്നു ഭ്രമണം ചെയ്യുന്നതു പോലെ നായ്ക്കൾ ഭ്രമണം ചെയ്ത് വീണ്ടും അവിടെത്തന്നെ വന്നിരുന്ന് ഹിംകാരം ചെയ്തു.

ശ്വാക്കളുടെ ഹിംകാരം

5. ഓ 3 മദാ 3 മോം 3 പിബാ 3 മോം 3 ദേവോ വരുണഃ പ്രജാപതിഃ സവിതാ 2 ന്നമിഹാ 2 ഹരദന്ന പതേ 3 ന്ന മിഹാ 2 ഹരാ 2 ഹരോ 3 മിതി.

ഓം അദാമ, ഓം പിബാമ, ഓം ദേവഃ വരുണഃ, പ്രജാപതിഃ, സവിതാ ഇഹ അന്നം ആഹരത്. അന്നപതേ അന്നം ഇഹ

**ആഹര. ഓം ഇതി. (അക്കങ്ങൾ ആവർത്തനം സൂചിപ്പിക്കുന്നു, പൂജാർത്ഥം).**

ഓം ഞങ്ങൾ ഭക്ഷിക്കുന്നു. ഓം ഞങ്ങൾ കുടിക്കുന്നു. ഓം ദേവൻമാരേ, വരുണാ, പ്രജാപതേ, സൂര്യദേവാ ഇവിടെ ഞങ്ങൾക്ക് അന്നം കൊണ്ടുവന്നാലും, അന്നം കൊണ്ടുവന്നാലും. ഓം.

●

# പതിമൂന്നാം ഖണ്ഡം

സാമാവയവഭൂതവും സ്തോഭാക്ഷര
സംബന്ധിയുമായ ഉപാസനകൾ.

**1. അയം വാവ ലോകഃ ഹാ ഉകാരഃ. വായുഃ ഹാ. ഇകാരഃ ചന്ദ്രമാ. അഥകാരഃ ആത്മാ ഇഹകാരഃ, അഗ്നിഃ. ഈകാരഃ.**

ഈ ലോകം ഹാഉകാരവും, വായു ഹാ ഇകാരവും, ചന്ദ്രൻ അഥകാരവും, ആത്മാവ് ഇഹകാരവും, അഗ്നി ഈകാരവും ആകുന്നു.

(ഈ ലോകം = ഹാ ഉ. വായു=ഹാഇ. ചന്ദ്രൻ അഥ. ആത്മാ= ഇഹ. അഗ്നി = ഈ).

(ഹാഉ മുതലായ വ്യാക്ഷേപകശബ്ദങ്ങൾക്ക് സ്തോഭമെന്നാണു വൈദികസംജ്ഞ. ഈ ശബ്ദങ്ങളാൽ ഭൂമിയേയും മററും ധ്യാനിക്കുന്നു.)

**2. ആദിത്യ ഊകാരഃ, നിഹവ ഏകാരഃ, വിശ്വദേവാ ഔഹോയികാരഃ, പ്രജാപതിഃ ഹിംകാര, പ്രാണഃ, സ്വരോऽന്നം യാ, വാഗ്, വിരാട്.**

ആദിത്യൻ ഊകാരവും, നിഹവം (സംബോധന) ഏകാരവും, വിശ്വദേവകൾ ഔഹോയികാരവും (ഔഹോയി എന്ന ശബ്ദം). പ്രജാപതി ഹിംകാരവും, പ്രാണൻ സ്വരവും അന്നം, യാ യും, വിരാട് വാക്കും ആകുന്നു.

(ഊ എന്ന സ്തോഭം സൂര്യനെ സൂചിപ്പിക്കുന്നു. അതുപോലെ മററുള്ളവയിലും).

**3. അനിരുക്തഃ ത്രയോദശഃ സ്തോഭഃ സംചരോ ഹുംകാരഃ.**

നിർവചിക്കാൻ (നിരൂപണം ചെയ്യാൻ) സാധ്യമല്ലാത്തതും (കാര്യരൂപത്തിൽ) സന്ദർഭാനുസാരം (രൂപഭേദം) വരുന്നതും സഞ്ചരിക്കുന്നതുമാണ് പതിമൂന്നാമത്തേ സ്തോഭമായ ഹിംകാരം. (നിർവചിക്കാൻ

നിവൃത്തി ഇല്ലാത്തത്) ആദികാരണം (ബ്രഹ്മം), അത് പ്രപഞ്ചമായി പരിണമിക്കുന്നതുകൊണ്ട് രൂപഭേദം വരുന്നതാണ്. അതുകൊണ്ട് ഹുംകാരത്തെ കാരണമായി ധ്യാനിക്കണം.

●

സ്തോഭാക്ഷരങ്ങളെ ഉപാസിക്കുന്നതുകൊണ്ടുള്ള ഫലം.

4. ദുഗ്ധേ/സ്മൈ വാഗ്ദോഹം യോ വാചോ ദോഹോ അന്നവാൻ അന്നാദോ ഭവതി, യ ഏതാം ഏവം സാമ്നാം ഉപനിഷദം വേദോപനിഷദം വേദ ഇതി.

ഇപ്രകാരം സാമസംബന്ധിയായ ഈ ഉപനിഷത്തിനെ (സ്തോഭശബ്ദതത്വത്തെപ്പററി) അറിയുന്നവന് വാക്ക് വാക്കിന്റെ ഫലത്തെ പ്രദാനം ചെയ്യുന്നു. അവൻ അന്നവാനും അന്നഭക്ഷകനുമായി ഭവിക്കുന്നു.

●

# രണ്ടാം അദ്ധ്യായം

## ഒന്നാം ഖണ്ഡം

സാധുദൃഷ്ട്യാ ചെയ്യപ്പെടുന്ന സമസ്ത സാമോപാസന.

1. ഓം സമസ്തസ്യ ഖലു സാമ്ന ഉപാസനം. സാധു യത് ഖലു സാധു തത് സാമ ഇതി ആചക്ഷതേ. യദ് അസാധു തദ് അസാമ ഇതി.

ഓം. സമസ്ത സാമോപാസനകളും സാധുവാണ്. ഏതൊന്നാണോ സാധുവായിട്ടുള്ളത് അത് സാമം ആണെന്നു പറയപ്പെടുന്നു. അസാധുവായിട്ടുള്ളത് അസാമം എന്നും പറയുന്നു.

2. തദുതാപ്യാഹുഃ സാമ്നാ ഏനം ഉപാഗാദ് ഇതി സാധുനാ ഏനം ഉപാഗാദ് ഇതി ഏവ തദാഹുഃ അസാമ്ന ഏനം ഉപാഗാദ് ഇതി. അസാധുനാ ഏനം ഉപാഗാദ് ഇതി ഏവ തദാഹുഃ.

ഈ വിഷയത്തെപ്പററി ഇപ്രകാരം പറയപ്പെടുന്നു:— സാമമായി സമീപിച്ചു എന്നു പറഞ്ഞാൽ സാധുഭാവേന (സൗമ്യഭാവത്തിൽ) സമീപിച്ചു എന്നാണ് അർത്ഥം. എന്നാൽ അസാമമായി സമീപിച്ചു എന്നു പറഞ്ഞാൽ അസാധുഭാവേന (രൂക്ഷഭാവത്തിൽ) സമീപിച്ചു എന്ന് അർത്ഥം.

3. അഥ ഉത അപി ആഹുഃ, സാമ ന ബത ഇതി യത സാധു ഭവതി സാധു ബത ഇതി ഏവ തദാഹുഃ അസാമ ന

ബത ഇതി. യദ് അസാധു ഭവതി അസാധു ബത ഇതി ഏവ തദ് ആഹുഃ.

ഇനിയും ഇതുപോലെ പറയുന്നുണ്ട്. നമുക്കു നല്ലതു വരുമ്പോഠം സാമമായി എന്നു പറയും. എന്നാൽ അശുഭം വരുമ്പോഠം നമുക്ക് അസാമം—അശുഭം—സംഭവിച്ചു എന്നും പറയും.

4. സ യ ഏതദ് ഏവം വിദ്വാൻ സാധു സാമ ഇതി ഉപാസ്തേ. അഭ്യാശോ ഹ യദ് ഏനം സാധവോ ധർമ്മാ ആ ച ഗച്ഛേയുഃ, ഉപ ച നമേയുഃ.

ഇതിനെ ഇപ്രകാരം അറിയുന്നവൻ സാമത്തെ സാധുവായി (നല്ലതായി) ഉപാസിക്കുന്നു. ശോഭന ധർമ്മങ്ങഠം അവൻെറ അടുക്കൽ ചെന്നുചേരുന്നു. അവനെ ഉപചരിക്കുകയും ചെയ്യുന്നു.

●

## രണ്ടാം ഖണ്ഡം

1. ലോകേഷു പഞ്ചവിധം സാമോപാസീത, പൃഥിവീ ഹിംകാരഃ, അഗ്നിഃ പ്രസ്താവം, അന്തരീക്ഷം ഉദ്ഗീഥ, ആദിത്യഃ പ്രതിഹാരഃ, ദ്യൗഃ നിധനം ഇതി ഊർദ്ധ്വേഷു.

ലോകങ്ങളിൽ (താഴെ പറയുംപ്രകാരം) 5 വിധത്തിൽ സാമത്തെ ഉപാസിക്കണം. പൃത്ഥ്വി ഹിംകാരവും, അഗ്നി പ്രസ്താവവും, അന്തരീക്ഷം ഉദ്ഗീഥവും, ആദിത്യൻ പ്രതിഹാരവും, ദ്യുലോകം നിധനവുമാണ്. ഇങ്ങനെ ഊർദ്ധ്വലോകത്തുള്ള സാമോപാസന.

ഇനി മുകളിൽനിന്ന് കീഴ്പോട്ടുള്ള ലോകങ്ങളെന്ന ദൃഷ്ടിയോടു കൂടി ചെയ്യപ്പെടുന്ന പഞ്ചവിധ സാമോപാസന.

2. അഥ ആവൃത്തേഷു ദ്യൗഃ ഹിംകാരഃ, ആദിത്യഃ പ്രസ്താവഃ, അന്തരിക്ഷം ഉദ്ഗീഥഃ, അഗ്നിഃ പ്രതിഹാരഃ, പൃഥിവീ നിധനം.

ഇനി മുകളിൽനിന്ന് കീഴ്പോട്ടുള്ള ലോകങ്ങളെന്ന ദൃഷ്ടിയോടു കൂടി ചെയ്യപ്പെടുന്ന സാമോപാസനകളെപ്പററി പറയാം. ദ്യുലോകം ഹിംകാരവും, ആദിത്യൻ പ്രസ്താവവും, അന്തരിക്ഷം ഉദ്ഗീഥവും, അഗ്നി പ്രതിഹാരവും, പൃത്ഥ്വി നിധനവും ആകുന്നു.

3. കല്പന്തേ ഹ അസ്മൈ ലോകാ ഊർധ്വാഃ ച ആവൃത്താഃ ച യ ഏതദ് ഏവം വിദ്വാൻ ലോകേഷു പഞ്ചവിധം സാമ ഉപാസ്തേ.

ഇപ്രകാരം അറിഞ്ഞ് ലോകങ്ങളിൽ അഞ്ചു വിധത്തിൽ സാമത്തെ ഉപാസിക്കുന്ന പുരുഷന് മേലേയ്ക്കും കീഴേയ്ക്കും ഉള്ള ലോകങ്ങൾ ഭോഗ്യരൂപമായിത്തീരുന്നു.

## മൂന്നാം ഖണ്ഡം

വൃഷ്ടിയെ സംബന്ധിക്കുന്ന പഞ്ചവിധ സാമോപാസന.

1. വൃഷ്ടൗ പഞ്ചവിധം സാമ ഉപാസീത. പുരോവാതഃ ഹിംകാരഃ, മേഘഃ ജായതേ സ പ്രസ്താവഃ, വർഷതി സ ഉദ്ഗീഥഃ, വിദ്യോതതേ സ്തനയതി സ പ്രതിഹാരഃ.

അഞ്ചു വിധത്തിലും സാമത്തെ വൃഷ്ടിയായി ഉപാസിക്കണം. മുമ്പിലുള്ള വാതം (കാററ്) ഹിംകാരമാണ്. ഒപ്പം ഉണ്ടാകുന്ന മേഘം പ്രസ്താവവും, വർഷം (മഴ പൊഴിയുന്നത്) ഉദ്ഗീഥവും, കൊള്ളിമീനും ഇടിമുഴക്കവും പ്രതിഹാരവുമാണ്. (പുരോവാതം—കിഴക്കൻ കാറെറന്നും ചിലർ വ്യാഖ്യാനിക്കുന്നു).

2. ഉദ്ഗൃഹ്ണാതി തത് നിധനം, വർഷതി ഹ അസ്മൈ വർഷയതി ഹ യ ഏതദ് ഏവം വിദ്വാൻ വൃഷ്ടൗ പഞ്ചവിധം സാമ ഉപാസ്തേ.

ഉദ്ഗ്രഹിക്കുന്നത് (നിൽക്കുന്നത്) നിധനമാണ്. ഇപ്രകാരം അറിയുന്നവനുവേണ്ടി—വൃഷ്ടിയിൽ അഞ്ചു വിധം സാമോപാസന ചെയ്യുന്ന പുരുഷനുവേണ്ടി—മഴ പെയ്യുന്നു. അവൻ മഴ പെയ്യിക്കുകയും ചെയ്യുന്നു.

## നാലാം ഖണ്ഡം

ജലത്തെ സംബന്ധിക്കുന്ന പഞ്ചവിധ സാമോപാസന.

1. സർവാസു അപ്സു പഞ്ചവിധം സാമ ഉപാസീത, മേഘ യത് സംപ്ളവതേ സ ഹിംകാരഃ. യത് വർഷതി സ പ്രസ്താവഃ. യാഃ പ്രാച്യഃ സ്യന്ദന്തേ സ ഉദ്ഗീഥഃ. യാഃ പ്രതീച്യഃ സ പ്രതിഹാരഃ. സമുദ്രഃ നിധനം.

സാമത്തെ എല്ലാ വിധത്തിലുമുള്ള ജലമായി അഞ്ചു വിധത്തിൽ ഉപാസിക്കണം. ഘനീഭൂതമാകുന്ന മേഘം ഹിംകാരമാണ്. വർഷിക്കുന്നത് പ്രസ്താവം, കിഴക്കോട്ടൊഴുകുന്നത് ഉദ്ഗീഥം. പടിഞ്ഞാറോട്ടൊഴുകുന്നത് പ്രതിഹാരം, സമുദ്രം നിധനുവുമാകുന്നു.

2. ന ഹ അപ്സു പ്രൈതി അപ്സുമാൻ ഭവതി യ ഏതദേവം വിദ്വാൻ സർവാസ്വ് അപ്സു പഞ്ചവിധം സാമ ഉപാസ്തേ.

ഇതിനെ ഇപ്രകാരം അറിഞ്ഞുകൊണ്ട് എല്ലാവിധത്തിലുമുള്ള ജലങ്ങളിലും അഞ്ചുവിധം സാമത്തെ ഉപാസിക്കുന്ന പുരുഷൻ ജലത്തിൽ മരിക്കുന്നില്ല. അവൻ ജലത്താൽ സമ്പന്നനായിത്തീരുന്നു.

●

## അഞ്ചാം ഖണ്ഡം

ഋതുക്കളെ സംബന്ധിക്കുന്ന പഞ്ചവിധ സാമോപാസന.

1. ഋതുഷു പഞ്ചവിധം സാമ ഉപാസീത. വസന്തഃ ഹിംകാരഃ, ഗ്രീഷ്മഃ, പ്രസ്താവോ, വർഷാ ഉദ്ഗീഥഃ, ശരത് പ്രതിഹാരഃ, ഹേമന്തഃ നിധനം.

പഞ്ചവിധസാമത്തെ ഋതുക്കളായി ഉപാസിക്കണം. വസന്തം ഹിംകാരവും, ഗ്രീഷ്മം പ്രസ്താവവും, വർഷം ഉദ്ഗീഥവും, ശരത്ത് പ്രതിഹാരവും, ഹേമന്തം നിധനവുമാകുന്നു.

2. കല്പന്തേ ഹ അസ്മാ ഋതവ ഋതുമാൻ ഭവതി യ ഏതദ് ഏവം വിദ്വാൻ ഋതുഷു പഞ്ചവിധം സാമ ഉപാസ്തേ.

ഇതിനെ ഇപ്രകാരം അറിഞ്ഞുകൊണ്ടും ഋതുഭേദങ്ങളിൽ അഞ്ചുവിധം സാമത്തെ ഉപാസിക്കുന്ന പുരുഷന് എല്ലാ ഋതുക്കളും അതതിന് അനുരൂപമായ ഭോഗത്തെ കൊടുക്കുന്നു. അവൻ ഋതുമാനായും ഭവിക്കുന്നു. (ഓരോ ഋതുവിനും ചേർന്ന ഭോഗങ്ങളോടുകൂടിയവനായും തീരുന്നു).

●

## ആറാം ഖണ്ഡം

മൃഗങ്ങളെ സംബന്ധിക്കുന്ന പഞ്ചവിധസാമോപാസന.

2. പശുഷു പഞ്ചവിധം സാമ ഉപാസീത. അജാ ഹിംകാരഃ. അവയഃ പ്രസ്താവഃ. ഗാവ ഉദ്ഗീഥഃ. അശ്വാഃ പ്രതിഹാരഃ. പുരുഷഃ നിധനം.

മൃഗങ്ങളിൽ അഞ്ചുവിധത്തിലുള്ള സാമത്തെ ഉപാസിക്കണം. ആട് ഹിംകാരവും, അവി (ചെമ്മരിയാട്) പ്രസ്താവവും, ഗോക്കൾ (പശുക്കൾ)ഉദ്ഗീഥവും, അശ്വം പ്രതിഹാരവും, പുരുഷൻ (മനുഷ്യൻ) നിധനവും ആകുന്നു.

2. ഭവന്തി ഹാസ്യ പശവഃ പശുമാൻ ഭവതി യ ഏതദ് ഏവം വിദ്വാൻ പശുഷു പഞ്ചവിധം സാമോപാസ്തേ.

ഇപ്രകാരം അറിഞ്ഞുകൊണ്ട് മൃഗങ്ങളിൽ അഞ്ചു വിധത്തിലുള്ള സാമോപാസന ചെയ്യുന്ന പുരുഷന് മൃഗസമ്പത്തു ലഭിക്കുന്നു. അവൻ മൃഗസമ്പത്തുള്ളവനായും ഭവിക്കുന്നു.

●

## ഏഴാം ഖണ്ഡം

പ്രാണനെ സംബന്ധിക്കുന്ന പഞ്ചവിധ സാമോപാസന.

1. പ്രാണേഷു പഞ്ചവിധം പരോവരീയഃ സാമോപാസീത. പ്രാണഃ ഹിംകാരഃ, വാക് പ്രസ്താവഃ, ചക്ഷുഃ ഉദ്ഗീഥഃ, ശ്രോത്രം പ്രതിഹാരഃ, മനഃ നിധനം. പരോവരീയാംസി വാ ഏതാനി.

പ്രാണങ്ങളിൽ 5 വിധത്തിലുള്ള പരോവരീയമായ (ഉത്തരോത്തരം ഉൽകൃഷ്ടമായ) സാമത്തെ ഉപാസിക്കണം. അവയിൽ പ്രാണൻ ഹിംകാരവും, വാക്ക് പ്രസ്താവവും, ചക്ഷുസ്സ് ഉദ്ഗീഥവും, ശ്രോത്രം പ്രതിഹാരവും, മനസ്സു നിധനവുമാകുന്നു. ഇവ നിശ്ചയമായും പരോവരീയം (ഉത്തരോത്തരം ഉത്കൃഷ്ടം) തന്നെയാണ്.

2. പരോവരീയോ ഹാസ്യ ഭവതി പരോവരീയസോ ഹ ലോകാൻ ജയതി യ ഏതദ് ഏവം വിദ്വാൻ പ്രാണേഷു പഞ്ചവിധം പരോവരീയഃ സാമോപാസ്ത ഇതി തു പഞ്ചവിധസ്യ.

ഇതിനെ ഇപ്രകാരം മനസ്സിലാക്കി പ്രാണങ്ങളിൽ അഞ്ചുവിധം ഉത്തരോത്തരം ഉത്കൃഷ്ടമായ സാമത്തെ ഉപാസിക്കുന്ന പുരുഷന്റെ ജീവിതം ഉത്തരോത്തരം ഉത്കൃഷ്ടതരമായി ഭവിക്കുന്നു. അവൻ ഉത്തരോത്തരം ഉത്കൃഷ്ടങ്ങളായ ലോകങ്ങളെ ജയിക്കുന്നു. ഇപ്രകാരം പഞ്ചവിധമായ സാമോപാസന പറയപ്പെട്ടു.

●

## എട്ടാം ഖണ്ഡം

വാക്കിനെ സംബന്ധിക്കുന്ന സപ്തവിധ സാമോപാസന.

1. അഥ സപ്തവിധസ്യ വാചി സപ്തവിധം സാമോപാസീത, യത്കിംച വാചോ ഹും ഇതി സ ഹിംകാരഃ, യത് പ്രേതി സ പ്രസ്താവഃ, യദ് ഏതി സ ആദിഃ.

ഇനി സപ്തവിധത്തിലുള്ള സാമോപാസനപ്രകരണം ആരംഭി-ക്കുന്നു. സപ്തവിധമായ സാമത്തെ വാക്കായി ഉപാസിക്കണം. ഹിം എന്ന സ്വരൂപം ഹിംകാരവും, പ്ര എന്ന സ്വരൂപം പ്രസ്താവവും, ആ എന്ന സ്വരൂപം ആദിയും ആകുന്നു.

2. യത് ഉദ് ഇതി സ ഉദ്ഗീഥഃ, യത് പ്രതീതി സ പ്രതിഹാരഃ, യത് ഉപ ഇതി സ ഉപദ്രവഃ, യത് നി ഇതി തത് നിധനം.

'ഉദ്' എന്ന ശബ്ദം ഉദ്ഗീഥവും, 'പ്രതി' എന്നത് പ്രതിഹാ-രവും, 'ഉപ' എന്നത് ഉപദ്രവവും, 'നി' എന്നത് നിധനവുമാകുന്നു.

3. ദുഗ്ധേ അസ്മൈ വാഗ്ദോഹം യഃ വാചോ ദോഹോ അന്നവാൻ അന്നാദഃ ഭവതി യ ഏതദ് ഏവം വിദ്വാൻ വാചി സപ്തവിധം സാമോപാസ്തേ.

ഇതിനെ ഇപ്രകാരം മനസ്സിലാക്കിയിട്ടു വാക്കിൽ (വാണിയിൽ) സപ്തവിധമായ സാമോപാസന ചെയ്യുന്ന പുരുഷന് വാക്ക് അതിന്റെ സാരത്തെ (ദോഹം) പ്രദാനം ചെയ്യുന്നു. അവൻ (പ്രചുര-മാത്രയിൽ) അന്നവാനും അന്നഭോക്താവുമായി ഭവിക്കുന്നു.

## ഒൻപതാം ഖണ്ഡം

ആദിത്യനെ സംബന്ധിക്കുന്ന സപ്തവിധമായ സാമോപാസന.

1. അഥ ഖലു അമും ആദിത്യം സപ്തവിധം സാമോപാ-സീത. സർവദാ സമഃ തേന സാമ മാം പ്രതി മാം പ്രതി, ഇതി സർവേണ സമസ്തേന സാമ. (സമസ്തേന = സമഃ തേന).

ഇനി ആ ആദിത്യ രൂപത്തിൽ സപ്തവിധമായ സാമോപാസന ചെയ്യണം. ആദിത്യൻ സർവദാ (എപ്പോഴും) സമനാണ്. അതുകൊണ്ട് ആദിത്യൻ സാമമാണ്. [എനിക്കു നേരേ നിൽക്കുന്നു എന്ന് ഓരോ-രുത്തരും ആദിത്യനെപ്പറ്റി വിചാരിക്കുന്നതുകൊണ്ട് ആദിത്യൻ എല്ലാവരോടും സമനാണ്. അതുകൊണ്ട് സാമമാണ്.]

2. തസ്മിൻ ഇമാനി സർവാണി ഭൂതാനി അന്വായ-ത്താനി ഇതി വിദ്യാത് തസ്യ യത് പുരോദയാത് സ ഹിം-കാരഃ തത് അസ്യ പശവഃ അന്വായത്താഃ തസ്മാത് തേ ഹിം കുർവന്തി. ഹിംകാരഭാജനഃ ഹി ഏതസ്യ സാമ്നഃ.

ആദിത്യനിലാണ് ഈ സർവഭൂതങ്ങളും അനുഗതമായിരിക്കുന്ന തെന്ന് മനസ്സിലാക്കണം. ആ ആദിത്യൻ ഉദയത്തിനു മുമ്പ് എന്താ-ണോ അതാണ് ഹിംകാരം. ആ സൂര്യന്റെ ഹിംകാരരൂപത്തെ മൃഗങ്ങൾ

അനുസരിക്കുന്നു. അതുകൊണ്ടാണ് (സൂര്യോദയത്തിനു മുമ്പ്) അവ ഹിംകാരം ചെയ്യുന്നത്. അതുകൊണ്ട് അവ തന്നെയാണ് ഈ ആദിത്യ രൂപത്തിലുള്ള സാമത്തിന് ഹിംകാരഭാജനം.

3. അഥ യദ് പ്രഥമോദിതേ സ പ്രസ്താവഃ തദ് അസ്യ മനുഷ്യാ അന്വായത്താഃ തസ്മാത് തേ പ്രസ്തുതികാമാഃ പ്രശംസാകാമാഃ പ്രസ്താവഭാജിനോ ഹ്യേതസ്യ സാമ്നഃ.

അനന്തരം സൂര്യൻ ഉദിച്ചു കഴിയുമ്പോഴുള്ള രൂപത്തെ പ്രസ്താവം എന്നു പറയുന്നു. ആ രൂപത്തെ അനുഗമിക്കുന്നവരാണ് മനുഷ്യർ. അതുകൊണ്ട് അവർ പ്രസ്തുതിയും (പ്രത്യക്ഷസ്തുതി) പ്രശംസയും (പരോക്ഷസ്തുതി) ആഗ്രഹിക്കുന്നവരാണ്.

4. അഥ യത് സംഗവവേലായാം സ ആദിഃ തദസ്യ വയാംസി അന്വായത്താനി തസ്മാത് താനി അന്തരിക്ഷേ അനാരംബണാനി ആദായ ആത്മാനം പരിപതന്തി ആദിഭാജിനി ഹി ഏതസ്യ സാമ്നഃ.

പിന്നെ ആദിത്യന്റെ സംഗവവേളയിൽ (ഉദയത്തിനു മൂന്നു മുഹൂർത്തങ്ങൾക്കു ശേഷമുള്ള കാലം) കാണപ്പെടുന്ന രൂപം ആദിയാണ്. അതിനെ പക്ഷികൾ അനുഗമിക്കുന്നു. അവ ഈ വേദത്തിന്റെ ആദിയെ ഭജിക്കുന്നവരാണ് അതുകൊണ്ട്, അന്തരീക്ഷത്തിൽ താങ്ങു കൂടാതെ നിൽക്കുകയും പറന്നുപോകുകയും ചെയ്യുന്നു. (വയാംസി വയസുകൾ—പക്ഷികൾ).

5. അഥ യത് സംപ്രതി മധ്യന്ദിനേ സ ഉദ്ഗീഥഃ തദസ്യ ദേവാ അന്വായത്താഃ തസ്മാത് തേ സത്തമാഃ പ്രാജാപത്യാനാം ഉദ്ഗീഥഭാജിനോ ഹി ഏതസ്യ സാമ്നഃ.

ഇനി മാദ്ധ്യന്ദിന സമയത്ത് (ഉച്ചയ്ക്ക്) കാണപ്പെടുന്ന സൂര്യന്റെ രൂപമാണ് ഉദ്ഗീഥം. ആ രൂപത്തെ ദേവൻമാർ അനുഗമിക്കുന്നു. അതുകൊണ്ട് അവർ പ്രജാപതിയിൽനിന്നും ജനിച്ചവരിൽ സർവശ്രേഷ്ഠൻമാരാണ്. എന്തെന്നാൽ അവർ ഈ സാമത്തിന്റെ ഉദ്ഗീഥത്തിനു ഭാഗഭാക്കുകളാണ്.

6. അഥ യദ് ഊർധ്വം മധ്യംദിനാത് പ്രാഗ് അപരാഹ്ണാത് സ പ്രതിഹാരഃ തദസ്യ ഗർഭാഃ അന്വായത്താഃ തസ്മാത് തേ പ്രതിഹൃതാ നാവപദ്യന്തേ പ്രതിഹാരഭാജിനോ ഹി ഏതസ്യ സാമ്നഃ.

മദ്ധ്യാഹ്നത്തിനുശേഷവും അപരാഹ്നത്തിനു മുമ്പും, കാണപ്പെടുന്ന ആദിത്യന്റെ രൂപം പ്രതിഹാരമാണ്. അതിന്റെ ആ രൂപത്തെ ഗർഭം അനുസരിക്കുന്നു (ആശ്രയിക്കുന്നു). അതുകൊണ്ടാണ്

അവ പ്രതിഹൃതമായി (താങ്ങപ്പെട്ടതായി) താഴെ വീഴാത്തത്. ഗർഭം വയററിൽനിന്നു താഴെ വീഴാതിരിക്കുന്നത് അതു സവിതാവിന്റെ പ്രതിഹാരരൂപത്താൽ മേൽപോട്ടു ആകർഷിക്കപ്പെടുന്നതുകൊണ്ടാണ്.

7. അഥ യദ് ഊർധ്വം അപരാഹ്നാത് പ്രാഗ് അസ്തമയാത് സ ഉപദ്രവഃ തദസ്യ അരണ്യാ അന്വായത്താഃ തസ്മാത് തേ പുരുഷം ദൃഷ്ട്വാ കക്ഷം ശ്വഭ്രമിതി ഉപദ്രവന്തി ഉപദ്രവഭാജിനോ ഹി ഏതസ്യ സാമ്നഃ.

അനന്തരം അപരാഹ്നത്തിനുശേഷവും അസ്തമയത്തിനുമുമ്പും കാണപ്പെടുന്ന ആദിത്യന്റെ ആ രൂപമാണ് ഉപദ്രവം. ആ രൂപത്തെ വന്യമൃഗങ്ങളും അനുഗമിക്കുന്നു. അതുകൊണ്ട് അവ ആളിനെ കാണുമ്പോൾ പേടിച്ച് വനത്തിലേക്ക് ഓടിപ്പോകുന്നു. (ഉപദ്രവന്തി) എന്തെന്നാൽ അവ ഈ സാമത്തിന്റെ ഉപദ്രവഭാഗത്തെ (ഉപഗമിക്കുന്ന ഭാഗത്തെ) അനുസരിക്കുന്നവയാണ്.

8. അഥ യത് പ്രഥമാസ്തമിതേ തദ് നിധനം തദസ്യ പിതരഃ അന്വായത്താഃ തസ്മാത് താന് നിദധതി നിധനഭാജിനോ ഹി ഏതസ്യ സാമ്നഃ ഏവം ഖലു അമും ആദിത്യം സപ്തവിധം സാമോപാസ്തേ.

പിന്നെ അസ്തമയത്തിനുശേഷം കാണപ്പെടുന്ന ആദിത്യന്റെ രൂപം നിധനമാണ്. ആ രൂപത്തെ പിതൃക്കൾ അനുസരിക്കുന്നു. അവർ സാമത്തിന്റെ നിധനഭാഗത്തെ അനുസരിക്കുന്നതുകൊണ്ട് അവർക്ക് (ആളുകൾ പിതൃകർമ്മങ്ങളിൽ) പിണ്ഡം വയ്ക്കുന്നു. ഇപ്രകാരം ഈ ആദിത്യനിൽ സപ്തവിധമായ സാമത്തെ ഉപാസിക്കുന്നവൻ ആദിത്യനായിത്തീരുന്നു.

## പത്താം ഖണ്ഡം

മൃത്യുവിനും അതീതമായ സാമോപാസന

1. അഥ ഖലു ആത്മസംമിതം അതിമൃത്യുഃ സപ്തവിധം സാമോപാസീത ഹിംകാര ഇതി ത്ര്യക്ഷരം പ്രസ്താവ ഇതി ത്ര്യക്ഷരം തത്സമം.

ഇനി ആത്മ സമ്മിതവും (ആത്മാവിനു തുല്യവും) മൃത്യുവിന് അതീതവും, സപ്തവിധവുമായ സാമത്തെ ഉപാസിക്കണം. ഹിംകാരം മൂന്ന് അക്ഷരങ്ങളോടു കൂടിയതാണ്. പ്രസ്താവവും മൂന്നക്ഷരത്തോടുകൂടിയതാണ്. അതുകൊണ്ട് അവ രണ്ടും സമാനമാണ്.

2. ആദിഃ ഇതി ദ്വ്യക്ഷരം പ്രതിഹാര ഇതി ചതുരക്ഷരം തത ഇഹൈകം തത്സമം.

ആദി എന്നത് രണ്ടക്ഷരമുള്ള നാമമാണ്. പ്രതിഹാരം എന്നത് നാലക്ഷരങ്ങൾ ഉള്ളതും. അതിൽനിന്ന് (പ്രതിഹാരം എന്നതിൽ നിന്ന്) ഒരക്ഷരം എടുത്ത് ആദിയിലുള്ള രണ്ടക്ഷരങ്ങളോടു ചേർത്താൽ അത് അതിനു സമാനമായിത്തീരും.

3. ഉദ്ഗീഥ ഇതി ത്ര്യക്ഷരം ഉപദ്രവ ഇതി ചതുരക്ഷരം ത്രിഭിസ്ത്രിഭിഃ സമം ഭവതി അക്ഷരമവശിഷ്യതേ ത്ര്യക്ഷരം തത്സമം.

ഉദ്ഗീഥം എന്നത് മൂന്നക്ഷരങ്ങളോടു കൂടിയതും, ഉപദ്രവം നാലക്ഷരങ്ങളോടു കൂടിയതുമായ നാമമാണ്. ഇവ രണ്ടും മൂന്നക്ഷരങ്ങളിൽ സമാനങ്ങളാണ്. എന്നാൽ ഒരക്ഷരം അവശേഷിക്കുന്നു. അതും അക്ഷരം എന്ന വാക്കും മൂന്നക്ഷരങ്ങളോടുകൂടിയതായതുകൊണ്ട് അതും അവയ്ക്കു തുല്യമാണ്.

4. നിധനം ഇതി ത്ര്യക്ഷരം തത് സമമേവ ഭവതി താനി ഹ വാ ഏതാനി ദ്വാവിംശതിഃ അക്ഷരാണി.

നിധനം എന്നത് മൂന്നക്ഷരങ്ങളോടു കൂടിയതാണ്. അതുകൊണ്ട് അത് അവയ്ക്കു സമാനമാണ്. അവതന്നെയാണ് ഈ സപ്തവിധ സാമത്തിന്റെ ഇരുപത്തിരണ്ട് അക്ഷരങ്ങൾ.

5. ഏകവിംശത്യാ ആദിത്യം ആപ്നോതി ഏകവിംശോ വാ ഇതോ ƒ സൗ ആദിത്യഃ ദ്വാവിംശേന പരമാദിത്യാദ് ജയതി തത് നാകം തദ് വിശോകം.

ഇരുപത്തിയൊന്ന് അക്ഷരങ്ങൾ കൊണ്ട് (സാധകൻ) (മൃത്യുവായ) ആദിത്യനെ പ്രാപിക്കുന്നു. എന്തെന്നാൽ ഈ ലോകത്തിൽ നിന്നും ആ ആദിത്യൻ സംഖ്യകൊണ്ടു ഇരുപത്തി ഒന്നാമത്തേതാണ്. ഈ ഇരുപത്തിരണ്ടാമത്തെ അക്ഷരം മുഖേന അവൻ ആദിത്യനും അപ്പുറത്തുള്ള നാകത്തെ (ദുഃഖഹീന സ്ഥാനത്തെ) പ്രാപിക്കുന്നു. അത് വിശോകമാണ് (ശോകരഹിതമാണ്).

6. ആപ്നോതി ഹ ആദിത്യസ്യ ജയം പരോഹാസ്യാദിത്യസ്യ ജയാജ്ജയോ ഭവതി, യ ഏതദേവം വിദ്വാൻ, ആത്മസംമിതം അതിമൃത്യു സപ്തവിധം സാമോപാസ്തേ സാമോപാസ്തേ.

ഉപാസകൻ ഇരുപത്തൊന്ന് അക്ഷരം കൊണ്ട് ലോകത്തെ ജയിക്കുന്നു. അവന് ആദിത്യവിജയത്തെക്കാളും ഉത്കൃഷ്ടമായ ജയം കൈവരുന്നു. അയാൾ ഈ ഉപാസനയെപ്പററി ഇപ്രകാരം മനസ്സിലാക്കി ആത്മസമ്മിതവും മൃത്യുവിന് അതീതവുമായ സപ്തവിധ സാമത്തെ ഉപാസിക്കുന്നു.

## പതിനൊന്നാം ഖണ്ഡം

ഗായത്രി സാമോപാസന

1. മനോ ഹിംകാരോ വാക് പ്രസ്താവഃ ചക്ഷുരുദ്ഗീഥഃ ശ്രോത്രം പ്രതിഹാരഃ പ്രാണോ നിധനം ഏതദ് ഗായത്രം പ്രാണേഷു പ്രോതം.

മനസ്സു ഹിംകാരവും, വാക്ക് പ്രസ്താവവും, ചക്ഷുസ്സ് ഉദ്ഗീഥവും, ശ്രോത്രം പ്രതിഹാരവും പ്രാണൻ, നിധനവുമാകുന്നു. ഗായത്ര സംജ്ഞകമായ ഈ സാമം പ്രാണങ്ങളിൽ പ്രതിഷ്ഠിതമായിരിക്കുന്നു.

2. സ യ ഏവം ഏതദ് ഗായത്രം പ്രാണേഷു പ്രോതം വേദ പ്രാണീ ഭവതി. സർവമായുരേതി ജ്യോഗ്ജീവതി മഹാൻ പ്രജയാ പശുഭിർ ഭവതി മഹാൻ കീർത്ത്യാ, മഹാമനാഃ സ്യാത് തദ് വ്രതം.

ഇപ്രകാരം ഗായത്രസംജ്ഞകമായ സാമം പ്രാണങ്ങളിൽ പ്രതിഷ്ഠിതമായിരിക്കുന്നു എന്നു അറിയുന്നവൻ പ്രാണവാനായി പൂർണ്ണായുസ്സും അനുഭവിക്കുന്നു. പ്രശസ്തമായി ജീവിക്കുന്നു. സന്താനങ്ങളും മൃഗങ്ങളും (മൃഗസമ്പത്ത്) കൊണ്ടും മഹാനായിത്തീരുന്നു. യശസ്സുള്ള മഹാമനസ്കനായും ഭവിക്കുന്നു. ഇതാണ് അയാളുടെ വ്രതം.

## പന്ത്രണ്ടാം ഖണ്ഡം

രഥന്തര സാമോപാസന

1. അഭിമന്ഥതി സ ഹിംകാരഃ ധൂമോ ജായതേ സ പ്രസ്താവഃ ജ്വലതി സ ഉദ്ഗീഥഃ അംഗാരാഃ ഭവന്തി സ പ്രതിഹാര ഉപശാമ്യതി തന്നിധനം. സംശാമ്യതി തത് നിധനം ഏതദ് രഥന്തരം അഗ്നൗ പ്രോതം.

അഭിമന്ഥനം ചെയ്യുന്നു (കടയുന്നു) എന്നുള്ളത് ഹിംകാരവും, ധൂമം ഉത്പന്നമാകുന്നു (പുക വരുന്നു) എന്നുള്ളത് പ്രസ്താവവും, ജ്വലിക്കുന്നു എന്നുള്ളത് ഉദ്ഗീഥവും, അംഗാരമുണ്ടാകുന്നു (കനലുണ്ടാകുന്നു) എന്നത് പ്രതിഹാരവും ഉപശമിക്കുന്നു എന്നതും സംശമിക്കുന്നു (കെട്ടടങ്ങുന്നു എന്നതും നിധനവും ആകുന്നു. അഗ്നിയിൽ പ്രോതമായ—പ്രതിഷ്ഠിതമായിരിക്കുന്ന—രഥന്തരസാമമാണ് ഇത്.

2. സ യ ഏവം ഏതദ് രഥന്തരം അഗ്നൗ പ്രോതം വേദ ബ്രഹ്മവർച്ചസീ അന്നാദഃ ഭവതി സർവമായുരേതി ജ്യോ-ഗ്ജീവതി, മഹാൻപ്രജയാ പശുഭിർഭവതി, മഹാൻകീർത്യാ ന പ്രത്യങ്ങ് അഗ്നിം ആചാമേത് ന നിഷ്ഠീവേത്, തദ് വ്രതം.

ഇപ്രകാരം ഈ രഥന്തരസാമം അഗ്നിയിൽ പ്രോതമായിരിക്കുന്നു (പ്രതിഷ്ഠിതമായിരിക്കുന്നു) എന്നറിയുന്ന പുരുഷൻ ബ്രഹ്മതേജസ്വിയായി, അന്നഭോക്താവായി, പൂർണ്ണായുഷ്മാനായി ഭവിക്കുന്നു. അയാൾ പ്രശസ്തമായി ജീവിക്കുന്നു, (ജ്യോഗ്ജീവതി.) (അയാൾക്കു്) സന്താനസമ്പത്തും മൃഗസമ്പത്തും ഉണ്ടാകുന്നു. യശസ്സുകൊണ്ട് മഹാനായും ഭവിക്കുന്നു. അഗ്നിക്ക് അഭിമുഖമായി ഇരുന്നുകൊണ്ട് ആചമിക്കുകയോ (ജലപാനം ചെയ്യുകയോ), നിഷ്ഠീവനം ചെയ്യുകയോ (തുപ്പുകയോ) അരുത്. അതാണ് അയാളുടെ വ്രതം.

# പതിമൂന്നാം ഖണ്ഡം

വാമദേവ്യ സാമോപാസന

1. ഉപമന്ത്രയതേ സ ഹിംകാരഃ ജ്ഞപയതേ സ പ്രസ്താവഃ സ്ത്രിയാ സഹ ശേതേ സ ഉദ്ഗീഥഃ പ്രതി-സ്ത്രീം സഹശേതേ സ പ്രതിഹാരഃ കാലം ഗച്ഛതി തത് നിധനം പാരം ഗച്ഛതി തത് നിധനം ഏതദ് വാമദേവ്യം മിഥുനേ പ്രോതം.

ഉപമന്ത്രിക്കുന്നു (സ്ത്രീയെ അടുത്തു വിളിക്കുന്നു) എന്നത് ഹിംകാരം; അന്തർഗതം അറിയിക്കുന്നു (ജ്ഞപയതേ) എന്നത് പ്രസ്താവം; സ്ത്രീയോടൊത്തു ശയിക്കുന്നു എന്നത് ഉദ്ഗീഥം; (തനിക്ക് അനേകം പത്നിമാരുള്ളതിൽ) ഓരോരുത്തിയോടുംകൂടി ശയിക്കുന്നത് പ്രതിഹാരം; മൈഥുനം മുഖേന സമയം കഴിയുന്നു എന്നത് നിധനം; മൈഥുനം തീരുന്നു എന്നതും നിധനം തന്നെ. ഈ വാമദേവ്യസാമം സ്ത്രീപുരുഷരിൽ (മിഥുനത്തിൽ) സ്ഥിതി ചെയ്യുന്നു. (മൈഥുന കർമ്മം ആധ്യാത്മിക ഭാവത്തിൽ)

2. സ യ ഏവം ഏതദ് വാമദേവ്യം മിഥുനേ പ്രോതം വേദ മിഥുനീ ഭവതി, മിഥുനാത് മിഥുനാത് പ്രജായതേ സർവമായുഃ ഏതി ജ്യോഗ്ജീവതി, മഹാൻ പ്രജയാ പശുഭിഃ ഭവതി, മഹാൻ കീർത്ത്യാ. ന കാംചന പരിഹരേത് തദ്വ്രതം

ഇപ്രകാരം ഈ വാമദേവ്യസാമത്തെ ഓരോ സ്ത്രീ പുരുഷനിലും (മിഥുനത്തിലും) സ്ഥിതി ചെയ്യുന്നതായി അറിയുന്ന പുരുഷൻ മിഥുനീഭവിക്കുന്നു (മിഥുനമായിത്തീരുന്നു). സ്ത്രീപുരുഷയുഗ്മത്തിൽ ഒരു ആളായിത്തീരുന്നു.) ഓരോ മിഥുനത്തിൽനിന്നും (സ്ത്രീ പുരുഷയുഗ്മത്തിൽനിന്നും) സന്താനങ്ങൾ ജനിക്കുന്നു. അവൻ (വാമദേവ്യസാമജ്ഞൻ) പൂർണ്ണായുഷ്മാനായി ഭവിക്കുന്നു; പ്രശസ്തമായി ജീവിക്കുന്നു; അയാൾക്ക് സന്താനസമ്പത്തും മൃഗസമ്പത്തും ഉണ്ടാകുന്നു; യശസ്സുകൊണ്ട് മഹാനായും ഭവിക്കുന്നു. ഒരു സ്ത്രീയെയും നിന്ദിക്കരുത്. ഇത് (അയാളുടെ) വ്രതമാണ്.

## പതിനാലാം ഖണ്ഡം

### ബൃഹത് സാമോപാസന

1. ഉദ്യൻ ഹിംകാരഃ ഉദിതഃ പ്രസ്താവഃ മധ്യന്ദിനം ഉദ്ഗീഥഃ അപരാഹ്ണഃ പ്രതിഹാരഃ അസ്തം യത് നിധനം ഏതദ് ബൃഹദ് ആദിത്യേ പ്രോതം.

ഉദിക്കുന്ന സൂര്യൻ ഹിംകാരവും; ഉദിച്ചു കഴിഞ്ഞ സൂര്യൻ പ്രസ്താവവും; മധ്യാഹ്ന സൂര്യൻ ഉദ്ഗീഥവും അപരാഹ്നസൂര്യൻ (ഉച്ചകഴിഞ്ഞ സൂര്യൻ) പ്രതിഹാരവും; അസ്തമയ സൂര്യൻ നിധനവും ആകുന്നു. ഇതാണ് സൂര്യനിൽ സ്ഥിതി ചെയ്യുന്ന ബൃഹത്സാമം

2. സ യ ഏവമേതദ് ബൃഹദ് ആദിത്യേ പ്രോതം വേദ തേജസ്വീ അന്നാദഃ ഭവതി. സർവമായുരേതി ജ്യോഗ്ജീവതി മഹാൻ പ്രജയാ പശുഭിർ ഭവതി; മഹാൻ കീർത്യാ തപന്തം ന നിന്ദേത് തദ് വ്രതം.

ഇപ്രകാരം ഈ ബൃഹത്സാമം സൂര്യനിൽ സ്ഥിതി ചെയ്യുന്നു എന്നറിയുന്ന പുരുഷൻ തേജസ്വിയും അന്നഭോക്താവുമായിത്തീരുന്നു. അവൻ പൂർണ്ണായുഷ്മാനായി ഭവിക്കുന്നു. അയാൾ പ്രശസ്തമായി ജീവിക്കുന്നു. അയാൾക്ക് സന്താനസമ്പത്തും മൃഗസമ്പത്തും ഉണ്ടാകുന്നു. യശസ്സുകൊണ്ട് മഹാനായും ഭവിക്കുന്നു. തപിച്ചുകൊണ്ടിരിക്കുന്ന സൂര്യനെ നിന്ദിക്കരുത്, ഇതാണ് അയാളുടെ വ്രതം.

## പതിനഞ്ചാം ഖണ്ഡം

### വൈരൂപ സാമോപാസന

1. അഭ്രാണി സംപ്ലവന്തേ സ ഹിംകാരഃ മേഘഃ ജായതേ സ പ്രസ്താവഃ വർഷതി സ ഉദ്ഗീഥഃ; വിദ്യോതതേ

സ്തനയതി സ പ്രതിഹാരഃ ഉദ്ഗൃഹ്ണാതി തത് നിധനം, ഏതദ് വൈരൂപം പർജന്യേ പ്രോതം.

മേഘങ്ങൾ പൊങ്ങിവരുന്നതു ഹിംകാരം; മേഘം രൂപം കൊള്ളുന്നത് പ്രസ്താവം; വർഷിക്കുന്നു എന്നത് ഉദ്ഗീഥം; കൊള്ളിമീൻ മിന്നുന്നതും ഇടി വെട്ടുന്നതും പ്രതിഹാരം; മഴ തോരുന്നത് (ഉദ്ഗൃഹ്ണാതി) നിധനം. ഈ വൈരൂപസാമം മേഘത്തിൽ സ്ഥിതി ചെയ്യുന്നു.

2. സ യ ഏവം ഏതദ് വൈരൂപം പർജന്യേ പ്രോതം വേദ വിരൂപാംശ്ച സുരൂപാംശ്ച പശൂൻ അവരുന്ധേ. സർവമായുരേതി ജ്യോഗ്ജീവതി മഹാൻ പ്രജയാ പശുഭിർ ഭവതി മഹാൻ കീർത്യാ വർഷന്തം ന നിന്ദേത് തദ് വ്രതം.

ഇപ്രകാരം ഈ വൈരൂപസാമം പർജ്ജന്യനിൽ (മേഘത്തിൽ) സ്ഥിതി ചെയ്യുന്നു എന്ന് അറിയുന്ന പുരുഷന് സുരൂപങ്ങളും, വിരൂപങ്ങളുമായ (ബഹുവിധരൂപത്തിലുള്ള) മൃഗങ്ങളെ ലഭിക്കുന്നു അയാൾ പൂർണ്ണായുഷ്മാനായി ഭവിക്കുന്നു; പ്രശസ്തമായി ജീവിക്കുന്നു. അയാൾക്ക് സന്താനസമ്പത്തും മൃഗസമ്പത്തും ഉണ്ടാകുന്നു. യശസ്സു കൊണ്ട് മഹാനായും ഭവിക്കുന്നു. വർഷിച്ചുകൊണ്ടിരിക്കുന്ന മേഘത്തെ നിന്ദിക്കരുത്. അതാണ് അയാളുടെ വ്രതം.

## പതിനാറാം ഖണ്ഡം

### വൈരാജ സാമോപാസന

1. വസന്തഃ ഹിംകാരഃ ഗ്രീഷ്മഃ പ്രസ്താവഃ വർഷാ ഉദ്ഗീഥഃ ശരത് പ്രതിഹാരഃ ഹേമന്തഃ നിധനം ഏതദ് വൈരാജം ഋതുഷു പ്രോതം.

വസന്തം ഹിംകാരവും, ഗ്രീഷ്മം പ്രസ്താവവും, വർഷം ഉദ്ഗീഥവും. ശരത്ത് പ്രതിഹാരവും, ഹേമന്തം നിധനവും ആകുന്നു. ഈ വൈരാജസാമം ഋതുക്കളിൽ സ്ഥിതി ചെയ്യുന്നു.

2. സ യ ഏവം ഏതദ് വൈരാജം ഋതുഷു പ്രോതം വേദ വിരാജതി പ്രജയാ പശുഭിർ ബ്രഹ്മവർച്ചസേന സർവ-മായുരേതി ജ്യോഗ്ജീവതി മഹാൻ പ്രജയാ പശുഭിർ ഭവതി മഹാൻ കീർത്യാ. ഋതൂൻ ന നിന്ദേത് തദ് വ്രതം.

ഇപ്രകാരം ഈ വൈരാജസാമം ഋതുക്കളിൽ സ്ഥിതി ചെയ്യുന്നു എന്നറിയുന്ന പുരുഷൻ സന്തതികളാലും, മൃഗങ്ങളാലും, ബ്രഹ്മ-

തേജസ്സിനാലും ശോഭിക്കുന്നു. അയാാം പൂർണ്ണായുഷ്മാനായി പ്രശസ്തമായി ജീവിക്കുന്നു. അയാാംക്ക് സന്താനസമ്പത്തും മൃഗ സമ്പത്തും ഉണ്ടാകുന്നു. യശസ്സുകൊണ്ട് മഹാനായും ഭവിക്കുന്നു. ഋതുക്കളെ നിന്ദിക്കരുത് എന്നതാണ് അയാളുടെ വ്രതം.

●

# പതിനേഴാം ഖണ്ഡം

ശകാരീ സാമോപാസന

1. പൃഥിവീ ഹിംകാരഃ അന്തരിക്ഷം പ്രസ്താവഃ ദ്യൗഃ ഉദ്ഗീഥഃ ദിശഃ പ്രതിഹാരഃ, സമുദ്രഃ നിധനം ഏതാഃ ശകര്യഃ ലോകേഷു പ്രോതാഃ.

പൃഥിവി ഹിംകാരവും, അന്തരിക്ഷം പ്രസ്താവവും, ദ്യോവ് ഉദ്ഗീഥവും, ദിക്കുകാം പ്രതിഹാരവും, സമുദ്രം നിധനവും ആകുന്നു. ഈ ശാകരീസാമം ലോകങ്ങളിൽ പ്രതിഷ്ഠിതമായിരിക്കുന്നു.

2. സ യ ഏവം ഏതാഃ ശകര്യഃ ലോകേഷു പ്രോതാഃ വേദ ലോകീ ഭവതി. സർവം ആയുരേതി ജ്യോഗ്ജീവതി മഹാൻ പ്രജയാ പശുഭിർ ഭവതി മഹാൻ കീർത്യാ, ലോകാൻ ന നിന്ദേത് തദ് വ്രതം.

ഇപ്രകാരം ഈ ശകരീസാമം ലോകങ്ങളിൽ പ്രതിഷ്ഠിതമായിരിക്കുന്നു എന്നറിയുന്ന പുരുഷൻ ലോകവാനായും (ലോകഭോഗമുള്ളവനായും) പൂർണ്ണായുഷ്മാനായും ഭവിക്കുന്നു. (അയാാം) പ്രശസ്തമായി ജീവിക്കുന്നു. അയാാംക്ക് സന്താന സമ്പത്തും മൃഗസമ്പത്തും ഉണ്ടാകുന്നു. യശസ്സുകൊണ്ട് മഹാനായും ഭവിക്കുന്നു. ലോകങ്ങളെ നിന്ദിക്കരുതെന്നതാണ് അയാളുടെ വ്രതം.

●

# പതിനെട്ടാം ഖണ്ഡം

രേവതീ സാമോപാസന

1. അജാഃ ഹിംകാരഃ അവയഃ പ്രസ്താവഃ ഗാവ ഉദ്ഗീഥഃ അശ്വാഃ പ്രതിഹാരഃ പുരുഷഃ നിധനം ഏതാ രേവത്യഃ പശുഷു പ്രോതാഃ.

ആടുകാം ഹിംകാരവും, ചെമ്മരിയാടുകാം പ്രസ്താവവും, ഗോക്കാം ഉദ്ഗീഥവും, കുതിരകാം പ്രതിഹാരവും. പുരുഷൻ നിധനവുമാകുന്നു. രേവതികാം എന്നു പറയുന്ന ഈ സാമം മൃഗങ്ങളിൽ സ്ഥിതി ചെയ്യുന്നു.

2. സ യ ഏവമേതാ രേവത്യഃ പശുഷു പ്രോതാ വേദ പശുമാൻ ഭവതി സർവം ആയുരേതി ജ്യോഗ്ജീവതി മഹാൻ പ്രജയാ പശുഭിർ ഭവതി മഹാൻ കീർത്യാ പശൂൻ ന നിന്ദേത് തദ് വ്രതം.

ഇപ്രകാരം ഈ രേവതീസാമം മൃഗങ്ങളിൽ സ്ഥിതിചെയ്യുന്നു എന്ന് അറിയുന്ന പുരുഷൻ മൃഗസമ്പത്തോടുകൂടിയവനായി ഭവിക്കുന്നു. അവൻ പൂർണ്ണായുഷ്മാനായി പ്രശസ്തനായി ജീവിക്കുന്നു. യശസ്സുകൊണ്ട് മഹാനായും ഭവിക്കുന്നു. മൃഗങ്ങളെ നിന്ദിക്കരുത് എന്നതാണ് അയാളുടെ വ്രതം.

## പത്തൊൻപതാം ഖണ്ഡം

യജ്ഞായജ്ഞീയ സാമോപാസന

1. ലോമ ഹിംകാരഃ ത്വക് പ്രസ്താവഃ മാംസം ഉദ്ഗീഥഃ അസ്ഥി പ്രതിഹാരഃ മജ്ജാ നിധനം ഏതദ് യജ്ഞായജ്ഞീയം അംഗേഷു പ്രോതം.

രോമം ഹിംകാരവും ത്വക്ക് പ്രസ്താവവും മാംസം ഉദ്ഗീഥവും അസ്ഥി പ്രതിഹാരവും, മജ്ജ നിധനവും ആകുന്നു. ഈ യജ്ഞായജ്ഞീയസാമം അംഗങ്ങളിൽ (ദേഹാവയവങ്ങളിൽ) സ്ഥിതിചെയ്യുന്നു.

2. സ യ ഏവം ഏതദ് യജ്ഞായജ്ഞീയം അംഗേഷു പ്രോതം വേദ അംഗീഭവതി, ന അംഗേന വിഹൂർച്ഛതി. സർവമായുരേതി ജ്യോഗ്ജീവതി, മഹാൻ പ്രജയാ പശുഭിർ ഭവതി മഹാൻ കീർത്യാ സംവത്സരം മജ്ജ്ഞോ ന അശ്നീയാത്. തദ് വ്രതം മജ്ജ്ഞോ നാശ്നീയാത് ഇതി വാ.

ഇപ്രകാരം ഈ യജ്ഞായജ്ഞീയ സാമം അംഗങ്ങളിൽ സ്ഥിതി ചെയ്യുന്നു എന്ന് അറിയുന്ന പുരുഷൻ നല്ല അംഗമുള്ളവനായി ഭവിക്കുന്നു. അവന് അംഗവൈകല്യം സംഭവിക്കുകയില്ല. അവൻ പൂർണ്ണായുഷ്മാനായി പ്രശസ്തനായി ജീവിക്കുന്നു. അയാൾക്ക് പ്രജാസമ്പത്തും മൃഗസമ്പത്തും ഉണ്ടാകുന്നു. യശസ്സുകൊണ്ടു മഹാനായി ഭവിക്കുന്നു. ഒരു സംവത്സരം മാംസം ഭക്ഷിക്കരുത് അല്ലെങ്കിൽ ഒരിക്കലും മാംസം ഭക്ഷിക്കരുത് എന്നതാണ് അയാളുടെ വ്രതം.

# ഇരുപതാം ഖണ്ഡം

രാജനസാമോപാസന

1. അഗ്നിഃ ഹിംകാരഃ വായുഃ പ്രസ്താവഃ ആദിത്യഃ ഉദ്ഗീഥഃ നക്ഷത്രാണി പ്രതിഹാരഃ ചന്ദ്രമാ നിധനം ഏതദ് രാജനം ദേവതാസു പ്രോതം.

അഗ്നി ഹിംകാരവും, വായു പ്രസ്താവവും, ആദിത്യൻ ഉദ്ഗീഥവും, നക്ഷത്രങ്ങൾ പ്രതിഹാരവും, ചന്ദ്രൻ നിധനവും ആകുന്നു. ഈ രാജനസാമം ദേവതകളിൽ പ്രതിഷ്ഠിതമായിരിക്കുന്നു.

2. സ യ ഏവം ഏതദ് രാജനം ദേവതാസു പ്രോതം വേദ ഏതാസാം ഏവ ദേവതാനാം സലോകതാം സർഷ്ടിതാം സായുജ്യം ഗച്ഛതി. സർവമായുരേതി ജ്യോഗ്ജീവതി മഹാൻ പ്രജയാ പശുഭിർ ഭവതി മഹാൻ കീർത്യാ. ബ്രാഹ്മണാൻ ന നിന്ദേത് തദ് വ്രതം.

ഇപ്രകാരം ഈ രാജനസാമം ദേവൻമാരിൽ പ്രതിഷ്ഠിതമായിരിക്കുന്നു എന്ന് അറിയുന്ന പുരുഷൻ ആ ദേവൻമാരുടെ സാലോക്യം, സർഷ്ടിതാ (സമാനൈശ്വര്യം) സായുജ്യം എന്നിവ പ്രാപിക്കുന്നു. അവൻ പൂർണ്ണായുഷ്മാനായി ഉജ്ജ്വലമായ ജീവിതം നയിക്കുന്നു. അയാൾക്ക് സന്താനസമ്പത്തും മൃഗസമ്പത്തും ഉണ്ടാകുന്നു. യശസ്സുകൊണ്ട് മഹാനായും ഭവിക്കുന്നു. ബ്രാഹ്മണരെ നിന്ദിക്കരുത് എന്നുള്ളതാണ് അയാളുടെ വ്രതം.

# ഇരുപത്തൊന്നാം ഖണ്ഡം

സർവവിഷയകമായ സാമോപാസന

1. ത്രയീവിദ്യാ ഹിംകാരഃ ത്രയ ഇമേ ലോകാഃ സ പ്രസ്താവഃ അഗ്നിർ വായുരാദിത്യഃ സ ഉദ്ഗീഥഃ നക്ഷത്രാണി വയാംസി മരീചയഃ സ പ്രതിഹാരഃ സർപാ ഗന്ധർവാഃ പിതരഃ തത് നിധനം ഏതദ് സാമ സർവസ്മിൻ പ്രോതം.

ത്രയീവിദ്യ (മൂന്നു വേദങ്ങൾ) ഹിംകാരം; ത്രിലോകങ്ങൾ പ്രസ്താവം; അഗ്നി, വായു, ആദിത്യൻ എന്നിവ ഉദ്ഗീഥം; നക്ഷത്രങ്ങൾ, പക്ഷികൾ, കിരണങ്ങൾ എന്നിവ പ്രതിഹാരം; സർപ്പങ്ങൾ, ഗന്ധർവ്വൻമാർ, പിതൃക്കൾ—ഇവ നിധനവുമാണ്. ഈ സാമോപാസന എല്ലാററിലും പ്രോതമായിരിക്കുന്നു.

2. സ യ ഏവം ഏതദ് സാമ സർവസ്മിൻ പ്രോതം വേദ സർവം ഹ ഭവതി.

ഇപ്രകാരം എല്ലാററിലും, പ്രോതമായിരിക്കുന്ന സാമത്തെ അറിയുന്ന പുരുഷൻ സർവവുമായിത്തീരുന്നു. സർവാധിപതിയായി ത്തീരുന്നു എന്നർത്ഥം.

സർവ വിഷയകമായ സാമോപാസനയുടെ ഉത്കർഷം

3. തദേഷ ശ്ലോകഃ, യാനി പഞ്ചധാ ത്രീണി ത്രീണി തേഭ്യഃ ന ജ്യായഃ പരം അന്യദ് അസ്തി.

അതിനെപ്പററി ഇവിടെ ഇങ്ങനെ ശ്ലോകം (മന്ത്രം) ഉണ്ട്. ഹിംകാരം മുതലായ അഞ്ചു വിഭാഗങ്ങളോടുകൂടി മുമ്മൂന്നായി പറയുന്ന ത്രയീവിദ്യകളെക്കാൾ മഹത്തരമായും അവയിൽനിന്നു ഭിന്നമായും മററൊന്നുമില്ല.

4. യഃ തദ് വേദ സ വേദ സർവം സർവാ ദിശോ ബലിം അസ്മൈ ഹരന്തി സർവം അസ്മി ഇതി ഉപാസീത തദ് വ്രതം തദ് വ്രതം.

ഇതറിയുന്നവൻ സർവവും അറിയുന്നു. അവന് സർവദിക്കുകളും ഉപഹാരം (ബലി) അർപ്പിക്കുന്നു. ഞാൻ സർവവുമാണ് എന്നുള്ള ഭാവനയോടുകൂടി ഉപാസിക്കണം. അതാണ് അയാളുടെ വ്രതം. അതാണ് വ്രതം.

## ഇരുപത്തിരണ്ടാം ഖണ്ഡം

വിനർദി എന്ന ഗുണവിശിഷ്ടമായ സാമോപാസന

1. വിനർദി സാമ്നഃ വൃണേ പശവ്യം ഇതി അഗ്നേഃ ഉദ്ഗീഥഃ അനിരുക്തഃ പ്രജാപതേഃ നിരുക്തഃ സോമസ്യ മൃദുശ്ലക്ഷ്ണം വായോഃ ശ്ലക്ഷ്ണം ബലവദ് ഇന്ദ്രസ്യ ക്രൗഞ്ചം ബൃഹസ്പതേഃ അപധ്വാന്തം വരുണസ്യ. താൻ സർവാൻ ഏവ ഉപസേവേത വാരുണം തു ഏവ വർജയേത്.

സാമഗാനത്തിൽ വിനർദി (കാളയുടെ ശബ്ദം പോലെയുള്ളതും, കന്നുകാലികൾക്കു ഹിതകരവും (പശവ്യം) ആയ ഗാനത്തെ ഞാൻ പാടുന്നു എന്ന് ചില ഉദ്ഗാതാക്കളോ യജമാനൻമാരോ വിചാരിക്കുന്നു. അത് മൃഗങ്ങൾക്ക് ഹിതകരവും അഗ്നിയുടെ ഉദ്ഗീഥവുമാണ്. പ്രജാപതിയുടെ ഉദ്ഗീഥം അസ്പഷ്ടവും (അനിരുക്തം) സോമൻേറത് സ്പഷ്ടവും, വായുവിൻേറത് മൃദുലവും ശ്ലക്ഷ്ണവും, ഇന്ദ്രൻേറത് ശ്ലക്ഷ്ണവും ബലവത്തും, ബൃഹസ്പതിയുടേത് ക്രൗഞ്ചവും (ക്രൗഞ്ചപക്ഷിയുടെ ശബ്ദം പോലെയുള്ളത്) വരുണൻേറതു അപധ്വാന്തവും (ദുശ്ശ്രവവും) ആകുന്നു.

ഈ എല്ലാ ഉദ്ഗീഥങ്ങളെയും പ്രയോഗിക്കാം. എന്നാൽ വരുണനെ സംബന്ധിക്കുന്ന ഉദ്ഗീഥത്തെ മാത്രം വർജ്ജിക്കണം.

2. അമൃതത്വം ദേവേഭ്യഃ ആഗായാനി ഇതി ആഗായേത്. സ്വധാം പിതൃഭ്യ ആശാം മനുഷ്യേഭ്യഃ തൃണോദകം പശുഭ്യഃ സ്വർഗ്ഗം ലോകം യജമാനായ അന്നം ആത്മന ആഗായാനി ഇതി ഏതാനി മനസാ ധ്യായക്ൾ ന പ്രമത്തഃ സ്തുവീത.

ഞാൻ ദേവൻമാർക്ക് അമൃതത്വം ആഗാനം ചെയ്യട്ടെ, പിതൃക്കൾക്ക് സ്വധയും മനുഷ്യർക്ക് ആശയും (അഭീഷ്ടവും) മൃഗങ്ങൾക്ക് തൃണവും ജലവും, യജമാനന് സ്വർഗ്ഗലോകവും, തനിക്ക് അന്നവു ആഗാനം ചെയ്യാം. (ഗാനം കൊണ്ടു സാധിക്കാം) എന്നു ധ്യാനിച്ചു കൊണ്ട് അപ്രമത്തനായി സ്തുതിക്കണം.

3. സർവേ സ്വരാ ഇന്ദ്രസ്യ ആത്മാനഃ സർവ ഊഷ്മണഃ പ്രജാപതേഃ ആത്മാനഃ സർവേ സ്പർശാ മൃത്യോഃ ആത്മാനഃ തം യദി സ്വരേഷു ഉപാലഭേത ഇന്ദ്രം ശരണം പ്രപന്നഃ അഭൂവം സ ത്വാ പ്രതിവക്ഷ്യതി ഇതി ഏനം ബ്രൂയാത്.

എല്ലാ സ്വരങ്ങളും ഇന്ദ്രന്റെ ആത്മാവാണ്. എല്ലാ ഊഷ്മ വർണ്ണങ്ങളും പ്രജാപതിയുടെ ആത്മാവാണ്. എല്ലാ സ്പർശ വർണ്ണങ്ങളും മൃത്യുവിന്റെ ആത്മാവാണ്. ഇപ്രകാരം അറിയുന്ന ഉദ്ഗാതാവിനെ സ്വരാക്ഷരങ്ങളെ സംബന്ധിച്ച് കുററപ്പെടുത്തുകയാണെങ്കിൽ "ഞാൻ ഇന്ദ്രനെ ശരണം പ്രാപിച്ചിരിക്കുകയാണെന്നും ഇന്ദ്രൻ തന്നെ ഇതിനു മറുപടി തരാമെന്നും പറയണം.

4. അഥ യദി ഏനം ഊഷ്മാസു ഉപാലഭേത പ്രജാതിം ശരണം പ്രപന്നഃ അഭൂവം സ ത്വാ പ്രതിപേക്ഷ്യതി ഇതി ഏനം ബ്രൂയാത് അഥയദി ഏതം സ്പർശേഷു ഉപാലഭേത മൃത്യും ശരണം പ്രപന്നഃ അഭൂവം സ ത്വാ പ്രതിധക്ഷ്യതി ഇതി ഏനം ബ്രൂയാത്.

ആരെങ്കിലും ഉദ്ഗാതാവിനെ ഊഷ്മ വർണ്ണങ്ങളെ സംബന്ധിച്ച് കുററപ്പെടുത്തുകയാണെങ്കിൽ "ഞാൻ പ്രജാപതിയെ ശരണം പ്രാപിച്ചിരിക്കുകയാണെന്നും ആ ദേവൻ നിന്നെ തകർക്കും" എന്നും പറയണം. സ്പർശവർണ്ണത്തെ സംബന്ധിച്ച് ആരെങ്കിലും ഉദ്ഗാതാവിനെ കുററപ്പെടുത്തുകയാണെങ്കിൽ ഞാൻ "മൃത്യുവിനെ ശരണം പ്രാപിച്ചിരിക്കുകയാണെന്നും ആ ദേവൻ നിന്നെ ദഹിപ്പിക്കും എന്നും പറയണം."

വർണ്ണോച്ചാരണ സന്ദർഭത്തിൽ ചിന്ത്യമായിട്ടുള്ളത്

5. സർവേ സ്വരാ ഘോഷവന്തഃ ബലവന്തഃ വക്തവ്യാഃ ഇന്ദ്രേ ബലം ദദാനി ഇതി സർവ ഊഷ്മാണഃ അഗ്രസ്താ അനിരസ്താ വിവൃതാ വക്തവ്യാഃ പ്രജാപതേഃ ആത്മാനം പരിദദാനി ഇതി സർവേ സ്പർശാ ലേശേന അനഭിനിഹിതാ വക്തവ്യാ മൃത്യോ രാത്മാനം പരിഹരാണീതി

ഞാൻ ഇന്ദ്രനു ബലം കൊടുക്കട്ടെ എന്നു വിചാരിച്ചുകൊണ്ട് എല്ലാ സ്വരങ്ങളും ഘോഷമായും ബലമായും ഉച്ചരിക്കണം. ഞാൻ പ്രജാപതിക്ക് ബലത്തെ കൊടുക്കട്ടെ എന്നു വിചാരിച്ചുകൊണ്ട് എല്ലാ ഊഷ്മ വർണ്ണങ്ങളും അഗ്രസ്തമായും, അനിരസ്തമായും, വിവൃതമായും ഉച്ചരിക്കണം. ഞാൻ മൃത്യുവിൽനിന്നും രക്ഷ നേടട്ടെ എന്നു വിചാരിച്ചുകൊണ്ട് എല്ലാ സ്പർശ വർണ്ണങ്ങളേയും സാവധാനത്തിൽ മററു വർണ്ണങ്ങളോടു ചേരാതെ ഉച്ചരിക്കണം.

(അഗ്രസ്തമായി—ഗ്രസിക്കാതെ, വിഴുങ്ങാതെ, വ്യക്തമായി. അനിരസ്തമായി—നിരസിക്കാതെ, വിട്ടുകളയാതെ. വിവൃതമായി—വ്യക്തമായി)

## ഇരുപത്തിമൂന്നാം ഖണ്ഡം

1. ത്രയോ ധർമ്മസ്കന്ധാ യജ്ഞഃ അധ്യയനം ദാനം ഇതി. പ്രഥമം തപ ഏവ ദ്വിതീയഃ ബ്രഹ്മചാര്യാചാര്യകുലവാസീ തൃതീയഃ അത്യന്തം ആത്മാനഃ ആചാര്യകുലേ അവസാദയൻ സർവ ഏതേ പുണ്യ ലോകാ ഭവന്തി ബ്രഹ്മസംസ്ഥം അമൃതത്വമേതി.

ധർമ്മത്തിന് മൂന്ന് സ്കന്ധങ്ങൾ (പ്രവിഭാഗങ്ങൾ) ഉണ്ട്. അവയിൽ ഒന്നാമത്തേത് യജ്ഞം, അധ്യയനം ദാനം എന്നിവ. രണ്ടാമത്തേത് തപസ്സുതന്നെ. മൂന്നാമത്തേത് ജീവിതകാലം മുഴുവൻ ആചാര്യഗൃഹത്തിൽ വസിച്ചു അത്യന്തം ക്ലേശം സഹിച്ച്കൊണ്ട് വസിക്കുന്നത്. ഇവരെല്ലാം (ഈ മൂന്ന് ആശ്രമികളും) പുണ്യലോകാർഹരായി ഭവിക്കുന്നു. ബ്രഹ്മസംസ്ഥരായി അമൃതരൂപം പ്രാപിക്കുന്നു.

ത്രയീ വിദ്യയും വ്യാഹൃതികളുടെ ഉത്പത്തിയും

2. പ്രജാപതിഃ ലോകാൻ അഭ്യതപത് തേഭ്യഃ അഭിതപ്തേഭ്യഃ ത്രയീവിദ്യാ സംപ്രാസ്രവത്. താം അഭ്യതപത് തസ്യാ അഭിതപ്തായാ ഏതാനി അക്ഷരാണി സംപ്രാ സ്രവന്ത ഭൂഃ ഭുവഃ സ്വഃ ഇതി.

പ്രജാപതി ലോകങ്ങളെ ധ്യാനിച്ച് തപം ചെയ്തു. അങ്ങനെ ധ്യാനിച്ച ആ ലോകങ്ങളിൽനിന്നും ത്രയീവിദ്യ (മൂന്നു വേദങ്ങളും) പ്രസവിച്ചു. (ഉത്പന്നമായി). അവയെയും ധ്യാനിച്ച് തപം ചെയ്തു. ആ ത്രയീവിദ്യയിൽനിന്നും ഭൂഃ ഭുവഃ സ്വഃ എന്നീ വ്യാഹൃതിരൂപമായ അക്ഷരങ്ങൾ ഉണ്ടായി.

●

ഓംകാരത്തിന്റെ ഉത്പത്തി

3. താനി അഭ്യതപത് തേഭ്യോ / ഭിതപ്തേഭ്യ: ഓംകാരഃ സംപ്രാസ്രവത്. തത് യഥാ ശങ്കുനാ സർവാണി പർണ്ണാനി സംതൃണ്ണാനി ഏവം ഓംകാരേണ സർവാ വാക് സംതൃണ്ണാ ഓംകാര ഏവ ഇദം സർവം ഓംകാര ഏവ ഇദം സർവം.

പിന്നീട് പ്രജാപതി ആ അക്ഷരങ്ങളെ (ധ്യാനിച്ചു)തപം ചെയ്തു. ആ അക്ഷരങ്ങളിൽനിന്നും ഓംകാരം പ്രസവിച്ചു (പുറപ്പെട്ടു ഒഴുകി). ഇലപ്പരപ്പുമുഴുവനും ഞരമ്പുകൾ വ്യാപിച്ചിരിക്കുന്നതുപോലെ എല്ലാ വാക്കുകളിലും ഓംകാരം വ്യാപിച്ചിരിക്കുന്നു. ഇവയെല്ലാം ഓംകാരം തന്നെ. ഓംകാരം തന്നെ.

●

## ഇരുപത്തിനാലാം ഖണ്ഡം

സവനങ്ങൾക്ക് അധികാരിയായ ദേവത

1. ബ്രഹ്മവാദിനഃ വദന്തി യദ് വസൂനാം പ്രാതഃ സവനം രുദ്രാണാം മാധ്യന്ദിനം സവനം ആദിത്യാനാം ച വിശ്വേഷാം ച ദേവാനാം തൃതീയസവനം.

2. ക്വ തർഹി യജമാനസ്യ ലോക ഇതി സ യസ്തം ന വിദ്യാത് കഥം കുര്യാദ് അഥ വിദ്വാൻ കുര്യാത്.

പ്രാതഃസവനം വസുക്കളുടേതാണെന്നും, മധ്യാഹ്നസവനം രുദ്രൻമാരുടേതാണെന്നും, തൃതീയസവനം ആദിത്യൻമാരുടെയും വിശ്വദേവൻമാരുടെയും ആണെന്നും ബ്രഹ്മവാദികൾ പറയുന്നു.

അങ്ങനെയാണെങ്കിൽ യജമാനന്റെ ലോകം ഏതാണ്. ഇത് അറിയാത്ത യജമാനൻ എങ്ങനെയാണ് യജ്ഞം ചെയ്യുന്നത്? അതുകൊണ്ട് അതിനെപ്പററി അറിഞ്ഞതിനുശേഷം മാത്രമേ യജ്ഞം ചെയ്യാവൂ.

●

പ്രാതഃസവനത്തിൽ വസുദേവതാ സംബന്ധിയായ സാമഗാനം

3. പുരാ പ്രാതരനുവാകസ്യ ഉപാകരണാത് ജഘനേന ഗാർഹപത്യസ്യ ഉദങ്മുഖ ഉപവിശ്യ സ വാസവം സാമ അഭിഗായതി.

4. ലോ 3 കദ്വാരമപാ വാ 3 ർ ണൂ 33 പശ്യേമ ത്വാ വയം രാ 33333 ഹു 3 മ് ആ 33 ജ്യാ 3 യോ 3 ആ 32111 ഇതി.

(പ്രഭാതത്തിലെ അനുവാകം (പ്രാതരനുവാകം) ആരംഭിക്കുന്നതിനു മുമ്പ് യജമാനൻ ഗാർഹപത്യാഗ്നിക്കു പിന്നിലായി വടക്കു നോക്കി ഇരുന്നുകൊണ്ട് വസുക്കളെപ്പറ്റിയുള്ള സാമഗാനം ആലപിക്കുന്നു. ലോക കവാടത്തെ തുറക്കുക. നാം രാജ്യത്തിനായി അങ്ങയെ കാണട്ടെ.

5. അഥ ജുഹോതി—നമോ അഗ്നയേ പൃഥിവീ ക്ഷിതേ ലോകക്ഷിതേ ലോകം മേ യജമാനായ വിന്ദ ഏഷ വൈ യജമാനസ്യ ലോക ഏതാസ്മി അത്ര യജമാനഃ പരസ്താദ് ആയുഷഃ സ്വാഹാ അപജഹി പരിഘം ഇതി ഉക്ത്വാ ഉത്തിഷ്ഠതി തസ്മൈ വസവഃ പ്രാതഃ സവനം സംപ്രയച്ഛന്തി.

അതിനുശേഷം താഴെ പറയുന്ന മന്ത്രം കൊണ്ടു ഹോമിക്കുന്നു. പൃത്ഥ്വീ ലോകത്തിൽ വസിക്കുന്ന അഗ്നിയായ അങ്ങേയ്ക്ക് നമസ്കാരം. യജമാനനായ എനിക്ക് ലോകത്തെ പ്രാപ്തമാക്കുക. യജമാനനായ ഞാൻ ജീവിതകാലം കഴിഞ്ഞ് ഈ ലോകത്തിൽ ഗമിക്കട്ടെ. "സ്വാഹാ" എന്ന് ഉച്ചരിക്കുന്നു. ലോകകവാടത്തിന്റെ അർഗ്ഗളത്തെ (സാക്ഷയെ) നീക്കുക "എന്നു പറഞ്ഞ് എഴുന്നേൽക്കുന്നു. ആ യജമാനന് വസുക്കൾ പ്രാതഃസവനത്തെ സംബന്ധിക്കുന്ന ലോകത്തെ പ്രദാനം ചെയ്യുന്നു.

6. പുരാ മാധ്യംദിനസ്യ സവനസ്യ ഉപാകരണാത് ജഘനേന ആഗ്നീധ്രീയസ്യ ഉദങ്മുഖ ഉപവിശ്യ സ രൗദ്രം സാമാഭിഗായതി. ലോ 3 ക ദ്വാരമപാവാ 3 ർ ണൂ 33 പശ്യേമ ത്വാ വയം വൈരാ 33333 ഹൂ മ് 3 ആ 33 ജ്യാ 3 യോ 3 ആ 32111 ഇതി.

മദ്ധ്യാഹ്നസവനത്തിന്റെ (ഉപാകരണത്തിനു) ആരംഭത്തിനു മുമ്പ് ദക്ഷിണാഗ്നിയുടെ (ആഗ്നീധ്രീയം) പിറകിൽ ഉത്തരാഭിമുഖമായിഇരുന്ന് യജമാനൻ രുദ്രൻ ദേവതയായിട്ടുള്ള സാമത്തെ അഭിഗാനം ചെയ്യുന്നു. :— "ലോകകവാടം തുറക്കുക. ഞങ്ങൾ വൈരാജ്യത്തിനായി അങ്ങയെ കാണട്ടെ."

7. അഥ ജുഹോതി—നമോ വായവേ അന്തരീക്ഷക്ഷിതേ ലോകക്ഷിതേ ലോകം മേ യജമാനായ വിന്ദ. ഏഷ വൈ യജമാനസ്യ ലോക ഏതാസ്മി അത്ര യജമാനഃ പരസ്താദ് ആയുഷഃ സ്വാഹാ അപജഹി പരിഘം ഇതി ഉക്ത്വാ ഉത്തിഷ്ഠതി; തസ്മൈ രുദ്രാ മാധ്യംദിനം സവനം സംപ്രയച്ഛന്തി.

പിന്നീടു ഹോമിക്കുന്നു:– "അന്തരീക്ഷലോകത്തു സ്ഥിതി ചെയ്യുന്ന വായുവിനു നമസ്കാരം. യജമാനനായ എനിക്കു ലോകത്തെ പ്രാപ്തമാക്കുക. ഇത് യജമാനന്റെ ലോകമാണ്. യജമാനനായ ഞാൻ ആയുസ്സിനുശേഷം ഈ ലോകത്ത് ഗമിക്കട്ടെ". സ്വാഹാ എന്നുപറഞ്ഞു ഹോമിക്കുന്നു ലോകകവാടത്തിലുള്ള വിലങ്ങുതടിയെ നീക്കംചെയ്യുക "എന്ന് പറഞ്ഞ് എഴുന്നേൽക്കുന്നു. അവന് രുദ്രൻ മാധ്യംദിന സവനത്തെ പ്രദാനം ചെയ്യുന്നു.

**8. പുരാ തൃതീയസവനസ്യ ഉപാകരണാത് ജഘനേന ആഹവനീയസ്യ ഉദങ്മുഖ ഉപവിശ്യ സ ആദിത്യം സ വൈശ്വദേവം സാമാഭിഗായതി:—ലോ 3 കദ്വാരമപാവാ 3 ർണ്ണൂ 33 പശ്യേമ ത്വാ വയം സ്വാരാ 33333 ഹു മ് 3 ആ 33 ജ്യാ 3 യോ 3 ആ 32111 ഇതി ആദിത്യം: അഥ വൈശ്വദേവം:– ലോ 3 കദ്വാരമപാവാ 3 ർണ്ണൂ 33 പശ്യേമ ത്വാ വയം സാമ്നാ 33333 ഹു 3 മ് ആ 3 യോ 3 ആ 32 111 ഇതി.**

മൂന്നാമത്തെ സവനത്തിന്റെ ആരംഭത്തിനുമുമ്പ് ആഹവനീയാഗ്നിയുടെ പിറകിൽ വടക്കോട്ടു മുഖമായിട്ട് ഇരുന്ന് യജമാനൻ ആദിത്യൻ ദേവതയായിട്ടുള്ള സാമത്തെയും വിശ്വദേവന്മാർ ദേവതയായിട്ടുള്ള സാമത്തെയും അഭിഗാനം ചെയ്യുന്നു.

**9. ലോ 3 കദ്വാരം അപാവ 3 ർ ണ്ണൂ 33 പശ്യേമ ത്വാ വയം സാമ്നാ 33333 ഹു 3 മ് ആ 33 ജ്യാ 3 യോ 3 ആ 32111 ഇതി.**

**10. ആദിത്യം അഥ വൈശ്വദേവം ലോ 3 കദ്വാരം അപാവാ 3 ർ ണ്ണൂ 33 പശ്യേമ ത്വാ വയം സാമ്നാ 33333 ഹു 3 മ് ആ 33 ജ്യാ 3 യോ 3 ആ 32111 ഇതി.**

"സ്വർഗ്ഗലോകകവാടം തുറന്നുതന്നാലും. ഞങ്ങൾ സ്വർഗ്ഗം കിട്ടാൻവേണ്ടി അങ്ങയെ കാണട്ടെ " ഇത് ആദിത്യനെപ്പററിയുള്ള സാമമാണ്. ഇനി വിശ്വദേവകളെപ്പററിയുള്ള സാമമാണ്. ലോകകവാടം തുറന്നുതന്നാലും, ഞങ്ങൾ സ്വർഗ്ഗം പ്രാപിക്കാൻവേണ്ടി അങ്ങയെ കാണട്ടെ.

**11. അഥ ജൂഹോതി:–നമ ആദിത്യേഭ്യശ്ച വിശ്വേഭ്യശ്ച ദേവേഭ്യഃ ദിവിക്ഷിദ്ഭ്യോ ലോകക്ഷിദ്ഭ്യോ ലോകം മേ യജമാനായ വിന്ദത.**

അനന്തരം യജമാനൻ ഈ മന്ത്രംചൊല്ലി ഹോമിക്കുന്നു:. സ്വർഗ്ഗത്തിൽ വസിക്കുന്ന ആദിത്യന്മാർക്കും വിശ്വദേവകൾക്കും നമസ്കാരം. യജമാനനായ എനിക്ക് അങ്ങ് പുണ്യലോകപ്രാപ്തി കൈവരുത്തിയാലും.

11. ഏഷ വൈ യജമാനസ്യ ലോക ഏതാ അസ്മി അത്ര യജമാനഃ പരസ്താദ് ആയുഷഃ സ്വാഹാ അപഹത പരിഘം ഇതി ഉക്ത്വാ ഉത്തിഷ്ഠതി.

ഇത് യജമാനന്റെ ലോകമാണ്. യജമാനനായ ഞാൻ ജീവിതശേഷം ഇതിനെ പ്രാപിക്കും. സ്വാഹാ" എന്നു പറഞ്ഞ് ഹോമിക്കുന്നു. ലോകകവാടം തുറന്നു തന്നാലും എന്നു പറഞ്ഞിട്ട് എഴുന്നേൽക്കുന്നു,

12. തസ്മാ ആദിത്യാശ്ച വിശ്വേ ച ദേവാഃ തൃതീയ സവനം സംപ്രയച്ഛന്തി. ഏഷ ഹ വൈ യജ്ഞസ്യ മാത്രാം വേദ, യ, ഏവം വേദ, യ ഏവം വേദ.

ആ യജമാനന് ആദിത്യൻമാരും വിശ്വദേവൻമാരും മൂന്നാമത്തേ സവനം സംബന്ധിച്ച ലോകത്തെ കൊടുക്കുന്നു. ഇപ്രകാരം അറിയുന്നവൻ യജ്ഞമാത്രയെ (യജ്ഞത്തിന്റെ യഥാർത്ഥ സ്വരൂപത്തെ) അറിയുന്നു.

# മൂന്നാം അദ്ധ്യായം
## ഒന്നാം ഖണ്ഡം

മധുവിദ്യ

1. ഓം അസൗ വാ ആദിത്യഃ ദേവമധുഃ തസ്യ ദ്യൗഃ ഏവ തിരശ്ചീനവംശഃ അന്തരിക്ഷം അപൂപഃ മരീചയഃ പുത്രാഃ.

ഓം. ഈ ആദിത്യൻ ദേവൻമാരുടെ (മധു) തേൻ ആണ്. ദ്യോവാണ് അതിനു തൂങ്ങിക്കിടക്കാനുള്ള (ആശ്രയമായ) മുളന്തണ്ട്. അന്തരിക്ഷം തേൻകൂടും (മധുപൂപം) മരീചികൾ (സൂര്യരശ്മികളിൽ അന്തർഗതമായിരിക്കുന്ന ജലബിന്ദുക്കൾ) പുത്രൻമാരുമാണ് (തേനീച്ചക്കുഞ്ഞുങ്ങളുമാണ്).

2. തസ്യ യേ പ്രാഞ്ചഃ രശ്മയഃ താഃ ഏവ അസ്യ പ്രാച്യഃ മധുനാഡ്യഃ. ഋച ഏവ മധുകൃത. ഋഗ്വേദ ഏവ പുഷ്പം. താഃ അമൃതാഃ ആപഃ.

അവന്റെ (ആദിത്യന്റെ) കിഴക്കോട്ടുള്ള രശ്മികളാണ് ഇതിന്റെ (ഈ മധുവിന്റെ) കിഴക്കോട്ടുള്ള മധുനാഡികൾ. ഋക്കുകൾ തന്നെയാണ് മധുകരങ്ങൾ (വണ്ടുകൾ). ഋഗ്വേദം തന്നെയാണ് പുഷ്പം. ആ അമൃതങ്ങൾ (സോമം, ആജ്യം മുതലായവ) അപ്പുകളാകുന്നു—(പുഷ്പങ്ങളിലുള്ള ജലം തന്നെ)

3. താ വാ ഏതാ ഋച ഏതം ഋഗ്വേദം അഭ്യതപൻ തസ്യ അഭിതപ്തസ്യ യശഃ തേജഃ ഇന്ദ്രിയം, വീര്യം അന്നാദ്യം രസഃ അജായത.

ഋക്കുകളായ തേനീച്ചകളാണ് ഈ ഋഗ്വേദത്തെ അഭിതപ്തമാക്കിയത് (അടയിരുന്ന് ചൂടുപിടിപ്പിച്ചത്). അഭിതപിപ്പിച്ച ആ ഋഗ്വേദത്തിൽനിന്നും യശസ്സ്, തേജസ്സ്, ഇന്ദ്രിയം, വീര്യം, അന്നാദികളായ രസങ്ങൾ എന്നിവ ഉണ്ടായി.

**4. തദ് വ്യക്ഷരത് തത് ആദിത്യം അഭിതഃ അശ്രയത് തദ് വാ ഏതദ് യദ് ഏതദ് ആദിത്യസ്യ രോഹിതം രൂപം.**

അത് (യശസ്സു മുതലായവയുടെ രസം) ചോർന്നൊഴുകി. (വിക്ഷരിച്ചു). അത് ആദിത്യന്റെ ഒരു വശത്ത് പററിക്കൂടി. ആദിത്യന്റെ ചുവന്ന പ്രഭ ഇതു തന്നെയാണ്.

## രണ്ടാം ഖണ്ഡം

ആദിത്യന്റെ തെക്കുവശത്തെ രശ്മികളിലുള്ള മധുനാഡികളെപ്പററി.

**1. അഥ യേ അസ്യ ദക്ഷിണാഃ രശ്മയഃ താ ഏവാസ്യ ദക്ഷിണാഃ മധുനാഡ്യഃ. യജൂംഷി ഏവ മധുകൃതഃ. യജുർവേദ ഏവ പുഷ്പം താ അമൃതാ ആപഃ.**

ഇനി ഇതിന്റെ തെക്കേ ഭാഗത്തെ രശ്മികളാണ് തെക്കേ പുറത്തേ മധുനാഡികൾ (തേനറകൾ). യജുസ്സുകൾ (യജുർവേദമന്ത്രങ്ങൾ) തന്നെയാണ് തേനീച്ചകൾ. യജുർവേദം തന്നെയാണ് പുഷ്പം. സോമാദി രൂപത്തിലുള്ള അമൃതം തന്നെയാണ് ജലം (ആപഃ).

**2. താനി വാ ഏതാനി യജൂംഷി ഏതം യജുർവേദം അഭ്യതപൻ തസ്യ അഭിതപ്തസ്യ യശഃ തേജഃ ഇന്ദ്രിയം വീര്യം അന്നാദ്യം രസഃ അജായത.**

**3. തദ് വ്യക്ഷരത് തദ് ആദിത്യം അഭിതഃ അശ്രയത് തദ് വാ ഏതദ് യദ് ഏതദ് ആദിത്യസ്യ ശുക്ളം രൂപം.**

ഈ യജുസ്സുകൾ യജുർവേദത്തെ അഭിതപിപ്പിച്ചു. അഭിതപിപ്പിച്ച ആ യജുർവേദത്തിൽനിന്നും യശസ്സ്, തേജസ്സ്, ഇന്ദ്രിയം, വീര്യം, അന്നാദ്യങ്ങളായ രസങ്ങൾ എന്നിവ ഉണ്ടായി. ആ രസം ഒലിച്ചു ചെന്ന് ആദിത്യനു സമീപം ഒരുവശത്ത് (തെക്കു ഭാഗത്ത്) പററി. അതാണ് ആദിത്യന്റെ ശുക്ളരൂപം (വെളുത്തപ്രഭ).

## മൂന്നാം ഖണ്ഡം

ആദിത്യന്റെ പടിഞ്ഞാറേ ദിക്കിനെ സംബന്ധിക്കുന്ന രശ്മികളിലുള്ള മധുവിനെപ്പററി.

1. അഥ യേ അസ്യ പ്രത്യഞ്ചഃ രശ്മയഃ താഃ ഏവാസ്യ പ്രതീച്യഃ മധുനാഡ്യഃ. സാമാനി ഏവ മധുകൃതഃ. സാമവേദ ഏവ പുഷ്പം. താ അമൃതാ ആപഃ.

ഇതിൻെറ പടിഞ്ഞാറുഭാഗത്തേ രശ്മികളാണ് പടിഞ്ഞാറു വശത്തേ മധുനാഡികാം (തേനറകാം). സാമങ്ങാം (സാമമന്ത്രങ്ങാം) തന്നെയാണ് തേനീച്ചകാം. സാമവേദം തന്നെയാണ് പുഷ്പം. ആ സോമാദിരൂപത്തിലുള്ള അമൃതം തന്നെയാണ് ജലം (ആപഃ).

2. താനി വാ ഏതാനി സാമാനി ഏതം സാമവേദം അഭ്യതപൻ തസ്യ അഭിതപ്തസ്യ യശഃ തേജഃ ഇന്ദ്രിയം വീര്യം അന്നാദ്യം രസഃ അജായതഃ.

ഈ സാമശ്രുതികാം സാമവേദത്തെ അഭിതപിപ്പിച്ചു. അങ്ങനെ അഭിതപിപ്പിച്ച സാമവേദത്തിൽ നിന്ന് യശസ്സ്, തേജസ്സ്, ഇന്ദ്രിയം, വീര്യം, അന്നാദികളായ രസം എന്നിവ ഉണ്ടായി.

3. തദ് വ്യക്ഷരത് തദ് ആദിത്യം അഭിതഃ അശ്രയത് തദ് വാ ഏതദ് യദ് ഏതദ് ആദിത്യസ്യ കൃഷ്ണം രൂപം.

ആ രസം ഒലിച്ചുചെന്ന് ആദിത്യൻെറ ഒരു വശത്ത് (തെക്കു വശത്ത്) പററി. ആദിത്യൻെറ കൃഷ്ണരൂപം (കറുത്ത പ്രഭ) ഇതു തന്നെയാണ്.

## നാലാം ഖണ്ഡം

ആദിത്യൻെറ വടക്കേദിക്കിലേ രശ്മികളിലേ മധുനാഡിയെപ്പററി.

1. അഥ യേ അസ്യ ഉദഞ്ചഃ രശ്മയഃ താഃ ഏവ അസ്യ ഉദീച്യഃ മധുനാഡ്യഃ. അഥർവാംഗിരസഃ. ഏവ മധുകൃതഃ. ഇതിഹാസപുരാണം പുഷ്പം, താ അമൃതാ ആപഃ.

ഇതിൻെറ വടക്കുവശത്തേ രശ്മികളാണ് വടക്കുവശത്തേ തേനറകാം മധുനാഡികാം). അഥർവാംഗിരസ്സുകളുടെ മന്ത്രങ്ങാം (വേദ മന്ത്രങ്ങാം) തന്നെയാണ് തേനീച്ചകാം. ഇതിഹാസ പുരാണങ്ങാം തന്നെ യാണ് പുഷ്പം. ഈ സോമാദിരൂപത്തിലുള്ള അമൃതം തന്നെയാണ് ജലം (ആപഃ)

2. തേ വാ ഏതേ അഥർവാംഗിരസഃ ഏതദ് ഇതിഹാസ പുരാണം അഭ്യതപൻ തസ്യ അഭിതപ്തശ്യ യശഃ തേജ ഇന്ദ്രിയം വീര്യം അന്നാദ്യം രസഃ അജായത.

ഈ അഥർവാംഗിരശ്രുതികൾതന്നെയാണ് ഈ ഇതിഹാസപുരാണങ്ങളെ അഭിതപിപ്പിച്ചത്. അഭിതപിപ്പിച്ച ആ ഇതിഹാസപുരാണങ്ങളിൽനിന്നും യശസ്സ്, തേജസ്സു്, ഇന്ദ്രിയം, വീര്യം, അന്നാദികളായ രസങ്ങൾ എന്നിവ ഉണ്ടായി.

3. തദ് വ്യക്ഷരത് തദ് ആദിത്യം അഭിതഃ അശ്രയത് തദ് വാ ഏതദ് യദ് ഏതദ് ആദിത്യസ്യ പരം കൃഷ്ണം രൂപം.

ആ രസം ഒലിച്ചുചെന്ന് ആദിത്യൻെറ ഒരുവശത്ത് (വടക്കുഭാഗത്ത്) ചേർന്നു. ആദിത്യൻെറ ഏററവും കറുത്ത പ്രഭയാണ് അത്.

●

## അഞ്ചാം ഖണ്ഡം

ആദിത്യൻെറ മേൽപ്പോട്ടുള്ള ദിക്കിലേ രശ്മികളിലുള്ള മധുനാഡികളെപ്പററി.

1. അഥ യേ അസ്യ ഊർധ്വാ രശ്മയഃ താഃ ഏവ അസ്യ ഊർധ്വാ മധുനാഡ്യഃ. ഗുഹ്യാ ഏവ ആദേശാഃ മധുകൃതഃ. ബ്രഹ്മ ഏവ പുഷ്പം. താ അമൃതാ ആപഃ.

ഇതിൻെറ മുകളിലോട്ടുള്ള രശ്മികൾ തന്നെയാണ് ഇതിൻെറ മുകളിലത്തെ മധുനാഡികൾ (തേനറകൾ). ഗുഹ്യാദേശങ്ങൾ (രഹസ്യോപദേശങ്ങൾ) തന്നെയാണ് തേനീച്ചകൾ. പ്രണവരൂപമായ ബ്രഹ്മം തന്നെയാണ് പുഷ്പം. പ്രണവധ്യാനഫലമായ അമൃതം തന്നെയാണ് ജലം (ആപഃ).

2. തേ വാ ഏതേ ഗുഹ്യാ ആദേശാ ഏതദ് ബ്രഹ്മാ അഭ്യതപൻ; തസ്യ അഭിതപ്തസ്യ യശഃ തേജഃ ഇന്ദ്രിയം വീര്യം അന്നാദ്യം രസഃ അജായത.

ഈ രഹസ്യോപദേശങ്ങൾ പ്രണവബ്രഹ്മത്തെ അഭിതപിപ്പിച്ചു. അഭിതപിപ്പിച്ച ആ ബ്രഹ്മത്തിൽനിന്നും യശസ്സ്, തേജസ്സ്; ഇന്ദ്രിയം, വീര്യം, അന്നാദിരൂപത്തിലുള്ള രസം എന്നിവ ഉണ്ടായി.

3. തദ് വ്യക്ഷരത് തദ് ആദിത്യം അഭിതഃ അശ്രയത് തദ് വാ ഏതദ് യദ് ഏതദ് ആദിത്യസ്യ മധ്യേ ക്ഷോഭത ഇവ.

ആ രസം ഒലിച്ചുചെന്ന് ആദിത്യൻെറ ഒരുവശത്ത് ചേർന്നു. ആദിത്യൻെറ മധ്യഭാഗത്തായി ക്ഷോഭിക്കുന്നതുപോലെ (വെട്ടിത്തിളങ്ങുന്നതുപോലെ) കാണപ്പെടുന്നത് ഇതാണ് (ഈ രസമാണ്).

**4. തേ വാ ഏതേ രസാനാം രസാഃ വേദാഃ ഹി രസാഃ. തേഷാം ഏതേ താനി വാ ഏതാനി അമൃതാനാം അമൃതാനി വേദാഃ ഹി അമൃതാ തേഷാം ഏതാനി അമൃതാനി.**

ഈ ചുവപ്പ് മുതലായ പ്രഭകൾ തന്നെയാണ് രസങ്ങളുടെയും രസം. വേദങ്ങൾ തന്നെയാണ് രസങ്ങൾ. ഇവ അവയുടെ രസങ്ങളാണ്. അവ അമൃതങ്ങൾക്കും അമൃതമാണ്. വേദങ്ങൾ തന്നെയാണ് അമൃതം. ഇവ അവയുടെയും അമൃതമാണ്.

●

## ആറാം ഖണ്ഡം

വസുക്കളുടെ ജീവിതത്തിന് ആശ്രയമായ ഒന്നാമത്തേ അമൃതോപാസന.

1. തദ് യദ് പ്രഥമം അമൃതം തദ് വസവ ഉപജീവന്തി അഗ്നിനാ മുഖേന. ന വൈ ദേവാ അശ്നന്തി ന പിബന്തി ഏതദ് ഏവ അമൃതം ദൃഷ്ട്വാ തൃപ്യന്തി.

ഇവയിൽ ഒന്നാമത്തെ അമൃതത്താൽ (ചുവന്ന പ്രഭയാൽ) വസുക്കൾ അഗ്നിയെ മുൻനിർത്തി ഉപജീവിക്കുന്നു. ദേവൻമാരാകട്ടെ തിന്നുകയോ കുടിക്കുകയോ ചെയ്യുന്നില്ല. അവർ ഈ അമൃതത്തെ കണ്ടുകൊണ്ടുമാത്രം തൃപ്തരായിത്തീരുന്നു.

2. ത ഏതദ് ഏവ രൂപം അഭിസംവിശന്തി ഏതസ്മാദ് രൂപാദ് ഉദ്യന്തി.

ആ ദേവൻമാർ ഈ രൂപത്തിൽ പ്രവേശിക്കുന്നു. ഈ രൂപത്തിൽ നിന്ന് പുറപ്പെടുകയും ചെയ്യുന്നു.

['അഭിസംവിശന്തി' എന്നതിന് നോക്കിയിരിക്കുന്നു എന്നും 'ഉദ്യന്തി' എന്നതിന് അനുഭവിക്കാൻ ഉൽസാഹമുള്ളവരായിത്തീരുന്നു എന്നും വ്യാഖ്യാനിക്കുന്നു.]

3. സ യ ഏതദ് ഏവം അമൃതം വേദ വസൂനാം ഏവ ഏകഃ ഭൂത്വാ അഗ്നിനാ ഏവ മുഖേന ഏതദ് ഏവ അമൃതം ദൃഷ്ട്വാ തൃപ്യതി സ ഏതദ് ഏവ രൂപം അഭിസംവിശതി ഏതസ്മാത് രൂപാദ് ഉദേതി.

ഇപ്രകാരം ഈ അമൃതത്തെപ്പററി അറിയുന്നവൻ വസുക്കളിൽ ഒരുവനെപ്പോലെ ആയിത്തീരുന്നു. അഗ്നിയെ മുൻനിറുത്തി (അവൻ) ഈ അമൃതത്തെ) കണ്ടുകൊണ്ടുമാത്രം തൃപ്തിപ്പെടുന്നു. അവൻ ഈ രൂപത്തിൽ പ്രവേശിച്ചിട്ട് ഇതിൽനിന്നു തന്നെ പുറത്തു വരികയും ചെയ്യുന്നു.

4. സ യാവദ് ആദിത്യഃ പുരസ്താദ് ഉദേതാ പശ്ചാദ് അസ്തമേതാ വസൂനാം ഏവ താവദ് ആധിപത്യം സ്വാരാജ്യം പര്യേതാ.

ആദിത്യൻ കിഴക്ക് ഉദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുന്നിടത്തോളം കാലം അവൻ (ആ വിദ്വാൻ) വസുക്കളുടെ തന്നെ സ്വാരാജ്യാധിപത്യം പ്രാപിക്കുന്നു.

൭

## ഏഴാം ഖണ്ഡം

രുദ്രൻമാർക്ക് ജീവിതാശ്രയമായിരിക്കുന്ന രണ്ടാമത്തെ അമൃതോപാസന.

1. അഥ യദ് ദ്വിതീയം അമൃതം തദ് രുദ്രാഃ ഉപജീവന്തി. ഇന്ദ്രേണ മുഖേന ന വൈ ദേവാഃ അശ്നന്തി ന പിബന്തി. ഏതദ് ഏവ അമൃതം ദൃഷ്ട്വാ തൃപ്യന്തി.

രണ്ടാമത്തേ അമൃതത്തെ (വെളുത്ത രൂപത്തെ) രുദ്രൻമാർ ഇന്ദ്രനെ മുൻനിറുത്തി ഉപജീവിക്കുന്നു. ദേവൻമാർ തിന്നുകയോ കുടിക്കുകയോ ചെയ്യുന്നില്ല. അവർ ഈ അമൃതത്തെ കണ്ടുകൊണ്ടുമാത്രം തൃപ്തിപ്പെടുന്നു.

2. ത ഏതദ് ഏവ രൂപം അഭിസംവിശന്തി ഏതസ്മാദ് രൂപാദ് ഉദ്യന്തി.

അവർ ഈ രൂപത്തെ തന്നെയാണ് ലക്ഷ്യീകരിച്ച് ഉദാസീനരായും പിന്നീട് അതുകൊണ്ടു തന്നെ ഉദ്യമശീലരായും തീരുന്നത്.

3. സ യ ഏതദ് ഏവം അമൃതം വേദ രുദ്രാണാം ഏവ ഏകഃ ഭൂത്വാ ഇന്ദ്രേണ ഏവ മുഖേന ഏതദ് ഏവ അമൃതം ദൃഷ്ട്വാ തൃപ്യതി, സ ഏതദ് ഏവ രൂപം അഭിസംവിശതി ഏതസ്മാദ് രൂപാദ് ഉദേതി.

ഇപ്രകാരം ഈ അമൃതത്തെപ്പററി അറിയുന്നവൻ രുദ്രൻമാരിൽ ഒരുവനെപ്പോലെ ആയിത്തീരുന്നു. ഇന്ദ്രനെ മുൻനിറുത്തി (അവൻ) ഈ അമൃതത്തെ കണ്ടുകൊണ്ടു മാത്രം തൃപ്തനായിത്തീരുന്നു. അവൻ ഈ രൂപത്തിൽ പ്രവേശിച്ചിട്ട് ഇതിൽനിന്നു തന്നെ പുറത്തു വരികയും ചെയ്യുന്നു.

4. സ യാവദ് ആദിത്യഃ പുരസ്താദ് ഉദേതാ പശ്ചാദ് അസ്തമേതാ ദ്വിഃ താവദ് ദക്ഷിണതഃ ഉദേതാ ഉത്തരതഃ അസ്തമേതാ രുദ്രാണാം ഏവ താവദ് ആധിപത്യം സ്വാരാജ്യം പര്യേതാ.

സൂര്യൻ കിഴക്കു് ഉദിക്കുകയും പടിഞ്ഞാറു് അസ്തമിക്കുകയും ചെയ്യുന്നിടത്തോളം കാലം അല്ലെങ്കിൽ അതിന്റെ ഇരട്ടിസമയംകൊണ്ടു് സൂര്യൻ തെക്കു് ഉദിക്കുകയും വടക്കു് അസ്തമിക്കുകയും ചെയ്യുന്നിടത്തോളവും, അവൻ രുദ്രൻമാരെപ്പോലെ സ്വാരാജ്യാധിപത്യം പ്രാപിക്കുന്നു.

## എട്ടാം ഖണ്ഡം

ആദിത്യൻമാരുടെ ജീവിതത്തിനു് ആശ്രയമായിരിക്കുന്ന മൂന്നാമത്തെ അമൃതോപാസന.

1. അഥ യദ് തൃതീയം അമൃതം തദ് ആദിത്യാ ഉപജീവന്തി വരുണേന മുഖേന ന വൈ ദേവാ അശ്നന്തി ന പിബന്തി. ഏതദ് ഏവ അമൃതം ദൃഷ്ട്വാ തൃപ്യന്തി.

പിന്നെ മൂന്നാമത്തേ അമൃതത്തെ (കൃഷ്ണരൂപത്തെ) വരുണനെ മുൻനിറുത്തി ആദിത്യൻമാർ ഉപജീവിക്കുന്നു. ദേവൻമാർ തിന്നുകയോ കുടിക്കുകയോ ചെയ്യുന്നില്ല. അവർ ഈ അമൃതത്തെ കണ്ടുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നു.

2. ത ഏതദ് ഏവ രൂപം അഭിസംവിശന്തി ഏതസ്മാദ് രൂപാദ് ഉദ്യന്തി.

അവർ ഈ രൂപത്തെത്തന്നെയാണു് ലക്ഷീകരിച്ചു് ഉദാസീനരായും പിന്നീടു് അതുകൊണ്ടു തന്നെ ഉദ്യമശീലരായും തീരുന്നതു്.

3. സ യ ഏതദ് ഏവം അമൃതം വേദ ആദിത്യാനാം ഏവ ഏകഃ ഭൂത്വാ വരുണേന ഏവ മുഖേന ഏതദ് ഏവ അമൃതം ദൃഷ്ട്വാ തൃപ്യതി സ ഏതദ് ഏവ രൂപം അഭിസംവിശതി ഏതസ്മാദ് രൂപാദ് ഉദേതി.

ഇപ്രകാരം ഈ അമൃതത്തെ അറിയുന്നവൻ ആദിത്യൻമാരിൽ ഒരാളെപ്പോലെ ആയിത്തീരുന്നു. വരുണനെ മുൻനിറുത്തി ഈ അമൃതത്തെ കണ്ടുകൊണ്ടു–മാത്രം തൃപ്തിപ്പെടുന്നു. അവൻ ഈ രൂപത്തിൽ പ്രവേശിച്ചിട്ടു് ഇതിൽനിന്നു തന്നെ പുറത്തു വരികയും ചെയ്യുന്നു.

4. സ യാവദ് ആദിത്യഃ ദക്ഷിണതഃ ഉദേത ഉത്തരതഃ അസ്തമേതാ ദ്വിഃ താവത് പശ്ചാദ് ഉദേതാ പുരസ്താദ് അസ്തമേതാ ആദിത്യാനാം ഏവ താവദ് ആധിപത്യം സ്വാരാജ്യം പര്യേതാ.

സൂര്യൻ തെക്കു് ഉദിക്കുകയും വടക്കു് അസ്തമിക്കുകയും ചെയ്യുന്നിടത്തോളം കാലം, അല്ലെങ്കിൽ അതിന്റെ ഇരട്ടിസമയം കൊണ്ടു്

സൂര്യൻ പടിഞ്ഞാറ് ഉദിക്കുകയും കിഴക്ക് അസ്തമിക്കുകയും ചെയ്യുന്നിടത്തോളം കാലം അവൻ ആദിത്യൻമാരെപ്പോലെ സ്വാരാജ്യാധിപത്യം പ്രാപിക്കുന്നു.

## ഒൻപതാംഖണ്ഡം

മരുത്തുകളുടെ ജീവിതത്തിന് ആശ്രയമായ നാലാമത്തേ അമൃതോപാസന.

1. അഥ യത് ചതുർത്ഥം അമൃതം തത് മരുത ഉപജീവന്തി സോമേന മുഖേന ന വൈ ദേവാ അശ്നന്തി ന പിബന്തി ഏതദ് ഏവ അമൃതം ദൃഷ്ട്വാ തൃപ്യന്തി.

പിന്നെ മരുത്തുകൾ സോമനെ മുൻനിറുത്തി നാലാമത്തേ അമൃതത്തെ ഉപജീവിക്കുന്നു. ദേവൻമാർ തിന്നുകയോ കുടിക്കുകയോ ചെയ്യുന്നില്ല. അവർ ഈ അമൃതത്തെ കണ്ടുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നു.

2. ത ഏതദ് ഏവ രൂപം അഭിസംവിശന്തി ഏതസ്മാത് രൂപാദ് ഉദ്യന്തി.

ആ ദേവൻമാർ ഈ രൂപത്തിൽ പ്രവേശിക്കുന്നു ഈ രൂപത്തിൽ നിന്നു പുറത്തുവരികയും ചെയ്യുന്നു.

3. സ യ ഏതദ് ഏവം അമൃതം വേദ മരുതാം ഏവ ഏകഃ ഭൂത്വാ സോമേന ഏവ മുഖേന ഏതദ് ഏവ അമൃതം ദൃഷ്ട്വാ തൃപ്യതി സ ഏതദ് ഏവ രൂപം അഭിസം വിശതി ഏതസ്മാദ് രൂപാദ് ഉദേതി.

ഇപ്രകാരം ഈ അമൃതത്തെ അറിയുന്നവൻ മരുത്തുകളിൽ ഒരാളെപ്പോലെ സോമനെ മുൻനിറുത്തി ഈ അമൃതത്തെ കണ്ടുകൊണ്ടുമാത്രം തൃപ്തനായിത്തീരുന്നു. അവൻ ഈ രൂപത്തിൽ പ്രവേശിച്ചിട്ട് ഇതിൽനിന്നു തന്നെ പുറത്തു വരികയും ചെയ്യുന്നു.

4. സ യാവദ് ആദിത്യഃ പശ്ചാദ് ഉദേതാ പുരസ്താദ് അസ്തമേതാ ദ്വിഃ താവത് ഉത്തരത ഉദേതാ ദക്ഷിണതഃ അസ്തമേതാഃ മരുതാം ഏവ താവദ് ആധിപത്യം സ്വാരാജ്യം പര്യേതാ.

ആദിത്യൻ പടിഞ്ഞാറ് ഉദിക്കുകയും കിഴക്ക് അസ്തമിക്കുകയും ചെയ്യുന്നിടത്തോളം കാലം, അല്ലെങ്കിൽ അതിന്റെ ഇരട്ടി സമയം കൊണ്ട് സൂര്യൻ വടക്ക് ഉദിക്കുകയും തെക്ക് അസ്തമിക്കുകയും ചെയ്യുന്നിടത്തോളം കാലം അവൻ മരുത്തുകളെപ്പോലെ സ്വാരാജ്യാധിപത്യം പ്രാപിക്കുന്നു.

# പത്താം ഖണ്ഡം

സാദ്ധ്യൻമാരുടെ ജീവിതത്തിനാശ്രയമായ അഞ്ചാമത്തെ അമൃതോപാസന

1. അഥ യദ് പഞ്ചമം അമൃതം തദ് സാധ്യാ ഉപജീവന്തി ബ്രഹ്മണാ മുഖേന് ന വൈ ദേവാ അശ്നന്തി ന പിബന്തി ഏതദ് ഏവ അമൃതം ദൃഷ്ട്വാ തൃപ്യന്തി.

പിന്നെ അഞ്ചാമത്തെ അമൃതത്തെ സാദ്ധ്യൻമാർ ബ്രഹ്മാവിനെ മുൻനിറുത്തി ഉപജീവിക്കുന്നു. ദേവൻമാർ തിന്നുകയോ കുടിക്കുകയോ ചെയ്യുന്നില്ല. അവർ ഈ അമൃതത്തെ കണ്ടുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നു.

2. ത ഏതദ് ഏവ രൂപം അഭിസംവിശന്തി ഏതസ്മാദ് രൂപാദ് ഉദ്യന്തി.

അവർ ഈ രൂപത്തിൽ പ്രവേശിച്ചിട്ട് ഇതിൽനിന്നു തന്നെ പുറത്തു വരികയും ചെയ്യുന്നു.

3. സ യ ഏതദ് ഏവം അമൃതം വേദ സാധ്യാനാം ഏവ ഏകഃ ഭൂത്വാ ബ്രഹ്മണാ ഏവ മുഖേന് ഏതദ് ഏവ അമൃതം ദൃഷ്ട്വാ തൃപ്യതി, സ ഏതദ് ഏവ രൂപം അഭിസംവിശതി ഏതസ്മാദ് രൂപാദ് ഉദേതി.

ഇപ്രകാരം ഈ അമൃതത്തെപ്പററി അറിയുന്നവൻ സാദ്ധ്യൻമാരിൽ ഒരുവനെപ്പോലെ ആയിത്തീരുന്നു. ബ്രഹ്മാവിനെ മുൻനിറുത്തി ഈ അമൃതത്തെ കണ്ടുകൊണ്ടുമാത്രം തൃപ്തനായിത്തീരുന്നു. അവൻ ഈ രൂപത്തിൽ പ്രവേശിച്ചിട്ട് ഇതിൽ നിന്നുതന്നെ പുറത്തുവരികയും ചെയ്യുന്നു.

4. സ യാവദ് ആദിത്യഃ ഉത്തരത ഉദേതാഃ ദക്ഷിണതഃ [illegible]മേതാ ദ്വിഃ താവദ് ഊർധ്വ ഉദേതാ അർവാങ് അസ്ത[illegible] സാധ്യാനാമേവ താവദ് ആധിപത്യം സ്വാരാജ്യം [illegible].

[illegible] വടക്ക് ഉദിക്കുകയും തെക്ക് അസ്തമിക്കുകയും [illegible]ത്രാളംകാലം അല്ലെങ്കിൽ അതിൻെറ ഇരട്ടി സമയംകൊണ്ട് [illegible] ഉദിക്കുകയും കീഴ്ഭാഗത്ത് അസ്തമിക്കുകയും ചെയ്യു[illegible] കാലം അവൻ സാധ്യന്മാരുടെ സ്വാരാജ്യാധിപത്യത്തെ [illegible].

# പതിനൊന്നാം ഖണ്ഡം

ഭോഗങ്ങളെല്ലാം ക്ഷയിച്ച് സർവവും സംഹരിക്കപ്പെട്ടതിനു ശേഷമുള്ള, ആദിത്യ രൂപിയായ ബ്രഹ്മത്തിന്റെ സ്വസ്വരൂപസ്ഥിതി

1. അഥ തത ഊർദ്ധ്വ ഉദേത്യ നൈവോദേതാ നാസ്ത- മേതൈകല ഏവ മധ്യേ സ്ഥാതാ തദേഷ ശ്ലോകഃ.

പിന്നീട് അവിടെനിന്നും മുകളിലേക്ക് (ബ്രഹ്മസ്വരൂപമായി) ഉയർന്നിട്ട് പിന്നെ ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്യുന്നില്ല. ഏകനായി മധ്യത്തിൽ സ്ഥിതി ചെയ്യുന്നു. അതിനെപ്പററി ഈ ശ്ലോകം ഉണ്ട്.

ബ്രഹ്മലോകത്തെപ്പററിയുള്ള വിദ്വാന്റെ അനുഭവം

2. മന്ത്രം— ന വൈ തത്ര ന നിമ്ലോച ന ഉദിയായ കദാചന ദേവാ തേന അഹം സത്യേന മാ വിരാധിഷി ബ്രഹ്മണേതി.

അവിടെ നിശ്ചയമായും ഒരിക്കലും (സൂര്യൻ) ഉദിക്കുന്നുമില്ല. അസ്തമിക്കുന്നുമില്ല. ഹേ ദേവൻമാരേ, ഈ സത്യം മുഖേന (ഈ സത്യപ്രസ്താവംകൊണ്ട്) ഞാൻ ബ്രഹ്മത്തിൽ (സത്യത്തിൽ) നിന്നും (വിരാധിഷി) ഭ്രംശിക്കാതിരിക്കട്ടെ.

മധുവിദ്യയുടെ ഫലം

3. ന ഹ വാ അസ്മൈ ഉദേതി ന നിമ്ലോചതി സകൃദ് ദിവാ ഹ വാ അസ്മൈ ഭവതി യ ഏതാം ഏവം ബ്രഹ്മോ- പനിഷദം വേദ.

ഇപ്രകാരം ഈ രഹസ്യം—സൂര്യനെപ്പററിയുള്ള സത്യാവസ്ഥ— അറിയുന്നവന് ഉദയവുമില്ല അസ്തമയവുമില്ല. അവന് എപ്പോഴും പകൽ തന്നെ.

സമ്പ്രദായ പരമ്പര

4. തദ് ഹ ഏതദ് ബ്രഹ്മാ പ്രജാപതയ ഉവാച പ്രജാ പതിഃ മനവേ മനുഃ പ്രജാഭ്യഃ തദ് ഹ ഏതദ് ഉദ്ദാലകായ ആരുണയേ ജ്യേഷ്ഠായ പുത്രായ പിതാ ബ്രഹ്മ പ്രോവാച.

ഈ മധുജ്ഞാനം (സൂര്യൻ ദേവന്മാരുടെ മധു ആണെന്ന ജ്ഞാനം) ബ്രഹ്മാവ് പ്രജാപതിയോടും പ്രജാപതി മനുവിനോടും മനു പ്രജകളോടും (സന്താനങ്ങളോടും) ഉപദേശിച്ചു. അതിനെത്തന്നെ അരുണി തന്റെ മൂത്ത പുത്രനായ ഉദ്ദാലകനോടും ഉപദേശിച്ചു.

5. ഇദം വാവ തത്.ജ്യേഷ്ഠായ പുത്രായ പിതാ ബ്രഹ്മ പ്ര ബ്രൂയാത്, പ്രണായ്യായവാ അന്തേവാസിനേ ന അന്യ-സ്മൈ കസ്മൈ ച ന.

ഈ മധുവിദ്യയെ പിതാവ് മൂത്ത പുത്രനോടോ അല്ലെങ്കിൽ വിശ്വസ്തനായ ശിഷ്യനോടോ മാത്രമേ ഉപദേശിക്കാവൂ. മറ്റൊരു ആരംക്കും പറഞ്ഞുകൊടുക്കരുത്.

[പ്രണായ്യായ അന്തേവാസിനേ—യോഗ്യനായ അന്തേവാസിക്ക്—വിശ്വസ്ത ശിഷ്യന്.]

6. യദ്യപി അസ്മാ ഇമാം അദ്ഭിഃ പരിഗൃഹീതാം ധനസ്യ പൂർണ്ണാം ദദ്യാത്. ഏതദ് ഏവ തതഃ ഭൂയ ഇതി ഏതദ് ഏവ തതഃ ഭൂയ ഇതി.

സമുദ്രത്താൽ ചുററപ്പെട്ടതും ധനസമൃദ്ധവുമായ ഈ ഭൂമി മുഴുവൻ മറെറാരാരം തന്നാലും ഈ മധുവിദ്യ ഉപദേശിച്ചുകൊടുക്കരുത്. എന്തുകൊണ്ടെന്നാൽ ഈ വിദ്യ അതിനെക്കാളും മഹത്താണ്. അതിനെക്കാളും മഹത്താണ്.

## പന്ത്രണ്ടാം ഖണ്ഡം

### ഗായത്രീമുഖേനയുള്ള ബ്രഹ്മോപാസന

1. ഗായത്രീ വാ ഇദം സർവ്വം ഭൂതം യദ് ഇദം കിംച വാഗ് വൈ ഗായത്രീ വാഗ് വാ ഇദം സർവം ഭൂതം ഗായതി ച ത്രായതേ ച.

യാതൊന്നുണ്ടോ അതെല്ലാം ഗായത്രിയാണ്. ഗായത്രി വാക്കാണ്. വാക്ക് എല്ലാ പ്രാണികളെയും ഗാനംചെയ്യുന്നു. രക്ഷിക്കുന്നു.

2. യാ വൈ സാ ഗായത്രീ ഇയം വാവ സാ യഃ അയം പൃഥിവീ അസ്യാം ഹി ഇദം സർവം ഭൂതം പ്രതിഷ്ഠിതം ഏതാമേവ ന അതിശീയതേ.

ഈ ഗായത്രി പൃത്ഥ്വി തന്നെയാണ്. എന്തുകൊണ്ടെന്നാൽ ഈ പ്രാണികളെല്ലാം പൃത്ഥ്വിയിലാണല്ലോ സ്ഥിതി ചെയ്യുന്നത്. അവ ഈ പൃത്ഥ്വിക്ക് അപ്പുറം പോകുന്നില്ല,

3. യാ വൈ സാ പൃഥിവീ ഇയം വാവ സാ യദ് ഇദം അസ്മിൻ പുരുഷേ ശരീരം അസ്മിൻ ഹി ഇമേ പ്രാണാഃ പ്രതിഷ്ഠിതാഃ ഏതദേവ ന അതിശീയന്തേ.

ഗായത്രീ രൂപമായ ഈ പൃത്ഥ്വി പുരുഷനു ശരീരം പോലെയാണ്. ഈ ശരീരത്തിലാണല്ലോ പ്രാണങ്ങൾ (ഇന്ദ്രിയങ്ങൾ) പ്രതിഷ്ഠിതമായിരിക്കുന്നത്. ഇന്ദ്രിയങ്ങൾ ശരീരത്തിന് അപ്പുറം പോകുന്നില്ല.

[പ്രാണങ്ങൾ എന്നതിന് ഇന്ദ്രിയങ്ങൾ എന്ന വ്യാഖ്യാനം സ്വീകാര്യം എന്നു തോന്നുന്നു].

**4. യദ് വൈ തദ് പുരുഷേ ശരീരം ഇദം വാവ തദ് യദ് ഇദം അസ്മിൻ അന്തഃപുരുഷേ ഹൃദയം അസ്മിൻ ഹി ഇമേ പ്രാണാഃ പ്രതിഷ്ഠിതാഃ ഏതദ് ഏവ ന അതിശീയന്തേ.**

പുരുഷനിലുള്ള ശരീരം അന്തഃപുരുഷനിലുള്ള ഹൃദയം തന്നെ. എന്തുകൊണ്ടെന്നാൽ ഇതിൽ തന്നെയാണ് പ്രാണങ്ങൾ (ഇന്ദ്രിയങ്ങൾ) പ്രതിഷ്ഠിതമായിരിക്കുന്നത്. അവ ഇതിനപ്പുറം പോകുന്നില്ല.

**5. സ ഏഷ ചതുഷ്പദാ ഷഡ്വിധാ ഗായത്രീ തദ് ഏതദ് ഋചാഭി അനൂക്തം.**

പ്രസിദ്ധമായ ഈ ഗായത്രീ മന്ത്രം നാലുപാദങ്ങളോടുകൂടിയതും ആറുവിധത്തിലുള്ളതുമാണ്. ഗായത്രി എന്നു പേരുള്ള ബ്രഹ്മം (മന്ത്രം) താഴെപ്പറയുന്ന ഋക്കിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

●

കാര്യബ്രഹ്മ ശുദ്ധബ്രഹ്മ ഭേദം

**6. താവാൻ അസ്യ മഹിമാ തതഃ ജ്യായാൻ ച പുരുഷഃ പാദഃ അസ്യ സർവാ ഭൂതാനി ത്രിപാദസ്യ അമൃതം ദിവീതി.**

അത്രയുമാണ് ഇതിന്റെ (ഗായത്രിബ്രഹ്മത്തിന്റെ) മഹിമ. പുരുഷന്റെ മഹിമ അതിലും കൂടുതലാണ്. സർവഭൂതങ്ങളും അവന്റെ ഒരു പാദം മാത്രമാണ്. മററു മൂന്നു പാദങ്ങളും ദ്യോവിൽ (സ്വർഗ്ഗത്തിൽ) അമൃതമായി (അനശ്വരമായി) വർത്തിക്കുന്നു.

[ബ്രഹ്മം ഏകവും അഖണ്ഡവുമാണ്. വ്യാവഹാരികലോകത്തെ ആധാരമാക്കിയാണ് ബ്രഹ്മത്തിന്റെ പാദം (കാൽ ഭാഗം) ഇവിടെ എന്നും ശേഷമുള്ള മൂന്നു പാദങ്ങൾ ദ്യോവിലെന്നും കല്പിച്ചിരിക്കുന്നത്.

●

ഭൂതാകാശവും ദേഹാകാശവും ഹൃദയാകാശവും ഒന്നുതന്നെ എന്നു പറയുന്നു.

**7. യദ് വൈ തദ് ബ്രഹ്മ ഇതി ഇദം വാവ തദ് യോ അയം ബഹിർധാ പുരുഷാദ് ആകാശഃ. യഃ വൈ സ ബഹിർ‌ധാ പുരുഷാദ് ആകാശഃ**

**8. അയം വാവ സ യഃ അയം അന്തഃപുരുഷ ആകാശഃ യം വൈ സ അന്തഃപുരുഷ ആകാശഃ**

9. അയം വാവ സ യോഽയം അന്തർഹൃദയ ആകാശഃ തദ് ഏതദ് പൂർണ്ണം അപ്രവർത്തി പൂർണ്ണാം അപ്രവർത്തിനീം ശ്രിയം ലഭതേ യ ഏവം വേദ.

ഏതൊന്നാണോ ബ്രഹ്മം എന്നു പറയപ്പെട്ടതു് അതു് പുരുഷനു വെളിയിലുള്ള ആകാശം തന്നെയാണു്. അതു പുരുഷനു വെളിയിലുള്ള ആകാശമാണു്. പുരുഷൻെറ ഉള്ളിലുള്ള ആകാശവും അതുതന്നെയാണു്. ഹൃദയകമലാന്തർഭാഗത്തുള്ള ആകാശവും ഇതുതന്നെ. പൂർണ്ണവും പ്രവൃത്തിരഹിതവുമായ ഈ ബ്രഹ്മത്തെ ആരാണോ അറിയുന്നതു് അവനു് സമ്പൂർണ്ണവും അനശ്വരവുമായ ഐശ്വര്യം സിദ്ധിക്കുന്നു. (പുരുഷാദ് ബഹിർധാ—പുരുഷനു വെളിയിൽ—ശരീരത്തിനു വെളിയിൽ എന്നു വ്യഖ്യാനം)

## പതിമൂന്നാം ഖണ്ഡം

1. തസ്യ ഹ വാ ഏതസ്യ ഹൃദയസ്യ പഞ്ച ദേവ സുഷയഃ സ യഃ അസ്യ പ്രാങ് സുഷിഃ സ പ്രാണഃ തത് ചക്ഷുഃ സ ആദിത്യ തദ് ഏതദ് തേജഃ അന്നാദ്യം ഇതി ഉപാസീത. തേജസ്വീ അന്നാദഃ ഭവതി യ ഏവം വേദ.

ആ പ്രസിദ്ധമായ ഹൃദയത്തിനു് അഞ്ചു സുഷികൾ (ദേവദ്വാരങ്ങൾ) ഉണ്ടു്. അതിൻെറ കിഴക്കോട്ടുള്ള സുഷിരമാണു് പ്രാണൻ. അതു തന്നെയാണു് തേജസ്സും അന്നാദ്യവും എന്നു് അറിഞ്ഞു് ഉപാസിക്കണം. ഇപ്രകാരം അറിയുന്നവൻ തേജസ്വിയും അന്നഭോക്താവും ആയിത്തീരുന്നു.

ഹൃദയാന്തർഗതവും ദക്ഷിണദ്വാര ഭൂതവുമായ വ്യാനോപാസന.

2. അഥ യഃ അസ്യ ദക്ഷിണഃ സുഷിഃ സ വ്യാന തത് ശ്രോത്രം സ ചന്ദ്രമാഃ തദ് ഏതദ് ശ്രീശ്ച യശശ്ച ഇതി ഉപാസീത ശ്രീമാൻ യശസ്വീ ഭവതി യ ഏവം വേദ.

ഇതിൻെറ (ഹൃദയത്തിൻെറ) തെക്കുഭാഗത്തുള്ള ദ്വാരം വ്യാനനാണു്. അതു് ശ്രോത്രമാണു്; ചന്ദ്രനാണു്; അതു് ശ്രീയും യശസ്സും ആണു് എന്നു് അറിഞ്ഞു് ഉപാസിക്കണം. ഇപ്രകാരം അറിയുന്നവൻ യശസ്വിയും ശ്രീമാനുമായി ഭവിക്കുന്നു.

ഹൃദയാന്തർഗതവും പടിഞ്ഞാറേ ദ്വാരഭൂതവുമായ
അപാനോപാസന.

3. അഥ യഃ അസ്യ പ്രത്യങ്സുഷിഃ സഃ അപാനഃ സാ വാക് സഃ അഗ്നിഃ തദ് ഏതദ് ബ്രഹ്മവർചസം അന്നാദ്യം ഇതി ഉപാസീത. ബ്രഹ്മവർചസി അന്നാദഃ ഭവതി യ ഏവം വേദ.

ഇതിന്റെ പടിഞ്ഞാറുഭാഗത്തുള്ള ദ്വാരം അപാനനാണ്. അതു വാക്കാണ്. അത് അഗ്നിയാണ്; അത് ബ്രഹ്മതേജസ്സും അന്നാദ്യവും ആണ്. എന്നറിഞ്ഞ് ഉപാസിക്കണം. ഇപ്രകാരം അറിയുന്നവൻ ബ്രഹ്മതേജസ്വിയും അന്നഭോക്താവുമായിത്തീരുന്നു.

ഹൃദയാന്തർഗതവും വടക്കേദിക്കിലേ ദ്വാരഭൂതവുമായ സമാനന്റെ ഉപാസന

4. അഥ യഃ അസ്യ ഉദങ് സുഷിഃ സ സമാനഃ തത് മനഃ സ പർജ്ജന്യഃ തദ് ഏതദ് കീർത്തിഃ ച വ്യുഷ്ടിഃ ച ഇതി ഉപാസീത. കീർത്തിമാൻ വ്യുഷ്ടിമാൻ ഭവതി യ ഏവം വേദ.

ഇതിന്റെ വടക്കുഭാഗത്തുള്ള ദ്വാരമാണ് സമാനൻ. അതു മനസ്സാണ്; അതു പർജന്യനാണ്. അത് കീർത്തിയും ശരീരലാവണ്യവും ആണ്. എന്ന് അറിഞ്ഞ് ഉപാസിക്കണം. ഇപ്രകാരം അറിയുന്നവൻ കീർത്തിമാനും സുന്ദരനും ആയി ഭവിക്കുന്നു. [വ്യുഷ്ടി—ശരീരലാവണ്യം.]

ഹൃദയാന്തർഗതവും ഊർദ്ധ്വസുഷിഭൂതവുമായ ഉദാനോപാസന.

5. അഥ യഃ അസ്യ ഊർധ്വഃ സുഷിഃ സ ഉദാനഃ സ വായുഃ സ ആകാശഃ തദ് ഏതദ് ഓജഃ ച മഹഃ ച ഇതി ഉപാസീത ഓജസ്വീ മഹസ്വാൻ ഭവതി യ ഏവം വേദ.

ഇതിന്റെ മുകളംഭാഗത്തുള്ള ദ്വാരമാണ് ഉദാനൻ. അത് വായുവാണ്. അത് ആകാശമാണ്. അതു തന്നെയാണ് ഈ തേജസ്സും മഹസ്സും. ഇപ്രകാരം അതിനെ ഉപാസിക്കണം. ഇപ്രകാരം അറിയുന്നവൻ ഓജസ്സും മഹസ്സും ഉള്ളവനായിത്തീരുന്നു.

മേൽപറയപ്പെട്ട പ്രാണാദികളായ ദ്വാരപാലൻമാരെ ഉപാസിച്ചാലുള്ള ഫലം.

6. തേ വാ ഏതേ പഞ്ച ബ്രഹ്മപുരുഷാഃ സ്വർഗ്ഗസ്യ ലോകസ്യ ദ്വാരപാഃ സ യ ഏതാൻ ഏവം പഞ്ചബ്രഹ്മപുരുഷാൻ സ്വർഗ്ഗസ്യ ലോകസ്യ ദ്വാരപാൻ വേദ അസ്യ കുലേ വീരഃ ജായതേ പ്രതിപദ്യതേ സ്വർഗ്ഗം ലോകം യ ഏതാൻ ഏവം പഞ്ച ബ്രഹ്മപുരുഷാൻ സ്വർഗ്ഗസ്യ ലോകസ്യ ദ്വാരപാൻ വേദ.

ഈ അഞ്ചു ബ്രഹ്മപുരുഷൻമാരും സ്വർഗ്ഗലോകത്തിന്റെ ദ്വാരപാലകൻമാരായ ഈ ബ്രഹ്മപുരുഷൻമാരെ ആരാണോ അറിയുന്നത്, അവന്റെ കുലത്തിൽ വീരപുത്രൻ ജനിക്കുന്നു. ഇപ്രകാരം സ്വർഗ്ഗലോകത്തിലേ ദ്വാരപാലകൻമാരായ ഈ അഞ്ചു പുരുഷൻമാരെയും അറിയുന്നവർ സ്വർഗ്ഗലോകത്തെ പ്രാപിക്കുന്നു.

[ഹൃദയത്തെ സ്വർഗ്ഗമായി കൽപ്പിച്ചുകൊണ്ടുള്ള ഭാവനയാണ് ഇത് എന്നും വ്യാഖ്യാനിക്കുന്നു.]

●

ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന മുഖ്യബ്രഹ്മോപാസന.

7. അഥ യദ് അതഃ പരഃ ദിവഃ ജ്യോതിർ ദീപ്യതേ വിശ്വതഃ പൃഷ്ഠേഷു സർവ്വതഃ പൃഷ്ഠേഷു അനുത്തമേഷു ഉത്തമേഷു ലോകേഷു ഇദം വാവ തദ് യദ് ഇദം അസ്മിൻ അന്തഃ പുരുഷേ ജ്യോതിഃ.

ഇനി ഈ ദ്യുലോകത്തിനും അപ്പുറമായി കാണപ്പെടുന്ന ജ്യോതിസ്സ്,—വിശ്വത്തിൻെറ പൃഷ്ഠഭൂമിയിൽ—(അതായത് എല്ലാത്തിനും മുകളിലായി) ഏതൊന്നിനേക്കാളും ഉത്തമമായി മറ്റൊരു ലോകമില്ലയോ അങ്ങനെയുള്ള ഉത്തമലോകങ്ങളിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ജ്യോതിസ്സ് നിശ്ചയമായും, പുരുഷൻെറ ഉള്ളിലുള്ള ജ്യോതിസ്സു തന്നെ.

8. തസ്യ ഏഷാ ദൃഷ്ടിഃ യത്ര ഏതദ് അസ്മിൻ ശരീരേ സംസ്പർശേന ഉഷ്ണിമാനം വിജാനാതി തസ്യൈഷാ ശ്രുതിഃ യത്ര ഏതദ് കർണ്ണൗ അപിഗൃഹ്യ നിനദമിവ നദഥുഃ ഇവ ആഗ്നേഃ ഇവ ജ്വലത ഉപശൃണോതി തദ് ഏതദ് ദൃഷ്ടം ച ശ്രുതം ച ഇതി ഉപാസീത ചക്ഷുഷ്യഃ ശ്രുതഃ ഭവതി യ ഏവം വേദ, യ ഏവം വേദ.

അതു മനസ്സിലാക്കാനുള്ള ഉപായം പറയാം. ഈ ശരീരത്തിൽ തൊട്ടാൽ ചൂട് അനുഭവപ്പെടുന്നതും, കാതുകളടച്ചാൽ നിനദം പോലെയും നദഥുപോലെയും എരിയുന്ന തീയുടെ ശബ്ദംപോലെയും, (ശബ്ദം) കേൾക്കുന്നതും, ആ തേജസ്സിനെ കാണാനും കേൾക്കാനുമുള്ള ഉപായമാണ്. ഇപ്രകാരം ആ (ജ്യോതിസ്സിനെ) ഉപാസിക്കണം. ഇപ്രകാരം അറിയുന്നവൻ ദർശനീയനുംകീർത്തിമാനും ആയിത്തീരുന്നു.

[നിനദം—തേരിൻെറ ശബ്ദം. നദഥു—കാളയുടെ കരച്ചിൽ ചക്ഷുഷ്യഃ— സുന്ദരൻ. ശ്രുതഃ—കീർത്തിമാൻ]

●

## പതിന്നാലാം ഖണ്ഡം

ശാണ്ഡില്യവിദ്യ.

എല്ലാവിധത്തിലുമുള്ള ബ്രഹ്മോപാസന.

1. സർവം ഖലു ഇദം ബ്രഹ്മ തജ്ജലാനിതി. ശാന്ത ഉപാസീത. അഥ ഖലു ക്രതുമയഃ പുരുഷഃ യഥാ ക്രതുഃ അസ്മിൻ ലോകേ പുരുഷഃ ഭവതി തഥാ ഏതഃ പ്രേത്യ ഭവതി, സ ക്രതും കുർവീത.

ഇതു സർവവും ബ്രഹ്മം തന്നെ. അതിൽനിന്ന് (ബ്രഹ്മത്തിൽ നിന്ന്) എല്ലാം ജനിക്കുന്നു (ഉണ്ടാകുന്നു). അതിൽ തന്നെ ലയിക്കുന്നു. അതിൽ തന്നെ സ്ഥിതിചെയ്യുന്നു. ഇപ്രകാരം അറിഞ്ഞ് ശാന്തമായി ഉപാസിക്കണം. എന്തെന്നാൽ പുരുഷൻ ക്രതുമയനാണ് (വിശ്വാസാനുസൃതമായ ഭാവമുള്ളവൻ). ഈ ലോകത്ത് (ജീവിതകാലത്ത്) ഏതുതരം വിശ്വാസമാണോ അതുപോലെ തന്നെ മരിച്ചാലും ഭവിക്കുന്നു. അതിനാൽ വിശ്വാസത്തെ ദൃഢമാക്കണം.

[തജ്ജലാൻ—ഇതി. തത്—ജ—ല—അൻ ഇതി. തത്—അതിൽ നിന്ന്] (ബ്രഹ്മത്തിൽനിന്ന്) ജ—ജനിക്കുന്നു. ല—ലയിക്കുന്നു. അൻ—ജീവിക്കുന്നു—സ്ഥിതി ചെയ്യുന്നു. ക്രതുമയഃ—ക്രതുസ്വരൂപൻ—വിശ്വാസസ്വരൂപൻ—വിശ്വാസാനുസൃത ഭാവമുള്ളവൻ. ക്രതു എന്നതിന് സാമാന്യാർത്ഥം യാഗം, ധ്യാനം. ഇവിടെ നിശ്ചയം ശ്രദ്ധ എന്നും, പ്രകൃതത്തിൽ വിശ്വാസം എന്നും അർത്ഥം.] ബ്രഹ്മത്തെ ധ്യാനിച്ചാൽ മരണാനന്തരവും ബ്രഹ്മസ്വരൂപമായിത്തീരും എന്നു സാരം.

●

### എല്ലാ ബ്രഹ്മത്തിലും ആരോപിതമായ ഗുണം

**2. മനോമയഃ പ്രാണശരീരഃ ഭാരൂപഃ സത്യസങ്കല്പ ആകാശാത്മാ സർവകർമ്മാ സർവകാമഃ സർവഗന്ധഃ സർവരസഃ സർവം ഇദം അഭ്യാത്തഃ അവാക്യ അനാദരഃ.**

ആ ആത്മാവ് മനോമയനും, പ്രാണശരീരനും, പ്രകാശസ്വരൂപനും, സത്യസങ്കല്പനും, ആകാശസ്വരൂപനും, സർവകർമ്മാവും, സർവകാമനും, സർവഗന്ധയുക്തനും, സർവരസയുക്തനും, സർവവ്യാപിയും വാഗ്രഹിതനും ക്ഷോഭരഹിതനും ആണ്.

[അനാദരഃ—ക്ഷോഭരഹിതൻ.—സംഭ്രമ രഹിതൻ. അവാക്യ—വാക്ക് ഇല്ലാത്തവൻ—വാക്കും മററ് ഇന്ദ്രിയങ്ങളും ഇല്ലാത്തവൻ.

ആത്മാവ് (ബ്രഹ്മം) ചെറുതിലും ചെറുതും വലുതിലും വലുതും ആകുന്നു.

**3. ഏഷ മ ആത്മാ അന്തർഹൃദയേ അണീയാൻ വ്രീഹേർ വാ യവാദ് വാ സർഷപാദ് വാ ശ്യാമാകാദ് വാ ശ്യാമാകതണ്ഡുലാദ് വാ ഏഷ മ ആത്മാ അന്തർഹൃദയേ ജ്യായാൻ പൃഥിവ്യാ ജ്യായാൻ അന്തരീക്ഷാത് ജ്യായാൻ ദിവോ ജ്യായാൻ ഏഭ്യഃ ലോകേഭ്യഃ**

ഹൃദയാന്തർഭാഗത്തു സ്ഥിതിചെയ്യുന്ന എന്റെ അന്തരാത്മാവ് നെല്ല്, യവം, ചാമ. ചാമയരി എന്നിവയേക്കാളും ചെറുതാണ്.

എന്നാൽ ഹൃദയത്തിന്റെ ഉള്ളിൽ സ്ഥിതി ചെയ്യുന്ന ആത്മാവ് പൃത്ഥ്വി, അന്തരിക്ഷം, ദ്യുലോകം എന്നീ ലോകങ്ങളെക്കാളും വലുതുമാണ്.

●

ഹൃദയസ്ഥിതമായ ബ്രഹ്മവും പരബ്രഹ്മവും ഒന്നു തന്നെ.

4. സർവകർമ്മാ സർവകാമഃ സർവഗന്ധഃ സർവരസഃ സർവം ഇദം അഭ്യാത്തഃ അവാകീ അനാദരഃ ഏഷ മ ആത്മാ അന്തർഹൃദയേ ഏതദ് ബ്രഹ്മ ഏവ ഏതം ഇതഃ പ്രേത്യ അഭിസംഭവിതാസ്മിതി യസ്യ സ്യാദ് അദ്ധാ ന വിചികിത്സാ അസ്തി ഇതി ഹ സ്മാഹ ശാണ്ഡില്യഃ ശാണ്ഡില്യ .

4. സർവകർമ്മാവും സർവകാമനും സർവഗന്ധയുക്തനും സർവരസയുക്തനും ഇക്കാണുന്ന സർവത്തെയും എല്ലാ ഭാഗത്തു നിന്നും അഭിവ്യാപിച്ചിരിക്കുന്നവനും, വാഗ് രഹിതനും സംഭ്രമശൂന്യനും ആയ എന്റെ ഈ ആത്മാവ് ഹൃദയത്തിനുള്ളിൽ സ്ഥിതി ചെയ്യുന്നു. ഇതു തന്നെയാണ് ബ്രഹ്മം. മരണാനന്തരം ഞാൻ ഈ ആത്മാവിനെത്തന്നെ പ്രാപിക്കും. ഇത് നിശ്ചയമാണ്. ഈ വിഷയത്തിൽ ദൃഢനിശ്ചയമുള്ളവനും സംശയമില്ലാത്തവനും അതുപോലെ ബ്രഹ്മഭാവത്തെ പ്രാപിക്കും എന്ന് ശാണ്ഡില്യൻ പറഞ്ഞിട്ടുണ്ട്.

[അദ്ധ = ശ്രദ്ധ, വിശ്വാസം. വിചികിത്സ—സംശയം. ഏതം—ഈ ആത്മാവിനെ, ബ്രഹ്മത്തെ]

## പതിനഞ്ചാം ഖണ്ഡം

വിരാട് കോശോപാസന

1. അന്തരിക്ഷോദരഃ കോശഃ ഭൂമിബുധ്നഃ ന ജീര്യതി ദിശഃ ഹി അസ്യ സ്രക്തയഃ ദ്യൗഃ അസ്യ ഉത്തരം ബിലം സ ഏഷ കോശഃ വസുധാനഃ തസ്മിൻ വിശ്വമിദം ശ്രിതം,

അന്തരിക്ഷമാകുന്ന ഉദരത്തോടുകൂടിയതും പൃത്ഥ്വിയാകുന്ന മൂലത്തോടുകൂടിയതുമായ കോശം (ബ്രഹ്മാണ്ഡം) നശിക്കുന്നില്ല. ഇതിന്റെ കോണങ്ങൾ ദിക്കുകളാകുന്നു. ഇതിന്റെ മുകളിലത്തെ സുഷിരം ആകാശമാകുന്നു. ഈ കോശം വസുധാനവുമാകുന്നു. എല്ലാം ഇതിലാണ് സ്ഥിതി ചെയ്യുന്നത്. [ ഭൂമിബുധ്നം—ഭൂമിയാകുന്ന മൂലത്തോടു കൂടിയത്. സ്രക്തയഃ—കോണങ്ങൾ. വസുധാനം—ധനം വയ്ക്കാനുള്ള അറ.]

2. തസ്യ പ്രാചീ ദിഗ് ജൂഹുർന്നാമ സഹമാനാ നാമ ദക്ഷിണാ രാജ്ഞീ നാമ പ്രതീചീ സുഭൂതാ നാമഃ ഉദീചീ

താസാം വായുഃ വത്സഃ സ യ ഏതം ഏവം വായും ദിശാം വത്സം വേദ ന പുത്രരോദം രോദിതി. സഃ അഹം ഏതം ഏവം വായും ദിശാം വത്സം വേദ മാ പുത്രരോദം രുദം.

ആ കോശത്തിൻെറ കിഴക്കുദിക്കിൻെറ പേര് ജുഹു. തെക്കുദിക്കിൻെറപേര് 'സഹമാനാ'. പടിഞ്ഞാറുദിക്കിൻെറ പേര് 'രാജ്ഞി'. വടക്കുദിക്കിൻെറ പേര് സുഭൂതാ. ആ ദിക്കുകളുടെ വത്സൻ (കുട്ടി) വായുവാണ്. ഇപ്രകാരം ഈ വായുവിനെ ദിക്കുകളുടെ വത്സനെന്ന് അറിയുന്നവൻ പുത്രൻ നിമിത്തം കരയുന്നില്ല. ഞാൻ ഇപ്രകാരം ഈ വായുവിനെ ദിക്കുകളുടെ വത്സനെന്ന് അറിയുന്നു. അതുകൊണ്ടു ഞാൻ പുത്രൻ നിമിത്തം കരയുന്നില്ല.

[ജുഹു—ഹോമിക്കുന്ന ദിക്ക്. സഹമാനാ—പ്രാണികൾ പാപകർമ്മഫലങ്ങൾ അനുഭവിക്കുന്ന സ്ഥലം. രാജ്ഞി—സന്ധ്യാരാഗം കാണുന്നദിക്ക്. സുഭൂതാ- ഭൂതിയുള്ള ഈശ്വരൻ (കുബേരൻ) വാഴുന്ന ദിക്ക്. ദിക്കുകളിൽ നിന്നു വീശുന്നതുകൊണ്ട് വായു ദിക്കുകളുടെ വത്സനായി.

3. അരിഷ്ടം കോശം പ്രപദ്യേ അമുനാ അമുനാ അമുനാ. പ്രാണം പ്രപദ്യേ അമുനാ അമുനാ അമുനാ. ഭൂഃ പ്രപദ്യേ അമുനാ അമുനാ അമുനാ. ഭുവഃ പ്രപദ്യേ അമുനാ അമുനാ അമുനാ. സ്വഃ പ്രപദ്യേ അമുനാ അമുനാ അമുനാ.

ഞാൻ ഇന്ന ഇന്ന ഇന്നവനോടു കൂടി അരിഷ്ടമായ (അവിനാശിയായ) കോശത്തെ പ്രാപിക്കുന്നു. ഇന്ന ഇന്ന ഇന്നവനോടുകൂടി പ്രാണനെ പ്രാപിക്കുന്നു. ഇന്ന ഇന്ന ഇന്നവനോടുകൂടി ഭൂവിനെ ശരണം പ്രാപിക്കുന്നു. ഇന്ന ഇന്ന ഇന്നവനോടുകൂടി ഭൂവർലോകത്തെ പ്രാപിക്കുന്നു. ഇന്ന ഇന്ന ഇന്നവനോടുകൂടി സ്വർലോകത്തെ പ്രാപിക്കുന്നു, [ഇപ്രകാരം പറഞ്ഞ് വീണ്ടും വീണ്ടും മുമ്മൂന്നു പ്രാവശ്യം പുത്രൻെറ നാമം പറയണം.]

[കുറിപ്പ്—ഇത് പുത്രനുവേണ്ടിയുള്ള പ്രാർത്ഥനയാണ്. ത്രിലോകത്തെ ഒരു അനശ്വര ഭണ്ഡാരമായും (അരിഷ്ടം, കോശം) നാലു ദിക്കുകളെയും സ്ത്രീകളായും, വായുവിനെ അവരുടെ ശിശുവായും, ചിന്തിക്കണം എന്നുള്ള ഉപാസനയെപ്പററി മുകളിൽ സൂചിപ്പിച്ചു. അതിൻമേലുള്ള മന്ത്രോപാസനയാണ് ഇവിടെ.

പുത്രനുവേണ്ടി കോശത്തെ (ത്രൈലോക്യത്തെയും മററും) ശരണം പ്രാപിക്കുന്നു എന്നാണ് ഈ മന്ത്രത്തിൻെറ സാരം. അമുനാ-ഇന്നവനോടുകൂടി—പുത്രനോടുകൂടി എന്നർത്ഥം, പുത്രനാമം മൂന്നു വട്ടം പറയണമെന്നുള്ളതുകൊണ്ടാണ് അമുനാ എന്ന് മൂന്നു തവണ ആവർത്തിച്ചിരിക്കുന്നത്. പ്രാണനെയും കോശത്തെയും, ഭൂർലോകത്തെയും ഭൂവർ ലോകത്തെയും സ്വർലോകത്തെയും പുത്രനോടുകൂടി ശരണം പ്രാപിക്കുന്നു എന്നർത്ഥം.]

4. സ യദ് അവോചം പ്രാണം പ്രപദ്യ ഇതി പ്രാണഃ വാ ഇദം സർവം ഭൂതം യദ് ഇദം കിം ച തമേവ തത് പ്രാപത്സി.

5. അഥ യദ് അവോചം ഭൂഃ പ്രപദ്യ ഇതി പൃഥിവീം പ്രപദ്യേ അന്തരിക്ഷം പ്രപദ്യേ ദിവം പ്രപദ്യേ ഇതി ഏവ തദ് അവോചം.

6. അഥ യദ് അവോചം ഭുവഃ പ്രപദ്യ ഇതി അഗ്നിം പ്രപദ്യേ വായും പ്രപദ്യ ആദിത്യം പ്രപദ്യ ഇതി ഏവ തദവോചം.

7. അഥ യദ് അവോചം സ്വഃ പ്രപദ്യ ഇതി ഋഗ്വേദം പ്രപദ്യേ യജുർവേദം പ്രപദ്യേ സാമവേദം പ്രപദ്യ ഇത്യേവ തദ് അവോചം, തദവോചം

ഞാൻ പ്രാണനെ ശരണം പ്രാപിക്കുന്നു എന്നു പറഞ്ഞത് ഇക്കാണുന്ന സർവവും പ്രാണൻ തന്നെയാണ് എന്നുള്ളതുകൊണ്ടാണ്. അതിനാൽ ഞാൻ അതിനെ ശരണം പ്രാപിച്ചു. പിന്നെ ഭൂവിനെ ശരണം പ്രാപിക്കുന്നു എന്നു പറഞ്ഞത് പൃഥ്വിയേയും അന്തരിക്ഷത്തെയും ദ്യുലോകത്തെയും ശരണം പ്രാപിക്കുന്നു എന്നതുകൊണ്ടാണ്. പിന്നീട് ഞാൻ ഭൂവർലോകത്തെ ശരണം പ്രാപിക്കുന്നു എന്നുപറഞ്ഞത് അഗ്നിയെയും, വായുവിനെയും, ആദിത്യനെയും ശരണം പ്രാപിക്കുന്നു എന്നതുകൊണ്ടാണ്.

സ്വരിനെ ശരണം പ്രാപിക്കുന്നു എന്നുപറഞ്ഞത് ഋഗ്വേദത്തെയും യജുർവേദത്തെയും സാമവേദത്തെയും ശരണം പ്രാപിക്കുന്നു എന്നതുകൊണ്ടാണ്. ഇതാണു ഞാൻ പറഞ്ഞത്, ഇതാണ് ഞാൻ പറഞ്ഞത്.

## പതിനാറാം ഖണ്ഡം

ആത്മയജ്ഞോപാസന.

1. പുരുഷഃ വാവ യജ്ഞഃ തസ്യ യാനി ചതുർവിംശതി വർഷാണി തത് പ്രാതഃസവനം, ചതുർവിംശതി അക്ഷരാ ഗായത്രീ, ഗായത്രം പ്രാതഃസവനം, തദസ്യ വസവഃ അന്വായത്താഃ പ്രാണാ വാവ വസവ, ഏതേ ഹീദം സർവം വാസയന്തി.

പുരുഷൻ (മനുഷ്യൻ) തന്നെയാണ് യജ്ഞം. അവന്റെ ആദ്യത്തേ ഇരുപത്തുനാലുവർഷം പ്രാത:സവനമാണ്. പ്രാത:സവനത്തോട്

ബന്ധപ്പെട്ട ഗായത്രി ഇരുപത്തിനാല് അക്ഷരമുള്ളതാണ്. (ഗായത്രി ഛന്ദസ്സ്.) അതിനെ വസുക്കളും അനുഗമിക്കുന്നു. (ചേർന്നു പോകുന്നു.) പ്രാണൻ തന്നെയാണ് വസുക്കൾ. എന്തുകൊണ്ടെന്നാൽ പ്രാണനെക്കൊണ്ടാണ് ഇവയെല്ലാം വസിക്കുന്നത്. (ജീവിക്കുന്നത്).

കുറിപ്പ്—പുരുഷൻ തന്നെയാണ് യജ്ഞം എന്നു പറഞ്ഞിരിക്കുന്നതിനാൽ മനുഷ്യജീവിതത്തെ ഒരു യജ്ഞമായി കല്പിച്ചിരിക്കുകയാണ്. അതിനാൽ ഇരുപത്തിനാലു വർഷം പ്രാതഃസവനം—പ്രഭാതത്തിലേ—സവനം എന്നു കല്പിച്ചിരിക്കുന്നു. ഇരുപത്തിനാല് അക്ഷരമുള്ള ഗായത്രി അതിനോടു ബന്ധപ്പെട്ടതാണെന്നും വസുക്കൾ അതിനെ അനുഗമിക്കുന്നുവെന്നും പറഞ്ഞിരിക്കുന്നു. പ്രാണധാരണം കൊണ്ടാണ് എല്ലാം വസിക്കുന്നത് (ജീവിക്കുന്നത്) എന്നും അതുകൊണ്ടാണ് പ്രാണൻ വസുക്കൾ തന്നെ എന്നും കല്പിച്ചിരിക്കുന്നത്.

[അഗ്നിഷ്ടോമം എന്ന സോമയാഗത്തിന് പ്രഭാതത്തിലും മധ്യാഹ്നത്തിലും, സന്ധ്യയ്ക്കും മൂന്നു സവനങ്ങളുണ്ട്. ഐതരേയ ബ്രാഹ്മണമനുസരിച്ച് പ്രാതഃസവനത്തിന് ഗായത്രിയും മാധ്യംദിനസവനത്തിന് ത്രിഷ്ടുപ്പും സന്ധ്യാസവനത്തിന്, ജഗതീ–ഛന്ദസ്സും ആണ്. ഇവയോടു ചേർന്ന ദേവതകൾ;—ഗായത്രിക്കു് അഗ്നിയും വസുക്കളും, ത്രിഷ്ടുപ്പിന് ഇന്ദ്രനും രുദ്രനും വിശ്വദേവൻമാരും, ജഗതിക്ക് ആദിത്യൻമാരും ആകുന്നു.]

2. തം ചേദ് ഏതസ്മിൻ വയസി കിഞ്ചിദ് ഉപതപേത് സ ബ്രൂയാത്—പ്രാണാ വസവ ഇദം മേ പ്രാതഃസവനം മാദ്ധ്യന്ദിനംസവനം അനുസംതനുത–ഇതി–മാ അഹം പ്രാണാനാം വസൂനാം മധ്യേ യജ്ഞഃ വിലോപ്സീയ–ഇതി ഉദ്ധ ഏവ തത ഏതി അഗദോ ഹ ഭവതി.

ഈ പ്രായത്തിൽ (ഇരുപത്തുനാലു വയസ്സിനിടയ്ക്ക്) ഏതെങ്കിലും വേദന ഉണ്ടായാൽ (അയാൾ) ഇപ്രകാരം ജപിക്കണം. "അല്ലയോ പ്രാണങ്ങളേ, വസുക്കളേ, എന്റെ ഈ പ്രാതഃസവനത്തെ മാധ്യന്ദിന സവനത്തോടു യോജിപ്പിക്കണം. യജ്ഞമായ ഞാൻ പ്രാണങ്ങളും വസുക്കളുമായ നിങ്ങളുടെ മധ്യത്തിൽ വച്ച് നശിച്ചുപോകരുത്" എന്ന്. അപ്പോൾ അയാൾ അഗദനായി (രോഗമുക്തനായി) ഭവിക്കുന്നു.

3. അഥ യാനി ചതുശ്ചത്വാരിംശത് വർഷാണി തത് മാധ്യംദിനം സവനം ചതുശ്ചത്വാരിംശത് അക്ഷരാ ത്രിഷ്ടുപ് ത്രൈഷ്ടുഭം മാധ്യംദിനം സവനം, തദസ്യ രുദ്രാ അന്വായത്താഃ പ്രാണാ വാവ രുദ്രാഃ ഏതേ ഹി ഇദം സർവം രോദയന്തി.

4. തം ചേദ് ഏതസ്മിൻ വയസി കിംചിദ് ഉപതപേത് സ ബ്രൂയാത്——പ്രാണാ രുദ്രാ ഇദം മേ മാധ്യംദിനം സവനം തൃതീയസവനം അനുസംതനുതേ ഇതി മാഹം, പ്രാണാനാം രുദ്രാണാം മധ്യേ യജ്ഞഃ വിലോപ്സീയേത് ഇതി. ഉദ്ധൈവ തത ഏതി അഗദഃ ഹ ഭവതി.

പിന്നെ നാല്പത്തിനാലു വർഷം മാധ്യംദിനസവനമാണ്. മാധ്യം-ദിനസവനത്തോടു ചേർന്ന ത്രിഷ്ടുപ് ഛന്ദസ്സ് നാല്പത്തിനാലക്ഷരങ്ങളോടു കൂടിയതാണ്. ആ മാധ്യംദിനസവനത്തെ രുദ്രൻമാർ അനുഗമിക്കുന്നു. പ്രാണങ്ങളം തന്നെയാണ് രുദ്രൻമാർ. എന്തെന്നാൽ ഇവരാണ് ഈ സർവപ്രാണികളെയും കരയിക്കുന്നത്. [നാല്പത്തിനാലു വയസ്സുവരെയുള്ള കാലത്തെ മാധ്യംദിനസവനമായി കല്പിച്ചിരിക്കുന്നു.]

ഈ പ്രായത്തിൽ (നാല്പത്തിനാലു വയസ്സിനിടയ്ക്ക്) ഏതെങ്കിലും വേദന ഉണ്ടായാൽ അയാൾ ഇപ്രകാരം ജപിക്കണം:— അല്ലയോ പ്രാണരൂപികളായ രുദ്രൻമാരേ, എന്റെ ഈ മാധ്യംദിനസവനത്തെ തൃതീയ സവനത്തോടു യോജിപ്പിക്കണം. യജ്ഞമായ ഞാൻ പ്രാണരൂപികളായ രുദ്രൻമാരുടെ മധ്യത്തിൽവച്ച് നശിച്ചുപോകരുത് എന്ന്. അപ്പോൾ അയാൾ അഗദനായി (രോഗമുക്തനായി) ഭവിക്കുന്നു.

5. അഥ യാനി അഷ്ടാചത്വാരിംശദ് വർഷാണി തത് തൃതീയസവനം അഷ്ടാചത്വാരിംശദ് അക്ഷരാ ജഗതീ: ജാഗതം തൃതീയസവനം തദസ്യ ആദിത്യാ അന്വായത്താഃ പ്രാണാ വാവ ആദിത്യാ ഏതേ ഹി ഇദം സർവം ആദദതേ.

6. തം ചേദ് ഏതസ്മിൻ വയസി കിംചിദ് ഉപതപേത് സ ബ്രൂയാത്— പ്രാണാ ആദിത്യാ ഇദം മേ തൃതീയ സവനം ആയുഃ അനുസംതനുത ഇതി. മാഹം പ്രാണാനാം ആദിത്യാനാം മധ്യേ യജ്ഞഃ വിലോപ്സീയ ഇതി ഉദ്ധൈവ തത ഏതി അഗദഃ ഹ ഏവ ഭവതി.

പിന്നത്തേ നാല്പത്തിഎട്ടുവർഷം തൃതീയസവനമാണ്. തൃതീയസവനത്തോടു ചേർന്ന ജഗതീഛന്ദസ്സ് നാല്പത്തെട്ട് അക്ഷരങ്ങളോടുകൂടിയതാണ്. ഈ സവനത്തെ ആദിത്യൻമാർ അനുഗമിക്കുന്നു. പ്രാണങ്ങളം തന്നെയാണ് ആദിത്യൻമാർ. എന്തെന്നാൽ അവതന്നെയാണ് ശബ്ദാദിവിഷയത്തെ ആദാനം ചെയ്യുന്നത് (കൈക്കൊള്ളുന്നത്). ഈ പ്രായത്തിൽ ആ ഉപാസകന് ഏതെങ്കിലും രോഗബാധ ഉണ്ടായാൽ അവൻ ഇപ്രകാരം പറയണം:—ഹേ, പ്രാണങ്ങളായ ആദിത്യൻമാരേ, എന്റെ ഈ തൃതീയസവനമായ ആയുസ്സിനെ, പൂർണ്ണമാക്കിയാലും.

യജ്ഞമായ ഞാൻ പ്രാണങ്ങളായ ആദിത്യൻമാരുടെ മധ്യത്തിൽവച്ച് ഭ്രഷ്ടമായിപ്പോകരുത്". ഇങ്ങനെ പറഞ്ഞാൽ അവൻ ആ കഷ്ടത്തിൽ നിന്നും വിമുക്തനായി രോഗമില്ലാത്തവനായി ഭവിക്കുന്നു.

7. ഏതദ് ഹ സ്മ വൈ തദ് വിദ്വാൻ ആഹ മഹിദാസ ഐതരേയഃ സഃ കിം മ ഏതദ് ഉപതപസി യഃ അഹം അനേന ന പ്രേഷ്യാമി ഇതി. സ ഹ ഷോഡശം വർഷശതം അജീവത് പ്ര ഹ ഷോഡശം വർഷശതം ജീവതി യ ഏവം വേദ.

ഈ യജ്ഞദർശനത്തെപ്പററി അറിഞ്ഞ ഐതരേയനായ മഹിദാസൻ പറഞ്ഞിരിക്കുന്നു. "ഹേ രോഗമേ, നീ എന്നെ എന്തിനു കഷ്ടപ്പെടുത്തുന്നു ? ഞാൻ ഇതിനാൽ മരിക്കുകയില്ല." അവൻ നൂററിപ്പതിനാറു വർഷം ജീവിച്ചിരുന്നു. ഇത് അറിയുന്നവനും നൂററിപ്പതിനാറു വർഷം ജീവിച്ചിരിക്കും.

[പ്ര ജീവതി—ഊർജ്ജിതമായി ജീവിക്കുന്നു].

ഐതരേയൻ—ഇതരയുടെ പുത്രൻ].

## പതിനേഴാം ഖണ്ഡം

അക്ഷയാദിഫലത്തെ പ്രദാനം ചെയ്യുന്ന ആത്മയജ്ഞോപാസന.

1. സ യദ് അശിശിഷതി യത് പിപാസതി യത് ന രമതേ താ അസ്യ ദീക്ഷാഃ.

ഈ പുരുഷയജ്ഞം ചെയ്യുന്ന ആരം അശിക്കാതെയും പാനം ചെയ്യാതെയും, രതികൂടാതെയും ഇരിക്കുന്നതാണ് അയാളുടെ ദീക്ഷ.

[ഈ ആരം (പുരുഷയജ്ഞം ചെയ്യുന്ന ആരം) ഒന്നും കഴിക്കരുത്. വെള്ളം കുടിക്കുകയും അരുത്. സ്ത്രീരതി ചെയ്കയും അരുത്. ഇതാണ് ദീക്ഷാരീതി. അശിശിഷതി—അശിക്കാൻ ഇച്ഛരിക്കുന്നു. പിപാസതി—കുടിക്കാൻ ആഗ്രഹിക്കുന്നു].

2. അഥ യദ് അശ്നാതി യത് പിബതി യദ് രമതേ തദ് ഉപസദൈഃ ഏതി.

പിന്നെ തിന്നുന്നതും പാനംചെയ്യുന്നതും രമിക്കുന്നതും ഉപസത്തിനുതുല്യമായിത്തീരുന്നു.

[ഉപസത്തു്—ഉപസദങ്ങൾ ഇഷ്ടികം തന്നെയാണ്. അഗ്നിയിൽ നെയ്യ് അർപ്പിച്ചുകൊണ്ടുചെയ്യുന്ന ഒരുതരം യാഗക്രിയയാണ്. സോമയാഗത്തിനു മൂന്നുദിവസംമുമ്പ് ദിവസം രണ്ടോ മൂന്നോ തവണ

വിതം ചെയ്യുന്നതാണ് ഇത്. ഉപവസത്തു ചെയ്യുമ്പോൾ, അല്പം പാൽ മാത്രം കുടിക്കാം. മററു ഭിക്ഷയിൽ നിന്നും കഴിച്ചുകൂട എന്നുള്ളതു കൊണ്ട് അല്പം പാലെങ്കിലും കഴിക്കാവുന്ന ഉപവസത്ത് ആശ്വാസ പ്രദമാണ്. ദൈനംദിനജീവിതത്തിലെ ആഹാരാദികൾ ഇതുപോലെ യാണെന്നു സാരം.

3. അഥ യദ് ഹസതി യത് ജക്ഷതി യത് മൈഥുനം ചരതി സ്തുത ശസ്ത്രൈരേവ തദ് ഏതി.

പിന്നെ ചിരിക്കുന്നതും ഭക്ഷിക്കുന്നതും, മൈഥുനം ചെയ്യുന്നതും സ്തോത്രത്തോടും ശസ്ത്രത്തോടും സമാനമായിത്തീരുന്നു.

[സ്തുത ശസ്ത്രങ്ങളോടു സാമ്യം പ്രാപിക്കുന്നു.—(സ്തുത ശസ്ത്രൈരേവ തദേതി)—സ്തോത്രം ഋക്ക് മന്ത്രങ്ങളുടെ ആലാപ മാണ്. സോമയാഗത്തിൽ ഹോതാവും മററും ശസ്ത്രങ്ങളും ആലപി ക്കുന്നു. ശംസനം ചെയ്യുന്ന മന്ത്രമാണ് ശസ്ത്രം. ശംസനം എന്നാൽ സ്തുതി എന്നർത്ഥം. സ്തോത്രത്തിനും ശസ്ത്രത്തിനും ശബ്ദ മുണ്ട്. ചിരിയിലും ശബ്ദം ഉണ്ടാകുന്നു. എന്നുള്ളതുകൊണ്ടാണ് [illegible] സാമ്യപ്പെടുത്തിയിരിക്കുന്നത്.

4. അഥ യത് തപോ ദാനമാർജവമഹിംസാസത്യവചനം ഇതി താ അസ്യ ദക്ഷിണാഃ

പിന്നെ, തപം ദാനം, ആർജ്ജവം (നേര്), അഹിംസ, സത്യവചനം, ഇവയെല്ലാം ഈ യജ്ഞത്തിന്റെ ദക്ഷിണകളാണ്.

[ജീവിതത്തെ യജ്ഞമായി കല്പിച്ചാൽ തപവും മററും അതിന്റെ ദക്ഷിണകൾ തന്നെ.]

5. തസ്മാദ് ആഹുഃ സോഷ്യതി അസോഷ്ട ഇതി പുനരുത്പാദനമേവ അസ്യ തത് മരണമേവ അവഭൃഥഃ.

അതുകൊണ്ടാണ് പ്രസവിക്കും എന്നും പ്രസവിച്ചു എന്നും പറയുന്നത്. അത് ഈ പുരുഷ ശരീരത്തിന്റെ പുനരുത്പാദനമാണ്. മരണം തന്നെയാണ് അവഭൃഥസ്നാനം.

[പുരുഷയാഗമാകുന്ന ജീവിതത്തെപ്പററിയും, സാധാരണയാഗ ത്തെപ്പററിയും സവിക്കും സവിച്ചു എന്നു പറയുന്നു. ഇത് രണ്ടിനെ യും ബന്ധിക്കുന്നതാണ്. ജീവിതത്തെ സംബന്ധിച്ച് പ്രസവിക്കുക എന്ന അർത്ഥത്തിൽ. യാഗത്തെ സംബന്ധിച്ച് സോമരസം പിഴി ഞ്ഞെടുക്കുക എന്ന അർത്ഥത്തിൽ. അതുകൊണ്ട് യാഗത്തിന്റെ പുനരുത്പാദനമാണ്— യാഗം തന്നെയാണ്—ജീവിതം. മരണത്തെ യാഗത്തിന്റെ അവസാനത്തുള്ള അവഭൃഥ സ്നാനമായി കല്പിച്ചി— രിക്കുന്നു.

6. തദ് ഹ ഏതദ് ഘോരാംഗിരസഃ കൃഷ്ണായ ദേവകീപുത്രായ ഉക്ത്വാ ഉവാച. അപിപാസ ഏവ സ ബഭൂവ സഃ അന്തവേലായാം ഏതത് ത്രയം പ്രതിപദ്യേത:–അക്ഷിതമസി അച്യുതമസി പ്രാണസംശിത്അസി ഇതി തത്ര ഏതേ ദ്വേ ഋചൗ ഭവതഃ.

അന്തവേലായാം (മരണകാലത്ത്) "നീ അക്ഷിതനാണ് (നാശരഹിതനാണ്—ക്ഷയമില്ലാത്തവനാണ്) നീ അച്യുതനാണ് (ച്യുതമില്ലാത്തവനാണ്) നീ പ്രാണസംശിതനാണ്,—(പ്രാണന്റെ സൂക്ഷ്മതത്ത്വമാണ്." എന്ന് മൂന്നു മന്ത്രങ്ങളും പറഞ്ഞവൻ പിപാസാരഹിതനായി (സർവതൃഷ്ണാരഹിതനായി) ഭവിച്ചു. ഇത് ദേവകീപുത്രനായ കൃഷ്ണന് ഘോരാംഗിരസ്സ് പറഞ്ഞുകൊടുത്തു. ഇതിലേക്ക് (പ്രമാണമായി) രണ്ടു് ഋക്കുകൾ ഉണ്ടു്.

[ആത്മാവ് അക്ഷയനും അച്യുതനും പ്രാണന്റെ പരമതത്ത്വവുമാണ് എന്ന് അർത്ഥം വരുന്ന മൂന്നു മന്ത്രങ്ങൾ മരണകാലത്ത് ഉച്ചരിച്ചവന് സകല തൃഷ്ണകളും ഇല്ലാതെയാകും. ഈ തത്ത്വം ഘോരാംഗിരസ്സു കൃഷ്ണന് ഉപദേശിച്ചു. ഇതിന് രണ്ട് ഋക്കുകൾ പ്രമാണമായിട്ടുണ്ട്.]

7. ആദിത്പ്രത്നസ്യ രേതസഃ ഉദ്വയം തമസസ്പരി ജ്യോതിഃ പശ്യന്ത ഉത്തരംസ്വഃ പശ്യന്ത ഉത്തരംദേവം ദേവത്രാ സൂര്യം അഗന്മ ജ്യോതിഃ ഉത്തമം ഇതി. ജ്യോതിഃ ഉത്തമം ഇതി.

തമസ്സിനപ്പുറം ദ്യോവിൽ പകൽപോലെ പ്രകാശിക്കുന്നതും ലോകോത്പത്തിക്കു കാരണവുമായ ജ്യോതിസ്സിനെ ബ്രഹ്മജ്ഞാനികൾ (സർവത്ര) കാണുന്നു. മററു ജ്യോതിസ്സുകൾക്കപ്പുറമുള്ള ആ ജ്യോതിസ്സിനെ (സ്വന്തം ഹൃദയത്തിൽ) കണ്ടുകൊണ്ട് ദേവൻമാരിൽ ദേവനും ജ്യോതിസ്സുകളിൽ ഉത്തമനുമായ സൂര്യനെ നാം പ്രാപിക്കുന്നു.

പ്രത്നസ്യ രേതസഃ—പ്രത്നമായ– (പുരാതനമായ) രേതസ്സിന്റെ ലോകോത്പത്തിക്കു കാരണമായ ബീജത്തിന്റെ .

ആദിത്–എല്ലായിടവും എന്നു് ഒരു വ്യാഖ്യാനം.

ആ+ ദ്+ ഇത് എന്നു പിരിച്ച്. ആ മാത്രം പശ്യന്ത എന്നതിനോടുചേർത്തും. ദ്. ഇത് വാക്യാലങ്കാരമായി തള്ളിയും മററു വ്യാഖ്യാനം. വാസരം— പകൽപോലെ. സ്വഃ— എന്നതിന് സ്വ ഹൃദയത്തിൽ എന്നർത്ഥം.

ഉദ് അഗന്മ– നാം ഉദ്ഗമിക്കുന്നു.—നാം പ്രാപിക്കുന്നു. രണ്ട് ഋക്കുകളുടെ ആദ്യഭാഗം ഇവിടെ സ്മരിച്ചിരിക്കുന്നു. (ഒന്നാം ഋക്ക് (8–6–30) മറേറത് (1–50–10) ദേവത്രാദേവം–ദേവന്മാരിൽ ദേവൻ)

# പതിനെട്ടാം ഖണ്ഡം

മനസ്സു തുടങ്ങിയവയുടെ ദൃഷ്ട്യാ അധ്യാത്മവും അധിദൈവതവുമായ ബ്രഹ്മോപാസന.

1. മനഃ ബ്രഹ്മ ഇതി ഉപാസീത ഇതി അധ്യാത്മം അഥ അധിദൈവതം ആകാശഃ ബ്രഹ്മ ഇതി ഉഭയം ആദിഷ്ടം ഭവതി അധ്യാത്മം ച അധിദൈവതം ച.

മനസ്സ് ബ്രഹ്മമാണ് എന്ന് ഉപാസിക്കണം. ഇത് അധ്യാത്മ ദൃഷ്ടിയാണ്. ഇനി ആകാശം ബ്രഹ്മമാണ് എന്ന് ഉപാസിക്കണം. ഇത് അധിദൈവത ദൃഷ്ടിയാണ്. ഇപ്രകാരം അധ്യാത്മവും അധിദൈവതവുമായ രണ്ട് ഉപാസനകളും ഉപദേശിക്കപ്പെട്ടു.

[മനസ്സിനെ ബ്രഹ്മമായി അധ്യാത്മോപാസനം. സ്വന്തം ആത്മാവിനെ–സ്വശരീരാന്തർഗ്ഗതമായ മനസ്സിനെ–ആധാരമാക്കിയുള്ള ഉപാസന. അധിദൈവതോപാസന എന്നത് ആകാശത്തെ ബ്രഹ്മമെന്നു കരുതിയുള്ള ഉപാസന. മനസ്സിനും ആകാശത്തിനും ബ്രഹ്മസാദൃശ്യം ഉണ്ടല്ലോ.]

2. തദ് ഏതദ് ചതുഷ്പാദ് ബ്രഹ്മ. വാക്പാദഃ പ്രാണഃ പാദഃ ചക്ഷുഃ പാദഃ ശ്രോത്രം പാദ ഇതി അധ്യാത്മം. അഥ അധിദൈവതം അഗ്നിഃ പാദഃ വായുഃ പാദഃ ആദിത്യഃ പാദഃ ദിശഃ പാദ ഇതി ഉഭയമേവ ആദിഷ്ടം ഭവതി അധ്യാത്മം ച ഏവ അധിദൈവതം ച.

അധ്യാത്മ ബ്രഹ്മത്തിന് (മനസ്സിന്) നാലു പാദങ്ങൾ ഉണ്ട്. വാക്ക്, പ്രാണൻ, ചക്ഷുസ്സ്, ശ്രോത്രം എന്നിവ. ഇനി അധിദൈവതബ്രഹ്മത്തിനും നാലു പാദങ്ങൾ ഉണ്ട്. അഗ്നി, വായു, ആദിത്യൻ ദിക്കുകൾ എന്നിവ. ഇങ്ങനെ അധ്യാത്മവും അധിദൈവതവുമായ ബ്രഹ്മത്തെപ്പററി പറയപ്പെട്ടു.

[ബ്രഹ്മത്തെ മനസ്സായി (സങ്കല്പിച്ച്) അധ്യാത്മോപാസന ചെയ്താലും നന്നാലു പാദങ്ങൾ ഉണ്ടെന്നു പറയപ്പെട്ടിരിക്കുന്നു.

പശുക്കൾ പാദങ്ങൾ (കാലുകൾ) വച്ചു നടന്ന് പ്രാപ്യ സ്ഥാനത്ത് എത്തുന്നതുപോലെ വാക്ക് തുടങ്ങിയ പാദങ്ങൾ കൊണ്ട് മനസ്സ് (പ്രാപ്യസ്ഥാനങ്ങളിൽ) ചെല്ലുന്നു എന്ന്. പശുവിന്റെ ഉടലിൽ പാദങ്ങൾ ഘടിപ്പിച്ചിരിക്കുന്നതു പോലെ ആകാശത്തിൽ അഗ്നി, വായു, ആദിത്യൻ ദിക്കുകൾ എന്നിവ ചേർന്നിരിക്കുന്നു എന്നും യുക്തി.

3. വാഗേവ ബ്രഹ്മണഃ ചതുർത്ഥഃ പാദഃ സ അഗ്നിനാ ജ്യോതിഷാ ഭാതി ച തപതി ച. ഭാതി ച തപതി ച കീർത്യാ യശസാ ബ്രഹ്മവർചസേന യ ഏവം വേദ.

മനസ്സാകുന്ന ബ്രഹ്മത്തിന്റെ നാലാമത്തേ പാദം വാക്കുതന്നെയാണ്. ആ പാദം അഗ്നിയാകുന്ന ജ്യോതിസ്സിനാൽ പ്രകാശിക്കുകയും താപത്തെ ഉണ്ടാക്കുകയും ചെയ്യുന്നു. ഇപ്രകാരം അറിയുന്നവൻ കീർത്തികൊണ്ടും യശസ്സുകൊണ്ടും ബ്രഹ്മതേജസ്സുകൊണ്ടും പ്രകാശിക്കുകയും തപിക്കുകയും ചെയ്യുന്നു

4. പ്രാണ ഏവ ബ്രഹ്മണഃ ചതുർത്ഥഃ പാദഃ സ വായുനാ ജ്യോതിഷാ ഭാതി ച തപതി. ച, ഭാതി ച തപതി ച. കീർത്യാ യശസാ ബ്രഹ്മവർചസേന യ ഏവം വേദ.

മനസ്സാകുന്ന ബ്രഹ്മത്തിന്റെ നാലുപാദങ്ങളിൽ ഒന്ന് പ്രാണൻ തന്നെയാണ്. അത് (ആ പാദം) വായുവാകുന്ന ജ്യോതിസ്സുകൊണ്ട് പ്രകാശിക്കുകയും തപിക്കുകയും ചെയ്യുന്നു. ഇപ്രകാരം അറിയുന്നവൻ കീർത്തികൊണ്ടും യശസ്സുകൊണ്ടും പ്രകാശിക്കുകയും തപിക്കുകയും ചെയ്യുന്നു.

5. ചക്ഷുഃ ഏവ ബ്രഹ്മണഃ ചതുർത്ഥഃ പാദഃ. സ ആദിത്യേന ജ്യോതിഷാ ഭാതി ച തപതി ച. ഭാതി ച തപതി ച കീർത്യാ യശസാ ബ്രഹ്മവർചസേന യ ഏവം വേദ.

മനസ്സാകുന്ന ബ്രഹ്മത്തിന്റെ നാലുപാദങ്ങളിൽ ഒന്ന് ചക്ഷുസ്സു (കണ്ണ്) തന്നെയാണ്. അത് (ആ പാദം) ആദിത്യനാകുന്ന ജ്യോതിസ്സിനാൽ പ്രകാശിക്കുകയും തപിക്കുകയും ചെയ്യുന്നു. ഇപ്രകാരം അറിയുന്നവൻ കീർത്തികൊണ്ടും ബ്രഹ്മതേജസ്സുകൊണ്ടും പ്രകാശിക്കുകയും തപിക്കുകയും ചെയ്യുന്നു.

6. ശ്രോത്രമേവ ബ്രഹ്മണഃ ചതുർത്ഥഃ പാദഃ സ ദിഗ്ഭിർ ജ്യോതിഷാ ഭാതി ച ത പതി ച; ഭാതി ച തപതി ച കീർത്ത്യാ യശസാ ബ്രഹ്മവർച സേന യ ഏവം വേദ. യഃ ഏവം വേദ.

മനസ്സാകുന്ന ബ്രഹ്മത്തിന്റെ നാലു പാദങ്ങളിൽ ഒന്ന് ശ്രോത്രം (ചെവി) തന്നെയാണ്. അത് (ആ പാദം) ദിക്കുകളാകുന്ന ജ്യോതിസ്സുകൊണ്ടു പ്രകശിക്കുകയും തപിക്കുകയും ചെയ്യുന്നു. ഇപ്രകാരം അറിയുന്നവൻ കീർത്തികൊണ്ടും ബ്രഹ്മതേജസ്സുകൊണ്ടും പ്രകാശിക്കുകയും തപിക്കുകയും ചെയ്യുന്നു.

## പത്തൊൻപതാം ഖണ്ഡം

ആദിത്യശ്രേഷ്ട്യം, — അണ്ഡശ്രേഷ്ട്യം — ആധ്യാത്മികവും ആധിദൈവികവുമായ ഉപാസന.

1. ആദിത്യഃ ബ്രഹ്മ ഇതി ആദേശഃ തസ്യ ഉപവ്യാഖ്യാനം അസദ് ഏവ ഇദം അഗ്ര ആസീത്. തദ് സദ്

**ആസീത് തദ് സമഭവത്, തദ് ആണ്ഡം നിരവർത്തത തത് സംവത്സരസ്യ മാത്രാം അശയത തദ് നിരഭിദ്യത: തേ ആണ്ഡകപാലേ രജതം ച സുവർണ്ണം ച അഭവതാം.**

ആദിത്യൻ ബ്രഹ്മമാണ് എന്നാണ് ഉപദേശം. അതിൻെറ ഉപവ്യാഖ്യാനം പറയാം. :—ആദ്യം (സൃഷ്ടിക്കു മുൻപ്,) (ഈ പ്രപഞ്ചം) അസത്തായിരുന്നു (ഇല്ലാത്തതായിരുന്നു). അത് സത്തായിത്തീർന്നു (ഉള്ളതായിത്തീർന്നു). അത് ഒരു സംവത്സരകാലം (അങ്ങനെ) കിടന്നു. പിന്നെ അത് പിളർന്നു. ആ അണ്ഡത്തിൻെറ തോടുകളിൽ (കപാലങ്ങളിൽ) ഒന്ന് വെള്ളിയും മററത് സ്വർണ്ണവും ആയി.

കുറിപ്പ്.: മുകളിൽ അധിദൈവതബ്രഹ്മത്തിൻെറ ഒരു പാദമായിട്ടാണ് ആദിത്യനെ സ്മരിച്ചത്. ഇവിടെ ആദിത്യനെ ബ്രഹ്മമായി സങ്കല്പിച്ചു കൊണ്ടുള്ള ഉപാസനയാണ്.

സൃഷ്ടിക്കു മുമ്പ് പ്രപഞ്ചം അസത്തായിരുന്നു എന്നതിൻെറ അർത്ഥം നാമവും രൂപവും ഇല്ലാത്തത് എന്നു മാത്രമാണ്. ഇല്ലാത്തത് എന്നുതന്നെയാണ് അർത്ഥമെന്ന് എടുത്താൽ ഇല്ലായ്മയിൽ നിന്ന് പ്രപഞ്ചം ഉണ്ടായിഎന്ന് വ്യാഖ്യാനിക്കാൻ പ്രയാസമാകുമല്ലോ.

**2. തദ് യദ് രജതം സ: അയം പൃഥിവീ യദ് സുവർണ്ണം സാ ദ്യൗഃ യദ് ജരായു തേ പർവതാ യദ് ഉല്ബം സ മേഘഃ നീഹാരഃ യാ ധമനയഃ താ നദ്യാ യദ് വസ്തേയം ഉദകം സ സമുദ്രഃ.**

അവയിൽ വെള്ളിയായ കപാലം ഭൂമിയാണ്. സ്വർണ്ണം (പൊൻ കപാലം) ദ്യോവാണ് (സ്വർഗ്ഗമാണ്.) ജരായു (ഗർഭാവരണം) പർവതങ്ങളാണ്. ഉല്ബം (ഗർഭവേഷ്ടനം) മേഘങ്ങളോടുകൂടിയ (സമേഘ:) നീഹാരം (മഞ്ഞ്) ആകുന്നു. ധമനികൾ (ഞരമ്പുകൾ) നദികളായിത്തീർന്നു. വസ്തിയിലുള്ള ഉദകം (ഗർഭവസ്തിയിലേ ജലം) സമുദ്രവുമായിത്തീർന്നു.

[കുറിപ്പ്;—അണ്ഡമായിക്കല്പ്പിച്ച ബ്രഹ്മാണ്ഡത്തിൻെറ താഴത്തേപകുതി വെളിയിലുള്ള കപാലം ഭൂമിയായി സ്വർണ്ണ രൂപത്തിലുള്ള മുകളിലത്തേ കപാലം ദ്യോവ് (സ്വർഗ്ഗം) ആയി. ഈ അണ്ഡത്തേ ഗർഭത്തോട് ഉപമിച്ചിട്ട്, ജരായു, ഉല്ബം, വസ്തിയിലേ ജലം എന്നിവ പർവതം മേഘങ്ങളോടു കൂടിയ മഞ്ഞ് നദികൾ സമുദ്രം എന്നിവയെ സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

**3. അഥ യദ് തദ് അജായത സഃ അസൗ ആദിത്യഃ തം ജായമാനം ഘോഷാ ഉലൂലവഃ അനൂദതിഷ്ഠൻ സർവാണി ച ഭൂതാനി സർവേ ച കാമാഃ തസ്മാത് തസ്യ ഉദയം പ്രതി**

പ്രത്യായനം പ്രതി ഘോഷാ ഉലൂലവഃ അന്വതിഷ്ഠന്തി സർവാണി ച ഭൂതാനി സർവേ ച കാമാഃ.

പിന്നെ അതിൽനിന്ന് ജനിച്ചതാണ് ആദിത്യൻ. അവന്റെ ജനനത്തെ തുടർന്ന് ഉലൂലുഘോഷം (കുരവ) ഉയർന്നു. സർവഭൂതങ്ങളും സർവകാമങ്ങളും (കാമവിഷയങ്ങളായ സർവവസ്തുക്കളും ഉണ്ടായി. അതിനാൽ ആദിത്യന്റെ ഉദയത്തിലും അസ്തമയത്തിലും) ഉലൂലുഘോഷം ഉയരുന്നു. അതുപോലെ സർവ ഭൂതങ്ങളും സർവകാമങ്ങളും.

കുറിപ്പ്:– സർവ ഭൂതങ്ങളുടെയും കാമങ്ങളുടെയും ഉത്പത്തിക്കു നിമിത്തം സൂര്യനാണ്. സൂര്യോദയാസ്തമയങ്ങളിൽ ഉലൂലുഘോഷം (കുരവയും മംഗള ശബ്ദവും) ഉണ്ടാകുന്നു.

4. സ യ ഏതം ഏവം വിദ്വാൻ ആദിത്യം ബ്രഹ്മ ഇതി ഉപാസ്തേ അഭ്യാശഃ ഹ യദ് ഏനം സാധവഃ ഘോഷാ ആ ച ഗച്ഛേയുഃ ഉപ ച നിമ്രേഡേരൻ നിമ്രേഡേരൻ.

ഇപ്രകാരം അറിഞ്ഞ് ആദിത്യനെ ബ്രഹ്മമായി ഉപാസിക്കുന്നവന്റെ സമീപത്തു മംഗല ഘോഷങ്ങൾ ചെല്ലുകയും അവനെ രമിപ്പിക്കുകയും ചെയ്യുന്നു.

(നിമ്രേഡേരൻ---സുഖിപ്പിക്കുന്നു. എന്ന പദം ആവർത്തിച്ചിരിക്കുന്നത് സമാപ്തി സൂചകം.)

# നാലാം അദ്ധ്യായം

## ഒന്നാം ഖണ്ഡം

രാജാവായ ജാനശ്രുതിയുടെയും രൈക്വന്റെയും കഥ.

1. ഓം ജാനശ്രുതിഃ ഹ പൗത്രായണഃ ശ്രദ്ധാദേയോ ബഹുദായീ ബഹുപാക്യ ആസ. സ ഹ സർവത ആവസഥാൻ മാപയാംചക്രേ സർവത ഏവ മേ അന്നം അത്സ്യന്തി ഇതി.

ധാരാളം (ആഹാരപദാർത്ഥങ്ങൾ) പാകം ചെയ്ത് അനേകം പേർക്ക് ശ്രദ്ധയോടുകൂടി വളരെയേറെ ദാനം ചെയ്യുന്നവനായി പൗത്രായണനായ ജാനശ്രുതി എന്നൊരാൾ ഉണ്ടായിരുന്നു. താൻ കൊടുക്കുന്ന ആഹാര പദാർത്ഥങ്ങൾ, എല്ലായിടവും ആളുകൾ ഭക്ഷിക്കട്ടെ എന്നു കരുതി അയാൾ വഴിയമ്പലങ്ങൾ ഉണ്ടാക്കി.

കുറിപ്പ്:– ജാനശ്രുതി—ജനശ്രുതിയുടെ പരമ്പരയിൽ പെട്ടവൻ—പൗത്രായണഃ—പുത്രന്റെ പുത്രൻ എന്നായിരിക്കാം. ബഹുപാക്യഃ—ധാരാളം പാകം ചെയ്യുന്നവൻ. ആവസഥം—വഴിയമ്പലം.

2. അഥ ഹ ഹംസാ്നിശായാം അതിപേതുഃ തദ്ധൈവം ഹംസഃ ഹംസം അഭ്യുവാദ, ഹോ ഹോ അയി ഭല്ലാക്ഷ ഭല്ലാക്ഷ ജാനശ്രുതേഃ പൗത്രായണസ്യ സമം ദിവാ ജ്യോതിഃ ആതതം തത് മാ പ്രസാങ്ക്ഷീഃ തത്ത്വാ മാ പ്രധാക്ഷീഃ ഇതി.

അങ്ങനെയിരിക്കെ ഒരു രാത്രിയിൽ ഹംസങ്ങൾ ജാനശ്രുതിയുടെ കൊട്ടാരത്തിന്റെ മുകളിൽ കൂടി പറന്നു പോയി. അപ്പോൾ ഒരു ഹംസം മറ്റൊന്നിനോടു പറഞ്ഞു: ഹോ, ഹോ ഭല്ലാക്ഷ, ഭല്ലാക്ഷ; പൗത്രായണനായ ജാനശ്രുതിയുടെ തേജസ്സ് പകൽപോലെ (സ്വർഗ്ഗം പോലെ) വ്യാപിച്ചിരിക്കുന്നു. നീ അതിനെ സ്പർശിക്കരുത്. അതു നിന്നെ ദഹിപ്പിച്ചുകളയും.

കുറിപ്പ്:— ഏതോ മഹർഷിമാരോ ദേവതകളോ ജാനശ്രുതിയുടെ ദാനധർമ്മങ്ങളിൽ സന്തുഷ്ടരായി ഹംസരൂപത്തിൽ പറന്നുപോകയായിരുന്നു എന്നും വ്യാഖ്യാനിക്കുന്നു.

3. തമു ഹ പരഃ പ്രത്യുവാച കം വര ഏനം ഏതദ് സന്തം സയുഗ്വാനം ഇവ രൈക്വം ആത്ഥ ഇതി യഃ നു കഥം സയുഗ്വാ രൈക്വ ഇതി.

ഭല്ലാക്ഷൻ അതിന് ഉത്തരം പറഞ്ഞു:— അവൻ (ജാനശ്രുതി) വണ്ടിക്കാരനായ രൈക്വന് സമനാണെന്ന് നീ എങ്ങനെ പറഞ്ഞു?

വണ്ടിക്കാരനായ ആ രൈക്വൻ ഏതു തരത്തിലുള്ളവനാണ് എന്ന് ഇതിന് (ഉത്തരമായി) ചോദിച്ചു.

[ജാനശ്രുതി വെറും സാധാരണക്കാരനാണ്. രൈക്വൻ മഹാമനസ്കനാണ്. അവരെ എങ്ങനെ താരതമ്യപ്പെടുത്തുന്നു എന്നാണ് ആക്ഷേപം.]

4. യഥാ കൃതായ വിജിതായ അധരേ യാഃ സംയന്തി ഏവം ഏനം സർവം തദ് അഭിസമ ഇതിയത് കിംച പ്രജാഃ സാധു കർവന്തി യസ്തദ് വേദ യത്സ വേദ സ മയാ ഏതദഃ ഉക്ത ഇതി.

ചൂതുകളിയിൽ കൃതൻ എന്നു പേരോടു കൂടിയ പകിട മുഖേന ജയിക്കുന്നവന് അധീനമായി അതിൽ നിന്നും കുറഞ്ഞ തരത്തിലുള്ള എല്ലാ പകിടകളും കിടക്കുന്നതുപോലെ പ്രജകൾ ചെയ്യുന്ന സത്കർമ്മങ്ങൾ എല്ലാം രൈക്വനു ലഭിക്കുന്നു. അതുപോലെ അതെല്ലാം രൈക്വന് അറിയാവുന്ന കാര്യങ്ങൾ അറിയുന്ന ആളിനും സിദ്ധിക്കുന്നു. ഞാൻ പറഞ്ഞ രൈക്വൻ ഇപ്രകാരമുള്ളവനാണ്.

കുറിപ്പ്:—[നാല് എന്ന് എഴുതിയിട്ടുള്ള പകിടയ്ക്ക് കൃതം എന്നു പേർ. മൂന്ന് എന്നതിന് ത്രേതാ എന്നും, രണ്ട് എന്നതിന്

ദ്വാപരം എന്നും, ഒന്ന് എന്നതിന് കലി എന്നും പേര്] അതിനാൽ കൃതം എന്ന പകിട കിട്ടുന്നവന് മററുള്ള മൂന്നും കിട്ടി എന്നു സിദ്ധം.

ഇവിടെ രൈക്വന്റെ അറിവിനാണ് പ്രാധാന്യം

**5. തദുഹ ജാനശ്രുതിഃ പൌത്രായണഃ ഉപശുശ്രാവ സഹ സംജിഹാന ഏവ ക്ഷത്താരം ഉവാച അംഗാ രേ ഹ സ യുഗ്വാനം ഇവ രൈക്വം ആത്ഥ ഇതി യഃ ന് കഥം സയുഗ്വാ രൈക്വ ഇതി.**

**6. യഥാ കൃതായ വിജിതായ അധരേ യാഃ സംയന്തി ഏവം ഏനം സർവം തദ് അഭിസമേതി യത് കിംച പ്രജാഃസാധു കുർവന്തി യസ്തദ്വേദ യത്സ വേദ സ മയാ ഏതദുക്ത ഇതി.**

ജാനശ്രുതിപൌത്രായണൻ ഈ വാക്കുകൾ കേട്ടു. പിറേറ ദിവസം രാവിലെ എഴുന്നേററ ഉടൻ തന്നെ അദ്ദേഹം ദ്വാരപാലകനോട് ചോദിച്ചു. എടോ നീ എന്തിനാണ്, വണ്ടിക്കാരനായ രൈക്വനോട് സാദൃശ്യപ്പെടുത്തി എന്നെ സ്തുതിക്കുന്നത്?

ഇതു കേട്ടു ദ്വാരപാലകൻ ചോദിച്ചു:—വണ്ടിക്കാരനായ ഈ രൈക്വൻ എങ്ങനെയുള്ളവനാണ്? രാജാവ് പറഞ്ഞു: കൃതം എന്ന പകിട മുഖേന ജയിക്കുന്നവന്റെ കീഴിൽ അതിനെക്കാളും താഴ്ന്ന തരത്തിലുള്ള എല്ലാ പകിടകളും കിടക്കുന്നതുപോലെ പ്രജകൾ ചെയ്യുന്ന എല്ലാ സത്കർമ്മങ്ങളും രൈക്വനു ലഭിക്കുന്നു. അതുപോലെ രൈക്വന് അറിയാവുന്നത് മററാർക്കെങ്കിലും അറിയാമെങ്കിൽ അവനെപ്പററിയും മുമ്പിലത്തേപ്പോലെ ഞാൻ പറഞ്ഞിരിക്കുന്നു.

**7. സ ഹ ക്ഷത്താ അന്വിഷ്യ ന അവിദം ഇതി പ്രത്യേയായ തം ഹോവാച യത്ര അരേ ബ്രാഹ്മണസ്യ അന്വേഷണാ തദ് ഏനം അർച്ഛേതി.**

ആ ദ്വാരപാലകനാകട്ടെ (രൈക്വനെ) അന്വേഷിച്ചിട്ട് കണ്ടുകിട്ടിയില്ല എന്ന് തിരിച്ചുവന്ന് രാജാവിനോടു പറഞ്ഞു: എനിക്ക് അയാളെ കണ്ടുപിടിക്കാൻ സാധിച്ചില്ല.

അയാളോട് രാജാവ് (ജാനശ്രുതി) പറഞ്ഞു: എവിടെയാണോ ബ്രഹ്മ വേദികളെ ആന്വേഷിക്കേണ്ടത് അവിടെപ്പോയി രൈക്വനെ അന്വേഷിക്കുക.

[**ക്ഷത്താവ്—ക്ഷത്രിയന്** ശൂദ്ര സ്ത്രീയിൽ ഉണ്ടായ പുത്രൻ **തേരാളിയും,** ദ്വാരപാലകനുമാണ്. ബ്രാഹ്മണർ — ബ്രഹ്മജ്ഞാനികൾ.

8. സഃ അധസ്താച്ഛകടസ്യ പാമാനം കഷമാണം ഉപോപവിവേശ തം ഹ അഭ്യുവാദ ത്വം നു ഭഗവഃ സയുഗ്വാ രൈക്വ ഇത്യഹം ഹ്യരാ 3 ഇതി. പ്രതിജജ്ഞേ സഹ ക്ഷത്താ അവിദം ഇതി പ്രത്യേയായ.

വീണ്ടും സേവകൻ പുറപ്പെട്ടു. അയാൾ ഒരു ശകടത്തിന്റെ കീഴിൽ ചൊറിയും കുത്തിയിരിക്കുന്ന ഒരാളിനെ കണ്ടു. ദ്വാരപാലകൻ അയാളുടെ അടുത്തു ചെന്ന് ഇപ്രകാരം ചോദിച്ചു;— ഭഗവൻ അങ്ങ് തന്നെയാണോ വണ്ടിക്കാരനായ രൈക്വൻ?

അപ്പോൾ താൻ രൈക്വനെ തിരിച്ചറിഞ്ഞു എന്നു മനസ്സിലാക്കി ദ്വാരപാലകൻ മടങ്ങിപ്പോയി.

## രണ്ടാം ഖണ്ഡം

രൈക്വജാനശ്രുതിസംവാദം.

1. തദു ഹ ജാനശ്രുതിഃ പൗത്രായണഃ ഷട്ശതാനി ഗവാം നിഷ്കം അശ്വതരീരഥം തദാദായ പ്രതിചക്രമ ഏതം ഹ അഭ്യുവാദ.

ദ്വാരപാലകൻ അറിയിച്ചതനുസരിച്ച് പൗത്രായണനായ ജാനശ്രുതി അറുനൂറു പശുക്കളെ, ഒരു കണ്ഠഹാരം, പെൺകോവർകഴുതകൾ വലിക്കുന്ന ഒരു രഥം എന്നിവയോടുകൂടി രൈക്വന്റെ അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു;—

2. രൈക്വ ഇമാനി ഷട്ശതാനി ഗവാം അയം നിഷ്കഃ അയം അശ്വതരീരഥഃ നു മ ഏതാം ഭഗവോ ദേവതാം ശാധി യാം ദേവതാം ഉപാസ്സ ഇതി.

അല്ലയോ രൈക്വ, ഈ അറുനൂറു പശുക്കളും, ഈ കണ്ഠഹാരവും, ഈ അശ്വതരീരഥവും, ഞാൻ അങ്ങയ്ക്കുവേണ്ടി കൊണ്ടുവന്നിരിക്കുന്നു. അങ്ങ് ഇതെല്ലാം സ്വീകരിച്ച്, അങ്ങ് ഉപാസിക്കുന്ന ദേവതയെപ്പററി എനിക്ക് ഉപദേശിച്ചാലും.

നിഷ്കം—കണ്ഠഹാരം, അശ്വതരീരഥം — പെൺകോവർകഴുതകൾ വലിക്കുന്ന രഥം.

3. തമു ഹ പരഃ പ്രത്യുവാച ആഹ ഹാരേ ത്വാ ശൂദ്ര, തവ ഏവ സഹ ഗോഭിഃ അസ്തു ഇതി. തദുഹ പുനരേവ ജാനശ്രുതിഃ പൗത്രായണഃ സഹസ്രം ഗവാം നിഷ്കം അശ്വതരീരഥം ദുഹിതരം തദ് ആദായ പ്രതിചക്രമേ.

ജാനശ്രുതിയോട് രൈക്വൻ പറഞ്ഞു:— എടോ ശൂദ്ര, പശുക്കളും, ഹാരവും, ഈ രഥവും നിന്റേതായിത്തന്നെ ഇരിക്കട്ടെ.

അതിനുശേഷം പൗത്രായണനായ ജാനശ്രുതി ആയിരം പശുക്കളും ഒരു ഹാരം, പെൺകോവർകഴുതകൾ പൂട്ടിയ രഥം എന്നിവയ്ക്കു പുറമേ തന്റെ പുത്രിയേയും കൂട്ടിക്കൊണ്ട് രൈക്വന്റെ അടുക്കൽ ചെന്നു.

4. തം ഹ അഭ്യുവാദ രൈക്വ ഇദം സഹസ്രം ഗവാം അയം നിഷ്കഃ അയം അശ്വതരീരഥ ഇയം ജായാ അയം ഗ്രാമോ യസ്മിൻ ആസ്സേ അനു ഏവ മാ ഭഗവഃ ശാധീതി.

5 തസ്യാ ഹ മുഖം ഉപോദ്ഗൃഹ്ണൻ ഉവാച. ആജഹാര ഇമാ ശൂദ്ര അനേന ഏവ മുഖേന ആലാപയിഷ്യഥാ ഇതി തേ ഹൈതേ രൈക്വപർണ്ണാ നാമ മഹാവൃഷേഷു യത്ര അസ്മാ ഉവാസ സ തസ്മൈ ഹോവാച.

പൗത്രായണനായ ജാനശ്രുതി രൈക്വനോടു പറഞ്ഞു:—അല്ലയോ രൈക്വ, ഈ ആയിരം പശുക്കളും. ഈ കണ്ഠഹാരവും, ഈ രഥവും, ഈ ഭാര്യയും അങ്ങേക്കായി കൊണ്ടുവന്നിരിക്കുന്നു. അതിനും പുറമേ അങ്ങു ഇരിക്കുന്ന ഈ ഗ്രാമവും, അങ്ങേയ്ക്കു തന്നിരിക്കുന്നു. ഇതെല്ലാം സ്വീകരിച്ചുകൊണ്ട് അല്ലയോ ഭഗവൻ എന്നെ അനുശാസിച്ചാലും (ഉപദേശിച്ചാലും.)

ഇതു കേട്ട് രൈക്വൻ, ആ രാജകന്യകയെത്തന്നെ വിദ്യാദാനത്തിനുള്ള ഹേതുവെന്ന് മനസ്സിലാക്കി ഇങ്ങനെ പറഞ്ഞു ഹേ ശൂദ്ര. നീ ഈ പശുക്കളെയും മറ്റും കൊണ്ടുവന്നത് നന്നായി. ഈ വിദ്യാദാനകവാടം മുഖേന നീ എന്നെ സംസാരിക്കാൻ പ്രേരിപ്പിക്കുന്നു.

ഇപ്രകാരം ആ രൈക്വൻ വസിച്ചിരുന്ന ഈ ഗ്രാമം (രൈക്വപർണ്ണം എന്നു പേരോടുകൂടിയതും) മഹാവൃഷ ദേശങ്ങളിൽപ്പെട്ടതും ആയ ഗ്രാമത്തെയും രൈക്വനു കൊടുത്തു. അതിനു ശേഷം രാജാവിനോടു രൈക്വൻ ഇപ്രകാരം പറഞ്ഞു.

●

## മൂന്നാം ഖണ്ഡം

രൈക്വൻ ജാനശ്രുതിക്ക് സംവർഗ്ഗ വിദ്യ ഉപദേശിക്കുന്നു.

**1. വായുഃ വാവ സംവർഗ്ഗഃ യദാ വാ അഗ്നിഃ ഉദ്വായതി വായുമേവ അപ്യേതി; യദാ സൂര്യഃ അസ്തമേതി. വായുമേവാപ്യേതി. യദാ ചന്ദ്രഃ അസ്തമേതി, വായുമേവാപ്യേതി.**

വായു തന്നെയാണ് സംവർഗ്ഗം (എല്ലാത്തിനെയും ഗ്രഹി‌ക്കുന്നത്). അഗ്നി ശമിക്കുമ്പോൾ (തീ അണയുമ്പോൾ) അത് വായുവിൽതന്നെലയിക്കുന്നു. സൂര്യൻ അസ്തമിക്കുമ്പോൾ അത് വായുവിൽ തന്നെ ലയിക്കുന്നു. ചന്ദ്രൻ അസ്തമിക്കുമ്പോൾ അതും വായുവിൽ തന്നെ ലയിക്കുന്നു.

**2. യദാ ആപ ഉച്ഛുഷ്യന്തി വായുമേവഅപിയന്തി. വായുഃ ഹി. ഏവ ഏതാൻ സർവാൻ സംവൃങ്ക്ത ഇതി അധി ദൈവതം.**

വെള്ളം വററുമ്പോൾ അത് വായുവിൽ ലയിക്കുന്നു. വായു തന്നെയാണ് ഇതിനെയെല്ലാം ഗ്രഹിക്കുന്നത്. ഇത് അധിദൈവത ദർശനമാണ്.

**3. അഥ അധ്യാത്മം പ്രാണഃ വാവ സംവർഗഃ സ യദാ സ്വപിതി പ്രാണമേവ വാഗപ്യേതി പ്രാണം ചക്ഷുഃ പ്രാണം ശ്രോത്രം പ്രാണം മനഃ പ്രാണഃ ഹി ഏവ ഏതാൻ സർവാൻ സംവൃങ്ക്ത ഇതി.**

ഇനി തന്നെ സംബന്ധിച്ചിടത്തോളമുള്ള സംവർഗ്ഗത്തെപ്പററി പറയാം. പ്രാണൻതന്നെയാണ് സംവർഗ്ഗം. (ഗ്രഹിക്കുന്നത്). പുരുഷൻ ഉറങ്ങുമ്പോൾ വാഗിന്ദ്രിയം പ്രാണനെത്തന്നെയാണ് പ്രാപിക്കുന്നത്. പ്രാണനെത്തന്നെയാണ് കണ്ണും, കാതും, മനസ്സും പ്രാപിക്കുന്നത്. പ്രാണൻതന്നെയാണ് എല്ലാത്തിനേയും ഗ്രഹിക്കുന്നത്.

**4. തൗ വാ ഏതൗ ദ്വൗ സംവർഗൗ വായുരേവ ദേവേഷു പ്രാണഃ പ്രാണേഷു.**

ഇവ രണ്ടും സംവർഗ്ഗം തന്നെയാണ്.—ദേവന്മാരിൽ വായുവും ഇന്ദ്രിയങ്ങളിൽ പ്രാണനും. അതായത് ഇവ എല്ലാത്തിനെയും ഗ്രഹിക്കുന്നവയാണ് എന്നർത്ഥം.

സംവർഗ്ഗസ്തുതിയെപ്പററിയുള്ള കഥ.

**5. അഥ ഹ ശൗനകം ച കാപേയം അഭിപ്രതാരിണം ച കാക്ഷസേനിം പരിവിഷ്യമാണൗ ബ്രഹ്മചാരീ ബിഭിക്ഷേ തസ്മാ ഉ ഹ ന ദദതുഃ.**

ഒരിക്കൽ കപിഗോത്രജനായ ശൗനകനും കക്ഷസേന പുത്രനായ അഭിപ്രതാരിയും ആഹാരം കഴിക്കാനിരുന്നപ്പോൾ ഒരു ബ്രഹ്മചാരി അവിടെ വന്ന് അവരോട് ഭിക്ഷ യാചിച്ചു. എന്നാൽ അവർ അവന് ഭിക്ഷ കൊടുത്തില്ല.

പരിവിഷ്യമാണൗ—വിളമ്പിക്കൊടുക്കപ്പെടുന്നവരായി. (പരിചാരകന്മാർ അവർക്ക് ആഹാരം വിളമ്പിക്കൊടുക്കുമ്പോൾ.)

6. സ ഹോവാച മഹാത്മനഃ ചതുരഃ ദേവ ഏകഃ കഃ സ ജഗാര ഭുവനസ്യ ഗോപാഃ തം കാപേയ ന അഭിപശ്യന്തി മർത്ത്യാ അഭിപ്രതാരിൻ ബഹുധാ വസന്തം യസ്മൈ വാ ഏതദ്അന്നം തസ്മാ ഏതദ് ന ദത്തം ഇതി.

അവൻ (ബ്രഹ്മചാരി) പറഞ്ഞു;—ഭുവനസംരക്ഷകനും ഏകനും ആയ ആ ദേവൻ പ്രജാപതി നാലു മഹാത്മാക്കളെയും ഗ്രസിച്ചു (ഉള്ളിലാക്കി). ഹേ കാപേയ, ഹേ അഭിപ്രതാരിൻ, പല പ്രകാരത്തിൽ വസിക്കുന്ന (പ്രത്യക്ഷപ്പെടുന്ന) അവനെ മനുഷ്യർ കാണുന്നില്ല. ആർക്കു വേണ്ടിയാണോ ഈ സകല ഭക്ഷണവും, അയാൾക്ക് നിങ്ങൾ കൊടുത്തുമില്ല.

കുറിപ്പ്:—വായുവിന്റെ രൂപത്തിൽ അഗ്നിയെയും മററും ഗ്രസിച്ചതും, അല്ലെങ്കിൽ പ്രാണന്റെ രൂപത്തിൽ വാക്കിനെയും മററും ഗ്രസിച്ചതും ആയ പ്രജാപതിക്കു വേണ്ടിയുള്ളതാണ് ഈ എല്ലാ ഭക്ഷണവും. ബ്രഹ്മചാരിയുടെ അർത്ഥം, താനും ആ പ്രാണനും ഒന്നുതന്നെ യാണെന്നും ആ നിലയ്ക്ക് തനിക്ക് ഭിക്ഷ നൽകാത്തത് ആ പരമാത്മാവിനുതന്നെ ഭക്ഷണം നിരസിക്കുന്നതിനു തുല്യമാണ് എന്നും അത്രേ.

7. തദുഹ ശൗനകഃ കാപേയഃ പ്രതിമന്വാനഃ പ്രത്യേയായ ആത്മാ ദേവാനാം ജനിതാ പ്രജാനാം ഹിരണ്യദംഷ്ട്രഃ ബഭസഃ അനസൂരിഃ മഹാന്തം അസ്യ മഹിമാനം ആഹുഃ അനദ്യമാനഃ യദ് അന്നം അത്തി ഇതി വൈ വയം ബ്രഹ്മചാരിൻ ന ഇദം ഉപാസ്മഹേ ദത്താ അസ്മൈ ഭിക്ഷാം ഇതിഃ

കപിഗോത്രജനായ ശൗനകൻ ആ വാക്യത്തെ മനനം ചെയ്തതിനു ശേഷം ആ ബ്രഹ്മചാരിയുടെ അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു: ഹേ ബ്രഹ്മചാരീ, ദേവൻമാരുടെ ആത്മാവായി, പ്രജകളുടെ—യെല്ലാം സൃഷ്ടികർത്താവായി, ഹിരണ്യദംഷ്ട്രനായി, ഭക്ഷണ ശീലനായി, മേധാവിയായി പ്രകീർത്തിക്കപ്പെട്ട മഹിമയോടുകൂടി—യവനായി, മററാരാലും ഭക്ഷിക്കപ്പെടാത്തവനായി, യഥാർത്ഥത്തിൽ അന്നമല്ലാത്തതിനെപ്പോലും ഭക്ഷിക്കുന്നവനായിരിക്കുന്ന ഒന്നിനെയാണ് (ബ്രഹ്മത്തെയാണ്) ഞങ്ങൾ ഉപാസിക്കുന്നത്." ഇപ്രകാരം പറഞ്ഞിട്ട് അദ്ദേഹം ആ ബ്രഹ്മചാരിക്കു ഭിക്ഷ കൊടുക്കുവാൻ (സേവകൻമാർക്ക്) ആജ്ഞ കൊടുത്തു.

കുറിപ്പ്:—പ്രതിമന്വാനഃ—മനനം ചെയ്യുന്നവനായി (ആലോചിക്കുന്നവനായി). പ്രത്യേയായ—സമീപിച്ചു. ഹിരണ്യദംഷ്ട്രഃ—

സ്വർണ്ണദംഷ്ട്രകളുള്ളവൻ. ബഭസൻ—ഭക്ഷിക്കുന്നവൻ. അനസൂരി—അസൂരിയല്ലാത്തവൻ. സൂരിഃ —വിദ്വാൻ. അനദ്യമാനഃ —ഭക്ഷിക്കപ്പെടാത്തവൻ—മററൊന്നിനാലും ഭക്ഷിക്കപ്പെടാത്തവൻ. അനന്നം—അന്നമല്ലാത്തത്.

8. തസ്മാ ഉ ഹ ദദുഃ തേ വാ ഏതേ പഞ്ചാന്യേ പഞ്ചാന്യേ ദശ സന്തഃ തത് കൃതം തസ്മാത് സർവാസു ദിക്ഷു അന്നമേവ ദശ കൃതം സഃ ഏഷാ വിരാട് അന്നാദി തയാ ഇദം സർവം ദൃഷ്ടം സർവം അസ്യ ഇദം ദൃഷ്ടം ഭവതി അന്നാദഃ ഭവതി യ ഏവം വേദ, യ ഏവം വേദ.

അവർ ബ്രഹ്മചാരിക്ക് ഭിക്ഷ കൊടുത്തു. ഈ അഞ്ചും മറേറ അഞ്ചും കൂടിച്ചേർന്നു പത്തായി. കൃതമായിത്തീരുന്നു (പകിടയിലേ) അതിനാൽ പത്ത് എന്ന സംഖ്യ രണ്ടിനും യോജിക്കുന്നതിനാൽ ഈ പത്തുംം വിരാട്ടിൻെറ അന്നമാണ്. ആ വിരാട്ട് പത്തു ദിക്കുകളിലും വസിക്കുന്നു. ആ വിരാട്ട് കൃതത്തെപ്പോലെ (അന്നഭക്ഷകനാകുന്നു.) ആ വിരാട്ടിനാൽ ഈ ലോകം മുഴുവനും, കാണപ്പെടുകയും ചെയ്യുന്നു. ഇപ്രകാരം അറിയുന്നവൻ ഈ പ്രപഞ്ചത്തെ മുഴുവൻ കാണുന്നു. അവൻ അന്നഭക്ഷകനായും ഭവിക്കുന്നു. ഈ തരത്തിൽ കൂടെയായാൽ ഭക്ഷകനും ഭക്ഷണവും എല്ലാം ഒന്നാണ്. അതു വിരാട്ടുമാണ്.

[ ചൂതുകളിയിൽ പകിടയിലേ കൃതത്തിൽ പത്തു സംഖ്യ ഉൾപ്പെടുന്നു. കൃതത്തിൽ നാല്, ത്രേതയിൽ മൂന്ന് ദ്വാപരയിൽ രണ്ട്, കലിയിൽ ഒന്ന്: ആകെ പത്ത്. കൃതമെന്ന പകിട മററുള്ളവയെയും ഭക്ഷിക്കുന്നതാണ്. (ഗ്രസിക്കുന്നതാണ്) ആ സാമ്യത്തിൽ ഭക്ഷണവും ഭക്ഷകനും പത്ത് എന്ന സംഖ്യയിൽ ഒതുങ്ങുന്നു. വേദത്തിൽ.

അതുപോലെ വായു, അഗ്നി, സൂര്യൻ, ചന്ദ്രൻ. ജലം എന്നീ അഞ്ചും, അതുപോലെ പ്രാണൻ, വാക്ക്, ചക്ഷുസ്സ്, ശ്രവണം, മനസ്സ് എന്നീ അഞ്ചും. ഇവ രണ്ടും ചേർന്നാൽ പത്ത്.

●

## നാലാം ഖണ്ഡം

സത്യകാമൻെറ ബ്രഹ്മചര്യപാലനവും ഗോസംരക്ഷണവും.

1, സത്യകാമഃ ഹ ജാബാലഃ ജബാലാം മാതരം ആമന്ത്രയാംചക്രേ ബ്രഹ്മചര്യ്യം ഭവതി വിവത്സ്യാമി, കിം ഗോത്രഃ നു അഹം അസ്മീതി.

ജബാലയുടെ പുത്രനായ സത്യകാമൻ മാതാവായ ജബാലയോട് ഇപ്രകാരം ചോദിച്ചു. അമ്മേ, ഞാൻ ബ്രഹ്മചാരിയായി (ഗുരുകുലത്തിൽ) വസിക്കുവാൻ ആഗ്രഹിക്കുന്നു. എന്റെ ഗോത്രം ഏതാണ്?

2. സാ ഹൈനം ഉവാച, ന അഹം ഏതദ് വേദ താത യദ് ഗോത്രഃ ത്വം അസി, ബഹ്വഹം ചരന്തീ പരിചാരിണീ യൗവനേ ത്വാം അലഭേ. സാ-അഹം ഏതദ് ന വേദ യദ് ഗോത്രഃ ത്വം അസി, ജബാലാ തു നാമ അഹമസ്മി. സത്യ-കാമഃ നാമ ത്വമസി, സ സത്യകാമ ഏവ ജാബാലഃ ബ്രുവീഥാ ഇതി.

അവര് അവനോടു പറഞ്ഞു:— കുഞ്ഞേ, നീ ഏതു ഗോത്രത്തിൽ പെട്ടവനാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. പണ്ടു ഞാൻ യൗവനത്തിൽ അനേകം ആളുകളെ പരിചരിച്ചുകൊണ്ടിരിക്കവേ നിന്നെ സന്താനമായി ലഭിച്ചു. അങ്ങനെയുള്ള ഞാൻ നീ ഏതു ഗോത്രത്തിൽ പെട്ടവനാണെന്നുള്ളത് അറിയുന്നില്ല. എന്നാൽ ഞാൻ ജബാല എന്ന പേരോടുകൂടിയവളും, നീ സത്യകാമൻ എന്ന പേരോടുകൂടിയവനും ആണ്. (ആചാര്യനോട്) നീ സത്യകാമജാബാലൻ എന്നുതന്നെ പറയണം.

3 സ ഹ ഹാരിദ്രുമതം ഗൗതമം ഏത്യ ഉവാച ബ്രഹ്മ-ചര്യം ഭഗവതി വത്സ്യാമി ഉപേയാം ഭഗവന്തം ഇതി.

അവൻ (സത്യകാമൻ) ഹാരിദ്രുമത ഗൗതമന്റെ അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു. ഞാൻ അങ്ങയുടെ കീഴിൽ ബ്രഹ്മചാരിയായി വസിക്കുവാനുള്ള ആഗ്രഹത്തോടുകൂടി വന്നിരിക്കുകയാണ്.

4. തം ഹോവാച കിം ഗോത്രഃ നു സോമ്യ അസി ഇതി സ ഹോവാച ന അഹം ഏതദ് വേദ ഭോ യദ് ഗോത്രഃ അഹം അസ്മി അപൃച്ഛം മാതരം സാ മാ പ്രത്യബ്രവീദ് ബഹ്വഹം ചരന്തീ പരിചാരിണീ യൗവനേ ത്വാം അലഭേ. സാ അഹം ഏതദ് ന വേദ യദ് ഗോത്രഃ ത്വം അസി. ജബാലാ തു നാമാ അഹം അസ്മി. സത്യകാമഃ നാമ ത്വം അസി ഇതി. സഃ അഹം സത്യകാമഃ ജാബാലഃ അസ്മി ഭോ ഇതി.

ഗൗതമൻ അവനോട് (സത്യകാമനോട്) പറഞ്ഞു;—അല്ലയോ സൗമ്യാ നീ ഏതു ഗോത്രത്തിൽ പെട്ടവനാണ്.? സത്യകാമൻ പറഞ്ഞു: ഭഗവാൻ, എന്റെ ഗോത്രം ഏതെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഞാൻ എന്റെ ഗോത്രമേതെന്ന് എന്റെ അമ്മയോടു ചോദിച്ചപ്പോൾ അവർ ഇപ്രകാരം പറഞ്ഞു:—ഞാൻ യൗവനത്തിൽ വളരെപ്പേരെപരിചരിച്ചു-

കൊണ്ടിരിക്കവേ നിന്നെ സന്താനമായി ലഭിച്ചു. അങ്ങനെയുള്ള ഞാൻ നീ ഏതു ഗോത്രത്തിൽ പെട്ടവനാണെന്ന് അറിയുന്നില്ല. എന്നാൽ ഞാൻ ജബാല എന്നു പേരോടുകൂടിയവളും, നീ സത്യകാമൻ എന്ന പേരോടു കൂടിയവനും ആണ്. ഭഗവൻ, ഞാൻ അങ്ങനെയുള്ള ജബാലയുടെ പുത്രനായ സത്യകാമനാണ്.

**5. തം ഹോവാച ന ഏതദ് അബ്രാഹ്മണഃ വിവക്തും അർഹതി. സമിധം സോമ്യ ആഹരോപ ത്വാ നേഷ്യേ ന സത്യാദഗാ ഇതി. തം ഉപനീയ കൃശാനാം അബലാനാം ചതുഃശതാ ഗാ നിരാകൃത്യ ഉവാച. ഇമാഃ സോമ്യ അനുസംവ്രജേതി താ അഭിപ്രസ്ഥാപയൻ ഉവാച ന അസഹസ്രേണ ആവർത്തേയ ഇതി. സ ഹ വർഷഗണം പ്രോവാസ താ യദാ സഹസ്രം സംപേദുഃ.**

അവനോട് ഗൗതമൻ ഇങ്ങനെ പറഞ്ഞു:—ബ്രാഹ്മണനല്ലാത്ത ഒരുവന് ഇങ്ങനെ പറയുവാൻ സാധ്യമല്ല. അതുകൊണ്ട് അല്ലയോ, സൗമ്യ നീ ചമത കൊണ്ടുവരിക. നിന്നെ ഞാൻ ഉപനയിക്കാം; എന്തെന്നാൽ നീ സത്യത്തിൽ നിന്നും വ്യതിചലിച്ചില്ലല്ലോ. എന്ന് പറഞ്ഞു അവനെ ഉപനയിച്ച ശേഷം, മെലിഞ്ഞതും ബലഹീനങ്ങളുമായ നാനൂറു പശുക്കളെ മാററിനിറുത്തിയിട്ട് ഇങ്ങനെ പറഞ്ഞു.— ഹേ സൗമ്യ, ഈ പശുക്കളെ അനുഗമിക്കുക. "പശുക്കളെ കാട്ടിലേക്കു നയിച്ചുകൊണ്ട് സത്യകാമൻ പറഞ്ഞു:—ഞാൻ പശുക്കളുടെ എണ്ണം ആയിരം തികയാതെ തിരിച്ചുവരികയില്ല.", ഇങ്ങനെ സത്യകാമൻ അനേകം വർഷം കാട്ടിൽ തന്നെ പശുക്കളെ മേച്ചുകൊണ്ടുകഴിച്ചു. അപ്പോഴാം പശുക്കളുടെ എണ്ണം ആയിരമായിത്തീർന്നു.

## അഞ്ചാം ഖണ്ഡം

ബ്രഹ്മത്തിന്റെ പ്രഥമ പാദത്തെപ്പററി സത്യകാമന് വൃഷഭം കൊടുക്കുന്ന ഉപദേശം.

**1. അഥ ഹൈനം ഋഷഭഃ അഭ്യുവാദ. സത്യകാമ 3 ഇതി, ഭഗവ: ഇതി ഹ പ്രതിശുശ്രാവ പ്രാപ്താഃ സോമ്യ സഹസ്രം സ്മഃ പ്രാപയ ന ആചാര്യകുലം.**

പിന്നെ ഒരു വൃഷഭം (കാള) സത്യകാമനോടു പറഞ്ഞു. അല്ലയോ സത്യകാമ,

സത്യകാമൻ—ഭഗവൻ

വൃഷഭം—ഹേ സൗമ്യ. ഞങ്ങളുടെ എണ്ണം ആയിരമായിക്കഴിഞ്ഞു. ഇനി നീ ഞങ്ങളെ ആചാര്യ കുലത്തിലേക്ക് കൊണ്ടുപോവുക.

2. ബ്രഹ്മണശ്ച തേ പാദം ബ്രവാണീതി. ബ്രവീതു മേ ഭഗവാനിതി, തസ്മൈ ഹോവാച പ്രാചീ ദിക്കലാ പ്രതീചീ ദിക്കലാ ദക്ഷിണാ ദിക്കലാ ഉദീചീ ദിക്കലൈഷാ വൈ സോമ്യ ചതുഷ്കലഃ പാദഃ ബ്രഹ്മണഃ പ്രകാശവാൻ നാമ.

വൃഷഭം— അല്ലയോ സത്യകാമ, നിനക്കു ഞാൻ ബ്രഹ്മത്തിൻെറ ഒരു പാദത്തെ (നാലിലൊരു ഭാഗത്തെ) പറഞ്ഞു തരട്ടെയോ?

സത്യകാമൻ—ഭഗവൻ, എനിക്കു പറഞ്ഞുതന്നാലും,

വൃഷഭ,—കിഴക്കുദിക്ക് ഒരു കലയാണ്. പടിഞ്ഞാറ ദിക്ക് ഒരു കലയാണ്. തെക്കേദിക്ക് ഒരു കലയാണ്. വടക്കേ ദിക്ക് ഒരു കലയാണ്. അല്ലയോ സൗമ്യ നാലു കലകളോടുകൂടിയ ബ്രഹ്മത്തിൻെറ ഈ പാദം പ്രകാശവാൻ എന്നു പേരോടു കൂടിയതാകുന്നു.

3. സ യ ഏതം ഏവം വിദ്വാൻ ചതുഷ്കലം പാദം ബ്രഹ്മണഃ പ്രകാശവാൻ ഇതി ഉപാസ്തേ പ്രകാശവാൻ അസ്മിൻ ലോകേ ഭവതി പ്രകാശവതഃ ഹ ലോകാൻ ജയതി യ ഏതം ഏവം വിദ്വാൻ ചതുഷ്കലം പാദം ബ്രഹ്മണഃ പ്രകാശവാൻ ഇതി ഉപാസ്തേ.

ഇപ്രകാരം അറിഞ്ഞു് നാലു കലകളോടുകൂടിയ ബ്രഹ്മത്തിൻെറ ഈ പാദത്തെ പ്രകാശവാൻ എന്നു കരുതി ഉപാസിക്കുന്നവൻ ഈ ലോകത്തിൽ പ്രകാശവാനായിത്തീരും (പ്രഖ്യാതനായിത്തീരും). ഇപ്രകാരം അറിഞ്ഞ് നാലു കലകളോടുകൂടിയ ഈ ബ്രഹ്മത്തിൻെറ പാദത്തെ പ്രകാശവാൻ എന്നു കരുതി ഉപാസിക്കുന്നവൻ പ്രകാശമുള്ള ലോകങ്ങളെ ജയിക്കുന്നു (പ്രാപിക്കുന്നു).

●

## ആറാം ഖണ്ഡം

ബ്രഹ്മത്തിൻെറ ദ്വിതീയ പാദത്തെപ്പററിയുള്ള അഗ്നിയുടെ ഉപദേശം.

1. അഗ്നിഃ തേ പാദം വക്തേതി സ ഹ ശ്വോ ഭൂതേ ഗാ അഭിപ്രസ്ഥാപയാംചകാര. താ യത്രാഭി സായം ബഭൂവുഃ തത്ര അഗ്നിം ഉപസമാധായ ഗാ ഉപരുധ്യ സമിധം ആധായ പശ്ചാദ് അഗ്നേഃ പ്രാങ് ഉപ വിവേശ.

"അഗ്നി നിനക്കു ബ്രഹ്മത്തിൻെറ ഒരു പാദം പറഞ്ഞുതരും" എന്നു പറഞ്ഞ് ഋഷഭം പിൻവാങ്ങി, അവൻ (സത്യകാമൻ) പിറേറ ദിവസം രാവിലേ പശുക്കളെ ആചാര്യകുലത്തിലേക്കുകൊണ്ടുപോയി. പശുക്കൾ സന്ധ്യയ്ക്ക് എവിടെ എത്തിയോ ആ സ്ഥാനത്ത്

തീ കൂട്ടി പശുക്കളെ എല്ലാം തടുത്തുനിറുത്തി സമിധാധാനംചെയ്ത് അഗ്നിയുടെ പുറകിൽ (പടിഞ്ഞാറു വശത്ത്) കിഴക്കോട്ടുമുഖമായി ഇരുന്നു.

[ സമിധ് ആ ധാനം = ചമത (വിറകു) കൂട്ടി ]

**2. തം അഗ്നിഃ അഭ്യുവാദ സത്യകാമ 3 ഇതി ഭഗവ ഇതി ഹ പ്രതിശുശ്രാവ.**

അവനോട് (സത്യകാമനോട്) അഗ്നി പറഞ്ഞു: അല്ലയോ സത്യകാമ.

സത്യകാമൻ — 'ഭഗവൻ' (എന്ന് വിളി കേട്ടു.)

**3. ബ്രഹ്മണഃ സോമ്യ തേ പാദം ബ്രവാണീതി ബ്രവീതു മേ ഭഗവാനിതി. തസ്മൈ ഹോവാച.;—പൃഥിവീ കലാ, അന്തരിക്ഷം കലാ ദ്യൗ കലാ സമുദ്രഃ കലാ ഏഷ വൈ സോമ്യ ചതുഷ്കലഃ പാദഃ ബ്രഹ്മണഃ അനന്തവാൻ നാമ.**

അല്ലയോ സൗമ്യാ ഞാൻ നിനക്ക് ബ്രഹ്മത്തിൻെറ പാദത്തെപ്പററി പറഞ്ഞുതരട്ടെയോ? ഭഗവൻ എനിക്കു പറഞ്ഞുതന്നാലും'' എന്നു സത്യകാമൻ ഉത്തരം പറഞ്ഞു അവനോട് അഗ്നി പറഞ്ഞു;— പൃത്ഥ്വി ഒരു കലയാകുന്നു. അന്തരീക്ഷം ഒരു കലയാകുന്നു. ദ്യോവ് ഒരു കലയാകുന്നു. സമുദ്രം ഒരു കലയാകുന്നു. അല്ലയോ സൗമ്യ നാലു കലകളോടുകൂടിയ ബ്രഹ്മത്തിൻെറ ഈ പാദം അനന്തവാൻ (അന്തമില്ലാത്ത) എന്ന പേരോടുകൂടിയതാണ്.

**4. സ യ ഏതം ഏവം വിദ്വാൻ ചതുഷ്കലം പാദം ബ്രഹ്മണഃ അനന്തവാൻ ഇതി ഉപാസ്തേ അനന്തവാൻ അസ്മിൻ ലോകേ ഭവതി അനന്തവതോ ഹ ലോകാൻ ജയതി യ ഏതം ഏവം വിദ്വാൻ ചതുഷ്കലം പാദം ബ്രഹ്മണഃ അനന്തവാൻ ഇതി ഉപാസ്തേ.**

ഇപ്രകാരം അറിഞ്ഞ് ഈ നാലു കലകളോടുകൂടിയ ബ്രഹ്മത്തിൻെറ പാദത്തെ അനന്തവാൻ എന്നുകരുതി ഉപാസിക്കുന്നവൻ ഈ ലോകത്തിൽ അനന്തവാനായിത്തീരും. ഇപ്രകാരം അറിഞ്ഞ് ഈ നാലു കലകളോടുകൂടിയ ബ്രഹ്മത്തിൻെറ പാദത്തെ അനന്തവാൻ എന്നുകരുതി ഉപാസിക്കുന്നവൻ അന്തമില്ലാത്ത (ക്ഷയമില്ലാത്ത) ലോകങ്ങളെ പ്രാപിക്കും.

●

## ഏഴാം ഖണ്ഡം

ബ്രഹ്മത്തിൻെറ തൃതീയപാദത്തെപ്പററി ഹംസത്തിൻെറ ഉപദേശം.

1. ഹംസഃ തേ പാദം വക്തേതി സ ഹ ശ്വോഭൂതേ ഗാഃ അഭിപ്രസ്ഥാപയാംചകാര താ യത്രാഭി സായം ബഭൂവുഃ തത്ര അഗ്നിം ഉപസമാധായ ഗാ ഉപരുധ്യ സമിധം ആധായ പശ്ചാദ് അഗ്നേഃ പ്രാങ് ഉപോപവിവേശ.

2. തം ഹംസ ഉപനിപത്യ അഭ്യുവാദ സത്യകാമ 3 ഇതി ഭഗവ ഇതി ഹ പ്രതി ശുശ്രാവ.

ഹംസം നിനക്കു് ഒരു പാദത്തെപ്പററിപറഞ്ഞുതരും. എന്നുപറഞ്ഞു് അഗ്നി വിരമിച്ചു. അവൻ പിറേറദിവസം പശുക്കളെ നയിച്ചു. അവ സന്ധ്യയായപ്പോഠം എവിടെയാണോ എത്തിയതു് അവിടെ തീ കൂട്ടി പശുക്കളെ തടഞ്ഞുനിറുത്തി സമിധാധാനംചെയ്തു് അഗ്നിയുടെ പടിഞ്ഞാറുഭാഗത്തു് കിഴക്കോട്ടു മുഖമായി ഇരുന്നു.

ഹംസം അടുക്കൽ ചെന്നു് അവനോടു പറഞ്ഞു:—ഹേ സത്യകാമ, ഭഗവൻ എന്നു് സത്യകാമൻ വിളി കേട്ടു.

3. ബ്രഹ്മണഃ സോമ്യ തേ പാദം ബ്രവാണീതി, ബ്രവീതു മേ ഭഗവാൻ ഇതി, തസ്മൈ ഹോവാച അഗ്നിഃ കലാ, സൂര്യഃ കലാ, ചന്ദ്രഃ കലാ, വിദ്യുത് കലാ, ഏഷ വൈ സോമ്യ ചതുഷ്കലഃ പാദഃ ബ്രഹ്മണഃ ജ്യോതിഷ്—മാൻ നാമ.

അല്ലയോ സൗമ്യ, നിനക്കു് ബ്രഹ്മത്തിൻെറ പാദത്തെപ്പററി ഞാൻ പറഞ്ഞുതരട്ടെയോ? എന്നു് ഹംസം ചോദിച്ചു. ''ഭഗവൻ, എനിക്കു പറഞ്ഞുതന്നാലും'' എന്നു് സത്യകാമൻ ഉത്തരംപറഞ്ഞു. അവനു് ഹംസം ഇങ്ങനെ പറഞ്ഞുകൊടുത്തു. ''അഗ്നി ഒരു കലയാകുന്നു. സൂര്യൻ ഒരു കലയാകുന്നു. ചന്ദ്രൻ ഒരു കലയാകുന്നു. വിദ്യുത് (മിന്നൽ) ഒരു കലയാകുന്നു. അല്ലയോ സൗമ്യ, ഈ നാലു കലകളോടുകൂടിയ ബ്രഹ്മത്തിൻെറ പാദം ജ്യോതിഷ്മാൻ എന്നു പേരോടുകൂടിയതാകുന്നു.

4. സ യ ഏതം ഏവം വിദ്വാൻ ചതുഷ്കലം പാദം ബ്രഹ്മണഃ ജ്യോതിഷ്മാൻ ഇതി ഉപാസ്തേ ജ്യോതിഷ്മാൻ അസ്മിൻ ലോകേ ഭവതി. ജ്യോതിഷ്മതോ ഹ ലോകാൻ ജയതി യ ഏതം ഏവം വിദ്വാൻ ചതുഷ്കലം പാദം ബ്രഹ്മണഃ ജ്യോതിഷ്മാൻ ഇതി ഉപാസ്തേ.

ഇപ്രകാരം അറിഞ്ഞു് ഈ നാലുകലകളോടുകൂടിയ ബ്രഹ്മത്തിൻെറ പാദത്തെ ജ്യോതിഷ്മാൻ എന്നുകരുതി ഉപാസിക്കുന്നവൻ

ജ്യോതിസ്സുള്ള ലോകങ്ങളെ പ്രാപിക്കും

# നാലാം അദ്ധ്യായം

## എട്ടാം ഖണ്ഡം

1. മദ്ഗുഃതേ പാദം വക്താ ഇതി സ ഹ ശ്വോ ഭൂതേ ഗാഃ അഭിപ്രസ്ഥാപയാംചകാര താഃ യത്രാഭി സായം ബഭൂവുഃ തത്ര അഗ്നിം ഉപസമാധായ ഗാഉപരുധ്യ സമിധം ആധായ പശ്ചാത് അഗ്നേഃ പ്രാങ്ങ് ഉപഉപ വിവേശ.

കുളക്കോഴി (കാരന്നം) നിനക്ക് ബ്രഹ്മത്തിൻെറ ഒരു പാദത്തെ പറഞ്ഞുതരും. എന്നു പറഞ്ഞ് ഹംസം വിരമിച്ചു. സത്യകാമനാകട്ടെ പിറേറ ദിവസം പശുക്കളെ നയിച്ചു. അവ സന്ധ്യയായപ്പോഴ് എവിടെ എത്തിയോ [illegible] കൂട്ടി പശുക്കളെ തടുത്തു നിറുത്തി ചമത കഴിച്ച് [illegible] കിഴക്കോട്ട് അഭിമുഖമായി സമീപമി [illegible]

2) തം മദ്ഗുഃഉപനിപത്യ അഭ്യുവാദ സത്യകാമ 3 ഇതി ഭഗവ ഇതി ഹ പ്രതിശുശ്രാവ.

കുളക്കോഴി അടുക്കൽ വന്ന് ''സത്യകാമനോട്'' പറഞ്ഞു. ഹേ സത്യകാമ'', സത്യകാമൻ 'ഭഗവാനേ' എന്നു വിളികേട്ടു.

3) ബ്രഹ്മണഃ സോമ്യ തേ പാദം ബ്രവാണി ഇതി ബ്രവീതു മേ ഭഗവാൻ ഇതി. തസ്മൈ ഹോവാച – പ്രാണഃ കലാ ചക്ഷുഃ കലാ ശ്രോത്രം കലാ മനഃ കലാ ഏഷ വൈ സോമ്യ ചതുഷ്കലഃ പാദഃ ബ്രഹ്മണ ആയതനവാൻ നാമ,

''അല്ലയോ സോമ്യാ നിനക്കു ഞാൻ ബ്രഹ്മത്തിൻെറ ഒരു പാദം (കല) പറഞ്ഞുതരട്ടെയോ'' എന്നു കുളക്കോഴി ചോദിച്ചു. ''ഭഗവാൻ എനിക്കു പറഞ്ഞുതന്നാലും'' എന്നു സത്യകാമൻ ഉത്തരം പറഞ്ഞു. കുളക്കോഴി അവന് പറഞ്ഞുകൊടുത്തു. പ്രാണൻ ഒരു കലയാകുന്നു. ചക്ഷുസ്സ് ഒരു കലയാകുന്നു. ശ്രോത്രം ഒരു കലയാകുന്നു. മനസ്സ് ഒരു കലയാകുന്നു. 'അല്ലയോ സോമ്യാ, നാലുകലകളോടു കൂടിയ ഈ ബ്രഹ്മത്തിൻെറ പാദം' ആയതനവാൻ എന്നു പേരുള്ളതാകുന്നു. (ആയതനം – മനസ്സ്)

4) സ യ ഏതം ഏവം വിദ്വാൻ ചതുഷ്കലം പാദം ബ്രഹ്മണ ആയത നവാൻ ഇതി ഉപാസ്റ്റ ആയതനവാൻ അസ്മിൻലോകേ ഭവതി ആയതനവതഃ ഹ ലോകാൻ ജയതി യഃ

ഏതം, ഏവം വിദ്വാൻ ചതുഷ്കലം പാദം ബ്രഹ്മണ ആയ തനവാൻ ഇതി ഉപാസ്തേ.

ഇപ്രകാരം അറിഞ്ഞ് ഈ ബ്രഹ്മത്തിന്റെ പാദത്തെ ആയതനവാൻ എന്നു കരുതി ഉപാസിക്കുന്നവൻ ഈ ലോകത്ത് ആയതനവാനായിത്തീരുന്നു. ഇപ്രകാരം അറിഞ്ഞ് നാലു കലകളോടു കൂടിയ ഈ ബ്രഹ്മത്തിന്റെ പാദത്തെ ആയതനവാൻ എന്നു കരുതി ഉപാസിക്കുന്നവൻ ധാരാളം ഇടമുള്ള ലോകങ്ങളെ പ്രാപിക്കുന്നു.

# നാലാം അധ്യായം

## ഒമ്പതാം ഖണ്ഡം

1) പ്രാപ ഹ ആചാര്യകുലം തം ആചാര്യഃ അഭ്യുവാദ സത്യകാമ 3 ഇതി ഭഗവ ഇതി ഹ പ്രതിശുശ്രാവ.

ആചാര്യകുലം പ്രാപിച്ച സത്യകാമനെ ആചാര്യൻ സത്യകാമാ, എന്നു വിളിച്ചു. ഭഗവാനേ, ഏന്നു സത്യകാമൻ വിളികേട്ടു.

2) ബ്രഹ്മവിദ് ഇവ സോമ്യ ഭാസി കോ നു ത്വാം അനുശശാസ ഇതി, അന്യേ മനുഷ്യേഭ്യ: ഇതി ഹ പ്രതിജജ്ഞേ, ഭഗവാൻ ത്വ ഏവ മേ കാമേ ബ്രൂയാത്.

അല്ലയോ സോമ്യാ നീ ബ്രഹ്മവിത്തിനെപ്പോലെ ശോഭിക്കുന്നല്ലോ, നിന്നെ ആരാണ് പഠിപ്പിച്ചത്? എന്നു ഗുരു ചോദിച്ചപ്പോൾ മനുഷ്യരല്ലാത്തവരാണ് എന്നെ പഠിപ്പിച്ചത്. അതായത് ദേവതകളാണ്. എന്ന് സത്യകാമൻ പറഞ്ഞു. എന്നാൽ ഭഗവാനേ, അങ്ങുതന്നെ എനിക്ക് പറഞ്ഞുതരണം എന്ന് ഞാൻ ആഗ്രഹിക്കുന്നു.

3) ശ്രുതം ഹി ഏവ മേ ഭഗവദ് ദൃശേഭ്യഃ ആചാര്യാത് ഹി ഏവ വിദ്യാ വിദിതാ സാധിഷ്ഠം പ്രാപതി ഇതി. തസ്മൈ ഹ ഏതദ് ഏവ ഉവാച അത്ര ഹ ന കിംചന വീയായ ഇതി, വീയായ ഇതി.

വിദ്യ ആചാര്യനിൽ നിന്നുതന്നെ മനസ്സിലാക്കിയാലേ അതു സാധുവാകുകയുള്ളു എന്ന് ഞാൻ ഭഗവാനെപ്പോലെയുള്ളവരിൽ നിന്നും കേട്ടിട്ടുണ്ട്. അവന് ദേവതകൾ പറഞ്ഞുകൊടുത്ത വിദ്യ തന്നെ ആചാര്യനും പറഞ്ഞു കൊടുത്തു. ഒന്നും തന്നെ വിട്ടുപോയില്ല. വിട്ടുപോയില്ല.

# നാലാം അധ്യായം

## പത്താം ഖണ്ഡം

ഇനി ബ്രഹ്മവിദ്യയേയും അതറിയുന്നവൻെറ ഗതിയേയും, അഗ്നി വിദ്യയേയും പററി പറയുവാൻ തുടങ്ങുകയാണ്. ഇതിൽ പറയുന്ന കഥ, ശ്രദ്ധയും തപസ്സും, ബ്രഹ്മവിദ്യയ്ക്കു സാധനങ്ങളാണെന്നു കാണിക്കുന്നതിനായിട്ടുള്ളതാണ്.

1) ഉപകോസലഃ ഹ വൈ കാമലായനഃ സത്യകാമേ ജാബാലേ ബ്രഹ്മചര്യം ഉവാസ തസ്യ ഹ ദ്വാദശവർഷാണി അഗ്നീൻ പരിചചാര സ ഹ സ്മ അന്യാൻ അന്തേവാസിനഃ സമാവർത്തയൻ തം ഹ സ്മൈവ ന സമാവർത്തയതി.

കമലൻെറ പുത്രനായ ഉപകോസലൻ, ജബാലയുടെ പുത്രനായ സത്യകാമൻെറ അടുക്കൽ പന്ത്രണ്ടു വർഷം ബ്രഹ്മചാരിയായി വസിച്ചു. അവൻെറ (ആചാര്യൻെറ) അഗ്നികളെ പരിചരിച്ചു. ആ ആചാര്യൻ മററു ശിഷ്യൻമാരെയെല്ലാം സ്വാദ്ധ്യായം ഗ്രഹിപ്പിച്ചു തിരിച്ചയച്ചു. അവനെ മാത്രം (ഉപകോസലനെ) സമാവർത്തിപ്പിച്ചില്ല.

2) തം ജായാ ഉവാച. തപ്തഃ ബ്രഹ്മചാരീ കുശലം അഗ്നീൻ പരിചചാരീത് മാ ത്വാ അഗ്നയഃ പരിപ്രവോചൻ, പ്രബ്രൂഹി അസ്മാ ഇതി തസ്മൈ ഹ അപ്രോച്യ ഏവ പ്രവാസാംചക്രേ.

അവനോട് '(ആചാര്യനോട്) ഭാര്യ പറഞ്ഞു _' ഈ ബ്രഹ്മചാരി തപോനിഷ്ഠയോടുകൂടി വേണ്ടവിധത്തിൽ അഗ്നികളെ ഉപാസിച്ചു അഗ്നികൾ അങ്ങയെ കുററപ്പെടുത്തരുത്. ഇവനെ (ഈ ബ്രഹ്മചാരിയെ) വിദ്യ പഠിപ്പിക്കണം''. എന്നാൽ ആചാര്യൻ ഇതു കേൾക്കാതെ അവിടം വിട്ടു പോയി.

3) സ ഹ വ്യാധിനാ അനശിതും ദധ്രേ, തം ആചാര്യ ജായാ ഉവാച. ബ്രഹ്മചാരിൻ ന അശാന കിം നു ന അശ്നാസി ഇതി സ ഹോവാച ബഹവഃ ഇമേ അസ്മിൻ പുരുഷേ കാമാ നാനാ അത്യയാഃ വ്യാധിഭിഃ പ്രതിപൂർണ്ണഃ അസ്മി ന അശിഷ്യാമി ഇതി.

അവൻ മനോദുഃഖം നിമിത്തം ഉപവസിക്കാൻ തീരുമാനിച്ചു. അവനോടു ആചാര്യൻെറ ഭാര്യ ചോദിച്ചു ഹേ ബ്രഹ്മചാരി ഭക്ഷണം

കഴിക്കൂ. എന്താണ് ഭക്ഷണം കഴിക്കാത്തത് ? ഇതുകേട്ടു ബ്രഹ്മചാരി പറഞ്ഞു:— പല വ്യാധികളാൽ ഞാൻ പൂർണ്ണനായിരിക്കുന്നു. എനിക്ക പല ആഗ്രഹങ്ങളും ഉണ്ട്. അതു സാധിക്കാതെ ഞാൻ ഭക്ഷണം കഴിക്കുകയില്ല''.

4) അഥ ഹ അഗ്നയഃ സമൂദിരേ തപ്തോ ബ്രഹ്മചാരീ കുശലം നഃ പര്യചാരീത് ഹന്ത അസ്മൈ പ്രബ്രവാമ ഇതി. തസ്മൈ ഹോ ചുഃ പ്രാണഃ ബ്രഹ്മ കം ബ്രഹ്മ ഖം ബ്രഹ്മഃ ഇതി.

അതിനുശേഷം അഗ്നികൾ ഒരുമിച്ചു ചേർന്നു പറഞ്ഞു :— ഈ ബ്രഹ്മചാരി വളരെ ക്ലേശിച്ച് നമ്മളെ വേണ്ടവിധത്തിൽ പരിചരിച്ചു. ഇപ്പോൾ ഇവന് നാം പറഞ്ഞുകൊടുക്കണം :— അവർ ബ്രഹ്മചാരിക്ക് പറഞ്ഞുകൊടുത്തു. പ്രാണൻ ബ്രഹ്മമാകുന്നു. കം—ബ്രഹ്മമാകുന്നു ഖം ബ്രഹ്മമാകുന്നു. [ഗാർഹപത്യാഗ്നി, ആഹവനീയാഗ്നി, അന്വാഹാര്യ പചനാഗ്നി. എന്നു് അഗ്നികൾ മൂന്നുവിധം.]

5. സഃ ഹോവാച വിജാനാമി അഹം യത് പ്രാണഃ ബ്രഹ്മ, കം ച തു ഖം ച ന വിജാനാമി ഇതി. തേ ഹോചുഃ യദ്വാവ കം തദേവ ഖം യദേവ കം തദേവ കം ഇതി, പ്രാണം ച ഹ അസ്മൈ തദ് ആകാശംച ഊചുഃ

അവൻ (ഉപകോസലൻ) പറഞ്ഞു: പ്രാണൻ ബ്രഹ്മമാണെന്നുള്ളത് എനിക്കറിയാം. എന്നാൽ കം, ഖം ഇതൊന്നും എനിക്കറിഞ്ഞുകൂടാ. അപ്പോൾ ആ അഗ്നികൾ പറഞ്ഞു :— കം തന്നെയാണ് ഖം, ഖം തന്നെയാണ് കം. ഇങ്ങനെ അഗ്നികൾ അവന് പ്രാണനേയും പ്രാണന്റെ ആകാശത്തെയും (ഹൃദയാകാശം) പറഞ്ഞുകൊടുത്തു.

# നാലാം അദ്ധ്യായം

## പതിനൊന്നാം ഖണ്ഡം

1) അഥ ഹ ഏനം ഗാർഹപത്യഃ അനുശശാസ പൃഥിവീ അഗ്നിഃ അന്നം, ആദിത്യഃ ഇതി യഏഷ ആദിത്യേ പുരുഷഃ ദൃശ്യതേ സ അഹം, അസ്മി സ ഏവ അഹം അസ്മി ഇതി.

പിന്നീട് ഗാർഹപത്യാഗ്നി ഉപകോസലനെ അനുശാസിച്ചു (പഠിപ്പിച്ചു) പൃഥ്വി, അഗ്നി, അന്നം, ആദിത്യൻ എന്നിവ എന്റെ രൂപങ്ങളാണ് ആദിത്യനിൽ കാണപ്പെടുന്ന പുരുഷൻ ഞാൻ ആകുന്നു. ഞാൻ അവൻതന്നെ.

2) സ യ ഏതം ഏവം വിദ്വാൻ ഉപാസ്തേ അപഹതേ പാപകൃത്യാം ലോകീ ഭവതി സർവ്വം ആയുഃ ഏതി ജ്യോഗ് ജീവതി ന അസ്യ അവരപുരുഷാഃ ക്ഷീയന്തേ ഉപവയം തം ഭുഞ്ജാമഃ അസ്മിൻ ച ലോകേ അമുഷ്മിൻച യ ഏതം ഏവം വിദ്വാൻ ഉപാസ്തേ.

ഇപ്രകാരം അറിഞ്ഞ് ഈ ഗാർഹപത്യാഗ്നിയെ ഉപാസിക്കുന്നവൻ പാപകർമ്മത്തെ നശിപ്പിക്കുന്നു. ഞങ്ങളുടെ ലോകത്തെ പ്രാപിക്കുന്നു. മുഴുവൻ ആയുസ്സിനെയും പ്രാപിക്കുന്നു. യശസ്സോടെ ജീവിക്കുന്നു. ഇവൻെറ പിൻഗാമികൾക്ക് നാശം സംഭവിക്കുകയില്ല. ഇഹ പരലോകങ്ങളിലും ഞങ്ങൾ ഇവനെ രക്ഷിക്കുന്നു. ഇപ്രകാരം മനസ്സിലാക്കി ഈ ഗാർഹപത്യാഗ്നിയെ ഉപാസിക്കുന്നവനും ഈ ഫലം സിദ്ധിക്കും.

# നാലാം അധ്യായം

## പന്ത്രണ്ടാം ഖണ്ഡം

1) അഥ ഹ ഏനം അന്വാഹാര്യപചനഃ അനുശശാസ ആപഃ ദിശഃ നക്ഷത്രാണി ചന്ദ്രമാഃ ഇതി യ ഏഷ ചന്ദ്രമസി പുരുഷഃ ദൃശ്യതേ സഃ അഹം അസ്മി സ ഏവ അഹം അസ്മി ഇതി.

അനന്തരം ഇവനെ ദക്ഷിണാഗ്നി അനുശാസിച്ചു. 'അപ്പുകൾ, ദിക്കുകൾ, നക്ഷത്രങ്ങൾ, ചന്ദ്രൻ ഇവ എൻെറ രൂപങ്ങൾ ആണ് ചന്ദ്രനിൽ കാണപ്പെടുന്ന പുരുഷൻ ഞാനാകുന്നു. ഞാൻ അവൻതന്നെ.

2) സ യ ഏതം ഏവം വിദ്വാൻ ഉപാസ്തേ അപഹതേ പാപകൃത്യാം ലോകീ ഭവതി സർവമായുരേതി ജ്യോഗ് ജീവതി ന അസ്യാ അവര പുരുഷാഃ ക്ഷീയന്തേ ഉപവയം തം ഭുഞ്ജാമഃ അസ്മിൻ ച ലോകേ അമുഷ്മിൻ ച യ ഏതം ഏവം വിദ്വാൻ ഉപാസ്തേ.

ഇപ്രകാരം അറിഞ്ഞ് ഈ ഗാർഹപത്യാഗ്നിയെ ഉപാസിക്കുന്നവൻ പാപകർമ്മത്തെ നശിപ്പിക്കുന്നു. ലോകമുള്ളവനായിത്തീരുന്നു. മുഴുവൻ ആയുസ്സും അനുഭവിക്കുന്നു. ഉജ്ജ്വലമായ ജീവിതം നയിക്കുന്നു. ഇവൻെറ പിൻഗാമികൾക്കു നാശമില്ല 'ഇഹപരലോകങ്ങളിലും ഞങ്ങൾ ഇവനെ സംരക്ഷിക്കുന്നു' ഈ ഗാർഹപത്യാഗ്നിയെ അറിഞ്ഞ് ഉപാസിക്കുന്നവനും ഈ ഫലം സിദ്ധിക്കും.

(ഇഷ്ടിയാഗത്തിൽ പുരോഹിതനു കിട്ടുന്ന അന്നത്തിന്റെ പേരാണ് അന്വാഹാര്യം. അതു പാകംചെയ്യുന്നതു് ദക്ഷിണാഗ്നിയായതുകൊണ്ട് അതിന് അന്വാഹാര്യ പചനാഗ്നി എന്ന പേർ. യാഗാവസാനത്തിൽ പുരോഹിതൻ അതു ഭക്ഷിക്കുകയും ചെയ്യുന്നു. പൂർവപിതൃക്കളെ സംബന്ധിച്ച അഗ്നിയാണ് ദക്ഷിണാഗ്നി.

അന്നത്തോടു പല പ്രകാരത്തിൽ ബന്ധപ്പെട്ടിരിക്കുന്ന അഗ്നി ചന്ദ്രൻ നക്ഷത്രങ്ങൾ, വെള്ളം ഇവയെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. ബന്ധസ്വഭാവം — തേജസ്സ് മുതലായവയാണ്. ദേവൻമാർക്കുള്ള അഗ്നിയാണ് ആഹവനീയം.)

# നാലാം അധ്യായം

## പതിമൂന്നാം ഖണ്ഡം

1) അഥ ഹ ഏനം ആഹവനീയഃ അനുശശാസ പ്രാണഃ ആകാശഃ ദ്യൗ വിദ്യുത് ഇതി യ ഏഷ വിദ്യുതി പുരുഷഃ ദൃശ്യതേ സ: അഹം അസ്മി സ: ഏവ അഹം അസ്മി ഇതി.

അനന്തരം ആഹവനീയാഗ്നി അവനെ അനുശാസിച്ചു. പ്രാണൻ ആകാശം, ദ്യോവ്, വിദ്യുത്ത് എന്നിങ്ങനെ എനിക്ക് നാലു രൂപങ്ങൾ ഉണ്ട് വിദ്യുത്തിൽ കാണപ്പെടുന്ന പുരുഷൻ ഞാനാണ്. ഞാൻ അവൻ തന്നെ.

2) സ യ ഏതം ഏവം വിദ്വാൻ ഉപാസ്തേ അപഹതേ പാപകൃത്യാം ലോകീഭവതി സർവ്വമായുരേതി ജ്യോഗ് ജീവതി ന അസ്യാ വരപുരുഷാ: ക്ഷീയന്തേ ഉപവയം ഭുഞ്ജാമഃ അസ്മിൻ ച ലോകേഅമുഷ്മിൻ ച യ ഏതം ഏവം വിദ്വാൻ ഉപാസ്തേ.

ഇപ്രകാരം അറിഞ്ഞ് ഈ ഗാർഹപത്യാഗ്നിയെ ഉപാസിക്കുന്നവൻ പാപകർമ്മത്തെ നശിപ്പിക്കുന്നു. ലോകമുള്ളവനായും, പൂർണ്ണായുസ്സും അനുഭവിക്കുന്നവനായും ഭവിക്കുന്നു. അവൻ ഉജ്ജ്വലമായ ജീവിതം നയിക്കുന്നു. 'അവന്റെ പിൻഗാമികൾ നശിക്കുകയില്ല'. ഇഹപരലോകങ്ങളിലും ഞങ്ങൾ ഇവനെ രക്ഷിക്കുന്നു. ഇപ്രകാരം മനസ്സിലാക്കി ഈ അഗ്നിയെ ഉപാസിക്കുന്നവനും ഈ ഫലം സിദ്ധിക്കും.

# നാലാം അധ്യായം

## പതിന്നാലാം ഖണ്ഡം

1) തേ ഹ ഊചുഃ ഉപകോസല ഏഷാ സോമ്യ തേ അസ്മദ് വിദ്യാ ആത്മവിദ്യാ ച ആചാര്യഃ തു തേ ഗതിം വക്താ

ഇതി ആജഗാമ ഹ അസ്യ ആചാര്യ തം ആചാര്യഃ അഭ്യു
വാദ ഉപകോസലഃ ഇതി.

ആ അഗ്നികരം പറഞ്ഞു. അല്ലയോ സൗമ്യനായ ഉപകോസലാ ഇതാ നിനക്ക് അഗ്നി വിദ്യയും ആത്മവിദ്യയും പറഞ്ഞുതന്നിരിക്കുന്നു. ഇനി ആചാര്യൻ നിനക്കു ഗതിയെ (ആത്മജ്ഞാന പ്രാപ്തിക്കുള്ള വഴി) പറഞ്ഞു തരും 'അതിനുശേഷം ആചാര്യൻ വന്നു' ഉപകോസലാ എന്നു വിളിച്ചു.

2) ഭഗവ ഇതി ഹ പ്രതിശുശ്രാവ ബ്രഹ്മവിദ് ഇവ
സോമ്യ തേ മുഖം ഭാതി കഃ നു ത്വാ അനുശശാസ
ഇതി കോ നു മാം അനുശിഷ്യാദ്ഭോ ഇതി ഇഹ
അപേവ നിഹ്നുതേ ഇമേ നൂനം ഈ ദൃശാ അന്യാ
ദൃശാ ഇതി ഇഹ അഗ്നീൻ അഭ്യൂദേ കിം നു സോമ്യ
കില തേ അവോചൻ ഇതി.

ഭഗവാനേ എന്നു ഉപകോസലൻ വിളികേട്ടു. ആചാര്യൻ ചോദിച്ചു. അല്ലയോ സൗമ്യ നിന്റെ മുഖം ബ്രഹ്മജ്ഞാനിയുടെ മുഖംപോലെ ശോഭിക്കുന്നല്ലോ. നിന്നെ ആരാണ് അനുശാസിച്ചത്. ഉപകോസലൻ പറഞ്ഞു. ഭഗവാനേ എന്നെ ആരാണ് അനുശാസിക്കുന്നത്? എന്ന് സത്യം മറയ്ക്കാനെന്നവണ്ണം ഉപകോസലൻ പറഞ്ഞു. മുമ്പു വേറെ വിധത്തിലിരുന്നവരും ഇപ്പോരം ഈ വിധത്തിലിരിക്കുന്നവരും ആയ ഈ അഗ്നികരം തന്നെയായിരിക്കണം എന്നു അഗ്നികളെ ചൂണ്ടി പറഞ്ഞു. ഹേ, സോമ്യ, അവർ നിനക്കു എന്താണ് പറഞ്ഞുതന്നത് ? എന്നു ആചാര്യൻ ചോദിച്ചു.

3) ഇദം ഇതി ഹ പ്രതിജജ്ഞേ ലോകാൻ വാവകില
സോമ്യ തേ അവോചൻ അഹം തു തേ തദ്വക്ഷ്യാമി,
യഥാ പുഷ്ക്കര പലാശ ആപോ ന ശ്ലിഷ്യന്ത
ഏവമേവം വിദി പാപം കർമ്മ ന ശ്ലിഷ്യതേ ഇതി.
ബ്രവീതു മേ ഭഗവാൻ ഇതി തസ്മൈ ഹോ വാച.

ഇന്നപ്രകാരമാണെന്ന ശിഷ്യൻ മറുപടി പറഞ്ഞു. ആചാര്യൻ പറഞ്ഞു അല്ലയോ സോമ്യാ അവർ നിനക്കു ലോകങ്ങളെപ്പററി മാത്രമാണ് പറഞ്ഞുതന്നത്. എന്നാൽ ഞാൻ നിനക്ക് ആ ബ്രഹ്മത്തെപ്പററി പറഞ്ഞുതരാം. എപ്രകാരമാണോ ജലം താമരഇലയിൽ പററാതിരിക്കുന്നത് അപ്രകാരം ബ്രഹ്മത്തെ ഞാൻ പറയാൻ പോകുന്നതുപോലെ അറിയുന്നവനിൽ പാപകർമ്മം പററുകയില്ല. ശിഷ്യൻ പറഞ്ഞു ''ഭഗവാൻ എനിക്കു പറഞ്ഞുതന്നാലും'' അവന് ആചാര്യൻ പറഞ്ഞുകൊടുത്തു.

# നാലാം അധ്യായം

## പതിനഞ്ചാം ഖണ്ഡം

1) യ: ഏഷഃ അക്ഷിണി പുരുഷഃ ദൃശ്യതേ ഏഷഃ ആത്മാ ഇതി ഹോവാച ഏതത് അമൃതം അഭയം ഏതത് ബ്രഹ്മ ഇതി. തദ് യദ്യപി അസ്മിൻ സർപ്പിർ വാ ഉദകം വാ സിഞ്ചതി വർത്മനീ ഏവ ഗച്ഛതി.

ഒരാളിന്റെ കണ്ണിൽ കാണപ്പെടുന്ന പുരുഷരൂപമാണ് ആത്മാവ് എന്ന് ആചാര്യൻ പറഞ്ഞുകൊടുത്തു. ഞാൻ പറഞ്ഞ ഈ ആത്മതത്വം അമൃതവും, അഭയവും ആകുന്നു. ഇത് ബ്രഹ്മമാകുന്നു. പുരുഷന്റെ സ്ഥാനമായ ഈ അക്ഷിയിൽ നെയ്യോ, ജലമോ കൊണ്ട് സേചനം ചെയ്താലും അത് വർത്മങ്ങളെ (ഇമകളെ) മാത്രമേ പ്രാപിക്കുകയുള്ളു. താമര ഇലയിൽ ജലമെന്നപോലെ അതു കണ്ണിൽ പററുന്നില്ല.

2) ഏതം സംയദ്വാമ ഇതി ആചക്ഷതേ ഏതം ഹി സർവാണി വാമാനി അഭിസംയന്തി സർവാണി ഏനം വാമാനി അഭിസംയന്തി. യ ഏവം വേദ.

ഇവനെ (ഈ പുരുഷനെ) സംയദ്വാമൻ എന്നു പറയുന്നു. എന്തെന്നാൽ ശോഭനമായിട്ടുള്ളവയെല്ലാം ഈ പുരുഷനെ അഭിസംഗമിക്കുന്നു. ഇപ്രകാരം അറിയുന്നവനിലും ശോഭനമായിട്ടുള്ളവയെല്ലാം അഭിസംഗമിക്കുന്നു. (അന്തർഭവിക്കുന്നു)

3) ഏഷ ഉ ഏവ വാമനീഃ ഏഷ സർവാണി വാമാനി നയതി സർവാണി വാമാനി നയതി യ ഏവം വേദ.

ഈ പുരുഷൻ തന്നെ വാമനിയാകുന്നു. എന്തെന്നാൽ ഇവൻ എല്ലാവാമങ്ങളേയും (ഭജിക്കേണ്ടവ) നയിക്കുന്നു. ഇപ്രകാരം അറിയുന്നവൻ വാമങ്ങളായിട്ടുള്ളവയെ എല്ലാം നയിക്കുന്നു.

4) ഏഷ ഉ ഏവ ഭാമനീഃ ഏഷ ഹി സർവേഷു ലോകേഷു ഭാതി സർവേഷു ലോകേഷു ഭാതി യ ഏവം വേദ.

ഇവൻ തന്നെയാണ് ഭാമനീ. എന്തെന്നാൽ ഇവൻ സർവലോകങ്ങളിലും ശോഭിക്കുന്നു. ഇപ്രകാരം അറിയുന്നവൻ എല്ലാ ലോകങ്ങളിലും ശോഭിക്കുന്നു.

5) അഥ യദ് ഉ ച ഏവ അസ്മിൻ ശവ്യം കുർവന്തി യദി ച ന അർച്ചിഷം ഏവ അഭിസംഭവന്തി അർച്ചിഷഃ

അഹഃ അഹ്നഃ ആപൂര്യമാണപക്ഷം ആപൂര്യമാണപ ക്ഷാദ്യാൻ ഷട് ഉദങ് ഏതി മാസാൻ താൻ മാസേഭ്യഃ സംവൽസരം, സംവൽസരാത് ആദിത്യം ആദിത്യാത് ചന്ദ്രമസം ചന്ദ്രമസഃ വിദ്യുതം തത് പുരുഷഃ അ മാനവഃ സ ഏനാൻ ബ്രഹ്മ ഗമയതി ഏഷ ദേവ പഥോ ബ്രഹ്മപഥഃ ഏതേന പ്രതിപദ്യമാനാ ഇമം മാനവം ആവർത്തം ന ആവർത്തന്തേ ന ആവർത്തന്തേ.

പിന്നെ അപ്രകാരമുള്ള ആളിൻെറ ശവസംസ്കാരകർമ്മം ചെയ്താലും ഇല്ലെങ്കിലും ഇവൻ അർച്ചിസ്സിൽ തന്നെ ചെന്നെത്തുന്നു. അർച്ചിസ്സിൽ നിന്നു് അഹസ്സിനെയും (ദിവസം) അഹസ്സിൽനിന്നു് ശുക്ലപക്ഷത്തേയും ശുക്ളപക്ഷത്തിൽ നിന്നു് ഉത്തരായണത്തെയും ഉത്തരായണത്തിൽ നിന്നു് സംവൽസരത്തേയും, സംവൽസരത്തിൽ നിന്നു് ആദിത്യനേയും ആദിത്യനിൽനിന്നു് ചന്ദ്രനേയും ചന്ദ്രനിൽ നിന്നു് വിദ്യുത്തിനേയും പ്രാപിക്കുന്നു. അവിടെ അമാനവാനായ (മനുഷ്യനല്ലാത്ത) ഒരു പുരുഷൻ വരുന്നു. അവൻ ഇവരെ ബ്രഹ്മത്തിലേക്ക കൊണ്ടുപോകുന്നു. ഇതു് ദേവപഥവും ബ്രഹ്മപഥവും ആകുന്നു. ഈ പഥത്തിൽകൂടി പോകുന്ന മനുഷ്യന് ജന്മാവർത്തനമില്ല. ജന്മാവർത്തനമില്ല.

# നാലാം അധ്യായം

## പതിനാറാം ഖണ്ഡം

1) ഏഷ ഹ വൈ യജ്ഞഃ യഃ അയം പവത ഏഷ ഹ യൻ ഇദം സർവം പുനാതി യദ് ഏഷ യന്നിദം സർവം പുനാതി തസ്മാത് ഏഷ ഏവ യജ്ഞഃ തസ്യ മനഃ ച വാക് ച വർതനീ

എല്ലായിടത്തും സഞ്ചരിച്ച് സർവ്വത്തേയും ശുദ്ധീകരിക്കുന്ന വായു യജ്ഞം തന്നെ. ആ യജ്ഞത്തിൻെറ മാർഗ്ഗങ്ങൾ മനസ്സും, വാക്കും ആകുന്നു. (വർത്തനി — മാർഗ്ഗം)

2) തയോഃ അന്യതരാം മനസാ സംസ്കരോതി ബ്രഹ്മാ വാചാ ഹോതാ അധ്വര്യുഃ ഉദ്ഗാതാ അന്യതരാം സ യത്ര ഉപാകൃതേ പ്രാതരനുവാകേ പുരാ പരിധാനീയായാ ബ്രഹ്മാ വ്യവവദതി.

3) അന്യതരാമേവ വർത്തനീം സംസ്കരോതി ഹീയതേ അന്യതരാ സ യഥാ ഏകപാദ് വ്രജൻ രഥഃ വൈ ഏകേന ചക്രേണ വർത്തമാനഃ രീഷ്യതി ഏവമസ്യ യജ്ഞഃ രിഷ്യതി യജ്ഞം രിഷ്യന്തം യജമാനഃ അനു രിഷ്യതി സ ഇഷ്ട്വാ പാപീയാൻ ഭവതി.

ആ രണ്ടു മാർഗ്ഗങ്ങളിൽ ഒന്നിനെ ബ്രഹ്മാവ് യാഗത്തിൽ മനസ്സുകൊണ്ടു് നിർവഹിക്കുന്നു. മറ്റൊന്നിനെ ഹോതാവും ഉദ്ഗാതാവും അധ്വര്യുവും നിർവ ഹിക്കുന്നു. ശാസ്ത്രം ആരംഭിക്കുമ്പോൾ പരിധാനീയ എന്നു പറയുന്ന ഋക്കി നുമുമ്പ് ആ ബ്രഹ്മാവ് മൗനത്തെ ഭഞ്ജിക്കുന്നു. അവിടെ ഒരുവർത്തനിയെ മാത്രമേ നിർവഹിക്കുന്നുള്ളു. മറ്റൊന്നു നഷ്ടപ്പെടുന്നു. — ബ്രഹ്മാവിനാൽ നിർവ്വഹിക്കപ്പെടേണ്ട മനോരൂപമായ വർത്തനി നഷ്ടപ്പെടുന്നു. ഒരു പാദ മുള്ളവൻ നടക്കുമ്പോഴും ഒരു ചക്രം മാത്രമുള്ള രഥം ഓടുമ്പോഴും മറിഞ്ഞു പോകുന്നതുപോലെ ഈ യജമാനൻെറ ആ യജ്ഞവും നശിക്കുന്നു. നശിക്കുന്ന യജ്ഞത്തെ ചെയ്യുന്ന യജമാനനും നശിക്കുന്നു. ആ യജമാനൻ യാഗം ചെയ്തു് പാപിയായിത്തീരുന്നു.

4) അഥ യത്ര ഉപാകൃതേ പ്രാതരനുവാകേ ന പുരാ പരിധാനീയായാ ബ്രഹ്മാ വ്യവവദതി ഉഭേ ഏവ വർത്തനീ സംസ്കർവന്തി ന ഹീയതേ അന്യതരാ.

പിന്നീട് പ്രാതരനുവാകം ആരംഭിച്ചതിനുശേഷം പരിധാനീയയ്ക്കു മുമ്പ് ബ്രഹ്മാവ് എന്ന പുരോഹിതൻ വ്യവവദിക്കുന്നില്ലെങ്കിൽ — സംസാരി ക്കുന്നില്ലെങ്കിൽ അവിടെ രണ്ടു മാർഗ്ഗങ്ങളേയും സമ്മേളിപ്പിക്കുന്നു. അപ്പോൾ ഒന്നിനെയും ഉപേക്ഷിക്കുന്നില്ല.
[പരിധാനീയ = ഋക്ക്)

5) സ യഥാ ഉഭയപാദ് വ്രജൻ രഥഃ വ ഉഭാഭ്യാം ചക്രാഭ്യാം വർത്തമാനഃ പ്രതിതിഷ്ഠതി ഏവം അസ്യ യജ്ഞഃ പ്രതിതിഷ്ഠതി യജ്ഞം പ്രതിതിഷ്ഠന്തം യജമാനഃ അനുപ്രതിതിഷ്ഠതി സ ഇഷ്ട്വാ ശ്രേയാൻ ഭവതി.

രണ്ടു കാലുകളോടുകൂടിയ പുരുഷനോ, രണ്ടു ചക്രങ്ങളുള്ള രഥമോ ചരിക്കുമ്പോൾ മറിഞ്ഞുപോകുന്നില്ലല്ലോ. അതുപോലെ ആ യജ്ഞം പ്രതി ഷ്ഠയെ പ്രാപിക്കുന്നു. ശരിയായിട്ടു യജ്ഞം ചെയ്യുന്ന യജമാനനും പ്രതി ഷ്ഠയെ പ്രാപിക്കുന്നു. പ്രതിഷ്ഠയെ പ്രാപിച്ച ആ യജമാനൻ യാഗം ചെയ്തു് ശ്രേയസ്സിനെ പ്രാപിക്കുന്നു. ശരിയായ പ്രകാരത്തിൽ യാഗം ചെയ്തു് ശ്രേയ സ്സിനെ പ്രാപിക്കുന്നു എന്നു സാരം.

# നാലാം അധ്യായം

## പതിനേഴാം ഖണ്ഡം

1) പ്രജാപതിഃ ലോകാൻ അഭ്യതപത് തേഷാം തപ്യമാനാനാം രസാൻ പ്രാവൃഹത് അഗ്നിം പൃഥിവ്യാ, വായും അന്തരിക്ഷാത് ആദിത്യം ദിവഃ.

പ്രജാപതി ലോകങ്ങളെ (അവയുടെ രസം ഗ്രഹിക്കാൻ) തപസ്സുചെയ്തു. ആ ലോകങ്ങളിൽനിന്ന് രസങ്ങളെ ഉദ്ധരിച്ചു. തപസ്സുകൊണ്ടു തപ്തമായ ഭൂമിയിൽ നിന്ന് അഗ്നിയേയും, അന്തരീക്ഷത്തിൽനിന്ന്, വായുവിനെയും ദ്യോവിൽനിന്ന് ആദിത്യനെയും.

2) സഃ ഏതാഃ തിസ്രഃ ദേവതാ അഭ്യതപത് താസാം തപ്യമാനാനാം രസാൻ പ്രാവൃഹത് അഗ്നേഃ ഋചഃ വായോഃ യജൂംഷി സാമാനി ആദിത്യാത്

പ്രജാപതി ഈ മൂന്നു ദേവതകളെയും ഉദ്ദേശിച്ച് അഭിതപിച്ചു; തപസ്സുകൊണ്ട് അവരുടെ രസങ്ങളെ ഉദ്ധരിച്ചു. അഗ്നിയിൽനിന്ന് ഋക്കുകളെയും, വായുവിൽനിന്ന് യജുസ്സുകളെയും ആദിത്യനിൽനിന്ന് സാമങ്ങളെയും.

3) സ ഏതാം ത്രയീംവിദ്യാം അഭ്യതപത് തസ്യാഃ തപ്യമാനായാ രസാൻ പ്രാവൃഹത് ഭൂഃ ഇതി ഋഗ്ഭ്യഃ ഭുവഃ ഇതി യജുർഭ്യഃ സ്വഃ ഇതി സാമഭ്യഃ.

പ്രജാപതി ഈ ത്രയീ വിദ്യയെ (ഋക്ക്, യജുസ്സ്, സാമം) ഉദ്ദേശിച്ച് അഭിതപിച്ചു. അങ്ങനെ തപസ്സുചെയ്ത് അവയിൽനിന്ന് രസങ്ങളെ ഉദ്ധരിച്ചു. ഋക്കുകളിൽ നിന്ന് ഭൂഃ, യജുസ്സുകളിൽനിന്ന് ഭുവഃ, സാമങ്ങളിൽനിന്ന് സ്വഃ എന്നീ വ്യാഹൃതികളെ ഗ്രഹിച്ചു. അതിനാൽ ഇവ ലോകങ്ങളുടെയും, ദേവന്മാരുടെയും, വേദങ്ങളുടെയും രസങ്ങളായ മഹാവ്യാഹൃതികളാകുന്നു. വ്യാഹൃതി — രഹസ്യാർത്ഥശബ്ദം.

4) തദ് യദ് ഋക്തഃ രിഷ്യേത് ഭൂഃ സ്വാഹാ ഇതി ഗാർഹപത്യേ ജുഹുയാത് ഋചാം ഏവ തദ്രസേന ഋചാം വീര്യേണ ഋചാം യജ്ഞസ്യ വിരിഷ്ടം സംദധാതി.

അതു കൊണ്ട് ഋക്കുകൾ നിമിത്തം യജ്ഞത്തിനു ദോഷം സംഭവിക്കുകയാണെങ്കിൽ ബ്രഹ്മപുരോഹിതൻ ''ഭൂഃസ്വാഹാ'' എന്ന് ഗാർഹപത്യാഗ്നിയിൽ ഹോമിക്കണം. അത് ഋക്കുകളുടെ രസം കൊണ്ടും, ഋക്കുകളുടെ വീര്യം കൊണ്ടും ഋക്കുകളുടെ യജ്ഞദോഷത്തെ പരിഹരിക്കുന്നു.

5 അഥ യദി യജുഷ്ടഃ രിഷ്യേത് ഭുവഃ സ്വാഹാ ഇതി ദക്ഷിണാഗ്നൗ ജുഹുയാത് യജുഷാമേവ തദ്രസേന യജുഷാം വീര്യേണ യജുഷാം യജ്ഞസ്യ വിരിഷ്ടം സന്ദധാതി.

പിന്നീട് യജുസ്സുകൾ നിമിത്തം യജ്ഞത്തിന് ക്ഷതം സംഭവിച്ചാൽ ഭുവഃ സ്വാഹാ എന്ന മന്ത്രത്താൽ ദക്ഷിണാഗ്നിയിൽ ഹോമിക്കണം. അത് യജുസ്സുകളുടെതന്നെ രസം കൊണ്ടും, ഓജസ്സുകൊണ്ടും, യജുസ്സുകളുടെ യജ്ഞ ദോഷത്തെ പരിഹരിക്കുന്നു.

6) അഥ യദി സാമതോ രിഷ്യേത് സ്വഃ സ്വാഹാ ഇതി ആഹവനീയേ ജുഹുയാത് സാമ്നാമേവ തദ്രസേന സാമ്നാം വീര്യേണ സാമ്നാം യജ്ഞസ്യ വിരിഷ്ടം സന്ധാതി.

പിന്നെ സാമങ്ങൾ നിമിത്തം യജ്ഞത്തിന് ദോഷം സംഭവിക്കുകയാണെങ്കിൽ ''സ്വഃ സ്വാഹാ'' എന്നു് ആഹവനീയാഗ്നിയിൽ ഹോമിക്കണം അതു് സാമങ്ങളുടെ രസം കൊണ്ടും; സാമങ്ങളുടെ വീര്യംകൊണ്ടും സാമങ്ങളെ സംബന്ധിക്കുന്ന യജ്ഞത്തിന്റെ ദോഷത്തെ പരിഹരിക്കുന്നു.

7 തത് യഥാ ലവണേന സുവർണ്ണം സന്ധ്യാത് സുവർണ്ണേന രജതം രജതേന ത്രപു ത്രപുണാ സീസം സീസേന ലോഹം ലോഹേന ദാരു ദാരു ചർമ്മണാ

8 ഏവം ഏഷാം ലോകാനാം ആസാം ദേവതാനാം അസ്യ ത്രയ്യാഃ വിദ്യായാഃ വീര്യേണ യജ്ഞസ്യ വിരിഷ്ടം സന്ധാതി ഭേഷജകൃതോ ഹ വാ ഏഷ യജ്ഞഃ യത്ര ഏവം വിദ് ബ്രഹ്മാ ഭവതി

എങ്ങനെ എന്നാൽ ലവണത്താൽ (പൊൻകാരംകൊണ്ട്) സ്വർണ്ണത്തെയും സ്വർണ്ണത്താൽ വെള്ളിയെയും, വെള്ളിയാൽ തകരത്തെയും, തകരത്താൽ ഈയത്തെയും, ഈയത്താൽ ഇരുമ്പിനെയും, ഇരുമ്പിനാൽ തടിയെയും, തടികൊണ്ട് ചർമ്മത്തെയും ചേർത്ത് ശരിപ്പെടുത്തുന്നതുപോലെ, ഈ ലോകങ്ങളുടെയും ഈ ദേവതകളുടെയും ഈത്രയീവിദ്യയുടെയും വീര്യത്താൽ യജ്ഞത്തിന്റെ ദോഷം പരിഹരിക്കുവാൻ ഏതു യജ്ഞത്തിലാണോ ബ്രഹ്മാവ് ഇപ്രകാരം അറിയുന്നവനായിരിക്കുന്നതു് ഈ യജ്ഞം ഔഷധത്താൽ സംസ്കരിക്കപ്പെട്ടതായിത്തീരുന്നു. ഇപ്രകാരം ചെയ്യാൻ കഴിവുള്ള ബ്രഹ്മ പുരോഹിതൻ ചേർന്നു നടത്തുന്ന യാഗം ദോഷരഹിതമായിത്തീരുന്നു.

(9-10) ഏഷ ഹ വാ ഉദക്പ്രവണോ യജ്ഞോ യത്ര ഏവം വിദ് ബ്രഹ്മാ ഭവതി ഏവം വിദം ഹ വാ ഏഷാ ബ്രഹ്മാണം അനുഗാഥാഃ യതോ യത ആവർത്തതേ

തത്തദ് ഗച്ഛതി മാനവോ ബ്രഹ്മാ ഏവ ഏക ഋത്വിക് കുരൂൻ അശ്വാ അഭിരക്ഷതി ഏവം വിത് ഹ വൈ ബ്രഹ്മാ യജ്ഞം യജമാനം സർവാൻ ച ഋത്വിജഃ അഭിരക്ഷതി തസ്മാദേവം വിദമേവ ബ്രഹ്മാണം കുർവീത ന അനേവം വിദം. ന അനേവം വിദം.

ഏതു യജ്ഞത്തിൽ ഇപ്രകാരം അറിയുന്ന ബ്രഹ്മാവ് ചേർന്നു നടത്തുന്ന യജ്ഞം ഉത്തരാഭിമുഖമായി ഭവിക്കുന്നു. (ഉത്തരായണം മോക്ഷോപായം എന്ന സങ്കൽപത്തിൽ) ഇപ്രകാരം അറിയുന്ന ബ്രഹ്മ പുരോഹിതനെക്കുറിച്ചുള്ള അനുഗാഥ (പാട്ട്) പ്രസിദ്ധമാണ്.

എവിടെ എവിടെയെല്ലാം യജ്ഞത്തിന് ദോഷം സംഭവിക്കുന്നോ അവിടെയെല്ലാം ഈ ബ്രഹ്മപുരോഹിതൻ ചെന്ന് യജ്ഞദോഷത്തെ പരിഹരിക്കുന്നു. ഇപ്രകാരം അറിയുന്ന — മാനവാനായ—ധ്യാനനിഷ്ഠനായ ബ്രഹ്മപുരോഹിതൻ ഏകനായിത്തന്നെ പെൺകുതിര കുരുൻ (യോദ്ധാക്കളെ) രക്ഷിക്കുന്നതുപോലെ യജ്ഞത്തേയും, യജമാനനേയും എല്ലാ ഋത്വിക്കുകളേയും രക്ഷിക്കുന്നു. അതിനാൽ ഇങ്ങനെ അറിവുള്ള ആളെത്തന്നെ ബ്രഹ്മപുരോഹിതനാക്കണം. ഇപ്രകാരം അറിയാത്തവനെ ആക്കരുത്.

# അഞ്ചാം അധ്യായം

## ഒന്നാം ഖണ്ഡം

1) ഓം. യഃ ഹ വൈ ജ്യേഷ്ഠം ച ശ്രേഷ്ഠം ച വേദ ജ്യേഷ്ഠ ച ഹ വൈ ശ്രേഷ്ഠഃ ച ഭവതി. പ്രാണഃ വാവ ജ്യേഷ്ഠശ്ച ശ്രേഷ്ഠശ്ച.

ജ്യേഷ്ഠൻ ആരെന്നും ശ്രേഷ്ഠൻ ആരെന്നും അറിയുന്നവൻ ജ്യേഷ്ഠനായും ശ്രേഷ്ഠനായും ഭവിക്കുന്നു. ജ്യേഷ്ഠനും ശ്രേഷ്ഠനും പ്രാണൻ തന്നെയാണ്.

2) യഃ ഹ വൈ വസിഷ്ഠം വേദ വസിഷ്ഠഃ ഹ സ്വാനാം ഭവതി വാഗ് വാവ വസിഷ്ഠഃ.

വസിഷ്ഠനെ (ഏററവും ധനവാനെ) അറിയുന്നവൻ സ്വന്തക്കാർക്കും വസിഷ്ഠനായിത്തന്നെ ഭവിക്കുന്നു. വസിഷ്ഠൻ എന്നു പറയുന്നതു വാക്കുതന്നെയാണ്. വാക്കിന്റെ ഭാഷാസ്വാധീനത — സ്വന്തക്കാരുടെ ഇടയിൽ — ധനത്തിന്റെ പ്രാധാന്യം നിർദ്ദേശിച്ചിരിക്കുന്നു.

3) യഃ ഹ വൈ പ്രതിഷ്ഠാം വേദ പ്രതി ഹ തിഷ്ഠതി അസ്മിൻ ച ലോകേ അമുഷ്മിൻ ച ചക്ഷുഃ വാവ പ്രതിഷ്ഠാ.

പ്രതിഷ്ഠയെ അറിയുന്നവൻ ഈ ലോകത്തിലും പരലോകത്തിലും പ്രതിഷ്ഠിതി ചെയ്യുന്നു. പ്രതിഷ്ഠ ച ക്ഷുസ്സുതന്നെയാണ് — കണ്ണുകൊണ്ടു് കണ്ടിട്ടാണല്ലോ നിൽക്കാനും നടക്കാനും കഴിയുന്നതു്.

4) യഃ ഹ വൈ സമ്പദം വേദ സം ഹാസ്മൈ കാമാഃ പദ്യന്തേ ദൈവാശ്ച മാനുഷാശ്ച ശ്രോത്രം വാവ സമ്പത്.

സമ്പത്ത് എന്താണെന്നു് അറിയുന്നവനു് ദൈവീകവും മാനുഷികവും ആയ കാമങ്ങൾ സിദ്ധിക്കുന്നു. സമ്പത്തു് ശ്രോത്രംതന്നെ.

5) യഃ ഹ വാ ആയതനം വേദ ആയതനം ഹ സ്വാനാം ഭവതി മനഃ ഹ വാ ആയതനം.

ആയതനം എന്തെന്നു് അറിയുന്നവൻ സ്വന്തം ആളുകൾക്കു് ആശ്രയമായിരിക്കും. ആയതനം മനസ്സാണു്. (ഭോക്താവിനു വേണ്ടി ഇന്ദ്രിയങ്ങൾ കൊണ്ടുവരുന്ന പ്രത്യയ രൂപങ്ങളായ വിഷയങ്ങൾക്കു് ആശ്രയം മനസ്സാണു്. അതുകൊണ്ടാണു് മനസ്സിനെ ആയതനം എന്നു പറയുന്നതു്.
ആയതനം—ആശ്രയം

6) അഥ ഹ പ്രാണാഃ അഹം ശ്രേയസി വ്യൂദിരേ, അഹം ശ്രേയാൻ അസ്മി അഹം ശ്രേയാൻ അസ്മി ഇതി.

പിന്നീടു് ഒരിക്കൽ പ്രാണങ്ങൾ (പഞ്ചേന്ദ്രിയങ്ങൾ) തമ്മിൽ ശ്രേയസ്സിന്റെ കാര്യത്തിൽ വിവാദം ഉണ്ടായി. ''ഞാനാണു് ശ്രേഷ്ഠൻ'' ഞാനാണു് ശ്രേഷ്ഠൻ—എന്നു്— പ്രകൃതത്തിൽ പ്രാണശബ്ദം പഞ്ചേന്ദ്രിയവാചകമാണു്.

7) തേ ഹ പ്രാണാഃ പ്രജാപതിം പിതരം ഏത്യ ഊചുഃ ഭഗവൻ കഃ നഃ ശ്രേഷ്ഠഃ ഇതി. താൻ ഹോവാച യസ്മിൻ വ ഉത്ക്രാന്തേ ശരീരം പാപിഷ്ഠതരം ഇവ ദൃശ്യേത സ വഃ ശ്രേഷ്ഠഃ ഇതി.

ആ പ്രാണങ്ങൾ (ഇന്ദ്രിയങ്ങൾ) പിതാവായ പ്രജാപതിയെ (ബ്രഹ്മാവിനെ) സമീപിച്ച് ഇപ്രകാരം ചോദിച്ചു. ഭഗവൻ, ഞങ്ങളിൽ ശ്രേഷ്ഠൻ ആരാണ്? പ്രജാപതി അവരോടു് പറഞ്ഞു. ''നിങ്ങളിൽ ആരു ശരീരം വിട്ടു പോയാൽ ശരീരം പാപിഷ്ഠമായി (ശവമായി) തീരുന്നതു് അവനാണു് നിങ്ങളിൽ ശ്രേഷ്ഠൻ.

8) സാ ഹ വാക് ഉച്ചക്രാമ സാ സംവൽസരം പ്രോഷ്യ പര്യേത്യ ഉവാച. കഥം അശകത ഋതേ മജ്ജീവിതും

ഇതി യഥാ കലാ അവദന്തഃ പ്രാണന്തഃ പ്രാണേന പശ്യന്തശ്ചക്ഷുഷാ ശൃണ്വന്തഃ ശ്രോത്രേണ ധ്യായന്തഃ മനസാ ഏവം ഇതി പ്രവിവേശ ഹ വാക്.

ആദ്യം വാക്ക് ശരീരം വിട്ടുപോയി. അത് ഒരു സംവൽസരം കഴിഞ്ഞിട്ട് തിരിച്ചുവന്നു ചോദിച്ചു. എന്നെക്കൂടാതെ നിങ്ങൾക്ക് എങ്ങനെ ജീവിക്കാൻ കഴിഞ്ഞു? മൂകന്മാരെപ്പോലെ (യഥാകാലഃ) പ്രാണനെ കൊണ്ടു പ്രാണിച്ചും (ശ്വസിച്ചും) കണ്ണുകൊണ്ടു കണ്ടും, കാതുകൊണ്ടു കേട്ടും മനസ്സുകൊണ്ടു ധ്യാനിച്ചും ഞങ്ങൾ ജീവിച്ചു എന്നു പ്രാണങ്ങൾ പറഞ്ഞു – ഇതു കേട്ട് വാക് സ്വന്തം വ്യാപാരത്തിൽ പ്രവേശിച്ചു.

9) ചക്ഷുഃ ഹ ഉച്ചക്രാമ തത് സംവൽസരം പ്രോഷ്യ പര്യേത്യ ഉവാച കഥം അശകത ഋതേ മജ്ജീവിതും ഇതി യഥാ അന്ധാഃ അപശ്യന്തഃ പ്രാണന്തഃ പ്രാണേന വദന്തഃ വാചാ ശൃണ്വന്തഃ ശ്രോത്രേണ ധ്യായന്തഃ മനസാ ഏവം ഇതി പ്രവിവേശ ഹ ചക്ഷുഃ.

പിന്നെ കണ്ണ് ശരീരം വിട്ടുപോയി. അത് ഒരു സംവൽസരം സ്വവ്യാപാരത്തിൽനിന്നും വിട്ടുനിന്നിട്ട് മടങ്ങിവന്നു പറഞ്ഞു. എന്നെക്കൂടാതെ നിങ്ങൾക്ക് എങ്ങനെ ജീവിക്കാൻ കഴിഞ്ഞു? അന്ധന്മാരെപ്പോലെ കാണാതെയും, പ്രാണനെക്കൊണ്ട് ശ്വസിച്ചും നാക്കകൊണ്ട് പറഞ്ഞും, ചെവികൊണ്ടു കേട്ടും മനസ്സുകൊണ്ട് ധ്യാനിച്ചും ഞങ്ങൾ ജീവിച്ചു. എന്നു മററു പ്രാണങ്ങൾ ഉത്തരം പറഞ്ഞു. പിന്നീട് കണ്ണ് സ്വവ്യാപാരത്തിൽ പ്രവേശിച്ചു.

10) ശ്രോത്രം ഹ ഉച്ചക്രാമ തത് സംവൽസരം പ്രോഷ്യ പര്യേത്യ ഉവാച കഥം അശകത ഋതേ മജ്ജീവിതും ഇതി യഥാ ബധിരാ അശൃണ്വന്തഃ പ്രാണന്തഃ പ്രാണേന വദന്തഃ വാചാ പശ്യന്തഃ ചക്ഷുഷാ ധ്യായന്തഃ മനസാ ഏവം ഇതി പ്രവിവേശ ഹ ശ്രോത്രം.

പിന്നീട് ശ്രോത്രം ശരീരം വിട്ടുപോയി. ഒരു സംവൽസരക്കാലം സ്വവ്യാപാരത്തിൽനിന്നും മാറിനിന്നിട്ട് മടങ്ങിവന്നു. മററു പ്രാണങ്ങളോട് ചോദിച്ചു. എന്നെക്കൂടാതെ നിങ്ങൾക്ക് എങ്ങനെ ജീവിക്കാൻ കഴിഞ്ഞു? ബധിരന്മാരെപ്പോലെ കേൾക്കാതെയും പ്രാണനെക്കൊണ്ടു ശ്വസിച്ചും, നാക്കകൊണ്ടു പറഞ്ഞും കണ്ണുകൊണ്ടു കണ്ടും, മനസ്സുകൊണ്ടു ധ്യാനിച്ചും ഞങ്ങൾ ജീവിച്ചു. എന്നു മററു പ്രാണങ്ങൾ ഉത്തരം പറഞ്ഞു. പിന്നീട് ചെവി സ്വവ്യാപാരത്തിൽ പ്രവേശിച്ചു.

11) മനഃ ഹ ഉച്ചക്രാമ തത് സംവൽസരം പ്രോഷ്യ പര്യേത്യ ഉവാച കഥം അശകത ഋതേ മജ്ജീവിതും ഇതി യഥാ ബാലാഃ അമനസഃ പ്രാണന്തഃ പ്രാണേന വദന്തഃ

വാചാ പശ്യന്തഃ ചക്ഷുഷാ ശൃണ്വന്തഃ ശ്രോത്രേണ ഏവം ഇതി പ്രവിവേശ മനഃ

അതിനുശേഷം മനസ്സ ശരീരം വിട്ടുപോയി. അതു ഒരു സംവൽസര കാലം കഴിഞ്ഞ് മടങ്ങി വന്ന് ഇങ്ങനെ ചോദിച്ചു. എന്നെക്കൂടാതെ നിങ്ങൾക്ക് എങ്ങനെ ജീവിക്കുവാൻ കഴിഞ്ഞു -ബാലന്മാരെപ്പോലെ അമനസ്കരായും, പ്രാണനെക്കൊണ്ടു ശ്വസിച്ചും, നാക്കുകൊണ്ട് പറഞ്ഞും, കണ്ണുകൊണ്ട് കണ്ടും, കാതുകൊണ്ട് കേട്ടും ഞങ്ങൾ ജീവിച്ചു. എന്ന് മററുള്ള പ്രാണങ്ങൾ ഉത്തരം പറഞ്ഞു. അപ്പോൾ മനസ്സ് സ്വവ്യാപാരത്തിൽ പ്രവേശിച്ചു.

12) അഥ ഹ പ്രാണഃ ഉച്ചിക്രമിഷൻ സ യഥാ സുഹയഃ പഡ്വീശശങ്കൂൻ സംഖിദേത് ഏവം ഇതരാൻ പ്രാണാൻ സമഖിദത്. തം ഹ അഭിസമേത്യ ഊചുഃ ഭഗവൻ ഏധി ത്വം നഃ ശ്രേഷ്ഠോ ऽസി മാ ഉത്ക്രമീഃ ഇതി.

അനന്തരം മുഖ്യപ്രാണൻ ശരീരം വിട്ടുപോകാനാഗ്രഹിച്ചു. അത് നല്ല കുതിര അതിൻെറ കാലുകൾ ബന്ധിച്ചിരിക്കുന്ന കുററികളെ പിഴുതുകളയുന്നതുപോലെ മററു പ്രാണങ്ങളെ പിഴുതു. അപ്പോൾ മററു പ്രാണങ്ങൾ മുഖ്യപ്രാണനെ സമീപിച്ച് ഇപ്രകാരം പറഞ്ഞു. ഭഗവാൻ അങ്ങ് ഞങ്ങളുടെ സ്വാമിയായിരിക്കുക. ഞങ്ങളിൽ ശ്രേഷ്ഠൻ അങ്ങ് തന്നെയാണ്. ഈ ശരീരത്തിൽനിന്നും വിട്ടുപോകരുത്.

13 അഥ ഹ ഏനം വാക് ഉവാച യദ് അഹം വസിഷ്ഠഃ അസ്മി ത്വം തദ്വസിഷ്ഠഃ അസി ഇതി അഥ ഹ ഏനം ചക്ഷുഃ ഉവാച യദഹം പ്രതിഷ്ഠാ അസ്മി ത്വം തത് പ്രതിഷ്ഠാ അസി ഇതി,

14 അഥ ഹ ഏനം ശ്രോത്രം ഉവാച യദഹം സംപത് അസ്മി ത്വം തത് സമ്പത് അസി ഇതി അഥ ഹ ഏനം മന ഉവാച യദഹം ആയതനം അസ്മി ത്വം തത് ആയതനം അസി ഇതി.

പിന്നീട് നാക്ക് (മുഖ്യപ്രാണനോട്) പറഞ്ഞു. ഞാൻ ധനവാൻ എന്നുള്ളത് ഏതാണോ അത് നീയാകുന്നു. പിന്നീട് ചക്ഷുസ്സ് മുഖ്യപ്രാണനോടു പറഞ്ഞു. ഞാൻ പ്രതിഷ്ഠ എന്നുള്ളത് ഏതാണോ ആ പ്രതിഷ്ഠ നീയാകുന്നു. അനന്തരം ശ്രോത്രം മുഖ്യപ്രാണനോട് പറഞ്ഞു. ഞാൻ ഏതു സമ്പത്താണോ ആ സമ്പത്ത് നീ ആകുന്നു. പിന്നീട് മനസ്സ് മുഖ്യ പ്രാണനോട് പറഞ്ഞു. ഞാൻ ഏതു ആയതനമാണോ അത് നീ ആകുന്നു.

15) ന വൈ വാചോ ന ചക്ഷൂംഷി ന ശ്രോത്രാണി ന മനാംസി ഇതി ആചക്ഷതേ പ്രാണാ ഇതി

ഏവ ആചക്ഷതേ പ്രാണോ ഹി ഏവ ഏതാനി സർവ്വാണി ഭവതി.

[പ്രാണങ്ങളെ (ഇന്ദ്രിയങ്ങളെ) പ്പററി വ്യവഹരിക്കുമ്പോൾ നാക്കുകൾ എന്നോ ചക്ഷുസ്സുകൾ എന്നോ, ശ്രോത്രങ്ങൾ എന്നോ, മനസ്സുകൾ എന്നോ പറയുന്നില്ല. പ്രാണങ്ങൾ എന്നേ പറയാറുള്ളൂ. ഇവയെല്ലാം പ്രാണൻ തന്നെ യാണ്.]

# അഞ്ചാം അധ്യായം

## രണ്ടാം ഖണ്ഡം

1) സ ഹോവാച കിം മേ അന്നം ഭവിഷ്യതി ഇതി യത് കിഞ്ചിത് ഇദം ആശ്വഭ്യഃ ആശകുനിഭ്യഃ ഇതി ഹ ഊചുഃ തദ് വാ ഏതദ് അനസ്യ അന്നം അനഃ ഹ വൈ നാമ പ്രത്യക്ഷം ന ഹ വാ ഏവം വിദി കിഃ ചന അനന്നം ഭവതി ഇതി.

മുഖ്യപ്രാണൻ ചോദിച്ചു എനിക്കു് എന്തായിരിക്കും അന്നം ? അവർ മറുപടി പറഞ്ഞു. ശ്വാക്കൾ മുതൽ പക്ഷികൾ വരെ ഉള്ളതെല്ലാം അനന്റേയും (പ്രാണന്റെ) അന്നമാകുന്നു. അനൻ എന്നത് പ്രത്യക്ഷ നാമമാണെന്നുള്ളത് പ്രസിദ്ധമാണ്. ഇപ്രകാരം അറിയുന്നവന് അഭക്ഷ്യമായി ഒന്നും തന്നെ ഇല്ല.

[പ്രാണന് എല്ലാം ഭക്ഷ്യമാണ് എന്നുള്ളത് പ്രതിരൂപാത്മകമാണ്. ലോകത്തിൽ കാണുന്നതും കേൾക്കുന്നതും അനുഭവപ്പെടുന്നതുമെല്ലാം പ്രാണൻ ധ്യാനത്തിൽ അനുഭവിച്ചുകൊണ്ടാണല്ലോ വർത്തിക്കുന്നത്.]

2) സ ഹോവാച കിം മേ വാസഃ ഭവിഷ്യതി ഇതി? ആപഃ ഇതി ഹോചുഃ തസ്മാദ് വാ ഏതദ് അശിഷ്യന്തഃ പുരസ്താത് ച ഉപരിഷ്ടാത് ച അദ്ഭിഃ പരിദധതി ലംഭുകഃ ഹ വാസഃ ഭവതി അനഗ്നഃ ഹ ഭവതി.

എനിക്ക് വസ്ത്രം എന്തായിരിക്കും എന്നു പ്രാണൻ ചോദിച്ചു. അപ്പുകൾ (ജലം) എന്ന് വാഗാദികൾ പറഞ്ഞു. ഭക്ഷിക്കുവാൻ പോകുന്നവർ ഭോജനത്തിനു മുമ്പും പിമ്പും ജലംകൊണ്ട് മുഖ്യപ്രാണനെ ഉടുപ്പിക്കുന്നു. ആചമനം ചെയ്യുന്നത് പ്രാണനെ വസ്ത്രം ധരിപ്പിക്കയാണെന്ന കൽപ്പന. ഇങ്ങനെ ഇതറിയുന്ന ആർക്കും വസ്ത്രം ലഭിക്കുന്നു. അവൻ നഗ്നനായി

ഭവിക്കുന്നില്ല. അശിഷ്യന്തഃ— ഭക്ഷിക്കാൻ തുടങ്ങുന്നവൻ. ലംഭുകഃ— ലഭിക്കുന്നവൻ.

3. തത് ഹ ഏതദ് സത്യകാമഃ ജാബാലഃ ഗോശ്രുതയേ വൈയാഘ്രപദ്യായഃ ഉക്ത്വാ ഉവാച; യദ്യപി ഏതദ് ശുഷ്കായ സ്ഥാണവേ ബ്രൂയാത് ജായേരൻ ഏവ അസ്മിൻ ശാഖാഃ പ്രരോഹേയുഃ പലാശാനി ഇതി.

അങ്ങനെയുള്ള ഈ പ്രാണദർശനത്തെ (പ്രാണോപാസനയെ) ജാബാലയുടെ പുത്രനായ സത്യകാമൻ വ്യാഘ്രപത്തിന്റെ പുത്രനായ ഗോശ്രുതിക്കു പറഞ്ഞുകൊടുത്തിട്ട് ഇപ്രകാരം പറഞ്ഞു:— ഇതിനെപ്പററി (ഈ പ്രാണോപാസനയെപ്പററി) ഉണങ്ങിയ മരക്കുററിക്കു (തൂണ്) പോലും പറഞ്ഞുകൊടുക്കുകയാണെങ്കിൽ ആ കുററിയിൽ ശാഖകൾ കിളിച്ച്, ഇലകൾ മുളയ്ക്കുകയും ചെയ്യും.

4. അഥ യദി മഹത് ജിഗമിഷേത് അമാവാസ്യായാം ദീക്ഷിത്വാ പൗർണ്ണമാസ്യാം രാത്രൗ സർവ്വൗഷധസ്യ മന്ഥം ദധിമധുനോഃ ഉപമഥ്യ ജ്യേഷ്ഠായ ശ്രേഷ്ഠായ സ്വാഹാ ഇതി അഗ്നൗ ആജ്യസ്യ ഹുത്വാ മന്ഥേ സംപാതം അവനയേത്.

അനന്തരം മഹത്വം പ്രാപിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ കറുത്തവാവു മുതൽ ദീക്ഷിച്ചിട്ട് വെളുത്തവാവിൽ നാലാം രാത്രിയിൽ എല്ലാ ഔഷധങ്ങളുടെയും മന്ഥത്തെ തൈരും തേനും ചേർത്ത് കലക്കി അഗ്നിയിൽ ജ്യേഷ്ഠായ ശ്രേഷ്ഠായ സ്വാഹാ' എന്ന് ആജ്യത്തെ ഹോമിച്ച് സംപാതത്തെ മന്ഥത്തിൽ വീഴ്ത്തണം.

[മന്ഥം = ഇടിച്ചുകലക്കിയത്. സംപാതം = ശേഷിച്ച നെയ്യ്.]

5. വസിഷ്ഠായ സ്വാഹാ ഇതി അഗ്നൗ ആജ്യസ്യ ഹുത്വാ മന്ഥേ സംപാതം അവനയേത്. പ്രതിഷ്ഠായൈ സ്വാഹാ ഇതി അഗ്നൗ ആജ്യസ്യ ഹുത്വാ മന്ഥേ സംപാതം അവനയേത്. സമ്പദേ സ്വാഹാ ഇതി അഗ്നൗ ആജ്യസ്യ ഹുത്വാ മന്ഥേ സമ്പാതം അവനയേത് ആയതനായ സ്വാഹാ ഇതി അഗ്നൗ ആജ്യസ്യ ഹുത്വാ മന്ഥേ സമ്പാതം അവനയേത്.

''വസിഷ്ഠായ സ്വാഹാ'' എന്ന് അഭിമന്ത്രിച്ച് ആജ്യത്തെ അഗ്നിയിൽ ഹോമിച്ചിട്ട് സംപാതത്തെ മന്ഥത്തിൽ വീഴ്ത്തണം. 'പ്രതിഷ്ഠായൈ സ്വാഹാ' എന്ന് അഭിമന്ത്രിച്ച് അഗ്നിയിൽ ആജ്യത്തെ ഹോമിച്ചിട്ട് സംപാതത്തെ

മന്ഥത്തിൽ വീഴ്ത്തണം. സംപദേ സ്വാഹാ എന്നു് അഭിമന്ത്രിച്ചു് അഗ്നിയിൽ ആജ്യത്തെ ഹോമിച്ചു് സംപാതത്തെ മന്ഥത്തിൽ വീഴ്ത്തണം. ആയതനായ സ്വാഹാ എന്നു് അഭിമന്ത്രിച്ചു് അഗ്നിയിൽ ആജ്യത്തെ ഹോമിച്ചിട്ടു സംപാതത്തെ മന്ഥത്തിൽ വീഴ്ത്തണം.

6. അഥ പ്രതിസൃപ്യ അഞ്ജലൗ മന്ഥം ആദായ ജപതി അമഃ നാമാസി അമാ ഹി തേ സർവ്വമിദം സ ഹി ജ്യേഷ്ഠഃ ശ്രേഷ്ഠഃ രാജാധിപതിഃ സമാ ജ്യൈഷ്ഠ്യം ശ്രൈഷ്ഠ്യം, രാജ്യം, ആധിപത്യം ഗമയതു അഹമേവ ഇദം സർവം അസാനി ഇതി.

അതിനുശേഷം അഗ്നിയെ സമീപിച്ചു് അഞ്ജലിയിൽ മന്ഥം എടുത്തു് ഈ മന്ത്രം ജപിക്കണം. നീ അമ (പ്രാണൻ) എന്ന പേരോടുകൂടിയവനാണു്. എന്തെന്നാൽ ഇതെല്ലാം നിന്റേതാണു്. നീ തന്നെയാണു് ഇതെല്ലാം. നീ തന്നെയാണു് ജ്യേഷ്ഠനും, ശ്രേഷ്ഠനും, പ്രകാശവാനും, സംരക്ഷകനും. എനിക്കു് ജ്യേഷ്ഠത്വവും, ശ്രേഷ്ഠതയും പ്രകാശമാനതയും, രാജ്യാധിപത്യവും പ്രാപ്തമാക്കട്ടെ. ഞാൻ തന്നെ ഈ ജഗത്തെല്ലാമായിത്തീരട്ടെ.

7. അഥ ഖല്വ ഏതയാ ഋചാ പച്ഛഃ ആചാമതി തത് സവിതുർവൃണീമഹ ഇതി ആചമതി വയം ദേവസ്യ ഭോജനം ഇതി ആചാമതി ശ്രേഷ്ഠം സർവധാതമം ഇതി ആചാമതി തുരം ഭഗസ്യ ധീമഹി ഇതി സർവം പിബതി നിർണിജ്യ കംസം ചമസം വാ പശ്ചാദ് അഗ്നേഃ സംവിശതി ചർമ്മണി വാ സ്ഥണ്ഡിലേ വാ വാചം യമഃ അപ്രസാഹഃ സ യദി സ്ത്രീയം പശ്യേത്സമൃദ്ധം കർമ്മ ഇതി വിദ്യാത്.

പിന്നീടു് താഴെപ്പറയുന്ന ഋക്കുകൊണ്ടു് ഓരോ പാദം വീതം ആചമിക്കണം (ഭക്ഷിക്കണം). എങ്ങനെ എന്നാൽ ''തത്സവിതുർവൃണീ മഹേ'' (ഞങ്ങൾ ആദിത്യന്റെ മന്ഥരൂപമായ ഭോജനത്തെ സ്വീകരിക്കുന്നു) എന്നു പറഞ്ഞു് ആചമിക്കണം. 'വയം ദേവസ്യ ഭോജനം' (ഞങ്ങൾ ദേവന്മാരുടെ ഭോജനത്തെ സ്വീകരിക്കുന്നു) എന്നു പറഞ്ഞു് ആചമിക്കണം. ശ്രേഷ്ഠസർവ്വധാതമം (ആഭോജനം അത്യന്തം ശ്രേഷ്ഠവും സ്വീകരിക്കുവാൻ യോഗ്യവുമാണു് എന്നു് പറഞ്ഞു് മൂന്നാമത്തെ ഗ്രാസത്തെ ഭക്ഷിക്കണം. തുരംഭഗസ്യ ധീമഹി (സൂര്യന്റെ സ്വരൂപത്തെ ശീഘ്രം ധ്യാനിക്കുന്നു) എന്നു പറഞ്ഞു് കംസത്തെയും ചമസത്തെയും കഴുകി എല്ലാ മന്ഥത്തെയും കുടിക്കണം. പിന്നീടു് അഗ്നിയുടെ പടിഞ്ഞാറുഭാഗത്തായി മാൻതോലിലോ ഭൂമിയിലോ, വാക്കിനെ സംയമനം ചെയ്തു് ഉറങ്ങണം. സ്വപ്നത്തിൽ സ്ത്രീയെ കാണുകയാണെങ്കിൽ അവന്റെ കാര്യം സഫലമായി എന്നു മനസ്സിലാക്കണം.

8) തദേഷ ശ്ലോകഃ യദാ കർമ്മസു കാമ്യേഷു സ്ത്രീയം സ്വപ്നേഷു പശ്യതി സമൃദ്ധം തത്ര ജാനീയാത് തസ്മിൻ സ്വപ്ന നിദർശനേ' തസ്മിൻ സ്വപ്ന നിദർശനേ.

ആ അർത്ഥത്തിൽ താഴെപ്പറയുന്ന ഒരു ശ്ലോകമുണ്ട്. കാമ്യങ്ങളായ കർമ്മങ്ങളിൽ സ്വപ്നത്തിൽ സ്ത്രീയെ കണ്ടാൽ ആ സ്വപ്നത്തെ കർമ്മത്തിന്റെ സമൃദ്ധി എന്നു മനസ്സിലാക്കണം. അതായത് മന്ത്രം സഫലമായി എന്ന് അറിയണം.

# ആറാം അദ്ധ്യായം

## മൂന്നാം ഖണ്ഡം

1) ശ്വേതകേതുഃ ഹ ആരുണേയഃ പഞ്ചാലാനാം സമിതിം ഏയായ തം ഹ പ്രവാഹണഃ ജൈവലിഃ ഉവാച കുമാരാനു ത്വാ അശിഷത് പിതേത്യനു ഹി ഭഗവ ഇതി.

(പ്രാണവിദ്യയെപ്പററി പറഞ്ഞതിനുശേഷം അഗ്നിവിദ്യയെപ്പററി പറയുന്നു.

ആരുണീപുത്രനായ ശ്വേതകേതു ഒരിക്കൽ പാഞ്ചാലന്മാരുടെ സഭയിൽ ചെന്നു. അവനോട് ജീവലപുത്രനായ പ്രവാഹണൻ ചോദിച്ചു ഹേ, കുമാരാ, നിന്റെ പിതാവ് നിന്നെ പഠിപ്പിച്ചിട്ടുണ്ടോ? ശ്വേതകേതു പറഞ്ഞു അതേ ഭഗവൻ, പിതാവ് എന്നെ പഠിപ്പിച്ചിട്ടുണ്ട്.

2) വേത്ഥ യദി ഇതഃ അധി പ്രജാഃ പ്രയന്തീതി ന ഭഗവ ഇതി വേത്ഥ യഥാ പുനരാവർത്തന്ത 3 ഇതി ന ഭഗവ ഇതി വേത്ഥ പഥോഃ ദേവയാനസ്യ പിതൃയാണസ്യ ച വ്യാവർത്തനാ 3 ഇതി ന ഭവഗ ഇതി.

പ്രവാഹണൻ ചോദിച്ചു. മനുഷ്യർ ഈ ലോകത്തുനിന്നു പോയതിനു ശേഷം എവിടെയാണു പോകുന്നതെന്നു നിനക്കറിയാമോ? ശ്വേതകേതു പറഞ്ഞു. ഭഗവൻ ഇത് എനിക്കറിഞ്ഞുകൂട. പ്രവാഹണൻ വീണ്ടും ചോദിച്ചു മനുഷ്യർ എങ്ങനെയാണ് വീണ്ടും മടങ്ങി വരുന്നതെന്ന് നിനക്കറിയാമോ? ഭഗവൻ ഇതും എനിക്കറിഞ്ഞുകൂട എന്നു ശ്വേതകേതു പറഞ്ഞു. ദേവയാനത്തിന്റെയും പിതൃയാനത്തിന്റെയും മാർഗ്ഗങ്ങൾ എവിടെ വച്ചാണ് ഭിന്നിക്കുന്നത് എന്നു നിനക്കറിയാമോ? ഇല്ല. ഭഗവാനെ എനിക്കറിഞ്ഞുകൂടാ.

3) വേത്ഥ യഥാ അസൌ ലോകഃ ന സമ്പൂര്യതേ ഇതി ന ഭഗവ ഇതി വേത്ഥ യഥാ പഞ്ചമ്യാം ആഹുതൌ

ആപഃ പുരുഷവചസഃ ഭവന്തി ഇതി നൈവ ഭഗവ ഇതി.

പ്രവാഹണൻ വീണ്ടും ചോദിച്ചു. പരലോകം എന്തു കാരണത്താലാണ് പൂർണ്ണമാകാതിരിക്കുന്നത് എന്നു നിനക്കറിയാമോ? അറിഞ്ഞുകൂടാ. എന്നു ശ്വേതകേതു പറഞ്ഞു. അഞ്ചാമത്തെ ആഹുതിയിൽ അപ്പുകൾ പുരുഷൻ എന്നുള്ള നാമത്തോടുകൂടിയതായിത്തീരുന്നത് എങ്ങനെയെന്നു നിനക്കറിയാമോ ? എന്ന് പ്രവാഹണൻ ചോദിച്ചപ്പോൾ അറിഞ്ഞുകൂട ഭഗവൻ എന്നു ശ്വേതകേതു പറഞ്ഞു.

4) അഥ അനു കിം അനുശിഷ്ടഃ അവോചഥാ യഃ ഹി ഇമാനി ന വിദ്യാത് കഥം സഃ അനുശിഷ്ടഃ ബ്രൂവീത ഇതി സ ഹ ആയസ്തഃ പിതുരർധം ഏയായ തം ഹോവാച അനനുശിഷ്യ വാവ കില മാ ഭഗവാൻ അബ്രവീദ് അനുത്വാ അശിഷം ഇതി.

പിന്നെ നീ എന്തിനു പറഞ്ഞു ഞാൻ പഠിച്ചിട്ടുണ്ടെന്ന്. എന്തെന്നാൽ ഇക്കാര്യങ്ങളൊന്നും അറിഞ്ഞുകൂടാത്ത ഒരാൾക്ക് എങ്ങനെ പറയാൻ സാധിക്കും. ഞാൻ പഠിച്ചിട്ടുണ്ട് എന്ന്. ഇതുകേട്ട് ഖേദത്തോടുകൂടി ശ്വേതകേതു പിതാവിന്റെ അടുക്കൽ എത്തി ഇങ്ങനെ പറഞ്ഞു. ഭഗവൻ അങ്ങ് എനിക്ക് ഉപദേശം തരാതെയാണല്ലോ, ഞാൻ നിന്നെ പഠിപ്പിച്ചിട്ടുണ്ടെന്ന് പറഞ്ഞത്.

5. പഞ്ച മാ രാജന്യബന്ധുഃ പ്രശ്നാൻ അപ്രാക്ഷീത് തേഷാം ന ഏകം ച ന അശകം വിവക്തും ഇതി സ ഹോവാച യഥാ മാ ത്വം. തദ് ഏതാൻ അവദഃ യഥാ അഹം ഏഷാം ന ഏകം ച ന വേദ യദി അഹം ഇമാൻ അവേദിഷ്യം കഥം തേന അവക്ഷ്യം ഇതി.

ആ രാജന്യബന്ധു എന്നോട് അഞ്ചു ചോദ്യങ്ങൾ ചോദിച്ചു. എന്നാൽ അവയിൽ ഒന്നിനുപോലും മറുപടി പറയാൻ എനിക്ക കഴിഞ്ഞില്ല. പിതാവു പറഞ്ഞു. നീ എന്നോടു ചോദിച്ച ചോദ്യങ്ങൾ നിനക്ക് അറിഞ്ഞുകുടാത്തതുപോലെതന്നെ എനിക്കും അറിഞ്ഞുകൂട. അവയിൽ ഒന്നിനെപ്പററിയെങ്കിലും എനിക്ക് അറിയാമായിരുന്നു എങ്കിൽ ഞാൻ എങ്ങനെ നിനക്ക് പറഞ്ഞുതരാതിരിക്കും ?

6. സ ഹ ഗൗതമഃ രാജ്ഞ അർധം ഏയായ തസ്മൈ ഹ പ്രാപ്തായാ അർഹാം ചകാര സ ഹ പ്രാതഃ സ ഭാഗഃ ഉദേയായ തം ഹോവാച മാനുഷസ്യ ഭഗവൻ ഗൗതമ വിത്തസ്യ വരം വൃണീഥാ ഇതി സ ഹോവാച തവ ഏവ രാജൻ മാനുഷം വിത്തം യാമേവ കുമാരസ്യ

അന്തേ വാചം അഭാഷഥാ: താമേവ മേ ബ്രൂഹി ഇതി സ ഹ കൃച്ഛ്റീ ബഭൂവ.

അനന്തരം ഗൗതമൻ രാജകൊട്ടാരത്തിൽപോയി. രാജാവ് ബഹുമാനപുരസ്സരം അദ്ദേഹത്തെ പൂജിച്ചു. പിറ്റെ ദിവസം രാവിലെ ഗൗതമൻ രാജാവിൻെറ അടുക്കൽ ചെന്നപ്പോ‌ൾ അദ്ദേഹം പറഞ്ഞു. ഹേ ഭഗവൻ ഗൗതമാ അങ്ങു ഭൗതികമായ സമ്പത്തിനെപ്പററിയുള്ള വരം ചോദിച്ചുകൊണ്ടാലും. ഗൗതമൻ പറഞ്ഞു; ഈ ഭൗതിക ധനം അങ്ങയുടെ പക്കൽതന്നെ ഇരിക്കട്ടെ. എന്നു വീണ്ടും ഗൗതമൻ പറഞ്ഞു. അങ്ങ് എൻെറ പുത്രനോട് ചോദിച്ച അഞ്ചു ചോദ്യങ്ങ‌ൾക്കും ഉത്തരം എനിക്ക പറഞ്ഞുതരണം. രാജാവ് ഇതുകേട്ടു അൽപം ദുഃഖിതനായി.

7) തം ഹ ചിരം വസേത് ഇതി ആജ്ഞാപയാഞ്ചകാര തം ഹോവാച യഥാ മാ ത്വം ഗൗതമ അവദഃ യഥാ ഇയം ന പ്രാക് ത്വത്തഃ പുരാവിദ്യാ ബ്രാഹ്മണാൻ ഗച്ഛതി തസ്മാദ് ഉ സർവേഷു ലോകേഷു ക്ഷത്രസ്യ ഏവ പ്രശാസനം അഭൂത് ഇതി തസ്മൈ ഹോവാച.

രാജാവ് അദ്ദേഹത്തോടു ആജ്ഞാപിച്ചു. അങ്ങു ഇവിടെ വളരെ കാലം വസിക്കണം. അങ്ങനെ സമയം വന്നപ്പോ‌ൾ രാജാവ് പറഞ്ഞു. ഹേ ഗൗതമാ. നിങ്ങ‌ൾ എന്നോടു ചോദിച്ച വിദ്യ ഇതിനുമുമ്പ് ബ്രാഹ്മണരുടെ അടുക്കൽ പോയിട്ടില്ല. സമ്പൂർണ്ണ ലോകങ്ങളിലും ക്ഷത്രിയൻമാർ തന്നെയാണ് ഉപദേഷ്ടാക്കളായിരുന്നിട്ടുള്ളത്. അതിനുശേഷം അദ്ദേഹം (രാജാവ്) ഗൗതമന് ആ വിദ്യ ഉപദേശിച്ചുകൊടുത്തു.

# അഞ്ചാം അധ്യായം

## നാലാം ഖണ്ഡം

1) അസൗ വാവ ലോകഃ ഗൗതമ: അഗ്നിഃ തസ്യ ആദിത്യ ഏവ സമിത് രശ്മയഃ ധൂമഃ അഹഃ അർച്ചിഃ ചന്ദ്രമാ അംഗാരാ നക്ഷത്രാണി വിസ്ഫുലിംഗാഃ.

ഹേ ഗൗതമ, ഈ സ്വർഗ്ഗലോകം തന്നെയാണ് അഗ്നിഃ ആദിത്യൻ തന്നെയാണ് അതിൻെറ സമിത്ത്, രശ്മികൾ ധൂമവും, ദിവസം ജ്വാലയുമാകുന്നു. ചന്ദ്രൻ അംഗാരവും, നക്ഷത്രങ്ങ‌ൾ അഗ്നിസ്ഫുലിംഗങ്ങളുമാകുന്നു.

2) തസ്മിൻ ഏതസ്മിൻ അഗ്നൗ ദേവാഃ ശ്രദ്ധാം

ജുഹ്വതി തസ്യാ ആഹുതേഃ സോമഃ രാജാ സംഭവതി.

ഈ അഗ്നിയിൽ ദേവൻമാർ ശ്രദ്ധയാകുന്ന ആഹൂതി ചെയ്യുന്നു, അതിൽനിന്നും സോമരാജൻ ഉദ്ഭവിക്കുന്നു.

# അഞ്ചാം അദ്ധ്യായം

## അഞ്ചാം ഖണ്ഡം

1) പർജന്യഃ വാവ ഗൗതമ അഗ്നിഃ തസ്യ വായുരേവ സമിത് അഭ്രം ധൂമഃ വിദ്യുത് അർച്ചിഃ അശനിഃ അംഗാരാ ഹ്രാദനയഃ വിസ്ഫുലിംഗാഃ.

ഹേ ഗൗതമ, ഈ പർജ്ജന്യൻ തന്നെയാണ് അഗ്നി. വായുതന്നെയാണ് അതിന്റെ സമിത്ത്, മേഘം ധൂമമാണ് വിദ്യുത്ത് ജ്വാലയും വജ്രം അംഗാരവും, ഗർജ്ജനം അഗ്നിസ്ഫുലിംഗങ്ങളുമാകുന്നു.

2) തസ്മിൻ ഏതസ്മിൻ അഗ്നൗ ദേവാഃ സോമം രാജാനം ജുഹ്വതി തസ്യാ ആഹുതേഃ വർഷം സംഭവതി.

ഈ അഗ്നിയിൽ ദേവൻമാർ സോമരാജനെ ആഹുതി ചെയ്യുന്നു. ഈ ആഹുതിയിൽനിന്ന് മഴ ഉണ്ടാകുന്നു.

# അഞ്ചാം അദ്ധ്യായം

## ആറാം ഖണ്ഡം

1) പൃഥിവീ വാവ ഗൗതമ അഗ്നിഃ തസ്യാഃ സംവൽസര ഏവ സമിത് ആകാശഃ ധൂമഃ രാത്രിഃ അർച്ചിഃ ദിശഃ അംഗാരാ അവാന്തരദിശഃ വിസ്ഫുലിംഗാഃ.

ഹേ ഗൗതമാ, ഈ പൃത്ഥ്വി തന്നെയാണ് അഗ്നി. സംവൽസരം അതിന്റെ സമിത്താണ്. ആകാശം ധൂമവും, രാത്രി ജ്വാലയും, ദിക്കുകൾ അംഗാരവും അവാന്തര ദിക്കുകൾ അഗ്നിസ്ഫുലിംഗങ്ങളുമാകുന്നു.

2) തസ്മിൻ ഏതസ്മിൻ അഗ്നൗ ദേവാ വർഷം ജുഹ്വതി തസ്യാ ആഹുതേഃ അന്നം സംഭവതി.

ഈ അഗ്നിയിൽ ദേവൻമാർ വൃഷ്ടിയെ ആഹൂതിചെയ്യുന്നു. അപ്പോൾ ദാനിൽനിന്നും (ആഹൂതിയിൽനിന്നും) അന്നം ഉണ്ടാകുന്നു

# അഞ്ചാം അദ്ധ്യായം

## ഏഴാം ഖണ്ഡം

1) പുരുഷഃ വാവ ഗൗതമ അഗ്നിഃ തസ്യ വാഗേവ

സമിത് പ്രാണഃ ധൂമഃ ജിഹ്വാ അർച്ചിഃ ചക്ഷുഃ അംഗാരാഃ ശ്രോത്രം വിസ്ഫുലിംഗാഃ.

ഹേ ഗൗതമ പുരുഷൻ അഗ്നിയാണ്, വാണി (വാക്ക്) തന്നെയാണ് അതിന്റെ സമിത്ത് പ്രാണൻ ധൂമവും ജിഹ്വ ജ്വാലയും കണ്ണ് അംഗാരവും കാതു് അഗ്നിസ്ഫുലിംഗങ്ങളുമാണ്.

2) തസ്മിൻ ഏതസ്മിന് അഗ്നൗ ദേവാ അന്നം ജുഹ്വതി തസ്യാ ആഹുതേ രേതഃ സംഭവതി.

ഈ അഗ്നിയിൽ ദേവന്മാർ അന്നത്തെ ആഹുതി ചെയ്യുന്നു. ഈ ആഹുതിയിൽ നിന്നും വീര്യം (രേതസ്സ്) ഉണ്ടാകുന്നു.

# അഞ്ചാം അധ്യായം

## എട്ടാം ഖണ്ഡം

1) യോഷാ വാവ ഗൗതമ അഗ്നിഃ തസ്യാ ഉപസ്ഥ ഏവ സമിത് യദ് ഉപമന്ത്രയതേ സ ധൂമഃ യോനിഃ അർച്ചിഃ യദ് അന്തഃകരോതി തേ അംഗാരാ അഭിനന്ദാ വിസ്ഫുലിംഗാഃ

ഹേ ഗൗതമ സ്ത്രീ തന്നെയാണ് അഗ്നി. അവളുടെ ഉപസ്ഥം തന്നെയാണ് സമിത്ത്; ഉപമന്ത്രിക്കുന്നതു് ധൂമവും, യോനി അർച്ചിസ്സും, അകത്താക്കുന്നതു് അംഗാരവും, ചെറിയ സുഖങ്ങൾ വിസ്ഫുലിംഗവുമാകുന്നു.

2. ഈ അഗ്നിയിൽ ദേവന്മാർ വീര്യത്തെ ആഹൂതി ചെയ്യുന്നു. ഈ ആഹൂതിയിൽനിന്നും ഗർഭം ഉണ്ടാകുന്നു.

# അഞ്ചാം അധ്യായം

## ഒൻപതാം ഖണ്ഡം

1) ഇതി തു പഞ്ചമ്യാം ആഹുതൗ ആപഃ പുരുഷവചസഃ ഭവന്തി ഇതി സ ഉല്ബാവൃതോ ഗർഭോ ദശ ഹ നവ വാ മാസാൻ അന്തഃ ശയിത്വാ യാവദ് വാ അഥ ജായതേ.

ഇപ്രകാരം അഞ്ചാമത്തെ ആഹുതിയിൽ ജലം പുരുഷരൂപമായിത്തീരുന്നു. ഇങ്ങനെ ആ ഗർഭം ഉൽബത്താൽ ചുററപ്പെട്ട് പത്തോ ഒൻപതോ മാസങ്ങൾ അല്ലെങ്കിൽ സർവാംഗങ്ങളും പൂർണ്ണമാകുന്നതുവരെ മാതാവിന്റെ ഉദരത്തിൽതന്നെ ശയിച്ചതിനുശേഷം ജനിക്കുന്നു.

2) സ ജാതഃ യാവദ് ആയുഷം ജീവതി തം പ്രേതം ദിഷ്ടം ഇതഃ അഗ്നയഃ ഏവ ഹരന്തി യതഃ ഏവ ഇതഃ യതഃ സംഭൂതഃ ഭവതി.

ജനിച്ചതിനു ശേഷം ആയുസ്സുള്ളതുവരെ ജീവിക്കുന്നു. മരിച്ചതിനുശേഷം പരലോകത്തേക്കു പോകുന്ന ആ ജീവനെ വീണ്ടും അഗ്നിയുടെ സമീപത്തേക്കു തന്നെ കൊണ്ടുപോകുന്നു. അവൻെറ ഉൽഭവത്തിനു കാരണം അഗ്നിയാണല്ലോ.

# അഞ്ചാം അധ്യായം

## പത്താം ഖണ്ഡം

1) തദ്യ ഇത്ഥം വിദുഃ യേ ച ഇമേ അരണ്യേ ശ്രദ്ധാ തപ ഇതി ഉപാസതേ തേ അർച്ചിഷം അഭിസംഭവന്തി അർച്ചിഷഃ അഹഃ അഹ്നഃ ആപൂര്യമാണപക്ഷം ആപൂര്യമാണപക്ഷാദ്യാൻ ഷഡ്ഉദങ് ഇതി മാസാൻ താൻ

2) മാസേഭ്യഃ സംവൽസരം സംവൽസരാദ് ആദിത്യം ആദിത്യാദ് ചന്ദ്രമസം ചന്ദ്രമസഃ വിദ്യുതം തത്പുരുഷഃ അമാനവഃ സ ഏനാൻ ബ്രഹ്മ ഗമയതി ഏഷ ദേവയാനഃ പന്ഥാ ഇതി.

ഇവരിൽ ഇപ്രകാരം പഞ്ചാഗ്നിയെ ഉപാസിക്കുന്നവരും അരണ്യത്തിൽ വസിച്ച് ശ്രദ്ധയോടും തപോനിഷ്ഠയോടും കൂടി ഉപാസിക്കുന്നവരും അർച്ചിസ്സിനെ (രശ്മികളെ) പ്രാപിക്കുന്നു. അർച്ചിസ്സിൽ നിന്ന് ദിവസത്തെയും, ദിവസത്തിൽനിന്ന് ശുക്ളപക്ഷത്തെയും, ശുക്ളപക്ഷത്തിൽ നിന്ന് ഉത്തരായണത്തിലുള്ള ആറു മാസങ്ങളേയും പ്രാപിക്കുന്നു. ആ മാസങ്ങളിൽ നിന്ന് സംവൽസരത്തേയും സംവൽസരത്തിൽ നിന്ന് ആദിത്യനേയും ആദിത്യനിൽ നിന്ന് ചന്ദ്രനേയും ചന്ദ്രനിൽ നിന്ന് വിദ്യുത്തിനെയും പ്രാപിക്കുന്നു. അവിടെ നിന്നും അമാനവനായ (മനുഷ്യനല്ലാത്ത പുരുഷൻ അവരെ ബ്രഹ്മലോകത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. ഇത് ദേവയാന മാർഗ്ഗമാണ്.

3) അഥ യ ഇമേ ഗ്രാമ ഇഷ്ടാ പൂർത്തേ ദത്തം ഇതി ഉപാസതേ തേ ധൂമം അഭിസംഭവന്തി ധൂമാത് രാത്രിം രാത്രേഃ അപരപക്ഷം അപരപക്ഷാദ്യാൻ ഷഡ്ദക്ഷിണാ ഏതി മാസാൻ താൻ ന ഏതേ സംവൽസരം അഭിപ്രാപ്നുവന്തി.

4) മാസേഭ്യഃ പിതൃലോകം പിതൃലോകാത് ആകാശം ആകാശാത് ചന്ദ്രമസം ഏഷ സോമഃ രാജാ തത് ദേവാനാം അന്നം തം ദേവാ ഭക്ഷയന്തി.

ഈ ഗ്രാമത്തിൽ വസിച്ചുകൊണ്ട് ഇഷ്ടം, പൂർത്തം, ദത്തം തുടങ്ങിയ വ്രതാനുഷ്ഠാനങ്ങൾ നടത്തുന്നവർ—അതായത് ഗൃഹസ്ഥജീവിതം നയിക്കുന്നവർ ധൂമത്തെ പ്രാപിക്കുന്നു. ധൂമത്തിൽ നിന്ന് രാത്രിയെയും രാത്രിയിൽ നിന്ന് കൃഷ്ണപക്ഷത്തെയും കൃഷ്ണപക്ഷത്തിൽ നിന്ന് ദക്ഷിണായനത്തിലുള്ള ആറുമാസങ്ങളെയും ദക്ഷിണായനത്തിലെ ആറുമാസങ്ങളിൽ നിന്ന് പിതൃലോകത്തെയും പിതൃലോകത്തു നിന്ന് ആകാശത്തെയും ആകാശത്തിൽ നിന്ന് ചന്ദ്രനെയും പ്രാപിക്കുന്നു. അന്തരീക്ഷത്തിൽ കാണപ്പെടുന്ന സോമരൂപത്തിലുള്ള രാജാവ് ദേവന്മാരുടെ അന്നമാണ്. ദേവന്മാർ അതിനെ ഭക്ഷിക്കുന്നു.

5. തസ്മിൻ യാവത് സമ്പാതം ഉഷിത്വാ അഥ ഏതം ഏവ അധ്വാനം പുനർനിവർത്തന്തേ യഥാ ഏതം ആകാശം ആകാശാദ് വായും വായുഃ ഭൂത്വാ ധൂമഃ ഭവതി ധൂമഃ ഭൂത്വാ അഭ്രം ഭവതി.

6. അഭ്രം ഭൂത്വാ മേഘഃ ഭൂത്വാ പ്രവർഷതി ത ഇഹ വ്രീഹി യവാ ഓഷധി വനസ്പതയഃ തില മാഷാ ഇതി ജായന്തേ അതഃ വൈ ഖലു ദുർനിഷ്പ്രപതരം യഃ യഃ ഹി അന്നം അത്തി യഃ രേതഃ സിഞ്ചതി തദ് ഭൂയഃ ഏവ ഭവതി.

അതിൽ (ചന്ദ്രനിൽ) കർമ്മഫലം പൂർത്തിയാകുന്നതുവരെ വസിച്ചതിനുശേഷം ഇതേ മാർഗ്ഗത്തിൽ കൂടി വീണ്ടും മടങ്ങിവരുന്നു. അതായത് ആകാശത്തെയും, ആകാശത്തിൽ നിന്ന് വായുവിനെയും പ്രാപിക്കുന്നു വായു ധൂമരൂപം കൊള്ളുന്നു. ധൂമത്തിൽ നിന്നും മേഘമായിത്തീരുന്നു.

അഭ്രമായിട്ട് മേഘമാകുന്നു. മേഘം വർഷിക്കുന്നു. അപ്പോൾ ആ ജീവികൾ വർഷത്തോടുകൂടി വന്ന് നെല്ല്, യവം, വനസ്പതി, എള്ള്, ഉഴുന്ന് എന്നീ രൂപങ്ങളിൽ ഉൽപന്നമാകുന്നു. ഇവിടെ നിന്നും നിശ്ചയമായും വളരെ കഷ്ടപ്പെട്ട് വെളിയിൽ വരേണ്ടിയിരിക്കുന്നു. ആ അന്നത്തെ ഭക്ഷിച്ച് അവയിൽ നിന്നും ഉണ്ടാകുന്ന വീര്യത്താൽ സന്താനോത്പത്തി ചെയ്യുന്നവൻ അതേപ്രകാരം ജീവനായിത്തീരുന്നു.

7. തദ്യ ഇഹ രമണീയചരണാ അഭ്യാശഃ ഹ യത്തേ രമണീയാം യോനിം ആപദ്യേരൻ ബ്രാഹ്മണയോനിം വാ ക്ഷത്രിയയോനിം വാ വൈശ്യയോനിം വാ അഥ യ ഇഹ കപൂയചരണാ അഭ്യാശഃ ഹ യത്തേ കപൂയാം

യോനിം ആപദ്യേരൻ ശ്വയോനിം വാ സൂകരയോനിം വാ ചണ്ഡാലയോനിം വാ.

ഇവരിൽ പുണ്യകർമ്മികളായിട്ടുള്ളവർ സ്വകർമ്മാനുസരണം ബ്രാഹ്മണയോനിയിലോ, ക്ഷത്രിയ യോനിയിലോ, ജനിക്കുന്നു. അശുഭകർമ്മികൾ ശീഘ്രം തന്നെ നീചയോനികളിൽ – അതായത് ശ്വാനന്റെയോ, പന്നിയുടെയോ ചണ്ഡാളന്റെയോ യോനിയിൽ ജനിക്കുന്നു.

8. അഥ ഏതയോഃ പഥോഃ ന കതരേണ ചന താനി ഇമാനി ക്ഷുദ്രാണി അസകൃത് ആവർത്തീനി ഭൂതാനി ഭവന്തി ജായസ്വ മ്രിയസ്വ ഇതി ഏതത് തൃതീയം സ്ഥാനം തേന അസൗ ലോകഃ ന സമ്പൂര്യതേ തസ്മാത് ജുഗുപ്സേത തദേഷ ശ്ലോകഃ

ഇനി ഈ രണ്ടു ഭാഗങ്ങളിൽ (മാർഗ്ഗങ്ങളിൽ) ഒന്നിലും പോകാത്തവർ വീണ്ടും ജനന മരണ ചക്രത്തിൽ പെട്ടുഴലുന്ന ക്ഷുദ്രജീവികളായി ജനിക്കുന്നു. 'ജനിച്ചുകൊണ്ടിരിക്കുക, മരിച്ചുകൊണ്ടിരിക്കുക' എന്നുള്ളത് മൂന്നാമത്തെ ഗതിയാണ്. ഇക്കാരണത്താലാണ് പരലോകം ജീവികളെക്കൊണ്ടു നിറഞ്ഞത്. ഇപ്രകാരം ഈ സംസാരഗതി ജുഗുപ്സാവഹം (വെറുപ്പുളവാക്കുന്ന) തന്നെയാണ്. ഇതിനെപ്പററി പറയുന്ന ഒരു ശ്ലോകമുണ്ട്.

9. സ്തേനഃ ഹിരണ്യസ്യ സുരാം പിബൻ ച ഗുരോഃ തൽപ്പമാവസൻ, ബ്രഹ്മഹാ ച ഏതേ പതന്തി ചത്വാരഃ പഞ്ചമഃ ചഃ ആചരൻ തൈഃ ഇതി.

സ്വർണ്ണം മോഷ്ടിച്ചവൻ, മദ്യപാനി, ഗുരുപത്നീതൽപ്പഗൻ, ബ്രഹ്മഹത്യ ചെയ്തവൻ എന്നീ നാലുവിധത്തിലുള്ളവരും പതിതന്മാരാകുന്നു. ഇവരുമായി സംസർഗ്ഗം ചെയ്യുന്ന അഞ്ചാമനും പതിതൻ തന്നെയാണ്.

10. അഥ ഹ യ ഏതാൻ ഏവം പഞ്ചാഗ്നീൻ വേദ ന സഹ തൈഃ അപി ആചരൻ പാപ്മനാ ലിപ്യതേ ശുദ്ധഃ പൂതഃ പുണ്യലോകഃ ഭവതി യ ഏവം വേദ യ ഏവം വേദ.

ഈ പഞ്ചാഗ്നിവിദ്യയെപ്പററി അറിയുന്നവൻ ഈ പഞ്ചമഹാ പാപികളുടെ സംസർഗ്ഗം കൊണ്ടുപോലും പാപത്താൽ ലിപ്തന്മാർകുന്നില്ല. ഇപ്രകാരം അറിയുന്നവൻ തന്നെയാണ് യഥാർത്ഥത്തിൽ അറിഞ്ഞവൻ. അവൻ ശുദ്ധവും പവിത്രവും ആയ പുണ്യലോകത്തെ പ്രാപിക്കുന്നു.

# അഞ്ചാം അധ്യായം

## പതിനൊന്നാം ഖണ്ഡം

1. പ്രാചീനശാല ഔപമന്യവഃ സത്യയജ്ഞഃ പൗലുഷിഃ ഇന്ദ്രദ്യുമ്നഃ ഭാല്ലവേയഃ ജനഃ ശാർക്കരാക്ഷ്യഃ ബുഡിലഃ

**ആശ്വതരാശ്വിഃ തേ ഹ ഏതേ മഹാശാലാഃ മഹാശ്രോത്രിയാഃ സമേത്യ മീമാംസാംചക്രുഃ കഃ നഃ ആത്മാ കിം ബ്രഹ്മ ഇതി.**

(സാംസാരിക ജീവിതത്തിൻെറ ഏതെല്ലാം ദോഷങ്ങൾ കാരണമായിട്ടാണോ ജീവൻ അധോഗതിയെ പ്രാപിക്കുന്നത് അവയിൽ നിന്നും മോചനം നേടുവാനുള്ള ഉപായമാണ് ഇനി പറയാൻ പോകുന്നത്.)

ഉപമന്യുവിൻെറ പുത്രനായ പ്രാചീനശാലൻ, പുലുഷൻെറ പുത്രനായ സത്യയജ്ഞൻ, ഭാർഗ്ഗവിയുടെ പുത്രനായ ഇന്ദ്രദ്യുമ്നൻ, ശർക്കരാക്ഷൻെറ പുത്രനായ ജനൻ, അശ്വതരാശ്വൻെറ പുത്രനായ ബുഡിലൻ — എന്നീ അഞ്ചുപേരും മഹാഗൃഹസ്ഥന്മാരും, മഹാന്മാരായ ശ്രോത്രിയന്മാരും ആയിരുന്നു. ഇവർ എല്ലാവരും ഒരുമിച്ച് ചർച്ച നടത്തി. നമ്മുടെ ആത്മാവ് എന്താണ് ? ബ്രഹ്മം എന്താണ് ?

2. **തേ ഹ സമ്പാദയാംചക്രുഃ ഉദ്ദാലകഃ വൈ ഭഗവന്തഃ അയം ആരുണിഃ സമ്പ്രതി ഇമം ആത്മാനം വൈശ്വാനരം അധ്യേതി തം ഹന്ത അഭ്യാഗച്ഛാമ ഇതി തം ഹ അഭ്യാജഗ്മുഃ.**

അവർ പരസ്പരം വിചാരിച്ച്, ഇപ്പോൾ സംപൂജ്യനായ, അരുണ പുത്രനായ ഉദ്ദാലകന് ഈ വൈശ്വാനരാത്മാവിനെപററി നല്ലവണ്ണം അറിയാം. നമുക്ക് അദ്ദേഹത്തിൻെറ അടുക്കലേക്ക് പോകാം. അങ്ങനെ എല്ലാവരും കൂടി അദ്ദേഹത്തെ സമീപിച്ചു.

3. **സ ഹ സമ്പാദയാംചകാര പ്രക്ഷ്യന്തി മാം ഇമേ മഹാശാലാഃ മഹാശ്രോത്രിയാഃ തേഭ്യഃ ന സർവം ഇവ പ്രതിപത്സ്യേ ഹന്ത അഹം അന്യം അഭ്യനുശാസാനി ഇതി.**

ഉദ്ദാലകൻ വിചാരിച്ചു. മഹാഗൃഹസ്ഥന്മാരും മഹാശ്രോത്രിയന്മാരുമായ ഇവർ എന്നോടു ചോദിക്കാൻ ഉദ്ദേശിക്കുന്ന ചോദ്യങ്ങൾക്ക് എല്ലാം ശരിയായ ഉത്തരം പറയുവാൻ എനിക്ക് സാധ്യമല്ല. അതുകൊണ്ടു ഞാൻ അവർക്ക് മററൊരു ഉപദേഷ്ടാവിനെ നിർദ്ദേശിച്ചുകൊടുക്കും.

4. **താൻ ഹോവാച അശ്വപതിഃ വൈ ഭഗവന്തഃ അയം കൈകേയഃ സമ്പ്രതി ഇമം ആത്മാനം വൈശ്വാനരം അധ്യേതി തം ഹന്ത അഭ്യാഗച്ഛാമ ഇതി തം ഹ അഭ്യാ ജഗ്മുഃ.**

ഉദ്ദാലകൻ അവരോടു പറഞ്ഞു:— സംപൂജ്യരായ മഹാന്മാരേ, ഇപ്പോൾ കേകയ പുത്രനായ അശ്വപതിക്ക് ഈ വൈശ്വാനരാത്മാവിനെപ്പററി നല്ലപോലെ അറിയാം. നമുക്ക് അദ്ദേഹത്തിൻെറ അടുക്കലേക്ക് പോകാം. അങ്ങനെ എല്ലാവരും അദ്ദേഹത്തിൻെറ അടുക്കലേക്കു പോയി.

5. തേഭ്യഃ ഹ പ്രാപ്തേഭ്യഃ പൃഥക് അർഹാണി കാരയാം ചകാര സ ഹ പ്രാതഃ സംജിഹാന ഉവാച ന മേ സ്തേനഃ ജനപദേ ന കദര്യഃ ന മദ്യപഃ ന അനാഹിതാഗ്നിഃ ന അവിദ്വാൻ ന സ്വൈരീ സ്വൈരിണീ കുതഃ യക്ഷ്യ മാണഃ വൈ ഭഗവന്തഃ അഹ മസ്മി യാവദ് ഏകൈ കസ്മാ ഋത്വിജേ ധനം ദാസ്യാമി താവത് ഭഗവദ്ഭ്യഃ ദാസ്യാമി വസന്തു ഭഗവന്തഃ ഇതി.

രാജാവ് ആഗതരായ അതിഥികളെ പ്രത്യേകം പ്രത്യേകം പൂജിച്ചു സൽക്കരിച്ചു. പിറേറ ദിവസം രാവിലെ അദ്ദേഹം അവരുടെ അടുക്കൽ പോയി അവരോട് പറഞ്ഞു:- എൻെറ രാജ്യത്തിൽ കള്ളനില്ല. ദാനം ചെയ്യാത്തവനില്ല. മദ്യപാനിയില്ല, അഗ്നിഹോത്രം ചെയ്യാത്തവനില്ല, വിദ്യാഭ്യാസമില്ലാത്തവനില്ല, വ്യഭിചാരിയായ പുരുഷനില്ല, അതുകൊണ്ട് വ്യഭിചാരിണിയായ സ്ത്രീയുമില്ല ഭഗവൻ, ഞാൻ ഒരു യാഗം ചെയ്യുവാൻ പോവുകയാണ്. അതിൽ ഓരോ ഋത്വിക്കിനും കൊടുക്കുന്ന ധനം നിങ്ങളിൽ ഓരോരുത്തർക്കും തരാം. ദയവായി നിങ്ങൾ ഇവിടെ താമസിച്ചാലും.

6. തേ ഹ ഊചുഃ യേന ഹ ഏവ അർഥേന പുരുഷഃ ചരേത് തം ഹൈ വ വദേത് ആത്മാനം ഏവ ഇമം വൈശ്വാനരം സമ്പ്രതി അധ്യേഷി തമേവ നഃ ബ്രൂഹീതി.

അവർ പറഞ്ഞു. ഒരു വ്യക്തി എന്തു് ഉദ്ദേശ്യത്തോടുകൂടിയാണോ ഒരാളിനെ സമീപിക്കുന്നതു് അയാളോട് അതിനെപ്പററിമാത്രമാണ് സംസാരിക്കേണ്ടതു്. ഇപ്പോൾ അങ്ങ് വൈശ്വാനരാത്മാവിനെപ്പററി പഠിച്ചുകൊണ്ടിരിക്കുകയാണല്ലോ. ദയവായി ഞങ്ങൾക്ക് അതിനെപ്പററി പറഞ്ഞുതന്നാലും. (ഞങ്ങൾക്കുവേണ്ടതു് ജ്ഞാനമാണ് ധനമല്ല എന്നു സാരം.)

7. താൻ ഹോവാച പ്രാതഃ വഃ പ്രതിവക്താസ്മി ഇതി തേ ഹ സമിത് പാണയഃ പൂർവാഹ്നേ പ്രതിചക്രമിരേ താൻ ഹ അനുപനീയ ഏവ ഏതദ് ഉവാച.

രാജാവു പറഞ്ഞു :— ഞാൻ ഇതിന് ഉത്തരം നാളെ രാവിലെ പറയാം അതനുസരിച്ച് എല്ലാവരും രാവിലെ സമിത്പാണികളായി അദ്ദേഹത്തെ സമീപിച്ചു. രാജാവ് അവരെ ഉപനയിക്കാതെതന്നെ അവർക്ക് വൈശ്വാനര വിദ്യ ഉപദേശിച്ചുകൊടുത്തു.

# ആഞ്ചാം അധ്യായം

## പന്ത്രണ്ടാം ഖണ്ഡം

1. ഔപമന്യവ കം ത്വം ആത്മാനം ഉപാസ്സ ഇതി ദിവമേവ ഭഗവഃ രാജൻ ഇതി ഹോവാച ഏഷ വൈ സുതേജാ

ആത്മാ വൈശ്വാനരഃ യം ത്വം ആത്മാനം ഉപാസ്സേ തസ്മാത് തവ സുതം പ്രസുതം ആസുതം കുലേ ദൃശ്യതേ.

2. അത്സി അന്നം പശ്യസി പ്രിയം അത്തി അന്നം പശ്യതി പ്രിയം ഭവതി അസ്യ ബ്രഹ്മവർചസം കുലേ യ ഏതം ഏവം ആത്മാനം വൈശ്വാനരം ഉപാസ്തേ മൂർധാ തു ഏഷ ആത്മന ഇതി ഹോവാച മൂർധാ തേ വ്യപതിഷ്യത് യത് മാം ന ആഗമിഷ്യ ഇതി.

രാജാവു് ചോദിച്ചു :— ഹേ ഉപമന്യുപുത്ര, നിങ്ങൾ ഏത് ആത്മാവിനെയാണ് ഉപാസിക്കുന്നതു്? ഞാൻ സ്വർഗ്ഗമാകുന്ന വൈശ്വാനരനെയാണ് ഉപാസിക്കുന്നതു് എന്നു പ്രാചീനശാലൻ ഉത്തരം പറഞ്ഞു. രാജാവ് പറഞ്ഞു നിങ്ങൾ ഉപാസിക്കുന്ന ആത്മാവ് ശ്രേഷ്ഠവും, തേജസ്സോടുകൂടിയതുമായ വൈശ്വാനരാത്മാവാണ്. അതുകൊണ്ട് നിന്റെ കുടുംബത്തിൽ സുതവും, പ്രസുതവും, ആസുതവും കാണപ്പെടുന്നു. നിങ്ങൾ അന്നം ഭക്ഷിക്കുന്നു. പ്രിയത്തെകാണുന്നു. ഇപ്രകാരം ഈ വൈശ്വാനരാത്മാവിനെ ഉപാസിക്കുന്നവൻ അന്നം ഭക്ഷിക്കുകയും പ്രിയത്തെ കാണുകയും ചെയ്യുന്നു, അവന്റെ കുലത്തിൽ ബ്രഹ്മതേജസ്സ് കളിയാടും എന്നാൽ ഇതു് വൈശ്വാനരാത്മാവിന്റെ മസ്തകം മാത്രമാണ്. നിങ്ങൾ ഇപ്പോൾ എന്റെ അടുക്കൽ വന്നില്ലായിരുന്നു എങ്കിൽ നിങ്ങളുടെ ശിരസ്സു അററു താഴെ വീഴുമായിരുന്നു.

[സുതം, പ്രസുതം, ആസുതം — ഇവ സോമരസത്തിന്റെ ഭിന്നങ്ങളായ നാമങ്ങളാണ്. സോമയാഗം മൂന്നുവിധം. 1. ജ്യോതിഷ്ടോമം 2. അഹീനം 3. സത്രം.]

# അഞ്ചാം അധ്യായം

## പതിമൂന്നാം ഖണ്ഡം

1. അഥ ഹോവാച സത്യയജ്ഞം പൗലുഷിം പ്രാചീനയോഗ്യ കം ത്വം ആത്മാനം ഉപാസ്സ ഇതി ആദിത്യമേവ ഭഗവഃ രാജൻ ഇതി ഹോവാച ഏഷ വൈ വിശ്വരൂപ ആത്മാ വൈശ്വാനരഃ യം ത്വം ആത്മാനം ഉപാസ്സേ തസ്മാത് തവ ബഹുവിശ്വരൂപം കുലേ ദൃശ്യതേ.

പിന്നീട് രാജാവ് പുലുഷന്റെ പുത്രനായ സത്യയജ്ഞനോടു ചോദിച്ചു. ഹേ പ്രാചീനയോഗ്യാ നിങ്ങൾ ഏതു് ആത്മാവിനെയാണ് ഉപാസിക്കുന്നതു്. ഹേ ഭഗവൻ ഞാൻ ആദിത്യനെയാണ് ഉപാസിക്കുന്നതു്. എന്നു് സത്യയജ്ഞൻ മറുപടി പറഞ്ഞു. രാജാവു പറഞ്ഞു. നിങ്ങൾ ഉപാസിക്കുന്ന ആത്മാവ് വിശ്വരൂപത്തിലുള്ള വൈശ്വാനരാത്മാവാണ്. അതിനാൽ

നിങ്ങളുടെ കുലത്തിൽ സർവ വിധത്തിലുമുള്ള സുഖഭോഗ സാധനങ്ങൾ കാണപ്പെടുന്നു.

2. പ്രവൃത്തഃ അശ്വതരീരഥഃ ദാസീനിഷ്കഃ അത്സി അന്നം പശ്യസി പ്രിയം അത്തി അന്നം പശ്യതി പ്രിയം ഭവതി അസ്യ ബ്രഹ്മവർച്ചസം കുലേ യ ഏതം ഏവം ആത്മാനം വൈശ്വാനരം ഉപാസ്തേ ചക്ഷുഃ തു ഏതദ് ആത്മനഃ ഇതി ഹോവാച അന്ധഃ അഭ വിഷ്യഃ യത് മാം ന ആഗമിഷ്യ ഇതി.

നിങ്ങളുടെ അശ്വതരീരഥം (കോവർ കഴുതകൾ വലിക്കുന്ന രഥം) ചരിക്കുന്നു. സ്വർണ്ണഹാരമണിഞ്ഞ ദാസികൾ ഉണ്ട്. നിങ്ങൾ അന്നം ഭക്ഷിക്കുന്നു. പ്രിയത്തെ കാണുന്നു. പ്രിയത്തെ ദർശിക്കുന്നു. ഇങ്ങനെയുള്ള കുലത്തിൽ ബ്രഹ്മതേജസ്സ് കളിയാടുന്നു. എന്നാൽ ഇതു് ആത്മാവിന്റെ ചക്ഷുസ്സ് മാത്രമാണ് ഇപ്പോൾ നിങ്ങൾ എന്റെ അടുക്കൽ വന്നില്ലായിരുന്നു എങ്കിൽ നിങ്ങൾ അന്ധനായിപ്പോകുമായിരുന്നു.

# അഞ്ചാം അധ്യായം

## പതിന്നാലാം ഖണ്ഡം

1 അഥ ഹോവാച ഇന്ദ്രദ്യുമ്നം ഭാല്ലവേയം വൈയാഘ്ര പദ്യ കം ത്വം ആത്മാനം ഉപാസ്സ ഇതി വായുമേവ ഭഗവഃ രാജൻ ഇതിഹോവാച ഏഷ വൈ പൃഥക് വർത്മാ ആത്മാ വൈശ്വാനരഃ യം ത്വം ആത്മാനം ഉപാസ്സേ തസ്മാത് ത്വാം പൃഥഗ് ബലയ ആയന്തി പൃഥക് രഥശ്രേണയഃ അനുയന്തി.

2. അത്സി അന്നം പശ്യസി പ്രിയം അത്തി അന്നം പശ്യതി പ്രിയം ഭവതി അസ്യ ബ്രഹ്മവർച്ചസം കുലേ യ ഏതം ഏവം ആത്മാനം വൈശ്വാനരം ഉപാസ്തേ പ്രാണഃ തു ഏഷ ആത്മന ഇതി ഹോവാച പ്രാണസ്തേ ഉദക്രമിഷ്യദ് യത് മാം ന ആഗമിഷ്യ ഇതി.

അതിനുശേഷം രാജാവ് ഭല്ലവിയുടെ പുത്രനായ ഇന്ദ്രദ്യുമ്നനോട് ചോദിച്ചു. ഹേ വൈയാഘ്രപദ്യാ നിങ്ങൾ ഏതു് ആത്മാവിനെയാണ് ഉപാസിക്കുന്നതു്? ഭഗവൻ ഞാൻ വായുവിനെയാണ് ഉപാസിക്കുന്നത്. രാജാവു പറഞ്ഞു. നിങ്ങൾ ഉപാസിക്കുന്ന ആത്മാവ് നാനാമാർഗ്ഗങ്ങളോടുകൂടിയ വൈശ്വാനരാത്മാവാണ്. അതു കൊണ്ട് നിങ്ങൾക്ക് വിവിധ തരത്തിലുള്ള ഉപഹാരങ്ങൾ ലഭിക്കും പല തരത്തിലുള്ള രഥങ്ങൾ വരിവരിയായി നിങ്ങളുടെ പുറകേ വരും. അതുകൊണ്ട് നിങ്ങൾ അന്നം ഭക്ഷിക്കുന്നു. പ്രിയത്തെ

കാണുന്നു. ഈ വൈശ്വാനരാത്മാവിനെ ഇപ്രകാരം ഉപാസിക്കുന്നവൻ അന്നം ഭക്ഷിക്കുന്നു. പ്രിയത്തെ കാണുന്നു. അവൻെറ കുലത്തിൽ ബ്രഹ്മ തേജസ്സ് കളിയാടുന്നു. എന്നാൽ ഇതു് ആത്മാവിൻെറ പ്രാണൻ തന്നെയാണ്. ഇപ്പോൾ നിങ്ങൾ എൻെറ അടുക്കൽ വന്നില്ലായിരുന്നു എങ്കിൽ നിങ്ങളുടെ പ്രാണൻ നഷ്ടമാകുമായിരുന്നു.

# അഞ്ചാം അദ്ധ്യായം

## പതിനഞ്ചാം ഖണ്ഡം

1. അഥ ഹോവാച ജനം ശാർക്കരാക്ഷ്യ കം ത്വം ആത്മാനം ഉപാസ്സ ഇതി ആകാശം ഏവ ഭഗവഃ രാജൻ ഇതി ഹോവാച ഏഷ വൈ ബഹുല ആത്മാ വൈശ്വാനരഃ യം ത്വം ആത്മാനം ഉപാസ്സേ തസ്മാത് ത്വംബഹുലഃ അസി പ്രജയാ ച ധനേന ച.
2. അത്സി അന്നം പശ്യസി പ്രിയമത്തി അന്നം പശ്യതി പ്രിയം ഭവതി അസ്യ ബ്രഹ്മവർചസം കുലേ യ ഏതം ഏവം ആത്മാനം വൈശ്വാനരം ഉപാസ്തേ സന്ദേഹ തു ഏഷ ആത്മന ഇതി ഹോവാച സന്ദേഹഃ തേ വ്യശീര്യത് മാം ന ആഗമിഷ്യ ഇതി.

പിന്നീട് രാജാവ് ശർക്കരാക്ഷ പുത്രനായ ജനനോട് ചോദിച്ചു:— ഹേ ശാർക്കരാക്ഷ്യാ നിങ്ങൾ ഏതു് ആത്മാവിനെയാണ് ഉപാസിക്കുന്നതു്. ഹേ ഭഗവൻ ഞാൻ ആകാശത്തെയാണ് ഉപാസിക്കുന്നതു്. രാജാവ് പറഞ്ഞു നിങ്ങൾ ഉപാസിക്കുന്ന ആത്മാവ് ബഹുല എന്ന് അറിയപ്പെടുന്ന വൈശ്വാനരാത്മാവാണ്. അതുകൊണ്ട് നിങ്ങൾ പുത്രപൗത്രാദികളോടും സമ്പത്തോടുംകൂടിയവനാകുന്നു.

അതുകൊണ്ട് നിങ്ങൾ അന്നം ഭക്ഷിക്കുന്നു. പ്രിയത്തെ കാണുന്നു. ഇപ്രകാരം ഈ ആത്മാവിനെ ഉപാസിക്കുന്നവൻ അന്നം ഭക്ഷിക്കുന്നു. പ്രിയത്തെ കാണുന്നു. അവൻെറ കുലത്തിൽ ബ്രഹ്മതേജസ്സ് കളിയാടുന്നു. എന്നാൽ ഇതു് ആത്മാവിൻെറ ഉദരം മാത്രമാണ്. ഇപ്പോൾ നിങ്ങൾ എൻെറ അടുക്കൽ വന്നില്ലായിരുന്നു എങ്കിൽ നിങ്ങളുടെ ഉദരം പിളർന്നുപോകുമായിരുന്നു.

# അഞ്ചാം അദ്ധ്യായം

## പതിനാറാം ഖണ്ഡം

1. അഥ ഹോവാച ബുഡിലം ആശ്വതരാശ്വിം വൈയാഘ്ര പദ്യ കം ത്വം ആത്മാനം ഉപാസ്സ ഇതി അപഃ ഏവ ഭഗവഃ രാജൻ ഇതി. ഹോവാച ഏഷ വൈ രയിരാത്മാ

വൈശ്വാനരഃ യം ത്വം ആത്മാനം ഉപാസ്സേ തസ്മാത് ത്വം രയിമാൻ പുഷ്ടിമാൻ അസി.

2. അത്സി അന്നം പശ്യസി പ്രിയം അത്തി അന്നം പശ്യതി പ്രിയം ഭവതി അസ്യ ബ്രഹ്മവർചസം കുലേ യഃ ഏതം ഏവം ആത്മാനം വൈശ്വാനരം ഉപാസ്സേ ബസ്തിഃ തു ഏഷ ആത്മന ഇതി ഹോവാച ബസ്തിഃ തേ വ്യഭേത്സ്യത് യത് മാം ന ആഗമിഷ്യ ഇതി.

പിന്നീട് രാജാവ് അശ്വതരാശ്വ പുത്രനായ ബുഡിലനോടു ചോദിച്ചു. ഹേ വൈയാഘ്രപദ്യോ നീ ഏതു് ആത്മാവിനെയാണ് ഉപാസിക്കുന്നത്.? ഹേ ഭഗവൻ, ഞാൻ ജലത്തെയാണ് ഉപാസിക്കുന്നത്. രാജാവു പറഞ്ഞു. നിങ്ങൾ ഉപാസിക്കുന്ന ആത്മാവ് ധനരൂപത്തിലുള്ള വൈശ്വാനരാത്മാവാണ് ഈ ഉപാസനകൊണ്ട് നിങ്ങൾ ധനവാനായും പുഷ്ടിമാനായും നിലനിൽക്കുന്നു. അന്നം ഭക്ഷിക്കുന്നു. പ്രിയത്തെ കാണുന്നു. ഇപ്രകാരം ഈ ആത്മാവിനെ ഉപാസിക്കുന്നവർ അന്നം ഭക്ഷിക്കുകയും പ്രിയത്തെ കാണുകയും ചെയ്യുന്നു. അവരുടെ കുലത്തിൽ ബ്രഹ്മതേജസ്സ് കളിയാടുന്നു. എന്നാൽ ഇതു ആത്മാവിന്റെ ബസ്തി (മൂത്രാശയം) മാത്രമാണ്. ഇപ്പോൾ നിങ്ങൾ എന്റെ അടുക്കൽ വന്നില്ലായിരുന്നു എങ്കിൽ നിങ്ങളുടെ ബസ്തി പിളർന്നു പോകുമായിരുന്നു.

(ജലത്തിൽ നിന്ന് അന്നവും, അന്നത്തിൽ നിന്ന് ധനവും ശാരീരിക ബലവും സിദ്ധിക്കുന്നു.)

# അഞ്ചാം അദ്ധ്യായം

## പതിനേഴാം ഖണ്ഡം

1. അഥ ഹോവാച ഉദ്ദാലകം ആരുണിം ഗൗതമ കം ത്വം ആത്മാനം ഉപാസ്സ ഇതി പൃഥിവീമേവ ഭഗവഃ രാജൻ ഇതി ഹോവാച ഏഷ വൈ പ്രതിഷ്ഠാത്മാ വൈശ്വാനരഃ യം ത്വം ആത്മാനം ഉപാസ്സേ തസ്മാത് ത്വം പ്രതിഷ്ഠിതഃ അസി പ്രജയാ ച പശുഭിശ്ച.

2. അത്സി അന്നം പശ്യസി പ്രിയം അത്തി അന്നം പശ്യതി പ്രിയം ഭവതി അസ്യ ബ്രഹ്മ വർചസം കുലേ യഃ ഏതം ഏവം ആത്മാനം വൈശ്വാനരം ഉപാസ്സേ പാദൗ തു ഏതൗ ആത്മന ഇതി ഹോവാച പാദൗ തേ വ്യമ്ലാസി ഏതാം യത് മാം ന ആഗമിഷ്യ ഇതി.

പിന്നീട് രാജാവ് അരുണ പുത്രനായ ഉദ്ദാലകനോട് ചോദിച്ചു ഹേ ഗൗതമ നിങ്ങൾ ഏത് ആത്മാവിനെയാണ് ഉപാസിക്കുന്നത്. ഭഗവൻ ഞാൻ പൃഥ്വിയെയാണ് ഉപാസിക്കുന്നത്. എന്ന് ഉദ്ദാലകൻ മറുപടി പറഞ്ഞു. നിങ്ങൾ ഉപാസിക്കുന്ന ആത്മാവ് പ്രതിഷ്ഠാ (മാർഗ്ഗം) രൂപത്തിലുള്ള വൈശ്വാനരാത്മാവാണ് എന്നു രാജാവു പറഞ്ഞു. അതിനാൽ നിങ്ങൾ പ്രജയാലും, മാഗങ്ങളാലും നല്ലപോലെ പ്രതിഷ്ഠിതനാകുന്നു.

നിങ്ങൾ അന്നം ഭക്ഷിക്കുന്നു. പ്രിയത്തെ കാണുന്നു. ഇപ്രകാരം ഈ വൈശ്വാനരാത്മാവിനെ ഉപാസിക്കുന്നവൻ അന്നം ഭക്ഷിക്കുകയും, പ്രിയത്തെ കാണുകയും ചെയ്യുന്നു. അവന്റെ കുലത്തിൽ ബ്രഹ്മതേജസ്സ് കളിയാടും. എന്നാൽ ഇത് ആത്മാവിന്റെ പാദങ്ങൾ മാത്രമാണ്. ഇപ്പോൾ നിങ്ങൾ എന്റെ അടുക്കൽ വന്നില്ലായിരുന്നു എങ്കിൽ നിങ്ങളുടെ പാദങ്ങൾ ശിഥിലമായിപ്പോകുമായിരുന്നു.

# അഞ്ചാം അധ്യായം

## പതിനെട്ടാം ഖണ്ഡം

1. താൻ ഹോവാച ഏതേ വൈ ഖലു യൂയം പൃഥക് ഇവ ഇമം ആത്മാനം വൈശ്വാനരം വിദ്വാംസഃ അന്നം അത്ഥ യഃ തു ഏതം ഏവം പ്രാദേശമാത്രം അഭിവിമാനം ആത്മാനം വൈശ്വാനരം ഉപാസ്തേ സ സർവേഷു ലോകേഷു സർവേഷു ഭൂതേഷു സർവേഷു ആത്മസുഅന്നം അത്തി.

രാജാവ് അവരോട് പറഞ്ഞു:— നിങ്ങൾ എല്ലാവരും ഈ വൈശ്വാനരാത്മാവ് വേറെ വേറെയാണ് എന്നു കരുതി അന്നത്തെ ഭക്ഷിക്കുന്നു. എന്നാൽ ഇതു ഞാൻ തന്നെയാണ് എന്നറിഞ്ഞ് ഈ വൈശ്വാനരാത്മാവിനെ സർവാത്മ ഭാവേന ഉപാസിക്കുന്നവൻ സർവലോകങ്ങളിലും, സർവ ഭൂതങ്ങളിലും, സർവ ആത്മാക്കളിലും അന്നത്തെ ഭക്ഷിക്കുന്നു.

2. തസ്യ ഹവാ ഏവാ ഏതസ്യ ആത്മനഃ വൈശ്വാനരസ്യഃ മൂർദ്ധാ ഏവ സുതേജാഃ ചക്ഷുഃ വിശ്വരൂപഃ പ്രാണഃ പൃഥഗ്വർത്മാ മാ സന്ദേഹോ ബഹുലഃ ബസ്തിരേവ രയിഃ പൃഥിവീ ഏവ പാദൗ ഉരഃ ഏവ വേദിഃ ലോമാനി ബർഹിഃ ഹൃദയം ഗാർഹപത്യഃ മനഃ അന്വാഹാര്യ പചനഃ ആസ്യം ആഹവനീയഃ

ഇങ്ങനെയുള്ള വൈശ്വാനരാത്മാവിന്റെ ശിരസ്സ ദ്യുലോകം (സ്വർഗ്ഗം) തന്നെയാണ്. ചക്ഷുസ്സ് സൂര്യനും, പ്രാണൻ വായുവും, ഉദരം ആകാശവും, മൂത്രാശയം (ബസ്തി) ജലവും പാദങ്ങൾ പൃഥ്വിയും ആകുന്നു. അതിന്റെ വക്ഷസ്ഥലം വേദിയും, രോമങ്ങൾ ദർഭയും, ഹൃദയം, ഗാർഹപത്യാഗ്നിയും, മനസ്സ് ദക്ഷിണാഗ്നിയും, വായ് ആഹവനീയാഗ്നിയും ആകുന്നു.

# അഞ്ചാം അധ്യായം

## പത്തൊൻപതാം ഖണ്ഡം

1. തദ് യദ് ഭക്തം പ്രഥമം ആഗച്ഛേത് തത് ഹോമീയം സ യാം പ്രഥമാം ആഹുതിം ജുഹുയാത് താം ജുഹുയാത് പ്രാണായ സ്വാഹാ ഇതി പ്രാണഃ തൃപ്യതി.

അതുകൊണ്ട് ആദ്യമായി വരുന്ന അന്നം ഹോമിക്കുവാൻ യോഗ്യമാണ്. അതിൻെറ ആദ്യത്തെ ആഹുതി പ്രാണായ സ്വാഹാ എന്നു പറഞ്ഞു ഹോമിക്കണം. അതിനാൽ പ്രാണൻ തൃപ്തനാകുന്നു.

2. പ്രാണേ തൃപ്യതി ചക്ഷുഃ തൃപ്യതി ചക്ഷുഷി തൃപ്യതി ആദിത്യഃ തൃപ്യതി ആദിത്യേ തൃപ്യതി ദ്യൗഃ തൃപ്യതി ദിവി തൃപ്യന്ത്യാം യത്കിംച ദ്യൗഃ ച ആദിത്യഃ ച അധിതിഷ്ഠതഃ തത് തൃപ്യതി തസ്യ അനുതൃപ്തിം തൃപ്യതി പ്രജയാ പശുഭിഃ അന്നാദ്യേന തേജസാ ബ്രഹ്മവർചസേന ഇതി.

പ്രാണൻ തൃപ്തനാകുമ്പോൾ ചക്ഷുസ്സും, ചക്ഷുസ്സു തൃപ്തമാകുമ്പോൾ ആദിത്യനും, അദിത്യൻ തൃപ്തനാകുമ്പോൾ. ദ്യോവും തൃപ്തമാകുന്നു. ദ്യോവ് തൃപ്തമാകുമ്പോൾ, ദ്യോവിനും ആദിത്യനും ആശ്രയമായിരിക്കുന്നത് തൃപ്തമാകുന്നു. അതിൻെറ തൃപ്തിയെ തുടർന്ന് പ്രജയാലും, മൃഗങ്ങളാലും അന്നാദികളാലും, തേജസ്സുകൊണ്ടും ബ്രഹ്മവർച്ചസ്സുകൊണ്ടും ഭോക്താവ് തൃപ്തനായിത്തീരുന്നു.

# അഞ്ചാം അധ്യായം

## ഇരുപതാം ഖണ്ഡം

1. അഥ യാം ദ്വിതീയാം ജുഹുയാത് താം ജുഹുയാത് വ്യാനായ സ്വാഹാ ഇതി വ്യാനഃ തൃപ്യതി.
2. വ്യാനേ തൃപ്യതി ശ്രോത്രം തൃപ്യതി ശ്രോത്രേ തൃപ്യതി, ചന്ദ്രമാഃ തൃപ്യതി ചന്ദ്രമസി തൃപ്യതി ദിശഃ തൃപ്യന്തി ദിക്ഷു തൃപ്യന്തീഷു യത്കിംച ദിശശ്ച ചന്ദ്രമാഃ ച അധിതിഷ്ഠന്തി തത് തൃപ്യതി തസ്യ അനുതൃപ്തിം തൃപ്യതി പ്രജയാ പശുഭിഃ അന്നാദ്യേന തേജസാ ബ്രഹ്മവർചസേന ഇതി.

പിന്നീട് രണ്ടാമത്തെ ആഹുതി കൊടുക്കുമ്പോൾ വ്യാനായ സ്വാഹാ എന്നു പറയുന്നു. അപ്പോൾ വ്യാനൻ തൃപ്തനാകുന്നു.

വ്യാനൻ തൃപ്തനാകുമ്പോൾ ശ്രോത്രവും, ശ്രോത്രം തൃപ്തമാകുമ്പോൾ

ചന്ദ്രനും, ചന്ദ്രൻ തൃപ്തനാകുമ്പോൾ ദിക്കുകളും തൃപ്തങ്ങളാകും. ദിക്കുകൾ തൃപ്തങ്ങളാകുമ്പോൾ ദിക്കുകൾക്കും, ചന്ദ്രനും ആശ്രയമായിരിക്കുന്നതു് തൃപ്തമാകും. അതിന്റെ തൃപ്തിയെ തുടർന്നു് ഭോക്താവു്, പ്രജയാലും, മൃഗങ്ങളാലും, അന്നാദികളാലും, തേജസ്സിനാലും ബ്രഹ്മവർച്ചസ്സിനാലും തൃപ്തനായിത്തീരുന്നു.

# അഞ്ചാം അദ്ധ്യായം

## ഇരുപത്തൊന്നാം ഖണ്ഡം

1. അഥ യാം തൃതീയാം ജുഹുയാത് താം ജുഹുയാത് അപാനായ സ്വാഹാ ഇതി അപാനഃ തൃപ്യതി.
2. അപാനേ തൃപ്യതി വാക് തൃപ്യതി വാചി തൃപ്യന്ത്യാം അഗ്നിഃ തൃപ്യതി അഗ്നൗ തൃപ്യതി പൃഥിവീ തൃപ്യതി പൃഥിവ്യാം തൃപ്യന്ത്യാം യത്കിംച പൃഥിവീ ച അഗ്നിഃ ച അധിതിഷ്ഠതഃ തത് തൃപ്യതി തസ്യ അനുതൃപ്തിം തൃപ്യതി പ്രജയാ പശുഭിഃ അന്നാദ്യേന തേജസാ ബ്രഹ്മവർചസേന ഇതി.

പിന്നെ മൂന്നാമത്തെ ആഹുതി ചെയ്യുമ്പോൾ അപാനായ സ്വാഹാ എന്നുള്ള മന്ത്രത്താൽ ആഹുതിചെയ്യണം. അപ്പോൾ അപാനൻ തൃപ്തനാകുന്നു. അപാനൻ തൃപ്തനാകുമ്പോൾ വാക്കു തൃപ്തമാകും. വാക്കു തൃപ്തമാകുമ്പോൾ അഗ്നി തൃപ്തമാകും വാക്കു തൃപ്തമാകുമ്പോൾ അഗ്നി തൃപ്തമാകും അഗ്നി തൃപ്തനാകുമ്പോൾ പൃഥിവി തൃപ്തമാകും. പൃഥിവി തൃപ്തമാകുമ്പോൾ പൃഥിവിക്കും അഗ്നിക്കും ആശ്രയമായിരിക്കുന്നതു് തൃപ്തനാകും. അതിന്റെ തൃപ്തിയെ തുടർന്നു് ഭോക്താവു്, പ്രജയാലും, മൃഗങ്ങളാലും അന്നാദികളാലും തേജസ്സുകൊണ്ടും ബ്രഹ്മവർച്ചസ്സുകൊണ്ടും തൃപ്തനായിത്തീരുന്നു.

# അഞ്ചാം അദ്ധ്യായം

## ഇരുപത്തിരണ്ടാം ഖണ്ഡം

1. അഥ യാം ചതുർഥീം ജുഹുയാത് താം ജുഹുയാത് സമാനായ സ്വാഹാ ഇതി സമാനഃ തൃപ്യതി.
2. സമാനേ തൃപ്യതി മനഃ തൃപ്യതി മനസി തൃപ്യതി പർജന്യഃ തൃപ്യതി പർജന്യേ തൃപ്യതി വിദ്യുത് തൃപ്യതി വിദ്യുതി തൃപ്യന്ത്യാം യത്കിംച വിദ്യുത് ച പർജന്യഃ ച അധിതിഷ്ഠതഃ തത് തൃപ്യതി തസ്യ അനുതൃപ്തിം തൃപ്യതി പ്രജയാ പശുഭിഃ അന്നാദ്യേന തേജസാ ബ്രഹ്മവർചസേന ഇതി.

ഇനി നാലാമത്തെ ആഹുതി ചെയ്യുമ്പോൾ സമാനായ സ്വാഹാ എന്ന മന്ത്രത്താൽ ആഹുതി ചെയ്യണം (ഹോമിക്കണം) അപ്പോൾ സമാനൻ തൃപ്തനാകും.

സമാനൻ തൃപ്തനാകുമ്പോൾ മനസ്സുതൃപ്തമാകും. മനസ്സു തൃപ്തമാകുമ്പോൾ പർജ്ജന്യൻ (വൃഷ്ടിദേവത) തൃപ്തനാകും പർജ്ജന്യൻ തൃപ്തനാകുമ്പോൾ വിദ്യുത്ത് തൃപ്തമാകും. വിദ്യുത്ത് തൃപ്തമാകുമ്പോൾ വിദ്യുത്തിനും, പർജ്ജന്യനും ആശ്രയമായിരിക്കുന്നതു് തൃപ്തമാകും. അതിന്റെ തൃപ്തിയെത്തുടർന്നു് ഭോക്താവ് പ്രജയാലും, മൃഗങ്ങളാലും, അന്നാദികളാലും, തേജസ്സുകൊണ്ടും, ബ്രഹ്മവർച്ചസ്സുകൊണ്ടും തൃപ്തനായിത്തീരുന്നു.

# അഞ്ചാം അധ്യായം

## ഇരുപത്തിമൂന്നാം ഖണ്ഡം

1. അഥ യാം പഞ്ചമീം ജുഹുയാത് താം ജുഹുയാത് ഉദാനായ സ്വാഹാ ഇതി ഉദാനഃ തൃപ്യതി.
2. ഉദാനേ തൃപ്യതി ത്വക് തൃപ്യതി ത്വചി തൃപ്യന്ത്യാം വായുഃ തൃപ്യതി വായൗ തൃപ്യതി ആകാശഃ തൃപ്യതി ആകാശേ തൃപ്യതി യത് കിംച വായുഃ ച ആകാശഃ ച അധിതിഷ്ഠതഃ തത് തൃപ്യതി തസ്യ അനുതൃപ്തിം തൃപ്യതി പ്രജയാ പശുഭിഃ അന്നാദ്യേന തേജസാ ബ്രഹ്മവർചസേന ഇതി.

അഞ്ചാമത്തെ ആഹുതി ചെയ്യുമ്പോൾ ഉദാനായ സ്വാഹാ എന്ന മന്ത്രത്താൽ ആഹുതിചെയ്യണം. അപ്പോൾ ഉദാനൻ തൃപ്തനാകുന്നു.

ഉദാനൻ തൃപ്തനാകുമ്പോൾ ത്വക്ക് (തൊലി) തൃപ്തമാകും. ത്വക്ക് തൃപ്തമാകുമ്പോൾ വായു തൃപ്തനാകും. വായു തൃപ്തനാകുമ്പോൾ ആകാശം തൃപ്തമാകും ആകാശം തൃപ്തമാകുമ്പോൾ വായുവിനും, ആകാശത്തിനും ആശ്രയമായിരിക്കുന്നതു് ഏതോ അതു തൃപ്തമാകും. അതിന്റെ തൃപ്തിയെ തുടർന്നു് ഭോക്താവ്, പ്രജയാലും, മൃഗങ്ങളാലും അന്നാദികളാലും, തേജസ്സുകൊണ്ടും, ബ്രഹ്മവർച്ചസ്സുകൊണ്ടും തൃപ്തനായിത്തീരുന്നു.

# അഞ്ചാം അധ്യായം

## ഇരുപത്തിനാലാം ഖണ്ഡം

1. സഃ യഃ ഇദം അവിദ്വാൻ അഗ്നിഹോത്രം ജുഹോതി യഥാ അംഗാരാൻ അപോഹ്യ ഭസ്മനി ജുഹുയാത് താദൃക് തത് സ്യാത്.

ആരെങ്കിലും ഈ വൈശ്വാനര വിദ്യയെ അറിയാതെ അഗ്നിഹോത്രം [illegible]ണെങ്കിൽ അതു് അഗ്നിയെ മാററി ചാമ്പലിൽ ആഹൂതി ചെയ്യു[illegible] തുല്യമായിരിക്കും.

2. അഥ യ ഏതദ് ഏവം വിദ്വാൻ അഗ്നിഹോത്രം ജു ഹോതി തസ്യ സർവേഷു ലോകേഷു സർവേഷു ഭൂതേഷു സർവേഷു ആത്മസു ഹുതം ഭവതി.

പിന്നെ ഇപ്രകാരം അറിഞ്ഞ് ഈ അഗ്നിഹോത്രത്തെ ഹോമിക്കുന്നവൻെറ അഗ്നിഹോത്രം എല്ലാ ലോകങ്ങളിലും, എല്ലാ ഭൂതങ്ങളിലും, എല്ലാ ആത്മാക്കളിലും ഹോമിക്കപ്പെട്ടതായിത്തീരുന്നു.

3. തത് യഥാ ഇഷീകാതൂലം അഗ്നൗ പ്രോതം പ്രദൂയേത ഏവം ഹ അസ്യ സർവേ പാപ്മാനഃ പ്രദൂയന്തേ യ ഏതത് ഏവം വിദ്വാൻ അഗ്നിഹോത്രം ജുഹോതി.

അതുകൊണ്ട് ഈ വൈശ്വാനര ദർശനത്തെ ഇപ്രകാരം അറിഞ്ഞ് അഗ്നിഹോത്രം ചെയ്യുന്നവൻെറ സർവ്വപാപങ്ങളും അഗ്നിയിൽ പ്രക്ഷിപ്തമായ ഇഷീക എന്നു പറയുന്ന തൃണവിശേഷത്തിൻെറ പഞ്ഞി എങ്ങനെയാണോ ദഹിക്കുന്നതു് അപ്രകാരം ദഹിക്കുന്നു.

4. തസ്മാത് ഉഹ ഏവം വിത് യദ്യപി ചണ്ഡാലായ ഉച്ഛിഷ്ടം പ്രയച്ഛേത് ആത്മനി ഹ ഏവ അസ്യ തത് വൈശ്വാനരേ ഹുതം സ്യാത് ഇതി തദേഷ ശ്ലോകഃ.

അതിനാൽ ഇപ്രകാരം അറിയുന്നവൻ ചണ്ഡാലനു ഉച്ഛിഷ്ടം കൊടുത്താലും അതു് വൈശ്വാനരാത്മാവിൽതന്നെ ഹോമിക്കപ്പെടുന്നതായിത്തീരും. ആ വിഷയത്തിൽ താഴെപ്പറയുന്ന ഒരു ശ്ലോകം ഉണ്ട്.

5. യഥേഹ ക്ഷുധിതാ ബാലാ മാതരം പര്യുപാസത ഏവം സർവാണി ഭൂതാനി അഗ്നിഹോത്രമുപാസത ഇതി അഗ്നിഹോത്രമുപാസത ഇതി.

ഈ ലോകത്ത് വിശപ്പുള്ള ബാലന്മാർ മാതാവിനെ ഉപാസിക്കുന്നതുപോലെ സർവ്വ ഭൂതങ്ങളും അഗ്നിഹോത്രത്തെ ഉപാസിക്കുന്നു. അഗ്നിഹോത്രത്തെ ഉപാസിക്കുന്നു.

# ആറാം അധ്യായം

## ഒന്നാം ഖണ്ഡം

1. ശ്വേതകേതുഃ ഹ ആരുണേയ ആസ തം ഹ പിതാ ഉവാച ശ്വേതകേതോ വസ ബ്രഹ്മചര്യം ന വൈ സോമ്യ അസ്മത് കുലീനഃ അനനൂച്യ ബ്രഹ്മ ബന്ധുരിവ ഭവതി ഇതി.

[കഴിഞ്ഞ അധ്യായത്തിൽ അഗ്നിഹോത്രത്തിൻെറ യഥാർത്ഥ സ്വരൂപത്തെപ്പററി അറിയുന്ന ഒരു ജ്ഞാനിയുടെ കർമ്മത്താൽ സർവഭൂതങ്ങളും തൃപ്തരായിത്തീരുന്നു എന്നു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ സർവ ഭൂതങ്ങളിലും ഒരേ ഒരു ആത്മാവു തന്നെയാണ് കുടികൊള്ളുന്നത് എന്ന ബോധം ഉണ്ടായാൽ മാത്രമേ ഇത് സാദ്ധ്യമാകൂ. ഇക്കാര്യമാണ് ഈ അധ്യായത്തിൽ പറയാൻ പോകുന്നത്.

ഒരിക്കൽ അരുണൻെറ പൗത്രനായ ശ്വേതകേതുവിനോട് അവൻെറ പിതാവ് (ഉദ്ദാലകൻ) പറഞ്ഞു. ഹേ ശ്വേതകേതോ — നീ ബ്രഹ്മചര്യം അനുഷ്ഠിക്കു. ഹേ സൗമ്യ നമ്മുടെ കുലത്തിൽ ആരും അദ്ധ്യയനം ചെയ്യാതെ ബ്രഹ്മബന്ധുവിനെപ്പോലെ ആയിത്തീരാൻ പാടില്ല. [ബ്രഹ്മബന്ധു — ബ്രാഹ്മണരെ ബന്ധുക്കളെന്നു പറയുന്നതല്ലാതെ സ്വയം ബ്രാഹ്മണനായിരിക്കാത്തവൻ)

2. സഹ ദ്വാദശവർഷ ഉപേത്യ ചതുർവിംശതി വർഷഃ സർവാൻ വേദാൻ അധീത്യ മഹാമനാ അനൂമാൻ അമാനി സ്തബ്ധ ഏയായ തം ഹ പിതാ ഉവാച ശ്വേതകേതോ യത് നു സോമ്യ ഇദം മഹാമനാ അനൂചാൻ അമാനീ സ്തബ്ധഃ അസീ ഉത തം ആദേശം അപ്രാക്ഷ്യഃ.

3. യേന അശ്രുതം ശ്രുതം ഭവതി അമതം മതം അവിജ്ഞാതം വിജ്ഞാതം ഇതി കഥം നു ഭഗവഃ സ ആദേശഃ ഭവതി ഇതി.

അവൻ പന്ത്രണ്ടാമത്തെ വയസ്സിൽ ആചാര്യൻെറ അടുക്കൽ പോയി ഇരുപത്തിനാലാമത്തെ വയസ്സുവരെ വേദങ്ങളെല്ലാം പഠിച്ചു. അപ്പോൾ താൻ സ്വയം വലിയ വിദ്വാനാണെന്നും, വേദ വേദാംഗങ്ങളെല്ലാം പഠിച്ചവനാണെന്നും ഉള്ള അഭിമാനത്തോടുകൂടി വിനയമില്ലാത്തവനായി ഗൃഹത്തിൽവന്നു. അവനോടു പിതാവ് പറഞ്ഞു. ഹേ ശ്വേതകേതോ, എന്താണ് നീ വിദ്യാഭ്യാസംകൊണ്ട് അഭിമാനിയും, അവിനീതനായും കാണപ്പെടുന്നത്. നീ ആചാര്യനിൽനിന്ന്, അശ്രുതം, ശ്രുതമാകുന്നതും, അവിതർക്കിതമായത് തർക്കയുക്തമാകുന്നതും, അവിജ്ഞാതം ജ്ഞാതമാകുന്നതും ആയ ഉപദേശം ആചാര്യനിൽനിന്നു ഗ്രഹിച്ചിട്ടുണ്ടോ. ശ്വേതകേതു പറഞ്ഞു. ഭഗവൻ ആ ഉപദേശം എന്താണ്. ?

4. യഥാ സോമ്യ ഏകേന മൃത്പിണ്ഡേന സർവം മൃൻമയം വിജ്ഞാതം സ്യാത് വാചാരംഭണം വികാരഃ നാമധേയം മൃത്തികാ ഇതി ഏവ സത്യം.

5. യഥാ സോമ്യ ഏകേന ലോഹമണിനാ സർവം ലോഹമയം വിജ്ഞാതം സ്യാത് വാചാരംഭണം വികാരഃ നാമധേയം ലോഹം ഇത്യേവ സത്യം.

6. യഥാ സോമ്യ ഏകേന നഖനികൃന്തനേന സർവം കാർ
ഷ്ണ്യായസം വിജ്ഞാതം സ്യാത് വാചാരംഭണം
വികാരഃ നാമധേയം കൃഷ്ണായസം ഇതി ഏവ
സത്യമേവം സോമ്യ സ ആദേശഃ ഭവതി ഇതി.

ഉദ്ദാലകൻ പറഞ്ഞു :— ഹേ സോമ്യ ഒരു മൃത്പിണ്ഡം മുഖേന മണ്ണുകൊണ്ടുണ്ടാക്കിയിട്ടുള്ള എല്ലാ പദാർത്ഥങ്ങളെപ്പററിയുമുള്ള ജ്ഞാനം ലഭിക്കുന്നു. വിഭിന്ന നാമങ്ങൾ വാണിയുടെ (വാക്കിന്റെ) വികാരഭേദങ്ങളാണു്. മണ്ണു മാത്രമാണ്. സത്യം.

ഹേ, സോമ്യ ഒരു സുവർണ്ണ പിണ്ഡത്താൽ എല്ലാ സുവർണ്ണ പദാർത്ഥങ്ങളെപ്പററിയുമുള്ള ജ്ഞാനം ലഭിക്കുന്നു. എന്തെന്നാൽ വിഭിന്ന നാമങ്ങൾ വാക്കിന്റെ വികാരഭേദങ്ങളാണ് സുവർണ്ണം ഒന്നു മാത്രമാണ് സത്യം.

ഹേ സോമ്യ, ഒരു നഖനികൃന്തനം (നഖം വാങ്ങി)കൊണ്ട് ലോഹനിർമ്മിതമായ (ഇരുമ്പുകൊണ്ടുള്ള) എല്ലാ പദാർത്ഥങ്ങളെപ്പററിയുമുള്ള ജ്ഞാനം ലഭിക്കുന്നു. വിഭിന്ന നാമങ്ങൾ വാക്കിന്റെ വികാരഭേദങ്ങളാണ് ലോഹം (ഇരുമ്പു) ഒന്നു മാത്രമാണ് സത്യം. ഹേ സോമ്യ ഇതാണ് ആ ആദേശം.

7. ന വൈ നൂനം ഭഗവന്തഃ തേ ഏതദ് അവേദിഷു യദ്
ഹി ഏതദ് അവേദിഷ്യൻ കഥം മേ ന അവക്ഷ്യൻ ഇതി
ഭഗവാൻ തു ഏവമേതദ് ബ്രവീതു ഇതി തഥാ സോമ്യ
ഇതി ഹോവാച.

ശ്വേതകേതു പറഞ്ഞു. ഭഗവാന്മാരായ എന്റെ ഗുരുക്കന്മാർക്ക് ഇതു് അറിഞ്ഞുകൂട തീർച്ചയാണ്. അവർക്ക് അറിയാമായിരുന്നു എങ്കിൽ എനിക്കു എങ്ങനെ പറഞ്ഞുതരാതിരിക്കും അതുകൊണ്ടു ഭഗവാൻതന്നെ എനിക്ക് അതും ഉപദേശിച്ചു തന്നാലും, ഉദ്ദാലകൻ പറഞ്ഞു. ഹേ സോമ്യാ അങ്ങനെ തന്നെയാകട്ടെ.

# ആറാം അദ്ധ്യായം

## രണ്ടാം ഖണ്ഡം

1. സത് ഏവ സോമ്യ ഇദം അഗ്രേ ആസീത് ഏകം ഏവാ
ദ്വിതീയം തത് ഹ ഏക ആഹുഃ അസത് ഏവ ഇദം
അഗ്രേ ആസീത് ഏകം ഏവാദ്വിതീയം തസ്മാത്
അസതഃ സംജായത.

ഹേ സൗമ്യാ മുമ്പ് (ആദ്യം) ഇതു് ഏകവും അദ്വിതീയവുമായ സത്തുമാത്രമായിരുന്നു. എന്നാൽ ചിലർ പറയുന്നു; ഇതു് ഏകവും, അദ്വിതീയവുമായ സത്തുതന്നെ ആയിരുന്നു എന്നും ആ അസത്തിൽ നിന്നു് സത്ത് ഉണ്ടായി എന്നും.

2. കുതഃതു ഖലു സോമ്യ ഏവം സ്യാത് ഇതി ഹോവാച
കഥം അസതഃ സത് ജായേത ഇതി സത് തു ഏവ
സോമ്യ ഇദം അഗ്ര ആസീത് ഏകമേ വാദ്വിതീയം.

എന്നാൽ ഇതു് എങ്ങനെ സാദ്ധ്യമാകും ? അസത്തിൽനിന്നും സത്ത് എങ്ങനെ ഉണ്ടാകും. അതുകൊണ്ട് ഹേ സോമ്യ, സർവപ്രഥമമായി (സൃഷ്ടിക്ക മുമ്പ്) ഏകവും അദ്വിതീയവുമായ സത്തു മാത്രമേ ഉണ്ടായിരുന്നുള്ളു.

3. തത് ഐക്ഷത ബഹുസ്യാം പ്രജായേയ ഇതി തത് തേജഃ അസൃജത തത് തേജഃ ഐക്ഷത ബഹുസ്യാം പ്രജായേയ ഇതി തത് അപഃ അസൃജത തസ്മത് യത്ര ക്വ ച ശോചതി സ്വേദതേ വാ പുരുഷഃ തേജസ ഏവ തത് അധിഃ ആപഃ ജായന്തേ.

ആ സത്ത് സങ്കൽപിച്ചു. എനിക്ക് പലതാകണം. ഞാൻ വളരണം അങ്ങനെ അതു് തേജസ്സിനെ (അഗ്നി) സൃഷ്ടിച്ചു. അപ്പോൾ തേജസ്സ് സങ്കൽപിച്ചു. എനിക്ക പലതാകണം, ഞാൻ വളരണം. എന്ന്. അങ്ങനെ അതു് ജലത്തെ സൃഷ്ടിച്ചു. അതുകൊണ്ടാണ് ആർക്കെങ്കിലും സന്താപം (ചൂട്) ഉണ്ടാകുമ്പോൾ വിയർപ്പുണ്ടാകുന്നതു്. അതു കൊണ്ടു തേജസ്സിൽനിന്നുമാണ് ജലമുണ്ടായതു് എന്നു മനസ്സിലാക്കാം.

4. താ ആപഃ ഐക്ഷന്ത ബഹവ്യാഃ സ്യാമ പ്രജായേ മഹി ഇതി താ അന്നം അസൃജന്ത തസ്മാത് യത്ര ക്വ ച വർഷതി തദേവ ഭൂയിഷ്ഠമന്നം ഭവത് അദ്ഭ്യ ഏവ തത് അധി അന്നാദ്യം ജായതേ.

ആ ജലം സങ്കൽപിച്ചു. എനിക്ക പലതാകണം. ഞാൻ വളരണം അതു് പൃഥ്വി രൂപത്തിലുള്ള അന്നത്തെ സൃഷ്ടിച്ചു. മഴ പെയ്യുന്നിടത്ത് ധാരാളം അന്നം ഉണ്ടാകുന്നുണ്ടല്ലോ. ഇപ്രകാരം ജലത്തിൽ നിന്നുമാണ് ഭക്ഷ്യയോഗ്യമായ അന്നാദികൾ ഉണ്ടാകുന്നത്.

# ആറാം അദ്ധ്യായം

## മൂന്നാം ഖണ്ഡം

1. തേഷാം ഖലു ഏഷാം ഭൂതാനാം ത്രീണി ഏവ ബീജാനി ഭവന്തി ആണ്ഡജം ജീവജം ഉദ്ഭിജ്ജം ഇതി.

അങ്ങനെയുള്ള ഈ ഭൂതങ്ങൾക്ക് അണ്ഡജം, ജീവജം, ഉദ്ഭിജ്ജം, എന്നു മൂന്നു ബീജങ്ങൾ മാത്രമെ ഉള്ളു.

[അണ്ഡജം — അണ്ഡം— (മുട്ടയിൽനിന്നും) ജനിക്കുന്ന പക്ഷി സർപ്പാദികൾ. ജീവജം—ജീവനിൽനിന്നും ജനിക്കുന്ന മനുഷ്യൻ, പശു മുതലായവ ജരായുജം )

ഉദ്ഭിജം —— പൊട്ടി മുളച്ചുണ്ടാകുന്ന സ്ഥാവരങ്ങൾ — വൃക്ഷാദികൾ സ്വേദത്തിൽനിന്നും ജനിക്കുന്ന പേൻ മുതലായവ (സ്വേദജം) അണ്ഡങ്ങളിലും

ചൂടുകൊണ്ട് ഭൂമിയെ ഭേദിച്ചുണ്ടാകുന്ന ചിതൽ മുതലായവ ഉദ്ഭിജങ്ങളിലും അന്തർഭവിക്കുന്നു. അതുകൊണ്ടാണ് ബീജങ്ങൾ മൂന്നേ ഉള്ളൂ എന്നു പറഞ്ഞത്.]

2. സാ ഇയം ദേവതാ ഐക്ഷത ഹന്ത അഹം ഇമാഃ തിസ്രഃ ദേവതാ അനേന ആത്മനാ ജീവേന അനുപ്രവിശ്യ നാമരൂപേ വ്യാകരവാണി ഇതി.

അപ്പോൾ ആ സദ്രൂപമായ ദേവത ഇപ്രകാരം സങ്കൽപിച്ചു. ഇപ്പോൾ ഞാൻ ഈ മൂന്നു ദേവതകളിലും ജീവരൂപത്തിൽ പ്രവേശിച്ച് നാമത്തെയും രൂപത്തെയും പ്രസ്പഷ്ടമാക്കും.

3. താസാം ത്രിവൃതം ത്രിവൃതം ഏകൈകാം കരവാണി ഇതി. സാ ഇയം ദേവതാ ഇമാഃ തിസ്രഃ ദേവതാ അനേന ഏവ ജീവേന ആത്മനാ അനുപ്രവിശ്യ നാമരൂപേ വ്യാകരോത്.

അവയിൽ ഓരോന്നിനേയും മുമ്മൂന്നു വിധമാക്കും. ഇപ്രകാരം സങ്കൽപിച്ചതിനുശേഷം ആ ദേവത ഈ മൂന്നിലും പ്രവേശിച്ച് നാമത്തെയും രൂപത്തെയും പ്രസ്പഷ്ടമാക്കി.

4. താസാം ത്രിവൃതം ത്രിവൃതം ഏകൈകാം അകരോത് യഥാ നു ഖലു സോമ്യ ഇമാഃ തിസ്രഃ ദേവതാ ത്രിവൃത് ത്രിവൃത് ഏകൈകാ ഭവതി തൻമേ വിജാനീഹി ഇതി.

അതു്, മൂന്നു ദേവൻമാരിൽനിന്നും, ഓരോന്നിനെയും, മുമ്മൂന്നു് ആക്കി. ഹേ സോമ്യ ഇവ എങ്ങനെയാണ് മുമ്മൂന്നാകുന്നത് എന്നുള്ള കാര്യം എന്നിൽനിന്നും അറിഞ്ഞുകൊള്ളുക (ഞാൻ പറഞ്ഞുതരാം).

# ആറാം അദ്ധ്യായം

## നാലാം ഖണ്ഡം

1. യത് അഗ്നേഃ രോഹിതം രൂപം തേജസഃ തദ് രൂപം യത് ശുക്ലം തത് അപാം യത് കൃഷ്ണം തത് അന്നസ്യ അപാഗാത് അഗ്നേഃ അഗ്നിത്വം വാചാരംഭണം വികാരഃ നാമധേയം ത്രീണി രൂപാണി ഇത്യേവ സത്യം.

ത്രിവിധമാക്കപ്പെട്ട അഗ്നിയുടെ ചെമന്ന രൂപം തേജസ്സിൻേറയും വെളുത്തരൂപം, ജലത്തിൻേറയും കറുത്ത രൂപം (അന്നം) പൃഥ്വിയുടെയും

ആകുന്നു. അഗ്നിയിൽനിന്നും അഗ്നി എന്നുള്ള അവസ്ഥ നഷ്ടമായിപ്പോയി. അഗ്നി എന്ന ശബ്ദം കേവലം വാക്കിന്റെ വികാരഭേദമാണ്. മൂന്നു രൂപങ്ങൾ എന്നതു മാത്രമേ സത്യമായിട്ടുള്ളു.

2. യത് ആദിത്യസ്യ രോഹിതം രൂപം തേജഃ തദ്രൂപം യത് ശുക്ലം തത് അപാം യത് കൃഷ്ണം തത് അന്നസ്യ അപാഗാത് ആദിത്യാത് ആദിത്യത്വം വാചാരംഭണം വികാരഃ നാമധേയം ത്രീണി രൂപാണി ഇത്യേവ സത്യം.

ആദിത്യന്റെ ചെമന്ന രൂപം തേജസ്സിന്റെയും വെളുത്തരൂപം ജലത്തിന്റെയും കറുത്തരൂപം അന്നത്തിന്റേയുമാകുന്നു. ഇപ്രകാരം ആദിത്യനിൽനിന്നും ആദിത്യത്വം നഷ്ടമായി. ആദിത്യൻ എന്ന പേര് കേവലം വാക്കിന്റെ വികാരഭേദം മാത്രമാണ്. സത്യമായിട്ടുള്ളത് മൂന്നു രൂപങ്ങൾ മാത്രം.

3. യത് ചന്ദ്രമസഃ രോഹിതം രൂപം തേജഃ തദ്രൂപം യത് ശുക്ലം തത് അപാം യത് കൃഷ്ണം തത് അന്നസ്യ അപാഗാത് ചന്ദ്രാത് ചന്ദ്രത്വം വാചാരംഭണം വികാരഃ നാമധേയം ത്രീണി രൂപാണി ഇത്യേവ സത്യം.

ചന്ദ്രനിലുള്ള ചെമന്ന രൂപം തേജസ്സിന്റേയും വെളുത്ത രൂപം ജലത്തിന്റെയും കറുത്ത രൂപം അന്നത്തിന്റെയും ആകുന്നു. ഇപ്രകാരം ചന്ദ്രനിൽനിന്നും ചന്ദ്രത്വം നഷ്ടമായി. ചന്ദ്രൻ എന്ന പേര് കേവലം വാക്കിന്റെ വികാരഭേദമാണ്. മൂന്നു രൂപങ്ങൾ മാത്രമേ സത്യമായിട്ടുള്ളു.

4. യത് വിദ്യുതഃ രോഹിതം രൂപം തേജസഃ തദ്രൂപം യത് ശുക്ലം തത് അപാം യത് കൃഷ്ണം തത് അന്നസ്യ അപാഗാത് വിദ്യുതഃ വിദ്യുത്വം വാചാരംഭണം വികാരഃ നാമധേയം ത്രീണി രൂപാണി ഇത്യേവ സത്യം.

വിദ്യുത്തിന്റെ ചെമന്ന രൂപം തേജസ്സിന്റേയും വെളുത്ത രൂപം ജലത്തിന്റെയും, കറുത്ത രൂപം അന്നത്തിന്റെയുമാകുന്നു. ഇപ്രകാരം വിദ്യുത്തിന്റെ വിദ്യുത്വം നഷ്ടമായി. വിദ്യുത് എന്ന പേര് കേവലം വാക്കിന്റെ വികാരഭേദമാണ്. സത്യമായിട്ടുള്ളത് മൂന്നു രൂപങ്ങൾ മാത്രം.

5. ഏതത് ഹ സ്മ വൈതദ് വിദ്വാംസഃ ആഹുഃ പൂർവ്വേ മഹാശാലാ മഹാശ്രോത്രിയാ ന ന അദ്യ കശ്ചന അശ്രുതം അമതം അവിജ്ഞാതം ഉദാഹരിഷ്യതി ഇതിഃ ഹി ഏഭ്യഃ വിദാംചക്രുഃ.

ഈ ത്രിവത്കരണത്തെപ്പററി അറിഞ്ഞിട്ടുള്ള മുൻകാലത്തെ പ്രസിദ്ധരായ മഹാഗൃഹസ്ഥന്മാരും മഹാശ്രോത്രിയന്മാരും പറഞ്ഞിട്ടുണ്ട് :— ഇപ്പോഠം നമ്മുടെ കുലത്തിൻ ഒരുവൻപോലും കേഠക്കപ്പെടാത്തതിനെയോ മനനം ചെയ്യപ്പെടാത്തതിനെയോ, അറിയപ്പെടാത്തതിനെയോ ഉദാഹരിക്കയില്ല. എന്തെന്നാൽ ഈ രോഹിതാദി രൂപങ്ങളിൽനിന്നും അവർ എല്ലാം അറിഞ്ഞുകഴിഞ്ഞിട്ടുണ്ട്.

6. യത് ഉ രോഹിതം ഇവ അഭൂത് ഇതി തേജസഃ തദ്രൂപം ഇതി തദ് വിദാംചക്രുഃ യത് ഉ ശുക്ളം ഇവ അഭൂത് ഇതി അപാം രൂപമിതി തത്‌വിദാം ചക്രുഃ. യത് ഉ കൃഷ്ണം ഇവ അഭൂത് ഇതി അന്നസ്യ രൂപം ഇതി തത് വിദാംചക്രുഃ.

ചെമന്നതുപോലെ തോന്നിയതു് തേജസ്സിന്റെ രൂപമാണെന്നും വെളുത്തതുപോലെ തോന്നിയതു് അപ്പുകളുടെ രൂപമാണെന്നും കറുത്തതുപോലെ തോന്നിയതു് അന്നത്തിന്റെ രൂപമാണെന്നും അവർ അറിഞ്ഞു.

7. യത് ഉ അവിജ്ഞാതമിവ അഭൂത് ഇതി ഏതാസാം ഏവ ദേവതാനാം സമാസ ഇതി തത് വിദാംചക്രുഃ യഥാ നു ഖലു സോമ്യ ഇമാഃ തിസ്രഃ ദേവതാഃ പുരുഷം പ്രാപ്യ ത്രിവൃത് ത്രിവൃത് ഏകൈകാ ഭവതി തൻമേ വിജാനീഹി ഇതി.

അവിജ്ഞാതംപോലെ തോന്നിയതു് ഈ ദേവന്മാരുടെ സമുദായം തന്നെയാണെന്നു് അവർക്ക അറിയാമായിരുന്നു. ഹേ സോമ്യ, ഈ മൂന്നു പ്രസിദ്ധ ദേവതകളും പുരുഷരൂപം പ്രാപിച്ച് അതിൽ ത്രിവൃതമായി (മുമ്മൂന്നംശമുള്ളതായി)ത്തീരുന്നത് എങ്ങനെയെന്നു് എന്നിൽനിന്നും അറിഞ്ഞുകൊള്ളുക.

# ആറാം അദ്ധ്യായം

## അഞ്ചാം ഖണ്ഡം

1. അന്നം അശിതം ത്രേധാ വിധീയതേ തസ്യ യഃ സ്ഥവിഷ്ഠഃ ധാതുഃ തത് പുരീഷം ഭവതി യഃ മധ്യമഃ തത് മാംസം യഃ അണിഷ്ഠഃ തത് മനഃ.

ഭക്ഷിക്കപ്പെടുന്ന അന്നം മൂന്നു വിധത്തിൽ വിഭജിക്കപ്പെടുന്നു. സ്ഥൂലതമമായ അംശം പുരീഷമായും, (മലം) മധ്യമാംശം, രസാദികളായി മാംസമായും ഏററവും സൂക്ഷ്മമായിട്ടുള്ളതു് മനസ്സായും തീരുന്നു.

2. ആപഃ പീതാഃ ത്രേധാ വിധീയന്തേ താസാം യഃ സ്ഥവിഷ്ഠഃ ധാതുഃ തത് മൂത്രം ഭവതി യഃ മധ്യമഃ തത് ലോഹിതം യഃ അണിഷ്ഠഃ സ പ്രാണഃ.

കുടിക്കുന്ന ജലം മൂന്നു വിധത്തിൽ വിഭജിക്കപ്പെടുന്നു. അതിൻെറ അത്യന്തം സ്ഥൂലമായ അംശം മൂത്രമായും, മധ്യമാംശം രക്തമായും അത്യന്തം സൂക്ഷ്മമായിട്ടുള്ള അംശം പ്രാണനായും തീരുന്നു.

3. തേജഃ അശിതം ത്രേധാ വിധീയതേ തസ്യ യഃ സ്ഥവിഷ്ഠഃ ധാതുഃ തത് അസ്ഥി ഭവതി യഃ മധ്യമഃ സ മജ്ജാ യഃ അണിഷ്ഠഃ സാ വാക്.

ഭക്ഷിക്കപ്പെട്ട തേജസ്സും (തൈലഘൃതാദികം) മൂന്നു വിധത്തിൽ വിഭജിക്കപ്പെടുന്നു. അതിൻെറ ഏററവും സ്ഥൂലമായ ഭാഗം അസ്ഥിയായും, മധ്യമഭാഗം മജ്ജയായും, ഏററവും സൂക്ഷ്മമായ ഭാഗം വാക്കായും പരിണമിക്കുന്നു.

4. അന്നമയം ഹി സോമ്യ മന ആപോമയഃ പ്രാണഃ തേജോമയീ വാഗിതി ഭൂയ ഏവ മാ ഭഗവാൻ വിജ്ഞാപയതു ഇതി തഥാ സോമ്യ ഇതി ഹോവാച.

ഹേ സോമ്യ, മനസ്സ് അന്നമയമാണ്. പ്രാണൻ ജലമയനാണ്. വാക്ക് തേജോമയമാണ്. എന്നു ആരുണി പറഞ്ഞു. ഭഗവൻ അങ്ങ് വീണ്ടും എനിക്ക് മനസ്സിലാക്കിത്തന്നാലും എന്നു ശ്വേതകേതു പറഞ്ഞു. ഹേ സോമ്യ അങ്ങനെയാകട്ടെ എന്നു പിതാവു പറഞ്ഞു.

# ആറാം അദ്ധ്യായം

## ആറാം ഖണ്ഡം

1. ദധ്നഃ സോമ്യ മധ്യമാനസ്യ യഃ അണിമാ സ ഊർധ്വഃ സമുദീഷതി തത് സർപ്പിർ ഭവതി.

ഹേ സോമ്യ മഥിക്കപ്പെടുന്ന തയിരിൻെറ അണുവായ അംശം മേൽപോട്ട് പൊങ്ങി ഒന്നായിത്തീരുന്നു. അതാണ് നെയ്യ്.

2. ഏവമേവ ഖലു സോമ്യ അന്നസ്യ അശ്യമാനസ്യ യഃ അണിമാ സ ഊർധ്വഃ സമുദീഷതി തത് മനഃ ഭവതി.

ഹേ സോമ്യ, ഇപ്രകാരം തന്നെ ഭക്ഷിക്കപ്പെടുന്ന അന്നത്തിൻെറ സൂക്ഷ്മാംശം മുകളിലേയ്ക്കുപോയി മനസ്സായി പരിണമിക്കുന്നു.

3. അപാം സോമ്യ പീയമാനാനാം യഃ അണിമാ സ ഊർദ്ധ്വഃ സമുദീഷതി സാ പ്രാണോ ഭവതി.

ഹേ സോമ്യ ഇതേപ്രകാരം കുടിക്കുന്ന ജലത്തിൻെറ സൂക്ഷ്മാംശം മുകളിലോട്ട് പോയി പ്രാണനായിത്തീരുന്നു.

4. തേജസഃ സോമ്യ അശ്യമാനസ്യ യഃ അണിമാ സ ഊർദ്ധ്വഃ സമുദീഷതി സാ വാക് ഭവതി.

ഹേ, സോമ്യ, ഇപ്രകാരം ഭക്ഷിക്കുന്ന തേജസ്സിൻെറ അണുവായ അംശം മുകളിലേക്കു പൊങ്ങി അതു വാക്കായിത്തീരുന്നു.

5. അന്നമയം ഹി സോമ്യ മന ആപോമയഃ പ്രാണഃ തേജോമയീ വാക് ഇതി ഭൂയ ഏവ മാ ഭഗവാൻ വിജ്ഞാപയിതു ഇതി തഥാ സോമ്യ ഇതി ഹോവാച.

ഹേ സോമ്യ മനസ്സു അന്നമയവും, പ്രാണൻ ജലമയവും, വാക്ക് തേജോമയവും ആകുന്നു. ''ഭഗവൻ എനിക്ക് വീണ്ടും മനസ്സിലാക്കിത്തന്നാലും'' എന്നു ശ്വേതകേതു പറഞ്ഞു. ''ഹേ സോമ്യ, അങ്ങനെയാകട്ടെ'' എന്ന് പിതാവു പറഞ്ഞു.

# ആറാം അദ്ധ്യായം

## ഏഴാം ഖണ്ഡം

1. ഷോഡശകലഃ സോമ്യ പുരുഷഃ പഞ്ചദശ അഹാനി മാശീഃ കാമം അപഃ പിബ ആപോമയഃ പ്രാണഃ ന പിബതഃ വിച്ഛേത്സ്യതേ ഇതി.

ഹേ സോമ്യ പുരുഷൻ പതിനാറു കലകളോടു കൂടിയവനാകുന്നു. നീ പതിനഞ്ചു ദിവസം ഭക്ഷണം കഴിക്കാതിരിക്കുക. എന്നാൽ ഇഷ്ടം പോലെ വെള്ളം കുടിച്ചുകൊള്ളുക. വെള്ളം കുടിക്കാത്തവൻെറ ജലമയനായ പ്രാണൻ വിച്ഛേദിക്കപ്പെടും. (നഷ്ടപ്പെടും)—കാര്യത്തിന് കാരണത്തിൻെറ ആശ്രയമില്ല എങ്കിൽ അതു് നശിക്കാതിരിക്കുകയില്ലല്ലോ)

2. സ ഹ പഞ്ച ദശാഹാനി ന ആശ അഥ ഹൈനം ഉപസസാദ കിം ബ്രവീമി ഭോ ഇതി ഋചഃ സോമ്യ യജൂംഷി സാമാനി ഇതി സഹോവാച ന വൈ മാ പ്രതിഭാന്തി ഭോ ഇതി.

അവൻ (ശ്വേതകേതു) പതിനഞ്ചു ദിവസം ഭക്ഷണമൊന്നും കഴിക്കാതിരുന്നതിനുശേഷം പതിനാറാം ദിവസം പിതാവിൻെറ അടുക്കൽ ചെന്നു് ഇപ്രകാരം ചോദിച്ചു''. ഞാൻ എന്തു പറയണം ? ''ഋക്കുകളെയും, യജുസ്സുകളെയും സാമങ്ങളെയും അധ്യയനം ചെയ്യണം എന്നു പിതാവു പറഞ്ഞു. അല്ലയോ പിതാവേ അതൊന്നും എനിക്കു തോന്നുന്നില്ല. എന്നു ശ്വേതകേതു പറഞ്ഞു.

3. തം ഹോവാച യഥാ സോമ്യ മഹതഃ അഭ്യാഹിതസ്യ ഏകഃ അംഗാരഃ ഖദ്യോതമാത്രഃ പരിശിഷ്ടഃ സ്യാത് തേന തതഃ അപി ന ബഹു ദഹേത് ഏവം സോമ്യ തേ ഷോഡശാനാം കലാനാം ഏകാ കലാതിശിഷ്ടാ സ്യാത് തയാ ഏതർഹി വേദാൻ ന അനുഭവസി അശാന അഥ മേ വിജ്ഞാസ്യസി ഇതി.

അവനോട് (ശ്വേതകേതുവിനോട്) പിതാവു പറഞ്ഞു. ഹേ സോമ്യ, മഹത്തായ അഗ്നിയിൽ നിന്നും, ഖദ്യോതം പോലെയുള്ള (മിന്നാമിനുങ്ങ്) ഒരു കനൽ അവശേഷിച്ചാൽ അതിന് ഒരു വസ്തുവിനെയും ദഹിപ്പിക്കാൻ സാധ്യമല്ലല്ലോ. അതുപോലെ ഇപ്പോൾ നിന്നിൽ നിൻെറ പതിനാറു കലകളിൽ ഒരു കല മാത്രമേ അവശേഷിച്ചിട്ടുള്ളു. അതുകൊണ്ട് നിനക്ക് വേദങ്ങളെ മനസ്സിലാക്കാൻ സാധ്യമല്ല. അതുകൊണ്ടു നീ പോയി ആഹാരം കഴിക്കുക. അപ്പോൾ നിനക്ക് ഞാൻ പറയുന്നത് മനസ്സിലാകും.

4. സ ഹ ആശ അഥ ഹ ഏനം ഉപസസാദ തം ഹ യത് കിംച പപ്രച്ഛ സർവം ഹ പ്രതിപേദേ.

അവൻ ആഹാരം കഴിച്ചതിനു ശേഷം പിതാവിൻെറ അടുക്കൽ ചെന്നു. ഇപ്പോൾ പിതാവു ചോദിച്ച എല്ലാ ചോദ്യങ്ങളും അവന് അറിയാമായിരുന്നു.

5. തം ഹോവാച യഥാ സോമ്യ മഹതഃ അഭ്യാഹിതസ്യ ഏകം അംഗാരം ഖദ്യോതമാത്രം പരിശിഷ്ടം തം തൃണൈഃ ഉപസമാധായ പ്രാജ്വലയേത് തേന തതഃ അപി ബഹു ദഹേത്.

6. ഏവം സോമ്യ തേ ഷോഡശാനാം കലാനാം ഏകാ കലാ അതിശിഷ്ടഃ അഭൂത് സാ അന്നേന ഉപസമാഹിതാ പ്രാജ്ജ്വാലീതയാ ഏതർഹി വേദാൻ അനുഭവസ്യ അന്നമയം ഹി സോമ്യ മന ആപോമയഃ പ്രാണഃ തേജോമയീ വാഗിതി തത് ഹ അസ്യ വിജജ്ഞൗ ഇതി വിജജ്ഞൗ ഇതി.

പിതാവ് അവനോടു പറഞ്ഞു. ഹേ സോമ്യ, മഹത്തായ അഗ്നി ശാന്തമായിത്തീർന്നതിനു ശേഷം അതിലെ ഒരു ചെറിയ സ്ഫുലിംഗം (തീപ്പൊരി) അവശേഷിക്കുകയും അതിൽ ഒരു തൃണശകലം ഇട്ടു അതിനെ പ്രജ്ജ്വലിപ്പിക്കുകയും ചെയ്താൽ അതു വീണ്ടും മുമ്പിലത്തെപ്പോലെ സർവ്വത്തെയും ഭസ്മീകരിക്കുവാൻ കഴിവുള്ളതായിത്തീരുന്നു.

അതേ പ്രകാരം ഹേ സോമ്യ, നിന്റെ ഷോഡശകലകളിൽ ഒരു കല അവശേഷിച്ചിരുന്നു. അത് അന്നത്താൽ വളർന്ന്. (പുഷ്ടിയെ പ്രാപിച്ച്) പ്രജ്വലിതമായി. അതു നിമിത്തം നീ വീണ്ടും വേദങ്ങളെപ്പററി മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്. ഹേ സോമ്യ, ഇതിൽനിന്നും, മനസ്സ് അന്നമയമാണെന്നും, പ്രാണൻ ജലമയമാണെന്നും വാക്ക് തേജോമയമാണെന്നും ഉള്ള കാര്യം സിദ്ധമായല്ലോ. പിതാവിന്റെ വാക്കുകളുടെ ആശയം ശ്വേതകേതുവിന് ഇപ്പോഠം മനസ്സിലായി.

# ആറാം അദ്ധ്യായം

## എട്ടാം ഖണ്ഡം

1. ഉദ്ദാലകഃ ഹ ആരുണിഃ ശ്വേതകേതും പുത്രം ഉവാച സ്വപ്നാന്തം മേ സോമ്യ, വിജാനീഹി ഇതിഃ യത്ര ഏതത് പുരുഷഃ സ്വപിതി നാമ സതാ സോമ്യ, തദാ സമ്പന്നഃ ഭവതി സ്വം അപീതഃ ഭവതി തസ്മാത് ഏനം സ്വപിതി ഇതി ആചക്ഷതേ സ്വം ഹി അപീതഃ ഭവതി.

ഒരിക്കൽ ഉദ്ദാലകൻ (അരുണപുത്രൻ) തന്റെ പുത്രനായ ശ്വേതകേതുവിനോടു പറഞ്ഞു. ഹേ സോമ്യാ എന്റെ വചനത്തിൽനിന്നും സ്വപ്നാന്തത്തിന്റെ മർമ്മം മനസ്സിലാക്കിക്കൊള്ളുക. പുരുഷൻ നിദ്രയിൽ ലയിക്കുമ്പോഠം അവൻ ജീവഭാവം വെടിഞ്ഞ് ബ്രഹ്മവുമായി താദാത്മ്യം പ്രാപിച്ചവനായിത്തീരുന്നു. അപ്പോഠം അവൻ സ്വന്തരൂപം പ്രാപിക്കുന്നു. അപ്പോഠം ആളുകഠം അവനെ സ്വപിതി (ഉറങ്ങിയവൻ) എന്നു പറയുന്നു. എന്തെന്നാൽ അവൻ സ്വന്തം രൂപത്തെ പ്രാപിച്ചവനായിത്തീരുന്നു.

2. സ യഥാ ശകുനിഃ സൂത്രേണ പ്രബദ്ധഃ ദിശം ദിശം പതിത്വാ അന്യത്ര ആയതനം അലബ്ധ്വാ ബന്ധനമേവ ഉപശ്രയത ഏവം ഏവ ഖലു സോമ്യ തന്മനോ ദിശം ദിശം പതിത്വാ അന്യത്ര ആയതനം അലബ്ധ്വാ പ്രാണമേവ ഉപശ്രയതേ പ്രാണബന്ധനം ഹി സോമ്യ മന ഇതി.

ഹേ സോമ്യ, കയറുകൊണ്ടു ബന്ധിച്ച ഒരു പക്ഷി എല്ലാ ദിക്കുകളിലും പാറിനടന്നതിനുശേഷം മറെറങ്ങും ആശ്രയം ലഭിക്കാതെ തന്നെ ബന്ധിച്ച സ്ഥാനത്തുതന്നെ വന്നുചേരുന്നതുപോലെ ഈ മനസ്സും ഓരോ ദിക്കിലുമുള്ളതിനെ അനുഭവിച്ച് അന്യമായ വിശ്രമസ്ഥാനം കിട്ടാതെ പ്രാണനെത്തന്നെ സമാശ്രയിക്കുന്നു. എന്തെന്നാൽ മനസ്സ് പ്രാണനുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു.

3. അശനാ പിപാസേ മേ സോമ്യ വിജാനീഹി ഇതി യത്ര ഏതത് പുരുഷഃ അശിശിഷതി നാമാപ ഏവ തദശിതം നയന്തേ തദ് യഥാ ഗോനായഃ അശ്വനായഃ പുരുഷനായഃ ഇതി ഏവം തദപ ആചക്ഷതേ അശനായ ഇതി തത്ര ഏതത് ശുംഗം ഉത്പതിതം സോമ്യ വിജാനീഹി ന ഇദം അമൂലം ഭവിഷ്യതി ഇതി.

ഹേ സോമ്യ, നീ ഇനി വിശപ്പിൻെറയും ദാഹത്തിൻെറയും യഥാർത്ഥ സ്വഭാവമെന്താണെന്ന് എന്നിൽനിന്നും മനസ്സിലാക്കുക. എന്നു ഉദ്ദാലകൻ പറഞ്ഞു. പുരുഷൻ ഭക്ഷിക്കണമെന്നാഗ്രഹിക്കുമ്പോൾ ഭക്ഷിക്കപ്പെട്ട അന്നത്തെ ജലം തന്നെയാണു കൊണ്ടുപോകുന്നത്.

പശുവിനെ നയിക്കുന്നവനെ ഗോനായ (ഗോപാലൻ) എന്നും, കുതിരയെ നയിക്കുന്നവനെ അശ്വനായ (അശ്വപാലൻ) എന്നും പുരുഷന്മാരെ നയിക്കുന്നവനെ പുരുഷനായ (സേനാപതി) എന്നും പറയുന്നതുപോലെ ജലത്തെ അശനായ (ആഹാരത്തെ കൊണ്ടുപോകുന്നവൻ) എന്നു പറയുന്നു. അതുകൊണ്ടു ഈ ശരീരത്തിൻെറ അങ്കുരം ജലത്തിൽനിന്നുമുണ്ടായതാണെന്ന് മനസ്സിലാക്കുക. എന്തെന്നാൽ അതു് അമൂലമായിരിക്കാൻ സാദ്ധ്യമല്ല.

4. തസ്യ ക്വ മൂലം സ്യാത് അന്യത്ര അന്നാദേവം ഏവ ഖലു സോമ്യ അന്നേന ശുംഗേന ആപഃ മൂലം അന്വിച്ഛ അദ്ഭിഃ സോമ്യ ശുംഗേന തേജഃ മൂലം. അന്വിച്ഛ തേജസാ സോമ്യ ശുംഗേന സത് മൂലം അന്വിച്ഛ സത് മൂലാഃ സോമ്യ ഇമാഃ സർവാ പ്രജാഃ സദായതനാഃ സത് പ്രതിഷ്ഠാഃ.

ശരീരത്തിന് അന്നമല്ലാതെ മൂലം എവിടെ? ഹേ സൗമ്യ, ഇപ്രകാരം തന്നെ അന്നമാകുന്ന അങ്കുരം കൊണ്ടു അന്നത്തിൻെറ മൂലമായ ജലത്തെ മനസ്സിലാക്കുക. ഹേ സോമ്യ ജലമാകുന്ന ശുംഗം (അങ്കുരം) കൊണ്ടു തേജസ്സിനെ അറിയുക, തേജസ്സാകുന്ന ശുംഗം കൊണ്ടു മൂലമായ സത്തിനെ അറിയുക, ഹേ സോമ്യ, ഈ പ്രജകളെല്ലാം സത്താകുന്ന മൂലത്തോടുകൂടിയവയും, സത്താകുന്ന ആയതനത്തോടുകൂടിയവയും, സത്താകുന്ന പ്രതിഷ്ഠയോടു കൂടിയവയും ആകുന്നു.

5. അഥ യത്ര ഏതത് പുരുഷഃ പിപാസതി നാമ തേജ ഏവ തത് പീതം നയതേ തത് യഥാ ഗോനായഃ അശ്വനായഃ പുരുഷനായഃ ഇത്യേവം തത് തേജ ആചഷ്ട ഉദന്യാ ഇതി തത്ര ഏതത് ഏവ ശുംഗം ഉത്പതിതം സോമ്യ വിജാനീഹി ന ഇദം അമൂലം ഭവിഷ്യതി ഇതി.

പിന്നീട് ഒരു മനുഷ്യൻ ദാഹിച്ച് ജലം കുടിക്കുമ്പോൾ കുടിച്ച ജലത്തെ തേജസ്സാണ നയിക്കുന്നത്. അതുകൊണ്ടു ഗോനായ, അശനായ, പുരുഷനായ എന്ന പറയപ്പെടുന്നതുപോലെ. അപ്പോൾ തേജസ്സിനെ ലോകം ഉദന്യാ (ജലത്തെ നയിക്കുന്നത്) എന്ന പറയുന്നു. ഹേ സോമ്യ, അതുകൊണ്ടു ഈ ശരീരത്തെ ജലത്തിൽ നിന്നും ഉത്പന്നമായ ശുംഗം (അങ്കുരം) എന്നറിയുക. ഇത് മൂലമില്ലാത്തതായിരിക്കുകയില്ല. അതായത് കാരണം കൂടാതെ കാര്യം ഉണ്ടാകാൻ സാധ്യമല്ലല്ലോ.

6. തസ്യ ക്വ മൂലം സ്യാത് അന്യത്ര അദ്ഭ്യഃ അദ്ഭിഃ സോമ്യ ശുംഗേന തേജഃ മൂലമന്വിച്ഛ തേജസാ സോമ്യ ശുംഗേന സൻമൂലമന്വിച്ഛ സൻമൂലാഃ സോമ്യേമാഃ സർവാഃ പ്രജാഃ സദായതനാഃ സത്പ്രതിഷ്ഠാ യഥാ നു ഖലു സോമ്യ ഇമാ സ്തിസ്രഃ ദേവതാഃ പുരുഷം പ്രാപ്യ ത്രിവൃത് ത്രിവൃത് ഏകൈകാ ഭവതി തദുക്തം പുരസ്താദേവ ഭവതി അസ്യ സോമ്യ പുരുഷസ്യ പ്രയതഃ വാങ് മനസി സമ്പദ്യതേ മനഃ പ്രാണേ പ്രാണഃ തേജസി തേജഃ പരസ്യാം ദേവതായാം.

ഹേ സോമ്യ, ആ ശരീരത്തിന് ജലമല്ലാതെ മൂലം എവിടെ ? ജലമാകുന്ന ശുംഗം കൊണ്ട് മൂലമായ തേജസ്സിനെ അറിയുക. തേജസ്സാകുന്ന ശുംഗം കൊണ്ടു മൂലമായ സത്തിനെ അറിയുക. ഈ പ്രജകളെല്ലാം സത്താകുന്ന മൂലത്തോടു കൂടിയവയും, സത്താകുന്ന ആയതനത്തോടുകൂടിയവയും, സത്താകുന്ന പ്രതിഷ്ഠയോടു കൂടിയവയും ആകുന്നു. ഹേ സോമ്യ, തേജസ്സ മുതലായ ഈ മൂന്നു ദേവതകൾ ഓരോന്നും പുരുഷനെ പ്രാപിച്ച് മുമ്മൂന്നു വിധമായിത്തീരുന്നത് എങ്ങനെയാണെന്ന് മുമ്പേ തന്നെ പറയപ്പെട്ടിട്ടുണ്ട്. ദേഹം വിട്ടു പോകുന്ന ഈ പുരുഷൻെറ വാക്ക് മനസ്സിൽ ലയിക്കുന്നു. മനസ്സ് പ്രാണനിൽ ലയിക്കുന്നു. പ്രാണൻ തേജസ്സിൽ ലയിക്കുന്നു. തേജസ്സ് പരമമായ ദേവതയിൽ ലയിക്കുന്നു.

7. സ യ ഏഷഃ അണിമാ ഏതദാത്മ്യം ഇദം സർവം തത് സത്യം സ ആത്മാ തത്ത്വമസി ശ്വേതകേതോ ഇതി ഭൂയ ഏവ മാ ഭഗവാൻ വിജ്ഞാപയതു ഇതി തഥാ സോമ്യ ഇതി ഹോവാച.

ഈ അണിമ (അണുരൂപം) തന്നെയാണ് ഈ ജഗത്തെല്ലാം. അതുതന്നെയാണ് ആത്മാവ്. ഹേ ശ്വേതകേതോ, അതുതന്നെയാണ് നീ എന്ന് ആരുണി പറഞ്ഞു. ശ്വേതകേതു പറഞ്ഞു. ഭഗവൻ വീണ്ടും എനിക്ക് മനസ്സിലാക്കിത്തന്നാലും. പിതാവ് അങ്ങനെ തന്നെയാകട്ടെ എന്നു പറഞ്ഞു.

# ആറാം അദ്ധ്യായം

## ഒൻപതാം ഖണ്ഡം

1. യഥാ സോമ്യ മധു മധുകൃതഃ നിസ്തിഷ്ഠന്തി നാനാത്യയാനാം വൃക്ഷാണാം രസാൻ സമവഹാരമേകതാം രസം ഗമയന്തി.

2. തേ യഥാ തത്ര ന വിവേകം ലഭന്തേ അമുഷ്യാഹം വൃക്ഷസ്യ രസഃ അസ്മി അമുഷ്യാഹം വൃക്ഷസ്യ രസഃ അസ്മി ഇതി ഏവമേവ ഖലു സോമ്യ ഇമാഃ സർവാഃ പ്രജാഃ സതി സംപദ്യ ന വിദുഃ സതി സംപദ്യാമഹ ഇതി.

ഹേ സോമ്യ, തേനീച്ചകൾ അനേക തരത്തിലുള്ള വൃക്ഷങ്ങളുടെ രസങ്ങൾ സമാഹരിച്ച് അവയെല്ലാം ഒന്നെന്നുള്ള അവസ്ഥയെ പ്രാപിപ്പിക്കുന്നു. ആ രസങ്ങൾ ആ മധുവിൽ, 'ഞാൻ ഇന്ന വൃക്ഷത്തിൻെറ രസമാകുന്നു, ഞാൻ ഇന്ന വൃക്ഷത്തിൻെറ രസമാകുന്നു' എന്ന് വിവേചിച്ചു പറയുന്നില്ല' അതുപോലെ ഈ പ്രജകളെല്ലാം സത്തിൽ ഏകീഭവിച്ച്, ''നാം സത്തിൽ ഏകീഭവിക്കുന്നു എന്ന് അറിയുന്നില്ല.

3. ത ഇഹ വ്യാഘ്രഃ വാ സിംഹഃ വാ വൃകഃ വാ വരാഹഃ വാ കീടഃ വാ പതംഗഃ വാ ദംശഃ വാ മശകഃ വാ യത് യത് ഭവന്തി തദാ ഭവന്തി.

അവർ ഈ ലോകത്ത് വ്യാഘ്രമോ സിംഹമോ, ചെന്നായോ, പന്നിയോ കീടമോ, പാററയോ, ഈച്ചയോ, കൊതുകോ ഏതെല്ലാം ആയിരുന്നോ തിരിച്ചു വന്ന് അവയെല്ലാം തന്നെ ആയിത്തീരുന്നു.

4. സ യ ഏഷഃ അണിമാ ഏതത് ആത്മ്യമിദം സർവം തത് സത്യം സ ആത്മാ തത്ത്വമസി ശ്വേതകേതോ ഇതി ഭൂയ ഏവ മാ ഭഗവാൻ വിജ്ഞാപയതു ഇതി തഥാ സോമ്യേതി ഹോവാച.

ജഗത്തിൻെറ മൂലയായി മേൽപറഞ്ഞ സത്തെന്നു പറയുന്ന അണുഭാവമാണ് ഈ ജഗത്തിൻെറയെല്ലാം ആത്മാവായിരിക്കുന്നത് അതുതന്നെയാണ് സത്യമായിട്ടുള്ളത്. അതുതന്നെയാണ് ജഗത്തിൻെറ ആത്മാവ്. ഹേ, ശ്വേതകേതോ അതു നീയാകുന്നു. ''എന്ന് ആരുണി പറഞ്ഞു. ഭഗവൻ വീണ്ടും എനിക്ക മനസ്സിലാക്കിത്തന്നാലും. എന്ന് ശ്വേതകേതു പറഞ്ഞു. ഹേ സൗമ്യ അങ്ങനെയാകട്ടെ എന്ന് ഉദ്ദാലകൻ പറഞ്ഞു.

# ആറാം അദ്ധ്യായം

## പത്താം ഖണ്ഡം

1. ഇമാഃ സോമ്യ നദ്യഃ പുരസ്താത് പ്രാച്യഃ സ്യന്ദന്തേ

പശ്ചാത് പ്രതീച്യസ്താഃ സമുദ്രാത് സമുദ്രമേവാ-
പിയന്തി സമുദ്ര ഏവ ഭവതി താ യഥാ തത്ര ന വിദുഃ
ഇയം അഹം അസ്മീയം അഹം അസ്മി ഇതി.

ഹേ സോമ്യ, ഈ കിഴക്കോട്ടുള്ള നദികൾ കിഴക്കു ദിക്കിലേക്കു ഒഴുകുന്നു. പടിഞ്ഞാറോട്ടുള്ളവ പടിഞ്ഞാറോട്ട് ഒഴുകുന്നു. അവ സമുദ്രത്തിൽ നിന്നും ഉത്ഭവിച്ചു സമുദ്രത്തിൽതന്നെ ലയിക്കുന്നു. അത് സമുദ്രംതന്നെ ആയിത്തീരുന്നു. ആ നദികൾ, ഞാൻ ഇന്ന നദിയാകുന്നു, ഞാൻ ഇന്ന നദിയാകുന്നു എന്നിങ്ങനെ അറിയുന്നില്ല. അതുപോലെ ഈ പ്രജകളെല്ലാം സത്തിൽ നിന്നും വന്നിട്ട് 'നാം സത്തിൽനിന്നുമാണ് വരുന്നത്' എന്നറിയുന്നില്ല.

2. ഏവമേവ ഖലു സോമ്യ ഇമാഃ സർവാഃ പ്രജാഃ സത ആഗമ്യ ന വിദുഃ സത ആഗച്ഛാമ ഹ ഇതി ത ഇഹ വ്യാഘ്രഃ വാ സിംഹഃ വാ വൃകഃ വാ വരാഹഃ വാ കീടഃ വാ പതംഗഃ വാ ദംശഃ വാ മശകഃ വാ യദ്യത് ഭവന്തി തദാ ഭവന്തി.

അതേപ്രകാരം ഈ പ്രജയെല്ലാം സത്തിൽനിന്നും സംജാതമായിട്ടു നാം സത്തിൽനിന്നും വന്നിരിക്കുകയാണെന്ന് അറിയുന്നില്ല അവ എങ്ങനെയാണോ ആയിരുന്നത് അതേപ്രകാരം വ്യാഘ്രമായിട്ടോ സിംഹമായിട്ടോ ചെന്നായായിട്ടോ, പന്നിയായിട്ടോ, കീടമായിട്ടോ പതംഗമായിട്ടോ ഈച്ചയായിട്ടോ, കൊതുകായിട്ടോ വീണ്ടും ആയിത്തീരുന്നു.

3. സ ഏഷ അണിമാ ഏതത് ആത്മ്യമിദം സർവം തത് സത്യം സ ആത്മാ തത്ത്വമസി ശ്വേതകേതോ ഇതി ഭൂയ ഏവ മാ ഭഗവാൻ വിജ്ഞാപയതു ഇതി തഥാ സോമ്യ ഇതി ഹോവാച.

ജഗത്തിന്റെ മൂലമായി മേൽപറഞ്ഞ സത്തെന്നു പറയുന്ന അണുഭാവമാണ് ഈ ജഗത്തിന്റെയെല്ലാം ആത്മാവായിരിക്കുന്നത്. അതുതന്നെയാണ് സത്യമായിട്ടുള്ളത്. അതുതന്നെയാണ് ജഗത്തിന്റെ ആത്മാവ്. അല്ലയോ ശ്വേതകേതോ അത് നീയാകുന്നു. എന്ന് ആരുണി പറഞ്ഞു. ''ഭഗവൻ വീണ്ടും എനിക്ക മനസ്സിലാക്കിത്തന്നാലും'' എന്ന ശ്വേതകേതു പറഞ്ഞു. ഹേ സോമ്യ, അങ്ങനെയാകട്ടെ എന്ന് ഉദ്ദാലകൻ പറഞ്ഞു.

# ആറാം അദ്ധ്യായം

## പതിനൊന്നാം ഖണ്ഡം

1. അസ്യ സോമ്യ മഹതഃ വൃക്ഷസ്യ യഃ മൂലേ അഭ്യാഹന്യാത് ജീവൻ സ്രവേത് യഃ മധ്യേ അഭ്യാഹന്യാത് ജീവൻ സ്രവേത് യഃ അഗ്രേഭ്യാഹന്യാത് ജീവൻ സ്രവേത് സ

- ഏഷ ജീവേന ആത്മനാ നുപ്രഭൂതഃ പേപീയമാനഃ മോദമാനഃ തിഷ്ഠതി.

ഹേ സോമ്യ, ഈ മഹാവൃക്ഷത്തിന്റെ ചുവട്ടിൽ ആരെങ്കിലും മുറിവേൽപിച്ചാൽ അതു് ഉണങ്ങിപ്പോകുന്നില്ല. ജീവനോടിരുന്നു രസത്തെ് സ്രവിക്കുന്നു. അതേപ്രകാരം ആരെങ്കിലും മധ്യഭാഗത്തു മുറിവേൽപിക്കുകയാണെങ്കിൽ അതു് ജീവിച്ചിരുന്ന് രസം സ്രവിക്കുന്നു. ആരെങ്കിലും മുകം ഭാഗത്ത് മുറിവേൽപിക്കുകയാണെങ്കിലും അതു് ജീവിച്ചിരുന്ന് രസം സ്രവിക്കുന്നു. അതു് അപ്പോഴും, ജീവാത്മാവിൽ വ്യാപിച്ചിരിക്കുന്ന ജലം പാനം ചെയ്തുകൊണ്ട് ജീവിച്ചിരിക്കുന്നു.

2. അസ്യ യദ് ഏകാം ശാഖാം ജീവഃ ജഹാതി അഥ സാ ശുഷ്യതി ദ്വിതീയാം ജഹാതി അഥ സാ ശുഷ്യതി തൃതീയാം ജഹാതി അഥ സാ ശുഷ്യതി സർവം ജഹാതി സർവഃ ശുഷ്യതി.

ഈ വൃക്ഷത്തിന്റെ ഒരു ശാഖയുടെ ജീവൻ വിട്ടുപോയാൽ അതു ഉണങ്ങിപ്പോകുന്നു. രണ്ടാമത്തേതിനെ വിട്ടുപോയാൽ അതു് ഉണങ്ങിപ്പോകുന്നു. മൂന്നാമത്തേതിനെ വിട്ടുപോയാൽ അതു ഉണങ്ങിപ്പോകുന്നു. വൃക്ഷം മുഴുവന്റേയും ജീവൻ നഷ്ടമായാൽ വൃക്ഷം മുഴുവനും ഉണങ്ങിപ്പോകുന്നു.

3. ഏവമേവ ഖലു സോമ്യ വിദ്ധി ഇതി ഹോവാച ജീവാപേതം വാവ കില ഇദം മ്രിയതേ ന ജീവഃ മ്രിയത ഇതി. സ യ ഏഷ അണിമാ ഏതത് ആത്മ്യ മിദം സർവം തത് സത്യം സ ആത്മാ തത്ത്വമസി ശ്വേതകേതോ ഇതി ഭൂയ ഏവ മാ ഭഗവാൻ വിജ്ഞാപയതു ഇതി തഥാ സോമ്യ ഇതി ഹോവാച.

പിതാവു പറഞ്ഞു. ഹേ സോമ്യ, ജീവരഹിതമായ ഈ ശരീരമാണ് മരിക്കുന്നതു്. ജീവൻ മരിക്കുന്നില്ല. ജഗത്തിന്റെ മൂലമായി മേൽപറഞ്ഞ സത്തെന്നു പറയുന്ന അണുഭാവമാണ് ഈ ജഗത്തിന്റെയെല്ലാം ആത്മാവായിരിക്കുന്നതു്. അതുതന്നെയാണ് സത്യമായിട്ടുള്ളതു്. അതുതന്നെയാണ് ജഗത്തിന്റെ ആത്മാവ്. ഹേ ശ്വേതകേതോ അതു നീയാകുന്നു. എന്നു ആരുണി പറഞ്ഞു. ഭഗവൻ എനിക്ക് വീണ്ടും മനസ്സിലാക്കിത്തന്നാലും എന്നു ശ്വേതകേതു പറഞ്ഞു. അങ്ങനെയാകട്ടെ എന്നു പിതാവു പറഞ്ഞു.

# ആറാം അദ്ധ്യായം

## പന്ത്രണ്ടാം ഖണ്ഡം

1. ന്യഗ്രോധ ഫലമതഃ ആഹര ഇതി ഇദം ഭഗവ ഇതി ഭിന്ധി ഇതി ഭിന്നം ഭഗവ ഇതി കിമത്ര പശ്യസി ഇതി അണ്വ്യ

ഇവേമാ ധാനാഃ ഭഗവ ഇതി ആസാം അംഗേ ഏകാം ഭിൻദ്ധി ഇതി ഭിന്നാ ഭഗവ ഇതി കിമത്ര പശ്യസി ഇതി ന കിഞ്ചന ഭഗവ ഇതി.

ഹേ ശ്വേതകേതോ വടവൃക്ഷത്തിൻെറ ഒരു ഫലം എടുത്തു കൊണ്ടുവരു. ''ഭഗവൻ ഇതാ കൊണ്ടുവന്നു'' ഇതിനെ പൊട്ടിക്ക, ഭഗവൻ പൊട്ടിച്ചു.'' എന്തു കാണുന്നു? ഭഗവൻ അനേകം സൂക്ഷ്മങ്ങളായ ബീജങ്ങൾ കാണുന്നു. ഈ ബീജങ്ങളിൽ ഒന്നെടുത്തു പൊട്ടിക്കൂ. ഭഗവൻ പൊട്ടിച്ചു. അതിൽ എന്തു കാണുന്നു? ഭഗവൻ ഇതിൽ ഒന്നും കാണുന്നില്ല.

2. തം ഹോവാച യം വൈ സോമ്യ ഏതം അണിമാനം ന നിഭാലയ സ ഏതസ്യ വൈ സോമ്യ ഏഷ അണിമ്ന ഏവം മഹാൻ ന്യഗ്രോധഃ തിഷ്ഠതി ശ്രദ്ധസ്വ സോമ്യ ഇതി.

പിതാവു് അവനോടു പറഞ്ഞു— ഹേ സോമ്യ, സൂക്ഷ്മമായ ഈ വടവൃക്ഷ ബീജത്തിൻെറ അതി സൂക്ഷ്മമായ ഭാവത്തെ നിനക്കു കാണുവാൻ സാധ്യമല്ല. അതിൽ നിന്നുമാണ് വിശാലമായ വടവൃക്ഷം മുളയ്ക്കുന്നത്. ഹേ സോമ്യ അതു് സൂക്ഷ്മമായ ആത്മാവുതന്നെയാണ്. ഹേ ശ്വേതകേതോ ഇതു് ശ്രദ്ധിക്കുക.

3. സ യ ഏഷാ അണിമാ ഏതദ് ആത്മ്യമിദം സർവം തത് സത്യം സ ആത്മാ തത്ത്വമസി ശ്വേതകേതോ ഇതി ഭൂയ ഏവ മാ ഭഗവാൻ വിജ്ഞാപയത്വിതി തഥാ സോമ്യ ഇതി ഹോവാച.

ജഗത്തിൻെറ മൂലമായി മേൽപറഞ്ഞ സത്തെന്നു പറയുന്ന അണുഭാവമാണ് ഈ ജഗത്തിൻെറയെല്ലാം ആത്മാവായിരിക്കുന്നതു്. അതുതന്നെയാണ് ജഗത്തിൻെറ ആത്മാവ്. ഹേ ശ്വേതകേതോ അതു നീയാകുന്നു എന്ന് ആരുണി പറഞ്ഞു. ഭഗവൻ വീണ്ടും എനിക്കു മനസ്സിലാക്കിത്തന്നാലും എന്നു ശ്വേതകേതു പറഞ്ഞു. ഹേ സോമ്യ അങ്ങനെയാകട്ടെ എന്ന് ഉദ്ദാലകൻ പറഞ്ഞു.

# ആറാം അദ്ധ്യായം

## പതിമൂന്നാം ഖണ്ഡം

1. ലവണം ഏതദ് ഉദകേ അവധായ അഥ മാ പ്രാതരുപസീദഥാഃ ഇതി സ ഹ തഥാ ചകാര തം ഹോവാച യത് ദോഷാ ലവണം ഉദകേ അവാധാഃ അംഗ തത് ആഹര ഇതി തത് ഹ അവമൃശ്യ ന വിവേദ.

2. യഥാ വിലീനം ഏവ അംഗ അസ്യ അന്താത് ആചാമേതി

**കഥമിതി ലവണമിതി മധ്യാത് ആചാമ ഇതി കഥമിതി ലവണമിതി അന്താത് ആചാമ ഇതി കഥമിതി ലവണം ഇതി അഭിപ്രാസ്യ ഏതദ് അഥ മാ ഉപസീദഥാഃ ഇതി തത് ഹ തഥാ ചകാര തത് ശശ്വത് സംവർത്തതേ തം ഹോവാച അത്ര വാവ കില സത് സോമ്യ ന നിഭാലയസേ അത്ര ഏവ കില ഇതി.**

ഉദ്ദാലകൻ പറഞ്ഞു. ഈ ഉപ്പുകഷണം ജലപാത്രത്തിൽ ഇട്ടിട്ടു എന്റെ അടുക്കൽ വരു. ശ്വേതകേതു പിതാവ് പറഞ്ഞ പ്രകാരം ചെയ്തിട്ടു പിറ്റെ ദിവസം രാവിലെ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. പിതാവ് പറഞ്ഞു. ഹേ പുത്ര നീ ഇന്നലെ രാത്രി ജലപാത്രത്തിൽ ഇട്ട ഉപ്പ് എടുത്തു കൊണ്ടുവരു. അവൻ അന്വേഷിച്ചിട്ടു അതു കിട്ടിയില്ല. അതു മുഴുവനും വെള്ളത്തിൽ ലയിച്ചു കഴിഞ്ഞിരുന്നു.

ഹേ പുത്ര, വെള്ളത്തിൽ ലയിച്ച ഉപ്പിനെ കാണാൻ നീ ശക്തനല്ല. അറിയണമെന്നാഗ്രഹമുണ്ടെങ്കിൽ ആ ജലത്തെ ആചമിച്ചു നോക്കു. പുത്രൻ ആചമിച്ചതിനുശേഷം പിതാവു ചോദിച്ചു. എങ്ങനെ ഇരിക്കുന്നു. ശ്വേതകേതു പറഞ്ഞു— ഉപ്പുരസമുള്ളതായിരിക്കുന്നു. ഇനി മധ്യഭാഗത്തുനിന്നും ജലം എടുത്ത് ആചമിച്ചു നോക്കു, എങ്ങനെയിരിക്കുന്നു എന്നു'' ഇതും ഉപ്പുരസമുള്ളതായിരിക്കുന്നു. ഇനി, അടിഭാഗത്തുനിന്നും ജലമെടുത്ത് ആചമിച്ചു നോക്കു. എങ്ങനെ ഇരിക്കുന്നു എന്ന്. ''ഇതും ഉപ്പുരസമുള്ളതുതന്നെ. ആകട്ടെ ഇനി വെള്ളത്തെ ദൂരെ എറിഞ്ഞിട്ടു എന്റെ അടുക്കൽ വരു. ശ്വേതകേതു അപ്രകാരം ചെയ്തിട്ടു പിതാവിനോടു പറഞ്ഞു, ആ വെള്ളത്തിൽ ഉപ്പ് സർവ്വത്ര ഉണ്ടായിരുന്നു. പിതാവു പറഞ്ഞു. ഹേ സോമ്യ, ഇങ്ങനെതന്നെയാണ് ഈ ശരീരത്തിൽത്തന്നെയുള്ള സത്തിനെ നിനക്കു കാണാൻ സാധിക്കാത്തതു്— ഇക്കാര്യം മറ്റൊരു ഉപായം കൊണ്ടു നിനക്കു മനസ്സിലാക്കിത്തരാം.

**3. സ യ ഏഷഃ അണിമാ ഏതദ് ആത്മ്യമിദം സർവം തത് സത്യം സ ആത്മാ തത്ത്വമസി ശ്വേതകേതോ ഇതി ഭൂയ ഏവ മാ ഭഗവാൻ വിജ്ഞാപയതു ഇതി തഥാ സോമ്യ ഇതി ഹോവാച.**

ജഗത്തിന്റെ മൂലമായി മേൽപറഞ്ഞ സത്തെന്നു പറയുന്ന അണുഭാവമാണ് ഈ ജഗത്തിന്റെയെല്ലാം ആത്മാവായിരിക്കുന്നത്. അതുതന്നെയാണ് സത്യമായിട്ടുള്ളതു്. അതുതന്നെയാണ് ജഗത്തിന്റെ ആത്മാവ്. ഹേ ശ്വേതകേതോ അതു നീയാകുന്നു. എന്ന് ആരുണി പറഞ്ഞു. ഭഗവൻ വീണ്ടും എനിക്ക മനസ്സിലാക്കിത്തന്നാലും, എന്നു ശ്വേതകേതു പറഞ്ഞു. ഹേ സോമ്യ അങ്ങനെയാകട്ടെ എന്നു ഉദ്ദാലകൻ പറഞ്ഞു.

# ആറാം അദ്ധ്യായം

## പതിന്നാലാം ഖണ്ഡം

1. യഥാ സോമ്യ പുരുഷം ഗന്ധാരേഭ്യഃ അഭിനദ്ധാക്ഷം ആനീയ തം തതഃ അതിജനേ വിസൃജേത്സ യഥാ തത്ര പ്രാങ്ങ്വാ ഉദങ്ങ്വാ അധരാങ്ങ് വാ പ്രത്യങ്ങ് വാ പ്രധ്മായീതാഭിനദ്ധാക്ഷഃ ആനീതഃ അഭിനദ്ധാക്ഷഃ വിസൃഷ്ടഃ.

2. തസ്യ യഥാ അഭിനഹനം പ്രമുച്യ പ്രബ്രൂയാത് ഏതാം ദിശം ഗന്ധാരാ ഏതാം ദിശം വ്രജേതി സ ഗ്രാമാത് ഗ്രാമം പൃച്ഛൻ പണ്ഡിതഃ മേധാവീ ഗന്ധാരാൻ ഏവ ഉപസമ്പദ്യേത ഏവം ഏവ ഇഹ ആചാര്യവാൻ പുരുഷഃ വേദ തസ്യ താവദേവ ചിരം യാവത് ന വിമോക്ഷ്യേ അഥ സമ്പത്സ്യ ഇതി.

ഹേ സോമ്യ ഒരു പുരുഷനെ ഗന്ധാരദേശത്തുനിന്നും അവന്റെ കണ്ണുകൾ കെട്ടി ആരെങ്കിലും കൊണ്ടുവന്ന്, അപ്രകാരം തന്നെ (കണ്ണിലെ കെട്ടഴിക്കാതെതന്നെ) ഒരു വിജന പ്രദേശത്ത് ഉപേക്ഷിക്കയാണെങ്കിൽ അവൻ കിഴക്കോട്ടും, വടക്കോട്ടും തെക്കോട്ടും പടിഞ്ഞാറോട്ടും അഭിമുഖമായി നിന്നുകൊണ്ട്, "എന്റെ കണ്ണുകൾ കെട്ടി എന്നെ ഇവിടെ കൊണ്ടുവന്നിരിക്കുന്നു. അതേപടി ഉപേക്ഷിച്ചിരിക്കുന്നു. എന്ന് നിലവിളിക്കുകയും ചെയ്യുന്നു. ആ പുരുഷന്റെ കണ്ണിലെ കെട്ട്മാററി, മറെറാരു വ്യക്തി അവനോട് ഗന്ധാരദേശം, ഈ ദിക്കിലാണ്, ഇതിലേ പോകുക എന്നു പറഞ്ഞാൽ, ബുദ്ധിമാനും, ഗുരൂപദേശം സിദ്ധിച്ചവനുമായ വ്യക്തി ചോദിച്ചു ചോദിച്ച് ഒരു ഗ്രാമത്തിൽനിന്നും മറെറാരു ഗ്രാമത്തിലെന്ന മുറയ്ക്ക പോയി ക്രമേണ ഗന്ധാര ദേശത്തിൽതന്നെ ചെന്നുചേരുന്നു. അതുപോലെതന്നെ ആചാര്യവാനായ പുരുഷനും അറിയുന്നു. അവന് ശരീരം വിടുന്നതുവരെ മാത്രമേ താമസമുള്ളു. ശരീരം വിട്ടാൽ അവൻ സത്തിൽ ഏകീഭവിക്കുന്നു.

3. സ യ ഏഷഃ അണിമാ ഏതദ് ആത്മ്യം ഇദം സർവം തത് സത്യം സ ആത്മാ തത്ത്വമസി ശ്വേതകേതോ ഇതി ഭൂയ ഏവ മാ ഭഗവാൻ വിജ്ഞാപയതു ഇതി തഥാ സോമ്യ ഇതി ഹോവാച.

ജഗത്തിന്റെ മൂലമായി മേൽപറഞ്ഞ സത്തെന്നു പറയുന്ന അണുഭാവമാണ് ഈ ജഗതതിന്റെയെല്ലാം ആത്മാവായിരിക്കുന്നത്. അതുതന്നെയാണ് സത്യമായിട്ടുള്ളത്. അതുതന്നെയാണ് ജഗത്തിന്റെ ആത്മാവ്.

ഹേ, ശ്വേതകേതോ അതു് നീയാകുന്നു. എന്ന് ആരുണി പറഞ്ഞു. ഭഗവൻ വീണ്ടുംഎനിക്കു മനസ്സിലാക്കിത്തന്നാലും എന്നു ശ്വേതകേതു പറഞ്ഞു. ഹേ സൗമ്യ, അങ്ങനെയാകട്ടെ എന്ന് ഉദ്ദാലകൻ പറഞ്ഞു.

# ആറാം അദ്ധ്യായം

## പതിനഞ്ചാം ഖണ്ഡം

1. പുരുഷം സോമ്യ ഉപതാപിനം ജ്ഞാതയ: പര്യുപാസതേ ജാനാസി മാം ജാനാസി മാമിതി തസ്യ യാവന്നവാങ് മനസി സമ്പദ്യതേ മനഃ പ്രാണേ പ്രാണഃ തേജസി തേജഃ പരസ്യാം ദേവതായാം താവത് ജാനാതി.

ഹേ, സോമ്യ, ജ്വരാദി രോഗപീഡിതനായി ആസന്ന മരണനായിക്കിടക്കുന്ന ഒരു പുരുഷനെ അവന്റെ ബന്ധുക്കളും മററും വളഞ്ഞുനിന്നുകൊണ്ട് ചോദിക്കുകയാണ്, ‹ എന്നെ തിരിച്ചറിയുന്നോ ? എന്നെ തിരിച്ചറിയുന്നോ എന്ന്. എന്നാൽ വാക്ക് മനസ്സിലും, മനസ്സ് പ്രാണനിലും, പ്രാണൻ തേജസ്സിലും, തേജസ്സ് പരയായ ദേവതയിലും ലയിക്കാതിരിക്കുന്നിടത്തോളം അവൻ എല്ലാവരെയും അറിയുന്നു.

2. അഥ യദാ അസ്യ വാങ്മനസി സമ്പദ്യതേ, മനഃ പ്രാണേ പ്രാണഃ തേജസി തേജഃ പരസ്യാം ദേവതായാം അഥ ന ജാനാതി.

പിന്നെ, മരിക്കാൻ കിടക്കുന്നവന്റെ വാക്ക് മനസ്സിലും മനസ്സ് പ്രാണനിലും പ്രാണൻ തേജസ്സിലും തേജസ്സ് പരയായ ദേവതയിലും ഏകീഭവിക്കുമ്പോൾ അറിയുന്നില്ല.

3. സ യ ഏഷ അണിമാ ഏതത് ആത്മ്യമിദം സർവ്വം തത് സത്യം സ ആത്മാ തത് ത്വം അസി ശ്വേതകേതോ ഇതി ഭൂയ ഏവമാ ഭഗവാൻ വിജ്ഞാപയതു ഇതി തഥാ സോമ്യേതി ഹോവാച.

ജഗത്തിന്റെ മൂലമായി മേൽ പറഞ്ഞ സത്തെന്നു പറയുന്ന അണുഭാവമാണ് ഈ ജഗത്തിന്റെയെല്ലാം ആത്മാവായിരിക്കുന്നതു്. അതുതന്നെയാണുസത്യമായിട്ടുള്ളതു്. അതുതന്നെയാണ് ജഗത്തിന്റെ ആത്മാവ്. ഹേ, ശ്വേതകേതോ, അതു നീയാകുന്നു. എന്ന് ആരുണി പറഞ്ഞു. ഭഗവാനേ വീണ്ടും എനിക്കു മനസ്സിലാക്കിത്തന്നാലും എന്നു ശ്വേതകേതു പറഞ്ഞു. ഹേ, സോമ്യ, അങ്ങനെയാകട്ടെ എന്ന് ഉദ്ദാലകൻ പറഞ്ഞു.

# ആറാം അദ്ധ്യായം

## പതിനാറാം ഖണ്ഡം

1. പുരുഷം സോമ്യ ഉത ഹസ്ത ഗൃഹീതമാനയന്തി അപ ഹാർഷീത് സ്തേയമകാർഷീത് പരശും അസ്മൈ തപത ഇതി സ യദി തസ്യ കർത്താ ഭവതി തദ് ഏവ അനൃതം ആത്മാനം കുരുതേ സഃ അനൃതാഭി സന്ധഃ അനൃതേന ആത്മാനം അന്തർധായ പരശും തപ്തം പ്രതി ഗൃഹ്ണാദി സ ദഹ്യതേ അഥ ഹന്യതേ.

ഹേ സോമ്യ, ഒരു പുരുഷനെ ബദ്ധഹസ്തനായി (കൈകറം ബന്ധിച്ചവനായി) (രാജപുരുഷൻമാർ) കൊണ്ടുവരുന്നു. 'ഇവൻ ധനം അപഹരിച്ചു, മോഷ്ടിച്ചു, ഇവനുവേണ്ടി മഴുവിനെ പഴുപ്പിക്കുവിൻ' എന്ന് പറയുന്നു. അവൻ മോഷ്ടിച്ചു എങ്കിൽ അതിനാൽത്തന്നെ അവൻ അവനെ കള്ളനാക്കുന്നു. കള്ളമായ അഭിസന്ധിയോടു കൂടിയ അവൻ അനൃതം കൊണ്ട് സ്വയം മറച്ചിട്ട് പഴുപ്പിച്ച മഴുവിനെ കയ്യിൽ വാങ്ങുന്നു. അപ്പോറം അവൻ ദഹിക്കുകയും കൊല്ലപ്പെടുകയും ചെയ്യുന്നു.

2. അഥ യദി തസ്യ അകർത്താ ഭവതി തഥ ഏവ സത്യം ആത്മാനം കുരുതേ സ സത്യാഭിസന്ധഃ സത്യേന ആത്മാനം അന്തർധായ പരശും തപ്തം പ്രതിഗൃഹ്ണാതി സ ന ദഹ്യതേ അഥ മുച്യതേ.

പിന്നെ അവൻ മോഷ്ടാവല്ലെങ്കിൽ സ്വയം നിരപരാധിയാണെന്ന് സമർത്ഥിക്കുന്നു. സത്യമായ അഭിസന്ധിയോടുകൂടിയ അവൻ സത്യം കൊണ്ട് അവനവനെ മറച്ചിട്ട് പഴുപ്പിച്ച മഴുവിനെ വാങ്ങുന്നു. അപ്പോറം അവൻെറ കൈ വേവുന്നില്ല. തൻെറ മേൽ വ്യാജമായി ആരോപിച്ച അപരാധത്തിൽ നിന്ന് അവൻ മുക്തനായിത്തീരുന്നു. (അതായത് പഴുത്ത മഴുവിനും കൈത്തലത്തിനും തമ്മിലുള്ള സംയോഗം രണ്ടുപേർക്കും തുല്യമാണെങ്കിലും മോഷ്ടിച്ചവൻെറ കൈ വേവുകയും മോഷ്ടിക്കാത്തവൻെറ കൈ വേവാതിരിക്കുകയും ചെയ്യുന്നു.)

3. സ യഥാ തത്ര ന അദാഹ്യേത ഏതത് ആത്മ്യമിദം സർവ്വം തത് സത്യം സ ആത്മാ തത്ത്വമസി ശ്വേതകേതോ ഇതി തദ്ധാസ്യ വിജജ്ഞാവിതി വിജജ്ഞാവിതി

സത്യത്തിൽ അഭിസന്ധിയോടു കൂടിയവന് തപ്തപരശുഗ്രഹണം കൊണ്ട് കൈത്തലം വേവാതിരിക്കുന്നതു പോലെയാണ് ഇതും. ജഗത്തി

ൻെറ മൂലമായി മേൽ പറഞ്ഞ സത്തെന്നു പറയുന്ന അണുഭാവമാണ് ഈ ജഗത്തിൻെറയെല്ലാം ആത്മാവായിരിക്കുന്നതു്. അതുതന്നെയാണ് സത്യം. അതുതന്നെയാണ് ജഗത്തിൻെറ ആത്മാവ്. ഹേ ശ്വേതകേതോ അതു നീയാകുന്നു. പിതാവിൻെറ ആ വചനത്തെ ശ്വേതകേതു മനസ്സിലാക്കി.

# ഏഴാം അദ്ധ്യായം

## ഒന്നാം ഖണ്ഡം

1. **ഓം അധീഹി ഭഗവ ഇതി ഹ ഉപസസാദ സനത്കുമാരം നാരദഃ തം ഹോവാച യത് വേത്ഥ തേന മാ ഉപസീദ തതസ്ത ഊർദ്ധ്വം വക്ഷ്യാമി ഇതി.**

(നാരദൻ ഒരു ദേവർഷിയും കർത്തവ്യങ്ങളെല്ലാം അനുഷ്ഠിച്ച് തീർത്തിട്ടുള്ള ആളും എല്ലാ വിദ്യയും അറിഞ്ഞിട്ടുള്ളവനുമായിരുന്നിട്ടും ആത്മജ്ഞാനം ഇല്ലാത്തതിനാൽ ദുഃഖിതനായിത്തീർന്നു. ഒരു ദിവസം അദ്ദേഹം ബ്രഹ്മനിഷ്ഠനായ സനൽകുമാരനെ സമീപിച്ച് ''ഭഗവാനേ എന്നെ അദ്ധ്യയനം ചെയ്യിച്ചാലും എന്നു പറഞ്ഞു. ആത്മജ്ഞാനമല്ലാതെ നിരതിശയമായ ശ്രേയസ്സിന് സാധനമായി വേറൊന്നില്ലെന്ന് കാണിക്കുവാനാണ് സനത് കുമാര നാരദസംവാദം ചേർത്തിരിക്കുന്നതു്)

നാരദൻ അധീഹി ഭഗവഃ (ഭഗവാനേ അദ്ധ്യയനം ചെയ്യിച്ചാലും) എന്നുള്ള മന്ത്രംകൊണ്ട് സനത്കുമാരനെ സമീപിച്ചു. അദ്ദേഹത്തോട് സനത്കുമാരൻ പറഞ്ഞു. അങ്ങേയ്ക്ക് എന്തറിയാമോ അതിനെ വെളിപ്പെടുത്തിക്കൊണ്ട് എന്നെ സമീപിക്കുക. അതിനു മേലുള്ളതെല്ലാം ഞാൻ അങ്ങേയ്ക്ക് പറഞ്ഞു തരാം.

2. **സഹോവാച;— ഋഗ്വേദം ഭഗവഃ അധ്യേമി യജുർവേദം സാമവേദം ആഥർവണം ചതുർത്ഥം ഇതിഹാസപുരാണം പഞ്ചമം വേദാനാംവേദം പിത്ര്യം രാശിം ദൈവം നിധിം വാകോവാക്യം ഏകായനം ദേവവിദ്യാം ബ്രഹ്മവിദ്യാം ഭൂതവിദ്യാം ക്ഷത്രവിദ്യാം നക്ഷത്രവിദ്യാം സർപ്പദേവജന വിദ്യാം ഏതത് ഭഗവഃ അധ്യേമി.**

അദ്ദേഹം (നാരദൻ) പറഞ്ഞു ''ഭഗവാനേ എനിക്കു ഋഗ്വേദത്തെ അറിയാം. യജുർവേദത്തെയും സാമവേദത്തെയും, നാലാമത്തെ വേദമായ അഥർവണത്തെയും, ഇതിഹാസ പുരാണത്തെയും, പഞ്ചമവേദമായ ഭാരതത്തെയും, വേദങ്ങളുടെയും വേദമായ വ്യാകരണത്തെയും, ശ്രാദ്ധകൽപത്തെയും, ഗണിതശാസ്ത്രത്തെയും, ഉൽപാതജ്ഞാനത്തെയും നിധിശാസ്ത്രത്തെയും തർക്കശാസ്ത്രത്തെയും, നീതിശാസ്ത്രത്തെയും നിരുക്തത്തെയും, ശിക്ഷാകൽപം, ഛന്ദശ്ചിതി ഇവയേയും, ഭൂതതന്ത്രത്തെയും, ധനുർ

വേദത്തെയും, ജ്യൗതിഷത്തെയും സർപ്പവിദ്യയും (ഗാരുഡം) ദേവജനവിദ്യയും - ഇതെല്ലാം ഭഗവാനേ എനിക്കറിയാം.

3. **സഃ അഹം ഭഗവഃ മന്ത്രവിത് ഏവ അസ്മി ന ആത്മവിത് ശ്രുതം ഹി ഏവ മേ ഭഗവദ് ദൃശേഭ്യഃ തരതി ശോകം ആത്മവിത് ഇതി സ അഹം ഭഗവഃ ശോചാമി തം മാ ഭഗവാൻ ശോകസ്യപാരം താരയതു ഇതി തം ഹോവാച; യദ്വൈ കിം ച ഏതത് അദ്ധ്യഗീഷ്ഠാഃ നാമ ഏവ വൈ തത്.**

അല്ലയോ ഭഗവാനേ, അങ്ങനെയുള്ള ഞാൻ മന്ത്രവിത്തു മാത്രമേ ആകുന്നുള്ളൂ. ആത്മവിത്ത് അല്ല. എന്തെന്നാൽ ആത്മജ്ഞാനി ശോകത്തെ തരണം ചെയ്യുന്നു എന്ന് ഭഗവാനെപ്പോലെയുള്ളവരിൽനിന്ന് ഞാൻ കേട്ടിട്ടുണ്ട്. ഭഗവാനേ, അങ്ങനെയുള്ള ഞാൻ ദുഃഖിതനാണ്. അങ്ങനെ ദുഃഖിതനായ എന്നെ ഭഗവാൻ ശോകത്തിന്റെ അക്കരെ കടത്തിയാലും. സനത്കുമാരൻ നാരദനോട് പറഞ്ഞു. 'നാരദ, അങ്ങ് ഈ പഠിച്ചിട്ടുള്ളതെല്ലാം കേവലം നാമം മാത്രമാണ്.'

4. **നാമ വാ ഋഗ്വേദഃ യജുർവേദഃ സാമവേദഃ അഥർവണശ്ചതുർത്ഥ ഇതിഹാസ പുരാണഃ പഞ്ചമോ വേദാനാം വേദഃ പിത്ര്യോ രാശിഃ ദൈവോ നിധിഃ വാകോവാക്യം ഏകായനം ദേവവിദ്യാ ബ്രഹ്മവിദ്യാ ഭൂതവിദ്യാ ക്ഷത്രവിദ്യാ നക്ഷത്രവിദ്യാ സർപ്പദേവജനവിദ്യാ നാമ ഏവ ഏതദ് നാമഃ ഉപാസ്സ്വ ഇതി.**

ഋഗ്വേദം നാമമാകുന്നു. യജുർവേദം, സാമവേദം, നാലാമത്തെ വേദമായ അഥർവണം, ഇതിഹാസ പുരാണം, അഞ്ചാമത്തെ വേദമായ ഭാരതം, വേദങ്ങളുടെയും വേദമായ വ്യാകരണം, ശ്രാദ്ധകൽപം, ഗണിത ശാസ്ത്രം, ഉൽപാത ശാസ്ത്രം, നിധിശാസ്ത്രം, തർക്കശാസ്ത്രം, നീതി ശാസ്ത്രം, നിരുക്തം ശിക്ഷ, കൽപം, ഛന്ദശ്ചിതി, ഭൂതതന്ത്രം, ധനുർവ്വേദം, ജ്യൗതിഷം, സർപ്പവിദ്യ, ദേവജനവിദ്യ ഇതെല്ലാം നാമം തന്നെയാകുന്നു. അതുകൊണ്ട് ഹേ നാരദ, അങ്ങ് നാമത്തെ ഉപാസിക്കുക. [ഋഗ്വേദം, യജുർവേദം മുതലായതെല്ലാം നാമമാത്രമാണ് വിഷ്ണുവെന്നുള്ള വിചാരത്തോടുകൂടി പ്രതിമയെ ഉപാസിക്കുന്നതുപോലെ ബ്രഹ്മമെന്നുള്ള വിചാരത്തോടുകൂടി നാമത്തെ ഉപാസിക്കുക.]

5. **സഃ യ നാമ ബ്രഹ്മ ഇതി ഉപാസ്തേ യാവത് നാമ്നഃ ഗതം തത്ര അസ്യ യഥാകാമചാരഃ ഭവതി യഃ നാമഃ ബ്രഹ്മ ഇതി ഉപാസ്തേ അസ്തി ഭഗവഃ നാമ്നഃ**

ഭൂയ ഇതി നാമ്നഃ വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.

അങ്ങനെ നാമത്തെ ബ്രഹ്മമെന്നുവച്ച് ഉപാസിക്കുന്നവന് ഏതുവരെയാണൊ നാമത്തിനു ഗോചരമുള്ളത് അതുവരെ ഇഷ്ടംപോലെ സഞ്ചരിക്കുവാൻ സാധിക്കുന്നു.

നാരദൻ :- ഭഗവാനേ, നാമത്തേക്കാൾ കൂടിയതു എന്തെങ്കിലുമുണ്ടോ ?
സനത്കുമാരൻ :- നാമത്തേക്കാൾ കൂടിയതു തീർച്ചയായും ഉണ്ട്.
നാരദൻ :— ഭഗവാനേ, അതെനിക്ക പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## രണ്ടാം ഖണ്ഡം

1. വാക് വാവ നാമ്നഃ ഭൂയസീ വാഗ്വാ ഋഗ്വേദം വിജ്ഞാപയതി യജുർവേദം സാമവേദം ആഥർവണം ചതുർത്ഥം ഇതിഹാസപുരാണം പഞ്ചമം വേദാനാംവേദം പിത്ര്യം രാശിം ദൈവം നിധിം വാകോവാക്യം ഏകായനം ദേവവിദ്യാം ബ്രഹ്മവിദ്യാം ഭൂതവിദ്യാം ക്ഷത്രവിദ്യാം നക്ഷത്രവിദ്യാം സർപ്പദേവജനവിദ്യാം ദിവം ച പൃഥിവീം ച വായും ച ആകാശം ച ആപശ്ച തേജശ്ച ദേവാംശ്ച മനുഷ്യാംശ്ച പശൂംശ്ച വയാംസി ച തൃണവനസ്പതിം ച ശ്വാപദാന്യാ കീട പിപീലികം ധർമ്മം ച അധർമ്മം ച സത്യം ച അനൃതം ച സാധു ച അസാധു ച ഹൃദയജ്ഞം ച അഹൃദയജ്ഞം ച യദ്വൈ വാങ് ന അഭവിഷ്യന്ന ധർമ്മോ ന അധർമ്മോ വ്യജ്ഞാപയിഷ്യത് ന സത്യം നാനൃതം ന സാധു ന അസാധു നഹൃദയജ്ഞോ നഅഹൃദയജ്ഞോ വാ ഗേവ ഏതത് സർവം വിജ്ഞാപയതി വാചം ഉപാസ്സ്വ ഇതി.

സനത്കുമാരൻ :— അല്ലയോ നാരദ, "വാക്ക് (വാഗിന്ദ്രിയം) നാമത്തേക്കാൾ കൂടിയതാകുന്നു. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവണമെന്ന നാലാമത്തെ വേദം, ഇതിഹാസ പുരാണം, പഞ്ചമവേദമായ ഭാരതം, വേദങ്ങളുടെയും വേദമായ വ്യാകരണം, ശ്രാദ്ധകൽപം, ഗണിതം, ഉൽപാതശാസ്ത്രം, നിധിശാസ്ത്രം തർക്കശാസ്ത്രം, നീതിശാസ്ത്രം, നിരുക്തം, ശിക്ഷ കൽപം, ഛന്ദശ്ചിതി ഇവയും, ഭൂതതന്ത്രം, ധനുർവേദം, ജ്യൗതിഷം സർപ്പവിദ്യ, ദേവജനവിദ്യ ഇവയും ദ്യോവും പൃഥ്വി വായു ആകാശം, ജലം, തേജസ്സ് ദേവൻമാർ മനുഷ്യർ, പശുക്കൾ പക്ഷികൾ, തൃണങ്ങൾ,

വൃക്ഷങ്ങൾ, കീടങ്ങൾ, പതംഗങ്ങൾ, ഉറുമ്പുകൾ മുതലായവയും, ധർമ്മം, അധർമ്മം സത്യം, അസത്യം, സാധു, അസാധു, ഹൃദയത്തിനു പ്രിയമായിട്ടുള്ളത്, അല്ലാത്തത് എന്നിവയെ എല്ലാം അറിയിക്കുന്നതു്. വാക്കാണ്. വാക്ക് ഇല്ലായിരുന്നുവെങ്കിൽ ധർമ്മവും, അധർമ്മവും സത്യവും, അസത്യവും, സാധുവും, അസാധുവും, ഹൃദയപ്രിയമായിട്ടുള്ളതും, അല്ലാത്തതും അറിയപ്പെടുകയില്ലായിരുന്നു. വാക്ക് തന്നെയാണ് ഇതിനെയെല്ലാം അറിയിക്കുന്നതു്. അതുകൊണ്ട് അങ്ങ് വാക്കിനെ ഉപാസിക്കുക.

2. സഃ യഃ വാചം ബ്രഹ്മേത്യുപാസ്തേ യാവത് വാചഃ ഗതം തത്ര അസ്യ യഥാകാമചാരഃ ഭവതി യഃ വാചം ബ്രഹ്മേത്യുപാസ്തേ അസ്തിഭഗവഃ വാചഃ ഭൂയ ഇതി വാചഃ വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.

അങ്ങനെ വാക്കിനെ ബ്രഹ്മമെന്നുവച്ചു് ഉപാസിക്കുന്നവന് വാക്കിനു ഗമനം ഉള്ള ഇടം വരെ ഇഷ്ടംപോലെ സഞ്ചരിക്കുവാൻ സാധിക്കുന്നു.
നാരദൻ :— ഭഗവാനേ, വാക്കിനേക്കാൾ കൂടിയതായിട്ടു എന്തെങ്കിലുമുണ്ടോ ?
സനത്കുമാരൻ :— വാക്കിനേക്കാൾ കൂടിയതായിട്ടു തീർച്ചയായിട്ടും ഉണ്ട്.
നാരദൻ :— ഭഗവാനേ, അത് എനിക്കു പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## മൂന്നാം ഖണ്ഡം

1. മനഃ വാവ വാചഃ ഭൂയഃ യഥാ വൈ ദ്വേ വാ ആമലകേ ദ്വേ വാ കോലേ ദ്വൌ വാ അക്ഷൌ മുഷ്ടിഃ അനുഭവതി ഏവം വാചം ച നാമ ച മനഃ അനുഭവതി സഃ യദാ മനസാ മനസ്യതി മന്ത്രാൻ അധീയീയ ഇതി അഥ അധീതേ കർമ്മാണി കുർവീയ ഇതി അഥ കുരുതേ പുത്രാംശ്ച പശൂംശ്ച ഇച്ഛേയ ഇതി അഥ ഇച്ഛതേ ഇമം ച ലോകമമും ച ഇച്ഛേയ ഇതി അഥ ഇച്ഛതേ മനഃ ഹി ആത്മാ മനഃ ഹി ലോകാ മനഃ ഹി ബ്രഹ്മ മനഃ ഉപാസ്സ്വ ഇതി.

സനത്കുമാരൻ :— ഹേ നാരദ മനസ്സാണ് വാക്കിനേക്കാൾ അധികതരമായിട്ടുള്ളതു്. രണ്ടു നെല്ലിക്കയോ, രണ്ടു ലന്തക്കായോ, രണ്ടു താന്നിക്കായോ ചുരുട്ടിയ കൈ അനുഭവിക്കുന്നതുപോലെ വാക്കിനേയും, നാമത്തെയും, മനസ്സ് അനുഭവിക്കുന്നു. പുരുഷൻ, ''എനിക്ക് മന്ത്രങ്ങളെ അദ്ധ്യയനം ചെയ്യണം'' എന്നു മനസ്സുകൊണ്ട് വിവക്ഷിക്കുമ്പോൾ അദ്ധ്യയനം

ചെയ്യുന്നു. ''എനിക്ക് കർമ്മങ്ങൾ ചെയ്യണം'' എന്നു മനസ്സുകൊണ്ട് ചെയ്യുവാൻ ഇച്ഛിക്കുമ്പോൾ ചെയ്യുന്നു. പുത്രൻമാരെയും, പശുക്കളെയും ഇച്ഛിക്കണമെന്ന് മനസ്സിൽ വിചാരിക്കുമ്പോൾ ഇച്ഛിക്കുന്നു. ഈ ലോകത്തെയും, പരലോകത്തെയും, ഇച്ഛിക്കണമെന്നു വിചാരിക്കുമ്പോൾ ഇച്ഛിക്കുന്നു. മനസ്സാണ് ആത്മാവ്; മനസ്സാണ് ലോകം. മനസ്സാണ് ബ്രഹ്മം. അതുകൊണ്ട് ഹേ നാരദ, അങ്ങ് മനസ്സിനെ ഉപാസിക്കുക.

2. സഃ യഃ മനഃ ബ്രഹ്മേത്യുപാസ്തേ യാവത് മനസഃ ഗതം തത്ര അസ്യ യഥാകാമചാരഃ ഭവതി യഃ മനഃ ബ്രഹ്മേത്യുപാസ്തേ അസ്തി ഭഗവഃ മനസഃ ഭൂയഃ ഇതി മനസഃ വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.

അങ്ങനെ മനസ്സിനെ ബ്രഹ്മമെന്നുവച്ച് ഉപാസിക്കുന്നവന് മനസ്സിന് ഗമനമുള്ളതുവരെ യഥേഷ്ടം സഞ്ചരിക്കുവാൻ സാധിക്കുന്നു.

നാരദൻ :— ഭഗവാനേ, മനസ്സിനേക്കാൾ അധികതരമായിട്ടുള്ളത് ഉണ്ടോ ?

സനത്കുമാരൻ — മനസ്സിനേക്കാൾ അധികതരമായിട്ടുള്ളത് ഉണ്ട്.

നാരദൻ :— ഭഗവാനേ അത് എനിക്ക് പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## നാലാം ഖണ്ഡം

1. സങ്കല്പഃ വാവ മനസഃ ഭൂയാൻ യദാ വൈ സങ്കല്പയതേ അഥ മനസ്യതി അഥ വാചം ഈരയതി താമു നാമ്നി ഈരയതി നാമ്നി മന്ത്രാ ഏകം ഭവന്തി മന്ത്രേഷു കർമ്മാണി.

സനത്കുമാരൻ :— ഹേ നാരദ, സങ്കല്പമാണ് മനസ്സിനേക്കാൾ അധികതരമായിട്ടുള്ളത്. സങ്കല്പിച്ചതിനു ശേഷം മനസ്യനം എന്ന അന്തഃകരണ വ്യാപാരത്തെ ചെയ്യുന്നു. പിന്നീടു വാക്കിനെ പ്രേരിപ്പിക്കുന്നു. വാക്കിനെ നാമത്തിൻെറ വിഷയത്തിൽ പ്രേരിപ്പിക്കുന്നു. നാമത്തിൽ മന്ത്രങ്ങൾ അടങ്ങിയിരിക്കുന്നു. മന്ത്രങ്ങളിൽ കർമ്മങ്ങളും അന്തർലീനമായിരിക്കുന്നു.

[മനസ്യനം—ചെയ്യണമെന്നുള്ള വിചാരം]

2. താനിഹ വാ ഏതാനി സങ്കല്പൈകായനാനി സങ്കല്പാത്മകാനി സങ്കല്പേ പ്രതിഷ്ഠിതാനി സമക്ളുപതാം ദ്യാവാപൃഥിവീ സമകല്പേതാം വായുശ്ച ആകാശം ച സമകല്പന്ത ആപശ്ച തേജശ്ച തേഷാം സംക്ളുപ്ത്യൈ വർഷം സങ്കല്പതേ വർഷസ്യ സംക്ളുപ്ത്യൈ അന്നം സങ്കല്പതേ അന്നസ്യ സംക്ളുപ്ത്യൈ പ്രാണാഃ

സങ്കൽപ്പന്തേ പ്രാണാനാം സംക്ളുപ്ത്യൈ മന്ത്രാഃ സങ്കൽപ്പന്തേ; മന്ത്രാണാം സംക്ളുപ്ത്യൈ കർമ്മാണി സങ്കൽപ്പന്തേ കർമ്മണാം സംക്ളുപ്ത്യൈ ലോകഃ സങ്കൽപ്പതേ ലോകസ്യ സംക്ളുപ്ത്യൈ സർവം സങ്കൽപ്പതേ സ ഏഷ സങ്കൽപ്പഃ സങ്കൽപ്പം ഉപാസ്സ്വ ഇതി.

അങ്ങനെയുള്ള ഈ മനസ്സു മുതലായവ സങ്കൽപ്പമാകുന്ന ഒരേ ഗതിയോടു കൂടിയവയും സങ്കൽപ്പ സ്വരൂപങ്ങളും സങ്കൽപ്പത്തിൽ തന്നെ പ്രതിഷ്ഠിതങ്ങളുമാകുന്നു. ദ്യോവും, പൃത്ഥ്വിയും സങ്കൽപ്പിച്ചു. വായുവും ആകാശവും സങ്കൽപ്പിച്ചു. ജലവും തേജസ്സും സങ്കൽപ്പിച്ചു. ദ്യാവാപൃഥ്വ്യാദികളുടെ സങ്കൽപ്പം നിമിത്തം വർഷം സമർത്ഥമായിത്തീരുന്നു. വർഷത്തിൻെറ സങ്കൽപ്പത്താൽ അന്നം സമർത്ഥമായിത്തീരുന്നു. അന്നത്തിൻെറ സങ്കൽപ്പത്താൽ പ്രാണങ്ങൾ സമർത്ഥങ്ങളായിത്തീരുന്നു. പ്രാണങ്ങളുടെ സങ്കൽപ്പം നിമിത്തം മന്ത്രങ്ങൾ സമർത്ഥങ്ങളായിത്തീരുന്നു. കർമ്മങ്ങളുടെ സങ്കൽപ്പം നിമിത്തം ലോകം സമർത്ഥമായിത്തീരുന്നു. ലോകത്തിൻെറ സങ്കൽപ്പം നിമിത്തം സർവവും (ജഗത്തു മുഴുവനും) സമർത്ഥമായിത്തീരുന്നു. അങ്ങനെയുള്ളതാണ് ഈ സങ്കൽപ്പം. ഹേ നാരദ, അങ്ങ് സങ്കൽപ്പത്തെ ഉപാസിക്കുക.

[അനന്തരം സങ്കൽപ്പോപാസകനു സിദ്ധിക്കുന്ന ഫലത്തെപ്പററി പറയുന്നു.]

3. സഃ യഃ സങ്കൽപ്പം ബ്രഹ്മേത്യുപാസ്തേ ക്ളുപ്താൻ വൈ സ ലോകാൻ ധ്രുവാൻ ധ്രുവഃ പ്രതിഷ്ഠിതാൻ പ്രതിഷ്ഠിതഃ അവ്യഥമാനാൻ അവ്യഥമാനഃ അഭിസിദ്ധ്യതി യാവത് സങ്കൽപ്പസ്യ ഗതം തത്ര അസ്യ യഥാകാമചാരഃ ഭവതി യഃ സങ്കൽപ്പം ബ്രഹ്മേത്യുപാസ്തേ. അസ്തിഭഗവഃ സങ്കൽപ്പാത് ഭൂയ ഇതി സങ്കൽപ്പാത് വാവ ഭൂയഃ അസ്തി ഇതി. തത് മേ ഭഗവാൻ ബ്രവീതു ഇതി.

അങ്ങനെ സങ്കൽപ്പത്തെ ബ്രഹ്മമെന്നു വച്ച് ഉപാസിക്കുന്നവൻ കൽപ്പിക്കപ്പെട്ട നിത്യങ്ങളും ഉപകരണ സമ്പന്നങ്ങളും ശത്രുഭയാദികളില്ലാത്തവയും ആയ ലോകങ്ങളെ നിത്യനായും ആത്മീയോപകരണങ്ങൾ തികഞ്ഞവനായും, ശോക രഹിതനായും പ്രാപിക്കുന്നു. സങ്കൽപ്പത്തിന് എവിടം വരെ ഗമനമുണ്ടോ അവിടം വരെ അവന് യഥേഷ്ടം സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം സിദ്ധിക്കുന്നു.

നാരദൻ:— ഭഗവാനേ സങ്കൽപ്പത്തേക്കാൾ കൂടിയതായി എന്തെങ്കിലുമുണ്ടോ ?
സനത്കുമാരൻ:— സങ്കൽപ്പത്തേക്കാൾ കൂടിയതായി തീർച്ചയായും ഉണ്ട്.
നാരദൻ:— ഭഗവാനേ അതിനെ എനിക്കു പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## അഞ്ചാം ഖണ്ഡം

1. ചിത്തം വാവ സങ്കൽപ്പാദ് ഭൂയഃ യദാ വൈ ചേതയതേ അഥ സങ്കൽപ്പയതേ അഥ മനസ്യതി അഥ വാചം ഈരയതി താമു നാമ്നി ഈരയതി നാമ്നി മന്ത്രാ ഏകം ഭവന്തി മന്ത്രേഷു കർമ്മാണി.

ചിത്തം സങ്കൽപ്പത്തേക്കാൾ കൂടിയതാകുന്നു. ചേതനമെന്ന വ്യാപാരം ചെയ്യുമ്പോൾ സങ്കൽപ്പിക്കുന്നു. അതിനുശേഷം മനസ്യനം എന്ന വ്യാപാരത്തെ ചെയ്യുന്നു. അനന്തരം വാക്കിനെ പ്രേരിപ്പിക്കുന്നു. വാക്കിനെ നാമത്തിൽ പ്രേരിപ്പിക്കുന്നു. നാമത്തിൽ മന്ത്രങ്ങൾ ഒന്നായിത്തീരുന്നു. മന്ത്രങ്ങളിൽ കർമ്മങ്ങളും ഒന്നായിത്തീരുന്നു.

2. താനി ഹ വാ ഏതാനി ചിത്തൈകായനാനി ചിത്താത്മാനി ചിത്തേ പ്രതിഷ്ഠിതാനി തസ്മാത് യദ്യപി ബഹുവിദചിത്തോ ഭവതി നായമസ്തീതി ഏവ ഏനം ആഹുഃ യദയം വേദ യദ്വാ അയം വിദ്വാൻ ന ഇത്ഥം അചിത്തഃ സ്യാദിതി അഥ യദി അൽപ്പവിച്ചിത്തവാൻ ഭവതി തസ്മാ ഏവോത ശുശ്രൂഷന്തേ ചിത്തം ഹ്യേവ ഏഷാം ഏകായനം ചിത്തമാത്മാ ചിത്തം പ്രതിഷ്ഠാ ചിത്തം ഉപാസ്സ്വ ഇതി.

അങ്ങനെയുള്ള ഇവയെല്ലാം (സങ്കൽപ്പം മുതൽ കർമ്മഫലം വരെയുള്ളവയെല്ലാം) ചിത്തം ഒന്നുമാത്രം ആയതനമായിട്ടുള്ളവയും, ചിത്താത്മകങ്ങളും, ചിത്തത്തിൽ തന്നെ പ്രതിഷ്ഠിതങ്ങളുമാകുന്നു. വളരെയൊക്കെ അറിയുന്നവനാണെങ്കിലും ചിത്തശൂന്യനാണെങ്കിൽ ''ഇവൻ ഇല്ല'' എന്നുതന്നെ ഇവനെപ്പററി പറയുന്നു. ഇവൻ അറിയുന്നുണ്ടെങ്കിലോ, വിദ്വാനാണെങ്കിലോ ഇപ്രകാരം ചിത്തമില്ലാത്തവനായി ഭവിക്കുകയില്ല എന്നും പറയുന്നു. പിന്നെ അൽപ്പജ്ഞനായിരുന്നാലും ചിത്തമുള്ളവനാണെങ്കിൽ അവൻ പറയുന്ന സംഗതികളെത്തന്നെ കേൾക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഈ സങ്കൽപ്പാദികളുടെ ഒരേ ഒരു ആയതനം (ഇരിപ്പിടം) ചിത്തം തന്നെയാണ്. പ്രതിഷ്ഠയും ചിത്തമാണ്. അതുകൊണ്ട്, ഹേ നാരദ, അങ്ങ് ചിത്തത്തെ ഉപാസിക്കുക.

3. സഃ യഃ ചിത്തം ബ്രഹ്മ ഇതി ഉപാസ്തേ ചിത്താൻ വൈ സഃ ലോകാൻ ധ്രുവാൻ ധ്രുവഃ പ്രതിഷ്ഠിതാൻ പ്രതിഷ്ഠിതഃ അവ്യഥമാനാൻ അവ്യഥമാനഃ അഭിസിദ്ധ്യതി

**യാവത് ചിത്തസ്യ ഗതം തത്ര അസ്യ യഥാകാമചാരോ ഭവതി യഃശ്ചിത്തം ബ്രഹ്മേത്യുപാസ്തേ അസ്തി ഭഗവഃ ചിത്താത് ഭൂയഃ ഇതി ചിത്താത് വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.**

അങ്ങനെ ചിത്തത്തെ ബ്രഹ്മമെന്നുവച്ച് ഉപാസിക്കുന്ന ചിത്തോപാസകൻ ബുദ്ധിമാൻെറ ഗുണങ്ങളാൽ സമൃദ്ധങ്ങളും, നിത്യങ്ങളും, സർവ്വോപകരണ സമ്പന്നങ്ങളും, ശോകരഹിതങ്ങളുമായ ലോകങ്ങളെ നിത്യനായും, പ്രതിഷ്ഠിതനായും, വ്യഥയില്ലാത്തവനായും പ്രാപിക്കുന്നു. ചിത്തത്തിനു ഗോചരമായിട്ടുള്ളിടംവരെ അവന് യഥേഷ്ടം സഞ്ചരിക്കുവാൻ സ്വാതന്ത്ര്യം സിദ്ധിക്കുന്നു.

നാരദൻ :— ഭഗവാനേ, ചിത്തത്തേക്കാൾ അധികതരമായിട്ടുള്ളത് എന്തെങ്കിലുമുണ്ടോ ?

സനത്കുമാരൻ :— ചിത്തത്തേക്കാൾ അധികതരമായിട്ടുള്ളത് തീർച്ചയായിട്ടും ഉണ്ട്.

നാരദൻ :— ഭഗവാനെ, അതിനെ എനിക്കു പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## ആറാം ഖണ്ഡം

1. **ധ്യാനം വാവ ചിത്താദ് ഭൂയഃ ധ്യായതി ഇവ പൃഥിവീ, ധ്യായതി ഇവ അന്തരിക്ഷം, ധ്യായതീവ ദ്യൗഃ ധ്യായന്തീവ ആപഃ ധ്യായന്തീവ പർവതാ, ധ്യായന്തീവ ദേവമനുഷ്യാഃ തസ്മാത് യ ഇഹ മനുഷ്യാണാം മഹത്താം പ്രാപ്നുവന്തി ധ്യാനാപാദാംശാ ഇവ ഏവ തേ ഭവന്തി അഥ യേ അൽപ്പാഃ കലഹിനഃ പിശുനാഃ ഉപവാദിനഃ തേ, അഥ യേ പ്രഭവോ ധ്യാനാപാദാംശാ ഇഹൈവ തേ ഭവന്തി ധ്യാനം ഉപാസ്സ്വ ഇതി.**

ധ്യാനം ചിത്തത്തേക്കാൾ അധികതരമായിട്ടുള്ളതാകുന്നു. പൃത്ഥ്വിയും, അന്തരീക്ഷവും, ദ്യോവും; അപ്പുകളും (ജലം) പർവതങ്ങളും ദേവൻമാരും, മനുഷ്യരും ധ്യാനിക്കുന്നതുപോലെയാണല്ലോ ഇരിക്കുന്നത്. അതുകൊണ്ടു ഈ ലോകത്ത് മനുഷ്യരിൽ ആരാണോ മഹത്വത്തെ പ്രാപിക്കുന്നത് അവർ ധ്യാനത്തിൻെറ ഫലം ലഭിച്ചതിൻെറ കലയോടുകൂടിയവരെപ്പോലെതന്നെ ഇരിക്കുന്നു. പിന്നെ അൽപന്മാരായിട്ടുള്ളവർ, കലഹപ്രിയന്മാരായും, പരദോഷങ്ങളെ വെളിപ്പെടുത്തുന്നവരായും ചേരുംപടി പരദോഷം പറയുന്നവരായും ഇരിക്കുന്നു. പിന്നെ പ്രഭുക്കളായിട്ടുള്ളവർ ധ്യാനത്തിൻെറ ഫലം

കിട്ടിയതിന്റെ കലയോടുകൂടിയവരെപ്പോലെതന്നെ ഇരിക്കുന്നു. അതുകൊണ്ടു ഹേ നാരദ, അങ്ങു ധ്യാനത്തെ ഉപാസിക്കുക.

2. സഃ യഃ ധ്യാനം ബ്രഹ്മേത്യുപാസ്തേ യാവദ് ധ്യാനസ്യ ഗതം തത്ര അസ്യ യഥാകാമചാരോ ഭവതി യഃ ധ്യാനം ബ്രഹ്മേത്യുപാസ്തേ അസ്തി ഭഗവോ ധ്യാനാദ് ഭൂയ ഇതി ധ്യാനാദ് വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.

അങ്ങനെ ധ്യാനത്തെ ബ്രഹ്മമെന്ന് വച്ച് ഉപാസിക്കുന്നവന് എവിടംവരെ ധ്യാനത്തിനു ഗോചരമായിട്ടുണ്ടോ അവിടംവരെ യഥേഷ്ടം സഞ്ചരിക്കവാനുള്ള സ്വാതന്ത്ര്യം സിദ്ധിക്കുന്നു.

നാരദൻ :- ഭഗവാനേ, ധ്യാനത്തേക്കാൾ കൂടിയതായിട്ടെന്തെങ്കിലുമുണ്ടോ?
സനത്കുമാരൻ :— ധ്യാനത്തേക്കാൾ കൂടിയതായി തീർച്ചയായും ഉണ്ട്.
നാരദൻ :— ഭഗവാനേ അതിനെ എനിക്കു പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## ഏഴാം ഖണ്ഡം

1. വിജ്ഞാനം വാവ ധ്യാനാദ് ഭൂയഃ വിജ്ഞാനേന വാ ഋഗ്വേദം വിജാനാതി യജുർവേദം, സാമവേദം, ആഥർവണം ചതുർത്ഥം ഇതിഹാസപുരാണം പഞ്ചമം വേദാനാം വേദം പിത്ര്യം രാശിം ദൈവം നിധിം, വാകോവാക്യം, ഏകായനം, ദേവവിദ്യാം, ബ്രഹ്മവിദ്യാം ഭൂതവിദ്യാം ക്ഷത്രവിദ്യാം നക്ഷത്രവിദ്യാം, സർപ്പദേവ ജനവിദ്യാം, ദിവം ച വായും ച ആകാശം ച ആപശ്ച തേജശ്ച, ദേവാംശ്ച മനുഷ്യാംശ്ച പശൂംശ്ച വയാംസി, ചതൃണവനസ്പതീൻ ശ്വാപദാ, അന്യാ കീടപതംഗ പിപീലികം ധർമ്മം ച അധർമ്മം ച സത്യം ച അനൃതം ച സാധു ചഅസാധു ച ഹൃദയജ്ഞം ച അഹൃദയജ്ഞം ച അന്നം ച രസം ച ഇമംച ലോകമമുംച വിജ്ഞാനേന ഏവ വിജാനാതി വിജ്ഞാനം ഉപാസ്സ്വ ഇതീ.

വിജ്ഞാനം (ശാസ്ത്രാർത്ഥ വിഷയകമായ ജ്ഞാനം) ധ്യാനത്തേക്കാൾ കൂടിയതാകുന്നു. വിജ്ഞാനം കൊണ്ടാണ് ഋഗ്വേദത്തെ അറിയുന്നത്. യജുർവേദത്തെയും, സാമവേദത്തെയും അഥർവണമെന്ന നാലാമത്തെ വേദത്തെയും, ഇതിഹാസപുരാണത്തെയും പഞ്ചമവേദമായ ഭാരതത്തെയും വേദങ്ങളുടെയും വേദമായ വ്യാകരണത്തെയും, ശ്രാദ്ധകൽപത്തെയും, ഗണിതശാസ്ത്രത്തെയും ഉൽപാത ശാസ്ത്രത്തെയും, നിധി ശാസ്ത്രത്തെയും,

തർക്കശാസ്ത്രത്തെയും നീതിശാസ്ത്രത്തെയും, നിരുക്തത്തേയും, ശിക്ഷ കൽപം, ഛന്ദശ്ചിതി ഇവയേയും, ഭൂതതന്ത്രത്തേയും, ധനുർവേദത്തേയും ജ്യോതിഷത്തേയും ഗാരുഡത്തെയും, ദേവജന വിദ്യയേയും, ദ്യോവിനേയും പൃഥ്വിയേയും വായുവിനേയും, ആകാശത്തേയും, അപ്പുകളേയും (ജലം) തേജസ്സിനേയും ദേവന്മാരേയും, മനഷ്യരേയും, പശുക്കളേയും, പക്ഷികളേയും, തൃണങ്ങളേയും, വൃക്ഷങ്ങളേയും, വ്യാഘ്രാദികളേയും, കീടങ്ങൾ പതംഗങ്ങൾ മുതൽ ഉറുമ്പുവരെ ഉള്ളവയേയും, ധർമ്മത്തേയും, അധർമ്മത്തേയും, സത്യത്തേയും, അസത്യത്തേയും സാധുവായിട്ടുള്ളതിനേയും, അസാധുവായിട്ടുള്ളതിനേയും, ഹൃദയപ്രിയമായിട്ടുള്ളതിനേയും, അല്ലാത്തതിനെയും അന്നത്തേയും, രസത്തേയും ഈ ലോകത്തേയും പരലോകത്തേയും വിജ്ഞാനം കൊണ്ടുതന്നെയാണ് അറിയുന്നത്. ഹേ നാരദ, അതുകൊണ്ട് അങ്ങു വിജ്ഞാനത്തെ ഉപാസിക്കുക.

2. സഃ യഃ വിജ്ഞാനം ബ്രഹ്മേത്യുപാസ്തേ വിജ്ഞാനപതഃ വൈ സഃ ലോകാൻ ജ്ഞാനപതഃ അഭിസിധ്യതി യാവത് വിജ്ഞാനസ്യ ഗതം തത്ര അസ്യ യഥാകാമചാരഃ ഭവതി യഃ വിജ്ഞാനം ബ്രഹ്മേത്യുപാസ്തേ അസ്തി ഭഗവഃ വിജ്ഞാനാദ് ഭൂയ ഇതി വിജ്ഞാനാദ് വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.

അങ്ങനെ വിജ്ഞാനത്തെ ബ്രഹ്മമെന്നുവച്ച് ഉപാസിക്കുന്നവൻ വിജ്ഞാനമുള്ളവയും, ജ്ഞാനമുള്ളവയും ആയ ലോകങ്ങളെ പ്രാപിക്കുന്നു. എവിടംവരെ വിജ്ഞാനത്തിന് ഗോചരമായിരിക്കുന്നോ അവിടം വരെ അവന് യഥേഷ്ടം സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം സിദ്ധിക്കും.

നാരദൻ :— ഭഗവാനേ, വിജ്ഞാനത്തേക്കാൾ കൂടിയത് എന്തെങ്കിലുമുണ്ടോ?
സനത്കുമാരൻ :— വിജ്ഞാനത്തേക്കാൾ കൂടിയതു് തീർച്ചയായും ഉണ്ട്.
നാരദൻ :- ഭഗവാനേ, അതിനെ എനിക്കു് പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## എട്ടാം ഖണ്ഡം

1. ബലം വാവ വിജ്ഞാനാദ് ഭൂയഃ അപി ഹ ശതം വിജ്ഞാനവതാം ഏകഃ ബലവാൻ ആകമ്പയതേ, സ യദാ ബലീ ഭവതി അഥ ഉത്ഥാതാ ഭവതി, ഉത്തിഷ്ഠൻ, പരിചരിതാ ഭവതി, പരിചരൻ ഉപസത്താ ഭവതി ഉപസീദൻ ദ്രഷ്ടാ ഭവതി, ശ്രോതാ ഭവതി, മന്താ ഭവതി, ബോദ്ധാ ഭവതി കർത്താ ഭവതി, വിജ്ഞാതാ ഭവതി, ബലേന വൈ പൃഥിവീ തിഷ്ഠതി, ബലേന അന്തരീക്ഷം, ബലേന

ദ്യൗർ, ബലേന പർവതാ ബലേന ദേവമനുഷ്യാ ബലേന പശവശ്ച, വയാംസി ച തൃണവനസ്പതയഃ ശ്വാപദാനി ആകീടപതംഗപിപീലികം, ബലേന ലോകസ്തിഷ്ഠതി, ബലം ഉപാസ്സ്വ ഇതി.

ബലമാണ് (അന്നം അശിക്കുന്നതുകൊണ്ടുണ്ടാകുന്ന മനഃശക്തി) വിജ്ഞാനത്തേക്കാൾ കൂടിയതു്. ബലവാനായ ഒരുവൻ നൂറു വിജ്ഞാനവാന്മാരെപ്പോലും വിറപ്പിക്കുന്നു പുരുഷൻ ബലമുള്ളവനായിത്തീരുമ്പോൾ ഉത്ഥാനം ചെയ്യുന്നവനായിത്തീരുന്നു. ഉത്ഥാനം ചെയ്യുന്നവനാകുമ്പോൾ പരിചരിക്കുന്നവനായിത്തീരുന്നു. പരിചരിക്കുന്നവനാകുമ്പോൾ ഉപസദിക്കുന്നവനായിത്തീരുന്നു. ഉപസദിക്കുന്നവനാകുമ്പോൾ ദ്രഷ്ടാവും, ശ്രോതാവും മനനം ചെയ്യുന്നവനും, ബോദ്ധാവും, കർത്താവും ഫലം അനുഭവിക്കുന്നവനും ആയിത്തീരുന്നു. പൃഥ്വി ബലം കൊണ്ടാണ് നിലനിൽക്കുന്നതു്. അന്തരീക്ഷം ബലം കൊണ്ടാണ് സ്ഥിതിചെയ്യുന്നതു്. ദ്യോവും പർവതങ്ങളും, ദേവന്മാരും, മനുഷ്യരും, പശുക്കളും, പക്ഷികളും തൃണങ്ങളും, വൃക്ഷങ്ങളും വ്യാഘ്രാദികളായ ഹിംസ്രജന്തുക്കളും കീടങ്ങൾ, പതംഗങ്ങൾ തുടങ്ങി ഉറുമ്പുവരെയുള്ള എല്ലാ പ്രാണികളും, ലോകവും ബലം കൊണ്ടു തന്നെയാണ് സ്ഥിതിചെയ്യുന്നതു്. അതുകൊണ്ട് അങ്ങു ബലത്തെ ഉപാസിക്കുക.

2. സഃ യഃ ബലം ബ്രഹ്മേത്യുപാസ്തേ, യാവദ് ബലസ്യ ഗതം തത്ര അസ്യ യഥാകാമചാരഃ ഭവതി യഃ ബലം ബ്രഹ്മേത്യുപാസ്തേ അസ്തി ഭഗവഃ ബലാദ് ഭൂയ ഇതി ബലാദ് വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.

അങ്ങനെ ബലത്തെ ബ്രഹ്മമെന്നുവച്ച് ഉപാസിക്കുന്നവന് ഏതുവരെയാണോ ബലത്തിനു വിഷയമായിട്ടുള്ളത്, അത്രത്തോളം യഥേഷ്ടം സഞ്ചരിക്കുവാൻ സ്വാതന്ത്ര്യം സിദ്ധിക്കുന്നു.

നാരദൻ :— ഭഗവാനേ ബലത്തേക്കാൾ കൂടിയതായിട്ടെന്തെങ്കിലുമുണ്ടോ ?
സനത്കുമാരൻ :- ബലത്തേക്കാൾ കൂടിയതായിട്ട് തീർച്ചയായും ഉണ്ട്.
നാരദൻ :— ഭഗവാനേ, അതു് എനിക്കു പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## ഒൻപതാം ഖണ്ഡം

1. അന്നം വാവ ബലാദ് ഭൂയഃ തസ്മാദ് യദ്യപി ദശരാത്രീഃ ന അശ്നീയാത് യത് ഉഹ ജീവേദ് അഥവാ അദ്ര

ഷ്ടാ അശ്രോതാ അമന്താ അബോദ്ധാ അകർത്താ അവിജ്ഞാതാ ഭവതി അഥ അന്നസ്യ ആയൈ ദ്രഷ്ടാ ഭവതി, ശ്രോതാ ഭവതി, മന്താ ഭവതി, ബോദ്ധാ ഭവതി കർത്താ ഭവതി വിജ്ഞാതാ ഭവതി അന്നമുപാസ്സ്വ ഇതി.

അന്നം ബലത്തേക്കാറം കൂടിയതാകുന്നു. അതിനാൽ പത്തു ദിവസംപോലും അന്നം ഭക്ഷിക്കാതിരിക്കുകയാണെങ്കിൽ ഒരു പക്ഷെ ജീവിച്ചിരിക്കുന്ന പക്ഷം അവൻ കാണാൻ കഴിയാത്തവനായും, കേൾക്കാൻ കഴിയാത്തവനായും, മനനം ചെയ്യാൻ ശക്തിയില്ലാത്തവനായും മനസ്സിലാക്കുവാൻ സാമർത്ഥ്യമില്ലാത്തവനായും പ്രവർത്തിക്കുവാൻ കഴിവില്ലാത്തവനായും വിജ്ഞാനമില്ലാത്തവനായും തീരുന്നു. എന്നാൽ അന്നം ലഭിക്കുന്നവൻ ദ്രഷ്ടാവായും, ശ്രോതാവായും മനനം ചെയ്യുന്നവനായും ബോദ്ധാവായും, അനുഷ്ഠിക്കുന്നവനായും, അനുഷ്ഠാനത്തിന്റെ ഫലം അനുഭവിക്കുന്നവനായും തീരുന്നു. ഹേ നാരദ, അതുകൊണ്ട് അങ്ങ് അന്നത്തെ ഉപാസിക്കുക.

2. സഃ യഃ അന്നം ബ്രഹ്മേത്യുപാസ്തേ അന്നപതഃ വൈ സ ലോകാൻ പാനവതഃ അഭിസിദ്ധ്യതി, യാവദ് അന്നസ്യ ഗതം തത്ര അസ്യ യഥാ കാമചാരഃ ഭവതി യഃ അന്നം ബ്രഹ്മേത്യുപാസ്തേ അസ്തി ഭഗവഃ അന്നാദ് ഭൂയഃ ഇതി അന്നാദ് വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.

അങ്ങനെ അന്നത്തെ ബ്രഹ്മമെന്നുവച്ച് ഉപാസിക്കുന്നവൻ അന്നമുള്ളവയും, ജലമുള്ളവയുമായ ലോകങ്ങളെ പ്രാപിക്കുന്നു. അന്നത്തിന് എവിടംവരെ ഗമനമുണ്ടോ അതുവരെ അവന് യഥേഷ്ടം സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം സിദ്ധിക്കുന്നു.

നാരദൻ :- ഭഗവാനേ അന്നത്തേക്കാറം കൂടിയതായിട്ടെന്തെങ്കിലുമുണ്ടോ. ?
സനത്കുമാരൻ :- അന്നത്തേക്കാറം കൂടിയതായിട്ടു തീർച്ചയായും ഉണ്ട്.
നാരദൻ :- ഭഗവാനേ അതെനിക്കു പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## പത്താം ഖണ്ഡം

1. ആപഃ വാവ അന്നാദ് ഭൂയസ്യഃ തസ്മാത് യദാ സുവൃഷ്ഠിർ ന ഭവതി, വ്യാധീയന്തേ പ്രാണാ അന്നം കനീയഃ ഭവിഷ്യതി ഇതി അഥ യദാ സുവൃഷ്ഠിർ ഭവതി ആനന്ദിനഃ പ്രാണാ ഭവന്തി അന്നം ബഹു ഭവിഷ്യതി ഇതി ആപ ഏവ ഇമാ മൂർത്താ യേയം പൃഥിവീ യദന്തരിക്ഷം

യദ് ദ്യൗ യത് പർവതാ യത് ദേവമനുഷ്യാ, യത് പശ വശ്ച വയാംസി ച, തൃണവനസ്പതയഃ ശ്വാപദാന്യാ കീടപതംഗ പിപീലികമാപ ഏവ ഇമാ മൂർത്താ അപ ഉപാസ്സ്വ ഇതി.

അപ്പുകൾ (ജലം) അന്നത്തേക്കാൾ കൂടിയതാകുന്നു. നല്ല മഴ ഇല്ലാതിരിക്കുമ്പോൾ അന്നം കുറവായിത്തീരുമെന്നു വിചാരിച്ച് പ്രാണികൾ ദുഃഖിക്കുന്നു. എന്നാൽ നല്ല മഴ ഉണ്ടാകുമ്പോൾ ധാരാളം അന്നം ഉണ്ടാകുമെന്ന വിചാരിച്ച് പ്രാണങ്ങൾ (പ്രാണികൾ) ആനന്ദമുള്ളവയായിത്തീരുന്ന ഈ പൃഥ്വിയും, ഈ അന്തരീക്ഷവും, ഈ ദ്യോവും, ഈ പർതങ്ങളും, ഈ ദേവന്മാരും, മനുഷ്യരും, ഈ പശുക്കളും, പക്ഷികളും തൃണങ്ങളും വൃക്ഷങ്ങളും വ്യാഘ്രാദി ദുഷ്ടമൃഗങ്ങളും കീടപതംഗങ്ങൾ മുതൽ പിപീലികവരെയുള്ള ഈ പ്രാണികളും എല്ലാംതന്നെ മൂർത്തങ്ങളായ അപ്പുകൾ (ജലം) തന്നെയാണ്. അതുകൊണ്ട് ഹേ നാരദ, അങ്ങ് അപ്പുകളെ ഉപാസിക്കുക.

2. സഃ യഃ അപഃ ബ്രഹ്മേത്യുപാസ്തേ ആപ്നോതി സർവാൻ കാമാൻ തൃപ്തിമാൻ ഭവതി യാവദപാംഗതം തത്ര അസ്യ യഥാ കാമചാരഃ ഭവതി യഃ അപഃ ബ്രഹ്മേത്യുപാസ്തേ അസ്തി ഭഗവഃ അദ്ഭ്യാ ഭൂയ ഇതി അദ്ഭ്യോ വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.

അപ്പുകളെ ബ്രഹ്മമെന്നു വിചാരിച്ച് ഉപാസിക്കുന്നവൻ സർവ കാമങ്ങളേയും പ്രാപിക്കുന്നു. സംതൃപ്തനായിത്തീരുന്നു. അപ്പുകൾക്ക് എവിടം വരെ ഗമനമുണ്ടോ അവിടംവരെ അവന് സ്വതന്ത്ര സഞ്ചാരം സിദ്ധിക്കുന്നു.

നാരദൻ :— ഭഗവാനേ അപ്പിനേക്കാൾ കൂടിയതായിട്ടെന്തെങ്കിലുമുണ്ടോ ?

സനത്കുമാരൻ :— അപ്പിനേക്കാൾ കൂടിയതായിട്ട് തീർച്ചയായും ഉണ്ട്.

നാരദൻ :— ഭഗവാനേ അതെനിക്കു പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## പതിനൊന്നാം ഖണ്ഡം

1. തേജഃ വാവ അദ്ഭ്യഃ ഭൂയഃ തദ്വാ ഏതദ് വായും ആഗൃഹ്യ ആകാശം അഭിതപതി; തദ് ആഹുഃ നിശോചതി നിതപതി, വർഷിഷ്യതി, വാ ഇതി, തേജ ഏവ തത്പൂർവ്വം ദർശയിത്വാ അഥ ആപഃ സൃജതേ, തത് ഏതത് ഊർദ്ധ്വാഭിശ്ച തിരശ്ചീഭിശ്ച വിദ്യുദ്ഭി ആഹ്രാദാഃ ചരന്തി; തസ്മാത് ആഹുഃ വിദ്യോതതേ സ്തനയതി വർഷിഷ്യതി വാ ഇതി തേജ ഏവ തത് പൂർവം ദർശയിത്വാ അഥ ആപഃ സൃജതേ, തേജ ഉപാസ്സ്വ ഇതി.

തേജസ്സ് അപ്പുകളേക്കാൾ കൂടിയതാകുന്നു ഈ തേജസ്സ് വായുവിനെ നിശ്ചലമാക്കിയിട്ട് ആകാശത്തെ അഭിതപിക്കുന്ന അപ്പോൾ വേവിക്കുന്നു എന്നും, ചുട്ടു പഴുപ്പിക്കുന്നു എന്നും താമസിയാതെ മഴ പെയ്യുമെന്നും ലൗകികൻമാർ പറയുന്നു തേജസ്സുതന്നെ അങ്ങനെ ആദ്യം സ്വയം വെളിപ്പെടുത്തിയിട്ട് അപ്പുകളെ സൃഷ്ടിക്കുന്നു. അതുകൊണ്ട് ഇപ്രകാരം, മേൽപോട്ടും വിലങ്ങനേയും പോകുന്ന വിദ്യുത്തുകളോടുകൂടി ഇടിനാദങ്ങൾ സഞ്ചരിക്കുന്നു. അതിനാൽ മിന്നൽ മിന്നുന്നു. ഇടി മുഴങ്ങുന്നു. അപ്പോൾ മഴയുണ്ടാകും എന്ന് ആളുകൾ പറയുന്നു. അതുകൊണ്ട് ഹേ, നാരദ അങ്ങു തേജസ്സിനെ ഉപാസിക്കുക.

2. സഃ യഃ തേജഃ ബ്രഹ്മേത്യുപാസ്തേ തേജസ്വീ വൈ സ തേജസ്വതഃ ലോകാൻ ഭാസ്വതഃ അപഹതതമസ്കാൻ അഭിസിധ്യതി യാവത് തേജസഃ ഗതം തത്ര അസ്യയഥാകാമചാരോ ഭവതി യഃ തേജോ ബ്രഹ്മേത്യുപാസ്തേ അസ്തി ഭഗവോ തേജസോ ഭൂയഃ ഇതി തേജസോ വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.

അങ്ങനെ തേജസ്സിനെ ബ്രഹ്മമെന്നുവച്ച് ഉപാസിക്കുന്നവൻ തേജസ്വിയായിത്തീരും. അവൻ തേജസ്സുള്ളവയും, പ്രകാശമുള്ളവയും, ബാഹ്യമായിട്ടുള്ള അന്ധകാരമോ ആന്തരമായ അജ്ഞാനാദിയോ ആകുന്ന തമസ്സില്ലാത്തതുമായ ലോകങ്ങളെ പ്രാപിക്കുന്ന തേജസ്സിൻെറ ഗോചരം ഏതുവരെയാണോ അതുവരെ ഇവന് സഞ്ചാര സ്വാതന്ത്ര്യം സിദ്ധിക്കുന്നു.

നാരദൻ :— ഭഗവാനേ തേജസ്സിനേക്കാൾ കൂടിയതായിട്ടെന്തെങ്കിലുമുണ്ടോ. ?
സനത്കുമാരൻ :— തേജസ്സിനേക്കാൾ കൂടിയതായി തീർച്ചയായിട്ടും ഉണ്ട്
നാരദൻ :— ഭഗവാനേ അതെനിക്കു പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## പന്ത്രണ്ടാം ഖണ്ഡം

1. ആകാശഃ വാവ തേജസഃ ഭൂയാൻ, ആകാശേ വൈ സൂര്യചന്ദ്രമസൗ ഉഭൗ വിദ്യുത് നക്ഷത്രാണി അഗ്നിഃ ആകാശേന ആഹ്വയതി ആകാശേന ശൃണോതി ആകാശേന പ്രതിശൃണോതി, ആകാശേ രമത ആകാശേ ന രമത ആകാശേ ജായത, ആകാശം അഭിജായതേ, ആകാശം ഉപാസ്സ്വ ഇതി.

ആകാശം തേജസ്സിനെക്കാൾ കൂടിയതാകുന്നു. സൂര്യചന്ദ്രൻമാരും വിദ്യുത്തും, നക്ഷത്രങ്ങളും അഗ്നിയും ആകാശത്തിൽ ആകുന്നു.

ആകാശത്തിൽകൂടി ആഹ്വാനം ചെയ്യുന്നു. ആകാശത്തിലൂടെ കേൾക്കുന്നു. ആകാശംവഴിയായി വീണ്ടും കേൾക്കുന്നു. ആകാശത്തിൽ രമിക്കുന്നു. ആകാശത്തിൽ രമിക്കാതിരിക്കുന്നു. ആകാശത്തിൽ ജനിക്കുന്നു. ആകാശത്തിലേക്ക് അങ്കുരം മുതലായവ വളരുന്നു. അതുകൊണ്ട് ഹേ, നാരദ, അങ്ങ് ആകാശത്തെ ഉപാസിക്കുക.

2. സഃ യഃ ആകാശം ബ്രഹ്മേത്യുപാസ്തേ ആകാശവതഃ വൈ സഃ ലോകാൻ പ്രകാശവതഃ അസംബാധാൻ ഉരുഗായവതഃ അഭിസിദ്ധ്യതിയാവദാകാശസ്യ ഗതം തത്ര അസ്യ യഥാകാമചാരഃ ഭവതി യഃ ആകാശം ബ്രഹ്മേത്യുപാസ്തേ അസ്തി ഭഗവഃ ആകാശാദ് ഭൂയ ഇതി ആകാശാദ് വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.

അങ്ങനെ ആകാശത്തെ ബ്രഹ്മമെന്നുവച്ച് ഉപാസിക്കുന്നവൻ ആകാശമുള്ളവയും, പ്രകാശമുള്ളവയും, ഞെരുക്കമില്ലാത്തവയും, വിസ്തീർണ്ണമുള്ളവയും ആയ ലോകങ്ങളെ പ്രാപിക്കുന്നു. ആകാശത്തിന് വിഷയമായിട്ടുള്ളത് ഏതുവരെയാണോ അവിടംവരെ ഇവന് സഞ്ചാര സ്വാതന്ത്ര്യം ലഭിക്കുന്നു.

നാരദൻ :— ഭഗവാനേ ആകാശത്തേക്കാൾ കൂടിയതായിട്ടെന്തെങ്കിലുമുണ്ടോ ?
സനത്കുമാരൻ :- ആകാശത്തേക്കാൾ കൂടിയതായി തീർച്ചയായും ഉണ്ട്.
നാരദൻ :— ഭഗവാനേ, അതു് എനിക്കു പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം.

## പതിമൂന്നാം ഖണ്ഡം

1. സ്മരഃ വാവ ആകാശാദ് ഭൂയഃ തസ്മാത് യദ്യപി ബഹവ ആസീരൻ ന സ്മരന്തഃ നൈവ തേ കഞ്ചന ശൃണുയുഃ ന മന്വീരൻ ന വിജാനീരൻ യദാ വാവ തേ സ്മരേയുരഥ ശൃണുയുരഥ മന്വീരന്നഥ വിജാനീരൻ സ്മരേണ വൈ പുത്രാൻ വിജാനാതി സ്മരേണ പശൂൻ സ്മരമുപാസ്സ്വ ഇതി.

2. സഃ യഃ സ്മരം ബ്രഹ്മേത്യുപാസ്തേ, യാവത് സ്മരസ്യ ഗതം തത്ര അസ്യ യഥാ കാമചാരഃ ഭവതി യഃ സ്മരം ബ്രഹ്മേത്യുപാസ്തേ അസ്തി ഭഗവഃ സ്മരാദ് ഭൂയ ഇതി സ്മരാദ് വാവ ഭൂയഃ അസ്തി ഇതി തത് മേ ഭഗവാൻ ബ്രവീതു ഇതി.

സ്മരം (സ്മരണമെന്ന അന്തഃകരണധർമ്മം) ആകാശത്തേക്കാൾ കൂടിയതാണ്. വളരെ ആളുകൾ ഒരിടത്തുതന്നെ ഇരുന്നാലും സ്മരിക്കാത്തവരായിരുന്നാൽ അവർ ഒരു ശബ്ദത്തേയും തീർച്ചയായും കേൾക്കുകയില്ല. മാത്ര

മല്ല, മനനം ചെയ്യുകയോ, അറിയുകയോ ഇല്ല. എന്നാൽ അവർ സ്മരിക്കുമ്പോൾ അവർ കേൾക്കുകയും മനനം ചെയ്യുകയും, അറിയുകയുംചെയ്യും. സ്മരത്തെ കൊണ്ടാണ്, പുത്രന്മാരെ അറിയുന്നത്. സ്മരത്തെകൊണ്ടാണ് പശുക്കളെ അറിയുന്നത്. അതുകൊണ്ട് ഹേ, നാരദ, അങ്ങ് സ്മരത്തെ ഉപാസിക്കുക.

അങ്ങനെ സ്മരത്തെ ബ്രഹ്മമെന്ന വച്ച് ഉപാസിക്കുന്നവന് ഏതുവരെയാണോ സ്മരത്തിനു വിഷയമായിട്ടുള്ളത് അതുവരെ സഞ്ചാര സ്വാതന്ത്ര്യം ലഭിക്കുന്നു.

നാരദൻ :— ഭഗവാനേ, സ്മരത്തേക്കാൾ കൂടിയതായി എന്തെങ്കിലുമുണ്ടോ?
സനത്കുമാരൻ :— സ്മരത്തേക്കാൾ കൂടിയതു് തീർച്ചയായും ഉണ്ട്.
നാരദൻ :- ഭഗവാനേ, അതിനെ എനിക്കു പറഞ്ഞുതന്നാലും.

# ഏഴാം അദ്ധ്യായം

## പതിന്നാലാം ഖണ്ഡം

1. ആശാ വാവ സ്മരാദ് ഭൂയസ്യ; ആശേദ്ധഃ വൈ സ്മരഃ മന്ത്രാൻ അധീതേ, കർമ്മാണി കുരുതേ, പുത്രാംശ്ച പശൂംശ്ച ഇച്ഛതേ ഇമം ച ലോകമമും ച ഇച്ഛതേ; ആശാം ഉപാസ്സ്വ ഇതി.

ആശ (ലഭിച്ചിട്ടില്ലാത്ത വസ്തുവിനെക്കറിച്ചുള്ള ആഗ്രഹം) സ്മരണത്തെക്കാൾ കൂടിയതാകുന്നു. ആശയാൽ വർദ്ധിപ്പിക്കപ്പെട്ട സ്മരണമുള്ളവൻ മന്ത്രങ്ങളെ അദ്ധ്യയനം ചെയ്യുന്നു, കർമ്മങ്ങൾ ചെയ്യുന്നു. പുത്രൻമാരേയും പശുക്കളേയും ഈ ലോകത്തെയും പരലോകത്തെയും ഇച്ഛിക്കുന്നു. അതുകൊണ്ട്, ഹേ നാരദ, അങ്ങ് ആശയെ ഉപാസിക്കുക.

2. സഃ യഃ ആശാം ബ്രഹ്മേത്യുപാസ്തേ ആശയ അസ്യ സർവ്വേകാമാഃ സമൃദ്ധ്യന്തി; അമോഘാ ഹ അസ്യ ആശിഷഃ ഭവന്തി യാവദാശായാ ഗതം തത്ര അസ്യ യഥാ കാമചാരഃ ഭവതി, യ ആശാം ബ്രഹ്മേത്യുപാസ്തേ അസ്തി ഭഗവഃ ആശായാ ഭൂയഃ ഇതി ആശായാ വാവ ഭൂയഃ അസ്തി ഇതി തൻമേ ഭഗവാൻ ബ്രവീതു ഇതി.

അങ്ങനെ ആശയെ ബ്രഹ്മമെന്നവച്ച് ഉപാസിക്കുന്നവൻെറ സർവ്വകാമങ്ങളും ആശയാൽ സമൃദ്ധങ്ങളായിത്തീരുന്നു. അവൻെറ ആശിസ്സുകൾ സഫലങ്ങളായിത്തീരുന്നു. ആശയുടെ വിഷയം എത്രയുണ്ടോ അതുവരെ അവന് സഞ്ചാര സ്വാതന്ത്ര്യം സിദ്ധിക്കുന്നു.

നാരദൻ:- "ഭഗവാനേ, ആശയെക്കാളും കൂടിയതായി എന്തെങ്കിലും ഉണ്ടോ?"
സനത്കുമാരൻ :— 'ആശയെക്കാൾ കൂടിയതായി തീർച്ചയായും ഉണ്ട്.'
നാരദൻ :- "ഭഗവാനേ, അതു് എനിക്ക് പറഞ്ഞുതന്നാലും".

# ഏഴാം അദ്ധ്യായം

## പതിനഞ്ചാം ഖണ്ഡം

1. പ്രാണഃ വ ആശായാ ഭൂയാൻ, യഥാ വാ അരാ നാഭോ സമർപ്പിതാ ഏവമസ്മിൻ പ്രാണേ സർവ്വം സമർപ്പിതം പ്രാണഃ പ്രാണേന യാതി പ്രാണഃ പ്രാണം ദദാതി പ്രാണായ ദദാതി, പ്രാണഃ പിതാ, പ്രാണഃ മാതാ, പ്രാണഃ ഭ്രാതാ, പ്രാണഃ സ്വസാ പ്രാണഃ ആചാര്യഃ പ്രാണഃ ബ്രാഹ്മണഃ.

പ്രാണൻ ആശയെക്കാൾ കൂടിയതാകുന്നു. ആരക്കാലുകൾ നാഭിയിൽ (രഥചക്രത്തിന്റെ കുടത്തിൽ) സമർപ്പിക്കപ്പെട്ടിരിക്കുന്നതുപോലെ ഈ പ്രാണനിൽ സർവ്വവും സമർപ്പിതമായിരിക്കുന്നു. പ്രാണൻ പ്രാണനെക്കൊണ്ട് ഗമിക്കുന്നു; പ്രാണൻ പ്രാണനെ ദാനം ചെയ്യുന്നു; പ്രാണന് ദാനം ചെയ്യുന്നു; പിതാവ്, മാതാവ്, സഹോദരൻ, സഹോദരി, ആചാര്യൻ, ബ്രാഹ്മണൻ ഇവരെല്ലാം പ്രാണനാകുന്നു.

2. സ യദി പിതരം വാ, മാതരം വാ ഭ്രാതരം വാ, സ്വസാരം വാ ആചാര്യം വാ, ബ്രാഹ്മണം വാ കിഞ്ചിത് ഭൃശമിവ പ്രത്യാഹധിക് ത്വാസ്തു ഇതി ഏവമേനം ആഹുഃ പിതൃഹാ വൈ ത്വമസി, മാതൃഹാ വൈ ത്വമസി ഭ്രാതൃഹാ വൈ ത്വമസി സ്വസൃഹാ വൈ ത്വമസി ആചാര്യഹാ വൈ ത്വമസി, ബ്രാഹ്മണഹാ വൈ ത്വമസി ഇതി.

ഏതെങ്കിലും ഒരു പുരുഷൻ പിതാവിനോടോ, മാതാവിനോടോ, സഹോദരനോടോ, സഹോദരിയോടോ, ആചാര്യനോടോ, ബ്രാഹ്മണനോടോ അൽപം കടന്ന വിധത്തിൽ ഉത്തരം പറയുന്നുവെങ്കിൽ അവനെ "നീ നിന്ദ്യനാണ് എന്നും, നീ പിതാവിനെക്കൊന്നവനാണെന്നും നീ മാതാവിനെ കൊന്നവനാണെന്നും, നീ സഹോദരനെ കൊന്നവനാണെന്നും, നീ സഹോദരിയെ കൊന്നവനാണെന്നും, നീ ആചാര്യനെ കൊന്നവനാണെന്നും, നീ ബ്രാഹ്മണനെ ഹനിച്ചവനാണെന്നും തന്നെ പറയുന്നു.

3. അഥ യദ്യപി ഏനാൻ ഉത്ക്രാന്ത പ്രാണാൻ ശൂലേന സമാസം വ്യതിഷം ദഹേത് ന ഏവഏനം ബ്രൂയുഃ പിതൃഹാ അസി ഇതി ന മാതൃഹാ അസി ഇതി ന ഭ്രാതൃഹാ അസി ഇതി ന സ്വസൃഹാ അസി ഇതി ന ആചാര്യഹാ അസി ഇതി ന ബ്രാഹ്മണഹാ അസി ഇതി.

എന്നാൽ പ്രാണൻ പോയിരിക്കുന്ന ഇവരെ ശൂലംകൊണ്ട് തോണ്ടിക്കൂട്ടി അവയവങ്ങളെ വേറെവേറെയായി ദഹിപ്പിച്ചാലും ഇവനെ നീ പിതൃഹന്താവാ

ണെന്നോ, നീ മാതൃഹന്താവാണെന്നോ, നീ ഭ്രാതൃഹന്താവാണെന്നോ, നീ സ്വസൃഹന്താവാണെന്നോ, നീ ആചാര്യ ഹന്താവാണെന്നോ, നീ ബ്രഹ്മഹന്താവാണെന്നോ പറയുകയില്ല.

4. പ്രാണഃ ഹി ഏവ ഏതാനി സർവ്വാണി ഭവതി; സ വാ ഏഷ ഏവം പശ്യന്നേവം മന്വാന ഏവം വിജാനന്നതിവാദീ ഭവതി; തം ചേത് ബ്രൂയുഃ അതിവാദ്യസി ഇതി അതിവാദ്യസ്മീതി ബ്രൂയാത്; ന അപഹ്നുവീത.

മേൽപ്പറഞ്ഞ പിതാവ് മുതലായവരെല്ലാം പ്രാണൻ തന്നെയാകുന്നു. അങ്ങനെയുള്ള പ്രാണനെ അറിയുന്നവൻ ഇങ്ങനെ കണ്ടും മനനം ചെയ്തും നിശ്ചയിച്ചും അതിവാദിയായിത്തീരുന്നു. അവനോട് ആരെങ്കിലും ''നീ അതിവാദിയാണ്'' എന്ന് പറയുകയാണെങ്കിൽ ''ഞാൻ അതിവാദിയാണ്'' എന്ന് പറയും, മറയ്ക്കുകയില്ല.

# ഏഴാം അദ്ധ്യായം

## പതിനാറാം ഖണ്ഡം

1. ഏഷ തു വാ അതിവദതി യഃ സത്യേന അതിവദതി സോഹം ഭഗവഃ സത്യേന അതിവദാനി ഇതി സത്യം തു ഏവ വിജിജ്ഞാസിതവ്യം ഇതി സത്യം ഭഗവഃ വിജിജ്ഞാസ ഇതി.

എന്നാൽ പരമാർത്ഥമായ സത്യത്തെ അറിയുന്നതുകൊണ്ട് അതിവദിക്കുന്നവനാണ് വാസ്തവത്തിൽ അതിവദിക്കുന്നത്.

നാരദൻ :— അങ്ങയുടെ അടുക്കൽ വന്നിരിക്കുന്ന ഞാൻ സത്യം കൊണ്ട് അതിവദിക്കുവാൻ ആഗ്രഹിക്കുന്നു.''

സനത്കുമാരൻ :— അങ്ങനെയാണെങ്കിൽ സത്യത്തെത്തന്നെ അറിയുവാൻ ആഗ്രഹിക്കണം''

നാരദൻ :— അല്ലയോ ഭഗവാനേ, ഞാൻ സത്യത്തെ അറിയുവാൻ ആഗ്രഹിക്കുന്നു''.

# ഏഴാം അദ്ധ്യായം

## പതിനേഴാം ഖണ്ഡം

1. യദാ വൈ വിജാനാതി അഥ സത്യം വദതി ന അവിജാനൻ സത്യം വദതി വിജാനന്നേവ സത്യം വദതി വിജ്ഞാനം തു ഏവ വിജിജ്ഞാസിതവ്യം ഇതി വിജ്ഞാനം ഭഗവഃ വിജിജ്ഞാസ ഇതി.

സത്യത്തെക്കുറിച്ച് വിജ്ഞാനം ഉള്ളവനായിത്തീരുമ്പോഴാണ് സത്യം പറയുന്നു. സത്യത്തെക്കുറിച്ച് വിജ്ഞാനം ഇല്ലാത്തവൻ സത്യം പറയുകയില്ല. വിജ്ഞാനം ഉള്ളവൻ മാത്രമേ സത്യം പറയുകയുള്ളൂ. അതുകൊണ്ട് വിജ്ഞാനത്തെപ്പററി അറിയുവാനാണ് ആഗ്രഹിക്കേണ്ടത്' എന്ന് സനത്കുമാരൻ പറഞ്ഞു. അല്ലയോ ഭഗവാനേ ഞാൻ വിജ്ഞാനത്തെ അറിയുവാൻ ആഗ്രഹിക്കുന്നു'' എന്ന് നാരദൻ അറിയിച്ചു.

# ഏഴാം അദ്ധ്യായം

## പതിനെട്ടാം ഖണ്ഡം

1. യദാ വൈ മനുതേ അഥ വിജാനാതി ന അമത്വാ വിജാനാതി മത്വാ ഏവ വിജാനാതി മതിഃ ത്വേവ വിജിജ്ഞാസിതവ്യ ഇതി മതിം ഭഗവ വിജിജ്ഞാസ ഇതി.

''മനനം ചെയ്തതിനുശേഷം ഒരുവൻ വിജ്ഞാനമുള്ളവനായത്തീരുന്നു. മനനം ചെയ്യാതെ വിജ്ഞാനമുള്ളവനായിത്തീരുകയില്ല. മനനം ചെയ്താൽ മാത്രമേ വിജ്ഞാനമുള്ളവനായിത്തീരുകയുള്ളൂ. അതുകൊണ്ട് മനനത്തെപ്പററിത്തന്നെയാണ് അറിയുവാൻ ആഗ്രഹിക്കേണ്ടത്''. എന്ന് സനത്കുമാരൻ പറഞ്ഞു. ''ഭഗവനേ,ഞാൻ മതിയെപ്പററി അറിയുവാൻ ആഗ്രഹിക്കുന്നു'' എന്ന് നാരദൻ പറഞ്ഞു.

# ഏഴാം അദ്ധ്യായം

## പത്തൊൻപതാം ഖണ്ഡം

1. യദാ വൈ ശ്രദ്ദധാതി അഥ മനുതേ; ന അശ്രദ്ദധത് മനുതേ ശ്രദ്ദധതേവ മനുതേ ശ്രദ്ധാ ത്വേവ വിജിജ്ഞാസിതവ്യ ഇതി ശ്രദ്ധാം ഭഗവഃ വിജിജ്ഞാസ ഇതി.

ഒരുവൻ ശ്രദ്ധയുള്ളവനായിരിക്കുമ്പോഴാണ് മനനം ചെയ്യുന്നത്. ശ്രദ്ധയില്ലാത്തവൻ മനനം ചെയ്യുന്നില്ല. ശ്രദ്ധിക്കുന്നവൻ മാത്രമേ മനനം ചെയ്യുകയുള്ളൂ. അതുകൊണ്ട് ശ്രദ്ധയെപ്പററിയാണ് അറിയാൻ ആഗ്രഹിക്കേണ്ടത്'' എന്ന് സനത്കുമാരൻ പറഞ്ഞു. അല്ലയോ 'ഭഗവാനെ ഞാൻ ശ്രദ്ധയെപ്പററി അറിയുവാൻ ആഗ്രഹിക്കുന്നു.' എന്ന് നാരദൻ അറിയിച്ചു.

# ഏഴാം അദ്ധ്യായം

## ഇരുപതാം ഖണ്ഡം

1. യദാ വൈ നിസ്തിഷ്ഠതി അഥ ശ്രദ്ദധാതി ന അനിസ്തിഷ്ഠൻ ശ്രദ്ദധാതി; നിസ്തിഷ്ഠൻ ഏവ ശ്രദ്ദധാതി നിഷ്ഠാത്വേവ വിജിജ്ഞാ സിതവ്യ ഇതി നിഷ്ഠാം ഭഗവഃ വിജിജ്ഞാസ ഇതി.

നിഷ്ഠയുള്ളവനായിരിക്കുമ്പോൾ ശ്രദ്ധിക്കുന്നു. നിഷ്ഠയില്ലാത്തവൻ ശ്രദ്ധിക്കുന്നില്ല. നിഷ്ഠയുള്ളവൻ മാത്രമേ ശ്രദ്ധയുള്ളവനായിരിക്കുകയുള്ളു. അതുകൊണ്ടു് നിഷ്ഠയെത്തന്നെ അറിയുവാൻ ആഗ്രഹിക്കണം'', എന്നു് സനത്കുമാരൻ പറഞ്ഞു ''അല്ലയോ. ഭഗവാൻ, ഞാൻ നിഷ്ഠയെപ്പററി അറിയുവാൻ ആഗ്രഹിക്കുന്നു'' എന്നു് നാരദൻ പറഞ്ഞു.

# ഏഴാം അദ്ധ്യായം

## ഇരുപത്തൊന്നാം ഖണ്ഡം

1. യദാ വൈ കരോതി അഥ നിസ്തിഷ്ഠതി ന അകൃത്വാ നിസ്തിഷ്ഠതി കൃത്വാ ഏവ നിസ്തിഷ്ഠതി കൃതിഃ തു ഏവ വിജിജ്ഞാസിതവ്യ ഇതി കൃതിം ഭഗവഃ വിജി ജ്ഞാസ ഇതി.

കൃതിയുള്ളവനായിരിക്കുമ്പോൾ (ഇന്ദ്രിയ സംയമനം) നിഷ്ഠയുള്ള വനായിത്തീരുന്നു. കൃതി ഇല്ലെങ്കിൽ നിഷ്ഠയുള്ളവനായിരിക്കുകയില്ല. ഒരുവൻ കൃതിയോടുകൂടി ഇരുന്നിട്ടുതന്നെയാണു് നിഷ്ഠയുള്ളവനായിരിക്കുന്നതു്. അതുകൊണ്ടു് കൃതിയെപ്പററിത്തന്നെയാണു് അറിയേണ്ടതു്'' എന്നു് സനത്കുമാരൻ പറഞ്ഞു. ''ഭഗവാനേ, ഞാൻ കൃതിയെ അറിയുവാൻ ആഗ്ര ക്കുന്നു'' എന്നു നാരദൻ പറഞ്ഞു.

# ഏഴാം അദ്ധ്യായം

## ഇരുപത്തിരണ്ടാം ഖണ്ഡം

1. യദാ വൈ സുഖം ലഭതേ അഥ കരോതി; ന അസുഖം ലബ്ധ്വാ കരോതി; സുഖമേവ ലബ്ധ്വാ കരോതി; സുഖം തു ഏവം വിജിജ്ഞാസിതവ്യം ഇതിഃ സുഖം ഭഗവഃ വിജി ജ്ഞാസ ഇതി.

സുഖമുള്ളപ്പോൾ ഒരുവൻ കൃതിയുള്ളവനായിത്തീരുന്നു. സുഖം ലഭിക്കാതെ കൃതിയുള്ളവനായിരിക്കുകയില്ല. സുഖം ലഭിച്ചാൽ മാത്രമേ കൃതിയുള്ളവനായിരിക്കുകയുള്ളു. അതുകൊണ്ടു് സുഖത്തെത്തന്നെ അറിയുവാൻ ആഗ്രഹിക്കണം'' എന്നു് സനത്കുമാരൻ പറഞ്ഞു. ഭഗവാനേ, ഞാൻ സുഖത്തെ അറിയുവാൻ ആഗ്രഹിക്കുന്നു'' എന്നു നാരദൻ പറഞ്ഞു.

# ഏഴാം അദ്ധ്യായം

## ഇരുപത്തിമൂന്നാം ഖണ്ഡം

1. യഃ വൈ ഭൂമാ തത് സുഖം ന അൽപ്പേ സുഖമസ്തി;

ഭൂമാ ഏവ സുഖം ഭൂമാ ത്വ ഏവ വിജിജ്ഞാസിതവ്യ ഇതി ഭൂമാനം ഭഗവഃ വിജിജ്ഞാസ ഇതി.

''മഹത്താണ് സുഖം, അൽപത്തിൽ സുഖമില്ല. ഭൂമാവു തന്നെയാണ സുഖം — അതുകൊണ്ട് ഭൂമാവിനെ അറിയാൻ ആഗ്രഹിക്കണം'' എന്ന് സനത്കുമാരൻ പറഞ്ഞു. അല്ലയോ ഭഗവാനേ ഞാൻ ഭൂമാവിനെ അറിയാൻ ആഗ്രഹിക്കുന്നു. എന്ന് നാരദൻ പറഞ്ഞു. [ഭൂമാവ് — മഹത്ത്, നിരതിശയം, ബഹു എന്നീ പര്യായങ്ങരം ഉണ്ട്.]

# ഏഴാം അദ്ധ്യായം

## ഇരുപത്തിനാലാം ഖണ്ഡം

(ഇനി ഈ ഭൂമാവിൻെറ ലക്ഷണങ്ങരം എന്തെല്ലാമെന്നു പറയുന്നു)

1. യത്ര ന അന്യത് പശ്യതി, ന അന്യത് ശൃണോതി ന അന്യത് വിജാനാതി സ ഭൂമാ; അഥ യത്ര അന്യത് പശ്യതി അന്യത് ശൃണോതി അന്യത് വിജാനാതി തദൽപ്പം യഃ വൈ ഭൂമാ തദമൃതം അഥ യത് അൽപ്പം തൻമർത്ത്യം സ ഭഗവഃ കസ്മിൻ പ്രതിഷ്ഠിത ഇതി സ്വേ മഹിമ്നി യദി വാ ന മഹിമ്നി ഇതി.

ഏതൊരു തത്വത്തിലാണോ മറ്റൊന്നിനെ കാണാതെയും, കേരംക്കാതെയും, അറിയാതെയും ഇരിക്കുന്നത് അതു ഭൂമാവാകുന്നു. എന്നാൽ യതൊന്നിലാണോ മറ്റൊന്നിനെ കാണുകയും, കേരംക്കുകയും, അറിയുകയും ചെയ്യുന്നത്, അത് അൽപമാകുന്നു. ഭൂമാവ് അമൃതമാകുന്നു അൽപമായിട്ടുള്ളത് മർത്ത്യമാകുന്നു.

നാരദൻ :— ഭഗവാനേ ആ ഭൂമാവ് എന്തിലാണ് പ്രതിഷ്ഠിതമായിരിക്കുന്നതു്?
സനത്കുമാരൻ :— ഭൂമാവ് സ്വന്തം മഹിമയിൽതന്നെയാണ് പ്രതിഷ്ഠിതമായിരിക്കുന്നത്.
നാരദൻ :— അല്ലെങ്കിൽ മഹിമാവിലും പ്രതിഷ്ഠിതമല്ല :—
(ഭൂമാവ് ഒന്നിലും ആശ്രയിച്ചിരിക്കുന്നില്ല.) എന്നു താൽപര്യം.

2. ഗോ അശ്വം ഇഹ മഹിമ ഇതി ആചക്ഷതേ ഹസ്തി ഹിരണ്യം ദാസ ഭാര്യം ക്ഷേത്രാണി ആയതനാനി ഇതി ന അഹം, ഏവം ബ്രവീമി ബ്രവീമി ഇതി ഹോവാച അന്യഃ ഹി അന്യസ്മിൻ പ്രതിഷ്ഠിത ഇതി.

പശുക്കളെയും, കുതിരകളെയും ആനകളെയും സ്വർണ്ണത്തേയും, ദാസന്മാരേയും ഭാര്യമാരേയും വയലുകളേയും വീടുകളേയും ഈ ലോകത്ത് മഹിമാവ് എന്ന പറയുന്ന. മറ്റൊന്നാണല്ലോ മറ്റൊന്നിൻ പ്രതിഷ്ഠിതമാ

യിരിക്കുന്നതു്, അതുകൊണ്ട് ഞാൻ ഇങ്ങനെ പറയുന്നില്ല. എന്നു സനത്കുമാരൻ പറഞ്ഞു.

# ഏഴാം അദ്ധ്യായം

## ഇരുപത്തഞ്ചാം ഖണ്ഡം

1. സ ഏവ അധസ്താത് സ ഉപരിഷ്ടാത് സ പശ്ചാത് സ പുരസ്താത്, സ ദക്ഷിണതഃ സ ഉത്തരതഃ സ ഏവ ഇദം സർവമിതി അഥ അതഃ അഹംകാരാദേശഃ ഏവ അഹമേവാ അധസ്താദഹം ഉപരിഷ്ടാദഹം പശ്ചാദഹം പുരസ്താദഹം ദക്ഷിണതഃ അഹം ഉത്തരതഃ അഹം ഏവ ഇദം സർവമിതി.

ആ ഭൂമാവുതന്നെയാണ് താഴെയും മുകളിലും, പടിഞ്ഞാറും (പിന്നിൽ) കിഴക്കും (മുന്നിൽ) തെക്കും (വലതുഭാഗത്തും) വടക്കം (ഇടതുഭാഗത്തും) ഈ ഭൂമാവുതന്നെ. എന്തിനധികം, ഈ ജഗത്തെല്ലാം അതുതന്നെ.

ഇനി അഹംകാരാദേശത്തെ (ഭൂമാവുതന്നെ, അഹം എന്നിങ്ങനെ ആദരിക്കപ്പെടുന്നു എന്നതിനെ) പറയുന്നു. മുകളിലും, താഴെയും പടിഞ്ഞാറും, കിഴക്കും തെക്കും, വടക്കും, ഞാൻ തന്നെ. ഈ ജഗത്തെല്ലാം ഞാൻ തന്നെ.

2. അഥാത ആത്മാദേശ ഏവ ആത്മാ ഏവ അധസ്താദ് ആത്മാ ഉപരിഷ്ടാത് ആത്മാ പശ്ചാത് ആത്മാ പുരസ്താദ് ആത്മാ ദക്ഷിണതഃ ആത്മാ ഉത്തരതഃ ആത്മാ ഏവ ഇദം സർവമിതി സവ, ഏഷ ഏവം പശ്യന്നേവം മന്വാന ഏവം വിജാനൻ ആത്മരതിരാത്മക്രീഡ ആത്മമിഥുന ആത്മാനന്ദഃ സഃസ്വരാട് ഭവതി തസ്യ സർവേഷു ലോകേഷു കാമചാരോ ഭവതി അഥ യേ അന്യഥാ അതഃ വിദുഃ അന്യരാജാനഃ തേ ക്ഷയ്യലോകാഃ ഭവന്തി തേഷാം സർവേഷു ലോകേഷു അ കാമചാരോ ഭവതി.

അനന്തരം ആത്മാദേശത്തെപ്പററി പറയുന്നു. (ശുദ്ധവും സത്സ്വരൂപവും കേവലവുമായ ആത്മാവിനെത്തന്നെ ആദേശിക്കുക) കീഴും മേലും, പടിഞ്ഞാറും, കിഴക്കും, തെക്കും, വടക്കം, ശുദ്ധവും, സത്സ്വരൂപവും, കേവലവുമായ ആത്മാവുതന്നെയാണ്. ഇപ്രകാരം അറിയുന്നവൻ ആത്മാരാമനായും, ആത്മാവിൽതന്നെ ക്രീഡിക്കുന്നവനായും ആത്മാവിനെകൊണ്ടു തന്നെ ആനന്ദിക്കുന്നവനായും ഭവിക്കും. അവൻ സ്വാരാട്ടായിത്തീരുന്നു. അവന് എല്ലാ ലോകങ്ങളിലും യഥേഷ്ടം സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം സിദ്ധിക്കുന്നു. പിന്നെ ഇതിനു വിപരീതമായി അറിയുന്നവർ വേറെ സ്വാമി

യുള്ളവരായും, ക്ഷയമുള്ള ലോകങ്ങളോടുകൂടിയവരായും തീരുന്നു. അവർക്കു എല്ലാ ലോകങ്ങളിലും യഥേഷ്ടം സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യവും ലഭിക്കുന്നില്ല.

# ഏഴാം അദ്ധ്യായം

## ഇരുപത്താറാം ഖണ്ഡം

1. തസ്യ ഹ വാ ഏതസ്യ ഏവം പശ്യത ഏവം മന്വാനസ്യ ഏവം വിജാനത ആത്മതഃ പ്രാണഃ ആത്മതഃ ആശാ ആത്മതഃ സ്മര ആത്മതഃ ആകാശഃ ആത്മതഃ തേജഃ ആത്മതഃ ആപ ആത്മതഃ ആവിർഭാവതിരോഭാവൗ ആത്മതഃ അന്നം ആത്മതഃ ബലം ആത്മതഃ വിജ്ഞാനം ആത്മതഃ ധ്യാനം ആത്മതഃ ചിത്തം ആത്മതഃ സങ്കൽപ്പഃ ആത്മതഃ മനഃ ആത്മതഃ വാക് ആത്മതഃ നാമ ആത്മതഃ മന്ത്രാഃ ആത്മതഃ കർമ്മാണി ആത്മതഃ ഏവ ഇദം സർവമിതി.

ഇപ്രകാരം കാണുന്നവനും, ഇപ്രകാരം മനനം ചെയ്യുന്നവനും ഇപ്രകാരം അറിയുന്നവനുമായ ആ വിദ്വാന് പ്രാണനും, ആശയും, സ്മൃതിയും, ആകാശവും, തേജസ്സും, അപ്പുകളും, (ജലം) ഉത്പത്തിയും പ്രളയവും ആത്മാവിൽ നിന്നുമാകുന്നു. അന്നവും, ബലവും, വിജ്ഞാനവും, ധ്യാനവും, ചിത്തവും, സങ്കൽപ്പവും, മനസ്സും, വാക്കും, നാമവും, മന്ത്രങ്ങളും കർമ്മങ്ങളും ആത്മാവിൽ നിന്നും തന്നെ. എന്തിനധികം ഈ ജഗത്തെല്ലാം തന്നെ ആത്മാവിൽ നിന്നുമാകുന്നു.

2. തദേഷ ശ്ലോകഃ :- ന പശ്യോ മൃത്യും പശ്യതി, ന രോഗം നോത ദുഃഖതാം സർവം ഹ പശ്യ പശ്യതി സർവം ആപ്നോതി സർവശഃ ഇതി സ ഏകധാ ഭവതി, ത്രിധാ ഭവതി പഞ്ചധാ സപ്തധാ നവധാ ചൈവ പുനശ്ച ഏകാദശഃ സ്മൃതഃ ശതം ച ദശൈകശ്ച സഹസ്രാണി ച വിംശതിഃ ആഹാരശുദ്ധൗഃ സത്വശുദ്ധിഃ സത്വശുദ്ധൗ ധ്രുവാ സ്മൃതിഃ- സ്മൃതിലംഭേ സർവഗ്രന്ഥീനാം വിപ്രമോക്ഷഃ തസ്മൈ മൃദിത കഷായായ തമസസ്പാരം ദർശയതി ഭഗവാൻ സനൽകുമാരസ്തം സ്കന്ദ ഇത്യാചക്ഷതേ, തം സ്കന്ദ ഇത്യാചക്ഷതേ.

ആ അർത്ഥത്തിൽ ഇങ്ങനെ ഒരു മന്ത്രമുണ്ട്. യഥാർത്ഥത്തെ കാണുന്നവൻ മരണത്തെ കാണുന്നില്ല. അയാൾ രോഗത്തെയും, ദു:ഖഭാവത്തെയും

കാണുന്നില്ല. യഥാർത്ഥ ദർശി സർവത്തെയും കാണുന്നു. എല്ലാ പ്രകാരത്തിലും എല്ലാത്തിനേയും പ്രാപിക്കുന്നു. ആ വിദ്വാൻ, ഒരു വിധത്തിലും, മൂന്നു വിധത്തിലും, അഞ്ചുവിധത്തിലും, ഏഴു വിധത്തിലും, ഒൻപതു വിധത്തിലും, പിന്നെ പതിനൊന്നായിട്ടും, നൂററിപ്പതിനൊന്നായിട്ടും, ആയിരത്തി ഇരുപത്തെട്ടായും ഭവിക്കുന്നു.

ആഹാരത്തിനു ശുദ്ധിയുണ്ടാകുമ്പോൾ (വിഷയാനുഭവരൂപമായ വിജ്ഞാനത്തിനു ശുദ്ധിയുണ്ടാകുമ്പോൾ) സത്ത്വശുദ്ധി (അന്തഃകരണശുദ്ധി) ഉണ്ടാകുന്നു. സത്ത്വശുദ്ധി കൈവരുമ്പോൾ ധ്രുവമായ (അവിച്ഛിന്നമായ) സ്മൃതി ഉണ്ടാകുന്നു. സ്മൃതി കൈവന്നാൽ എല്ലാ ഹൃദയ ഗ്രന്ഥികളും നശിക്കും. രാഗദ്വേഷാദികളായ കറ കഴുകിക്കളഞ്ഞിട്ടുള്ള അവന് (ആ നാരദന്) ഭഗവാനായ സനൽകുമാരൻ അവിദ്യാരൂപമായ തപസ്സിനും അപ്പുറമുള്ള പരമാർത്ഥ തത്ത്വത്തെ കാണിച്ചുകൊടുത്തു. ആ സനൽകുമാരനെ സ്കന്ദൻ എന്നു പറയുന്നു.

# എട്ടാം അദ്ധ്യായം

## ഒന്നാം ഖണ്ഡം

[ദിക്ക്, ദേശം, കാലം, മുതലായവയുടെ ഭേദമൊന്നുമില്ലാത്തതും സർവ ജഗദാത്മകവും ഏകവും അദ്വിതീയവുമായ ആത്മാവാണ് ബ്രഹ്മം എന്ന് ആറും ഏഴും അദ്ധ്യായങ്ങളിൽ പറഞ്ഞുകഴിഞ്ഞു. എങ്കിലും ബ്രഹ്മത്തെ അറിയാതെ പുരുഷാർത്ഥ സിദ്ധി സാദ്ധ്യമല്ലാത്തതു കൊണ്ടും ബ്രഹ്മത്തെ അറിയുവാൻ ഹൃദയപുണ്ഡരീകത്തെ ഉപദേശിച്ചിരിക്കുന്നു. മന്ദബുദ്ധികൾക്കു ബ്രഹ്മം അസത്തെന്ന പോലെയേ തോന്നുകയുള്ളൂ. ആദ്യം അവർ നേർവഴിക്കു വരട്ടെ. പിന്നെ അവർക്ക് പരമാർത്ഥ സത്തിനേയും ഗ്രഹിപ്പിച്ചു കൊടുക്കാം എന്നാണു ശ്രുതി വിചാരിക്കുന്നത്.]

1. **ഹരിഃ ഓം അഥ യദിദമസ്മിൻ ബ്രഹ്മപുരേ ദഹരം പുണ്ഡരീകം വേശ്മ ദഹരഃ അസ്മിൻ അന്തരാകാശഃ തസ്മിൻ യദന്തഃ തദന്വേഷ്ടവ്യം; തത്‌വാവ വിജിജ്ഞാസിതവ്യമിതി.**

ഇനി ഈ ശരീരത്തിൽ (ബ്രഹ്മപുരത്തിൽ) പുണ്ഡരീക സദൃശമായ ഹൃദയമാകുന്ന ചെറിയ ഗൃഹമുണ്ട്. ഈ ചെറിയ ഗൃഹത്തിനുള്ളിൽ കുറേക്കൂടി ചെറുതായ ആകാശമുണ്ട്. അതിനുള്ളിൽ ഏതാണോ ഉള്ളത് അതിനെ അന്വേഷിച്ച് അറിയേണ്ടതാണ്. (സാക്ഷാൽക്കരിക്കേണ്ടതാണ്)

2. **തം ചേദ് ബ്രൂയുഃ യദിദമസ്മിൻ ബ്രഹ്മപുരേ ദഹരം പുണ്ഡരീകം വേശ്മ ദഹരഃ അസ്മിന്നന്തരാകാശഃ കിം**

തദത്ര വിദ്യതേ യദന്വേഷ്ടവ്യം, യദ്വാവ വിജിജ്ഞാസിതവ്യം ഇതി സ ബ്രൂയാത്.

ഈ ബ്രഹ്മപുരത്തിൽ ചെറുതായ പുണ്ഡരീകമാകുന്ന ഗൃഹം ഏതാണോ അതിന്റെ ഉള്ളിലുള്ള ആകാശം അതിലും ചെറുതാകുന്നു. ഇതിൽ അന്വേഷിക്കുവാനും, അറിയുവാനും എന്താണുള്ളത് ? എന്ന് ശിഷ്യന്മാർ ആചാര്യനോടു ചോദിക്കയാണെങ്കിൽ (അവൻ) ആചാര്യൻ ഇപ്രകാരം പറഞ്ഞുകൊടുക്കണം.

3. യാവാൻ വാ അയം ആകാശഃ താവാൻ ഏഷഃ അന്തർഹൃദയ ആകാശഃ ഉഭേ അസ്മിൻ ദ്യാവാപൃഥിവീ അന്തഃ ഏവ സമാഹിതേ ഉഭൗ അഗ്നിശ്ച വായുശ്ച സൂര്യാ ചന്ദ്രമസൗ ഉഭൗ വിദ്യുത് നക്ഷത്രാണി യച്ചാസ്യേഹാസ്തി യച്ച നാസ്തി സർവം തദസ്മിൻ സമാഹിതമിതി.

ഈ ഭൗതികാകാശം എത്രത്തോളമുള്ളതാണോ അത്രത്തോളമുള്ളതാണ് ഈ ഹൃദയാന്തർഭാഗത്തുള്ള ആകാശവും. ദ്യാവാപൃഥിവികളും ഇതിനുള്ളിൽ തന്നെ സ്ഥിതിചെയ്യുന്നു. അഗ്നിയും വായുവും, സൂര്യചന്ദ്രന്മാരും വിദ്യുത്തും, നക്ഷത്രങ്ങളും, ഏതൊന്നാണോ ഈ ദേഹിക്ക് ഈ ലോകത്തിൽ ഉള്ളത്. അതും ഏതാണോ ഇല്ലാത്തത് എല്ലാം ഈ ഹൃദയാകാശത്തിൽ സ്ഥിതിചെയ്യുന്നു.

4. തം ചേദ് ബ്രൂയുഃ അസ്മിൻ ചേദ് ഇദം ബ്രഹ്മപുരേ സർവം സമാഹിതം സർവാണി, ച ഭൂതാനി, സർവേ ച കാമാ യദാ ഏതത് ജരാവാപ്നോതി പ്രധ്വംസതേ വാ കിം, തതോ അതിശിഷ്യത ഇതി സ ബ്രൂയാത്.

ഈ ബ്രഹ്മപുരത്തിൽ സർവഭൂതങ്ങളും, സർവകാമങ്ങളും, സർവവും സമാഹിതമായിരിക്കുന്നു (സ്ഥിതിചെയ്യുന്നു) എങ്കിൽ ഇതിനെ ജര ബാധിക്കുകയോ നശിക്കുകയോ ചെയ്യുമ്പോൾ അതിൽനിന്നും അന്യമായി എന്താണ് അവശേഷിക്കുന്നത് എന്ന് ശിഷ്യന്മാർ ആചാര്യനോടു ചോദിച്ചാൽ ആചാര്യൻ താഴെപറയും പ്രകാരം അവരോടു പറയണം.

5. ന അസ്യ ജരയാ ഏതത് ജീര്യതി; ന വധേന അസ്യ ഹന്യതേ, ഏതത് സത്യം ബ്രഹ്മപുരം, അസ്മിൻ കാമാഃ സമാഹിതാഃ ഏഷ ആത്മാ അപഹതപാപ്മാ വിജരഃ വിമൃത്യുഃ വിശോകഃ വിജിഘിത്സഃ അപിപാസഃ സത്യകാമഃ, സത്യസങ്കൽപ്പഃ യഥാ ഹി ഏവ ഇഹ പ്രജാ അന്വാ-

**വിശന്തി യഥാനുശാസനം യം യം അന്തം അഭികാമാ ഭവന്തി യം ജനപദം യം ക്ഷേത്രഭാഗം തമേവ ഉപജീവന്തി.**

ഈ ശരീരത്തിന് ജര ബാധിച്ചാൽ ഈ അന്തരാകാശമെന്നു പറയുന്ന ബ്രഹ്മത്തെ ജര ബാധിക്കുകയില്ല. ഈ ശരീരം വധിക്കപ്പെട്ടാൽ ഇത് കൊല്ലപ്പെടുകയില്ല. ഇതാണ് സത്യമായ ബ്രഹ്മപുരം. ഇതിൽ സർവകാമങ്ങളും സ്ഥിതി ചെയ്യുന്നു. ഇതു് നിങ്ങളുടെ സ്വരൂപമാകുന്നു. ഇതു് ധർമ്മാധർമ്മരൂപമായ പാപമില്ലാത്തതും, ജരയും മൃത്യുവും, ശോകവും, ദാഹവും, വിശപ്പും ഇല്ലാത്തതും സഫലങ്ങളായ കാമങ്ങളോടു കൂടിയതും സത്യങ്ങളായ സങ്കൽപങ്ങളോടു കൂടിയതും ആകുന്നു. ഈ ലോകത്തിൽ പ്രജകൾ തങ്ങളുടെ സ്വാമിയുടെ അനുശാസനമനുസരിച്ച് അനുവർത്തിക്കുന്നു. അവർ ഏതേതു ദേശമോ ജനപദമോ ക്ഷേത്ര ഭാഗമോ പ്രാർത്ഥിക്കുന്നുവോ അതാതിനെത്തന്നെ അവർ ഉപജീവിക്കുന്നു. പുണ്യഫലോപഭോഗത്തിലുള്ള അസ്വാതന്ത്ര്യദോഷത്തിന് ഇതാണ് ദൃഷ്ടാന്തം.

6. **തത് യഥാ ഇഹ കർമ്മജിതഃ ലോകഃ ക്ഷീയത ഏവം ഏവ അമുത്ര പുണ്യജിതഃ ലോകഃ ക്ഷീയതേ തദ്യ ഇഹ ആത്മാനം അനനുവിദ്യ വ്രജന്തി ഏതാംശ്ച സത്യാൻ കാമാൻ തേഷാം സർവേഷു ലോകേഷു അകാമചാരഃ ഭവതി അഥ യഃ ഇഹ ആത്മാനം അനുവിദ്യ വ്രജന്തി ഏതാംശ്ച സത്യാൻ കാമാൻ തേഷാം സർവേഷു ലോകേഷു കാമചാരഃ ഭവതി.**

അവിടെ ഈ ലോകത്ത് സേവാദികർമ്മത്താൽ സമ്പാദിക്കപ്പെടുന്ന ലോകം ക്ഷയിക്കുന്നതുപോലെ തന്നെ പരലോകത്തിൽ പുണ്യം കൊണ്ടു സമ്പാദിക്കപ്പെടുന്ന ലോകവും ക്ഷയിക്കുന്നു. അതിനാൽ ഈ ലോകത്തിൽ ആത്മാവിനെയും എല്ലാ കാമങ്ങളേയും അറിയാതെ ശരീരമുപേക്ഷിച്ചു പോകുന്നവർക്ക് എല്ലാ ലോകങ്ങളിലും അസ്വാതന്ത്ര്യം ഉണ്ടാകുന്നു. എന്നാൽ ഈ ലോകത്തിൽ ആത്മാവിനെ അറിഞ്ഞിട്ട് ശരീരം വിട്ടുപോകുന്നവർക്ക് എല്ലാ ലോകങ്ങളിലും സ്വാതന്ത്ര്യം സിദ്ധിക്കുന്നു.

# എട്ടാം അദ്ധ്യായം

## രണ്ടാം ഖണ്ഡം

1. **സ യദി പിതൃലോകകാമോ ഭവതി സങ്കൽപ്പാദേവ അസ്യ പിതരഃ സമുത്തിഷ്ഠന്തി തേന പിതൃലോകേന സമ്പന്നോ മഹീയതേ.**

ആത്മാവിനെ അറിയുന്നവൻ പിതൃലോകത്തെ ആഗ്രഹിക്കുന്നു എങ്കിൽ അവന്റെ സങ്കൽപ്പത്താൽ തന്നെ പിതാക്കൾ അവനോടു സംബന്ധി

ക്കുന്നു. ആ പിതൃലോക സമ്പന്നനായി അവൻ മാഹാത്മ്യത്തെ അനുഭവി ക്കുന്നു.

2. അഥ യദി മാതൃലോകകാമോ ഭവതി സങ്കൽപ്പാദേവ അസ്യ മാതരഃ സമുത്തിഷ്ഠന്തി തേന മാതൃലോകേന സമ്പന്നോ മഹീയതേ.

അവൻ മാതൃലോക കാമനാണെങ്കിൽ അവന്റെ സങ്കൽപ്പമാത്രത്താൽ മാതാക്കൾ അവനോടു സംബന്ധിക്കുന്നു. അങ്ങനെ അവൻ മാതൃലോക സമ്പന്നനായി മാഹാത്മ്യത്തെ പ്രാപിക്കുന്നു,

3. അഥ യദി ഭ്രാതൃലോകകാമോ ഭവതി, സങ്കൽപ്പാദേവ അസ്യ ഭ്രാതരഃ സമുത്തിഷ്ഠന്തി തേന ഭ്രാതൃലോകേനസമ്പന്നോ മഹീയതേ.

പിന്നെ അവൻ ഭ്രാതൃലോകത്തെ കാമിക്കുന്നവനാണെങ്കിൽ അവന്റെ സങ്കൽപ്പമാത്രത്താൽ തന്നെ ഭ്രാതാക്കൾ സമുത്ഥാനം ചെയ്യുന്നു. ആ ഭ്രാതൃലോകത്താൽ സമ്പന്നനായിട്ടു അവൻ മാഹാത്മ്യത്തെ അനുഭവിക്കുന്നു.

4. അഥ യദി സ്വസൃലോകകാമോ ഭവതി, സങ്കൽപ്പാദേവ, അസ്യ സ്വസാരഃ സമുത്തിഷ്ഠന്തി, തേന സ്വസൃലോകേന സമ്പന്നോ മഹീയതേ.

പിന്നെ സഹോദരിമാരുടെ ലോകത്തെ ആഗ്രഹിക്കുന്നവനാണെ ങ്കിൽ അവന്റെ സങ്കൽപ്പത്താൽ തന്നെ സഹോദരിമാർ അവനോടു സംബ ന്ധിക്കുന്നു. അങ്ങനെ സ്വസൃലോകത്താൽ സമ്പന്നനായി അവൻ മാഹാ ത്മ്യത്തെ അനുഭവിക്കുന്നു.

5. അഥ യദി സഖിലോകകാമോ ഭവതി സങ്കൽപ്പാദേവ അസ്യ സഖായഃ സമുത്തിഷ്ഠന്തി; തേന സഖിലോകേന സമ്പ ന്നോ മഹീയതേ.

പിന്നെ സഖിലോകത്തെ ആഗ്രഹിക്കുന്നവനാണെങ്കിൽ അവന്റെ സങ്കൽപ്പമാത്രത്താൽ തന്നെ സഖാക്കൾ അവനോടു സംബന്ധിക്കുന്നു. അങ്ങ നെ ആ സഖിലോകത്താൻ സമൃദ്ധനായി അവൻ മാഹാത്മ്യത്തെ അനുഭവി ക്കുന്നു.

6. അഥ യദി ഗന്ധമാല്യലോകകാമോ ഭവതി, സങ്കൽപ്പാദേവ അസ്യ ഗന്ധമാല്യേ സമുത്തിഷ്ഠതഃ തേന ഗന്ധമാല്യ ലോകേന സമ്പന്നോ മഹീയതേ.

പിന്നെ അവൻ ഗന്ധമാല്യലോകത്തെ ആഗ്രഹിക്കുന്നവനാണെ

കിൽ അവന്റെ സങ്കൽപ്പത്താൽ തന്നെ ഗന്ധമാല്യങ്ങൾ സമുത്ഥാനം ചെയ്യുന്നു. അങ്ങനെ അവൻ ഗന്ധമാല്യലോകത്താൽ സമൃദ്ധനായി മാഹാത്മ്യത്തെ അനുഭവിക്കുന്നു.

7. **അഥ യദി അന്നപാനലോകകാമോ ഭവതി, സങ്കൽപ്പാദേവ അസ്യ അന്നപാനേ സമുത്തിഷ്ഠതഃ തേന അന്നപാന ലോകേന സമ്പന്നോ മഹീയതേ.**

പിന്നെ അന്നപാനലോകത്തെ കാംക്ഷിക്കുന്നവനാണെങ്കിൽ അവന്റെ സങ്കൽപ്പത്താൽ തന്നെ അന്നപാനങ്ങൾ സമുത്ഥാനം ചെയ്യുന്നു. അങ്ങനെ അവൻ അന്നപാനലോകത്താൽ സമ്പന്നനായി മാഹാത്മ്യത്തെ അനുഭവിക്കുന്നു.

8. **അഥ യദി ഗീതവാദിതലോകകാമോ ഭവതി സങ്കൽപ്പാദേവ അസ്യ ഗീതവാദിതേ സമുത്തിഷ്ഠതഃ തേന ഗീതവാദിതലോകേന സമ്പന്നോ മഹീയതേ.**

പിന്നെ അവൻ ഗീതവാദ്യങ്ങളുടെ ലോകങ്ങളെ ആഗ്രഹിക്കുന്നവനാണെങ്കിൽ അവന്റെ സങ്കൽപ്പത്താൽ തന്നെ ഗീതവാദ്യങ്ങൾ അവനോടു സംബന്ധിക്കുന്നു. അങ്ങനെ അവൻ ഗീതവാദ്യലോകത്താൽ സമ്പന്നനായി മാഹാത്മ്യത്തെ അനുഭവിക്കുന്നു.

9. **അഥ യദി സ്ത്രീലോകകാമോഭവതി സങ്കൽപ്പാദേവ അസ്യ സ്ത്രിയ സമുത്തിഷ്ഠന്തി; തേന സ്ത്രീലോകേന സമ്പന്നോ മഹീയതേ.**

പിന്നെ സ്ത്രീലോകത്തെ ആഗ്രഹിക്കുന്നവനാണെങ്കിൽ അവന്റെ സങ്കൽപ്പത്താൽ തന്നെ സ്ത്രീകൾ സമുത്ഥാനം ചെയ്യുന്നു. അങ്ങനെ അവൻ ആ സ്ത്രീലോകാത്താൽ സമ്പന്നനായി മാഹാത്മ്യത്തെ അനുഭവിക്കുന്നു.

10. **യം യം അന്തം അഭികാമോ ഭവതി യം കാമം കാമയതേ സഃ അസ്യ സങ്കൽപ്പാദേവ സമുത്തിഷ്ഠതി; തേന സമ്പന്നോ മഹീയതേ.**

അവൻ ഏതേതു ദേശത്തെ ആഗ്രഹിക്കുന്നുവോ ഏതേതു കാമത്തെ ആഗ്രഹിക്കുന്നുവോ, അവൻ പ്രാപിക്കുവാനിച്ഛിക്കുന്ന ആ ദേശവും, ആ കാമവും അവന്റെ സങ്കൽപ്പമാത്രത്താൽ തന്നെ അവനോടു സംബന്ധിക്കുന്നു. ആ അഭീഷ്ടപ്രാപ്തി കൊണ്ട്, സമൃദ്ധനായി അവൻ മാഹാത്മ്യത്തെ അനുഭവിക്കുന്നു.

# എട്ടാം അദ്ധ്യായം

## മൂന്നാം ഖണ്ഡം

1. ത ഇമേ സത്യാഃ കാമാ അനൃതാപിധാനാഃ തേഷാം സത്യാനാം സതാം അനൃതമപിധാനം യഃ യഃ ഹി അസ്യ ഇതഃ പ്രൈതി, ന തമിഹ ദർശനായ ലഭതേ.

അങ്ങനെയുള്ള സത്യങ്ങളായ ഈ കാമങ്ങൾ അനൃതമാകുന്ന (അസത്യം) അപിധാനത്തോടു (മറവ്) കൂടിയവയാകുന്നു. സത്യങ്ങളായ അവയ്ക്ക് അസത്യം മറവാകുന്നു. ഈ ജന്തുവിൻെറ ഇഷ്ടനായ പുത്രനോ, സഹോദരനോ ആരെങ്കിലും ഈ ലോകത്തു നിന്നും പോയാൽപിന്നെ ആ പുത്രനോ ഭ്രാതാവോ ഹൃദയാകാശത്തിൽ ഉണ്ടെങ്കിലും, വീണ്ടും ഈ ലോകത്തിൽ കാണാൻ ലഭിക്കുന്നില്ല.

2. അഥ യേ ച അസ്യ ഇഹ ജീവാ യേ ച പ്രേതാ യച്ചാന്യദിച്ഛൻ ന ലഭതേ, സർവം തദത്രഗത്വാ വിന്ദതേ അത്ര ഹി അസ്യ ഏതേ സത്യാഃ കാമാഃ അനൃതാപിധാനാഃ തദ് യഥാപി ഹിരണ്യനിധിം നിഹിതം അക്ഷേത്രജ്ഞാഃ ഉപര്യുപരി സഞ്ചരന്തോ ന വിന്ദേയു; ഏവം ഏവ ഇമാഃ സർവാഃ പ്രജാ അഹരഹർ ഗച്ഛന്ത്യ ഏതം ബ്രഹ്മലോകം ന വിന്ദന്ത്യനൃതേന ഹി പ്രത്യൂഢാഃ.

ഈ ജന്തുവിന് ആരാണോ ഈ ലോകത്തിൽ ജീവിച്ചിരിക്കുന്നവരായി ഉള്ളത് ആരാണോ മരിച്ചുപോയിട്ടുള്ളത് വേറെ എന്തോന്നാണോ ഇച്ഛിച്ചിട്ടു കിട്ടാതിരിക്കുന്നത് അതെല്ലാം ഹൃദയാകാശമെന്നു പറയുന്ന ഈ ബ്രഹ്മത്തിൽ ഗമിച്ചാൽ ലഭിക്കും. എന്തെന്നാൽ ഇവിടെ അവൻെറ എല്ലാ കാമനകളും അനൃതമാകുന്ന മറവോടുകൂടി സ്ഥിതിചെയ്യുന്നു. അതിന് ഒരു ദൃഷ്ടാന്തം പറയാം:— ഭൂമിയിൽ കുഴിച്ചിട്ടിട്ടുള്ള സ്വർണ്ണനിധി, അടുത്തു മുകളിൽകൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നവരായാലും നിധിക്ഷേത്രത്തെപ്പററി അറിയാത്തവർക്കു ലഭിക്കുന്നില്ലല്ലോ. അതുപോലെ തന്നെ ഈ പ്രജകളെല്ലാം നിത്യമെന്നോണം ഗമിക്കുന്നവരായിട്ടും അവർക്ക് ഈ ബ്രഹ്മമാകുന്ന ലോകത്തെ ലഭിക്കുന്നില്ല. എന്തെന്നാൽ അനൃതത്താൽ അവർ സ്വരൂപത്തിൽ നിന്ന് അപഹരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ജന്തുക്കൾക്ക് ബ്രഹ്മം സ്വാധീനമായിരുന്നിട്ടും ലഭിക്കാതെ പോകുന്നു.

3. സ വാ ഏഷ ആത്മാ ഹൃദി, തസ്യൈതദേവ നിരുക്തം ഹൃദ്യയമിതി തസ്മാത് ഹൃദ്യയം, അഹരഹർ വാ ഏവം വിത് സ്വർഗ്ഗം ലോകമേതി.

അങ്ങനെയുള്ള പ്രകൃതമായ ഈ ആത്മാവാണ് ഹൃദയത്തിലുള്ളത്. അങ്ങനെയുള്ള ഈ ഹൃദയത്തിന്റെ നിർവ്വചനം ''ഹൃദയത്തിൽ ഇതാ ആത്മാവ് സ്ഥിതി ചെയ്യുന്നു'' എന്നാണ്. അതുകൊണ്ടാണ് അതിനെ 'ഹൃദയം' എന്നുപറയുന്നത്. ഇപ്രകാരം അറിയുന്നവൻ ദിവസവും സ്വർഗ്ഗലോകത്തെ പ്രാപിക്കുന്നു.

4. **അഥ യ ഏഷ സംപ്രസാദഃ അസ്മാത് ശരീരാത് സമുത്ഥായ പരം ജ്യോതിഃ ഉപസംപദ്യ സ്വേന രൂപേണ അഭിനിഷ്പദ്യതേ ഏഷ ആത്മേതി ഹോവാച ഏതത് അമൃതം അഭയം ഏതദ് ബ്രഹ്മേതി തസ്യ ഹവാ ഏതസ്യ ബ്രഹ്മണോ നാമ സത്യമിതി.**

പിന്നെ ഈ സംപ്രസാദൻ (സ്വർഗ്ഗലോകത്തെ പ്രാപിക്കുമെന്നു പറഞ്ഞ വിദ്വാൻ) ശരീരമാണ് ആത്മാവെന്ന ഭാവനയെ ഉപേക്ഷിച്ചിട്ടു പരംജ്യോതിസ്സിനെ പ്രാപിച്ച് സ്വന്തരൂപത്തിൽ ആയിത്തീരുന്നു. ഇതാണ് ആത്മാവെന്നും ഇത് അവിനാശിയും, അഭയവുമായ ബ്രഹ്മമാണെന്നും ആചാര്യൻ പറഞ്ഞു; അങ്ങനെയുള്ള ഈ ബ്രഹ്മത്തിന്റെ നാമം 'സത്യം' എന്നാകുന്നു.

5. **താനി ഹ വാ ഏതാനി ത്രീണി അക്ഷരാണി 'സതീയം' ഇതി തദ് യത് സത്തദമൃതം; അഥ യത് 'തി' തത് മർത്ത്യം, അഥ യത് യം തേന ഉഭേ യച്ഛതി യത് അനേനോഭേയച്ഛതി തസ്മാത് യം അഹരഹർവാ ഏവം വിത് സ്വർഗ്ഗം ലോകമേതി.**

അവ 'സ' 'തീ' 'യം' എന്ന് ഈ മൂന്നക്ഷരങ്ങൾ ആകുന്നു. അവയിൽ 'സത്' എന്നുള്ളത് അമൃതമാകുന്നു. പിന്നെ 'തി' എന്നുള്ളത് മർത്ത്യമാകുന്നു. പിന്നെ 'യം' എന്നുള്ളത് രണ്ടിനേയും കൂട്ടിക്കെട്ടുന്നു. അതുകൊണ്ട് രണ്ടിനേയും നിയമിക്കുന്നു. അതുകൊണ്ട് 'യം' എന്നു പറയപ്പെടുന്നു. ഇപ്രകാരം അറിയുന്നവൻ ദിവസംതോറും സ്വർഗ്ഗലോകത്തെ പ്രാപിക്കുന്നു. [ബ്രഹ്മത്തിന്റെ നാമാക്ഷരങ്ങൾ— സതീയം, അതായത് സകാരം, തകാരം, യകാരം, എന്നിങ്ങനെ മൂന്നാണ്. ഇതിൽ സകാരം, (സത്) അമൃതവും തകാരം— മർത്ത്യവും ആകുന്നു. ഇവ രണ്ടിനേയും യമിക്കുന്നതുകൊണ്ട് ഇതിനെ യം എന്നു പറയുന്നു. സകാരതകാരങ്ങൾ ഈ 'യം' എന്നതിനാൽ ബദ്ധങ്ങളെന്ന പോലെയാണല്ലോ കാണപ്പെടുന്നത്. ഇങ്ങനെ നാമനിർവ്വചനം കൊണ്ട് ബ്രഹ്മത്തെ സ്തുതിക്കുന്നു].

# എട്ടാം അദ്ധ്യായം

## നാലാം ഖണ്ഡം

1. അഥ യ ആത്മാ സ സേതുർ വിധൃതിഃ ഏഷാം ലോകാനാം അസംഭേദായ ന ഏതം സേതും അഹോരാത്രേ തരതഃ ന ജരാ, ന മൃത്യുഃ ന ശോകഃ ന സുകൃതം, ന ദുഷ്കൃതം; സർവേ പാപ്മാനഃ അതഃ നിവർത്തന്തേ അപഹത പാപ്മാ ഹ്യേഷ ബ്രഹ്മലോകഃ.

ഇനി ആത്മാവെന്നുപറയുന്നതു് ലോകങ്ങൾക്കു് വിനാശം വരാതിരിക്കുന്നതിനായുള്ള വിധൃതി (വേണ്ട വിധത്തിൽ നിലനിറുത്തുന്ന) സേതുവാണ്. ഈ സേതുവിനെ അഹോരാത്രങ്ങൾ തരണം ചെയ്യുന്നില്ല. ജര ബാധിക്കുന്നില്ല. മൃത്യു പ്രാപിക്കുന്നില്ല. ശോകം പ്രാപിക്കുന്നില്ല. സുകൃതമോ ദുഷ്കൃതമോ പ്രാപിക്കുന്നില്ല. സർവപാപങ്ങളും ഇതിൽ നിന്നു നിവർത്തിക്കുന്നു. എന്തെന്നാൽ ഈ ബ്രഹ്മലോകം പുണ്യപാപങ്ങൾ ഇല്ലാത്തതാണല്ലോ.

2. തസ്മാത് വാ ഏതം സേതും തീർത്ത്വാ അന്ധഃ സൻ അനന്ധഃ ഭവതി വിദ്ധഃ സൻ അവിദ്ധഃ ഭവതി ഉപതാപീ സൻ അനുപതാപീ ഭവതി തസ്മാത് വാ ഏതം സേതും തീർത്ത്വാ അപി നക്തം അഹരേവാഭിനിഷ്പദ്യതേ. സകൃദ്വിഭാതോ ഹി ഏവ ഏഷ ബ്രഹ്മലോകഃ.

അതുകൊണ്ടു് ഈ സേതുവിനെ തരണം ചെയ്തു് അന്ധനായിരുന്നവൻ അന്ധനല്ലാത്തവനായിത്തീരുന്നു. ദുഃഖാദി സംബന്ധമുണ്ടായിരുന്നവൻ ദുഃഖാദി സംബന്ധമില്ലാത്തവനായിത്തീരുന്നു രോഗാദികളായ ഉപതാപങ്ങളോടുകൂടിയിരുന്നവൻ ഉപതാപങ്ങളില്ലാത്തവനായിത്തീരുന്നു. അതുകൊണ്ടു് ഈ സേതുവിനെ തരണം ചെയ്താൽ രാത്രിയും പകൽതന്നെ ആയിത്തീരുന്നു. ഈ ബ്രഹ്മലോകം എപ്പോഴും ഒരേരൂപത്തിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്നതുതന്നെയാണ്.

3. തത് യ ഏവ ഏതം ബ്രഹ്മലോകം ബ്രഹ്മചര്യേണ അനുവിന്ദന്തി, തേഷാമേവ ഏഷ ബ്രഹ്മലോകോ തേഷാം സർവേഷു ലോകേഷു കാമചാരഃ ഭവതി.

അതിനാൽ ബ്രഹ്മചര്യം കൊണ്ടു് ഈ ബ്രഹ്മലോകത്തെ പ്രാപിക്കുന്നവർക്കാണ് ഈ ബ്രഹ്മലോകം. അവർക്കു് എല്ലാ ലോകങ്ങളിലും യഥേഷ്ടം സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം സിദ്ധിക്കുന്നു.

# എട്ടാം അദ്ധ്യായം

## അഞ്ചാം ഖണ്ഡം

1. അഥ യത് യജ്ഞഃ ഇത്യാചക്ഷതേ, ബ്രഹ്മചര്യമേവ തത് ബ്രഹ്മചര്യേണ ഹി ഏവ യഃ ജ്ഞാതാ തം വിന്ദതേ. അഥ യത് ഇഷ്ടം ഇത്യാചക്ഷതേ, ബ്രഹ്മചര്യമേവ തത്, ബ്രഹ്മചര്യേണ ഹി ഏവ ഇഷ്ട്വാ ആത്മാനം അനുവിന്ദതേ.

പിന്നെ യജ്ഞത്തെ തന്നെയാണ് ശിഷ്ടന്മാർ ബ്രഹ്മചര്യം എന്നു പറയുന്നത്. എന്തെന്നാൽ ബ്രഹ്മചര്യം കൊണ്ടാണ് ജ്ഞാതാവ് ബ്രഹ്മലോകത്തെ പ്രാപിക്കുന്നത്. പിന്നെ ഇഷ്ടമെന്നുപറയുന്നതും ബ്രഹ്മചര്യം തന്നെ എന്തെന്നാൽ ഈശ്വരനെ പൂജിച്ചിട്ടോ അല്ലെങ്കിൽ ആത്മ വിഷയകമായ ഏഷണ ചെയ്തിട്ടോ ആണ് ആത്മാവിനെ ലഭിക്കുന്നത്.

2. അഥ യത് സത്രായണമിത്യാചക്ഷതേ ബ്രഹ്മചര്യമേവ തത് ബ്രഹ്മചര്യേണ ഹി ഏവ സതഃ ആത്മനഃ ത്രാണം വിന്ദതേ; അഥ യത് മൗനമിത്യാചക്ഷതേ, ബ്രഹ്മ ചര്യമേവ തത് ബ്രഹ്മചര്യേണ ഹി ആത്മാനം അനുവിദ്യ മനുതേ.

പിന്നെ സത്ത്രായണം (വളരെ യജമാനന്മാരുടെ വൈദിക കർമ്മം) എന്നു പറയുന്നതും ബ്രഹ്മചര്യം തന്നെയാകുന്നു. എന്തെന്നാൽ സത്തിൽ നിന്ന് — പരമാത്മാവിൽ നിന്ന് ആത്മാവിൻെറ രക്ഷ ബ്രഹ്മചര്യം കൊണ്ടുതന്നെലഭിക്കുന്നു. പിന്നെ മൗനം എന്നു പറയുന്നതും ബ്രഹ്മചര്യം തന്നെയാകുന്നു. എന്തെന്നാൽ ബ്രഹ്മചര്യം കൊണ്ടു തന്നെ ആത്മാവിനെ അറിഞ്ഞിട്ടാണല്ലോ മനനം ചെയ്യുന്നത്.

3. അഥ യത് അനാശകായനം ഇതി ആചക്ഷതേ ബ്രഹ്മചര്യമേവ തത് ഏഷ ഹി ആത്മാ ന നശ്യതി യം ബ്രഹ്മചര്യേണാനുവിന്ദതേ അഥ യത് അരണ്യായനമിത്യാചക്ഷതേ ബ്രഹ്മചര്യമേവ തത്. തദരശ്ച ഹ വൈ- ണ്യശ്ചാർണവൗ ബ്രഹ്മലോകേ, തൃതീയസ്യാമിതോ ദിവിഃ തത് ഐരംമദീയം സരഃ തദശ്വത്ഥഃ സോമസവനഃ തദപരാജിതാ പൂർ ബ്രഹ്മണഃ പ്രഭുവിമിതം ഹിരൺമയം.

പിന്നെ അനാശകായനം (ഉപവാസ പരായണത്വം) എന്നുപറയുന്ന തും ബ്രഹ്മചര്യം തന്നെ ആകുന്നു. എന്തെന്നാൽ ഏതൊരാത്മാവാണോ ബ്രഹ്മചര്യം കൊണ്ട് ലഭിക്കുന്നതു് ആ ആത്മാവ് നശിക്കുന്നില്ല. പിന്നെ അരണ്യായനം എന്നു പറയുന്നതും (അരണ്യവാസം) ബ്രഹ്മചര്യം തന്നെ. ഈ ലോകത്തുനിന്നും മൂന്നാമത്തെ ദ്യോവായ ആ ബ്രഹ്മലോകത്തിൽ അര മെന്നും, ണ്യമെന്നും, പ്രസിദ്ധങ്ങളായ രണ്ടു സമുദ്രങ്ങളുണ്ട്. അവിടെ ഐരം (മണ്ഡം) നിറഞ്ഞതും ഉപയോഗിക്കുന്നവർക്ക് മദജനകവും ആയ ഒരു സര സ്സുണ്ട്. അവിടെ സോമസവനമെന്നു പേരുള്ള അല്ലെങ്കിൽ അമൃത് ഊറുന്ന അരയാൽ വൃക്ഷമുണ്ട്. അവിടെ അപരാജിത എന്നു പേരുള്ള ബ്രഹ്മ പുരിസ്ഥിതിചെയ്യുന്നു. പ്രഭുവായ ബ്രഹ്മത്താൽ നിർമ്മിതമായ സ്വർണ്ണ മയമായ മണ്ഡപവും അവിടെ ഉണ്ട്.

4. തത് യ ഏവ ഏതൗ അരം ച ണ്യം ച അർണ്ണവൗ ബ്രഹ്മ ലോകേ ബ്രഹ്മചര്യേണാനുവിന്ദന്തി, തേഷാമേവൈഷ ബ്രഹ്മലോക സ്തേഷാം സർവേഷു ലോകേഷു കാമചാ രോ ഭവതി.

ആ ബ്രഹ്മലോകത്തിൽ 'അരം' എന്നും 'ണ്യം' എന്നും പറയുന്ന സമുദ്രങ്ങളെ ബ്രഹ്മചര്യംകൊണ്ട് പ്രാപിക്കുന്നവർക്കുമാത്രമാണ് ഈ ബ്ര ഹ്മലോകം. അവർക്ക് എല്ലാ ലോകങ്ങളിലും സഞ്ചാര സ്വാതന്ത്ര്യം സിദ്ധി ക്കുന്നു.

# എട്ടാം അദ്ധ്യായം

## ആറാം ഖണ്ഡം

(ബ്രഹ്മചര്യാദി സാധനങ്ങൾ തികഞ്ഞും, ബാഹ്യവിഷയങ്ങളാ കുന്ന അനൃതങ്ങളിലുള്ള തൃഷ്ണയെ വെടിഞ്ഞും, ഹൃദയ പുണ്ഡരീക ത്തിലുള്ളതും, മേൽപറഞ്ഞ ഗുണങ്ങളോടുകൂടിയുള്ളതുമായ ബ്രഹ്മത്തെ ഉപാസിക്കുന്നവന് മൂർദ്ധാവിലുള്ള നാഡിയിൽകൂടിയുള്ള ഗതി പറഞ്ഞു കൊടുക്കുന്നതിനായിട്ട് നാഡീഖണ്ഡത്തെ പറയാൻ പോകുന്നു.)

1. അഥ യഃ ഏതാഃ ഹൃദയസ്യ നാഡ്യഃ താഃ പിംഗലസ്യാ ണിമ്നഃ തിഷ്ഠന്തി, ശുക്ലസ്യ, നീലസ്യ, പീതസ്യ ലോഹിതസ്യ, ഇതി അസൗ വാ ആദിത്യഃ പിംഗല ഏഷ ശുക്ല ഏഷ നീല ഏഷ പീത ഏഷ ലോഹിതഃ.

പിന്നെ ഈ ഹൃദയത്തിലെ നാഡികൾ പിംഗലവർണ്ണവും, ശുക്ല വർണ്ണവും, നീലവർണ്ണവും, പീതവർണ്ണവും ആയ അണിമാവു (സൂക്ഷ്മ

രസം) കൊണ്ടു നിറഞ്ഞു സ്ഥിതിചെയ്യുന്നു. ആ ആദിത്യൻ തന്നെ പിംഗലവർണ്ണത്തോടുകൂടിയിരിക്കുന്നു. ഈ ആദിത്യൻ ശുക്ലവർണ്ണത്തോടു കൂടിയിരിക്കുന്നു. ഈ ആദിത്യൻ നീലനിറത്തോടുകൂടിയിരിക്കുന്നു. ഈ ആദിത്യൻ പീതവർണ്ണത്തോടുകൂടിയിരിക്കുന്നു. ഈ ആദിത്യൻ ലോഹിത വർണ്ണത്തോടുകൂടിയിരിക്കുന്നു.

2. **തദ് യഥാ മഹാപഥ ആതത ഉഭൗ ഗ്രാമൗ ഗച്ഛതീമം ച അമും ചൈവമേവൈതാ ആദിത്യസ്യ രശ്മയ ഉഭൗ ലോകൗ ഗച്ഛന്തി ഇമം ച അമും ച അമുഷ്മാദിത്യാത് പ്രതായന്തേ താ ആസു നാഡീഷു സൃപ്താ ആഭ്യോ നാഡീഭ്യഃ പ്രതായന്തേ, തേ അമുഷ്മിന്നാദിത്യേ സൃപ്താഃ.**

അതിന് ഒരു ദൃഷ്ടാന്തം പറയാം:— വ്യാപ്തവും മഹത്തുമായ ഒരു മാർഗ്ഗം സമീപത്തും ദൂരെയുമുള്ള രണ്ട് ഗ്രാമങ്ങളിൽ പ്രവേശിക്കുന്നതുപോലെ ആദിത്യന്റെ രശ്മികൾ ആ ലോകത്തിലും — (ആദിത്യ മണ്ഡലത്തിലും) ഈ ലോകത്തിലും — ഈ പുരുഷനിലും പ്രവേശിക്കുന്നു. ആ ആദിത്യ മണ്ഡലത്തിൽ നിന്നു തുടർച്ചയായി പരന്ന് അവ ഈ നാഡികളിൽ പ്രവേശിച്ച് ഈ നാഡികളിൽനിന്നു തുടർച്ചയായി പുറപ്പെടുന്നു. പിന്നീട് അവ ആദിത്യനിൽ പ്രവേശിക്കുന്നു.

3. **തദ് യത്രൈതത് സുപ്തഃ സമസ്തഃ സംപ്രസന്നഃ സ്വപ്നം ന വിജാനാതി ആസു തദാ നാഡീഷു സൃപ്തോ ഭവതി തം ന കശ്ചന പാപ്മാ സ്പൃശതി; തേജസാ ഹി തദാ സമ്പന്നോ ഭവതി.**

അങ്ങനെ ഇരിക്കെ സ്വപനത്തെ സ്വപിക്കുന്ന ജീവൻ സർവകരണ വ്യാപാരങ്ങളേയും ഉപസംഹരിച്ചും സുപ്രസന്നനായും സ്വപ്നത്തെ അറിയാതിരിക്കുമ്പോൾ ഈ നാഡികളിൽ പ്രവേശിച്ചവനായിത്തീരുന്നു. അവനെ ഒരു പാപവും സ്പർശിക്കുന്നില്ല. എന്തെന്നാൽ അപ്പോൾ അവൻ തേജസ്സിനാൽ സമ്പന്നനായി ഭവിക്കുന്നു.

4. **അഥ യത്രൈതദ് അബലിമാനം നീതോ ഭവതി തമഭിത ആസീനാ ആഹുഃ ജാനാസി മാം ജാനാസി മാമിതിസ യാവദസ്മാത് ശരീരാത് അനുത്ക്രാന്തഃ ഭവതി താവജ്ജാനാതി.**

പിന്നെ ഇങ്ങനെ രോഗാദികളാലോ ജര മുതലായതു കൊണ്ടോ ഇവന്റെ ദേഹം കൃശമായിത്തീരുമ്പോൾ, ജ്ഞാതികൾ അവനു ചുററുമിരുന്നുകൊണ്ട് എന്നെ അറിയുന്നുവോ? എന്നെ അറിയുന്നുവോ? എന്നു ചോദി

കുന്നു. അവൻ ഈ ശരീരത്തിൽ നിന്നു് ഉൽക്രമിക്കാതിരിക്കുന്നതുവരെ എല്ലാവരേയും അറിയുന്നു.

5. അഥ യത്ര ഏതത് അസ്മാത് ശരീരാത് ഉത്ക്രാമതി അഥ ഏതൈഃ ഏവ രശ്മിഭിഃ ഊർദ്ധ്വം ആക്രമതേ സഃ ഓം ഇതി വാഹോ ഉദ് വാ മീയതേ, സ യാവത് ക്ഷിപ്യേന്മനഃ താവദാദിത്യം ഗച്ഛതി; ഏതത് വൈ ഖലു ലോകദ്വാരം വിദുഷാം പ്രപദനം നിരോധഃ അവിദുഷാം.

പിന്നെ ഈ ശരീരത്തിൽ നിന്നു് ഉൽക്രമിക്കുമ്പോൾ അവിദ്വാൻ ഇതേ രശ്മികളിൽകൂടി മുകളിലേക്കുപോകുന്നു. വിദ്വാനാണെങ്കിൽ ഓം എന്നു ധ്യാനിച്ചുകൊണ്ടു് മേൽപോട്ടുതന്നെ ഗമിക്കുന്നു. അവിദ്വാനാണെങ്കിൽ തിര്യക്കായിട്ടാണുഗതി. ഇങ്ങനെ ഉൽക്രമിക്കുന്ന വിദ്വാൻ മനസ്സു് എത്തുന്നതിനുവേണ്ടിടത്തോളമുള്ള സമയം കൊണ്ടു് ആദിത്യനിൽ എത്തുന്നു. ഇതാണു് അവർക്കു് ബ്രഹ്മലോകത്തെ പ്രാപിക്കുവാനുള്ള വഴി. ഇതു് അവിദ്വാന്മാർക്കു നിരോധസ്ഥാനവുമാണു്.

6. തദേഷ ശ്ലോകഃ—
ശതം ചൈകാ ച ഹൃദയസ്യ നാഡ്യഃ താസാം മൂർദ്ധാനമഭിനിസ്സൃതൈകാ; തയോർദ്ധ്വമായന്നമൃതത്വമേതി വിഷ്വങ്ങന്യാ ഉത്ക്രമേണ ഭവന്തി; ഉത്ക്രമേണ ഭവന്തി.

മേൽപറഞ്ഞ അർത്ഥത്തിൽ താഴെപ്പറയുന്ന ശ്ലോകമുണ്ടു്:— ഹൃദയത്തെ സംബന്ധിക്കുന്ന നൂററി ഒന്നു നാഡികൾ ഉണ്ടു്. അവയിൽ ഒന്നു് മൂർദ്ധാവിൽകൂടി വെളിക്കുവന്നിരിക്കുന്നു, ആ നാഡിയിൽകൂടി മേൽപോട്ടുപോകുന്നവൻ അമൃതത്വത്തെ പ്രാപിക്കും. പലവഴിക്കുള്ള മററു നാഡികൾ ഉൽക്രമണത്തിനുമാത്രം ഉപയോഗപ്പെടുന്നവയാകുന്നു. അതായതു് സംസാര ഗതിക്കുള്ള മാർഗ്ഗങ്ങളാണു്.

# എട്ടാം അദ്ധ്യായം

## ഏഴാം ഖണ്ഡം

[മുൻപറഞ്ഞിട്ടുള്ള സംപ്രസാദൻ ഏതാണു്? ആ സംപ്രസാദനു് പരമാത്മജ്ഞാനമുണ്ടാകുന്നതെങ്ങനെ? ആ ആത്മാവിന്റെ ലക്ഷണം എന്താണു്? എന്നീ സംഗതികൾ പറയുവാനാണു് ഈ ഖണ്ഡത്തിൽ ആരംഭിക്കുന്നതു്. ഇതിൽ പറയുന്ന ആഖ്യായിക വിദ്യയെ കൊടുക്കുന്നതിനും ഗ്രഹിക്കുന്നതിനും, ഉള്ള വിധികളെ കാണിക്കുന്നതിനും, വിദ്യയെ സ്തുതിക്കുന്നതിനും വേണ്ടിയാണു്.]

1. യഃ ആത്മാ അപഹതപാപ്മാ വിജരഃ വിമൃത്യുഃ വിശോകഃ വിജിഘിത്സഃ അപിപാസഃ സത്യകാമഃ സത്യസങ്കൽപ്പഃ സഃ അന്വേഷ്ടവ്യഃ സഃ വിജിജ്ഞാസിതവ്യഃ സ സർവാംശ്ച ലോകാൻ ആപ്നോതി സർവാംശ്ച കാമാൻ യഃ തം ആത്മാനം അനുവിദ്യ വിജാനാതി ഇതി ഹ പ്രജാപതിഃ ഉവാച.

ധർമ്മാധർമ്മ രൂപമായ പാപമില്ലാത്തതും, ജരയില്ലാത്തതും, മൃത്യു രഹിതവും, ശോകരഹിതവും, ഭക്ഷിക്കണമെന്നാഗ്രഹമില്ലാത്തതും, ദാഹമില്ലാത്തതും സത്യകാമ സത്യസങ്കൽപ്പങ്ങളോടുകൂടിയതുമായ ആ ആത്മാവിനെ അന്വേഷിക്കേണ്ടതും, അറിയുവാൻ ആഗ്രഹിക്കേണ്ടതുമാണ്. ആ ആത്മാവിനെ അന്വേഷിച്ച് അവനവന് അനുഭവമുള്ള നിലയിലാക്കുന്നവൻ എല്ലാ ലോകങ്ങളേയും എല്ലാ കാമങ്ങളേയും പ്രാപിക്കുന്നു.

2 തത് ഹ ഉഭയേ ദേവാസുരാ അനുബുബുധിരേ, തേ ഹോചുഃ ! ഹന്ത! തം ആത്മാനം അന്വിച്ഛാമോ യം ആത്മാനം അന്വിഷ്യ സർവാംശ്ച ലോകാൻ ആപ്നോതി സർവാംശ്ച കാമാൻ ഇതി. ഇന്ദ്രഃ ഹൈ വ ദേവാനാം അഭിപ്രവവ്രാജ, വിരോചനഃ അസുരാണാം, തൗ ഹ അസംവിദാനൗ ഏവ സമിത്പാണീ പ്രജാപതി സകാശം ആ ജഗ്മതുഃ.

മേൽപറഞ്ഞ പ്രജാപതിയുടെ വചനത്തെ ദേവന്മാരും അസുരന്മാരും, അനുബോധിച്ചു (മനസ്സിലാക്കി) അവർ (ദേവാസുരന്മാർ) പറഞ്ഞു "ഏതു് ആത്മാവിനെ അന്വേഷിച്ചിട്ടാണേ എല്ലാ ലോകങ്ങളേയും എല്ലാ കാമങ്ങളേയും പ്രാപിക്കുന്നതു്, ആ ആത്മാവിനെ ഇപ്പോഠം നമുക്ക് അന്വേഷിക്കാം". ഇങ്ങനെ പറഞ്ഞതിനുശേഷം ദേവന്മാരിൽ ഇന്ദ്രൻ തന്നെ പ്രജാപതിയുടെ അടുക്കലേക്കുപോയി. അസുരന്മാരിൽ വിരോചനനും പോയി. അവർ പരസ്പരം മൈത്രീഭാവം കൂടാതെ തന്നെ കൈയിൽ സമിത്തോടുകൂടി പ്രജാപതിയുടെ സമീപം എത്തി.

3. തൗ ഹ ദ്വാത്രിംശതം വർഷാണി ബ്രഹ്മചര്യം ഊഷതുഃ തൗ ഹ പ്രജാപതിഃ ഉവാച - കിം ഇച്ഛന്തൗ അവാസ്തം ഇതി തൗ ഹോചതുഃ യഃ ആത്മാ അപഹതപാപ്മാ വിജരഃ വിമൃത്യുഃ വിശോകഃ വിജിഘത്സഃ അപിപാസഃ സത്യകാമഃ സത്യസങ്കൽപ്പഃ സഃ അന്വേഷ്ടവ്യഃ സ വിജിജ്ഞാസിതവ്യഃ സർവാംശ്ച ലോകാൻ ആപ്നോതി

സർവാംശ്ച കാമാൻ, യഃ തം ആത്മാനം അനുവിദ്യ വിജാനാതി ഇതി ഭഗവതോ വചഃ വേദയന്തേ തം ഇച്ഛന്താ അവാസ്തം ഇതി.

അവർ മുപ്പത്തിരണ്ടു വർഷം ശുശ്രൂഷാപരന്മാരായി ബ്രഹ്മചര്യം അനുഷ്ഠിച്ചു, അവരോട് പ്രജാപതി ''നിങ്ങൾ എന്ത് ഇച്ഛിച്ചുകൊണ്ടാണ് ബ്രഹ്മചര്യം അനുഷ്ഠിച്ചത്? എന്നു ചോദിച്ചു. അവർ പറഞ്ഞു '' പാപ രഹിതവും ജരയില്ലാത്തതും, മൃത്യുവും, ശോകവും ഇല്ലാത്തതും, ഭക്ഷിക്കണമെന്നുള്ള ഇച്ഛയില്ലാത്തതും, ദാഹമില്ലാത്തതും സത്യകാമ സത്യ സങ്കൽപ്പങ്ങളോടുകൂടിയതും ആയ ആത്മാവിനെ അന്വേഷിക്കേണ്ടതും അതിനെ സാക്ഷാൽക്കരിക്കേണ്ടതും ആകുന്നു, ഈ ആത്മാവിനെ ശാസ്ത്രാചാര്യോപദേശങ്ങളെക്കൊണ്ട് അറിഞ്ഞ് അനുഭവിക്കുന്നവൻ സർവകാമങ്ങളേയും സർവലോകങ്ങളേയും പ്രാപിക്കുന്നു എന്നുള്ള ഭഗവാൻെറ വാക്കിനെ ശിഷ്ടന്മാർ അറിയുന്നു. ആ ആത്മാവിനെ അറിയുവാനുള്ള ആഗ്രഹത്തോടുകൂടിയാണ് ഞങ്ങൾ ബ്രഹ്മചര്യം അനുഷ്ഠിച്ചത്.

4. തൗ ഹ പ്രജാപതിഃ ഉവാച യഃ ഏഷഃ അക്ഷിണി പുരുഷഃ ദൃശ്യത ഏഷഃ ആത്മാ ഇതി ഹോവാച ഏതദമൃതമഭയമേതദ് ബ്രഹ്മ ഇതി, അഥ യഃ അയം ഭഗവഃ അപ്സു പരിഖ്യായതേ, യ ശ്ചായമാദർശേ കതമ ഏഷഃ ഇതി. ഏഷ ഉ ഏവൈഷു സർവേഷ്വന്തേഷു പരിഖ്യായതേ ഇതി ഹോവാച.

അവരോട് പ്രജാപതി പറഞ്ഞു:— അക്ഷിയിൽ കാണപ്പെടുന്ന ഈ പുരുഷൻ തന്നെയാണ് ആത്മാവ്. ഇതു് മരണമില്ലാത്തതും ഭയമില്ലാത്തതും ആകുന്നു. ഇതു് ബ്രഹ്മമാകുന്നു. അപ്പോൾ, ഇന്ദ്ര വിരോചനന്മാർ പ്രജാപതിയോടു ചോദിച്ചു. ''ഭഗവാനെ, ജലത്തിൽ കാണപ്പെടുന്നതോ കണ്ണാടിയിൽ കാണപ്പെടുന്നതോ, അവയിൽ ഈ ആത്മാവ് ഏതാണ്. അതു കേട്ട് പ്രജാപതി പറഞ്ഞു:— കണ്ണിൽ കാണപ്പെടുന്ന ഈ പുരുഷൻ തന്നെയാണ് പാപരാഹിത്യം മുതലായ ധർമ്മങ്ങളോടുകൂടിയ ആത്മാവ്. ഇതുതന്നെയാണ് ഇവയിലെല്ലാം അറിയപ്പെടുന്നതു്.

# എട്ടാം അദ്ധ്യായം

## എട്ടാം ഖണ്ഡം

1. ഉദശരാവ ആത്മാനമവേക്ഷ്യ യദാത്മനോ ന വിജാനീഥ, തത് മേ പ്രബ്രൂതം തൗ ഹ ഉദശരാവേ അവേക്ഷാം ച ക്രാതേ. തൗ ഹ പ്രജാപതിഃ ഉവാച, കിം പശ്യഥ ഇതി.

**തൗ ഹോചതുഃ സർവമേവേദം ആവാം ഭഗവഃ ആത്മാനം പശ്യാവ ആ ലോമഭ്യ ആ നഖേഭ്യഃ പ്രതിരൂപമിതി.**

'ജലം നിറഞ്ഞ പാത്രത്തിൽ (ചട്ടിയിൽ) ആത്മാവിനെ നോക്കിയിട്ട് ആത്മാവിനെപ്പററി നിങ്ങൾക്ക് എന്താണോ അറിഞ്ഞുകൂടാത്തത് അതിനെപ്പററി എന്നോടുപറയുവിൻ' എന്നു പ്രജാപതി പറഞ്ഞു. അവർ ജലം നിറഞ്ഞിരുന്ന പാത്രത്തിൽ നോക്കി: പ്രജാപതി അവരോടു ചോദിച്ചു. നിങ്ങൾ എന്ത് കാണുന്നു?. ''അവർ പറഞ്ഞു'' ഭഗവാനേ ഞങ്ങൾ മുഴുവൻ ആത്മാവിനേയും— അതായത് രോമങ്ങൾ മുതൽ നഖങ്ങൾ വരെയുള്ള —പ്രതിരൂപത്തെ— ഇതാ കാണുന്നു.

2. **തൗ ഹ പ്രജാപതിഃ ഉവാച:- സാധ്വലംകൃതൗ സുവസനൗ പരിഷ്കൃതൗ ഭൂത്വാ ഉദശരാവേ അവേക്ഷേഥാം ഇതി തൗ ഹ സാധ്വലംകൃതൗ സുവസനൗ പരിഷ്കൃതൗ ഭൂത്വാ ഉദശരാവേ അവേക്ഷാം ചക്രാതേ തൗ ഹ പ്രജാപതിഃ ഉവാച കിംപശ്യഥ ഇതി.**

അവരോടു പ്രജാപതി പറഞ്ഞു:— നിങ്ങൾ നല്ലവണ്ണം അലംകൃതന്മാരും നല്ല വസ്ത്രങ്ങൾ ധരിച്ചവരും, പരിഷ്കൃതന്മാരും ആയിട്ട് ഉദശരാവത്തിൽ നോക്കുവിൻ. '' അവർ പ്രജാപതി പറഞ്ഞതുപോലെ നല്ലവണ്ണം അലംകൃതന്മാരും, നല്ലവസ്ത്രങ്ങളോടുകൂടിയവരും പരിഷ്കൃതന്മാരുമായി ഉദശരാവത്തിൽ നോക്കി. അവരോട് നിങ്ങൾ എന്തു കാണുന്നു? എന്ന് പ്രജാപതി ചോദിച്ചു.

3. **തൗ ഹോചതുഃ യഥാ ഏവ ഇദം ആവാം ഭഗവഃ സാധ്വലംകൃതൗ സുവസനൗ പരിഷ്കൃതൗ സ്വ ഏവം ഏവ ഇമൗ ഭഗവഃ സാധ്വലംകൃതൗ സുവസനൗ പരിഷ്കൃതൗ ഇതി. ഏഷ ആത്മേതി ഹോവാച ഏതദമൃതമഭയമേതദ് ബ്രഹ്മേതി. തൗ ഹ ശാന്തഹൃദയൗ പ്രവവ്രജതുഃ.**

അവർ പറഞ്ഞു. ഞങ്ങൾ ഇപ്രകാരം നല്ലവണ്ണം അലംകൃതന്മാരും, നല്ലവസ്ത്രത്തോടുകൂടിയവരും, പരിഷ്കൃതന്മാരും ആയിരിക്കുന്നതുപോലെതന്നെ ഇവരും (ഈ ഛായാത്മാക്കളും) നല്ലപോലെ അലംകൃതന്മാരും, നല്ലവസ്ത്രത്തോടുകൂടിയവരും പരിഷ്കൃതന്മാരും ആയിരിക്കുന്നു. അവരോടു പ്രജാപതിപറഞ്ഞു. ഇതുതന്നെയാണ് ആത്മാവ്, അത് അമൃതവും, അഭയവുമായ ബ്രഹ്മമാകുന്നു. ഇതുകേട്ട് ഇന്ദ്രനും വിരോചനനും ശാന്തഹൃദയന്മാരായി മടങ്ങിപ്പോയി.

4. തൗ ഹാന്വീക്ഷ്യ പ്രജാപതിരുവാചാനുപലഭ്യാത്മാനമനനു വിദ്യ വ്രജതോ യതര ഏതദുപനിഷദോ ഭവിഷ്യന്തി ദേവാ വാ അസുരാവാ തേ പരാഭവിഷ്യന്തീതി സ ഹ ശാന്തഹൃദയ ഏവവിരോചനോ അസുരാഞ്ജഗാമ തേഭ്യോ ഹൈതാമുപനിഷദം പ്രോവാചാത്മൈവേഹ മഹയ്യ ആത്മാ പരിചര്യ ആത്മാനമേവേഹമഹയന്നാത്മാനം പരിചരന്നുഭൗ ലോകാ-വവാപ്നോതീമം ചാമും ചേതി.

അങ്ങനെ മടങ്ങിപ്പോകുന്ന ഇന്ദ്ര വിരോചനന്മാരെ കണ്ടിട്ടു് പ്രജാപതി പറഞ്ഞു:— ഇവർ ആത്മാവിനെ അറിയാതെയും അനുഭവിക്കാതെയും പോകുന്നു. അവർ ദേവന്മാരായിക്കൊള്ളട്ടെ, അസുരന്മാരായിക്കൊള്ളട്ടെ ഈ ചിന്താഗതിയുള്ളവർക്കു പരാഭവംതന്നെ സംഭവിക്കും. വിരോചനൻ ശാന്തഹൃദയനായി അസുരന്മാരെ സമീപിച്ചു് ഈ ഉപനിഷത്തിനെ പറഞ്ഞുകൊടുത്തു. ഈ ലോകത്തു് ആത്മാവിനെത്തന്നെയാണു് പൂജിക്കേണ്ടതും പരിചരിക്കേണ്ടതും. ഇങ്ങനെ ആത്മാവിനെ പൂജിക്കുകയും പരിചരിക്കുകയും ചെയ്യുന്നവൻ ഇഹപരലോകങ്ങളേയും പ്രാപിക്കുന്നു.

5. തസ്മാദപ്യദ്യേഹാദദാനമശ്രദ്ദധാനമയജമാനമാഹുരാസുരോ ബതേത്യസുരാണാം ഹ്യേഷോപനിഷത് പ്രേതസ്യ ശരീരം ഭിക്ഷയാ വസനേനാലംകാരേണേതി സംസ്കുർവന്ത്യേ തേന ഹ്യമും ലോകം ജേഷ്യന്തോ മന്യന്തേ.

അതുകൊണ്ടു് ലോകത്തു് ദാനം ചെയ്യാത്തവനും, ശ്രദ്ധയില്ലാത്തവനും യജിക്കാത്തവനും അസുരസ്വഭാവികളാണെന്നു് സജ്ജനങ്ങൾ പറയുന്നു. എന്തുകൊണ്ടെന്നാൽ ഈ ഉപനിഷത്തു് അസുരന്മാർക്കുള്ളതാണല്ലോ. അതുകൊണ്ടു് അവർ മൃതശരീരത്തെ ആഹാരം, വസ്ത്രം മുതലായ അലങ്കാരങ്ങളാലും മറ്റും സംസ്ക്കരിക്കുന്നു. എന്തെന്നാൽ ഈ ശവസംസ്ക്കാരംകൊണ്ടു് പരലോകത്തെ ജയിക്കാമെന്നു് അവർ വിചാരിക്കുന്നു.

# എട്ടാം അദ്ധ്യായം

## ഒൻപതാം ഖണ്ഡം

1. അഥ ഹേന്ദ്രോ അ പ്രാപ്യൈവ ദേവാനേതദ് ഭയം ദദർശ യഥൈവ ഖല്വയമസ്മിഞ്ഛരീരേ സാധ്വലംകൃതേ സാധ്വലംകൃതോ ഭവതി സുവസനേ സുവസനഃ പരിഷ്കൃതേ പരിഷ്കൃത ഏവമേവായമസ്മിന്നന്ധേ അന്ധോ ഭവതി സ്രാമേ സ്രാമഃ പരിവൃക്ണേ പരിവൃക്ണോ അ സ്യൈവ ശരീരസ്യ നാശമന്വേഷ നശ്യതി.

അനന്തരം ഇന്ദ്രൻ ദേവന്മാരെ സമീപിക്കുന്നതിനു മുമ്പുതന്നെ ഈ ഭയത്തെ കണ്ടു. ഈ ഛായാത്മാവു്, ഈ ശരീരം നല്ലവണ്ണം അലങ്കരിക്ക

പ്പെട്ടതും, നല്ല വസ്ത്രത്തോടുകൂടിയതും ആയിരിക്കുമ്പോൾ നല്ല വസ്ത്രത്തോടുകൂടിയതും, നല്ലവണ്ണം അലങ്കരിക്കപ്പെട്ടതും ആയിരിക്കുന്നു. അതുപോലെ ഈ ശരീരം അന്ധമായിരുന്നാൽ ഈ ഛായാത്മാവ് അന്ധമായും, കണ്ണോ മൂക്കോ ഒലിക്കുന്നതായിരുന്നാൽ കണ്ണോ മൂക്കോ ഒലിക്കുന്നതായും കൈയോ കാലോ മുറിഞ്ഞിരുന്നാൽ കൈയോ കാലോ മുറിഞ്ഞതായും തീരും. ഈ ശരീരം നശിക്കുമ്പോൾ ഇതും നശിക്കും.

2. നാഹമത്രഭോഗ്യം പശ്യാമീതി സ സമിത്പാണിഃ പുനരേയായ തം ഹ പ്രജാപതിരുവാച മഘവന്യച്ഛാന്തഹൃദയഃ പ്രാവ്രാജീഃ സാർധം.വിരോചനേന കിമിച്ഛൻപുനരാഗമ ഇതി സ ഹോവാച യഥൈവ ഖല്വയം ഭഗവോ അസ്മിഞ്ഛരീരേ സാധ്വലംകൃതേ സാധ്വലംകൃതോ ഭവതി സുവസനേ സുവസനഃ പരിഷ്കൃതേ പരിഷ്കൃത ഏവമേവായമസ്മിന്നന്ധേ അന്ധോ ഭവതി സ്രാമേ സ്രാമഃ പരിവൃക്ണേ പരിവൃക്ണോ അസ്യൈവ ശരീരസ്യ നാശമന്വേഷ നശ്യതി നാഹമത്രഭോഗ്യം പശ്യാമീതി.

ഇതിൽ (ഈ ഛായാത്മ ദർശനത്തിൽ) യാതൊരു ഫലവും ഞാൻ കാണുന്നില്ല എന്നു പറഞ്ഞുകൊണ്ട് ഇന്ദ്രൻ സമിത്പാണിയായി വീണ്ടും വന്നു. അവനോട് പ്രജാപതി ചോദിച്ചു "ഹേ ഇന്ദ്രാ നീ ശാന്തഹൃദയനായി വിരോചനനുമൊന്നിച്ച് സ്വഗൃഹത്തിലേക്കു പോയിട്ട്, ഇപ്പോൾ എന്തിച്ഛിച്ചിട്ടാണ് മടങ്ങി വന്നിരിക്കുന്നത്? ഇന്ദ്രൻ പറഞ്ഞു:—" ഭഗവാനേ, ഈ ശരീരം സമലംകൃതമായിരിക്കുമ്പോൾ ഈ ഛായാത്മാവും സമലംകൃതമായും, സുവസനത്തോടുകൂടിയിരിക്കുമ്പോൾ സുവസനത്തോടുകൂടിയതായും പരിഷ്കൃതമായിരിക്കുമ്പോൾ പരിഷ്കൃതമായും ഭവിക്കുന്നു. അതുപോലെ ശരീരം അന്ധമായിരിക്കുമ്പോൾ അന്ധമായും, കണ്ണോ മൂക്കോ ഒലിക്കുന്നതായിരിക്കുമ്പോൾ കണ്ണോ മൂക്കോ ഒലിക്കുന്നതായും കൈയോ കാലോ ഒടിഞ്ഞതാണെങ്കിൽ കൈയോ കാലോ ഒടിഞ്ഞതായും ഭവിക്കുന്നു. ഈ ശരീരം നശിക്കുമ്പോൾ ഈ ഛായാത്മാവും നശിക്കും. അതുകൊണ്ട് ഈ ഛായാത്മ ദർശനത്തിൽ ഞാൻ യാതൊരിഷ്ട ഫലത്തെയും കാണുന്നില്ല.

3. ഏവമേവൈഷമഘവന്നിതി ഹോവാചൈതം ത്വേവ തേ ഭൂയോ അനുവ്യാഖ്യാസ്യാമി വസാപരാണി ദ്വാത്രിംശതം വർഷാണീതി സഹാപരാണി ദ്വാത്രിംശതം വർഷാണ്യുവാസ തസ്മൈ ഹോവാച.

ഹേ ഇന്ദ്ര, ഈ ഛായാത്മാവ് ഇങ്ങനെതന്നെയാണ്. ഞാൻ നിനക്ക് ആത്മാവിനെപ്പററി വീണ്ടും പറഞ്ഞുതരാം. ഇനി ഒരു മുപ്പത്തിരണ്ടു വർഷം കൂടി നീ ഇവിടെ വസിക്കുക എന്നു പ്രജാപതി പറഞ്ഞു. അതുകേട്ട് ഇന്ദ്രൻ വീണ്ടും മുപ്പത്തിരണ്ടുവർഷം അവിടെ വസിച്ചു. അതിനുശേഷം പ്രജാപതി ഇന്ദ്രനോടു പറഞ്ഞു.

# എട്ടാം അദ്ധ്യായം

## പത്താം ഖണ്ഡം

1. സ ഏഷ സ്വപ്നേ മഹീയമാനശ്ചരത്യേഷ ആത്മേതി ഹോവാചൈതദമൃതമഭയമേതദ്ബ്രഹ്മേതി സ ഹ ശാന്ത ഹൃദയഃ പ്രവവ്രാജ സ ഹാപ്രാപ്യൈവ ദേവാനേതദ്ഭയം ദദർശ തദ്യദ്യപീതം ശരീരമന്ധം ഭവത്യനന്ധഃ സ ഭവതി യദി സ്രാമമസ്രാമോ നൈവൈഷോഽസ്യ ദോഷേണ ദുഷ്യതി

പ്രജാപതി പറഞ്ഞു:— "സ്വപ്നത്തിൽ സംപൂജ്യനായി സഞ്ചരിക്കുന്നത് ഏതൊന്നാണോ അതാണ് ആത്മാവ്. അതുതന്നെയാണ് അമൃതവും (മരണമില്ലാത്തതു്) അഭയവുമായ ബ്രഹ്മം. ഇതു കേട്ടു ഇന്ദ്രൻ ശാന്തഹൃദയനായി മടങ്ങിപ്പോയി. എന്നാൽ അവൻ ദേവന്മാരെ സമീപിക്കുന്നതിനു മുമ്പുതന്നെ ഈ ദോഷത്തെ കണ്ടു." ഈ ശരീരം അന്ധമായിരുന്നാലും ആ സ്വപ്നാത്മാവ് അന്ധമായിരിക്കുന്നില്ല. ശരീരം സ്രാമമായിരുന്നാലും സ്വപ്നാത്മാവ് സ്രാമമായിരിക്കുന്നില്ല. ഈ സ്വപ്നാത്മാവ് ഈ ശരീരത്തിന്റെ ദോഷത്താൽ ദുഷിക്കുന്നില്ല.

2. ന വധേനാസ്യ ഹന്യതേ നാസ്യസ്രാമ്യേണ സ്രാമഃ ഘ്നന്തി ത്വേവൈനം വിച്ഛാദയന്തീവാപ്രിയവേത്തേവ ഭവത്യപി രോദിതീവ നാഹമത്ര ഭോഗ്യം പശ്യാമീതി.

ഈ ശരീരത്തെ ഹനിച്ചാൽ സ്വപ്നാത്മാവ് ഹനിക്കപ്പെടുന്നില്ല. ഇതിന്റെ സ്രാമാവസ്ഥയിൽ ഈ സ്വപ്നാത്മാവ് സ്രാമമായരിക്കുന്നില്ല. എന്നാൽ ഈ സ്വപ്നാത്മാവിനെ ഓടിക്കുന്നതുപോലെയും അതു് അപ്രിയത്തെ അനുഭവിക്കുന്നതുപോലെയും കരയുന്നതുപോലെയും ഇരിക്കുന്നു. അതുകൊണ്ട് ഈ സ്വപ്നാത്മാവിലും ഇഷ്ടമായ ഫലത്തെ ഞാൻ കാണുന്നില്ല.

3. സ സമിത്പാണിഃ പുനരേയായ തം ഹ പ്രജാപതിരുവാച മഘവന്യച്ഛാന്തഹൃദയഃ പ്രാവ്രാജീഃ, കിമിച്ഛൻ പുനരാഗമ ഇതി സ ഹോവാച തദ്യദ്യപീതം ഭഗവഃ ശരീരമന്ധം ഭവത്യനന്ധഃ സ ഭവതി യദി സ്രാമമസ്രാമോ നൈവൈഷോഽസ്യ ദോഷേണ ദുഷ്യതി.

സമിത്പാണിയായി വീണ്ടും വന്ന ഇന്ദ്രനോട് പ്രജാപതി ചോദിച്ചു:— ഹേ ഇന്ദ്ര ശാന്തഹൃദയനായി ഇവിടെ നിന്നും പോയ നീ എന്തിച്ഛിച്ചാണ് വീണ്ടും വന്നിരിക്കുന്നതു്? ഇന്ദ്രൻ പറഞ്ഞു:— ഭഗവാനേ ഈ ശരീരം അന്ധമായിരുന്നാലും ആ സ്വപ്നാത്മാവ് അന്ധമായിരിക്കുന്നില്ല. ഈ ശരീരം സ്രാമമായിരുന്നാൽ സ്വപ്നാത്മാവ് സ്രാമമായിരിക്കുന്നില്ല, ഈ സ്വപ്നാത്മാവ് ഈ ശരീര ദോഷത്താൽ ദുഷിക്കുന്നുമില്ല.

4. ന വധേനാസ്യ ഹന്യതേ നാസ്യ സ്രാമ്യേണ സ്രാമോ ഘ്നന്തി ത്വേ വൈനം വിച്ഛാദയന്തീവാപ്രിയവേത്തേവ ഭവത്യപിരോദിതീവ നാഹമത്രഭോഗ്യം പശ്യാമീത്യേവ മേവൈഷ മഘവന്നിതി ഹോവാചൈതം ത്വേവ തേ ഭൂയോഽനു വ്യാഖ്യാസ്യാമി വസാപരാണിദ്വാത്രിംശതം വർഷാണീതി സ ഹ അപരാണി ദ്വാത്രിംശതം വർഷാണ്യുവാസ തസ്മൈ ഹോ-വാച.

ഈ ശരീരം ഹനിക്കപ്പെട്ടാൽ (ഇതു്) ഹനിക്കപ്പെടുന്നില്ല. ഈ ശരീരം സ്രമമായാരിക്കുമ്പോൾ സ്രാമമായിരിക്കുന്നില്ല. എന്നാൽ ഈ സ്വപ്നാത്മാവു് ഹനിക്കപ്പെടുന്നതുപോലെയും, ഓടിക്കപ്പെടുന്നതുപോലെയും അപ്രിയത്തെ അറിയുന്നതുപോലെയും, കരയുന്നതുപോലെയും ഇരിക്കുന്നു. ഈ സ്വപ്നാത്മദർശനത്തിൽ ഞാൻ യാതൊരിഷ്ട ഫലവും കാണുന്നില്ല. ഇതു കേട്ടു് ''ഹേ ഇന്ദ്ര ഇതു് ഇങ്ങനെതന്നെയാണ്. എന്നാൽ ഇതിനെത്തന്നെ നിനക്ക് വീണ്ടും വ്യാഖ്യാനിച്ചു തരാം. ഇനിയും ഒരു മുപ്പത്തിരണ്ടു വർഷംകൂടി ഇവിടെ വസിക്കുക'' എന്നു പ്രജാപതി പറഞ്ഞു. ഇന്ദ്രൻ പിന്നെയും മുപ്പത്തിരണ്ടു വർഷം അവിടെ താമസിച്ചതിനുശേഷം പ്രജാപതി അവനു പറഞ്ഞുകൊടുത്തു.

# എട്ടാം അദ്ധ്യായം

## പതിനൊന്നാം ഖണ്ഡം

1. തദ്യത്രൈതത് സുപ്തഃ സമസ്തഃ സംപ്രസന്നഃ സ്വപ്നം ന വിജാനാത്യേഷ ആത്മേതി ഹോവാചൈതദമൃതമഭയമേതദ്ബ്രഹ്മേതി സ ഹ ശാന്തഹൃദയഃ പ്രവവ്രാജ സ ഹാപ്രാപ്യൈവ ദേവാനേതദ്ഭയം ദദർശ നാഹ ഖല്വയമേവം സംപ്രത്യാത്മാനം ജാനാത്യയമഹമസ്മീതി നോ ഏവേമാനി ഭൂതാനി വിനാശമേവാപീതോ ഭവതിനാഹമത്രഭോഗ്യം പശ്യാമീതി.

സുഷുപ്തിയിൽ ലയിച്ച് സർവവിധത്തിലും പ്രശാന്തനായി സ്വപ്നാദികളെപ്പററി അറിയാത്തവനായിരിക്കുന്നതാണ് ആത്മാവ്. അതു് അമൃതവും, അഭയവുമായ ബ്രഹ്മമാകുന്നു. പ്രജാപതിയുടെ ഈ വാക്കുകൾ കേട്ടു് ഇന്ദ്രൻ സന്തുഷ്ടചിത്തനായി മടങ്ങിപ്പോയി. എന്നാൽ അവൻ ദേവന്മാരുടെ അടുക്കൽ എത്തുന്നതിനു മുമ്പുതന്നെ ഈ ഭയത്തെ കണ്ടു. ഈ സ്വപ്നാവസ്ഥയിലുള്ള ആത്മാവ് ഇതു ഞാനാകുന്നു. '' എന്നു തന്നെത്തന്നെ നല്ലതുപോലെ അറിയുന്നില്ല. അതിനു നാശം സംഭവിച്ചതുപോലെ തോന്നുന്നു. ഞാൻ ഈ സുഷുപ്താത്മ ദർശനത്തിൽ യാതൊരുവിധമായ ഇഷ്ട ഫലത്തെയും കാണുന്നില്ല.

2. സ സമിത്പാണിഃ പുനരേയായ തം ഹ പ്രജാപതിരുവാച മഘവന്യച്ഛാന്തഹൃദയഃ പ്രാവ്രാജീഃ കിമിച്ഛൻ പുനരാഗമ ഇതി. സ ഹോവാച നാഹ ഖല്വയം ഭഗവ ഏവം സംപ്രത്യാത്മാനം ജാനാത്യയമഹമസ്മീതി നോ ഏവേമാനി ഭൂതാനി വിനാശമേവാപീതോ ഭവതി നാഹമത്ര ഭോഗ്യം പശ്യാമീതി.

സമിത്പാണിയായി വീണ്ടും വന്ന ഇന്ദ്രനോട് പ്രജാപതി ചോദിച്ചു. ഹേ, ഇന്ദ്ര, ശാന്തഹൃദയനായി ഇവിടെനിന്നും പോയ നീ എന്തിച്ഛിച്ചാണ് വീണ്ടും വന്നിരിക്കുന്നത്. ഇന്ദ്രൻ പറഞ്ഞു:— "ഭഗവാനേ ഈ ആത്മാവിന് ഈ സ്വപ്നാവസ്ഥയിൽ 'ഞാൻ ഇതാണ്' എന്ന ജ്ഞാനംപോലും ഉണ്ടായിരിക്കുന്നില്ല. ഇത് തന്നെയുമറിയുന്നില്ല, മററു പദാർത്ഥങ്ങളെയും അറിയുന്നില്ല. സ്വയം നഷ്ടമായതുപോലെ തോന്നും. ഇതിൽ ഞാൻ ഒരു ഫലവും കാണുന്നില്ല.

3. ഏവമേവൈഷ മഘവന്നിതി ഹോവാചൈതം ത്വേവ തേ ഭൂയോഽനുവ്യാഖ്യാസ്യാമി നോ ഏവാന്യത്രൈതസ്മാദ്വസാപരാണി പഞ്ചവർഷാണീതി സ ഹാപരാണി പഞ്ചവർഷാണ്യുവാസ താന്യേകശതം സംപേദുരേതത്തദ്യദാഹുരേകശതം ഹ വൈ വർഷാണി മഘവാൻ പ്രജാപതൗ ബ്രഹ്മചര്യമുവാസ തസ്മൈ ഹോവാച.

പ്രജാപതി പറഞ്ഞു;— ഹേ ഇന്ദ്ര, ഇത് ഇങ്ങനെതന്നെയാണ്. ഇപ്പോഴും ഞാൻ നിനക്ക് ഇതിനേ വീണ്ടും വ്യാഖ്യാനിച്ചു തരാം. ആത്മാവ് ഭിന്നമല്ലെന്ന്. " നീ ഇനി ഒരു അഞ്ചുവർഷംകൂടി ഇവിടെ വസിക്കുക. ഇന്ദ്രൻ അഞ്ചുവർഷംകൂടി അവിടെ വസിച്ചു, ഇങ്ങനെ ഇന്ദ്രൻ ബ്രഹ്മചര്യമനുഷ്ഠിച്ച വർഷങ്ങൾ നൂററി ഒന്നായി. ഇക്കാരണത്താലാണ് ഇന്ദ്രൻ പ്രജാപതിയുടെ അടുക്കൽ നൂററി ഒന്നു വർഷം ബ്രഹ്മചര്യത്തോടുകൂടി നിവസിച്ചു എന്നു പറയുന്നത്. അതിനുശേഷം പ്രജാപതി ഇന്ദ്രനു പറഞ്ഞുകൊടുത്തു.

# എട്ടാം അദ്ധ്യായം

## പന്ത്രണ്ടാം ഖണ്ഡം

1. മഘവൻ മർത്ത്യം വാ ഇദം ശരീരമാത്തം മൃത്യുനാ തദസ്യാമൃതസ്യാശരീരസ്യാത്മനോഽധിഷ്ഠാനമാത്തോ വൈ സശരീരഃ പ്രിയാപ്രിയഭ്യാം ന വൈ സ ശരീരസ്യ സതഃപ്രിയാപ്രിയയോരപഹതിരസ്ത്യശരീരം വാവ സന്തം ന പ്രിയാപ്രിയേ സ്പൃശതഃ

ഹേ ഇന്ദ്ര, ഈ ശരീരം മരണധർമ്മയുക്തവും മൃത്യുഗ്രസ്തവും ആയിട്ടുള്ളതാണ്. അവിനാശിയും അശരീരിയുമായ ആത്മാവ് ഇതിൽ വസിക്കുന്നു. ശരീരയുക്തമായതുകൊണ്ട് സുഖദുഃഖങ്ങളാൽ ആവൃതമായ

രിക്കുന്നു. ശരീരയുക്തമായിരിക്കെ ഇതിൽ പ്രിയാപ്രിയങ്ങൾക്ക് പ്രതിബന്ധമില്ല. (അപഹതി) എന്നാൽ ഇതു് അശരീരി ആയിത്തീരുമ്പോൾ (ദേഹാഭിമാനം വെടിയുമ്പോൾ) പ്രിയാപ്രിയങ്ങൾ ഇതിനെ സ്പർശിക്കുന്നില്ല.

2. **അശരീരോ വായുരഭ്രം വിദ്യുത് സ്തനനയിത്നു രശരീരാണ്യേതാനി തദ്യഥൈതാന്യമുഷ്മാദാകാശാത് സമുത്ഥായ പരംജ്യോതിരുപസംപദ്യ സ്വേന രൂപേണാഭിനിഷ്പദ്യന്തേ.**

വായു ശരീര രഹിതമാണ്. അതുപോലെ മേഘവും, വിദ്യുത്തും മേഘഗർജ്ജനവും ശരീരമില്ലാത്തവയാണല്ലോ. ഇവ സമുത്ഥാനം ചെയ്തു് സൂര്യനെ സംബന്ധിക്കുന്ന പരം ജ്യോതിസ്സിനെ പ്രാപിച്ച് സ്വസ്വരൂപത്തിൽ എത്തുന്നു. അതുപോലെ ഈ ജീവൻ ശരീരത്തിൽ നിന്നും സമുത്ഥാനം ചെയ്തു് പരം ജ്യോതിസ്സായ ബ്രഹ്മത്തെ പ്രാപിച്ച് സ്വസ്വരൂപത്തെ പ്രാപിക്കുന്നു.

3. **ഏവമേവൈഷ സംപ്രസാദോഽസ്മാച്ഛരീരാത് സമുത്ഥായ പരം ജ്യോതിരുപസംപദ്യ സ്വേന രൂപേണാഭിനിഷ്പദ്യതേ സ ഉത്തമ പുരുഷഃ സ തത്ര പര്യേതി ജക്ഷത് ക്രീഡൻ രമമാണഃ സ്ത്രീഭിർ വാ യാനൈർവാ ജ്ഞാതിഭിർ വാ നോപജനം സ്മരന്നിദം ശരീരം സ യഥാ പ്രയോഗ്യ ആചരണേയുക്ത ഏവമേവായമസ്മിഞ് ഛരീരേ പ്രാണോ യുക്തഃ**

ഇവൻ ഉത്തമ പുരുഷനാകുന്നു. ഈ ജീവൻ ആ അവസ്ഥയിൽ സർവത്രഗമിച്ചും, ചിരിച്ചും, സ്ത്രീകളോടും, വാഹനങ്ങളോടും ബന്ധുക്കളോടുംകൂടി ക്രീഡിച്ചും രമിക്കുന്നു. ഈ ശരീരത്തെ സ്മരിക്കുകപോലും ചെയ്യുന്നില്ല. എങ്ങനെ എന്നാൽ രഥം മുതലായവയിൽ കതിരയെകൂട്ടിക്കെട്ടുന്നതുപോലെ ഈ ശരീരത്തിൽ ഈ പ്രാണനെ സംയോജിപ്പിച്ചിരിക്കുന്നു.

4. **അഥ യത്രൈതദാകാശമനുവിഷണ്ണം ചക്ഷുഃ സ ചാക്ഷുഷഃ പുരുഷോ ദർശനായ ചക്ഷുരഥയോ വേദേദം ജിഘ്രാണീതി സ ആത്മാ ഗന്ധായ ഘ്രാണമഥ യോ വേദേദമഭിവ്യാഹരാണീതി സ ആത്മാഽഭിവ്യാഹാരായ വാഗഥ യോ വേദേദം ശൃണവാനീതി സ ആത്മ ശ്രവണായ ശ്രോത്രം.**

എവിടെയാണോ ആകാശരൂപത്തിൽ അനുപ്രവേശം സിദ്ധിച്ച ചക്ഷുസ്സുള്ളതു് അതു ചാക്ഷുഷ പുരുഷനാകുന്നു. അവന്റെ ജ്ഞാന സാധനം നേത്രങ്ങളാണ്. ഞാൻ ഘ്രാണിക്കട്ടെ എന്നു പറയുന്നവന് ഗന്ധജ്ഞാനത്തിനുള്ള സാധനം നാസികയാണ്. ഞാൻ ഇതു് ഉച്ചരിക്കട്ടെ എന്നു വിചാരിക്കുന്നവന്റെ വാക്യോച്ചാരണ സാധനം വാണിയാണ്. ഞാൻ

കേൾക്കട്ടെ എന്നാഗ്രഹിക്കുന്നവൻെറ കേൾക്കുവാനുള്ള സാധനം ശ്രവണേന്ദ്രിയമാണ്.

5. അഥ യോ വേദേദം മന്വാനീതി സ ആത്മാ മനോഽസ്യദൈവം ചക്ഷുഃ സ വാ ഏഷ ഏതേന ദൈവേന ചക്ഷുഷാ മനസൈതാൻ കാമാൻ പശ്യൻ രമതേ.

ഞാൻ മനനംചെയ്യട്ടെ എന്നു അറിയുന്നതും ആത്മാവാകുന്നു. അവന് മനസ്സാകുന്ന ദിവ്യ ചക്ഷുസ്സുണ്ട്. അങ്ങനെയുള്ള ഈ ആത്മാവ് ഈ മനസ്സാകുന്ന ദിവ്യ ചക്ഷുസ്സുകൊണ്ടു ഈ ഭോഗങ്ങളെ കണ്ടുകൊണ്ടു രമിക്കുന്നു.

6. യ ഏതേ ബ്രഹ്മലോകേ തം വാ ഏതം ദേവാ ആത്മാനമുപാസതേ തസ്മാത്തേഷാം സർവേ ച ലോകാ ആത്താഃ സർവേ ചകാമാഃ സ സർവാംശ്ച ലോകാനാപ്നോതി സർവാംശ്ച കാമാനന്യസ്തമാത്മാനമനുവിദ്യ വിജാനാതീതി ഹ പ്രജാപതിരുവാച പ്രജാപതിരുവാച.

ബ്രഹ്മ ലോകത്തെ ഭോഗങ്ങളെ കണ്ടുകൊണ്ടു രമിച്ചുകൊണ്ടിരിക്കുന്ന ആ ആത്മാവിനെ ദേവന്മാർ ഉപാസിക്കുന്നു. അതുകൊണ്ട് അതിനു സർവലോകങ്ങളും സർവഭോഗങ്ങളും സിദ്ധിക്കുന്നു. ആ ആത്മാവിനെ അറിഞ്ഞു് അനുഭവിക്കുന്നവൻ സർവലോകങ്ങളേയും സർവഭോഗങ്ങളേയും പ്രാപിക്കുന്നു എന്നു് പ്രജാപതി പറഞ്ഞു,

# എട്ടാം അദ്ധ്യായം

## പതിമൂന്നാം ഖണ്ഡം

1. ശ്യാമാച്ഛബലം പ്രപദ്യേ ശബലാച്ഛ്യാമം പ്രപദ്യേ അശ്വ ഇവ രോമാണി വിധൂയ പാപം ചന്ദ്ര ഇവ രാഹോർ മുഖാത് പ്രമുച്യ ധൂത്വാ ശരീര മകൃതം കൃതാത്മാ ബ്രഹ്മ ലോകമഭി സംഭവാമീത്യഭിസംഭവാമീതി.

ഞാൻ ശ്യാമം, അതായതു് ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന ബ്രഹ്മത്തിൽ നിന്നും ശബളമെന്ന ബ്രഹ്മലോകത്തെ പ്രാപിക്കട്ടെ, ബ്രഹ്മലോകത്തിൽ നിന്നും ശ്യാമത്തെ (ബ്രഹ്മ ഭാവത്തെത്തെ) പ്രാപിക്കട്ടെ. കുതിര അതിൻെറ രോമങ്ങളെ പൊഴിച്ച് പരിശുദ്ധമായിത്തീരുന്നതുപോലെ പാപങ്ങളെയെല്ലാം ദൂരീകരിച്ച്, ഞാൻ രാഹുവിൻെറ മുഖത്തിൽ നിന്നും വിമോചിതനായ ചന്ദ്രനെപ്പോലെ ശരീരത്തെ വെടിഞ്ഞ് ധ്യാനം മുഖേന ബ്രഹ്മലോകത്തെ പ്രാപിക്കുന്നു.

# എട്ടാം അദ്ധ്യായം

## പതിന്നാലാം ഖണ്ഡം

1. ആകാശോ വൈ നാമ നാമ രൂപയോർനിർവഹിതാ തേ

യദന്തരാ തദ്ബ്രഹ്മ തദമൃതം സ ആത്മാ പ്രജാപതേഃ സഭാം വേശ്മ പ്രപദ്യേ യശോഅഹം ഭവാമി ബ്രാഹ്മണാനാം യജ്ഞോ രാജ്ഞാം യശോവിശാം യശോഅഹമനുപ്രാപത്സി സ ഹാഹം യശസാം യശഃ ശ്യേത മദത്കമദത്കം ശ്യേതം ലിന്ദുമാഅഭിഗാം ലിന്ദുമാഅഭിഗാം.

ആകാശമാകുന്ന ആത്മാവുതന്നെയാണ് നാമരൂപാതികളെ സ്പഷ്ടമാക്കുന്നതു്. ഈ നാമരൂപങ്ങൾ ഏതൊന്നിലാണോ അന്തർലീനമായിരിക്കുന്നതു്. അതുതന്നെയാണ് ബ്രഹ്മം. അതുതന്നെയാണ് അവിനാശിയും അതുതന്നെയാണ് ആത്മാവും. ഞാൻ പ്രജാപതിയുടെ സഭാഗൃഹത്തിലേക്ക പോകുന്നു. ഞാൻ ബ്രാഹ്മണരുടെയും, ക്ഷത്രിയന്മാരുടെയും വൈശ്യന്മാരുടെയും ആത്മാവായിത്തീരട്ടെ. ഞാൻ ആത്മാവിനെ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നു. ഞാൻ ആത്മാക്കളുടേയും ആത്മാവാകുന്നു. ഞാൻ പല്ലില്ലാതെ ഭക്ഷിക്കുന്നതും, രോഹിതവർണ്ണത്തിലുള്ളതും സ്നിഗ്ധവുമായ സ്ത്രീയോനിയെ പ്രാപിക്കാതിരിക്കട്ടെ. അതായതു് വീണ്ടും ഗർഭവാസം ചെയ്യാതിരിക്കട്ടെ.

# എട്ടാം അദ്ധ്യായം

## പതിനഞ്ചാം ഖണ്ഡം

1. തദ്ധൈതദ് ബ്രഹ്മാ പ്രജാപതയ ഉവാച പ്രജാപതിർ മനവേ മനുഃ പ്രജാഭ്യ ആചാര്യകുലാദ്വേദമധീത്യ യഥാവിധാനം ഗുരോഃ കർമ്മാതിശേഷേണാഭിസമാവൃത്യ കുടുംബേ ശുചൗ ദേശേ സ്വാധ്യായമധീയാനോ ധാർമ്മികാൻ വിദധദാത്മനിസർവേന്ദ്രിയാണി സംപ്രതിഷ്ഠാപ്യാഹിംസൻ സർവഭൂതാന്യന്യത്ര തീർത്ഥേഭ്യഃ സ ഖല്വേവം വർത്തയൻ യാവദായുഷം ബ്രഹ്മലോകമഭിസംപദ്യതേ ന ച പുനരാവർത്തതേ ന ച പുനരാവർത്തതേ.

അങ്ങനെയുള്ള ഈ ആത്മജ്ഞാനത്തെ ബ്രഹ്മാവ് പ്രജാപതിക്ക് (കശ്യപന്) പറഞ്ഞുകൊടുത്തു. പ്രജാപതി മനുവിനും, മനു പ്രജകൾക്കും പറഞ്ഞുകൊടുത്തു. ആചാര്യ കുലത്തിൽനിന്നും വിധിപ്രകാരം ഗുരു കാര്യങ്ങളെല്ലാം നിർവഹിച്ചതിനുശേഷം ബാക്കിയുള്ള സമയംകൊണ്ട് വേദാധ്യയനം ചെയ്തു് അഭിസമാവർത്തനം ചെയ്തു് കുടുംബസ്ഥനായി പരിശുദ്ധമായ ദേശത്തിൽ വസിച്ച് സ്വാദ്ധ്യായത്തെ അധ്യയനം ചെയ്തും ധാർമ്മികരായ പുത്രന്മാരെ ജനിപ്പിച്ചും പ്രാണിഹിംസ കൂടാതെയും, ആയുസ്സുള്ളിടത്തോളം വർത്തിക്കുന്നവൻ ബ്രഹ്മലോകത്തെ പ്രാപിക്കുന്നു. അവന് പുനർജ്ജന്മമില്ല. പുനർജ്ജന്മമില്ല.

ഛാന്ദോഗ്യോപനിഷത്തു് സമാപിച്ചു,

# നാരദപരിവ്രാജകോപനിഷത്ത്

## ശാന്തിപാഠം

ഓം ഭദ്രം കർണ്ണേഭിഃ ശൃണുയാമദേവാ ഭദ്രം പശ്യേമാക്ഷഭിർയജത്രാഃ. സ്ഥിരൈരംഗൈഃസ്തുഷ്ടുവാംസസ്തനൂഭിർ വ്യശേമ ദേവഹിതം യദായുഃ. സ്വസ്തി ന ഇന്ദ്രോ വൃദ്ധശ്രവാഃ. സ്വസ്തി നഃ പൂഷാ വിശ്വവേദാഃ സ്വസ്തി നസ്താർക്ഷ്യോ അരിഷ്ടനേമിഃ സ്വസ്തിനോ ബൃഹസ്പതിർദധാതു. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

അല്ലയോ സംപൂജ്യരായ ദേവന്മാരേ, ഞങ്ങൾ കാതുകൾകൊണ്ട് നല്ലതു കേൾക്കട്ടെ. കണ്ണുകൾകൊണ്ട് നല്ലതുകാണട്ടെ. സുദൃഢങ്ങളായ അംഗങ്ങളാലും ദേഹംകൊണ്ടും നിങ്ങളെ സ്തുതിച്ചുകൊണ്ടിരിക്കട്ടെ. ദേവന്മാർ ഞങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള ആയുസ്സ മുഴുവൻ ഞങ്ങൾ അനുഭവിക്കുമാറാകട്ടെ. മഹാകീർത്തിമാനായ ഇന്ദ്രൻ ഞങ്ങൾക്കു നന്മചെയ്യട്ടെ. സർവ്വജ്ഞനായ പൂഷാവ് ഞങ്ങൾക്കു നന്മയരുളട്ടെ. അപ്രതിരോധ്യ ഗതിമാനായ ഗരുഡൻ ഞങ്ങൾക്കു നന്മ ചെയ്യട്ടെ. ബൃഹസ്പതി ഞങ്ങൾക്കു നന്മചെയ്യട്ടെ: ഓം. ശാന്തിഃ ശാന്തിഃ ശാന്തിഃ

## ഒന്നാം ഉപദേശം

1. അഥ കദാചിത് പരിവ്രാജകാഭരണോ നാരദഃ സർവലോകസഞ്ചാരം കുർവന്നപൂർവപുണ്യസ്ഥലാനി പുണ്യതീർത്ഥാനി തീർത്ഥീകുർവന്നവലോക്യ ചിത്തശുദ്ധിം പ്രാപ്യനിർവൈരഃ ശാന്തോ ദാന്തഃ സർവതോ നിർവേദമാസാദ്യ സ്വരൂപാനുസന്ധാനമനുസന്ധായ നിയമാനന്ദ വിശേഷഗണ്യം മുനിജനൈരുപസംകീർണം നൈമിഷാരണ്യം പുണ്യസ്ഥലമവലോക്യ സരിഗമപധനിസ സംജ്ഞൈർ വൈരാഗ്യബോധകരൈഃ സ്വരവിശേഷൈഃ പ്രാപഞ്ചികപരാങ്മുഖൈർ ഹരി

**കഥാലാപൈഃ സ്ഥാവരജംഗമ നാമകൈർ ഭഗവദ്ഭക്തിവി
ശേഷൈർ നരമൃഗകിംപുരുഷാമര കിന്നരാപ്സരോഗണാൻ
സംമോഹയൻ ആഗതം ബ്രഹ്മാത്മജം ഭഗവദ്ഭക്തം
നാരദമവലോക്യ ദ്വാദശവർഷ സത്രയാഗോപസ്ഥിതാഃ ശ്രുതാ
ധ്യയന സംപന്നാഃ സർവജ്ഞാസ്തപോനിഷ്ഠാപരാശ്ച
ജ്ഞാന വൈരാഗ്യ സംപന്നാഃ ശൗനകാദി മഹർഷയഃ പ്രത്യു
ത്ഥാനം കൃത്വാ നത്വാ യഥോചിതാതിഥ്യ പൂർവകം ഉപ
വേശയിത്വാ സ്വയം സർവേ അപ്യുപവിഷ്ടാ ഭോ ഭഗവൻ
ബ്രഹ്മപുത്ര കഥം മുക്ത്യുപായഃ— അസ്മാകം വക്തവ്യ.**

ഒരിക്കൽ പരിപ്രാജകശിരോമണിയായ നാരദൻ സർവലോക സഞ്ചാരം
ചെയ്തുകൊണ്ടിരിക്കവേ അദ്ദേഹം അത്യന്തം പുണ്യസ്ഥാനങ്ങളും
തീർത്ഥങ്ങളും സന്ദർശിച്ചു. ആസ്ഥാനങ്ങളെല്ലാം നാരദന്റെ പാദസ്പർ
ശനത്താൽ പൂർവാധികം പരിപൂതങ്ങളായി. ആ തീർത്ഥസ്ഥാനങ്ങളുടെ
ദർശന ഫലമായി അദ്ദേഹത്തിനു ചിത്തശുദ്ധി കൈവന്നു. മനസ്സ പ്രശാന്ത
മായി. സർവേന്ദ്രിയങ്ങളും തനിക്കധീനമായി. സർവഥാവിരക്തനായ
അദ്ദേഹത്തിനു യാതൊരു ജീവിയെപ്പററിയും ദ്വേഷഭാവമുണ്ടായിരുന്നില്ല.
അദ്ദേഹം സ്വരൂപധ്യാനാനുന്ധാനത്തിൽ മുഴുകി സഞ്ചരിച്ചുകൊണ്ടിരി
ക്കവെ നൈമിഷാരണ്യത്തിൽ വന്നു ചേർന്നു. സംയമനിയമ ജന്യമായ ആന
ന്ദം കാരണം മററെല്ലാ തീർത്ഥങ്ങളേക്കാളും ഈ തീർത്ഥത്തിന് വൈശി
ഷ്ട്യം ഉണ്ടായിരുന്നു. അവിടെ അനേകം മഹർഷിമാരും മുനിമാരും വസി
ച്ചിരുന്നു. ആ പുണ്യസ്ഥലം ദർശിച്ചപ്പോൾ നാരദന്റെ വീണയിൽനിന്നും സരി
ഗമപധനി എന്ന വൈരാഗ്യ ബോധത്തെ ഉദ്ദീപിപ്പിക്കുന്ന സ്വരവിശേഷം
ത്ധംകൃതമായി (മുഴങ്ങി) പ്രാപഞ്ചികങ്ങളായ ചർച്ചകളിൽ നിന്നും ഒഴിഞ്ഞി
രുന്നുകൊണ്ട് ഭഗവത് കഥാരസം ആസ്വദിക്കുകയായിരുന്നു നാരദൻ. അദ്ദേഹ
ത്തിന്റെ ഗാനാലാപം കേട്ട് സർവചരാചര പ്രാണികളും ആനന്ദ നിമഗ്നരാ
യി. ഭക്തി നിർഭരമായ അദ്ദേഹത്തിന്റെ ഗാനം (സംഗീതം) മനുഷ്യരെ
യും, മൃഗങ്ങളേയും ദേവന്മാരെയും, കിന്നരന്മാരെയും, ഗന്ധർവന്മാരെയും
അപ്സരസ്സുകളേയും ആകർഷിച്ചുകൊണ്ടിരുന്നു. ആ സമയത്ത് അവിടെ
പന്ത്രണ്ടുവർഷം നീണ്ടുനിൽക്കുന്ന ഒരു മഹായജ്ഞം നടക്കുന്നുണ്ടായിരുന്നു.
ആ മഹായജ്ഞത്തിൽ വേദജ്ഞനും, തപസ്വിയും, ജ്ഞാന വൈരാഗ്യ സമ്പ
ന്നനുമായ ശൗനകാദിമഹർഷിമാരും പങ്കെടുത്തിരുന്നു. ബ്രഹ്മപുത്രനും,
പരമഭക്തനുമായ നാരദൻ വരുന്നതുകണ്ടിട്ട് മഹർഷിമാരെല്ലാവരും എഴു
ന്നേററ് നമസ്ക്കരിച്ച് അദ്ദേഹത്തെ യഥോചിതം ആതിഥ്യം നൽകി ഒരു
ശ്രേഷ്ഠമായ ആസനത്തിൽ ഇരുത്തി. എല്ലാവരും അവരവരുടെ ആസന
ങ്ങളിൽ ഉപവിഷ്ഠരായതിനുശേഷം ശൗനകാദികൾ വിനയാന്വിതന്മാരായി
നാരദനോട് ചോദിച്ചു. ഹേ നാരദമഹർഷേ, വിശ്വപാശത്തിൽ നിന്നും

മുക്തി നേടുവാനുള്ള ഉപായം എന്താണ്? ദയവുചെയ്ത് ഇക്കാര്യം ഞങ്ങൾക്കു പറഞ്ഞുതന്നാലും.

2. **ഇത്യുക്തസ്താൻ സ ഹോവാച നാരദഃ സത്കുലഭവോപനീതഃ സമ്യഗുപനയന പൂർവകം ചതുശ്ചത്വാരിംശത്സംസ്കാരസംപന്നഃ സ്വാഭിമതൈക ഗുരുസമീപേ സ്വശാഖാധ്യയന പൂർവകം സർവവിദ്യാഭ്യാസം കൃത്വാ ദ്വാദശവർഷ ശുശ്രൂഷാ പൂർവകം ബ്രഹ്മചര്യം പഞ്ചവിംശതിവൽസരം ഗാർഹസ്ഥ്യം പഞ്ചവിംശതിവൽസരം വാനപ്രസ്ഥാശ്രമം തദ്വിധിവത് ക്രമാന്നിർവർത്യ ചതുർവിധ ബ്രഹ്മചര്യം ഷഡ്വിധം ഗാർഹസ്ഥ്യം ചതുർവിധം വാനപ്രസ്ഥധർമ്മം സമ്യഗഭ്യസ്യ തദുചിതം കർമ്മസർവം നിർവർത്യ സാധന ചതുഷ്ടയ സംപന്നഃ സർവസംസാരോപരി മനോവാക്കായ കർമ്മഭിർ യഥാശാനിവൃത്തസ്തഥാ വാസനൈഷണോ പര്യപി നിർവൈരഃ ശാന്തോദാന്തഃ സംന്യാസീ പരമഹംസാശ്രമേണാ സ്ഖലിത സ്വസ്വരൂപധ്യാനേന ദേഹത്യാഗം കരോതി സ മുക്തോ ഭവതി സ മുക്തോ ഭവതീത്യുപനിഷത്.**

ഇതു കേട്ട് ശ്രീനാരദൻ പ്രസന്നചിത്തനായി ഇങ്ങനെ പറഞ്ഞു അല്ലയോ മഹർഷിമാരേ, സത്കുലജാതനായ ഒരു പുരുഷൻ ഉപനീതനായില്ലെങ്കിൽ ആദ്യമായി അവനെ ഉപനയനം ചെയ്യിക്കണം. അതിനുശേഷം ചതുർവിംശതി സംസ്ക്കാര സമ്പന്നനായ ഒരു ഗുരുവിന്റെ ആശ്രമത്തിൽ പോയി താമസിക്കണം. അവിടെ ഗുരുവിനെ ശുശ്രൂഷിച്ചുകൊണ്ട് സ്വശാഖയെപ്പററി അദ്ധ്യയനം ചെയ്യണം. പിന്നീട് സർവവിദ്യകളും അഭ്യസിച്ചുകൊണ്ട് ഗുരു ശുശ്രൂഷാനിരതനായി വസിക്കണം. ഈ കാലഘട്ടത്തിൽ പരിപൂർണ്ണമായും ബ്രഹ്മചാരിയായിത്തന്നെ ഇരിക്കണം. അതിനുശേഷം ഇരുപത്തിയഞ്ച് കൊല്ലം ഗൃഹസ്ഥാശ്രമ ധർമ്മത്തെ പരിപാലിക്കണം. പിന്നീട് 25 വർഷം വാനപ്രസ്ഥാശ്രമം സ്വീകരിച്ച് തദനുസരണമായ നിയമങ്ങളെ യഥാവിധി പരിപാലിക്കണം. ബ്രഹ്മചര്യം നാലുവിധമുണ്ടെന്ന് ജ്ഞാനികൾ പറയുന്നു. ഗാർഹസ്ഥ്യം ആറു വിധമുണ്ടെന്നും വാനപ്രസ്ഥം നാലുവിധമുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു. അവയെപ്പററിയെല്ലാം യഥാവിധി അഭ്യസിച്ച് അതാതാശ്രമങ്ങളിലുള്ള കർമ്മങ്ങൾ ചെയ്യണം. പിന്നീടു സാധനചതുഷ്ടയ സമ്പന്നനായി സമ്പൂർണ്ണ വിശ്വത്തിൽ നിന്നും ഉത്ഥാനം ചെയ്തു മനോവാക്കായങ്ങളാൽ സർവ പ്രകാരത്തിലുമുള്ള ആശകളേയും, ഏഷണകളെയും വാസനകളേയും സർവഥാ വർജ്ജിക്കണം. ആരോടും ദ്വേഷഭാവം കാണിക്കാതെ മനസ്സിനെയും ഇന്ദ്രിയങ്ങളെയും ജയിച്ച്, സംന്യാസം സ്വീകരിച്ച് (സന്യാസാശ്രമത്തിൽ) തന്റെ അവ്യയമായ സ്വസ്വരൂപ

ത്തെ ധ്യാനിച്ചുകൊണ്ടിരിക്കണം. ഇങ്ങനെ ധ്യാനനിരതനായിരുന്നതിനു ശേഷം ദേഹപരിത്യാഗം ചെയ്യുന്നവൻ മോക്ഷത്തെ പ്രാപിക്കുന്നു. എന്നു് ഉപനിഷത്ത് അനുശാസിക്കുന്നു.

## രണ്ടാം ഉപദേശം

1. അഥ ഹൈനം ഭഗവന്തം നാരദം സർവേ ശൗനകാദയഃ പപ്രച്ഛുർ ഭോ ഭഗവൻ സംന്യാസവിധിം നോ ബ്രൂഹീതി താനവലോക്യ നാരദസ്തത്സ്വരൂപം സർവം പിതാമഹമുഖേനൈവ ജ്ഞാതുമുചിത മിത്യുക്ത്വാ സത്രയാഗ പൂർത്ത്യനന്തരം തൈഃസഹ സത്യലോകംഗത്വാ വിധിവത് ബ്രഹ്മനിഷ്ഠാപരം പരമേഷ്ഠിനം നത്വാ സ്തുത്വാ യഥോചിതം തദാജ്ഞയാ തൈഃ സഹോപവിശ്യ നാരദഃ പിതാമഹമുവാച ഗുരുസ്ത്വം ജനകസ്ത്വം സർവവിദ്യാരഹസ്യജ്ഞഃ സർവജ്ഞസ്ത്വമതോ മത്തോ മദിഷ്ടം രഹസ്യമേകം വക്തവ്യം ത്വദ്വിനാ മദഭിമതരഹസ്യം വക്തും കഃ സമർത്ഥഃ? കിമിതിചേത് പരിവ്രാജ്യ സ്വരൂപക്രമം നോ ബ്രൂഹീതി നാരദേന പ്രാർത്ഥിതഃ പരമേഷ്ഠീ സർവതഃ സർവാനവലോക്യമുഹൂർത്തമാത്രം സമാധിനിഷ്ഠോഭൂത്വാ സംസാരാർത്തിനിവൃത്ത്യന്വേഷണ ഇതി നിശ്ചിത്യ നാരദമവലോക്യ തമാഹ പിതാമഹഃ പുരാ മത്പുത്രപുരുഷസൂക്തോപനിഷദ്രഹസ്യ പ്രകാരം നിരതിശയകാരാവലംബിനാ വിരാട് പുരുഷേണോപദിഷ്ടം രഹസ്യം തേ വിവിച്യോച്യതേ തത്ക്രമമതി രഹസ്യം ബാഢമവഹിതോ, ഭൂത്വാ ശ്രൂയതാം.

ശൗനകാദി മഹർഷിമാർ എല്ലാവരുംകൂടി വീണ്ടും ഭഗവാൻ നാരദനോടു് പറഞ്ഞു. പ്രഭോ ഞങ്ങൾക്കു് സന്യാസവിധിയെപ്പറ്റി പറഞ്ഞുതന്നാലും. ഇതു കേട്ടു് നാരദൻ സന്തുഷ്ട ചിത്തനായി കൃപാകടാക്ഷം വർഷിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു. '' സംന്യാസത്തിന്റെ പൂർണ്ണസ്വരൂപത്തെപ്പററി പിതാമഹനായ ബ്രഹ്മാവിന്റെ ശ്രീമുഖത്തിൽ നിന്നും കേൾക്കുകയാണ് ശ്രേയസ്കരമായിട്ടുള്ളതു്. ഇങ്ങനെ പറഞ്ഞിട്ടു് സത്രയാഗ സമാപ്തിക്കശേഷം എല്ലാവരേയുംകൂട്ടികൊണ്ടു് നാരദൻ ബ്രഹ്മലോകത്തുചെന്നു് ബ്രഹ്മധ്യാനപരായണനായിരുന്ന പരമേഷ്ഠിയായ ബ്രഹ്മാവിനെ നമസ്ക്കരിച്ചു് സ്തുതിച്ചു. ബ്രഹ്മാവ് എല്ലാവരേയും യഥായോഗ്യം ആസന

ങ്ങളിൽ ഉപവിഷ്ഠരാകുവാൻ ആദേശം കൊടുത്തു. അപ്പോൾ നാരദൻ ബ്രഹ്മാവിനോട് പറഞ്ഞു. ''ബ്രഹ്മൻ, അങ്ങ് ഞങ്ങളുടെ ഗുരുവും പിതാവുമാണല്ലോ. അങ്ങ് സർവ്വജ്ഞനും സർവ്വവിദ്യാപാരംഗതനുമാണല്ലോ. അതുകൊണ്ട് ദയവുണ്ടായി എനിക്കറിയേണ്ട ഒരു രഹസ്യത്തെപ്പററി പറഞ്ഞു തന്നാലും. ഈ രഹസ്യം എനിക്ക മനസ്സിലാകുംവിധം പറഞ്ഞുതരുവാൻ അങ്ങ ല്ലാതെ മററാരുമില്ല. എൻെറ അഭിലാഷം സാധിപ്പിക്കുവാൻ അങ്ങ് സന്നദ്ധ നാണെങ്കിൽ സംന്യാസത്തിൻെറ സ്വരൂപക്രമങ്ങളെ ഇവിടെകൂടിയിരിക്കുന്ന ഞങ്ങൾക്കെല്ലാവർക്കും വേണ്ടി ഉപദേശിച്ചു തന്നാലും''

നാരദൻെറ അഭ്യർത്ഥന കേട്ട് ബ്രഹ്മാവ് ഒന്നുകടാക്ഷിച്ചതിനു ശേഷം രണ്ടു നിമിഷം സമാധിസ്ഥനായിരുന്നു. അദ്ദേഹം ജനന മരണസ്വരൂപമായ ഈ പ്രാപഞ്ചിക ദുഃഖങ്ങളിൽ നിന്നും മോചനം തേടാനുള്ള ഉപായമെന്തെന്ന് ആലോചിക്കുവാൻ തുടങ്ങി. പിന്നീട് അദ്ദേഹം കണ്ണുതുറന്ന് നാരദനെ നോക്കി ഇങ്ങനെ പറഞ്ഞു. ''ഹേ നാരദ പണ്ട് പുരുഷസൂക്തത്തിലും, ഉപനിഷത്തിലും പ്രതിപാദിക്കപ്പെട്ടിരുന്ന നിഗൂഢ രഹസ്യങ്ങൾക്കനുകൂലമായി സർവശ്രേഷ്ഠനും, ദിവ്യവിഗ്രഹധാരിയുമായ വിരാട് പുരുഷൻ എനിക്കുപദേശിച്ചതുതന്നെ ഞാൻ നിങ്ങൾക്കും ഉപദേശിച്ചുതരാം.''

2. ഭോ നാരദ വിധിവദാദാവനുപനീതോപനയനാനന്തരം തത് സത്കുലപ്രസൂതഃ പിതൃമാതൃവിധേയഃ പിതൃസമീപാദ്യന്യത്ര സത്സമ്പ്രദായസ്ഥം ശ്രദ്ധാവന്തം സത്കുലഭവം ശ്രോത്രിയം ശാസ്ത്രവാൽസല്യം ഗുണവന്തമകുടിലം സദ്ഗുരുമാസാദ്യ നത്വാ യഥോപയോഗ ശുശ്രൂഷാപൂർവകം സ്വാഭിമതം വിജ്ഞാപ്യ ദ്വാദശവർഷ സേവാപുരഃസരം സർവവിദ്യാഭ്യാസം കൃത്വാ തദനുജ്ഞയാ സ്വകുലാനുരൂപാമഭിമത കന്യാം വിവാഹ്യ പഞ്ചവിംശതി വൽസരം ഗുരുകുലവാസം കൃത്വാഥ ഗുർവനുജ്ഞയാ ഗൃഹസ്ഥോചിതകർമ്മ കുർവന്ദൗർ ബ്രാഹ്മണ്യ നിവൃത്തിമേത്യ സ്വവംശ വൃദ്ധികാമഃ പുത്രമേകമാസാദ്യ ഗാർഹസ്ഥ്യോചിത പഞ്ചവിംശതി വൽസരം തീർത്ത്വാ തതഃ പഞ്ചവിംശതി വൽസര പര്യന്തം ത്രിഷവണമുദക സ്പർശന പൂർവകം ചതുർത്ഥ കാലമേകവാരമാഹാരമാഹരന്നയമേക ഏവ വനസ്ഥോ ഭൂത്വാ പുരഗ്രാമ പ്രാക്തനസംചാരം വിഹായ നികിര വിരഹിതതദാശ്രിത കർമ്മോചിത കൃത്യം നിർവർത്യ ദൃഷ്ട ശ്രവണ വിഷയ വൈതൃഷ്ണ്യമേത്യ ചത്വാരിംശത് സംസ്കാര

**സംപന്നഃ സർവഥാ വിരക്തശ്ചിത്തശുദ്ധിമേത്യാശാസൂയേർഷ്യാഹംകാരം ദഗ്ധ്വാ സാധന ചതുഷ്ടയ സമ്പന്നഃ സംന്യസ്തുമർഹതീത്യുപനിഷത്ത്.**

''ഹേ നാരദ! സന്യാസത്തിൻെറ സ്വരൂപവും, ക്രമവും അത്യന്തം രഹസ്യ സമ്പൂർണ്ണമാണ്. അതിനെപ്പററി ഞാൻ പറയാം. നീ ദത്തചിത്തനായി കേട്ടുകൊള്ളുക. ഉന്നതകുലജാതനും, മാതാപിതാക്കളുടെ ആജ്ഞാനുവർത്തിയുമായ ഒരു ബാലകൻ ഉപനീതനായില്ലെങ്കിൽ ആദ്യമായി അവനെ ഉപനയനം ചെയ്യിക്കണം. അതിനുശേഷം, ആ ബാലകൻ മാതാപിതാക്കളെ പിരിഞ്ഞ് ശ്രദ്ധാവാനും, സത്കുലജാതനും, ശ്രോത്രിയനും, ശാസ്ത്രവാൽസല്യമുള്ളവനും ഗുണവാനും ആർജ്ജവ ബുദ്ധിയുള്ളവനുമായ ഒരു സദ്ഗുരുവിനെ സമീപിച്ച് ഗുരുകുലവാസമനുഷ്ഠിക്കണം. ഗുരുവിനെ ശുശ്രൂഷിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അദ്ദേഹത്തിൻെറ പാദങ്ങളിൽ വീണു നമസ്ക്കരിച്ചിട്ട് സ്വാഭീഷ്ടം അദ്ദേഹത്തെ അറിയിക്കണം. അതിനുശേഷം ഗുരുവിൻെറ ആജ്ഞാനുസരണം വെളിയിൽ പന്ത്രണ്ടു വർഷക്കാലം (ബ്രഹ്മചര്യവ്രതത്തോടുകൂടിയും) ഗുരുശുശ്രൂഷ ചെയ്തു് സർവവിദ്യകളും അഭ്യസിക്കണം. അദ്ധ്യയനം പൂർണ്ണമായാൽ സ്വകുലത്തിനനുരൂപയും, മനസ്സിനിണങ്ങിയവളുമായ ഒരു കന്യകയെ ഗുരുവിൻെറ ആജ്ഞാനുസരണം വിവാഹം ചെയ്തു് ഇരുപത്തിയഞ്ചുവർഷം ഗൃഹസ്ഥാശ്രമത്തിൽ വസിക്കണം. സ്വവംശവൃദ്ധിയെ മാത്രം മുൻനിറുത്തി പുത്രോത്പാദനം ചെയ്യണം. ഇരുപത്തിയഞ്ചു വർഷം കഴിഞ്ഞാൽ വാനപ്രസ്ഥം സ്വീകരിച്ച് അതിൽതന്നെ ഇരുപത്തിയഞ്ച് വർഷം ചെലവഴിക്കണം, ത്രിസന്ധ്യകളിലും സ്നാനം ചെയ്യുകയും, പകൽ നാലാം യാമത്തിൽ ഒരിക്കൽ മാത്രം ആഹാരം കഴിക്കുകയും വേണം. ഗ്രാമവും, പട്ടണവും പരിചിതമാർഗ്ഗങ്ങളും ഉപേക്ഷിച്ചിട്ട് ഏകാകിയായി വനത്തിൽത്തന്നെ വസിക്കണം. ഉഴാതെയും വിതയ്ക്കാതെയും ഉണ്ടായ അരിയോ മറേറാ ശേഖരിച്ച് അതുകൊണ്ടുമാത്രം ആശ്രമത്തിനനുരൂപമായ ധർമ്മത്തെനിറവേററി കണ്ടതും, കേട്ടതും, ഐഹികവും, പാരത്രികവുമായ സുഖഭോഗങ്ങളോട് പരിപൂർണ്ണ വൈരാഗ്യം പൂണ്ട് നാൽപ്പത്തരത്തിലുള്ള സംസ്ക്കാരത്തോടുകൂടിയവനായി ചിത്തത്തെ സർവഥാ ശുദ്ധമാക്കിവയ്ക്കണം. ആശ, അസൂയ, ഈർഷ്യ, അഹങ്കാരം എന്നിവയെ വെടിഞ്ഞ് (ഭസ്മീകരിച്ച്) സാധനചതുഷ്ടയസമ്പന്നനായവനാണ് സംന്യസിക്കാൻ യോഗ്യൻ. എന്നാണ് ഉപനിഷത്ത് പറയുന്നു്.

## മൂന്നാം. ഉപദേശം

1. **അഥ ഹൈനം നാരദഃ പിതാമഹം പപ്രച്ഛ ഭഗവൻ കേന സംന്യാസാധികാരീവേത്യേവമാദൗ സംന്യാസാധികാരിണം**

നിരൂപ്യ പശ്ചാത്സന്യാസ വിധിരുച്യതേ അവഹിതഃ ശൃണു. അഥ ഷണ്ഡഃ പതിതോ അങ്ഗവികലഃ സ്ത്രൈണോ ബധിരോഽർഭകോ മൂകഃ പാഷണ്ഡശ്ചക്രീ ലിംഗീ വൈഖാനസ ഹരദ്വിജൗ ഭൃതകാധ്യാപകഃ ശിപിവിഷ്ടോ അനഗ്നികോ വൈരാഗ്യവന്തോഽപ്യേതേ ന സംന്യാസാർഹാഃ സംന്യസ്തായദ്യപി മഹാവാക്യോപദേശേനാധികാരിണഃ പൂർവ സംന്യാസീ പരമഹംസാധികാരീ.

നാരദൻ വീണ്ടും ബ്രഹ്മാവിനോട് ചോദിച്ചു. ''ഭഗവൻ സംന്യാസം സ്വീകരിക്കേണ്ടതെങ്ങനെയാണ്? അതിന് അധികാരി ആരാണ്? ഇതെല്ലാം ദയവായി പറഞ്ഞുതന്നാലും.'' ബ്രഹ്മാവു പറഞ്ഞു.'' സംന്യാസം സ്വീകരിക്കുവാനുള്ള അധികാരി ആരാണെന്നുള്ള കാര്യം ആദ്യം പ്രസ്താവിക്കുന്നതാണ് ഉചിതമായിട്ടുള്ളത്. അതിനുശേഷം സംന്യാസ വിധിയെപ്പററി പരിചിന്തിക്കാം. നപുംസകൻ, പതിതൻ, അംഗവിഹീനൻ, സ്ത്രൈണൻ, ബധിരൻ, ബാലകൻ, മൂകൻ, പാഷണ്ഡൻ, ചക്രി, ലിംഗീ വേതന ഭോക്താവായ അദ്ധ്യാപകൻ, ശിപിവിഷ്ടൻ അയാജ്ഞികൻ എന്നിവർ വിരക്തന്മാരായാൽപോലും സന്യാസത്തിന്നധികാരികളല്ല. മുമ്പിനാൽ തന്നെ സന്യാസാശ്രമത്തിനനുകൂലമായ കർമ്മങ്ങൾ അനുഷ്ഠിക്കുന്നവനു മാത്രമേ അതിൽ പ്രവേശിക്കുവാൻ അധികാരമുള്ളു.

1. പരേണൈവാത്മനശ്ചാപി പരസ്യൈവാത്മനാ തഥാ.
   അഭയം സമവാപ്നോതി സ പരിവ്രാഡിതി സ്മൃതിഃ.
2. ഷണ്ഡോഽഥവികലോഽപ്യന്ധോ ബാലകശ്ചാപി പാതകീ
   പതിതശ്ച പരദാരീ വൈഖാനസ ഹരദ്വിജൗ
3. ചക്രീലിംഗീ ച പാഷണ്ഡീ ശിപിവിഷ്ടോഽപ്യനഗ്നികഃ
   ദ്വിത്രിവാരേണ സംന്യസ്തോ ഭൃതകാ അധ്യാപകോഽപിച
   ഏതേ നാർഹന്തി സംന്യാസമാതുരേണ വിനാ ക്രമം.

നിർഭയനും, ആരേയും ഭയപ്പെടുത്താത്തവനും ആരാണോ അവനെയാണ് സ്മൃതികൾ പരിവ്രാജകനെന്നു പറയുന്നത്. ഷണ്ഡനും, വികലാംഗനും, അന്ധനും, ബാലനും, പാതകിയും, പതിതനും, പരദാരഗാമിയും, വൈഖാനസനായ ബ്രാഹ്മണനും, ചക്രിയും, ലിംഗിയും' പാഷണ്ഡനും, ശിപിവിഷ്ടനും, അയാജ്ഞികനും വേതനം പററുന്ന അദ്ധ്യാപകനും, രണ്ടോ മൂന്നോ തവണ സംന്യാസം സ്വീകരിച്ചു കഴിഞ്ഞവനും ആതുര സന്യാസികളാകാം. എന്നാൽ അവർ ക്രമസന്യാസത്തിനർഹരല്ല.

4. ആതുരകാലഃ കഥമാര്യസംമതഃ പ്രാണസ്യോത്ക്രമണാസന്ന കാലസ്ത്വാതുരസംജ്ഞകഃ നേതരസ്ത്വാതുര: കാലോ മുക്തിമാർഗ പ്രവർത്തകഃ.

5. ആതുരേ അപി ച സംന്യാസേ തത്തന്മന്ത്ര പുര:സരം മന്ത്രാവൃത്തിം ച കൃത്വൈവ സംന്യസേദ്വിധിവദ് ബുധ:

6. ആതുരേ അപി ക്രമേ വാപി പ്രൈഷ ഭേദോ ന കുത്രചിത് ന മന്ത്രം കർമ്മ രഹിതം കർമ്മ മന്ത്രമപേക്ഷതേ.

7. അകർമ്മ മന്ത്രരഹിതം നാതോമന്ത്രം പരിത്യജേത് മന്ത്രം വിനാ കർമ്മ കുര്യാദ് ഭസ്മന്യാഹുതിവദ്ഭവേത്

8. വിധ്യുക്ത കർമ്മസംക്ഷേപാത് സംന്യാസസ്ത്വാതുര:സ്മൃതഃ തസ്മാദാതുര സംന്യാസേ മന്ത്രാവൃത്തി വിധിർമ്മുനേ.

ആതുരസംന്യാസകാലം ഏതാണെന്നു് ചോദിച്ചാൽ മരണകാലത്തു് പ്രാണ പ്രയാണസമയമാണ് ആതുര സന്യാസത്തിന്റെ സമയമെന്നുപറയേണ്ടിയിരിക്കുന്നു. അതല്ലാതെ മറ്റൊരു സമയവും ശരിയല്ല. ശരിയായ സമയത്തു് ആതുര സന്യാസം കൈവന്നാൽ അതുകൊണ്ടുതന്നെ മുക്തിയും ലഭിക്കും. ഈ ആതുര സന്യാസം സ്വീകരിക്കണമെന്നാഗ്രഹമുള്ളവർ ശാസ്ത്ര സമ്മതങ്ങളായ മന്ത്രങ്ങളും ഉച്ചരിച്ച് യഥാവിധി ആവശ്യമുള്ള കർമ്മങ്ങളെല്ലാം ചെയ്തു തീർത്തതിനുശേഷം മന്ത്രോച്ചാരണ സഹിതം സംന്യാസം സ്വീകരിക്കേണ്ടതാണ്. ആതുര സന്യാസത്തിനും, ക്രമസംന്യാസത്തിനും അവയുടെ വിധാനത്തിൽ യാതൊരു വ്യത്യാസവുമില്ല. എന്തെന്നാൽ കർമ്മം മന്ത്രഃപ്രേരിതവും, ഓരോ മന്ത്രവും ഏതെങ്കിലും ഒരു കർമ്മത്തോടു ബന്ധപ്പെട്ടതുമായിരിക്കും. മന്ത്രംകൂടാതെ ഒരു കർമ്മവും യഥാർത്ഥ കർമ്മമാവുകയില്ല. അതുകൊണ്ട് മന്ത്രത്തെ ഉപേക്ഷിക്കരുതു്. മന്ത്രംകൂടാതെ ചെയ്യപ്പെട്ട കർമ്മം അഗ്നിശമിച്ചതിനുശേഷം ചാമ്പലിൽ നിക്ഷേപിക്കുന്ന ആഹുതിയെന്നപോലെ നിരർത്ഥകമാകുന്നു. ശാസ്ത്രവിധിയനുസരിച്ച് പ്രതിപാദിക്കപ്പെട്ടിട്ടുള്ള കർമ്മങ്ങളെ സംക്ഷേപിച്ചു ചെയ്താൽ ആതുരസംന്യാസക്രിയ പൂർണ്ണമായിത്തീരുന്നു. അതുകൊണ്ട് അതിൽവീണ്ടും വീണ്ടും മന്ത്രോച്ചാരണം ഉചിതമാണ്.

9. ആഹിതാഗ്നിർവിരക്തശ്ചേദ്ദേശാന്തരഗതോ യദി പ്രാജാപത്യേഷ്ടിമപ്സ്വേവ നിർവൃത്യൈവഥ സംന്യസേത്

10. മനസാ വാഥ വിധ്യുക്ത മന്ത്രാവൃത്ത്യാഥ വാ ജലേ ശ്രുത്യനുഷ്ഠാനമാർഗ്ഗേണ കർമ്മാനുഷ്ഠാന മേവ വാ.

11. സമാപ്യ സന്യസേദ്വിദ്വന്നോ ചേത് പാതിത്യമാപ്നുയാത്

12. യദാ മനസി സംജാതം വൈതൃഷ്ണ്യം സർവവസ്തുഷു
തദാ സംന്യാസമിച്ഛേത പതിതഃ സ്യാദ്വിപര്യയേ

13. വിരക്ത: പ്രവ്രജേദ്ധീമാൻ സരക്തസ്തു ഗൃഹേ വസേത്
സരാഗോ നരകം യാതി പ്രവ്രജൻഹി ദ്വിജാധമ:

അഗ്നിഹോത്രിയായ പുരുഷൻ അന്യദേശ ഗമനം ചെയ്യുകയും അവിടെ വച്ച് വിരക്തനായിത്തീരുകയുംചെയ്താൽ ജലത്തിൽ പ്രാജാപത്യേഷ്ടികർമ്മം ചെയ്ത് സംന്യാസം സ്വീകരിക്കണം. ഈ പ്രാജാപത്യയോഗം മനസ്സുകൊണ്ടോ യഥാവിധി മന്ത്രോച്ചാരണംകൊണ്ടോ വേദോക്ത വിധി പ്രകാരമുള്ള കർമ്മാനുഷ്ഠാനം മുഖേനയോ ചെയ്യണം. ഇങ്ങനെ ചെയ്തതിനുശേഷം മാത്രമേ സംന്യാസം സ്വീകരിക്കാവൂ. അല്ലെങ്കിൽ സ്വധർമ്മത്തിൽനിന്നും അധ:പതിക്കുന്നു. പദാർത്ഥങ്ങളോട് പരിപൂർണ്ണമായ വിരക്തി തോന്നിയാൽ മാത്രമേ സംന്യാസം സ്വീകരിക്കാനുള്ള ആഗ്രഹം പ്രകടിപ്പിക്കാവൂ. ഇതിനു വിപരീതമായുള്ള പ്രവർത്തനം മനുഷ്യനെ അധഃപതിപ്പിക്കും. വൈരാഗ്യം വന്നതിനു ശേഷ മ സംന്യാസം സ്വീകരിക്കാവൂ. മനസ്സിൽ അൽപ്പമെങ്കിലും രാഗം അവശേഷിക്കുകയാണെങ്കിൽ ഗൃഹത്തിൽ തന്നെ വസിക്കണം. മനസ്സിൽ രാഗം അവശേഷിക്കവേ സംന്യാസം സ്വീകരിക്കുന്ന ബ്രഹ്മണാധമൻ നരകത്തെ പ്രാപിക്കുന്നു.

14. യസ്യൈതാനി സുഗുപ്താനി ജിഹ്വോപസ്ഥോദരം കരഃ
സംന്യസേദകൃതോദ്വാഹോ ബ്രാഹ്മണോ ബ്രഹ്മചര്യവാൻ.

15. സംസാരമേവ നി:സാരം ദൃഷ്ട്വാ സാര ദിദൃക്ഷയാ
പ്രവ്രജത്യകൃതോദ്വാഹഃ പരം വൈരാഗ്യമാശ്രിതഃ.

16. പ്രവൃത്തിലക്ഷണം കർമ്മജ്ഞാനം സംന്യാസലക്ഷണം
തസ്മാജ്ജ്ഞാനം പുരസ്കൃത്യ സംന്യസേദിഹ ബുദ്ധിമാൻ.

ജിഹ്വ, ഉപസ്ഥം, ഉദരം, കൈകാൽ തുടങ്ങിയ ഇന്ദ്രിയങ്ങളെ ജയിച്ചിട്ടുള്ളവനും, അവിവാഹിതനും, ബ്രഹ്മചര്യ സമ്പന്നനുമായ ബ്രാഹ്മണന് സംന്യാസം സ്വീകരിക്കാം. സംസാരം മിഥ്യയാണെന്നു കരുതി സാരവസ്തുവിനെ ഗ്രഹിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ജ്ഞാനിയായ പുരുഷൻ പരിപൂർണ്ണ വിരക്തനായി അവിവാഹിതനായിരിക്കവേ തന്നെ സംന്യാസം സ്വീകരിക്കുന്നു. കർമ്മം പ്രവൃത്തിയുടെയും ജ്ഞാനം സംന്യാസത്തിൻെറയും, പ്രധാന ലക്ഷണങ്ങളാണ്. അതിനാൽ ബുദ്ധിമാനായ വ്യക്തി ജ്ഞാനത്തെ ലക്ഷ്യമാക്കിക്കൊണ്ടുതന്നെ സംന്യാസം സ്വീകരിക്കണം.

17. യദാ തു വിദിതം തത്ത്വം പരംബ്രഹ്മ സനാതനം
തദൈകദണ്ഡം സംഗൃഹ്യ സോപവീതാം ശിഖാം ത്യജേത്.
18. പരമാത്മനി യോ രക്തോ വിരക്തോഽപരമാത്മനി
സർവ്വൈഷണാവിനിർമ്മുക്തഃ സ ഭൈക്ഷം ഭോക്തുമർഹതി.
19. പൂജിതോ വന്ദിതശ്ചൈവ സുപ്രസന്നോ യഥാ ഭവേത്
തഥാ ചേത്താഡ്യമാനസ്തു തദാ ഭവതി ഭൈക്ഷഭുക്.
20. അഹമേവാക്ഷരം ബ്രഹ്മ വാസുദേവാഖ്യമദ്വയം
ഇതി ഭാവോ ധ്രുവോ യസ്യ തദാഭവതി ഭൈക്ഷഭുക്.
21. യസ്മിൻ ശാന്തിഃ ശമഃ ശൗചം സത്യം സന്തോഷ ആർജ്ജവം
അകിഞ്ചനമദംഭശ്ച സ കൈവല്യാശ്രമേ വസേത്.
22. യദാ ന കുരുതേ ഭാവം സർവഭൂതേഷു പാപകം
കർമ്മണാ മനസാ വാചാ തദാ ഭവതി ഭൈക്ഷഭുക്.
23. ദശലക്ഷണകം ധർമ്മമനുതിഷ്ഠൻ സമാഹിതഃ
വേദാന്താൻ വിധിവത്ശ്രുത്വാ സംന്യസേദനൃണോ ദ്വിജഃ.

പരമതത്ത്വ രൂപമായ സനാതന ബ്രഹ്മ ജ്ഞാനം ലഭിച്ചാൽ ഏക ദണ്ഡധാരിയായി, യജ്ഞോപ വീതത്തെയും, ശിഖയേയും ഉപേക്ഷിക്കണം. പരമാത്മാവിൽ അനുരാഗമുള്ളവനും അതിൽ നിന്നും ഭിന്നമായിട്ടുള്ള എല്ലാ പദാർത്ഥങ്ങളിലും വൈരാഗ്യവും ഉള്ളവനും ഏഷണത്രയ രഹിതനും മാത്രമേ ഭിക്ഷാ പ്രാപ്തമായ അന്നം അശിക്കവാൻ അർഹതയുള്ളു. സാധാരണ മനുഷ്യൻ ആത്മപ്രശംസകൊണ്ടും ബഹുമാനംകൊണ്ടും അത്യന്തം പ്രസന്ന ചിത്തനായിത്തീരുന്നതുപോലെ പ്രസന്നത താഡിക്കപ്പെട്ടതിനുശേഷവും തുടരുകയാണെങ്കിൽ മാത്രമേ ഭിക്ഷാന്നം അശിക്കുവാൻ അർഹതയുള്ളു. സ്വയം അദ്വിതീയമായ അക്ഷര ബ്രഹ്മം ആണെന്ന് മാനിക്കുന്നവന് മാത്രമേ ഭിക്ഷാന്നം ഭക്ഷിക്കുവാൻ അധികാരമുള്ളു. ശക്തി, ദമം, ശമം, ശൗചം സന്തോഷം, സത്യം, സാരള്യം ദംഭഹീനത, അസഞ്ചയവൃത്തി എന്നിവയോടുകൂടിയവനു മാത്രമേ സംന്യാസാശ്രമ പ്രവേശനത്തിനധികാരമുള്ളു. മനസാ വാചാ കർമ്മണാ ഒന്നിനോടും ഈർഷ്യയില്ലാതിരിക്കുകയാണ് സംന്യാസിയുടെ കർത്തവ്യം. ഇപ്രകാരമുള്ള കർമ്മങ്ങൾ അനുഷ്ഠിച്ച് ഏകാഗ്രചിത്തനായി ഉപനിഷത്തുകൾ ശ്രവിച്ച്, ബ്രഹ്മചര്യത്തെ അനുഷ്ഠിച്ച് സ്വാദ്ധ്യായം ചെയ്യുന്ന ഋഷി ഋണവിമുക്തനാകുന്നു. യജ്ഞാനുഷ്ഠാനത്താൽ ദേവന്മാരോടുള്ള ഋണത്തിൽനിന്നും പുത്രോത്പത്തി മുഖേന പിതൃക്കളോടുള്ള ഋണത്തിൽ നിന്നും മുക്തനായി സംന്യാസം സ്വീകരിക്കണം.

24. ധൃതിഃ ക്ഷമാ ദമോऽസ്തേയം ശൗചമിന്ദ്രിയനിഗ്രഹഃ
ധീർ വിദ്യാ സത്യമക്രോധോ ദശകം ധർമ്മലക്ഷണം.

25. അതീതാന്നസ്മരേദ് ഭോഗാന്ന തഥാനാഗതാനപി
പ്രാപ്താംശ്ച നാഭിനന്ദേദ്യഃ സ കൈവല്യാശ്രമേ വസേത്.

26. അന്തഃസ്ഥാനീന്ദ്രിയാണ്യന്തർബഹിഷ്ഠാൻ വിഷയാൻ ബഹിഃ
ശക്നോതി യഃ സദാ കർത്തും സ കൈവല്യാശ്രമേ വസേത്.

27. പ്രാണേ ഗതേ യഥാ ദേഹഃ സുഖം ദുഃഖം ന വിന്ദതി
തഥാചേത്പ്രാണയുക്തോऽപിസ കൈവല്യാശ്രമേവസേത്.

ധൃതി, ക്ഷമ, ദമം, അസ്തേയം, ശൗചം, ഇന്ദ്രിയനിഗ്രഹം, ധീ, വിദ്യ സത്യം, അക്രോധം ഇവയാണ് ദശധർമ്മലക്ഷണങ്ങൾ. ഭൂതകാലത്ത് അനുഭവിച്ചിട്ടുള്ള ഭോഗങ്ങളെപ്പററി ചിന്തിക്കുകയോ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭോഗങ്ങളെ സ്വാഗതം ചെയ്യുകയോ ഭാവിയിൽ പ്രാപ്തമാകാൻ പോകുന്ന ഭോഗങ്ങളെ ആഗ്രഹിക്കുകയോ ചെയ്യാത്തവനാണ് സംന്യാസാശ്രമത്തിൽ വസിക്കുവാൻ അർഹൻ. അന്തഃസ്ഥാനീയങ്ങളായ ഇന്ദ്രിയങ്ങൾക്കും ബാഹ്യാഭ്യാന്തരികങ്ങളായ വിഷയങ്ങൾക്കും മനസ്സിൽസ്ഥാനം കൊടുക്കാതിരിക്കുവാൻ സാമർത്ഥ്യമുള്ളവനാണ് സംന്യാസാശ്രമവാസത്തിന്നധികാരി. പ്രാണഹീനമായ ശരീരത്തിന് സുഖദു:ഖാനുഭവം ഉണ്ടാകാത്തതു പോലെതന്നെ പ്രാണനിരിക്കുമ്പോഴും സുഖദു:ഖങ്ങൾ ബാധിക്കാത്തവനാണ് സംന്യാസാശ്രമവാസിയായിരിക്കുവാൻ സർവഥാ അധികാരി.

28. കൗപീനയുഗ്മം കന്ഥാ ദണ്ഡ ഏകഃ പരിഗ്രഹഃ
യതേഃ പരമഹംസസ്യ നാധികം തു വിധീയതേ.

29. യദി വാ കുരുതേ രാഗാദധികസ്യ പരിഗ്രഹം.
രൗരവം നരകം ഗത്വാ തിര്യഗ്യോനിഷു ജായതേ.

30. വിശീർണ്ണാന്യമലാന്യേവ ചേലാനി ഗ്രഥിതാനി തു
കൃത്വാ കന്ഥാം ബഹിർവാസോ ധാരയേദ്ധാതുരഞ്ജിതം.

31. ഏകവാസാ അവാസാ വാ ഏക ദൃഷ്ടിരലോലുപഃ
ഏക ഏവ ചരേന്നിത്യം വർഷാസ്വേകത്ര സംവസേത്.

32. കുടുംബം പുത്രദാരാംശ്ച വേദാംഗാനി ച സർവശഃ
യജ്ഞം യജ്ഞോപവീതം ച ത്യക്ത്വാ ഗൂഢശ്ചരേദ്യതിഃ.

രണ്ടുകൗപീനം, ഒരു പഴന്തുണി, ഒരു ദണ്ഡം എന്നീ സാധനങ്ങൾ സംന്യാസി പരിഗ്രഹിക്കണം. ഇതിൽ കൂടുതൽ സംഗ്രഹിക്കാൻ പാടില്ല. ലോഭവശഗനായി അധികം വസ്തുക്കൾ പരിഗ്രഹിക്കുകയാണെങ്കിൽ മരണാ

നന്തരം രൗരവനരകത്തിൽ പതിച്ച് പശു പക്ഷ്യാദി തിര്യക്ക് യോനികളിൽ ജനിക്കുന്നു. ശീതം, വർഷം മുതലായവയിൽ നിന്നും രക്ഷ പ്രാപിക്കാനായി ജീർണ്ണിച്ചവയും ശുദ്ധങ്ങളുമായ വസ്ത്രങ്ങൾ കൂട്ടിത്തച്ച് വസ്ത്രമാക്കണം. അതിനുശേഷം വിജനസ്ഥാനത്ത് വസിക്കണം. കാഷായവസ്ത്രം വേണമെങ്കിൽ ധരിക്കാം. ഏക വസ്ത്രം ധരിക്കുകയോ വസ്ത്രം ധരിക്കാതിരിക്കുകയോ ചെയ്യാം. ദൃഷ്ടിയെ അങ്ങുമിങ്ങും വ്യതിചലിപ്പിക്കാതെ ഒരേ സ്ഥാനത്തുതന്നെ ഉറപ്പിക്കണം. മനസ്സിൽ യാതൊരു വിധത്തിലുമുള്ള ആഗ്രഹങ്ങളും ഉദയം ചെയ്യാനനുവദിക്കരുത്. എപ്പോഴും ഏകനായിത്തന്നെ സഞ്ചരിക്കണം. സ്ത്രീ, പുരുഷൻ, കുടുംബം, വേദാംഗ ഗ്രന്ഥങ്ങൾ, യജ്ഞം, യജ്ഞോപവീതം എന്നിവയെ സർവഥാ പരിത്യജിക്കണം. ഇപ്രകാരമുള്ള സംന്യാസി തന്റെ വൈശിഷ്ട്യങ്ങളെപ്പററി യാതൊന്നും പറയാതെതന്നെ സഞ്ചരിക്കണം.

33. കാമഃ ക്രോധസ്തഥാദർപ്പോ ലോഭമോഹാദയശ്ച യേ
താംസ്തു ദോഷാൻ പരിത്യജ്യ പരിവ്രാണ്നിർമ്മമോഭവേത്.
34. രാഗദ്വേഷവിയുക്താത്മാ സമലോഷ്ഠാശ്മ കാഞ്ചനഃ.
പ്രാണിഹിംസാനിവൃത്തശ്ച മുനിഃ സ്യാത്സർവനിസ്പൃഹഃ.
35. ദംഭാഹംകാരനിർമ്മുക്തോ ഹിംസാ പൈശൂന്യ വർജ്ജിതഃ
ആത്മജ്ഞാനഗുണോപേതോ യതിർ മോക്ഷമവാപ്നുയാത്.
36. ഇന്ദ്രിയാണാം പ്രസംഗേന ദോഷമൃച്ഛത്യസംശയഃ
സംനിയമ്യ തു താന്യേവ തതഃ സിദ്ധിം നിഗച്ഛതി.
37. ന ജാതുകാമഃ കാമാനാമുപഭോഗേന ശാമ്യതി
ഹവിഷാ കൃഷ്ണവർത്മേവ ഭൂയ ഏവാഭിവർദ്ധതേ.
38. ശ്രുത്വാ സ്പൃഷ്ട്വാ ച ഭുക്ത്വാ ച ദൃഷ്ട്വാ ഘ്രാത്വാച യോ നരഃ ന ഹൃഷ്യതി ഗ്ലായതി വാ സ വിജ്ഞേയോ ജിതേന്ദ്രിയഃ.
39. യസ്യ വാങ്മനസി ശുദ്ധേ സമ്യഗ് ഗുപ്തേ ച സർവദാ
സ വൈ സർവമവാപ്നോതി വേദാന്തോപഗതം ഫലം.
40. സമ്മാനാദ് ബ്രാഹ്മണോ നിത്യ മുദ്വിജേത വിഷാദിവ
അമൃതസ്യേവ ചാകാംക്ഷേദവമാനസ്യ സർവദാ.

സംന്യാസി എല്ലാവരോടുമുള്ള മമത വെടിഞ്ഞിരിക്കണം. കാമക്രോധ ലോഭമോഹാഹംകാരാദി ദോഷങ്ങളെയും ഉപേക്ഷിക്കണം. രാഗദ്വേഷാദികൾക്ക് മനസ്സിൽ സ്ഥാനം കൊടുക്കരുത്. സ്വർണ്ണം, കല്ല്, രത്നം എന്നിവയെ

സമാന ദൃഷ്ടിയോടുകൂടി വീക്ഷിക്കണം. പ്രാണിഹിംസ കൂടാതെ നിസ്പൃഹനായിരിക്കണം. ദംഭം, അഹംകാരം, ഹിംസ, പരനിന്ദ എന്നിവയിൽ നിന്നും മുക്തനായി ആത്മജ്ഞാനലബ്ധിക്കുപയുക്തമായ ഗുണങ്ങളാൽ സമ്പന്നനായിരിക്കുന്ന സംന്യാസിയാണ് മോക്ഷത്തിന്നധികാരി. ഇന്ദ്രിയസുഖങ്ങളിൽ ആസക്തനായിരിക്കുന്നതുകൊണ്ട് അനേകം ദോഷങ്ങൾ സംഭവിക്കുന്നു. എന്നാൽ അതേ ഇന്ദ്രിയങ്ങൾതന്നെ നല്ലപോലെ വശംവദമായാൽ അതു സിദ്ധിയെ പ്രദാനം ചെയ്യുന്നതായും തീരും. ഭോഗോപഭോഗങ്ങൾ കൊണ്ട് വിഷയവാസനകൾ ഒരിക്കലും ശമിക്കുന്നില്ല. ഭോഗമാകട്ടെ, നെയ്യ്, അഗ്നിയെ പ്രദീപ്തമാക്കുന്നതു പോലെ അവയെ വർദ്ധിപ്പിക്കുകയേ ഉള്ളു. കഠോരമോ മധുരമോ ആയ വാക്കുകൾ കേട്ടാലും സ്വാദിഷ്ടങ്ങളോ അസ്വാദിഷ്ടങ്ങളോ ആയ ആഹാരസാധനങ്ങൾ ഭക്ഷിച്ചാലും കോമളമോ കഠോരമോ ആയ വസ്തുക്കളെ സ്പർശിച്ചാലും, സുന്ദരമോ അസുന്ദരമോ ആയ രൂപത്തെ കണ്ടാലും സുഗന്ധമോ ദുർഗന്ധമോ ഉള്ള വസ്തുക്കളെ മണപ്പിച്ചാലും പ്രസന്നചിത്തനാകുകയോ, വെറുപ്പു കാണിക്കുകയോ ചെയ്യാതെ എല്ലാത്തിലും, സമഭാവനയോടുകൂടി ഇരിക്കുന്നവനാണ് ജിതേന്ദ്രിയൻ. മനസ്സും, വാക്കും പരിശുദ്ധമായിട്ടുള്ളവനും സദാ ദോഷരഹിതനായിട്ടുള്ളവനും മാത്രമേ വേദാന്ത ശ്രവണം കൊണ്ടുള്ള പരിപൂർണ്ണഫലം അനുഭവിക്കാൻ സാധിക്കുകയുള്ളൂ. ബ്രാഹ്മണൻ സ്തുതിയെ വിഷത്തെപ്പോലെ ഉദ്വിഗ്നമാക്കുന്നതാണെന്നും അപമാനത്തെ അമൃതം പോലെ ഉപകാരിയാണെന്നും കരുതണം.

41. സുഖം ഹ്യവമതഃ ശേതേ സുഖം ച പ്രതിബുധ്യതേ
സുഖം ചരതി ലോകേഽസ്മിന്നവമന്താ വിനശ്യതി.

42. അതിവാദാംസ്തിതിക്ഷേതനാവമന്യേത കഞ്ചന
ന ചേമം ദേഹമാശ്രിത്യ വൈരം കുർവീത കേനചിത്.

43. ക്രുദ്ധ്യന്തം ന പ്രതിക്രുധ്യേദാക്രുഷ്ടഃ കുശലം വദേത്
സപ്തദ്വാരാവകീർണ്ണാം ച ന വാചമനൃതാം വദേത്.

44. അദ്ധ്യാത്മരതിരാസീനോ നിരപേക്ഷോ നിരാശിഷഃ
ആത്മനൈവ സഹായേന സുഖാർത്ഥീ വിചരേദിഹ.

45. ഇന്ദ്രിയാണാം നിരോധേന രാഗദ്വേഷക്ഷയേണ ച
അഹിംസയാ ച ഭൂതാനാമമൃതത്വായ കൽപതേ.

അപമാനിതനായ മനുഷ്യൻ സുഖമായി ഉറങ്ങുകയും, ഉണരുകയും സഞ്ചരിക്കുകയും ചെയ്യുന്നു. എന്നാൽ അവനെ അവമാനിച്ചവൻ സ്വയം

നശിക്കുന്നു. ഈ ശരീരം നശ്വരമാണ്. ഇങ്ങനെയുള്ള ഈ ശരീരവും പേറിക്കൊണ്ട് ആരോടും ശത്രുത്വം ഭാവിക്കരുത്. ക്രോധം കാണിക്കുന്നവനോടു പോലും ക്രോധം ഭാവിക്കരുത്. അസഭ്യം പറയുന്നവനോട് അസഭ്യംപറയാതെ നല്ല വാക്കുകൾ പറയണം. വാക്ക്, നേത്രദ്വയം, കർണ്ണദ്വയം, നാസികാരന്ധ്രദ്വയം. ഏകമുഖം എന്നീ സപ്തദ്വാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുകയാണ്. അതിനെ ഒരിക്കലും അസത്യഭാഷണത്തിലേക്ക് നിയോഗിക്കരുത്. സുഖമാർജ്ജിക്കണമെന്നുള്ളവൻ ആദ്ധ്യാത്മിക വിഷയങ്ങളിൽ മനസ്സിനെ നയിച്ച് സ്ഥിരചിത്തനായിരിക്കുകയും, ആരോടും യാതൊന്നും തന്നെ യാചിക്കാതിരിക്കുകയും വേണം. മനസ്സിൽ യാതൊരുവിധമായ ആഗ്രഹങ്ങളും ഉദയം ചെയ്യുവാൻ അനുവദിക്കരുത്. തന്റെ പ്രവൃത്തികൾക്കായി മറ്റൊരു വ്യക്തിയുടെ സഹായം സ്വീകരിക്കരുത്. എപ്പോഴും ഏകനായിത്തന്നെ ലോകത്തു സഞ്ചരിക്കണം. ഇന്ദ്രിയങ്ങളെ ജയിച്ച് രാഗദ്വേഷാദികൾ വെടിഞ്ഞ് ഒരു പ്രാണിയേയും ഹിംസിക്കാതിരിക്കുന്നവൻ അമൃതത്വത്തെ പ്രാപിക്കുന്നു.

46. അസ്ഥിസ്ഥൂണം സ്നായുബദ്ധം മാംസശോണിതലേപിതം
ചർമ്മാവബദ്ധം ദുർഗന്ധിപൂർണ്ണം മൂത്രപുരീഷയോഃ.

47. ജരാശോകസമാവിഷ്ടം രോഗായതനമാതുരം
രജസ്വലമനിത്യം ച ഭൂതാവാസമിമം ത്യജേത്.

48. മാംസാസൃക്പൂയ വിൺമൂത്രസ്നായുമജ്ജാസ്ഥി സംഹതൗ, ദേഹേ ചേത് പ്രീതിമാൻ മൂഢോ ഭവിതാനരകേഽപി സഃ

49. സാ കാലപുത്രപദവീ സാ മഹാവീചി വാഗുരാ
സാസിപത്രവനശ്രേണീ യാ ദേഹേഽഹമിതി സ്ഥിതിഃ.

50 സാ ത്യാജ്യാ സർവയത്നേന സർവനാശേഽപ്യുപസ്ഥിതേ
സ്പ്രഷ്ടവ്യാ സാ ന ഭവ്യേന സ ശ്വമാംസേവ പുല്കസീ.

51. പ്രിയേഷു സ്വേഷു സുകൃതമപ്രിയേഷു ച ദുഷ്കൃതം
വിസൃജ്യ ധ്യാനയോഗേന ബ്രഹ്മാപ്യേതി സനാതനം.

52. അനേന വിധിനാ സർവാംസ്ത്യക്ത്വാ സംഗാൻ ശനൈഃ ശനൈഃ സർവദ്വന്ദ്വൈർ വിനിർമ്മുക്തോ ബ്രഹ്മണ്യേവാവതിഷ്ഠതേ.

53. ഏക ഏവ ചരേന്നിത്യം സിദ്ധ്യർത്ഥമസഹായകഃ
സിദ്ധിമേകസ്യ പശ്യൻ ഹി ന ജഹാതി ന ഹീയതേ.

ഈ ശരീരം രോഗങ്ങളുടെ ആകരമാണ്. അസ്ഥികൾ ഇതിൽ തൂണുകൾപോലെയാകുന്നു. സ്നായുക്കൾ കയറുകളെപ്പോലെ നിറഞ്ഞിരിക്കുന്നു. അത് മാംസരക്താദികളാൽ ലേപനം ചെയ്യപ്പെട്ട് ചർമ്മത്താൽ ആവൃതമായിരിക്കുന്നു. ഇത് സദാ മലമൂത്രങ്ങളോടുകൂടിയത് ആയതുകൊണ്ട് ഇതിനകം ദുർഗന്ധപൂരിതമാണ്. വാർദ്ധക്യശോക സന്താപങ്ങളാൽ ഇതിൽ എപ്പോഴും ആതുരഭാവമാണുള്ളത്. ശുക്ലരേതസ്സുകളുടെ സംയോഗ ഫലമായിട്ടാണല്ലോ ഈ ശരീരം ഉണ്ടാകുന്നത്. അത് രജസ്വലവുമാണ്. ഇത് നിത്യവുമല്ല. അതായത് എന്നെങ്കിലും ഒരിക്കൽ നശിക്കാതിരിക്കുകയില്ല. ഇതിൽ വസിക്കുന്നത് പഞ്ചഭൂതങ്ങളുടെ കൂടാരമാണ്. അതുകൊണ്ട് ഈ ശരീരത്തെ ഉപേക്ഷിക്കണം. മാംസ രക്തമജ്ജാ മല—മൂത്രാദികളാൽ നിർമ്മിതമായ ഈ ശരീരത്തെ ഏതൊരു ബുദ്ധിഹീനനായ മനുഷ്യനാണോ സ്നേഹിക്കുന്നത്, അവൻ നരകത്തെ പ്രേമിക്കുന്നവനാണ്. ഈ ദേഹത്തിൽ സ്ഥിതിചെയ്യുന്ന അഹങ്കാരം, കാലസൂത്രമെന്ന നരകമാർഗ്ഗമാണ്. അത് ''മഹാവീചി'' എന്ന നരകത്തിൽ എത്തിക്കുവാൻ വിരിച്ചിരിക്കുന്ന ഒരു വല പോലെയാണ്. അതുതന്നെയാണ് ''അസിപത്രം'' എന്ന നരകത്തിൽ കയറുവാനുള്ള കോണിപ്പടി. ഈ അഹംഭാവം ശ്വാനമാംസം ഭുജിക്കുന്ന ചണ്ഡാലിനിയെപ്പോലെയാണ്. അതുകൊണ്ട് പ്രയത്നപൂർവം ഈ അഹംഭാവത്തെ ഉപേക്ഷിക്കേണ്ടതാണ്. നന്മയെ ആഗ്രഹിക്കുന്ന മനുഷ്യൻ തന്റെ വിനാശകാലത്തുപോലും അതിനെ സ്പർശിക്കുവാൻ മനസ്സിനെ അനുവദിക്കരുത്. തന്റെ പ്രിയജനങ്ങളിൽ സുകൃതവും ശത്രുക്കളിൽ ദുഷ്കൃതവും കാണുന്ന മനോഭാവത്തെ ഉപേക്ഷിച്ച് അവരോട് യാതൊരുവിധമായ സംബന്ധവും പുലർത്താതിരിക്കണം. ഇങ്ങനെയുള്ള സാധകൻ ധ്യാനയോഗത്തിൽ നിമഗ്നനായിരുന്ന് സനാതന പുരുഷനായ ബ്രഹ്മത്തെ പ്രാപിക്കുന്നു. ക്രമേണ എല്ലാവിഷയങ്ങളിലും അനാസക്തനായി സർവേന്ദ്രിയങ്ങളിൽ നിന്നും മോചനംനേടി സംന്യാസി പരബ്രഹ്മത്തിൽ അവസ്ഥിതനാകുന്നു. സിദ്ധി ലഭിക്കണമെന്നാഗ്രഹമുള്ള പുരുഷൻ മററാരെയും മിത്രമാക്കാതെ ഏകനായിത്തന്നെ സഞ്ചരിക്കണം. സംന്യാസി അന്യന്റെ സിദ്ധിയെക്കണ്ട് തന്റെ സാധനയെ വെടിയുന്നില്ല. അയാൾ സിദ്ധിവിഹീനനായും തീരുന്നില്ല.

54. കപാലം വൃക്ഷമൂലാനി കുചേലാന്യസഹായതാ
സമതാ ചൈവ സർവസ്മിന്നേതന്മുക്തസ്യ ലക്ഷണം.

55. സർവ ഭൂതഹിതഃ ശാന്തസ്ത്രിദണ്ഡീ സ കമണ്ഡലുഃ
ഏകാരാമഃ പരിവ്രജ്യ ഭിക്ഷാർത്ഥം ഗ്രാമമാവിശേത്.

56. ഏകോ ഭിക്ഷുർയഥോക്തഃ സ്യാദ് ദ്വാവേവ മിഥുനം സ്മൃതം, ത്രയോഗ്രാമഃ സമാഖ്യാത ഊർദ്ധ്വം തു നഗരായതേ.

57. നഗരം നഹി കർത്തവ്യം ഗ്രാമോ വ മിഥുനം തഥാ ഏതത് ത്രയം പ്രകുർവാണഃ സ്വധർമ്മാച്ച്യവതേ യതി.

58. രാജവാർത്താദി തേഷാം സ്യാദ് ഭിക്ഷാ വാർത്താ പരസ്പരം സ്നേഹപൈശൂന്യമാത്സര്യം സന്നികർഷാന്ന സംശയഃ.

59. ഏകാകീ നിഃസ്പൃഹസ്തിഷ്ഠേന്നഹി കേന സഹാലപേത് ദദ്യാന്നാരായണേത്യേവ പ്രതിവാക്യം സദാ യതിഃ.

60. ഏകാകീ ചിന്തയേദ് ബ്രഹ്മ മനോവാക്കായ കർമ്മഭിഃ മൃത്യും ച നാഭിനന്ദേത ജീവിതം വാ കഥഞ്ചന.

കുടിക്കുവാൻ കപാലം എന്ന പേരുള്ള മരപ്പാത്രവും, നിവസിക്കുവാൻ ഏതെങ്കിലും വൃക്ഷമൂലവും ധരിക്കുവാൻ ജീർണ്ണിച്ച പഴന്തുണിയും സ്വീകരിക്കണം. ഏകാകിയായിരിക്കുവാനുള്ള മനോഭാവം, എല്ലാ ദേഹധാരികളോടും സമഭാവന ഇവയാണ് ജീവന്മുക്ത ലക്ഷണം. അവൻ പ്രശാന്ത ചിത്തനായി സദാ ദണ്ഡവും കമണ്ഡലുവും ധരിച്ച് കേവലം ആത്മാരാമനായിരിക്കണം. സഞ്ചരിക്കുമ്പോൾ സർവവും ത്യജിച്ച് ഏകാകിയായി സഞ്ചരിക്കണം. ഭിക്ഷക്കുവേണ്ടി മാത്രമേ നഗരങ്ങളിൽ പ്രവേശിക്കാവൂ. സംന്യാസി ആയാൽ ഏകാകിയായിത്തന്നെ വസിക്കണം. എന്തെന്നാൽ രണ്ടുപേരായാൽ ഒരുജോടിയും, മൂന്നുപേരായാൽ ഒരു ഗ്രാമവും, അതിലും അധികമായാൽ പരിപൂർണ്ണ നഗരവും ആയിത്തീരും. അതുകൊണ്ട് ശാസ്ത്രങ്ങളിൽ ഏകാകിയായ സംന്യാസിയെയാണ് ഭിക്ഷു എന്നു പറഞ്ഞിരിക്കുന്നത്. അവൻ ആരേയും തന്റെ സമീപത്തേക്കു വരുവാൻ അനുവദിക്കരുത്. ഒന്നിന്റെ സ്ഥാനത്തു രണ്ടുപേരുപോലും ആകരുത്. എന്തെന്നാൽ യുഗ്മമായിട്ടോ ഗ്രാമമായിട്ടോ, നഗരമായിട്ടോ വസിക്കുന്ന സംന്യാസി സ്വധർമ്മ ച്യുതനായി ഭവിക്കുന്നു. അനേകം പേർ സമ്മേളിക്കുമ്പോൾ അവരിൽ രാജാവ്, ധനവാൻ എന്ന ഭേദഭാവമോ അവിടെ ഏതു തരത്തിലുള്ള ഭിക്ഷയാണു വേണ്ടതെന്നോ ഉള്ള ചർച്ചകൾ സംഗതി വരും. പിന്നീട് വിഭിന്നങ്ങളായ വാർത്താലാപങ്ങളുടെ ഫലമായി പരസ്പര സ്നേഹമോ, ദ്വേഷമോ, പരനിന്ദയോ സംഭാഷണവിഷയമാകാം. അതുകൊണ്ട് സംന്യാസി നിസ്പൃഹനായി ഏകാകിയായിരിക്കണമെന്നാണ് ശാസ്ത്രങ്ങൾ അനുശാസിച്ചിട്ടുള്ളത്. അയാൾ നിരർത്ഥകങ്ങളായ സംഭാഷണങ്ങളിൽ ഏർപ്പെടരുത്. മററുള്ളവർ പറയുന്ന കാര്യങ്ങൾക്കും അഭിവാദനത്തിനും ഉത്തരമായി 'നാരായണ' എന്നു മാത്രം ഉച്ചരിക്കണം. വിവിക്തവാസിയായി മനോ വാക്കായ ക്രിയകൾ കേവലം ബ്രഹ്മത്തെ മാത്രം ധ്യാനിച്ചു കൊണ്ടിരിക്കണം. മൃത്യുവിനെയോ ജീവിതത്തെയോ സ്വാഗതം ചെയ്യരുത്.

61 കാലമേവ പ്രതീക്ഷേത യാവദായുഃ സമാപ്യതേ
നാഭിനന്ദേത മരണം നാഭിനന്ദേത ജീവിതം
കാലമേവ പ്രതീക്ഷേത നിർദ്ദേശം ഭൃതകോ യഥാ.

62. അജിഹ്വഃ ഷണ്ഡകഃ പംഗുരന്ധോ ബധിര ഏവ ച
മുഗ്ദ്ധശ്ച മുച്യതേ ഭിക്ഷുഃ ഷഡ്ഭിരേതൈർ ന സംശയഃ.

63. ഇദമിഷ്ടമിദം നേതി യോഽശ്നന്നപി ന സജ്ജതി
ഹിതം സത്യം മിതം വക്തി തമജിഹ്വം പ്രചക്ഷതേ.

64. അദ്യജാതാം യഥാ നാരീം തഥാ ഷോഡശവാർഷികീം
ശതവർഷാംച യോ ദൃഷ്ട്വാ നിർവികാരഃ സ ഷണ്ഡകഃ.

65. ഭിക്ഷാർത്ഥമടനം യസ്യ വിൺമൂത്രകരണായ ച
യോജനാന്നപരം യാതി സർവഥാ പംഗുരേവ സഃ.

66. തിഷ്ഠതോ വ്രജതോ വാപി യസ്യ ചക്ഷുർ ന ദൂരഗം
ചതുര്യുഗാം ഭുവം മുക്ത്വാ പരിവ്രാട് സോഽന്ധ ഉച്യതേ.

67. ഹിതാഹിതം മനോരാമം വചഃ ശോകാവഹം തു യത്.
ശ്രുത്വാപി ന ശൃണോതീവ ബധിരഃ സപ്രകീർത്തിതഃ.

68. സാന്നിദ്ധ്യേ വിഷയാണാം യഃ സമർത്ഥോ വികലേന്ദ്രിയഃ
സുപ്തവദ്വർത്തതേ നിത്യം സ ഭിക്ഷുർ മുഗ്ദ്ധ ഉച്യതേ.

മൃത്യുസമയം സമാഗതമാകുന്നതുവരെ കാലത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കണം. മൃത്യുവിനെയോ ജീവിതത്തെയോ പ്രശംസിക്കരുത്. ഭൃത്യൻ തന്റെ യജമാനന്റെ ആജ്ഞയ്ക്കുവേണ്ടി കാത്തിരിക്കുന്നതുപോലെ സാധകൻ കേവലം കാലത്തെ മാത്രമേ പ്രതീക്ഷിക്കാവൂ. നപുംസകനെപ്പോലെ, അതായത് കാമഭാവ ശൂന്യനായിരിക്കുകയോ, അന്ധൻ, മുടന്തൻ, ബധിരൻ, മുഗ്ദ്ധൻ എന്നിവരെപ്പോലെയോ ഇരുന്ന് പുരുഷൻ ഈ ഷഡ്ഗുണങ്ങളും ആർജ്ജിച്ചു കഴിഞ്ഞാൽ മുക്തിയെ പ്രാപിക്കുന്നു. ആഹാരം കഴിക്കുമ്പോൾ സ്വാദിനേയോ അസ്വാദിനേയോ പരിഗണിക്കാത്തവനും, സത്യം മാത്രം പറയുന്നവനുമാണ് അജിഹ്വൻ എന്നു പറയപ്പെടുന്നത്. നവജാത ശിശുവിനെയും, പതിനാറുവയസ്സായ സ്ത്രീയേയും നൂറുവയസ്സുള്ള വൃദ്ധയേയും സമാന ഭാവത്തോടുകൂടി ദർശിക്കുന്നവനും രാഗദ്വേഷാദികളുടെ ചുഴിയിൽ പെടാതിരിക്കുന്നവനുമാണ് ഷൺഡൻ എന്നു പറയപ്പെട്ടിരിക്കുന്നത്. മലമൂത്ര വിസർജ്ജനത്തിനോ വിദ്യാഭ്യാസത്തിനോവേണ്ടി ചുററിസഞ്ചരിക്കുന്നവനും, പ്രതിദിനം ഒരു യോജനയിലധികം നടക്കാത്തവനും 'പംഗു' എന്നു പറയപ്പെടുന്നു. നടക്കുമ്പോഴോ നിൽക്കുമ്പോഴോ സ്വനേത്രങ്ങളെ ചതുര്യുഗങ്ങൾക്കപ്പുറം കാണാൻ ഓടിക്കാത്തവനും, നേരേമറിച്ച് അധോദൃഷ്ടി

യോടുകൂടിയിരിക്കുന്നവനും ''അന്ധൻ'' എന്നു പറയപ്പെടുന്നു. ഹിതാഹിതകരങ്ങളോ സുഖ ദുഃഖകാരികളോ ആയ വാക്കുകൾ കേട്ടിട്ടും കേട്ടില്ലെന്നു ഭാവിച്ച് ശാന്തനായിരിക്കുന്നവൻ 'ബധിരൻ' എന്നു പറയപ്പെടുന്നു. വിഷയങ്ങളോടുള്ള സമീപനം, ശരീരബലം, ഇന്ദ്രിയങ്ങളുടെ സ്വാസ്ഥ്യത ഇതെല്ലാം ഉണ്ടായിരുന്നിട്ടും സുപ്തനെപ്പോലെ ആ വിഷയങ്ങളോട് അനാസക്തനായിരിക്കുന്ന ഭിക്ഷുവിനെ മുഗ്ധൻ എന്നു പറയുന്നു.

69. നടാദി പ്രേക്ഷണം ദ്യൂതം പ്രമദാസുഹൃദം തഥാ
ഭക്ഷ്യം ഭോജ്യമുദക്യാം ച ഷൺനപശ്യേത് കദാചന.

70. രാഗം ദ്വേഷം മദം മായാം ദ്രോഹം മോഹം പരാത്മസു
ഷഡേതാനി യതിർ നിത്യം മനസാപി ന ചിന്തയേത്.

71. മഞ്ചകം ശുക്ലവസ്ത്രം ച സ്ത്രീകഥാ ലൗല്യമേവ ച
ദിവാസ്വാപം ച യാനം ച യതീനാം പാതനാനി ഷട്.

72. ദൂരയാത്രാം പ്രയത്നേന വർജ്ജയേദാത്മചിന്തകഃ
സദോപനിഷദംവിദ്യാമഭ്യസേൻ മുക്തിഹൈതുകീം.

73. ന തീർത്ഥസേവീനിത്യം സ്യാന്നോപവാസപരോ യതിഃ
ന ചാദ്ധ്യയനശീലഃ സ്യാന്നവ്യാഖ്യാനപരോ ഭവേത്.

74 അപാപമശാ വൃത്തമജിഹ്മം നിത്യമാചരേത്
ഇന്ദ്രിയാണിസമാഹൃത്യ കൂർമ്മോऽങ്ഗാനീവ സർവശഃ.

75. ക്ഷീണേന്ദ്രിയമനോവൃത്തിർ നിരാശീർനിഷ്പരിഗ്രഹഃ
നിർദ്വന്ദ്വോ നിർന്നമസ്കാരോ നിഃസ്വധാകാര ഏവ ച.

76. നിർമ്മമോ നിരഹംകാരോ നിരപേക്ഷോ നിരാശിഷഃ
വിവിക്തദേശസംസക്തോ മുച്യതേ നാത്രസംശയ ഇതി.

സംന്യാസി, തന്റെ ബന്ധുക്കളേയോ, നാടകാദികളോ, ചൂത്, യുവതി, രജസ്വല എന്നിവരേയോ, ഭോജ്യപദാർത്ഥങ്ങളേയോ (ആറെണ്ണം) ഒരിക്കലും കാണരുത്. തങ്ങളെക്കുറിച്ച് മോഹം, പരൻമാരെക്കുറിച്ച് ദ്രോഹം മായ, മദം, രാഗം, ദ്വേഷം എന്നിവയിൽ നിന്നും സദാ ഒഴിഞ്ഞിരിക്കണം. ഒരിക്കലും ഇവയെപ്പററി മനസ്സിൽ ചിന്തിക്കപോലും അരുത്. ശുഭ്രവസ്ത്രം ധരിക്കുക, സ്ത്രീകളെപ്പററി ചർച്ച ചെയ്യുകയോ ചിന്തിക്കുകയോ ചെയ്യുക ഇന്ദ്രിയ ലിപ്സ, പകലുറക്കം, മഞ്ചത്തിലിരിക്കുക, വാഹനങ്ങളിൽ സഞ്ചരിക്കുക, എന്നീ ആറു കർമ്മങ്ങളും സംന്യാസിക്കു പാപകരമാണ്. ആത്മവിചിന്തനം ചെയ്യണമെന്നാഗ്രഹിക്കുന്നവൻ ദൂരയാത്ര ചെയ്യാതിരിക്കുവാൻ ശ്രമിക്കണം. മോക്ഷത്തിനു കാരണഭൂതങ്ങളായ ഉപനിഷത്‌വിദ്യകൾ

സംന്യാസി സദാ അഭ്യസിച്ചുകൊണ്ടിരിക്കണം. അയാം അധികം ഉപവസിക്കുകയൊ, അധികം തീർത്ഥാടനം ചെയ്യുകയോ അരുത്. അധികം വിദ്യകൾ അഭ്യസിക്കുകയോ അഭ്യസിപ്പിക്കുകയോ ചെയ്യരുത്. സഭകളിൽ പ്രസംഗിക്കരുത്. പാപം, ദുഷ്ടത, ആർജ്ജവരഹിതമായ പെരുമാററം എന്നിവ ഒരിക്കലും പാടില്ല. ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്നും ആമ തന്റെ അംഗങ്ങളെ ഉള്ളിലേക്കു വലിക്കുന്നതുപോലെ സമാഹരിച്ച്, ഇന്ദ്രിയങ്ങളുടേയും മനസ്സിന്റേയും വ്യാപാരങ്ങളും നശിപ്പിക്കണം. ആഗ്രഹത്തേയും പരിഗ്രഹത്തേയും ത്യജിച്ച് ഹർഷശോകാദികളുടെ ചുഴിയിൽ പെടാതിരിക്കണം. നമസ്ക്കാരവും, സ്വധായും ഉപേക്ഷിക്കണം. മമതയ്ക്കും, അഹങ്കാരത്തിനും മനസ്സിൽ ഒരിക്കലും സ്ഥാനം കൊടുക്കരുത്. ഒരു വസ്തുവിനേയും ആഗ്രഹിക്കരുത്. എപ്പോഴും ഏകാന്തസേവനം അനുഷ്ഠിക്കണം. ഇങ്ങനെയുള്ള സംന്യാസി വിശോകപാശവിമുക്തനായി ഭവിക്കുന്നു. ഇതിൽ സംശയമില്ല.

77. അപ്രമത്തഃ കർമ്മഭക്തിജ്ഞാനസമ്പന്നഃ സ്വതന്ത്രോ വൈരാഗ്യമേത്യ ബ്രഹ്മചാരീ ഗൃഹീ വാനപ്രസ്ഥോ വ ാമുഖ്യവൃത്തികാ ചേദ്ബ്രഹ്മചര്യം സമാപ്യ ഗൃഹീ ഭവേദ്. ഗൃഹാദ്വനീ ഭൂത്വാ പ്രവ്രജേദ്യദി വേതരഥാ ബ്രഹ്മ ചര്യാദേവ പ്രവ്രജേദ് ഗൃഹാദ്വാ വനാദ്വാഽഥ പുനരവ്രതീ വാവ്രതീ വാ സ്നാതകോ വാഽസ്നാതകോ വോൽസന്നാഗ്നിരനഗ്നികോ വാ യദഹരേവ വിരജേത്തദഹരേവ പ്രവ്രജേത്തദൈകേ പ്രാജാപത്യാമേവേഷ്ടിം കുർവന്ത്യഥവാ ന കുര്യാദാഗ്നേയ്യാമേവ കുര്യാദഗ്നിർഹിപ്രാണഃ പ്രാണമേവൈതയാകരോതി തസ്മാത്ത്രൈധാതവീയാമേവകുര്യാദേതയൈവ ത്രയോ ധാതവോയദുതസത്ത്വംരജസ്തമ ഇതി.

കർമ്മം, ഭക്തി, ജ്ഞാനം എന്നിവയോടുകൂടിയ ഗൃഹസ്ഥനോ ബ്രഹ്മചാരിയോ വാനപ്രസ്ഥനോ പ്രമാദത്തെ വെടിഞ്ഞ് കേവലം ആത്മാവിന്നധീനനായിരുന്നു് വൈരാഗ്യം ഉണ്ടായാൽ സംന്യാസഗ്രഹണത്തിന്നധികാരിയായിത്തീരുന്നു. വിരക്തനിൽ എന്തെങ്കിലും ന്യൂനതയുണ്ടെങ്കിൽ, ആശ്രമങ്ങളിൽ ആകാംക്ഷയുണ്ടെങ്കിൽ, ബ്രഹ്മചാരി തന്റെ ആശ്രമാവധി പൂർത്തിയാക്കിയിട്ട് ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചതിനുശേഷം വാനപ്രസ്ഥവും അതിനുശേഷം സംന്യാസവും സ്വീകരിക്കണം. അല്ലെങ്കിൽ ഗൃഹസ്ഥാശ്രമത്തിനുശേഷം വൈരാഗ്യം വന്നാൽ സംന്യാസിയാകാം. ബ്രഹ്മചാരി

ബ്രഹ്മചര്യരഹിതനായോ, സ്നാതകൻ അസ്നാതകനായോ, അഗ്നിഹോത്രി അഗ്നിഹോത്രത്തെ വെടിഞ്ഞവനായോ ഇരുന്നാലും, ഏതു ദശയിലും, അയാൾക്കു വൈരാഗ്യം തോന്നിയാലുടൻ തന്നെ ഗൃഹത്തെ പരിത്യജിച്ച് സംന്യാസം സ്വീകരിക്കാം. വിദ്വാന്മാരായ ചില സംന്യാസിമാർ ആശ്രമത്തിൽ പ്രവേശിക്കുമ്പോൾ ''പ്രാജാപത്യേഷ്ടി'' എന്ന യജ്ഞം അനുഷ്ഠിക്കുന്നു. അതു വേണമെങ്കിൽ ചെയ്യുകയോ വേണ്ടെങ്കിൽ ചെയ്യാതിരിക്കുകയോ ആകാം. അല്ലെങ്കിൻ 'ആഗ്നേയി' എന്ന ഇഷ്ടിചെയ്യാം. അഗ്നി തന്നെയാണ് പ്രാണൻ. അതുകൊണ്ട് സാധകൻ ഈ ഇഷ്ടിമുഖേന പ്രാണനെ പുഷ്ടിപ്പെടുത്തുന്നു. ഇഷ്ടമുണ്ടെങ്കിൽ 'ത്രൈധാതവീയം' എന്ന ഇഷ്ടി ചെയ്യാം. ഈ ഇഷ്ടി മുഖേന സത്വം, രജസ്സ്, തമസ്സ്, എന്നീ മൂന്നു ധാതുക്കളേയും ഹവനം ചെയ്യണം.

77. 'അയം' തേ യോ നിർഋത്വിയോ യതോ ജാതോ അരോചഥാഃ തം ജാനന്നഗ്ന ആരോഹാഥാനോ വർദ്ധയാ രയിമിത്യനേന മന്ത്രേണാഗ്നിമാജിഘ്രേദേഷ വാ അഗ്നേർയോനിര്യഃ പ്രാണഃ പ്രാണം ഗച്ഛ സ്വാം യോനിം ഗച്ഛ സ്വാഹേത്യേവമേവൈതദാഹവനീയാദഗ്നിമാഹൃത്യ പൂർവവദഗ്നിമാജിഘ്രേദ്യദഗ്നിം ന വിന്ദേദപ്സു ജുഹുയാദാപോവൈ സർവാ ദേവതാഃ സർവാഭ്യോ ദേവതാഭ്യോ ജുഹോമി സ്വാഹേതി ഹുത്വോദ്ധൃത്യ തദുദകം പ്രാശ്നീയാൽസാജ്യം ഹവിരനാമയം മോദമിതിശിഖാം യജ്ഞോപവീതം പിതരം പുത്രം കളത്രം കർമ്മചാദ്ധ്യയനം മന്ത്രാന്തരം വിസൃജ്യൈവ പരിവ്രജത്യാത്മവിന്മോക്ഷമന്ത്രൈ സ്ത്രൈധാതവീയൈർവിധേസ്തദ്ബ്രഹ്മ തദുപാസിതവ്യമേവൈ തദിതി പിതാമഹം പുനഃപപ്രച്ഛ നാരദഃ കഥമയജ്ഞോപവീതീ ബ്രാഹ്മണ ഇതി തമാഹ പിതാമഹഃ.

77. സശിഖം വപനം കൃത്വാ ബഹിഃ സൂത്രം ത്യജേദ് ബുധഃ
യദക്ഷരം പരംബ്രഹ്മ തത്സൂത്രമിതി ധാരയേത്.

യഥാവിധി ഇഷ്ടിചെയ്തു് മന്ത്രോച്ചാരണ സഹിതം അഗ്നിയെ ഘ്രാണിക്കണം. ''അയം തേ അഗ്നി'' എന്നാണു മന്ത്രം. അതിന്റെ അർത്ഥം ഇതാണ്. ഹേ അഗ്നേ, ഈ പ്രാണൻ മുഖേനയാണ് നീ ആവിർഭവിച്ചിട്ടുള്ളതു്. ഈ പ്രാണൻ തന്നെ സംവൽസരവുമായി സംബന്ധിതമായ കാലമാണ്. ഇതിൽ നിന്നു ആവിർഭവിച്ചതുകൊണ്ടാണ് നീ ശ്രേഷ്ഠമായ കാന്തിയാൽ

പ്രശോഭിച്ചുകൊണ്ടിരിക്കുന്നത്. നീ നിന്റെ ജനനത്തിനു കാരണഭൂതമായ പ്രാണനെ അറിഞ്ഞ് അതിൽ പ്രതിഷ്ഠിതനാവുക. ഇപ്രകാരം ഞങ്ങളുടെ പ്രാണനിൽ ആത്മസാക്ഷാത്കാരം പൂണ്ട് ഞങ്ങളുടെ ജ്ഞാന സമ്പത്തിനെ വർദ്ധിപ്പിക്കുക. ഈ പ്രാണൻ അഗ്നിയുടെ പ്രാദുർഭാവത്തിന് കാരണമാണെന്നുള്ളത് തീർച്ചയാണ്. അതുകൊണ്ട് ഈ മന്ത്രത്തിൽ പ്രാണന്റെയും അഗ്നിയുടെയും ഏകാത്മത പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

ആഹവനീയാഗ്നിയിൽ നിന്നും അഗ്നിയെ ഗ്രഹിച്ച് അതുകൊണ്ട് മേൽപറഞ്ഞ ഇഷ്ടി ചെയ്ത് അഗ്നിയെ ഘ്രാണിക്കണം. അഗ്നി ലഭ്യമായില്ലെങ്കിൽ ജലത്തിൽ ഹവനം ചെയ്യാം. അപ്പോൾ ഇപ്രകാരം ഉച്ചരിക്കണം. ''ദേവന്മാർ ജലസ്വരൂപമായിരിക്കുമ്പോൾ ഞാൻ അവർക്ക വേണ്ടി ഹവനം ചെയ്യുന്നു. ഈ ആഹുതി അവർക്ക ലഭിക്കട്ടെ.'' പിന്നീട് ആ ജലത്തിൽ നിന്നും അൽപ്പം ജലമെടുത്ത് ആചമിക്കണം. ഘൃതയുക്തമായ ആ ജലം ആരോഗ്യപ്രദവും മോക്ഷപ്രദവുമാകുന്നു. അതിനുശേഷം ശിഖ, പൂണുനൂൽ, പിതാവ്, പുത്രൻ, സ്ത്രീ, കർമ്മം, അദ്ധ്യയനം, വിഭിന്ന മന്ത്രജപങ്ങൾ എന്നിവയും ത്യജിക്കണം. ഇങ്ങനെ ചെയ്താൽ മാത്രമേ ആത്മജ്ഞാനിയായ പുരുഷൻ പരിവ്രാജകനായിത്തീരുകയുള്ളു. ത്രൈധാതവീയ മന്ത്രം മോക്ഷാത്മകമാണ്. അവ മുഖേന ബ്രഹ്മജ്ഞാനമാർജ്ജിച്ച് ബ്രഹ്മം, സത്യം, ജ്ഞാനം എന്നിവയോടുകൂടിയതാണെന്നു വിചാരിച്ച് അതിനെത്തന്നെ ഉപാസിക്കണം.''

നാരദൻ വീണ്ടും ബ്രഹ്മാവിനോടു ചോദിച്ചു. ''ഭഗവൻ യജ്ഞോപവീതത്തെ പരിത്യജിക്കുന്ന ബ്രാഹ്മണന്റെ സ്ഥിതി എന്തായിരിക്കും?'' അതിന് ബ്രഹ്മാവ് ഇപ്രകാരം മറുപടി പറഞ്ഞു. ''ജ്ഞാനിയായ പുരുഷൻ ശിഖയോടു കൂടി ശിരസ്സു മുഴുവൻ മുണ്ഡനം ചെയ്ത് യജ്ഞോപവീത രൂപത്തിൽ ബാഹ്യശരീരത്തിൽ ധരിച്ചിട്ടുള്ള സൂത്രത്തെ ത്യജിച്ച് അവ്യയനായ ബ്രഹ്മം സർവത്തിലും സൂത്രരൂപത്തിൽ വ്യാപിച്ചിരിക്കുന്നു എന്ന് വിചാരിച്ച് തന്റെ ഉള്ളിൽ ധാരണം ചെയ്യണം.

**78. സൂചനാത്സൂത്രമിത്യാഹുഃ സൂത്രം നാമ പരം പദം**
**തൽസൂത്രം വിദിതം യേന സ വിപ്രോ വേദപാരഗഃ.**

**79. യേന സർവമിദം പ്രോതം സൂത്രേ മണിഗണാ ഇവ**
**തൽസൂത്രം ധാരയേദ്യോഗീ യോഗവിത്തത്ത്വദർശനഃ.**

80. ബഹിഃ സൂത്രം ത്യജേദ്വിദ്വാന്യോഗമുത്തമമാസ്ഥിതഃ
ബ്രഹ്മ ഭാവമിദം സൂത്രം ധാരയേദ്യഃ സ ചേതനഃ
ധാരണാത്തസ്യ സൂത്രസ്യനോച്ഛിഷ്ടോ
നാശുചിർഭവേത്

81. സൂത്രമന്തർഗതം യേഷാം ജ്ഞാനയജ്ഞോപവീതിനാം
തേ വൈ സൂത്രവിദോ ലോകേ തേ ച യജ്ഞോപവീതിനഃ

82. ജ്ഞാനശിഖാ ജ്ഞാനനിഷ്ഠാ ജ്ഞാനയജ്ഞോപവീതിനഃ
ജ്ഞാനമേവപരംതേഷാം പവിത്രം ജ്ഞാനമുച്യതേ.

83. അഗ്നേരിവ ശിഖാനാന്യാ യസ്യ ജ്ഞാനമയീ ശിഖാ
സ ശിഖീത്യുച്യതേ വിദ്വാന്നേതരേ കേശധാരിണഃ

84. കർമ്മണ്യധികൃതാ യേ തു വൈദികേ ബ്രാഹ്മണാദയഃ
തൈർവിധാര്യമിദം സൂത്രം ക്രിയാംഗം തദ്ധി വൈ സ്മൃതം

85. ശിഖാജ്ഞാനമയീ യസ്യ ഉപവീതം ച തന്മയം
ബ്രാഹ്മണ്യം സകലം തസ്യ ഇതി ബ്രഹ്മവിദോ വിദുരിതി.

ജ്ഞാനത്തിനു ഹേതുവായിട്ടുള്ളതു തന്നെയാണ് സൂത്രം എന്നു പറയപ്പെടുന്നത്. അതുകൊണ്ട് സൂത്രത്തിന്റെ അർത്ഥം പരമപദം തന്നെയാണ്. ആ പരമപദമാകുന്ന സൂത്രത്തെ അറിയുന്നവനാണ് വേദപാരംഗതനായ ബ്രാഹ്മണൻ. ഈ സമ്പൂർണ്ണ വിശ്വവും, നൂലിൽമണികം എന്ന പോലെ തന്നെ ആ പരമാത്മാവിൽ കോർക്കപ്പെട്ടിരിക്കുകയാണ്. യോഗജ്ഞനും, തത്ത്വദർശിയുമായ പുരുഷൻ ആ യഥാർത്ഥ സൂത്രത്തെയാണു ധരിക്കേണ്ടത്. ജ്ഞാനിയായ പുരുഷൻ ബാഹ്യസൂത്രത്തെ ഉപേക്ഷിച്ചിട്ട് ബ്രഹ്മമാകുന്ന സൂത്രത്തെ ധരിച്ച് യോഗത്തെ ആശ്രയിക്കണം. അപ്രകാരം ചെയ്യുന്നവനാണ് ചൈതന്യൻ. ആ സൂത്രം ധരിച്ചതുകൊണ്ട് സംന്യാസി ഒരിക്കലും ഉച്ഛിഷ്ടഭോക്താവോ അപരിശുദ്ധനോ ആകുന്നില്ല. ജ്ഞാനമാകുന്ന യജ്ഞോപ വീതത്തെപ്പററി അറിയാവുന്ന സംന്യാസിമാരുടെ ഹൃദയത്തിൽ ബ്രഹ്മസൂത്രം പ്രതിഷ്ഠിതമായിരിക്കുന്നു. അവരാണ് സൂത്രത്തിന്റെ യഥാർത്ഥ സ്വരൂപത്തെപ്പററി അറിഞ്ഞിട്ടുള്ളവരും യഥാർത്ഥമായ യജ്ഞോപവീതം ധരിക്കുന്നവരും. സംന്യാസിമാരുടെ യജ്ഞോപവീതവും ശിഖയും ജ്ഞാനമയം തന്നെയാണ്. ജ്ഞാനമാണ് ഏററവും മഹത്തായ പുരുഷാർത്ഥം. അത് ഏററവും പരിശുദ്ധവുമാണ്. അഗ്നിയുടെ ജ്വാല അതിന്റെ സ്വരൂപം തന്നെയായിരിക്കുന്നതുപോലെതന്നെ ജ്ഞാനിയായ ഒരു പുരുഷന്റെ ശിഖയും ജ്ഞാനമയം തന്നെയാണ്. കേശമയമായ

ശിഖയല്ല. വൈദികകർമ്മങ്ങൾക്കധികാരിയായ ബ്രാഹ്മണനാണ് കർമ്മത്തിന്റെ അംഗമാകുന്ന യജ്ഞോപവീതത്തെ ധരിക്കേണ്ടത്. എന്നാൽ ബ്രഹ്മജ്ഞാനികൾ സമ്മതിച്ചിട്ടുള്ളത് ജ്ഞാനമയമായ ശിഖയും ജ്ഞാനാത്മകമായ സൂത്രവും ധരിക്കുന്നവരിലും ബ്രാഹ്മണ്യം പരിപൂർണ്ണമായും സ്ഥിതി ചെയ്യുന്നു എന്നാണ്.

86. തദേതദ്വിജ്ഞായ ബ്രാഹ്മണഃ പരിവ്രജ്യ പരിവ്രാഡേകശാടീ മുണ്ഡോഽപരിഗ്രഹഃ ശരീരക്ലേശസഹിഷ്ണുശ്ചേദഥവാ യഥാവിധി ശ്ചേജ്ജാതരൂപധരോ ഭൂത്വാ സ പുത്രമിത്രകളത്രാപ്ത ബന്ധ്വാദീനി സ്വാദ്ധ്യായം സർവ്വകർമ്മണി സംന്യസ്യായം ബ്രഹ്മാണ്ഡം ച സർവ്വം കൗപീനം ദണ്ഡമാച്ഛാദനം ച ത്യക്ത്വാ ദ്വന്ദ്വസഹിഷ്ണുർ ന ശീതം ന ചോഷ്ണം ന സുഖം ന ദുഃഖം ന നിദ്രാ ന മാനവമാനേ ച ഷഡൂർമ്മിവർജ്ജിതോ നിന്ദാഹങ്കാര മത്സരഗർവ്വദംഭേർഷ്യാസൂയേച്ഛാദ്വേഷ സുഖദുഃഖ കാമക്രോധലോഭമോഹാദീൻ വിസൃജ്യ സ്വവപുഃ ശവാകാരമിവ സ്മൃത്വാ സ്വവ്യതിരിക്തം സർവ്വമന്തർബഹിരമന്യമാനഃ കസ്യാപി വന്ദനമകൃത്വാ ന നമസ്കാരോ ന സ്വാഹാകാരോ ന സ്വധാകാരോ ന നിന്ദാസ്തുതിർ യാദൃച്ഛികോ ഭവേദ്യദൃച്ഛാ ലാഭസന്തുഷ്ടഃ സുവർണ്ണാദീന്ന പരിഗ്രഹേന്നാവാഹനം ന വിസർജ്ജനം ന മന്ത്രം നാ മന്ത്രം ന ധ്യാനം നോപാസനം ന ലക്ഷ്യം നാലക്ഷ്യം ന പൃഥക് നാപൃഥക് ന ത്വന്യത്ര സർവ്വത്രാനികേതഃ സ്ഥിരമതിഃ ശൂന്യാഗാരവൃക്ഷമൂലദേവഗൃഹതൃണകൂടകുലാലശാലാഗ്നി ഹോത്രശാലാഗ്നി ദിഗന്തരനദീതടപുളിന ഭൂഗൃഹകന്ദരനിർത്ധരസ്ഥണ്ഡിലേഷു വനേ വാ ശ്വേതകേതു ഋഭു നിദാഘ ഋഷഭ ദുർവാസഃ സംവർത്തക ദത്താത്രേയ രൈവതകവദവ്യക്ത ലിംഗോ വ്യക്താചാരോ ബാലോന്മത്ത പിശാചവദനുന്മത്തോന്മത്തവദാചരം സ്ത്രി ദണ്ഡം ശിക്യം പാത്രം കമണ്ഡലും കടിസൂത്രം കൗപീനം ച തൽസർവ്വം ഭൂസ്വാഹേ ത്യപ്സു പരിത്യജ്യ (കടി സൂത്രം ച കൗപീനം ദണ്ഡം വസ്ത്രം കമണ്ഡലും സർവ്വമപ്സുവിസൃജ്യാഥ ജാതരൂപധരശ്ചരേത്. ആത്മാനമന്വിച്ഛേദ്യഥാ ജാതരൂപധരോ നിർദ്വന്ദ്വോനിഷ്പരിഗ്രഹസ്തത്വ ബ്രഹ്മമാർഗ്ഗേ സമ്യക് സമ്പന്നഃ

**ശ്രദ്ധമാനസഃ പ്രാണസന്ധാരണാത്ഥം യഥോക്ത കാലേ കരപാത്രേണാന്യേന വാ യാചിതാഹാരമാഹരൻ ലാഭാലാഭേ സമോ ഭൂത്വാ നിർമ്മമഃ ശുക്ലധ്യാനപരായണോഽധ്യാത്മനിഷ്ഠഃ ശുഭാശുഭകർമ്മ നിർമ്മൂലനപരഃ സംന്യസ്യ പൂർണ്ണാനന്ദൈക ബോധസ്തദ് ബ്രഹ്മാഹമസ്മീതി ബ്രഹ്മപ്രണവ മനുസ്മരൻ ഭ്രമരകീടന്യായേന ശരീരത്രയമുൽസൃജ്യ സംന്യാസേനൈവ ദേഹത്യാഗം കരോതി സ കൃതകൃത്യോ ഭവതീത്യുപനിഷത്.**

ഈ തത്ത്വം ഗ്രഹിച്ച് സംന്യാസം സ്വീകരിക്കേണ്ടത് ബ്രാഹ്മണന്റെ കർത്തവ്യമാണ്. ഏകവസ്ത്രധാരിയായി ശിരോമുണ്ഡനം ചെയ്ത് അപരിഗ്രഹ നിയമത്തെ പരിപാലിക്കണം. ശരീര ക്ലേശം സഹിക്കുവാൻ സാധിക്കാതിരുന്നാൽ ഒരു കൗപീനം ധരിക്കുകയോ അല്ലെങ്കിൽ ദിഗംബരനായിരിക്കുകയോ ആകാം. പുത്ര മിത്ര കളത്ര ബാന്ധവ സഹോദരാദികളെ ഉപേക്ഷിച്ച് സ്വാദ്ധ്യായത്തിലും സത്കർമ്മങ്ങളിലും നിരതനായിരിക്കണം. സമസ്ത ബ്രഹ്മാണ്ഡങ്ങളോടുമുള്ള ബന്ധത്തെ വിച്ഛേദിച്ച് കൗപീനം, ദണ്ഡം, അംഗവസ്ത്രം എന്നിവയെല്ലാം വെടിഞ്ഞ് എല്ലാ വിധത്തിലുമുള്ള ബന്ധഭാവങ്ങളെയും സഹിക്കണം. സുഖം, ദുഃഖം, ശീതം, ഉഷ്ണം, നിദ്ര, മനം, അപമാനം എന്നിവയെപ്പററി അൽപ്പം പോലും ചിന്തിക്കരുത്. ഷഡൂർമ്മിവിവർജ്ജിതനായി നിന്ദ, അഹങ്കാരം, മത്സരം, ഗർവം, ദംഭം, ഈർഷ്യ, അസൂയ, ഇച്ഛ, ദ്വേഷം, സുഖം, ദുഃഖം, കാമം, ക്രോധം, ലോഭം, മോഹം എന്നിവയേയും വെടിഞ്ഞ് സ്വശരീരത്തെ ശവത്തെപ്പോലെ കരുതി തന്റെ ആത്മാവിനെയല്ലാതെ ആന്തരമായോ ബാഹ്യമായോ മററു യാതൊരു വസ്തുവിനേയും പരിഗണിക്കാതെ ആരെയും നമസ്കരിക്കുകയോ, യജ്ഞമോ ശ്രാദ്ധമോ അനുഷ്ഠിക്കാതെയും ആരുടെയും നിന്ദാസ്തുതികൾ ശ്രദ്ധിക്കാതെയുമിരിക്കണം. ഏകനായി സ്വതന്ത്രനായി ചിന്തിച്ച് എന്താണോ സ്വയമേവ ലഭിക്കുന്നത് അതുകൊണ്ടും സംതൃപ്തനായിരിക്കണം. ഒരു പ്രകാരത്തിലുമുള്ള ദ്രവ്യവും സംഗ്രഹിക്കരുത്. ആവാഹനം, വിസർജ്ജനം എന്നിവയിൽ നിന്നെല്ലാം ഒഴിഞ്ഞിരിക്കണം. മന്ത്രം സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാതെയും ധ്യാനം, ലക്ഷ്യം, അലക്ഷ്യം, സംയോഗം വിയോഗം എന്നിവയിൽ ശ്രദ്ധ പതിപ്പിക്കാതിരിക്കുകയും വേണം. ഒരേ സ്ഥാനത്തു തന്നെ വസിക്കുവാൻ ആഗ്രഹിക്കുകയോ പോകാനാഗ്രഹിക്കുകയോ ചെയ്യരുത്. തന്റേതായി വീടോ, ആശ്രമമോ ഉണ്ടായിരിക്കരുത്. സദാ സ്ഥിരബുദ്ധിയായിരിക്കണം. ശൂന്യമായ ഗൃഹം, വൃക്ഷമൂലം, ദേവാലയം, കുടിൽ, കുശവഗൃഹം, അഗ്നിഹോത്രസ്ഥാനം, നദീതടം, നദീപുളിനം, ഭൂഗൃഹം, ഗുഹ, അരുവി,

ഉന്നത പ്രദേശം, വനം എന്നിവിടങ്ങളിൽ എവിടെ ആയാലും സ്ഥാനം കിട്ടിയാൽ അവിടെ വസിക്കണം. ശ്വേതകേതു, ഋഭു നിദാഘൻ, ദുർവാസാവ്, സംവർത്തകൻ, ദത്താത്രേയൻ, രൈവതകൻ, തുടങ്ങിയ പരമഹംസന്മാർ ചിഹ്നങ്ങളൊന്നും കൂടാതെ തന്നെ ജീവിച്ചിരുന്നതുപോലെ തന്നെ വസിക്കുകയും മന:പൂർവം, തങ്ങളെ തിരിച്ചറിയുവാൻ സാദ്ധ്യമാകാത്ത രീതിയിൽ ബാലകൻ, ഉന്മത്തൻ, പിശാച് എന്നിവരെപ്പോലെ പെരുമാറുകയും വേണം. ദണ്ഡം, സഞ്ചി, പാത്രം, കമണ്ഡലു, കടിസൂത്രം, കൗപീനം എന്നിവയെ ഋം തന്നെ 'ഭൂസ്വാഹാ' എന്നു പറഞ്ഞു കൊണ്ട് ജലത്തിൽ നിക്ഷേപിക്കണം. കടിസൂത്രം, കൗപീനം, ദണ്ഡം, വസ്ത്രം കമണ്ഡലു എന്നിവയെ ജലത്തിൽ നിക്ഷേപിച്ചതിനുശേഷം ദിഗംബരനായി സഞ്ചരിക്കണം. ആത്മാനുസന്ധാന നിരതനായി സർവിധത്തിലുമുള്ള ദ്വന്ദ്വഭാവങ്ങളെയും സഹിച്ച് ദിഗംബരനായി സഞ്ചരിക്കണം. കൈവശം ഒന്നും തന്നെ സൂക്ഷിക്കരുത്. എപ്പോഴും ബ്രഹ്മചര്യചാരിയായിരിക്കണം. മനസ്സിനെ ശുദ്ധമാക്കി പ്രാണസന്ധാരണാർത്ഥം മാത്രം ആഹാരമോ ജലമോ എന്തായാലും സ്വയം ലഭിക്കുന്നതിനെ ഹസ്ത പാത്രത്തിൽ സ്വീകരിക്കണം. ലാഭാലാഭങ്ങളെപ്പറ്റി ചിന്തിക്കാതെ, നിർമ്മനായി ആത്മധ്യാനനിരതനായി, ആദ്ധ്യാത്മികചിന്താപരായണനായി പാപപുണ്യകർമ്മങ്ങളെ നിർമ്മൂലനം ചെയ്ത് ആത്മാവുമായിട്ടുള്ള സംബന്ധത്തെമാത്രം വച്ചുകൊള്ളണം. സ്വയം ബ്രഹ്മസ്വരൂപമാണെന്നു കരുതി കേവലം ബ്രഹ്മത്തെത്തന്നെ ചിന്തിച്ചു കൊണ്ടിരിക്കണം. ത്രിവിധങ്ങളായ ശരീരങ്ങളോടുമുള്ള അഹംഭാവത്തെ വെടിഞ്ഞ് സർവഥാ പ്രാപഞ്ചികങ്ങളായ ബന്ധങ്ങളെ വിച്ഛേദിച്ച് ദേഹത്യാഗം ചെയ്യണം. ഇപ്രകാരം ആചരിക്കുന്ന സംന്യാസിയാണ് കൃതകൃത്യൻ.

# നാലാം ഉപദേശം

1. ത്യക്ത്വാ ലോകാംശ്ച വേദാംശ്ച വിഷയാനിന്ദ്രിയാണി ച
   ആത്മന്യേവസ്ഥിതോ യസ്തു സ യാതി പരമാം ഗതിം.
2. നാമഗോത്രാദി വരണം ദേശം കാലം ശ്രുതം കുലം
   വയോ വൃത്തം വ്രതം ശീലം ഖ്യാപയേന്നൈവ സദ്യതിഃ.
3. ന സംഭാഷേത് സ്ത്രീയം കാഞ്ചിത് പൂർവദൃഷ്ടാം ച ന സ്മരേത്,
   കഥാം ച വർജ്ജയേത്താസാം ന പശ്യേല്ലിഖിതാമപി.

4. ഏതച്ചതുഷ്ടയം മോഹാത് സ്ത്രീണാമാചരതോ യതേഃ
ചിത്തം വിക്രിയതേഽവശ്യം തദ്വികാരാത് പ്രണശ്യതി.

ലോകങ്ങൾ, വേദങ്ങൾ വിഷയങ്ങൾ ഇന്ദ്രിയങ്ങളുടെ ആശ്രയം എന്നിവയെ ഉപേക്ഷിച്ചിട്ട് ആത്മസ്ഥിതനായിരിക്കുന്ന സംന്യാസി പരമഗതിയെ പ്രാപിക്കുന്നു. സംന്യാസി തന്റെ പേര്, ഗോത്രം, കുലം, ദേശം, അവസ്ഥ, ശീലം, വ്രതം, ശാസ്ത്രജ്ഞാനം എന്നിവയെക്കുറിച്ച് ആരോടും സംസാരിക്കരുത്. സ്ത്രീകളോടു സംസാരിക്കുകയോ പൂർവപരിചിതയായ സ്ത്രീയെ സ്മരിക്കുകയോ, സ്ത്രീകളുടെ ചിത്രങ്ങൾ കാണുകയോ അവരെപ്പററിയുള്ള ചർച്ചകൾ കേൾക്കുകയോ ചെയ്യരുത്. എന്തെന്നാൽ സ്ത്രീയെ സംബന്ധിക്കുന്ന ചർച്ചയും, അവരെപ്പററിയുള്ള സ്മരണയും, ചിന്തയും, അവലോകനവും, സംഭാഷണവും മനസ്സിൽ വികാരത്തെ ഉദ്ദീപിപ്പിക്കുകയും, അതു് അയാളെ യോഗഭ്രഷ്ടനാക്കിത്തീർക്കുകയും ചെയ്യുന്നു.

5. തൃഷ്ണാ ക്രോധോഽനൃതം മായാ ലോഭമോഹൗ പ്രിയാപ്രിയേ
ശില്പം വ്യാഖ്യാനയോഗശ്ച കാമോ രാഗപരിഗ്രഹഃ

6. അഹംകാരോ മമത്വം ച ചികിത്സാ ധർമ്മ സാഹസം
പ്രായശ്ചിത്തം പ്രവാസശ്ച മന്ത്രൗഷധ പരാശിഷഃ.

7. പ്രതിഷിദ്ധാനി ചൈതാനി സേവമാനോ വ്രജേദധഃ
ആഗച്ഛ ഗച്ഛതിഷ്ഠേതി സ്വാഗതം സുഹൃദോഽപിവാ

8. സന്മാനനം ച ന ബ്രൂയാൻ മുനിർ മോക്ഷപരായണഃ
പ്രതിഗ്രഹം ന ഗൃഹ്ണീയാന്നൈവചാന്യം പ്രദാപയേത്.

9. പ്രേരയേദ്വാ തയാ ഭിക്ഷുഃ സ്വപ്നേഽപി ന കദാചന
ജായാ ഭ്രാതൃ സുതാദീനാം ബന്ധൂനാം ച ശുഭാശുഭം.

10. ശ്രുത്വാ ദൃഷ്ട്വാ ന കമ്പേത ശോകഹർഷൗ ത്യജേദ്യതിഃ
അഹിംസാ സത്യമസ്തേയ ബ്രഹ്മചര്യാപരിഗ്രഹാഃ

11. അനൗദ്ധത്യമദീനത്വം പ്രസാദഃ സ്ഥൈര്യമാർജ്ജവം
അസ്നേഹോ ഗുരുശുശ്രൂഷാ ശ്രദ്ധാ ക്ഷാന്തിർദമഃ ശമഃ

12. ഉപേക്ഷാ ധൈര്യമാധുര്യേ തിതിക്ഷാ കരുണാ തഥാ
ഹ്രീസ്തഥാ ജ്ഞാനവിജ്ഞാനേയോഗോലഘ്വശനം ധൃതിഃ.

13. ഏഷ സ്വധർമ്മോ വിഖ്യാതോ യതീനാം നിയതാത്മനാം
നിർദ്വന്ദ്വോ നിത്യ സത്ത്വസ്ഥഃ സർവത്ര സമദർശനഃ.

സംന്യാസിമാർക്ക് മോഹം, മമത, മായ, ലോഭം, തൃഷ്ണ, ക്രോധം. അസത്യം, രാഗം, അഹങ്കാരം, ആഗ്രഹം, സംഗ്രഹം, പ്രസംഗം, ശില്പം, ചികിത്സാവ്യവസായം, പരഗൃഹവാസം, പ്രായശ്ചിത്തം, ഔഷധവിതരണം, മന്ത്രപ്രയോഗം വിഷപ്രയോഗം, ധർമ്മസാഹസം ആശീർവാദം എന്നിവ നിഷിദ്ധങ്ങളാണ്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവൻ സ്വധർമ്മച്യുതനായിഭവിക്കുന്നു. മോക്ഷേച്ഛുവായ സംന്യാസി തന്റെ സുഹൃത്തുക്കളെ സ്വാഗതം ചെയ്യുകയോ ബഹുമാനിക്കുകയോ കൂടെ താമസിപ്പിക്കുകയോ ചെയ്യരുത്. ആരുടെയും ദാനം സ്വീകരിക്കരുത് മറ്റാർക്കും കൊടുപ്പിക്കുകയുമരുത്. ആരെയും ദാനം കൊടുക്കാനോ ദാനം സ്വീകരിക്കാനോ പ്രേരിപ്പിക്കരുത്. ഭാര്യ, പുത്രൻ, സഹോദരൻ തുടങ്ങിയ പ്രിയജനങ്ങളുടെ ശുഭാശുഭവർത്തമാനങ്ങൾ കേൾക്കുകയോ കാണുകയോ ചെയ്താൽ ഒരിക്കലും ചഞ്ചലചിത്തനാകരുത്. ഹർഷശോകാദികളെ സർവഥാ പരിത്യജിക്കണം. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം, അദൈന്യം, ശാന്തി, പ്രസന്നത, സ്ഥിരത, സരളത, സ്നേഹം, ഗുരുശുശ്രൂഷ, ശ്രദ്ധ, ക്ഷമ, ഇന്ദ്രിയനിഗ്രഹം, മനോനിഗ്രഹം, ഉദാസീനത, ധീരത, മാധുര്യം, സഹിഷ്ണുത, കരുണ, ലജ്ജാധാരണം, അല്പാഹാരം ജ്ഞാനവിജ്ഞാനപരായണത എന്നിവയെല്ലാം സംന്യാസി ധർമ്മരൂപമായിത്തന്നെ പരിപാലിക്കേണ്ടതാണ്.

14. തുരീയഃ പരമോഹംസഃ സാക്ഷാന്നാരായണോ യതിഃ
ഏകരാത്രം വസേദ് ഗ്രാമേ നഗരേ പഞ്ചരാത്രകം

15. വർഷാഭ്യോഽന്യത്ര വർഷാസു മാസാംശ്ച ചതുരോ വസേത്
ദ്വിരാത്രം വാ വസേദ് ഗ്രാമേ ഭിക്ഷുർ യദി വസേത്തദാ

16. രാഗാദയഃ പ്രസജ്യേരം സ്നേനാസൗ നാരകീ ഭവേത്
ഗ്രാമാന്തേ നിർജ്ജനേ ദേശേ നിയതാത്മാഽനികേതനഃ

17. പര്യടേത് കീടവദ് ഭൂമൗ വർഷാസ്വേകത്ര സംവസേത്.
ഏകവാസാ അവാസാ വാ ഏക ദൃഷ്ടിരലോലുപഃ.

18. അദൂഷയൻ സതാം മാർഗ്ഗം ധ്യാനയുക്തോ മഹീം ചരേത്
ശുചൗ ദേശേ സദാ ഭിക്ഷുഃ സ്വധർമ്മമനുപാലയൻ,

19. പര്യടേത സദായോഗീ വീക്ഷയൻ വസുധാതലം
ന രാത്രൗ ന ച മധ്യാഹ്നേ സന്ധ്യയോർന്നൈവ പര്യടൻ.

20. ന ശൂന്യേ നച ദുർഗ്ഗേ വാ പ്രാണി ബാധാകരേ ന ച
ഏകരാത്രം വസേദ് ഗ്രാമേ പത്തനേ തു ദിനത്രയം.

21. പുരേ ദിനദ്വയം ഭിക്ഷുർ നഗരേ പഞ്ചരാത്രകം
വർഷാസ്വേകത്ര തിഷ്ഠേത സ്ഥാനേ പുണ്യജലാവൃതേ.

22. ആത്മവത് സർവ ഭൂതാനി പശ്യൻ ഭിക്ഷുശ്ചരേന്മഹീം
അന്ധവത് ജഡവച്ചൈവ ബധിരോന്മത്ത മൂകവത്.

23. സ്നാനം ത്രിഷവണം പ്രോക്തം ബഹൂദക വനസ്ഥയോഃ
ഹംസേ തു സകൃദേവസ്യാത് പരഹംസേന വിദ്യതേ.

സത്വഗുണ യുക്തനായും, സമദർശിയായും, ദ്വന്ദ്വാതീതനായും, തുരീയാശ്രമസ്ഥിതനായും ഇരിക്കുന്ന പരമഹംസ സംന്യാസി നാരായണന്റെ സാക്ഷാത് സ്വരൂപം തന്നെയാണ്. സംന്യാസി ഗ്രാമത്തിൽ ഏകരാത്രിയും, നഗരത്തിൽ പഞ്ചരാത്രിയും മാത്രമേ വസിക്കാവൂ. എന്നാൽ വർഷത്തുവിൽ ഈ നിയമം ബാധകമല്ല. വർഷർത്തുവിൻ (ചാതുർമ്മാസ്യം) ഒരേ സ്ഥാനത്തു് തന്നെ വസിക്കാം. ഗ്രാമത്തിൽ രണ്ടു രാത്രി താമസിക്കുന്നതു് ഭിക്ഷുവിനു നിഷിദ്ധമാണ്. എന്തെന്നാൽ അധികം നാളുകൾ താമസിക്കുന്നതുകൊണ്ട് രാഗാദികൾ ഉദയം ചെയ്യുവാൻ സാദ്ധ്യതയുണ്ട്. അതു നരക പ്രാപ്തിക്കു കാരണമായേക്കാം. ഗ്രാമത്തിന്റെ ഒരു കോണിൽ നിർജ്ജന സ്ഥാനത്തു് മനസ്സിനേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിച്ചുകൊണ്ട് നിവസിക്കണം. ഒരു സ്ഥാനത്തും തനിക്കു വേണ്ടി മഠമോ ആശ്രമമോ സ്ഥാപിക്കരുത്. എട്ടുമാസങ്ങളും (ചാതുർമ്മാസ്യം ഒഴിച്ച്) സംന്യാസി കീടത്തെപ്പോലെ സഞ്ചരിച്ചു കൊണ്ടു തന്നെയിരിക്കണം. ഏക വസ്ത്രം ധരിക്കുകയോ ധരിക്കാതിരിക്കുകയോ ആകാം. തന്റെ ദൃഷ്ടിയെ ചഞ്ചലമാകാൻ അനുവദിക്കരുത്. ഒരു മാർഗ്ഗത്തു തന്നെ ഇരിക്കണം. മഹത്തുക്കളുടെ മാർഗ്ഗത്തെ കളങ്കിതമാക്കാതിരിക്കുവാൻ വിഷയങ്ങളിൽ എപ്പോഴും അനാസക്തനായി ധ്യാനപരായണനായി ഭൂമിയിൽ സഞ്ചരിക്കണം. സ്വധർമ്മനിരതനായി പരിശുദ്ധമായ സ്ഥാനത്തു വസിക്കണം. എപ്പോഴും അധോദൃഷ്ടിയോടു കൂടിയിരിക്കണം. രാത്രിയിലും മദ്ധ്യാഹ്നത്തിലും രണ്ടു സന്ധ്യകളിലും സഞ്ചരിക്കരുത്. ശൂന്യവും ദുർഗ്ഗമവും പ്രാണികൾക്ക് ഉപദ്രവകരവുമായ സ്ഥാനങ്ങളിലും സഞ്ചരിക്കരുത്. ഗ്രാമത്തിൽ ഒരു രാത്രിയും പുരത്തിൽ രണ്ടു രാത്രിയും, ചെറിയ നഗരത്തിൽ മൂന്നു രാത്രിയും, നഗരത്തിൽ നാലുരാത്രിയും

മാത്രമേ വസിക്കാവൂ. വർഷകാലത്തു് ജലമുള്ള സ്ഥാനത്തും പരിശുദ്ധമായ സ്ഥാനത്തും വസിക്കണം. സർവഭൂതങ്ങളെയും തനിക്ക സമമായി കാണണം. അന്ധൻ, ബധിരൻ, മൂകൻ, ജഡൻ, ഭ്രാന്തൻ, എന്നിവരെപ്പോലെ എല്ലാ ബാഹ്യദൃശ്യങ്ങളിൽ നിന്നും അനഭിജ്ഞനായി ഭൂമിയിൽ സഞ്ചരിക്കണം. ബഹൂദകനും, വനവാസിയായ യതിയും ത്രിസന്ധ്യകളിലും സ്നാനം ചെയ്യുന്നു. എന്നാൽ ഹംസൻ ഒരിക്കൽ മാത്രമേ സ്നാനം ചെയ്യാവൂ. എന്നാണു വിധി. ഹംസാവസ്ഥയ്ക്കും ഉപരിയായ പരമഹംസാവസ്ഥയിൽ സ്നാനാദികളുമായി യാതൊരു ബന്ധവുമില്ല.

24. മൗനം യോഗാസനം യോഗസ്തിതിക്ഷൈകാന്തശീലതാ
നിഃസ്പൃഹത്വം സമത്വം ച സപ്തൈതാന്യേക് ദണ്ഡിനാം.

25. പരഹംസാശ്രമ സ്ഥോഹി സ്നാനാ ദേരവിധാനതഃ
അശേഷ ചിത്ത വൃത്തീനാം ത്യാഗം കേവല മാചരേത്.

26. ത്വങ് മാംസ രുധിരസ്നായു മജ്ജാ മേദോസ്ഥി സംഹതൗ
വിൺമൂത്രപൂയേരമതാം ക്രിമീണാം കിയദന്തരം.

27. ക്വ ശരീരമശേഷാണാം ശ്ലേഷ്മാദീനാം മഹാചയഃ
ക്വ ചാംങ്ഗശോഭാസൗഭാഗ്യ കമനീയാദയോ ഗുണാഃ.

28. മാംസാസൃക് പൂയവിൺമൂത്ര സ്നായുമജ്ജാസ്ഥിസംഹതൗ
ദേഹേ ചേത് പ്രീതിമാൻ മൂഢോ ഭവിതാനരകേ ഽപിസഃ.

29. സ്ത്രീണാമവാച്യദേശസ്യ ക്ലിന്നനാഡീ വ്രണസ്യ ച
അഭേദേ ഽപി മനോഭേദാജ്ജനഃ പ്രായേണ വഞ്ച്യതേ.

30. ചർമ്മ ഖണ്ഡം ദ്വിധാ ഭിന്നമപാനോദ്ഗാര ധൂപിതം
യേ രമന്തി നമസ്തേഭ്യഃ സാഹസം കിമതഃ പരം.

31. ന തസ്യ വിദ്യതേ കാര്യം ന ലിംഗം വാ വിപശ്ചിതഃ
നിർമ്മമോ നിർഭയഃ ശാന്തോ നിർദ്വന്ദ്വോ ഽവർണ്ണ ഭോജനഃ.

32. മുനിഃ കൗപീനവാസാഃ സ്യാന്നഗ്നോ വാ ധ്യാനതത്പരഃ
ഏവം ജ്ഞാനപരോ യോഗീ ബ്രഹ്മ ഭൂയായ കല്പതേ.

ഏകദണ്ഡ ധാരികളായ സംന്യാസിമാർ, മനനം, യോഗം, ആസനം, ഏകാന്തസേവനം, തിതിക്ഷ, നിസ്പൃഹത, സമത എന്നീ സപ്ത കാര്യങ്ങള അവശ്യം അനുഷ്ഠിക്കേണ്ടതാണു്. പരമഹംസാവസ്ഥയിലിരിക്കുന്ന സാധ

കന്ന് സ്നാനാദി കർമ്മങ്ങൾ അനിവാര്യമല്ലാത്തതുകൊണ്ട് കേവലം ചിത്ത വൃത്തി പരിത്യാഗം തന്നെയാണ് ശ്രേയസ്കരം. മാസം, രക്തം, ചർമ്മം, നാഡി, മേദസ്സ്, മജ്ജ, അസ്ഥി എന്നിവയാൽ നിർമ്മിതമായ ശരീരത്തിൽ രമിച്ചിരിക്കുന്ന മനുഷ്യർക്കും മലമൂത്രാദികളിൽ കിടക്കുന്ന കൃമികൾക്കും തമ്മിൽ എന്താണന്തരം? ഈ ശരീരം വെറുപ്പിനെ ജനിപ്പിക്കുന്ന കഫാദിക ളായ വസ്തുക്കളുടെ ഭണ്ഡാഗാരമാണ്. ഇങ്ങനെയുള്ള ശരീരമെവിടെ? സൗന്ദര്യമെവിടെ? എവിടെ കമനീയത? എവിടെ അംഗലാവണ്യം? ഘൃണിത പദാർത്ഥങ്ങളുടെ ഭണ്ഡാഗാരമായ ഈ ശരീരത്തെ പ്രേമിക്കുന്ന മനുഷ്യന്റെ പ്രേമം നരകത്തിലായിരിക്കും, സ്ത്രീകളുടെ പറവാൻ വയ്യാത്ത അംഗങ്ങൾക്കും, ചീഞ്ഞളിഞ്ഞ നാഡീവ്രണങ്ങൾക്കും യാതൊരന്തരവുമില്ലെങ്കിലും മനുഷ്യൻ തന്റെ മാനസികവിഭ്രമം കൊണ്ട് വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. സ്ത്രീകളുടെ ആ അംഗങ്ങൾ ദുർഗ്ഗന്ധപൂരിതങ്ങളാണ്. അതിൽ രമിക്കുന്ന മനുഷ്യനെ നമ സ്കരിക്കുക തന്നെ വേണം. എന്തെന്നാൽ അത് ഘോരമായ ഒരു ദുസ്സാഹസം തന്നെയാണ്. സംന്യാസി യാതൊരു ചിഹ്നവും ധരിക്കരുത് അവന് ചെയ്യേ ണ്ടതായി യാതൊരു കർമ്മവും അവശേഷിക്കുന്നില്ല. അവൻ ഭയ മമതാ ബന്ധ വർണ്ണരഹിതനായി ശാന്തനായി ഭക്ഷണപദാർത്ഥങ്ങൾ ആർജ്ജിക്കുവാനുള്ള പ്രവൃത്തിയിൽ നിന്നും ഒഴിഞ്ഞിരിക്കുന്നു. അവൻ നഗ്നാവസ്ഥയിലോ ഏക കൗപീനധാരിയായോ ധ്യാനിക്കണം. ഇപ്രകാരം ജ്ഞാനവൃത്തിയിൽ മുഴുകിയി രിക്കുന്ന യോഗി ബ്രഹ്മഭാവത്തെ പ്രാപിക്കുന്നു.

33. ലിംഗേ സത്യപിഖല്വസ്മിൻ ജ്ഞാനമേവ ഹി കാരണം
നിർമ്മോക്ഷായേഹ ഭൂതാനാം ലിംഗഗ്രാമോ നിരർത്ഥകഃ.
34. യന്നസന്തം ന ചാസന്തം നാശ്രുതംന ബഹുശ്രുതം
ന സുവൃത്തം നദുർവൃത്തം വേദകശ്ചിത്സ ബ്രാഹ്മണഃ.
35. തസ്മാദലിംഗോ ധർമ്മജ്ഞോ ബ്രഹ്മവൃത്തമനുവ്രതം
ഗൂഢധർമ്മാശ്രിതോ വിദ്വാനജ്ഞാന ചരിതം ചരേത്.
86. സന്ദിഗ്ധഃ സർവഭൂതാനാം വർണ്ണാശ്രമവിവർജ്ജിതഃ
അന്ധവജ്ജഡവച്ചാപി മൂകവച്ച മഹീം ചരേത്.
37. തം ദൃഷ്ട്വാ ശാന്തമനസം സ്പൃഹയന്തി ദിവൗകസഃ
ലിംഗാഭാവാത്തു കൈവല്യമിതി ബ്രഹ്മാനുശാസനം—ഇതി

സംന്യാസത്തിലും ജ്ഞാനം തന്നെയാണ് മോക്ഷത്തിനു കാരണം. വിഭി ന്നങ്ങളായ ചിഹ്നങ്ങൾ ധരിക്കുന്നത് ജ്ഞാനം കൈവന്നില്ലെങ്കിൽ നിരർത്ഥം

നിരർത്ഥകം തന്നെയാണ്. സാധു എന്നോ അസാധു എന്നോ മൂർഖനെന്നോ വിദ്വാനെന്നോ സുവൃത്തൻ എന്നോ ദുർവൃത്തൻ എന്നോ ഉള്ള ഭേദബുദ്ധിയില്ലാത്തവനാണ് ബ്രഹ്മജ്ഞാനി. അതുകൊണ്ട് സംന്യാസി, ചിഹ്നങ്ങളൊന്നും ധരിക്കാതെ സ്വധർമ്മത്തെ മനസ്സിലാക്കി കേവലം ബ്രഹ്മചിന്താനിരതനായിരിക്കേണ്ടതാണ്. അയാളുടെ യോഗ സംബന്ധമായ കർമ്മങ്ങൾ അന്യർക്കു കാണുവാൻ കഴിയാത്തവിധം ഗൂഢധർമ്മത്തെ ആശ്രയമാക്കി ചെയ്യണം. അവൻ എല്ലാവർക്കും സന്ദേഹാത്മകനായി വർണ്ണാശ്രമങ്ങൾക്കതീതനായി അന്ധ ബധിര മൂകാദികളെപ്പോലെ ഭൂമിയിൽ സഞ്ചരിക്കണം. ഇപ്രകാരം പ്രശാന്തചിത്തനായ സംന്യാസിയെ ദർശിക്കുന്ന ദേവന്മാർ പോലും അയാളെപ്പോലെ പ്രവർത്തിക്കണമെന്ന് ആഗ്രഹിച്ചുപോകുന്നു. ആത്മഭാവത്തിൽ നിന്നും ഭിന്നമായി ഒരു വസ്തുവിനും അസ്തിത്വമില്ലെന്ന ഭാവം മനസ്സിൽ ഉദയം ചെയ്യുമ്പോൾ കൈവല്യപ്രാപ്തി കൈവരുന്നു. ഇതുതന്നെയാണ് ബ്രഹ്മതത്ത്വ വിഷയകമായ ഉപദേശം.

38. അഥ നാരദഃ പിതാമഹം സംന്യാസവിധിം നോബ്രൂഹീതി പപ്രച്ഛ. പിതാമഹസ്തഥേത്യംഗീകൃത്യാതുരേ വാ ക്രമേവാപി തുരീയാശ്രമസ്വീകാരാർത്ഥം കൃച്ഛ്രപ്രായശ്ചിത്ത പൂർവകമഷ്ടശ്രാദ്ധം കുര്യാദ്ദേവർഷി ദിവ്യമനുഷ്യഭൂതപിതൃമാത്രാത്മേത്യഷ്ടശ്രാദ്ധാനി കുര്യാത് പ്രഥമം സത്യവസു സംജ്ഞകാൻ വിശ്വാൻ ദേവാൻ ദേവശ്രാദ്ധേ ബ്രഹ്മ വിഷ്ണുമഹേശ്വരാനൃഷിശ്രാദ്ധേ ദേവർഷി ക്ഷത്രിയർഷി മനുഷ്യർഷീൻ ദിവ്യശ്രാദ്ധേ വസുരുദ്രാദിത്യരൂപാൻ മനുഷ്യശ്രാദ്ധേ സനക സനന്ദന സനത് കുമാര സനത്സുജാതാൻ ഭൂതശ്രാദ്ധേ പൃഥിവ്യാദി പഞ്ചമഹാഭൂതാനി ചക്ഷുരാദി കരണാനി ചതുർവിധ ഭൂതഗ്രാമാൻ പിതൃശ്രാദ്ധേ പിതൃ പിതാ മഹ പ്രപിതാമഹാൻ മാതൃ ശ്രാദ്ധേ മാതൃപിതാമഹീ പ്രപിതാമഹീരാത്മശ്രാദ്ധേ ആത്മപിതൃപിതാമഹാൻ ജീവത് പിതൃകശ്ചേത് പിതരം ത്യക്ത്വാ ആത്മപിതാമഹ പ്രപിതാമഹാനിതി സർവത്ര യുഗ്മക്ലൃപ്ത്യാ ബ്രാഹ്മണാനർച്ചയേദേകാധ്വരപക്ഷേഽഷ്ടാധ്വരപക്ഷേ വാ സ്വശാഖാനുഗതമന്ത്രൈരഷ്ടശ്രാദ്ധാന്യഷ്ടദിനേഷു വാ ഏകദിനേ വാ പിതൃയാഗോക്തവിധാനേന ബ്രാഹ്മണാനഭ്യർച്ച്യ ഭുക്ത്യന്തം യഥാവിധി നിർവർത്ത്യ പിണ്ഡപ്രദാനാനി നിർവർത്ത്യ

ദക്ഷിണാ താംബൂലൈസ്തോഷയിത്വാ ബ്രാഹ്മണാൻ പ്രേഷയിത്വാശേഷകർമ്മസിദ്ധ്യർത്ഥം സപ്തകേശാൻ വിസൃജ്യ ശേഷകർമ്മ പ്രസിദ്ധ്യർത്ഥം കേശാൻ സപ്താഷ്ടധാ ദ്വിജഃ സംക്ഷിപ്യ വാപയേത 'പൂർവം കേശശ്മശ്രുനഖാനി ച ഇതിസപ്തകേശാൻ സംരക്ഷ്യ കക്ഷോപസ്ഥവർജ്ജം ക്ഷൗരപൂർവകം സ്നാത്വാ സായംസന്ധ്യാവന്ദനം നിർവർത്ത്യ സഹസ്രഗായത്രീം ജപ്ത്വാ ബ്രഹ്മയജ്ഞം നിവർത്ത്യസ്വാധീനാഗ്നിമുപസ്ഥാപ്യ സ്വശാഖോപസംഹരണം കൃത്വാതദുക്തപ്രകാരേണാജ്യാഹുതിമാജ്യഭാഗാന്തം ഹുത്വാഹുതി വിധിം സമാപ്യാത്മാദിഭിസ്ത്രിവാരം സക്തു പ്രാശനം കൃത്വാചമനപൂർവകമഗ്നിം സംരക്ഷ്യ സ്വയമഗ്നേരുത്തരതഃ കൃഷ്ണാജിനോപരി സ്ഥിത്വാ പുരാണ ശ്രവണ പൂർവകം ജാഗരണം കൃത്വാ ചതുർത്ഥയാമാന്തേ സ്നാത്വാ തദഗ്നൗ ചരും ശ്രപയിത്വാ പുരുഷസൂക്തേനാന്നസ്യ ഷോഡശാഹുതീർ ഹുത്വാ വിരജാ ഹോമം കൃത്വാ അഥാചമ്യ സദക്ഷിണം വസ്ത്രം സുവർണ്ണപാത്രം ധേനും ദത്വാ സമാപ്യ ബ്രഹ്മോദ്വാസനം കൃത്വാ സം മാസിഞ്ചന്തുമരുതഃ സമിന്ദ്രഃ സംബൃഹസ്പതിഃ സം മായമഗ്നിഃ സിഞ്ചത്വായുഷാ ച ധനേന ച ബലേന ചായുഷ്മന്തഃ കരോതു മേ ഇതി യാതേ അഗ്നേ യജ്ഞിയാ തനൂസ്തയേഹ്യാരോഹാത്മനാത്മാനം അച്ഛാ വസൂനി കൃണ്വന്നസ്മേ നര്യാ പുരൂണി യജ്ഞോ ഭൂത്വാ യജ്ഞ മാസീദ സ്വാം യോനിം ജാതവേദോ ഭുവ ആജായ മാനഃ സ ക്ഷയ ഏധീത്യനേനാഗ്നിമാത്മന്യാരോപ്യ ധ്യാത്വാഗ്നിം പ്രദക്ഷിണനമസ്കാര പൂർവകമുദ്വാസ്യ പ്രാതഃസന്ധ്യാമുപാസ്യ സഹസ്രഗായത്രീ പൂർവകം സൂര്യോപസ്ഥാനം കൃത്വാ നാഭിദഘ്നോദകമുപവിശ്യാഷ്ടദിക്പാലകാർഘ്യപൂർവകം ഗായത്ര്യുദ്വാസനം കൃത്വാ സാവിത്രീം വ്യാഹൃതിഷു പ്രവേശയിത്വാ അഹം വൃക്ഷസ്യ രേരിവ. കീർത്തിഃ പൃഷ്ഠം ഗിരേരിവ ഊർദ്ധ്വപവിത്രോ വാജിനീവ സ്വമൃതമസ്മി ദ്രവിണം മേസവർച്ചസം സുമേധാ അമൃതോക്ഷിതഃ ഇതി ത്രിശങ്കോർ വേദാനു വചനം. യശ്ഛന്ദസാമൃഷഭോ വിശ്വരൂപഃ ഛന്ദോഭ്യോ ധ്യമൃതാത്സംബഭൂവ സ മേ ഇന്ദ്രോ മേധയാ സ്പൃണോതു അമൃതസ്യ ദേവധാരണോ ഭൂയാസം ശരീരം മേ വിചർഷണം

ജിഹ്വാ മേ മധുമത്തമാ. കർണ്ണാഭ്യാം ഭൂരിവിശ്രുവം. ബ്രഹ്മണഃ കോശോ ऽസി മേധയാപിഹിതഃ. ശ്രുതം മേ ഗോപായ. ദാരേഷണായാശ്ച വിത്തേഷണായാശ്ച ലോകേഷണായാശ്ച വ്യുത്ഥിതോഹം ഓം ഭൂഃ സംന്യസ്തം മയാ ഓം ഭുവഃ സംന്യസ്തം മയാ ഓം സുവഃ സംന്യസ്തം മയാ ഓം ഭൂർഭുവഃ സുവഃ സംന്യസ്തം മയേതി മന്ദ്രമധ്യമതാരജ ധ്വനിഭിർ മനസാവാചോച്ചാര്യാഭയം സർവഭൂതേഭ്യോ മത്തഃ സർവം പ്രവർത്തതേ സ്വാഹേത്യനേന ജലം പ്രാശ്യ പ്രാച്യാം ദിശി പൂർണ്ണാഞ്ജലിം പ്രക്ഷിപ്യ ഓം സ്വാഹേതി ശിഖാമുത്പാട്യ യജ്ഞോപവീതം പരമം പവിത്രം പ്രജാപതേര്യത്സഹജം പുരസ്താത്. ആയുഷ്യമഗ്ര്യം പ്രതിമുഞ്ച ശുഭ്രം യജ്ഞോപവീതം ബലമസ്തു തേജഃ. യജ്ഞോപവീത ബഹിർ ന നിവസേസ്ത്വമന്തഃ പ്രവിശ്യ മധ്യേ ഹ്യജസ്രം പരമം പവിത്രം യശോ ബലം ജ്ഞാനവൈരാഗ്യം മേധാം പ്രയച്ഛേതി യജ്ഞോപവീതം ഛിത്വാ ഉദകാഞ്ജലിനാ സഹ. ഓം ഭൂഃ സമുദ്രം ഗച്ഛ സ്വാഹേത്യപ്സു ജുഹുയാത്. ഓം ഭൂഃ സംന്യസ്തം മയാ. ഓം ഭുവഃ സംന്യസ്തം മയാ. ഓം സുവഃ സംന്യസ്തം മയേതി ത്രിരുക്ത്വാ ത്രിവാരമഭിമന്ത്ര്യ തജ്ജലം പ്രാശ്യാചമ്യ ഓം ഭൂഃ സ്വാഹേത്യപ്സുവസ്ത്രം കടിസൂത്രമപി വിസൃജ്യ സർവകർമ്മനിവർത്തകോ ऽഹമിതി സ്മൃത്വാ ജാതരൂപധരോ ഭൂത്വാ സ്വരൂപാനുസന്ധാനപൂർവകമൂർദ്ധ്വബാഹുരുദീചീം ഗച്ഛേത്.

അനന്തരം നാരദൻ വീണ്ടും ബ്രഹ്മാവിനോട് ചോദിച്ചു:- ഭഗവൻ സംന്യാസ വിധിയെപ്പററി പറഞ്ഞു തരുവാൻ ദയവുണ്ടാകണം. അതു കേട്ട് ബ്രഹ്മാവു പറഞ്ഞു:- ആതുര സംന്യാസമോ ക്രമസംന്യാസമോ സ്വീകരിക്കുന്നതിനു് ആദ്യമായി പ്രായശ്ചിത്തമെന്ന നിലയിൽ കൃച്ഛ്റാദിവ്രതങ്ങൾ അനുഷ്ഠിക്കണം. പിന്നീട് ദേവന്മാർ, മഹർഷിമാർ, ദിവ്യന്മാർ, മനുഷ്യർ, ഭൂതങ്ങൾ, പിതൃക്കൾ, മാതാവ്, ആത്മാവ് എന്നിങ്ങനെ എട്ടുപേർക്ക് വേണ്ടി എട്ടുവിധം ശ്രാദ്ധം ചെയ്യണം. ആദ്യമായി സത്യം എന്നും വസു എന്നും പേരുള്ള വിശ്വദേവന്മാരെ ആഹ്വാനം ചെയ്ത് ദേവശ്രാദ്ധത്തിൽ ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാരെ ആഹ്വാനം ചെയ്യണം. ഋഷിശ്രാദ്ധത്തിൽ, ദേവർഷിമാർ, മനുഷ്യ ഋഷിമാർ, രാജർഷിമാർ എന്നിവരെ ആഹ്വാനം ചെയ്യണം. ദിവ്യ ശ്രാദ്ധത്തിൽ അഷ്ടവസുക്കൾ, ഏകാദശരുദ്രന്മാർ, ദ്വാദശാദിത്യന്മാർ എന്നി

വരെ ക്ഷണിക്കണം. മാനവശ്രാദ്ധത്തിൽ സനകൻ, സനന്ദനൻ, സനത്കുമാരൻ,സനത്സുജാതൻ എന്നീ നാലുപേരേയും ക്ഷണിക്കണം. ഭൂതശ്രാദ്ധത്തിൽ പൃഥ്വി തുടങ്ങിയ പഞ്ചഭൂതങ്ങളേയും നേത്രാദികളായ ഇന്ദ്രിയങ്ങളെയും ജരായുജാദി നാലുവിധത്തിലുള്ള പ്രാണികളെയും ആഹ്വാനം ചെയ്യണം. പിതൃശ്രാദ്ധത്തിൽ, പിതാവ്, പിതാമഹൻ പ്രപിതാമഹൻ, എന്നിവരെയും, മാതൃശ്രാദ്ധത്തിൽ മാതാവ് മാതാമഹി എന്നിവരെയും ആഹ്വാനം ചെയ്യണം. ആത്മശ്രാദ്ധത്തിൽ തന്റെയും, പിതാവിന്റെയും പിതാമഹന്റെയും ശ്രാദ്ധം ചെയ്യണം. പിതാവ് ജീവിച്ചിരിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ ശ്രാദ്ധം ചെയ്യാതെ തന്റെയും പിതാമഹന്റെയും, പ്രപിതാമഹന്റെയും ശ്രാദ്ധം ചെയ്യണം. അഷ്ട ശ്രാദ്ധത്തെ ഒരേ അനുഷ്ഠാനത്തിന്റെ അംഗമാക്കി ഈ രണ്ട് എന്ന ക്രമത്തിൽ ബ്രാഹ്മണരെ ക്ഷണിച്ച് അവരെ പൂജിക്കണം. അഷ്ടശ്രാദ്ധങ്ങൾ പ്രത്യേകം പ്രത്യേകം അനുഷ്ഠിക്കുകയാണെങ്കിൽ തന്റെ ശാഖയിൽ പെട്ടമന്ത്രങ്ങൾ മുഖേന എട്ട് ദിവസം കൊണ്ടോ ഒരു ദിവസം കൊണ്ടോ അനുഷ്ഠാനം പൂർത്തിയാക്കണം. പിതൃയാഗവിധി അനുസരിച്ച് ബ്രാഹ്മണ പൂജ, ഭോജനം തുടങ്ങിയ സർവ്വകർമ്മങ്ങളും യഥാവിധി പൂർത്തിയാക്കി പിണ്ഡദാനം ചെയ്യണം. താടി, മീശ, നഖം എന്നിവയെ ഉപേക്ഷിക്കണം. കക്ഷത്തിലേയും ഉപസ്ഥത്തിലേയും രോമങ്ങൾ ഛേദിക്കരുത്. മററു കർമ്മങ്ങൾക്കു ശേഷം സ്നാനം ചെയ്യുകയും സായംസന്ധ്യാസമയത്ത് ഒരായിരം ഗായത്രി മന്ത്രം ജപിക്കണം. പിന്നീട് ബ്രഹ്മയാഗം ചെയ്ത് പ്രത്യേകം അഗ്നിസ്ഥാപനം ചെയ്യണം. അതിനുശേഷം സ്വന്തം ശാഖയെ ഉപസംഹരിച്ച് ആജ്യഭാഗം വരെ ഘൃതാഹുതി ചെയ്യണം. ഹവനം പൂർണ്ണമായതിനുശേഷം വറുത്തമാവിന്റെ മൂന്നു ഉരുള ഭക്ഷിക്കുകയും ആചമനം ചെയ്ത് അഗ്നിയിൽ ഇന്ധനാദികൾ നിക്ഷേപിച്ച് അഗ്നിയുടെ ഉത്തരഭാഗത്തായി കൃഷ്ണമൃഗചർമ്മത്തിൽ ഇരുന്ന് പുരാണാദികളിലെ ജ്ഞാന യുക്തങ്ങളായ കഥാപ്രവചനാദികൾ കേട്ടുകൊണ്ട് രാത്രി ഉണർന്നിരിക്കുകയുംവേണം.പിന്നീട്രാത്രിയിലെ നാലാം യാമത്തിൽ സ്നാനം ചെയ്ത് അതേ അഗ്നിയിൽ തന്നെ ചരുവിനെ പാകപ്പെടുത്തി പുരുഷസൂക്തത്തിലെ ഷോഡശമന്ത്രങ്ങൾ മുഖേന ചരുവിന്റെ പതിനാറാഹുതികൾ അഗ്നിയിൽ നിക്ഷേപിച്ചിട്ട് 'വിരജാ' എന്ന ഹോമം ചെയ്ത്, ആചമനം, ദക്ഷിണ, വസ്ത്രം, സുവർണ്ണം, പാത്രം. പശു എന്നിവയെ ദാനം ചെയ്യണം. അതിനുശേഷം ബ്രഹ്മോപാസനം ചെയ്ത് അഗ്നിയുടെ ആധിദൈവിക രൂപത്തെ തന്റെ ആത്മാവിൽ പ്രതിഷ്ഠിക്കണം. പിന്നീട് അഗ്നിധ്യാനം, നമസ്കാരം എന്നിവക്കുശേഷം അതിനെ അഗ്നിശാല

യിൽ വിസർജ്ജിക്കണം. പിന്നീടു് പ്രാതസ്സന്ധ്യയിൽ സഹസ്രം ഗായത്രീമന്ത്രം ജപിച്ചു് സൂര്യോപസ്ഥാനം ചെയ്യണം. പിന്നീടു് നാഭിവരെ ജലത്തിൽ നിന്നു കൊണ്ടു് അഷ്ടദിക്പാലന്മാർക്കു് അർഘ്യം കൊടുക്കണം. അതിനുശേഷം ഗായത്രിയെ വിസർജ്ജിച്ചു് സാവിത്രിയെ വ്യാഹൃതികളിൽ പ്രവേശിപ്പിക്കണം.

# പ്രാർത്ഥനയ്ക്കുള്ള മന്ത്രങ്ങൾ

ഇപ്രകാരം വാണിമുഖേന, മന്ദവും, മദ്ധ്യമവും, ഉച്ചവുമായ സ്വരത്തിലോ മനസ്സിലോ മന്ത്രോച്ചാരണം ചെയ്തു് "അഭയം"— എന്നു തുടങ്ങുന്ന മന്ത്രംകൊണ്ടു് ആചമനം ചെയ്തു് പൂർവ്വദിക്കിന്നഭിമുഖമായി നിന്നു കൊണ്ടു് അഞ്ജലി നിറച്ചു് ജലം പ്രോക്ഷണം ചെയ്തു്, 'ഓം സ്വാഹാ' എന്നുച്ചരിച്ചുകൊണ്ടു്, ശിഖയിൽ ശേഷിച്ചിട്ടുള്ള രോമങ്ങളേയും പിഴുതു കളയണം. പിന്നീടു് 'യജ്ഞോപവീതത്തെ ഛേദിച്ചു് അതിനെ ജലാഞ്ജലിയോടുകൂടി ജലത്തിൽ നിക്ഷേപിക്കണം. പിന്നീടു് 'ഓം ഭൂഃസംന്യസ്തം മം' തുടങ്ങിയ മന്ത്രങ്ങൾ മൂന്നു പ്രാവശ്യം ഉച്ചരിച്ചുകൊണ്ടു ജലത്തെ അഭിമന്ത്രിച്ചു് അതിനെ ആചമിക്കണം. പിന്നീടു്, ഓം ഭൂ: സ്വാഹാ എന്നു് പറഞ്ഞുകൊണ്ടു വസ്ത്രവും കടി സൂത്രവും ജലത്തിൽ ഉപേക്ഷിക്കണം. അതോടൊപ്പം ഇങ്ങനെ ചിന്തിക്കയും വേണം 'ഞാൻ കർമ്മങ്ങളെ ഉപേക്ഷിച്ചിരിക്കുന്നു'. അതിനു ശേഷം നഗ്നനായി ആത്മവിചിന്തനം ചെയ്തു കൊണ്ടു് ഊർദ്ധ്വബാഹുവായി ഉത്തരഭാഗത്തേക്കു് പ്രയാണം ചെയ്യണം.

38. പൂർവവദവിദ്വത്സംന്യാസീ ചേദ് ഗുരോഃ സകാശാത് പ്രണവമഹാവാക്യോപദേശം പ്രാപ്യ യഥാസുഖം വിഹരൻ മത്തഃ കശ്ചിന്നാന്യോ വ്യതിരിക്ത ഇതി ഫലപത്രോദകാഹാരഃ പർവതവനദേവതാലയേഷു സഞ്ചരേത് സംന്യസ്യാഥ ദിഗംബരഃസകല സഞ്ചാരകഃ സർവദാനന്ദസ്വാനുഭവൈകപൂർണ്ണഹൃദയഃ കർമ്മാതി ദൂരലാഭഃ പ്രാണായാമപരായണഃ ഫലരസത്വക്പത്രമൂലോദകൈർമോക്ഷാർത്ഥീ ഗിരികന്ദരേഷു വിസൃജേദ്ദേഹം സ്മരം സ്താരകം. വിവിദിഷാ സംന്യാസീ

ഫേച്ഛുതപഥം ഗത്വാചാര്യാദിഭിർ വിപ്രൈസ്തിഷ്ഠതിഷ്ഠ മഹാഭാഗ ദണ്ഡം വസ്ത്രം കമണ്ഡലും ഗൃഹാണ പ്രണവ മഹാ വാക്യഗ്രഹണാർത്ഥം ഗുരുനികട മാഗച്ഛേത്യാചാര്യൈർ ദണ്ഡ കടിസൂത്ര കൗപീനം ശാടീമേകാം കമണ്ഡലും പാദാദിമസ്തക പ്രമാണമവ്രണം സമം സൗമ്യമകാലപൃഷ്ഠം സ ലക്ഷണം വൈണവം ദണ്ഡമേക മാചമനപൂർവകം സഖാമാ ഗോപായൗ ചഃ സഖായോ ൨സി ഇന്ദ്രസ്യ വജ്രോ ൨സി വാർത്രഘ്നഃ ശർമ്മ മേ ഭവ യത്പാപം തന്നിവാരയേതി ദണ്ഡം പരിഗ്രഹേജ്ജ ഗജ്ജീവനം ജീവനാധാരഭൂതം മാ തേ മാ മന്ത്രയസ്വ സർവദാ സർവസൗമ്യേതി പ്രണവപൂർവ്വകം കമണ്ഡലും പരിഗൃഹ്യ കൗപീനാധാരം കടിസൂത്രമോമിതി ഗുഹ്യാച്ഛാദകം കൗപീന മോമിതി ശീതവാതോഷ്ണത്രാണകരം ദേഹൈകരക്ഷണമോ മിതി കടിസൂത്രകൗപീന വസ്ത്രമാചമനപൂർവകം യോഗ പട്ടാഭിഷിക്തോ ഭൂത്വാ കൃതാർത്ഥോ ൨ഹമിതി മത്വാ സ്വാശ്രമാ ചാരപരോ ഭവേദിത്യുപനിഷത്.

ജ്ഞാനം ലഭിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി സംന്യാസം സ്വീകരിച്ചാൽ നൂറടി നടന്നതിനുശേഷം, ആചാര്യൻ തുടങ്ങിയവരുടെ ക്ഷണമനുസരിച്ച്, ദണ്ഡം, കമണ്ഡലു, വസ്ത്രം എന്നിവ ഗ്രഹിക്കുന്നതിനുള്ള ആജ്ഞ കൊടുക്കുന്നതിനും പ്രണവാദി മന്ത്രങ്ങളുടെ ഉപദേശം ശ്രവിക്കുന്നതിനും ആമന്ത്രിതനായതിനുശേഷം അദ്ദേഹത്തെ സമീപിക്കുകയും ആചാര്യൻ കൊടുത്ത ദണ്ഡം, കമണ്ഡലു കൗപീനം. കടിസൂത്രം, പുതപ്പ് എന്നിവയെ സ്വീകരിക്കുകയും വേണം. മുളവടിയായിരിക്കണം ദണ്ഡം. പാദം മുതൽ ശിരസ്സുവരെ പൊക്കമുള്ളതായിരിക്കണം. ഛിദ്രമില്ലാത്തതും, മിനുസമായതും ശ്രേഷ്ഠവുമായിരിക്കണം. അതു കറുത്ത നിറത്തിലുള്ളതായിരിക്കരുത്. ഈ പദാർത്ഥങ്ങളെല്ലാം സ്വീകരിച്ച് ആചമിക്കണം. പിന്നീട് ''സഖാമാ'' എന്നു പറഞ്ഞുകൊണ്ട് ദണ്ഡം കൈയിൽ എടുക്കുകയും ''ജഗജ്ജീവനം'' എന്നു പറഞ്ഞുകൊണ്ടു പ്രണവോച്ചാരണപൂർവ്വം കമണ്ഡലു കൈയിലെടുക്കുകയും വേണം. പിന്നീട് വീണ്ടും ആചമനം ചെയ്ത് യോഗപട്ടാഭിഷിക്തനായി സ്വയം കൃതകൃത്യനെന്നു ഭാവേന സംന്യാസാശ്രമത്തിനനുരൂപമായ വിധത്തിൽ പ്രവർത്തിക്കണം. ഇതു ഉപനിഷത്താണ്.

# പഞ്ചമോപദേശം

1. അഥ ഹൈനം പിതാമഹം നാരദഃ പപ്രച്ഛ ഭഗവൻ സർവ കർമ്മ നിവർത്തകഃ സംന്യാസ ഇതി ത്വയൈവോക്തഃ പുനഃ സ്വാശ്രമാചാരപരോ ഭവേദിത്യുച്യതേ. തതഃ പിതാമഹ ഉവാച. ശരീരസ്യ ദേഹിനേ ജാഗ്രത്സ്വപ്ന സുഷുപ്തി തുരീയാവസ്ഥാഃ സന്തി തദധീനാഃ കർമ്മജ്ഞാന വൈരാഗ്യ പ്രവർത്തകാഃ പുരുഷാ ജന്തവസ്തദനുകൂലാചാരാഃ സന്തി തഥൈവ ചേദ്ഭഗവൻ സംന്യാസാഃ കതി ഭേദാസ്തദനുഷ്ഠാന ഭേദാഃ കീദൃശാസ്തത്വതോ ƒ സ്മാകം വക്തുമർഹസീതി. തഥേത്യംഗീകൃത്യ തു പിതാമഹേന.

അതിനുശേഷം നാരദൻ ബ്രഹ്മാവിനോടു വീണ്ടും ചോദിച്ചു. 'ഭഗവൻ അങ്ങു് സംന്യാസം സർവ്വകർമ്മനിവർത്തകമെന്നും അതോടൊപ്പം തന്റെ ആശ്രമത്തിനു ഉപയുക്തമായ ആചാരങ്ങളെ സംരക്ഷിക്കണമെന്നും പറഞ്ഞിരിക്കുന്നു, ഇതിനു സമാധാനം പറഞ്ഞു തന്നാൽ കൊള്ളാം. അതു കേട്ടു് ബ്രഹ്മാവു പറഞ്ഞു. 'ദേഹധാരിയായ പ്രാണികൾ ജാഗ്രത്, സ്വപ്നം, സുഷുപ്തി, തുരീയം എന്നു് നാലവസ്ഥകളും ഉണ്ടു്. ഈ അവസ്ഥകളിൽ തന്നെ കർമ്മം, ജ്ഞാനം, വൈരാഗ്യം എന്നിവയുടെ പ്രവർത്തനവും നടക്കുന്നുണ്ടു്. എല്ലാ പ്രാണികളും ഈ നാലവസ്ഥകളെയും ആശ്രയിച്ചു് അവസ്ഥാനുകൂലം പ്രവർത്തിക്കുന്നു. സംന്യാസി, ബ്രഹ്മചാരി, ഗൃഹസ്ഥൻ വാനപ്രസ്ഥൻ എന്നിവരെക്കൊണ്ടു് സേവനീയവും, സ്മാർത്തവുമായ കർമ്മങ്ങളും നിവർത്തിപ്പിക്കുന്നു. എന്നാൽ സംന്യസാശ്രമത്തിനനുകൂലമായി ശ്രവണ, മനനനിദിധ്യാസനങ്ങളെ ത്യജിക്കുവാൻ സാദ്ധ്യമല്ല. ഈ വീക്ഷണത്തോടുകൂടിയാണു് സ്യംന്യാസാശ്രമത്തിനനുകൂലം പ്രവർത്തിക്കുന്നു എന്നു പറഞ്ഞതു്. നാരദൻ പറഞ്ഞു; ഭഗവൻ ഇനി സംന്യാസത്തിന്റെ ഭേദങ്ങളെപ്പററിയും അവയുടെ അനുഷ്ഠാനത്തിലുള്ള അന്തരങ്ങളെപ്പററിയും പറഞ്ഞു തന്നാലും.

2. സന്യാസഭേദൈരാചാരഭേദഃ കഥമിതചേത്തത്വ തസ്തേക ഏവ സംന്യാസഃ അജ്ഞാനേനാശക്തി വശാത് കർമ്മലോപ ശ്ചത്രൈവിധ്യമേത്യ വൈരാഗ്യ സംന്യാസോജ്ഞാന സംന്യാസോ ജ്ഞാനവൈരാഗ്യ സംന്യാസഃ കർമ്മസംന്യാസ

ശ്ചേതി ചാതുർവിധ്യമുപാഗത സ്തദ്യഥേതി ദൃഷ്ടമദനാഭാവാച്ചേതി വിഷയവൈതൃഷ്ണ്യമേത്യ പ്രാക്പുണ്യകർമ്മവശാത്സംന്യസ്തഃ സ വൈരാഗ്യ സംന്യാസീ.ശാസ്ത്രജ്ഞാനാത് പാപപുണ്യ ലോകാനുഭവശ്രവണാത് പ്രപഞ്ചോപരതഃ ക്രോധേർഷ്യാസൂയാഹംകാരാഭിമാനാത്മക സർവസംസാരം നിർവൃത്യ ദാരേഷണാ ധനേഷണാ ലോകേഷണാത്മക ദേഹ വാസനാം ശാസ്ത്രവാസനാം ലോകവാസനാം ത്യക്ത്വാ വമനാന്നമിവ പ്രകൃതീയം സർവമിദം ഹേയം മത്വാ സാധന ചതുഷ്ടയ സമ്പന്നോ യഃ സംന്യസ്യതി സ ഏവ ജ്ഞാന സംന്യാസീ. ക്രമേണ സർവമഭ്യസ്യ സർവമനുഭൂയ ജ്ഞാന വൈരാഗ്യാഭ്യാം സ്വരൂപാനുസന്ധാനേന ദേഹ മാത്രാവശിഷ്ടഃ സംന്യസ്യ ജാതരൂപധരോ ഭവതി സ ജ്ഞാന വൈരാഗ്യ സംന്യാസീ. ബ്രഹ്മചര്യം സമാപ്യ ഗൃഹീ ഭൂത്വാ വാനപ്രസ്ഥാശ്രമമേത്യ വൈരാഗ്യഭാവേ ഽപ്യാശ്രമക്രമാനുസാരേണ യഃ സംന്യസ്യതി സ കർമ്മസംന്യാസീ. ബ്രഹ്മചര്യേണ സംന്യസ്യസംന്യാസാജ്ജാതരൂപധരോവൈരാഗ്യസംന്യാസി. വിദ്വത്സംന്യാസീ ജ്ഞാനസംന്യാസീ വിവിദിഷാ സംന്യാസീ കർമ്മസംന്യാസീ.

ബ്രഹ്മാവ് ഇങ്ങനെ പറഞ്ഞു 'സംന്യാസഭേദത്തെപ്പററി പറയാം; യഥാർത്ഥത്തിൽ സംന്യാസം ഒരു പ്രകാരത്തിലേ ഉള്ളൂ. എന്നാൽ അജ്ഞാനം കൊണ്ടും, അസാമർത്ഥ്യം കൊണ്ടും അല്ലെങ്കിൽ കർമ്മലോപം കൊണ്ടും ഇതിനു് അനേക രൂപങ്ങളം ഉണ്ടായിട്ടുണ്ട്. വൈരാഗ്യ സംന്യാസം, ജ്ഞാന സംന്യാസം, ജ്ഞാനവൈരാഗ്യ സംന്യാസം, കർമ്മസംന്യാസം എന്നു് സംന്യാസം നാലുവിധമുണ്ട്. മനസ്സിൽ ദൂഷിതഭാവനകൾ ഇല്ലാതായതിനു ശേഷം വിഷയവിരക്തനായി പൂർവജന്മകൃതങ്ങളായ സത്കർമ്മങ്ങളുടെ ഫലമായി, വിരക്തനായി സംന്യാസം സ്വീകരിക്കുന്നവനാണ് വൈരാഗ്യ സംന്യാസി. ശാസ്ത്രജ്ഞാനം കൊണ്ടോ അനുഭവജ്ഞാനം കൊണ്ടോ പ്രപഞ്ചത്തോടു സ്വാഭാവികമായിത്തന്നെ വിരക്തി തോന്നിയവനാണ് ജ്ഞാന സംന്യാസി. ക്രോധം, ഈർഷ്യ, അസൂയ, അഹംകാരം എന്നിവ യോടുകൂടിയ വിശ്വത്തെ മനസാ ദൂരീകരിച്ച്, സ്ത്രീ, ധനം, ഖ്യാതികാമനകളിൽ നിന്നുംമുക്തനായിട്ടുള്ളവനും, ദേഹാത്മകവും, ലോകാത്മകവുമായ വാസനകളെ ത്യജിച്ചിട്ടുള്ള

വനും, ദേഹാത്മകവും ശാസ്ത്രാത്മകവും, ലോകാത്മകവുമായ വാസനകളെ തൃണമാണെന്നു കരുതിയിട്ടുള്ളവനുമാണ് ജ്ഞാനസംന്യാസി. സർവശാസ്ത്രങ്ങളും അഭ്യസിച്ച് എല്ലാത്തിന്റെയും അനുഭവജ്ഞാനം സമാർജ്ജിച്ച് ജ്ഞാനവൈരാഗ്യം മുഖേന ആത്മസ്വരൂപധ്യാനനിരതനായി, ദിഗംബരനായിരിക്കുന്നവനാണ് ജ്ഞാന വൈരാഗ്യ സംന്യാസി. ബ്രഹ്മചര്യത്തെ സമാപിപ്പിച്ച്, ഗൃഹസ്ഥാശ്രമത്തേയും പരിപാലിച്ചതിനുശേഷം വാനപ്രസ്ഥാശ്രമത്തിൽ നിന്നും സംന്യാസം സ്വീകരിക്കുന്നവനാണ് കർമ്മസംന്യാസി. ബ്രഹ്മചര്യത്തിനുശേഷം സംന്യാസം സ്വീകരിച്ച് ദിഗംബരനായിരിക്കുന്നവനാണ് വൈരാഗ്യ സംന്യാസി. വിദ്വത് സംന്യാസിയെ ജ്ഞാന സംന്യാസിയെന്നും വിവിദിഷാ സംന്യാസിയെ കർമ്മസംന്യാസി എന്നും പറയുന്നു.

8. കർമ്മസംന്യാസോപി ദ്വിവിധഃ നിമിത്ത സംന്യാസോഽനിമിത്ത സംന്യാസശ്ചേതി നിമിത്തസ്ത്വാതുരഃ. അനിമിത്തഃ ക്രമസംന്യാസഃ ആതുരഃ സർവകർമ്മലോപഃ പ്രാണസ്യോത്ക്രമണ കാല സംന്യാസഃ സ നിമിത്തസംന്യാസഃ. ദൃഢാംഗോ ഭൂത്വാ സർവം കൃതകം നശ്വരമിതി ദേഹാദികം സർവം ഹേയം പ്രാപ്യ. ഹംസഃ ശുചിഷദ്വസുരന്തരിക്ഷസദ്ധോതാ വേദിഷദതിഥിർ ദുരോണസത് നൃഷദ്വരസദൃതസദ്. വ്യോമസദബ്ജാ ഗോജാ ഋതജാ അദ്രിജാ ഋതം ബൃഹത് ബ്രഹ്മവ്യതിരിക്തം സർവം നശ്വരമിതി നിശ്ചിത്യാഥോ ക്രമേണ യഃ സംന്യസ്യതി സ സംന്യാസോഽനിമിത്ത സംന്യാസഃ.

സംന്യാസ ഷഡ്വിധോ ഭവതി. കുടീചകോ ബഹൂദകോ ഹംസഃ പരമഹംസഃ തുരീയാതീതോഽവധൂതശ്ചേതി. കുടീചകഃ ശിഖായജ്ഞോപവീതി ദണ്ഡകമണ്ഡലുധരഃ കൗപീനകന്ഥാധരഃ പിതൃമാതൃ ഗുർവാരാധനപരഃ പിഠര ഖനിത്ര ശിക്യാദിമന്ത്രസാധനപര ഏകത്രാന്നാദനപരഃ ശ്വേതോർദ്ധ്വ പുണ്ഡ്രധാരി ത്രിദണ്ഡഃ ബഹൂദകഃ ശിഖാദി കന്ഥാധരസ് ത്രിപുണ്ഡ്രധാരീ കുടിചകവത് സർവസമോ മധുകരവൃത്ത്യാഷ്ട കബളാശീ ഹംസോ ജടാധാരീ ത്രിപുണ്ഡ്രോർദ്ധ്വ പുണ്ഡ്രധാരീ അസംക്ലൃപ്ത മാധുകരാന്നാശീ കൗപീന ഖണ്ഡ

തുണ്ഡധാരീ. പരമഹംസഃ ശിഖായജ്ഞോപവീതരഹിതഃ പഞ്ചഗൃഹേഷ്വേകരാത്രാന്നാദനപരഃ കരപാത്രീ ഏകകൗപീനധാരീ ശാടീമേകാമേകം വൈണവം ദണ്ഡമേകശാടീധരോ വാ ഭസ്മോദ്ധൂളനപരഃ സർവത്യാഗീ. തുരീയാതീതോ ഗോമുഖഃ ഫലാഹാരീ, അന്നാഹാരീചേദ്ഗൃഹത്രയേ ദേഹമാത്രാവശിഷ്ടോ ദിഗംബരഃ കുണപവച്ഛരീര വൃത്തികഃ. അവധൂതസ്ത്വനിയമോഽഭിശസ്തപതിത വർജ്ജന പൂർവകം സർവവർണ്ണേഷ്വജഗരവൃത്ത്യാഹാരപരഃ സ്വരൂപാനുസന്ധാനപരഃ.

കർമ്മസംന്യാസവും, നിമിത്തസംന്യാസമെന്നും, അനിമിത്ത സംന്യാസമെന്നും രണ്ടുവിധമുണ്ട്. ആതുരസംന്യാസം തന്നെയാണ് നിമിത്ത സംന്യാസം. ക്രമസംന്യാസം അനിമിത്ത സംന്യാസവും. രോഗാദികളാൽ സർവ്വകർമ്മലുപ്തനായിത്തീരുകയാൽ പ്രാണപ്രയാണകാലത്ത് സംന്യാസം സ്വീകരിക്കുന്നതാണ് നിമിത്ത സംന്യാസം. സാധകൻ ദൃഢാംഗനായി എല്ലാ കൃതകപദാർത്ഥങ്ങളും നശ്വരമാണെന്നതുപോലെ ഈ ശരീരവും നിസ്സാരമെന്നു കരുതുന്നു. പരമാത്മാവ് ആകാശ സഞ്ചാരിയായ ഹംസവും, വസു അന്തരീക്ഷ സഞ്ചാരിയും ആകുന്നു. അതുതന്നെയാണ് വേദിയിൽ പ്രതിഷ്ഠിതമായിരിക്കുന്ന അഗ്നി. അതുതന്നെയാണ് ഹോതാവ്, ഗൃഹസ്ഥന്റെ അതിഥിയായി വസിക്കുന്നതും അതു തന്നെയാകുന്നു. മനുഷ്യരിലും അതിന്റെ അസ്തിത്വമുണ്ട്. ശ്രേഷ്ഠങ്ങളായ വസ്തുക്കളിലും, സത്യത്തിലും അതു് അധിവസിക്കുന്നു. അതു് ആകാശത്തും, ജലത്തിലും, പൃത്ഥ്വിയിലും, വാണിയിലും പർവ്വതത്തിലും പ്രകടമാകുന്നു. മാത്രമല്ല, ഇതിൽ നിന്നെല്ലാം ഭിന്നവും വിലക്ഷണവുമായ രൂപത്തിൽ അതു തന്നെയാണ് ഏകവും പരമവുമായ സത്യം.

ഇപ്രകാരം കേവലം പരബ്രഹ്മം മാത്രമേ സത്യമായിട്ടുള്ളു എന്നു കരുതി ബ്രഹ്മത്തെ ഒഴികെ മറ്റെല്ലാ വസ്തുക്കളും നശ്വരമാണെന്നു കരുതി, ക്രമമായി സംന്യാസാശ്രമത്തിൽ പ്രവേശിക്കുന്നവനാണ് അനിമിത്ത സംന്യാസി. അതുപോലെ കുടീചകൻ, ബഹൂദകൻ ഹംസൻ, പരമഹംസൻ, തുരീയാതീതൻ അവധൂതൻ ഇങ്ങനെ സംന്യാസിമാർ ആറു് പ്രകാരത്തിലുണ്ടെന്നു പറയപ്പെട്ടിരിക്കുന്നു.

കുടീചക സംന്യാസി ശിഖയും യജ്ഞോപവീതവും ഉപേക്ഷിക്കുന്നില്ല. അയാാം ദണ്ഡം, കമണ്ഡലു, പീഠം (കലം) ഖനിത്രം (തൂമ്പ) സഞ്ചി എന്നിവയെ സൂക്ഷിക്കുകയും മന്ത്ര സിദ്ധിയിൽ ഉയിച്ചിരിക്കുകയും ചെയ്യുന്നു. അവൻ ശ്വേതോർദ്ധ്വപുണ്ഡ്രവും, ത്രിദണ്ഡവും ധരിച്ച് ഒരേ സ്ഥാനത്തു നിന്നു തന്നെ ആഹാരം കഴിക്കുന്നു.

ബഹൂദകനും, കുടീചകനെപ്പോലെതന്നെ ശിഖയും യജ്ഞോപവീതവും ധരിച്ച് ത്രിപുണ്ഡ്രധാരിയായി സമദർശിയായി അനേകം വീടുകളിൽ നിന്നും ഭിക്ഷയാചിച്ച് കേവലം അഷ്ടഗ്രാസം (എട്ടുഉരുള) മാത്രം ഭക്ഷിക്കുന്നു.

ഹംസൻ എന്ന സംന്യാസി ജടാധാരിയായി ഊർദ്ധ്വ പുണ്ഡ്രം ധരിച്ച് കൗപീനം, കന്ഥ(ഉന്ന) ഭിക്ഷാപാത്രം, ചുന്നിയും സൂക്ഷിക്കുന്നു.

പരമഹംസൻ ശിഖയും സൂത്രവും ധരിക്കുന്നില്ല. അഞ്ചു വീടുകളിൽ നിന്നും ഭിക്ഷ യാചിച്ച് ഒരു രാത്രിയിൽ ഭക്ഷണം കഴിക്കുന്നു. പാത്രത്തിന്റെ സ്ഥാനത്ത് കൈ ഉപയോഗിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തെ കരപാത്രി എന്നു പറയുന്നു. അദ്ദേഹം, ഒരു കൗപീനം ഒരു പുതപ്പ്, മുളവടി എന്നിവ ധരിക്കുന്നു. ഒരു പക്ഷെ അദ്ദേഹം ഒന്നും തന്നെ പുതയ്ക്കുന്നില്ലെങ്കിൽ ഭസ്മലേപനതത്പരനായിരിക്കുന്നു. അദ്ദേഹം സർവ്വത്യാഗിയാണ്.

തുരീയാതീത സംന്യാസി പശുവിനെപ്പോലെ ദൈവേച്ഛയാ കിട്ടുന്നതെന്തായാലും അതുകൊണ്ടു ജീവിതം നിർവഹിക്കുന്നു. അദ്ദേഹം ആരോടും ഒന്നും തന്നെ യാചിക്കുന്നില്ല. ഫലാഹാരം മാത്രമേ കഴിയ്ക്കുകയുള്ളു. അന്നാഹാരമാണെങ്കിൽ മൂന്നു വീടുകളിൽ നിന്നു മാത്രം അന്നം സ്വീകരിക്കുന്നു. അദ്ദേഹം ദേഹത്തെയല്ലാതെ മററൊന്നും സൂക്ഷിക്കുന്നില്ല. അവർ ദിഗംബരന്മാരായി, തങ്ങളുടെ ഇന്ദ്രിയങ്ങളെ നിർജ്ജീവങ്ങളെന്നപോലെ ചേഷ്ടാഹീനങ്ങളാക്കുന്നു.

അവധൂതൻ യാതൊരു വിധത്തിലുമുള്ള ബന്ധത്തെയും മാനിക്കുന്നില്ല. കളങ്കിതരും, പതിതന്മാരുമായ മനുഷ്യരെ ഒഴികെ മററുള്ളവരോടും യാതൊരു വിധമായ വർണ്ണാശ്രമഭേദത്തെയും പരിഗണിക്കാതെ അജഗരവൃത്തിയിൽ അന്നം സ്വീകരിച്ച് സ്വരൂപാനുസന്ധാനപരന്മാരായിരിക്കുന്നു.

18. ആതുരോ ജീവതി ചേത് ക്രമസംന്യാസഃ കർത്തവ്യഃ കുടീചക
ബഹൂദകഹംസാനാം ബ്രഹ്മചര്യാശ്രമാദിതുരീയാശ്രമവത്

കുടീചകാദീനാം സംന്യാസവിധിഃ.പരമഹംസാദിത്രയാണാം ന കടിസൂത്രം ന കൗപീനം ന വസ്ത്രം ന കമണ്ഡലുർ ന ദണ്ഡഃ സർവവർണ്ണൈക ഭൈക്ഷാടന പരത്വം ജാതരൂപധരത്വം വിധിഃ. സംന്യാസകാലേ/പ്യലംബുദ്ധിപര്യന്തമധീത്യ തദനന്തരം കടിസൂത്രം കൗപീനം ദണ്ഡം വസ്ത്രം കമണ്ഡലും സർവമപ്സു വിസൃജ്യാഥ ജാതരൂപധരശ്ചരേന്ന കന്ഥാവേശോ നാധ്യേതവ്യോ ന ശ്രോതവ്യ മന്യത് കിംചിത് പ്രണവാദന്യം ന തർക്കം പഠേന്ന ശബ്ദമപി ബൃഹത്ശബ്ദാൻ ന അധ്യാപയേന്ന മഹദ്വാചോ വിഗ്ലാപനം ഗിരാ പാണ്യാദിനാ സംഭാഷണം നാന്യസ്മാദ് വാ വിശേഷേണ ന ശൂദ്രസ്ത്രീപതിതോദക്യാ സംഭാഷണം ന യതേർ ദേവപൂജാ നോൽസവദർശനം തീർത്ഥയാത്രാവൃത്തിഃ.

ആതുരനായ വ്യക്തി സംന്യാസം സ്വീകരിച്ചതിനു ശേഷം മരിച്ചില്ലെങ്കിൽ അവൻ വിധി പ്രകാരം ക്രമസംന്യാസം സ്വീകരിക്കുകയാണ് ശ്രേയസ്കരമായിട്ടുള്ളത്. കുടീചകൻ, ബഹൂദകൻ, ഹംസൻ എന്നീ മൂന്നു വിധത്തിൽ പെട്ട സംന്യാസിമാർക്ക് ബ്രഹ്മചര്യം, ഗാർഹസ്ഥ്യം വാനപ്രസ്ഥം എന്നീ ക്രമമനുസരിച്ച് നാലാമത്തെ ആശ്രമമാണ് വിധിച്ചിട്ടുള്ളത്. പരമഹംസൻ, തുരീയാതീതൻ, അവധൂതൻ എന്നീ മൂന്നു വിധത്തിലുള്ള സംന്യാസിമാർ കടിസൂത്രം, ദണ്ഡം, കമണ്ഡലു, വസ്ത്രം മുതലായവയൊന്നും സൂക്ഷിക്കേണ്ട ആവശ്യമില്ല. അവക്ക് ദിഗംബരന്മാരായിത്തന്നെ സഞ്ചരിച്ച് എല്ലാ ജാതിയിലും പെട്ടവരുടെ ഗൃഹങ്ങളിൽനിന്നും ഭിക്ഷയാചിക്കുവാൻ സ്വാതന്ത്ര്യമുണ്ട്. സംന്യാസം സ്വീകരിക്കുമ്പോൾ ഞാൻ അധ്യയനം ചെയ്തിടത്തോളം പര്യാപ്തമാണ്, എന്ന നിശ്ചയം വരുന്നതുവരെ അദ്ധ്യയനം തുടരണം. അതിനുശേഷം കൗപീനവും കടിസൂത്രവും ജലത്തിൽ എറിയണം. ദിഗംബരനാണെങ്കിൽ അംഗവസ്ത്രം ധരിക്കരുത്. അധ്യയനം ചെയ്യുകയോ പ്രവചന കഥാദികൾ കേൾക്കുകയോ പ്രസംഗാദികൾ ശ്രവിക്കുകയോ പാടില്ല. പ്രണവത്തെ മാത്രം ജപിച്ചുകൊണ്ടിരിക്കണം. വാക്കിനെ അപവ്യയം ചെയ്യുന്നതു് നിരർത്ഥകമാണ്. സങ്കേതം കൊണ്ട് സംഭാഷണം ചെയ്യുന്നതും നിഷിദ്ധമാണ്. രജസ്വലയായ സ്ത്രീയോടു മറന്നിട്ടു പോലും സംസാരിക്കരുത്. തീർത്ഥാടനം, ദേവപൂജ, ഉത്സവദർശനം എന്നിവയും ഒരു യതിക്ക് അനാവശ്യമാണ്.

19. പുനർയതിവിശേഷഃ കുടീചകസ്യ ഏകത്ര ഭിക്ഷാ ബഹൂദകസ്യ അസംക്ലൃപ്തം മാധുകരം ഹംസസ്യ അഷ്ടഗൃഹേഷു അഷ്ടകവളം പരമഹംസസ്യ പഞ്ചഗൃഹേഷു കരപാത്രം ഫലാഹാരോ ഗോമുഖം തുരീയാതീതസ്യ അവധൂതസ്യ അജഗരവൃത്തിഃ സാർവവർണ്ണികേഷു യതിഃ ന ഏകരാത്രം വസേത് ന കസ്യാപി നമേത്. തുരീയാതീതാവധൂതയോർ ന ജ്യേഷ്ഠോ യോ ന സ്വരൂപജ്ഞഃ സ ജ്യേഷ്ഠോഽപി കനിഷ്ഠോ ഹസ്താഭ്യാം ന ദൃത്തരണം ന കുര്യാത് ന വൃക്ഷമാരോഹേത് ന യാനാധിരൂഢോ ന ക്രയവിക്രയപരോ ന കിംചിത് വിനിമയപരോ ന ദാംഭികോ നാനൃതവാദീ ന യതേഃ കിംചിത് കർത്തവ്യമസ്ത്യസ്തി ചേത് സാംകര്യം. തസ്മാൻ മനനാദൗ സംന്യാസിനാ മധികാരഃ.

ഇനി സംന്യാസിയുടെ ചില വിശിഷ്ട നിയമാനുഷ്ഠാനങ്ങളെപ്പറ്റി പരാമർശിക്കാം. കുടീചക സംന്യാസി ഒരിടത്തുനിന്നു മാത്രം ഭിക്ഷ സ്വീകരിക്കണം. ബഹൂദകൻ അനിശ്ചിതങ്ങളായ ഗൃഹങ്ങളിൽ നിന്നും ആഹാരം സ്വീകരിക്കണം. ഹംസസംന്യാസി എട്ടു ഗൃഹങ്ങളിൽ നിന്നും ഓരോ ഉരുളച്ചോറു മാത്രം ഭക്ഷിക്കുകയും വേണം. പരമഹംസൻ അഞ്ചുഗൃഹങ്ങളിൽ നിന്നും ആഹാരം സ്വീകരിക്കണം. അയാളുടെ കൈവശം പാത്രങ്ങളൊന്നും ഉണ്ടായിരിക്കരുത്. കൈ തന്നെയാണ് പാത്രം. തുരീയാതീതൻ പശുവിനെപ്പോലെ കിട്ടുന്നതെന്തായാലും അതു ഭക്ഷിച്ച് സന്തുഷ്ടനായി വസിക്കുന്നു. അതുപോലെ ദൈവേച്ഛയാ ലഭിക്കുന്നതിനെ സ്വീകരിച്ച് സന്തുഷ്ടനായിരിക്കണം. സംന്യാസി ആരുടെ വീട്ടിലും ഒരു രാത്രി വസിക്കരുത്. ആരെയും നമസ്കരിക്കുകയും ചെയ്യരുത്. തുരീയാതീതനിലും, അവധൂതനിലും വലിപ്പച്ചെറുപ്പഭേദമില്ല. പ്രായത്തിൽ കൂടിയവനായാലും സമനാണ് വലിയവനായാലും ആത്മജ്ഞാനശൂന്യൻ ചെറിയവൻതന്നെയാണ്. നദി നീന്തിക്കടക്കുക, വൃക്ഷത്തിൽ കയറുക, യാത്രയ്ക്കു വാഹനങ്ങൾ ഉപയോഗിക്കുക, ക്രയവിക്രയാദികൾ ചെയ്യുക, അഹംകാരിയായിരിക്കുക, അസത്യം പറയുക എന്നിവയെല്ലാം തന്നെ സംന്യാസിക്കു നിഷിദ്ധമാണ്. അവൻ കേവലം മനനം ചെയ്യുക മാത്രമാണ് വേണ്ടത്.

22. ആതുര കുടീചകയോർ ഭൂലോകോ ബഹൂദകസ്യ സ്വർഗ്ഗലോകോ ഹംസസ്യ തപോലോകഃ പരമഹംസസ്യ സത്യലോകഃ തുരീ

തുരീയാതീതാവധൂതയോഃ സ്വാത്മന്യേവ കൈവല്യം സ്വരൂപാനുസന്ധാനേന ഭ്രമരകീടന്യായവത്.

യം യം വാപി സ്മരൻ ഭാവം ത്യജത്യന്തേ കളേബരം
തം തമേവ സമാപ്നോതി നാന്യഥാ ശ്രുതിശാസനം.

അതുര സംന്യാസിയും കടീചക സംന്യാസിയും ഭൂലോകത്തെയും ഭുവർലോകത്തെയും പ്രാപിക്കുന്നു. ബഹൂദകൻ സ്വർഗ്ഗലോകത്തെയും, ഹംസൻ തപോലോകത്തെയും, പരമഹംസൻ സത്യലോകത്തെയും പ്രാപിക്കുന്നു. തുരീയാതീതനും അവധൂതനും സ്വാത്മാവിൽ തന്നെ കൈവല്യപ്രാപ്തിയ്ക്ക് അധികാരികളായിത്തീരുന്നു. ഭ്രമരകീടത്തെപ്പോലെ സ്വരൂപാനുസന്ധാനം ചെയ്യുന്ന ഈ രണ്ടു കൂട്ടരും, സ്വരൂപത്തെത്തന്നെ പ്രാപിക്കുന്നു. മനുഷ്യൻ തന്റെ അന്തിമഘട്ടത്തിൽ ഏതു ഭാവത്തെയാണോ ചിന്തിക്കുന്നത്, അവൻ അതേരൂപത്തെത്തന്നെ പ്രാപിക്കുന്നു എന്ന ശ്രുതി ശാസനം യഥാർത്ഥം തന്നെയാണ്.

23. തദേവം ജ്ഞാത്വാ സ്വരൂപാനുസന്ധാനം വിനാ അന്യഥാ ആചാരപരോ ന ഭവേത്തദാചാരവശാത്തത്തല്ലോക പ്രാപ്തിഃ ജ്ഞാനവൈരാഗ്യ സംപന്നസ്യ സ്വസ്മിന്നേവ മുക്തരിതി ന സർവത്രാചാര പ്രസക്തിഃ തദാചാരഃ ജാഗ്രത് സ്വപ്ന സുഷുപ്തിഷു ഏകശരീരസ്യ ജാഗ്രത് കാലേ. വിശ്വഃ സ്വപ്ന കാലേ തൈജസഃ സുഷുപ്തികാല പ്രാജ്ഞഃ അവസ്ഥാഭേദാദവസ്ഥ ഈശ്വര ഭേദഃ. കാര്യഭേദാത് കാരണ ഭേദഃ താസു ചതുർദശ കരണാനാം ബാഹ്യവൃത്തയോഽന്തർവൃത്തയഃ തേഷാം ഉപാദാന കാരണം. വൃത്തയഃ ചത്വാരഃ മനോബുദ്ധിരഹംകാരശ്ചിത്തം ചേതി തത്തദ്വൃത്തി വ്യാപാരഭേദേന പൃഥ ഗാചാര ഭേദഃ.

ഇപ്രകാരമെല്ലാം മനസ്സിലാക്കിയിട്ട് സ്വരൂപാനുസന്ധാനത്തെ ഉപേക്ഷിച്ച് മററുവിഷയത്തിൽ പ്രവർത്തകനാകരുത്. വിഭിന്നാചരണങ്ങളുടെ ഫലമായി തദനുസരണം ലോകങ്ങളെ പ്രാപിക്കേണ്ടി വരുന്ന. ജ്ഞാനവൈരാഗ്യസമ്പന്നനായ സംന്യാസിയുടെ മുക്തി തന്നിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്, തന്റെ ആചരണങ്ങളിൽ നിന്നും ഭിന്നങ്ങളായ മററാചാരങ്ങളിലേക്ക് വ്യതിചലിക്കാതിരിക്കുകയാണ് ശ്രേയസ്കരം. ജാഗ്രത്, സ്വപ്നം സുഷുപ്തി

എന്നീ മൂന്നവസ്ഥകളിലും അന്യാംക്ക് സമാന ഭാവമാണുള്ളതു്. അതിനെത്തന്നെയാണ്, ജാഗ്രദവസ്ഥയിൽ വിശ്വം എന്നും, സ്വപ്നാവസ്ഥയിൽ 'തൈജസം'എന്നും സുഷുപ്തിയിൽ പ്രാജ്ഞം എന്നു പറയുന്നതു്, അവസ്ഥാഭേദങ്ങളാൽ സാധകനിലും വിഭിന്ന ഭാവങ്ങൾ ഉണ്ടാകുന്നു കാര്യഭേദം തന്നെയാണ് കാരണഭേദം പതിന്നാലു കരണങ്ങളുള്ള ബാഹ്യവും, ആന്തരികവുമായ വൃത്തികൾക്ക കാരണം ഒന്നു തന്നെയാണ് മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം, ഇവനാലും. ബാഹ്യവൃത്തികൾ എന്നു പറയപ്പെടുന്നു. എല്ലാ വൃത്തികളുടെയും സ്വഭാവാനുകൂലമായ ആചരണം കൊണ്ട് ഭേദം ഉത്പന്നമാകുന്നു

25. നേത്രസ്ഥം ജാഗരിതം വിദ്യാത് കണ്ഠേ സ്വപ്നം സമാവിശത്,സുഷുപ്തം ഹൃദയസ്ഥം തു തുരീയം മൂർദ്ധ്നി സംസ്ഥിതം.

ജാഗ്രദവസ്ഥയിൽ വിശ്വം നേത്രത്തിലും സ്വപ്നാവസ്ഥയാൽ തൈജസം കണ്ഠത്തിലും സുഷുപ്താവസ്ഥയിൽ പ്രാജ്ഞം ഹൃദയത്തിലും, തുരീയം മൂർദ്ധാവിലും സ്ഥിതിചെയ്യുന്നു.

26 തുരീയം അക്ഷരമിതി ജ്ഞാത്വാ ജാഗരിതേ സുഷുപ്ത്യവസ്ഥാപന്ന ഇവ യദ്യത്ശ്രുതം യദ്യദ് ദൃഷ്ടം തത് സർവം അവിജ്ഞാതമിവയോ വസേത്തസ്യ സ്വപ്നാവസ്ഥായാമപി താദൃഗവസ്ഥാ ഭവതി. സ ജീവന്മുക്ത ഇതി വദന്തി. സർവശ്രുത്യർഥ പ്രതിപാദനമപി തസ്യൈവ മുക്തിരിതി. ഭിക്ഷുഃ ന ഐഹികാമുഷ്മികാപേക്ഷഃ. യദ്യപി അപേക്ഷാസ്തി തദനുരൂപോ ഭവതി. സ്വരൂപാനുസന്ധാ ന വ്യതിരിക്താന്യ ശാസ്ത്രാഭ്യാസൈരുഷ്ട്രാ കുങ്കുമഭാരവത് വ്യർഥാ. ന യോഗശാസ്ത്രപ്രവൃത്തിഃ ന സാംഖ്യശാസ്ത്രാഭ്യാസോന മന്ത്രതന്ത്ര വ്യാപാരഃ ഇതര ശാസ്ത്രപ്രവൃത്തിഃ യതേരസ്തിചേത് ശവാലംകാരവത് ചർമ്മകാരവദതി വിദൂരകർമ്മാചാര വിദ്യാ ദൂരോ ന പ്രണവകീർത്തനപരോ യദ്യത് കർമ്മ കരോതി തത്തത് ഫലമനുഭവതി ഏരണ്ഡതൈലഫേനവദതഃ സർവംപരിത്യജ്യ തത്പ്രസക്തം മനോദണ്ഡം കരപാത്രം ദിഗംബരം ദൃഷ്ട്വാ പരിവ്രജേദ് ഭിക്ഷുഃ. ബാലോന്മത്ത പിശാചവന്മരണം ജീവിതം വാ ന കാംക്ഷേത കാലമേവ പ്രതീക്ഷേത നിർദേശഭൃതകന്യായേന പരിവ്രാഡിതി,

ജാഗ്രദാദ്യവസ്ഥകളെ പ്രകാശിപ്പിക്കുന്ന തുരീയസ്വരൂപമായ അക്ഷര ബ്രഹ്മം ഞാൻ തന്നെയാണ് എന്നറിയുന്ന പുരുഷൻ ജാഗ്രദവസ്ഥയിലും സുഷുപ്താവസ്ഥയിലെ പ്രവൃത്തികൾ തന്നെയാണ് ചെയ്യുന്നത്. അയാൾ കേട്ടതും കണ്ടതുമായ വസ്തുക്കളെ കേൾക്കാത്തതിനും കാണാത്തതിനും തുല്യമായി കരുതുന്നു. അവൻ തന്റെ സ്വപ്നാവസ്ഥയിലും തദ്രൂപമായിത്തന്നെ ഇരിക്കുന്നു. ഇങ്ങനെയുള്ള പുരുഷനെ ജ്ഞാനികൾ ജീവന്മുക്തനെന്നുപറയുന്നു. എല്ലാ ശ്രുതികളും അവന്റെ മുക്തിയെപ്പററിത്തന്നെയാണ് പ്രതിപാദിക്കുന്നത്. സംന്യാസിക്ക് ഐഹിക വിഷയങ്ങളിൽ യാതൊരാഗ്രഹവും ഇല്ല. അവൻ പാരത്രികമായ വിഷയങ്ങളെപ്പോലും കാമിക്കുന്നില്ല. അവന് ...സ്സനുസരണം ആയിത്തീരേണ്ടിവരുന്നു. സ്വസ്വരൂപാനുസന്ധാനത്തെ വെടിഞ്ഞു മററു ശാസ്ത്രങ്ങളുടെ അഭ്യാസത്തിനൊരുമ്പെടുന്നത് ഒട്ടകത്തിന്റെ പുറത്ത് കയററിയ കുങ്കുമ ഭാണ്ഡത്തെപ്പോലെ നിരർത്ഥകമാണെന്നു മനസ്സിലാക്കണം. അവൻ യോഗശാസ്ത്രത്തിലോ സാംഖ്യശാസ്ത്രത്തിലോ പ്രവർത്തകനാകേണ്ട ആവശ്യമില്ല. മന്ത്രതന്ത്രാദികളിൽ പെടുന്നതും അവന് നിഷിദ്ധമാണ്. മററു ശാസ്ത്രാഭ്യസനം ഒരു സംന്യാസിക്ക് ശവശരീരത്തിലണിയിക്കുന്ന ആഭൂഷണങ്ങൾക്കു തുല്യമാണെന്നു മനസ്സിലാക്കണം. ചർമ്മകാരനെപ്പോലെ ദൂരെ ഇരുന്നു കൊണ്ട് കർമ്മം വിദ്യ, ആചാരം, മുതലായവയിൽ നിന്നും അകന്നിരിക്കണം. ഉച്ചസ്വരത്തിൽ പ്രണവത്തെ ഉച്ചരിക്കുകയും അരുത്. മനുഷ്യൻ താൻ ചെയ്തിട്ടുള്ള കർമ്മങ്ങളെയും, ആവണക്കെണ്ണയിലെ നുരയെ എന്നപോലെ നിസ്സാരമായിക്കരുതി ഉപേക്ഷിക്കണം. ഒരു സംന്യാസിയുടെ പരമമായ ലക്ഷ്യം ആത്മവിചിന്തനം തന്നെയാണ്. ദിഗംബര സംന്യാസി ആദർശത്തിനനുരൂപമായി പ്രവർത്തിക്കണം. അവൻ ബാലകൻ, ഭ്രാന്തൻ, പിശാച് എന്നിവരെപ്പോലെ ജീവിതത്തെയോ മരണത്തെയോ കാംക്ഷിക്കരുത്. ഭൃത്യൻ തന്റെ യജമാനന്റെ ആജ്ഞ അനുസരിക്കുകയാണ് തന്റെ കർത്തവ്യം എന്നു കരുതുന്നു. അതുപോലെതന്നെ കാലം വരുമ്പോൾ പോകും. എന്നീവിധം ഇച്ഛാനിച്ഛകൾ പ്രകടിപ്പിക്കരുത്.

27. തിതിക്ഷാ ജ്ഞാനവൈരാഗ്യ ശമാദി ഗുണവർജിതഃ
ഭിക്ഷാമാത്രേണ ജീവീ സ്യാ യതിർയതിവൃത്തിഹാ.

28. നദണ്ഡധാരേണ ന മുണ്ഡനേന ന വേഷേണ
ന ദംഭാചാരേണ മുക്തിഃ.

29. ജ്ഞാന ദണ്ഡോ ധൃതോ യേന ഏക ദണ്ഡീ സ ഉച്യതേ
കാഷ്ഠദണ്ഡോ ധൃതോ യേന സർവാശീ ജ്ഞാനവർജ്ജിതഃ.

30. സയാതി നരകാൻ ഘോരാൻ മഹാരൗരവസംജ്ഞിതാൻ
പ്രതിഷ്ഠാ സൂകരീവിഷ്ഠാ സമാ ഗീതാ മഹർഷിഭിഃ.
തസ്മാദേനാം പരിത്യജ്യ കീടവത് പര്യടേത് യതിഃ.

31. അയാചിതം യഥാലാഭം ഭോജനാച്ഛാദനം ഭവേത്
പരേച്ഛയാ ച ദിഗ്വാസാഃ സ്നാനം കുര്യാത് പരേച്ഛയാ.

32. സ്വപ്നേപി യോ ഹിയുക്തഃ സ്യാജ്ജാഗ്രതീവ വിശേഷതഃ
ഈ ദൃക്ചേഷ്ടഃ സ്മൃതഃ ശ്രേഷ്ഠോ വരിഷ്ഠോ
ബ്രഹ്മവാദിനാം.

33. അലാഭേ ന വിഷാദീ സ്യാല്ലാഭേ ചൈവ ന ഹർഷയേത്.
പ്രാണയാത്രികമാത്രഃ സ്യാൻ മാത്രാ സംഗാദ്വിനിർഗതഃ.

34. അഭിപൂജിതലാഭാംശ്ച ജുഗുപ്സേനൈവ സർവശഃ
അഭിപൂജിതലാഭൈസ്തു യതിർഭുക്തോഽപി ബധ്യതേ.

സംന്യാസി തിതിക്ഷ, ജ്ഞാനം, വൈരാഗ്യം, ശമം, ദമം മുതലായ ശ്രേഷ്ഠ ഗുണങ്ങളെ പാലിക്കണം. ഈ ഗുണങ്ങളെ വെടിഞ്ഞു കേവലം ഭിക്ഷാവൃത്തികൊണ്ട് ഉദരപൂരണം നടത്തുന്നവൻ സംന്യാസവൃത്തിയെ നശിപ്പിക്കുന്നവനാണ്. കേവലം, ശിരോമുണ്ഡനം കൊണ്ടോ, ദണ്ഡധാരിയായതുകൊണ്ടോ മോക്ഷം ലഭിക്കുകയില്ല. ആരുടെ കൈവശം ജ്ഞാനമാകുന്ന ദണ്ഡമുണ്ടോ അവനാണ് ദണ്ഡി. മനസ്സിൽ സർവ്വവിധമായ ഇച്ഛകളും ജാഗ്രത്തായിരിക്കവേ, ജ്ഞാനാഭാവമുണ്ടായിരിക്കേ, മുളവടി ധരിച്ച്, ആഡംബരം കാണിക്കുന്ന മനുഷ്യൻ ഘോരനരകത്തിന് അധികാരിയായിത്തീരുന്നു. മഹർഷിമാർ, കീർത്തിയെ സൂകരീമലത്തെപ്പോലെ വെറുക്കപ്പെടേണ്ടതാണെന്നു പറയുന്നു. അതുകൊണ്ട് ഒരു സംന്യാസിയുടെ കർത്തവ്യം ആദ്യമായി ഈ പ്രതിഷ്ഠയെ ഉപേക്ഷിക്കുക എന്നുള്ളതാണ്. അതിനുശേഷം കീടത്തെപ്പോലെ അഭിമാന രഹിതനായി സഞ്ചരിക്കണം. ദിഗംബര സംന്യാസി ആരോടും ഒന്നും ആവശ്യപ്പെടരുത്. സ്വമേധയാ കിട്ടുന്നതുകൊണ്ടു കാലയാപനം ചെയ്യണം. അവൻ മററുള്ളവർ പറഞ്ഞതിനുശേഷമേ സ്നാനം ചെയ്യാവൂ. വസ്ത്രവും ധരിക്കാവൂ. സ്വപ്നത്തിൽ ജാഗ്രദവസ്ഥയിലെന്നപോലെ ഏററവും സൂക്ഷ്മതയോടുകൂടി തദനുസരണം പ്രവർത്തിക്കണം. ഇങ്ങനെയുള്ളവൻ ബ്രഹ്മജ്ഞാനികളിൽ സർവശ്രേഷ്ഠനെന്നു പറയപ്പെടുന്നു. ഭിക്ഷകിട്ടാതിരിയ്ക്കുമ്പോൾ ദുഃഖിക്കുകയോ കിട്ടുമ്പോൾ സന്തോഷിക്കുകയോ ചെയ്യരുത്. ജീവസന്ധാര

ണാൎത്ഥം മാത്രം ഭിക്ഷ സ്വീകരിക്കണം. ബഹുമാന ലബ്ധിയിൽ ഉദാസീന നായിരിക്കണം. എന്തെന്നാൽ മാനാപമാനങ്ങളോടു കൂടിയ ശബ്ദങ്ങളിൽ ആസക്തനായിരിക്കുന്ന സംന്യാസി മുക്തനായാലും ബന്ധനത്തിൽ അകപ്പെടുന്നു.

35. പ്രാണയാത്രാനിമിത്തം ച വ്യംഗാരേ, ഭുക്തവജ്ജനേ
കാലേ പ്രശസ്തേ വർണ്ണാനാം ഭിക്ഷാൎത്ഥം പര്യടേത് ഗൃഹാൻ.

36. പാണിപാത്രശ്ചരൻ യോഗീ നാസകൃദ്ഭൈക്ഷമാചരേത്
തിഷ്ഠൻ ഭുഞ്ജ്യാത് ചരൻ ഭുഞ്ജ്യാത് മധ്യേനാചമനം തഥാ.

37. അബ്ധിവത് ധൃതമര്യാദാ ഭവന്തി വിശദാശയാഃ
നിയതിം ന വിമുഞ്ചന്തി മഹാന്തോ ഭാസ്കരാ ഇവ.

38. ആസ്യേന തു യദാഹാരം ഗോവൻ മൃഗയതേ മുനിഃ
തദാ സമഃസ്യാത് സർവേഷു സോ/മൃതത്വായ കല്പതേ.

39. അനിന്ദ്യം വൈ വ്രജേദ്ഗേഹം നിന്ദ്യം ഗേഹം തു വജ്ജയേത്
അനാവൃതേ വിശേദ്വാരി ഗേഹേ നൈവാവൃതേ വ്രജേത്.

40. പാംസുനാ ച പ്രതിച്ഛന്ന ശൂന്യാഗാരപ്രതിശ്രയഃ
വൃക്ഷമൂലനികേതോ വാ ത്യക്തസർവപ്രിയാപ്രിയഃ.

സംന്യാസി ഉത്തമ ജാതിയിൽ പെട്ട ഗൃഹസ്ഥന്മാരുടെ വീടുകളിൽ നിന്നു മാത്രമേ ഭിക്ഷ സ്വീകരിക്കാവൂ. അടുപ്പിലെ തീ അണഞ്ഞു പോകുകയോ എല്ലാവരും ആഹാരം കഴിക്കുകയോ ചെയ്തതിനുശേഷമേ ഭിക്ഷയാചിക്കാവൂ. ഭിക്ഷ യാചിക്കുന്നത് കേവലം ജീവിത നിർവഹണത്തിനു മാത്രമായിരിക്കണം. തങ്ങളുടെ കൈകളെത്തന്നെ ഭിക്ഷാപാത്രമാക്കി സഞ്ചരിക്കുന്ന സംന്യാസിമാർ വീണ്ടും വീണ്ടും ഭിക്ഷയാചിക്കരുത്. ഒരു തവണ എന്തുകിട്ടിയാലും അതിനെ നിന്നുകൊണ്ടോ നടന്നു കൊണ്ടോ ഭക്ഷിക്കണം. കൈയിലിരിക്കുന്ന ആഹാരം തിന്നുതീർന്നതിനുശേഷമേ വെള്ളം കുടിക്കാവൂ. സംന്യാസി സമുദ്രത്തെപ്പോലെ മര്യാദിതനായിരിക്കണം. അവർ മഹാശയന്മാരും ആദിത്യനെപോലെ നിശ്ചിതമായ മാർഗ്ഗത്തിൽ കൂടി സഞ്ചരിക്കുന്നവരും ആകുന്നു. അതുപോലെ അവർ നിയതമായ മാർഗ്ഗത്തെ സംരക്ഷിക്കുകയും വേണം. ഗോമുഖത്തെപ്പോലെ പ്രവർത്തിക്കുമ്പോൾ അവൻ എല്ലാ പ്രാണികളെയും സമാനഭാവത്തിൽ കാണുന്നു. അപ്പോൾ അവൻ അമൃതത്വത്തെ പ്രാപിക്കുന്നു. നിന്ദിതന്മാരുടെ ഗൃഹങ്ങളിൽ നിന്നും ഭിക്ഷ സ്വീകരിക്കരുത്. അനിന്ദിതന്മാരുടെയും ഉത്തമ

ന്മാരായ ഗൃഹസ്ഥന്മാരുടെയും ഗൃഹങ്ങളിൽ നിന്നു മാത്രമേ ഭിക്ഷ സ്വീകരിക്കാവൂ. കവാടം ബന്ധിച്ചിരിക്കുന്ന വീട്ടിൽ പോകരുത്. പൊടി കൊണ്ടു നിറഞ്ഞ നിർജ്ജനഗൃഹത്തിലോ വൃക്ഷച്ചുവട്ടിലോ നിവസിക്കണം. സംന്യാസി നന്മയെന്നോ തിന്മയെന്നോ ഉള്ള ഭേദബുദ്ധിയെ ഉപേക്ഷിക്കണം.

41. യത്രാസ്തമിതശായീസ്യാന്നിരഗ്നിരനികേതനഃ
യഥാലബ്ധോപജീവീസ്യാന്മുനിർ ദാന്തോ ജിതേന്ദ്രിയഃ.
42. നിഷ്ക്രമ്യ വനമാസ്ഥായ ജ്ഞാനയജ്ഞോ ജിതേന്ദ്രിയഃ
കാലകാംക്ഷീ ചരന്നേവ ബ്രഹ്മഭൂയായ കല്പതേ.
43. അഭയം സർവഭൂതേഭ്യോ ദത്വാ ചരതി യോ മുനിഃ.
ന തസ്യ സർവഭൂതേഭ്യോ ഭയമുത്പദ്യതേ ക്വചിത്.
44. നിർമ്മാനശ്ചാനഹംകാരോ നിർദ്വന്ദ്വശ്ഛിന്നസംശയഃ
നൈവ ക്രുദ്ധ്യതി നദ്വേഷ്ടി നാനൃതം ഭാഷതേഗിരാ.
45. പുണ്യായതനചാരീ ച ഭൂതാനാമവിഹിംസകഃ
കാലേ പ്രാപ്തേ ഭവദ്ഭൈക്ഷം കല്പ്യതേ ബ്രഹ്മഭൂയസേ.
46. വാനപ്രസ്ഥഗൃഹസ്ഥാഭ്യാം ന സംസൃജ്യേത കർഹിചിത്
അജ്ഞാതചര്യാം ലിപ്സേത ന ചൈനം ഹർഷ
ആവിശേത്.
അധ്വാ സൂര്യേണനിർദിഷ്ടഃ കീടവദ്വിചരേൻ മഹീം.

എവിടെയാണോ സൂര്യൻ അസ്തമിക്കുന്നത് അവിടെ ഉറങ്ങണം. തനിക്കു വേണ്ടി ഗൃഹാദികൾ നിർമ്മിക്കുകയോ അഗ്നിയെ സൂക്ഷിക്കുകയോ ചെയ്യരുത്. എന്താണോ കിട്ടുന്നത് അതിനെ ഭക്ഷിച്ച് സന്തുഷ്ടചിത്തനായി മനസ്സിനേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിച്ചു കൊണ്ടിരിക്കണം. ഗൃഹത്തെ ഉപേക്ഷിച്ച് വനത്തിൽ വസിക്കണം. സംയതേന്ദ്രിയനായി ജ്ഞാനസംപൂർണ്ണനായി, സഞ്ചരിക്കുകയും, കാലത്തെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും വേണം. ഇങ്ങനെയുള്ള സംന്യാസി തീർച്ചയായും ബ്രഹ്മഭാവത്തെ പ്രാപിക്കുക തന്നെ ചെയ്യുന്നു. സർവ്വപ്രാണികൾക്കും അഭയത്തെ പ്രദാനം ചെയ്തുകൊണ്ടു സഞ്ചരിക്കുന്നവനു ഒരു പ്രാണിയിൽ നിന്നും ഒരിക്കലും ഭയം ഉണ്ടാകുന്നതല്ല. പ്രതിഷ്ഠ, അഹംകാരം എന്നിവയെ വെടിഞ്ഞു ദ്വന്ദ്വാതീതനായി, മാനസികമായ സർവ്വ സംശയങ്ങളെയും ദൂരികരിച്ച് ക്രോധദ്വേഷാദിരഹിതനായി, അസത്യംപറയാതെ, ശ്രേഷ്ഠമാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ച്, എന്നു

കിട്ടുന്നോ അതിൽ സന്തുഷ്ടചിത്തനായി. അഹിംസയെ പരിപൂർണ്ണമായും പരിപാലിക്കുന്ന സംന്യാസി ബ്രഹ്മഭാവത്തെ പ്രാപിക്കുവാൻ പൂർണ്ണമായ അധികാരമുള്ളവനാകുന്നു. സംന്യാസിക്ക് വാനപ്രസ്ഥനോടും ഗൃഹസ്ഥനോടും സംസർഗ്ഗം പാടില്ല. തന്റെ ജീവിതചര്യകളെ കഴിയുന്നിടത്തോളം രഹസ്യമായി സൂക്ഷിക്കണം. അയാരാ ഒരിക്കലും ഹർഷാവേശഭരിതനാകരുത്. കീടത്തെപ്പോലെ ശാന്തനായി, സൂര്യനാൽ പ്രകാശിപ്പിക്കപ്പെട്ട മാർഗ്ഗത്തിൽ കൂടി സഞ്ചരിക്കണം.

47. ആശീർയുക്താനി കർമ്മാണി ഹിംസായുക്താനി യാനി ച
ലോകസംഗ്രഹയുക്താനി നൈവകുര്യാന്നകാരയേത്.
48. നാസത്ശാസ്ത്രേഷു സജ്ജേത നോപജീവേത ജീവികാം
അതിവാദാംസ്ത്യജേത്തർക്കാൻ പക്ഷം കംചന നാശ്രയേത്.
49. നശിഷ്യാനനുബധ്നീത ഗ്രന്ഥാന്നൈവാഭ്യസേദ് ബഹൂൻ.
നവ്യാഖ്യാമുപയുഞ്ജീത നാരംഭാനാരഭേത് കദാചിത്.
50. അവ്യക്തലിംഗോ ഽവ്യക്താർത്ഥോ മുനിരുന്മത്തബാലവത്,
കവിർമൂകവദാത്മാനം തദ്ദൃഷ്ട്യാ ദർശയേന്നൃണാം.
51. നകുര്യാന്നവദേത് കിഞ്ചിത് നധ്യായേത് സാധ്വസാധു വാ
ആത്മാരാമോ ഽനയാ വൃത്ത്യാ വിചരേജ്ജഡവന്മുനിഃ.
52. ഏകശ്ചരേന്മഹീമേതാം നിഃസംഗഃ സംയതേന്ദ്രിയഃ
ആത്മക്രീഡ ആത്മരതിരാത്മവാൻ സമദർശനഃ.
53. ബുധോ ബാലകവത് ക്രീഡേത് കുശലോ ജഡവച്ചരേത്
വദേദുന്മത്തവദ്വിദ്വാൻ ഗോചര്യാം നൈഗമശ്ചരേത്,
54. ക്ഷിപ്തോ ഽവമാനിതോ ഽസദ്ഭിഃ പ്രലബ്ധോ ഽസൂയിതോ ഽപിവാ
താഡിതഃ സംനിരുദ്ധോ വാ വൃത്ത്യാ വാ പരിഹാപിതഃ.
55. വിഷ്ഠിതോ മൂത്രിതോ വാജ്ഞൈർ ബഹുധൈവം പ്രകമ്പിതഃ.
ശ്രേയസ്കാമഃ കൃച്ഛ്രഗത ആത്മനാത്മാനമുദ്ധരേത്.
56. സംമാനനം പരാം ഹാനിം യോഗർദ്ധേ കുരുതേ യതഃ
ജനേനാവമതോ യോഗീ യോഗസിദ്ധിം ച വിന്ദതി.
57. തഥാ ചരേത വൈ യോഗീ സതാം ധർമ്മമദൂഷയൻ
ജനാ യഥാവമന്യേരൻ ഗച്ഛേയുർനൈവ സംഗതിം.

58. ജരായുജാണ്ഡജാദീനാം വാങ്മനഃ കായകർമ്മഭിഃ
യുക്തഃ കുർവീത ന ദ്രോഹം സർവസംഗാംശ്ച വർജ്ജയേത്.

സംന്യാസി കാമന, ഹിംസ, പ്രാപഞ്ചികങ്ങളായ വസ്തുക്കളെ സംഗ്രഹിക്കുവാനുള്ള മോഹം, എന്നിവയെ സംബന്ധിക്കുന്ന കർമ്മങ്ങളെ പരിത്യജിക്കുകയും മററുള്ളവരെക്കൊണ്ടു് ചെയ്യിക്കാതിരിക്കുകയും വേണം. സത്യരഹിതമായ ശാസ്ത്രങ്ങളിൽ മനസ്സിനെ നയിക്കരുതു്. ജീവിതോപാർജ്ജനത്തിനായി ക്രയവിക്രയമോ, വ്യവസായമോ, വാണിജ്യമോ ചെയ്യരുതു്. ആരോടും ആവശ്യത്തിലധികം സംസാരിക്കരുതു്. രണ്ടു പക്ഷങ്ങൾ തമ്മിൽ ഉണ്ടാകുന്ന വിവാദപരമായ വിഷയങ്ങളിൽ ആരുടെയും പക്ഷത്തു ചേരരുതു്. ശിഷ്യന്മാരെ ശേഖരിക്കരുതു്. അനേകം ഗ്രന്ഥങ്ങൾ അധ്യയനം ചെയ്യരുതു്. ഒരു ഗ്രന്ഥത്തിനും വ്യാഖ്യാനം ചമച്ചുകൊണ്ടു സ്വപക്ഷത്തെ സ്ഥാപിക്കുവാനുള്ള വടംവലിയിൽ നിന്നും ഒഴിഞ്ഞിരിക്കണം. വിഭിന്നങ്ങളായ പദ്ധതികൾ മുഖേന തന്റെ പ്രസിദ്ധിയെ വർദ്ധിപ്പിക്കരുതു്. തന്റെ ആശ്രമത്തിനു് വിശേഷമായ യാതൊരു ചിഹ്നവും സ്ഥാപിക്കരുതു്. അന്യരുടെ മുമ്പിൽ ഉന്മത്തനെപ്പോലെയോ ബാലകനെപ്പോലെയോ അജ്ഞാനിയാണെന്നു ഭാവിക്കണം. വിദ്വാനാണെങ്കിലും ഊമയെപ്പോലെ മൗനാവലംബിയായിരിക്കണം. മററുള്ളവരുടെ ഭാവം എന്താണോ, അവരുടെ മുമ്പിൽ അതേഭാവം പ്രകടിപ്പിക്കണം. നന്മതിന്മകളെപ്പററിയുള്ള ചിന്തകൾക്കു് മനസ്സിൽ പ്രവേശനം കൊടുക്കരുതു്. ഒരു കർമ്മവും അനുഷ്ഠിക്കാതെ മൗനിയായിരിക്കണം. ആത്മാരാമനായി സർവ്വത്ര ജഡത്തെപ്പോലെ ശാന്തനായി, സംയതേന്ദ്രിയനായിരിക്കണം. വാസനയെ പരിത്യജിച്ചു് ഭൂമിയിൽ ഏകനായി സഞ്ചരിക്കണം, ആരേയും കൂട്ടുകാരനാക്കരുതു്. സമദർശിയായി, ബാലകനെപ്പോലെ പെരുമാറണം. സർവ്വകാര്യകുശലനായിരുന്നാലും അജ്ഞാനിയെപ്പോലെ പ്രവർത്തിക്കണം. വേദജ്ഞനായിരുന്നാലും പശുവിനെപ്പോലെ നിർവികാരനായിരിക്കണം. എപ്പോഴും ഉന്മത്തനെപ്പോലെ സംഭാഷണം ചെയ്യണം. ദുഷ്ടന്മാർ നിമിത്തം ഉണ്ടാകുന്ന അവമാനം, മിഥ്യാരോപം, കളങ്കം എന്നിവയെ ശാന്തചിത്തനായി സഹിക്കണം. അവർ ഒരു പക്ഷെ അടിക്കുകയോ പിടിച്ചു കെട്ടുകയോ കാര്യ-കലാപങ്ങൾക്കു് പ്രതിബന്ധമുണ്ടാക്കുകയോ ചെയ്താലും അശാന്തനാകരുതു്. അജ്ഞാനികൾ ദേഹത്തു് തുപ്പുകയോ മലമൂത്രാദികൾ വിസർജ്ജിക്കുകയോ മററു തരത്തിൽ ഉപദ്രവിക്കുകയോ ചെയ്താലും അതെല്ലാം സഹിക്കണം. സങ്കടങ്ങളെ നേരിടേണ്ടിവരുമ്പോൾ ആത്മോദ്ധാരണാർത്ഥം പ്രയത്നിക്കണം. മററു

ള്ളവരിൽ നിന്നും ലഭിച്ച ബഹുമാനം തപോപാർജ്ജനത്തിനു് ഹാനികരമാണ്. എന്നാൽ അപമാനിതനായ സന്യാസി അതിവേഗം തന്റെ ലക്ഷ്യത്തിൽ എത്തിചേരുന്നു. സംന്യാസി (വിപരീതമായ ഒരുവിധത്തിലുമുള്ള) ആവരണങ്ങളാൽ സംന്യാസ ധർമ്മത്തെ കളങ്കപ്പെടുത്തരുത്. ആളുകളും അവനോട് സമ്പർക്കം പുലർത്താൻ ആഗ്രഹിക്കാത്തവിധം അവരോട് പെരുമാറണം. അല്ലെങ്കിൽ അവർ അപമാനിച്ചു കൊണ്ടിരിക്കട്ടെ. വാക്ക്, മനസ്സ്, ശരീരം, കർമ്മം എന്നിവ മുഖേന, ഒരു പ്രാണിയോടും വിദ്വേഷം ഭാവിക്കരുത്. സർവ്വ വിധത്തിലുമുള്ള വാസനകളേയും സംന്യാസി ഉപേക്ഷിക്കണം.

59. കാമക്രോധൗ തഥാ ദർപ്പ ലോഭ മോഹാദയശ്ച യേ
താംസ്തു ദോഷാൻ പരിത്യജ്യ പരിവ്രാഡ് ഭയവർജിതഃ.

60. ഭൈക്ഷാശനം ച മൗനിത്വം തപോ ധ്യാനം വിശേഷതഃ
സമ്യഗ്ജ്ഞാനം ച വൈരാഗ്യം ധർമ്മോഽയം ഭിക്ഷുകേ മതഃ.

61. കാഷായവാസാഃ സതതം ധ്യാനയോഗപരായണഃ
ഗ്രാമാന്തേ വൃക്ഷമൂലേ വാ വസേദ്ദേവാലയേഽപി വാ.

62. ഭൈക്ഷേണ വർത്തയേന്നിത്യം നൈകാന്നാശീ ഭവേത് കചചിത്,
ചിത്തശുദ്ധിർഭവേദ്യാവത്താവന്നിത്യം ചരേത് സുധീഃ.

63. തതഃ പ്രവ്രജ്യ ശുദ്ധാത്മാ സംചരേദ്യത്ര കുത്രചിത്
ബഹിരന്തശ്ച സർവത്ര സംപശ്യൻ ഹി ജനാർദ്ദനം,

64. സർവത്ര വിചരേൻ മൗനീ വായുവദ് വീതകല്മഷഃ
സമദുഃഖസുഖഃ ക്ഷാന്തോ ഹസ്തപ്രാപ്തം ച ഭക്ഷയേത്.

65. നിർവൈരേണ സമം പശ്യൻ ദ്വിജഗോഽശ്വ മൃഗാദിഷു
ഭാവയൻ മനസാ വിഷ്ണും പരമാത്മാനമീശ്വരം.

66. ചിന്മയം പരമാനന്ദം ബ്രഹ്മൈവാഹമിതി സ്മരൻ.
ജ്ഞാത്വൈവം മനോദണ്ഡം ധൃത്വാ ആശാനിവൃത്തോ ഭൂത്വാ ആശാംബരധരോ ഭൂത്വാ സർവദാ മനോവാക്കായ കർമ്മഭിഃ സർവസംസാര മുൽസൃജ്യ പ്രപഞ്ചാവാങ്മുഖഃ സ്വരൂപാനുസന്ധാനേ ന ഭ്രമരകീടവന്യായേന മുക്തോ ഭവതീത്യുപനിഷത്

കാമക്രോധാദികളെ വെടിഞ്ഞിട്ടുള്ള സംന്യാസി നിർഭയനായിത്തന്നെഇരിക്കുന്നു. സംന്യാസീയുടെ നിർദ്ദിഷ്ടമായധർമ്മം ഭിക്ഷാവൃത്തി മുഖേനസംപ്രാപ്തമായ ആഹാരം സ്വീകരിക്കുക, തപസ്സുചെയ്യുക, മൗനാവലംബനം, ജ്ഞാനാന്വേഷണം വിരക്തി എന്നിവയാണ്. കാഷായാംബധാരിയായി ഗ്രാമാന്തരങ്ങളിലോ, വൃക്ഷമൂലങ്ങളിലോ, ദേവാലയങ്ങളിലോ വസിക്കണം. തന്റെസമയത്തെ ധ്യാനയോഗത്തിൽ വിനിയോഗിച്ച്, ഭിക്ഷാന്നംകൊണ്ട് ജീവിതനിർവഹണം നടത്തണം. ഒരേഗൃഹസ്ഥന്റെവീട്ടിൽ നിന്നുംഒരിക്കലും ആഹാരം സ്വീകരിക്കരുത്. എപ്പോഴും തന്റെആശ്രമത്തിനനുകൂലമായി പ്രവർത്തിക്കണം. അന്തഃകരണം ശുദ്ധമായതിനുശേഷം സംന്യാസം സ്വീകരിക്കണം. അതിനുശേഷം സർവ്വ പാപവിഷയങ്ങളിൽനിന്നും, പാപകർമ്മങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കണം. മൗനാവലംബിയായി സഞ്ചരിക്കണം. അകത്തും പുറത്തും സർവ്വത്രബ്രഹ്മത്തെത്തന്നെദർശിക്കണം. സുഖദുഃഖങ്ങളെ സമമായികരുതണം. ക്ഷമാശീലനായിരിക്കണം. എന്താണോകഴിക്കുവാൻ കിട്ടുന്നത് അതിൽസന്തുഷ്ടനായിരിക്കണം, ബ്രാഹ്മണൻ, പശു, കുതിര, മൃഗംഎന്നിവയോട്സമഭാവനയോട് കൂടിപെരുമാറണം. ഞാൻ പരമാനന്ദസ്വരൂപമായ ബ്രഹ്മം തന്നെയാണെന്നഭാവത്തോടുകൂടിഈശ്വരനെ സർവ്വവ്യാപിയായി കരുതണം. ഏതൊരു ദണ്ഡധാരിയായ സംന്യാസീയാണോസർവ്വകാമനാനിർമ്മുക്തനായി, ദിഗംബരനായി, മനസാ, വാചാ, കർമ്മണാ ദൃശ്യപ്രപഞ്ചത്തെ സാരഹീനമെന്നു മനസ്സിലാക്കി അതിനോടുവൈമുഖ്യം കാണിക്കുന്നതു്, അവൻ നിശ്ചയമായും മുക്തിയെ പ്രാപിക്കുന്നു. എന്നു് ഈ ഉപനിഷത്തു പറയുന്നു.

## ആറാമദ്ധ്യായം

1. **അഥ നാരദഃ പിതാമഹമുവാച. ഭഗവൻ തദഭ്യാസവശാത് ഭ്രമരകീടന്യായവത് തദഭ്യാസഃ കഥമിതി. തമാഹ പിതാമഹഃ. സത്യവാഗ്ജ്ഞാനവൈരാഗ്യാഭ്യാം വിശിഷ്ടദേഹാവശിഷ്ടോ വസേത്.**

അനന്തരം നാരദൻ ബ്രഹ്മാവിനോടു ചോദിച്ചു. ഭഗവൻ ഭ്രമരകീടന്യായേന, സ്വസ്വരൂപത്തെ അറിഞ്ഞതിനുശേഷം മോക്ഷംലഭിക്കുന്നു. എന്നാൽ സ്വരൂപത്തെഅറിയുവാനുള്ള അഭ്യാസംഎന്താണ്. ഇക്കാര്യംപറഞ്ഞുതരുവാൻ ദയവുണ്ടാകണം. ഇതിനു മറുപടിയായി ബ്രഹ്മാവു് ഇപ്രകാരം പറഞ്ഞു:- സംന്യാസീ

**സത്യംപറയുകയും ജ്ഞാനവൈരാഗ്യങ്ങൾ മുഖേന ശരീരത്തോട് അനാസക്തനായിരിക്കുകയുംവേണം. ഈ വികാരങ്ങൾ ദൂരീകൃതമായതിനുശേഷം അവശേഷിക്കുന്ന ശരീരത്തിൽ സ്ഥിതിചെയ്യണം.**

2. ജ്ഞാനം ശരീരം വൈരാഗ്യം ജീവനം വിദ്ധി ശാന്തി ദാന്തീ നേത്രേ മനോമുഖം ബുദ്ധിഃ കലാ പഞ്ചവിംശതിതത്വാന്യവയവാ അവസ്ഥാ പഞ്ചമഹാഭൂതാനി കർമ്മ ഭക്തി ജ്ഞാന വൈരാഗ്യം ശാഖാ ജാഗ്രത് സ്വപ്ന സുഷുപ്തി തുരീയാശ്ചതുർദശ കരണാനിപങ്കസ്തംഭാകാരാണീതി. ഏവമപി നാവമതിപങ്കം കർണ്ണധാര ഇവ യന്തേവ ഗജം സ്വബുദ്ധ്യാവശീകൃത്യ സ്വവ്യതിരിക്തം സർവം കൃതകം നശ്വരമിതി മത്വാ വിരക്തഃ പുരുഷഃ സർവദാ ബ്രഹ്മാഹമിതി വ്യവഹരേന്നാന്യത് കിംചിത്വേദിതവ്യം സ്വവ്യതിരേകേണ. ജീവൻമുക്തോ വസേത് കൃതകൃത്യോ ഭവതി. ന നാഹം ബ്രഹ്മേതി വ്യവഹരേത് കിന്തു ബ്രഹ്മാഹമസ്മീത്യജസ്രം ജാഗ്രത് സ്വപ്നസുഷുപ്തിഷു തുരീയാവസ്ഥാം പ്രാപ്യ തുരീയാതീതത്വം വ്രജേത്.

**ആ അവശിഷ്ട ശരീരം ജ്ഞാനമാണ്. അതിന്റെ പ്രാണൻ വൈരാഗ്യവും ശമം, ദമം ഇവ നേത്രങ്ങളുമാകുന്നു. ശുദ്ധമായ മനസ്സ് മുഖവും, ബുദ്ധി കലയും, ദേഹത്തിന്റെ അവയവങ്ങൾ അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും, അഞ്ചുകർമ്മേന്ദ്രിയങ്ങളും, പഞ്ചപ്രാണങ്ങളും, അഞ്ചുവിഷയങ്ങളും നാലു് അന്തഃകരണങ്ങളും ഒരു പ്രകൃതിയും. ഇങ്ങനെ ഇരുപത്തിഅഞ്ചാണ്. ജാഗ്രത്, സ്വപ്നം, സുഷുപ്തി, തുരീയം, തുരീയാതീതം എന്നീ അഞ്ച് അവസ്ഥകൾ ആ ദേഹത്തിന്റെ പഞ്ചഭൂതങ്ങളാണ്. കർമ്മം, ഭക്തി, ജ്ഞാനം, വൈരാഗ്യം എന്നീ നാലാണ് ശാഖകൾ. മേൽ പറയപ്പെട്ട പതിന്നാലു കരണങ്ങൾ ചെളിയിൽ നിൽക്കുന്ന ബലഹീനങ്ങളായ തൂണുകളെപ്പോലെയാണ്. സമർത്ഥനായ നാവികൻ ചെളിയിൽ കുടുങ്ങിപ്പോയ നൗകയെ ചെളിയിൽ നിന്നും മാററി ജലമാർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നതുപോലെ സംസാരസാഗരത്തിലെ ചെളിക്കുണ്ടിൽ അകപ്പെട്ട ഈ ജീവനാകുന്ന നൗകയെ ശ്രേഷ്ഠമായ ബുദ്ധികൊണ്ട് മറുകരയിൽ എത്തിക്കണം. ആനക്കാരൻ ആനയെ വശംവദനാക്കി അതിനെ ശരിയായ മാർഗ്ഗത്തിൽക്കൂടിനയിക്കുന്നതുപോലെ ഈ ജീവനെ ഉചിതമാർഗ്ഗത്തിൽ**

കൊണ്ടു വരണം. ഈ ജ്ഞാനമയമായ ശരീരം ലഭിച്ച സാധകൻ തന്നിൽ നിന്നും വ്യതിരിക്തമായിട്ടുള്ള മറ്റെല്ലാ വസ്തുക്കളും കല്പിതങ്ങളാണെന്നും അനശ്വരങ്ങളാണെന്നും മനസ്സിലാക്കി തന്നിൽ തന്നെ ബ്രഹ്മഭാവത്തെ വയ്ക്കണം. തന്റെ ആത്മാവല്ലാതെ മറ്റൊരു വസ്തുവും അറിയുവാൻ യോഗ്യമായിട്ടുള്ളതല്ല എന്നു മനസ്സിലാക്കി ജീവന്മുക്തനാകണം. ഒരിക്കലും താൻ ബ്രഹ്മത്തിൽ നിന്നും ഭിന്നനാണെന്നു കരുതരുതു്. എപ്പോഴും 'ഞാൻ ബ്രഹ്മമാണു്'' എന്ന ഭാവനയോടു കൂടിയിരിക്കണം. ജാഗ്രത്, സ്വപ്നം, സുഷുപ്തി, തുരീയം എന്നീ അവസ്ഥകളെയും തരണം ചെയ്തിട്ടുള്ള യോഗി തുരീയാതീതാവസ്ഥയിൽ പ്രവേശിക്കുന്നു.

3. ദിവാ ജാഗ്രന്നക്തം സ്വപ്നം സുഷുപ്തമർദ്ധരാത്രം ഗതമിത്യേകാവസ്ഥായാം ചതസ്രോƒവസ്ഥാസ്തു ഏകൈകകരണാധീനാനാം ചതുർദശകരണാനാം വ്യാപാരശ്ചക്ഷുരാദീനാം. ചക്ഷുഷോരൂപഗ്രഹണം ശ്രോത്രയോ ശബ്ദഗ്രഹണം ജിഹ്വായാ രസാസ്വാദനം ഘ്രാണസ്യ ഗന്ധഗ്രഹണം വചസോ വാഗ്വ്യാപാരഃ പാണേരാദാനം പാദയോഃ സംചാരഃ പായോരുത്സർഗ്ഗ ഉപസ്ഥസ്യാനന്ദഗ്രഹണം ത്വചഃ സ്പർശഗ്രഹണം തദധീനാ ച വിഷയഗ്രഹണ ബുദ്ധിഃ ബുദ്ധ്യാ ബുദ്ധ്യതി ചിത്തേന ചേതയതി അഹംകാരേണാഹം കരോതി വിസൃജ്യ ജീവ ഏതാൻ ദേഹാഭിമാനേന ജീവോ ഭവതി. ഗൃഹാഭിമാനേന ഗൃഹസ്ഥ ഇവ് ശരീരേ ജീവഃ സംചരതി. വാഗ്ദലേ പുണ്യാവൃത്തിരാഗ്നേയ്യാം നിദ്രാലസ്യൗ ദക്ഷിണായാം ക്രൗര്യബുദ്ധിർ നൈർഋത്യാം പാപബുദ്ധിഃ പശ്ചിമേ ക്രീഡാരതിർ വായവ്യാം ഗമനേ ബുദ്ധിരുത്തരേശാന്തിരീശാന്യേ ജ്ഞാനം കർണ്ണികായാം വൈരാഗ്യം കേസരേഷ്വാത്മചിന്താ ഇത്യേവം വക്ത്രം ജ്ഞാത്വാ.

ജാഗ്രത്താകുന്നദിവസവും (പകൽ), സ്വപ്നമാകുന്നരാത്രിയും സുഷുപ്തിയാകുന്നഅർദ്ധരാത്രിയും- ഈമൂന്നവസ്ഥകളും തുരീയനിലും തുരീയം തുരീയാതീതനിലുംസ്ഥിതിചെയ്യുന്നു. മനസ്സു്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നീനാലിനും വശവർത്തികളായി നേത്രംതുടങ്ങിയ ചതുർദശകരണങ്ങളുണ്ടു്. നേത്രങ്ങാം രൂപത്തെഗ്രഹിക്കുന്നു. കാതുകാം ശബ്ദം കേൾക്കുന്നു. കൈകാം

വസ്തുക്കളെ സ്പർശിക്കുകയും, എടുക്കുകയുംചെയ്യുന്ന കാലുകൾകൊണ്ടുനടക്കുന്നു. ഗുദം മലത്യാഗംചെയ്യുന്നു. വിഷയേന്ദ്രിയം (ഉപസ്ഥം) ആനന്ദരമമായിരിക്കുന്നു. ത്വക്ക് സ്പർശനത്തിലും, ബുദ്ധി വിഷയഗ്രഹണത്തിലും തത്പരമായിരിക്കുന്നു. ചൈതന്യം ചിത്തത്തിൽനിന്നും, അഹന്ത അഹംകാരത്തിൽനിന്നും ഉണ്ടാകുന്നു, ഈ സർവ്വഭാവങ്ങളുടെയും ഉൽപത്തിമുഖേന ദേഹഗതമായ ആത്മാഭിമാനത്താൽ ജീവൻ തുരീയ ചൈതന്യമായിത്തീരുന്നു, തുരീയ ചൈതന്യമായ ജീവൻ ഗൃഹത്തിന്റെ അഹംഭാവം കാരണം മനുഷ്യൻ ഗൃഹസ്ഥനായിത്തീരുന്നതുപോലെസഞ്ചരിക്കുന്നു, ദേഹഗതമായ, അഷ്ടദലകമലാത്മകമായഹൃദയത്തിൽ വസിക്കുന്നജീവൻ കമലത്തിന്റെ കിഴക്കുഭാഗത്തുള്ളദലത്തിൽ ഭ്രമണംചെയ്യുമ്പോൾ അതു്പുണ്യാത്മകമായ അനുഷ്ഠാനത്തിൽ പ്രവർത്തകനായിത്തീരുന്നു. അഗ്നികോണിലുള്ള ദലത്തിൽസഞ്ചരിക്കുമ്പോൾ അതു്നിദ്ര പ്രമാദം, എന്നീ കർമ്മങ്ങളിൽ പ്രവർത്തകനായിരിക്കുന്നു ദക്ഷിണദിക്കിൽ സ്ഥിരമായിരിക്കുമ്പോൾ അതു്ക്രൂരഭാവത്തോടുകൂടിയിരിക്കുന്നു നിരൃതികോണിലുള്ള ദലത്തിൽ സ്ഥിതിചെയ്യുമ്പോൾ അതിൽപാപബുദ്ധിഉണരുന്നു, പശ്ചിമദലത്തൽ സ്ഥിതിചെയ്യുമ്പോൾ ക്രീഡയിൽ അനുരക്തനായിരിക്കുന്നു. വായു കോണിനെ സമാശ്രയിക്കുമ്പോൾഅതു് ഗമിക്കുന്നു. വടക്കേദിക്കിൽഎത്തുമ്പോൾ അതിനു് ശാന്തി ലഭിക്കുന്നു. ഈശാനകോണിൽ സ്ഥിതി ചെയ്യുമ്പോൾ അതു് ജ്ഞാനിയായിത്തീരുന്നു. കമലത്തിന്റെ കർണ്ണികയിൽ പ്രവേശിക്കുമ്പോൾ അ ്വൈരാഗ്യവാനായിത്തീരുന്നു. കമലത്തിന്റെ കേസരത്തിൽ പ്രവേശിക്കുമ്പോൾ ആത്മാവിനെപ്പറ്റി ചിന്തിക്കുന്നു. ഈ ആത്മാവിൽ ചൈതന്യം തന്നെയാണ് മുഖത്തെപ്പോലെ മുഖ്യമായിരിക്കുന്നതു്. അതിന്റെ സ്വരൂപത്തെ അറിയുന്ന ജ്ഞാനി തുരീയാതീതാവസ്ഥയിൽ രമിക്കുന്നു.

4. ജീവദവസ്ഥാം പ്രഥമം ജാഗ്രത് ദ്വിതീയം സ്വപ്നം തൃതീയം സുഷുപ്തം ചതുർത്ഥം തുരീയം ചതുർഭിർവിരഹിതം തുരീയാതീതം വിശ്വതൈജസ പ്രാജ്ഞ തടസ്ഥഭേദൈരേക ഏവ ഏകോ ദേവഃ സാക്ഷീ നിർഗ്ഗുണശ്ചതദ്ബ്രഹ്മാഹമിതി വ്യാഹരേത്. നോചേത് ജാഗ്രദവസ്ഥായാം ജാഗ്രദാദി ചതസ്രോഽവസ്ഥാഃ സ്വപ്നേ സ്വപ്നാദിചതസ്രോഽവസ്ഥാഃ സുഷുപ്തേ സുഷുപ്ത്യാദി ചതസ്രോഽവസ്ഥാഃ തുരീയേ തുരീയാദി ചതസ്രോഽവസ്ഥാഃ നത്വേവം തുരീയാതീതസ്യ നിർഗ്ഗുണസ്യ. സ്ഥൂലസൂക്ഷ്മകാരണരൂപൈർവിശ്വ

തൈജസ പ്രാജ്ഞേശ്വരൈ: സർവാവസ്ഥാസുസാക്ഷീത്വേക ഏവാവതിഷ്ഠതേ. ഉത തടസ്ഥോ ദ്രഷ്ടാതട സ്ഥോ ന ദ്രഷ്ടാ ദ്രഷ്ടൃത്വാന്ന ദ്രഷ്ടൈവ കർതൃത്വഭോക്തൃത്വാഹംകാരാദിഭി: സ്പൃഷ്ടോ ജീവ: ജീവേതരോ ന സ്പൃഷ്ട:. ജീവോഽപി ന സ്പൃഷ്ട; ഇതി ചേന്ന. ജീവാഭിമാനേന ക്ഷേത്രാഭിമാന: ശരീരാഭിമാനേന ജീവത്വം. ജീവത്വം ഘടാകാശമഹാകാശവദ് വ്യവധാനേഽസ്തി. വ്യവധാനവശാദേവ ഹംസ: സോഽഹമിതി മന്ത്രേണോച്ഛ്വാസനി:ശ്വാസ വ്യപദേശേനാനുസന്ധാനം കരോതി. ഏവം വിജ്ഞായ ശരീരാഭിമാനം ത്യജേന്ന ശരീരാഭിമാനീ ഭവതി. സ ഏവ ബ്രഹ്മേത്യുച്യതേ.

ജീവന്, ജാഗ്രത്, സ്വപ്നം, സുഷുപ്തി, തുരീയം എന്നീ നാലവസ്ഥകൾക്കും ഉപരിയായി തുരീയാതീതം എന്നൊരവസ്ഥ കൂടെയുണ്ട്. വിശ്വം, തൈജസം, പ്രാജ്ഞം, തടസ്ഥം എന്നിവയാൽ ഒരേ ആത്മാവുതന്നെ നാലുവിധത്തിലായിത്തീരുന്നു. അതുകൊണ്ട് തന്നെത്തന്നെ ഒരേ ഒരു ബ്രഹ്മമെന്നും സർവ്വസാക്ഷിയെന്നും, സത്വാദിഗുണങ്ങൾക്കെല്ലാം അതീതനെന്നും മാനിക്കണം. തുരീയാതീതാവസ്ഥയോടുകൂടിയ പുരുഷൻ മേൽപ്പറഞ്ഞ നാലവസ്ഥകൾക്കു അതീതനെന്നുകരുതണം. അല്ലെങ്കിൽ ജാഗ്രദാദിനാലവസ്ഥകൾക്കും ഉള്ളിലായിഓരോന്നിലും നന്നാലവസ്ഥകൾ ഉണ്ടായിരിക്കുന്നതുപോലെ തുരീയാതീതനിലുംനാലവസ്ഥകൾ ഉണ്ടായിരിക്കണമായിരുന്നല്ലോ. എന്നാൽയഥാർത്ഥത്തിൽ തുരീയാതീതൻനിർഗ്ഗുണനായതുകൊണ്ട് അതിൽഅവസ്ഥാഭേദം ഇല്ലാല്ലോ. സ്ഥൂലസൂക്ഷ്മകാരണരൂപത്തിലുള്ള വിശ്വവും, തൈജസവും, പ്രാജ്ഞവും ബ്രഹ്മമാണ്. എല്ലാഅവസ്ഥയിലും അവയോടുകൂടി ഒരേസാക്ഷിവസിക്കുന്നു എന്നാൽതടസ്ഥനായ ഈശ്വരൻ ദ്രഷ്ടാവല്ല. എന്തെന്നാൽ തടസ്ഥനായ പുരുഷൻ മായാമയനായ ഈശ്വരന്റെ രൂപത്തിലാണ്. എന്നാൽ അദ്ദേഹത്തിന്റെ ദ്രഷ്ടാവായി ആരുമില്ല. അതുകൊണ്ട് തടസ്ഥൻദ്രഷ്ടാവാകാൻ സാദ്ധ്യമല്ല കർതൃത്വഭോക്തൃത്വ അഹംകാരാദികളോടുകൂടിയ ജീവനും ദ്രഷ്ടാവല്ല. ജീവേതരബ്രഹ്മത്തിന് മേൽപറയപ്പെട്ട ദോഷങ്ങളോട് യാതൊരുസമ്പർക്കവുമില്ല. ദേഹാഭിമാനംകാരണം ജീവത്വമെന്നഅഭിമാനം ഉള്ളതുകൊണ്ട് ജീവനും കർതൃത്വാദിസംസ്പർശനത്തിന്നതീതമല്ല. മഹാകാശത്തിനും ഘടാകാശത്തിനുമുള്ള്യമായിത്തന്നെപരമാത്മാവിനോട് ജീവത്വവ്യവധാനമുണ്ട്. ഇക്കാരണത്താലാണ് ഈഹംസരൂപിയായ പ്രാണൻഉച്ഛ്വാസനിശ്വാസരൂപത്തിൽ സോഽഹം എന്നു ജപിച്ചുകൊണ്ട്സ്വസ്വരൂപത്തെ അന്വേഷിക്കുന്നത്. ഇപ്രകാരംമനസ്സിലാക്കിയാൽദേഹാഭിമാനം വ്യർത്ഥമെന്നു ബോദ്ധ്യമാകും. ദേഹാഭിമാനരഹിതമായാലേ ബ്രഹ്മമായിത്തീരുകയുള്ളൂ.

5. ത്യക്തസംഗോ ജിതക്രോധോ ലഘ്വാഹാരോ ജിതേന്ദ്രിയ:
പിധായ ബുദ്ധ്യാ ദ്വാരാണി മനോ ധ്യാനേ നിവേശയേത്.

6. ശൂന്യേഷ്വേവാവകാശേഷു ഗുഹാസു ച വനേഷു ച
നിത്യയുക്ത: സദാ യോഗീ ധ്യാനം സമ്യഗുപക്രമേത്.

7. ആതിഥ്യശ്രാദ്ധയജ്ഞേഷു ദേവയാത്രോത്സവേഷു ച.
മഹാജനേഷു സിദ്ധ്യർഥീ ന ഗച്ഛേദ്യോഗവിത് കചിത്.

8. യഥൈനമവമന്യന്തേ ജനാ: പരിഭവന്തി ച
തഥാ യുക്തശ്ചരേദ്യോഗീ സതാം വർത്മ ന ദൂഷയേത്.

9. വാഗ്ദണ്ഡ: കർമ്മദണ്ഡശ്ച മനോദണ്ഡശ്ച തേ ത്രയ:
യസ്യൈതേ നിയതാദണ്ഡാ: സ ത്രിദണ്ഡീ മഹായതി:

10. വിധൂമേ ച പ്രശാന്താഗ്നൗ യസ്തു മാധുകരീം ചരേത്
ഗൃഹേ ച വിപ്രമുഖ്യാനാം യതി: സർവോത്തമഃ സ്മൃത:

11. ദണ്ഡഭിക്ഷാം ച യ: കുര്യാത് സ്വധർമ്മേ വ്യസനം വിനാ
യസ്തിഷ്ഠതി ന വൈരാഗ്യം യാതി നീച യതിർ ഹി സ:

12. യസ്മിൻ ഗൃഹേ വിശേഷേണ ലഭേദ്ഭിക്ഷാം ച വാസനാത്
തത്ര നോ യാതി യോ ഭൂയ: സ യതിർ നേതര: സ്മൃത:.

13. യ: ശരീരേന്ദ്രിയാദിഭ്യോ വിഹീനം സർവസാക്ഷിണം.
പാരമാർഥിക വിജ്ഞാനം സുഖാത്മാനം സ്വയം പ്രഭം.

14. പരതത്ത്വം വിജാനാതി സോऽതിവർണ്ണാശ്രമീ ഭവേത്.
വർണ്ണാശ്രമാദയോ ദേഹേ മായയാ പരികല്പിതാ:

15. നാത്മനോ ബോധരൂപസ്യ മമ തേ സന്തി സർവദാ
ഇതി യോ വേദ വേദാന്തൈ: സോऽതിവർണ്ണാശ്രമീ ഭവേത്

16. യസ്യവർണ്ണാശ്രമാചാരോ ഗലിത: സ്വാത്മദർശനാത്
സ വർണ്ണാനാശ്രമാൻ സർവാനതീത്യ സ്വാത്മനി സ്ഥിത:.

17. യോऽതീത്യസ്വാശ്രമാൻ വർണ്ണാനാത്മന്യേവ സ്ഥിത:പുമാൻ
സോऽതിവർണ്ണാശ്രമീ പ്രോക്ത: സർവവേദാർഥവേദിഭി:.

18. തസ്മാദന്യഗതാവർണ്ണാ ആശ്രമാ അപി നാരദ
ആത്മന്യാരോപിതാ: സർവേ ഭ്രാന്ത്യാ തേനാത്മവേദിനാ.

19. ന വിധിർ ന നിഷേധശ്ച ന വർജ്ജ്യാവർജ്ജ്യ കല്പനാ
ബ്രഹ്മവിജ്ഞാനിനാമസ്തി തഥാനാന്യച്ച നാരദ.

സംന്യാസി അനാസക്തനായിരുന്ന്, ക്രോധത്തെജയിച്ച് അല്പഹാരിയായിഇന്ദ്രിയങ്ങളെ നിയന്ത്രിക്കണം. ഇന്ദ്രിയദ്വാരങ്ങളെ അവരോധിച്ച് ആത്മവിചിന്തനംചെയ്യുക എന്നുള്ളതുമാത്രമാണ് അയാളുടെ കർത്തവ്യം. യോഗാനുരാഗിയായ പുരുഷൻസാധനയിൽതന്നെതത്പരനായിരിക്കണം, അവൻ ഏകാന്തമായസ്ഥാനത്ത് വനത്തിലോ ഗുഹയിലോ വസിച്ചുകൊണ്ട് ചിന്തയിൽമുഴുകിയിരിക്കണം. അവൻ ശ്രാദ്ധം, യജ്ഞം, അതിഥിസത്കാരം ദേവയാത്ര. മുതലായ ഒരുവിധത്തിലുമുള്ള ഉൽസവാദികളിലും ഒരിക്കലും പങ്കെടുക്കരുത്. അവൻ ആളുകളിൽ നിന്നും അകന്നിരിക്കുവാൻവേണ്ടി ആരും അയാളെസമീപിക്കുവാൻആഗ്രഹിക്കാത്ത വിധത്തിലും അയാളെബഹുമാനിക്കാത്ത വിധത്തിലും പെരുമാറണം. വാക്കാകുന്നദണ്ഡം, മനസ്സാകുന്നദണ്ഡം, കർമ്മമാകുന്നദണ്ഡം, എന്നീമൂന്നുദണ്ഡങ്ങളെയും നിയന്ത്രിക്കുവാൻകഴിഞ്ഞിട്ടുള്ളവനാണ് യഥാർത്ഥത്തിൽ ത്രിദണ്ഡീസംന്യാസി. അടുപ്പിലെപുകവരെ ഇല്ലാതായതിനുശേഷം അതായത് ജ്വാലശമിച്ചതിനുശേഷം ഭിക്ഷാടനം മുഖേന ഭക്ഷണംയാചിച്ച് ഭക്ഷിക്കുന്നവനാണ് ശ്രേഷ്ഠനായയതി. എന്നാൽ മനസ്സിൽ സംന്യാസ മില്ലാത്തവനായിരുന്നിട്ടും സംന്യാസം ഗ്രഹിച്ച് ഭിക്ഷാവൃത്തിയിൽ കാലയാപനം ചെയ്യുന്നവൻ താഴ്ന്നതരത്തിൽപ്പെട്ട സംന്യാസിയാണ്. ഭിക്ഷലഭിച്ച വീട്ടിൽ മോഹവശാൽ ഒരിക്കലും പോകരുത്. സ്വയംപ്രകാശനും, വിജ്ഞാനസ്വരൂപനും സുഖമയനും, സർവ്വസാക്ഷിയും ദേഹേന്ദ്രിയാദിരഹിതനുമായിരിക്കുന്ന ബ്രഹ്മത്തെസ്വസ്വരൂപത്തിൽ കാണുന്നവനാണ് വർണ്ണാശ്രമങ്ങൾക്കെല്ലാം അതീതനായിട്ടുള്ളവൻ. എന്തെന്നാൽ വർണ്ണാശ്രമങ്ങളുടെ ഉൽപത്തി മായയിൽ നിന്നുമാണ്. സ്വയംതാൻതന്നെ ബോധരൂപമായ ആത്മാവെന്നും വർണ്ണാശ്രമങ്ങൾക്കെല്ലാം അതീതനാണെന്നും കരുതുന്നവനാണ് യഥാർത്ഥസംന്യാസി. ആത്മസാക്ഷാത്കാരംകൊണ്ട് വർണ്ണാശ്രമങ്ങളെ സംബന്ധിക്കുന്ന ആചാരങ്ങളെ പരിത്യജിച്ചിട്ടുള്ളവനാണ് യഥാർത്ഥത്തിൽ സ്വസ്വരൂപത്തിൽ സ്ഥിതിചെയ്യുന്നവൻ. ഇങ്ങനെയുള്ളപുരുഷനെ വേദാന്തവേത്താക്കൾ അതിവർണ്ണാശ്രമി എന്നുപറയുന്നു. ശരീരശാന്തമായതിനുശേഷം എല്ലാവർണ്ണങ്ങളും ആശ്രമങ്ങളും ആത്മാവിൽ അധ്യാരോപിക്കുന്നത് വ്യർത്ഥമാണെന്ന് ആത്മജ്ഞാനികൾ പറഞ്ഞിട്ടുണ്ട്, ബ്രഹ്മജ്ഞാനികൾക്ക് വിധിയോ, നിഷേധമോ യാതൊന്നും തന്നെ ബാധകമല്ല. ഒരുവസ്തുവന്റെ ത്യാജ്യഗ്രാഹ്യനിയമവും അവർക്ക്ബാധകമല്ല. അവർ സർവ്വബന്ധങ്ങളിൽനിന്നും മുക്തന്മാരായിരിക്കുന്നു.

20. വിരജ്യ സർവഭൂതേഭ്യ ആവിരിഞ്ചിപദാദപി
ഘൃണാം വിപാട്യ സർവസ്മിൻ പുത്രമിത്രാദികേഷ്വപി.

21. ശ്രദ്ധാലുർ മുക്തിമാർഗ്ഗേഷു വേദാന്തജ്ഞാനലിപ്സയാ
ഉപായനകരോ ഭൂത്വാ ഗുരും ബ്രഹ്മവിദം വ്രജേത്.

22. സേവാഭി: പരിതോഷ്യൈനം ചിരകാലം സമാഹിത:
സദാ വേദാന്തവാക്യാർത്ഥം ശൃണുയാത് സുസമാഹിത:

23. നിർമ്മമോനിരഹംകാര: സർവസംഗവിവർജ്ജിത:
സദാശാന്ത്യാദിയുക്ത: സന്നാത്മന്യാത്മാനമീക്ഷതേ.

24. സംസാരദോഷദൃഷ്ട്യൈവവിരക്തിർജായതേസദാ
വിരക്തസ്യതുസംസാരാത് സംന്യാസ; സ്യാന്നസംശയ:.

25. മുമുക്ഷു: പരഹംസാഖ്യ: സാക്ഷാൻ മോക്ഷൈകസാധനം
അഭ്യസേദ് ബ്രഹ്മവിജ്ഞാനം വേദാന്തശ്രവണാദിനാ

26. ബ്രഹ്മവിജ്ഞാന ലാഭായ പരമഹംസ സമാഹ്വയ:
ശാന്തി ദാന്ത്യാദിഭിഃ സർവൈ സാധനൈ; സഹിതോ ഭവേത്.

27. വേദാന്താഭ്യാസനിരത: ശാന്തോ ദാന്തോ ജിതേന്ദ്രിയ:.
നിർഭയോ നിർമ്മമോ നിത്യോ നിർദ്വന്ദ്വോ നിഷ്പരിഗ്രഹ:

28. ജീർണ്ണ കൗപീനവാസാഃ സ്യാൻ മുണ്ഡീ നഗ്നോ ? ഥവാ ഭവേത്.
പ്രാജ്ഞോ വേദാന്തവിദ്യോഗീ നിർമ്മമോ നിരഹംകൃതി.

29. മിത്രാദിഷു സമോ മൈത്രഃ സമസ്തേഷ്വേവജന്തുഷു
ഏകോ ജ്ഞാനീ പ്രശാന്താത്മാ സ സംതരതി നേതരഃ.

ബ്രഹ്മജിജ്ഞാസ യോടുകൂടിയ പുരുഷൻ ഒരിക്കലും ഒരു സ്ഥാനത്തെയും കാംക്ഷിക്കരുത്. അതു്ബ്രഹ്മപദമായാലും ഇച്ഛിക്കരുത്. അവൻ പുത്രൻ, ധനം, എന്നിവയോട് അനാസക്തനായി മോക്ഷപ്രാപ്തിക്കുള്ള സാധനങ്ങൾ കൈക്കൊണ്ടിരിക്കണം. കൈയ്യിൽ എന്തെങ്കിലും ഉപഹാരവുമായി ഒരുസദ്ഗുരുവിന്റെ ആശ്രമത്തിൽ പോയി ഉപനിഷദ്ജ്ഞാനം സമ്പാദിക്കണം

ശ്രദ്ധയോടുകൂടിഗുരുവിന്റെ വാക്യാർത്ഥം കേൾക്കുകയും മനസ്സിലാക്കുകയും വേണം. മോഹം, അഹംകാരം, എന്നിവയെ വെടിഞ്ഞ് ഗുരുശുശ്രൂഷാതത്പരനായിരിക്കണം. സർവ്വവിധത്തിലുമുള്ള ആസക്തികളെ വെടിഞ്ഞ് ശമദമാദിയുക്തനായി ഉള്ളിൽ ആത്മാവിനെ ദർശിക്കണം. ജന്മജരാമരണാദികൾ കാണുന്നതുകൊണ്ട് വൈരാഗ്യംകൈവരുന്നു. പൂർണ്ണവൈരാഗ്യം വന്നാൽ മാത്രമേസംന്യാസം സ്വീകരിക്കാവൂ. മുമുക്ഷുവായ പരമഹംസൻ ഉപനിഷത്തുകൾമുതലായവ ശ്രവിച്ച് മുക്തിപ്രാപ്തികരമായ ബ്രഹ്മജ്ഞാനത്തെ നിരന്തരംഅഭ്യസിച്ചു കൊണ്ടിരിക്കണം. ഇങ്ങനെയുള്ള അഭ്യാസത്തിനുവേണ്ട ശമദമാദികളും അനുഷ്ഠിക്കണം.മമതയും ഭയവും ഉപേക്ഷിക്കണം. സംഘപ്രവൃത്തിയിൽനിന്നും ഒഴിഞ്ഞിരിക്കണം ശിരോമുണ്ഡനം ചെയ്തു് പഴയവസ്ത്രവും കൗപീനവുംധരിക്കുകയോ ദിഗംബരനായിരിക്കുകയോആകാം. മമത്വം, അഹങ്കാരംഎന്നിവയെവെടിഞ്ഞ് മിത്രത്തെയും ശത്രുവിനേയും സമഭാവനയോടുകൂടിവീക്ഷിച്ചു തന്റെ അന്തഃകരണത്തെ പ്രശാന്തമാക്കി സൂക്ഷിക്കുന്നവനാണ് സംസാരസാഗരത്തെ തരണം ചെയ്യുവാൻ യോഗ്യൻ.

30. ഗുരൂണാം ച ഹിതേ യുക്ത സ്തത്ര സംവത്സരം വസേത്
നിയമേഷ്വപ്രമത്തസ്തു യമേഷു ച സദാ ഭവേത്.

31. പ്രാപ്യചാന്തേ തതശ്ചൈവ ജ്ഞാനയോഗമനുത്തമം
അവിരോധേന ധർമ്മസ്യ സംചരേത് പൃഥിവീമിമാം.

32. തതഃ സംവത്സരസ്യാന്തേ ജ്ഞാനയോഗമനുത്തമം
ആശ്രമത്രയമുത്സൃജ്യ പ്രാപ്തശ്ച പരമാശ്രമം.

33. അനുജ്ഞാപ്യ ഗുരൂം ശ്ചൈവ ചരേദ്ധി പൃഥിവീമിമാം
ത്യക്തസംഗോ ജിതക്രോധോ ലഘ്വാഹാരോ ജിതേന്ദ്രിയഃ.

ഗുരുവിനെ സമാശ്രയിച്ച് ഗുരുശുശ്രൂഷാതത്പരനായി ജിജ്ഞാസുവായി ഒരുവർഷംവസിക്കണം. ആശ്രമനിയമങ്ങളെ പരിപാലിക്കുന്നതിൽ അലസത കാണിക്കരുതു്. ബ്രഹ്മചര്യം, അഹിംസ, എന്നിവയെ പരിപാലിക്കുന്നതിൽ സപ്രയത്നവാനായിരിക്കണം. ഇപ്രകാരമുള്ള സാധനകൾ മുഖേന ജ്ഞാനയോഗംസമാർജ്ജിച്ച് ധർമ്മാനുകൂലം വർത്തിക്കണം. ഇങ്ങനെബ്രഹ്മചര്യാദി ആശ്രമത്രയത്തെ സേവിച്ച്സംന്യാസി ഭൂമിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കണം. അനാസക്തനായി ക്രോധത്തെജയിച്ച് ലഘുവായ ആഹാരംകഴിച്ച്,സംയതേന്ദ്രിയനായിരിക്കണം,

34. ഭാവിമൗ ന പിരജ്യേതേ വിപരീതേന കർമ്മണാ
നിരാരംഭോ ഗൃഹസ്ഥശ്ച കാര്യവാംശ്ചൈവ ഭിക്ഷുകഃ.

35. മാദ്യതി പ്രമദാം ദൃഷ്ട്വാ സുരാം പീത്വാ ച മാദ്യതി
തസ്മാദ് ദൃഷ്ടിവിഷാം നാരീം ദൂരതഃ പരിവർജയേത്.

36. സംഭാഷണം സഹ സ്ത്രീഭിരാലാപഃ പ്രേക്ഷണം തഥാ
നൃത്തം ഗാനം സഹാസം ച പരിവാദാംശ്ച വർജയേത്.

37. ന സ്നാനം ന ജപഃ പൂജാ ന ഹോമോ നൈവ സാധനം.
നാഗ്നികാര്യാദികാര്യം ച നൈതസ്യാസ്തീ ഹ നാരദ.

38. നാർച്ചനം പിതൃകാര്യം ച തീർത്ഥയാത്രാ വ്രതാനീ ച
ധർമ്മാധർമ്മാദികം നാസ്തി ന വിധി ലൗകികീ ക്രിയാ.

39. സംത്യജേത്സർവകർമ്മാണി ലോകാചാരം ച സർവശഃ
കൃമി കീടപതംഗാംശ്ച തഥാ യോഗീ വനസ്പതീൻ.

40. ന നാശയേദ്ബുധോ ജീവൻ പരമാർത്ഥമതിര്യതിഃ.
നിത്യമന്തർമ്മുഖഃ സ്വച്ഛഃ പ്രശാന്താത്മാ സ്വപൂർണ്ണധീ:

41. അന്ത:സംഗപരിത്യാഗീ ലോകേവിഹര നാരദ
നരാജകേ ജനപദേ ചരത്യേക ചരോ മുനിഃ.

42. നിഃസ്തുതിർ നിർനമസ്കാരോ നിഃസ്വധാകാര ഏവ ച
ചലാചലനികേതശ്ച യതിർയാദൃച്ഛികോ ഭവേത്.

ഇത്യുപനിഷത്ത്

കർമ്മനിരതനായ സംന്യാസിയും, കർമ്മരഹിതനായഗൃഹസ്ഥനും തങ്ങളുടെ ആശ്രമങ്ങൾക്കനുകൂലമായി പ്രവർത്തിക്കുമ്പോൾ മാത്രമേശോഭിക്കുകയുള്ളൂ. മദ്യം പാനംചെയ്താലെ മദം ഉണ്ടാവുകയുള്ളൂ. എന്നാൽയുവതിയായസ്ത്രീയെ കണ്ടാൽ തന്നെ ഉന്മത്തത വരും. അതുകൊണ്ട് അങ്ങനെയുള്ളസ്ത്രീയെ സംന്യാസി കാണുക പോലുംചെയ്യരുത്, സ്ത്രീകളോട്സംസാരിക്കുക, നൃത്തം, ഗാനം, പരനിന്ദ, എന്നിവയിൽനിന്നും സർവത്രഒഴിഞ്ഞിരിക്കണം. അവന്, സ്നാനം, ജപം, പൂജ, ഹോമം, ദേവാർച്ചന, ശ്രാദ്ധം, തർപ്പണം, വ്രതം, തീർത്ഥയാത്ര എന്നിവയൊ ന്നുംതന്നെ ആവശ്യമില്ല. ധർമ്മാധർമ്മങ്ങളോ ലോകാചാരപരിപാലനമോ അവ ന്റെ കർത്തവ്യമല്ല. അവൻ സർവകർമ്മങ്ങളും പരിത്യജിക്കണം. തന്റെബുദ്ധി യെ പാരമാർത്ഥികമായ കാര്യങ്ങളിൽ വിനിയോഗിക്കണം. ഒരിക്കലുംഒരുജീവി യെയുംഹിംസിക്കരുത്. മനസ്സിനെപവിത്രമാക്കി വയ്ക്കുന്നതോടൊപ്പം തന്നെ

ബാഹ്യമായും പരിശുദ്ധനായിരിക്കണം പരിപൂർണ്ണ ശാന്തനായി ബുദ്ധിയെ ആത്മാനന്ദത്തിൽ ലയിപ്പിക്കണം. ഹേ നാരദ, അന്തഃകരണത്തെ സംശുദ്ധമാക്കി ആസക്തിയെ വെടിഞ്ഞു്‌ ലോകത്തു്‌ വിഹരിക്കണം. അരാജകത്വം നടമാടുന്ന പ്രദേശത്തു്‌ സംന്യാസി സഞ്ചരിക്കുവാൻ പാടില്ല. അവൻ ശ്രാദ്ധതർപ്പണാദികളിൽ നിന്നുംഒഴിഞ്ഞിരിക്കണം. ആരെയും സ്തുതിക്കുവാനോ നമസ്കരിക്കുവാനോ ആഗ്രഹിക്കരുതു്‌. നിർജ്ജനസ്ഥാനത്തോ ഗിരികന്ദരാദികളിലോ വസിക്കുകയോ സ്വച്ഛന്ദം സഞ്ചരിക്കുകയോ ചെയ്യണം.

## ഏഴാം ഉപദേശം

1. അഥ യതേർനിയമഃ കഥമിതി പൃഷ്ടം നാരദഃ പിതാമഹഃ പുരസ്കൃത്യ വിരക്തഃ സൻ യോ വർഷാസു ധ്രുവശീലോ അഷ്ടൗ മാസി ഏകാകീ ചാരന്നൈകത്ര നിവസേദ്‌ ഭിക്ഷുർ ഭയാത്‌ സാരംഗവത്‌ ഏകത്ര ന തിഷ്ഠേത്‌ സ്വഗമനനിരോധഗ്രഹണം ന കുര്യാത്‌ ഹസ്താഭ്യാം നദി ഉത്തരണം ന കുര്യാത്‌ ന വൃക്ഷാരോഹണമപി ന ദേവോത്സവദർശനം കുര്യാത്‌ ന ഏകത്രാശീ ന ബാഹ്യദേവാർചനം കുര്യാത്‌. സ്വവ്യതിരിക്തം സർവം ത്യക്ത്വാ മധുകരവൃത്യാ ആഹാരം ആഹരൻ കൃശോ ഭൂത്വാ മേദോവൃദ്ധിം അകുർവൻ ന ആജ്യം രുധിരമിവ ത്യജേത്‌, ഏകത്ര അന്നം പലലമിവ ഗന്ധലേപനം അശുദ്ധിലേപനമിവ ക്ഷാരം അന്ത്യജമിവ വസ്ത്ര ഉച്ഛിഷ്ടപാത്രമിവ അഭ്യംഗം സ്ത്രീസംഗമിവ മിത്രാഹ്ലാദകം മൂത്രമിവ സ്പൃഹാം ഗോമാംസമിവ ജ്ഞാതചരദേശം ചണ്ഡാലവാടികാമിവ സ്ത്രീയം അഹിമിവ സുവർണം കാളകൂടമിവ സഭാസ്ഥലം ശ്മശാനസ്ഥലമിവ രാജധാനീം കുംഭീപാകമിവ ശവപിണ്ഡവത്‌ ഏകത്രാന്നം ന ദേഹാന്തരദർശനം പ്രപഞ്ചവൃത്തിം പരിത്യജ്യ സ്വദേശമുത്സൃജ്യ ജ്ഞാതചരദേശം വിഹായ വിസ്മൃതപദാർത്ഥം പുനഃ പ്രാപ്തഹർഷ ഇവ സ്വമാനന്ദമനുസ്മരൻ സ്വശരീരാഭിമാനദേശവിസ്മരണം മത്വാ സ്വശരീരം ശവമിവ ഹേയമുപഗമ്യ കാരാഗൃഹവിനിർമുക്ത ചോരവത്‌ പുത്രാപ്തബന്ധുഭവസ്ഥലം വിഹായ ദൂരതോ വസേത്‌.

അനന്തരം നാരദൻ ബ്രഹ്മാവിനോടുചോദിച്ചു. ഭഗവൻ, സംന്യാസിയുടെ നിയമങ്ങൾ എന്തെല്ലാമാണെന്നു് മനസ്സിലാക്കിത്തന്നാലും. ഇതിനുമറുപടിയായിബ്രഹ്മാവു്പറഞ്ഞു:- വൈരാഗ്യവാനായ സംന്യാസി ഒരേസ്ഥാനത്തു് വർഷർത്തുവിലെ നാലുമാസങ്ങൾമാത്രമേ വസിക്കാവൂ. ശേഷമുള്ള എട്ടുമാസങ്ങളും അവൻ സഞ്ചരിച്ചുകൊണ്ടിരിക്കണം. ഒരുസ്ഥാനത്തും അധികസമയം തങ്ങരുതു്. എന്തെന്നാൽ അങ്ങനെഅധികസമയം തങ്ങുന്നതുകൊണ്ടു് ധർമ്മഭ്രഷ്ടനായേക്കുമെന്നഭയത്തിനു് അവകാശമുണ്ടു്. ഒരുപക്ഷെ ആരെങ്കിലും അധികസമയംതങ്ങണമെന്നു് ആഗ്രഹം പ്രകടിപ്പിച്ചാലും ആആഗ്രഹത്തിനു് വഴങ്ങരുതു്. കൈകൾകൊണ്ടു് നദിനീന്തിക്കടക്കരുതു്. വൃക്ഷത്തിൽകയറുകയോ ഏതെങ്കിലും ദേവോത്സവത്തിലോ സാധാരണമേളകളിലോ പങ്കെടുക്കരുതു്. ആത്മാവിനെ ഉപാസിക്കുകയല്ലാതെ മററുദേവൻമാരെ ഉപാസിക്കരുതു്. ഒരേവീട്ടിൽനിന്നുതന്നെ അന്നംസ്വീകരിക്കരുതു്, ആത്മാവിനോടല്ലതെ മറെറാന്നിലും അസക്തികാണിക്കരുതു്. ചന്ദനാദി സുഗന്ധവസ്തുക്കൾ മലമൂത്രസമാനമെന്നുകരുതി അവയെത്യജിക്കണം. ക്ഷൗരത്തെചണ്ഡാലനെപ്പോലെസ്പർശനയോഗ്യമല്ലെന്നു കരുതണം. കൗപീനാദികളെയല്ലാതെ മററുവസ്ത്രങ്ങളെ എച്ചിൽപാത്രങ്ങളെ എന്നപോലേ വർജ്ജിക്കണം. അഭ്യംഗസ്നാനം ഒട്ടുംപാടില്ല. സ്നേഹിതന്മാരുടെ സഹവാസം ആനന്ദമയമാണെന്നു് കരുതരുതു്. നേരേ മറിച്ചു് അതു് മൂത്രതുല്യമാണെന്നുകരുതി അതിനെഉപേക്ഷിക്കണം. ആഗ്രഹങ്ങൾ ജനിക്കുവാൻ ഇടകൊടുക്കരുതു്. ഒരിക്കലും പരിചിതസ്ഥാനങ്ങൾ ഉപയോഗിക്കരുതു്. സഭാസമിതികളെ ശ്മശാന തുല്യമായി കരുതണം, സ്ത്രീയെ സർപ്പിണിയെപ്പോലെഭയങ്കരിയാണെന്നുകരുതണം. സ്വർണ്ണത്തെ കാളകൂടവിഷത്തെപ്പോലെയുംരാജധാനിയെകുംഭീപാക നരകത്തെപ്പോലെയുംകരുതണം. ഏകാന്നത്തെ മൃതകനുകൊടുക്കുന്ന പിണ്ഡം എന്നപോലെത്യാജ്യമെന്നു കരുതണം ദേഹത്തെ ആത്മാവിൽനിന്നും ഭിന്നമായികരുതരുതു്. ഒരുവിഷയത്തിലും അകപ്പെടരുതു്. സ്വദേശത്തെ ഉപേക്ഷിക്കുകയും. പരിചിത സ്ഥാനങ്ങളിൽ നിവസിക്കുകഎന്നുള്ള പ്രവൃത്തികളിൽ അകപ്പെടാതിരിക്കുകയും വേണം. തൻെറതന്നെആനന്ദമയസ്വരൂപത്തിൽ, നഷ്ടമായ വസ്തുവീണ്ടും കിട്ടിയാലുണ്ടാകുന്നസന്തോഷം പോലെസന്തുഷ്ടനായിരിക്കണം. തൻെറകുടുംബത്തിലുള്ളവരും പരിചിതരും വസിക്കുന്ന ദേശത്തെവിട്ടു് വളരെദൂരെപോകണം. തൻെറശരീരത്തെശവത്തെപ്പോലെ കരുതുകയും അതിൽഅനാസക്തനായിരിക്കയും വേണം മോഷണം നടത്തിയകള്ളൻ കാരാഗൃഹത്തിൽ നിന്നും മുക്തനായതിനുശേഷം ലജ്ജകൊണ്ടു് സ്വദേശത്തെ ഉപേക്ഷിച്ചു് മറെറവിടെങ്കിലും പോയിആരും

കാണാതെ താമസിക്കുന്നതുപോലെ തന്നെ സംന്യാസി തൻെറഭാര്യാപുത്രാദികളെ ഉപേക്ഷിച്ച് അവക്ക് ദർശനംപോലും കൊടുക്കാതെ ദൂരെപ്പോയി താമസിക്കണം.

2 അയഥേന പ്രാപ്തമാഹരൻ ബ്രഹ്മപ്രണവധ്യാനാനുസന്ധാനപരോ ഭൂത്വാ സർവ്വകർമ്മനിർമുക്തഃ. കാമക്രോധലോഭമോഹമദമാത്സര്യാദികം ദഗ്ധ്വാ ത്രിഗുണാതീതഃ ഷഡൂർമ്മിരഹിതഃഷഡ്ഭാവവികാരശൂന്യഃ സത്യവാക് ശുചിരദ്രോഹീ ഗ്രാമ ഏകരാത്രം പത്തനേ പഞ്ചരാത്രം ക്ഷേത്രേ പഞ്ചരാത്രം തീർത്ഥേ, പഞ്ചരാത്രം അനികേതഃ സ്ഥിരമതിഃ നാ അനൃതവാദീ ഗിരികന്ദരേഷു വസേത് ഏക ഏവ ദ്വൗ വാ ചരേത് ഗ്രാമം ത്രിഭിർനഗരം ചതുർഭിർ ഗ്രാമമിത്യേകശ്ചരേത്. ഭിക്ഷുഃ ചതുർദശകരണാനാം ന തത്രാവകാശം ദദ്യാദവിച്ഛിന്നജ്ഞാനാത് വൈരാഗ്യസംപത്തിമനുഭൂയ മത്തോ ന കശ്ചിത് നാന്യഃ വ്യതിരിക്ത ഇതി ആത്മനി ആലോച്യ സർവ്വതഃ സ്വരൂപമേവ പശ്യൻ ജീവൻമുക്തിം അവാപ്യ പ്രാരബ്ധപ്രതിഭാസനാശപര്യന്തം ചതുർവിധം സ്വരൂപം ജ്ഞാത്വാ ദേഹപതനപര്യന്തം സ്വരൂപാനുസന്ധാനേന വസേത്.

അനായാസം (ആവശ്യപ്പെടാതെ) എന്തുതന്നെകിട്ടിയാലും അതിനെ ഭക്ഷിച്ച് സന്തുഷ്ടനായിരിക്കണം. സർവ്വകർമ്മങ്ങളും പരിത്യജിച്ച് ബ്രഹ്മപ്രണവധ്യാനാനുസന്ധാനപരനായിരിക്കണം. കാമക്രോധലോഭാദികളെ ഭസ്മീകരിച്ച് വിശപ്പും മോഹവും കാരണം വ്യാകുലചിത്തനാകാതിരിക്കണം. ജന്മം, വൃദ്ധി, ജര എന്നീവികാരങ്ങളൊന്നും കൂടാതെ, നിർവ്വൈരമാനസനായി, ശരീരത്തെയും മനസ്സിനെയും പരിശുദ്ധമാക്കിവക്കണം. ഗ്രാമത്തിൽ ഒരുരാത്രിമാത്രമേവസിക്കാവൂ. നഗരങ്ങളിലും, പുണ്യക്ഷേത്രങ്ങളിലും തീർത്ഥസ്ഥാനങ്ങളിലും അഞ്ചുരാത്രിയിൽ അധികം വസിക്കരുത്. തനിക്കുതാമസിക്കുവാൻ വീടുണ്ടാക്കരുത്. മിഥ്യാഭാഷണത്തിൽ നിന്നും ഒഴിഞ്ഞ് ബുദ്ധിയെ പരമാത്മചിന്തനത്തിൽവിനിയോഗിക്കണം. സഞ്ചരിക്കുകയാണെങ്കിൽ ഏകനായിസഞ്ചരിക്കണം. നിവസിക്കുകയാണെങ്കിൽ ഗിരിഗഹ്വരങ്ങളിൽ വസിക്കണം. രണ്ടുപേർ ഒരുമിച്ച് ഒരിക്കലും വസിക്കരുത്. മൂന്നു വ്യക്തികളുടെ സഹവാസം ഗ്രാമത്തിനുതുല്യവും നാലുവ്യക്തികളോടുള്ളസഹവാസം നഗരതുല്യവുമാണ്. അതുകൊണ്ട് സംന്യാസി ഏകനായിത്തന്നെവസിക്കണം. തൻെറ

ഇന്ദ്രിയങ്ങൾക്ക് വിഷയങ്ങളെപ്പററിചിന്തിക്കുവാനുള്ളഅവസരംകൊടുക്കരുത്. ആരെയുംതന്നിൽനിന്നും ഭിന്നമായികരുതരുത്. മററുള്ളപദാർത്ഥങ്ങളെ അന്യമായികരുതാതെ എല്ലാംതന്നെപ്പോലെയാണെന്നുഭാവിക്കണം. അങ്ങനെസംന്യാസി സ്വസ്വരൂപത്തെ സാക്ഷാത്കരിച്ച് ജീവന്മുക്തനായി ഭവിക്കണം. സ്വസ്വരൂപജ്ഞാനം കൈവന്നതിനുശേഷവും മരണംവരെ സ്വരൂപധ്യാനനിരതനായിട്ടുതന്നെയിരിക്കണം. ഒരു സംന്യാസിക്ക് അത്യന്താപേക്ഷിതമായിട്ടുള്ളത് സമ്യക്കാകുംവണ്ണംആത്മബോധം സമ്പാദിക്കുകയാണ്.

3. ത്രിഷവണസ്നാനം കുടീചകസ്യ ബഹൂദകസ്യ ദ്വിവാരം ഹംസസ്യൈക വാരംപരമഹംസസ്യ മാനസസ്നാനം തുരീയാതീതസ്യ ഭസ്മസ്നാനമവധൂതസ്യ വായവ്യസ്നാനം. ഊർദ്ധ്വപുണ്ഡ്രം കുടീചകസ്യ ത്രിപുണ്ഡ്രം ബഹൂദകസ്യ ഊർദ്ധ്വപുണ്ഡ്രം ത്രിപുണ്ഡ്രം ഹംസസ്യ ഭസ്മോദ്ധൂളനം പരമഹംസസ്യ തുരീയാതീതസ്യതിലകപുണ്ഡ്രമവധൂതസ്യന കിംചിത്. തുരീയാതീതാവധൂതയോഃ ഋതുക്ഷൗരം കുടീചകസ്യ ഋതുദ്വയക്ഷൗരം ബഹൂദകസ്യന ക്ഷൗരം ഹംസസ്യ പരമഹംസസ്യ ച ന ക്ഷൗരം അസ്തിച്ഛേദയന ക്ഷൗരം. തുരീയാതീതാവധൂതയോഃ ന ക്ഷൗരം. കുടീചകസ്യൈകാന്നം മാധുകരം ബഹൂദകസ്യ ഹംസപരമഹംസയോഃ കരപാത്രം തുരിയാതീതസ്യ ഗോമുഖം അവധൂതസ്യാജഗരവൃത്തിഃ. ശാടീദ്വയം കുടീചകസ്യ ബഹൂദകസ്യൈക ശാടീ ഹംസസ്യഖണ്ഡം ദിഗംബരം പരമഹംസസ്യ ഏകകൗപീനം വാ തുരീയാതീതാവധൂതയോർ ജാതരൂപധരത്വം ഹംസപരമഹംസയോഴ രജിനം ന തു അന്യേഷാം.

കുടീചകസംന്യാസി മൂന്നുസമയങ്ങളിലും സ്നാനംചെയ്യണം. ബഹൂദകൻ രണ്ടുതവണയും ഹംസൻ ഒരുതവണയും സ്നാനംചെയ്യണം. പരമഹംസന് മാനസികസ്നാനമാണ് വിധിച്ചിട്ടുള്ളത്. തുരീയാതീതന് ഭസ്മലേപനംതന്നെയാണ് സ്നാനം. അവധൂതൻ വായുസ്പർശംകൊണ്ടുതന്നെ സ്നാനംചെയ്തതിനുതുല്യം ശുദ്ധനായിത്തിരുന്നു. കുടീചകൻ നെററിയിൽ ഊർദ്ധ്വപുണ്ഡ്രവുംബഹൂദകൻ ത്രിപുണ്ഡ്രവും ധരിക്കണം. ഹംസൻ ഊർദ്ധ്വപുണ്ഡ്രമോ ത്രിപുണ്ഡ്രമോധരിക്കണം. പരമഹംസന് കേവലംഭസ്മലേപനംമതി. തുരീയാതീതന് തിലകപുണ്ഡ്രമാണ്വിധിച്ചിട്ടുള്ളത്, അവധൂതന്യാതൊരുവിധമായ ചിഹ്നവുംധരിക്കേണ്ടതാവശ്യമില്ല. കുടീചകൻ രണ്ടു മാസത്തിലൊരി

ക്കലും ബഹൂദകൻ നാലു മാസത്തിലൊരിക്കലും ക്ഷൗരകർമ്മം ചെയ്യിക്കണം. ഹംസനും പരമഹംസനും വേണമെങ്കിൽ ആറുമാസത്തിലൊരിക്കൽ ക്ഷൗരം ചെയ്യിക്കാം. അവധൂതനും, തുരീയാതീതനും ക്ഷൗരം അനാവശ്യമാണ്.

കടീചകൻ ഒരു സ്ഥാനത്തുനിന്നു ആഹാരം സ്വീകരിക്കണം. ബഹൂദകൻ മാധുകരീവൃത്തിയെ അനുസരിക്കണം. ഹംസനും പരമഹംസനും കൈകളിൽ ഭിക്ഷ സ്വീകരിക്കണം, തുരിയാതീതൻ ഗോമുഖവൃത്തിയോടും അവധൂതൻ അജഗരവൃത്തിയോടും ആഹാരം സ്വീകരിക്കണം. കടീചകൻ രണ്ടു വസ്ത്രവും, ബഹൂദകൻ ഒരു വസ്ത്രവും ഹംസൻ ഒരു തുണ്ടുതുണിയും, പരമഹംസൻ ഒരു കൗപീനവും ധരിക്കണം. തുരീയാതീതനും അവധൂതനും വസ്ത്രം ധരിക്കേണ്ട ആവശ്യമില്ല.

7. കടീചകബഹൂദകയോർ ദേവാർച്ചനം, ഹംസപരമഹംസയോർ മാനസാർച്ചനം, തുരീയാതീതാവധൂതയോഃ സോഽഹംഭാവനാ, കടീചകബഹൂദകയോർ മന്ത്രജപാധികാരോ ഹംസപരമഹംസയോർ ധ്യാനാധികാരസ്തുരീയാതീതാവധൂതയോർ നത്വന്യാധികാരസ്തുരീയാതീതാവധൂതയോർമഹാവാക്യോപദേശാധികാരഃ. പരമഹംസസ്യാപി. കടീചകബഹൂദകഹംസാനാംനാന്യസ്യോപദേശാധികാരഃ. കടീചകബഹൂദകയോർ മാനുഷപ്രണവഃ ഹംസപരമഹംസയോരാന്തരപ്രണവഃ തുരീയാതീതാവധൂതയോർബ്രഹ്മപ്രണവഃ. കടീചകബഹൂദകയോഃ ശ്രവണം ഹംസ പരമഹംസയോർ മനനം തുരീയാതീതവധൂതയോർ നിദിധ്യാസഃ. സർവേഷാമാത്മാനുസന്ധാനം വിധിരിത്യേവ മുമുക്ഷുഃ സർവദാ സംസാരതാരകം താരകമനുസ്മരൻ ജീവന്മുക്തോ വസേത്. അധികാരവിശേഷേണ കൈവല്യപ്രാപ്ത്യുപായമന്വിഷ്യേദ്യതിഃ ഇത്യുപനിഷത്.

കടീചകനും ബഹൂദകനും, ദേവാർച്ചനം ചെയ്യണം. ഹംസനും പരമഹംസനും മാനസികമായ അർച്ചനയ്ക്കാണ് അധികാരമുള്ളത്. തുരീയാതീതനും അവധൂതനും സോഽഹം (അതു ഞാനാകുന്നു) എന്ന ഭാവന മതിയാകും. കടീചകനും ബഹൂദകനും മന്ത്രം ജപിക്കാനും, ഹംസനും പരമഹംസനും ധ്യാനത്തിനും, തുരീയാതീതനും അവധൂതനും മഹാവാക്യോപദേശത്തിനും അധികാരമുണ്ട്. കടീചകനും ബഹൂദകനും മാനുഷ പ്രണവവും (സാധാരണ പ്രണവം) ഹംസ പരമഹംസന്മാർക്ക് ആന്തരിക പ്രണവവും തുരീയാതീതാവധൂതന്മാർക്ക്

ബ്രഹ്മപ്രണവുമാണ് വിധിച്ചിട്ടുള്ളത്. കുടീചകബഹൂദകന്മാർക്ക് ശ്രവണവും, ഹംസപരമഹംസന്മാർക്ക മനനവും തുരീയാതീതാവധൂതന്മാർക്ക് നിധിധ്യാസവും ആണ് വിധിച്ചിട്ടുള്ളത്. എന്നാൽ എല്ലാവരുടെയും ലക്ഷ്യം ആത്മാനുസന്ധാനമായിരിക്കണം. ഇങ്ങനെ എല്ലാവരും മോക്ഷപ്രാപ്തിക്കായി പ്രയത്നിച്ചു കൊണ്ടിരിക്കുകയും പ്രാപഞ്ചികങ്ങളായ വിഷയങ്ങളിൽനിന്നും മോചനം നേടി ജീവന്മുക്താവസ്ഥയും കൈവല്യാവസ്ഥയും പ്രാപിക്കുവാൻ പ്രയത്നിച്ചു കൊണ്ടിരിക്കുകയും വേണം.

## എട്ടാം ഉപദേശം

1. അഥ ഹൈനം ഭഗവന്തം പരമേഷ്ഠിനം നാരദഃ പപ്രച്ഛ സംസാരതാരകം പ്രപന്നോ ബ്രൂഹീതി. തഥേതി പരമേഷ്ഠി വക്തും ഉപചക്രമേ ഓം ഇതി ബ്രഹ്മ ഇതി, വ്യഷ്ടിസമഷ്ടിപ്രകാരേണ. കാ വ്യഷ്ടിഃ കാ സമഷ്ടിഃ സംഹാരപ്രണവഃ. സൃഷ്ടിപ്രണവശ്ചാന്തർ ബഹിശ്ചോഭയാത്മകത്വാത് ത്രിവിധോ ബ്രഹ്മപ്രണവഃ. അന്തഃപ്രണവോ വ്യാവഹാരികപ്രണവഃ. ബാഹ്യപ്രണവഃ ആർഷപ്രണവഃ ഉഭയാത്മകോ വിരാട് പ്രണവഃ. സംഹാരപ്രണവോ ബ്രഹ്മപ്രണവ അർധമാത്രാ പ്രണവഃ.

അനന്തരം നാരദൻ ഭഗവൻ ബ്രഹ്മാവിനോട് വീണ്ടും ചോദിച്ചു. ഭഗവൻ, ഏതു മന്ത്രമാണ് സംസാരതാരകമായിട്ടുള്ളത്? അതു് എനിക്ക് പറഞ്ഞു തന്നാലും. ബ്രഹ്മാവ് പറഞ്ഞു; അതിനു ശക്തിയുള്ളത് ബ്രഹ്മസ്വരൂപമായ ഓം എന്ന താരകമന്ത്രത്തിനു തന്നെയാണ്. ഇതിനെ വ്യഷ്ടി രൂപത്തിലും സമഷ്ടി രൂപത്തിലും ചിന്തിക്കണം. നാരദൻ വ്യഷ്ടിയെപ്പറ്റിയും സമഷ്ടിയെപ്പറ്റിയും ജിജ്ഞാസ പ്രകടിപ്പിച്ചപ്പോൾ ബ്രഹ്മാവ് വീണ്ടും പറഞ്ഞു; നാരദ, വ്യഷ്ടിയും സമഷ്ടിയും ബ്രഹ്മപ്രണവത്തിന്റെ അംഗങ്ങൾ തന്നെയാണ്. ഏകമായ ബ്രഹ്മപ്രണവത്തിനു് സംഹാരപ്രണവം, സൃഷ്ടിപ്രണവം ഉഭയാത്മകപ്രണവം എന്നു് മൂന്നുവകഭേദമുണ്ട്. ഉഭയാത്മക പ്രണവം ബാഹ്യപ്രണവമെന്നും ആന്തരിക പ്രണവം എന്നും രണ്ടുവിധമുണ്ട്. അതുകൊണ്ട് അതിനെ ഉഭയാത്മക പ്രണവം എന്നു പറയുന്നു. ബ്രഹ്മപ്രണവത്തിനു് വ്യാവഹാരിക പ്രണവം എന്നൊരു വകഭേദം കൂടിയുണ്ട്. വ്യഷ്ടി പ്രണവത്തെത്തന്നെയാണ് ബാഹ്യപ്രണവമെന്ന് വ്യവഹരിക്കുന്നത്. ആർഷപ്രണവമെന്ന് മറ്റൊന്നു കൂടിയുണ്ട്. ഉഭയാത്മകപ്രണവത്തെ വിരാട് പ്രണവ

മെന്നും പറയുന്നു. അകാരാദി നാലുമാത്രകളോടുകൂടിയതും സ്ഥൂലാദിഭേദയുക്തവുമായ പ്രണവത്തെ അർദ്ധമാത്രാ പ്രണവമെന്നും പറയുന്നു.

2. ഓമിതി ബ്രഹ്മ.ഓമിത്യേകാക്ഷരമന്തഃ പ്രണവം വിദ്ധി. സ ചാഷ്ടധാ ഭിദ്യതേ. അകാരോകാരമകാരാർദ്ധമാത്രാ നാദ ബിന്ദുകലാശക്തിശ്ചേതി. തത്ര ചത്വാര അകാരശ്ചായുതാവ യവാന്വിത ഉകാരഃ സഹസ്രാവയവാന്വിതോ മകാരഃ ശതാവ യവോപേതോഽർദ്ധമാത്രാപ്രണവോഽനന്താവയവാകാരഃ. സഗുണോ വിരാട് പ്രണവഃ സംഹാരോ നിർഗ്ഗുണപ്രണവ ഉഭയാത്മകോത്പത്തിപ്രണവോ യഥാപ്ലുതോ വിരാട്പ്ലുതഃ പ്ലുതസംഹാരോ വിരാട്പ്രണവഃ ഷോഡശമാത്രാത്മകഃ ഷട്ത്രിംശത്തത്ത്വാതീതഃ ഷോഡശമാത്രാത്മകത്വം കഥമി ത്യുച്യതേ. അകാരഃ പ്രഥമാകാരോദ്വിതീയാമകാരസ്തൃതീ യാർദ്ധമാത്രാ ചതുർത്ഥീ നാദഃ പഞ്ചമീ ബിന്ദുഃ ഷഷ്ഠീകലാ സപ്തമീകലാതീതാഷ്ടമീ ശാന്തിർനവമീ ശാന്ത്യതീതാ ദശമീ ഉന്മന്യേകാദശീ മനോന്മനീ ദ്വാദശീ പുരീ ത്രയോദശീ മധ്യമാ ചതുർദ്ദശീ പശ്യന്തീ പഞ്ചദശീ പരാ.ഷോഡശീ പുനശ്ചതുഃ ഷഷ്ടിമാത്രാ പ്രകൃതിപുരുഷദ്വൈവിധ്യമാസാദ്യാഷ്ടാ ശതത്യുത്തരഭേദമാത്രാ സ്വരൂപമാസാദ്യ സഗുണനിർഗ്ഗുണത്വമു പേത്യൈകോഽപി ബ്രഹ്മപ്രണവഃ.

'ഓം' ബ്രഹ്മമാണ്; ഇതു തന്നെയാണ് ഏകാക്ഷരമന്ത്രം ഇതുതന്നെയാണ് അന്തഃപ്രണവമെന്ന് മനസ്സിലാക്കണം. ഇതു് അകാരം, ഉകാരം, മകാരം, അർദ്ധമാത്ര, നാദം, ബിന്ദു, കല, ശക്തി എന്നു് എട്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. നാലുമാത്രയോടുകൂടി പരിലക്ഷിതമാകുന്ന പ്രണവത്തിന്റെ ഓരോ മാത്രയ്ക്കും അനേകാനേകം ഭേദങ്ങളുണ്ട്. അകാരമാത്രയ്ക്കുതന്നെ പതിനായിരം അവയവങ്ങളും ഉണ്ട്. ഉകാരത്തിനു് ആയിരവും, മകാരത്തിനു നൂറും, അവയവങ്ങളും ഉണ്ടെന്നു പറയപ്പെടുന്നു, അർദ്ധമാത്രാപ്രണവവും അനന്തമായ അവയവങ്ങളാൽ സമ്പന്നമാണ്. വിരാട് പ്രണവം സഗുണവും, സംഹാരപ്രണവം നിർഗ്ഗുണവുമാണ്. സൃഷ്ടിപ്രണവം സഗുണനിർഗ്ഗുണങ്ങളുമായി സംബന്ധിക്കപ്പെട്ടിരിക്കുന്നു. വിരാട് പ്രണവം അകാരാദിനാലുമാത്രകളുടെ സമഷ്ടിയോടുകൂടിയതാണെന്നു പറയപ്പെടുന്നു. സംഹാരപ്രണവം ചതുർത്ഥമാത്രാത്മകമായ അർദ്ധമാത്രാരൂപയുക്തവുമാണ്.

വിരാട് പ്രണവം പതിനാറു മാത്രകളോടുകൂടിയതാകുന്നു. ഇതിനെ മുപ്പത്താറുതത്ത്വങ്ങൾക്കും ഉപരിയായി പരിഗണിച്ചിരിക്കുന്നു. 'അകാരം' ഇതിന്റെ പ്രഥമ മാത്രയാകുന്നു ഉകാരം, മകാരം അർദ്ധമാത്ര, ബിന്ദു, നാദം, കല, കലാതീത, ശാന്തി, ശാന്ത്യതീത, ഉന്മനി, മനോന്മനി, പുരി, മധ്യമാ, പശ്യന്തി പരാ എന്ന് യഥാക്രമം രണ്ടാമത്തേതിൽ പതിനാറുമാത്രകൾ ഉണ്ട്. പതിനാറു കലകളോടുകൂടിയ ഈ ബ്രഹ്മപ്രണവം തന്നെയാണ് ജ്ഞാതവും അനുജ്ഞാതാവും അനുജ്ഞയും. അവികല്പരൂപമായ തുരീയത്തിൽ നിന്നും ഭിന്നമല്ലാത്തതുകൊണ്ട് അറുപത്തിനാലു മാത്രകളോടുകൂടിയതായിത്തീരുന്നു. പിന്നീട് പ്രകൃതി പുരുഷരൂപത്തിൽ രണ്ടു വിഭാഗങ്ങളുള്ളതുകൊണ്ട് നൂററിഇരുപത്തെട്ടു മാത്രകളാൽ സമ്പന്നമാകുന്നു. ഇങ്ങനെ ഒരേ ഒരു ബ്രഹ്മം തന്നെയാണ് പ്രണവത്തിന്റെ സഗുണ നിർഗ്ഗുണാദിരൂപം ധരിച്ച്, ദൃഷ്ടിഭേദത്താൽ അനേകാനേകം രൂപങ്ങൾ കൈക്കൊള്ളുന്നത്.

4 സർവാധാരഃ പരംജ്യോതിരേഷ സർവേശ്വരോ വിഭുഃ
സർവ ദേവമയഃ സർവ, പ്രപഞ്ചാധാരഗർഭിതഃ,

5. സർവാക്ഷരമയ: കാല: സർവാഗമമയ:ശിവഃ
സർവശ്രുത്യുത്തമോമൃഗ്യ: സകലോപനിഷൻമയ:.

6. ഭൂതം ഭവ്യം ഭവിഷ്യദ്യത് ത്രികാലോദിതമവ്യയം
തദപ്യോംകാരമേവായം വിദ്ധി മോക്ഷപ്രദായകം,

7. തമേവാത്മാനമിത്യേതദ് ബ്രഹ്മശബ്ദേന വർണിതം
തദേകമമൃതമജരമനുഭൂയ തഥോമിതി.

8. സ ശരീരം സമാരോപ്യ തന്മയത്വം തഥോമിതി
ത്രിശരീരം തമാത്മാനം പരംബ്രഹ്മ വിനിശ്ചിനു.

ബ്രഹ്മപ്രണവരൂപമായ ഈ പരമാത്മാവ് സർവ്വവ്യാപിയാകുന്നു. ഇത് പരമജ്യോതിസ്വരൂപവും സർവത്തിനും ആശ്രയഭൂതവുമാകുന്നു. എല്ലാ ദേവന്മാരും ഇതിന്റെ സ്വരൂപം തന്നെയാണ്. ഇതുതന്നെയാണ് സമ്പൂർണ്ണ പ്രപഞ്ചാധാരവും സർവാക്ഷരസ്വരൂപവും. ഇതുതന്നെയാണ് കല്യാണമയനും സർവശാസ്ത്രമയനും. ശ്രുതികളിലും പുരുഷോത്തമനായ ബ്രഹ്മരൂപത്തിലും ശ്രേഷ്ഠമായ തത്ത്വരൂപത്തിലും ഇദ്ദേഹത്തെത്തന്നെയാണ് അന്വേഷിക്കേണ്ടത്. ഇതുതന്നെയാണ് എല്ലാ ഉപനിഷത്തുകളുടെയും വാച്യാർത്ഥം. ഇതുതന്നെയാണ് എല്ലാകാല രൂപവും ഭൂതം, ഭാവി, വർത്തമാനം എന്നീ ത്രികാലാത്മക

മായ ജഗത്തും ത്രിഭുവനങ്ങൾക്കും ഉപരിയായിട്ടുള്ള ശാശ്വത തത്ത്വം എല്ലാം ഇദ്ദേഹത്തിന്റെ സ്വരൂപം തന്നെയാണ്. ഈ പ്രണവത്തെത്തന്നെയാണ് മോക്ഷദൻ എന്നു മനസ്സിലാക്കേണ്ടതു്. പ്രണവത്തിന്റെ അർത്ഥഭൂതമായ ബ്രഹ്മം തന്നെയാണ് ആത്മാവു്. ആ ബ്രഹ്മത്തെ ആത്മാവിൽ ഏകീഭവിപ്പിച്ച് പ്രണവത്തെത്തന്നെ, ഏകവും, ജരാരഹിതവും അമൃതരൂപവും, ചിന്മയതത്ത്വവും എന്നു മനസ്സിലാക്കണം. പിന്നീട് സ്ഥൂലസൂക്ഷ്മകാരണ രൂപത്തിലുള്ള സമ്പൂർണ്ണ ദൃശ്യ പ്രപഞ്ചത്തെയും പ്രണവത്തിൽ സമാരോപിക്കണം. ഇങ്ങനെ ഈ വിശ്വത്തെ ഓം എന്നു കരുതുകയും തന്റെ ആത്മാവിനെ ത്രിവിധദേഹ രൂപോപാധി സമ്പന്നമായ ബ്രഹ്മമാണെന്നു കരുതുകയും വേണം. ഇതേപ്രകാരം ആത്മാവിനെ പരമാത്മാവിൽ ദൃഢമായി താദാത്മ്യം സ്ഥാപിച്ച് ആത്മാവിന്റെ രൂപത്തിലുള്ള ബ്രഹ്മത്തെപ്പറ്റിയുള്ള ചിന്ത നിരന്തരം അഭ്യസിച്ചു കൊണ്ടിരിക്കണം.

9. പരം ബ്രഹ്മാനുസംദധ്യാത് വിശ്വാദീനാം ക്രമഃ ക്രമാത്
സ്ഥൂലത്വാത് സ്ഥൂലഭുക്ത്വാച്ച സൂക്ഷ്മത്വാത്
സൂക്ഷ്മഭുക് പരം.

10. ഐക്യത്വാനന്ദഭോഗാച്ച സോയമാത്മാ ചതുർവിധഃ.
ചതുഷ്പാത് ജാഗരിതഃ സ്ഥൂലഃ സ്ഥൂലപ്രജ്ഞോഹി
വിശ്വഭുക്.

11. ഏകോനവിംശതി മുഖഃ സാഷ്ടാംഗഃ സർവഗഃ പ്രഭുഃ
സ്ഥൂലഭുക് ചതുരാത്മാഥ വിശ്വോ വൈശ്വാനരഃ പുമാൻ.

12. വിശ്വജിത് പ്രഥമഃ പാദഃ സ്വപ്നസ്ഥാനഗതഃ പ്രഭുഃ
സൂക്ഷ്മപ്രജ്ഞഃ സ്വതോഷ്ടാംഗ ഏകോ നാന്യഃ പരംതപഃ.

13. സൂക്ഷ്മഭുക് ചതുരാത്മാഥ തൈജസോ ഭൂതരാഡയം.
ഹിരണ്യഗർഭഃ സ്ഥൂലോഽന്തർദ്വിതീയഃ പാദ ഉച്യതേ.

14. കാമം കാമയതേ യാവദ്യത്ര സുപ്തോ ന കംചന
സ്വപ്നം പശ്യതി നൈവാത്ര തത്സുഷുപ്തമപി സ്ഫുടം.

15. ഏകീഭൂതഃ സുഷുപ്തസ്ഥഃ പ്രജ്ഞാനഘനവാൻ സുഖീ
നിത്യാനന്ദമയോഽപ്യാത്മാ സർവ ജീവാന്തരസ്ഥിതഃ.

16. തഥാപ്യാനന്ദഭുക്ചേതോ മുഖഃ സർവഗതോഽവ്യയഃ
ചതുരാത്മേശ്വരഃ പ്രാജ്ഞസ്തൃതീയഃ പാദസംജ്ഞിതഃ.

സ്ഥൂലത്തിന്റെയും സ്ഥൂലജഗത്തിന്റെയും സൂക്ഷ്മത്തിന്റെയും സൂക്ഷ്മജഗത്തിന്റെയും ഭോക്താവായതുകൊണ്ടും, ആനന്ദത്തിന്റെയും ആനന്ദസ്വരൂപത്തിന്റെയും ഉപഭോക്താവായതുകൊണ്ടും അഥവാ ഈ മൂന്നിൽ നിന്നും സമുദ്ഭൂതമായതുകൊണ്ടും ഈ ആത്മാവിന് നാലു വിഭാഗങ്ങളും ഉണ്ട് എന്നു പറയപ്പെടുന്നു. ഈ ഭേദങ്ങളും കാരണം ആത്മാവ് ചതുഷ്പാത് (നാലു കാലുകളോടുകൂടിയത്). എന്നു പറയപ്പെടുന്നു. ജാഗ്രദവസ്ഥയും അതിൽക്കൂടി ഉപലക്ഷിതമായ ജഗത്തും ആരുടെ ദേഹമാണോ, ആരുടെ ജ്ഞാനമാണോ ഈ സ്ഥൂലപ്രപഞ്ചത്തിൽ വ്യാപിച്ചിരിക്കുന്നത്, ആരാണോ ഈ സമ്പൂർണ്ണവിശ്വത്തിന്റെയും ഭോക്താവായിരിക്കുന്നത്. ആരുടെ മുഖമാണോ അഞ്ചുകർമ്മേന്ദ്രിയങ്ങളും മുതലായി പത്തൊൻപതുകരണങ്ങളായിരിക്കുന്നത് ഭൂലോകം ഭുവർലോകം സ്വർലോകം, മഹർലോകം, ജനലോകം, തപോലോകം, സത്യലോകം, പാതാളം എന്നീ എട്ടുലോകങ്ങളും ആരുടെ അംഗമാണോ, ആരുടെ അഭിവ്യക്തിയാണോ സ്ഥൂലവും സൂക്ഷ്മവും കാരണവും സാക്ഷിയും ആയിരിക്കുന്നത് സർവവ്യാപിയും, വിശ്വരൂപവുമായ ആ വൈശ്വാനരൻ തന്നെയാണ് ബ്രഹ്മത്തിന്റെ പ്രഥമപാദമെന്ന് പറയപ്പെടുന്നത്.

സ്വപ്നവും, ഉപലക്ഷിതമായ സൂക്ഷ്മ വിശ്വത്തിൽ വ്യാപിച്ചിരിക്കുന്ന ബ്രഹ്മവും സൂക്ഷ്മപ്രജ്ഞമാണ്. അദ്ദേഹത്തിന്റെ വിജ്ഞാനം ആന്തരിക ജഗത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. മേൽ പറഞ്ഞ അഷ്ടാംഗത്തോടുകൂടിയത് സ്വപ്നലോകത്തിൽ ഏകാകി തന്നെയാണ് അദ്ദേഹത്തിന് സൂക്ഷ്മാദി നാലുവിഭാഗങ്ങളും ഉണ്ട്. പ്രകാശത്തിന്നധിപതിയായതുകൊണ്ട് അദ്ദേഹത്തെ തൈജസം എന്നു പറയുന്നു. അദ്ദേഹം സർവഭൂതാധിപതിയും ഹിരണ്യഗർഭനുമാകുന്നു. അന്തരംഗത്തിൽ നിവസിക്കുന്നതുകൊണ്ടു ഇതു് സൂക്ഷ്മമാണ്. ഇവയെ തന്നെയാണ് പരമാത്മാവിന്റെ ദ്വിതീയപാദം എന്നു പറയുന്നത്.

സുഷുപ്താവസ്ഥയിൽ മനുഷ്യൻ ഒരു സ്വപ്നവും കാണുന്നില്ല. ഒന്നിനെപ്പററിയും ചിന്തിക്കുന്നുമില്ല. ഇങ്ങനെയുള്ള സ്ഥിതിയും അതിൽക്കൂടി ഉപലക്ഷിതമാകുന്ന വിശ്വത്തിന്റെ പ്രളയ രൂപവും ആരുടെ സ്ഥാനമാണോ ആരാണോ ദ്വിതീയവും പ്രജ്ഞാനാത്മകവുമായിരിക്കുന്നത് ഏതൊന്നാണോ, സുഖരൂപവും നിത്യാനന്ദമയവുമായിരിക്കുന്നത് ആരാണോ അന്തര്യാമിയായി സ്ഥിതി ചെയ്യുന്ന, സ്വസ്വരൂപത്തിന്റെ ആനന്ദത്തെ അനുഭവിക്കുന്നത്, ആരാണോ അവിനാശിയും. പ്രകാശമാകുന്ന മുഖത്തോടുകൂടിയവനും ജ്ഞാതാവ്, അനുജ്ഞാതാവ്, അനുജ്ഞ, അവികല്പം എന്നീ നാലു രൂപങ്ങളിൽ അഭിവ്യക്തമായിരിക്കുന്നത് ആ പ്രാജ്ഞൻ തന്നെയാണ് പരമാത്മാവിന്റെ തൃതീയപാദം.

17. ഏഷ സർവേശ്വരശ്ചൈഷ സർവജ്ഞഃ സൂക്ഷ്മഭാവനഃ
ഏഷോ ഽന്തര്യാമ്യേഷ യോനിഃ സർവസ്യ പ്രഭവാപ്യയൗ.

18. ഭൂതാനാം ത്രയമപ്യേതത് സർവോ [illegible]
തത്സുഷുപ്തം ഹി യത്സ്വപ്നം മായാ[illegible] പ്രകീർത്തിതം.

19. ചതുർത്ഥ ശ്ചതുരാത്മാപി സച്ചിദേകരസോ [illegible]
തുരീയാവസിതത്വാച്ച ഏകൈകത്വാ[illegible]

20. ജ്ഞാതാ ജ്ഞാത്രനജ്ഞാതൃ [illegible] സാധനം
വികല്പത്രയമത്രാപി സുഷുപ്തം സ്വ[illegible]

21. മായാമാത്രം വിദിത്വൈവം സച്ചിദേക[illegible]
വിഭക്തോഹ്യയമാദേശോ ന [illegible]

22. ന സൂക്ഷ്മപ്രജ്ഞമിത്യുക്തം ന പ്രജ്ഞം [illegible]
നൈവാപ്രജ്ഞം [illegible] പ്രജ്ഞഃ ന പ്രജ്ഞാ[illegible]

23. നാപ്രജ്ഞം [illegible] ന പ്രജ്ഞാ[illegible] [illegible] പ
തദലക്ഷണ [illegible] വ്യവഹാ[illegible] അവ്യപ
ദേശ്യം ഏകാത്മപ്രത്യയസാരം പ്രപഞ്ചോപശമം ശിവം
ശാന്തം അദ്വൈതം ചതുർത്ഥം മന്യന്തേ സ [illegible] സ
വിജ്ഞേയോ നാപരസ്തുരീയഃസർവത്ര ഭാനുവൻ [illegible]
ധാരഃ സ്വയം ജ്യോതിർ ബ്രഹ്മാകാശഃ സർവദാ വിരാജതേ
പരബ്രഹ്മത്വാദ് - ഇത്യുപനിഷത്.

ഇപ്രകാരം ത്രിപാദയുക്തനായ പരമാത്മാവ് [illegible] സർവത്തിനും നാഥനായിട്ടുള്ളതു്. ഇതുതന്നെയാണ് സൂക്ഷ്മ[illegible]. ചിന്ത്യവും, സർവജ്ഞവും, അന്തര്യാമിയും. ഇതുതന്നെയാണ് [illegible]കാരണഭൂതവും പ്രാണികളുടെ സൃഷ്ടിസ്ഥിതിലയസ്ഥാനവും [illegible]കൂടിയ ഈ വിശ്വം സുഷുപ്തിരൂപം തന്നെയാണ്. ഇവിടെ വ[illegible] വിപരീതമായി കാണപ്പെടുന്നതുകൊണ്ടു് ഇതു് സ്വപ്നസമാനവും [illegible]വുമാണ്.

മേൽപറഞ്ഞമൂന്ന പാദങ്ങളാകം പുറമേ [illegible]പാദംകൂടിയുണ്ടു്. അതു് ജ്ഞാതം, അനജ്ഞാതാവ്, അനജ്ഞാ, അവികല്പം എന്നീ ഭേദേനനാലു രൂപത്തോടുകൂടിയതാണ്. ഇ[illegible] തുരീയപാദമെന്നുപറയുന്നു. ഇതു് സച്ചിദാനന്ദരൂപമാണ്. ഇതിന്റെ നാലു[illegible] തുരീയംതന്നെയാണ്. എന്തെന്നാൽ ഓരോരൂപവും തുരീയത്തിലാണ് വിലയം പ്രാപിക്കുന്നതു്. ഈ തുരീയപാദത്തിൽ ജ്ഞാതം, അനജ്ഞാതാവ്, അനജ്ഞ എന്നീമൂന്നു രൂപങ്ങളും, വികല്പജ്ഞാനാത്മകമാണ്. ഇവയെഎല്ലാംതന്നെ സ്വപ്നത്തെപ്പോലെയോ മായയെന്നോ മനസ്സിലാക്കണം. ഈവികല്പങ്ങൾക്കെല്ലാം

അതീതനായിരിക്കുന്ന നിർവികല്പപരമാത്മാവുതന്നെയാണ് ഏകമാത്രമായസച്ചിദാനന്ദസ്വരൂപം, എന്നുമനസ്സിലാക്കുന്നതാണ് ശ്രേയസ്കരം.

ആരാണോ സ്ഥൂലത്തിന്റെയും സൂക്ഷ്മത്തിന്റെയും ജ്ഞാതാവല്ലാത്തത്, ആരാണോഈ രണ്ടിനെപ്പററിയും അറിയാത്തവനായിരിക്കുന്നത്, അധികമോ ന്യൂനമോ അല്ലാത്തത്, ബാഹ്യമായും ആന്തരമായും അജ്ഞനായിരിക്കുന്നത്, ആരാണോ പ്രജ്ഞാനരൂപമല്ലാത്തത്, ആരാണോ കണ്ണുകൾക്ക് ഗോചരമല്ലാത്തത്, എന്തെന്നാൽ അതിനു രൂപമില്ലല്ലോ, ആരാണോ ഒരു നിർവചനത്തിലും ഒതുങ്ങാതെയും ധ്യാനഗമ്യനല്ലാതെയും ഇരിക്കുന്നത്, ആർക്കാണോ സ്വരൂപമായ ആത്മസത്തയെ വിശ്വാസമില്ലാത്തത്, ആരാണോ പ്രപഞ്ചാതീതനായിരിക്കുന്നത്. ആ അദ്വിതീയനും പരമകല്ല്യാണമയനുമായതത്ത്വം തന്നെയാണ് ആ ബ്രഹ്മത്തിന്റെ ചതുർത്ഥപാദം. ഇതിനെജ്ഞാനികൾ ബ്രഹ്മപ്രണവം എന്നുപറയുന്നു. ഇതുതന്നെയാണ് മുമുക്ഷുക്കൾക്ക് ആശ്രയഭൂതനായിരിക്കുന്നത്. അത് പരമമായ ബ്രഹ്മമായതു കൊണ്ടാണ് പ്രസിദ്ധനായിത്തീർന്നിട്ടുള്ളത്. അതുതന്നെയാണ് സ്വയം പ്രകാശനും, ആകാശസ്വരൂപനും.

## ഒൻപതാം ഉപദേശം

1. അഥ ബ്രഹ്മസ്വരൂപം കഥമിതി നാരദഃ പപ്രച്ഛ.തം ഹോവാച പിതാമഹഃ കിം ബ്രഹ്മസ്വരൂപമിതി. അന്യോ ζ സാവന്യോ ഹമസ്മീതി യേ വിദുഃ തേ പശവോ ന സ്വഭാവ പശവഃ തമേവം ജ്ഞാത്വാ വിദ്വാൻ മൃത്യു മുഖാത് പ്രമുച്യതേ നാന്യഃ പന്ഥാ വിദ്യതേ അയനായ.

നാരദൻവീണ്ടും ബ്രഹ്മസ്വരൂപം എന്താണെന്ന് ചോദിച്ചപ്പോൾ ബ്രഹ്മാവുപറഞ്ഞു. നാരദ,തന്റെരൂപം തന്നെയാണ് ബ്രഹ്മം. താൻബ്രഹ്മത്തിൽനിന്നും ഭിന്നമാണെന്നു കരുതുന്നവൻ മനുഷ്യനല്ല. മൃഗമാണ്. മൃഗങ്ങളുടെ യോനിയിൽ ജനിച്ചതു കൊണ്ടുമാത്രം അവയെ മൃഗമെന്നു പറയാൻ പാടില്ല. നേരേമറിച്ച്. യഥാർത്ഥജ്ഞാനമില്ലാത്തവനാണ്മൃഗം. പരബ്രഹ്മത്തെതന്നെ സർവാത്മാവായി കരുതുന്ന ജ്ഞാനി മൃത്യുവക്ത്രത്തിൽനിന്നും രക്ഷപ്രാപിക്കുന്നു. മോക്ഷപ്രാപ്തിക്കുള്ള ഏകമാർഗ്ഗം പരമാത്മജ്ഞാനം ഒന്നുമാത്രമാണ്.

2. കാലഃസ്വഭാവോ നിയതിർ യദൃച്ഛാ
ഭൂതാനി യോനിഃ പുരുഷ ഇതി ചിന്ത്യം
സംയോഗ ഏഷാം നത്വാത്മഭാവാ
ദാത്മാഹ്യനീശഃ സുഖദുഃഖ ഹേതോഃ.

3. തേ ധ്യാനയോഗാനുഗതാ അപശ്യൻ
ദേവാത്മശക്തിം സ്വഗുണൈർ നിഗൂഢാം
യഃ കാരണാനി നിഖിലാനി താനി
കാലാത്മയുക്താന്യധിതിഷ്ഠത്യേകഃ.

3. തമേകസ്മിം സ്ത്രിവൃതം ഷോഡശാന്തം
ശതാർധാരം വിംശതി പ്രത്യരാഭിഃ
അഷ്ടകൈഃഷഡ്ഭിർ വിശ്വരൂപൈകപാശം
ത്രിമാർഗ്ഗഭേദം ദ്വിനിമിത്തൈക മോഹം.

5. പഞ്ചസ്രോതോംബും പഞ്ചയോന്യുഗ്രവക്രാം
പഞ്ചപ്രാണോർമ്മിം പഞ്ചബുദ്ധ്യാദിമൂലാം.
പഞ്ചാവർത്താം പഞ്ചദുഃഖൗഘ വേഗാം
പഞ്ചാശദ്ഭേദാം പഞ്ചപർവാമധീമഃ.

കാലം, സ്വഭാവം, ഫലകാരണമായ കർമ്മം, ആകസ്മികസംഭവം പഞ്ചമഹാഭൂതങ്ങൾ അഥവാ ജീവാത്മാവ് - ഇവയെല്ലാം വിശ്വത്തിനു കാരണമാണോ? അല്ല, കാലാദികൾ ഈ വിശ്വത്തിനു കാരണങ്ങളല്ല. അവയെല്ലാം ചേതനാത്മാവിനെത്തന്നെ ആശ്രയിച്ചിരിക്കുന്നവയാണ്. സുഖദുഃഖാദികൾക്ക് കാരണമായപ്രാരബ്ധങ്ങൾക്ക് വശംവദമായി കഴിയുന്നജീവാത്മാവും ഈവിശ്വത്തിനുകാരണമല്ല. ഇപ്രകാരം ചിന്തിച്ച് ആജിജ്ഞാസുക്കൾ ധ്യാനിക്കുകയും, സ്വഗുണാവൃതവും, സ്വരൂപഭൂതവും അചിന്ത്യവുമായ ആശക്തിയെ സാക്ഷാത്കരിക്കുകയും ചെയ്തു. ഏകനായിരുന്നുകൊണ്ട് എല്ലാകാരണങ്ങളേയും തനിക്കധീനമാക്കിവച്ചിരിക്കുന്ന പരമാത്മാവിന്റേതുതന്നെയാണ് ആശക്തി. ഒരുനേമിയും, മൂന്നുവലയങ്ങളും, പതിനാറുതലയും, അമ്പത് അരങ്ങളും, ഇരുപത് സഹായകഅരങ്ങളും. ആറ് അഷ്ടകങ്ങളും, ഒരുപാശവും, അനേകരൂപങ്ങളും മൂന്നുഭേദങ്ങളുള്ളതും ഒരുനാഭിയോടുകൂടിയതുമായ ചക്രത്തെ അവർകണ്ടു. അഞ്ചു സ്രോതസ്സുകളിൽനിന്നും ഉത്ഭവിക്കുന്നതും. വിഷയാത്മകജലത്താൽ സമ്പന്നവുമായ ആനദിയെനമുക്കറിയാം. ഈനദി അഞ്ചുസ്ഥാനങ്ങളിൽനിന്നും ഉത്ഭവിച്ച് പ്രചണ്ഡവേഗത്തോടുകൂടി വളഞ്ഞും പുളഞ്ഞും ഗമിക്കുന്നു. ഇത്. പഞ്ചപ്രാണങ്ങളാകുന്ന തരംഗങ്ങളാൽ ആകുലവും, മനസ്സാകുന്ന മൂലത്തോടുകൂടിയതുമാകുന്നു. ഇത് അഞ്ചുചുഴികളോടുകൂടിയതും, ദുഃഖമാകുന്നഅഞ്ചു പ്രവാഹങ്ങളോടുകൂടിയതും, അഞ്ചു പർവത്തോടുകൂടിയതും അമ്പതു ഭേദങ്ങളോടുകൂടിയതും ആകുന്നു.

6 സർവാജീവേ സർവസംസ്ഥേ ബൃഹന്തേ
തസ്മിൻ ഹംസോ ഭ്രാമ്യതേ ബ്രഹ്മചക്രേ
പൃഥഗാത്മാനം പ്രേരിതാരം ച മത്വാ
ജുഷ്ടസ്തതസ്തേനാ മൃതത്വമേതി

7. ഉദ്ഗീഥമേതത് പരമം തു ബ്രഹ്മ
തസ്മിംസ്ത്രയം സ്വപ്രതിഷ്ഠാക്ഷരം ച
അത്രാന്തരം വേദവിദോ വിദിത്വാ ലീനാ:
പരേ ബ്രഹ്മണി തത് പരായണാ:.

8. സംയുക്തമേതത് ക്ഷരമക്ഷരം ച
വ്യക്താവ്യക്തം ഭരതേ വിശ്വമീശ:
അനീശശ്ചാത്മാ ബധ്യതേ ഭോക്തൃ ഭാവാ
ജ്ജ്ഞാത്വാ ദേവം മുച്യതേ സർവപാശൈ:.

9. ജ്ഞാജ്ഞൌ ദ്വാവജാവീശാനീശാവജാ
ഹ്യേകാഭോക്തൃ ഭോഗാർത്ഥയുക്താ
അനന്തശ്ചാത്മാ വിശ്വരൂപോഹ്യകർത്താ
ത്രയം യദാ വിന്ദതേ ബ്രഹ്മ ഹ്യേതത്.

10. ക്ഷരം പ്രധാനമമൃതാക്ഷരം ഹര:
ക്ഷരാത്മാനാവീശതേ ദേവ ഏക:
തസ്യാഭിധ്യാനാ ദ്യോജനാത്തത്വഭാവാത്
ഭൂയശ്ചാന്തേ, വിശ്വമായാനിവൃത്തി:.

സർവപ്രാണികൾക്കും ആശ്രയഭൂതമായിരിക്കുന്ന വിശാലമായ ഈ ബ്രഹ്മചക്രത്തിൽ ജീവാത്മാവിനെ ഭ്രമിപ്പിക്കുന്നു. അതു്. തനിക്കുംഎല്ലാവർക്കും പ്രേരണനൽകുന്ന പരമാത്മാവിനെ പ്രത്യേകം പ്രത്യേകം മനസ്സിലാക്കി ആ പരമാത്മാവിൽ താദാത്മ്യംപ്രാപിച്ച് അമൃതത്വത്തെപ്രാപിക്കുന്നു. ഏതൊരു പരമാത്മാവിനെ പ്പററിയാണോ വേദങ്ങളിൽ ഉദ്ഘോഷിച്ചിട്ടുള്ളതു്, സർവശ്രേഷ്ഠനായും, ത്രിഭുവനങ്ങളിലും അവിനാശിയായും സ്ഥിതി ചെയ്യുന്നതു്, അവൻതന്നെയാണ്, വേദജ്ഞന്മാർ അന്തര്യാമിയായി സ്ഥിതിചെയ്യുന്ന പരമാത്മാവിനെ ചിന്തിച്ചുകൊണ്ടു്, ആ പരമാത്മാവിൽ തന്നെവിലയംപ്രാപിച്ചു. നശ്വരമായജഡവും, അനശ്വരമായ ജീവാത്മാവും. ഇവയുടെ വ്യക്തവും, അവ്യക്തവുമായ രൂപത്തിൽസ്ഥിതിചെയ്യുന്നതും ഈ പ്രപഞ്ചത്തെ ധരിച്ചു സംരക്ഷിക്കുന്നതും ആ പരബ്രഹ്മമായ പരമേശ്വരൻ തന്നെയാണു്; അപ്പോൾജീവാത്മാവു്, സംസാരവിഷയഭോഗങ്ങളും അനുഭവിക്കുന്നതായതുകൊണ്ടു് പ്രകൃതിക്കു വശംവദനായി അതിൽതന്നെ ബന്ധന

ത്തിൽപെട്ടുഴലുന്നു. എന്നാൽ ആ പരബ്രഹ്മത്തെപ്പററിയുള്ള ജ്ഞാനം സമാർജ്ജിച്ച സർവവിധമായ ബന്ധനങ്ങളിൽനിന്നും മുക്തനായിഭവിക്കുന്നു. ജ്ഞാനിയെന്നും, അജ്ഞാനിയെന്നും, സമർത്ഥനെന്നും, അസമർത്ഥനെന്നും ആത്മാക്കൾരണ്ടുവിധമുണ്ട്. പ്രാണികൾക്ക് അനുകൂലമായ ഭോഗ്യവസ്തുക്കൾ പ്രദാനംചെയ്യുന്നതൃതീയശക്തി ഈപ്രകൃതിയാണ്. പരബ്രഹ്മം സമ്പൂർണ്ണരൂപയുക്തനും, കർത്തൃത്വാദിഅഭിമാനരഹിതനും അനന്താപിതനും ആകുന്നു. മനുഷ്യൻ ഈശ്വരൻ, ജീവൻ പ്രകൃതി എന്നീമൂന്നിനേയും ബ്രഹ്മത്തിന്റെ രൂപത്തിൽ അനുഭവിക്കുമ്പോൾ അവന്റെ സർവബന്ധനങ്ങളും ഛിന്നഭിന്നമാക്കപ്പെടുന്നു. പ്രകൃതി നശ്വരമാണ്. എന്നാൽ അതിന്റെ ഭോക്താവായ ആത്മാവ് അവിനാശിയാണ്. ഒരേഒരുഈശ്വരൻതന്നെയാണ് നശ്വരമായ ഈപ്രകൃതിയേയും അവിനാശിയായ ആത്മാവിനേയും സ്വാധീനപ്പെടുത്തിവച്ചിരിക്കുന്നത്. മനസ്സിനെ അതേഈശ്വരനിൽതന്നെ ലയിപ്പിച്ച് സാദൃശ്യത്തെ നിരന്തരം ചിന്തിച്ചുകൊണ്ടിരുന്നാൽ ഒടുവിൽ സാധകൻ സാദൃശ്യത്തെ തന്നെ പ്രാപിക്കുന്നു. അവനെ സംബന്ധിച്ചിടത്തോളം സർവമായകളും അവനെ വിട്ട് ഓടിപ്പോകുന്നു.

11. ജ്ഞാത്വാദേവം മുച്യതേ സർവപാശൈഃ
ക്ഷീണൈഃ ക്ലേശൈർജന്മമൃത്യു പ്രഹാണിഃ
തസ്യാഭിധ്യാനാത് തൃതീയം ദേഹഭേദേ
വിശ്വൈശ്വര്യം കേവല ആപ്തകാമഃ.

12. ഏതജ്ജ്ഞേയം നിത്യമേവാത്മസംസ്ഥം,
നാതഃപരംവേദിതവ്യംഹികിംചിത്
ഭോക്താഭോഗ്യം പ്രേരിതാരം ച മത്വാ
സർവം പ്രോക്തം ത്രിവിധം ബ്രഹ്മമേതത്

13. ആത്മവിദ്യാതപോമൂലം തദ്ബ്രഹ്മോപനിഷത്പരം.

പ്രകാശസ്വരൂപമായ ആ പരമാത്മാവിനെ ധ്യാനിച്ചമാത്രയിൽതന്നെ സർവബന്ധനങ്ങളും ദൂരീകൃതമാകുന്നു എന്നെന്നേക്കും ക്ലേശങ്ങളെല്ലാം നഷ്ടമായതിനുശേഷം ജന്മമരണബന്ധനം അവശേഷിക്കുന്നില്ലല്ലോ. ജ്ഞാനിയായ പുരുഷൻ ശരീരനാശത്തിനുശേഷം തൃതീയലോകംവരെ, അനാസക്തനായിരുന്നുകൊണ്ട് ശുദ്ധനും ആപ്തകാമനുമായിരിക്കുന്നു. ആ ബ്രഹ്മം തന്നിൽതന്നെയാണ് സ്ഥിതിചെയ്യുന്നത്. അതിനെത്തന്നെയാണ് പരിപൂർണ്ണമായും അറിയേണ്ടത് ബ്രഹ്മത്തേക്കാളും കൂടുതലായിട്ട് അറിയേണ്ടതായിട്ടായാതൊന്നുമില്ല. പരമാത്മാവിനെ ഭോക്താവെന്നും, ഭോഗ്യമെന്നും, പ്രേരകനെന്നും അറിഞ്ഞുകഴിഞ്ഞാൽ എല്ലാവർക്കും സ്വയംജ്ഞാനം ഉദയം ചെയ്യുന്ന ആ മൂന്നുവ്യത്യസ്തവസ്തുക്കളിലും ആബ്രഹ്മം തന്നെയാണ് വർത്തിക്കുന്നത്. അതിനെപ്രാപിക്കുവാനുള്ളമൂലസാധന തപസ്സും ആത്മജ്ഞാനവുമാണ്.

14. യ: ഏവം വിദിത്വാ സ്വരൂപമേവാനുചിന്തയൻ തത്ര കോ മോഹ: ക: ശോക ഏകത്വമനുപശ്യത: തസ്മാത് വിരാഡ് ഭൂതം ഭവ്യം ഭവിഷ്യത് ഭവത്യനശ്വരസ്വരൂപം.

ഇപ്രകാരം മനസ്സിലാക്കി തൻെറ സ്വരൂപമായ ബ്രഹ്മത്തെ തന്നെ ധ്യാനിച്ചുകൊണ്ടിരിക്കുന്ന ജ്ഞാനിക്ക് ശോകമെവിടേ മോഹമെവിടേ? ഭൂതം, വത്തമാനം, ഭാവി എന്നീത്രികാലാത്മകമായവിശ്വം അവിനാശിയായ ബ്രഹ്മത്തിൻെറ രൂപംതന്നെയാണ്.

15. അണോരണീയാൻ മഹതോമഹീയാൻ
ആത്മാസ്യ ജന്തോർനിഹിതോ ഗുഹായാം
തമക്രതു: പശ്യതി വീതശോകോ
ധാതു: പ്രസാദാൻമഹിമാനമീശം.

16. അപാണിപാദോ ജവനോ ഗ്രഹീതാ
പശ്യത്യചക്ഷു: സ ശൃണോത്യകർണ്ണ:
സ വേത്തിവേദ്യം ന ച തസ്യാസ്തി വേത്താ
തമാഹുരഗ്ര്യം പുരുഷം മഹാന്തം.

17. അശരീരം ശരീരേഷ്വനവസ്ഥേഷ്വവസ്ഥിതം
മഹാന്തം വിഭുമാത്മാനം മത്വാ ധീരോ ന ശോചതി.

18. സർവസ്യ ധാതാരമചിന്ത്യശക്തിം
സർവാഗമന്താർത്ഥവിശേഷവേദ്യം
പരാത്പരം പരമം വേദിതവ്യം
സർവാവസാനേ സകൃദേവദിതവ്യം.

19. കവിം പുരാണം പുരുഷോത്തമോത്തമം
സർവേശ്വരം സർവദേവൈരുപാസ്യം
അനാദിമദ്ധ്യാന്തമനന്തമവ്യയം
ശിവാച്യുതാംഭോരുഹഗർഭ ഭൂധരം.

20. സ്വേനാവൃതം സർവമിദം പ്രപഞ്ചം
പഞ്ചാത്മകം പഞ്ചസു വത്തമാനം
പഞ്ചീകൃതാനന്ത ഭവപ്രപഞ്ചം
പഞ്ചീകൃതസ്വാവയവൈരസംവൃതം

21. പരാത്പരം യൻ മഹതോ മഹാന്തം
സ്വരൂപതേജോമയ ശാശ്വതം ശിവം

നാവിരതോ ദുശ്ചരിതാ ന്നാശാന്തോ നാസമാഹിത:
നാ ശാന്തമനസോ വാപി പ്രജ്ഞാനേനൈന മാപ്നുയാത്.
22. നാന്ത: പ്രജ്ഞം നബഹി: പ്രജ്ഞം.
ന സ്ഥൂലം നാസ്ഥൂലം ന ജ്ഞാനം നാജ്ഞാനം
നോ ഭയത: പ്രജ്ഞമഗ്രാഹ്യ മവ്യവഹാര്യം
സ്വാന്ത:സ്ഥിത: സ്വയമേവേതി യ ഏവം വേദ സ
മുക്തോഭവതി
സമുക്തോ ഭവതീത്യാഹ ഭഗവാൻ പിതാമഹ:.

സൂക്ഷ്മാതിസൂക്ഷ്മവും മഹത്തിലും മഹത്തുമായ ആ ബ്രഹ്മം പ്രാണികളുടെ ഹൃദയക്ഷേത്രത്തിൽ വിരാജിക്കുന്നു. അതു തന്നെയാണ് എല്ലാവരുടെയും ജന്മദാതാവും സംരക്ഷകനും. അതിന്റെ കാരുണ്യം കൊണ്ടാണ് മനുഷ്യൻ സങ്കല്പാതീതനായ പരമാത്മാവിനെ സാക്ഷാത്കരിച്ച് അതിന്റെ മഹിമയെ അറിയുന്നത്. അങ്ങനെയുള്ള പുരുഷൻ സർവ്വവിധത്തിലുമുള്ള ദു:ഖങ്ങളിൽ നിന്നും മുക്തനായി ഭവിക്കുന്നു. ആ പരമാത്മാവ് കൈകാലുകൾ കൂടാതെ സർവ്വവസ്തുക്കളെയും ഗ്രഹിക്കുന്നു. ദ്രുതഗതിയിൽ സഞ്ചരിക്കുന്നു. നേത്രങ്ങൾ കൂടാതെ സർവ്വവും കാണുന്നു. കാതുകൾ കൂടാതെ കേൾക്കുന്നു. അതു ജ്ഞാതവ്യ വസ്തുക്കളുടെയെല്ലാം ജ്ഞാതാവാണ്. എന്നാൽ അതിനെ ആരും നല്ലപോലെ അറിയുന്നില്ല. ജ്ഞാനികൾ അദ്ദേഹത്തെ പുരാണപുരുഷൻ എന്നുപറയുന്നു. അവൻഈനശ്വരമായദേഹങ്ങളിൽശരീരമില്ലാതെകുടികൊള്ളുന്നു. അവൻ പോഷകനും അചിന്ത്യശക്തിമാനും ആകുന്നു. സർവശാസ്ത്രങ്ങളും അവന്റെസത്തയെപ്പറ്റിപ്രതിപാദിച്ചിട്ടുണ്ട്. പരബ്രഹ്മരൂപത്തിൽഅറിയേണ്ടവൻ അവൻ തന്നെയാണ്. പ്രപഞ്ചത്തിന്റെ പ്രളയകാലത്തും അവനെത്തന്നെയാണ് അറിയേണ്ടത്. അവൻതന്നെയാണ് പുരുഷോത്തമനും ത്രികാലജ്ഞാനിയും. സർവേശ്വരനും ദേവന്മാരാൽ പൂജിതനും, അവൻ ആദിമധ്യാന്തരഹിതനും അവിനാശിയായ ബ്രഹ്മവുമാണ്. വിഷ്ണുശംകരകമലോത്ഭവനായ ബ്രഹ്മാവ് എന്നീ രൂപത്തിലുള്ള വൃക്ഷത്തിന്റെ ആവിഷ്കർത്താവും അവൻ തന്നെയാണ്. പഞ്ചഭൂതാത്മകമായ പ്രപഞ്ചത്തെ അവൻതന്നെയാണ് സ്വാംശീകരിച്ചിട്ടുള്ളത്., എന്നാൽ പഞ്ചഭൂതാത്മകമായ അവയവങ്ങളാൽ അവൻ സ്വയം പ്രഭാവിതനുമല്ല. അവൻസ്വയംപ്രകാശസ്വരൂപനും, സനാതനനും, കല്യാണസ്വരൂപനും, മഹാനുമാകുന്നു. ആചരണശുദ്ധിയില്ലാത്തവനും, ഇന്ദ്രിയനിഗ്രഹം ചെയ്യാത്തവനും, ചഞ്ചലചിത്തനുമായ മനുഷ്യനു അറിവില്ലായ്മകൊണ്ട് ഈ ബ്രഹ്മത്തെപ്രാപിക്കുവാൻ സാധ്യമല്ല. അവൻ ആന്തരികത്തെയോ ബാഹ്യത്തെയോ ഉഭയബാഹ്യാഭ്യന്തരങ്ങളേയോ അറിയുന്നില്ല. അവൻസ്ഥൂലമോ, സൂക്ഷ്മമോ, ജ്ഞാനസ്വരൂപമോ അജ്ഞാനസ്വരൂപമോ അഭിഗമ്യനോഅല്ല. അവൻ യാതൊരു വിധമായ വ്യവഹാരപരിധിയിലും പെടുന്നവനല്ല. അവൻ ആന്തരികമായ രൂപത്തിൽ സ്വയംസ്ഥിതിചെയ്യുന്നു. ഇപ്രകാരം അവനെഅറിയുന്ന ജ്ഞാനി മോക്ഷത്തെപ്രാപിക്കുന്നു എന്ന് പിതാമഹൻപറഞ്ഞു.

23. സ്വസ്വരൂപജ്ഞഃ പരിവ്രാട് പരിവ്രാഡേകാകീ ചരതി ഭയത്രസ്ത സാരംഗവത്തിഷ്ഠതി ഗമനവിരോധം ന കരോതി. സ്വശരീരവ്യതിരിക്തം സർവ്വം ത്യക്ത്വാ ഷട്പദവൃത്ത്യാ സ്ഥിത്വാസ്വരൂപാനുസന്ധാനം കുർവൻ സർവമനന്യ ബുദ്ധ്യാ സ്വസ്മിന്നേവമുക്തോ ഭവതി. സ പരിവ്രാട് സർവക്രിയാകാരകനിവർത്തകോ ഗുരുശിഷ്യശാസ്ത്രാദിവിനിർമുക്ത: സർവസംസാരം വിസൃജ്യ ചാമോഹിത: പരിവ്രാട് കഥം നിർധനിക: സുഖീ ധനവാൻ ജ്ഞാനാജ്ഞാനോഭയാതീത: സുഖദു:ഖാതീത: സ്വയം ജ്യോതി: പ്രകാശ: സർവവേദ്യ: സർവജ്ഞ: സർവസിദ്ധിദ:. സർവേശ്വര: സോഹമിതി. തദ്വിഷ്ണോ: പരമം പദം യത്ര ഗത്വാ ന നിവർത്തന്തേ യോഗിന:. സൂര്യോ ന തത്ര ഭാതി ന ശശാങ്കോപി ന സ പുനരാവർത്തതേ ന സ പുനരാവർത്തതേ തത് കൈവല്യമിത്യുപനിഷത്.

സ്വസ്വരൂപത്തെ അറിഞ്ഞിട്ടുള്ള സംന്യാസി ഏകാകിയായിട്ടേ സഞ്ചരിക്കുകയുള്ളൂ, ഭയത്രസ്തമായ മാൻ ഒരിടത്തും ഒരിക്കലും സ്ഥിരമായി നില്ക്കാത്തതുപോലെ അവൻ ഒരിക്കലും ഒരേസ്ഥലത്തു് വസിക്കുന്നില്ല. മറ്റൊരിടത്തുപോകണ്ടാഎന്നും അവനറിഞ്ഞുകൂടാ. അവൻസർവ്വവുംവെടിഞ്ഞു് ഭിക്ഷാവൃത്തികൊണ്ടു് ഉദരപൂരണം നടത്തുന്നു. അവൻ സദാസ്വരൂപധ്യാനനിരതനായിരുന്നു്സർവപ്രാണികളെയും തന്റെആത്മാവായി കരുതുന്നു. ഇങ്ങനെയുള്ള സംന്യാസി സർവബന്ധനമുക്തനായിത്തീരുന്നു. അവൻ ക്രിയാകാരകഭേദങ്ങളൊന്നും അറിയുന്നില്ല. ഗുരു,ശിഷ്യൻ, ശാസ്ത്രം എന്നീബന്ധനങ്ങളാൽ അവൻ ബദ്ധനമല്ല. ത്യാഗിയായ അവൻ ഒരിക്കലും ദു:ഖാദികളാൽ പീഡിതനാകുന്നില്ല. സാംസാരികങ്ങളായ ഐശ്വര്യത്തെ ഉപേക്ഷിച്ചെങ്കിൽ മാത്രമേ സംന്യാസിക്കുസുഖം കിട്ടുകയുള്ളൂ. അവൻ ബ്രഹ്മജ്ഞാനമാകുന്ന ഐശ്വര്യത്തോടുകൂടിയവനായി ജ്ഞാനത്തിനും അജ്ഞാനത്തിനും അതീതനാണു്. അവനെ സുഖദു:ഖാദികളുംബാധിക്കുന്നില്ല. തന്റെആത്മാവിൽനിന്നും പ്രകാശം ലഭിച്ചു് അറിയേണ്ടപദാർത്ഥങ്ങളെ അറിയുന്നു. അവൻ സർവസിദ്ധികളും കൊടുക്കുവാൻ സമർത്ഥനായി സർവജ്ഞനായി സർവേശ്വരനായിരിക്കുന്നു. അവൻ തന്നെത്തന്നെ ബ്രഹ്മമെന്നുകരുതുന്നു. ഭഗവാൻ വിഷ്ണുവിന്റെ പരമപദം എന്നതു് ആപരബ്രഹ്മംതന്നെയാണു്. ആപരബ്രഹ്മത്തെ പ്രാപിക്കുവാൻ സാധിച്ചവൻ വീണ്ടും സംസാരസാഗരത്തിൽ പതിക്കുന്നില്ല. ആപരമധാമത്തിൽസൂര്യചന്ദ്രൻമാരുടെ പ്രകാശങ്ങൾക്കു് എത്തുവാൻ സാദ്ധ്യമല്ല. അവിടെ ചെന്നവൻ ജനനമരണചക്രത്തിൽനിന്നും വിമുക്തനായിത്തീരുന്നു. എന്തെന്നാൽ അതുതന്നെയാണു് കൈവല്ല്യപദം.

നാരദപരിവ്രാജകോപനിഷത്തു്സമാപിച്ചു.

—○—

# യോഗചൂഡാമണി ഉപനിഷത്ത്

## ശാന്തിപാഠം

ആപ്യായന്തു മമാംഗാനി വാക്പ്രാണശ്ചക്ഷുഃ ശ്രോത്ര മഥോ ബലമിന്ദ്രിയാണി ച സർവാണി സർവം ബ്രഹ്മോപനിഷദം മാഹം ബ്രഹ്മ നിരാകുര്യാം മാ മാ ബ്രഹ്മ നിരാകരോത് അനിരാകരണം മേ അസ്തു തദാത്മനി നിരതേ യ ഉപനിഷത്സു ധർമ്മാസ്തേ മയി സന്തു തേ മയി സന്തു ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

എന്റെ അംഗങ്ങൾ വൃദ്ധിയെ പ്രാപിക്കട്ടെ. വാണി, പ്രാണൻ, ചക്ഷുസ്സ്, ശ്രോത്രം, ബലം എന്നിവയും, സർവേന്ദ്രിയങ്ങളും വൃദ്ധിയെ പ്രാപിക്കട്ടെ. ഉപനിഷത്തുകളെല്ലാം ബ്രഹ്മസ്വരൂപങ്ങളാണ്. ഞാൻ ബ്രഹ്മത്തെ നിരാകരിക്കാതിരിക്കട്ടെ. ബ്രഹ്മം എന്നെ നിരാകരിക്കാതിരിക്കട്ടെ. ഉപനിഷത്തിൽ തല്പരനായ എനിക്ക് ഉപനിഷദ്ധർമ്മങ്ങൾ കൈവരട്ടെ. ഓം. ശാന്തിഃ ശാന്തിഃ ശാന്തിഃ.

1. യോഗചൂഡാമണിം വക്ഷ്യേ യോഗിനാം ഹിതകാമ്യയാ
   കൈവല്യസിദ്ധിദം ഗൂഢം സേവിതം യോഗവിത്തമൈഃ.
2. ആസനം പ്രാണസംരോധഃ പ്രത്യാഹാരശ്ച ധാരണാ
   ധ്യാനം സമാധിരേതാനി യോഗാംഗാനി ഭവന്തി ഷട്.
3. ഏകം സിദ്ധാസനം പ്രോക്തം ദ്വിതീയം കമലാസനം
   ഷട്ചക്രം ഷോഡശാധാരം ത്രിലക്ഷ്യം വ്യോമപഞ്ചകം.
4. സ്വദേഹേ യോ ന ജാനാതി തസ്യ സിദ്ധിഃ കഥം ഭവേത്
   ചതുർദലം സ്യാദാധാരം സ്വാധിഷ്ഠാനം ച ഷഡ്ദലം.
5. നാഭൗ ദശദലം പദ്മം ഹൃദയേ ദ്വാദശാരകം
   ഷോഡശാരം വിശുദ്ധാഖ്യം ഭ്രൂമദ്ധ്യേ ദ്വിദലം തഥാ.

ഓം. യോഗികളുടെ ഹിതകാമനയോടുകൂടി ഞാൻ യോഗചൂഡാമണി എന്ന ഉപനിഷത്തിനെപ്പററി പറയുന്നു. ഇത് കൈവല്യപ്രദവും, സിദ്ധിപ്രദവും യോഗവിത്തമന്മാരാൽ സേവ്യമാനവുമാണ്. യോഗത്തിന് ആറ് അംഗങ്ങളുണ്ടെന്നു പറയപ്പെടുന്നു. ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി. ആസനങ്ങളിൽ പ്രഥമസ്ഥാനം സിദ്ധാസനത്തിനും, രണ്ടാമത്തെ സ്ഥാനം പത്മാസനത്തിനുമാകുന്നു. ഷട്ചക്രം, ഷോഡശാധാരം, വ്യോമപഞ്ചകം എന്നിവയെ സ്വശരീരത്തിൽ കാണാത്തവന് എങ്ങനെ സിദ്ധി കൈവരും ? ഇതിൽ ആധാരം (മൂലാധാരം) നാലു ദലങ്ങളോടു കൂടിയതാണ്. സ്വാധിഷ്ഠാനത്തിൽ ആറു ദലങ്ങളോടു കൂടിയതും നാഭിയിൽ പത്തു ദലങ്ങളോടു കൂടിയതും, ഹൃദയത്തിൽ പന്ത്രണ്ടു ദലങ്ങളോടു കൂടിയതുമായ താമരയുണ്ട്. പിന്നീട് പതിനാറു ദലങ്ങളുള്ള

വിശുദ്ധം എന്ന ചക്രവും ഭ്രുകുടി മധ്യത്തിൽ രണ്ടു ദലങ്ങളോടുകൂടിയ ചക്രവുമുണ്ട്.

6. സഹസ്രദലസംഖ്യാതം - ബ്രഹ്മരന്ധ്രേ - മഹാപഥി
ആധാരം പ്രഥമം ചക്രം സ്വാധിഷ്ഠാനം ദ്വിതീയകം.

7. യോനിസ്ഥാനം ദ്വയോർമധ്യേ കാമരൂപം നിഗദ്യതേ
കാമാഖ്യം തു ഗുദസ്ഥാനേ പങ്കജംതുചതുർദലം.

8. തന്മധ്യേ പ്രോച്യതേ യോനിഃ കാമാഖ്യാ സിദ്ധവന്ദിതാ
തസ്യ മധ്യേ മഹാലിംഗം പശ്ചിമാഭിമുഖം സ്ഥിതം.

9. നാഭൗ തു മണിവദ് ബിംബം യോ ജാനാതി സ യോഗവിത്
തപ്തചാമീകാരാഭാസം തഡില്ലേഖേവ വിസ്ഫുരത്.

10. ത്രികോണം തത്പുരം വഹ്നേരധോ മേഢ്രാത് പ്രതിഷ്ഠിതം
സമാധൗ പരമം ജ്യോതിരനന്തം വിശ്വതോ മുഖം.

ബ്രഹ്മരന്ധ്രം എന്ന മഹാമാർഗ്ഗത്തിൽ സഹസ്രദല കമലം സ്ഥിതി ചെയ്യുന്നു. പ്രഥമ ചക്രം ആധാരവും (മൂലാധാരം) ദ്വിതീയചക്രം സ്വാധിഷ്ഠാനവുമാകുന്നു. ഇത് യോനിസ്ഥാനത്ത് രണ്ടിനും മദ്ധ്യേ സ്ഥിതിചെയ്യുന്നു. ഇതിനെ കാമരൂപം എന്നു പറയുന്നു. കാമം എന്ന പേരുള്ള ഈ ചതുർദല കമലം ഗുദത്തിന്റെ സ്ഥാനത്തു സ്ഥിതിചെയ്യുന്നു. അതിന്റെ മധ്യത്തായി സിദ്ധന്മാരാൽ വന്ദനീയമായ 'കാമം' എന്ന യോനി സ്ഥിതി ചെയ്യുന്നു. അതിന്റെ മധ്യത്തായി, പശ്ചിമാഭിമുഖമായ മഹാലിംഗം സ്ഥിതി ചെയ്യുന്നു. നാഭിയിൽ മണിയുടെ ആകാരത്തോടുകൂടിയ നാഡിയെ അറിയുന്നവനാണ് യോഗി. തപ്തസുവർണ്ണത്തെപ്പോലെ പ്രകാശിക്കുന്നതും, മിന്നൽപിണർപോലെ പ്രകാശിച്ചുകൊണ്ടിരിക്കുന്നതുമായ ത്രികോണയുക്തമായ അഗ്നിയുടെ സ്ഥാനം മേഢ്രത്തിനു താഴെയാണ്. അവിടെ വിശ്വതോമുഖവും അനന്തവുമായ പരമജ്യോതിസ്സ് സമാധിയിൽ സ്ഥിതി ചെയ്യുന്നു.

11. തസ്മിൻ ദൃഷ്ടേ മഹായോഗേ യാതായാതോ ന വിദ്യതേ
സ്വശബ്ദേന ഭവേത് പ്രാണഃ സ്വാധിഷ്ഠാനം തദാശ്രയഃ.

12. സ്വാധിഷ്ഠാനാശ്രയാദസ്മാൻ മേഢ്ര മേവാഭിധീയതേ
തന്തുനാ മണിവത് പ്രോതോ യോഽത്രകന്ദഃ സുഷുമ്നയാ.

13 തന്നാഭിമണ്ഡലേ ചക്രം പ്രോച്യതേ മണിപൂരകം
ദ്വാദശാരേ മഹാചക്രേ പുണ്യപാപ വിവർജ്ജിതേ.

14 താവജ്ജീവോ ഭ്രമത്യേവം യാവത് തത്ത്വം ന വിന്ദതി,
ഊർദ്ധ്വം മേഢ്രാദധോ നാഭേഃ കന്ദേയോനിഃ ഖഗാണ്ഡവത്.

15. തത്രനാഡ്യഃ സമുത്പന്നാ സഹസ്രാണാം ദ്വിസപ്തതിഃ
തേഷു നാഡീ സഹസ്രേഷു ദ്വിസപ്തതിരുദാഹൃതാഃ.

യോഗാഭ്യാസം മുഖേന അതിനെക്കണ്ടാൽ ആവാഗമനം ഉണ്ടാകുന്നതല്ല. (ജനനമരണങ്ങൾ ഇല്ല) 'സ്വ' എന്നു പറയുന്ന പ്രാണൻ സ്വാധിഷ്ഠാനത്തെ ആശ്രയിച്ചിരിക്കുന്നു. സ്വാധിഷ്ഠാനത്തെ സമാശ്രയിച്ചിരിക്കുന്നതുകൊണ്ട് അതിനെ 'മേഢ്രം' എന്നു പറയുന്നു. ഇതുതന്നെയാണ് നൂലിൽ കൊരുത്ത മണിപോലെ ശോഭിക്കുന്ന സുഷുമ്നാനാഡിയുടെ കേന്ദ്രം. നാഭീമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഈ ചക്രത്തെ മണിപൂരകം എന്നു പറയുന്നു. ദ്വാദശ ദലങ്ങളുള്ളതും, പാപപുണ്യരഹിതവുമായ ഈ ചക്രത്തിൽ തത്വജ്ഞാനം സിദ്ധിക്കാതിരിക്കുന്നിടത്തോളം ജീവൻ പ്രപഞ്ചത്തിൽ ചുററിക്കറങ്ങേണ്ടി വരുന്നു. മേഢ്രത്തിനു മുകളിലായി, നാഭിക്കു താഴെയുള്ള കേന്ദ്രത്തിൽ പക്ഷിയുടെ മുട്ടയുടെ ആകൃതിയിലുള്ള യോനിയുണ്ട്. ഈ സ്ഥാനത്തുനിന്നുമാണ് എഴുപത്തീരായിരം നാഡികൾ ഉൽഭവിച്ചിട്ടുള്ളത്. അവയിൽ എഴുപത്തിരണ്ടു നാഡികൾ പ്രധാനങ്ങളാണ്.

16. പ്രധാനാ പ്രാണവാഹിന്യോ ഭൂയസ്താസു ദശസ്മൃതാഃ
ഇഡാച പിംഗലാ ചൈവ സുഷുമ്നാ ച തൃതീയഗാ.

17. ഗാന്ധാരീ ഹസ്തിജിഹ്വാ ച പൂഷാ ചൈവ യശസ്വിനീ
അലംബുസാ കുഹൂ ശ്ചൈവ ശംഖിനീ ദശമീ സ്മൃതാ.

18. ഏതന്നാഡീമഹാചക്രം ജ്ഞാതവ്യം യോഗിഭിഃ സദാ
ഇഡാ വാമേ സ്ഥിതാ ഭാഗേ ദക്ഷിണേ പിംഗലാ സ്ഥിതാ.

19. സുഷ്മനാ മധ്യദേശേ തു ഗാന്ധാരീ വാമചക്ഷുഷി
ദക്ഷിണേ ഹസ്തിജിഹ്വാ ച പൂഷാ കർണ്ണേ ച ദക്ഷിണേ.

20. യശസ്വിനീ വാമകർണ്ണേ ച ആനനേ ചാപ്യലംബുസാ
കുഹൂശ്ച ലിംഗദേശേതു മൂലസ്ഥാനേ തു ശംഖിനീ.

ഇവയിൽ പ്രാണവാഹിനികളായ പത്തു നാഡികൾ പ്രധാനങ്ങളാണ്. ഇഡാ, പിംഗലാ, സുഷുമ്നാ, ഗാന്ധാരീ, ഹസ്തിജിഹ്വാ, പൂഷാ യശസ്വിനീ, അലംബുസാ, കുഹൂ, ശംഖിനീ ഇവയാണ് ആ പത്തു നാഡികൾ. ഈ നാഡീ മഹാചക്രത്തെപ്പററി യോഗികൾ സദാ അറിഞ്ഞിരിക്കേണ്ടതാണ്. ഇവയിൽ ഇഡാ, ഇടതുഭാഗത്തും, പിംഗളാ വലതുഭാഗത്തും സ്ഥിതിചെയ്യുന്നു. ഇവയുടെ രണ്ടിന്റെയും മധ്യത്തിലാണ് സുഷുമ്നയുടെ സ്ഥാനം. 'ഗാന്ധാരി' ഇടതു കണ്ണിലും, ഹസ്തിജിഹ്വാ, വലതു കണ്ണിലും സ്ഥിതി ചെയ്യുന്നു. 'പൂഷാ' വലതു ചെവിയിലും യശസ്വിനി ഇടതു ചെവിയിലും സ്ഥിതിചെയ്യുന്നു. അലംബുസാ, മുഖത്തും, കുഹൂ, ലിംഗേന്ദ്രിയത്തിലും ശംഖിനീ മൂലസ്ഥാനത്തും സ്ഥിതി ചെയ്യുന്നു.

21. ഏവം ദ്വാരം സമാശ്രിത്യ തിഷ്ഠന്തേ നാഡയഃ ക്രമാത്
ഇഡാ പിംഗലാ സൗഷുമ്നാഃ പ്രാണമാർഗ്ഗേ ച സംസ്ഥിതാഃ
22. സതതം പ്രാണവാഹിന്യഃ സോമ സൂര്യാഗ്നിദേവതാഃ
പ്രാണാപാനസമാനാഖ്യാ വ്യാനോദാനൗ ച വായവഃ.
23. നാഗഃ കൂർമ്മോഽഥകൃകരോ ദേവദത്തോ ധനംജയഃ
ഹൃദി പ്രാണഃ സ്ഥിതോ നിത്യമപാനോ ഗുദമണ്ഡലേ.
24. സമാനോ നാഭിദേശേ തു ഉദാനഃ കണ്ഠമദ്ധ്യഗഃ
വ്യാനഃ സർവശരീരേ തു പ്രധാനാഃ പഞ്ചവായവഃ.
25. ഉദ്ഗാരേ നാഗ ആഖ്യാതഃ കൂർമ്മ ഉന്മീലനേ തഥാ
കൃകരഃ ക്ഷുത കരോ ജ്ഞേയോ ദേവദത്തോ വിജൃംഭണേ.

ഇപ്രകാരം ക്രമാനുസരണം ശരീരത്തിലെ വിവിധ ദ്വാരങ്ങളിൽ ഓരോന്നിലും സമസ്ത നാഡികളും സ്ഥിതിചെയ്യുന്നു. ഇഡാ, പിംഗളാ, സുഷുമ്നാ, എന്നീ മൂന്നു നാഡികളും പ്രാണമാർഗ്ഗത്തിൽ സ്ഥിതിചെയ്യുന്നു. സൂര്യൻ, ചന്ദ്രൻ, അഗ്നി എന്നീ ദേവൻമാർ സദാ പ്രാണവാഹിനികളായിരിക്കുന്നു. പ്രാണൻ, അപാനൻ, സമാനൻ, വ്യാനൻ, ഉദാനൻ, നാഗം, കൂർമ്മം, കൃകരം, ദേവദത്തം, ധനഞ്ജയം ഇവ വായുക്കളും ഉപവായുക്കളും ആകുന്നു. ഇവയിൽ പ്രാണവായു ഹൃദയത്തിലും, അപാനൻ ഗുദസ്ഥാനത്തും, സമാനൻ നാഭിയിലും ഉദാനൻ കണ്ഠത്തിലും, വ്യാനൻ സർവശരീരത്തിലും സ്ഥിതിചെയ്യുന്നു. ഇവയഞ്ചുമാണ് പ്രധാന വായുക്കൾ. ഉദ്ഗാരത്തിൽ നാഗവും, ഉന്മീലനത്തിൽ കൂർമ്മവും, തുമ്മലിൽ കൃകരവും കോട്ടുവായിൽ ദേവദത്തവുമാണെന്നറിയണം.

26. ന ജഹാതി മൃതം വാപി സർവവ്യാപീ ധനഞ്ജയഃ
ഏതേ നാഡീഷു സർവാസു ഭ്രമന്തേ ജീവജന്തവഃ.
27. ആക്ഷിപ്തോ ഭുജദണ്ഡേന യഥോച്ചലതി കന്ദുകഃ
പ്രാണാപാനസമാക്ഷിപ്ത സ്തഥാ ജീവോ ന തിഷ്ഠതി.
28. പ്രാണാപാനവശോ ജീവോഹ്യധശ്ചോർദ്ധ്വം ച ധാവതി
വാമദക്ഷിണമാർഗ്ഗാഭ്യാം ചഞ്ചലത്വാന്നദൃശ്യതേ.
29. രജ്ജുബദ്ധോയഥാശ്യേനോ ഗതോഽപ്യാകൃഷ്യതേ പുനഃ
ഗുണബദ്ധസ്തഥാ ജീവഃ പ്രാണാപാനേന കർഷതി.
30. പ്രാണാപാനവശോ ജീവോ ഹ്യധശ്ചോർദ്ധ്വം ച ഗച്ഛതി
അപാനഃ കർഷതി പ്രാണം പ്രാണോഽപാനം ച കർഷതി
ഊർദ്ധ്വാധഃസംസ്ഥിതാവേതൗ യോ ജനാതി സ
യോഗവിത്.

ധനഞ്ജയം എന്ന വായു മരണശേഷവും വിട്ടുപോകാത്ത സർവ വ്യാപിയാണ്. ഈ സർവ നാഡികളിൽ കൂടിയും ജീവൻ ഭ്രമണം ചെയ്തു കൊണ്ടിരിക്കുന്നു. കൈയിൽ നിന്നും എറിയപ്പെട്ട പന്ത് അങ്ങുമിങ്ങും പോകുന്നതുപോലെ പ്രാണനും പ്രാണാപാന വായുക്കളുടെ വേഗത്താൽ സ്ഥിരമായി ഒരിടത്തു നിൽക്കുന്നില്ല. പ്രാണനും വായുക്കൾക്കും വശീഭൂതമായി ജീവൻ മുകളിലോട്ടും താഴോട്ടും ഓടിക്കൊണ്ടിരിക്കുന്നു. ഇടതും വലതും മാർഗ്ഗങ്ങളിലും വന്നും പോയുമിരിക്കുന്നു. എന്നാൽ ഗതിവേഗം കൊണ്ട് അത് ദൃശ്യമല്ല. കയറുകൊണ്ടു ബന്ധിച്ചിരിക്കുന്ന പരുന്ത് (പക്ഷി) പറക്കുകയും വീണ്ടും പിൻവലിക്കപ്പെടുകയും ചെയ്യുന്നതുപോലെ ഗുണബന്ധനത്തിൽപെട്ട ജീവൻ പ്രാണാപാന വായുക്കളാൽ ആകർഷിക്കപ്പെടുന്നു. പ്രാണാപാന വായുക്കളുടെ ശക്തികൊണ്ടു ജീവൻ നിരന്തരം മുകളിലും താഴെയും വന്നും പോയുമിരിക്കുന്നു. അപാനൻ പ്രാണനെയും പ്രാണൻ അപാനനെയും പരസ്പരം ആകർഷിച്ചുകൊണ്ടിരിക്കുന്നു. യോഗവിത്തായിട്ടുള്ളവൻ ഇവയുടെ ഊർദ്ധ്വഗതിയെപ്പററിയും അധോഗതിയെപ്പററിയും മനസ്സിലാക്കുന്നു.

31. ഹകാരേണ ബഹിർ യാതി സകാരേണ വിശേത് പുനഃ
ഹംസഹംസേത്യമും മന്ത്രം ജീവോ ജപതി സർവദാ.

32. ഷട്ശതാനി ദിവാരാത്രൗ സഹസ്രാണ്യേക വിംശതിഃ
ഏതത് സംഖ്യാന്വിതം മന്ത്രം ജീവോ ജപതി സർവദാ.

33. അജപാ നാമ ഗായത്രീ യോഗിനാം മോക്ഷദാ സദാ,
അസ്യാ സങ്കൽപമാത്രേണ സർവപാപൈഃ പ്രമുച്യതേ.

34. അനയാ സദൃശീ വിദ്യാ അനയാ സദൃശോ ജപഃ
അനയാ സദൃശം ജ്ഞാനം ന ഭൂതം ന ഭവിഷ്യതി.

35. കുണ്ഡലിന്യാ സമുദ്ഭൂതാ ഗായത്രീ പ്രാണധാരിണീ
പ്രാണവിദ്യാ മഹാവിദ്യാ യസ്താം വേത്തി സ വേദവിത്.

ഈ ജീവൻ (പ്രാണവായു) ഹകാരധ്വനിയാൽ ബഹിർഗമിക്കുകയും സകാരധ്വനിയാൽ അന്തർഗമിക്കുകയും ചെയ്യുന്നു. ഇപ്രകാരം അത് സദാ 'ഹംസം, ഹംസം' എന്ന മന്ത്രം ജപിച്ചുകൊണ്ടേ ഇരിക്കുന്നു. ഇങ്ങനെ ഒരു ദിവസം (രാവും പകലും) ഇരുപത്തോരായിരത്തിഅഞ്ഞൂറു മന്ത്രം സദാ ജപിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ പേരാണ് 'അജപാഗായത്രി'. ഇത് യോഗികൾക്ക് മോക്ഷപ്രദായകവും, അതിന്റെ സങ്കൽപ്പമാത്രയിൽ തന്നെ സർവപാപവിമോചകവുമാകുന്നു. ഇതിനു തുല്യമായ ഒരു വിദ്യയോ ജപമോ ഇല്ല. ഇതിനു സമാനമായ ഒരു ജ്ഞാനം ഭൂതഭവിഷ്യത് കാലങ്ങളിലുമില്ല. കുണ്ഡലിനിയിൽ നിന്നും സമുദ്ഭൂതമായ ഈ ഗായത്രി പ്രാണധാരിണിയും, പ്രാണവിദ്യയും മഹാവിദ്യയുമാകുന്നു. ഇതറിയുന്നവൻ തന്നെയാണ് വേദജ്ഞൻ.

36. കന്ദോർദ്ധ്വേ കുണ്ഡലീശക്തിരഷ്ടധാ കുണ്ഡലാകൃതിഃ
ബ്രഹ്മദ്വാരമുഖം നിത്യം മുഖേനാച്ഛാദ്യ തിഷ്ഠതി.

37. യേന ദ്വാരേണ ഗന്തവ്യം ബ്രഹ്മദ്വാരമനാമയം
മുഖേനാച്ഛാദ്യ തദ്ദ്വാരം പ്രസുപ്താ പരമേശ്വരീ.

38. പ്രബുദ്ധാ വഹ്നിയോഗേന മനസാ മരുതാ സഹ
സൂചീവദ് ഗാത്രമാദായ വ്രജത്യൂർദ്ധ്വം സുഷുമ്നയാ.

39. ഉദ്ഘാടയേത് കവാടം തു യഥാ കുഞ്ചികയാ ഗൃഹം
കുണ്ഡലിന്യാം തഥാ യോഗീ മോക്ഷദ്വാരം പ്രഭേദയേത്.

40. കൃത്വാ സംപുടിതൗ കരൗ ദൃഢതരം, ബദ്ധ്വാതു പദ്മാസനം, ഗാഢം വക്ഷസി സംനിധായ ചുബുകം, ധ്യാനം ച തച്ചേഷ്ഠിതം, വാരം വാരമപാനമൂർദ്ധ്വമനിലം, പ്രോച്ചാരയേത് പൂരിതം, മുഞ്ചൻ പ്രാണമുപൈതി ബോധമതുലം ശക്തി പ്രഭാവാന്നരഃ.

കന്ദത്തിന്റെ ഊർദ്ധ്വഭാഗത്ത് കുണ്ഡലിനീ ശക്തി അഷ്ട കുണ്ഡലങ്ങളിൽ വ്യാപരിച്ച് അവിടെത്തന്നെ ബ്രഹ്മത്തെ ആവരണം ചെയ്ത് സദാ സ്ഥിതി ചെയ്യുന്നു. ഏതൊരു ബ്രഹ്മരന്ധ്രത്തിൽ കൂടിയാണോ ആമയരഹിതമായി പോകേണ്ടി വരുന്നത്. അതേ രന്ധ്രത്തെ മുഖംകൊണ്ടു മറച്ച് ഈ പരമേശ്വരീ ശക്തി സദാ സുഷുപ്തിയിൽ ആണ്ടിരിക്കുന്നു. അത് വഹ്നിയോഗത്താൽ ഉണർന്ന് മനപ്രാണസഹിതം സുഷുമ്നയിൽ കൂടി സൂചിപോലെ മുകളിലേക്കു പോകുന്നു. താക്കോൽ കൊണ്ടു വാതൽ തുറക്കുന്നതുപോലെ യോഗി കുണ്ഡലിനീ ശക്തിയാൽ മോക്ഷകവാടത്തെ ഭേദിക്കണം.

രണ്ടു കൈകളെയും സംപുടിതമാക്കി, ദൃഢമായി പദ്മാസനത്തിലിരുന്നുകൊണ്ട് താടിയെ നെഞ്ചോടു ചേർത്ത് ബ്രഹ്മധ്യാന സഹിതം വീണ്ടും വീണ്ടും വായുവിനെ മുകളിലേക്കു വലിക്കുകയും, പിന്നീട് വെളിയിലേക്ക് വിടുകയും ചെയ്യണം. ഇപ്രകാരം ചെയ്താൽ മനുഷ്യന് വിശേഷശക്തി അനുഭവപ്പെടും.

41. അംഗാനാം മർദ്ദനം കൃത്വാ ശ്രമസംജാത വാരിണാ
കടുമ്ളലവണത്യാഗീ ക്ഷീരഭോജനമാചരേത്.

42. ബ്രഹ്മചാരീ മിതാഹാരീ യോഗീ യോഗപരായണഃ
അബ്ദാദൂർദ്ധ്വം ഭവേത്സിദ്ധോ നാത്രകാര്യാ വിചാരണാ

43. സുസ്നിഗ്ദ്ധ മധുരാഹാരശ്ചതുർത്ഥാംശ വിവർജ്ജിതഃ
ഭുഞ്ജതേ ശിവസംപ്രീത്യാ മിതാഹാരീ സ ഉച്യതേ.

44. കന്ദോർദ്ധ്വേ കുണ്ഡലീ ശക്തിരഷ്ടധാ കുണ്ഡലാകൃതിഃ
ബന്ധനായ ച മൂഢാനാം യോഗിനാം മോക്ഷദാ സദാ.

45. മഹാമുദ്രാ നഭോമുദ്രാ ഓഡ്യാണം ച ജലന്ധരം
മൂലബന്ധം ച യോ വേത്തി സ യോഗീ മുക്തി ഭാജനം.

ഈ അഭ്യാസശ്രമം കൊണ്ടുണ്ടായ ജലത്താൽ (വിയർപ്പ്) അംഗങ്ങളെ മർദ്ദിച്ച് കയ്പ്, പുളിപ്പ്, ഉപ്പുരസം എന്നിവ കലർന്ന ആഹാരസാധനങ്ങളെ ഉപേക്ഷിച്ച് വിശേഷ രൂപത്തിൽ ക്ഷീരാന്നം ഭക്ഷിക്കണം. ബ്രഹ്മചാരിയും മിതാഹാരിയും യോഗപരായണനുമായ യോഗി ഒരു വർഷം തികയുന്നതിനു മുമ്പുതന്നെ സിദ്ധിയെ പ്രാപിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അവൻ സ്നിഗ്ധവും മധുരമുള്ളതുമായ ആഹാരം കഴിക്കണം. ഉദരത്തിന്റെ നാലിലൊരു ഭാഗം ഒഴിച്ചിടുകയും വേണം. ശിവസംപ്രീതിയോടുകൂടി ആഹാരം കഴിക്കുന്നവനെ മിതാഹാരി എന്നു പറയുന്നു കന്ദത്തിന്റെ ഊർദ്ധ്വഭാഗത്ത് സ്ഥിതിചെയ്യുന്ന അഷ്ടകുണ്ഡലങ്ങളോടു കൂടിയ കുണ്ഡലിനീശക്തി മൂഢന്മാർക്ക് ബന്ധനപ്രദവും യോഗികൾക്ക് എന്നും മോക്ഷപ്രദവുമാണ്. മഹാമുദ്ര, നഭോമുദ്ര, ഉഡ്യാണം, ജലന്ധരബന്ധം, മൂലബന്ധം എന്നിവയെപ്പററി അറിയുന്ന യോഗി മുക്തിക്കു പാത്രീഭവിക്കുന്നു.

46. പാർഷ്ണിഘാതേന സംപീഡ്യ യോനിമാകുഞ്ചയേദ് ദൃഢം
അപാനമൂർദ്ധ്വമാകൃഷ്യ മൂലബന്ധോ വിധീയതേ.

47. അപാനപ്രാണയോരൈക്യം ക്ഷയാൻ മൂത്രപുരീഷയോഃ
യുവാ ഭവതി വൃദ്ധോഽപി സതതം മൂലബന്ധനാത്.

48. ഓഡ്യാണം കുരുതേ യസ്മാദവിശ്രാന്തം മഹാഖഗഃ
ഓഡ്ഡിയാണം തദേവസ്യാൻ മൃത്യു മാതംഗകേസരീ.

49. ഉദരാത് പശ്ചിമം താണമധോനാഭേർ നിഗദ്യതേ
ഓഡ്യാണമുദരേ ബന്ധസ്തത്ര ബന്ധോ വിധീയതേ.

50. ബധ്നാതി ഹി ശിരോജാതമധോഗാമി നഭോജലം
തതോ ജാലന്ധരോ ബന്ധഃ കഷ്ടദുഃഖൗഘ നാശനഃ.

ഉപ്പൂററികൊണ്ട് ദൃഢതാപൂർവ്വം അമർത്തി യോനി സ്ഥാനത്തെ ദൃഢമായി സങ്കോചിപ്പിച്ച് അപാനവായുവിനെ മുകളിലോട്ട് ആകർഷിച്ചാൽ അതു മൂലബന്ധമായി. ഈ പ്രക്രിയ കൊണ്ട് പ്രാണാപാന വായുക്കൾ ഒന്നായിത്തീരുകയും മലമൂത്രങ്ങൾ കുറയുകയും ചെയ്യുന്നു. ഈ മൂലബന്ധം സദാ അഭ്യസിച്ചുകൊണ്ടിരിക്കുന്ന വ്യക്തി വൃദ്ധനായിരുന്നാൽ പോലും യുവാവായിത്തീരുന്നു. ഒരു മഹാപക്ഷി വളരെയൊക്കെ പറന്നതിനുശേഷം വിശ്രമാർത്ഥം ഉഡ്യാണം ചെയ്യുന്നതുപോലെ, ഉഡ്യായണാഭ്യാസം മൃത്യുവാകുന്ന ആനയ്ക്ക് കേസരിയെന്നപോലെയാണ്.

ഉദരത്തിൽ നിന്ന് നാഭിക്ക് താഴോട്ടു നീട്ടുന്നത് പശ്ചിമതാനം എന്നുപറയപ്പെടുന്നു. ഉഡ്ഡിയാണബന്ധവും ഉദരത്തിൽ തന്നെയാണു ചെയ്യേണ്ടത്. താഴോട്ടു ഗമിക്കുന്ന ആകാശവും ജലതത്ത്വവും ശിരസ്സിൽ തന്നെ സ്ഥിരമായി വച്ചാൽ ജാലന്ധരബന്ധമായി. ഇത് ദുഃഖങ്ങളേയും കഷ്ടസമൂഹങ്ങളെയും നശിപ്പിക്കുന്നതാണ്.

51. ജാലന്ധരേ കൃതേ ബന്ധേ കണ്ഠസങ്കോചലക്ഷണേ
ന പീയൂഷം പതത്യഗ്നൗ ച ന വായുഃ പ്രധാവതി,

52. കപാലകുഹരേ ജിഹ്വാ പ്രവിഷ്ടാ വിപരീതഗാ
ഭ്രുവോരന്തർഗതാ ദൃഷ്ടിർമുദ്രാ ഭവതി ഖേചരീ.

53. ന രോഗാ മരണം തസ്യ ന നിദ്രാ ക്ഷുധാ തൃഷാ
ന ച മൂർഛാ ഭവേത്തസ്യ യോ മുദ്രാം വേത്തി ഖേചരീം

54 പീഡ്യതേ ന ച രോഗേണ ലിപ്യതേ ന സ കർമ്മഭിഃ
ബദ്ധ്യതേ ന ച കേനാപി യോ മുദ്രാം വേത്തി ഖേചരീം.

55. ചിത്തം ചരതി ഖേ യസ്മാജ്ജിഹ്വാ ചരതി ഖേ യതഃ
തേനേയം ഖേചരീ മുദ്രാ സർവസിദ്ധനമസ്കൃതാ.

ജാലന്ധരബന്ധം ചെയ്യവേ കണ്ഠത്തെ സങ്കോചിപ്പിക്കുന്നതുകൊണ്ട് അമൃതം അഗ്നിയിൽ പതിക്കുന്നില്ല. വായുവും ഓടുന്നില്ല. (അതായത് സ്ഥിരമായിരിക്കുന്നു). ജിഹ്വയെ വിപരീത ഗതിയിൽ മടക്കി കപാലകുഹരത്തിൽ പ്രവേശിപ്പിക്കുകയും രണ്ടു പുരികങ്ങൾക്കും മധ്യേ ദൃഷ്ടിയെ ഉറപ്പിക്കുകയും ചെയ്താൽ അത് ഖേചരീമുദ്രയായി. അതിന്റെ സാധനകൊണ്ട്, രോഗമോ മരണമോ വിശപ്പോ ദാഹമോ ഉണ്ടാകുമെന്നു ഭയപ്പെടേണ്ടതില്ല. ഖേചരീമുദ്ര അഭ്യസിച്ചിട്ടുള്ളവന് മൂർഛയും ഉണ്ടാകുന്നില്ല. അവൻ രോഗപീഡിതനാകുന്നില്ല എന്നു മാത്രമല്ല, കർമ്മബദ്ധനുമാകുന്നില്ല. ഖേചരീമുദ്രയെപ്പററി അറിഞ്ഞിട്ടുള്ളവന് യാതൊരു വിധമായ പ്രതിബന്ധങ്ങളും സംഭവിക്കുന്നില്ല. ഖേചരീമുദ്രയുടെ സാധനയുടെ ഫലമായി ചിത്തവും ജിഹ്വയും ആകാശത്തിൽ സഞ്ചരിക്കുന്നു അതുകൊണ്ട് ഈ ഖേചരീമുദ്രയെ എല്ലാ സിദ്ധന്മാരും നമസ്ക്കരിക്കുന്നു.

56, ബിന്ദുമൂലശരീരാണി ശിരാ സ്തത്ര പ്രതിഷ്ഠിതാഃ
ഭാവയന്തീ ശരീരാണി ആപാദതലമസ്തകം.

57. ഖേചര്യാ മുദ്രിതം യേന വിവരം ലംബികോർദ്ധ്വതഃ
ന തസ്യ ക്ഷീയതേ ബിന്ദുഃ കാമിന്യാലിംഗിതസ്യ ച

58. യാവത് ബിന്ദുഃ സ്ഥിതോ ദേഹേ താവൻ മൃത്യു ഭയം കുതഃ യാവദ് ബദ്ധാ നഭോ മുദ്രാ താവദ് ബിന്ദുർ ന ഗച്ഛതി.

59. ജ്വലിതോഽപി യഥാബിന്ദുഃ സംപ്രാപ്തശ്ച ഹുതാശനം
വ്രജത്യൂർദ്ധ്വംഗതഃ ശക്ത്യാ നിരുദ്ധോ യോനിമുദ്രയാ.

60. സ പുനർവിവിധോബിന്ദുഃ പാണ്ഡരോ ലോഹിതസ്ഥഥാ
പാൺഡരം ശുക്ലമിത്യാഹുർ ലോഹിതാഖ്യം മഹാരജഃ.

കാലുമുതൽ ശിരസ്സുവരെയുള്ള സർവാംഗങ്ങളെയും പോഷിപ്പിക്കുന്ന സിരകൾക്കെല്ലാം ആധാരമായിരിക്കുന്നത് ബിന്ദുവാണ്. ഖേചരീമുദ്ര മുഖേന ജിഹ്വയ്ക്കു മുകളിലായി കപാലകുഹരത്തെ ബന്ധിക്കുന്നവൻെറ ബിന്ദു (വീര്യം) പിന്നീട് ഒരിക്കലും നഷ്ടപ്പെടുന്നില്ല. സ്ത്രീയുടെ ആലിംഗനം കൊണ്ടുപോലും നഷ്ടപ്പെടുന്നില്ല. ദേഹത്തിൽ വീര്യമുള്ളിടത്തോളം കാലം മൃത്യുഭയം എന്തിന് ? ഖേചരീ മുദ്രാഭ്യാസമായിരിക്കുന്നിടത്തോളം കാലം ബിന്ദുനഷ്ടപ്പെടുന്നില്ല. ബിന്ദു നിർഗമിച്ച് അഗ്നിതത്വത്തെ പ്രാപിച്ചുപോയാലും യോനിമുദ്രമുഖേന ശക്തിയായി അതിനെ തടുത്തുനിറുത്തി ഊർദ്ധ്വഗാമിയാക്കാവുന്നതാണ്. ഈ ബിന്ദു രണ്ടുവിധമുണ്ട്. ഒന്ന വെളുത്ത നിറമുള്ളതും മറ്റൊന്ന ചെമപ്പുനിറമുള്ളതും. വെളുത്ത നിറമുള്ളതിൻെറ പേര് ശുക്ലമെന്നും ചെമന്ന നിറമുള്ളതിൻെറ പേര് മഹാരജസ്സ് എന്നുമാണ്.

61. സിന്ദൂരവ്രാതസങ്കാശം രവിസ്ഥാനസ്ഥിതം രജഃ
ശശിസ്ഥാനസ്ഥിതം ശുക്ലം തയോരൈക്യം സുദുർല്ലഭം.

62. ബിന്ദു: ബ്രഹ്മാ രജഃ ശക്തിഃ ബിന്ദുരിന്ദു രജോ
രവിഃ ഉഭയോഃ സംഗമാദേവ പ്രാപ്യതേ പരമം പദം.

63. വായുനാ ശക്തിചാലേന പ്രേരിതം ച യഥാ രജഃ
യാതി ബിന്ദു: സദൈവത്വം ഭവേത് ദിവ്യവപുസ്തദാ

64 ശുക്ലം ചന്ദ്രേണ സംയുക്തം രജഃ സൂര്യേണ സംഗതം
തയോഃ സമരസൈകത്വം യോ ജാനാതി സ യോഗവിത്

65. ശോധനം നാഡിജാലസ്യ ചാലനം ചന്ദ്രസൂര്യയോഃ
രസാനാം ശോഷണം ചൈവ മഹാമുദ്രാ ഭിധീയതേ.

രജസ്സിൻെറ സ്ഥാനം സിന്ദൂരം പോലെ പ്രകാശിക്കുന്ന രവിസ്ഥാനമാണ്. ശുക്ളത്തിൻെറ സ്ഥാനം ചന്ദ്രനുമാണ്. ഇവ രണ്ടിൻേറയും സംയോഗം ഏററവും കഠിനമാണ്. ബിന്ദു ബ്രഹ്മാവും, രജസ്സ് ശക്തിയും ആകുന്നു ബിന്ദു ചന്ദ്രനും, രജസ്സ് സൂര്യനുമാകുന്നു. ഇവ രണ്ടിൻേറയും സംഗമത്താൽ പരമപദപ്രാപ്തി കൈവരുന്നു. വായുവിനാൽ സഞ്ചാലിതമായ രജസ്സ് ബിന്ദുവുമായി സംയോജിച്ച് ഒന്നായിത്തീരുമ്പോൾ ദേഹം ദിവ്യമായി ഭവിക്കുന്നു. ശുക്ളം ചന്ദ്രനോടും, രജസ്സ് സൂര്യനോടും ചേർന്നിരിക്കുന്നു. ഇവയുടെ സമരസമായ ഐക്യത്തെ അറിയുന്നവനാണ് യോഗ

വിത്ത്. ഇനി നാഡീജാല ശോധനയും, ചന്ദ്രസൂര്യൻമാരുടെ ചാലനവും രസശോഷണവും സംഭവിക്കുന്ന മഹാമുദ്രയെപ്പററി പറയുന്നു.

66. വക്ഷോന്യസ്തഹനുഃ പ്രപീഡ്യ സുചിരം യോനിം ച വാമാംഘ്രിണാ ഹസ്താഭ്യാമനുധാരയൻ പ്രസരിതം പാദം തഥാ ദക്ഷിണം. ആപൂര്യശ്വസനേന കുക്ഷിയുഗളം ബദ്ധ്വാ ശനൈരേചയേത് ഏതദ് വ്യാധിവിനാശിനീ സുമഹതീ മുദ്രാ നൃണാം പ്രോച്യതേ.

താടിയെ നെഞ്ചോടുചേർത്തുവച്ച് ഇടതുകാലുകൊണ്ട് യോനിസ്ഥാനത്തെ വളരെ നേരം അമർത്തി വച്ചിട്ട്, വലതുകാൽ നേരെ നീട്ടി രണ്ടു കൈകൾകൊണ്ടും പിടിക്കണം. പിന്നീട് ഇരുപാർശ്വഭാഗങ്ങളിലും ശ്വാസം നിറച്ച് സാവധാനം രേചകം ചെയ്യണം. ഇത് മഹത്തും, മനുഷ്യരുടെ സർവ രോഗസംഹാരിണിയുമായ മഹാമുദ്രയാണ്.

67. ചന്ദ്രാംശേന സമഭ്യസ്യ സൂര്യാംശേനാഭ്യസേത് പുനഃ യാ തുല്യാതു ഭവേത് സംഖ്യാ തതോ മുദ്രാം വിസർജയേത്ഃ

68. നഹിപഥ്യമപഥ്യം വാ രസാ സർവേപി നീരസാഃ അതിഭുക്തം വിഷം ഘോരം പീയൂഷമിവ ജീര്യതേ.

69. ക്ഷയ കുഷ്ഠ ഗുദാവർത്ത ഗുല്മാജീർണ്ണ പുരോഗമാഃ തസ്യരോഗാഃ ക്ഷയം യാന്തി മഹാമുദ്രാംതു യോഭ്യസേത്.

70. കഥിതേയം മഹാമുദ്രാ മഹാസിദ്ധികരീ നൃണാം ഗോപനീയാ പ്രയത്നേന ന ദേയാ യസ്യ കസ്യ ചിത്.

ആദ്യമായി ചന്ദ്രാംശത്താൽ (ഇടത്തേ നാസാരന്ധ്രത്തിൽ കൂടി) അഭ്യസിക്കണം. പിന്നീട് സൂര്യാംശത്താൽ (വലത്തേ നാസാരന്ധ്രത്തിൽ കൂടി) അഭ്യസിക്കണം. രണ്ടിന്റേയും സംഖ്യ തുല്യമാകുമ്പോൾ അഭ്യാസം നിറുത്തണം. ഈ മുദ്രയുടെ പ്രഭാവത്താൽ പഥ്യാപഥ്യം മാത്രമല്ല, എല്ലാ വിധത്തിലുമുള്ള നീരസങ്ങളായ ഭക്ഷണ പദാർത്ഥങ്ങളും സരസങ്ങളായി ത്തീരുന്നു. അധികം ഭക്ഷിച്ചതും തീവ്രവിഷവും അമൃതസമാനം ദഹിക്കുന്നു. ക്ഷയം, കുഷ്ഠം, ഗുദാവർത്തം (ഭഗന്ദരം) ഗുല്മം, അജീർണ്ണം എന്നല്ല മേലാലുണ്ടാകാവുന്ന സർവ രോഗങ്ങളും മഹാമുദ്രയുടെ അഭ്യാസം കൊണ്ടു ശമിക്കുന്നു. മനുഷ്യർക്ക് മഹാസിദ്ധിയെ പ്രദാനം ചെയ്യുന്ന ഈ മഹാമുദ്രയെപ്പററി ഇവിടെ പറഞ്ഞുകഴിഞ്ഞു. ഇതിനെ സപ്രയത്നം ഗോപ്യമാക്കി സൂക്ഷിക്കണം. അങ്ങനെയും ഇങ്ങനെയുമുള്ളവർക്ക് പറഞ്ഞു കൊടുക്കയുമരുത്.

71. പദ്മാസനം സമാരുഹ്യ സമകായശിരോധരഃ നാസാഗ്രദൃഷ്ടിരേകാന്തേ ജപേ ദോംകാര മവ്യയം.

ഏകാന്തസ്ഥാനത്ത് പദ്മാസനസ്ഥനായി, നിവർന്നിരുന്ന് ശരീരത്തേയും ശിരസ്സിനേയും നേരെയാക്കി നാസികാഗ്രത്തിൽ ദൃഷ്ടി ഉറപ്പിച്ച് അവ്യയമായ ഓംകാരത്തെ ജപിക്കണം.

72. ഓം നിത്യം ശുദ്ധം, ബുദ്ധം, നിർവികൽപ്പം, നിരഞ്ജനം നിരാഖ്യാത മനാദിനിധനമേകം തുരീയം യദ്ഭൂതം ഭവദ്. ഭവിഷ്യത് പരിവർത്തമാനം സർവദാഽനവിച്ഛിന്നം പരം ബ്രഹ്മ. തസ്മാജ്ജാതാ പരാശക്തിഃ സ്വയം ജ്യോതിരാത്മികാ. അഗ്നേരാപഃ. അദ്ഭ്യഃപൃഥിവീ. ഏതേഷാം പഞ്ചഭൂതാനാം പതയഃ പഞ്ച സദാശിവേശ്വരരുദ്ര വിഷ്ണു ബ്രഹ്മാണശ്ചേതി. തേഷാം ബ്രഹ്മവിഷ്ണുരുദ്രാശ്ചോത്പത്തിസ്ഥിതിലയകർത്താരഃ രാജസോ ബ്രഹ്മാ സാത്വികോ വിഷ്ണു സ്താമസോ രുദ്ര ഇതി. ഏതേത്രയോ ഗുണയുക്താഃ. ബ്രഹ്മാ ദേവാനാം പ്രഥമഃ സംബഭൂവ. ധാതാ ച സൃഷ്ടൗ വിഷ്ണുശ്ച സ്ഥിതൗ രുദ്രശ്ച നാശേ ഭോഗായ ചന്ദ്രഃ പ്രഥമജാ ബഭൂവുഃ. ഏതേഷാം ബ്രഹ്മണോ ലോകാ ദേവതിര്യങ് നരസ്ഥാവരാശ്ച ജായന്തേ. തേഷാം മനുഷ്യാദീനാം പഞ്ചഭൂതസമവായഃ ശരീരം. ജ്ഞാന കർമ്മേന്ദ്രിയൈർ ജ്ഞാനവിഷയൈഃ പ്രാണാദി പഞ്ചവായു മനോബുദ്ധി ചിത്താഹങ്കാരൈഃ സ്ഥൂലകൽപ്പിതൈഃ സോഽപി സ്ഥൂലപ്രകൃതിരിത്യുച്യതേ. ജ്ഞാനകർമ്മേന്ദ്രിയൈർ ജ്ഞാന വിഷയൈഃ പ്രാണാദി പഞ്ചവായുമനോബുദ്ധിഭിശ്ച സൂക്ഷ്മസ്ഥോഽപി ലിംഗമേവേത്യുച്യതേ. ഗുണത്രയയുക്തം കാരണം. സർവേഷാമേവം ത്രീണി ശരീരാണി വർത്തന്തേ. ജാഗ്രത് സ്വപ്ന സുഷുപ്തി തുരീയാശ്ചേത്യ വസ്ഥാശ്ചതസ്രഃ. താസാമവസ്ഥാനാമധിപതയശ്ച ത്വാരഃ പുരുഷാ വിശ്വതൈജസ പ്രാജ്ഞാത്മാന ശ്ചേതി.

വിശ്വോഹി സ്ഥൂലഭുങ് നിത്യം തൈജസഃ പ്രവിവിക്തഭുക്, ആനന്ദഭുക് തഥാ പ്രാജ്ഞഃ സർവസാക്ഷീത്യതഃ പരഃ.

ഓം. നിത്യനും, ശുദ്ധനും, ബുദ്ധനും, നിർവികാരനും, നിരഞ്ജനനും, നാമരഹിതനും, അനാദിയും, മൃത്യുസ്വരൂപനും, ഏകനും, തുരീയനും, ഭൂത ഭവിഷ്യ വർത്തമാനകാലങ്ങളിലും അവിച്ഛിന്നരൂപനും ആയിരിക്കുന്ന പരബ്രഹ്മത്തിൽ നിന്നും സ്വയം ജ്യോതിസ്വരൂപിണിയായ

പരാശക്തി സംജാതയായി. ആത്മാവിൽ നിന്നും, ആകാശം ഉണ്ടായി. ആകാശത്തിൽ നിന്നു വായുവും, വായുവിൽ നിന്ന് അഗ്നിയും, അഗ്നിയിൽ നിന്നു ജലവും, ജലത്തിൽനിന്ന് പൃത്ഥ്വിയും ഉണ്ടായി. ഈ പഞ്ചഭൂതങ്ങളുടെയും നാഥന്മാർ (പതി) സദാശിവനും, ഈശ്വരനും, രുദ്രനും, വിഷ്ണുവും ബ്രഹ്മാവുമാണ്. ഇവരിൽ ബ്രഹ്മാവ് സൃഷ്ടികർത്താവും, വിഷ്ണു സംരക്ഷണ കർത്താവും, രുദ്രൻ പ്രളയകർത്താവും ആകുന്നു. ബ്രഹ്മാവ് രജോഗുണയുക്തനും, വിഷ്ണു സത്വഗുണ യുക്തനും രുദ്രൻ തമോഗുണയുക്തനും ആകുന്നു. ബ്രഹ്മാവ് ദേവന്മാരിൽ പ്രഥമനായി ജനിച്ചു. ബ്രഹ്മാവ് സൃഷ്ടിക്കുവാനും, വിഷ്ണു സൃഷ്ടിയെ സംരക്ഷിക്കുവാനും, രുദ്രൻ സംഹരിക്കുന്നതിനും, ചന്ദ്രൻ ഭോഗങ്ങൾക്ക വേണ്ടിയും ആദ്യമായി ഉദ്ഭവിച്ചു. ഇവരിൽ ബ്രഹ്മാവിൽ നിന്നും, ലോകവും, ദേവന്മാരും, തിര്യക്കുകളും, മനുഷ്യരും, സ്ഥാവരങ്ങളും ഉദ്ഭവിക്കുന്നു. ഇവരിൽ മനുഷ്യശരീരം പഞ്ചഭൂതങ്ങളുടെ സംയോഗത്താൽ ഉണ്ടാകുന്നു. ജ്ഞാനേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ, ജ്ഞാനം, വിഷയം, പ്രാണാദികളായ പഞ്ചവായുക്കൾ, മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം—ഇവയെല്ലാം സ്ഥൂലരൂപത്തിൽ സങ്കൽപ്പിതങ്ങളാണ്. ഈ ശരീരവും സ്ഥൂലപ്രകൃതിയുടെതാണെന്നു തന്നെ പറയുന്നു. ഈ ജ്ഞാനേന്ദ്രിയങ്ങളും, കർമ്മേന്ദ്രിയങ്ങളും, ജ്ഞാനവും, വിഷയവും, പഞ്ചവായുക്കളും, മനസ്സ്, ബുദ്ധി, എന്നിവയും സൂക്ഷ്മരൂപത്തിൽ ലിംഗങ്ങൾ എന്നു പറയപ്പെടുന്നു. ത്രിഗുണങ്ങളോടു കൂടിയതാണ് കാരണം. അതുകൊണ്ട് എല്ലാവർക്കും മൂന്നു ശരീരമുണ്ട്. ജാഗ്രത്, സ്വപ്നം, സുഷുപ്തി, തുരീയം എന്ന് നാലവസ്ഥകളും ഉണ്ട്. അവയ്ക്കെല്ലാം അധിപതിയായി വിശ്വം, തൈജസം, പ്രാജ്ഞം, ആത്മാവ് ഇവയിൽ നാലുപുരുഷന്മാരും ഉണ്ട്. സ്ഥൂലത്തിന്റെ ഭോക്താവ് വിശ്വവും, ഏകാന്തത്തിന്റെ ഭോക്താവ് തൈജസവും, ആനന്ദത്തിന്റെ ഭോക്താവ് പ്രാജ്ഞവും, പരൻ സർവത്തിനും സാക്ഷിരൂപവുമാകുന്നു.

73. പ്രണവഃ സർവദാതിഷ്ഠേത് സർവജീവേഷു ഭോഗതഃ
അഭിരാമസ്തു സർവാസ്യ ഹ്യവസ്ഥാസു ഹ്യധോമുഖഃ.

74. അകാര ഉകാരോ മകാരശ്ചേതി ത്രയോ വർണ്ണാസ്ത്രയോ ദേവാസ്ത്രയോ ലോകാ സ്ത്രയോ ഗുണാസ്ത്രീണ്യ/ക്ഷരാണി ഏവം പ്രണവഃ പ്രകാശതേത്രയഃ അകാരോ ജാഗ്രതി നേത്രേ വർത്തതേ സർവജന്തുഷു സ്വരാഉകാരഃ കണ്ഠതഃ സ്വപ്നേ മകാരോഹൃദി സുപ്തിതഃ.

75. വിരാഡ്വിശ്വഃ സ്ഥൂലശ്ചകാര ഹിരണ്യഗർഭസ്തൈജസഃ സൂക്ഷ്മശ്ച ഉകാരഃ കാരണവ്യാകൃത പ്രാജ്ഞശ്ച മകാരഃ. അകാരോ രാജസോ രക്തോ ബ്രഹ്മാ ചേതന ഉച്യതേ. ഉകാരഃ സാത്വികഃ ശുക്ലോ വിഷ്ണുരിത്യഭിധീയതേ.

പ്രണവം, (പരതത്ത്വം) സർവജീവജാലങ്ങളുടെയും ഭോഗകാലത്ത് ഭിന്നരൂപത്തിൽ വസിക്കുന്നു. അത് എല്ലാ അവസ്ഥയിലും അധോമുഖമായി അഭിരമിക്കുന്നു. അകാരം, ഉകാരം, മകാരം എന്നീ മൂന്നും, മൂന്നു വർണ്ണങ്ങളും, മൂന്നു വേദങ്ങളും, മൂന്നു ലോകങ്ങളും, മൂന്നു ഗുണങ്ങളും, മൂന്നക്ഷരങ്ങളും, മൂന്നു സ്വരങ്ങളും എല്ലാം പ്രണവം മുഖേന പ്രകാശിക്കുന്നു. എല്ലാ ജീവികളിലും ജാഗ്രദവസ്ഥയിൽ അകാരം നേത്രങ്ങളിൽ വസിക്കുന്നു. സ്വപ്നാവസ്ഥയിൽ 'ഉകാരം' കണ്ഠത്തിലും, സുഷുപ്ത്യവസ്ഥയിൽ 'മകാരം' ഹൃദയത്തിലും വസിക്കുന്നു. അകാരം സ്ഥൂലവും വിരാട്ടും, വിശ്വവുമാകുന്നു. ഉകാരം ഹിരണ്യഗർഭവും, തൈജസവും, സൂക്ഷ്മവും, മകാരം കാരണവും, അവ്യാകൃതവും പ്രാജ്ഞവുമാകുന്നു. അകാരം രാജസം, രക്തവർണ്ണം, ബ്രഹ്മാവ് എന്നിങ്ങനെ പറയപ്പെടുന്നു. ഉകാരം, സാത്വികം, ശുക്ളവർണ്ണം, വിഷ്ണു എന്നും മകാരത്തെ താമസം, കൃഷ്ണവർണ്ണം, രുദ്രൻ എന്നീ നാമങ്ങളാലും പറയപ്പെടുന്നു.

76. മകാരസ്തമസഃ കൃഷ്ണോ രുദ്രശ്ചേതി തഥോച്യതേ
പ്രണവാത് പ്രഭവോ ബ്രഹ്മാ പ്രണവാത് പ്രഭവോ ഹരിഃ
77. പ്രണവാത് പ്രഭവോരുദ്രഃ പ്രണവോഹി പരോഭവേത്
അകാരേ ലീയതേ ബ്രഹ്മാ ഉകാരേ ലീയതേ ഹരിഃ
78. മകാരേലീയതേ രുദ്രഃ പ്രണവോഹി പ്രകാശതേ
ജ്ഞാനിനാമൂർദ്ധ്വഗോ ഭൂയാദജ്ഞാനേസ്യാദധോമുഖഃ
79. ഏവം വൈ പ്രണവസ്തിഷ്ഠേദ്യസ്തം വേദസ വേദവിത്
അനാഹത സ്വരൂപേണ ജ്ഞാനിനാ മൂർദ്ധ്വഗോഭവേത്.
80. തൈല ധാരാമിവാച്ഛിന്നം ദീർഘഘണ്ടാനിനാദവത്
പ്രണവസ്യധ്വനിസ്തദ്വത്തദഗ്രം ബ്രഹ്മ ചോച്യതേ.

ഇങ്ങനെ പ്രണവത്തിൽ നിന്നുമാണ് ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ എന്നീ ത്രിമൂർത്തികളുടെയും ഉത്പത്തി. പ്രണവം തന്നെയാണ് പരാതത്ത്വം. ബ്രഹ്മാവ് അകാരത്തിലും,, വിഷ്ണു ഉകാരത്തിലും, രുദ്രൻ മകാരത്തിലും വിലയം പ്രാപിക്കുന്നു. പ്രണവം മാത്രമേ പ്രകാശിതമായി (സ്ഥിരമായി)രിക്കുകയുള്ളൂ. അത് ജ്ഞാനിയിൽ ഊർദ്ധ്വമുഖമായും, അജ്ഞാനിയിൽ അധോമുഖമായും സ്ഥിതിചെയ്യുന്നു. ഇങ്ങനെ പ്രണവം മാത്രമേ സുനിശ്ചിതമായി സ്ഥിതിചെയ്യുന്നുള്ളൂ. അതിനെ അറിയുന്നവനാണ് വേദവിത്ത്. അത് അനാഹത രൂപത്തിൽ ജ്ഞാനികളിൽ ഊർദ്ധ്വഗതിയായിരിക്കുന്നു. പ്രണവത്തിന്റെ ഈ അനാഹതധ്വനി അവിച്ഛന്നമായ തൈലധാരയെപ്പോലെയും, ദീർഘമായ ഘണ്ടാനാദം പോലെയും ആയിരിക്കുന്നു. അഗ്രഭാഗം തന്നെയാണ് ബ്രഹ്മമെന്നു പറയപ്പെടുന്നത്.

81. ജ്യോതിർമ്മയം തദഗ്രം സ്യാദവാച്യം ബുദ്ധിസൂക്ഷ്മതഃ।
ദദൃശുർ യേ മഹാത്മാനോ യസ്തം വേദ സ വേദവിത്.

82. ജാഗ്രന്നേത്രദ്വയോർമദ്ധ്യേ ഹംസ ഏവ പ്രകാശതേ
സകാരഃ ഖേചരീ പ്രോക്തസ്ത്വംപദം ചേതി നിശ്ചിതം.

83. ഹകാരഃ പരമേശഃ സ്യാത്തത്പദം ചേതി നിശ്ചിതം
സകാരോ ധ്യായതേ ജന്തുർ ഹകാരോ ഹി ഭവേദ് ധ്രുവം.

84. ഇന്ദ്രിയൈർ ബദ്ധ്യതേ ജീവ ആത്മാ ചൈവ ന ബദ്ധ്യതേ
മമത്വേന ഭവേജ്ജീവോ നിർമ്മമത്വേന കേവലഃ.

85. ഭൂർഭുവഃസ്വരിമേ ലോകാഃ സോമസൂര്യാഗ്നിദേവതാഃ
യസ്യമാത്രാസു തിഷ്ഠന്തി തത്പരം ജ്യോതിരോമിതി.

ആ അഗ്രഭാഗം (ബ്രഹ്മം) ജ്യോതിർമയവും, അവാച്യവും ആകുന്നു. മഹാപുരുഷൻമാർ അതിനെ സൂക്ഷ്മ ബുദ്ധികൊണ്ടു കാണുന്നു അതറിയുന്നവനാണ് വേദവിത്ത്. ജാഗ്രദവസ്ഥയിൽ രണ്ടു നേത്രങ്ങളുടേയും മദ്ധ്യേ ഹംസം പ്രകാശിച്ചുകൊണ്ടിരിക്കുന്നു ഇതിലെ സകാരം ഖേചരീരൂപവും, അത് സുനിശ്ചിത രൂപത്തിൽ ത്വംപദവുമാണ്. ഹകാരം പരമേശ്വരന്റെ പദമാണ്. അതിൽ നിന്നും നിശ്ചിതരൂപത്തിൽ 'തത്' പ്രകടമാകുന്നു. സകാരത്തെ ധ്യാനിക്കുന്ന ജീവൻ നിശ്ചയമായും ഹകാര (ഈശ്വരൻ) മായിത്തീരുന്നു. ഇന്ദ്രിയങ്ങൾ ജീവനെ ബന്ധനത്തിൽ അകപ്പെടുത്തുന്നു. അവയ്ക്ക് ആത്മാവിനെ ബന്ധിക്കുവാൻ സാധ്യമല്ല. മമത ഉള്ളതുകൊണ്ട് ജീവൻ ജീവിച്ചിരിക്കുന്നു. മമത നഷ്ടപ്പെട്ടാൽ കൈവല്യസ്വരൂപമായിത്തീരുന്നു. ഭൂലോകം, ഭുവർലോകം, സ്വർലോകം, ചന്ദ്രൻ സൂര്യൻ, അഗ്നി, ആദി ദേവന്മാർ എല്ലാം പരമജ്യോതി സ്വരൂപമായ ഓങ്കാര മാത്രകളിൽതന്നെയാണ് സ്ഥിരമായിരിക്കുന്നത്.

86. ഇച്ഛാ ക്രിയാ തഥാ ജ്ഞാനം ബ്രാഹ്മീ രൗദ്രീ ച വൈഷ്ണവീ, ത്രിധാമാത്രസ്ഥിതിർയത്ര തത്പരം ജ്യോതിരോമിതി.

87. വചസാ തജ്ജപേന്നിത്യം വപുഷാ തൽസമഭ്യസേത്
മനസാ തജ്ജപേന്നിത്യം തത്പരം ജ്യോതിരോമിതി

88. ശുചിർവാപ്യശുചിർവാപി യോ ജപേത് പ്രണവം സദാ
ന സ ലിപ്യതി പാപേന പദ്മ പത്രമിവാംഭസാ.

89. ചലേ വാതേ ചലോ ബിന്ദുർ നിശ്ചലേ നിശ്ചലോ ഭവേത്, യോഗീ സ്ഥാണുത്വമാപ്നോതി തതോ വായും നിരുന്ധയേത്.

90, യാവദ് വായുഃ സ്ഥിതോ ദേഹേ താവജ്ജീവോ ന മുഞ്ചതി
മരണം തസ്യ നിഷ്ക്രാന്തിസ്തതോ വായും നിരുന്ധയേത്.

ക്രിയാശക്തി, ഇച്ഛാശക്തി, ജ്ഞാനശക്തി എന്നീ മൂന്നു ക്രിയകളും ബ്രാഹ്മീ, രൗദ്രീ, വൈഷ്ണവീ എന്നീ മൂന്നു മാത്രകളും പരമജ്യോതിസ്വരൂപമായ ഓങ്കാരത്തിൽ സ്ഥിതി ചെയ്യുന്നു. അതിനെ വാക്കുകൊണ്ടു സദാ ജപിക്കുകയും, ശരീരം കൊണ്ടു സദാ അഭ്യസിക്കുകയും (ആചരിക്കുക) മനസ്സുകൊണ്ടു ജപിക്കുകയും ചെയ്യണം. അതുതന്നെയാണ് പരമജ്യോതിസ്വരൂപമായ ഓങ്കാരം. ശുദ്ധാവസ്ഥയിലോ അശുദ്ധാവസ്ഥയിലോ പോലും സദാ ഓങ്കാരജപ നിരതനായിരിക്കുന്നവൻ പാപത്തിൽ ലിപ്തനാകുന്നില്ല. അവൻ ഈ ലോകത്ത് താമരയിലയിലെ ജലമെന്നപോലെ ഇരിക്കുന്നു. വായു ചലിച്ചാൽ ബിന്ദുവും ചലിക്കുന്നു. വായു നിശ്ചലമാകുമ്പോൾ ബിന്ദുവും നിശ്ചലമായിത്തീരുന്നു. ബിന്ദുവിന്റെ സ്ഥിരതയാലാണ് യോഗി നിശ്ചലനാകുന്നത്. അതുകൊണ്ട് വായുവിനെ നിരോധിക്കണം. ദേഹത്തിൽ വായു ഉള്ളിടത്തോളം ജീവന് അതിനെ ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല. വായുവിന്റെ ബഹിർഗമനം തന്നെയാണ് മൃത്യു. അതുകൊണ്ട് വായുവിനെ നിരോധിക്കണം.

91. യാവദ്ബദ്ധോ മരുത് ദേഹേ താവജ്ജീവോ ന മുഞ്ചതി
യാവദ്ദൃഷ്ടിർ ഭ്രുവോർമദ്ധ്യേ താവത്കാലഭയം കുതഃ.

92. അൽപ്പകാലഭയാദ് ബ്രഹ്മൻ പ്രാണായാമപരോ ഭവേത്
യോഗിനോ മുനയശ്ചൈവ തതഃ പ്രാണാന്നിരോധയേത്.

93. ഷഡ് വിംശദംഗുലിർ ഹംസഃ പ്രയാണം കുരുതേ ബഹിഃ
വാമദക്ഷിണമാർഗ്ഗേണ പ്രാണായാമോ വിധീയതേ

94 ശുദ്ധിമേതി യദാസർവം നാഡീ ചക്രം മലാകുലം
തദൈവജായതേ യോഗീ പ്രാണസംഗ്രഹണക്ഷമഃ

95. ബദ്ധപദ്മാസനോ യോഗീ പ്രാണം ചന്ദ്രേണ പൂരയേത്
ധാരയേദ്വാ യഥാശക്ത്യാ ഭൂയഃ സൂര്യേണ രേചയേത്.

ദേഹത്തിൽ വായു സ്ഥിരമായിരിക്കുന്നിടത്തോളം ജീവന് മോചനം സാദ്ധ്യമല്ല. രണ്ടു പുരികങ്ങളുടേയും മധ്യേ ദൃഷ്ടി സ്ഥിരമായിരിക്കുന്നിടത്തോളം കാലം ഭയമെന്തിന്? കാലനിൽ നിന്നും രക്ഷനേടാൻ വേണ്ടി ബ്രഹ്മാവുപോലും പ്രാണായാമ പരായണനായിരിക്കുന്നു. അതുകൊണ്ട് യോഗിമാരും മുനിമാരും പ്രാണനിരോധം അഭ്യസിക്കണം. ഹംസം (ശ്വാസം) ഇരുപത്താറംഗുലം ബഹിർഗമിക്കുന്നു. ഇടത്തും വലതും മാർഗ്ഗങ്ങളിൽകൂടി പ്രാണായാമം ചെയ്യണമെന്നാണ് വിധിച്ചിട്ടുള്ളത്. നാഡീചക്രം സർവ വിധത്തിലുമുള്ള മാലിന്യങ്ങളിൽ നിന്നും ശുദ്ധമാകുമ്പോൾ യോഗി പ്രാണ നിരോധനത്തിൽ സമർത്ഥനായിത്തീരുന്നു. യോഗി ബദ്ധപദ്മാസനസ്ഥനായി ചന്ദ്രനിൽ കൂടി (ഇടത്തേ നാസികാ രന്ധ്രത്തിൽ കൂടി) വായുവിനെ ഉള്ളിലേക്ക വലിച്ചതിനു ശേഷം അതിന യഥാശക്തി

ഉള്ളിൽ തന്നെ തടഞ്ഞുനിറുത്തിയതിനുശേഷം (സൂര്യനിൽകൂടി) വലത്തേ നാസികാ രന്ധ്രത്തിൽ കൂടി വെളിയിലേക്കു വിടണം. (പൂരക, കുംഭക, രേചക ക്രിയകൾ)

96. അമൃതോദധിസംകാശം ഗോക്ഷീരധവളോപമം
ധ്യാത്വാ ചന്ദ്രമസം ബിംബം പ്രാണായാമേ സുഖീഭവേത്

97. സ്ഫുരത് പ്രജ്വല സംജ്വാലാ പൂജ്യമാദിത്യമണ്ഡലം
ധ്യാത്വാ ഹൃദിസ്ഥിതം യോഗീ പ്രാണായാമേ സുഖീ ഭവേത്.

98. പ്രാണംചേദിഡയാപിബേന്നിയമിതംഭൂയോന്യഥാരേചയേത്
പീത്വാ പിംഗളയാ സമീരണമഥോ ബദ്ധ്വാത്യജേദ്വാമയാ.
സൂര്യ ചന്ദ്രമസോരനേന വിധിനാ ബിന്ദുദ്വയം ധ്യായതഃ
ശുദ്ധാ നാഡിഗണാ ഭവന്തിയമിനോ മാസദ്വയാദൂർധ്വതഃ

99. യഥേഷ്ടധാരണം വായോരനലസ്യ പ്രദീപനം
നാദാഭി വ്യക്തിരാരോഗ്യം ജായതേ നാഡിശോധനാത്.

100. പ്രാണോ ദേഹസ്ഥിതോ യാവദപാനം തു നിരുന്ധയേത്
ഏകശ്വാസമയീ മാത്രാ ഊർദ്ധ്വാധോ ഗഗനേ ഗതിഃ.

അമൃതസമുദ്രം പോലെയും പശുവിൻപാലു പോലെയും ധവളമായ ചന്ദ്രബിംബത്തെ ധ്യാനിച്ചുകൊണ്ട് പ്രാണായാമം ചെയ്യണം. അതിനു ശേഷം പ്രജ്ജ്വലിതമായ ജ്വാലയെപ്പോലെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന സൂര്യഭഗവാനെ ധ്യാനിച്ചുകൊണ്ട് പ്രാണായാമം ചെയ്യണം. ആദ്യം ഇഡാ (ഇടത്തുഭാഗത്തുള്ള) നാഡിയിൽ ശ്വാസം എടുത്തിട്ട് പിംഗലാ നാഡിയിൽ കൂടി (വലതുഭാഗത്തുള്ള) രേചകം ചെയ്തിട്ട് പിംഗളയിൽകൂടി ശ്വസിച്ചിട്ട് ഇഡയിൽകൂടി പുറത്തേക്കുവിടണം. ഇപ്രകാരം സൂര്യന്റെയും, ചന്ദ്രന്റെയും ബിന്ദുക്കളെ ധ്യാനിച്ചുകൊണ്ട് അഭ്യസിച്ചാൽ രണ്ടുമാസങ്ങൾക്കുള്ളിൽ തന്നെ നാഡി ശുദ്ധമായിത്തീരുന്നു. വായു യഥേഷ്ടം ധരിക്കുക, ജഠരാഗ്നി പ്രദീപ്തമാകുക, നാദം കേൾക്കുക, ആരോഗ്യം — ഇവയെല്ലാം നാഡീശോധനകൊണ്ടു സിദ്ധിക്കുന്നു. ദേഹത്തിൽ പ്രാണവായു നിലനിൽക്കുന്നിടത്തോളം അപാനനെ നിരോധിക്കണം. ഏകശ്വാസയുക്തമായ മാത്ര ഹൃദയാകാശത്തിൽ മുകളിലും താഴെയും വന്നുംപോയുമിരിക്കുന്നു.

101. രേചകഃ പൂരകശ്ചൈവ കുംഭകഃ പ്രണവാത്മകഃ
പ്രാണായാമോ ഭവേദേവം മാത്രാ ദ്വാദശസംയുതഃ

102. മാത്രാ ദ്വാദശസംയുക്തൗ ദിവാകര നിശാകരൗ
ദോഷജാലമബദ്ധ്നന്തൗ ജ്ഞാതവ്യൗ യോഗിഭിഃ സദാ.

103. പൂരകം ദ്വാദശം കുര്യാത് കുംഭകം ഷോഡശം ഭവേത്
രേചകം ദശചോംകാരഃ പ്രാണായാമഃ സ ഉച്യതേ.

104. അധമേ ദ്വാദശമാത്രം മധ്യമേ ദ്വിഗുണാ മതാ
ഉത്തമേ ത്രിഗുണാ പ്രോക്താ പ്രാണായാമസ്യ നിർണയഃ.

105. അധമേ സ്വേദജനനം കമ്പോ ഭവതി മധ്യമേ.
ഉത്തമേ സ്ഥാനമാപ്നോതി തതോ വായും നിരുന്ധയേത്.

രേചകം, പൂരകം, കുംഭകം ഇവ പ്രാണസ്വരൂപങ്ങളാണ്. ഇങ്ങനെയുള്ള പ്രാണായാമം ദ്വാദശമാത്രയിൽ ചെയ്യണം. പന്ത്രണ്ടുമാത്രകളോടുകൂടിയ സൂര്യചന്ദ്രൻമാരുടെ ഈ പ്രാണായാമം സമസ്തദോഷങ്ങളേയും നശിപ്പിക്കുന്നതാണ്. ദ്വാദശമാത്രായുക്തമായ പൂരകം ചെയ്തിട്ട് പതിനാറു മാത്രകളോടുകൂടിയ കുംഭകം ചെയ്യണം. പിന്നീട് പത്തുമാത്രാരേചകം ചെയ്യണം. ഇതിനെ ഓംകാര പ്രാണായാമം എന്നുപറയുന്നു. ദ്വാദശമാത്രായുക്തമായ പ്രാണായാമം ലഘുവായതും ഇതിന്റെ രണ്ടിരട്ടിമാത്രയുള്ളതും മധ്യമവും, മൂന്നിരട്ടിമാത്രയോടുകൂടിയതും ഉത്തമവും എന്നുപറയപ്പെടുന്നു. ലഘുവായ പ്രാണായാമംകൊണ്ട് വിയർപ്പ് വരുന്നു. മധ്യമ പ്രാണായാമംകൊണ്ട് കമ്പനം (വിറയൽ) ഉണ്ടാകുന്നു. ഉത്തമപ്രാണായാമംകൊണ്ട് ആസനത്തിൽ നിന്നു പൊന്തുന്നതായോ പൊന്ന തോന്നൽ ഉണ്ടാകുന്നു. ഇപ്രകാരം വായുവിനെ നിരോധിക്കണം.

106. ബദ്ധപദ്മാസനോ യോഗീ നമസ്കൃത്യ ഗുരും ശിവം
നാസാഗ്രദൃഷ്ടിരേകാകീ പ്രാണായാമം സമഭ്യസേത്.

107. ദ്വാരാണാം നവ സംനിരുദ്ധ്യ മരുതം ബദ്ധ്വാ ദൃഢാം ധാരണാം
നീത്വാ കാലമപാനവഹ്നിസഹിതം ശക്ത്യാ സമം ചാലിതം.
ആത്മധ്യാനയുതസ്ത്വനേന വിധിനാ വിന്യസ്യ മൂർധ്നി സ്ഥിരം
യാവത്തിഷ്ഠതി താവദേവ മഹതാം സംഗോ ന സംസ്തൂയതേ.

108. പ്രാണായാമോ ഭവേദേവം പാതകേന്ധന പാവകഃ
ഭവോദധി മഹാസേതുഃ പ്രോച്യതേ യോഗിഭിഃ സദാ.

109. ആസനേന രുജം ഹന്തി പ്രാണായാമേന പാതകം
വികാരം മാനസം യോഗീ പ്രത്യാഹാരേണ മുഞ്ചതി.

110. ധാരണാഭിർ മനോധൈര്യം യാതി ചൈതന്യമദ്ഭുതം
സമാധൗ മോക്ഷമാപ്നോതി ത്യക്ത്വാ കർമ്മ ശുഭാശുഭം.

ബദ്ധപദ്മാസനത്തിൽ ഇരുന്നുകൊണ്ട് ശിവനാകുന്ന ഗുരുവിനെനമസ്കരിക്കണം. പിന്നീട് നാസികാഗ്രത്തിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് ഏകാകിയായ പ്രാണായാമം അഭ്യസിക്കണം. നവദ്വാരങ്ങളെയും നിരോധിച്ച്, വായുവിനെ ബന്ധിച്ച് ദൃഢമായി ശക്തി ചാലനം ചെയ്ത് അപാനനെയും അഗ്നിസഹിതം കുണ്ഡലിനിയെയും മുകളിലേക്കു കൊണ്ടുപോയി ആത്മധ്യാനത്തോടു കൂടി അതിനെ ശിരസ്സിൽ നിറുത്തണം. എത്രത്തോളം കാലം അത് അവിടെ സ്ഥിരമായിരിക്കുമോ അത്രത്തോളം ശ്രേഷ്ഠമാണ്. ഇങ്ങനെയുള്ള പ്രാണായാമം പാപമാകുന്ന ഇന്ധനത്തിന് (വിറക്) അഗ്നിയും സംസാരസാഗരത്തെ തരണം ചെയ്യുന്നതിനുള്ള സേതുവുമാണ്. ആസനം കൊണ്ടു രോഗാദികളും, പ്രാണായാമം കൊണ്ട് പാപങ്ങളും നശിക്കുന്നു. യോഗിയുടെ മാനസിക വികാരങ്ങൾ പ്രത്യാഹാരം കൊണ്ട് ദൂരീകൃതമാകുന്നു. ധാരണകൊണ്ട് മനോധൈര്യവും, സമാധിയാൽ അദ്ഭുതമായ ചൈതന്യവും സിദ്ധിക്കുന്നു. ഇങ്ങനെ ശുഭാശുഭകർമ്മ നിർമ്മുക്തനായി യോഗി മോക്ഷത്തെ പ്രാപിക്കുന്നു.

111. പ്രാണായാമദ്വിഷട്കേന പ്രത്യാഹാരഃ പ്രകീർത്തിതഃ
പ്രത്യാഹാരദ്വിഷട്കേന ജായതേ ധാരണാ ശുഭാ.

112. ധാരണാ ദ്വാദശപ്രോക്തം ധ്യാനം. യോഗവിശാരദൈഃ
ധ്യാനദ്വാദശകേനൈവ സമാധിരഭിധീയതേ.

113. യത് സമാധൗ പരം ജ്യോതിരനന്തം വിശ്വതോ മുഖം.
തസ്മിൻ ദൃഷ്ടേ ക്രിയാകർമ്മ യാതായാതോ ന വിദ്യതേ.

114. സംബദ്ധാസനമേഢ്രമംഘ്രിയുഗളം കർണ്ണാക്ഷി നാസാപുട-
ദ്വാരാദ്യംഗുലിഭിർ നിയമ്യ പവനം വക്ത്രേണ വാ പൂരിതം
ബദ്ധ്വാ വക്ഷസി ബഹ്വപാനസഹിതം മൂർദ്ധ്നി സ്ഥിരം
ധാരയേദേവം യാന്തി വിശേഷതത്ത്വസമതാം യോഗീശ്വര
സ്തന്മനഃ.

പന്ത്രണ്ടുതവണ പ്രാണായാമവും പ്രത്യാഹാരവും, അഭ്യസിച്ചാൽ ശുഭമായ ധാരണഉണ്ടാകുന്നു. പന്ത്രണ്ടുതവണ ചെയ്യുന്ന ധാരണയെ ധ്യാനം എന്നുപറയുന്നു. പന്ത്രണ്ടു ധ്യാനംകൊണ്ട് സമാധി കൈവരുന്നു. സമാധി കൈവന്നാൽ പരമജ്യോതിസ്സിന്റെ അനന്തവും വിശ്വതോമുഖവുമായ ഭാവം കൊണ്ട് ക്രിയാകർമ്മം ഗതാഗതം എന്നിവയിൽനിന്ന് മോചനം സിദ്ധിക്കുന്നു. ആസനസ്ഥനായി രണ്ടുകാലുകളെയും (ചരണങ്ങളെയും) മേഢ്രസ്ഥാനത്തുചേർത്ത് ചെവി, കണ്ണ്, മൂക്ക്, എന്നിവയുടെ ദ്വാരങ്ങളെ വിരലുകളാൽ ബന്ധിച്ച് വായുവിനെ വായിൽക്കൂടിവലിച്ച് ഉള്ളിലേക്കു കൊണ്ടുപോകണം. അതിനെ അപാനനുമായിസംയോജിപ്പിച്ച് നെഞ്ചിൽ നിരോധിക്കണം. പിന്നീട്ശിരസ്സിൽ

സ്ഥിരീകരിക്കണം. ഇപ്രകാരം അതിൽ മനസ്സിനെലയിപ്പിച്ചു് യോഗികരം സമഭാവനയുടെ വിശേഷ തത്വത്തെ പ്രാപിക്കുന്നു.

115. ഗഗനം പവനേ പ്രാപ്തേ ധ്വനിരുത്പദ്യതേ മഹാൻ
ഘണ്ടാദീനാം പ്രവാദ്യാനാം നാദസിദ്ധിരുദീരിതാഃ.

ആകാശമണ്ഡലത്തിൽ പവനൻഗമിക്കുമ്പോരം മഹത്തായധ്വനി (നാദം) കേരംക്കാൻ തുടങ്ങുന്നു. ഘണ്ട, (മണി) മുതലായവയുടെ ശബ്ദം കേരംക്കപ്പെടുന്നു. അതോടൊപ്പം നാദസിദ്ധിയും ഉണ്ടാകുന്നു.

116 പ്രാണായാമേന യുക്തേന സർവരോഗക്ഷയോ ഭവേത്.
പ്രാണായാമവിയുക്തേഭ്യഃ സർവരോഗസമുദ്ഭവഃ
117. ഹിക്കാ കാസസ്തഥാ ശ്വാസഃ ശിരഃ കർണ്ണാക്ഷി വേദനാഃ.
ഭവന്തി വിവിധാ രോഗാഃ പവനവ്യത്യയക്രമാത്.
118. യഥാ സിംഹോ ഗജോ വ്യാഘ്ര ഭവേദ് വശ്യഃ ശനൈഃ ശനൈഃ
തഥൈവ സേവിതോ വായുരന്യഥാ ഹന്തി സാധകം.
119. യുക്തം യുക്തം ത്യജേദ് വായും യുക്തം യുക്തം പ്രപൂരയേത്.
യുക്തം യുക്തം പ്രബന്ധീയാ ദേവം സിദ്ധിമാവാപ്നുയാത്.
120. ചരതാം ചക്ഷുരാദീനാം വിഷയേഷു യഥാക്രമം
യത്പ്രത്യാഹരണം തേഷാം പ്രത്യാഹാരഃ സ ഉച്യതേ.
121. യഥാ തൃതീയകാലേ തു രവിഃ പ്രത്യാഹരേത് പ്രഭാം
തൃതീയാംഗസ്ഥിതോ യോഗീ വികാരം മാനസം ഹരേത്-
ഇത്യുപനിഷത്.

പ്രാണായാമം കൊണ്ടു് സർവരോഗങ്ങളും ദൂരീകരിക്കപ്പെടുന്നു. എന്നാൽ പ്രാണായാമ രഹിതമായാൽ സർവ്വരോഗങ്ങളും പിടിപെടുന്നു. ഇക്കിരം, ചുമ, ശ്വാസം, ചെവിവേദന, കണ്ണുവേദന എന്നീ വിവിധ രോഗങ്ങരംക്ക കാരണം വായുവിൻെറ വികാരമാണു്. സിംഹം, ആന, വ്യാഘ്രം, തുടങ്ങിയ ഹിംസ്ര ജന്തുക്കളെ സാവധാനം മെരുക്കി വശംവദരാക്കുന്നതുപോലെ വായുവിനെയും ക്രമേണ വശംവദമാക്കണം. അല്ലെങ്കിൽ അതു സാധകനെ ഹനിക്കുക തന്നെ ചെയ്യും. വായുവിനെയുക്തിപൂർവ്വം നിരോധിക്കുകയും വേണം. എന്നാൽ സിദ്ധി കൈവരും. വിഷയ സുഖങ്ങളിലേക്കു പോകുന്ന ചക്ഷുരാദികളായ ഇന്ദ്രിയങ്ങളെ തടുക്കുക എന്നുള്ളതാണു് പ്രത്യാഹാരം. മൂന്നാം യാമത്തിൽ സൂര്യപ്രകാശം കുറഞ്ഞു വരുന്നതുപോലെ തൃതീയാംഗസ്ഥിതനായി യോഗി മനോവികാരങ്ങളെ ശമിപ്പിക്കണം എന്നു് ഈ ഉപനിഷത്തു് അനുശാസിക്കുന്നു.

യോഗചൂഡാമണിഉപനിഷത്തു് സമാപിച്ചു.

# യോഗകുണ്ഡല്യുപനിഷത്ത്

## ശാന്തിപാഠം

ഓം സഹ നാവവതു സഹ നൗ ഭുനക്തു സഹ വീര്യം
കരവാവഹൈ. തേജസ്വിനാവധീതമസ്തു മാ വിദ്വിഷാവഹൈ.
ഓം. ശാന്തിഃ, ശാന്തിഃ ശാന്തിഃ.

ബ്രഹ്മം, ഞങ്ങളെ രണ്ടുപേരെയും രക്ഷിക്കട്ടെ. അതു് ഞങ്ങളെ രണ്ടുപേരെയും പരിപാലിക്കട്ടെ. ഞങ്ങൾരണ്ടുപേരും ഒരുമിച്ച് സാമത്ഥ്യത്തെ പ്രാപിക്കട്ടെ. ഞങ്ങളുടെ അദ്ധ്യയനത്തെ തേജസ്വിയാക്കട്ടെ. നാംപരസ്പരം വിദ്വേഷിക്കാതിരിക്കട്ടെ. ഓം. ശാന്തി: ശാന്തിഃ ശാന്തിഃ.

## ഒന്നാം അധ്യായം

1. ഓം. ഹേതുദ്വയം ഹി ചിത്തസ്യ വാസനാ ച സമീരണഃ.
തയോർവിനിഷ്ട ഏകസ്മിം സ്തദ്വാവപി വിനശ്യതഃ.
2. തയോരാദൗ സമീരസ്യ ജയം കുര്യാന്നരഃ സദാ
മിതാഹാരശ്ചാസനം ച ശക്തിചാല സ്തൃതീയകഃ.
3. ഏതേഷാം ലക്ഷണം വക്ഷ്യേ ശൃണു ഗൗതമ സാദരം,
സുസ്നിഗ്ധമധുരാഹാരശ്ചതുർഥാംശ വിവർജിതഃ
4. ഭുജ്യതേ ശിവസംപ്രീത്യൈ മിതാഹാരഃ സ ഉച്യതേ.
ആസനം ദ്വിവിധം പ്രോക്തം പദ്മം വജ്രാസനം തഥാ.
5. ഊർവോപരിചേദ്ധത്തേ ഉഭേപാദതലേ യഥാ
പദ്മാസനം ഭവേദേതത്സർവപാപ പ്രണാശനം.

ഓം. ചിത്തത്തിൻെറ അസ്ഥിരതയ്ക്കു് രണ്ടുകാരണങ്ങൾഉണ്ടു്. ഒന്നു് വാസനയും രണ്ടാമത്തേതു് ശ്വാസവും (പ്രാണൻ) ആകുന്നു. ഇവയിൽ ഒന്നുനഷ്ടമായാൽ രണ്ടാമത്തേതും നഷ്ടമാകുന്നു. അതുകൊണ്ടു് സാധകൻ ആദ്യമായി ചെയ്യേണ്ടതു് പ്രാണനെ ജയിക്കുക എന്നുള്ളതാണ്. അവൻ മിതാഹാരം, ആസനം, ശക്തി ചാലനം എന്നിവ ചെയ്യണം (ശീലിക്കണം) ഹേ, ഗൗതമ, ഇനിഞാൻ അങ്ങയ്ക്കു് അവയുടെലക്ഷണങ്ങളെ പ്പററിപറഞ്ഞുതരാം. അവയെ ശ്രദ്ധയോടുകൂടി കേട്ടുകൊള്ളുക. ആദ്യമായി സ്നിഗ്ദ്ധവും, മധുരവുമായ ആഹാരം കഴിക്കണം. വയറിൻെറ നാലിലൊരുഭാഗം ഒഴിച്ചിടണം. ഇപ്രകാരമുള്ള ആഹാരം ശിവസംപ്രീത്യർത്ഥമാണ് കഴിക്കേണ്ടതു്. ഇതുതന്നെയാണ് മിതാഹാരം. ആസനങ്ങളിൽ മുഖ്യമായിട്ടുള്ളതു് രണ്ടെണ്ണമാണ്. പദ്മാസനവും, വജ്രാസനവും. രണ്ടുതുടകളുടെയും മുകളിലായി പരസ്പരം രണ്ടുകാലുകളുടെയും പാദതലങ്ങളെ നേരേവയ്ക്കുന്നതാണ് പദ്മാസനം. ഇതു് സർവ്വപാപഹരമാകുന്നു.

6. വാമാംഘ്രിമൂലകന്ദാധോഹ്യന്യം തദുപരി ക്ഷിപേത്
സമഗ്രീവശിരഃകായോ വജ്രാസനമിതീരിതം.
7. കുണ്ഡല്യേവഭവേത് ശക്തിഃ താം തു സംചാലയേദ് ബുധഃ
സ്വസ്ഥാനാദാ ഭ്രുവോർമധ്യം ശക്തിചാലനമുച്യതേ.
8. തത്സാധനേ ദ്വയം മുഖ്യം സരസ്വത്യാസ്തു ചാലനം.
പ്രാണരോധമഥാഭ്യാസാദൃജ്വീകുണ്ഡലിനീ ഭവേത്.
9. തയോരാദൗ സരസ്വത്യാശ്ചാലനം കഥയാമി തേ
അരുന്ധത്യേവ കഥിതാ പുരാവിദ്ഭിഃ സരസ്വതീ.
10. യസ്യാ സഞ്ചാലനേനൈവ സ്വയം ചലതി കുണ്ഡലീ
ഇഡായാം വഹതിപ്രാണേ ബദ്ധ്വാ പദ്മാസനം ദൃഢം.

ഇടതുകാലിൻെറ ഉപ്പൂററിയെ യോനിസ്ഥാനത്തു വച്ചുകയും, വലതുകാലിൻെറഉപ്പൂററിയെ അതിനുമുകളിലായി വച്ചുകയും, കഴുത്ത്, ശിരസ്സ്, എന്നിവയെസമാനമായി നിവർത്തിവച്ചുകയും ചെയ്താൽ അത് വജ്രാസനമായി. കുണ്ഡലിനിതന്നെയാണ് മുഖ്യമായശക്തി. ജ്ഞാനിയായ സാധകൻ അതിനെചലിപ്പിച്ച് രണ്ടുപുരികങ്ങളുടെയും മധ്യഭാഗത്ത് കൊണ്ടുപോകുന്നു. ഇതുതന്നെയാണ് ശക്തി ചാലനം. കുണ്ഡലിനീചാലനത്തിനു രണ്ടുമുഖ്യമായ സാധനകൾ ഉണ്ട്. ഒന്ന് സരസ്വതീചാലനം, മറെറാന്ന് പ്രാണനിരോധം. അഭ്യാസംകൊണ്ട് ചുരുണ്ടുകിടക്കുന്ന കുണ്ഡലിനി നിവർന്നുവരുന്നു. ഞാൻആദ്യമായി അങ്ങേയ്ക്കു സരസ്വതീ ചാലനത്തെപ്പററി പറഞ്ഞുതരാം. പൂർവ്വികന്മാർ സരസ്വതിയെ അരുന്ധതിഎന്നാണ്പറഞ്ഞുവരുന്നത്. ഈസരസ്വതീനാഡീചാലനം കൊണ്ട് കുണ്ഡലിനി സ്വയം ചലിക്കുവാൻ തുടങ്ങുന്നു. ഇതിനായിട്ട് ശ്വാസം ഇഡാ (ഇടതു്) നാഡിയിൽകൂടി പ്രവഹിക്കുമ്പോൾ പദ്മാസനത്തിൽ ഇരിക്കണം.

11. ദ്വാദശാംഗുലദൈർഘ്യം ച അംബരം ചതുരംഗുലം
വിസ്തീര്യ തേന തന്നാഡീം വേഷ്ടയിത്വാ തതഃ സുധീഃ.
12. അംഗുഷ്ഠതർജ്ജനീഭ്യാം തു ഹസ്താഭ്യാം ധാരയേദ് ദൃഢം.
സ്വശക്ത്യാ ചാലയേദ്വാമേ ദക്ഷിണേന പുനഃ പുനഃ.
13. മുഹൂർത്തദ്വയപര്യന്തം നിർഭയാച്ചാലയേത് സുധീഃ
ഊർദ്ധ്വമാകർഷയേത്കിംചിത്സുഷുമ്നാം കുണ്ഡലീഗതാം.
14. തേന കുണ്ഡലിനീ തസ്യാഃ സുഷുമ്നായാ മുഖം വ്രജേത്
ജഹാതിതസ്മാത്പ്രാണോഽയം സുഷുമ്നാംവ്രജതിസ്വതഃ.
15. തുന്ദേ തു താണം കുര്യാച്ച കണ്ഠസംകോചനേ കൃതേ.
സരസ്വത്യാശ്ചാലനേന വക്ഷസശ്ചോർദ്ധ്വഗോ മരുത്,

പന്ത്രണ്ട് അംഗുലം നീളവും നാല് അംഗുലം വീതിയുമുള്ള ആകാശശകലങ്ങളെ (സങ്കൽപ്പിച്ച്) കുണ്ഡലിനിയെ ചുററണം. അതിനുശേഷം ഇടത്തേയും,വലത്തേയും നാസികാരന്ധ്രങ്ങളെ തള്ളവിരൽ കൊണ്ടും ചൂണ്ടുവിരൽകൊണ്ടും ദൃഢമായി പിടിച്ച്, ആദ്യം വലതു ഭാഗത്തുള്ള നാസികയിൽ കൂടിയും പിന്നീട് ഇടത്തേനാസികയിൽ കൂടിയും വീണ്ടും വീണ്ടുംരേചകപൂരകങ്ങൾ ചെയ്യണം. അതോടൊപ്പം അതിനെമാനസിക ഭാവനമുഖേന വലതും ഇടതും ഭാഗങ്ങൾ വീണ്ടും, വീണ്ടും ചലിപ്പിച്ചുകൊണ്ടിരിക്കണം. ഇങ്ങനെരണ്ടു മുഹൂർത്തം വരെ സരസ്വതീ ചാലനം ചെയ്തുകൊണ്ടിരിക്കണം. അതിനുശേഷം കുണ്ഡലിനിയുടെ സമീപംവർത്തിക്കുന്ന സുഷുമ്നാനാഡിയെ അല്പം മുകളിലേക്ക് ആകർഷിക്കണം. ഈവിധിപ്രകാരം അഭ്യസിക്കുമ്പോൾ കുണ്ഡലിനി സുഷുമ്നയുടെ മുഖത്തുപ്രവേശിക്കുന്നു. അപ്പോൾ പ്രാണനും സ്വയം ആസ്ഥാനത്തെ ഉപേക്ഷിച്ച് സുഷുമ്നയിൽ പ്രവേശിക്കുന്നു. വയറിനെമുകളിലോട്ട് ആകർഷിച്ച് കണ്ഠത്തെ സങ്കോചിപ്പിച്ച് സരസ്വതീചാലനം ചെയ്യുമ്പോൾ വായു നെഞ്ചിൽ നിന്നും മുകളിലോട്ടുപോകുന്നു.

16. സൂര്യേണ രേചയേദ്വായും സരസ്വത്യാസ്തു ചാലനേ
കണ്ഠസംകോചനം കൃത്വാ വക്ഷസശ്ചോർദ്ധ്വഗോ മരുത്.
17. തസ്മാത് സഞ്ചാലയേന്നിത്യം ശബ്ദഗർഭാം സരസ്വതീം
യസ്യാ: സംചാലനേനൈവ യോഗീ രോഗൈഃ പ്രമുച്യതേ.
18. ഗുല്മം, ജലോദരം: പ്ളീഹാ യേ ചാന്യേ തുന്ദമധ്യഗാഃ
സർവേ തു ശക്തിചാലേന രോഗാ നശ്യന്തി നിശ്ചയം.
19. പ്രാണരോധമഥേദാനീം പ്രവക്ഷ്യാമി സമാസതഃ
പ്രാണശ്ച ദേഹഗോ വായുരായാമഃ കുംഭക സ്മൃതഃ.
20. സ ഏവ ദ്വിവിധ; പ്രോക്ത: സഹിത; കേവലസ്തഥാ.
യാവത് കേവലസിദ്ധിസ്യാത്താവത് സഹിതമഭ്യസേത്.

സരസ്വതീ ചാലനം ചെയ്യുമ്പോൾ സൂര്യനാഡി(വലത്തേനാഡി)യിൽക്കൂടി വായുവിനെ രേചകംചെയ്യണം. കണ്ഠത്തെ സംകോചിപ്പിച്ചാൽ വായു നെഞ്ചിൽനിന്നും മുകളിലോട്ടുപോകുന്നു. ഇപ്രകാരം ശബ്ദഗർഭമായ സരസ്വതീ ചാലനം ഇടവിടാതെ ചെയ്തുകൊണ്ടിരിക്കണം. ഈസരസ്വതീചാലനം കൊണ്ട് യോഗി സർവ്വവിധത്തിലുമുള്ള രോഗങ്ങളിൽനിന്നും വിമുക്തനായിത്തീരുന്നു. ഗുല്മം, ജലോദരം, പ്ളീഹ എന്നിവയും, വയറിനെസംബന്ധിക്കുന്ന മററെല്ലാരോഗങ്ങളും ശക്തിചാലനംകൊണ്ട് നിശ്ചയമായും ശമിക്കും. ഇനി പ്രാണനിരോധത്തെപ്പററി പറയുന്നു. ദേഹത്തിൽസഞ്ചരിച്ചു കൊണ്ടിരിക്കുന്ന വായുവിനെപ്രാണൻ എന്നുപറയുന്നു. അതു് സ്ഥിരമായിരിക്കുമ്പോഴുള്ള അവസ്ഥയെ

കുംഭകം എന്നു പറയുന്നു. ഈ കുംഭകം സഹിതകുംഭകം, കേവലകുംഭകം എന്നു രണ്ടു വിധമുണ്ട്. കേവലകുംഭകസിദ്ധി കൈവരുന്നതുവരെ സഹിതകുംഭകം അഭ്യസിച്ചു കൊണ്ടിരിക്കണം.

21. സൂര്യോജ്ജായീ ശീതളീ ച ഭസ്ത്രീ ചൈവ ചതുർഥികാ.
ഭേദൈരേവ സമം കുംഭോ യ: സ്യാത് സഹിതകുംഭക:.
22. പവിത്രേ നിർജ്ജനേ ദേശേ ശർകരാദിവിവർജ്ജിതേ.
ധനു: പ്രമാണപര്യന്തേ ശീതാഗ്നി ജലവർജ്ജിതേ
23. പവിത്രേ നാത്യുച്ചനീചേഹ്യാസനേ സുഖദേ സുഖേ
ബദ്ധപദ്മാസനം കൃത്വാ സരസ്വത്യാസ്തു ചാലനം.
24. ദക്ഷനാഡ്യാ സമാകൃഷ്യ ബഹിഷ്ഠം പവനം ശനൈ:
യഥേഷ്ടം പൂരയേദ്വായും രേചയേദിഡയാ തത:.
25. കപാലശോധനേ വാപി രേചയേത് പവനം ശനൈ:
ചതുഷ്കം വാതദോഷം തു കൃമിദോഷം നിഹന്തി ച.

സൂര്യൻ, ഉജ്ജായി, ശീതളി, ഭസ്ത്രികാ എന്നീ നാലു വിധത്തിലുള്ള പ്രാണായാമങ്ങളോടൊപ്പം സഹിത കുംഭകം ചെയ്യണം, ഏകാന്തവും, പരിശുദ്ധവും, കല്ലും കട്ടയും ഇല്ലാത്തതും, അടുത്തായി, പുല്ല്, അഗ്നി, ജലം എന്നിവയില്ലാത്തതും, അധികം നിമ്നവും, അധികം ഉന്നതവും അല്ലാത്തതുമായ പരിശുദ്ധമായ സ്ഥാനത്ത് സുഖദായകമായ ബദ്ധപാദ് മത്നസത്തിൽ ഇരുന്നു കൊണ്ടു സരസ്വതീചാലനം ചെയ്യണം. വലത്തേനാസികയിൽക്കൂടി വെളിയിലുള്ള വായുവിനെ സാവധാനം ഉള്ളിലേക്കു വലിക്കുകയും, പര്യാപ്തമായ അളവിൽ വായു ഉള്ളിൽ പ്രവേശിച്ചതിനുശേഷം ഇടത്തേ നാസികയിൽക്കൂടി രേചകം ചെയ്യണം. കപാലശോധനക്രിയയിലും വായുവിനെ സാവധാനം വെളിയിലേക്ക് വിടണം. ഈ ക്രിയയുടെ ഫലമായി നാലുവിധത്തിലുള്ള വാതദോഷങ്ങളും, കൃമിദോഷവും ശമിക്കും.

26. പുന: പുനരിദം കാര്യം സൂര്യഭേദമുദാഹൃതം
മുഖം സംയമ്യ നാഡീഭ്യാ മാകൃഷ്യ പവനം ശനൈ:.
27. യഥാല ഗതികണ്ഠാത്തു ഹൃദയാവധി സസ്വനം
പൂർവവത് കുംഭയേത് പ്രാണം രേചയേദിഡയാ തത:.
28. ശീർഷോദിതാനലഹരം ഗളശ്ലേഷ്മഹരം പരം
സർവരോഗഹരം പുണ്യം ദേഹാനല വിവർധനം.
29. നാഡീ ജലോദരം ധാതുഗതദോഷവിനാശനം
ഗച്ഛത സ്തിഷ്ഠത: കാര്യ മുജ്ജായാഖ്യം തു കുംഭകം

30. ജിഹ്വയാ വായുമാകൃഷ്യ പൂർവവദ്കുംഭകാദനു
ശനൈസ്തു ഘ്രാണരന്ധ്രാഭ്യാം രേചയേദനിലം സുധീഃ
31. ഗുല്മപ്ലീഹാദികാൻ ദോഷാൻ ക്ഷയം പിത്തം ജ്വരം തൃഷാം
വിഷാണി ശീതളീ നാമ കുംഭകോ ൭യം നിഹന്തി ച.

ഈ പ്രക്രിയയ്ക്ക് സൂര്യഭേദി എന്നു പേർ പറയുന്നു. ഇതു് ഇടവിടാതെ അഭ്യസിച്ചുകൊണ്ടിരിക്കണം. ഇനി ഉജ്ജായിയെപ്പററിപറയാം. വായടച്ച് രണ്ടു മൂക്കിൻ ദ്വാരങ്ങളിൽ കൂടിയും വായുവിന്റെ സാവധാനം ഉള്ളിലേക്കു വലിക്കണം. അപ്പോൾ അതു് ശബ്ദമുണ്ടാക്കിക്കൊണ്ടു് കണ്ഠം മുതൽ ഹൃദയം വരെ നിറയുന്നു. പിന്നീടു് മുമ്പിലത്തെപ്പോലെ കുംഭകം ചെയ്തു് ഇടത്തേ നാസികയിൽ കൂടി രേചകം ചെയ്യണം. ഇതിന്റെ ഫലമായി ശിരസ്സിലെ ഉഷ്ണം, കണ്ഠഗതമായ കഫം എന്നിവയ്ക്കു പുറമേ മറ്റുള്ള അനേകം രോഗങ്ങളും ശമിക്കുന്നു. മാത്രമല്ല ശരീരത്തിലെ അഗ്നിയും വർദ്ധിക്കുന്നു. ഈ അഭ്യാസത്തിന്റെ ഫലമായി നാഡിയെ സംബന്ധിക്കുന്ന ജലോദരവും, ധാതുക്കളെ സംബന്ധിക്കുന്ന രോഗങ്ങളും ദൂരീകൃതമാകുന്നു. ഈ ഉജ്ജായീകുംഭകം, സഞ്ചരിക്കുമ്പോഴും എപ്പോഴും ചെയ്തുകൊണ്ടിരിക്കണം. 'ശീതളീ' എന്ന പ്രാണയാമം ചെയ്യുമ്പോൾ വായുവിനെ ജിഹ്വയിൽ കൂടി വലിച്ചിട്ടു് മുമ്പിലത്തെപ്പോലെ കുംഭകം ചെയ്യണം. പിന്നീടു് നാസികാ ദ്വാരങ്ങളിൽ കൂടി വായുവിനെ സാവധാനം പുറത്തേക്കു വിടണം. ഈ ക്രിയയുടെ ഫലമായി, ഗുല്മം, പ്ലീഹ, പിത്തം, ജ്വരം, തൃഷ്ണ (ദാഹം) എന്നീ രോഗങ്ങൾക്കു് ശമനം കിട്ടുന്നു.

32. തതഃ പദ്മാസനം ബദ്ധ്വാ സമഗ്രീവോദരഃ സുധീഃ
മുഖം സംയമ്യ യത്നേന പ്രാണം ഘ്രാണേന രേചയേത്.
33. യഥാ ലഗതി കണ്ഠാത്തു കപാലേ സസ്വനം തതഃ.
വേഗേന പൂരയേത് കിംചിത് ഹൃത്പത്മാവധി മാരുതം.
34. പുനർവിരേചയേത് തദ്വത് പൂരയേച്ച പുനഃ പുനഃ
യഥൈവ ലോഹകാരാണാം ഭസ്ത്രാ വേഗേന ചാല്യതേ.
35. തഥൈവ സ്വശരീരസ്ഥം ചാലയേത് പവനം ശനൈഃ
യഥാ ശ്രമോ ഭവേദ്ദേഹേ തഥാ സൂര്യേണ പൂരയേത്.
36. യഥോദരം ഭവേത് പൂർണ്ണം പവനേന തഥാ ലഘു.
ധാരയന്നാസികാമധ്യം തർജ്ജനീഭ്യാം വിനാ ദൃഢം.
37. കുംഭകം പൂർവവത്കൃത്വാ രേചയേദിഡയാനിലം.
കണ്ഠോത്ഥിതാനലഹരം ശരീരാഗ്നിവിവർദ്ധനം.

38. കുണ്ഡലീബോധകം പുണ്യം പാപഘ്നം ശുഭദം സുഖം.
ബ്രഹ്മനാഡീമുഖാന്തസ്ഥ കഫാദ്യർഗ്ഗള നാശനം.

39. ഗുണത്രയസമുദ്ഭൂത ഗ്രന്ഥിത്രയവിഭേദകം
വിശേഷേണൈവ കർത്തവ്യം ഭസ്ത്രാഖ്യം കുംഭകം ത്വിദം.

ഇനി 'ഭസ്ത്രികാ' എന്ന പ്രാണായാമത്തെപ്പറ്റി പറയാം. പദ്മാസനത്തിൽ ഇരുന്നുകൊണ്ടു് കണ്ഠത്തെയും ദേഹത്തെയും നിവർത്തിയിച്ചു് വായടച്ചു്, വായുവിനെ സാവധാനം നാസികയിൽ കൂടി രേചകം ചെയ്യണം. പിന്നീടു് വായുവിനെ അതിവേഗം ശബ്ദായമാനമാക്കിക്കൊണ്ടു് കണ്ഠം, താലു, കപാലം, ഹൃദയം എന്നിവയ്ക്കു് അതിന്റെ സ്പർശനം അനുഭവപ്പെടത്തക്ക വിധം ആകർഷിക്കണം. പിന്നീടു് അതിനെ വെളിയിലേക്കു് വിട്ടിട്ടു് വീണ്ടും പൂരകം ചെയ്യണം. ഇങ്ങനെ അടിക്കടി വായുവിനെ, വേഗത്തിൽ കൊല്ലന്റെ തുരുത്തിയെപ്പോലെ ചലിപ്പിക്കണം. ഈ വിധി പ്രകാരം ശരീരത്തിൽ സ്ഥിതിചെയ്യുന്ന വായുവിനെ നിയന്ത്രിച്ചു് ചലിപ്പിക്കണം, ശ്രമം അനുഭവപ്പെടുമ്പോൾ സൂര്യനാഡീമുഖേന പൂരകം ചെയ്യുകയും, തർജ്ജനി ഒഴികെ മറ്റുള്ള നാലു വിരലുകൾ കൊണ്ടും നാസികാ മധ്യത്തെ ദൃഢമായി പിടിച്ചു് കുംഭകം ചെയ്യണം. പിന്നീടു് ഇടത്തെ നാസികയിൽകൂടി രേചകം ചെയ്യണം. ഈ അഭ്യാസം കണ്ഠത്തിലെ അഗ്നിയെ നശിപ്പിക്കുകയും ശരീരാഗ്നിയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കുണ്ഡലിയെ, ഉണർത്തുന്നു. ഇതു് പുണ്യകരവും, പാപനാശകവും, ശുഭവും സുഖദായകവും ആകുന്നു. ബ്രഹ്മനാഡി (സുഷുമ്നാ)യുടെ മുഖത്തുള്ള കഫാദികളെ നശിപ്പിക്കുന്നതുമാകുന്നു. ഇതു് സത്വം, രജസ്സ്, താമസം എന്നീ ത്രിഗുണങ്ങളാൽ ഉണ്ടാകുന്ന മൂന്നു ഗ്രന്ഥികളെയും ഭേദിക്കുന്നതുമാകുന്നു. അതുകൊണ്ടു് ഭസ്ത്രികാ എന്ന പേരുള്ള ഈ പ്രാണായാമം സവിശേഷം അഭ്യസിക്കണം.

40. ചതുർണ്ണാമപി ഭേദാനാം കുംഭകേ സമുപസ്ഥിതേ
ബന്ധത്രയമിദം കാര്യം യോഗിഭിർ വീതകല്മഷൈഃ.

41. പ്രഥമോ മൂലബന്ധസ്തു ദ്വിതീയോഡ്ഡീയണാഭിധഃ
ജാലന്ധരസ്തൃതീയസ്തു തേഷാം ലക്ഷണമുച്യതേ.

42. അധോഗതിമപാനം വൈ ഊർദ്ധ്വഗം കുരുതേ ബലാത്
ആകുഞ്ചനേന തം പ്രാഹുർ മൂലബന്ധോഽയമുച്യതേ.

43. അപാനേ ചോർദ്ധ്വഗേ യാതേ സംപ്രാപ്തേ വഹ്നിമണ്ഡലേ
തതോഽനലശിഖാ ദീർഘാ വർദ്ധതേ വായുനാ ഹതാ.

44. തതോ യാതൗ വഹ്ന്യപാനൗ പ്രാണമുഷ്ണസ്വരൂപകം
തേനാത്യന്തപ്രദീപ്തേന ജ്വലനോ ദേഹജസ്തഥാ.

45. തേന കുണ്ഡലിനീ സുപ്താ സംതപ്താ സംപ്രബുധ്യതേ
ദണ്ഡാഹതഭുജംഗീവ നിഃശ്വസ്യ ഋജുതാം വ്രജേത്.

ഇപ്രകാരം ഈ നാലു വിധത്തിലുമുള്ള പ്രാണായാമങ്ങൾ നിരോധിക്കുന്നതോടൊപ്പം തന്നെ യോഗി മൂന്നു 'ബന്ധങ്ങൾ, കൂടി ചെയ്യണം. ഇവയിൽ ഒന്നാമത്തേത് മൂലബന്ധവും രണ്ടാമത്തേത് ഉഡ്ഡിയാണവും മൂന്നാമത്തേത് ജാലന്ധരബന്ധവുമാകുന്നു. അധോഗമനോന്മുഖമായ അപാനനെ ശക്തിയോടുകൂടി ഗുദത്തിന്റെ ആകുഞ്ചനം മുഖേന മുകളിലേക്കു കൊണ്ടുപോകുന്നതുകൊണ്ട് അത് മൂലബന്ധമാകുന്നു. അപാനൻ മുകളിലേക്കു പോയിട്ട് അഗ്നി മണ്ഡലത്തിൽ ചേരുമ്പോൾ, അതിന്റെ പ്രഭാവത്താൽ അഗ്നിയുടെ തീവ്രത വളരെ അധികമാകുന്നു. ആ ജ്വാലയാൽ സംതപ്തമായി, ഉറങ്ങിക്കിടന്നിരുന്ന കുണ്ഡലിനി ഉണരുകയും, വടികൊണ്ടു അടിയേററ സർപ്പിണിയെപ്പോലെ ഫൂത്കാരത്തോടുകൂടി ഋജുവായിത്തീരുകയുംചെയ്യുന്നു.

46. ബിലപ്രദേശതോ യത്ര ബ്രഹ്മനാഡ്യന്തരം വ്രജേത്
തസ്മാന്നിത്യം മൂലബന്ധഃ കർത്തവ്യോ യോഗിഭിഃ സദാ.

47. കുംഭകാന്തേ രേചകാദൗ കർത്തവ്യസ്ത്ഡ്ഡിയാണകഃ.
ബന്ധോ യേനസുഷുമ്നായാം പ്രാണസ്ത്ഡ്ഡീയതേ യതഃ

48. തസ്മാദുഡ്ഡീയണാഖ്യോഽയം യോഗിഭിഃ സമുദാഹൃതഃ
സതി വജ്രാസനേ പാദൗ കരാഭ്യാം ധാരയേദ്ദൃഢം.

49. ഗുൽഫദേശസമീപേ ച കന്ദം തത്ര പ്രപീഡയേത്
പശ്ചിമം താണമുദരേ ധാരയേത് ഹൃദയേ ഗലേ:

50. ശനൈഃ ശനൈർ യദാ പ്രാണസ്തുന്ദസന്ധിം നിഗച്ഛതി.
തുന്ദദോഷം വിനിർധൂയ കർത്തവ്യം സതതം ശനൈഃ.

അപ്പോൾ അത് ബിലത്തിൽ പ്രവേശിക്കുന്നതുപോലെ സുഷുമ്നയ്ക്കുള്ളിൽ പ്രവേശിക്കുന്നു. അതുകൊണ്ട് യോഗികൾ മൂലബന്ധം എപ്പോഴും അഭ്യസിച്ചു കൊണ്ടിരിക്കണം. കുംഭകത്തിനു ശേഷം രേചകം ചെയ്യുന്നതിനു മുമ്പായി ഉഡ്ഡിയാനബന്ധം ചെയ്യണം. അപ്പോൾ പ്രാണവായു സുഷുമ്നയുടെ ഉള്ളിലേക്കു പറക്കുന്നു. അതുകൊണ്ട് യോഗികൾ അതിനെ 'ഉഡ്ഡിയാണം' എന്നു പറയുന്നു. ഇതിനായിട്ട് വജ്രാസനസ്ഥനായി, കാലുകളെ കൈകൾ കൊണ്ട് ദൃഢമായി പിടിക്കണം. ഗുല്ഫ ദേശത്തിന്റെ സമീപത്തായി കന്ദസ്ഥാനങ്ങളെ മർദ്ദിക്കണം. വയറിനെ, മേല്പോട്ടാകർഷിച്ച് ഹൃദയത്തെയും കണ്ഠത്തെയും നീട്ടിപ്പിടിച്ച് വലിക്കണം. ഈ വിധിയനുസരിച്ച് പ്രാണൻ ക്രമേണ വയററിലെ സന്ധികളിൽ പ്രവേശിക്കുകയും വയററിലെ സർവദോഷങ്ങളെയും ദൂരീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ അഭ്യാസം സദാ ചെയ്തുകൊണ്ടിരിക്കണം.

51. പൂരകാന്തേ തു കർത്തവ്യോ ബന്ധോ ജാലന്ധരാഭിധഃ
കണ്ഠസംകോചരൂപോ ƒസൗ വായുമാർഗനിരോധകഃ.

52. അധസ്താത് കുഞ്ചനേനാശു കണ്ഠസംകോചനേ കൃതേ
മധ്യേ പശ്ചിമതാണേന സ്യാത് പ്രാണോ ബ്രഹ്മനാഡിഗഃ.

53. പൂർവോക്തേന ക്രമേണൈവ സമ്യഗാസനമാസ്ഥിതഃ
ചാലനം തു സരസ്വത്യാഃ കൃത്വാ പ്രാണം നിരോധയേത്.

54. പ്രഥമേ ദിവസേ കാര്യം കുംഭകാനാം ചതുഷ്ടയം
പ്രത്യേകം ദശസംഖ്യാകം ദ്വിതീയേ പഞ്ചഭിസ്തഥാ.

55. വിംശത്യലം തൃതീയേ ƒഹനി പഞ്ചവൃദ്ധ്യാ ദിനേദിനേ.
കർത്തവ്യഃ കുംഭകോ നിത്യം ബന്ധത്രയ സമന്വിതഃ.

ജാലന്ധരബന്ധത്തിൽ വായുവിനെ നിരോധിക്കുവാൻ വേണ്ടിയാണ് കണ്ഠസങ്കോചനം ചെയ്യപ്പെടുന്നത്. ഈ ബന്ധം പൂരകാന്തത്തിൽ ചെയ്യേണ്ടതാണ്. അധോഭാഗത്ത് മൂലബന്ധം മൂലം ആകുഞ്ചനം ചെയ്ത് മുകളിൽ നിന്നും ജാലന്ധരബന്ധം മൂലം കണ്ഠസംകോചനം ചെയ്ത് മധ്യത്തിൽ പശ്ചിമതാനം (ഉഡ്ഡിയാനം) മൂലം പ്രാണനെ ആകർഷിക്കണം. ഇപ്രകാരം എല്ലാ ഭാഗത്തു നിന്നും നിരോധിക്കപ്പെട്ട പ്രാണൻ ബ്രഹ്മനാഡിയിൽ (സുഷുമ്ന) കയറുന്നു. മുമ്പു പറഞ്ഞിട്ടുള്ളതുപോലെ നല്ലവണ്ണം ആസനസ്ഥനായി സരസ്വതീ ചാലനം ചെയ്ത് പ്രാണനെ നിരോധിക്കണം. പ്രഥമ ദിവസം നാലു കുംഭകങ്ങളെയും പത്തു പത്തു തവണ ചെയ്യണം. രണ്ടാം ദിവസം പതിനഞ്ചു തവണ വീതം ചെയ്യണം. മൂന്നാം ദിവസം ഇരുപതു വീതം ചെയ്യണം. ഇപ്രകാരം ഓരോ ദിവസവും അഞ്ചു വീതം വർദ്ധിപ്പിച്ചു കൊണ്ടിരിക്കണം. ഈ കുംഭകാഭ്യാസം ദിവസവും മൂന്നു ബന്ധങ്ങളോടുകൂടി ചെയ്യണം.

56. ദിവാസുപ്തിർ നിശായാം തു ജാഗരാദതിമൈഥുനാത്
ബഹുസംക്രമണം നിത്യം രോധാൻമൂത്ര പുരീഷയോഃ.

57. വിഷമാസനദോഷാശ്ച പ്രയാസ പ്രാണചിന്തനാത്.
ശീഘ്രമുത്പദ്യതേ രോഗഃ സ്തംഭയേദ്യദി സംയമീ.

58. യോഗാഭ്യാസേന മേ രോഗ ഉത്പന്ന ഇതി കഥ്യതേ
തതോ ƒഭ്യാസം ത്യജേദേവം പ്രഥമം വിഘ്നമുച്യതേ.

59. ദ്വിതീയംസംശയാഖ്യാ ച തൃതീയം ച പ്രമത്തതാ
ആലസ്യാഖ്യം ചതുർത്ഥം ച നിദ്രാരൂപം തു പഞ്ചമം.

60. ഷഷ്ഠം തു വിരതിർ ഭ്രാന്തിഃ സപ്തമം പരികീർത്തിതം.
വിഷമം ചാഷ്ടമം ചൈവ അനാഖ്യം നവമം സ്മൃതം
61 അലബ്ധിർ യോഗതത്ത്വസ്യ ദശമം പ്രോച്യതേ ബുധൈഃ
ഇത്യേതദ്വിഘ്നദശകം വിചാരേണ ത്യജേദ് ബുധഃ.

പകലുറക്കം, രാത്രി ഉണർന്നിരിക്കുക, അതിമൈഥുനം, അധികം നടക്കുക, സദാ, മലമൂത്രനിരോധം, ആസനവൈഷമ്യം, നിർബ്ബന്ധപൂർവ്വമായപ്രാണാഭ്യാസം എന്നീ ദോഷങ്ങളാൽ ശീഘ്രം തന്നെ രോഗങ്ങളുടെ ആക്രമണം ഉണ്ടാകുന്നു. എനിക്കു് യോഗാഭ്യാസം കൊണ്ടാണു് രോഗം പിടിപെട്ടതു് എന്നു് ആശങ്കിലും പറയുകയാണെങ്കിൽ അയാൾ മനസ്സിലാക്കണം യോഗാഭ്യാസപരിത്യാഗം തന്നെയാണു് ഒന്നാമത്തെ വിഘ്നമെന്നു്. രണ്ടാമത്തെ വിഘ്നം, സംശയവും, മൂന്നാമത്തേതു് പ്രമത്തതയും, നാലാമത്തേതു് ആലസ്യവും, അഞ്ചാമത്തേതു് അതിനിദ്രയും, ആറാമത്തേതു് വിരതിയും, ഏഴാമത്തേതു്, ഭ്രാന്തിയും, എട്ടാമത്തേതു് വിഷമതയും, ഒൻപതാമത്തേതു് അനാഖ്യയും, പത്താമത്തേതു് യോഗതത്ത്വത്തിന്റെ അപ്രാപ്തിയും ആകുന്നു. ബുദ്ധിമാനായ സാധകൻ ഇവയെല്ലാം നല്ലവണ്ണം ചിന്തിച്ചതിനു ശേഷം ഇവയെ ത്യജിക്കേണ്ടതാണു്.

62. പ്രാണാഭ്യാസസ്തതഃ കാര്യോ നിത്യം സത്ത്വസ്ഥയാധിയാ
സുഷുമ്നാ ലീയതേ ചിത്തം ന ച വായുഃ പ്രധാവതി,
63. ശുഷ്കേ മലേ തു യോഗീ ച സ്യാദ് നതിശ്ചാലിതാ തതഃ
അധോഗതിമപാനം വൈ ഊർദ്ധ്വഗം കുരുതേ ബലാത്,
64. ആകുഞ്ചനേന തം പ്രാഹുർമൂലബന്ധോ ƒ യമുച്യതേ,
അപാനശ്ചാർദ്ധ്വഗോഭൂത്വാ വഹ്നിനാ സഹ ഗച്ഛതി,
65. പ്രാണസ്ഥാനം തതോ വഹ്നി: പ്രാണാപാനൗ ച സത്വരം
മിളിത്വാ കുണ്ഡലീം യാതി പ്രസുപ്താ കുണ്ഡലാകൃത:.
66. തേനാഗ്നിനാ ച സംതപ്താ പവനേനൈവ ചാലിതാ
പ്രസാര്യ സ്വശരീരം തു സുഷുമ്നാ വദനാന്തരേ.

ഇപ്രകാരം പ്രാണായാമം നിയമിത രൂപത്തിൽ സാത്വിക ബുദ്ധ്യാ അഭ്യസിക്കണം. അതിന്റെ ഫലമായി ചിത്തം സുഷുമ്നയിൽ ലയിച്ചിരിക്കുന്നു. അതിൽ പ്രാണവായു ഓടുന്നു. മലശോധനയ്ക്കുശേഷം, പ്രാണൻ ചലിക്കുവാൻതുടങ്ങുമ്പോൾ പ്രയത്നപൂർവ്വം അപാനനെ ഊർദ്ധ്വഗതി യിലേക്കുനയിക്കണം. ഇതിനുവേണ്ടി ചെയ്യപ്പെടുന്ന ഗുദാകുഞ്ചനപ്രക്രിയയെ മൂലബന്ധം എന്നുപറയുന്നു. ഈ അപാനൻ മുകളിലോട്ടു പോയിട്ടു് അഗ്നിയുമായി സംയോജിച്ച് വീണ്ടും മുകളിലേക്കുകയറുന്നു. ഈ അഗ്നി, പ്രാണസ്ഥാനത്തെത്തി

പ്രാണവായുവുമായി ചേരുമ്പോൾ പ്രാണൻ ഉറങ്ങിക്കൊണ്ടിരിക്കുന്ന കുണ്ഡലിനിയെ പ്രാപിക്കുന്നു അപ്പോൾ അതിന്റെ ഉഷ്ണംകാരണം തപ്തമായി, വായുവിനാൽ ചലിപ്പിക്കപ്പെട്ട കുണ്ഡലിനീ ഉണരുന്നു. അതിനുശേഷം അതു് വായിൽ പ്രവേശിക്കുന്നു.

67. ബ്രഹ്മഗ്രന്ഥിം തതോ ഭിത്വാ രജോഗുണസമുദ്ഭവം
സുഷുമ്നാവദനേ ശീഘ്രം വിദ്യുല്ലേഖേവ സംസ്ഫുരേത്.
68. വിഷ്ണുഗ്രന്ഥിം പ്രയാത്യുച്ചൈ: സത്വരം ഹൃദി സംസ്ഥിതം
ഊർദ്ധ്വം ഗച്ഛതി യച്ചാസ്തേ രുദ്രഗ്രന്ഥിം തദുദ്ഭവം.
69. ഭ്രുവോർമദ്ധ്യം തു സംഭിദ്യ യാതി ശീതാംശുമണ്ഡലം
അനാഹതാഖ്യം യച്ചക്രം ദലൈ: ഷോഡശഭിർ യുതം,
70. തത്ര ശീതാംശുസംജാതം ദ്രവം ശോഷയതി സ്വയം.
ചലിതേ പ്രാണവേഗേന രക്തം പിത്തം രവേർ ഗ്രഹാത്.

രജോഗുണസമുദ്ഭൂതമായ ബ്രഹ്മഗ്രന്ഥിയെ ഭേദിച്ചിട്ട് ഈ കുണ്ഡലിനീശക്തി സുഷുമ്നയുടെ ഉള്ളിൽ വിദ്യുത്‌ലേഖപോലെ സ്ഫുരിക്കുന്നു. അതിവേഗം തന്നെ ഇതു് ഹൃദയസ്ഥിതമായ വിഷ്ണുഗ്രന്ഥിയെ പ്രാപിച്ചുകൊണ്ട് വീണ്ടും മുകളിലോട്ട് (ആജ്ഞാചക്രം) പോയി അവിടെ രുദ്രഗ്രന്ഥിയെ പ്രാപിക്കുകയും ചെയ്യുന്നു. അവിടെനിന്നും ഇതു് രണ്ടുപുരികങ്ങളുടേയും മധ്യസ്ഥാനത്തെ ഭേദിച്ചുകൊണ്ട് ചന്ദ്രമണ്ഡലത്തിൽ എത്തുന്നു. അവിടെ പതിനാറുദലങ്ങളോടു കൂടിയ അനാഹതചക്രം സ്ഥിതിചെയ്യുന്നു, ഇവിടെ ഇതു് ചന്ദ്രനിൽനിന്നും ഉണ്ടാകുന്ന ദ്രവത്തെ ഉണക്കിക്കളയുന്നു മാത്രമല്ല. പ്രാണവായുവിന്റെ വേഗത്താൽ രക്തത്തെയും സൂര്യൻ ഗ്രഹിക്കുന്നു.

71. യാതേന്ദുചക്രം യത്രാസ്തേ ശുദ്ധശ്ലേഷ്മദ്രവാത്മകം
തത്ര സിക്തം ഗ്രസത്യുഷ്ണം കഥം ശീതസ്വഭാവകം.
72. തഥൈവ രഭസാ ശുക്ലം ചന്ദ്രരൂപം ഹി തപ്യതേ.
ഊർദ്ധ്വം പ്രവഹതി ക്ഷുബ്ധാ തദൈവം ഭ്രമതേതരാം.
73. തസ്യാസ്വാദവശാച്ചിത്തം ബഹിഷ്ഠം വിഷയേഷു യത്
തദേവ പരമം ഭുക്ത്വാ സ്വസ്ഥ: സ്വാത്മരതോ യുവാ.
74. പ്രകൃത്യഷ്ടകരൂപം ച സ്ഥാനം ഗച്ഛതി കുണ്ഡലീ
ക്രോഡീകൃത്യ ശിവം യാതി ക്രോഡീകൃത്യ വിലീയതേ.
75. ഇത്യധോർദ്ധ്വരജ: ശുക്ലേ ശിവേ തദനു മാരുത:
പ്രാണാപാനൗ സമൗ യാതി സദാ ജാതൗ തഥൈവ ച

ഇതു് ചന്ദ്രമണ്ഡലത്തിൽ പോയിട്ട് അവിടത്തെ ദ്രവപദാർത്ഥത്തെ ശോഷിപ്പിച്ച് അതിനെ ചൂടുള്ളതാക്കുന്നു. അപ്പോൾ അവിടെ ശീതളഗുണത്തിനു സ്ഥാന

മെവിടെ? ഇതു് ചന്ദ്രന്റെ ശുക്ലരൂപത്തെ തപ്തമാക്കി ക്കൊണ്ടു് പ്രക്ഷുബ്ധമായിമുകളിലേക്ക കയറുന്നു. ഇതിന്റെ ഫലമായി ആദ്യം ബാഹ്യപദാത്ഥങ്ങളിൽ മുഴകിയിരുന്ന ചിത്തം പരമാത്ഥത്തിൽലയിച്ചു് ആത്മാനന്ദമനുഭവിക്കാൻ തുടങ്ങുന്നു. ഇപ്രകാരം കണ്ഡലിനി അഷ്ടധാ പ്രകൃതിയെ പ്രാപിച്ചു് ശിവനോടു ചേന്നു് അതിൽ ലയിക്കുന്നു. തന്നിമിത്തം അധോഭാഗത്തുള്ള രജസ്സും മുകളിലുള്ള ശുക്ലവും സംയോജിപ്പിച്ചു് ശിവനിൽ വിലയംപ്രാപിക്കുന്നു. പ്രാണനുംഅപാനനും സമാനരൂപത്തിൽ സഹജാതരായതു കൊണ്ടു് അതുരണ്ടും അവയിൽ തന്നെ ലയിക്കുന്നു.

76. ഭൂതേഽല്പേ ച മനോല്പേ വാ വാചകേ ത്വതിവർധതേ
ധത്വത്യഖിലാ വാതാ അഗ്നിമൂഷാ ഹിരണ്യവത്.
77. ആധിഭൗതികദേഹം തു ആധിദൈവികവിഗ്രഹേ,
ദേഹോഽതിവിമലം യാതി ചാതിവാഹികതാമിയാത്,
78. ജാഡ്യഭാവ വിനിർമ്മുക്തമമലം ചിന്മയാത്മകം
തസ്യാതിവാഹികം മുഖ്യം സർവ്വേഷാം തു മദാത്മകം.
79, ജായാഭവ വിനിർമ്മുക്തി: കാലരൂപസ്യ വിഭ്രമ:
ഇതി തം സ്വസ്വരൂപാ ഹി മതീ രജ്ജുഭുജംഗവത്.
80. മൃഷൈവോദേതി സകലം മൃഷൈവ പ്രവിലീയതേ
രൗപ്യബുദ്ധി: ശുക്തികായാം സ്ത്രീപുംസോർഭ്രമതോ യഥാ

ഭൗതികശരീരം ചെറുതായാലും ഉഷ്ണം വളരെവർദ്ധിക്കുമ്പോഠം അതു് ചൂടു കൊണ്ടു് സ്വർണ്ണംതപിക്കുന്നതു പോലെ സമസ്തശരീരത്തിലും വ്യാപിക്കുന്നു. ഇതിന്റെപ്രഭാവത്താൽ ആധിഭൗതിക ശരീരം ആധിദൈവികമായി പ്പോകുന്നു. അതു് അത്യന്തം വിമലമായി സൂക്ഷ്മ ശരീരം പോലെ ആയിത്തീരുന്നു. അന്യ ശരീരങ്ങഠം ജഡതായുക്തമായിരിക്കുമ്പോഠം, ഇതു് ജഡതയെ വെടിഞ്ഞു് നിർമ്മലമായചിത് സ്വരൂപമാകുന്നു. ഇങ്ങനെയുള്ളസാധകനു് മാതാവിന്റെ ഗർഭവാസം ഇല്ലാതാകുന്നു. കാലനുപോലും അവനെ നിയന്ത്രിക്കുവാൻ സാദ്ധ്യമല്ല. അവനു് തന്റെയഥാത്ഥമായ സ്വരൂപത്തെപ്പററിയുള്ള ജ്ഞാനം ലഭിക്കുന്നു. കയറിൽ സർപ്പഭ്രാന്തിയും, ചിപ്പിയിൽ രജതഭ്രാന്തിയും, സ്ത്രീയിൽ പുരുഷഭ്രാന്തിയും ഉണ്ടാകാറുണ്ടല്ലോ. ഇതേപ്രകാരം അവൻ തന്റെ ദേഹത്തെസംബന്ധിക്കുന്ന ഭ്രമങ്ങളെ മിഥ്യയാണെന്നു് മനസ്സിലാക്കുന്നു.

81. പിണ്ഡബ്രഹ്മാണ്ഡയോരൈക്യം ലിംഗസൂത്രാത്മനോരപി
സ്വാപാവ്യാകൃതയോരൈക്യം സ്വപ്രകാശചിദാത്മനോഃ.
82. ശക്തി:കുണ്ഡലീനീ നാമ ബിസതന്തുനിഭാ ശുഭാ
മൂലകന്ദം ഫണാഗ്രേണ ദൃഷ്ട്വാ കമലകന്ദവത്.

83. മുഖേന പുച്ഛം സംഗൃഹ്യ ബ്രഹ്മരന്ധ്രസമന്വിതാ
പദ്മാസനഗതഃ സ്വസ്ഥോ ഗുദമാകുഞ്ച്യ സാധകഃ

84. വായുമൂർധ്വഗതം കുർവ്വൻ കുംഭകാവിഷ്ടമാനസഃ
വായ്വാഘാതവശാദഗ്നിഃ സ്വാധിഷ്ഠാനഗതോ ജ്വലൻ.

85. ജ്വലനാഘാത പവനാഘാതൈരുന്നിദ്രിതോ ഹിരാട്.
ബ്രഹ്മഗ്രന്ഥിം തതോ ഭിത്വാ വിഷ്ണുഗ്രന്ഥിം ഭിനത്ത്യതഃ

86. രുദ്രഗ്രന്ഥിം ച ഭിത്ത്വൈവ കമലാനി ഭിനത്തി ഷട്,
സഹസ്രകമലേ ശക്തിഃ ശിവേന സഹ മോദതേ.
സൈവാവസ്ഥാ പരാജ്ഞേയാ സൈവ
നിർവ്വൃതികാരിണീ- ഇതി.

അതുകൊണ്ട്. പിണ്ഡവും, ബ്രഹ്മാണ്ഡവും, ലിംഗശരീരവും, സൂത്രാത്മാവും ഏകീകരിച്ച് [illegible] പ്രകാശ രൂപവുമായ ചൈതന്യത്തിൽ ഏകീഭവിക്കുന്നു. [illegible] താമരനൂലുപോലെയാകുന്നു. അത് കമലകന്ദത്തെപ്പോലെ [illegible] കണ്ടിട്ട് തന്റെപുച്ഛത്തെ വായിൽ നിക്ഷേപിച്ച് ബ്രഹ്മരന്ധ്രത്തെ ആവരണം ചെയ്തുകൊണ്ട് ഉറങ്ങിക്കൊണ്ടിരിക്കുന്നു. അതിനായിട്ട് സാധകൻ പദ്മാസനസ്ഥനായി ഗുദത്തെ ആകുഞ്ചനം ചെയ്ത് കുംഭകംമുഖേന വായുവിനെ മുകളിലേക്കുകയററണം. വായുവിന്റെശക്തികൊണ്ട് സ്വാധിഷ്ഠാന ചക്രത്തിലെ അഗ്നിയെ പ്രജ്ജ്വലിപ്പിക്കണം.- അപ്പോൾ അഗ്നിയുടേയും വായുവിന്റെയും ആഘാതത്താൽ സുഷുപ്തിയിൽ മുഴുകിയിരുന്ന കുണ്ഡലിനി ഉണരുകയും, ബ്രഹ്മഗ്രന്ഥി, വിഷ്ണുഗ്രന്ഥി, രുദ്രഗ്രന്ഥി, ഷട്ചക്രംഎന്നിവയെ ഭേദിച്ചുകൊണ്ട് സഹസ്രദളകമലത്തിൽ എത്തുന്നു. അവിടെശിവനുമായി ശക്തിരൂപത്തിൽ സംയോജിച്ച് ആനന്ദത്തെ പ്രാപിക്കുന്നു. ഇതാണ്ശ്രേഷ്ഠവും മോക്ഷദായകവുമായ അവസ്ഥ.

## രണ്ടാം അധ്യായം

1. അഥാഹം സംപ്രവക്ഷ്യാമി വിദ്യാം ഖേചരി സംജ്ഞികാം.
യഥാ വിജ്ഞാനവാനസ്യാ ലോകേഽസ്മിന്നജരോഽമരഃ

2. മൃത്യു വ്യാധിജരാഗ്രസ്തോ ദൃഷ്ട്വാ വിദ്യാമിമാം മുനേ.
ബുദ്ധിം ദൃഢതരാം കൃത്വാ ഖേചരീം തു സമഭ്യസേത്.

3. ജരാമൃത്യു ഗദഘ്നോ യഃ ഖേചരീം വേത്തി ഭൂതലേ
ഗ്രന്ഥതശ്ചാര്യതശ്ചൈവ തദഭ്യാസപ്രയോഗതഃ.

4. തം മുനേ സർവ്വഭാവേന ഗുരും മത്വാ സമാശ്രയേത്.
ദുർലഭാ ഖേചരീവിദ്യാ തദഭ്യാസോഽപി ദുർലഭ:,
5. അഭ്യാസം മേളനം ചൈവ യുഗപന്നൈവ സിധ്യതി
അഭ്യാസമാത്രനിരതാ ന വിന്ദന്തേഹ മേളനം.

ഇനി ഖേചരീ വിദ്യയെപ്പററി പറയാം. ഈ വിദ്യ അഭ്യസിച്ചാൽ വാദ്ധക്യം, മരണം എന്നിവയിൽ നിന്നും മോചനം കിട്ടുന്നു. വാദ്ധക്യം, മരണം, രോഗം എന്നിവയാൽ ഗ്രസ്തരായ മനുഷ്യർ നിശ്ചയമായും ഈ വിദ്യ അഭ്യസിക്കുകതന്നെവേണം. ഗ്രന്ഥങ്ങളിൽ നിന്നും, അവയുടെഅർത്ഥങ്ങൾ കൊണ്ടും, അഭ്യാസം കൊണ്ടും ഈ വിദ്യയെപ്പററി അറിവുസമ്പാദിച്ചിട്ടുള്ള മഹാപുരുഷനെ സർവ്വഭാവേന ഗുരുവായി കരുതി അദ്ദേഹത്തെ സമാശ്രയിച്ച് ഈ വിദ്യ സമ്പാദിക്കണം. എന്തെന്നാൽ ഈ ഖേചരീവിദ്യ അത്യന്തം കഠിനമാണ്. അതിൻെറ അഭ്യാസം അതിലും കഠിനതരമാണ്. ഇതിൻെറ അഭ്യാസവും മേളനവും (യോഗം) ഒന്നിച്ചു ചെയ്യാലോ പ്രത്യേകം പ്രത്യേകം ചെയ്യാലോ സിദ്ധി കൈവരുക സാദ്ധ്യമല്ല.

6. അഭ്യാസം ലഭതേ ബ്രഹ്മൻ ജന്മജന്മാന്തരേ ക്വചിത്
മേളനം തത്തു ജന്മാനാം ശതാന്തേഽപി ന ലഭ്യതേ.
7. അഭ്യാസം ബഹുജന്മാന്തേ കൃത്വാ തദ്ഭാവസാധിതം
മേളനം ലഭതേ കശ്ചിത് യോഗീ ജന്മാന്തരേ ക്വചിത്.
8. യദാ തു മേളനം യോഗീ ലഭതേ ഗുരുവക്ത്രത:
തദാ തദ്സിദ്ധിമാപ്നോതി യദുക്താ ശാസ്ത്രസന്തതൗ.
9. ഗ്രന്ഥതശ്ചാർത്ഥതശ്ചൈവ മേളനം ലഭതേ യദാ
തദാ ശിവത്വമാപ്നോതി നിർമ്മുക്ത: സർവ്വസംസൃതേ:
10. ശാസ്ത്രം വിനാപി സംബോദ്ധും ഗുരവോഽപി ന ശക്നുയു:
തസ്മാദ് സുദുർലഭതരം ലഭ്യം ശാസ്ത്രമിദം മുനേ.

അഭ്യാസം ഒരു ജന്മത്തിൽ കിട്ടിയെന്നു വരാം. എന്നാൽ മേളനം (യോഗം) ജന്മജന്മാന്തരങ്ങൾ കഴിഞ്ഞാലും കിട്ടുകയില്ല. അനേകം ജന്മങ്ങളിലെ നിരന്തരമായ അഭ്യാസം കൊണ്ടു് യോഗിക്കു് ഒരുജന്മത്തിൽ മേളനംലഭിച്ചുഎന്നുവരാം. സാക്ഷാൽ ഗുരുമുഖത്തിൽ നിന്നും, മേളനമന്ത്രം അഭ്യസിച്ചാൽ അയാൾക്കു് ശാസ്ത്രാനുകൂലമായ സിദ്ധിയും ലഭിക്കും, സാധകൻ ഗ്രന്ഥങ്ങളിലെ അർത്ഥം ഗ്രഹിച്ചു് മേളനം സമ്പാദിച്ചാലും അവൻ സംസാരമുക്തനായി ശിവത്വത്തെപ്രാപിക്കും. ശാസ്ത്രം കൈയ്യിലുണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. എന്തെന്നാൽ അതു്കൂടാതെ ഗുരുവിനുപോലും യഥാർത്ഥബോധം പ്രദാനം ചെയ്യുവാൻ സാധ്യമല്ല. അതുകൊണ്ടു് ശാസ്ത്രസമ്പാദനവും അതിമഹത്തായ ആവശ്യമാണു്

11. യാവന്ന ലഭ്യതേ ശാസ്ത്രം താവദ് ഗാം പര്യടേത് യതി:
യദാ സംലഭ്യതേ ശാസ്ത്രം തദാ സിദ്ധി: കരേ സ്ഥിതാ.

12. ന ശാസ്ത്രേണ വിനാ സിദ്ധിർ ദൃഷ്ടാ ചൈവ ജഗത് ത്രയേ
തസ്മാത് മേളനദാതാരം ശാസ്ത്രദാതാരമച്യുതം.

13. തദഭ്യാസപ്രദാതാരം ശിവം മത്വാ സമാശ്രയേത്
ലബ്ധ്വാ ശാസ്ത്രമിദം മഹ്യമന്യേഷാം ന പ്രകാശയേത്.

14. തസ്മാത് സർവ്വപ്രയത്നേന ഗോപനീയം വിജാനതാ
യത്രാസ്തേ ച ഗുരുർബ്രഹ്മൻ ദിവ്യയോഗപ്രദായക:.

15. തത്രഗത്വാ ച തേനോക്തവിദ്യാം സംഗൃഹ്യ ഖേചരീം.
തേനോക്ത: സമ്യഗഭ്യാസം കുര്യാദാദാവതന്ദ്രിത:.

ശാസ്ത്രം ലഭിക്കുന്നതുവരെ യോഗി ഭൂമിയിൽ പര്യടനം ചെയ്തുകൊണ്ടിരിക്കുകയും അതിനായി പ്രയത്നിക്കുകയും വേണം. യഥാർത്ഥമായ ശാസ്ത്രം ലഭിക്കുമ്പോഴും സിദ്ധി കരഗതമായി എന്നുകരുതാം. ത്രിഭുവനത്തിലും ശാസ്ത്രസഹായം കൂടാതെ ഒരിടത്തും സിദ്ധികൈവന്നതായി കണ്ടിട്ടില്ല. അതുകൊണ്ട് മേളനദാതാവും, (യോഗം) ശാസ്ത്രദാതാവും, അഭ്യസിപ്പിച്ചവനുമായ ഗുരു ഭഗവത് സ്വരൂപം തന്നെയാണ് എന്നുകരുതി അദ്ദേഹത്തെ സമാശ്രയിക്കണം. ശാസ്ത്രാഭ്യാസം ലഭിച്ചതിനുശേഷം അതിനെ മറ്റുള്ളവരുടെ മുമ്പിൽ പ്രകടിപ്പിക്കരുത്. അതുകൊണ്ട് എല്ലാവിധത്തിലും പ്രയത്നപൂർവ്വം രഹസ്യമായി സൂക്ഷിക്കണം. എവിടെങ്കിലും ഈ യോഗത്തെപ്പറ്റി മനസ്സിലാക്കിയിട്ടുള്ള ഗുരു വസിക്കുന്നതായിട്ടറിഞ്ഞാൽ അവിടെച്ചെന്ന് അദ്ദേഹത്തിൽ നിന്നും ഖേചരീവിദ്യയെ ഗ്രഹിച്ച് സമ്യക്കാകും വിധം അത് അഭ്യസിക്കണം.

16. അനയാ വിദ്യയാ യോഗീ ഖേചരീ സിദ്ധിഭാഗ് ഭവേത്
ഖേചര്യാം ഖേചരീം യുഞ്ജൻ ഖേചരീ ബീജപൂരയാ.

17. ഖേചരാധിപതിർ ഭൂത്വാ ഖേചരേഷു സദാ വസേത്
ഖേചരാവസഥം വഹ്നിമംബുമണ്ഡല ഭൂഷിതം.

18. ആഖ്യാതം ഖേചരീ ബീജം തേന യോഗ: പ്രസിദ്ധ്യതി
സോമാംശനവകം വർണ്ണം പ്രതിലോമേന ചോദ്ധരേത്.

19, തസ്മാത് ത്ര്യംശകമാഖ്യാതമക്ഷരം ചന്ദ്രരൂപകം.
തസ്മാദപ്യഷ്ടമം വർണ്ണം വിലോമേന പരം മുനേ.

20. തഥാ തത്പരമം വിദ്ധി തദാദിരപി പഞ്ചമീ.
ഇന്ദോശ്ച ബഹുഭിന്നേ ച കൂടോയം പരികീർത്തിത:.

ഈവിദ്യ മുഖേന യോഗിക്ക് ഖേചരീശക്തി ലഭിക്കുന്നു. ഖേചരിയിൽ ഖേചരീ ബീജസഹിതം ഖേചരീ യോഗം ചെയ്താൽ സാധകൻ ഖേചരന്മാർക്കധീശ്വരനായി (ദേവാധീശനായി) അവരുടെകൂടെ വസിക്കുന്നു. ഖേചരത്തിന്റെപ്രതീകമായ ഹകാരം, ആവസഥ (ധാരണ) ത്തിന്റെ പ്രതീകമായ ഈകാരം, അഗ്നിയുടെ പ്രതീകമായ രകാരം' ജലത്തിന്റെ പ്രതീകമായ ഥകാരം. എന്നിവയുടെയെല്ലാം സംയോഗത്താൽ ഹ്രീം ഉണ്ടാകുന്നു. അതാണ് ഖേചരീബീജമന്ത്രം, അതിന്റെ സിദ്ധിയാൽ യോഗംകൈവരുന്നു. സോമാംശം സകാരമാണ്. അതിന്റെ പ്രതിലോമഗതിയനുസരിച്ച് ഒൻപതാമത്തെ അക്ഷരം ഭ ആകുന്നു. പിന്നീട് ചന്ദ്രന്റെ ബീജാക്ഷരം സ ആകുന്നു. അതിന്റെ എട്ടാമത്തെ അക്ഷരം വിലോമഗതിയനുസരിച്ച് മ ആകുന്നു. വീണ്ടും അഞ്ചക്ഷരംവിപരീതമായെണ്ണിയാൽ പ എന്നഅക്ഷരം വരുന്നു. ചന്ദ്രന്റെ ബീജമായ സ യും, അനേകവർണ്ണങ്ങളോടുകൂടിയ ക്ഷയും അന്തിമാക്ഷരങ്ങളാണ്. ഇപ്രകാരം" ഹ്രീം, ഭം, സം, മം, പം, സം, ക്ഷം എന്ന ഖേചരീബീജ മന്ത്രം പ്രകടമാകുന്നു.

21. ഗുരൂപദേശലഭ്യം ച സർവ്വയോഗ പ്രസിദ്ധിദം
യത്തസ്യദേഹജാ മായാ നിരുദ്ധ കരണാശ്രയാ.

22. സ്വപ്നേ ഽ പി ന ലഭേത്തസ്യ നിത്യം ദ്വാദശ ജപ്യത:
യ ഇമാം പഞ്ചലക്ഷാണി ജപേദപി സുയന്ത്രിത:.

23. തസ്യ ശ്രീഖേചരീസിദ്ധി: സ്വയമേവ പ്രവർത്തതേ
നശ്യന്തി സർവവിഘ്നാനി പ്രസീദന്തി ച ദേവതാഃ.

24 വലീ പലിത നാശശ്ച ഭവിഷ്യതി ന സംശയഃ
ഏവം ലബ്ധ്വാ മഹാവിദ്യാമഭ്യാസം കാരയേത്തതഃ.

25. അന്യഥാ ക്ലിശ്യതേ ബ്രഹ്മന്ന സിദ്ധിഃ ഖേചരീ പഥേ
യദഭ്യാസ വിധൗ വിദ്യാം ന ലഭേദ്യഃ സുധാമയീം.

26. തതഃ സമ്മേളകാദൗ ച ലബ്ധ്വാ വിദ്യാം സദാ ജപേത്
നാന്യഥാ രഹിതോ ബ്രഹ്മന്ന കിംചിത്സിദ്ധിഭാഗ് ഭവേത്.

ഈ ഖേചരീ മന്ത്രം എല്ലാ സിദ്ധികളേയും പ്രദാനം ചെയ്യുന്നതാണ്. ഇത് ഗുരൂപദേശം കൊണ്ട് മാത്രമേ കിട്ടുകയുള്ളു, നിയമാനുസരണം ദിവസവും ഇതിനെ പന്ത്രണ്ടുതവണ ജപിക്കുന്നവനെ അന്ത:കരണത്തിൽ സ്ഥിതിചെയ്യുന്ന ദേഹസംബന്ധിയായ മായവ്യാപിക്കുന്നില്ല. സുയന്ത്രിതനായി ഇതു് അഞ്ചുലക്ഷം ജപിക്കുന്നവന് ഖേചരീവിദ്യ സ്വയമേവ കൈവരും. സർവ്വ വിഘ്നങ്ങളുമാറി ദേവപ്രസാദം കൈവരും. ഇതിന്റെ ഫലമായി ശരീരത്തിലെ ചുളിവുകളും നശിക്കുന്നു. ഇതിൽ യാതൊരു സംശയവുമില്ല. ഈവിദ്യ നല്ലതു

പോലെ മനസ്സിയാക്കിയതിനുശേഷം അത്ു്നല്ലവണ്ണംഅഭ്യസിക്കുകയും വേണം. അങ്ങനെചെയ്യില്ലെങ്കിൽ ഖേചരീസിദ്ധി ലഭിക്കുകയില്ലെന്നു മാത്രമല്ല നേരേ മറിച്ച് ക്ലേശങ്ങൾ അനുഭവിക്കേണ്ടതായുംവരും. യഥാവിധിഅഭ്യാസം തുടർന്നിട്ടും സാഫല്യം കിട്ടിയില്ലെങ്കിൽ തന്നെയും സമ്മേളകന്റെ (ഗുരു, അധ്യാപകൻ മുതലായവർ) നിർദ്ദേശാനുസരണം സദാഇത്തു് ജപിച്ചുകൊണ്ടിരിക്കണം. സുയോഗ്യനായ ഒരു ശിക്ഷകനെ കൂടാതെ ഇവയുടെ സിദ്ധി ഒരിക്കലും കൈവരികയില്ല.

27. യദിദം ലഭ്യതേ ശാസ്ത്രം തദാ വിദ്യാം സമാശ്രയേത്
തതസ്തദോദിതാം സിദ്ധി മാശുതാം ലഭതേ മുനിഃ.

28. താലുമൂലം സമുത്കൃഷ്യ സപ്തവാസരമാത്മവിത്
സ്വഗുരൂക്തപ്രകാരേണ മലം സർവ്വം വിശോധയേത്

29. സ്നുഹിപത്രനിഭംശസ്ത്രംസുതീക്ഷ്ണംസ്നിഗ്ദ്ധനിർമ്മലം
സമാദായ തതസ്തേന രോമമാത്രം സമുച്ഛിനേത്,

30 ഹിത്വാ സൈന്ധവ പഥ്യാഭ്യാം ചൂർണ്ണിതാഭ്യാം പ്രകർഷയേത്
പുനഃ സപ്തദിനേ പ്രാപ്തേ രോമമാത്രം സമുച്ഛിനേത്.

31. ഏവം ക്രമേണ ഷൺമാസം നിത്യോദ്യുക്തഃ സമാചരേത്
ഷൺമാസാദ് രസനാമൂലം സിരാബദ്ധം പ്രണശ്യതി.

ഈവിദ്യയുടെ ശാസ്ത്രത്തെ പ്പററിയുള്ള ശരിയായ ജ്ഞാനം ലഭിച്ചുകഴിയുമ്പോൾ സാധകനു് സിദ്ധികിട്ടുവാൻ കാലതാമസം വരികയില്ല. ആദ്യമായി സാധകൻ ഏഴുദിവസം താലുമൂലസ്ഥാനത്തെ ഗുരുവിന്റെ നിർദ്ദേശമനുസരിച്ച് തേച്ച്അവിടത്തെ സർവമാലിന്യങ്ങളെയും ദൂരീകരിക്കണം. പിന്നീട് സ്നുഹിപത്രത്തെപ്പോലെ നല്ലധാരയോടുകൂടിയ ശുദ്ധമായ കത്തിമുതലായവയാൽ താലുമൂലത്തെ ഒരുതലമുടിക്കുതുല്യം മുറിക്കുകയോ ഗുരുവിനെ കൊണ്ടു് മുറിപ്പിക്കുകയോ ചെയ്യണം. മുറിച്ചസ്ഥാനത്തിനു മുകളിലായി സൈന്ധവചൂർണ്ണത്താൽപ്രകർഷണം ചെയ്യണം. ഏഴുദിവസം കഴിഞ്ഞ് വീണ്ടും മുമ്പിലത്തെപ്പോലെ തലമുടിക്കു സമാനം മുറിക്കണം. ഈ ക്രമത്തിൽ നിരന്തരം പ്രയത്നിച്ചുകൊണ്ടിരുന്നാൽ നാക്കിനും താലുവിനും മധ്യേയുള്ള ബന്ധനം വിച്ഛേദിക്കപ്പെടും.

32. അഥ വാഗീശ്വരീ ധാമ ശിരോ വസ്ത്രേണ വേഷ്ടയേത്.
ശനൈരുത്കർഷയേദ്യോഗീ കാലവേലാവിധാനവിത്.

33. പുനഃ ഷൺമാസമാത്രേണ നിത്യം സംഘർഷണാൻ മുനേ
ഭ്രൂമധ്യാവധി ചാപ്യേതി തിര്യക്കർണബിലാവധിഃ.

34. അധശ്ച ചുബുകം മൂലം പ്രയാതി ക്രമചാരിതാ
പുനഃ സംവത്സരാണാം തു തൃതീയാദേവലീലയാ.

35. കേശാന്തമൂർദ്ധ്വം ക്രമതി തിര്യക് ശാഖാവധിർ മുനേ
അധസ്താത് കണ്ഠകൂപാന്തം പുനർവർഷത്രയേണ തു.

36. ബ്രഹ്മരന്ധ്രം സമാവൃത്യ തിഷ്ഠേദേവ ന സംശയഃ
തിര്യക് ചൂലിതലം യാതി അധഃ കണ്ഠബിലാവധിഃ.

37. ശനൈഃ ശനൈർ മസ്തകാച്ച മഹാവജ്രകപാടഭിത്
പൂർവ്വം ബീജയുതാ വിദ്യാ ഹ്യാഖ്യാതാ യാ ? തിദുർലഭാ.

38. തസ്യാഃഷഡംഗം കുർവീത തയാ ഷട്സ്വര ഭിന്നയാ
കുര്യാദേവം കരന്യാസം സർവ്വസിദ്ധ്യാദിഹേതവേ.

39. ശനൈരേവം പ്രകർത്തവ്യമഭ്യാസി യുഗപന്നഹി
യുഗപദ്വർത്തതേ യസ്യ ശരീരം വിലയം വ്രജേത്.

40. തസ്മാത് ശനൈഃ ശനൈഃ കാര്യമഭ്യാസം മുനിപുംഗവ
യദാ ച ബാഹ്യമാർഗേണ ജിഹ്വാ ബ്രഹ്മബിലം വ്രജേത്.

41. തദാ ബ്രഹ്മാർഗളം ബ്രഹ്മൻ ദുർഭേദ്യം ത്രിദശൈരപി
അംഗുല്യഗ്രേണ സംഘൃഷ്യ ജിഹ്വാമാത്രം നിവേശയേത്.

അതിനുശേഷം ജിഹ്വാഗ്രഭാഗത്തെ വസ്ത്രം കൊണ്ടു ചുററി സാവധാനം ദോഹനം ചെയ്യണം (വെളിയിലേക്കുവലിക്കണം) ഇങ്ങനെആറുമാസം അഭ്യസിച്ചാൽ നാക്ക് വളർന്ന് ഭ്രൂമധ്യംവരെ എത്തുകയും, പാർശ്വഭാഗങ്ങളിൽ ശ്രവണദ്വാരംവരെ എത്തുകയും ചെയ്യുന്നു. വെളിയിൽ താടിവരെ എത്തുന്നു. ഇപ്രകാരം നിരന്തരമായ അഭ്യാസം കൊണ്ടു മൂന്നാം വർഷത്തിൽ നാക്ക് തലമുടി വരെയും പാർശ്വത്തിൽ തോളംവരെയും എത്തുന്നു. താഴെ കണ്ഠകൂപം വരെയും. പിന്നീട് മൂന്നുവർഷത്തെ അഭ്യാസം കൊണ്ട് ബ്രഹ്മരന്ധ്രം വരെയും എത്തി അതിനെ ആവരണം ചെയ്യുന്നു. ഇതിൽ യാതൊരു സംശയവുമില്ല പിന്നീട് അത് കണ്ഠത്തിനുപുറകിൽവരെയും, താഴെകണ്ഠാന്തം വരെയും എത്തും. ഇങ്ങനെ ക്രമേണ ജിഹ്വ ബ്രഹ്മരന്ധ്രത്തെഭേദിക്കുന്നു. ഈ സമസ്തബീജാക്ഷരവിദ്യ വിധിസഹിതം അഭ്യസിക്കുക വളരെകഠിനമാണ്. മേൽപറയപ്പെട്ട ഈ ആറുബീജാക്ഷരങ്ങൾ കൊണ്ടുഷഡംഗ ന്യാസവും, കരന്യാസവും ചെയ്യണം. അപ്പോൾ സമ്പൂർണ്ണമായ സിദ്ധിസാധിതമാകും. ഇപ്രകാരമുള്ള അഭ്യാസം വളരെശ്രദ്ധയോടും, ക്രമേണയും, സാവധാനമായും ചെയ്യണം, പെട്ടെന്നു ചെയ്യുകയാണെങ്കിൽ ശരീരത്തിനു ഹാനിസംഭവിക്കാൻ ഇടയുണ്ട്. അതുകൊണ്ട് ഈഅഭ്യാസത്തിൽ ഒരിക്കലും ധൃതികാണിക്കരുത്. ബാഹ്യമാർഗ്ഗത്തിൽ കൂടിജിഹ്വ ബ്രഹ്മബിലത്തിനുള്ളിൽ പ്രവേശിക്കാൻ തുടങ്ങുമ്പോൾ അതിനെ വിരൽകൊണ്ടുപിടിച്ച് അതിനുള്ളിലാക്കണം.

42. ഏവം വർഷത്രയം കൃത്വാ ബ്രഹ്മദ്വാരം പ്രവിശ്യതി
ബ്രഹ്മദ്വാരേ പ്രവിഷ്ടേ തു സമ്യക് മഥനമാചരേത്.

43. മഥനേന വിനാ കേചിത് സാധയന്തി വിപശ്ചിതഃ
ഖേചരീമന്ത്ര സിദ്ധസ്യ സിദ്ധ്യതേ മഥനം വിനാ.

44. ജപം ച മഥനം ചൈവ കൃത്വാ ശീഘ്രം ഫലം ലഭേത്
സ്വർണ്ണജാം രൗപ്യജാം വാപി ലോഹജാം വാ ശലാകികാം.

45. നിയോജ്യ നാസികാരന്ധ്രം ദുഗ്ദ്ധസിക്തേന തന്തുനാ.
പ്രാണാൻ നിരുധ്യ ഹൃദയേ സുഖമാസനമാത്മനഃ

46. ശനൈ സുമഥനം കുര്യാത് ഭ്രൂമദ്ധ്യേ ന്യസ്യ ചക്ഷുഷീ
ഷൺമാസംമഥനാവസ്ഥാഭാവേനൈവപ്രജായതേ.

47. യഥാ സുഷുപ്തിർ ബാലാനാം യഥാ ഭാവസ്തഥാ ഭവേത്
ന സദാമഥനം ശസ്തം മാസേ മാസേ സമാചരേത്.

48. സദാ രസനയാ യോഗീ മാർഗ്ഗം ന പരിസംക്രമേത്
ഏവം ദ്വാദശവർഷാന്തേ സംസിദ്ധിർ ഭവതി ധ്രുവാ.

49. ശരീരേ സകലം വിശ്വം പശ്യത്യാത്മാ വിഭേദതഃ
ബ്രഹ്മാണ്ഡോഽയം മഹാമാർഗ്ഗേ രാജദന്തോർദ്ധ്വകുണ്ഡലീ-ഇതി

ഇങ്ങനെ മൂന്നുവർഷം ചെയ്താൽ ജിഹ്വ ബ്രഹ്മബിലത്തിൽ പ്രവേശിക്കും. ഇതുപ്രവേശിച്ചു കഴിഞ്ഞാൽ വിധിപൂർവ്വം അതിന്റെ മഥനം ആരംഭിക്കണം. ചിലസാധകന്മാർ മഥനം കൂടാതെതന്നെ ഖേചരിചെയ്യുന്നു. ഖേചരീമന്ത്രസിദ്ധി കൈവന്നിട്ടുള്ളവർക്ക് ഇങ്ങനെ ചെയ്യാവുന്നതാണ്. എങ്കിലും ജപവും മഥനവും രണ്ടുംചെയ്താൽ ഫലം വേഗം ലഭിക്കും. മഥനത്തിനു സ്വർണ്ണത്തിൻെറയോ, വെള്ളിയുടെയോ ഇരുമ്പിൻെറയോ ശലാകയുടെ അഗ്രഭാഗത്തായി പാലുകൊണ്ടുനനച്ച നൂലുകെട്ടി അതിനെ മൂക്കിനുള്ളിൽ ഇടണം. പിന്നീട് പ്രാണനെ ഹൃദയത്തിൽ നിരോധിച്ച്, സുഖാസനസ്ഥനായി കണ്ണുകളെ ഭൃകുടിസ്ഥാനത്ത് സ്ഥാപിച്ച് സാവധാനം മന്ഥനം ചെയ്യണം. ആറുമാസം ഇങ്ങനെ മഥനം ചെയ്താൽ അതിൻെറ ഫലം കാണാൻ തുടങ്ങും. അപ്പോഴത്തെ അതിൻെറ അവസ്ഥ ബാലൻ ഉറങ്ങുമ്പോഴുള്ളതു പോലിരിക്കും. മന്ഥനം നിത്യവും ചെയ്യണമെന്നില്ല. മാസത്തിൽ ഒരുതവണ ചെയ്താൽമതി. ഇതേപ്രകാരം ജിഹ്വയെ അടിക്കടി ബ്രഹ്മരന്ധ്രത്തിൽ പ്രവേശിപ്പിക്കുകയും അരുത്. ഇപ്രകാരം പന്ത്രണ്ടു സംവത്സരത്തെ അഭ്യാസംകൊണ്ട് നിശ്ചയമായും സിദ്ധികൈവരുകതന്നെ ചെയ്യും. അപ്പോൾ യോഗി സമസ്ത വിശ്വവും തൻെറ ഉള്ളിൽ കാണാൻ തുടങ്ങും. എന്തെന്നാൽ ജിഹ്വ ബ്രഹ്മരന്ധ്രംവരെ പോകുന്ന മാർഗ്ഗത്തിൽ തന്നെയാണ് ബ്രഹ്മാണ്ഡംസ്ഥിതി ചെയ്യുന്നത്.

## മൂന്നാം അധ്യായം

1. മേളനമനഃ ഹ്രീം ഭം, സം, പം, ഫം, സം, ക്ഷം, പദ്മജഉവാച
അമാവാസ്യാ ച പ്രതിപത് പൗർണമാസീ ച ശങ്കര അസ്യാ:കാ
വർണ്യതേ സംജ്ഞാ ഏതദാഖ്യാഹി തത്ത്വതഃ.
2. പ്രതിപദ്ദിനതോ ƒ കാലേ അമാവാസ്യാ തഥൈവ ച
പൗർണമാസ്യാം സ്ഥിരീകുര്യാത് സ ച പന്ഥാഹി നാന്യഥാ.
3. കാമേന വിഷയാകാംക്ഷീ വിഷയാത് കാമമോഹിതഃ
ദ്വാവേവ സംത്യജേന്നിത്യം നിരംജനമുപാശ്രയേത്
4. അപരം സന്ത്യജേത്സർവ്വം യദീച്ഛേദാ ത്മനോ ഹിതം.
ശക്തിമധ്യേ മനഃ കൃത്വാമനഃ ശക്തേശ്ച മധ്യഗം.
5. മനസാ മന ആലോക്യ തത്ത്യജേത് പരമം പദം
മന ഏവ ഹി ബിന്ദുശ്ച ഉത്പത്തിസ്ഥിതി കാരണം.

ബ്രഹ്മാവു പറഞ്ഞു. മേളന മന്ത്രം ഇപ്രകാരമാണ് ഹ്രീം, ഭം, സം, പം, ഫം, ക്ഷം, സം, ഹേശങ്കര, അമാവാസ്യ, പ്രതിപദ, പൗർണ്ണമാസി എന്നിവയുടെ മൂലാർത്ഥം എന്താണ്'' പ്രതിപദം, സൂര്യന്റെ ആശയവും, പൗർണ്ണമാസികൊണ്ട് ചന്ദ്രന്റെയും ആശയം പ്രകടമാകുന്നു. അമാവാസ്യയുടെ അർത്ഥം സൂര്യചന്ദ്രന്മാരുടെ അഭാവമാണ്. മനുഷ്യർ കാമനാഗ്രസ്തരായി വിഷയാസക്തന്മാരായി ത്തീരുന്നു. വിഷയത്തിൽ അകപ്പെടുമ്പോൾ ആഗ്രഹങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കും അതുകൊണ്ട് ശുദ്ധമായ പരമാത്മഭാവസംപ്രാപ്തിക്കായി വിഷയത്തെയും കാമനകളെയും പരിത്യജിച്ച് ആത്മധ്യാനനിരതനായിരിക്കേണ്ടതു് ആവശ്യമാണ്. സ്വന്തംഹിതത്തെ ഇച്ഛിക്കുന്നവൻ മററുള്ളമിഥ്യാ വിഷയങ്ങളെ-ഉപേക്ഷിക്കണം പിന്നിട്ട് ശക്തിയിൽ പ്രവേശിച്ച്. അതിൽതന്നെസ്ഥിതിചെയ്യണം. മനസ്സുകൊണ്ട് മനസ്സിനെ കണ്ടും അറിഞ്ഞും, അതിനെ ത്യജിക്കുക എന്നുള്ളതാണ് പരമപദം. ഉത്പത്തിയുടേയും, സ്ഥിതിയുടെയും പ്രധാന ബിന്ദു മനസ്സുതന്നെയാണ്.

6. മനസോത്പദ്യതേ ബിന്ദുർ യഥാ ക്ഷീരം ഘൃതാത്മകം
ന ച ബന്ധനമദ്ധ്യസ്ഥം തദ്വൈ കാരണമാനസം.
7. ചന്ദ്രാർക്കമധ്യമാ ശക്തി യത്രസ്ഥാ തത്ര ബന്ധനം
ജ്ഞാത്വാ സുഷുമ്നാം തദ്ഭേദം കൃത്വാ വായും ച മധ്യഗം.
8. സ്ഥിത്വാ ƒ സൗബൈന്ദവസ്ഥാനേ ഘ്രാണരന്ധ്രേ നിരോധയേത്.
വായും ബിന്ദും സമാഖ്യാതം സത്വം പ്രകൃതമേവ ച.

9. ഷട്ചക്രാണി പരിജ്ഞാത്വാ പ്രവിശേത് സുഖമണ്ഡലം
മൂലാധാരം സ്വാധിഷ്ഠാനം മണിപൂരം തൃതീയകം.

10. അനാഹതം വിശുദ്ധിം ച ആജ്ഞാചക്രം ച ഷഷ്ഠകം
ആധാരം ഗുദമിത്യുക്തം സ്വാധിഷ്ഠാനം തു ലൈംഗികം.

11. മണിപൂരം നാഭിദേശം ഹൃദയസ്ഥമനാഹതം.
വിശുദ്ധിഃ കണ്ഠമൂലേ ച ആജ്ഞാചക്രം ച മസ്തകം.

പാലിൽ നിന്നും നെയ്യുണ്ടാകുന്നതു പോലെ ഈ ബിന്ദു മനസ്സിൽ നിന്നു മാണ് ഉണ്ടാകുന്നത്. ആ ബിന്ദുവിൽ യാതൊരു ബന്ധനവുമില്ല. എന്നാൽ എന്തെങ്കിലും ബന്ധനമുണ്ടെങ്കിൽ അതു മനസ്സിന്റെ ബന്ധനം മാത്രമാണ്. സൂര്യചന്ദ്രന്മാരുടെ മധ്യേയായി സ്ഥിതിചെയ്യുന്ന ശക്തി തന്നെയാണ് ബന്ധനമായിത്തീരുന്നത്. അതുകൊണ്ട് ഈ രണ്ടിന്റേയും മധ്യയുള്ള സുഷുമ്നയെപ്പററിയുള്ള ജ്ഞാനം സമാർജ്ജിച്ചതിനു ശേഷം അതിനുള്ളിൽ പ്രാണനെ ചലിപ്പിക്കേണ്ടതാണ്. പ്രാണനെ ഉന്നതിയിലുള്ള സ്ഥാനത്തു സ്ഥിരീകരിച്ച് നാസികയിൽ കൂടിയുള്ള വായുവിനെ നിരോധിക്കണം. ഇതുതന്നെയാണ് പ്രാണവായുവും ബിന്ദുവും സത്യവും പ്രകൃതിയും എന്നറിയപ്പെടുന്നതു. അതോടൊപ്പംതന്നെ സുഖമായ അവസ്ഥ കൈവരുവാൻ സാധിക്കത്തക്കവിധം ഷട്ചക്രങ്ങളെപ്പററിയുള്ള അറിവും സമ്പാദിച്ചിരിക്കണം. ഈ ഷട്ചക്രങ്ങൾ, താഴെപറയുന്നവയാണ്- മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ. മൂലാധാരത്തിന്റെ സ്ഥാനം ഗുദമാണ്. അതിനു മുകളിലായി ലിംഗത്തിനു സമീപമാണ് സ്വാധിഷ്ഠാനത്തിന്റെ സ്ഥാനം. മണിപൂരകം നാഭിയിലും, അനാഹതം ഹൃദയത്തിലും, വിശുദ്ധി കണ്ഠത്തിലും ആജ്ഞാചക്രം മസ്തകത്തിലും സ്ഥിതിചെയ്യുന്നു.

12. ഷട്ചക്രാണി പരിജ്ഞാത്വാ പ്രവിശേത് സുഖമണ്ഡലേ
പ്രവിശേദ്വായുമാകൃഷ്യ തയൈവോർദ്ധ്വം നിയോജയേത്.

13. ഏവം സമഭ്യസേത് വായും സ ബ്രഹ്മാണ്ഡമയോ ഭവേത്
വായും ബിന്ദും തഥാ ചക്രം ചിത്തം ചൈവ സമഭ്യസേത്.

14. സമാധിമേകേന സമമമൃതം യാന്തി യോഗിനഃ
യഥാഗ്നിർ ദാരുമധ്യസ്ഥോ നോത്തിഷ്ഠേൻ മഥനം വിനാ.

15. വിനാചാഭ്യാസ യോഗേന ജ്ഞാനദീപസ്തഥാ ന ഹി
ഘടമധ്യഗതോദീപോ ബാഹ്യേനൈവ പ്രകാശതേ.

16. ഭിന്നേ തസ്മിൻ ഘടേചൈവ ദീപജ്വാലാ ച ഭാസതേ
സ്വകായം ഘടമിത്യുക്തം യഥാ ദീപോഹി തത്പദം.

17. ഗുരുവാക്യസമാഭിന്നേ ബ്രഹ്മജ്ഞാനം സ്ഫുടീഭവേത്
കർണ്ണധാരം ഗുരും പ്രാപ്യ കൃത്വാ സൂക്ഷ്മം തരന്തി ച.

ഈസമസ്ത ചക്രങ്ങളെ പ്പററിയുമുള്ള ജ്ഞാനം സമാർജ്ജിച്ചതിനു ശേഷം സുഖമണ്ഡലമാകുന്ന സഹസ്രദലകമലത്തിൽ പ്രവേശിച്ച് പ്രാണനെ ഊർദ്ധ്വഭാഗത്തേക്ക് ആകർഷിച്ച് കൊണ്ട് സ്ഥിതി ചെയ്യണം. ഇപ്രകാരം പ്രാണാഭ്യാസം ചെയ്യുന്നതുകൊണ്ട് ബ്രഹ്മാണ്ഡത്തിൽ സ്ഥിതി ചെയ്യുന്നു. പ്രാണവായു ബിന്ദു, ചക്രം, ചിത്തം എന്നിവ സമുചിത രീതിയിൽ അഭ്യസിച്ച് യോഗി ശൂർ ഐക്യമാകുന്ന സമാധിവരെ എത്തിച്ചേരുകയും അമൃതപദത്തെ പ്രാപിക്കുകയും ചെയ്യുന്നു, ദാരുമധ്യത്തിൽ (മരത്തിൻ) അഗ്നിസ്ഥിതി ചെയ്യുന്നുണ്ടെങ്കിലും പരസ്പരം ഉരയ്ക്കാതെ അതുപ്രത്യക്ഷപ്പെടുന്നില്ലല്ലോ. അതുപോലെ നിരന്തരമായ അഭ്യാസം കൂടാതെ വിദ്യയാകുന്ന ദീപവും പ്രകാശിക്കുകയില്ല. കുടത്തിന്റെ ഉള്ളിൽഇരിക്കുന്ന ദീപത്തിനു് ആകുടത്തെ ഉടയ്ക്കുന്നതുവരെ വെളിയിൽ പ്രകാശം നൽകാൻ സാധിക്കുകയില്ലല്ലോ. അതുപോലെ ശരീരമാകുന്ന കുടത്തിനുള്ളിൽ വച്ചിട്ടുള്ള ബ്രഹ്മമാകുന്ന ദീപത്തിന്റെ പ്രകാശം ഗുരുപദേശത്താൽ ഈ കുടത്തെ ഭേദിക്കാതിരിക്കുന്നിടത്തോളം വെളിയിൽ വരില്ല. ഇപ്രകാരം ഈ അപാരസാഗരം തരണം ചെയ്യുവാനുള്ള ഉപായം ഗുരുവാകുന്ന കർണ്ണധാരനെ പ്രാപിക്കുകയാണു്.

18. അഭ്യാസ വാസനാശക്ത്യാ തരന്തി ഭവസാഗരം
പരായാമംകുരീഭൂയ പശ്യന്ത്യാം ദ്വിദലീകൃതാ.

19. മധ്യമായാംമുകുളിതാവൈഖര്യാംവികസീകൃതാ
പൂർവ്വംയഥോദിതാ യാ വാഗവിലോമേനാസ്തഗാ ഭവേത്

20. തസ്യാ വാചഃ പരോദേവഃ കൂടസ്ഥോ വാക്പ്രബോധകഃ
സോ ഽ ഹമസ്മീതി നിശ്ചിത്യ യഃ സദാ വർത്തതേ പുമാൻ.

21. ശബ്ദൈരുച്ചാവചൈർ നീചൈ ഭാഷിതോ ഽ പി ന ലിപ്യതേ.
വിശ്വശ്ച തൈജസശ്ചൈവ പ്രാജ്ഞശ്ചേതി ച തേ ത്രയഃ.

22. വിരാട് ഹിരണ്യഗർഭശ്ച ഈശ്വരശ്ചേതി തേ ത്രയാഃ
ബ്രഹ്മാണ്ഡം ചൈവ പിണ്ഡാണ്ഡം ലോകാ ഭൂരാദയഃ ക്രമാത്

23. സ്വസ്വോപാധിലയാദേവ ലീയന്തേപ്രത്യഗാത്മനി
അണ്ഡം ജ്ഞാനാഗ്നിനാ തപ്തം ലീയതേ കാരണൈഃ സഹ.

അഭ്യാസത്തിൻെറയും ശ്രേഷ്ഠമായ വാസനയുടെയും ശക്തി കൊണ്ടാണ് അവർ ഈ സാഗരത്തെ നീന്തിക്കടക്കുവാൻ സമർത്ഥരായത്. വാണി പരയിൽ അങ്കുരിക്കുന്നു. പശ്യന്തിയിൽ അതിന് രണ്ടിലകളുണ്ട്. മധ്യമയിൽ പുഷ്പിക്കുകയും വൈഖരിയിൽ വികാസത്തെ പ്രാപിക്കുകയും ചെയ്യുന്നു. ഈ വിധിയനുസരിച്ച് ഏതു പ്രകാരമാണോ വാണി ആവിർഭവിക്കുന്നത് അതുപോലെ അതിൻെറ വിലോമക്രമമനുസരിച്ച് അത് വിലയം പ്രാപിക്കുന്നു. ഈ വാക്കിൻെറ ബോധം ഉളവാക്കുന്നവൻ അല്ലെങ്കിൽ പരമമായ ദേവൻ ഞാൻതന്നെയാണ് എന്നു നിശ്ചയിച്ച് തദനുസരണം പെരുമാറുന്ന വ്യക്തിയോട് ആരെങ്കിലും ഉച്ചസ്വരത്തിലോ നീചസ്വരത്തിലോ എന്തുശബ്ദം പറഞ്ഞാലും അവൻ അതിൽ ലിപ്തനാകുന്നില്ല. വിശ്വം, തൈജസം, പ്രാജ്ഞം എന്നീ മൂന്നുപിണ്ഡങ്ങളും, വിരാട്ട്, ഹിരണ്യഗർഭൻ, ഈശ്വരൻ എന്നീ മൂന്നു ബ്രഹ്മാണ്ഡങ്ങളും, ഭൂഃ ഭുവഃ സ്വഃ എന്നീ മൂന്നു ലോകങ്ങളും വിലയം പ്രാപിക്കുന്ന ജ്ഞാനാഗ്നി സംതൃപ്തമായാൽ ബ്രഹ്മാണ്ഡവും അതിൻെറ മൂലരൂപത്തിൽ വിലയം പ്രാപിക്കുന്നു.

24. പരമാത്മനി ലീനം തത് പരം ബ്രഹ്മൈവ ജായതേ
തതഃ സ്തിമിതഗംഭീരം ന തേജോ ന തമസ്തതം.

25. അനാഖ്യമനഭിവ്യക്തം സത് കിംചിദവശിഷ്യതേ
ധ്യാത്വാ മദ്ധ്യസ്ഥമാത്മാനം കലശാന്തര ദീപവത്.

26. അംഗുഷ്ഠമാത്രമാത്മാനം അധൂമ ജ്യോതിരൂപകം
പ്രകാശയന്തമന്തസ്ഥം ധ്യായേത് കൂടസ്ഥമവ്യയം.

27. വിജ്ഞാനാത്മാ തഥാ ദേഹേ ജാഗ്രത് സ്വപ്ന സുഷുപ്തിതഃ.
മായയാ മോഹിതഃ പശ്ചാത് ബഹുജന്മാന്തരേ പുനഃ.

28. സത്കർമ്മപരിപാകാത്തു സ്വവികാരം ചികീർഷതി
കോ ഽഹം കഥമയം ദോഷഃ സംസാരാഖ്യ ഉപാഗതഃ.

29. ജാഗ്രത് സ്വപ്നേ വ്യവഹരൻ സുഷുപ്തൗ ക്വ ഗതിർ മമ
ഇതി ചിന്താപരോ ഭൂത്വാ സ്വഭാസാ ച വിശേഷതഃ.

30. അജ്ഞാനാത്തു ചിദാഭാസോ ബഹിസ്താപേന താപിതഃ
ദഗ്ധം ഭവത്യേവ തദാ തൂലപിണ്ഡമിവാഗ്നിനാ.

പരമാത്മാവിൽ ലയിക്കുന്നതുകൊണ്ട് അവൻ ബ്രഹ്മരൂപനായിത്തീരുന്നു. ആ സമയത്ത് പ്രകാശമെന്നോ അന്ധകാരമെന്നോ പറയാൻ വയ്യാത്ത വിധത്തിലുള്ള അഗാധവും ഗംഭീരവുമായ ഒരു രൂപമായി തീരുന്നു. അപ്പോൾ കേവലം സത്സ്വരൂപമായ ഒരു അവ്യക്ത തത്ത്വം മാത്രമേ അവശേഷിക്കു

നുള്ള. കുടത്തിനകത്തിരിക്കുന്ന ദീപത്തിന്റെ ജ്യോതിസ്സിനെപ്പോലെ ഒരു നിർധൂമജ്യോതിസ്സ് തന്റെ അന്തഃകരണത്തിൽ പ്രകാശിച്ചുകൊണ്ടേയിരിക്കുന്നു. ഈ സ്വരൂപത്തിൽ തന്നെ കൂടസ്ഥനായ ആത്മാവിനെ ധ്യാനിക്കണം. ആത്മാവ് അതിന്റെ മൂലരൂപത്തിൽ വിജ്ഞാനമയമാണ്. എന്നാൽ ദേഹത്തിൽ വരുമ്പോൾ അത് മായാവശനായി, ജാഗ്രത്.സ്വപ്നസുഷുപ്തി എന്നീ അവസ്ഥകളെ പ്രാപിച്ച് വിമോഹിതനായിപ്പോകുന്നു. എത്രയോ ജന്മങ്ങൾക്കു ശേഷം ശുഭകർമ്മങ്ങൾ ഉദയം ചെയ്യുമ്പോൾ അതിനുള്ളിൽ, ഞാൻ വാസ്തവത്തിൽ ആരാണെന്നും, ദോഷസങ്കുലമായ ഈ പ്രപഞ്ചം എവിടെ നിന്നുവന്നു എന്നുമുള്ള തന്റെവികാരങ്ങളെ പ്പററിഅറിയുവാനുള്ള ആഗ്രഹം ജനിക്കുന്നു. ജാഗ്രദവസ്ഥയിലും, സ്വപ്നാവസ്ഥയിലും ഞാൻ എന്നെത്തന്നെ കർത്താവെന്നു വിചാരിച്ച് പെരുമാറുന്നു. എന്നാൽ സുഷുപ്തിയിൽ എന്റെ അവസ്ഥ എന്തായിരിക്കും?'' ഇപ്രകാരം ചിന്തിച്ചുകൊണ്ട് അതു തന്റെ ആത്മസ്വരൂപത്തെപ്പററി ചിന്തിക്കുന്നു. പഞ്ഞിക്കെട്ട് അഗ്നിയിൽ എരിഞ്ഞുതുടങ്ങുന്നതുപോലെ ചിദാഭാസവും അജ്ഞാനത്തിൽ അകപ്പെട്ട് സാംസാരികതാപത്താൽ നഷ്ടമായിത്തീരുന്നു.

31\. ദഹരസ്ഥഃ പ്രത്യഗാത്മാ നഷ്ടേ ജ്ഞാനേ തതഃ പരം
വിതതോ വ്യാപ്യ വിജ്ഞാനം ദഹത്യേവ ക്ഷണേന തു.

32\. മനോമയജ്ഞാനമയാൻ സമ്യഗ് ദഗ്ധ്വാ ക്രമേണ തു
ഘടസ്ഥ ദീപവച്ഛശ്വദന്തരേവ പ്രകാശതേ.

33\. ധ്യായന്നാസ്തേ മുനിശ്ചൈവ മാസുപ്തേരാമൃതേസ്തു യഃ
ജീവന്മുക്തഃ സവിജ്ഞേയഃ സധന്യഃ കൃതകൃത്യവാൻ.

34\. ജീവന്മുക്തപദം ത്യക്ത്വാ സ്വദേഹേ കാലസാത് കൃതേ
വിശത്യ ദേഹമുക്തത്വം പവനോഽസ്പന്ദതാമിവ.

35\. അശബ്ദമസ്പർശമരൂപമവ്യയം
തഥാഽരസം നിത്യമഗന്ധവച്ച യത്
അനാദ്യനന്തം മഹതഃ പരം ധ്രുവം
തദേവശിഷ്യത്യമലം നിരാമയം - ഇത്യുപനിഷത്.

ഇപ്രകാരം സാംസാരികമായ ജ്ഞാനം നശിപ്പിച്ചതിനു ശേഷം പ്രത്യഗാത്മാവ് വിസ്താരത്തെ പ്രാപിച്ച് വിജ്ഞാനത്തെയും നശിപ്പിക്കുന്നു. ഇങ്ങനെ മനോമയവും, വിജ്ഞാനമയവും സംപൂർണ്ണമായും യോജിച്ചു കഴിഞ്ഞാൽ ശാശ്വതപ്രകാശംപോലെ ആത്മാവുതന്നെ ഉള്ളിൽ പ്രകാശിച്ചുകൊണ്ടിരിക്കും. ഇങ്ങനെയുള്ള ആത്മാവിനെ നിത്യവും ധ്യാനിക്കുകയും മൃത്യുസമയത്തും

ആധ്യാനത്തെ സ്ഥിരമായി തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ആത്മജ്ഞാനി ജീവൻമുക്തൻതന്നെയാണു്. അവൻ ധന്യനും കൃതകൃത്യനുമാണു്. അവൻെറ അന്തിമസമയം വരുമ്പോറം അവൻ ജീവൻമുക്തപദത്തിൽ നിന്നും വിദേഹമുക്തപദത്തെ പ്രാപിക്കുന്നു. അവൻെറ അവസാനം വായുവിൻെറ ചലനം നിന്നുപോകുന്നതുപോലെ ആയിരിക്കും. ശബ്ദസ്പർശരൂപരസഗന്ധരഹിതനായി- അതായതു് പഞ്ചഭൂതങ്ങറംക്കും അതീതനായി, നിത്യനും, അവ്യയനും, ആദ്യന്തരഹിതനും, മഹാനും ധ്രുവനും ശുദ്ധ്വും അവികാരിയുമായ ബ്രഹ്മം മാത്രമേ ഒടുവിൽ അവശേഷിക്കുന്നുള്ളു.

യോഗ കുണ്ഡല്യ പനിഷത്തു് സമാപിച്ചു.

# സീതോപനിഷത്ത്

## ശാന്തിപാഠം

ഓം. ഭദ്രം കർണ്ണേഭിഃ ശൃണുയാമ ദേവാ ഭദ്രം പശ്യേമാക്ഷഭിർയജത്രാഃ. സ്ഥിരൈരംഗൈസ്തുഷ്ടുവാംസസ്തനൂഭിർവ്യശേമ ദേവഹിതം യദായുഃ. സ്വസ്തി ന ഇന്ദ്രോ വൃദ്ധശ്രവാഃ. സ്വസ്തിനഃ പൂഷാ വിശ്വവേദാഃ. സ്വസ്തിന സ്താർക്ഷ്യോഅരിഷ്ടനേമിഃ. സ്വസ്തി നോ ബൃഹസ്പതിർദധാതു. ഓം. ശാന്തിഃ ശാന്തിഃ ശാന്തിഃ.

അല്ലയോ സംപൂജ്യരായ ദേവന്മാരേ, ഞങ്ങൾ കാതുകൾ കൊണ്ടു് നല്ലതു കേൾക്കട്ടെ; കണ്ണുകൾ കൊണ്ടു് നല്ലതു കാണട്ടെ. സുദൃഢങ്ങളായ അംഗങ്ങളാലും ദേഹത്തിനാലും നിങ്ങളെ സ്തുതിച്ചുകൊണ്ടിരിക്കട്ടെ. ദേവന്മാർ ഞങ്ങൾക്ക നിശ്ചയിച്ചിട്ടുള്ള ആയുസ്സു മുഴുവനും ഞങ്ങൾ അനുഭവിക്കട്ടെ. മഹാകീർത്തിമാനായ ഇന്ദ്രൻ ഞങ്ങൾക്കു് നന്മചെയ്യട്ടെ. സർവ്വജ്ഞനായ പൂഷാവു്- ഞങ്ങൾക്കു് നന്മചെയ്യട്ടെ. അപ്രതിരോധ്യഗതിമാനായ ഗരുഡൻ ഞങ്ങൾക്ക നന്മചെയ്യട്ടെ. ബൃഹസ്പതി ഞങ്ങൾക്ക നന്മചെയ്യട്ടെ; ഓം. ശാന്തി; ശാന്തി; ശാന്തിഃ.

1. ദേവാ ഹ വൈ പ്രജാപതിമബ്രുവൻ. കാ സീതാ കിം
   രൂപമിതി സ ഹോവാച പ്രജാപതിഃ സാ സീതേതി.
2. മൂലപ്രകൃതിരൂപത്വാത് സാ സീതാ പ്രകൃതിഃ സ്മൃതാ
   പ്രണവ പ്രകൃതിരൂപത്വാത് സാ സീതാ പ്രകൃതിരുച്യതേ.
3. സീതാ ഇതി ത്രിവർണ്ണാത്മാത്മസാക്ഷാൻമായാമയീ ഭവേത്
   വിഷ്ണുഃ പ്രപഞ്ചബീജം ച മായാ ഈകാര ഉച്യതേ.
4. സകാരഃ സത്യമമൃതം പ്രാപ്തിഃ സോമശ്ച കീർത്ത്യതേ.
   തകാരസ്താരലക്ഷ്മ്യാ ച വൈരാജഃ പ്രസ്തരഃ സ്മൃതഃ.

ഒരിക്കൽ പ്രജാപതിയായ ബ്രഹ്മാവിനോടു് ദേവന്മാർ ഇപ്രകാരം ചോദിച്ചു:- ഭഗവൻ, സീതാദേവിയുടെ രൂപം എങ്ങനെയാണു് അവർ ആരാണു്. ഇതു് ഞങ്ങൾക്കു് ദയവായി പറഞ്ഞുതന്നാലും'' അപ്പോൾ ബ്രഹ്മാവു് ഇപ്രകാരംപറഞ്ഞു:- സീതാദേവി, ശക്തിസ്വരൂപിണിയാണു്. മൂലപ്രകൃതിയായതുകൊണ്ടു് ആദേവിയെത്തന്നെ പ്രകൃതി എന്നുംപറയുന്നു. പ്രണവത്തിന്റെ പ്രകൃതി രൂപിണി എന്നനിലയിലും ആദേവിയെ പ്രകൃതി എന്നുപറയുന്നു. അവർ സാക്ഷാൽ യോഗമായ തന്നെയാണു്. സീത എന്ന അവരുടെ നാമം

മൂന്നവർണ്ണങ്ങളോടു കൂടിയതാണു്. സമ്പൂർണ്ണവിശ്വ പ്രപഞ്ചത്തിന്റെയും ബീജം ഭഗവാൻ വിഷ്ണു തന്നെയാണു്. അദ്ദേഹത്തിന്റെ യോഗമായയുടെ രൂപം ഈകാരമാണു്. സകാരത്തെ സത്യം, അമൃതം, സിദ്ധി, ചന്ദ്രൻ, പ്രാപ്തിഎന്നിവയുടെ വാചകമാണെന്നു പറയുന്നു. ദീർഘമായ അകാരയുക്തമായ തകാരം വിസ്തരിക്കുന്നതും, മഹാലക്ഷ്മീരൂപത്തോടു കൂടിയതാണെന്നും പറയുന്നു.

5. ഈകാരരൂപിണീ സോമാമൃതാവയവദിവ്യാലംകാരസ്രങ്ങ്
മൗക്തികാദ്യാഭരണാലംകൃതാ മഹാമായാ അവ്യക്ത
രൂപിണീ വ്യക്താ ഭവതി.

6. പ്രഥമാ ശബ്ദബ്രഹ്മമയീ സ്വാധ്യായകാലേ പ്രസന്നാ
ഉദ്ഭാവനകരീ സാത്മികാ ദ്വിതീയാ ഭൂതലേ ഹലാഗ്രേ സമുത്
പന്നാ തൃതീയാ ഈകാരരൂപിണീ അവ്യക്ത സ്വരൂപാ ഭവ
തീതി സീതേത്യുദാഹരന്തി ശൗനകീയേ.

ഈകാരയുക്തമായ അവ്യക്തമഹാമായ തന്റെ അത്ഭുതമയമായ അവയവങ്ങളിലും ദിവ്യങ്ങളായ വിഭൂഷണങ്ങളാൽ വിഭൂഷിതയായി വ്യക്തമാകുന്നു. (പ്രത്യക്ഷപ്പെടുന്നു) ദേവി (മൂന്നുരൂപങ്ങളോടുകൂടിയ) തന്റെ ഒന്നാമത്തെ രൂപത്തിൽ ശബ്ദബ്രഹ്മമയിയാണു്. അവർ പ്രസന്നയായി ബുദ്ധിരൂപത്തിൽ ബോധത്തെ പ്രദാനം ചെയ്യുന്നവളാകുന്നു. ദേവി തന്റെ ദ്വിതീയരൂപത്തിൽ ഈഭൂതലത്തിൽ വ്യക്തമായപ്പോൾ ജനകമഹാരാജാവിന്റെ യാഗഭൂമിയിൽ ഹലാഗ്രഭാഗത്തുനിന്നും പ്രത്യക്ഷപ്പെട്ടു. അവരുടെ തൃതീയരൂപം ഈകാരമയവും അവ്യക്തവുമാണു്. ഈ മൂന്നുരൂപങ്ങളുടെയും സംയുക്തരൂപത്തിൽനിന്നു് സീത എന്നനാമം ഉണ്ടായി എന്നുപറയപ്പെടുന്നു ശൗനകീയ തന്ത്രത്തിലും ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു.

7. ശ്രീരാമസാന്നിദ്ധ്യവശാജ്ജഗദാനന്ദകാരിണീ
ഉത്പത്തിസ്ഥിതിസംഹാരകാരിണീ സർവദേഹിനാം.

8. സീതാ ഭഗവതീ ജ്ഞേയാ മൂലപ്രകൃതിസംജ്ഞിതാ
പ്രണവത്വാത് പ്രകൃതിരിതി വദന്തി ബ്രഹ്മവാദിന ഇതി.

ശ്രീരാമന്റെ നിത്യസാന്നിദ്ധ്യം കൊണ്ടു് സീതാദേവി വിശ്വകല്യാണകാരിണി (ജഗദാധാരകാരിണി) യാണു്. അവർതന്നെയാണു് സർവ്വപ്രാണികളുടെയും ഉത്പത്തി, സ്ഥിതി. സംഹാരകാരിണിയായിരിക്കുന്നതു്. അവർ തന്നെയാണു് മൂലപ്രകൃതി എന്നനിലയിൽ പ്രസിദ്ധയായ ഭഗവതി. പ്രണവസ്വരൂപിണിയായതുകൊണ്ടു് ബ്രഹ്മജ്ഞാനികൾ അവരെ പ്രകൃതി എന്നു പറയുന്നു.

9. അഥാതോ ബ്രഹ്മജിജ്ഞാസാ ഇതി ച.

10. സാ സർവവേദമയീ സർവദേവമയീ സർവലോകമയീ സർവകീർത്തിമയീ സർവധർമ്മമയീ സർവാധാരകാര്യകാരണമയീ മഹാലക്ഷ്മീഃ ദേവേശസ്യ ഭിന്നാഭിന്നരൂപാ ചേതനാചേതനാത്മികാ ബ്രഹ്മസ്ഥാവരാത്മികാ തദ്ഗുണകർമ്മവിഭാഗഭേദാത് ശരീരരൂപാ. ദേവർഷിമനുഷ്യഗന്ധർവ്വരൂപാ അസുരരാക്ഷസ ഭൂതപ്രേതപിശാചഭൂതാദി ഭൂതശരീരരൂപാ ഭൂതേന്ദ്രിയമനഃ പ്രാണരൂപേതി ചവിജ്ഞായതേ.

സീതാദേവി, സർവ്വദേവമയിയും, സർവ്വവേദാത്മികയും, സർവ്വലോകാത്മികയും, സർവ്വകീർത്തിമയിയും, സർവ്വധർമ്മാത്മികയും, സർവ്വാധാരകാര്യ കാരണാത്മികയും, മഹാലക്ഷ്മിയും ആകുന്നു. അവർ ഭഗവാന്റെ ഭിന്നാഭിന്നസ്വരൂപിണിയാണെന്നും പറയപ്പെടുന്നു. അവർ ചേതനാചേതനാത്മികയും, ബ്രഹ്മസ്ഥാവരാത്മികയും, തത്ഗുണ കർമ്മവിഭാഗഭേദത്താൻ ശരീരാത്മികയും, ദേവർഷിമനുഷ്യ ഗന്ധർവരൂപിണിയും, അസുരരാക്ഷസ ഭൂതപ്രേത പിശാചാദികളുടെ ശരീരഭൂതയും, സർവ്വപ്രാണികളുടേയും ഇന്ദ്രിയമനപ്രാണരൂപിണിയും ആകുന്നു.

11. സാ ദേവീ ത്രിവിധാ ഭവതി- ശക്ത്യാസനേച്ഛാശക്തിഃ ക്രീയാശക്തിഃ സാക്ഷാത്ശക്തിരിതി.

12. ഇച്ഛാശക്തിഃ ത്രിവിധാഭവതി. ശ്രീഭൂമിനീലാത്മികാ ഭദ്രരൂപിണീ പ്രഭാവരൂപിണീ സോമസൂര്യാഗ്നിരൂപാ ഭവതി. സോമാത്മികാ ഓഷധീനാം പ്രഭവതി കല്പവൃക്ഷപുഷ്പഫലലതാഗുല്മാത്മികാ ഔഷധഭേഷജാത്മികാ അമൃതരൂപാ ദേവാനാം മഹത്സ്തോമഫലപ്രദാ അമൃതേന തൃപ്തിം ജനയന്തീ ദേവാനാമന്നേനപശൂനാം തൃണേന തത്തജ്ജീവാനാം സൂര്യാദി സകലഭുവനപ്രകാശിനീ ദിവാച രാത്രിഃ ലാകാനിമേഷമാരഭ്യ ഘടികാഷ്ടയാമ ദിവസ വാര രാത്രി ഭേദേന പക്ഷമാർതചയന സംവത്സരഭേദേന മനുഷ്യാണാം ശതായുഃ കല്പനയാ പ്രകാശമാനാ ചിരക്ഷിപ്രവ്യപദേശേന നിമേഷമാരഭ്യ പരാർധ പര്യന്തം കാലചക്രം ജഗത്ചക്രമിത്യാദി പ്രകാരേണ ചക്രവത് പരിവർത്തമാനാഃ. സർവസ്യൈതസ്യൈവ കാലസ്യ വിഭാഗവിശേഷാഃ പ്രകാശരൂപാഃ കാലരൂപാ ഭവന്തി.

ദേവി ശക്തി രൂപിണിയായി ഇച്ഛാശക്തി, ക്രിയാശക്തി, സാക്ഷാൽ ശക്തി എന്നീരൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ദേവിയുടെ ഇച്ഛാശക്തി യോടുകൂടിയ സ്വരൂപവും മൂന്നു വിധത്തിലുണ്ട്. ശ്രീദേവീ, ഭൂദേവീ, നീലാദേവീ എന്നീ രൂപങ്ങളിൽ. അവർ മംഗള രൂപിണി, പ്രഭാവരൂപിണി, ചന്ദ്രൻ, സൂര്യൻ, അഗ്നി എന്നീരൂപങ്ങളിലും അത്യന്തം തേജസ്വിനിയായി പ്രത്യക്ഷപ്പെടുന്നു. ദേവി ചന്ദ്രന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് ഓഷധികളെ പുഷ്ടിപ്പെടുന്നു. ദേവി, കല്പവൃക്ഷം, ലത, ഗുല്മം, പുഷ്പം, പത്രം, ഫലം, ഔഷധങ്ങൾ, മഹൗഷധങ്ങൾ, എന്നീ രൂപങ്ങളിലും പ്രത്യക്ഷപ്പെടുന്നു. അതേ ചന്ദ്രരൂപത്തിൽ ദേവി ദേവന്മാർക്ക് മഹസ്തോമയജ്ഞഫലം പ്രദാനം ചെയ്യുന്നു. അന്നംകൊണ്ട് പ്രാണികളേയും അമൃതം കൊണ്ട് ദേവന്മാരേയും തൃണം കൊണ്ട് പശുക്കളെയും തൃപ്തരാക്കുന്നു.

സൂര്യാദികൾക്ക പോലും പ്രകാശം പ്രദാനം ചെയ്യുന്ന ദേവി സർവ്വലോകത്തെയും പ്രകാശമാനമാക്കുന്നു. അവർ, രാത്രി, പകൽ, നിമിഷം, ഘടി, പക്ഷം, മാസം, ഋതു, അയനം സംവത്സരം എന്നീ ഭേദത്താൽ മനുഷ്യന് നൂറുവയസ്സ് പ്രദാനം ചെയ്തുകൊണ്ട് സ്വയംപ്രകാശസ്വരൂപിണിയായി വർത്തിക്കുന്നു.

നിമിഷം മുതൽ പരാദ്ധംവരെയും, വിളംബം, ശീഘ്രത എന്നീ ഭേദത്താൽ പരിപൂർണ്ണ കാലചക്രവും, ജഗത്ചക്രാദി ഭേദത്താൽ കാലത്തിലെ എല്ലാ അംഗപ്രത്യംഗങ്ങളും ദേവിയുടെ സ്വരൂപം തന്നെയാണ്. അതുകൊണ്ട് ദേവി പ്രകാശ സ്വരൂപിണിയും, കാലസ്വരൂപിണിയും ആകുന്നു.

15. അഗ്നിരൂപാ അന്നപാനാദി പ്രാണിനാം ക്ഷുത്തൃഷ്ണാത്മികാ
ദേവാനാം മുഖരൂപാ വനൗഷധീനാം ശീതോഷ്ണരൂപാ
കാഷ്ഠേഷ്വന്തർബഹിശ്ച നിത്യാനിത്യരൂപാ ഭവതി.

ദേവി അഗ്നിസ്വരൂപിണിയായി പ്രാണികൾക്ക് അന്നപാനാദികളാലും കുടിക്കുന്നതിന് വിശപ്പിന്റെയും, ദാഹത്തിന്റെയും രൂപത്തിലും, ദേവന്മാർക്ക് മുഖ്യരൂപത്തിലും, വൃക്ഷലതാദികൾക്ക് ശീതോഷ്ണരൂപത്തിലും മരത്തിന്റെ ഉള്ളിലും പുറത്തും, നിത്യാനിത്യ രൂപത്തിലും സ്ഥിതിചെയ്യുന്നു.

16. ശ്രീദേവീ ത്രിവിധം രൂപം കൃത്വാ ഭഗവത് സംകല്പാനുഗുണ്യേന
ലോകരക്ഷണാർത്ഥം രൂപം ധാരയതി ശ്രീരിതി ലക്ഷ്മീരിതി
ലക്ഷ്യമാണാ ഭവതീതി വിജ്ഞായതേ.

17. ഭൂദേവീസസാഗരാംഭഃ സപ്തദ്വീപാ വസുന്ധരാ ഭൂരാദിചതുർ
ദശഭുവനാനാമാധാരാധേയാ പ്രണവാത്മികാ ഭവതി.

18. നീലാ ച മുഖവിദ്യുന്മാലിനീ സർവ്വൗഷധീനാം സർവ്വ
പ്രാണിനാം പോഷണാർത്ഥം സർവ്വരൂപാ ഭവതി.

19. സമസ്ത ഭുവനസ്യാധോഭാഗേ ജലാകാരാത്മികാ മണ്ഡൂക
മയേതിഭുവനാധാരേതി വിജ്ഞായതേ.

20. ക്രിയാശക്തിസ്വരൂപം ഹരേർമുഖാന്നാദഃ. തന്നാദാദ്ബിന്ദുഃ.
ബിന്ദോരോംകാരഃ ഓംകാരാത്പരതോ രാമവൈഖാനസ
പർവ്വതഃ തത്പർവതേ കർമ്മജ്ഞാനമയീഭിർബഹുശാഖാ
ഭവന്തി.

തന്റെ ശ്രീദേവീരൂപത്തിൽ മൂന്നു വിധത്തിൽ രൂപം ധരിക്കുന്ന സീതാ ദേവി സർവലോകസംരക്ഷണാർത്ഥം പ്രത്യക്ഷീഭവിക്കുന്നു. ആ സമയത്ത് ദേവിയുടെ സ്വരൂപം ലക്ഷ്മിയുടെ രൂപത്തിലാണ് കാണപ്പെടുന്നത്. ജലമയമായ സമുദ്രത്തോടുകൂടിയ സപ്തദ്വീപമായ പൃഥ്വിയുടെ രൂപത്തിൽ പതിന്നാലു ലോകത്തിനും ആശ്രയ ഭൂതയായി പ്രണവ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. ദേവിയുടെ ആ സ്വരൂപത്തെ ഭൂദേവി എന്നു പറയുന്നു. എല്ലാവൃക്ഷലതാദികളുടെയും പ്രാണികളുടെയും പോഷണാർത്ഥം സർവസ്വരൂപിണിയും വിദ്യുത്മായയെപ്പോലെയുള്ള മുഖത്തോടുകൂടി നീലാ ദേവിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. ആ ആദിശക്തി തന്നെ സകല ഭുവനങ്ങളുടെയും അടിയിൽ ജലരൂപത്തിൽ ഭുവനങ്ങൾക്ക് ആശ്രയമായി വർത്തിക്കുന്നു. ഭഗവാൻ വിഷ്ണുവിന്റെ മുഖത്തുനിന്നും സീതാദേവിയുടെ ആ ക്രിയാശക്തി രൂപം നാദരൂപത്തിൽ പ്രകടമായി. ആ നാദത്തിൽ നിന്ന് ബിന്ദുവും ബിന്ദുവിൽനിന്ന് ഓം കാരവും വ്യക്തമായി. ഓം കാരത്തിനും അപ്പുറത്തായി രാമനാകുന്ന വൈഖാനസപർവതമുണ്ട്. അതിന് കർമ്മജ്ഞാന സംബന്ധികളായ അനേകം ശാഖകളുണ്ട്.

21. തത്ര ത്രയീമയം ശാസ്ത്രമാദ്യം സർവാർത്ഥ ദർശനം
ഋഗ്‌യജ്ജു: സാമ രൂപത്വാത് ത്രയീതി പരികീർത്തിതാ.

22. ഹേതുനാ കാര്യസിദ്ധേന ചതുർധാ പരികീർത്തിതാ
ഋചോ യജൂംഷി സാമാന്യഥർവാംഗിരസസ്തഥാ

23. ചാതുർഹോത്രപ്രധാനത്വാത് ലിംഗാദി ത്രിതയം ത്രയീ
അഥർവാംഗിരസം രൂപം സാമഋഗ്യജുരാത്മകം

24. തഥാ ദിശന്ത്യാഭിചാര സാമാന്യേന പൃഥക് പൃഥക്.
ഏകവിംശതിശാഖായാ ഋഗ്വേദ: പരികീർത്തിതഃ.

25. ശതം ച നവശാഖാസു യജുഷാമേവ ജന്മനാം
സാമ്ന: സഹസ്രശാഖാ: സ്യു: പഞ്ചശാഖാ അഥർവണ:

26. വൈഖാനസമതസ്തസ്മിന്നാദൗ പ്രത്യക്ഷദർശനം
സ്മര്യതേ മുനിഭിർ നിത്യം വൈഖാനസമതഃപരം
27. കല്പോ വ്യാകരണം ശിക്ഷാ നിരുക്തം ജ്യോതിഷം
ഛന്ദ ഏതാനി ഷഡംഗാനി.
28. ഉപാംഗമയനം ചൈവ മീമാംസാ ന്യായവിസ്തര:
ധർമ്മജ്ഞസേവിതാർത്ഥം ച വേദവേദോഽധികം തഥാ
29. നിബന്ധാ: സർവശാഖാ ച സമയാചാരസംഗതിഃ.
ധർമ്മശാസ്ത്രം മഹർഷീണാമന്ത:കരണസംഭൃതം
30. ഇതിഹാസപുരാണാഖ്യമുപാംഗം ച പ്രകീർത്തിതം
വാസ്തുവേദോ ധനുർവേദോ ഗന്ധർവശ്ച തഥാ മുനേ
ആയുർവേദശ്ച പഞ്ചൈതേ ഉപവേദാ: പ്രകീർത്തിതാഃ
31. ദണ്ഡോ നീതിശ്ച വാർത്താ ച വിദ്യാവായുജയ: പര:
ഏകവിംശതി ഭേദോഽയം സ്വപ്രകാശ: പ്രകീർത്തിത:

ആപർവ്വതത്തിൽ സർവ്വാത്മകങ്ങളും വ്യക്തമാകുന്ന വേദത്രയീ എന്ന ആദിശാസ്ത്രമുണ്ടു്. ആവേദത്രയീ ഋക്, യജുസ്, സാമം തന്നെയാണു് കാരസിദ്ധിക്കായി നാലു നാമങ്ങളോടുകൂടിയതായിത്തീരുന്നതു്. യജ്ഞകർമ്മത്താൽ ദേവസ്വരൂപങ്ങളുടെ ഉപഭോഗമായതുകൊണ്ടു മൂന്നു വേദങ്ങളും മാത്രമേപരിഗണിക്കപ്പെടുന്നുള്ളു. നാലാമത്തേ വേദമായ അഥർവാംഗിരസ്സും ആ മൂന്നു വേദങ്ങളുടേയും സ്വരൂപംതന്നെയാണു്.

ഋഗ്വേദത്തിനു് ഇരുപത്തിഒന്നും, യജുർവേദത്തിനു് നൂററിഒൻപതും, സാമവേദത്തിനു് ആയിരവും അഥർവവേദത്തിനു് അഞ്ചുംശാഖകളും ഉണ്ടെന്നു് പറയപ്പെടുന്നു. ഇവയിൽ ആദ്യമായി വൈഖാനസ മതംതന്നെയാണു് പ്രത്യക്ഷദർശനമായിപരിഗണിച്ചിട്ടുള്ളതു്. അതുകൊണ്ടു മഹർഷിമാർ വൈഖാനസത്തെത്തന്നെ സ്മരിച്ചുകൊണ്ടിരിക്കുന്നു. ജ്ഞാനികൾ വേദങ്ങളോടൊപ്പം കല്പം, വ്യാകരണം, ശിക്ഷ, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ്, എന്നീ ആറുവേദാംഗങ്ങളും, അയനം, മീമാംസ, ന്യായം ശാസ്ത്രവിസ്താരം എന്നീമൂന്നു ഉപാംഗങ്ങളും അധ്യയനം ചെയ്യുന്നു. പുരാണേതിഹാസങ്ങൾ, വാസ്തുവേദം ധനുർവേദം, ഗാന്ധർവവേദം എന്നീ അഞ്ചു് ഉപവേദങ്ങളും ഉണ്ടു്. ഇവയോടൊപ്പം തന്നെ വ്യാപാരം, ദണ്ഡം, നീതി, പരതത്വസ്ഥിതി മുതലായ വിഷയങ്ങളും സ്വയം പ്രകടമായ വിഭിന്നശാസ്ത്രങ്ങളുമുണ്ടു്.

32. വൈഖാനസഋഷേ: പൂർവ്വം വിഷ്ണോർവാണീ സമുദ്ഭവേത്
ത്രയീരൂപേണ സങ്കല്പ്യ ഇത്ഥം ദേഹീ വിജൃംഭതേ.

33. സംഖ്യാരൂപേണസങ്കല്പ്യ വൈഖാനസഋഷേ; പുരാ ഉദിതോ യാദൃശ: പൂർവ്വം താദൃശം ശൃണു മേ ഽഖിലം ശബ്ദ്ബ്രഹ്മമയംരൂപം ക്രിയാശക്തിരുദാഹൃതാ.

പണ്ട് വൈഖാനസ ഋഷിയുടെ ഹൃദയത്തിൽ ഭഗവാൻ വിഷ്ണുവിൻെറ വാണി പ്രകടമായി. അതേവാണിതന്നെ വേദത്രയീരൂപത്തിൽ സങ്കല്പിതമായി. വൈഖാനസൻ ആ വാണിയെ സംഖ്യാരൂപത്തിൽ, ബ്രഹ്മാത്മകരൂപം ധരിക്കുന്ന ക്രിയാശക്തിതന്നെയാണ് ഭഗവാൻെറ സാക്ഷാത്ശക്തി എന്നു് പ്രകടമാക്കി.

34. സാക്ഷാത് ശക്തിർ ഭഗവത: സ്മരണമാത്രരൂപാ വിർഭാവപ്രാദുർഭാവാത്മികാ നിഗ്രഹാനുഗ്രഹരൂപാ ശാന്തിതേജോരൂപാ വ്യക്താവ്യക്തകാരണചരണസമഗ്രാവയവമുഖവർണ്ണഭേദാഭേദരൂപാ ഭഗവത്സഹചാരിണ്യനപായിന്യനവരതസഹാശ്രയിണ്യുദിതാനുദിതാകാരാ നിമേഷോന്മേഷസൃഷ്ടിസ്ഥിതിസംഹാരതിരോധാനാനുഗ്രഹാദിസർവ്വശക്തിസാമർത്ഥ്യാത് സാക്ഷാത്ശക്തിരിതിഗീയതേ.

ഭഗവാൻെറ ഇച്ഛകൊണ്ടു മാത്രം അവർ പ്രപഞ്ചത്തിൻെറ രൂപങ്ങളെ പ്രകടമാക്കിക്കൊണ്ടു് ഈ ദൃശ്യപ്രപഞ്ചത്തിൽ സ്വയം വ്യക്തമാകുന്നു. അവർ നിഗ്രഹാനുഗ്രഹരൂപിണിയും, ശാന്തി തേജോരൂപിണിയും, വ്യക്താവ്യക്ത കാരണഭൂതയും, ഭഗവാൻെറ സഹചാരിണിയും, അദ്ദേഹത്തിൽനിന്നും അഭിന്നയും, പ്രഭുവിനെ സമാശ്രയിക്കുന്നവളും, വാച്യവും അവാച്യവുമായ രൂപങ്ങളോടു കൂടിയവളും നിമേഷോന്മേഷങ്ങളും, ഉത്പത്തി, സ്ഥിതി, വിനാശം തിരോധാനം അനുഗ്രഹം എന്നിവയുടെ സാമർത്ഥ്യത്തോടുകൂടിയവളും അവിനാശിനിയായതുകൊണ്ടു് സാക്ഷാത്ശക്തിയെന്നുപറയപ്പെടുന്നവളും ആകുന്നു.

35. ഇച്ഛാശക്തി ത്രിവിധാ പ്രളയാവസ്ഥായാം വിശ്രമണാർത്ഥം ഭഗവതോ ദക്ഷിണവക്ഷസ്ഥലേ ശ്രീവത്സാകൃതിർഭൂത്വാ വിശ്രാമ്യതീതിസാ യോഗശക്തി:.

സീതാ ദേവിയുടെ ഇച്ഛാശക്തി രൂപവും മൂന്നുവിധമാണ്. ആ യോഗശക്തിതന്നെയാണ് പ്രളയകാലത്തു് വിശ്രമാർത്ഥം ഭഗവാൻെറ വക്ഷപ്രദേശത്ത് വലതുഭാഗത്തായി ശ്രീവത്സാകൃതിയിൽ വിശ്രമിക്കുന്നതു്.

36. ഭോഗശക്തിർ ഭോഗരൂപാ കല്പവൃക്ഷ കാമധേനു ചിന്താമണി ശംഖപത്മ നിധ്യാദിനവനിധി സമാശ്രിതാ ഭഗവദുപാസ

കാനാംകാമനയാ (കാമനയാ വാ ഭക്തിയുക്താ നരം നിത്യ നൈമിത്തികകർമ്മഭിരഗ്നിഹോത്രാദിഭിർ വാ യമനിയമാസന പ്രാണായാമ പ്രത്യാഹാരധ്യാന ധാരണാ സമാധിഭിർ വാലേ മനണപി ഗോപുര പ്രാകാരാദി ഭിർവിമാനാദിഭിഃ സഹ ഭഗവദ് വിഗ്രഹാർച്ചാപൂജോപകരണൈരർച്ചനൈഃ സ്നാനാദിഭിർ വാ പിതൃപൂജാദിഭിരന്നപാനാദിഭിർ വാ ഭഗവത്പ്രീത്യർത്ഥ മുക്ത്വാ സർവംക്രിയതേ.

അവൾ തന്നെയാണ് ഭോഗരൂപിണീശക്തി. അവൾ കല്പവൃക്ഷാദി നവനിധികളിൽ നിവസിക്കുന്നവളാണ്. അവർ ഭഗവദ്ഭക്തന്മാരുടെ ഇച്ഛാനിച്ഛാപൂർവ്വം. നിത്യനൈമിത്തികകർമ്മത്താൽ യജ്ഞാദികർമ്മങ്ങൾ, യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധ്യാനം, ധാരണ, സമാധി എന്നിവമുഖേന ഉപാസിക്കുന്നവർക്ക് ഉപാദാനാർത്ഥം, വിടിന്ന ഭോഗങ്ങളെ പ്രദാനം ചെയ്യുന്നു. അവൾതന്നെയാണ് ഭഗവദ്വിഗ്രഹപൂജയ്ക്കായിട്ടുള്ള സാമഗ്രികളും, തീർത്ഥജലവും, അന്നവും, രസവും, സമ്പാദിക്കുന്നത്.

37. അഥാതോ വീരശക്തിശ്ചതുർഭുജാ (ഭയ വരദ പദ്മധരാ കിരീടാഭരണയുതാ സർവദേവൈഃ പരിവൃതാ കല്പതരുമൂലേ ചതുർഭിർഗജൈരത്നഘടൈ രമൃതജലൈരഭിഷിച്യമാനാ സർവദേവതൈർ ബ്രഹ്മാദിഭിർ വന്ദ്യമാനാ അണിമാദ്യൈശ്വര്യയുതാ സംമുഖേ കാമധേനുനാ സ്തൂയമാനാ വേദശാസ്ത്രാദിഭിഃസ്തൂയമാനാ ജയാദ്യപ്സരഃസ്ത്രീഭിഃ പരിചര്യമാണാ ആദിത്യസോമാഭ്യാം ദീപാഭ്യാം പ്രകാശ്യമാനാ തുംബുരു നാരദാദിഭിർഗീയമാനാ രാകാസിനീവാലീഭ്യാം ഛത്രേണ ഹ്ലാദിനീമായാഭ്യാം ചാമരേണ സ്വാഹാസ്വധാഭ്യാം വ്യജനേന ഭൃഗുപുണ്യാദിഭിരഭ്യർച്ച്യമാനാ ദേവീ ദിവ്യസിംഹാസനേ പദ്മാസനാരൂഢാ സകലകാരണകാര്യകരീ ലക്ഷ്മീർദേവസ്യ പൃഥക് ഭവന കല്പനാ. അലംചകാര സ്ഥിരാ പ്രസന്ന ലോചനാ സർവദേവതൈഃ പൂജ്യമാനാ വീരലക്ഷ്മീരിതി വിജ്ഞായത. ഇത്യുപനിഷത്.

സീതാദേവിയുടെ വീരശക്തിരൂപം ചതുർഭുജങ്ങളോടുകൂടിയതാകുന്നു. അവരുടെ കൈകളിൽ വരദമുദ്ര, അഭയമുദ്ര, രണ്ടുതാമര എന്നിവ ശോഭിക്കുന്നു. അവർ കിരീടത്തിനാലും മററ് ആഭരണങ്ങളാലും സമലംകൃതയായിരിക്കുന്നു. നാലുവെള്ളാനകൾ രത്നഖചിതമായ കലശങ്ങളിൽ കൂടി അമൃതജലം കൊണ്ട്

അവരെ അഭിഷേകം ചെയ്യുന്നു. എല്ലാദേവന്മാരും അവർക്കുചുററും നില്ക്കുന്നു. ബ്രഹ്മാദി ദേവന്മാർ അവരെ സ്തുതിക്കുന്നു. അണിമാദികളായ അഷ്ടൈശ്വര്യങ്ങളാൽ സമ്പന്നയായ ലക്ഷ്മീരൂപിണിയായ സീതാദേവിയെ കാമധേനു വന്ദിക്കുന്നു വേദശാസ്ത്രാദികൾ ദേവന്മാരുടെ രൂപംപൂണ്ടു് അവരെസ്തുതിക്കുന്നു. ജയാദി ദേവാംഗനമാർ അവരെ പരിചരിക്കുന്നു. രാക എന്നും, സിനീവാലി എന്നും പേരുള്ള രണ്ടു ദേവിമാർ കുടപിടിച്ചുകൊണ്ടു നില്ക്കുന്നു. ഹ്ളാദിനിയും, മായയും വെൺചാമരം വീശുന്നു. സ്വാഹയും, സ്വധയും, താലവൃന്തത്താൽ വീശുന്നു. ഭൃഗുതുടങ്ങിയുള്ള മഹാത്മാക്കൾ അവരെ പൂജിക്കുന്നു. സൂര്യചന്ദ്രന്മാർ ദീപരൂപത്തിൽ അവിടെ പ്രകാശം വിതറിക്കൊണ്ടിരിക്കുന്നു. തുംബുരുനാരദാദികൾ ദേവിയുടെ ഗുണങ്ങൾ ഗാനം ചെയ്യുന്നതിൽ മുഴുകിയിരിക്കുന്നു. ദേവി ദിവ്യ സിംഹാസനത്തിൽ സ്ഥിതിചെയ്യുന്ന അഷ്ടദല കമലത്തിൽ വിരാജിക്കുന്നു. ആദേവി തന്നെയാണ് എല്ലാകാര്യങ്ങളുടേയും കാരണങ്ങളുടേയും വിധാത്രി. അവർ ദിവ്യാഭരണങ്ങളാൽ സ്വയം വിഭൂഷിത യായിരിക്കുന്നു. അവർ ദേവന്മാരാൽ പൂജിതയായി പ്രസന്നനേത്രങ്ങളോടുകൂടി സ്ഥിതിചെയ്യുന്ന വീരലക്ഷ്മിയാണ്. ഇപ്രകാരം ഭഗവാനിൽ നിന്നും ഭിന്നമായി അവരെ ധ്യാനിക്കണം.

സീതോപനിഷത്തു്സമാപിച്ചു.

# ദേവ്യുപനിഷത്ത്

## ശാന്തിപാഠം

ഓം ഭദ്രം കർണ്ണേഭിഃ ശ്രുണുയാമ ദേവാ ഭദ്രം പശ്യേമാക്ഷഭിർയ ജത്രാഃ സ്ഥിരൈരംഗൈസ്തുഷ്ടുവാംസസ്തനൂഭിർ വ്യശേമ ദേവ ഹിതം യദായുഃ സ്വസ്തി ന ഇന്ദ്രോ വൃദ്ധശ്രവാ സ്വസ്തിനഃ പൂഷാ വിശ്വവേദാ സ്വസ്തി നസ്താർക്ഷ്യോ അരിഷ്ടനേമിഃ സ്വസ്തി നോ ബൃഹസ്പതിർ ദധാതു. ഓം. ശാന്തിഃ ശാന്തിഃ ശാന്തിഃ.

അല്ലയോസംപൂജ്യരായ ദേവന്മാരേ, ഞങ്ങൾ കാതുകൾ കൊണ്ട് നല്ലതു കേൾക്കട്ടെ. കണ്ണുകൾകൊണ്ട് നല്ലതു കാണട്ടെ, സുദൃഢങ്ങളായ അംഗങ്ങളാലും ദേഹംകൊണ്ടും നിങ്ങളെസ്തുതിച്ചു കൊണ്ടിരിക്കട്ടെ ദേവന്മാർ ഞങ്ങൾക്ക നിശ്ചയിച്ചിട്ടുള്ള ആയുസ്സുമുഴവൻ ഞങ്ങൾ അനുഭവിക്കട്ടെ. മഹാകീർത്തിമാനായ ഇന്ദ്രൻ ഞങ്ങൾക്ക നന്മചെയ്യട്ടെ. പൂഷാവ് ഞങ്ങൾക്ക നന്മചെയ്യട്ടെ. അപ്രതിരോധ്യ ഗതിമാനായ ഗരുഡൻ ഞങ്ങൾക്ക നന്മചെയ്യട്ടെ. ബൃഹസ്പതി ഞങ്ങൾക്ക നന്മചെയ്യട്ടെ. ഓം: ശാന്തിഃ ശാന്തിഃ ശാന്തിഃ.

1. ഹരിഃ ഓം. സർവ്വേ വൈ ദേവാ ദേവീമുപതസ്ഥുഃ. കാസി ത്വം മഹാദേവി. സാ അബ്രവിദഹംബ്രഹ്മസ്വരൂപിണീ. മത്തഃ പ്രകൃതിപുരുഷാത്മകം ജഗത് ശൂന്യം ചാശൂന്യം ച അഹം ആനന്ദാനാനന്ദാഃ വിജ്ഞാനാവിജ്ഞാനേ അഹം. ബ്രഹ്മാ ബ്രഹ്മണീ വേദിതവ്യേ. ഇത്യാഹാഥർവണീ ശ്രുതിഃ.

ഒരിക്കൽ ദേവന്മാരെല്ലാവരുംകൂടി ദേവിയെ സമീപിച്ച് ഇപ്രകാരം ചോദിച്ചു. ഹേ മഹാദേവീ അവിടത്തെക്കുറിച്ച് ഞങ്ങൾക്ക പറഞ്ഞുതന്നാലും. അവിടുന്ന് ആരാണ്? ദേവിപറഞ്ഞു;- ഞാൻ ബ്രഹ്മസ്വരൂപിണിയാകുന്നു. കാര്യകാരണ രൂപവും, പ്രകൃതി പുരുഷാത്മകവുമായ ഈ വിശ്വം എന്നിൽ നിന്നുമാണ് ഉണ്ടായിട്ടുള്ളത്. ഞാൻ ആനന്ദരൂപിണിയും, ആനന്ദരഹിതരൂപിണിയും ആകുന്നു. ഞാൻ വിജ്ഞാനമയിയും, അവിജ്ഞാന രൂപിണിയും ആകുന്നു. ഞാൻ ജ്ഞാതവ്യമായ (അറിയേണ്ട) ബ്രഹ്മവും ബ്രഹ്മത്തിനും അതീതയുമാണ്. എന്ന് അഥർവണീശ്രുതിപറയുന്നു.

2. അഹം പഞ്ചഭൂതാന്യപഞ്ചഭൂതാനി. അഹമഖിലം ജഗത്, വേദോഹമവേദോഹം.വിദ്യാഹമവിദ്യാഹം.അജാഹമനജാഹം അധശ്ചോർദ്ധ്വം ച തിര്യക്ചാഹം. അഹംരുദ്രേഭിർ വസുഭിശ്ച രാമ്യഹമാദിത്യൈരുത വിശ്വദേവൈഃ. അഹം മിത്രാവരുണാവുഭൗ ബിഭർമ്യഹമിന്ദ്രാഗ്നി അഹമശ്വിനാവുഭൗ. അഹം സോമം ത്വഷ്ടാരം പൂഷണം ഭഗം ദധാമ്യഹം. വിഷ്ണും ഉരുക്രമം ബ്രഹ്മാണമുത പ്രജാപതിം ദധാമി. അഹംദധാമി. ദ്രവിണം ഹവിഷ്മതേ സുപ്രാവ്യേ 3. യജമാനായ സുന്വതേ. അഹം രാഷ്ട്രീ സംഗമനീ വസൂനാമഹം സുവേ പിതരമസ്യ മൂർധൻ മമ യോനി രപ്സ്വന്തഃ സമുദ്രേ. ഏവം വേദ സ ദേവീപദമാപ്നോതി.

ഞാൻ പഞ്ചീകൃതം അഥവാ അപഞ്ചീകൃത മഹാഭൂതമാണു് ഈ കാണുന്ന ദൃശ്യപ്രപഞ്ചം മുഴുവനും ഞാനാകുന്നു. വിദ്യയും,അവിദ്യയും,വേദവും,അവേദവും അജയും, അനജയും, ഞാൻ തന്നെ ആകുന്നു. മുകളിലും താഴെയും ഞാൻതന്നെയാണു്. ഇരുപാർശ്വങ്ങളിലും ഞാൻ തന്നെയാണു്. ഞാൻരുദ്രന്മാരുടെയും വസുക്കളുടെയും രൂപത്തിൽ സഞ്ചരിക്കുന്നവളാകുന്നു. ഞാൻ ആദിത്യന്മാരുടെയും വിശ്വദേവകളുടെയും രൂപത്തിൽ ചുററി സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. ഞാൻ തന്നെയാണു് മിത്രാവരുണന്മാരെയും, ഇന്ദ്രാദികളെയും, അശ്വിനീദേവന്മാരെയും സംരക്ഷിക്കുന്നതു്. സോമൻ, പൂഷാവു്, ഭഗൻ, ത്വഷ്ടാവു് എന്നിവരെ ഞാൻ തന്നെയാണു് ധരിക്കുന്നതു്. ഞാൻ ത്രിഭുവനങ്ങളേയും ആക്രമിക്കുവാൻ പദക്ഷേപം ചെയ്യുന്നു. ഞാൻ വിഷ്ണുവിനെയും, ബ്രഹ്മാവിനെയും, പ്രജാപതിയേയും ധരിക്കുന്നവളാണു്. ഞാൻ ദേവന്മാർക്കുവേണ്ടി ഹവിർവാഹകനും, സോമാഭിഷേകംചെയ്യുന്ന യജമാനനും വേണ്ടിഹവിസ്സുചേർന്ന ധനങ്ങളെ ധരിക്കുന്നു. ഞാൻ ഉപാസകന്മാർക്കു് ധനദായിനിയും, ജ്ഞാനവതിയും യജ്ഞങ്ങളിൽ നായികയും, സമ്പൂർണ്ണവിശ്വത്തിന്റെയും അധീശ്വരിയും ആകുന്നു. വിശ്വപിതാവാകുന്ന ആകാശത്തെ പരമാത്മാവിനും ഉപരിയായി പ്രകടിപ്പിക്കുന്നതു ഞാൻതന്നെ യാണു്. എന്റെ സ്ഥാനം ആത്മരൂപ ധാരിണിയായ ബുദ്ധിവൃത്തിയിലാകുന്നു. ഇപ്രകാരം അറിയുന്ന ജ്ഞാനി ദേവിയുടെ പദത്തെ പ്രാപിക്കുന്നു.

3. തേ ദേവാ അബ്രുവൻ. നമോ ദേവ്യൈ മഹാദേവ്യൈ ശിവായൈ സതതം നമഃ. നമഃ പ്രകൃത്യൈ ഭദ്രായൈ നിയതാഃ പ്രണതാഃ സ്മ താം.

ദേവന്മാർ പറഞ്ഞു:- ദേവിക്കു നമസ്കാരം, മഹാപുരുഷന്മാരെയും അവരുടെകർത്തവ്യങ്ങളിൽ പ്രവൃത്ത്യുന്മുഖരാക്കുന്ന കല്യാണകാരിണിയായ മഹാദേവിക്കുനമസ്ക്കാരം. ഞങ്ങൾ ആദേവിയെ വിധിപോലെ പ്രണമിക്കുന്നു. ഗുണങ്ങളാൽ സാമ്യാവസ്ഥയോടുകൂടിയ കല്യാണിക്കു നമസ്കാരം.

4. താം അഗ്നിവർണ്ണാം തപസാ ജ്വലന്തീം വൈരോചനീം കർമ്മഫലേഷുജുഷ്ടാം ദുർഗ്ഗാം, ദേവീം ശരണമഹം പ്രപദ്യേ സുതരാം നാശയതേ തമഃ.

5. ദേവീം വാചമജനയന്ത ദേവാസ്താം വിശ്വരൂപാഃ പശവോ വദന്തി സാ നോ മന്ദ്രേഷമൂർജം ദുഹാനാ ധേനുർവാഗസ്മാനുപ സുഷ്ടുതൈതു.

6. കാലരാത്രീം, ബ്രഹ്മസ്തുതാം വൈഷ്ണവീം സ്കന്ദമാതരം സരസ്വതീമദിതിം ദക്ഷദുഹിതരം നമാമഃ പാവനാം ശിവാം.

7. മഹാലക്ഷ്മീശ്ച വിദ്മഹേ സർവ്വസിദ്ധിശ്ച ധീമഹി. തന്നോ ദേവീ പ്രചോദയാത്.

8. അദിതിർഹ്യജനിഷ്ട ദക്ഷ യാ ദുഹിതാ തവ താം ദേവാ അന്വജായന്ത ഭദ്രാ അമൃതബന്ധവഃ.

അഗ്നിയെപ്പോലെ തേജോമയിയും തപസ്സാൽ പ്രകാശമാനയും കർമ്മഫലസിദ്ധിക്കായി സേവ്യമാനയും ഭക്തന്മാർക്കു പ്രിയയുമായ ഭഗവതി ദുർഗ്ഗാദേവിയെ ഞങ്ങൾ ശരണം പ്രാപിക്കുന്നു. ഹേ ദൈത്യനാശിനിയായ ദേവീ അവിടത്തേക്കു് നമസ്കാരം. ദേവന്മാരാൽ സൃഷ്ടിക്കപ്പെട്ട വൈഖരീവാണി വിഭിന്നരീതിയിലുള്ള പ്രാണികൾ ഉച്ചരിക്കുന്നു. കാമധേനുവിനെപ്പോലെ സുഖദായിനിയും, അന്നം, ബലം എന്നിവയെ പ്രദാനം ചെയ്യുന്നവളും വാണീരൂപിണിയുമായ ദേവി ഞങ്ങളുടെ ശ്രേഷ്ഠമായ സ്തുതിയാൽ സന്തുഷ്ടയായി ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടട്ടെ. വേദങ്ങളാൽ സ്തുതിക്കപ്പെട്ടവളും കാലനാശിനിയും, വിഷ്ണുശക്തിയും, സരസ്വതിയും, സ്കന്ദമാതാവും, അദിതിയും, ദക്ഷകന്യകയായ സതിയും, കല്യാണമയിയും, പാപനാശിനിയും ആയ ഭഗവതിയെ ഞങ്ങൾ നമസ്കരിക്കുന്നു. സർവ്വശക്തി രൂപിണിയായ ഭഗവതി മഹാലക്ഷ്മിയെ പരിചയമുള്ള ഞങ്ങൾ അവരെ സദാ ധ്യാനിക്കുന്നു. ആ ദേവി ഞങ്ങൾക്കു് പ്രചോദനം നൽകട്ടെ. ഹേ ദക്ഷപ്രജാപതേ, അങ്ങയുടെ പുത്രിയെ അദിതി പ്രസവിച്ചതിനു ശേഷമാണു് അമൃതത്വഗുണത്തോടുകൂടിയ ദേവന്മാർ സൃഷ്ടിക്കപ്പെട്ടതു്.

9. കാമോ യോനിഃ കാമകലാ വജ്രപാണിർഗുഹാ ഹസാ മാതരിശ്വാഭ്രമിന്ദ്രഃ പുനർഗുഹാ സകലാ മായയാ ച പുരുഃ കോശാ വിശ്വമാതാ ദിവി ദ്യോം.

കാമം, യോനി, കല, വജ്രി, ഗുഹ, വർണ്ണം, വായു, അഭ്രം, വജ്രപാണി, ഗുഹ, സകലരൂപവർണ്ണമായ-ഇവയെല്ലാം ജഗജ്ജനനിയുടെ ബ്രഹ്മരൂപിണിയായ മൂലവിദ്യയാണു്.

11. ഏഷാത്മശക്തിഃ ഏഷാ വിശ്വമോഹിനീ പാശാംകുശധനുർബാണ ധരാ ഏഷാ ശ്രീമഹാവിദ്യാ യ ഏവം വേദ സ ശോകം തരതി.

നമസ്തേ അസ്തു ഭഗവതീ ഭവതീ മാതരസ്മാൻ പാതു സർവ്വതഃ.

ഇവർ വിശ്വമോഹിനിയും പാശാംകുശധനുഷ്ബാണ ധാരിണിയും ആയ പരബ്രഹ്മ ശക്തിയാകുന്നു. ഇവർ തന്നെയാണ് ശ്രീമഹാവിദ്യ. ഇപ്രകാരം അറിയുന്നവൻ ശോക സന്താപത്തിൽനിന്നും മുക്തനായിത്തീരുന്നു. ഹേ ജഗന്മാതാവേ, അവിടത്തേക്ക നമസ്കാരം. അവിടുന്ന് എല്ലാവിധത്തിലും ഞങ്ങളെ സംരക്ഷിക്കുന്നവളായിത്തീരട്ടെ.

12. സൈഷാഷ്ടൗ വസവഃ, സൈഷാ ഏകാദശരുദ്രാ:സൈഷാ ദ്വാദശാദിത്യാഃസൈഷാവിശ്വദേവാഃസോമപാഅസോമപാശ്ച സൈഷായാതുധാനാ അസുരാ രക്ഷാംസി പിശാച യക്ഷാ: സിദ്ധാ: സൈഷാ സത്ത്വരജസ്തമാംസി. സൈഷാ പ്രജാപതീന്ദ്രമനവ: സൈഷാ ഗ്രഹാ നക്ഷത്ര ജ്യോതീംഷി കലാ കാഷ്ഠാദി കാലരൂപിണീ താമഹം പ്രണൗമി നിത്യം.

അവർ തന്നെയാണ് ഏകാദശരുദ്രന്മാരും, ദ്വാദശാദിത്യന്മാരും, അഷ്ടവസുക്കളും. അവർതന്നെയാണ് സോമപായികളും വിശ്വദേവന്മാരും, അവർതന്നെയാണ് യാതുധാനന്മാരും, ദൈത്യരാക്ഷസന്മാരും, പിശാചുക്കളും, യക്ഷന്മാരും, സിദ്ധന്മാരും, അവർതന്നെയാണ് ഈവിഷ്ണുസ്വരൂപിണിയും രുദ്രരൂപിണിയും സത്വരജസ്തമ കലാകാഷ്ഠാദി സഹിതയായ കാലസ്വരൂപിണി ഭോഗദായിനിയും, മോക്ഷദായിനിയും, പാപനാശിനിയും, വിജയത്തിൻെറ അധിഷ്ഠാത്രിയും അന്തത്തിനും അതീതയും മംഗളസ്വരൂപിണിയും ദോഷരഹിതയും ഇവർതന്നെ. ഞങ്ങൾ ആദേവിയെ നിത്യവും നമസ്കരിക്കുന്നു.

13. താപാപഹാരിണീം ദേവീം ഭുക്തിമുക്തിപ്രദായിനീം
അനന്താം വിജയാം ശുദ്ധാം ശരണ്യാം ശിവദാം ശിവാം.
14. വിയദീകാരസംയുക്തം വീതിഹോത്രസമന്വിതം
അർദ്ധേന്ദുലസിതം ദേവ്യാ ബീജം സർവ്വാർത്ഥസാധകം
15. ഏവമേകാക്ഷരം മന്ത്രം യതയ:ശുദ്ധചേതസ:
ധ്യായന്തി പരമാനന്ദമയാ ജ്ഞാനാംബുരാശയ:
16. വാങ്മയാ ബ്രഹ്മഭൂസ്തസ്മാത് ഷഷ്ഠം വക്ത്രസമന്വിതം.
സൂര്യോവാമശ്രോത്രബിന്ദു: സംയുതാഷ്ടതൃതീയക:.

16. നാരയണേന സംയുക്തോ വായുശ്ചാധരസംയുതഃ
വിച്ചേ നവാർണ്ണകോ ർണ്ണഃ സ്യാന്മഹ ദാനന്ദ ദായകഃ
17. ഹൃത്പുണ്ഡരീകമധ്യസ്ഥാം പ്രാതഃസൂര്യസമപ്രഭാം.
പാശാങ്കുശധരാം സൗമ്യാം വരദാഭയഹസ്തകാം.
ത്രിനേത്രാം രക്തവസനാം ഭക്തകാമദുധാം ഭജേ.

ഈകാര സംയുക്തമായ ആകാശം, അഗ്നിസഹിതം അർദ്ധചന്ദ്രനാൽ വിഭൂഷിതമായ ബീജം സർവ്വകാമനകളും പൂർത്തീകരിക്കുന്നതാണ്. ശുദ്ധമനസന്മാരായ സാധകന്മാർ ഈഏകാക്ഷരബ്രഹ്മചിന്തനത്തിൽ ലയിച്ചിരിക്കുന്നു. വഹ്നി, മായ, കാമം, വക്ത്രം ദക്ഷിണകർണ്ണം ബിന്ദു, നാരായണൻ അധരം, വിച്ചേ എന്നിവയോടു കൂടിയ നവാർണ്ണമന്ത്രം ഉപാസകന്മാർക്ക് സായൂജ്യപ്രദമാണ്.

ഹൃദയകമലത്തിൽ സ്ഥിതിചെയ്യുന്ന പ്രഭാതസൂര്യന്റെ തുല്യമായ പ്രഭയോടുകൂടിയവളും, പാശാംകുശധാരിണിയും, മനോഹാരാംഗിയും, വരദാഭയഹസ്തമുദ്രകളോടുകൂടിയവളും ത്രിനേത്രയും. രക്തവസ്ത്രധാരിണിയും കാമനകളെ പൂർത്തീകരിക്കുന്നവളും ആയ ദേവിയെ ഞാൻ സദാ ഭജിക്കുന്നു.

18. നമാമിത്വാമഹം ദേവീം മഹാഭയവിനാശിനീം
മഹാദുർഗ്ഗപ്രശമനീം മഹാകാരുണ്യരൂപിണീം.
29. യസ്യാ: സ്വരൂപം ബ്രഹ്മാദയോ ന ജാനന്തി തസ്മാത്
ഉച്യതേ ഽജ്ഞേയാ.

20. യസ്യാ അന്തോ ന വിദ്യതേ തസ്മാദുച്യതേ ഽനന്താ
യസ്യാ ഗ്രഹണം നോപലഭ്യതേ തസ്മാദുച്യതേ ഽലക്ഷ്യാ.
യസ്യാ ജനനം നോപലഭ്യതേ തസ്മാദുച്യതേ ഽജാ.
ഏകൈവ സർവത്ര വർത്തതേ തസ്മാദുച്യത ഏകാ.
ഏകൈവ വിശ്വരൂപിണീ തസ്മാദുച്യതേ നൈകാ.
അത ഏവോച്യതേ ഽജ്ഞേയാഽനന്താഽലക്ഷ്യാഽജൈകാ
നൈകേതി.

ഹേ മഹാദേവീ അവിടുന്ന് മഹാഭയത്തെയും സങ്കടത്തേയും നശിപ്പിക്കുന്നകാരുണ്യമൂർത്തിയാകുന്നു. ഞാൻ ദേവിയെ നമസ്കരിക്കുന്നു. ബ്രഹ്മാദിദേവന്മാർക്കുപോലും അവിടത്തെ യഥാർത്ഥസ്വരൂപം അറിയാൻ പാടില്ലാത്തതുകൊണ്ട് അവിടത്തെ അജ്ഞേയാ എന്നും അന്തമില്ലാത്തവളായതുകൊണ്ട് അനന്താഎന്നും അദൃശ്യയായതുകൊണ്ട് അലക്ഷ്യാഎന്നും ജന്മരഹിതയായതു

കൊണ്ട് അജാ എന്നും. ഏകയായി സർവ്വത്ര വ്യാപിച്ചിരിക്കുന്നതു കൊണ്ട് ഏകാ എന്നും. വിശ്വരൂപത്തിൽ ഏകാകിനിയായി സുശോഭിക്കുന്നതുകൊണ്ട് നൈകാ എന്നും പറയുന്നു.

21. മന്ത്രാണാം മാതൃകാദേവീ ശബ്ദാനാം ജ്ഞാനരൂപിണീ.
ജ്ഞാനാനാം ചിന്മയാതീത ശൂന്യാനാം ശൂന്യസാക്ഷിണീ.
22. യസ്യാഃ പരതരം നാസ്തി സൈഷാ ദുർഗ്ഗാ പ്രകീർത്തിതാ
താം ദുർഗ്ഗാം ദുർഗ്ഗമാം ദേവീം ദുരാചാരവിഘാതിനീം.
23. നമാമി ഭവഭീതോ ഽഹം സംസാരാർണ്ണവതാരിണീം.

സർവ്വാക്ഷരങ്ങളുടെയും മൂലാക്ഷരരൂപത്തിൽ വസിക്കുന്നവളും ചിന്മയാതീതയും, ശൂന്യസാക്ഷിണിയും ആയദേവി സർവ്വശ്രേഷ്ഠയായ ദുർഗ്ഗാഎന്നപേരിനാൽ പ്രസിദ്ധയാണ്. സംസാരസാഗരത്തെ തരണം ചെയ്യിക്കുന്നവളും. ദുരാചാരങ്ങളെ നശിപ്പിക്കുന്നവളും. ആയ, ദുർഗ്ഗാദേവിയെ ഞാൻ സംസാരസാഗരഭീതനായി നമസ്കരിക്കുന്നു.

24. ഇദമഥർവശീർഷം യോ ഽധീതേ സ പഞ്ചാഥർവശീർഷജപഫലമവാപ്നോതി. ഇദമഥർവശീർഷംജ്ഞാത്വാ യോ ഽർച്ചാം സ്ഥാപയതി ശതലക്ഷംപ്രജപ്ത്വാപിസോ ഽർച്ചാസിദ്ധിം ച വിന്ദതി. ശതമഷ്ടോത്തരംചാ സ്യാഃ പുരശ്ചര്യാ വിധിഃ സ്മൃതഃ ദശവാരംപഠേദ്യസ്തു സദ്യഃ പാപൈഃ പ്രമുച്യതേ മഹാദുർഗ്ഗാണി തരതി മഹാദേവ്യാഃ പ്രസാദതഃ.

ഈ അഥർവശീർഷം അധ്യയനം ചെയ്യുന്നവന് അഞ്ച്അഥർവശീഷം ജപിക്കുന്ന ഫലംസിദ്ധിക്കുന്നു. ഇതിനെപ്പററി അറിഞ്ഞ് ലക്ഷം തവണ അർച്ചനചെയ്താൽ അർച്ചനയുടെ സിദ്ധി കൈവരുന്നു. ഇത് 108 പ്രാവശ്യം ജപിച്ചാൽ അതു പുരശ്ചര്യാ വിധിഎന്നഅറിയപ്പെടുന്നു. പത്തുദിവസം(തവണ) ജപിച്ചാൽ സർവ്വപാപങ്ങളിൽനിന്നും ഉടൻതന്നെ മുക്തിലഭിക്കുന്നു. മഹാദേവിയുടെ പ്രസാദംകൊണ്ട് മഹാദുർഗ്ഗങ്ങളെപ്പോലും തരണംചെയ്യുന്നു.

പ്രാതരധീയാനോ രാത്രികൃതം പാപം നാശയതി. സായമധീയാനോ ദിവസകൃതം പാപം നാശയതി. തത്സായം പ്രാതഃ പ്രയുഞ്ജാനഃ പാപോ ഽപാപോഭവതി. നിശീഥേ തുരീയസന്ധ്യായാം ജപ്ത്വാ വാക്സിദ്ധിർ ഭവതി. നൂതന പ്രതിമായാം ജപ്ത്വാദേവതാസാന്നിദ്ധ്യം ഭവതി. പ്രാണപ്രതിഷ്ഠായാം ജപ്ത്വാ പ്രാണാനാം പ്രതിഷ്ഠാ ഭവതി.

**ഭൗമാശ്വിന്യാം. മഹാദേവീ സന്നിധൗ ജപ്ത്വാ മഹാമൃത്യും തരതിയ ഏവം വേദേത്യുപനിഷത്.**

ഈ മന്ത്രം പ്രഭാതത്തിൽ ജപിച്ചാൽ രാത്രിചെയ്ത പാപം നശിക്കും. വൈകുന്നേരം (സന്ധ്യക്കു്) ജപിച്ചാൽ പകൽ ചെയ്ത പാപം നശിക്കും. പ്രഭാതത്തിലും സന്ധ്യക്കും ജപിച്ചാൽ പാപമെല്ലാം അപാപമാകും രാത്രിയിലും തുരീയസന്ധ്യയിലും ജപിച്ചാൽ പ്രാണങ്ങളുടെ പ്രതിഷ്ഠ ലഭിക്കും. മഹാദേവിയുടെ സന്നിധാനത്തിൽ ഭൗമാശ്വിനീദിവസം ഈ മന്ത്രം ജപിച്ചാൽ മഹാമൃത്യുവിൽ നിന്നും മുക്തിസിദ്ധിക്കും എന്നു് ഈ ഉപനിഷത്തു പറയുന്നു.

ദേവ്യുപനിഷത്തു് സമാപിച്ചു

—○—

# പ്രാണാഗ്നിഹോത്രോപനിഷത്ത്

## ശാന്തിപാഠം

ഓം സഹ നാവവതു. സഹ നൗ ഭുനക്തു. സഹ വീര്യം കരവാവഹൈ. തേജസ്വിനാവധീതമസ്തു മാ വിദ്വിഷാവഹൈ. ഓം. ശാന്തിഃ ശാന്തിഃ ശാന്തിഃ.

ബ്രഹ്മം ഞങ്ങളെരണ്ടുപേരെയും രക്ഷിക്കട്ടെ. അതു് ഞങ്ങളെരണ്ടുപേരെയുംപരിപാലിക്കട്ടെ. ഞങ്ങൾരണ്ടുപേരും ഒരുമിച്ച് സാമർത്ഥ്യത്തെ പ്രാപിക്കട്ടെ. ഞങ്ങളുടെ അദ്ധ്യയനം തേജസ്വിയായിരിക്കട്ടെ. ഞങ്ങൾ പരസ്പരം വിദ്വേഷിക്കാതിരിക്കട്ടെ. ഓം. ശാന്തിഃ ശാന്തിഃ ശാന്തിഃ.

1. ഓം. അഥാതഃ സർവോപനിഷത്സാരം സംസാരജ്ഞാനാതീതം അന്നസൂത്രം ശാരീരം യജ്ഞം വ്യഖ്യാസ്യാമഃ. അസ്മിന്നേവ പുരുഷശരീരേ വിനാപ്യഗ്നിഹോത്രേണ വിനാऽപി സാംഖ്യയോഗേന സംസാരവിമുക്തിർ ഭവതീതി. സ്വേനവിധിനാ അന്നം ഭൂമൗ നിക്ഷിപ്യ യാ ഓഷധീഃ സോമരാജ്ഞീരിതി തിസൃഭിരന്നപത ഇതി ദ്വാഭ്യാം അനുമന്ത്രയതേ. യാ ഓഷധയഃസോമരാജ്ഞീർബഹ്വീഃ ശതവിചക്ഷണാഃ. ബൃഹസ്പതി പ്രസൂതാസ്താ നോ മുഞ്ചൻ ത്വംഹസഃ.

ഇനിസർവ്വോപനിഷത് സാരഭൂതവും സാംസാരികജ്ഞാനാതീതവും അന്നസൂത്രവും ആയ ശാരീരികയജ്ഞത്തെപ്പററിപറയാം. ഈപുരുഷന്റെ ശരീരത്തെപ്പററി അറിഞ്ഞുകഴിഞ്ഞാൽ അഗ്നിഹോത്രവും, സാംഖ്യദർശനവും കൂടാതെ തന്നെ സംസാരവിനിർമുക്തി പരാങ്മുഖത- മോക്ഷപ്രാപ്തികൈവരുന്നു. ബാഹ്യമായ പ്രാണാഗ്നിഹോത്രവിധി അവരുടെ വിധിയനുസരിച്ച് ഭൂമിയിൽ നിർമ്മിച്ച വേദിയിൽ ശാകയുക്തമായ അന്നം നിക്ഷേപിച്ച്, യാഓഷധയ: യാഫലിനീ.:.ജീവലാ, നദ്യാരിഷാം...... എന്നീമൂന്നു മന്ത്രങ്ങൾ കൊണ്ടും, അന്നപതേ അന്നസ്യ ... യദന്നമഗ്നി......എന്നീ രണ്ടു മന്ത്രങ്ങൾ കൊണ്ടും, അഭിമന്ത്രിക്കണം. ഇനി ക്രമേണ മേൽപറഞ്ഞ മൂന്നോ രണ്ടോ ഋക്കുകൾഉണ്ട്. സോമദേവതമാർ പ്രധാനശതവിചക്ഷണന്മാർ, ബഹുശാഖകളോടുകൂടിയതും, ബൃഹസ്പതി പ്രസൂതങ്ങളുമായ ഓഷധികൾ നമ്മെപാപമുക്തരാക്കട്ടെ.

2. യാഃ ഫലിനീഃ യാ അഫലാ അപുഷ്പാ യാശ്ച പുഷ്പിണീഃ.
ബൃഹസ്പതി പ്രസൂതാസ്താ നോ മുഞ്ചൻ ത്വംഹസഃ

ഫലമുള്ളതും, ഫലമില്ലാത്തതും, പുഷ്പങ്ങളുള്ളതും, പുഷ്പങ്ങളില്ലാത്തതും, ബൃഹസ്പതി പ്രസൂതവുമായ ഓഷധികൾ നമ്മെപാപമുക്തരാക്കട്ടെ.

3. ജീവലാം നഘാരിഷാം മാ തേ ബധ്നാമ്യോഷധിം. യാത ആയുരുപഹരാദപ രക്ഷാംസി ചാതയാത്.

4. അന്നപതേ അന്നസ്യ നേഹിദ്വിപദേചതുഷ്പദേ

5. യദന്നമദ്മി ബഹുധാവിരാദ്ധം രുദ്രൈഃ പ്രജഗ്ധം യദി വാ പിശാചൈഃ. സർവം തദീശാനോ അഭയം കൃണോതു ശിവമീശാനായ സ്വാഹാ.

ഈ രണ്ടുമന്ത്രങ്ങളാലും, ജീവലാ ...... രക്ഷാംസിചാതയൻ എന്നമൂന്നാമത്തെമന്ത്രത്തിനാലും അന്നപതേ ദ്വിപദേ, ചതുഷ്പദേ യദഗ്നിനാ...... ഈശാനായസ്വാഹാ, എന്നു രണ്ടു മന്ത്രങ്ങളാലും അഭിഷേകം ചെയ്യണം. അതായത് യഥാക്രമം കൊടുക്കപ്പെട്ടിട്ടുള്ള ഈ അഞ്ചുമന്ത്രങ്ങൾ കൊണ്ടും ആ പിണ്ഡത്തിൽ ജലത്താൽ അഭിഷേകം ചെയ്യണം. ഈ മന്ത്രങ്ങൾ ഉച്ചരിച്ച് അന്നത്തെസ്പർശിച്ച് അഭിമന്ത്രിച്ച് വലതുകൈയിൽ ജലമെടുത്ത്, അന്തശ്ചരസി, ആപഃപുനന്തു എന്നീ രണ്ടുമന്ത്രങ്ങളാലും അഭിമന്ത്രിച്ച് അന്നത്തെ പ്രോക്ഷണം ചെയ്യണം.

6. അന്തശ്ചരസി ഭൂതേഷു ഗുഹായാം വിശ്വതോമുഖഃ ത്വംയജ്ഞസ്ത്വം ബ്രഹ്മാ ത്വം രുദ്രസ്ത്വം വിഷ്ണുസ്ത്വം വഷട്കാര ആപോ ജ്യോതിരസോഽമൃതം ബ്രഹ്മഭൂർഭുവഃ സുവരോം നമഃ.

നീപ്രാണികളുടെ ഹൃദയഗഹ്വരത്തിൽ വിശ്വതോമുഖനായി (സർവവ്യാപിയായി) സ്ഥിതിചെയ്യുന്നു. നീതന്നെയാണ് യജ്ഞം നീതന്നെയാണ് ബ്രഹ്മാവ്, നീതന്നെയാണ് രുദ്രൻ, നീതന്നെയാണ് വിഷ്ണു, നീതന്നെയാണ് വഷട്കാരവും, ജലവും, ജ്യോതിസ്സും, രസവും, അമൃതവും, ബ്രഹ്മവും ഭൂഃ ഭുവഃ സ്വഃ യും. നിനക്കുനമസ്കാരം

7. ആപഃ പുനന്തു പൃഥിവീം പൃഥ്വീപൂതാ പുനാതു മാം. പുനന്തു ബ്രഹ്മണസ്പതിർ ബ്രഹ്മപൂതാ പുനാതു മാം. യദുച്ഛിഷ്ടമഭോജ്യം യദ്വാ ദുശ്ചരിതം മമ. സർവം പുനന്തു തംഹ്യാപോ ഽസതാം ച പ്രതിഗ്രഹം, അമൃതമസ്യമൃതോപസ്തരണമസ്യമൃതം പ്രാണേ ജുഹോമ്യമാ ശിഷ്യാന്തോഽസി. പ്രാണായ സ്വാഹാ.

അപാനായ സ്വാഹാ. വ്യാനായ സ്വാഹാ. സമാനായ സ്വാഹാ. ഉദാനായ സ്വാഹാ. ഇതി കനിഷ്ഠികാംഗുല്യാംഗുഷ്ഠേന ച പ്രാണേ ജുഹോമി. അനാമികയാ അപാനേ മധ്യമയാ വ്യാനേ സർവാഭിരുദാനേ. പ്രദേശിന്യാ സമാനേ.

ഹേ ജലമേ, നീപൃത്ഥ്വിയെപ്പരിശുദ്ധമാക്ക, അങ്ങനെ പരിശുദ്ധമാക്കപ്പെട്ട പൃത്ഥ്വിഎന്നെ പരിശുദ്ധനാക്കട്ടെ. ബ്രഹ്മണസ്പതിയും പരിശുദ്ധമാക്കട്ടെ. ബ്രഹ്മഭൂതമായ പൃത്ഥ്വിഎന്നെ പവിത്രമാക്കട്ടെ. ഉച്ഛിഷ്ടവും, അഭക്ഷ്യവും, ദുശ്ചരിതവും ആയിട്ടുള്ള എന്റെ സർവത്തെയും ജലം പരിശുദ്ധമാക്കട്ടെ. എന്റെ പാപത്തെയും ദൂരീകരിക്കട്ടെ.

ഇപ്രകാരം പ്രോക്ഷണം ചെയ്തതിനു ശേഷം രണ്ടുതവണ അഭിഷേകം ചെയ്തിട്ട് ഇടതുകൈ കൊണ്ട് വേദിയെ തൊട്ടുകൊണ്ട് വലതുകൈയിൽ ഗ്രഹിച്ചുകൊണ്ട് അമൃത മസ്ത്വമൃതോപ സ്തരണമസി എന്ന് ഉച്ചരിച്ച് അതിനെപാനംചെയ്ത് അമൃത പ്രാണേ ഹോമ്യമാശിഷ്യന്നോസി, എന്നുപറഞ്ഞു. അമൃതോപമവും ഹോമയോഗ്യവുമായ വസ്തുവിനെ നീ ആസ്വദിച്ചിട്ടുണ്ട്. എന്നു കരുതി ആത്മാനുസന്ധാനപൂർവ്വം പ്രാണനിൽ ആഹുതിചെയ്യണം. ഓം പ്രാണാപാന ഉദാനസമാന വ്യാനാദികൾ ഈ ആഹുതികളെ പ്രാപിക്കട്ടെ. ബ്രഹ്മവും ആഹുതികളെ പ്രാപിക്കട്ടെ. ബ്രഹ്മത്തിൽ എന്റെ ആത്മാവ് അമൃതത്വത്തെ ആസ്വദിക്കട്ടെ.

കനിഷ്ഠിക, അംഗുഷ്ഠം, എന്നീവിരലുകളാൽ പ്രാണനിലും അനാമിക കൊണ്ട് അപാനനിലും മധ്യമാംഗുലി കൊണ്ട് ഉദാനനിലും, തർജ്ജനി കൊണ്ട് സമാനനിലും ആഹുതി ചെയ്യണം. (സങ്കല്പിക്കണം.)

തൂഷ്ണീമേകാമേകർഷൗ ജുഹോതി. ദ്വേ ആഹവനീയേ. ഏകാം ദക്ഷിണാഗ്നൗ. ഏകാം ഗാർഹപത്യേ. ഏകാം സർവപ്രായശ്ചിത്തീയേ. അഥാപിധാനമസ്യമൃതത്വായോപസ്പൃശ്യ പുനരാദായ പുനരുപസ്പൃശേത്. സവ്യേപ്രാണാവാപോഗൃഹീത്വാ ഹൃദയമന്വാലഭ്യ ജപേത്. പ്രാണോ ഽഗ്നിഃപരമാത്മാപഞ്ചവായുഭിരാവൃതഃ.അഭയം സർവഭൂതേഭ്യോനഭവേദഹം കദാചനേതി.

മൗനമവലംബിച്ച് ഒരുആഹുതി പ്രാണായ സ്വാഹാ എന്ന ഋക്കകൊണ്ടും, അപാനായ സ്വാഹാ എന്നീരണ്ട് ആഹുതികൾ ആഹവനീയത്തിലും, ഒന്ന് ദക്ഷിണാഗ്നിയിലും' ഒന്ന് ഗാർഹപത്യാഗ്നിയിലും, ഒന്ന് സർവപ്രായശ്ചിത്താഗ്നിയിലും, ഹോമിക്കണം. ഇപ്രകാരം അഞ്ച് ആഹുതികൾക്ക് ശേഷം നിയമാനുസരണം ഭക്ഷണം കഴിച്ച് (ആഹുതിശിഷ്ടം) അഥപുരസ്താത് ഹോപരിഷ്ടാച്ച അദ്ഭി;പരിദധാതി, എന്നശ്രുതിയനുസരിച്ച് അഭിധാന സ്വരൂത്തെ

അമൃതത്വത്തിനുവേണ്ടി സ്പർശിച്ച്, ഗ്രഹിച്ച്, ഹൃദയത്തിനുസമീപം കൈവച്ചുകൊണ്ട് ജപിക്കണം. മുഖ്യപ്രാണൻ തന്നെയാണ് അഗ്നി. സ്വഗതവിശേഷമായ അംശങ്ങളുടെ സമാപ്തിയിൽ അതേപരമാത്മാവുതന്നെയാണ് വിരാട് തുടങ്ങിയ സ്ഥാനീയങ്ങളായ പഞ്ചവായുക്കളാൽ സമാവൃതമായിരിക്കുന്നത്. എനിക്ക് പ്രാണികളിൽ നിന്നും അഭയം തരണം. എനിക്ക് ഒരിക്കലും അവയിൽ നിന്നും ഭയം ഉണ്ടാകർതിരിക്കണം.

## രണ്ടാംഖണ്ഡം

1. വിശ്വോ ഽസി വൈശ്വാനരോ വിശ്വരൂപം ത്വയാ ധാര്യതേ ജായമാനം. വിശ്വം സ്വാഹുതയഃ. സർവാ യത്ര ബ്രഹ്മാ ഽമൃതോസി, മഹാനവോയം പുരുഷോ യോ ഽ അംഗുഷ്ഠാഗ്രേപ്രതിഷ്ഠിതഃ. തമദ്ഭിഃ പ്രതിഷിഞ്ചാമി സോ ഽ സ്യാന്തേ അമൃതായാമൃതയോ ഽ നാവിദത്യേഷ ഏവാത്മാ. ധ്യായേതാഗ്നിഹോത്രം ജുഹോമീതി സർവേഷാമേവ സൂനുർഭവതി. അഥ യജ്ഞപരിവൃത ആഹുതീർ ഹോമയതി. സ്വേ ശരീരേ യജ്ഞം പരിവർത്തയാമീതി.

ഹേ മുഖ്യപ്രാണമേ, വ്യഷ്ടി (ഓരോന്ന്) സമഷ്ടി (സമൂഹം) രൂപത്തിൽ ഉപാധിഭേദത്താൽ നീതന്നെയാണ് വിശ്വവൈശ്വാനരൻ. നീതന്നെയാണ് വിരാട്ടായി വിശ്വരൂപത്തെ ധരിക്കുന്നത് (അഹംവൈശ്വാനരോ ഭൂത്വാപ്രാണിനാം ദേഹമാശ്രിതഃ.) ബ്രഹ്മാമൃതസ്വരൂപത്തിൽ നിന്നിൽനിന്നും പ്രാദുർഭൂതമായിട്ടുള്ള വിശ്വം തുരീയാഗ്നിയിൽ സർവആഹുതികളോടുമൊപ്പം വിലയം പ്രാപിക്കുന്നു.

ഇവചേഷ്ടാവിശേഷമായതു കൊണ്ട് ബാഹ്യാത്മാവ് ഇവയെധ്യാനിക്കണം. ഈപുരുഷൻ ദിവസവും പ്രാണാഗ്നിഹോത്രം ചെയ്യുന്നു. എന്തെന്നാൽ എല്ലാവരും പരമാത്മാവായ (അഗ്നിരൂപമായ) നിന്നെ പുത്രനെപ്പോലെ സംരക്ഷിക്കുന്നു. അതുകൊണ്ട് നീ എല്ലാവരുടെയും പുത്രനമാണ്. ഇപ്രകാരം നീ നിൻറ ഈലോകാഹുതികളെ ഹോമിക്കുന്നു. സ്വശരീരത്തിൽ യജ്ഞത്തെസങ്കല്പിക്കണം.

ചത്വാരോ ഽ ഗ്നയസ്തേ കിം നാമധേയാഃ തത്ര സൂര്യോ ഽ ഗ്നിർനാമ സൂര്യമണ്ഡലാകൃതിഃ സഹസ്രരശ്മിപരിവൃത ഏകർഷിർ ഭൂത്വാ മൂർദ്ധ്നി തിഷ്ഠതി യസ്മാദുക്തഃ.

ഈ ശരീരത്തിൽ നിർവർത്യാഗ്നികം നാലാണു്. അവയുടെ സ്വരൂപം അത്യന്തം സൂക്ഷ്മമാണു്. ഇവയെല്ലാം അർദ്ധമാത്രകം മാത്രമാണു്. ഈ നാലഗ്നികളിലും സൂര്യാഗ്നി എന്നുപേരുള്ള അഗ്നി (സൂര്യമണ്ഡലാകൃതിയിലുള്ള) അത്യന്തം തേജസ്വികളായ സഹസ്ര രശ്മികളോടുകൂടിയ വ്യാപക രൂപം പൂണ്ടു് ശിരസ്സിൽ സ്ഥിതിചെയ്യുന്നു.

ദർശനാഗ്നിർനാമ ചതുരാകൃതി രാഹവനീയോ ഭൂത്വാ മുഖേതിഷ്ഠതി ശരീരോ ഗ്നിർ നാമ ജരാപ്രണുദാ ഹവിരവസ്കന്ദതി. അർചന്ദ്രാകൃതിഃ ദക്ഷിണാഗ്നിർ ഭൂത്വാ ഹൃദയേ തിഷ്ഠതിതത്ര കോഷ്ഠാഗ്നിർനാമാശിത പീത ലീഢ ഖാദിതാനി സമ്യഗ്വ്യഷ്ട്യാം ശ്രപയിത്വാ ഗാർഹപത്യോ ഭൂത്വാ നാഭ്യാം തിഷ്ഠതി. പ്രായശ്ചിത്തയസ്ത്വധസ്താത്തിര്യക് തിസ്രോ ഹിമാംശു പ്രഭാഭിഃ പ്രജനനകർമ്മാ.

'തുരീയം മൂർദ്ധ്നിസംസ്ഥിതം' എന്നകാര്യം പ്രസിദ്ധമാണല്ലോ. എന്തെന്നാൽ ഈ ജീവാത്മാവു് സർവജ്ഞനായ ഈശ്വരരൂപത്തിൽ കാണപ്പെടുന്നു. അക്കാരണത്താൽ അതിനെ ഒരുദർശനാഗ്നി എന്നുപറയുന്നു. അതു് ബീജം, വിരാട്, മുതലായ നാലു് ആകൃതികളോടുകൂടിയ ആഹവനീയാഗ്നിയായി (ഹോമത്തിന്റെ ആധാരസ്ഥാനമായി) മുഖത്തുസ്ഥിതി ചെയ്യുന്നു.

സ്ഥൂലശരീരത്തെ ദഹിപ്പിക്കുന്ന ശരീരാഗ്നി (ഹിരണ്യഗർഭം) സ്ഥൂലശരീരത്തെ ആശ്രയിച്ചിരിക്കുന്നേ ജരാദികളാൽ ക്ഷീണിച്ചുപോകുന്നു. അതു് സ്ഥൂലപ്രപഞ്ചമാകുന്ന ഹവിസ്സിനെ ഗ്രസിക്കുന്നു. അതു് അർദ്ധചന്ദ്രാകൃതിയിലുള്ള ദക്ഷിണാഗ്നിയായി സർവപ്രാണികളുടെയും ഹൃദയത്തിൽ സ്ഥിരമായിസ്ഥിതി ചെയ്യുന്നു. 'അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ പ്രാണായാമസമായുക്തഃ പചാമ്യന്നം ചതുർവിധം,' എന്നീഗീതാവാക്യങ്ങളെപ്പോലെ സിദ്ധമായ കോഷ്ഠാഗ്നി, ഭക്ഷിച്ചതും, കുടിച്ചതും, ലേഹനം ചെയ്തതും. ആസ്വദിച്ചിട്ടുള്ളതുമായ എല്ലാവസ്തുക്കളെയും നല്ലതുപോലെപചിപ്പിച്ചു് ഗാർഹപത്യ രൂപത്തിൽ നാഭിസ്ഥാനത്തു സ്ഥിതി ചെയ്യുന്നു. മറ്റൊരു ചിത്തോപാധി സ്വരൂപമായി വിരാട് മുതലായവസ്തു താഴെയായി പ്രതിഷ്ഠിതമായിരിക്കുന്ന ജാഗ്രത് സ്വപ്നസുഷുപ്തി എന്നീ അവസ്ഥാത്രയത്തെ പ്രകാശിപ്പിക്കുന്ന ഹിമാംശു-അതായതു് ചിദ്രൂപമായ ചന്ദ്രൻ എല്ലാവിധത്തിലും പ്രഭുവാണു് (സമർത്ഥൻ) സർവ്വത്തിന്റെയും പ്രജനനകർമ്മാവാണു്.

## മൂന്നാം ഖണ്ഡം

1. അസ്യശരീര യജ്ഞസ്യ യൂപരശനാശോഭിതസ്യ കോ യജമാനഃ കാ പത്നീ. കേ ഋത്വിജഃ കേ സദസ്യാഃ, കാനിയജ്ഞപാത്രാണി, കാനി ഹവീംഷി, കാ വേദിഃ കോത്തരവേദിഃ, കോ ദ്രോണകലശഃ കോ രഥഃ, കഃ പശുഃ കോഽധ്വര്യുഃ, കോ ഹോതാ, കോ ബ്രാഹ്മണാച്ഛംസീ, കഃ പ്രതിപ്രസ്ഥാതാ, കഃ പ്രസ്തോതാ, കോ മൈത്രാവരുണഃ, കഉദ്ഗാതാ, കാ ധാരാപോതാ, കേ ദർഭാഃ കഃ സ്രുവഃ, കാജ്യസ്ഥാലീ, കാവാധാരൗ കാവാജ്യ ഭാഗൗ, കേ, പ്രയാജാഃ, കേ അനുയാജാഃ, കേഡാ, കഃസൂക്തവാകഃ, കഃ ശംയുവാകഃ,കാ ഹിംസാ, കേ പത്നീ സംയാജാഃ, കോ യൂപഃ, കാ രശനാ, കാ ഇഷ്ടയഃ, കാ ദക്ഷിണാ, കിം അവഭൃഥമിതി.

രശനാഹീനവും, സ്തംഭഹീനവും ആയ ഈശരീര യജ്ഞത്തിൻെറയജമാനൻ ആരാണ്? പത്നി, ഋത്വിക്കുകൾ, സദസ്യന്മാർ ഇവർ ആരാണ്. യജ്ഞപാത്രങ്ങൾ ഏതെല്ലാമാണ്; ഹവിസ്സുകൾ ഏതെല്ലാമാണ്? ഏതാണ് വേദി? ഏതാണ് ഉത്തരവേദി? ഏതാണ് ദ്രോണകലശം? ഏന്താണ് രഥം? ഏതാണ് പശു? (ബലിമൃഗം) ആരാണ് അദ്ധ്വര്യു? ആരാണ് ഹോതാവ്? ആരാണ് ബ്രാഹ്മണാച്ഛംസി? ആരാണ് ഉദ്ഗാതാവ്? ആരാണ് പ്രസ്തോതാവ്? ആരാണ് മൈത്രാവരുണന്മാർ? ആരാണ് ധാരാപോതാ? എന്താണ് ദർഭ? എന്താണ് സ്രുവം (തവി) എന്താണ് ആജ്യസ്ഥാലി (ഘൃതപാത്രം) എന്താണ് ആധാരം? ഏതാണ് ആജ്യഭാഗം? ഏതാണ് പ്രയാജം? ഏതാണ് അനുയാജം? ഏതാണ് ഇഡാ? ഏതാണ് സൂക്തവാക്ക്? എതാണ് ശംയോവാക്ക്? എന്താണ് അഹിംസ? ആരാണപത്നീസംയാജം, എന്താണ് യൂപം, എന്താണ് രശന, എന്താണ് ഇഷ്ടികം? എന്താണ് ദക്ഷിണ? എന്താണ് അവഭൃസ്നാനം? (യജ്ഞാവസാനം ചെയ്യുന്നസ്നാനം)

## നാലാംഖണ്ഡം

1. അസ്യശരീരയജ്ഞസ്യയൂപരശനാശോഭിതസ്യാത്മാ യജമാനഃ. ബുദ്ധിഃ പത്നീ വേദാ മഹർത്വിജഃ, അഹംകാരോഽധ്വര്യുഃ. ചിത്തംഹോതാപ്രാണോബ്രാഹ്മണാച്ഛംസീ, അപാനഃ പ്രതിപ്രസ്ഥാതാ വ്യാനഃ പ്രസ്തോതാ, സമാനോ മൈത്രാവരുണഃ, ഉദാന, ഉദ്ഗാതാ ശരീരം വേദിഃ, നാസികോത്തര

**വേദിഃ മൂർധാ ദ്രോണകലശഃ, പാദോ രഥഃ ദക്ഷിണഹസ്തഃ സ്രുവഃ സവ്യഹസ്ത ആജ്യസ്ഥാലീ, ശ്രോത്രേ ആധാരൌ, ചക്ഷുഷീ ആജ്യഭാഗൌ ഗ്രീവാ ധാരാപോത. തന്മാത്രാണി, സദസ്യാഃ, മഹാഭൂതാനി പ്രയാജാഃ ഭൂതാന്യനുയാജാഃ ജിഹ്വേഡാ ദന്തോഷ്ഠൌ സൂക്തവാകഃ, താലുഃ സംയുവാകഃ, സ്മൃതിർ ദയാ ക്ഷാന്തിരഹിംസാ, പത്നീ സംയാജാഃ, ഓംകാരോ യൂപഃ ആശാ രശനാ. മനോ രഥഃ കാമഃ പശുഃ കേശാ ദർഭാഃ ബുദ്ധീന്ദ്രിയാണി യജ്ഞപാത്രാണി കർമ്മേന്ദ്രിയാണി ഹവീംഷി അഹിംസാ ഇഷ്ടയഃ ത്യാഗോ ദക്ഷിണാ അവഭൃഥം മരണാത്. സർവാഹ്യസ്മിൻ ദേവതാഃ ശരീരേ ƒ ധിസമാഹിതാഃ വാരാണസ്യാം മൃതോ വാപി ഇദം വാ ബ്രഹ്മ യഃ പഠേത് ഏകേന ജന്മനാ ജന്തുർമോക്ഷം ച പ്രാപ്നുയാദിതി മോക്ഷം ച പ്രാപ്നുയാദിത്യുപനിഷത്.**

ഈ ശരീരയജ്ഞത്തിന്റെ യജമാനൻ ആത്മാവും, ബുദ്ധി, പത്നിയും, വേദങ്ങൾ, മഹത്തുക്കളായ ഋത്വിക്കുകളും, അഹംകാരതത്ത്വം, അദ്ധ്വര്യുവും, ചിത്തം ഹോതാവും, പ്രാണൻ, ബ്രാഹ്മണാച്ഛംസിയും, അപാനൻ പ്രതിപ്രസ്ഥാതാവും, വ്യാനൻ പ്രസ്തോതാവും ഉദാനൻ ഉദ്ഗാതാവും, സമാനൻ മൈത്രാവരുണന്മാരും, ശരീരം വേദിയും, നാസിക അന്തർ വേദിയും, ശിരസ്സ ദ്രോണകലശവും പാദം രഥവും, വലതുകൈ സ്രുവവും, ഇടതുകൈ ഘൃതപാത്രവും, കർണ്ണം ആധാരവും, കണ്ണ് ആജ്യഭാഗവും, കഴുത്തു് ധാരയും, അഞ്ചു തന്മാത്രകൾ ഹോതാവും, പഞ്ചമഹാഭൂതങ്ങൾ സദസ്യരും, ഗുണം പ്രയാജവും, അനുയാജവും, നാക്ക ഇഡയും, പല്ലും ചുണ്ടും സൂക്തവാക്കം, താലു ശംയോർവാകവും, സ്മൃതി ദയയും, ശാന്തിഅഹിംസയും പത്നി സംയാജവും, ഓംകാരംസ്തംഭവും, ആശ രശനയും, മനസ്സ് രഥവും, കാമം പശുവും, കാലം ദർഭകളും, ബുദ്ധീന്ദ്രിയങ്ങൾ യജ്ഞപാത്രങ്ങളും, കർമ്മേന്ദ്രിയങ്ങൾ ഹവിസ്സും, അഹിംസ ഇഷ്ടികളും, ത്യാഗം ദക്ഷിണയും, മൃത്യു അവഭൃഥസ്നാനവുമാകുന്നു.

ആക്കെങ്കിലും കാശിയിൽ വച്ച് ശരീരനാശം സംഭവിക്കുകയോ ഒരു ബ്രാഹ്മണൻ ഇതു് പഠിക്കുകയോ ചെയ്താൽ ഒരേഒരു ജന്മം കൊണ്ടുതന്നെ അയാൾക്കു് ചിത്തശുദ്ധികരമായ ജ്ഞാനവും മോക്ഷവും ലഭിക്കുന്നതാണു്.

മേൽപറയപ്പെട്ട വസ്തുക്കളിൽ അതാതിന്റെ സ്ഥിതി മനസ്സിലാക്കി തദനുസരണമായ ക്രിയകളും മനസ്സിലാക്കണം, അപ്പോൾ മാത്രമേ യജ്ഞപരിപൂർണ്ണമായും ഫലപ്രദമാകയുള്ളു. അപ്പോൾ മാത്രമേ എല്ലാദേവന്മാരും ഈശരീരത്തിൽ നിവസിക്കുകയുള്ളു.

പ്രാണാഗ്നി ഹോ ത്രോപനിഷത്തുസമാപിച്ചു.

—0—

# ബഹ്വൃചോപനിഷത്ത്

## ശാന്തിപാഠം

ഓം വാങ്മേ മനസി പ്രതിഷ്ഠിതാ മനോ മേ വാചി പ്രതിഷ്ഠിത മാവിരാവീർ മ ഏധി വേദസ്യ മ ആണീസ്ഥ: ശ്രുതം മേ മാ പ്രഹാസീരനേനാധീതേനാഹോരാത്രാത് സംദധാമി ഋതം വദിഷ്യാമി. സത്യം വദിഷ്യാമി. തന്മാമവതു തദ്വക്താരമവതു. അവതു മാം. അവതുവക്താരമവതു വക്താരം. ഓം ശാന്തി: ശാന്തി: ശാന്തി:.

ഓം. എന്റെ വാണി മനസ്സിൽ സ്ഥിരമായിരിക്കട്ടെ. മനസ്സ് വാണിയിൽ സ്ഥിരമായിരിക്കട്ടെ. ഹേ സ്വയം പ്രകാശാത്മാവേ, എന്റെ മുമ്പിൽ അങ്ങ് പ്രത്യക്ഷമാകണേ, ഹേ വാണീ മനസ്സുകളെ, നിങ്ങൾ രണ്ടും, എന്റെ വേദജ്ഞാനത്തിന്നാധാരമാണ്. അതുകൊണ്ട് എന്റെ വേദാധ്യയനത്തെ നശിപ്പിക്കരുത്. ഈ വേദാധ്യയനത്തിൽ തന്നെയാണ് ഞാൻ രാവും പകലും ചെലവഴിച്ചു കൊണ്ടിരിക്കുന്നത്. ഞാൻ ഋതംപറയും, ഞാൻ സത്യംപറയും, എന്നെരക്ഷിക്കട്ടെ. വക്താവിനെ രക്ഷിക്കട്ടെ എന്നെരക്ഷിക്കട്ടെ വക്താവിനെ രക്ഷിക്കട്ടെ വക്താവിനെ രക്ഷിക്കട്ടെ ഓം. ശാന്തിഃ ശാന്തിഃ ശാന്തിഃ.

1. ഓം. ദേവീ ഹി ഏകാഗ്ര ആസീത് സൈവജഗദണ്ഡമസൃജത്: കാമകലേതി വിജ്ഞായതേ. ശൃംഗാരകലേതി വിജ്ഞായതേ തസ്യാ ഏവ ബ്രഹ്മാ അജീജനത്. വിഷ്ണുരജീജനത്. രുദ്രോഽജീജനത്, സർവേ മരുദ്ഗണാ അജീജനൻ. ഗന്ധർവാപ്സരസ: കിംനരാ വാദിത്രവാദിന: സമന്താദജീജനൻ ഭോഗ്യമജീജനത് സർവമജീജനത്. സർവം ശാക്തമജീജനത്. അണ്ഡജം സ്വേദജം ഉദ്ഭിജം ജരായുജം യത്കിംചൈതത് പ്രാണിസ്ഥാവരജംഗമം മനുഷ്യമജീജനത്.

ദേവി, ബ്രഹ്മാണ്ഡത്തെ സൃഷ്ടിച്ചു. അവൾ പ്രപഞ്ചോത്പത്തിക്കു മുമ്പുതന്നെഉണ്ടായി. അവൾ തന്നെയാണ് കാമകല, ശൃംഗാരകല എന്നീ നാമങ്ങളാൽ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളത്. അവളിൽ നിന്നും ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ ആവിർഭവിച്ചു. അവളിൽ നിന്നും സർവമരുത്തുക്കളും. ഗന്ധർവ്വന്മാരും, അപ്സരസ്സുകളും കിന്നരന്മാരും ഉണ്ടായി. അവൾ തന്നെയാണ്

സമസ്തഭോഗ സാമഗ്രികൾക്കും കാരണഭൂതയായിട്ടുള്ളതു്. എല്ലാം അവളാൽ സൃഷ്ടിക്കപ്പെട്ടു. ശക്തിയിൽ നിന്നും എല്ലാം ഉണ്ടായി. മനുഷ്യരും, സമസ്ത സ്ഥാവരജംഗമപ്രാണികളും (അണ്ഡജങ്ങൾ, സ്വേദജങ്ങൾ, ഉദ്ഭിജങ്ങൾ, ജരായുജങ്ങൾ) അവരിൽനന്നും ഉണ്ടായി.

2. സൈഷാ അപരാശക്തി: സൈഷാ ശാംഭവീവിദ്യാ, കാദി വിദ്യേതി വാ ഹാദിവിദ്യേതി വാ സാദിവിദ്യേതി, വാ രഹസ്യം. ഓമോം, വാചി പ്രതിഷ്ഠാ സൈവപുരത്രയം ശരീര ത്രയം വ്യാപ്യ ബഹിരന്തരവഭാസയന്തീ ദേശകാലവസ്ത്വ ന്തരസംഗാൻ മഹാത്രിപുരസുന്ദരീ വൈ പ്രത്യക് ചിതിഃ.

അവളെത്തന്നെയാണു് അപരാശക്തി എന്നും, ശാംഭവീവിദ്യ യെന്നും, രഹസ്യരൂപിണി എന്നും പറയുന്നതു്. അവൾ തന്നെയാണു് പ്രണവത്തെ പ്രതിപാദിക്കുന്ന അക്ഷരതത്ത്വം. പ്രണവസ്വരൂപിണിയും, എല്ലാപ്രാണിക ളുടെയും വാക്കിൽ അധിഷ്ഠിതമായിരിക്കുന്നവളും അവൾതന്നെയാണു്. അവൾ തന്നെയാണു് ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീഅവസ്ഥാത്രയത്തിലും, സ്ഥൂലം, സൂക്ഷ്മം, കാരണം എന്നീശരീരത്രയത്തിലും വ്യാപിച്ചു് അവയെ പ്രാകാശിപ്പിച്ചു കൊണ്ടിരിക്കുന്നതു്. അവർ, ദേശം, കാലം, വസ്തു എന്നി വയുടെ സീമയ്ക്കുള്ളിൽ വസിക്കുന്നു. എന്നാൽ ഇതൊന്നും അവരെസ്പർശിക്കുന്നില്ല. അവൾ ഓരോ പ്രാണിയിലും ചൈതന്യം പകരുന്നു.

3. സൈവാത്മാ തതോ ƒ ന്യദസത്യമനാത്മാ അത ഏഷ ബ്രഹ്മ സംവിത്തിർഭാവാഭാവകലാവിനിർമ്മുക്താ ചിദ്വിദ്യാ, അദ്വിതീയ ബ്രഹ്മസംവിത്തി: സച്ചിദാനന്ദലഹരീ മഹാത്രി പുരസുന്ദരീ ബഹിരന്തരനുപ്രവിശ്യ സ്വയമേകൈവ വിഭാതി. യദസ്തി സന്മാത്രം. യദ്വിഭാതീ ചിന്മാത്രം. യത്പ്രിയ മാനന്ദം തദേതത്സർവാകാരാ മഹാത്രിപുരസുന്ദരീ. ത്വംചാഹം ച സർവം വിശ്വം സർവദേവതാ. ഇതരത് സർവം മഹാ ത്രിപുരസുന്ദരീ. സത്യമേകം ലളിതാഖ്യം വസ്തു തദദ്വിതീയ മഖണ്ഡാർത്ഥം പരം ബ്രഹ്മ.

അവരെത്തന്നെയാണു് ആത്മാവെന്നുപറയുന്നതു്. അവർ ഒഴികെ എല്ലാം അസത്യവും അനാത്മാവുമാണു്. അവർ പരബ്രഹ്മത്തെപ്പററിയുള്ള ബോധം ഉളവാക്കുന്ന വിദ്യാശക്തിയാണു്. അവർ ബ്രഹ്മജ്ഞാനത്തെ പ്രദാനംചെ യ്യുന്നവരാണു്. അവർ സച്ചിദാനന്ദസ്വരൂപിണിയാണു്. അവർ ഓരോവസ്തു

വിന്റെയും ഉള്ളിലും പുറത്തും വ്യാപിച്ചു കൊണ്ടിരിക്കുന്നു. അവരുടെ, അസ്തി ഭാതി, പ്രിയം, എന്നീ മൂന്നുരൂപങ്ങളും, സച്ചിദാനന്ദ പ്രബോധകമാണ്. ഇങ്ങനെ ആ മഹാത്രിപുരസുന്ദരി സമസ്തസ്ഥൂലപദാൎത്ഥങ്ങളിലും അധിഷ്ഠിതയായിരിക്കുന്നു. ഞാനും, നീയും, ദേവന്മാരും, സർവപ്രപഞ്ചവും, ശേഷനും എല്ലാം ആ ദേവിതന്നെയാണ്. ലളിതമാത്രമാണു് സത്യം. അവർ തന്നെയാണ് പരബ്രഹ്മതത്ത്വം.

4. പഞ്ചരൂപപരിത്യാഗാദസ്വരൂപ പ്രഹാണത:
അധിഷ്ഠാനം പരം തത്ത്വമേകം സച്ഛിഷ്യതേ മഹത്.

അസ്തി, ഭാതി, പ്രിയം, നാമം, രൂപംഎന്നീ അഞ്ചുരൂപങ്ങളെയും പരിത്യജിക്കുകയും, സ്വസ്വരൂപത്തെ വെടിയാതിരിക്കുകയും ചെയ്താൽ പിന്നെ അവശേഷിക്കുന്ന സത്തയെ പരമതത്ത്വം എന്നുപറയുന്നു.

5. പ്രജ്ഞാനം ബ്രഹ്മേതി വാ അഹം ബ്രഹ്മാസ്മീതി വാ ഭാഷ്യതേ, തത്ത്വമസീത്യേവസംഭാഷ്യതേ. അയമാത്മാ ബ്രഹ്മേതി വാ ബ്രഹ്മൈവാഹമസ്മീതി വാ യോഽഹമസ്മി വാ സോഽഹമസ്മീതി വാ യോഽസൗ സോഽഹമസ്മീതി വാ യാ ഭാഷ്യതേ സൈഷാ ഷോഡശീ ശ്രീവിദ്യാ പഞ്ചദശാക്ഷരീ ശ്രീമഹാത്രിപുരസുന്ദരീ ബാലാംബികേതി ബഗലേതിവാ മാതംഗീതി സ്വയംവരകല്യാണീതി ഭുവനേശ്വരീതി ചാമുണ്ഡേതി ചണ്ഡേതി വാരാഹീതി തിരസ്കരിണീതി രാജമാതംഗീതി വാ ശുകശ്യാമളേതി വാ ലഘുശ്യാമളേതി വാ അശ്വാരൂഢേതി വാ പ്രത്യംഗിരാ ധൂമാവതീ സാവിത്രീ സരസ്വതീ ബ്രഹ്മാനന്ദകലേതി. ഋചോ അക്ഷരേ പരമേവ്യോമൻ യസ്മിൻ ദേവാ അധിവിശ്വേ നിഷേദു: യസ്തന്നവേദകിമൃചാ കരിഷ്യതി. യ ഇത്തദ്വിദുസ്ത ഇമേ സമാസതേ ഇത്യുപനിഷത്.

പ്രജ്ഞാനം തന്നെയാണ് ബ്രഹ്മം, ഞാൻ തന്നെയാണ് ബ്രഹ്മം. എന്നീ മഹാവാക്യങ്ങളാൽ ആ പരമതത്ത്വത്തെ വ്യക്തമാക്കുന്നു. അതു്, നീ, ഞാൻ എന്നെല്ലാം പറയുന്നിടത്തോളം നാം അതിനെത്തന്നെയാണ് പ്രകടിപ്പിക്കുന്നതു്. അതു് ഏതാണോ അതുതന്നെയാണ് ഞാൻ. അതും ഞാനാണ്. ബ്രഹ്മവും ഞാൻ തന്നെയാണ് ആത്മാവും ബ്രഹ്മമാണ്. എന്നീ വാക്യങ്ങളാൽ ആ പരമവിദ്യയെ വിവേചനം ചെയ്തിരിക്കുന്നു. പതിനഞ്ചക്ഷരയുക്ത

യായ ആദേവികൾ, ബാലാംബികാ, ബഗളാ, മാതംഗീ, സ്വയംവരകല്ല്യാണീ, ഭുവനേശ്വരീ, ചാമുണ്ഡാ, ചണ്ഡാ, വാരാഹീ, തിരസ്കരിണീ, രാജമാതംഗീ, ശുകശ്യാമളാ, ലഘുശ്യാമളാ അശ്വാരൂഢാ, പ്രത്യംഗിരാ, ധൂമാവതീ, സാവിത്രീ, സരസ്വതീ, ബ്രഹ്മാനന്ദകലാ, എന്നീനാമങ്ങളുണ്ട്. നാശമില്ലാത്ത ആകാശത്തിൽ സർവദേവന്മാരും നിവസിക്കുന്നു. ആപരമാകാശത്തിൽ ഋക്കുകളും അധിവസിക്കുന്നു. ആപരമാകാശത്തെപ്പററി നല്ലവണ്ണം മനസ്സിലാക്കാൻ ശ്രമിക്കാത്തവന് കേവലം ഋക്കുകൾ പഠിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. അതിനെപ്പററി നല്ലവണ്ണം മനസ്സിലാക്കുന്നവനു മാത്രമേ ആപരമാകാശത്തിൽ സദാ നിവസിക്കുവാൻ സ്ഥാനംലഭിക്കുകയുള്ളു.

ബഹ്വൃചോപനിഷത്ത്സമാപിച്ചു

★

# ജാബാലദർശനോപനിഷത്ത്

ഓം. ആപ്യായന്തു മമാംഗാനി വാക് പ്രാണശ്ചക്ഷു: ശ്രോത്ര മഥോ ബലമിന്ദ്രിയാണി ച സർവാണി സർവം ബ്രഹ്മോപനിഷദം മാഹം ബ്രഹ്മ നിരാകുര്യാം മാ മാ ബ്രഹ്മ നിരാകരോദനിരാകരണമസ്ത്വനിരാകരണം മേ ƒ സ്തു. തദാത്മനി നിരതേ യ ഉപനിഷത്സു ധർമ്മാസ്തേ മയി സന്തു തേ മയി സന്തു. ഓം. ശാന്തി: ശാന്തി: ശാന്തി:.

എന്റെ അംഗങ്ങൾ വൃദ്ധിയെ പ്രാപിക്കട്ടെ , വാക്ക്, പ്രാണൻ, നേത്രം, ശ്രോത്രം എന്നിവയും, ശക്തിയും, ഇന്ദ്രിയങ്ങളും, വൃദ്ധിയെ പ്രാപിക്കട്ടെ, ഇതു് ഉപനിഷദുക്തമായ ബ്രഹ്മമാണ്. ഞാൻ ഇതിനെ നിരാകരിക്കാതിരിക്കട്ടെ. ബ്രഹ്മം എന്നെ നിരാകരിക്കാതിരിക്കട്ടെ എനിക്കും ആ ബ്രഹ്മത്തിനും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടായിരിക്കട്ടെ എന്നിൽ ഉപനിഷദുക്തങ്ങളായ ധർമ്മങ്ങൾ സ്ഥിതിചെയ്യട്ടെ. ഓം. ശാന്തിഃ ശാന്തിഃ ശാന്തിഃ.

ഹരി ഓം.

1. ദത്താത്രേയോ മഹായോഗീ ഭഗവാൻ ഭൂതഭാവന:
ചതുർഭുജോ മഹാവിഷ്ണുർയോഗസാമ്രാജ്യദീക്ഷിത:
2. തസ്യ ശിഷ്യോ മുനിവര: സാംകൃതിർനാമ ഭക്തിമാൻ
പപ്രച്ഛ ഗുരുമേകാന്തേ പ്രാഞ്ജലിർവിനയാന്വിത:.
3. ഭഗവൻ ബ്രൂഹി മേ യോഗം സാഷ്ടാംഗം സപ്രപഞ്ചകം
യേന വിജ്ഞാതമാത്രേണ ജീവന്മുക്തോ ഭവാമ്യഹം.
4. സാംകൃതേ ശൃണു വക്ഷ്യാമി യോഗം സാഷ്ടാംഗ ദർശനം
യമശ്ച നിയമശ്ചൈവ തഥൈവാസനമേവ ച.
5. പ്രാണായാമസ്തഥാ ബ്രഹ്മൻ പ്രത്യാഹാരസ്തത: പരം
ധാരണാ ച തഥാ ധ്യാനം സമാധിശ്ചാഷ്ടകം മുനേ.
6. അഹിംസാ സത്യമസ്തേയം ബ്രഹ്മചര്യം ദയാർജ്ജവം
ക്ഷമാധൃതിർമിതാഹാരഃ ശൗചം ചൈവ യമാ ദശ.

സർവ്വപ്രാണികളുടെയും ഉത്പത്തിക്കും, സംരക്ഷണത്തിനും കാരണഭൂതനും ചതുർബാഹുവുമായ ഭഗവാൻ വിഷ്ണു മഹായോഗിയായ ദത്താത്രേയനായി

അവതരിച്ചു. ദത്താത്രേയൻ യോഗസാമ്രാജ്യാധിപതിയായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായ സാംകൃതി എന്നു പേരുള്ള മഹർഷി തന്റെ ഗുരുവിന്റെ വലിയ ഭക്തനായിരുന്നു. അദ്ദേഹം ഒരുദിവസം ഏകാന്തത്തിൽ തന്റെ ഗുരുവായ ഭഗവാൻ ദത്താത്രേയനെ പരിചരിച്ചു് അഞ്ജലിബദ്ധനായി ഇപ്രകാരം അറിയിച്ചു;-ഭഗവൻ, എനിക്കു് അഷ്ടാംഗ യോഗം സവിസ്തരം വർണ്ണിച്ചു കേൾപ്പിക്കണം. അതറിഞ്ഞാൽ എനിക്കു് ജീവന്മുക്താവസ്ഥയെ പ്രാപിക്കുവാൻസാധിക്കും.

ദത്താത്രേയൻ പറഞ്ഞു:- ഹേ സാംകൃതേ, ഞാൻ ഭവാനു് അഷ്ടാംഗയോഗ ദർശനം ഉപദേശിക്കാം. യോഗത്തിൽ, യമം, നിയമം, ആസനം, പ്രാണായാമം. പ്രത്യാഹാരം, ധ്യാനം, ധാരണ സമാധിഎന്നു് എട്ടംഗങ്ങളുണ്ടു്. ഇവയിൽ യമം പത്തുവിധത്തിലുണ്ടു്:- സത്യം, അഹിംസ, അസ്തേയം, ദയ, ആർജ്ജവം, ബ്രഹ്മചര്യം, ക്ഷമ, ധൃതി, മിതാഹാരം, ബാഹ്യവും, ആഭ്യന്തരവുമായശൗചം.

7. വേദോക്തേന പ്രകാരേണ വിനാ സത്യം തപോധന
കായേന മനസാ വാചാ ഹിംസാഹിംസാ ന ചാന്യഥാ.
8. ആത്മാ സർവഗതോഽച്ഛേദ്യോ ന ഗ്രാഹ്യ ഇതിമേ മതി:.
സാ ചാഹിംസാ വരാ പ്രോക്താ മുനേ വേദാന്തവേദിഭി:.
9. ചക്ഷുരാദീന്ദ്രിയൈർദൃഷ്ടം ശ്രുതം ഘ്രാതം മുനീശ്വര
തസ്യൈവോക്തിർഭവേത്സത്യം വിപ്ര തന്നാന്യഥാ ഭവേത്.
10. സർവം സത്യം പരം ബ്രഹ്മ ന ചാന്യദിതി യാ മതി:
തച്ച സത്യം വരം പ്രോക്തം വേദാന്തജ്ഞാനപാരഗൈഃ
11. അന്യദീയേ തൃണേ രത്നേ കാഞ്ചനേ മൗക്തികേപി ച.
മനസാ വിനിവൃത്തിർയാ തദസ്തേയം വിദുർബുധാഃ.
12. ആത്മന്യനാത്മഭാവേന വ്യവഹാരവിവർജ്ജിതം
യത്തദസ്തേയമിത്യുക്തമാത്മവിദ്ഭിർമഹാമതേ.
13. കായേന വാചാ മനസാ സ്ത്രീണാം പരിവിവർജ്ജനം
ഋതൗ ഭാര്യാം തദാ സ്വസ്യ ബ്രഹ്മചര്യം തദുച്യതേ
14. ബ്രഹ്മഭാവേ മനശ്ചാരം ബ്രഹ്മചര്യം പരന്തപ
15. സ്വാത്മവത്സർവഭൂതേഷു കായേന മനസാ ഗിരാ.
അനുജ്ഞാ യാ ദയാ സൈവ പ്രോക്താ വേദാന്തവേദിഭി:.

വേദോക്തവിധിക്കു പുറമേ മനസാ വാചാ കർമ്മണാ ആരെയെങ്കിലും ഉപദ്രവിക്കുകയോ അവന്റെ പ്രാണങ്ങളെ ദേഹത്തിൽ നിന്നും വേർപെടുത്തു

കയോ ചെയ്യുകയാണെങ്കിൽ യഥാർത്ഥത്തിൽ അതുതന്നെയാണ് ഹിംസഎന്നു പറയപ്പെടുന്നതു്. ഇതിൽനിന്നും ഭിന്നമായി മറെറാരുഹിംസയില്ല. സർവത്ര വ്യാപിച്ചിരിക്കുന്ന ആത്മാവിനെ ശസ്ത്രംകൊണ്ടു ഛേദിക്കുവാനോ കൈകളും ലോ ഇന്ദ്രിയങ്ങളും മുഖേനയോ ഗ്രഹിക്കുവാനോ സാധ്യമല്ല. വേദാന്തവേദ്യന്മാരായമഹത്തുക്കൾ അഹിംസാഎന്നു തന്നെപറഞ്ഞിട്ടുണ്ടു് എന്നുനാം മനസ്സിലാക്കണം. നേത്രങ്ങൾ കൊണ്ടുകണ്ടതും, കേട്ടതും, മണപ്പിച്ചതും അല്ലെങ്കിൽ അനുഭൂതമായ വിഷയത്തെപ്പററി വാക്കുകളാൽ പറയുകയോ ആണ്സത്യം. ഇതിൽ നിന്നും ഭിന്നമായി മറെറാരു സത്യമില്ല.

ഇതിനു വിപരീതമായി സത്യസ്വരൂപനായ പരമാത്മാവുതന്നെയാണ് സർവാത്മരൂപത്തിൽസത്യം. പരമാത്മാവിൽ നിന്നും ഭിന്നമായി മറെറാരു വസ്തുവും സത്യമായിട്ടില്ല. ഈ അഭിപ്രായം തന്നെയാണ് വേദാന്തജ്ഞന്മാരായവിദ്വാന്മാർ സർവശ്രേഷ്ഠമായസത്യം എന്നു്പറഞ്ഞിട്ടുള്ളതു്.

മററുള്ളവരുടെ ധനസമ്പത്തു്, രത്നം, മുത്തു്, പവിഴം, സ്വർണ്ണം തുടങ്ങിയ ചെറുതും വലുതുമായ വസ്തുക്കളിൽ മനസ്സ് പ്രവേശിക്കാതിരിക്കയാണ് അസ്തേയം. വിദ്വജ്ജനങ്ങൾ ഈ ആചാരത്തെയാണ് അസ്തേയംഎന്നുപറയുന്നതു്. പ്രപഞ്ചത്തിലെ സർവവ്യവഹാരങ്ങളിലും അനാത്മബുദ്ധിയോടുകൂടി അവ ആത്മാവിൽ നിന്നും ഭിന്നമാണ്എന്നുമനനിക്കുകയാണ് അസ്തേയം എന്നും ജ്ഞാനികൾ പറയുന്നു. മനസാ, വചസാ, ശരീരം കൊണ്ടോ നാരീസംഗപരിത്യാഗമോ, സ്വപത്നിയിൽതന്നെ ഋതുകാലത്തുമാത്രം ധർമ്മബുദ്ധ്യാ സംഗം ചെയ്യുകയോ ആണ് ബ്രഹ്മചര്യം എന്നു പറയപ്പെടുന്നതു്. അല്ലെങ്കിൽ കാമക്രോധാദികളെ നിയന്ത്രിച്ചു് മനസ്സിനെ പരമാത്മധ്യാനത്തിൽ തന്നെലയിപ്പിക്കുകയാണ് സർവശ്രേഷ്ഠമായ ബ്രഹ്മചര്യം. സർവപ്രാണികളും തന്നെപ്പോലെയാണെന്നു കരുതി മനസ്സുകൊണ്ടോ, വാക്കുകൊണ്ടോ, ശരീരംകൊണ്ടോ അവരോടു് ആത്മീയഭാവം കാണിക്കുകയാണ് വേദാന്തവിത്തുകൾ ദയയുടെ ലക്ഷണമായി പറഞ്ഞിരിക്കുന്നതു്.

16. പുത്രേ മിത്രേ കളത്രേ ച രിപൗ സ്വാത്മനി സന്തതം
ഏകരൂപം മുനേ യത്തദാർജവം പ്രോച്യതേ മയാ.

17. കായേന മനസാ വാചാ ശത്രുഭിഃ പരിപീഡിതേ
ബുദ്ധിക്ഷോഭനിവൃത്തിര്യാ ക്ഷമാ സാ മുനിപുംഗവ.

18. വേദാദേവ വിനിർമോക്ഷഃ സംസാരസ്യ ന ചാന്യഥാ
ഇതിവിജ്ഞാനനിഷ്പത്തിർധൃതിഃ പ്രോക്താ ഹി വൈദികൈഃ

അഹമാത്മാ ന ചാന്യോ ƒ സ്മീത്യേവമപ്രച്യുതാ മതിഃ

19. അല്പമൃഷ്ടാശനാഭ്യാം ച ചതുർത്ഥാംശാവശേഷകം
തസ്മാദ്യോഗാനുഗുണ്യേന ഭോജനം മിതഭോജനം.

ശത്രു, മിത്രം, പുത്രൻ, കളത്രം, എന്നിവരിലും, സ്വാത്മാവിലും സമാന ഭാവം കാണിക്കുകയാണു് ആർജ്ജവം എന്നു ഞാൻ പറയുന്നു. ശത്രുക്കൾമുഖേന മനസ്സുകൊണ്ടോ, വാക്കുകൊണ്ടോ, ശരീരം കൊണ്ടോ എന്തെങ്കിലും പീഡനം ഉണ്ടായാൽ ചിത്തത്തിലും, ബുദ്ധിയിലും, അല്പംപോലും ക്ഷോഭം ഉണ്ടാകാതിരിക്കുകയാണു് ക്ഷമ. വേദാന്തശ്ലല്യം കൊണ്ടാണു് പ്രപഞ്ചത്തിൽ പ്രാണികൾക്കു് മുക്തിസിദ്ധിക്കുന്നതു്. ഇതിൽനിന്നും ഭിന്നമായി മറ്റൊരു പ്രകാരത്തിലും മുക്തി സിദ്ധിക്കുകയില്ല എന്നുള്ളദൃഢനിശ്ചയത്തെയാണു് ജ്ഞാനികൾ 'ധൃതി' എന്നുപറഞ്ഞിട്ടുള്ളതു്. ഞാൻ ആത്മാവാണു്, ആത്മാവിൽ നിന്നു് അന്യമായി ഒന്നുമില്ല എന്നുള്ള അചഞ്ചലമായ വൃത്തിയാണു് സർവോത്കൃഷ്ടമായധൃതി. അല്പമാത്രയിൽ സാത്വികമായ അന്നംഭക്ഷിക്കുക, അതിൽഉദരത്തിന്റെ അർദ്ധഭാഗം അന്നംകൊണ്ടും, നാലിലൊന്നുഭാഗം ജലംകൊണ്ടും നിറച്ചതിനു ശേഷം കാൽഭാഗം ഒഴിച്ചിടണം. ഇതാണു് മിതാഹാരം എന്നുപറയപ്പെട്ടിരിക്കുന്നതു്. ഇത്രയും ആഹാരമാണു് യോഗാനുകൂലമായി പരിഗണിക്കപ്പെട്ടിരിക്കുന്നതു്.

20. സ്വദേഹമലനിർമ്മോക്ഷോ മൃജ്ജലാഭ്യാം മഹാമുനേ
യത്തച്ഛൗചം ഭവേദ്ബാഹ്യം മാനസം മനനം വിദുഃ
അഹം ശുദ്ധ ഇതി ജ്ഞാനം ശൗചമാഹുർ മനീഷിണഃ.
21. അത്യന്തമലിനോ ദേഹോ ദേഹീ ചാത്യന്തനിർമ്മലഃ.
ഉഭയോരന്തരം ജ്ഞാത്വാ കസ്യ ശൗചം വിധീയതേ.
22. ജ്ഞാനശൗചം പരിത്യജ്യ ബാഹ്യേ യോ രമതേ നരഃ
സ മൂഢഃ കാഞ്ചനം ത്യക്ത്വാ ലോഷ്ടം ഗൃഹ്ണാതി സുവ്രത.
23. ജ്ഞാനാമൃതേന തൃപ്തസ്യ കൃതകൃത്യസ്യ യോഗിനഃ
ന ചാസ്തി കിംചിത് കർത്തവ്യമസ്തി ചേന്ന സ തത്വവിത്.
24. ലോകത്രയേഽപി കർത്തവ്യം കിംചിന്നാസ്ത്യാത്മവേദിനാം
25. തസ്മാത്സർവ്വപ്രയത്നേന മുനേഽഹിംസാദിസാധനൈഃ
ആത്മാനമക്ഷരം ബ്രഹ്മ വിദ്ധി ജ്ഞാനാത്തു വേദനാത്.

മണ്ണുകൊണ്ടോ ജലംകൊണ്ടോ ശരീരത്തെ പരിശുദ്ധമാക്കുകഎന്നുള്ളതാണ് ബാഹ്യശൗചം, എന്തെന്നാൽ ജ്ഞാനികൾ, ഞാൻ വിശുദ്ധാത്മാവാണു്. എന്ന ഭാവനയോടുകൂടിയിരിക്കുകയാണ് സർവോത്കൃഷ്ടമായ ശൗചം എന്നു പറയുന്നതു്. ഈ ശരീരം ബാഹ്യമായും, ആന്തരമായും മലിനമാണു്, എന്നാൽ

ദേഹധാരിയായ ആത്മാവ് അത്യന്തശുദ്ധമാണ്. ഇപ്രകാരം ദേഹത്തിനും ആത്മാവിനും ഉള്ളിലുള്ള ജ്ഞാനം കൈവന്നാൽ പിന്നെ എന്തിനെയാണ് പരിശുദ്ധമാക്കേണ്ടത്? ഹേ സുവ്രതനായ മുനീശ്വര, ജ്ഞാനമാകുന്ന പരിശുദ്ധിയെ ഉപേക്ഷിച്ച് ബാഹ്യശുദ്ധിയിൽ രമിച്ചിരിക്കുന്നപുരുഷൻ സ്വർണ്ണത്തെഉപേക്ഷിച്ച് മൺകട്ടയെ സംഗ്രഹിക്കുന്ന മൂഢനുതുല്യമാണ്. ജ്ഞാനാമൃതത്താൽ തൃപ്തനായ യോഗിക്ക് ഈലോകത്ത് ഒന്നുംതന്നെ ചെയ്യേണ്ടതായിട്ടവശേഷിക്കുന്നില്ല. എന്തെങ്കിലും അവശേഷിച്ചിട്ടുണ്ട് എന്നുമനസ്സിലാക്കുകയാണെങ്കിൽ അവനെ തത്ത്വജ്ഞാനി എന്നുപറയുവാൻ സാദ്ധ്യമല്ല. ആത്മജ്ഞാനികളായ മഹത്തുക്കൾക്ക് ത്രിഭുവനങ്ങളിലും ഒരിടത്തും ഒന്നുംതന്നെ കരണീയമായിട്ടില്ല. അതുകൊണ്ട് അങ്ങ് പ്രയത്നപൂർവ്വം അഹിംസാദിസാധനകളാൽ അതിവേ ജ്ഞാനംലഭിച്ച് ഈ ആത്മാവ് ബ്രഹ്മസ്വരൂപവും, അവിനാശിയുമാണെന്നു മനസ്സിലാക്കിയാലും.

## രണ്ടാംഖണ്ഡം

1. തപഃ സന്തോഷമാസ്തിക്യം ദാനമീശ്വരപൂജനം
സിദ്ധാന്തശ്രവണം ചൈവ ഹ്രീർമതിശ്ച ജപോ വ്രതം.
2. ഏതേ ച നിയമാഃ പ്രോക്താസ്താൻവക്ഷ്യാമി ക്രമാത് ശൃണു
3. വേദോക്തേന പ്രകാരേണ കൃച്ഛ്രചാന്ദ്രായണാദിഭിഃ
ശരീരശോഷണം യത്തത്തപ ഇത്യുച്യതേ ബുധൈഃ
4. കോ വാ മോക്ഷഃ കഥം തേന സംസാരം പ്രതിപന്നവാൻ
ഇത്യാലോകനമർത്ഥജ്ഞാഃ തപഃ ശംസന്തി പണ്ഡിതാഃ.
5. യദൃച്ഛാലാഭതോ നിത്യം പ്രീതിര്യാ ജായതേ നൃണാം,
തത് സന്തോഷം വിദുഃ പ്രാജ്ഞാഃ പരിജ്ഞാനൈകതത്പരാഃ
6. ബ്രഹ്മാദിലോകപര്യന്താദ് വിരക്ത്യാ യല്ലഭേത് പ്രിയം.
സർവത്ര വിഗതസ്നേഹഃ സന്തോഷം പരമം വിദുഃ.
7. ശ്രൗതേ സ്മാർത്തേ ച വിശ്വാസോ യത്തദാസ്തിക്യമുച്യതേ
ന്യായാർജിത ധനം ശ്രാന്തേ ശ്രദ്ധയാവൈദികേജനേ
അന്യദ്വാ യത് പ്രദീയന്തേ തദ് ദാനം പ്രോച്യതേ മയാ.

തപം, സന്തോഷം, ദാനം, ആസ്തികൃം, ലജ്ജ, മതി, ജപം, വ്രതം ഈശ്വരപൂജ, സിദ്ധാന്തശ്രവണം-ഇവയാണ് പത്തുനിയമങ്ങൾ. ഇവയെപ്പററി വർണ്ണിക്കാം. വേദത്തിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള കൃച്ഛ്രചാന്ദ്രായണാദി വ്രതങ്ങളാൽ ശരീരത്തെക്ഷീണിപ്പിക്കുന്നതിനെയാണ് വിദ്വജ്ജനങ്ങൾ തപസ്സെന്നു പറയുന്നത്. മോക്ഷസ്വരൂപത്തെപ്പററിയുംആത്മാവിന് സംസാരബന്ധനത്തെ പ്രാപ്തമാകുന്നതിനുള്ളകാരണത്തെപ്പററിയും വിചാരിക്കുകയാണ് തത്ത്വജ്ഞാനി

കരം തപസ്സെന്നു പറയുന്നതു്. ഈശ്വരേച്ഛയനുസരിച്ചു് ലബ്ധമാകുന്നതെന്തായാലും അതിൽ സന്തോഷവും, പ്രസന്നതയും, ദൃഢമായിരിക്കുന്ന ഭാവത്തെയാണു് ജ്ഞാനികൾ സന്തോഷമെന്നു പറയുന്നതു്. സർവത്ര അനാസക്തനായി, ബ്രഹ്മാദിദേവലോകപര്യന്തമുള്ള സുഖങ്ങളോടു് വിരക്തിയുണ്ടാകുകയും എന്നിട്ടും മനസ്സുപ്രസന്നമായിരിക്കുകയും ചെയ്യുന്ന അവസ്ഥയാണു് ശ്രേഷ്ഠമായ സന്തോഷം. വേദങ്ങളിലും, സ്മൃതികളിലും പറയപ്പെട്ടിട്ടുള്ള ധർമ്മത്തിൽ ദൃഢമായ ആത്മാവോടു കൂടിയിരിക്കുക എന്നുള്ളതാണു് ആസ്തിക്യം. ധനാദികളായ അത്യന്താപേക്ഷിതമായ വസ്തുക്കൾ, ശോകഗ്രസ്തരായ വേദജ്ഞപുരുഷന്മാർക്കോ ശ്രേഷ്ഠമായ ആചരണങ്ങളോടു കൂടിയവർക്കോ കൊടുക്കുക എന്നുള്ളതാണു് എന്റെ അഭിപ്രായത്തിൽ ദാനം എന്നുപറയുന്നതു്.

8. രാഗാദ്യപേതം ഹൃദയം വാഗദുഷ്ടാനൃതാദിനാ
ഹിംസാദിരഹിതം കർമ്മ യത്തദീശ്വരപൂജനം.
9. സത്യം ജ്ഞാനമനന്തം ച പരാനന്ദം പരം ധ്രുവം
പ്രത്യഗിത്യവഗന്തവ്യം വേദാന്തശ്രവണം ബുധാഃ.
10. വേദലൗകികമാർഗ്ഗേഷു കുത്സിതം കർമ്മ യദ്ഭവേത്
തസ്മിൻഭവതി യാ ലജ്ജാ ഹ്രീഃ സൈവേതി പ്രകീർത്തിതാ.
വൈദികേഷു ച സർവേഷു ശ്രദ്ധാ യാ സാ മതിർഭവേത്.
11. ഗുരുണാ ചോപദിഷ്ടോഽപി തത്ര സംബന്ധ വർജ്ജിതഃ
വേദോക്തേനൈവ മാർഗ്ഗേണ മന്ത്രാഭ്യാസോ ജപഃ സ്മൃതഃ.
12. കല്പസൂത്രേ തഥാ വേദേ ധർമ്മശാസ്ത്രേ പുരാണകേ
ഇതിഹാസേ ച വൃത്തിർയാസ ജപഃ പ്രോച്യതേ മയാ.

അസത്യഭാഷണം തുടങ്ങിയ ദോഷങ്ങളിൽ നിന്നും, അകന്നിരുന്നു കൊണ്ടു് അദൂഷിതമായ വാണി, രാഗാദിവികാരമുക്തമായ ഹൃദയം ഹിംസാദി ക്രൂരതാരഹിതമായ കർമ്മം എന്നിവയാണു് ഈശ്വരപൂജനം. ഈ ആത്മാവു്, സത്യവും, ജ്ഞാനസ്വരൂപവും, സർവോത്കൃഷ്ടവും, നിത്യനും, അനന്തനും, അന്തര്യാമിയുമാണു്. ഈ സിദ്ധാന്തത്തെ വീണ്ടും വീണ്ടും ശ്രവിച്ചു് തദനുകൂലമായിവിശ്വസിക്കുക എന്നുള്ളതാണു് സിദ്ധാന്തശ്രവണം. ലൗകികമാർഗ്ഗങ്ങളിൽ സർവസമ്മതമായ സിദ്ധാന്തകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ സ്വാഭാവികമായിട്ടുണ്ടാകുന്ന സങ്കോചമാണു് ലജ്ജ. ഗുരുജനങ്ങളുടെ അനുമതി ലഭിച്ചാലും, വേദവിരുദ്ധമാർഗ്ഗങ്ങളെ അവലംബിക്കാതെ വേദോക്തങ്ങളായ ഉപദേശങ്ങളിൽ പരിപൂർണ്ണമായ ശ്രദ്ധഉണ്ടായിരിക്കുക എന്നുള്ളതാണു് മതി. വേദോക്തവിധിപ്രകാരം വീണ്ടും വീണ്ടുമുള്ള മന്ത്രജപം തന്നെയാണു് ജപം. വേദങ്ങളെ

പ്പോലെതന്നെ ധർമ്മശാസ്ത്രങ്ങളിലും, പുരാണേതിഹാസാദികളിലും കല്പസൂത്രാദികളിലും മനസ്സ്നിരന്തരം മുഴകിയിരിക്കകയാണു് എന്റെ അഭിപ്രായത്തിൽ ജപം.

13. ജപസ്തു ദ്വിവിധഃ പ്രോക്ത്താ വാചികോ മാനസസ്തഥാ
14. വാചികോപാംശുരുച്ചൈശ്ച ദ്വിവിധഃ പരികീർത്തിതഃ.
മാനസോ മനനധ്യാനഭേദാദ്വൈവിധ്യമാശ്രിതഃ.
15. ഉച്ചൈർജപാദുപാംശുശ്ച സഹസ്രഗുണമുച്യതേ.
മാനസശ്ച തഥോപാംശോഃ സഹസ്രഗുണമുച്യതേ.
16. ഉച്ചൈർജപശ്ച സർവേഷാം യഥോക്തഫലദോ ഭവേത്
നീചൈഃ ശ്രോത്രേണ ചേന്മന്ത്രഃ ശ്രുതശ്ചേന്നിഷ്ഫലം ഭവേത്.

ജപംരണ്ടുവിധമുണ്ടു് എന്നുപറയപ്പെട്ടിരിക്കുന്നു. ഒന്നു് മാനസികജപവും മറ്റൊന്നു് വാചികജപവും. വാചികജപവും രണ്ടുവിധമുണ്ടു്. ഒന്നു് ഉച്ചവും, രണ്ടാമത്തേതു് ഉപാംശുവും, അതുപോലെ മാനസികജപവും രണ്ടുവിധമുണ്ടു്. ഒന്നു് മനനവും മറ്റൊന്നു് ധ്യാനവും. ഉച്ചസ്വരം മുഖേനചെയ്യപ്പെടുന്നജപത്തെഅപേക്ഷിച്ചു് ഉപാംശുജപത്തിനു് ആയിരം മടങ്ങു് ശ്രേഷ്ഠതയുണ്ടെന്നു പറയപ്പെടുന്നു. ജപത്തെ അപേക്ഷിച്ചു് മാനസികജപത്തിനു് ആയിരം മടങ്ങു് ശ്രേഷ്ഠതയുണ്ടു്. എന്നാൽ മന്ത്രങ്ങൾ ചണ്ഡാലാദി നീചവ്യക്തികളിൽനിന്നും ശ്രവിച്ചാൽ അതു് ഫലവിഹീനമായിപ്പോകും.

## മൂന്നാം ഖണ്ഡം

1. സ്വസ്തികം ഗോമുഖം പദ്മം വീരസിംഹാസനേ തഥാ
ഭദ്രം മുക്താസനം ചൈവ മയൂരാസനമേവ ച.
2. സുഖാസനസമാഖ്യം ച നവമം മുനിപുംഗവ
ജാന്വോർവോരന്തരേ കൃത്വാ സമ്യക് പാദതലേ ഉഭേ.
3. സമഗ്രീവശിരഃ കായഃ സ്വസ്തികം നിത്യമഭ്യസേത്.
സവ്യേ ദക്ഷിണഗുൽഫം തു പൃഷ്ഠപാർശ്വേ നിയോജയേത്
4. ദക്ഷിണേപി തഥാ സവ്യം ഗോമുഖം തത്പ്രചക്ഷതേ
അംഗുഷ്ഠാവധി ഗൃഹ്ണീയാദ്ധസ്താഭ്യാം വ്യുത്ക്രമേണ തു.
5. ഊർവോരുപരി വിപ്രേന്ദ്ര കൃത്വാ പാദതലദ്വയം
പദ്മാസനം ഭവേത്പ്രാജ്ഞ സർവരോഗഭയാപഹം.
6. ദക്ഷിണേതരപാദം തു ദക്ഷിണോരുണി വിന്യസേത്
ഋജുകായഃ സമാസീനോ വീരാസനമുദാഹൃതം.

7. ഗുല്ഫൗ തു വൃഷണസ്യാധഃ സീവന്യാഃ പാർശ്വയോഃ ക്ഷിപേത്
പാർശ്വപാദൗ ച പാണിഭ്യാം ദൃഢം ബദ്ധ്വാ സുനിശ്ചലം.
ഭദ്രാസനം ഭവേദേതദ്വിഷരോഗവിനാശനം.
8. നിപീഡ്യ സീവനീം സൂക്ഷ്മം ദക്ഷിണേതരഗുല്ഫതഃ
വാമം യാമ്യേന ഗുൽഫേന മുക്താസനമിദം ഭവേത്.
9. മേഢ്രാദുപരി നിക്ഷിപ്യ സവ്യം ഗുല്ഫം തഥോപരി
ഗുൽഫാന്തരം ച സംക്ഷിപ്യ മുക്താസനമിദം മുനേ.
10. കൂർപ്പരാഗ്രേ മുനിശ്രേഷ്ഠ നിക്ഷിപേന്നാഭിപാർശ്വയോഃ
ഭൂമ്യാം പാണിതല ദ്വന്ദ്വം നിക്ഷിപ്യൈകാ ഗ്രമാനസഃ.
11. സമുന്നതശിരഃ പാദോ ദണ്ഡവദ്വ്യോമ്നി സംസ്ഥിത:
മയൂരാസനമേതത്സ്യാത്സർവപാപപ്രണാശനം.
12. യേന കേന പ്രകാരേണ സുഖം ധൈര്യം ച ജായതേ
തത്സുഖാസനമിത്യുക്തമശക്തസ്തത്സമാശ്രയേത്.
13. ആസനം വിജിതം യേന ജിതം തേന ജഗത്ത്രയം
അനേന വിധിനാ യുക്ത: പ്രാണായാമം സദാ കുരു.

ഹേ തപോധന, ആസനങ്ങൾ ഒൻപതു വിധമുണ്ടെന്നു പറയപ്പെട്ടിരിക്കുന്നു. സ്വസ്ത്യാസനം, ഗോമുഖാസനം, പദ്മാസനം, വീരാസനം, സിംഹാസനം, ഭദ്രാസനം, മുക്താസനം മയൂരാസനം, സുഖാസനം ഇവയാണ് അവ. മുട്ടുകളുടേയും തുടകളുടേയും മദ്ധ്യേ രണ്ടുകാലുകളും ശരിയായ രീതിയിൽവച്ച്, കണ്ഠം, മസ്തകം, ദേഹംഎന്നിവയെ സമാനഭാവേന ധരിക്കുന്നതാണ് സ്വസ്തികാസനം. നിത്യവും അഭ്യസിച്ചാൽ ഈ ആസനം സിദ്ധമാകും. വലതുകാൽ മുട്ടിനെ ഇടതു ഭാഗത്തുള്ള പൃഷ്ഠഭാഗം വരെ കൊണ്ടുപോകുകയും, ഇടതുകാലിലെ മുട്ടുകളെ ദക്ഷിണഭാഗത്തുള്ള പൃഷ്ഠഭാഗം വരെ കൊണ്ടുപോകുകയും ചെയ്താൽ ആ സ്ഥിതിക്ക് ഗോമുഖാസനം എന്നു പറയുന്നു. രണ്ടു പാദങ്ങളും രണ്ടും തുടകളിലും വിപരീതഗതിയിൽ വച്ച് അവയുടെ തള്ളവിരലുകളെ രണ്ടു കൈകൾ കൊണ്ടും പിറകിൽ കൂടി പിടിച്ചുകൊണ്ടിരിക്കുന്നതാണ് പദ്മാസനം. ഇതു് സർവരോഗഭയാപഹമാണ്. ഇടതുകാൽ വലതു തുടയിൽ വച്ച് ശരീരത്തെ നിവർത്തിവച്ച് ഇരിക്കുന്നതാണ് വീരാസനം. രണ്ടു മുട്ടുകളേയും മേഢ്രത്തിനു താഴെയായി ഇരുപാർശ്വങ്ങളിലും വച്ച്, ഇരുകരങ്ങളേയും കാൽമുട്ടിന്മേൽ വച്ച് എല്ലാ വിരലുകളേയും നിവർത്തി, വാ തുറന്നു് നാസാഗ്രഭാഗത്തു് ദൃഷ്ടിയുറപ്പിച്ച്. ഏകാഗ്രചിത്തത്തോടുകൂടിയിരിക്കുന്നതാണ് സിംഹാസനം. ഇരു മുട്ടുകളേയും, മേഢ്രത്തിനു താഴെയായി പാർശ്വങ്ങളിൽവച്ച് ഇരുകരങ്ങളാലു

പാർശ്വഭാഗത്തേയും, പാദങ്ങളേയും ദൃഢമായി ബന്ധിച്ച് ഇരിക്കുന്നതാണ് ഭദ്രാസനം. ഇതു് വിഷജന്യമായ രോഗങ്ങളെ നശിപ്പിക്കുന്നതാണ്. സീവനിയിലുള്ള ലംബമായ രേഖയെ വലതുകാൽ മുട്ടുകൊണ്ടമർത്തി വലത്തേ മുട്ടുകൊണ്ടു് ഇടത്തേതിനെ അമർത്തുന്നതാണ് മുക്താസനം. ഉള്ളം കൈകൾ രണ്ടും ഭൂമിയിൽ വച്ചു് കൈമുട്ടുകളുടെ അഗ്രഭാഗങ്ങളെ നാഭിയുടെ ഇരുപാർശ്വങ്ങളിലും സ്ഥാപിച്ച്, ശിരസ്സും കാലുകളും, പൊക്കി ആകാശത്തിൽ ദണ്ഡമെന്ന പോലെ സ്ഥിതി ചെയ്യുന്നതാണ് മയൂരാസനം. ഇതു് സർവപാപഹരമാണ്. ശരീരത്തിനുസുഖം ലഭിക്കത്തക്കവിധം ധൈര്യമായിട്ട ഇരിക്കുന്നതാണ് സുഖാസനം. ദുർബലന്മാരായ സാധകന്മാർ ഈ ആസനം പരിശീലിക്കണം. സർവാസനങ്ങളേയും ജയിക്കുവാൻകഴിഞ്ഞിട്ടുള്ളവൻ ത്രിലോകത്തേയും ജയിച്ചു എന്നു മനസ്സിലാക്കണം. അങ്ങു് ഇപ്രകാരം യോഗധാരണായുക്തമായി സദാ പ്രാണായാമം ചെയ്തുകൊണ്ടിരിക്കണം.

## നാലാം ഖണ്ഡം

1. ശരീരം താവദേവ സ്യാത്ഷണ്ണവത്യംഗുലാത്മകം
ദേഹമധ്യേ ശിഖിസ്ഥാനം തപ്തജാംബൂനദപ്രഭം.
2. ത്രികോണം മനുജാനാം തു സത്യമുക്തം ഹി സാംകൃതേ
ഗുദാത്തു ദ്വ്യംഗുലാദൂർദ്ധ്വം മേഢ്രാത്തു ദ്വ്യംഗുലാദധഃ.
3. ദേഹമധ്യം മുനിപ്രോക്തമനുജാനീഹി സാംകൃതേ
കന്ദസ്ഥാനം മുനിശ്രേഷ്ഠ മൂലാധാരാന്നവാംഗുലം.
4. ചതുരംഗുലമായാമവിസ്താരം മുനിപുംഗവ
കുക്കുടാണ്ഡസമാകാരം ഭൂഷിതം തു ത്വഗാദിഭിഃ
5. തന്മദ്ധ്യേ നാഭിരിത്യുക്തം യോഗജ്ഞൈർമുനിപുംഗവ
കന്ദമദ്ധ്യസ്ഥിതാ നാഡീ സുഷുമ്നേതി പ്രകീർത്തിതാ.
6. തിഷ്ഠന്തി പരിതസ്തസ്യാ നാഡ്യോഹി മുനിപുംഗവ
ദ്വിസപ്തതിസഹസ്രാണി താസാം മുഖ്യാശ്ചതുർദശ.
7. സുഷുമ്നാ പിംഗളാ തദ്വദിഡാ ചൈവ സരസ്വതി
പൂഷാ ച വരുണാ ചൈവ ഹസ്തിജിഹ്വാ യശസ്വിനീ
8. അലംബുസാ കുഹൂശ്ചൈവ വിശ്വോദരീ തപസ്വിനീ
ശംഖിനീ ചൈവ ഗാന്ധാരാ ഇതി മുഖ്യാശ്ചതുർദശ.
9. ആസാം മുഖ്യതമാസ്തിസ്രസ്തിസ്വേകോത്തമോത്തമാ.
ബ്രഹ്മനാഡീതി സാ പ്രോക്താ മുനേ വേദാന്തവേദിഭിഃ

10. പൃഷ്ഠമധ്യസ്ഥിതേനാസ്ഥ്നാ വീണാദണ്ഡേന സുവ്രത
സഹ മസ്തകപര്യന്തം സുഷുമ്നാ സുപ്രതിഷ്ഠിതാ.

ഹേ സാംകൃതേ, മനുഷ്യശരീരം അവരവരുടെ കൈകൊണ്ടളന്നാൽ തൊണ്ണൂററാറംഗുലംവരും. ഈ ശരീരത്തിന്റെ മധ്യഭാഗത്താണ് അഗ്നിയുടെസ്ഥാനം. അതിന്റെ നിറം തപ്തസുവർണ്ണത്തെപ്പോലെ തേജോമയമാണ്. ഇത് ത്രികോണാകൃതിയിലാണ്. ഞാൻ പറഞ്ഞത് യഥാർത്ഥം തന്നെയാണ്. ഗുദം മുതൽ രണ്ടംഗുലം താഴെയായി സ്ഥിതി ചെയ്യുന്ന ഭാഗത്തെ മനുഷ്യശരീരത്തിന്റെ മധ്യഭാഗമെന്ന മനസ്സിലാക്കണം. അതു തന്നെയാണ് മൂലാധാരം. അവിടെ നിന്നും ഒൻപതു് അംഗുലം മുകളിലായി കന്ദം സ്ഥിതി ചെയ്യുന്നു. അതിന്റെ നീളവും വീതിയും നാലംഗുലം വീതമാണ്. അതിന്റെ ആകൃതി കോഴിമുട്ടയുടേതിനുതുല്യമാണ്. അതു് പുറമേ ചർമ്മം മുതലായവ കൊണ്ട് പൊതിഞ്ഞിരിക്കുന്നു. ഹേ മുനിപുംഗവ, ആ കന്ദസ്ഥാനത്തിനു മധ്യഭാഗത്താണ്, നാഭി എന്നു് യോഗതത്ത്വവേത്താക്കൾ പറയുന്നു. കന്ദമദ്ധ്യേ സ്ഥിതി ചെയ്യുന്ന നാഡിയെ സുഷുമ്നാ നാഡി എന്നു പറയുന്നു. അതിന്റെ നാലു ഭാഗത്തും എഴുപത്തിരായിരം നാഡികളുണ്ട്. അവയിൽ സുഷുമ്ന, പിംഗള, ഇഡാ, സരസ്വതി, പൂഷാ, വരുണാ, ഹസ്തിജിഹ്വാ, യശസ്വിനീ, അലംബുസാ, കുഹൂ, വിശ്വോദരീ, പയസ്വിനീ, ശംഖിനീ, ഗാന്ധാരാ. എന്നീ പതിന്നാലുനാഡികൾ മുഖ്യമാണെന്നു കരുതുന്നു. ഈ പതിന്നാലു നാഡികളിൽ മൂന്നു് എണ്ണം എല്ലാത്തിലും മുഖ്യമാണ്. ഈ മൂന്നു നാഡികളിൽ സുഷുമ്നാ എന്ന നാഡി സർവശ്രേഷ്ഠവുമാണ്. മുതുകിന്റെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന മേരുദണ്ഡം അസ്ഥികളുടെ സമൂഹം തന്നെയാണ്. അതിൽ നിന്നും പുറപ്പെടുന്ന സുഷുമ്നാ നാഡിശിരസ്സുവരെ എത്തുന്നു.

11. നാഭികന്ദാദധഃ സ്ഥാനം കുണ്ഡല്യാ ദ്വ്യംഗുലം മുനേ
അഷ്ടപ്രകൃതിരൂപാസാ കുണ്ഡലീ മുനിസത്തമ.

12. യഥാവദ്വായുചേഷ്ടാം ച ജലാന്നാദീനി നിത്യശഃ
പരിതഃ കന്ദപാർശ്വേഷു നിരുദ്ധ്യൈവ സദാ സ്ഥിതാ

13. സ്വമുഖേന സമാവേഷ്ട്യ ബ്രഹ്മരന്ധ്രമുഖം മുനേ
സുഷുമ്നായാ ഇഡാ സവ്യേ ദക്ഷിണേ പിംഗലാ സ്ഥിതാ

14. സരസ്വതീ കുഹൂശ്ചൈവ സുഷുമ്നാ പാർശ്വയോഃ സ്ഥിതേ
ഗാന്ധാരാ ഹസ്തിജിഹ്വാ ച ഇഡായാഃ പൃഷ്ഠപാർശ്വയോഃ

15. പൂഷാ യശസ്വിനീ ചൈവ പിംഗലാ പൃഷ്ഠപൂർവയോഃ.
കുഹോശ്ച ഹസ്തിജിഹ്വായാ മധ്യേ വിശ്വോദരീ സ്ഥിതാ

16. യശസ്വിന്യാഃ കുഹോർമദ്ധ്യേ വരുണാ സുപ്രതിഷ്ഠിതാ
പൂഷായാശ്ച സരസ്വത്യാ മദ്ധ്യേ പ്രോക്തായശസ്വിനീ
17. ഗാന്ധാരായാഃ സരസ്വത്യാ മദ്ധ്യേ പ്രോക്താ ച ശംഖിനീ
അലംബുസാ സ്ഥിതാ പായുപര്യന്തം കന്ദമദ്ധ്യഗാ.
18. പൂർവഭാഗേ സുഷുമ്നായാ രാകായാഃ സംസ്ഥിതാ കുഹൂഃ
അധശ്ചോർദ്ധ്വം സ്ഥിതാ നാഡീ യാമ്യനാസാന്തമിഷ്യതേ.
19. ഇഡാ തു സവ്യനാസാന്തം സംസ്ഥിതാ മുനിപുംഗവ
യശസ്വിനീ ച വാമസ്യ പാദാംഗുഷ്ഠാന്തമിഷ്യതേ.
20. പൂഷാ വാമാക്ഷിപര്യന്താ പിംഗലായാസ്തു പൃഷ്ഠതഃ
പയസ്വിനീ ച യാമ്യസ്യ കർണ്ണാന്തം പ്രോച്യതേ ബുധൈഃ.
21. സരസ്വതീതഥാ ചോർദ്ധ്വഗതാ ജിഹ്വാ തഥാ മുനേ
ഹസ്തിജിഹ്വാ തഥാ സവ്യപാദാംഗുഷ്ഠാന്തമിഷ്യതേ.
22. ശംഖിനീ നാമ യാ നാഡീ സവ്യകർണ്ണാന്തമിഷ്യതേ
ഗാന്ധാരാ സവ്യനേത്രാന്താ പ്രോക്താ വേദാന്തവേദിഭിഃ
വിശോദരാഭിധാനാഡീ കന്ദമദ്ധ്യേ വ്യവസ്ഥിതാ.

നാഭീകന്ദത്തിൽ നിന്നും രണ്ടംഗുലം താഴെയായി അഷ്ടപ്രകൃതിയോടു കൂടിയ കുണ്ഡലിനി സ്ഥിതി ചെയ്യുന്നു. അത് വായുവിൻെറ ചേഷ്ടയേയും, ജലം, അന്നം എന്നിവയേയും അവരോധിച്ചുകൊണ്ട് സദാനാഭീകന്ദത്തിൻെറ ഇരുവശങ്ങളേയും മറച്ചുകൊണ്ട് ബ്രഹ്മരന്ധ്ര മുഖത്തെ സ്വമുഖത്താൽ മറച്ച് സ്ഥിതിചെയ്യുന്നു. സുഷുമ്നാ നാഡിയുടെ വാമഭാഗത്ത് ഇഡയും, ദക്ഷിണഭാഗത്ത് പിംഗലയും, സുഷുമ്നയുടെ രണ്ടു വശങ്ങളിലും, സരസ്വതിയും കുഹുവും സ്ഥിതിചെയ്യുന്നു. ഇഡയുടെ പുറകിലായി ഗാന്ധാരയും പൂർവ്വ ഭാഗത്ത് ഹസ്തിജിഹ്വയും, കുഹൂവിനും ഹസ്തിജിഹ്വയ്ക്കും മദ്ധ്യേ വിശോദരിയും സ്ഥിതിചെയ്യുന്നു. തപസ്വിനിയ്ക്കും കുഹൂവിനും മദ്ധ്യേ, വരുണാ നാഡിയും പൂഷാവിനും സരസ്വതിയ്ക്കും മദ്ധ്യേ പയസ്വിനിയും, ഗാന്ധാര, സരസ്വതി എന്നിവയുടെ മദ്ധ്യേ ശംഖിനിയും സ്ഥിതി ചെയ്യുന്നു. നാഭീകന്ദത്തിൻെറ മദ്ധ്യഭാഗത്തുനിന്നും ഗുദം വരെ അലംബുസ എന്ന നാഡി പോയിട്ടുണ്ട്. സുഷുമ്നയ്ക്ക് 'രാകാ' എന്നും പേർ പറയുന്നു. അതിൻെറ പൂർവ്വഭാഗത്തായി കുഹൂ എന്ന നാഡി താഴെയും മുകളിലും സ്ഥിതി ചെയ്യുന്നു. അതു വലതു നാസികാ രന്ധ്രം വരെ സ്ഥിതിചെയ്യുന്നു എന്നു പറയുന്നു. ഇഡാ എന്ന നാഡിയുടെ സ്ഥിതി ഇടത്തേ നാസികാരന്ധ്രം വരെയാണ്. യശസ്വിനീ നാഡി വലതുകാലിൻെറ തള്ളവിരൽ വരെയും, പൂഷാ എന്ന നാഡി പിംഗലയുടെ പുറകിൽകൂടി വലതുകണ്ണുവരെയും വ്യാപിച്ചിരിക്കുന്നു. പയസ്വിനി വലതു ചെവി വരെയും, സരസ്വതി മുകളിലോട്ടു ജിഹ്വ വരെയും,

ഹസ്തി ജിഹ്വ ഇടതുകാലിന്റെ തള്ളവിരൽവരെയും വ്യാപിച്ചിരിക്കുന്നു ശംഖിനീ എന്ന നാഡി ഇടത്തേ ചെവി വരെയും, ഗാന്ധാരം എന്ന നാഡി ഇടത്തേ കണ്ണുവരെയും പോയിട്ടുണ്ട്. വിശോദരം എന്ന നാഡി നാഭീകന്ദത്തിന്റെ മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നു എന്നു വേദാന്തവേദ്യൻമാർ പറയുന്നു.

23. പ്രാണോഽപാനസ്തഥാ വ്യാനഃ സമാനോദാന ഏവ ച
24. നാഗഃ കൂർമ്മശ്ച കൃകരോ ദേവദത്തോ ധനഞ്ജയഃ
ഏതേ നാഡീഷു സർവാസു ചരന്തി ദശവായവഃ.
25. ഏതേഷു പ്രാണാദയഃ പഞ്ചമുഖ്യാഃ പഞ്ചസു സുവ്രത
പ്രാണസംജ്ഞസ്തഥാപാനഃ പൂജ്യഃ പ്രാണസ്തയോർ മുനേ.
26. ആസ്യനാസികയോർമധ്യേ നാഭിമധ്യേ തഥാ ഹൃദി
പ്രാണസംജ്ഞോഽനിലോ നിത്യം വർത്തതേ മുനിസത്തമ.
27. അപാനോ വർത്തതേ നിത്യം ഗുദമധ്യോരു ജാനുഷു–
ഉദരേ സകലേ കട്യാം നാഭൌ ജംഘേ ച സുവ്രത.
28. വ്യാനഃ ശ്രോത്രാക്ഷി മധ്യേ ച കകുദ്ഭ്യാം ഗുൽഫയോരപി
പ്രാണസ്ഥാനേ ഗളേ ചൈവ വർത്തതേ മുനിപുംഗവ.
29. ഉദാനസംജ്ഞോ വിജ്ഞേയഃ പാദയോർഹസ്തയോരപി
സമാനഃ സർവദേഹേഷു വ്യാപ്യതിഷ്ഠത്യ സംശയാഃ
30. നാഗാദി വായവഃ പഞ്ചത്വഗസ്ഥ്യാദിഷു സംസ്ഥിതഃ
നിശ്വാസോച്ഛ്വാസകാസാശ്ച പ്രാണകർമ്മ ഹി സാംകൃതേ, അപാനാഖ്യസ്യ വായോസ്തു വിൺമൂത്രാദി വിസർജനം.

പ്രാണൻ, അപാനൻ, വ്യാനൻ, സമാനൻ, ഉദാനൻ, നാഗം, കൂർമ്മം, കൃകരം, ദേവദത്തം, ധനഞ്ജയം എന്നീ പത്തു വായുക്കളും സർവനാഡികളിലും കൂടി സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. അവയിൽ പ്രാണാദികളായ അഞ്ചു വായുക്കൾ പ്രാമുഖ്യം അർഹിക്കുന്നു അവയിൽ പ്രാണനും, അപാനനും ഏറ്റവും കൂടുതൽ മഹത്വം കൽപ്പിച്ചിരിക്കുന്നു. ഇവയിൽ പ്രാണവായു മുഖത്തും, മൂക്കിന്റെ മധ്യഭാഗത്തും, നാഭിയിലും, ഹൃദയത്തിലും സദാ നിവസിക്കുന്നു. അപാനൻ, ഗുദം, ഉപസ്ഥം, തുട, മുട്ട്, ഉദരം, കടിപ്രദേശം, നാഭി, മുളങ്കാൽ എന്നിവയിലും സ്ഥിതി ചെയ്യുന്നു. വ്യാനൻ ചെവികളിലും, കണ്ണുകളിലും, സ്കന്ധങ്ങളിലും, മുട്ടുകളിലും, പ്രാണസ്ഥാനങ്ങളിലും, കണ്ഠത്തിലും സ്ഥിതി ചെയ്യുന്നു. ഉദാനൻ ശരീരം മുഴുവനും വ്യാപിച്ചിരിക്കുന്നു നാഗാദി പഞ്ചവായുക്കൾ ചർമ്മത്തിലും, അസ്ഥി മുതലായവയിലും സ്ഥിതി ചെയ്യുന്നു. ഹേ സാംകൃതേ, ശ്വാസോച്ഛ്വാസവും

കാസവും, പ്രാണവായുവിന്റെ കർമ്മങ്ങളും മലമൂത്ര വിസർജ്ജനാദികൾ അപാനന്റെയും കർമ്മങ്ങളാകുന്നു.

31. സമാനഃ സർവസാമീപ്യം കരോതി മുനിപുംഗവ
32. ഉദാനഃ ഊർദ്ധ്വഗമനം കരോത്യേവ ന സംശയഃ.
വ്യാനോ വിവാദകൃത്പ്രോക്തോ മുനേ വേദാന്തവേദിഭിഃ.
33. ഉദ്ഗാരാദിഗുണഃ പ്രോക്താ നാഗാഖ്യസ്യ മഹാത്മനേ
ധനംജയസ്യ ശോഭാദികർമ്മപ്രോക്തം ഹി സാംകൃതേ.
34. നിമീലനാദികൂർമ്മസ്യ ക്ഷുധാ തു കൃകരസ്യ ച
ദേവദത്തസ്യവിപ്രേന്ദ്ര തന്ദ്രീകർമ്മ പ്രകീർത്തിതം.
35. സുഷുമ്നായാഃ ശിവോ ദേവ ഇഡായാ ദേവതാ ഹരിഃ
പിംഗലായാ വിരിഞ്ചിഃ സ്യാത് സരസ്വത്യാ വിരാൺ മുനേ.
36. പൂഷാധിദേവതാ പ്രോക്താ വരുണാ വായുദേവതാ
ഹസ്തിജിഹ്വാഭിധായാസ്തു വരുണോ ദേവതാ ഭവേത്.
37. യശസ്വിന്യാ മുനിശ്രേഷ്ഠ ഭഗവാൻ ഭാസ്കരസ്തഥാ
അലംബുസായാ അംബാത്മാ വരുണഃ പരികീർത്തിതഃ.
38. കുഹോഃ ക്ഷുദ്ദേവതാ പ്രോക്താ ഗാന്ധാരീ ചന്ദ്രദേവതാ
ശംഖിന്യാശ്ചന്ദ്രമാസ്തദ്വത് പയസ്വിന്യാഃ പ്രജാപതിഃ

ശരീരത്തെ സമാനാവസ്ഥയിൽ നിലനിറുത്തുകയാണ് സമാനന്റെ കൃത്യം. ഉദാനൻ സദാ മുകളിലോട്ടു ഗമിച്ചുകൊണ്ടിരിക്കുന്നു. വ്യാനൻ ധ്വനിവ്യഞ്ജകമാണെന്ന് ജ്ഞാനികൾ പറയുന്നു. വ്യാനൻ വിവാദകൃത്താണെന്ന് വേദാന്ത വേദ്യൻമാർ പറയുന്നു. ഉദ്ഗാരാദിഗുണങ്ങൾ നാഗത്തിന്റേതാണ്. ധനഞ്ജയ വായു ശരീരശോഭ വർദ്ധിപ്പിക്കുന്നു. കൂർമ്മവായുവിന്റെ പ്രേരണ കൊണ്ടാണ് നേത്രോന്മീലനനിമീലനങ്ങൾ നടക്കുന്നത്. കൃകര വായു വിശപ്പും ദാഹവും ഉണ്ടാക്കുന്നു. ദേവദത്തവായുവിന്റെ കൃത്യം ആലസ്യമാണ്. സുഷുമ്നാ നാഡിയുടെ ദേവത ശങ്കരനും, ഇഡയുടെ ദേവത വിഷ്ണുവും, പിംഗലയുടെ ദേവത വിരാട്ടും ആകുന്നു. പൂഷാനാഡിയുടെ ദേവതപൂഷ എന്നുപേരുള്ള സൂര്യനും, വരുണ നാഡിയുടെ ദേവത വായുവും ഹസ്തിജിഹ്വയുടെ ദേവത വരുണനും, യശസ്വിനിയുടെ ദേവത ഭാസ്കരനും, അലംബുസാനാഡിയുടെ ദേവത ജലരൂപിയായ വരുണനും ഗാന്ധാരിയുടെ ദേവത, ചന്ദ്രനും, കുഹൂവിന്റെ ദേവത ദേവീക്ഷുത്തും ശംഖിനീ നാഡിയുടെ ദേവത ചന്ദ്രനും പയസ്വിനിയുടെ നാഡി പ്രജാപതിയും ആകുന്നു.

1 . 0

39. വിശോദരാഭിധായാസ്തു ഭഗവാൻപാവകഃ പതിഃ
ഇഡായാം ചന്ദ്രമാ നിത്യം ചരത്യേവ മഹാമുനേ.
40. പിംഗലായാം രവിസ്തദ്വന്മുനേ വേദവിദാം വര
പിംഗലായാമിഡായാം തു വായോഃ സംക്രമണം തു യത്.
41. തദുത്തരായണം പ്രോക്തം മുനേ വേദാന്തവേദിഭിഃ
ഇഡായാം പിംഗലായാം തു പ്രാണ സംക്രമണം മുനേ.
42. ദക്ഷിണായന മിത്യുക്തം പിംഗലായാമിതി ശ്രുതിഃ
ഇഡാ പിംഗലയോഃ സന്ധിം യദാ പ്രാണഃ സമാഗതഃ.
43. അമാവാസ്യാ തദാ പ്രോക്താ ദേഹേ ദേഹഭൃതാം വര
മൂലാധാരം യദാ പ്രാണഃ പ്രവിഷ്ടഃ പണ്ഡിതോത്തമ.
44. തദാദ്യം വിഷുവം പ്രോക്തം താപസൈസ്താപസോത്തമ
പ്രാണസംജ്ഞോ മുനിശ്രേഷ്ഠ മൂർധാനം പ്രവിശദ്യദാ.
45. തദന്ത്യം വിഷുവം പ്രോക്തം താപസൈസ്തത്ത്വചിന്തകൈഃ, നിശ്വാസോച്ഛ്വാസനം സർവം മാസാനാം സംക്രമോ ഭവേത്
46. ഇഡായാഃ കുണ്ഡലീസ്ഥാനം യദാ പ്രാണഃ സമാഗതഃ
സോമഗ്രഹണമിത്യുക്തം തദാ തത്ത്വവിദാം വര.
47. യദാ പിംഗലയാ പ്രാണഃ കുണ്ഡലീസ്ഥാനമാഗതഃ
തദാതദാ ഭവേത് സൂര്യഗ്രഹണം മുനിപുംഗവ.

വിശോദരാ എന്ന നാഡിയുടെ ദേവത അഗ്നി ഭഗവാനും ആകുന്നു. ഇഡാ നാഡിയിൽ ചന്ദ്രനും, പിംഗലാനാഡിയിൽ സൂര്യനും നിത്യവും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. പിംഗലാ, ഇഡാ എന്നീ നാഡികളുടെ സംവൽസര സംബന്ധിയായ പ്രാണമയ സൂര്യന്റെ സംക്രമണത്തെയാണ് വേദാന്തവേദ്യന്മാർ ഉത്തരായണം എന്നുപറയുന്നത്. അതേപ്രകാരം ഇഡയിൽനിന്നും പിംഗലയിലേക്കുള്ള സൂര്യന്റെ സംക്രമണത്തെ ദക്ഷിണായനം എന്നു പറയുന്നു. ഹേ പുരുഷശ്രേഷ്ഠ, പ്രാണൻ ഇഡാ പിംഗലാ എന്നിവയുടെ സന്ധിയിൽ എത്തുമ്പോഴ് ഈ ശരീരത്തിൽ തന്നെ അമാവാസി വരുന്നു. പ്രാണൻ മൂലാധാരത്തിൽ പ്രവേശിക്കുമ്പോഴ്, തത്ത്വജ്ഞാനികളായ മഹർഷിമാർ അത് അന്തിമവിഷുവ യോഗത്താൽ സ്ഥിതി ചെയ്യുന്നു എന്നു പറയുന്നു. എല്ലാ ഉച്ഛ്വാസനിശ്വാസങ്ങളും മാസസംക്രാന്തിയാണെന്ന് പറയപ്പെട്ടിരിക്കുന്നു. ഇഡമുഖേന പ്രാണൻ കുണ്ഡലിനീ സ്ഥാനത്തെത്തുമ്പോഴ് ചന്ദ്രഗ്രഹണ സമയമെന്ന് പറയപ്പെടുന്നു. എന്നാൽ പിംഗലാ നാഡിയിൽ നിന്നും പ്രാണൻ കുണ്ഡലിനിയിൽ വരുമ്പോഴ് അത് സൂര്യഗ്രഹണമെന്നും പറയപ്പെടുന്നു.

48. ശ്രീപർവതം ശിരഃസ്ഥാനേ കേദാരം തു ലലാടകേ
വാരാണസീ മഹാപ്രാജ്ഞ ഭ്രുവോർ ഘ്രാണസ്യ മധ്യമേ.

49. കുരുക്ഷേത്രം കുചസ്ഥാനേ പ്രയാഗം ഹൃത്സരോരുഹേ
ചിദംബരം തു ഹൃന്മധ്യേ ആധാരേ കമലാലയം.

50. ആത്മതീർത്ഥം സമുത്സൃജ്യ ബഹിസ്തീർത്ഥാനി യോ വ്രജേത്
കരസ്ഥം സ മഹാരത്നം ത്യക്ത്വാ കാചം വിമാർഗ്ഗതേ.

51. ഭാവതീർത്ഥം പരം തീർത്ഥം പ്രമാണം സർവകർമ്മസു
അന്യഥാലിംഗതേ കാന്താ അന്യഥാലിംഗതേ സുതാ.

52. തീർത്ഥാനി തോയപൂർണ്ണാനി ദേവാൻ കാഷ്ഠാദി നിർമ്മിതാൻ
യോഗിനോ ന പ്രപൂജ്യന്തേ സ്വാത്മപ്രത്യയകാരണാത്.

53. ബഹിസ്തീർത്ഥാത്പരം തീർത്ഥമന്തസ്തീർത്ഥം മഹാമുനേ, ആത്മതീർത്ഥം മഹാതീർത്ഥമന്യത്തീർത്ഥം നിരർത്ഥകം.

54. ചിത്തമന്തർഗ്ഗതം ദുഷ്ടം തീർത്ഥസ്നാനൈർന ശുദ്ധ്യതി
ശതശോഽപി ജലൈർധൗതം സുരാഭാണ്ഡമിവാശുചി.

55. വിഷുവായന കാലേഷു ഗ്രഹണേ ചാന്തരേ സദാ
വാരാണസ്യാദികേ സ്ഥാനേ സ്നാത്വാ ശുദ്ധോ ഭവേന്നരഃ

56. ജ്ഞാന യോഗപരാണാം തു പാദപ്രക്ഷാളിതം ജലം
ഭാവശുദ്ധ്യർത്ഥ മജ്ഞാനം തത്തീർത്ഥം മുനിപുംഗവ.

ശിരസ്ഥാനത്ത്. ശ്രീശൈലമെന്ന തീർത്ഥവും നെററിയിൽ കേദാരമെന്നതീർത്ഥവും മൂക്കിനും, പുരികങ്ങൾക്കും മധ്യേ വാരാണസിയും, സ്തനദ്വയസ്ഥാനത്ത് കുരുക്ഷേത്രവും, ഹൃദയകമലത്തിൽ തീർത്ഥരാജനായ പ്രയാഗവും ഹൃദയമദ്ധ്യേ ചിദംബര തീർത്ഥവും, മൂലാധാരത്തിൽ കമലാലയ തീർത്ഥവും സ്ഥിതിചെയ്യുന്നു. ഈ ആത്മതീർത്ഥം സർവ[illegible]ലും ശ്രേഷ്ഠമാണ്. ഈ തീർത്ഥങ്ങളെ പരിത്യജിച്ച്, ബാഹ്യതീർത്ഥങ്ങളിൽ അലഞ്ഞു തിരിയുന്ന മനുഷ്യൻ കൈയിൽ ഇരിക്കുന്ന ബഹു[illegible] രത്നത്തെ വെടിഞ്ഞ് കാചത്തെ അന്വേഷിക്കുന്നതിനു തുല്യ[illegible] സർവകർമ്മങ്ങളിലും പ്രമാണഭൂതമായതുകൊണ്ട് ഭാവ[illegible] സർവോത്കൃഷ്ടമായ തീർത്ഥം. ഭാര്യയേയും പുത്രിയേയും [illegible] ചെയ്യുന്നു എങ്കിലും ആ ആലിംഗനങ്ങളിൽ ഭാവങ്ങൾ [illegible] യോഗികൾക്ക്, ആത്മതീർത്ഥത്തിൽ ശ്രദ്ധയും വി[illegible]

അവർ ജലമയ തീർത്ഥങ്ങളിൽ സ്നാനം ചെയ്യുകയോ മരം കല്ല് മുതലായ വയാൽ നിർമ്മിതമായ പ്രതിമകളെ പൂജിക്കുകയോ ചെയ്യുന്നില്ല. ബാഹ്യ തീർത്ഥത്തെക്കാളും ആത്മതീർത്ഥം (ആന്തരിക തീർത്ഥം) അത്യന്തം ശ്രേഷ്ഠമാണ്. ഈ മഹാതീർത്ഥത്തിന്റെ മുമ്പിൽ മററു തീർത്ഥങ്ങറം വ്യർത്ഥങ്ങളാണ്. ശരീരത്തിനുള്ളിൽ വസിക്കുന്ന ദൂഷിത ചിത്തം ബാഹ്യ തീർത്ഥങ്ങളിൽ നിമജ്ജനം ചെയ്തതു കൊണ്ടുമാത്രം നിർമ്മലമാകുന്നില്ല. എന്തെന്നാൽ മദ്യം നിറച്ച കലശത്തെ അനേകശതം തവണ ശുദ്ധജലം കൊണ്ട് പ്രക്ഷാളനം ചെയ്താലും, കുടത്തിനുള്ളിൽ മദ്യം ഇരിക്കുന്നതുകൊണ്ട് അത് ഒരിക്കലും പരിശുദ്ധമാകുന്നില്ല. സ്വശരീരത്തിൽ തന്നെ വിഷുവ യോഗവും, ഉത്തരായണ ദക്ഷിണായനങ്ങളും, സൂര്യഗ്രഹണവും, ചന്ദ്ര ഗ്രഹണവും നടക്കുന്നു. മൂക്കിനും പുരികങ്ങറംക്കും മദ്ധ്യേ സ്ഥിതി ചെയ്യുന്ന വാരാണസി മുതലായ തീർത്ഥങ്ങളിൽ ഭാവനയോടുകൂടി സ്നാനം ചെയ്താൽ മനുഷ്യന് പരിശുദ്ധനാകാൻ സാധിക്കും. എന്നാൽ അജ്ഞാനികളായ മനുഷ്യരുടെ അന്ത:കരണ ശുദ്ധിക്ക് ജ്ഞാന യോഗതത്പരൻമാരായ യോഗികളുടെ പാദപ്രക്ഷാളന ജലം ശ്രേഷ്ഠമായ തീർത്ഥം തന്നെയാണ്.

57. തീർത്ഥേ ദാനേ ജപേ യജ്ഞേ കാഷ്ഠേ പാഷാണകേസദാ
ശിവം പശ്യതി മൂഢാത്മാ ശിവേ ദേഹേ പ്രതിഷ്ഠിതേ.

58. അന്തസ്ഥം മാം പരിത്യജ്യ ബഹിഷ്ഠം യസ്തു സേവതേ
ഹസ്തസ്ഥം പിണ്ഡ മുൽസൃജ്യ ലിഹേത് കൂർപ്പരമാത്മനഃ.

59. ശിവമാത്മനി പശ്യന്തി പ്രതിമാസു ന യോഗിനഃ
അജ്ഞാനാം ഭാവനാർത്ഥയായപ്രതിമാഃ പരികൽപ്പിതാഃ.

60. അപൂർവമപരം ബ്രഹ്മ സ്വാത്മാനം സത്യമദ്വയം
പ്രജ്ഞാന ഘനമാനന്ദം യഃ പശ്യതി സ പശ്യതി.

61. നാഡീപുഞ്ജം സദാസാരം നരഭാവം മഹാമുനേ
സമുൽസൃജ്യാത്മനാത്മാന മഹമിത്യേവ ധാരയ.

62. അശരീരം ശരീരേഷു മഹാന്തം വിഭുമീശ്വരം
ആനന്ദമക്ഷരം സാക്ഷാൻമത്വാ ധീരോ ന ശോചതി.

63. വിഭേദജനകേ ജ്ഞാനേ നഷ്ടേ ജ്ഞാന ബലാന്മുനേ
ആത്മനോ ബ്രഹ്മണോ ഭേദമസന്തം കിം കരിഷ്യതി.

കല്യാണ സ്വരൂപനായ പരമേശ്വരൻ ഈ ശരീരത്തിൽ തന്നെയാണ് സ്ഥിതിചെയ്യുന്നത്. ആ പരമേശ്വരനെ അറിയാത്ത അജ്ഞാനി തീർത്ഥം ദാനം, ജപം, യജ്ഞം, കാഷ്ഠം, പാഷാണം എന്നിവയിൽ പരമാത്മാവിനെ അന്വേഷിക്കുന്നു. തന്റെ ഉള്ളിൽ നിത്യവും നിരന്തരം കുടികൊള്ളുന്ന

പരമാത്മാവായ എന്നെ വിഗണിച്ചിട്ട് കേവലം ബാഹ്യരൂപത്തിൽ നിർമ്മിതമായ സ്ഥൂലപ്രതിമകളെ പൂജിക്കുന്ന ജീവൻ, കരഗതമായ അന്നത്തെ വെടിഞ്ഞ് തന്റെ കൈമുട്ടുകളെ നക്കുന്നതുപോലെയാണ്. യോഗികം, തന്റെ ആത്മാവിൽ തന്നെ പരമാത്മാവിനെ ദർശിക്കുന്നു. അവർ പ്രതിമകളിൽ ഒരിക്കലും ദർശിക്കുന്നില്ല. അജ്ഞാനികളുടെ ഹൃദയത്തിൽ ഭഗവാനോടുള്ള ഭാവനയെ ഉണർത്തി അവ മുഖേന അവർക്ക് ഭഗവാനിൽ വിശ്വാസം ജനിപ്പിക്കുകയാണ് പ്രതിമകളുടെ സങ്കൽപ്പം.

ആർക്കാണോ ഭിന്നങ്ങളായ കാര്യകാരണങ്ങൾ ഒന്നും തന്നെ ഇല്ലാത്തത് ആരാണോ പ്രജ്ഞാനഘന സ്വരൂപനും, അദ്വിതീയനും, സത്യസ്വരൂപനും, ആനന്ദമയനുമായ ബ്രഹ്മത്തെ സ്വാത്മാവിൽ തന്നെ കാണുന്നത് അവനാണ് യഥാർത്ഥത്തിൽ കാണുന്നത്. ഈ മനുഷ്യശരീരം കേവലം ഒരു നാഡീവ്യൂഹം മാത്രമാണ്. ഇത് ഒരിക്കലും സാമയമല്ല. അതിനോടുള്ള ആത്മഭാവത്തെ സർവഥാ വെടിഞ്ഞ്, ''പരമാത്മാവ് ഞാൻ തന്നെയാണ്'' എന്നുള്ള വിശ്വാസം കൈക്കൊണ്ട് ഈ ശരീരത്തിൽ നിവസിക്കുന്ന എങ്കിലും ഇതിൽ നിന്നെല്ലാം ഭിന്നനായി, വ്യാപൃതനായിരിക്കുന്ന ആ മഹാൻ ആത്മാവ്, സർവർക്കും നാഥനാണ്. ആനന്ദ സ്വരൂപനായ ആ അമരബ്രഹ്മത്തെ അറിയുന്നവന് ഒരിക്കലും ദുഃഖം ഉണ്ടാകുകയില്ല. ഹേ മഹാ മുനേ, ജ്ഞാനബലത്താൽ, ഭേദത്തെ ഉളവാക്കുന്ന അജ്ഞാനം നശിക്കുമ്പോൾ, ഏത് മൂർഖനാണ് (മൂഢൻ) ആത്മാവിനും, ബ്രഹ്മത്തിനും തമ്മിലുള്ള മിഥ്യാ ഭേദത്തെപ്പറ്റി സംസാരിക്കുന്നത്.

## അഞ്ചാം ഖണ്ഡം

1. സമ്യക്കഥയ മേ ബ്രഹ്മനാഡീ ശുദ്ധിം സമാസതഃ
   യഥാ ശുദ്ധ്യാ സദാ ധ്യായൻ ജീവൻമുക്തോ ഭവാമ്യഹം.
2. സാംകൃതേ ശൃണു വക്ഷ്യാമി നാഡീശുദ്ധിം സമാസതഃ
   വിധ്യുക്ത കർമ്മ സംയുക്തഃ കാമസങ്കൽപ്പവർജ്ജിതഃ
3. യമാദ്യഷ്ടാംഗ സംയുക്തഃ ശാന്തഃ സത്യപരായണഃ
   സ്വാത്മന്യവസ്ഥിതഃ സമ്യഗ്ജ്ഞാനിഭിശ്ചസുശിക്ഷിതഃ
4. പർവതാഗ്രേ നദീതീരേ ബില്വമൂലേ വനേഽഥവാ,
   മനോരമേ ശുചൗ ദേശേ മഠം കൃത്വാ സമാഹിതഃ
5. ആരഭ്യ ചാസനം പശ്ചാത്, പ്രാങ്മുഖോദങ്മുഖോഽപി
   വാ,സമഗ്രീവശിരഃ കായഃ സംവൃതാസ്യഃ സുനിശ്ചലഃ

സാംകൃതി പറഞ്ഞു:— പ്രഭോ നാഡീ ശുദ്ധി എങ്ങനെയാണ് സാധിക്കേണ്ടതെന്ന് എനിക്കു സവിസ്തരം പറഞ്ഞുതന്നാലും, അതറിഞ്ഞാൽ

എനിക്ക് 'നാഡീശുദ്ധി കൈവന്നതിനുശേഷം, സദാ പരമാത്മാവിനെ ധ്യാനിച്ചുകൊണ്ട്' ജീവന്മുക്താവസ്ഥയെ പ്രാപിക്കാൻ സാധിക്കും. ഭഗവാൻ ദത്താത്രേയൻ പറഞ്ഞു. ''നാഡീ ശുദ്ധി കൈവരിക്കേണ്ടതിനെപ്പററി ഞാൻ സംക്ഷിപ്തമായി പറയാം. അങ്ങ് ശ്രദ്ധിച്ചുകേട്ടുകൊള്ളുക. ശാസ്ത്രങ്ങളും അവയുടെ നിർദ്ദേശങ്ങളും മുഖേന കർമ്മങ്ങളും വിധിച്ചിട്ടുണ്ട്. ആ കർമ്മങ്ങളും അനുഷ്ഠിക്കുന്നതിൽ തത്പരമായിരിക്കുന്ന ബുദ്ധിയിൽ മുഴുകിയിരിക്കുക. കാമനകളുടെയും, അവയുടെ ഫലങ്ങളുടെയും ആകാംക്ഷ വെടിയണം. അഷ്ടാംഗയോഗ സേവനം ചെയ്തുകൊണ്ട് മനസ്സിനെ ശാന്തമാക്കുകയും, സത്യത്തെ പാലിക്കുകയും വേണം. ജ്ഞാനികളായ മഹാത്മാക്കളെ പരിചരിച്ച്, ജിജ്ഞാസയോടുകൂടി അവരിൽ നിന്നും ജ്ഞാനം സമാർജ്ജിക്കണം. സ്വയം ആത്മ വിചിന്തനത്തിൽ തന്നെ ലയിച്ചിരിക്കണം. പർവതത്തിനു മുകളിലോ, നദീതീരത്തോ, ഏകാന്തമായ വനപ്രദേശത്തോ [1]ഫലവൃക്ഷച്ചുവട്ടിലോ, പരിശുദ്ധവും, രമണീയവുമായ പ്രദേശത്തോ ആശ്രമം നിർമ്മിച്ച് ഏകാഗ്രചിത്തനായി അവിടെത്തന്നെ വസിക്കണം. അതിനുശേഷം, ഉത്തരാഭിമുഖമായോ ദക്ഷിണാഭിമുഖമായോ ആസനസ്ഥനായിരിക്കണം. കണ്ഠം, ശിരസ്സ്, ശരീരം എന്നിവയെ സമഭാവത്തിൽ സ്ഥാപിച്ച് വായടയ്ക്കണം. ഇപ്രകാരം നിശ്ചലനായിരിക്കണം.

6. നാസാഗ്രേ ശശഭൃദ്ബിംബേ ബിന്ദുമധ്യേ തുരീയകം
സ്രവന്തമമൃതം പശ്യേന്നേത്രാഭ്യാം സുസമാഹിതഃ.
7. ഇഡയാ പ്രാണമാകൃഷ്യ പൂരയിത്വോദരേ സ്ഥിതം
തതോഽഗ്നിം ദേഹമധ്യസ്ഥം ധ്യായൻജ്വാലാവലീയുതം.
8. ബിന്ദുനാദ സമായുക്ത മഗ്നിബീജം വിചിന്തയേത്
പശ്ചാത്‌വിരേചയേത്‌സമ്യക്‌പ്രാണം പിംഗലയാ ബുധഃ.

[2] നാസാഗ്രഭാഗത്ത് ചന്ദ്രമണ്ഡലം സ്ഥിതിചെയ്യുന്നു എന്ന ഭാവനയോടുകൂടി, അവിടെ പ്രണവബിന്ദുവിൽ തുരീയരൂപനായ പരമാത്മാവിനെ അമൃതസ്രോതസ്സ് പ്രവഹിപ്പിച്ചുകൊണ്ടിരിക്കുന്നതായി പ്രത്യക്ഷദർശനം ചെയ്യുക. അതിനുശേഷം ഇഡാനാഡി മുഖേന പ്രാണവായുവിനെ ഉള്ളിലേക്ക് വലിച്ച് ഉദരത്തിൽ നിറച്ച് ദേഹമധ്യത്തിൽ സ്ഥിതിചെയ്യുന്ന അഗ്നിയെ ധ്യാനിക്കണം. 'ഉള്ളിലേക്കു വലിച്ച വായുവിൻെറ സമ്പർക്കത്താൽ അഗ്നിദേവൻ തൻെറ ജ്വാലകളോടുകൂടി പ്രദീപ്തമായിക്കൊണ്ടിരിക്കുന്നു എന്നു ഭാവിക്കണം.' അതിനുശേഷം പ്രണവബിന്ദുവിനേയും, നാദയുക്തമായ അഗ്നിബീജത്തേയും ചിന്തിക്കണം. പിന്നീട് പിംഗലാനാഡിയിൽകൂടി പ്രാണവായുവിനെ മന്ദം മന്ദം വെളിയിലേക്കു വിടണം. (രേചകം ചെയ്യണം.)

9. പുനഃ പിംഗളയാപൂര്യ വഹ്നി ബീജമനുസ്മരേത്
പുനർവിരേചയേദ്ധീമാനിഡയൈവ ശനൈഃ ശനൈഃ.

10. ത്രിചതുർവാസരം വാഥ ത്രിചതുർവാരമേവ ച
ഷട്കൃത്വാ വിചരേന്നിത്യം രഹസ്യേവം ത്രിസന്ധിഷു.
11. നാഡീശുദ്ധിമവാപ്നോതി പൃഥക്ചിഹ്നോപലക്ഷിതഃ
ശരീരലഘുതാ ദീപ്തിർവഹ്നേർജാഠര വർത്തിനഃ.
12. നാദാഭിവ്യക്തിരിത്യേത ച്ചിഹ്നം തൽസിദ്ധി സൂചകം
യാവദേതാനി സംപശ്യേത്താവദേവം സമാചരേത്.

അതിനുശേഷം, പിംഗലാനാഡിയിൽകൂടി പ്രാണവായുവിനെ ഉള്ളിലേക്കു വലിച്ച് ശരീരത്തിൽ നിറച്ച് അഗ്നിബീജത്തെ ചിന്തിച്ചതിനുശേഷം ഇഡാനാഡിമുഖേന അതിനെ വെളിയിലേക്ക വിടണം. ഇപ്രകാരം ഈ പ്രക്രിയ മൂന്നോ നാലോ ദിവസം നിരന്തരം ചെയ്യുകയോ നിത്യവും. ത്രിസന്ധ്യകളിലും, ഈ ക്രിയ മൂന്നോ, നാലോ, ആറോ തവണ ചെയ്യുകയോ വേണം. ഈ ക്രിയയുടെ ഫലമായി നാഡി ശുദ്ധമായിത്തീരുന്നു. അതിന്റെ പ്രത്യക്ഷ ലക്ഷണം അൽപാൽപ്പം പ്രത്യക്ഷമായിക്കാണാം. അതിന്റെ ഫലമായി ശരീരലാഘവം, ജഠാഗ്നിയുടെ ഉദ്ദീപനം, അനാഹതനാദാഭിവ്യക്തി തുടങ്ങിയ ലക്ഷണങ്ങൾ സിദ്ധിയെ പ്രകടമാക്കുന്നവയാണ്. ഈ ലക്ഷണങ്ങളുടെ സ്ഫുരണം ഉണ്ടാകുന്നതുവരെ നിരന്തരം അഭ്യസിച്ചുകൊണ്ടിരുന്നാൽ ഉദ്ദേശ്യം സഫലമാകും.

13. അഥവൈതത് പരിത്യജ്യ സ്വാത്മശുദ്ധിം സമാചരേത്
ആത്മാ ശുദ്ധഃ സദാ നിത്യഃ സുഖരൂപഃ സ്വയം പ്രഭഃ.
14. അജ്ഞാനാൻ മലിനോഭാതി ജ്ഞാനാച്ഛുദ്ധോ ഭവത്യയം
അജ്ഞാനമലപങ്കം യഃ ക്ഷാളയേത്ജ്ഞാനതോ യതഃ
സ ഏവ സർവദാ ശുദ്ധോ നാന്യഃ കർമ്മരതോ ഹി സഃ.

ഇങ്ങനെ ചെയ്തില്ലെങ്കിൽ ആത്മ ശുദ്ധിക്കായിട്ടുള്ള അനുഷ്ഠാനങ്ങൾ ചെയ്യണം. ഈ ആത്മാവ് എപ്പോഴും ശുദ്ധമാണ്. സ്വയം പ്രകാശസ്വരൂപവും, സുഖസ്വരൂപവുമാണ്. ഇതിൽ മാലിന്യമുണ്ടെന്നുള്ള ആരോപണം അജ്ഞാനംകൊണ്ടുണ്ടാകുന്നതാണ്. ആദ്യമേതന്നെ ഇതു് വിശുദ്ധരൂപത്തിൽത്തന്നെയാണ് സ്ഥിതി ചെയ്യുന്നത്. അജ്ഞാനമാകുന്ന മാലിന്യത്തെ ജ്ഞാനമാകുന്ന ജലംകൊണ്ട് പ്രക്ഷാളനം ചെയ്യുന്ന പുരുഷൻ പരമശുദ്ധനാണ്. ജ്ഞാനത്തെ ഉപേക്ഷിച്ച് ലൗകിക കർമ്മങ്ങളിൽ ആസക്തനായിരിക്കുന്ന പുരുഷൻ ശുദ്ധനല്ല.

## ആറാം ഖണ്ഡം

1. പ്രാണായാമക്രമം വക്ഷ്യേ സാംകൃതേ ശൃണു സാദരം
പ്രാണായമ ഇതി പ്രോക്തോ രേചപൂരക കുംഭകൈഃ

2. വർണ്ണത്രയാത്മകാഃ പ്രോക്താ രേചപൂരക കുംഭകാഃ
സ ഏഷ പ്രണവഃ പ്രോക്തഃ പ്രാണായാമസ്തു തന്മയഃ.
3. ഇഡയാ വായുമാകൃഷ്യ പൂരയിത്വോദരേ സ്ഥിതം
ശനൈഃ ഷോഡശഭിർമാത്രൈരകാരം തത്ര സംസ്മരേത്.
4. പൂരിതം ധാരയേത് പശ്ചാത്ചതുഃ ഷഷ്ട്യാ തു മാത്രയാ
ഉകാരമൂർത്തിമത്രാപി സംസ്മരൻ പ്രണവം ജപേത്.
5. യാവദ്വാ ശക്യതേ താവദ്ധാരയേജ് ജപതത്പരഃ
പൂരിതം രേചയേത്പശ്ചാൻമകാരേണാനിലം ബുധഃ.
6. ശനൈഃ പിംഗലയാ തത്ര ദ്വാത്രിംശൻമാത്രയാ പുനഃ
പ്രാണായാമോ ഭവേദേവം തതശ്ചൈവം സമഭ്യസേത്.

ഇനി ഞാൻ പ്രാണായാമത്തിൻെറ ക്രമത്തെപ്പററിപ്പറയാം. അതും അങ്ങ് ശ്രദ്ധാപൂർവം കേട്ടുകൊള്ളുക. പൂരകകുംഭകരേചക ക്രിയകൾ മുഖേന സംയമിതമാകുന്ന പ്രാണനാണ് പ്രാണായാമം. ഓംകാരത്തിൽ അകാര ഉകാര മകാരങ്ങൾ എന്ന് മൂന്നു വർണ്ണങ്ങൾ ഉണ്ട്. ഈ മൂന്നു വർണ്ണങ്ങളുടേയും ഏകീഭാവമാണ് പ്രണവം. അതുകൊണ്ട് പ്രാണായാമവും പ്രണവമയമാണെന്ന് കരുതപ്പെട്ടിരിക്കുന്നു ഇഡമുഖേന വായുവിനെ മന്ദം മന്ദം ഉള്ളിലേക്കുവലിച്ച് ഉദരത്തിൽ നിറച്ച്, അവിടെ പതിനാറുമാത്രകളോടു കൂടിയ ''അകാരത്തെ'' ധ്യാനിക്കണം. അതിനുശേഷം ഉദരത്തിൽ നിറഞ്ഞു നിൽക്കുന്ന വായുവിനെ അൽപസമയം നിലനിറുത്തി അറുപത്തിനാലു മാത്രകളോടു കൂടിയ ''ഉകാര''ത്തെ ധ്യാനിച്ചുകൊണ്ട് പ്രണവത്തെ ജപിക്കണം. കഴിയുന്നിടത്തോളം വായുവിനെ നിലനിറുത്തിക്കൊണ്ട് ജപിച്ചുകൊണ്ടിരിക്കണം. പിന്നീട് മുപ്പത്തിരണ്ടു മാത്രയോടുകൂടിയ 'മകാര'ത്തെ ശ്രദ്ധയോടുകൂടി പൂരിതമായ ആ വായുവിനെ മന്ദമന്ദം പുറത്തേക്കു വിടണം. ഇത് ഒരു പ്രാണായാമമായി. ഇങ്ങനെ നിരന്തരം അഭ്യസിച്ചുക്കൊണ്ടിരിക്കണം.

7. പുനഃ പിംഗലയാപൂര്യ മാത്രൈ ഷോഡശഭിസ്തഥാ
അകാരമൂർത്തിമത്രാപി സ്മരേദേകാഗ്ര മാനസഃ.
8. ധാരയേത്പൂരിതം വിദ്വാൻ പ്രണവം സംജപൻ വശീ
ഉകാരമൂർത്തിം സ ധ്യായംശ്ചതുഃ ഷഷ്ട്യാ തു മാത്രയാ.
9. മകാരം തു സ്മരൻപശ്ചാദ്രേചയേദിഡയാനിലം
ഏവമേവ പുനഃ കുര്യാദിഡയാപൂര്യ ബുദ്ധിമാൻ.
10. ഏവം സമഭ്യസേന്നിത്യം പ്രാണായാമം മുനീശ്വര
ഏവമഭ്യാസതോ നിത്യം ഷൺമാസാദ്യത്നവാൻ ഭവേത്.

11. വൽസരാദ് ബ്രഹ്മവിദ്വാൻസ്യാത്തസ്മാന്നിത്യം സമഭ്യ
സേത്, യോഗാഭ്യാസരതോ നിത്യം സ്വധർമ്മ നിരതശ്ച യഃ.

അനന്തരം പിംഗലനാഡിമുഖേന വായുവിനെ മന്ദമന്ദം വലിച്ച് ഉള്ളിൽ നിറച്ച് പതിനാറു മാത്രയോടുകൂടിയ അകാരത്തെ ഏകാഗ്ര മാനസനായി ചിന്തിക്കണം. വായു ഉദരത്തിൽ നിറയുമ്പോൾ മനസ്സിനേയും ഇന്ദ്രിയങ്ങളേയും പരിപൂർണ്ണമായുംവശഗതമാക്കി അറുപത്തിനാലു മാത്രാവശിഷ്ടമായ മകാരത്തെ ധ്യാനിക്കുകയും, പ്രണവജപത്തോടുകൂടി വായുവിനെ ഇഡയിൽകൂടി മന്ദമന്ദം വെളിയിലേക്കു വിടുകയും വേണം. ബുദ്ധിമാൻമാർ ഇതേ പ്രകാരം വീണ്ടും വീണ്ടും അഭ്യസിച്ചുകൊണ്ടിരിക്കണം. ഹേ മുനേ, ഇങ്ങനെ പ്രാണായാമം നിത്യവും അഭ്യസിച്ചുകൊണ്ടിരിക്കണം. ആറുമാസം ഇപ്രകാരം ചെയ്താൽ ജ്ഞാനവിഹീനനായ പുരുഷൻ പോലും ജ്ഞാനവാനായിത്തീരും. ഒരു വർഷത്തോളം ഇപ്രകാരം പ്രാണായാമം ചെയ്യുന്ന സാധകന് ബ്രഹ്മസാക്ഷാത്കാരം ലഭിക്കുന്നു. അതുകൊണ്ടാണ് നിത്യവും പ്രാണായാമം അഭ്യസിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. യോഗാഭ്യാസത്തിൽ മുഴുകിയിരിക്കുന്നവനും ധർമ്മസംരക്ഷണ തത്പരനുമായ പുരുഷൻ പ്രാണായാമം മുഖേന ജ്ഞാനം സമാർജ്ജിച്ച് ഈ സാംസാരിക ബന്ധനത്തിൽ നിന്നും മുക്തനായി ഭവിക്കുന്നു.

12. പ്രാണസംയമനേനൈവ ജ്ഞാനാൻമുക്തോ ഭവിഷ്യതി
ബാഹ്യാദാപൂരണം വായോരുദരേ പൂരകോ ഹി സഃ.

13. സമ്പൂർണ്ണ കുംഭവദ്വായോർധാരണം കുംഭകോ ഭവേത്
ബഹിർവിരേചനം വായോരുദരാദ്രേചകഃ സ്മൃതഃ.

14. പ്രസ്വേദജനകോ യസ്തു പ്രാണായാമേഷു സോഽധമഃ
കമ്പനം മധ്യമം വിദ്യാദുത്ഥാനം ചോത്തമം വിദുഃ.

15. പൂർവം പൂർവം പ്രകുർവീത യാവദുത്ഥാന സംഭവഃ
സംഭവത്യുത്തമേ പ്രാജ്ഞഃ പ്രാണായാമേ സുഖീ ഭവേത്.

16. പ്രാണായാമേന ചിത്തം തു ശുദ്ധം ഭവതി സുവ്രത
ചിത്തേ ശുദ്ധേ ശുചിഃ സാക്ഷാത്പ്രത്യഗ്ജ്യോതിർവ്യവസ്ഥിതഃ.

17. പ്രാണശ്ചിത്തേന സംയുക്തഃ പരമാത്മനി തിഷ്ഠതി
പ്രാണായാമപരസ്യാസ്യ പുരുഷസ്യ മഹാത്മനഃ.

18. ദേഹശ്ചോത്തിഷ്ഠതേ തേന കിംചിജ്ജ്ഞാനാദ്വിമുക്തതാ
രേചകം പൂരകം മുക്ത്വാ കുംഭകം നിത്യമഭ്യസേത്.

19. സർവ്വപാപവിനിർമ്മുക്തഃ സമ്യക്ജ്ഞാനമവാപ്നുയാത്
മനോജവത്വമാപ്നോതി പലിതാദി ച നശ്യതി.
20. പ്രാണായാമൈകനിഷ്ഠസ്യ ന കിംചിദപി ദുർലഭം
തസ്മാത് സർവപ്രയത്നേന പ്രാണായാമാൻ സമഭ്യ
സേത്

ബാഹ്യ വായുവിനെ ഉദരത്തിൽ നിറയ്ക്കുന്ന പ്രക്രിയയ്ക്കാണ് പൂരകം എന്നുപറയുന്നത്. കുടം വെള്ളത്താൽ നിറയ്ക്കപ്പെടുന്നതുപോലെ വായുവിനെ ഉദരത്തിൽനിറച്ച് അതിനെ നിലനിറുത്തുന്നതാണ് കുംഭകം വായുവിനെ ഉദരത്തിൽ നിന്നും ബഹിഷ്ക്കരിക്കുകയാണ് രേചകം.

ഏതൊരു പ്രാണായാമം ചെയ്യുമ്പോഴാണോ ശരീരത്തിൽ വിയർപ്പുണ്ടാകുന്നത്, ആ പ്രാണായമം എല്ലാ പ്രാണായാമത്തേക്കാളും അധമമാണ്. പ്രാണായാമം ചെയ്യുമ്പോൾ ശരീരത്തിൽ കമ്പനമുണ്ടാവുക മധ്യമ ശ്രേണിയിൽ പെട്ട പ്രാണായാമമാണെന്ന സൂചിപ്പിക്കുന്ന. പ്രാണായാമ സമയത്ത് ശരീരം മുകളിലോട്ടു പൊങ്ങുന്നതുപോലെ തോന്നുന്നത് ഉത്തമ രീതിയിലുള്ള പ്രാണയാമം എന്ന പറയപ്പെടുന്നു. മുകളിലോട്ടു പൊങ്ങുന്ന അനുഭവത്തോടുകൂടിയ പ്രാണായാമം സിദ്ധമാകുന്നതുവരെ താഴ്ന്ന തരത്തിലുള്ളതോമധ്യമ ശ്രേണിയിൽ പെട്ടതോ ആയ പ്രാണായാമം അഭ്യസിച്ചുകൊണ്ടിരിക്കണം. അങ്ങനെയായാൽ കാലാന്തരത്തിൽ ഉത്തമശ്രേണിയിൽപെട്ട പ്രാണായാമവും സിദ്ധിക്കും. ഉത്തമശ്രേണിയിൽപെട്ട പ്രാണായാമം സിദ്ധമായാൽ മനുഷ്യൻ അത്യന്തം സുഖവാനായിത്തീരുന്ന പ്രാണായാമം ചെയ്യുന്നവന്റെ ചിത്തം ശുദ്ധമായിത്തീരുന്ന. ചിത്തം ശുദ്ധമായാൽ ഉള്ളിൽ വിരാജിക്കുന്ന ശുദ്ധവും, പ്രകാശസ്വരൂപവുമായ ആത്മതത്ത്വത്തെ സാക്ഷാത്കരിക്കുവാൻ സാധിക്കും. പ്രാണായാമത്തിൽ മുഴുകിയിരിക്കുന്ന മഹാത്മാവിന്റെ പ്രാണൻ ചിത്തസംയോഗം സ്ഥാപിച്ച് പരമാത്മാവിൽ സ്ഥിതിചെയ്യുന്നു. ആ അവസ്ഥയിൽ അവന്റെ ശരീരം മുകളിലോട്ടു പൊങ്ങുന്ന അതിന്റെ ഫലമായി അവന് ജ്ഞനോദയമുണ്ടായി മോക്ഷ പ്രാപ്തി കൈവരുന്ന. രേചകപൂരകങ്ങളെ അപേക്ഷിച്ച് കുംഭകത്തെ അധികം അഭ്യസിക്കണം. ഇപ്രകാരം ചെയ്യുന്ന യോഗി സർവപാപ വിമുക്തനായി ശ്രേഷ്ഠമായ ജ്ഞാനത്തെ പ്രാപിക്കുന്ന. മനോവേഗ സമാന വേഗവാനായി മനസ്സിനെ ജയിക്കുന്നു. അവന്റെ രോമം നരയ്ക്കുന്നതിനുകാരണമായ രോഗം നശിക്കുന്ന. പ്രാണായാമത്തിൽ തന്നെ അനന്യമായ ആസ്ഥയുള്ളവന് ഒന്നും ദുർല്ലഭമല്ല. അതുകൊണ്ട് സർവപ്രയത്നേന അഭ്യാസത്താൽ പ്രാണായാമ സിദ്ധി കൈവരുത്തണം.

21. വിനിയോഗാൻ പ്രവക്ഷ്യാമി പ്രാണായാമസ്യ സുവ്രത
സന്ധ്യയോർ ബ്രാഹ്മ കാലേപി മധ്യാഹ്നേ വാഥവാ
സദാ.

22. ബാഹ്യം പ്രാണം സമാകൃഷ്യ പൂരയിത്വോദരേണ ച
നാസാഗ്രേ നാഭിമധ്യേ ച പാദാംഗുഷ്ഠേ ച ധാരയേത്.

23. സർവരോഗവിനിർമ്മുക്തോ ജീവേദ്വർഷശതം നരഃ.
നാസാഗ്ര ധാരണാദ്വാപി ജിതോ ഭവതി സുവ്രത

24. സർവരോഗനിവൃത്തിഃ സ്യാന്നാഭിമധ്യേ തു ധാരണാത്
ശരീര ലഘുതാ വിപ്ര പാദാംഗുഷ്ഠനിരോധനാത്.

25. ജിഹ്വയാ വായുമാകൃഷ്യ യഃ പിബേത് സതതം നരഃ
ശ്രമദാഹവിനിർമ്മുക്തോ യോഗീ നീരോഗ താമിയാത്.

26. ജിഹ്വയാ വായുമാകൃഷ്യ ജിഹ്വാ മൂലേ നിരോധയേത്.
പിബേദമൃതമവ്യഗ്രം സകലം സുഖമാപ്നുയാത്.

27. ഇഡയാ വായുമാകൃഷ്യ ഭ്രുവോർമധ്യേ നിരോധയേത്
യഃ പിബേദമൃതം ശുദ്ധം വ്യാധിഭിർമുച്യതേ ഹി സഃ

28 ഇഡയാ വേദതത്ത്വജ്ഞസ്തഥാ പിംഗലയൈവ ച
നാഭൗ നിരോധയേത്തേന വ്യാധിഭിർ മുച്യതേ നരഃ

29. മാസമാത്രം ത്രിസന്ധ്യായാം ജിഹ്വയാരോപ്യ മാരുതം
അമൃതം ച പിബേന്നാഭൗ മന്ദം മന്ദം നിരോധയേത്.

30. വാതജാഃ പിത്തജാ ദോഷാ നശ്യന്ത്യേവ ന സംശയഃ
നാസാഭ്യാം വായുമാകൃഷ്യ നേത്ര ദ്വന്ദ്വേ നിരോധയേത്.

31. നേത്രരോഗാവിനശ്യന്തി തഥാ ശ്രോത്രനിരോധനാത്
തഥാ വായും സമാരോപ്യ ധാരയേച്ഛിരസിസ്ഥിതം
ശിരോ രോഗാവിനശ്യന്തി സത്യമുക്തം ഹി സാംകൃതേ.

ഇനി ഞാൻ പ്രാണായാമവിനിയോഗത്തെപ്പററി പറയാം. രണ്ടു സന്ധ്യകളിലും, ബ്രഹ്മ മുഹൂർത്തത്തിലോ മധ്യാഹ്ന സമയത്തോ ബാഹ്യവായുവിനെ ആകർഷിച്ച് ഉദരത്തിൽ നിറച്ചുനിറുത്തുകയും ഉദരം, നാസാഗ്രം, നാഭിയുടെ മധ്യഭാഗം പാദാംഗുഷ്ഠം എന്നിവയിൽ വായുവിനെ നിലനിറുത്തുകയും ചെയ്താൽ സർവരോഗവിമുക്തിക്കു പുറമേ മനുഷ്യന് നൂറു വയസ്സുവരെ ദീർഘായുസ്സും ലഭിക്കുന്നു. നാസാഗ്രഭാഗത്ത് നിലനിറുത്തിയാൽ പ്രാണവായു വശംവദമാകും. നാഭീമധ്യത്തിൽ നിലനിറുത്തിയാൽ സർവ്വരോഗശമനവും ഉണ്ടാകുന്നു. പാദാംഗുഷ്ഠത്തിൽ വായുവിനെ നിരോധിച്ചാൽ ശരീരലാഘവം സിദ്ധിക്കുന്നു. ജിഹ്വയിൽകൂടി വായുവിനെ പാനം ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യൻ ക്ഷീണം, ദാഹം എന്നിവയിൽ

നിന്നെല്ലാം മുക്തനായി ആരോഗ്യവാനായിത്തീരുന്നു. ജിഹ്വയിൽകൂടി വായുവിനെ സ്വീകരിച്ച്, ജിഹ്വാമൂലത്തിൽ തന്നെ നിരോധിച്ച് ശാന്തനായി അതിനെ പാനം ചെയ്താൽ എല്ലാ വിധത്തിലുമുള്ള സുഖങ്ങളും കൈവരും. ഇഡാ മുഖേന വായുവിനെ സ്വീകരിച്ച്, അതിനെ പുരികങ്ങളുടെ മധ്യഭാഗത്തു നിരോധിച്ച്, അതു് അമൃതപാനമാണെന്ന് ഭാവിച്ചാൽ സർവ്വരോഗ മുക്തി സിദ്ധിക്കുന്നു. ഇഡാ, പിംഗലാ, എന്നിവ മുഖേന വായുവിനെ സ്വീകരിച്ച് നാഭിയിൽ നിരോധിച്ചാലും സർവരോഗ ശാന്തി ലഭിക്കും. ഒരുമാസക്കാലം ത്രിസന്ധ്യാവന്ദന സമയങ്ങളിലുംജിഹ്വയിൽകൂടി മന്ദം മന്ദം വായുവിനെ ഉള്ളിലേക്ക് ആകർഷിച്ച്, അമൃതപാന ഭാവനയോടുകൂടി അതിനെ നാഭിയിൽ അവരോധിച്ചാൽ വാത പിത്തജന്യങ്ങളായ സർവദോഷങ്ങളും ശമിക്കും. രണ്ടു നാസികാരന്ധ്രങ്ങളിലുംകൂടി വായുവിനെ ഉള്ളിലോട്ട് ആകർഷിച്ച് രണ്ടു കണ്ണുകളിലും നിരോധിച്ചാൽ എല്ലാവിധ നേത്രരോഗങ്ങളും ദൂരീകൃതമാകും. ഇതേപ്രകാരം ആകർഷിക്കപ്പെട്ട വായുവിനെ കർണ്ണങ്ങളിൽ നിരോധിച്ചാൽ എല്ലാ കർണ്ണരോഗങ്ങളും ശമിക്കും. വായുവിനെ ആകർഷിച്ച് ശിരസ്സിൽ നിരോധിച്ചാൽ എല്ലാവിധ ശിരോരോഗങ്ങളും ശമിക്കുന്നു. ഹേ സാംകൃതേ, ഞാൻ ഇപ്പറഞ്ഞതെല്ലാം സത്യമാണ്.

32. സ്വസ്തികാസനമാസ്ഥായ സമാഹിത മനാസ്തഥാ
33. അപാനമൂർദ്ധ്വ മുത്ഥാപ്യ പ്രണവേന ശനൈഃ ശനൈഃ
ഹസ്താഭ്യാം ധാരയേത് സമ്യക് കർണ്ണാദി കരണാനി ച
34. അംഗുഷ്ഠാഭ്യാം മുനേ ശ്രോത്രേ തർജ്ജനീഭ്യാം തു ചക്ഷുഷീ
നാസാപുടാവധാനാഭ്യാം പ്രച്ഛാദ്യകരണാനി വൈ.
35. ആനന്ദാവിർഭവോ യാവത്താവൻ മൂർധനി ധാരണാത്
പ്രാണഃ പ്രയാത്യനേനൈവ ബ്രഹ്മരന്ധ്രം മഹാമുനേ.
36. ബ്രഹ്മ രന്ധ്രം ഗതേ വായൗ നാദശ്ചോത്പദ്യതേഽനഘ
ശംഖധ്വനിനിഭശ്ചാദൗ മധ്യേ മേഘധ്വനിർ യഥാ.
37. ശിരോമധ്യഗതേ വായൗ ഗിരിപ്രസ്രവണം യഥാ
പശ്ചാത് പ്രീതോ മഹാപ്രാജ്ഞഃ സാക്ഷാദാത്മോന്മുഖോ ഭവേത്, പുനസ്തജ്ഞാനനിഷ്പത്തിർ യോഗാത് സംസാരനിഹ്നുതി.

സ്വസ്തികാസനസ്ഥനായി, ഏകാഗ്ര മാനസനായി—ഓംകാര ജപത്തോടുകൂടി അപാന വായുവിനെ മന്ദമന്ദം മുകളിലോട്ടു കൊണ്ടുവന്നിട്ടു കർണ്ണാദികളെ തന്റെ രണ്ടു കൈകാംകൊണ്ടും നല്ലതുപോലെ അമർത്തണം. ഇപ്രകാരം മുകളിലുള്ള എല്ലാ ഇന്ദ്രിയങ്ങളേയും ആവരണം ചെയ്തു്

ആനന്ദാമൃതാനുഭൂതി കൈവരുന്നതുവരെ വായുവിനെ അവിടെത്തന്നെ നിരോധിക്കണം. അപ്പോൾ പ്രാണൻ ബ്രഹ്മരന്ധ്രത്തിൽ പ്രവേശിക്കും. പ്രാണൻ ബ്രഹ്മരന്ധ്രത്തിൽ പ്രവേശിക്കുമ്പോൾ ആദ്യം ശംഖധ്വനിപോലുള്ള ഒരു ഗംഭീരശബ്ദം കേൾക്കാം. ആ നാദം തന്നെ മേഘഗർജ്ജനം പോലെയും കേൾക്കാം. വായു ശിരോമധ്യത്തിൽ സ്ഥിതിചെയ്യുമ്പോൾ പർവ്വതത്തിൽ നിന്നും പതിക്കുന്ന അരുവിയുടെ കളകളരവം പോലുള്ള ശബ്ദം കേൾക്കാം. ഇത്രയുമാകുമ്പോൾ യോഗിക്ക് അത്യന്തം പ്രസന്നത അനുഭവപ്പെടുകയും അവന് ആത്മസാക്ഷാത്കാരം ലഭിക്കുകയും ചെയ്യുന്നു. അപ്പോൾ അവന് ആത്മതത്ത്വത്തെപ്പററിയുള്ള ജ്ഞാനം നല്ലതുപോലെ കൈവരികയും സാംസാരികങ്ങളായ ബന്ധനങ്ങളിൽ നിന്നും മോചനം ലഭിക്കുകയും ചെയ്യുന്നു.

38. ദക്ഷിണോത്തരഗുൽഫേന സീവനീം പീഡയേത് സ്ഥിരം.
39. സവ്യേതരേണ ഗുൽഫേന പീഡയേദ് ബുദ്ധിമാന്നരഃ
ജാന്വോരധഃസ്ഥിതാം സന്ധിം സ്മൃത്വാ ദേവം ത്രിയംബകം.
40. വിനായകം ച സംസ്മൃത്യ തഥാ വാഗീശ്വരീം പുനഃ.
ലിംഗനാളാത് സമാകൃഷ്യ വായുമപ്യഗ്രതോ മുനേ
41. പ്രണവേന നിയുക്തേന ബിന്ദുയുക്തേന ബുദ്ധിമാൻ
മൂലാധാരസ്യ വിപ്രേന്ദ്ര മധ്യേ തം തു നിരോധയേത്.
42. നിരുധ്യ വായുനാ ദീപ്തോ വഹ്നിരൂഹതി കുണ്ഡലീം
പുനഃ സുഷുമ്നയാ വായുർ വഹ്നിനാ സഹഗച്ഛതി.

ഗുദത്തിനും, ഉപസ്ഥത്തിനും മധ്യേയുള്ള നാഡിയാണ് 'സീവനി' എന്തുകൊണ്ടെന്നാൽ അതാണ് ശരീരത്തിന്റെ രണ്ടുഭാഗങ്ങളേയും സംയോജിപ്പിക്കുന്നത്. ആ സീവനിയെ തന്റെ ഇരുവശങ്ങളിലേക്കും അമർത്തി സ്ഥിരമായിരുന്നുകൊണ്ട് മുട്ടിനു താഴെയുള്ള ത്രിയംബകം എന്ന ജ്യോതിർലിംഗത്തെ ഭാവനചെയ്യണം. അതോടൊപ്പം ഗണപതിയേയും സരസ്വതിയേയും സ്മരിക്കണം. അതിനുശേഷം ബിന്ദുമയമായ ഓംകാരം ജപിച്ചുകൊണ്ട് ലിംഗനാളത്തിൽകൂടി മുൻഭാഗത്തുനിന്നും വായുവിനെ സമാകർഷിച്ച് അതിനെ മൂലാധാര മധ്യത്തിൽ സ്ഥാപിക്കണം. അവിടെ വായുവിനെ നിരോധിച്ചുകൊണ്ടിരുന്നാൽ അവിടത്തെ അഗ്നി പ്രദീപ്തമായി കുണ്ഡലിനിയിലേക്കു കയറുന്നു. പിന്നീട് വായു അഗ്നിയോടുകൂടി സുഷുമ്നയിൽകൂടി മുകളിലോട്ടുപോകുന്നു.

43. ഏവമഭ്യസതസ്തസ്യ ജിതോവായുർ ഭവേത് ഭൃശം
പ്രസ്വേദഃ പ്രഥമഃ പശ്ചാത് കമ്പനം മുനിപുംഗവ.

4. ഉത്ഥാനം ച ശരീരസ്യ ചിഹ്നമേതജ്ജിതേƒനിലേ
ഏവമഭ്യസതസ്തസ്യ മൂലരോഗോ വിനശ്യതി.

45. ഭഗന്ദരം ച നഷ്ടം സ്യാത്സർവരോഗാശ്ച സാംകൃതേ
പാതകാനി വിനശ്യന്തി ക്ഷുദ്രാണി ച മഹാന്തി ച

46. നഷ്ടേ പാപേ വിശുദ്ധം സ്യാച്ചിത്തദർപ്പണമദ്ഭുതം
പുനർബ്രഹ്മാദി ഭോഗേഭ്യോ വൈരാഗ്യം ജായതേ ഹൃദി.

47. വിരക്തസ്യ തു സംസാരാജ്ജ്ഞാനം കൈവല്യസാധനം
തേനപാപാപഹാനിഃ സ്യാജ്ജ്ഞാത്വാ ദേവം സദാശിവം.

48. ജ്ഞാനാമൃതരസോ യേന സകൃദാസ്വാദിതോ ഭവേത്
സ സർവകാര്യമുത്സൃജ്യ തത്രൈവ പരിധാവതി.

49. ജ്ഞാനസ്വരൂപമേവാഹുർ ജഗദേതദ്വിലക്ഷണം
അർത്ഥസ്വരൂപമജ്ഞാനാത്പശ്യന്ത്യന്യേ കുദൃഷ്ടയഃ

50. ആത്മസ്വരൂപ വിജ്ഞാനാദജ്ഞാനസ്യ പരിക്ഷയഃ
ക്ഷീണേƒജ്ഞാനേ മഹാപ്രാജ്ഞ രാഗാദീനാം പരിക്ഷയഃ

51. രാഗാദ്യ സംഭവേ പ്രാജ്ഞപുണ്യപാപ വിമർദ്ദനം
തയോർനാശേശരീരേണ നംപുനഃസംപ്രയുജ്യതേ ഇതി.

ഇപ്രകാരം നിരന്തരമായ അഭ്യാസം കൊണ്ട് വായുവിനെ ജയിക്കാം. ആദ്യം വിയർപ്പുണ്ടാകുക, ശരീര കമ്പനം, അതിനുശേഷം ശരീരത്തിൻെറ ഊർദ്ധ്വഗമനം, എന്നീ ലക്ഷണങ്ങളെല്ലാം വായുവിനെ ജയിക്കാനുള്ളവയാണ്. ഈ വിധം അഭ്യാസ നിരതനായിരിക്കുന്ന പുരുഷൻെറ രോഗങ്ങളം സമൂലം നഷ്ടമാകുന്നു. പ്രാണായാമംകൊണ്ട് ഭഗന്ദരം മുതലായ മഹാരോഗങ്ങളംപോലും ശമിക്കുന്നു. മാത്രമല്ല ചെറുതും വലുതുമായ സർവപാപങ്ങളും നശിക്കുന്നു. പാപനാശംകൊണ്ട് ചിത്തം അത്യന്തം ശുദ്ധമായിത്തീരുകയും ദർപ്പണം (കണ്ണാടി) പോലെ നിർമ്മലമായിത്തീരുകയും ചെയ്യുന്നു. അതിനുശേഷം ബ്രഹ്മാദിദേവന്മാരുടെ ആനന്ദ സാന്ദ്രമായ ലോകങ്ങളെ പ്രാപിക്കണമെന്നുള്ള ആഗ്രഹവും നശിക്കുന്നു. ഭോഗജന്യങ്ങളായ സുഖങ്ങളോട് വിരക്തിയുമുണ്ടാകുന്നു. ഇങ്ങനെ പ്രപഞ്ചത്തോടു വിരക്തി ഉണ്ടായാൽ കൈവല്യ മോക്ഷ സാധനമായ ജ്ഞാനം ലഭിക്കുന്നു. അതേ ജ്ഞാനംകൊണ്ട് നിത്യമംഗള സ്വരൂപിയായ പരമാത്മാവിൻെറ തത്ത്വം ഗ്രഹിക്കുവാൻ സാധിക്കും. തത്ത്വജ്ഞാന ലബ്ധിയാൽ സാംസാരികങ്ങളായ സർവവിധ ബന്ധങ്ങളും വിച്ഛേദിക്കപ്പെടുകയും ചെയ്യുന്നു. ഒരിക്കലെങ്കിലും ജ്ഞാനാമൃതം ആസ്വദിക്കുവാൻ കഴിഞ്ഞിട്ടുള്ളവൻ സർവകാമന

കളെയും കാര്യ കലാപങ്ങളേയും ഉപേക്ഷിച്ച് അതിന്റെ നേരെപോകുന്നു. ജ്ഞാനികൾ ഈ വിശ്വത്തെ യജ്ഞസ്വരൂപമെന്നുതന്നെ പറയുന്നു. കൽസിത ദൃഷ്ടികളായ അജ്ഞാനികൾ ഈ വിശ്വത്തെ ഭോഗരൂപത്തിൽ കാണുന്നു. എന്നാൽ ആത്മസ്വരൂപ ജ്ഞാനമുണ്ടായാൽ ആ ജ്ഞാനം സ്വയം നശിക്കുക യും രാഗാദി വിഷയങ്ങൾ നഷ്ടമായിത്തീരുകയും ചെയ്യുന്നു. വിഷയങ്ങൾ നഷ്ടമായാൽ പാപപുണ്യങ്ങളും അവശേഷിക്കുന്നില്ല. അപ്പോൾ മനു ഷ്യന് പുനർജ്ജന്മമെടുക്കേണ്ടിവരികയില്ല.

## ഏഴാം ഖണ്ഡം

1. അഥാതഃ സംപ്രവക്ഷ്യാമി പ്രത്യാഹാരം മഹാമുനേ
ഇന്ദ്രിയാണാം വിചരതാം വിഷയേഷു സ്വഭാവതഃ.
2. ബലാദാഹരണം തേഷാം പ്രത്യാഹാരഃ സ ഉച്യതേ
യത പശ്യതി തു തൽസർവം ബ്രഹ്മപശ്യൻ സമാഹിതഃ.
3. പ്രത്യാഹാരോ ഭവേദേഷ ബ്രഹ്മവിദ്ഭിഃ പുരോദിതഃ
യദ്യത് ശുദ്ധമശുദ്ധം വാ കരോത്യാമരണാന്തികം.
4. തത്സർവം ബ്രഹ്മണേ കുര്യാത് പ്രത്യാഹാരഃ സ ഉച്യതേ
അഥവാ നിത്യകർമ്മാണി ബ്രഹ്മാരാധന ബുദ്ധിതഃ.
5. കാമ്യാനി ച തഥാ കുര്യാത് പ്രത്യാഹാരഃ സ ഉച്യതേ
അഥവാ വായുമാകൃഷ്യ സ്ഥാനാത് സ്ഥാനം നിരോധ
യേത്.
6. ദന്തമൂലാത്തഥാ കണ്ഠേ കണ്ഠാദുരസിമാരുതം
ഉരോദേശാത്സമാകൃഷ്യ നാഭിദേശേ നിരോധയേത്.
7. നാഭിദേശാത് സമാകൃഷ്യ കുണ്ഡല്യാം തു നിരോധയേത്
കുണ്ഡലീദേശതോ വിദ്വാൻ മൂലാധാരേ നിരോധയേത്
8. അഥാപാനാത് കടിദ്വന്ദ്വേ തഥോരൗ ച സുമധ്യമേ
തസ്മാജ്ജാനുദ്വയേ ജംഘേ പാദാംഗുഷ്ഠേ നിരോധയേത്.
9. പ്രത്യാഹാരോഽയ മുക്തസ്തു പ്രത്യാഹാരസ്മരൈഃ പുരാ
ഏവമഭ്യാസ യുക്തസ്യ പുരുഷസ്യ മഹാത്മനഃ.

ഇനി ഞാൻ പ്രത്യാഹാരത്തെപ്പററി പറയാം. സ്വാഭാവികമായി ... വിഷയങ്ങളിൽ സഞ്ചരിക്കുന്ന ഇന്ദ്രിയങ്ങളെ ബലമായി വിഷയങ്ങ... നിന്നും പ്രത്യാഹരിക്കുകയാണ് പ്രത്യാഹാരം എന്നു പറയപ്പെടുന്ന...

ഷ്യൻ എന്തെല്ലാമാണോ കാണുന്നത് അതെല്ലാം ബ്രഹ്മമാണ്, എന്നുള്ള ഭാവനയോടുകൂടി ബ്രഹ്മത്തിൽതന്നെ മനസ്സിനെ ഏകാഗ്രമാക്കുക എന്നതിനെയാണ് ബ്രഹ്മജ്ഞാനികൾ പ്രത്യാഹാരം എന്നു പറഞ്ഞിട്ടുള്ളത്. മരണം വരെ മനുഷ്യൻ ചെയ്തിട്ടുള്ള എല്ലാ ശുഭാശുഭകർമ്മങ്ങളും അവൻ പരമാത്മാവിൽ സമർപ്പിക്കണം. അതും പ്രത്യാഹാരം തന്നെ. നിത്യകർമ്മങ്ങളേയോ ആകാംക്ഷിത കർമ്മങ്ങളേയോ ഭഗവാനുവേണ്ടി ചെയ്യുക എന്നുള്ളതും പ്രത്യാഹാരം തന്നെ എന്നു പറയപ്പെടുന്നു.

വായുവിനെ ഒരു സ്ഥാനത്തുനിന്നും ആകർഷിച്ച് മറ്റൊരു സ്ഥാനത്തു സ്ഥാപിക്കണം. ദന്തമൂലത്തിൽ നിന്നും വായുവിനെ ആകർഷിച്ച്, കണ്ഠത്തിലും ഹൃദയത്തിലും, ഹൃദയത്തിൽ നിന്നും നാഭിയിലേക്കും കൊണ്ടുപോകണം. നാഭിയിൽ നിന്നും കുണ്ഡലിനിയിലേക്കു കൊണ്ടുപോയിട്ട് കുണ്ഡലിനിയിൽ നിന്നും മൂലാധാരത്തിൽ സ്ഥാപിക്കണം. വീണ്ടും അവിടെനിന്നും മാററി കടി പ്രദേശത്തിൻെറ രണ്ടുവശങ്ങളിലും കൊണ്ടുപോകണം. അതിനുശേഷം തുടകളുടെ മധ്യഭാഗത്തു സ്ഥാപിക്കണം. തുടകളിൽ നിന്നും മുട്ടുകളിലും, മുട്ടുകളിൽ നിന്ന് കണങ്കാലുകളിലും, കണങ്കാലുകളിൽ നിന്ന് പാദാംഗുഷ്ഠത്തിലും കൊണ്ടുപോയി ആ വായുവിനെ നിരോധിക്കണം. 'പണ്ടു മുതൽ പ്രത്യാഹാര പ്രക്രിയയിൽ മുഴുകിയിരിക്കുന്ന മഹാത്മാക്കൾ ഇതിനെത്തന്നെയാണ് പ്രത്യാഹാരം എന്നു പറഞ്ഞിട്ടുള്ളത്.

10. സർവപാപാനി നശ്യന്തി ഭവരോഗശ്ച സുവ്രത
    നാസാഭ്യാം വായുമാകൃഷ്യ നിശ്ചലഃ സ്വസ്തികാസനഃ.

11. പൂരയേദനിലം വിദ്വാനാപാദതല മസ്തകം
    പശ്ചാത്പാദദ്വയേ തദ്വൻ മൂലാധാരേ തഥൈവ ച.

12. നാഭികന്ദേ ച ഹൃന്മധ്യേ കണ്ഠമൂലേ ച താലുകേ
    ഭ്രുവോർമധ്യേ ലലാടേ ച തഥാ മൂർധനി ധാരയേത്.

13. ദേഹേ സ്വാത്മമതിം വിദ്വാൻ സമാകൃഷ്യ സമാഹിതഃ
    ആത്മനാffത്മനി നിർദ്വന്ദ്വേ നിർവികല്പേ നിരോധയേത്.

14. പ്രത്യാഹാരഃ സമാഖ്യാതഃ സാക്ഷാത് വേദാന്തവേദിഭിഃ
    ഏവമഭ്യസതസ്തസ്യ ന കിംചിദപി ദുർലഭം:

പ്രത്യാഹാരം അഭ്യസിക്കുന്ന മഹത്തുക്കളുടെ സർവപാപങ്ങളും സംസാര ദുഃഖമാകുന്ന രോഗവും നഷ്ടമാകുന്നു. സ്ഥിരചിത്തനായി സ്വസ്തികാസനത്തിൽ ഇരുന്നുകൊണ്ട് രണ്ടു നാസികാരന്ധ്രങ്ങളിലും കൂടി വായുവിനെ സമാകർഷിച്ച് പാദം മുതൽ ശിരസ്സുവരെയുള്ള സ്ഥാനങ്ങളിൽ

നിറയ്ക്കണം. അതിനുശേഷം, രണ്ടുപാദങ്ങളിലും, മൂലാധാരത്തിലും നാഭീകന്ദത്തിലും, ഹൃദയമദ്ധ്യത്തും, കണ്ഠമൂലത്തിലും, താലുവിലും, പുരികങ്ങളുടെ മദ്ധ്യഭാഗത്തും, നെററിയിലും, ശിരസ്സിലും വായുവിനെ സ്ഥാപിക്കണം. ഇതിനെ വായുവിനെ ധരിക്കുന്ന പ്രത്യാഹാരം എന്നു പറയുന്നു. ഏകാഗ്രചിത്തനായി, ആത്മബുദ്ധിയെ പരിത്യജിച്ച്, നിർവികൽപ്പമായ് ആത്മാവിൽ ആത്മബുദ്ധിയെ സ്ഥാപിക്കണം. ഇതുതന്നെയാണ് യഥാർത്ഥമായ പ്രത്യാഹാരം, എന്ന് വേദാന്തവേദ്യന്മാർ പറയുന്നു. ഇപ്രകാരം പ്രത്യാഹാരം അഭ്യസിക്കുന്നവന് ലോകത്ത് യാതൊന്നും തന്നെ ദുർല്ലഭമായിട്ടുണ്ടായിരിക്കുകയില്ല.

## എട്ടാം ഖണ്ഡം

1. അഥാതഃ സംപ്രവക്ഷ്യാമി ധാരണാഃ പഞ്ച സുവ്രത
ദേഹമദ്ധ്യഗതേ വ്യോമ്നി ബാഹ്യാകാശം തു ധാരയേത്.
2. പ്രാണേ ബാഹ്യാനിലം തദ്വജ്ജ്വലനേ ചാഗ്നിമൗദരേ
തോയം തോയാംശകേ ഭൂമിം ഭൂമിഭാഗേ മഹാമുനേ.
3. ഹയവരലകാരാഖ്യം മന്ത്രമുച്ചാരയേത് ക്രമാത്
ധാരണൈഷാ പരാപ്രോക്താ സർവപാപ വിശോധിനീ.
4 ജാന്വന്തം പൃഥിവീഹ്യംശോ ഹ്യപാംപായ്വന്തമുച്യതേ
ഹൃദയാംശസ്തഥാഗ്ന്യംശോ ഭ്രൂമധ്യാന്തോഽനിലാംശകഃ.
5. ആകാശാംശസ്തഥാ പ്രാജ്ഞ മൂർദ്ധാംശഃ പരികീർത്തിതഃ
ബ്രഹ്മാണം പൃഥിവീഭാഗേ വിഷ്ണും തോയാംശകേ
തഥാ.
6. അഗ്ന്യംശേ ച മഹേശാനമീശ്വരം ചാനിലാംശകേ-
ആകാശാംശേ മഹാപ്രാജ്ഞ ധാരയേത്തു സദാശിവം.
7. അഥവാ തവ വക്ഷ്യാമി ധാരണാം മുനിപുംഗവ
പുരുഷേ സർവശാസ്താരം ബോധാനന്ദമയം ശിവം.
8. ധാരയേത് ബുദ്ധിമാന്നിത്യം സർവപാപ വിശുദ്ധയേ.
ബ്രഹ്മാദികാര്യരൂപാണി സ്വേ സ്വേ സംഹൃത്യ കാരണേ.
9. സർവകാരണമവ്യക്തമനിരൂപ്യമചേതനം
സാക്ഷാദാത്മനി സംപൂർണ്ണേ ധാരയേത് പ്രണവേന തു
ഇന്ദ്രിയാണി സമാഹൃത്യ മനസാത്മനി യോജയേത്.

ഹേ മുനേ, ഇനി ഞാൻ അങ്ങേയ്ക്ക് പഞ്ചധാരണകളെപ്പററി പറഞ്ഞുതരാം. സ്വദേഹത്തിൽ സ്ഥിതിചെയ്യുന്ന ആകാശത്തിൽ ബാഹ്യാകാശത്തെ ധരിക്കണം. അതേപ്രകാരം പ്രാണനിൽ ബാഹ്യവായുവിനെയും, ജഠരാഗ്നി

യിൽ, ബാഹ്യാഗ്നിയേയും, ദേഹഗതമായ ജലത്തിൽ ബാഹ്യജലത്തെയും ഭൂവിഭാഗത്ത് ഭൂമിയേയും, ധരിക്കണം. ഓരോന്നിനെയും ധരിക്കുമ്പോൾ യഥാക്രമം, ഹം, യം, രം, വം, ലം എന്നീ ബീജമന്ത്രങ്ങൾ ഉച്ചരിക്കണം. ഈ ധാരണം സർവശ്രേഷ്ഠവും സർവ പാപഹരവുമാണെന്ന പറയപ്പെടുന്നു. പാദം മുതൽ മുട്ടുവരെയുള്ള ഭാഗം ഭൂമിയുടെ അംശമെന്നും, മുട്ടുമുതൽ ഗുദം വരെയുള്ള ഭാഗം ജലാംശമെന്നും, ഗുദം മുതൽ ഹൃദയംവരെയുള്ള ഭാഗം അഗ്ന്യംശമെന്നും ഹൃദയം മുതൽ ഭ്രൂമധ്യംവരെയുള്ള ഭാഗം വായുവിൻെറ അംശമെന്നും ശിരോഭാഗം ആകാശാംശമെന്നും പറയപ്പെടുന്നു. ഭൂമിയുടെ അംശത്തിൽ ബ്രഹ്മാവിനെയും, ജലാംശത്തിൽ വിഷ്ണുവിനെയും അഗ്ന്യംശത്തിൽ മഹേശ്വരനെയും, വായുവിൻെറ അംശത്തിൽ ഈശ്വരനെയും, ആകാശാംശത്തിൽ സദാശിവനെയും ധ്യാനിക്കണം. ഹേ മുനി പുംഗവ, ഇനി ഞാൻ അങ്ങേയ്ക്ക് മറെറാരു ധാരണയെപ്പററി പറഞ്ഞുതരാം. ജ്ഞാനികൾ സ്വാത്മാവിൽ, ബോധമയനും, ആനന്ദമയനും കല്യാണമയനും ആയ പരമാത്മാവിനെ നിത്യവും ധരിക്കണം. ഇപ്രകാരം ചെയ്താൽ സർവ്വപാപത്തിൽനിന്നും വിശുദ്ധനായിത്തീരും. കാര്യരൂപികളായ ബ്രഹ്മാദികളെ അവരുടെ കാരണത്തിൽ ലയിപ്പിച്ച് ബുദ്ധിക്കെല്ലാം അതീതനും അനിർവചനീയനും പരമകാരണപുരുഷനും, അവ്യക്തനുമായ പരമേശ്വരനെ സ്വാത്മാവിൽ ധാരണം ചെയ്യണം. അങ്ങനെ ചെയ്യുമ്പോൾ തൻെറ മനസ്സിനെ സകലകലായുക്തമായ ഓംകാരരൂപിയായ പരമേശ്വരനിൽ ലയിപ്പിക്കണം.

## ഒൻപതാം ഖണ്ഡം

1. അഥാതഃ സംപ്രവക്ഷ്യാമി ധ്യാനം സംസരനാശനം
   ഋതം, സത്യം പരംബ്രഹ്മ സർവസംസാര ഭേഷജം.
2. ഊർദ്ധ്വരേതം വിശ്വരൂപം വിരൂപാക്ഷം മഹേശ്വരം
   സോഽഹമിത്യാദരേണൈവ ധ്യായേദ്യോഗീശ്വരേശ്വരം
3. അഥവാസത്യമീശാനം ജ്ഞാനമാനന്ദമദ്വയം
   അത്യർത്ഥമചലം നിത്യമാദിമദ്ധ്യാന്ത വർജ്ജിതം.
4. തഥാഽസ്ഥൂലമനാകാശമസംസ്പൃശ്യമചാക്ഷുഷം
   ന രസം നചഗന്ധാഖ്യ മപ്രമേയമനൂപമം.
5. ആത്മാനം സച്ചിദാനന്ദമനന്തം ബ്രഹ്മ സുവ്രത
   അഹമസ്മീത്യഭിധ്യായേദ്ധ്യേയാതീതം വിമുക്തയേ.
6. ഏവ മഭ്യാസയുക്തസ്യ പുരുഷസ്യ മഹാത്മനഃ
   ക്രമാദ്വേദാന്തവിജ്ഞാനം വിജായേത ന സംശയഃ.

ഇനി ഞാൻ സംസാരനാശകമായ ധ്യാനത്തെപ്പററി പറയാം. യോഗീശ്വരന്മാർക്കും ഈശ്വരനായിട്ടുള്ളവനും, വിരൂപാക്ഷകനും, ഊർദ്ധ്വരേതസ്സും

എല്ലാ സംസാര ദുഃഖത്തിനും ഏകമാത്രമായ ഔഷധവും വിശ്വരൂപനും മഹേശ്വരനും, സത്യസ്വരൂപനും, ആയ പരബ്രഹ്മത്തെ ആത്മരൂപത്തിൽ ശ്രദ്ധാഭക്തി സമന്വിതം ധ്യാനിക്കണം. ആ ധ്യാനം ആ പരബ്രഹ്മം ഞാൻ തന്നെയാണെന്ന ഭാവനയോടുകൂടിയായിരിക്കണം. ആ ധ്യാനം മറ്റൊരു വിധത്തിലും ഉണ്ടെന്നു പറയപ്പെടുന്നു. സർവേശ്വരനും, സത്യസ്വരൂപനും ആനന്ദമയനും അദ്വിതീയനും നിർമ്മലനും, ജ്ഞാനസ്വരൂപനും ആദിമധ്യാന്തരഹിതനും സ്ഥൂലപ്രപഞ്ചങ്ങൾക്കെല്ലാം അതീതനും നിത്യനും സ്പർശനയോഗ്യമായ വായുവിനെക്കാളും വിലക്ഷണനും ആകാശത്തിൽനിന്നും ഭിന്നമായ നേത്രങ്ങൾക്ക് ഗോചരനും അഗ്നിയെക്കാൾ ഭിന്നവും തേജസ്വിയും, ജലം പൃത്ഥ്വി എന്നിവയിൽ നിന്നെല്ലാം വിലക്ഷണനും അപ്രമേയനും, അനുപമനും, ദേഹാതീതനുമായ പരമാത്മാവിനെ ചിന്തിക്കണം. ബുദ്ധി കൊണ്ട്, ആ പരബ്രഹ്മം ഞാൻ തന്നെയാണ് എന്ന് ഭാവിക്കുകയും വേണം. ഇപ്രകാരമുള്ള ചിന്തയിലും അഭ്യാസങ്ങളിലും ലയിച്ചിരിക്കുന്ന മഹാത്മാവിന് വേദാന്തോക്തമായ ബ്രഹ്മതത്ത്വത്തിന്റെ സംശയരഹിതമായ വിശേഷജ്ഞാനം ലഭിക്കും.

## പത്താം ഖണ്ഡം

1. അഥാതഃ സംപ്രവക്ഷ്യാമി സമാധിം ഭവനാശനം
സമാധിഃ സംവിദുത്പത്തിഃ പരജീവൈകതാംപ്രതി.
2 നിത്യഃ സർവഗതോഹ്യാത്മാ കൂടസ്ഥോ ദോഷവർജ്ജിതഃ
ഏകഃ സംഭിദ്യതേ ഭ്രാന്ത്യാ മായയാ ന സ്വരൂപതഃ.
3. തസ്മാദദ്വൈതമേവാസ്തി ന പ്രപഞ്ചോ ന സംസൃതിഃ
യഥാകാശോ ഘടകാശോ മഠാകാശ ഇതീരിതഃ.
4. തഥാ ഭ്രാന്തൈർദ്വിധാ പ്രോക്തോ ഹ്യാത്മാ ജീവേശ്വരാത്മനാ, നാഹം ദേഹോ ന ച പ്രാണോ നേന്ദ്രിയാണി മനോ നഹി.
5. സദാ സാക്ഷി സ്വരൂപത്വാച്ഛിവ ഏവാസ്മി കേവലഃ
ഇതി ധീര്യാ മുനിശ്രേഷ്ഠ സാ സമാധിരിഹോച്യതേ.
6. സോഹം ബ്രഹ്മ ന സംസാരീ ന മത്തോഽന്യഃ കദാചന
യഥാ ഫേനതരംഗാദി സമുദ്രാദുത്ഥിതം പുനഃ.
7. സമുദ്രേ ലീയതേ തദ്വജ്ജഗൻമയ്യനുലീയതേ
തസ്മാൻ മനഃ പൃഥങ്നാസ്തി ജഗൻമായാ ച നാസ്തി ഹി
8. യസ്യൈവം പരമാത്മായം പ്രത്യഗ്ഭൂതഃ പ്രകാശിതഃ
സ തു യാതി ച പുംഭാവം സ്വയം സാക്ഷാത്പരാമൃതം.

9. യദാ മനസി ചൈതന്യം ഭാതി സർവത്രഗം സദാ
യോഗിനോ/വ്യവധാനേന തദാസംപദ്യതേ സ്വയം.
10. യദാ സർവാണി ഭൂതാനി സ്വാത്മന്യേവ ഹി പശ്യതി
സർവഭൂതേഷു ചാത്മാനം ബ്രഹ്മസംപദ്യതേ തദാ.
11. യദാ സർവാണി ഭൂതാനി സമാധിസ്ഥോ ന പശ്യതി
ഏകീഭൂതഃ പരേണാ/സൗ തദാ ഭവതി കേവലഃ.
12. യദാ പശ്യതി ചാത്മാനം കേവലം പരമാർത്ഥതഃ
മായാമാത്രം ജഗദ്കൃത്സ്നം തദാ ഭവതി നിർവൃതിഃ.
13. ഏവമുക്ത്വാ സ ഭഗവാൻ ദത്താത്രേയോ മഹാമുനിഃ
സാംകൃതിഃ സ്വസ്വരൂപേണ സുഖമാസ്തേ/തി നിർഭയഃ.

ഇനി ഞാൻ ജഗദ്ബന്ധനങ്ങളെ വിച്ഛേദിക്കുന്ന സമാധിയെപ്പററി പറയാം: പരമാത്മാവിൻെറയും ജീവാത്മാവിൻെറയും ഏകീഭാവത്തെ സംബന്ധിച്ചുള്ള നിശ്ചയാത്മക ബുദ്ധിയുടെ പ്രകടനം തന്നെയാണ് സമാധി. ഈ ആത്മാവ് നിത്യനും, ഏകരസയുക്തനും, സർവവ്യാപിയും സർവദോഷവിഹീനനുമാണ്. അതു് ഒന്നാണെങ്കിലും മായാജനിതമായ ഭ്രമം കൊണ്ടു ഭിന്നമായിക്കാണപ്പെടുന്നു. യഥാർത്ഥത്തിൽ അവ തമ്മിൽ ഒരു ഭേദവും ഇല്ല. അതുകൊണ്ട് അദ്വൈത ഭാവന തന്നെയാണ് സത്യം. പ്രപഞ്ചം എന്നു പേരുള്ള ഒരു വസ്തുവില്ല. ആകാശത്തെത്തന്നെ ഘടാകാശമെന്നോ മഠാകാശമെന്നോ പറയുന്നതുപോലെ അജ്ഞാനികൾ ഒരേ ഈശ്വരനെത്തന്നെ ജീവനെന്നും, ബ്രഹ്മം എന്നും രണ്ടു വിധത്തിൽ കാണുന്നു എന്നുമാത്രം, ആരാണോ സ്വയം, ദേഹമെന്നും, പ്രാണനെന്നും, ഇന്ദ്രിയമെന്നും, മനസ്സെന്നും കരുതാതെ സ്വാക്ഷി സ്വരൂപത്തിൽ സ്ഥിതിചെയ്യുന്ന ഒരേ ശിവരൂപമായ പരമാത്മാവുതന്നെയാണ് എന്നു കരുതുന്നത് അവരുടെ ഈദൃശമായ നിശ്ചയാത്മകമായ ബുദ്ധിയെയാണ് സമാധി എന്നു പറയുന്നത്.

ഞാൻ പരമേശ്വരനാണ്, ഞാൻ സംസാര ബന്ധനത്തിൽ അകപ്പെട്ടിരിക്കുന്ന പ്രാണിയല്ല. എന്നിൽ നിന്നും ഭിന്നമായി ഒരു വസ്തുവിനും ഒരിക്കലും അസ്തിത്വമില്ല. നുരയും തിരകളും സമുദ്രത്തിൽ നിന്നും ഉണ്ടായിട്ട് വീണ്ടും സമുദ്രത്തിൽ തന്നെ ലയിക്കുന്നതുപോലെ തന്നെ ഈ ജഗത്തും എന്നിൽ നിന്നും ഉത്പന്നമായിട്ട് എന്നിൽ തന്നെ ലയിക്കുന്നു അതുകൊണ്ട് സൃഷ്ടിക്കു കാരണഭൂതമായ മനസ്സും എന്നിൽ നിന്നും ഭിന്നമല്ല. ഈ ലോകത്തിനും മായയ്ക്കും, എന്നിൽ നിന്നും ഭിന്നമായി ഒരസ്തിത്വമില്ല. പരമാത്മാവിനെ സ്വാത്മരൂപത്തിൽ കാണുന്ന (കരുതുന്ന) പുരുഷൻ പരമാമൃതമയമായ പരമാത്മ ഭാവത്തെ പ്രാപിക്കുന്നു. യോഗിയുടെ മനസ്സിൽ സർവവ്യാപിയായ ആത്മചൈതന്യാനുഭൂതി ഉണ്ടാകുമ്പോൾ അവൻ സ്വയം

പരമാത്മ സ്വരൂപത്തിൽ സ്ഥിതിചെയ്യുന്നു. ജ്ഞാനിയായ പുരുഷൻ സർവപ്രാണികളേയും തന്നിൽ തന്നെ കാണുകയും, സ്വയം എല്ലാ പ്രാണികളിലും താൻ സ്ഥിതിചെയ്യുന്നതായി കാണുകയും ചെയ്യുമ്പോൾ അവൻ സാക്ഷാൽ ബ്രഹ്മം തന്നെയായിത്തീരുന്നു. സമാധിസ്ഥനായ പുരുഷൻ പരമാത്മാവുമായി താദാത്മ്യം പ്രാപിച്ച് തന്നിൽ നിന്നും ഭിന്നമായി ഒരു പ്രാണിയേയും കാണാതിരിക്കുന്ന അവസ്ഥ വരുമ്പോൾ അവൻ പരമാത്മസ്വരൂപത്തിൽതന്നെയാണ് സ്ഥിതിചെയ്യുന്നത്. അവൻ കേവലം തന്റെ ആത്മാവിനെ മാത്രം സത്യരൂപത്തിൽ കാണുകയും സർവജഗത്തിനേയും മായയുടെ ലീലാവിലാസം മാത്രമാണെന്ന് മനസ്സിലാക്കുകയും ചെയ്യുമ്പോൾ അവൻ പരമാനന്ദത്തെ പ്രാപിക്കുന്നു.

ഇപ്രകാരം ഉപദേശം കൊടുത്തതിനുശേഷം ദത്താത്രേയൻ മൗനമവലംബിച്ചു. സാംകൃതി മുനിയാകട്ടെ ആ ഉപദേശത്തെ ഹൃദിസ്ഥമാക്കി തന്റെ യഥാർത്ഥരൂപത്തിൽ ഇരുന്നുകൊണ്ട് ഭയരഹിതനായി ആനന്ദത്തിൽ നിമഗ്നനായി.

ശ്രീജാബാലദർശനോപനിഷത്ത് സമാപിച്ചു.

# സാവിത്ര്യുപനിഷത്ത്

## ശാന്തിപാഠം

ഓം. ആപ്യായന്തു മമാംഗാനി വാക് പ്രാണശ്ചക്ഷുഃ ശ്രോത്രമഥോ ബലമിന്ദ്രിയാണി ച സർവാണി. സർവം ബ്രഹ്മോപനിഷദം മാഹം ബ്രഹ്മനിരാകുര്യാം മാ മാ ബ്രഹ്മ നിരാകരോദനിരാകരണ മസ്ത്വനിരാകരണം മേ അസ്തു. തദാത്മനി നിരതേ യ ഉപനിഷൽസു ധർമ്മാസ്തേ മയി സന്തു. തേ മയി സന്തു. ഓം ശാന്തിഃശാന്തിഃ ശാന്തിഃ.

എന്റെ അംഗങ്ങൾ വൃദ്ധിയെ പ്രാപിക്കട്ടെ. പ്രാണൻ, ചക്ഷുസ്സ് ശ്രോത്രം, ബലം, സർവേന്ദ്രിയങ്ങൾ എന്നിവ വൃദ്ധിയെ പ്രാപിക്കട്ടെ. എല്ലാ ഉപനിഷത്തുകളും ബ്രഹ്മ സ്വരൂപങ്ങളാണ് ഞാൻ ബ്രഹ്മത്തെ നിരാകരിക്കാതിരിക്കട്ടെ, ബ്രഹ്മം എന്നെ നിരാകരിക്കാതിരിക്കട്ടെ. അങ്ങനെ ബ്രഹ്മനിരതനായിരിക്കുന്ന എനിക്ക് ഉപനിഷദുക്തമായ ബ്രഹ്മത്തെ പ്രാപിക്കാനിടവരട്ടെ. ഓം. ശാന്തിഃ. ശാന്തിഃ. ശാന്തിഃ.

1. ഓം. കഃ സവിതാ കാ സാവിത്രീ അഗ്നിരേവ സവിതാ പൃഥിവീസാവിത്രീ സ യത്രാഗ്നിസ്തത്പൃഥിവീ യത്ര വൈ പൃഥിവീ തത്രാഗ്നിസ്തേ ദ്വേ യോനി തദേകം മിഥുനം.

2. കഃ സവിതാ കാ സാവിത്രീ വരുണ ഏവ സവിതാ//പഃ സാവിത്രീ സ യത്ര വരുണസ്തദാപോ യത്ര വാ ആപസ്ത ദ്വരുണസ്തേ ദ്വേ യോനി തദേകം മിഥുനം.

3. കഃ സവിതാ കാ സാവിത്രീ വായുരേവ സവിതാകാശഃ സാവിത്രീ സ യത്ര വായുസ്തദാകാശോ യത്ര വാ ആകാശസ്ത ദ്വായുസ്തേ ദ്വേ യോനീ തദേകം മിഥുനം,

4. കഃ സവിതാ കാ സാവിത്രീ യജ്ഞ ഏവ സവിതാ ഛന്ദാംസി സാവിത്രീ സ യത്ര യജ്ഞസ്തത്ര ഛന്ദാംസി യത്ര വാ ഛന്ദാംസി സ യജ്ഞസ്തേ ദ്വേ യോനീ തദേകം മിഥുനം

5. കഃ സവിതാ കാ സാവിത്രീ സ്തനയിത്നുരേവ സവിതാ വിദ്യുത് സാവിത്രീ സ യത്ര സ്തനയിത്നുസ്ത ദ്വി. ദ്യുത് യത്ര വാ വിദ്യുത്തത്രസ്തനയിത്നു സ്തേ ദ്വേ യോനീ തദേകം മിഥുനം.

6. കഃ സവിതാ കാ സാവിത്രീ ആദിത്യ ഏവ സവിതാ ദ്യൗഃ സാവിത്രീ സ യത്രാദിത്യസ്തദ്ദ്യൗഃ യത്ര വാ ദ്യൗസ്തദാദിത്യസ്തേദ്വേ യോനീ തദേകം മിഥുനം.

7. കഃ സവിതാ കാ സാവിത്രീ ചന്ദ്ര ഏവ സവിതാ നക്ഷത്രാണി സാവിത്രീ സ യത്ര ചന്ദ്രസ്തന്നക്ഷത്രാണി യത്ര വാ നക്ഷത്രാണി സ ചന്ദ്രമാസ്തേ ദ്വേ യോനീ തദേകം മിഥുനം.

8. കഃ സവിതാ കാ സാവിത്രീ മന ഏവ സവിതാ വാക് സാവിത്രീ സ യത്ര മനസ്തദ്വാക് യത്ര വാ വാക് തൻമന സ്തേ ദ്വേ യോനീ തദേകം മിഥുനം.

9. കഃ സവിതാ കാ സാവിത്രീ പുരുഷ ഏവ സവിതാ സ്ത്രീ സാവിത്ര സ യത്ര പുരുഷസ്തത് സ്ത്രീ യത്ര വാ സ്ത്രീ സ പുരുഷസ്തേ ദ്വേ യോനീ തദേകം മിഥുനം.

ആരെയാണ് സവിതാവെന്നുപറയുന്നത്? ആരെയാണ് സാവിത്രീ എന്നു പറയുന്നത്? അഗ്നിതന്നെയാണ് സവിതാവ്. പൃഥ്വി സാവിത്രിയും. എവിടെ അഗ്നിയുണ്ടോ അവിടെ പൃഥ്വിയുമുണ്ട്. എവിടെ പൃഥ്വിയുണ്ടോ അവിടെ അഗ്നിയുമുണ്ട്. അവർ രണ്ടുപേരും യോനികളാണ്. അതായത് പ്രപഞ്ചസ്രഷ്ടാക്കളാണ്. അവർ ഒരു മിഥുനമാണ്.

സവിതാവെന്ന് ആരെയാണ് പറയുന്നത്, സാവിത്രി ആരാണ്. വരുണൻ തന്നെയാണ് സവിതാവ്, ജലം തന്നെയാണ് സാവിത്രി. എവിടെ വരുണനുണ്ടോ അവിടെ ജലവുമുണ്ട്. എവിടെ ജലമുണ്ടോ അവിടെ വരുണനുമുണ്ട്. രണ്ടുപേരും യോനി— അതായത് പ്രപഞ്ചോത്പത്തികർത്താക്കളാണ്. അവർ ഒരു മിഥുനമാണ്.

ആരാണ് സവിതാവ്, ആരാണ് സാവിത്രി. വായു തന്നെയാണ് സവിതാവ് ആകാശം സാവിത്രിയും. എവിടെ വായുവുണ്ടോ അവിടെ ആകാശവുമുണ്ട്. എവിടെ ആകാശമുണ്ടോ അവിടെ വായുവുമുണ്ട്. ഇവർ ഒരു യോനിയാണ്. ഒരു മിഥുനമാണ്.

ആരാണ് സവിതാവ്, ആരാണ് സാവിത്രി. യജ്ഞദേവനാണ് സവിതാവ്. ഛന്ദസ്സ് സാവിത്രിയും. എവിടെ യജ്ഞദേവനുണ്ടോ അവിടെ ഛന്ദസ്സുമുണ്ട്. എവിടെ ഛന്ദസ്സുണ്ടോ, അവിടെ യജ്ഞദേവനുമുണ്ട്. അവർ രണ്ടും ഒരു യോനിയാണ് ഒരു മിഥുനമാണ്.

ആരാണ് സവിതാവ്? ആരാണ് സാവിത്രീ? ഗർജ്ജിക്കുന്ന മേഘങ്ങൾ സവിതാവാണ്, വിദ്യുത്തു സാവിത്രിയും. എവിടെ ഗർജ്ജിക്കുന്ന മേഘങ്ങളുണ്ടോ, അവിടെ വിദ്യുത്തുമുണ്ട്. എവിടെ വിദ്യുത്തുണ്ടോ അവിടെ ഗർജ്ജിക്കുന്ന മേഘങ്ങളുമുണ്ട്. അവ രണ്ടും ഒരു യോനിയാണ്, ഒരു മിഥുനമാണ്.

സവിതാവാരാണ്? സാവിത്രി ആരാണ്? സൂര്യനെയാണ് സവിതാവെന്നു പറയുന്നത്. സ്വർഗ്ഗലോകത്തെ സാവിത്രി എന്നു പറയുന്നു. എവിടെ സൂര്യനുണ്ടോ അവിടെ സ്വർഗ്ഗലോകവുമുണ്ട്. എവിടെ സ്വർഗ്ഗലോകമുണ്ടോ അവിടെ സൂര്യനുമുണ്ട്. അവർ രണ്ടുപേരും ഒരു യോനിയാണ്, ഒരു മിഥുനമാണ്.

ആരെയാണ് സവിതാവെന്നുപറയുന്നത്? ആരെയാണ് സാവിത്രി എന്നുപറയുന്നത്? ചന്ദ്രനെയാണ് സവിതാവെന്നുപറയുന്നത്. നക്ഷത്രങ്ങളെ സാവിത്രിയെന്നും. എവിടെ ചന്ദ്രനുണ്ടോ അവിടെ നക്ഷത്രങ്ങളുമുണ്ട്. എവിടെ നക്ഷത്രങ്ങളുണ്ടോ അവിടെ ചന്ദ്രനുമുണ്ട്. അവർ രണ്ടുപേരും ഒരു യോനിയാണ്, ഒരു മിഥുനമാണ്.

ആരെയാണ് സവിതാവെന്നുപറയുന്നത്? ആരെയാണ് സാവിത്രി എന്നു പറയുന്നത്? മനസ്സിനെത്തന്നെയാണ് സവിതാവെന്നുപറയുന്നത്. വാണിയെ സാവിത്രിയെന്നും. എവിടെ മനസ്സുണ്ടോ അവിടെ വാണിയുമുണ്ട്, എവിടെ വാണിയുണ്ടോ അവിടെ മനസ്സുമുണ്ട്. അവർ രണ്ടുപേരും ഒരു യോനിയാണ്, ഒരു മിഥുനമാണ്.

ആരെയാണ് സവിതാവെന്നുപറയുന്നത്? ആരെയാണ് സാവിത്രി എന്നുപറയുന്നത്? പുരുഷനെ സവിതാവെന്നും സ്ത്രീയെ സാവിത്രിഎന്നും പറയുന്നു. എവിടെ പുരുഷനുണ്ടോ അവിടെ സ്ത്രീയുമുണ്ട് എവിടെ സ്ത്രീയുണ്ടോ അവിടെ പുരുഷനുമുണ്ട്. അവർ രണ്ടുപേരും ഒരു യോനിയാണ്, ഒരു മിഥുനമാണ്.

10. തസ്യാ ഏഷ പ്രഥമഃ പാദോ ഭൂസ്തത് സവിതുർ വരേണ്യമിത്യഗ്നിർവൈ വരേണ്യമാപോ വരേണ്യം ചന്ദ്രമാ വരേണ്യം തസ്യാ ഏഷ ദ്വിതീയഃ പാദോ ഭർഗമയോ ƒ പോ ഭുവോ ഭർഗ്ഗോ ദേവസ്യ ധീമഹീത്യഗ്നിർ വൈ ഭർഗ്ഗ ആദിത്യോ വൈ ഭർഗശ്ചന്ദ്രമാ വൈ ഭർഗഃ തസ്യാ ഏഷ തൃതീയഃ പാദഃ സ്വർധിയോ യോ നഃ പ്രചോദയാദിതി. സ്ത്രീ ചൈവ പുരുഷശ്ച പ്രജനയതോ യോ വാ ഏതാം സാവിത്രിമേവം വേദ സ പുനർമൃത്യും ജയതി ബലാതിബലയോർ വിരാട് പുരുഷ ഋഷിഃ. ഗായത്രീഛന്ദഃ ഗായത്രി

ദേവതാ. അകാരോകാരമകാരാ ബീജാദ്യാഃ ക്ഷുധാദിനിരസനേ വിനിയോഗഃ ക്ലീമിത്യാദി ഷഡംഗന്യാസഃ ധ്യാനം

അമൃത കരതലാഗ്രൗ സർവസംജീവനാഢ്യാ-
വഘഹരണസുദക്ഷൗ വേദസാരേ മയൂഖേ
പ്രണവ മയവികാരൗ ഭാസ്കരാകാര ദേഹൗ
സതതമനുഭവേ/ഹം തൗ ബലാതീ ബലാന്തൗ.

ഓം ഹ്രീം ബലേ മഹാദേവി ഹ്രീം മഹാബലേ ക്ലീം ചതുർവിധ പുരുഷാർത്ഥ സിദ്ധിപ്രദേ തത് സവിതുർ വരദാത്മികേ ഹ്രീം വരേണ്യം ഭർഗ്ഗോ ദേവസ്യ വരദാത്മികേ അതിബലേ സർവ ദയാമൂർത്തേ ബലേ സർവക്ഷുദ്ഭ്രമോപനാശിനി ധീമഹി ധിയോ യോ നോ ജാതേപ്രചുര്യാ യോ പ്രചോദയാദാത്മികേ പ്രണവശിരസ്കാത്മികേ ഹും ഫട് സ്വാഹാ ഏവം വിദ്വാൻ കൃതകൃത്യോ ഭവതി സാവിത്ര്യാ ഏവ സലോകതാം ജയതി ഇത്യുപനിഷത്.

സാവിത്രിയുടെ പ്രഥമപാദം — ഭൂഃ — തത് സവിതുർ വരേണ്യം. ആകുന്നു. അഗ്നി, ജലം, ചന്ദ്രൻ എന്നീ ദേവന്മാർ വരേണ്യരാണ്. സാവിത്രിയുടെ ദ്വിതീയപാദം — ഭുവഃ ആകുന്നു. ഭർഗോ ദേവസ്യ ധീമഹി, അത് തേജോമയമാണ്. അഗ്നി, സൂര്യൻ, ചന്ദ്രൻ എന്നീ ദേവന്മാരാണ് ആ ഭർഗതേജസ്സുകൾ. സാവിത്രിയുടെ തൃതീയപാദം ധിയോ യോനഃ പ്രചോദയാത് ആകുന്നു. ഈ സാവിത്രീദേവിയെ ഗൃഹസ്ഥാശ്രമധർമ്മത്തെ സംരക്ഷിച്ചുകൊണ്ട് മനസ്സിലാക്കുന്ന സ്ത്രീ പുരുഷന്മാർ മൃത്യുവിൽ നിന്നും വിമുക്തരായിത്തീരുന്നു. അതായത് അവർക്കു പുനർജ്ജന്മമില്ല.

ബലാതിബലകൾ എന്ന രണ്ടു വിദ്യകളുടെയും ഋഷി വിരാട് പുരുഷനാണ്. അവയുടെ ഛന്ദസ്സും ദേവതയും ഗായത്രി ആകുന്നു. അതിന്റെ 'അ'കാരം ബീജവും, 'ഉ'കാരം ശക്തിയും, 'മ'കാരം കീലകവുമാകുന്നു. വിശപ്പിൽ നിന്നുമുള്ള നിവൃത്തിയ്ക്കായിട്ടാണ് ഇതിന്റെ വിനിയോഗം. ക്ലീം. എന്ന മാധ്യമം കൊണ്ട് ഇതിന്റെ ഷഡംഗന്യാസം ചെയ്യണം. ഓം ക്ലീം ഹൃദയായനമഃ ഓം ക്ലീം ശിരസേസ്വാഹാ, ഓം ക്ലീം ശിഖായൈ വഷട്. ഓം ക്ലീം കവചായഹും. ഓം ക്ലീം നേത്രായ വൗഷട്, ഓം ക്ലീം അസ്ത്രായ ഫട്, ഇനി ധ്യാനത്തെപ്പറ്റി പറയാം. ഞാൻ ആ ബലാതി ബലകളെന്ന വിദ്യകളുടെ ദേവന്മാരെ സദാ അനുഭവിക്കുന്നു. അവർ സൂര്യനെ പ്രകാശമാനമായ ശരീരത്തോടുകൂടിയവരും, പ്രണവ സ്വരൂപികളും, മയൂഖാവലികളോടുകൂടിയവരും, വേദസാരസ്വരൂപികളും പാപങ്ങളെ നശിപ്പിക്കുന്നതിൽ സമർത്ഥ

ന്മാരും സർവ്വവിധ സംജീവനിശക്തിക്കിരിപ്പിടമായിട്ടുള്ളവരും, കരതലാഗ്രത്തിൽ അമൃതത്തെ ധരിക്കുന്നവരും ആകുന്നു. ബലാതിബലകൾ എന്ന രണ്ടു വിദ്യകളുടെയും ദേവന്മാരുടെ മന്ത്രം താഴെപറയും പ്രകാരമാണ്:—

ക്ലീം ബലേ, മഹാദേവീ ഹ്രീം മഹാബലേ ക്ലീം ചതുർവിധ പുരുഷാർത്ഥ സിദ്ധിപ്രദേ തത് സവിതുർവരദാത്മികേ ഹ്രീം വരേണ്യം ഭർഗ്ഗോ അതിബലേ സർവദയാ മൂർത്തേ ബലേ, സർവക്ഷുത് ഭ്രമോപനാശിനി ധീമഹിധിയോ യോന ജാതേ പ്രചുര്യയാ പ്രചോദയാത്മികേ പ്രണവശിരസ്കാത്മികേ ഹും ഫട്സ്വാഹാ.

ഇപ്രകാരം ഈ വിദ്യകളെ അറിയുന്നവൻ ധന്യനായിത്തീരുന്നു. അവൻ സാവിത്രീദേവിയുടെ ലോകത്തെ പ്രാപിക്കുവാൻ സമർത്ഥനായിത്തീരുന്നു, എന്ന് ഈ ഉപനിഷത്തു പറയുന്നു.

സാവിത്ര്യുപനിഷത്ത് സമാപിച്ചു.

# ഭാവനോപനിഷത്ത്

## ശാന്തിപാഠം

ഓം. ഭദ്രം കർണ്ണേഭിഃ ശൃണുയാമദേവാ ഭദ്രം പശ്യേമാക്ഷഭിർയജത്രാഃ. സ്ഥിരൈരംഗൈ സ്തുഷ്ടവാം സസ്തനൂഭിർ വ്യശേമ ദേവഹിതം യദായുഃ. സ്വസ്തിന ഇന്ദ്രോ വൃദ്ധശ്രവാഃ. സ്വസ്തി നഃ പൂഷാ വിശ്വവേദാ. സ്വസ്തിനസ്താർക്ഷ്യാ അരിഷ്ടനേമിഃ. സ്വസ്തി നോ ബൃഹസ്പതിർ ദധാതു. ഓം. ശാന്തിഃ. ശാന്തിഃ. ശാന്തിഃ.

അല്ലയോ സംപൂജ്യരായ ദേവന്മാരേ, ഞങ്ങൾ കാതുകൾകൊണ്ട് നല്ലത് കേൾക്കട്ടെ, കണ്ണുകൾകൊണ്ടു നല്ലതു കാണട്ടെ. സുദൃഢങ്ങളായ അംഗങ്ങൾകൊണ്ടും ശരീരംകൊണ്ടും നിങ്ങളെ സ്തുതിച്ചുകൊണ്ടിരിക്കട്ടെ. ദേവന്മാർ ഞങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള ആയുസ്സു മുഴുവനും ഞങ്ങൾ അനുഭവിക്കട്ടെ. മഹാകീർത്തിമാനായ ഇന്ദ്രൻ ഞങ്ങൾക്കു നന്മ കൈവരുത്തട്ടെ. സർവ്വജ്ഞനായ പൂഷാവ് ഞങ്ങൾക്കു നന്മചെയ്യട്ടെ. അപ്രതിരോധ്യഗതിമാനായ ഗരുഡൻ ഞങ്ങൾക്കു നന്മചെയ്യട്ടെ. ബൃഹസ്പതി ഞങ്ങൾക്കു നന്മകൈവരുത്തട്ടെ. ഓം. ശാന്തിഃ. ശാന്തിഃ. ശാന്തിഃ.

ഓം. ശ്രീഗുരുഃ സർവ്വകാരണഭൂതാ ശക്തിഃ. തേന നവരന്ധ്രരൂപോ ദേഹഃ. നവശക്തി രൂപം ശ്രീചക്രം. വാരാഹി പിതൃരൂപാ. കുരുകുല്ലാ ബലിദേവതാ മാതാ. പുരുഷാർത്ഥാഃ സാഗരാഃ. ദേഹോ നവരത്നദ്വീപഃ. ആധാരനവകമുദ്രാഃ ശക്തയഃ. ത്വഗാദി സപ്തധാതുഭിരനേകൈഃ സംയുക്താഃ സങ്കൽപ്പാഃ കൽപ്പതരവഃ. തേജഃ കൽപ്പകോദ്യാനം. രസനയാ ഭാവ്യമാനാ മധുരാമ്ളതിക്ത കടുകഷായ ലവണഭേദാഃ ഷഡ്രസാഃ ഷഡൃതവഃ ക്രിയാശക്തിപീഠം. കുൺഡലിനീ ജ്ഞാനശക്തിർ ഗൃഹം. ഇച്ഛാശക്തിർ മഹാത്രിപുര സുന്ദരീ. ജ്ഞാതാ ഹോതാ. ജ്ഞാനമഗ്നിഃ ജ്ഞേയം ഹവിഃ. ജ്ഞാതൃ ജ്ഞാനജ്ഞേയാനാ മഭേദ ഭാവനം ശ്രീചക്രപൂജനം. നിയതിസഹിതാഃ ശൃംഗാരാദയോ നവരസാം അണിമാദയഃ കാമക്രോധാ ലോഭമോഹമദമാൽസര്യ പുണ്യപാപമയാ ബ്രാഹ്മ്യാദ്യഷ്ട ശക്തയഃ പൃഥിവ്യപ്തേജോവായ്വാകാശ ശ്രോത്രത്വക്

ചക്ഷുർ ജിഹ്വാഘ്രാണവാക്പാണിപാദപായൂപസ്ഥ മനോവികാരഃ. ഷോഡശശക്തയഃ വചനാദാനഗമനവിസർഗ്ഗാനന്ദഹാനോപേക്ഷ ബുദ്ധയോഽനംഗകുസുമാദി ശക്തയോഽഷ്ടൗ. അലംബുസാകുഹൂർ വിശ്വോദരീ വരുണാ ഹസ്തിജിഹ്വായശസ്വത്യശ്വിനീ ഗാന്ധാരീ പൂഷാ ശംഖിനീ സരസ്വതീഡാ പിംഗലാ സുഷുമ്നാചേതിചതുർദശനാഡ്യഃ. സർവസംക്ഷോഭിണ്യാദി ചതുർദശാരഗാ ദേവതാ. പ്രാണാപാനവ്യാനോദാന സമാന നാഗകൂർമ്മകൃകര ദേവദത്ത ധനംജയാ ഇതി ദശ വായവഃ. സർവ്വസിദ്ധിപ്രദാദേവ്യോ ബഹിർദശാരഗാ ദേവതാഃ ഏതദ്വായു ദശകസംസർഗോപാധിഭേദേന രേചക പൂരക ശോഷക ദാഹപ്ലാവകാ അമൃതമിതിപ്രാണമുഖ്യത്വേന പഞ്ചവിധോഽസ്തി. ക്ഷാരകോ ദാരകഃ ക്ഷോഭകോ മോഹകോ ജൃംഭക ഇത്യപാലനമുഖ്യത്വേന പഞ്ചവിധോഽസ്തി. തേന മനുഷ്യാണാം മോഹകോദാഹകോ ഭക്ഷ്യഭോജ്യ ലേഹ്യ ചോഷ്യ പേയാത്മകം ചതുർവിധമന്നം പാചയതി. ഏതാ ദശവഹ്നികലാഃ സർവജ്ഞത്വാദ്യന്തർദശാരഗാ ദേവതാഃ. ശീതോഷ്ണ സുഖദുഃഖേച്ഛാ സത്വരജസ്തമോ ഗുണാ വശിന്യാദി ശക്തയോഽഷ്ടൗ. ശബ്ദ സ്പർശരൂപ രസഗന്ധാഃ പഞ്ചതന്മാത്രാഃ പഞ്ചപുഷ്പബാണാ മന ഇക്ഷു ധനുഃ. വശ്യോബാണോ രാഗഃ പാശഃ. ദ്വേഷോങ്കുശഃ. അവ്യക്തമഹത്തത്വ മഹദഹംകാര ഇതി കാമേശ്വരീ- വജ്രേശ്വരീ ഭഗമാലിന്യോഽന്ത സ്ത്രികോണാഗ്രഗാ ദേവതാഃ. പഞ്ചദശതിഥിരൂപേണ കാലസ്യ—പരിണാമാവലോകന സ്ഥിതിഃ പഞ്ചദശനിത്യാഃ. ശ്രദ്ധാനുരൂപാധീ ർദേവതാ. തയോഃ കാമേശ്വരീ സദാനന്ദഘനാ പരിപൂർണ്ണസ്വാത്മൈക്യരൂപാദേവതാ.

ശ്രീഗുരുവാണ് സർവപ്രധാനഭൂതമായ ശക്തി. ഗുരു എന്ന ശബ്ദത്തിന്റെ അർത്ഥം തന്റെ അജ്ഞാനത്തെ (ഗു) തന്റെ ജ്ഞാനം (രു) കൊണ്ട് നശിപ്പിക്കുന്നവൻ എന്നാണ്. (ഇങ്ങനെയുള്ള ഗുരുവിന്റെ കൃപയാൽ ഈശ്വത്വം സിദ്ധിക്കുന്നു.) ആ ഗുരു മുഖേന ദേഹത്തിൽ ശ്രീ ചക്രത്വം ലഭിക്കുന്നു. നവദ്വാരയുക്തമായ ശരീരവും, വിമലം മുതൽ ഈശാനം വരെയുള്ള നവശക്തികളും ചേർന്നതാണ് ശ്രീചക്രം. ഇതിന്റെ മാതാവ് കുരുകുല്ലാദേവിയും പിതാവ് വാരാഹിയുമാകുന്നു. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ നാലു പുരുഷാർത്ഥങ്ങരം ഇതിന്റെ നാലു സമുദ്ര

ങ്ങളാണ്. ദേഹം തന്നെയാണ് നവരത്നദ്വീപ്. ഈ ദ്വീപിന് ആധാരഭൂതമായ ശക്തികൾ യോനി മുദ്ര തുടങ്ങി സർവ സംക്ഷോഭിണിപര്യന്തമുള്ള മഹാത്രിപുര സുന്ദരി തുടങ്ങിയ ഒൻപതു് ആകുന്നു. ത്വക്കു മുതലായ സപ്തധാതുക്കളോടുകൂടിയ സങ്കൽപ്പ-വികൽപ്പം തന്നെയാണ് കൽപ്പവൃക്ഷങ്ങൾ. ആ പരമാത്മാവിൽ നിന്നും ഭിന്നമായ പ്രതീതിയുളവാക്കുന്ന തേജഃസ്വരൂപമായ ജീവനാണ് ഉദ്യാനം. ജിഹ്വയാൽ ആസ്വാദിതമായ മധുരം, അമ്ളം, തിക്തം, കവർപ്പ്, കഷായം, ലവണം എന്നീ ഷഡ്രസങ്ങളാണ് ആറ് ഋതുക്കൾ. ക്രിയ എന്നപേരുള്ള ശക്തിതന്നെയാണ് പീഠം. കുണ്ഡലിനീ രൂപത്തിലുള്ള ജ്ഞാനശക്തിതന്നെയാണ് ഗൃഹം. ഇച്ഛാശക്തിതന്നെയാണ് മഹാത്രിപുര സുന്ദരി എന്നപേരുള്ള ആരാധ്യഭഗവതി. ജ്ഞാതാവ് തന്നെയാണ് ഹോതാവ്, ജ്ഞാനം തന്നെയാണ് അർഘ്യം, ജ്ഞേയം തന്നെയാണ് ഹവിസ്സ്. ജ്ഞാതാവ്, ജ്ഞാനം ജ്ഞേയം എന്നിവയെ അഭേദഭാവനയോടുകൂടി വീക്ഷിക്കുന്നതാണ് ശ്രീ ചക്രപൂജ. നിയതിയിൽ നിന്നുമുക്തമായ ശൃംഗാരവീരകരുണാദി നവരസങ്ങളാണ് അണിമാദികളായ അഷ്ടൈശ്വര്യങ്ങൾ. കാമം, ക്രോധം, ലോഭം, മദം, മാൽസര്യം, പുണ്യം പാപം എന്നിവയോടുകൂടിയ ബ്രാഹ്മീ തുടങ്ങിയ അഷ്ടശക്തികൾ. പൃഥ്വി, ജലം, തേജസ്സ്, വായു, ആകാശം, ചെവി, ത്വക്ക്, കണ്ണ്, വാക്ക്, മൂക്ക്, നാക്ക്, കൈകൾ, മലമൂത്രവിസർജ്ജനേന്ദ്രിയങ്ങൾ, തുടങ്ങിയ വികാരങ്ങളാണ് ഷോഡശ ശക്തികൾ, വചനാദാനം, ഗമനം, വിസർഗ്ഗം, ആനന്ദം, ദാനം, ഉപാദാനം, ഉപേക്ഷ, ബുദ്ധി, അനംഗകുസുമം എന്നിവയും അഷ്ടശക്തികളാണ്. അലംബുസാ, കുഹൂ, വിശ്വോദരീ, വരുണാ, ഹസ്തിജിഹ്വാ, യശസ്വിനീ, അശ്വിനീ, ഗാന്ധാരീ, പൂഷാ, ശംഖിനീ, സരസ്വതീ, ഇഡാ, പിംഗലാ സുഷുമ്നാ എന്നീ പതിന്നാലു നാഡികൾ സർവ സംക്ഷോഭിണി തുടങ്ങിയുള്ള പതിന്നാലുദേവതകളാണ്. പ്രാണൻ, അപാനൻ, ഉദാനൻ, സമാനൻ, വ്യാനൻ, നാഗം, കൂർമ്മം, കൃകരം, ദേവദത്തം, ധനഞ്ജയം, എന്നീ ദശവായുക്കൾ, സർവസിദ്ധി പ്രദാദിബാഹ്യമുഖങ്ങളായ ദശാരദേവതകളാണ്. ഈ ദശവായുക്കളുടെ സമ്പർക്കത്താലും സ്ഥാനഭേദത്താലും രേചകം, പൂരകം, ശോഷകം, ദാഹകം, പ്ലാവകം, അമൃതം എന്നിങ്ങനെ അഞ്ചുവിധത്തിലുള്ള വായുക്കൾ പ്രധാനങ്ങളാണ്. മനുഷ്യരുടെ മോഹകവും, ദാഹകവും ആയ, ഈ വായുക്കൾ ഖാദ്യ, ലേഹ്യ, ചൂഷ്യ, പേയങ്ങളായ ചതുർവിധങ്ങളായ അന്നത്തെ പചിപ്പിക്കുന്നു. ഈ പത്തു അഗ്നികലാസ്വരൂപികളായ വായുവാണ് സർവജ്ഞത്വാദി അന്തർദശാരദേവതകൾ, ശീതം, ഉഷ്ണം, സുഖം, ദുഃഖം, ഇച്ഛ, സത്യം, രജസ്സ്, താമസം എന്നിവയാണ് വശിനീ തുടങ്ങിയ അഷ്ടശക്തികൾ. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ പഞ്ചതന്മാത്രകൾ തന്നെയാണ് അഞ്ചുപുഷ്പബാണങ്ങൾ. മനസ്സുതന്നെയാണ് കരിമ്പുകൊണ്ടുള്ള വില്ല്. വശംവദമാകുക എന്നുള്ളതാണ ബാണം. രാഗം (പ്രേമം) തന്നെയാണ് പാശം (ബന്ധനം) ദ്വേഷം അങ്കു

ശവും, അവ്യക്തം, മഹത്തത്ത്വം,. അഹംകാരം, കാമേശ്വരി, വജ്രേശ്വരി, ഭഗമാലിനി, എന്നിവർ ആന്തരികത്രികോണാഗ്രത്തിൽ സ്ഥിതിചെയ്യുന്ന ദേവതകളാണ്. പതിനഞ്ചുതിഥികളുടെ രൂപത്തിൽ കാലപരിണാമത്തെ കണ്ണുക എന്നത്ത് പതിനഞ്ചു നിത്യ ശുദ്ധാനുരൂപികളായ അധിദേവതകളാണ്. അവയിൽ (വജ്രേശ്വരിയിലും, ഭഗമാലിനിയിലും) പ്രഥമവും, പ്രധാനവും ആയിട്ടുള്ളത് കാമേശ്വരിയാണ്. അത്ത് സച്ചിദാനന്ദഘന സ്വരൂപിയും പരമാത്മൈകരൂപിയുമായ ദേവതയുമാണ്. (ഈ വായുക്കളുടെ വശീകരണത്താൽ രൂപാദികളെ വശീകരിക്കുന്നതുകൊണ്ട്, കുണ്ഡലിനി, ജീവൻ, ആത്മാവ്, എന്നിവയെപ്പററിയുള്ള ജ്ഞാനം നല്ലതുപോലെ സമ്പാർജ്ജിച്ച് സർവ്വത്ര ഏകഭാവനയോടുകൂടിയിരിക്കുക എന്നുള്ളതാണ് ഭാവനോപനിഷത്ത് എന്ന സാരം. അതായത്ത് മോക്ഷത്തിലേക്കുള്ള തുറന്ന കവാടം.)

2. സലിലമിതി സൗഹിത്യകാരണം സത്ത്വം; കർത്തവ്യമകർത്തവ്യമിതി ഭാവനായുക്ത ഉപചാരഃ. അസ്തിനാസ്തീതി കർത്തവ്യതാനൂപചാരഃ. ബാഹ്യാഭ്യന്തഃ കരണാനാം രൂപഗ്രഹണയോഗ്യതാസ്ത്വിത്യാവാഹനം. തസ്യ ബാഹ്യാഭ്യന്തഃകരണാനാമേകരൂപ വിഷയഗ്രഹണ മാസനം രക്തശുക്ലപദൈകീകരണംപാദ്യം. ഉജ്ജ്വല ദാമോദാനന്ദാസനദാന മർഘ്യം. സ്വച്ഛം സ്വതഃ സിദ്ധമിത്യാചമനീയം. ചിച്ചന്ദ്രമയീതി സർവാംഗസ്രവണം സ്നാനം. ചിദഗ്നിസ്വരൂപ പരമാനന്ദശക്തിസ്ഫുരണം വസ്ത്രം. പ്രത്യേകം സപ്തവിംശതിധാ ഭിന്നത്വേനേച്ഛാ ജ്ഞാന ക്രിയാത്മക ബ്രഹ്മഗ്രന്ഥിമദ്രസതന്തു ബ്രഹ്മനാഡീ ബ്രഹ്മ സൂത്രം സ്വവ്യതിരിക്തവസ്തു സംഗരഹിത സ്മരണം വിഭൂഷണം. സച്ചിത് സുഖപരിപൂർണ്ണതാ സ്മരണം ഗന്ധഃ.സമസ്ത വിഷയാണാം മനസഃ സ്ഥൈര്യേണാനുസന്ധാനം കുസുമം. തേഷാമേവ സർവദാ സ്വീകരണ ധൂപഃ. പവനാവച്ഛിന്നോർദ്ധ്വജ്ജ്വലന സച്ചിദുൽകാകാശദേഹോ ദീപഃ. സമസ്ത യാതായാതവർജ്ജ്യം നൈവേദ്യം. അവസ്ഥാത്രയാണാമേകീകരണം താംബൂലം. മൂലാധാരാദാബ്രഹ്മ രന്ധ്രപര്യന്തം ബ്രഹ്മരന്ധ്രാദാമൂലാധാര പര്യന്തം ഗതാഗത രൂപേണ പ്രാദക്ഷിണ്യം തുര്യാവസ്ഥ നമസ്ക്കാരഃ. ദേഹശൂന്യ പ്രമാമൃതാനിമജ്ജനം ബലിഹരണം. സത്യമസ്തി കർത്തവ്യമകർത്തവ്യമൗ

ദാസീന്യ നിത്യാത്മ വിലാപനം ഹോമഃ. സ്വയം തത് പാദുകാ നിമജ്ജനം പരിപൂർണ്ണധ്യാനം. ഏവം മുഹൂർത്ത ത്രയം ഭാവനാപരോ ജീവന്മുക്തോ ഭവതി. തസ്യ ദേവതാത്മൈക്യ സിദ്ധിഃ ചിന്തിത കാര്യാണ്യയത്നേന സിദ്ധ്യന്തി. സ ഏവശിവയോഗീതി കഥ്യതേ. കാദിഹാദി മതോക്തേന ഭാവനാ പ്രതിപാദിതാ. ജീവന്മുക്തോ ഭവതി. യ ഏവം വേദ. ഇത്യുപനിഷത്.

സലീലവും ഗുരു മന്ത്രാത്മകവുമായ ദേവതകളുടെ ഏകീകരണമായ സത്വം തന്നെയാണ് കർത്തവ്യമകർത്തവ്യമെന്ന ഭാവനായുക്തമായ ഉപചാരം. ബ്രഹ്മം ഒന്നു മാത്രമേ ഉള്ളൂ. ബ്രഹ്മത്തിൽ നിന്നും ഭിന്നമായിട്ടൊന്നും തന്നെയില്ല. ഈ കർത്തവ്യതയും ഉപചാരമാണ്. ബ്രഹ്മത്തിന്റെയും ആന്തരികത്വത്തിന്റെയും കാരണങ്ങളുടെ രൂപഗ്രഹണത്തിനുള്ള യോഗ്യത തന്നെയാണ് ആവാഹനം. അതിന്റെ ബാഹ്യവും ആഭ്യന്തരവുമായ കാരണങ്ങളുടെ ഏക രൂപത്തിലുള്ള വിഷയങ്ങളെ ഗ്രഹിക്കുക എന്നതാണ് ആസനം. രക്തശുക്ല പദങ്ങളുടെ ഏകീകരണം തന്നെയാണ് പാദ്യം. സദോജ്ജ്വലവും, ദാമോദാനന്ദ സ്ഥിതിയുമാണ് അർഘ്യം. സ്വച്ഛവും സ്വതഃസിദ്ധവുമായിട്ടുള്ളതാണ് ആചമനീയം. ചിദ്രൂപമായ ചന്ദ്രമയിയുടെ സർവാംഗ സ്രവണമാണ് സ്നാനം. ചിത്താകുന്ന അഗ്നിസ്വരൂപമായ പരമാനന്ദ ശക്തിയുടെ സ്ഫുരണമാണ് വസ്ത്രം. ഓരോന്നിന്റെയും ഇരുപത്തിയേഴു വിധത്തിലുള്ള ഇച്ഛാജ്ഞാന ക്രിയശക്തി സ്വരൂപമായ ബ്രഹ്മ ഗ്രന്ഥി ഭദ്രസ്സ നാഡിയാണ് ബ്രഹ്മസൂത്രം. സ്വവ്യതിരിക്തമായ വസ്തുക്കളെ സ്മരിക്കാതിരിക്കുക എന്നതാണ് വിഭൂഷണം. സ്വച്ഛസ്വരൂപമായ ബ്രഹ്മത്തിൽ നിന്നും ഭിന്നമായിട്ടൊന്നുമില്ല എന്ന സ്മരണയാണ് ഗന്ധം. സമസ്ത വിഷയങ്ങളേയും മനസ്ഥൈര്യത്തോടുകൂടി അനുസന്ധാനം ചെയ്യുക എന്നുള്ളതാണ് പുഷ്പം. അവയെ സ്വീകരിക്കുകയാണ് ധൂപം. വായു യുക്തമായ യോഗസമയത്ത് പ്രാണാപാനങ്ങളുടെ ഏകീഭാവത്താൽ സുഷ്മ്നയിൽ സച്ചിദാനന്ദാത്മകമായ ഉൽക്കാരൂപത്തിലുള്ള ആകാശദേഹമാണ് ദീപം. എല്ലാവിധത്തിലുമുള്ള ഗമനാഗമനങ്ങളെ നിരോധിക്കയാണ് നൈവേദ്യം. അവസ്ഥാത്രയത്തിന്റെ ഏകീകരണമാണ് താംബൂലം. മൂലാധാരം മുതൽ ബ്രഹ്മപര്യന്തവും, ബ്രഹ്മരന്ധ്രം മുതൽ മൂലാധാരം വരെയും വീണ്ടും വീണ്ടും പോകുകയും വരികയും ചെയ്യുന്നതാണ് പ്രദക്ഷിണ. നാലാമത്തെ അവസ്ഥയിൽ (തുരീയാവസ്ഥ) സ്ഥിതിചെയ്യുകയാണ് നമസ്ക്കാരം. ആത്മാവിനെ ചൈതന്യമെന്നും ദേഹത്തെ ജഡമെന്നും കരുതി സ്ഥിതി ചെയ്യുകയാണ് ബലി. തന്റെ ആത്മാവിന്റെ സത്വ സ്വരൂപമാണെന്ന നിശ്ചയത്തോടുകൂടിയ കർത്തവ്യം, അകർത്തവ്യം, ഔദാസീന്യം, നിത്യാത്മകത്വം.

വിലാപനം (ആത്മ ചിന്തനാസക്തി) എന്നിവയാണ് യജ്ഞഹോമം സ്വയം ആപരബ്രഹ്മത്തിന്റെ പാദങ്ങളിൽ മുഴുകിയിരിക്കുക എന്നതാണ് പരിപൂർണ്ണമായ ധ്യാനം. (പൂജക്കായി, ധൂപം, ദീപം, നൈവേദ്യം, ഗന്ധം, ദക്ഷിണ, നമസ്ക്കാരം, പ്രദക്ഷിണം മുതലായവ അപേക്ഷിതമായിരിക്കുന്നതുപോലെ ബ്രഹ്മപ്രാപ്തിക്കായി മുകളിൽ പറഞ്ഞിട്ടുള്ള വസ്തുക്കളെ സാധനം ചെയ്യുകയാണ് ധൂപദീപാദികൾ. ഇവയാൽ അവൻ ബ്രഹ്മത്തെ സാക്ഷാത്കരിക്കുന്നു എന്നു സാരം.) ഇപ്രകാരം മൂന്നു മുഹൂർത്തത്തിലും, ഭാവനയിൽ ഇരിക്കുന്നവൻ ജീവന്മുക്തനായിത്തീരുന്നു. അവന് ബ്രഹ്മൈക്യ സിദ്ധി കൈവരുന്നു, അവന് ചിന്തിച്ചകാര്യങ്ങൾ അയത്നേന സിദ്ധിക്കുന്നു. ഇതിനെയാണ് ശിവയോഗി എന്നുപറയുന്നത്.

ഭാവനോപനിഷത്ത് സമാപിച്ചു.

# സൗഭാഗ്യലക്ഷ്മീഉപനിഷത്ത്

## ശാന്തിപാഠം

ഓം വാങ്മേ മനസി പ്രതിഷ്ഠിതാ മനോ മേ വാചി പ്രതിഷ്ഠിതമാവിരാവിർമ ഏധി വേദസ്യ മ ആണീസ്ഥഃശ്രുതം മേ മാ പ്രഹാസീരനേനാധീതേനാ ഹോരാത്രാത് സംദധാമി. ഋതം വദിഷ്യാമി. സത്യം വദിഷ്യാമി. തന്മാവതു. തദ്വക്താരമവതു. അവതുമാം. അവതു വക്താരമവതുവക്താരം. ഓം. ശാന്തിഃ. ശാന്തിഃ. ശാന്തിഃ.

എന്റെ വാക്ക് മനസ്സിൽ സ്ഥിരമായിരിക്കട്ടെ. എന്റെ മനസ്സ് വാക്കിൽ പ്രതിഷ്ഠിതമായിരിക്കട്ടെ. അല്ലയോ സ്വയം പ്രകാശാത്മാവേ, അങ്ങ് എന്റെ മുമ്പിൽ പ്രത്യക്ഷമാകണേ. അല്ലയോ മനോ വ്യാണികളേ, നിങ്ങൾ എന്റെ വേദജ്ഞാനത്തിന്നാധാരമാണ്. അതുകൊണ്ടു എന്റെ വേദാധ്യയനത്തെ നശിപ്പിക്കരുത്. ഈ വേദാധ്യയനത്തിൽതന്നെയാണ് രാവും പകലും ഞാൻ ചെലവഴിക്കുന്നത്. ഞാൻ മാനസികമായും, വാചികമായും സത്യം പറയാം. എന്നെ രക്ഷിക്കട്ടെ. വക്താവിനെ രക്ഷിക്കട്ടെ എന്നെ രക്ഷിക്കട്ടെ. വക്താവിനെ രക്ഷിക്കട്ടെ, വക്താവിനെ രക്ഷിക്കട്ടെ. ഓം. ശാന്തിഃ, ശാന്തിഃ, ശാന്തി.

## ഒന്നാം ഖണ്ഡം

1. അഥ ഭഗവന്തം ദേവാ ഊചുഃ. ഹേ ഭഗവൻ നഃ കഥയ സൗഭാഗ്യ ലക്ഷ്മീ വിദ്യാം.

2. തഥേതി അവോചത് ഭഗവാൻ ആദിനാരായണഃ. സർവേ ദേവാ യൂയം സാവധാന മനസോ ഭൂത്വാ ശൃണുത തുരീയരൂപാം തുരീയാതീതാം സർവോത്കടാം സർവ മന്ത്രാ- സനഗതാം പീഠോപപീഠദേവതാപരിവൃതാം ചതുർഭുജാം ശ്രിയം ഹിരണ്യവർണ്ണാം ഇതിപഞ്ചദശ ഋഗ്ഭിർ ധ്യായേത്.

ഒരിക്കൽ ദേവന്മാർ ആദിനാരായണനോടു പറഞ്ഞു. ''പ്രഭോ ഞങ്ങൾക്ക സൗഭാഗ്യലക്ഷ്മീ വിദ്യ ഉപദേശിച്ചുതന്നാലും''. ഭഗവാൻ പറഞ്ഞു:— അങ്ങനെയാകട്ടെ. ഹേ ദേവന്മാരേ, നിങ്ങൾ ഏവരും ഏകാഗ്രമാനസന്മാരായി കേൾക്കുവിൻ. സ്ഥൂലം, സൂക്ഷ്മം, കാരണം, എന്നീ മൂന്നവസ്ഥകൾക്കും ഉപരിയായി തുരീയാവസ്ഥയ്ക്കും, അതായത്, അതിനും ഉപരിയായി നിർഗ്ഗുണവും വികരാളവുമായ രൂപത്തോടുകൂടിയവളും സർവ്വമന്ത്രാസനസ്ഥയും പീഠങ്ങളിലും ഉപപീഠങ്ങളിലും വിരാജിക്കുന്നവളും ദേവന്മാരാൽ പരിസേവിതയും, ചതുർഭുജങ്ങളോടു കൂടിയവളുമായ ലക്ഷ്മീദേവിയെ പതിനഞ്ച് സൂക്ത മന്ത്രങ്ങളാൽ ധ്യാനിക്കണം.

3. അഥ പഞ്ചദശ ഋഗാത്മകസ്യ ശ്രീ സൂക്തസ്യാനന്ദകർദ്ദമ ചിക്ളീതേന്ദിരാസുതാ ഋഷയഃ. ശ്രീരിഷ്യാദ്യാ ഋചഃ ചതുർദശാനാം ഋചാം ആനന്ദാ ഋഷയഃ. ഹിരണ്യവർണ്ണാ ദ്യാത് യത്രയസ്യാനുഷ്ടുപ് ഛന്ദഃ. കാംസോ അസ്മീത്യസ്യ ബൃഹതീ ഛന്ദഃ. തദന്യയോർ ദ്വയോ സ്ത്രിഷ്ടുപ് പുനരഷ്ടകസ്യാനുഷ്ടുപ് ശേഷസ്യ പ്ര സ്താരപംക്തിഃ ശ്രീഗ്നിർദേവതാ ഹിരണ്യ വർണ്ണാ മിതി ബീജം. കാംസോസ്മീതി ശക്തിഃ ഹിരണ്മയാ ചന്ദ്ര രജതസ്രജാ ഹിരണ്യാ ഹിരണ്യവർണ്ണേതി പ്രണ വാദി നമോന്തൈശ്ചതുർത്ഥ്യന്തൈ രംഗന്യാസഃ. അഥ വക്ത്ര ത്രയൈരംഗന്യാസഃ മസ്തകലോചനാശ്രുത ഘ്രാണവദന കണ്ഠബാഹുദ്വയ ഹൃദയനാഭിഗുഹ്യപായൂ രുജാനുജംഘേഷു ശ്രീസൂക്തൈ രേവ ക്രമശോ ന്യസേത്.

ആ പതിനഞ്ചു ഋക്കുകളുടെയും ഋഷിമാർ, ഇന്ദിര, ആനന്ദം, കർദമൻ, ചിക്ലീതൻ എന്നിവരാണ്. ഒന്നാമത്തെ മന്ത്രത്തിൻെറ ഋഷി ഇന്ദിരയും ശേഷമുള്ള മന്ത്രങ്ങളും മന്ത്രങ്ങളുടെ ഋഷിമാർ പുത്രന്മാരുമാണ്. ആദ്യത്തെ മൂന്നു മന്ത്രങ്ങളുടെ ഛന്ദസ്സ് അനുഷ്ടുപ്പും, നാലാമത്തേ തിൻേറത്, ബൃഹതിയും, അഞ്ചാമത്തേതിൻേറയും, ആറാമത്തേതിൻേറയും ത്രിഷ്ടുപ്പും ഏഴാമത്തേതു മുതൽ പതിന്നാലാമത്തേതു വരെയുള്ളത് അനുഷ്ടുപ്പും പ്രസ്താരപംക്തിയുമാകുന്നു. ദേവത ശ്രീയും അഗ്നിയും, ബീജംഹിരണ്യ വർണ്ണവും, ശക്തി കാഡോസ്മിയും ആകുന്നു. ഹിരണ്യമയീ, ചന്ദ്രാ, രജതസ്രജാ, ഹിരണ്യസ്രജാ, ഹിരണ്യാ, ഹിരണ്യവർണ്ണാ എന്നീ നാമങ്ങളെ ചതുർത്ഥി വിഭക്തിയിൽ വച്ചിട്ട് ഓം കാരത്തിൽ നിന്നും ആരംഭിച്ച് ഒടുവിൽ നമഃ എന്നുച്ചരിച്ചുകൊണ്ട് ന്യസിക്കണം. പിന്നീട് വക്ത്രത്രയം കൊണ്ട് ശിരസ്സ്, കണ്ണ്, ചെവി, മൂക്ക്, മുഖം, കണ്ഠം, ബാഹുദ്വയം, ഹൃദയം, നാഭി, ഗുഹ്യം, പായു, ഊരു, ജാനു, ജംഘ, എന്നിവയിൽ ശ്രീ സൂക്തങ്ങാം കൊണ്ടുതന്നെ യഥാക്രമം ന്യസിക്കണം. പിന്നീട് ശ്രീ സൂക്തമന്ത്രത്താൽ അംഗന്യാസം ചെയ്യണം. പിന്നീട് താഴെപ്പറയുന്ന മന്ത്രത്താൽ ധ്യാനിക്കണം.

അരുണ കമല സംസ്ഥാ തദ്രജഃ പുഞ്ജവർണ്ണാ
കരകമല ധൃതേഷ്ടാഭീതിയുഗ്മാംബുജാ ച
മണികടക വിചിത്രാലംകൃതാ കൽപ്പജാലൈഃ
സകലഭുവനമാതാ സന്തതം ശ്രീഃശ്രിയൈനഃ.

ചെന്താമരയിൽ വിരാജിക്കുന്നവളും, കമലപരാഗരാശിക്കുതുല്യമായ പീതവർണ്ണത്തോടുകൂടിയവളും, വരദാഭയ മുദ്രായുക്തയും രണ്ടു കൈകളിലും താമരപ്പൂ ധരിച്ചവളും, മണിമയമായ വളകളാൽ സമലംകൃതയും, സർവ്വലോകമാതാവുമായ ശ്രീ മഹാലക്ഷ്മി നിരന്തരം ഞങ്ങളെ ഐശ്വര്യത്താൽ സമ്പന്നരാക്കട്ടെ.

5. തത്പീഠകർണ്ണികായാം സസാദ്ധ്യം ശ്രീബീജം. വസ്വാദി തു കലാപദ്മേഷു ശ്രീ സൂക്തഗതാർദ്ധാർദ്ധർചാ തദ്ബഹിർഭൃഃ ശുചിരിതി മാതൃകയാ ച ശ്രിയം യന്ത്രാംഗ ദശകം ച വിലിഖ്യ ശ്രിയമാവാഹയേത്.

6. അംഗൈഃ പ്രഥമാവൃതിഃ പദ്മാദിഭിർദ്വിതീയാ ലോകേശൈസ്തൃതീയാ. തദായുധൈസ്തുരീയാ വൃതിർ ഭവേത് ശ്രീ സൂക്തൈരാവാഹനാദി, ഷോഡശസഹസ്രജപഃ

7. സൗഭാഗ്യരമൈകാക്ഷര്യാ ഭൃഗുനിചൃദ്ഗായത്രീ ശ്രിയ ഋഷ്യാദയഃ. ശമിതി ബീജശക്തിഃ ശ്രീമിത്യാദിഷഡംഗം.

8. ഭൂയാദ്ഭൂയോ ദ്വിപദ്മാഭയ വരദകരാ തപ്ത കാർത്തസ്വരാഭാം, ശുഭ്രാഭ്രാഭേഭയുഗ്മ ദ്വയകരധൃത കുംഭാദ്ഭിരാസിച്യമാനാ. രത്നൗഘാബദ്ധമൗലിർ വിമലതരദുകൂലാർത്തവാലേപനാഢ്യാ, പദ്മാക്ഷീ പദ്മനാഭോരസി കൃത വസതിഃ പദ്മഗാ ശ്രീഃ ശ്രിയൈ നഃ.

പീഠ കർണ്ണികയുടെ ഉള്ളിൽ സാധ്യകാര്യമായ ബീജം എഴുതിയതിനുശേഷം ദ്വാദശദലം, അഷ്ടദലം, ഷോഡശദലം എന്നിവയോടുകൂടിയ താമരകളിൽ ഭൂവൃതമദ്ധ്യേ ശ്രീ സൂക്തമേഖലയുടെ പകുതി പകുതി ഋക്കകൾ എഴുതണം. പിന്നീട് നിർഭൂവൃത്തത്തിൽ ഫലശ്രുതി രൂപത്തിലുള്ള ഋക്കകൾ എഴുതി ഷോഡശാരമധ്യേ. മുകളിൽ, 'അ' കാരം മുതൽ 'സ' കാരം വരെ മാതൃകാ വർണ്ണങ്ങളെ ലേഖനം ചെയ്യണം. ഏററവും മുകളിലായി നിർഭൂവൃത്തത്തിൽ വഷഡ് സമ്പന്നമായ ത്വരിതാ എന്ന ബീജസഹിതം. ശ്രീബീജത്തെ ലേഖനം ചെയ്യണം. ഇപ്രകാരം പത്തംഗങ്ങളുള്ള ശ്രീചക്രം നിർമ്മിക്കണം.

അംഗമന്ത്രങ്ങൾ കൊണ്ട് പ്രഥമാവരണപൂജ നടത്തണം. പദ്മനിധികളാൽ രണ്ടാമത്തും ആവരണ പൂജചെയ്യണം ലോകപാലന്മാർ മുഖേന തൃതീയാവരണപൂജയും, വജ്രാദി ആയുധങ്ങൾ മുഖേന ചതുർത്ഥാവരണ പൂജയും ക്രമാനുസരണം ചെയ്യണം. ശ്രീ സൂക്തത്തിന്റെ ഋക്കകളാൽ ആവാ

ഹനാദികാര്യങ്ങൾ ചെയ്യണം. ഇത്രയുമൊക്കെ ചെയ്തതിനുശേഷം പുരശ്ചരണാർത്ഥം പതിനാറായിരം മന്ത്രങ്ങൾ ജപിക്കണമെന്നുവിധിയുണ്ട്.

ഏകാക്ഷരമായ സൗഭാഗ്യ ലക്ഷ്മീ മന്ത്രത്തിന്റെ ഋഷി ഭൃഗുവും ഛന്ദസ്സ്, നീചൃദ്ഗായത്രിയും ദേവത ശ്രീയും ആകുന്നു. ബീജം. ശ്രീ മുഖേനയും, അംഗന്യാസം, ശ്രാം എന്നിവ മുഖേനയും ചെയ്യണം.

തന്റെ രണ്ടുകരങ്ങളിലും, താമരയും, ഇതരകരയുഗത്തിൽ വരദാഭയമുദ്രകൾ ധരിച്ചിരിക്കുന്നവളും, സ്വർണ്ണസമാനമായ ശരീരകാന്തിയോടുകൂടിയവളും, ശുഭ്രമേഘസമാനമായ ശോഭയോടുകൂടിയ രണ്ട് ആനകളുടെ തുമ്പിക്കൈകളിൽ ധരിച്ചിട്ടുള്ള കമലജലത്താൽ അഭിഷിക്തയും അരുണരത്നഖചിതമായ കിരീടം ധരിച്ച ശിരസ്സോടുകൂടിയവളും, ഋതുക്കൾക്ക് അനുകൂലമായ അംഗ രാഗലേപനത്തോടുകൂടിയവളും, ഭുവനസ്ത്രീവൃതയും കമലലോചനയും, ശ്രീ പത്മനാഭന്റെ വക്ഷസ്സിൽ വസിക്കുന്നവളും കമലാസനയും ആയ ശ്രീദേവീ, നമുക്ക പരമൈശ്വര്യത്തെ പ്രദാനം ചെയ്യട്ടെ.

9. തത്പീഠം. അഷ്ടപത്രം വൃത്തത്രയം ദ്വാദശ രാശിഖണ്ഡം ചതുരസ്രം രമാപീഠം ഭവതി. കർണ്ണികായാം സസദ്ധ്യം ശ്രീബീജം. വിഭൂതിരുന്നതിഃ, കാന്തിഃ സൃഷ്ടിഃ കീർത്തിഃ സന്നതിർവ്യുഷ്ടിഃ സത്കൃഷ്ടിഃ, ഋദ്ധിഃ, ഇതി പ്രണവാദിനമോന്തൈശ്ചതുർത്ഥ്യന്തൈർ നവ ശക്തീം യജേത്.

10. അംഗേപ്രഥമാവൃതിഃ. വാസുദേവാദിഭിർദ്വിതീയാ. ബാലക്യാദിഭിസ്തൃതീയാ ഇന്ദ്രാദിഭിശ്ചതുർത്ഥീ ഭവതി. ദ്വാദശലക്ഷ ജപഃ,

ത്രിവൃത്തയുക്തമായ രമാപീഠയന്ത്രം അടയാളപ്പെടുത്തണം. അഷ്ടദലകർണ്ണികയിൽ സാധ്യസഹിതം ബീജമെഴുതണം. പ്രാരംഭം മുതൽ ഓംകാരവും ഒടുവിൽ നമഃ എന്ന യോഗസഹിതം ഓരോ നാമത്തോടും ചതുർത്ഥീവിഭക്തി പ്രയോഗത്താൽ നവശക്തികളെ പൂജിക്കണം. വിഭൂതി, ഉന്നതി, കാന്തി, സൃഷ്ടി, കീർത്തി, സംനതി, വ്യുഷ്ടി, സത്കൃഷ്ടി, ഋദ്ധി എന്നിവയാണ് നവശക്തികൾ. അംഗന്യാസംകൊണ്ട് ആദ്യമായി ആവരണപൂജചെയ്യണം. അതിനുശേഷം വാസുദേവൻ, സങ്കർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്നിവരെ യഥാക്രമം പൂജിക്കണം. ഇപ്രകാരം ദ്വിതീയാവരണ പൂജചെയ്യണം. പിന്നീട് ബാലകീ തുടങ്ങിയവരെ പൂജിച്ചുകൊണ്ട് തൃതീയാവരണ പൂജചെയ്യണം. പിന്നീട് ഇന്ദ്രാദി ദേവന്മാരെയും, അവരുടെ ആയുധങ്ങളും മുഖേന ചതുർത്ഥാവരണപൂജ ചെയ്യണം. പുരശ്ചരണാർത്ഥം പന്ത്രണ്ടു ലക്ഷം മന്ത്രം ജപിക്കണം.

11. ശ്രീലക്ഷ്മീർ വരദാ വിഷ്ണുപത്നീ വസുപ്രദാ ഹിരണ്യരൂപാ സ്വർണ്ണമാലിനീ രജതസ്രജാ സ്വർണ്ണപ്രഭാ സ്വർണ്ണപ്രാകാരാ പദ്മവാസിനീ പദ്മ ഹസ്താ പദ്മ പ്രിയാ മുക്താലംകാരാ ചന്ദ്രസൂര്യാ വില്വപ്രിയാ ഈശ്വരീ ഭുക്തിർ മുക്തിർ വിഭൂതിർ ഋദ്ധിഃ സമൃദ്ധിഃ കൃഷ്ടിഃ പുഷ്ടിർ ധനദാ ധനേശ്വരീ ശ്രദ്ധാ ഭോഗിനീ ഭോഗദാ, സാവിത്രീ ധാത്രീ, വിധാത്രീ ഇത്യാദിപ്രണവാദിനമോന്തശ്ചതുർത്ഥ്യന്താ മന്ത്രാഃ. ഏകാക്ഷരവദംഗാദിപീഠം. ലക്ഷജപഃ. ദശാംശം, തർപ്പണം ദശാംശം ഹവനം. ദ്വിജതൃപ്തിഃ. നിഷ്കാമാനാമേവ ശ്രീവിദ്യാ സിദ്ധിഃ. ന കദാപിസകാമാനാമിതി.

ത്ര്യക്ഷരീവിദ്യാപൂജയിൽ ആദ്യം ഓംകാരവും, ഒടുവിൽ നമയും ചേർത്ത് ഓരോ നാമത്തിന്റേയും ചതുർത്ഥീ വിഭക്തി സഹിതം പ്രയോഗിക്കണം. ശ്രീ, ലക്ഷ്മീ, വരദാ, വിഷ്ണുപ്രിയാ, ഹിരണ്യരൂപാ വസുപ്രദാ, രജതസ്രജാ, സ്വർണ്ണമാലിനീ, സ്വർണ്ണപ്രഭാ, സ്വർണ്ണപ്രകാശാ പദ്മവാസിനി, പദ്മഹസ്ത്, പദ്മപ്രിയാ, വില്വപ്രിയാ, ചന്ദ്ര സൂര്യാ, മുക്താലംകാരാ ഈശ്വരീ, ഭുക്തി, മുക്തി, വിഭൂതി, ഋദ്ധി, സമൃദ്ധി, കൃഷ്ടി, പുഷ്ടി, ധനദാ, ധനേശ്വരീ, ശ്രദ്ധാ, സാവിത്രീ, ഭോഗിനീ, ഭോഗദാ, ധാത്രീ വിധാത്രീ എന്നീ നാമങ്ങളാൽ ശക്തിപൂജ ചെയ്യണം. പുരശ്ചരണാർത്ഥം ഒരു ലക്ഷം മന്ത്രം ജപിക്കണം, ജപത്തിന്റെ ദശാംശം തർപ്പണവും, തർപ്പണത്തിന്റെ ദശാംശം ഹവനവും, ഹവനത്തിന്റെ ദശാംശം ബ്രാഹ്മണഭോജനവും നടത്തണം. കാമനാരഹിതഭാവേന ഉപാസിക്കുന്നവർക്കുന്നവർക്കു മാത്രമേ ഈ ശ്രീവിദ്യാപ്രാപ്തി കൈവരികയുള്ളു. കാമനാ സഹിതം ഉപാസിക്കുന്നവർക്ക് ഇതു് സിദ്ധിക്കുകയില്ല.

## രണ്ടാം ഖണ്ഡം

1. അഥ ഹൈനം ദേവാ ഊചുഃ തുരീയയാ മായയാ നിർദിഷ്ടം തത്വം ബ്രൂഹീതി. തഥേതി സ ഹോവാച.

അനന്തരം ദേവന്മാർ ആദി നാരായണനോടു പറഞ്ഞു:– ഭഗവൻ തുരീയ മായയാൽ നിർദ്ദിഷ്ടമായ തത്വത്തെ സംബന്ധിച്ചു് ഞങ്ങൾക്കു പറഞ്ഞു തന്നാലും.

1. യോഗേന യോഗോ ജ്ഞാതവ്യോ യോഗോ യോഗാത് പ്രവർധതേ. യോഽപ്രമത്തസ്തു യോഗേന സ യോഗീ രമതേ ചിരം.

2. സമാപ്യ നിദ്രാം സുജീർണ്ണേഽല്പഭോജീ
ശ്രമത്യാജ്യബാധേ വിവിക്തേ പ്രദേശേ
സദാസീത നിശ്തൃഷ്ണ ഏഷ പ്രിയത്നോ-
ഽഥവാ പ്രാണരോധോ നിജാഭ്യാസമാർഗ്ഗാത്.

3. വക്ത്രേണാ പൂര്യവായും ഹുതവഹനിലയേഽപാനമാകൃഷ്യ ധൃത്വാ, സാംഗുഷ്ഠാദ്യംഗുലീഭിർ വരകരതലയോഃ ഷഡ്ഭി രേവം നിരുദ്ധ്യ, ശ്രോത്രേ നേത്രേ ച നാസാ പുട യുഗളമഥോഽനേന മാർഗ്ഗേണ സമ്യക്, പശ്യന്തി പ്രത്യയംശം പ്രണവബഹുവ ധ്യാന സംലീന ചിത്താഃ.

ഭഗവാൻ പറഞ്ഞു:— യോഗത്താൽ യോഗവൃദ്ധി കൈവരുന്നതുകൊണ്ട് യോഗം മുഖേന യോഗത്തെ അറിയണം. യോഗത്തിൽ ദത്തചിത്തനായിരിക്കുന്ന യോഗി ചിരകാലം സുഖം അനുഭവിക്കുന്നു. മിതഭോഗിയായ സാധകൻ രാഗദ്വേഷാദി മാലിന്യങ്ങൾ ദൂരീകൃതമായതിനുശേഷം ആലസ്യരഹിതനായി, ഈ പ്രപഞ്ചം ബ്രഹ്മത്വ പ്രാപ്തിക്ക് പ്രതിബന്ധകാരിയാണെന്നു മനസ്സിലാക്കി ഏകാന്ത സാധനയിൽ മുഴുകിയിരിക്കുന്നു. അവൻ ഒന്നുകിൽ രാജയോഗ പ്രവർത്തകനായിരിക്കുകയോ ഗുരൂപദിഷ്ടമായ ഹഠയോഗ മാർഗ്ഗത്തിൽ സഞ്ചരിക്കുകയോ ചെയ്യുന്നു. ഇങ്ങനെ യോഗി ഈ രണ്ടു വിധത്തിലുമുള്ള യോഗങ്ങളിൽ ഒന്നിനെ ആശ്രയിക്കുന്നു. പ്രാണായാമാഭ്യാസിയായ സാധകന്മാർ, വായിൽകൂടി വായുവിനെ ഉള്ളിലേക്കാകർഷിച്ച്, അപാനവായുവിനെ നാഭിയിലെ ജഠരാഗ്നികോഷ്ഠത്തിൽ ആകർഷിച്ച് വായിൽകൂടി ആകർഷിച്ച വായുവിനെ അതുമായി സംയോജിപ്പിക്കുന്നു. പിന്നീട്, തള്ളവിരൽ, മററുവിരലുകൾ, ഉള്ളംകൈ എന്നിവയാൽ, കാതു്, കണ്ണ്, നാസാപുടങ്ങൾ എന്നിവയെ ബന്ധിച്ച് പ്രാണായാമം മുഖേന പ്രണവത്തെ ചിന്തിച്ച് അതിൽ തന്നെ രമിച്ച് ആത്മസാക്ഷാത്കാരം നേടുന്നു.

4. ശ്രവണ മുഖ നയന നാസാ നിരോധനേനൈവ കർത്തവ്യം
ശുദ്ധ സുഷുമ്നാ സരണൗ സ്ഫുടമമലം ശ്രൂയതേ നാദഃ

5. വിചിത്രഘോഷ സംയുക്താഽനാഹതേ ശ്രൂയതേ ധ്വനിഃ.
ദിവ്യദേഹശ്ച തേജസ്വീ ദിവ്യഗന്ധോഽപ്യരോഗവാൻ.

6. സംപൂർണ്ണഹൃദയഃ ശൂന്യേത്വാരംഭേ യോഗവാൻ ഭവേത്
ദ്വിതീയാം വിഘടീകൃത്യ വായുർ ഭവതി മധ്യഗഃ.

ഭേദിച്ചുകൊണ്ടു പോകുമ്പോൾ പ്രാണവായുവിൽ നിന്നും മൃദംഗധ്വനി പോലുള്ള ശബ്ദം പുറപ്പെടുന്നു. പിന്നീട് മററു ചക്രങ്ങളേയും ഭേദിച്ചു കൊണ്ടു ഗമിക്കുന്ന പ്രാണവായു മഹാ ശൂന്യത്തിലെത്തിയിട്ട് സർവവിധത്തിലുമുള്ള സിദ്ധികളെയും പ്രാപിക്കുന്നു. അതിനുശേഷം പ്രാണവായു താലുചക്രം മുഖേന ചിത്തത്തെ ദ്രവിച്ച് താലുചക്രത്തെ ഭേദിച്ച് അവിടെ ചിത്തസ്ഥിതങ്ങളായ സർവ്വാനന്ദവും അവനു ലഭിക്കുന്നു.

ഈ സാധനയുടെ ഒടുവിൽ പ്രണവശബ്ദരൂപത്തിൽ സ്വയം പ്രത്യക്ഷമായി മുഴങ്ങുന്നു. ചിത്തം അതിൽ ലയിക്കുന്നു. ഇതെല്ലാം സനകാദിമുനികളുടെ അഭിപ്രായമാണ്. ആ മഹാചക്രത്തിൽ സ്ഥിതിചെയ്യുന്ന സാധകൻ ഒടുവിൽ അനന്തനെ സമാരോപിക്കുന്നു. മായാഗ്രസ്തമായ രൂപത്തെ ബ്രഹ്മത്തിൽ സമർപ്പിച്ചിട്ട് സാധകൻ ആത്മാവിൻെറ സർവ്വവ്യാപകത്വത്തെപ്പററി ചിന്തിച്ചുകൊണ്ട് അമൃതത്വത്തെ പ്രാപിക്കുന്നു. അസംപ്രജ്ഞാതയോഗം മുഖേന സംപ്രജ്ഞാതയോഗത്തെ ജയിച്ച് അഭാവത്താൽ ഭാവത്തെ നിരോധിക്കണം. അപ്പോൾ സാധകൻ നിർവികൽപ സമാധിയെ പ്രാപിച്ച് കൈവല്യത്തിൽ സ്ഥിതി ചെയ്യുന്നു. ആ സമയത്ത് അവൻെറ അഹം എന്ന ഭാവം നഷ്ടമായിത്തീരുകയും മായാമയമായ ഈ പ്രപഞ്ചം ലുപ്തമായിപ്പോകുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ജ്ഞാനിയായ സാധകനെ പിന്നീടും മമത്വം ബാധിക്കുന്നില്ല

14. സലിലേ സൈന്ധവം യദ്വത് സാമ്യം ഭവതി യോഗതഃ
തഥാത്മ മനസോരൈക്യം സമാധിരഭിധീയതേ.

15. യദാസംക്ഷീയതേ പ്രാണോ മാനസം ച പ്രലീയതേ
തദാ സമരസത്വം യത് സമാധിരഭിധീയതേ

16. യത് സമത്വം തയോരത്ര ജീവാത്മപരമാത്മനോഃ
സമസ്ത നഷ്ടസങ്കൽപ്പഃ സമാധിരഭിധീയതേ.

17. പ്രഭാശൂന്യം മനഃശൂന്യം ബുദ്ധിശൂന്യം നിരാമയം
സർവ്വശൂന്യം നിരാഭാസം സമാധിരഭിധീയതേ.

18. സ്വയമുച്ചലിതേ ദേഹേ ദേഹീ നിത്യസമാധിനാ.
നിശ്ചലം തം വിജാനീ യാത് സമാധിരഭിധീയതേ.

19. യത്ര യത്ര മനോ യാതി തത്ര തത്ര പരം പദം
തത്ര തത്ര പരം ബ്രഹ്മ സർവ്വത്ര സമവസ്ഥിതം.

വെള്ളത്തിലിട്ട ഉപ്പ്, അതിൽ തന്നെ അലിഞ്ഞുചേരുന്നതുപോലെ മനസ്സ് എപ്പോഴാണോ ആത്മാവിൽ ലയിക്കുന്നത് ആ അവസ്ഥയെയാണ് സമാധി എന്നുപറയുന്നത്. പ്രാണായാമം മുഖേന സംക്ഷീണമാർന്ന

പ്രാണവായു കുംഭകത്തിൽ സ്ഥിതിചെയ്യുകയും ചിത്തവൃത്തികൾ നഷ്ടമായിത്തീരുകയും ചെയ്യുന്നു. ആ സമയത്തുണ്ടാകുന്ന ചിത്തത്തിൻെറയും ആത്മാവിൻെറയും ഏകീഭാവത്തെ സമാധി എന്നു പറയുന്നു. അതിൽ ജീവാത്മ പരമാത്മാക്കളുടെ സമത്വ ഭാവം കൈവരുമ്പോൾ സങ്കൽപ്പങ്ങൾ സർവവും നശിക്കുന്നു. സാംസാരികമായ, ബോധരഹിതമായ സ്ഥിതിയിൽ മനോബുദ്ധികളുടെ പരിപൂർണ്ണമായ വിലയം സംഭവിച്ചാൽ സർവവും ശൂന്യമായി കാണപ്പെടുന്നു. ആ അവസ്ഥയെ നിരാമയം എന്നു പറയുന്നു. അതിനെത്തന്നെയാണ് സമാധി എന്നു പറയുന്നത്. ശരീരം അങ്ങുമിങ്ങും പോയാലും ചിത്തത്തിൻെറ നിശ്ചലതയും ധ്യാനമഗ്നവുമായ സ്ഥിതിയെ സമാധി എന്നു പറയുന്നു. ആ അവസ്ഥയിൽ സാധകൻെറ മനസ്സ് എവിടെപ്പോയാലും അവിടെ അവന് പരമപദം ലഭിക്കുന്നു. അവന് [illegible] സർവ്വത്ര സമാനരൂപത്തിൽ തന്നെ സ്ഥിതിചെയ്യുന്നു.

## മൂന്നാം ഖണ്ഡം

1. **അഥ ഹൈനം ദേവാ ഊചുർ നവചക്രവിവേകമനുബ്രൂഹിതി. തഥേതി സഹോവാച.**

ദേവന്മാർ വീണ്ടും ഭഗവാൻ ആദിനാരായണനോടു പറഞ്ഞു. പ്രഭോ ഞങ്ങൾക്ക് നവചക്രവിവേകത്തെ സംബന്ധിച്ചുള്ള ഉപദേശം തന്നാലും.

1. **ആധാരേ ബ്രഹ്മചക്രം ത്രിരാവൃത്തം ഭഗമണ്ഡലാകാരം തത്ര മൂലകന്ദേ ശക്തിഃ പാവകാകാരം ധ്യായേത്. തത്രൈവ കാമരൂപപീഠം സർവ്വകാമ പ്രദം ഭവതി. ഇത്യാധാരചക്രം.**
3. **ദ്വിതീയം സ്വാധിഷ്ഠാനചക്രം ഷഡ്ദലം. തന്മധ്യേ പശ്ചിമാഭിമുഖം ലിംഗം പ്രവാളാംകുരസദൃശം ധ്യായേത്. തത്രൈവോഡ്യാണപീഠം ജഗദാകർഷണ സിദ്ധിദം ഭവതി. തൃതീയം നാഭിചക്രം പഞ്ചാവർത്തം സർപ്പകുടിലാകാരം തന്മധ്യേ കുണ്ഡലിനീം ബാലാർക്കകോടിപ്രഭാം തടിത്സന്നിഭാം ധ്യായേത് സാമർത്ഥ്യ ശക്തിഃ സർവ സിദ്ധിപ്രദാ ഭവതി.**
4. **മണിപൂരകചക്രം ഹൃദയ ചക്രമഷ്ടദലമധോമുഖം തന്മധ്യേ ജ്യോതിർമയ ലിംഗാകാരം ധ്യായേത് സൈവ ഹംസകലാ സർവ്വപ്രിയാ സർവലോകവശ്യകരീ ഭവതി.**
5. **കണ്ഠചക്രം ചതുരംഗലഃ തത്ര വാമേ ഇഡാ ചന്ദ്രനാഡീ ദക്ഷിണേ പിംഗളാ സൂര്യനാഡീ തന്മധ്യേ സുഷുമ്നാം**

ശ്വേതവർണ്ണാം ധ്യായേത് യ ഏവം വേദ അനാഹത സിദ്ധിദാ ഭവതി.

6. താലുചക്രം തത്ര അമൃതധാരാ പ്രവാഹോ ഘണ്ടികാ ലിംഗ മൂലചക്രരന്ധ്രേ രാജദന്താവലംബിനീ വിവരം ദശ ദ്വാദശാരം തത്ര ശൂന്യം ധ്യായേത് ചിത്തലയോ ഭവതി.

7. സപ്തമം ഭ്രൂചക്രമംഗുഷ്ഠ മാത്രം തത്ര ജ്ഞാന നേത്രം ദീപ ശിഖാകാരം ധ്യായേത് തദേവ കപാലകന്ദം വാക് സിദ്ധിദം ഭവതി.

8. ആജ്ഞാനചക്രമഷ്ടമം ബ്രഹ്മരന്ധ്രം നിർവ്വാണചക്രം. തത്ര സൂചികാ ഗൃഹേതരം ധൂമ്രശിഖാകാരം ധ്യായേത്. തത്രജാലന്ധരപീഠം മോക്ഷപ്രദം ഭവതീതി പരബ്രഹ്മ ചക്രം.

9. നവമമാകാശചക്രം. തത്രഷോഡശദലപദ്മമൂർദ്ധ്വമുഖം തന്മധ്യ കർണ്ണികാത്രികൂടാകാരം തന്മധ്യേ ഊർദ്ധ്വശക്തി: താം പശ്യൻ ധ്യായേത്. തത്രൈവ പൂർണ്ണഗിരിപീഠം സർവ്വേച്ഛാസിദ്ധിസാധനം ഭവതി.

ഭഗവാൻ ആദിനാരായണൻ പറഞ്ഞു:— മൂലാധാരസ്ഥിതമായ ബ്രഹ്മ ചക്രം അതു് യോനിയുടെ ആകാരമുള്ളതും ത്രിവൃത്തയുക്തവുമാണ്. അവിടെ കർണ്ണികാമൂലത്തിൽ സുപ്തസർപ്പാകാരത്തിൽ കുണ്ഡലിനീ ശക്തി സ്ഥിതിചെയ്യുന്നു. അത് ഉണരുന്നതുവരെ കത്തിജ്വലിക്കുന്ന ജ്വാലയുടെ രൂപത്തിൽ ധ്യാനിക്കണം. അവിടെയാണ് ഭഗവതി ത്രിപുരയുടെ കാമരൂപ പീഠം എന്ന സ്ഥാനം. ആ ഭഗവതിയെ അർച്ചിച്ചാൽ സർവ ഭോഗങ്ങളും കൈവരും. ഇപ്പോൾ പറഞ്ഞത് ആധാരമെന്ന പേരോടുകൂടിയ പ്രഥമ ചക്രത്തെ സംബന്ധിച്ചാണ്.

രണ്ടാമത്തേത് ആറു ദലങ്ങളുള്ള പദ്മത്തിന്റെ സ്വാധിഷ്ഠാന ചക്രമാണ്. ആ കമലത്തിന്റെ കർണ്ണികാ പൃഷ്ഠത്തിൽ ചെമന്ന നിറത്തിലുള്ള ഒരു ശിവലിംഗത്തെ പശ്ചിമാഭിമുഖമായി ചിന്തിക്കണം. അവിടെയുള്ള ഉഡ്യാന പീഠത്തെ ഉപാസിച്ചാൽ വിശ്വത്തെ ആകർഷിക്കുവാനുള്ള സിദ്ധി കൈവരും.

മൂന്നാമത്തെ നാഭീചക്രം വളഞ്ഞതും, സർവാകൃതിയിലുള്ളതും ആറു വൃത്തങ്ങളോടു കൂടിയതും ആകുന്നു. ആ ചക്രത്തിൽ കോടാനുകോടി ബാലാർക്കൻമാരുടെ ജ്യോതിസ്സിനു തുല്യമായതും, മിന്നൽപിണരിനു സമാനവുമായ കൃശാംഗിയായ കുണ്ഡലിനീ ശക്തിയെ ധ്യാനിക്കണം.

ഉണർന്നതിനു ശേഷം ഈ ശക്തി അത്യധികം സാമർത്ഥ്യമുള്ളതും സർവ സിദ്ധി പ്രദവുമായിത്തീരുന്നു.

മണിപൂരകം എന്ന ചക്രം അഷ്ടദലകമലാകാരയുക്തവും, അധോമുഖവുമായിരിക്കുന്നു. ഇതുതന്നെയാണ് ഹൃദയ ചക്രം. ഇതിൽ ജ്യോതിർമയ ലിംഗത്തെ ധ്യാനിക്കണം. ആ ജ്യോതിർമയ ലിംഗം ഹംസകല എന്ന പേരിനാൽ സർവർക്കും പ്രിയങ്കരമാണ്. അതുണർന്നാൽ സർവലോകത്തെയും കരിക്കുവാനുള്ള സാമർത്ഥ്യം കൈവരുന്നു. കണ്ഠത്തിൽ ചതുരംഗുല പ്രമാണമായ ചക്രമുണ്ട്. അതിൽ ഇടത്തു ഭാഗത്ത് ഇഡയും, വലതുഭാഗം പിംഗലയും നാഡികളുണ്ട്. ഇവയ്ക്ക രണ്ടിനും മധ്യേ ശ്വേതവർണമായ സുഷുമ്നാ നാഡിയെ ചിന്തിക്കണം. ഇതറിയുന്നവന് അനാഹത ചക്രം സിദ്ധിയെ കൊടുക്കുന്നതാണ്. ഇതിന്റെ മുമ്പിലുള്ള നാലു ചക്രത്തിൽ അമൃതധാര നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഈ നാലു ചക്രത്തിൽ പത്തുപന്ത്രണ്ടു ദലങ്ങളുണ്ട്. അതിനും മുമ്പിലായി ദന്തമൂലംവരെ വിസ്താരമുള്ള ചക്രാകാരത്തിലുള്ള ഛിദ്രത്തിൽ നാലു ചക്രമുണ്ട്. അതിൻ ശൂന്യത്തെ ധ്യാനിച്ചാൽ ചിത്തം ശൂന്യരതമായിത്തീരും. അംഗുലമാത്രപരിമാണമുള്ള ഏഴാമത്തെതാണ് ഭ്രൂചക്രം. അതിൽ നിർവാത ദീപശിഖാകാരയുക്തമായ ജ്ഞാനനേത്രത്തെ ചിന്തിക്കണം. ഈ ചക്രം ഉണർന്നുകഴിഞ്ഞാൽ കപാലകന്ദത്തെപ്പററിയും, അതിനോടനുബന്ധിച്ചുള്ള വിഷയങ്ങളെപ്പററിയുമുള്ള അറിവു ലഭിക്കുന്നു. എട്ടാമത്തെ ആജ്ഞാ ചക്രത്തെത്തന്നെയാണ് ബ്രഹ്മരന്ധ്രം എന്നുപറയുന്നത്. അതിന്റെ അഗ്രഭാഗം സൂചിപോലെയാണ്. അവിടെ ധൂമ്രശിഖാ രൂപത്തെ ചിന്തിക്കണം. അവിടെയുള്ള ജാലന്ധരപീഠത്തെ ഉപാസിച്ചാൽ മോക്ഷം കിട്ടും. അതുകൊണ്ട് ഇതിനെ പരബ്രഹ്മ ചക്രം എന്നും പറയുന്നു.

ഒൻപതാമത്തെ ചക്രം ആകാശചക്രമാണ്. അവിടെ പതിനാറു ദളങ്ങളോടുകൂടിയ താമര ഊർദ്ധ്വ മുഖമായി സ്ഥിതി ചെയ്യുന്നു. അതിന്റെ മധ്യ കർണ്ണിക ത്രിഗുണങ്ങളുടെ മാതാവായതു കൊണ്ടു മൂന്നു ശിഖരങ്ങളുള്ള പർവതത്തിന്റെ ആകാരമുള്ളതാണ്. അതിന്റെ മധ്യത്തായി മുകളിലോട്ട് കുനിഞ്ഞുകിടക്കുന്ന ശക്തിയുണ്ട്. അതിനെ നോക്കിക്കൊണ്ട് ചിന്തിക്കണം. അവിടെത്തന്നെ പൂർണ്ണഗിരിപീഠം ഉണ്ട്. അതിനെ ഉപാസിച്ചാൽ സർവ കാമനകളും സിദ്ധിക്കും.

10. സൗഭാഗ്യലക്ഷ്മ്യുപനിഷദം നിത്യമധീതേ സോഗ്നിപൂതോ ഭവതി. സ വായുപൂതോ ഭവതി. സ സകലധനധാന്യസത്പുത്രകളത്ര ഹയഭൂഗജപശുമഹിഷീദാസീദാസയോഗജ്ഞാനവാൻ ഭവതി ന സ പുനരാവർത്തത ഇത്യുപനിഷത്.

ഈ സൗഭാഗ്യ ലക്ഷ്മീ ഉപനിഷത്ത് നിത്യവും അദ്ധ്യയനം ചെയ്യുന്നവൻ അഗ്നിപൂതനും, വായുപൂതനും ആയിത്തീരുന്നു. അവൻ സർവ ധനധാന്യങ്ങൾ, പുത്രൻ, കളത്രം, പശു, ആന, കുതിര, എരുമ, ദാസൻ, ദാസി എന്നിവയോടുകൂടിയ ഐശ്വര്യത്താൽ സമ്പന്നനായി ജ്ഞാനിയായിത്തീരുന്നു. ഒടുവിൽ അവൻ പരമപദത്തെ പ്രാപിക്കുകയും പുനർജ്ജന്മരഹിതനായിത്തീരുകയും ചെയ്യുന്നു.

സൗഭാഗ്യ ലക്ഷ്മീ ഉപനിഷത്ത് സമാപിച്ചു.

# ശുദ്ധിപത്രം

| പേജ്: | വരി | അശുദ്ധം | | ശുദ്ധം |
|---|---|---|---|---|
| 7 | 12 | സർവ്വേന്ദ്രിയങ്ങരം | — | സർവ്വേന്ദ്രിയങ്ങരം |
| 52 | 9 | അന്നവു | — | അന്നവും |
| 71 | 27 | ചക്ഷുഷ്യഃ | — | ചക്ഷുഷ്യഃ |
| 74 | 37 | ഭൂവർലോകം | — | ഭുവർലോകം |
| 75 | 19 | Do. | — | Do. |
| 126 | 17 | വൈശ്വനരാത്മാ | — | വൈശ്വാനരാ[illegible] |
| 133 | 6 | വിദ്യത്ത് | — | വിദ്യുത്ത് |
| 133 | 21 | ആഹൂതി | — | ആഹുതി |
| 133 | 34 | Do. | | Do. |
| 135 | 27 | അഭിമാനിയും | — | അഭിമാനിയായും |
| 147 | 26 | മൂലയായി | — | മൂലമായി |
| 175 | 18 | യതൊന്നിലാണോ | — | യാതൊന്നിലാണോ |
| 190 | 23 | അന്വേഷിച്ചിട്ടാണേ | — | അന്വേഷിച്ചിട്ടാണേ. |
| 199 | 27 | ബ്രഹ്മഭാവത്തെത്തെ | — | ബ്രഹ്മഭാവത്തെ |
| 200 | 7 | നാമരൂപാതികളെ | — | നാമരൂപാദികളെ |
| 201 | 4 | സസ്തന്തഭിർ | — | സസ്തന്തുഭിർ |
| 202 | 17 | ധ്യാനാനുസന്ധാനത്താൽ | — | ധ്യാനാനുസന്ധാനത്താൽ |
| 216 | 30 | ക്രിയകങ്ങരം | — | ക്രിയകരം |
| 225 | 28 | കാഞ്ചിത് | — | കിഞ്ചിത് |
| 231 | 5 | നരത | — | നിരത |
| 237 | 23 | സ്യംന്യാസ | — | സംന്യാസ |
| 257 | 14 | ദലത്തൽ | — | ദലത്തിൽ |
| 262 | 14 | പവത്രമാക്കി | — | പവിത്രമാക്കി |
| 264 | 13 | ആസക്തി | — | ആസക്തി |
| Do. | 25 | ദിന്നമായി | — | ഭിന്നമായി |
| 275 | 25 | നാഭിയേടു | — | നാഭിയോട് |
| 290 | 21 | പ്രിയത്നേന | — | പ്രയത്നേന |
| 293 | 28 | ത്തു് | — | അത്തു് |
| 294 | 13 | തുംപദവും | | [illegible]വും |
| 344 | 8 | അർചന്ദ്രാകൃതി | | [illegible]ന്ദ്രാകൃതി |